# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

### 2018 ഫെബ്രുവരി 1, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 170- നമ്പർ 7

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2018 ഫെബ്രുവരി 1, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി . ശശി**

സെക്രട്ടറി
**ശ്രീ.വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....26
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....73

**II അറിയിപ്പ്**

ഗവർണറുടെ സന്ദേശം ....436

**III അടിയന്തരപ്രമേയം**

കൊലപാതകങ്ങൾ
(അവതരണാനുമതി നിഷേധിച്ചു) ....436

**IV ശ്രദ്ധ ക്ഷണിക്കൽ**

1. അവശ്യസാധനങ്ങളുടെ വില വർദ്ധനവ്
-ശ്രീ. ജെയിംസ് മാത്യു ...457
2. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ്
-ശ്രീ. വി. ഡി. സതീശൻ ....460

**V സബ്മിഷൻ**

1. അടിസ്ഥാന സൗകര്യം
-ശ്രീ. എസ്. ശർമ്മ ....466
2. മോഷണം
- ശ്രീ. ഐ. സി. ബാലകൃഷ്ണൻ ....468
3. കോടതി സമുച്ചയം
- ശ്രീ. ആർ. രാമചന്ദ്രൻ ....469

*പേജ്*

4. കുടിവെള്ളം

- ശ്രീ. എ. എം. ആരിഫ് ....471

5. കുടിവെള്ള പൈപ്പ് മാറ്റി സ്ഥാപിക്കൽ

- ശ്രീ. അനൂപ് ജേക്കബ് ....472

6. ചേരാമംഗലം ജലസേചന പദ്ധതി

- ശ്രീ. കെ. ഡി. പ്രസേനൻ ....473

7. പുലിമുട്ട് നിർമ്മാണം

- ശ്രീ. കെ. ദാസൻ ....475

8. റോഡ് നവീകരണം

- ശ്രീ. എൻ. ഷംസുദ്ദീൻ ....476

9. സേവന-വേതന വ്യവസ്ഥകൾ

- ശ്രീ. കോവൂർ കുഞ്ഞുമോൻ ....479

10. അപ്പർ കുട്ടനാട് മേഖലകളിലെ കാൻസർ രോഗം

- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ....480

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

**VII റിപ്പോർട്ട് സമർപ്പണം**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാറ്
മുതൽ പത്തൊൻപത് വരെയുള്ള റിപ്പോർട്ടുകൾ ....484

**VIII അറിയിപ്പ്**

2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസം സാധൂകരിക്കൽ

- മി. സ്പീക്കർ ...484

## IX നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള
ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ
പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...485

**കേരള നിയമസഭാ നടപടികൾ**

**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

*2018 ഫെബ്രുവരി 1, വ്യാഴം*

വാല്യം 170] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2018 ഫെബ്രുവരി മാസം 1-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## I വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ *151

### തലസ്ഥാനത്തെ ആക്രമണവും തുടർനടപടികളും

1 (*151) ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. എസ്. ശർമ്മ:

ശ്രീ. റ്റി. വി. രാജേഷ്:

ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ജെ.പി. നേതൃത്വത്തിനെതിരെ ഉയർന്ന അഴിമതി ആരോപണങ്ങളിൽനിന്നും ജനശ്രദ്ധ തിരിക്കാനായി സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയുടെ വസതിയുൾപ്പെടെ ആക്രമിച്ചുകൊണ്ട് സംസ്ഥാന തലസ്ഥാനത്ത് വ്യാപക അക്രമം അഴിച്ചുവിട്ടവർക്കെതിരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ബി) നഗരസഭാ കൗൺസിൽ അംഗങ്ങളല്ലാത്തവരെക്കൂടി ഉപയോഗിച്ചു കൊണ്ട് തിരുവനന്തപുരം മേയറെ അപായപ്പെടുത്താൻ ശ്രമിച്ച് ജനങ്ങളുടെ സ്വൈര്യ ജീവിതം തകർക്കുന്നവരെ അമർച്ച ചെയ്യാൻ സാധ്യമായിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങളുടെ പശ്ചാത്തലത്തിൽ പോലീസിൽ ആർ.എസ്.എസ്.സെൽ പ്രവർത്തിക്കുന്നുണ്ടെന്ന വാർത്തയുടെ നിജസ്ഥിതി അന്വേഷിക്കാൻ നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) സി. പി. ഐ.(എം) സംസ്ഥാന സെക്രട്ടറിയുടെ മകനും കുടുംബവും താമസിക്കുന്ന വസതി ആക്രമിക്കപ്പെട്ടതുൾപ്പെടെ 27-7-2017, 28-7-2017 എന്നീ തീയതികളിൽ സംസ്ഥാന തലസ്ഥാനത്ത് സി.പി.ഐ.(എം) പ്രവർത്തകർക്കെതിരെ ഉണ്ടായ അക്രമ സംഭവങ്ങളിൽ ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകർക്കെതിരെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 8 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ ഒരു കേസ്സിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. മറ്റ് 7 കേസ്സുകൾ അന്വേഷണാവസ്ഥയിലാണ്.

(ബി) തിരുവനന്തപുരം മേയറെ തിരുവനന്തപുരം കോർപ്പറേഷന്റെ കൗൺസിൽ യോഗത്തിൽ വച്ച് അപായപ്പെടുത്താൻ ശ്രമിച്ചവർക്കെതിരെ 18-11-2017 തീയതിയിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1871/2017 u/s.143, 147, 149, 120(b), 341, 323, 353, 332 & 307 IPC പ്രകാരം 20 ബി.ജെ.പി. വാർഡ് കൗൺസിലർമാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസ്സിൽ 7 കൗൺസിലർമാർ ബഹുമാനപ്പെട്ട തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ ഉപാധികളോടെ ജാമ്യമെടുത്തിട്ടുള്ളതും കൗൺസിലർ അല്ലാത്ത വലിയവിള സ്വദേശി ആനന്ദ് എന്നയാൾ ഉൾപ്പെട്ടിട്ടുള്ളതും ടിയാനെ അറസ്റ്റ് ചെയ്ത് 28 ദിവസം ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞതിനു ശേഷം ഉപാധികളോടെ ജാമ്യം അനുവദിച്ചിട്ടുള്ളതുമാണ്. കന്റോൺമെന്റ് അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് ഈ കേസ്സിനെക്കുറിച്ച് അന്വേഷണം നടത്തിവരുന്നു.

(സി) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: സർ, തിരുവനന്തപുരം നഗരസഭാ മേയറെ ആക്രമിച്ച സംഭവത്തിൽ മറുപടിയിൽ പറയുന്ന കൗൺസിലറല്ലാത്ത ഒരാൾ അല്ലാതെ മറ്റാരെയെങ്കിലും പ്രതികളായി ചേർക്കപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, 20 ബി.ജെ.പി. വാർഡ് കൗൺസിലർമാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അത് സംബന്ധിച്ചുള്ള അന്വേഷണം നടക്കുകയാണ്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ വീട് ആക്രമിക്കപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട ഫോറൻസിക് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതുമായി ബന്ധപ്പെട്ട നടപടികൾ ഗൗരവമായി നീങ്ങിക്കൊണ്ടിരിക്കുകയാണ്. ചില വിവരങ്ങൾകൂടി കിട്ടാനുണ്ട്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, നമ്മുടെ കോർപ്പറേഷൻ ഓഫീസിനുള്ളിൽ കൗൺസിലർമാരല്ലാത്ത ഒരു സംഘം ക്രിമിനൽ സ്വഭാവമുള്ള ആളുകൾ പ്രവേശിക്കുകയും കൗൺസിലർമാർ അടക്കമുള്ളവരുടെ പങ്കാളിത്തത്തോടു കൂടിയാണ് മേയർക്കുനേരെ ആക്രമണമുണ്ടായിട്ടുള്ളതെന്നാണ് മാധ്യമങ്ങളിലൂടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിലൂടെയും വ്യക്തമായിട്ടുള്ളത്. കൗൺസിലർമാരല്ലാത്ത എത്രപേർ ഈ കേസിൽ പ്രതികളായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കൗൺസിലർമാരല്ലാത്ത ഒരാൾക്കാണ് ഇപ്പോൾ ടി കേസിൽ ജാമ്യം ലഭിച്ചിട്ടുള്ളത്. മറ്റുകാര്യങ്ങൾ അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. കൗൺസിലർമാരല്ലാത്ത ചിലർകൂടി ടി കേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തന്നെയാണ് മനസ്സിലാക്കുന്നത്. ഏഴോളം പ്രതികൾ പുറത്തുള്ളവരാണെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, സംസ്ഥാനത്തിന്റെ ക്രമസമാധാനം അവതാളത്തിലാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആർ.എസ്.എസ്. തുടർച്ചയായി ഇവിടെ അക്രമങ്ങൾ സംഘടിപ്പിക്കുകയാണ്. എല്ലാ വിഭാഗം ജനങ്ങളുടെയും താൽപ്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കാൻ രൂപീകൃതമായിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ബോഡിയായിട്ടുള്ള ദേശീയ വനിതാ കമ്മീഷൻ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ തുടങ്ങിയ ഏജൻസികൾ ആർ.എസ്.എസ്. ഏജൻസിയേക്കാൾ തരംതാണ നിലയിൽ രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ട് കേരളത്തിൽ വരികയും ചിലയിടങ്ങൾ മാത്രം സന്ദർശിക്കുകയും ചിലരുടെ മാത്രം പരാതികൾ കേൾക്കുകയും ചെയ്യുന്നൊരു സ്ഥിതിയുണ്ട്. കേന്ദ്ര ഏജൻസികളുടെ വിശ്വാസം തന്നെ തകർക്കുന്നവിധത്തിൽ ഇത്തരം ഏജൻസികൾ നടത്തുന്ന ഇടപെടലുകൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; കേരളത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ദേശീയ തലത്തിലുള്ള ഇത്തരം ഏജൻസികൾ സാധാരണ സമ്പ്രദായങ്ങൾ വിട്ടുകൊണ്ടാണ് ഇവിടെ കാര്യങ്ങൾ നീക്കിക്കൊണ്ടിരിക്കുന്നത്. ഇവിടെ പറഞ്ഞതുപോലെ അവർക്ക് ചില പ്രത്യേക ഉദ്ദേശ്യങ്ങൾ ഉണ്ടെന്നാണ് ഇതിനകമുള്ള അവരുടെ നടപടികൾ തെളിയിച്ചിട്ടുള്ളത്. ഇത്തരമൊരു ഏജൻസി ഏത് സ്ഥലത്താണോ വരുന്നത് അവിടെയുള്ള എല്ലാവരെയും കാണാൻ തയ്യാറാകേണ്ടതാണ്. സാധാരണനിലയ്ക്ക് അതാണ് വേണ്ടത്. പക്ഷെ, ഒരു വിഭാഗം ആളുകളെ മാത്രമേ അവർ കാണാൻ തയ്യാറാകുന്നുള്ളൂ. ഇതുമായി ബന്ധപ്പെട്ട് ഏതോ കേന്ദ്രത്തിൽ നിന്ന് നിർദ്ദേശം നൽകുന്നതിന്റെ ഭാഗമായി നടപടികൾ സ്വീകരിക്കുന്നതായിട്ടാണ് നാളിതുവരെ അനുഭവപ്പെട്ടിട്ടുള്ളത്. അത്തരം കാര്യങ്ങൾ സാധാരണഗതിയിൽ ഒരു ഫെഡറൽ സംവിധാനത്തിന് യോജിച്ചതല്ല.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, ആർ.എസ്.എസ്./ബി.ജെ.പി. ആക്രമണങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അരങ്ങേറുന്ന സന്ദർഭത്തിൽ തന്നെയാണ് എറണാകുളം ജില്ലയിലെ ചെങ്ങമനാട് പഞ്ചായത്തിൽ ഇന്നലെ ഒരു അവിശ്വാസ പ്രമേയം കൊണ്ടുവന്നത്. എൽ.ഡി.എഫ്.-ന്റെ പ്രസിഡന്റിനെതിരായി കോൺഗ്രസ്സുകാരനാണ് അവിശ്വാസ പ്രമേയം കൊണ്ടുവന്നത്. കോൺഗ്രസ്സുകാരൻ കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ ബി.ജെ.പി.-യും ലീഗും പിന്തുണച്ചു. ഇത് എന്താണ് സർ? കേരളത്തിൽ ചിലയിടങ്ങളിലെങ്കിലും ബി.ജെ.പി.-ക്കാരും ആർ.എസ്.എസ്.-കാരും ആക്രമണത്തെ പിന്തുണയ്ക്കുന്നുണ്ട് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത്തരം കാര്യങ്ങൾ ചിലപ്പോൾ സംഭവിക്കാറുണ്ട്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ രാഷ്ട്രീയ കൊലപാതകങ്ങൾക്കും അക്രമങ്ങൾക്കും ഉപയോഗിക്കുന്നതിനുവേണ്ടി വ്യാപകമായ ആയുധശേഖരവും ബോംബ് നിർമ്മാണവും നടക്കുകയാണ്. കണ്ണൂർ ജില്ലയിലെ മിക്ക സ്ഥലങ്ങളിൽനിന്നും അത്തരത്തിലുള്ള ബോംബുകളും ആയുധശേഖരവും പിടികൂടാൻ പോലീസിന് സാധിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം കേസുകളിൽ ആരാണ് ഇത് നിർമ്മിച്ചത്; ആരാണ് അവിടെക്കൊണ്ടുപോയി സൂക്ഷിക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ ഒറ്റ കേസിൽപ്പോലും പ്രതികളെ പിടികൂടാനോ അന്വേഷണം നടത്താനോ സാധിച്ചിട്ടില്ല. കഴിഞ്ഞ ആഴ്ചയിലാണ് ബോംബ് പൊട്ടി ഒരു മാർക്സിസ്റ്റ് പ്രവർത്തകന്റെ കൈ നഷ്ടപ്പെട്ടത്. അത് ബോംബ് നിർമ്മാണത്തിനിടയിൽ സംഭവിച്ചതാണെന്നുള്ളത് പരസ്യമായ കാര്യമാണ്. കേസ് രജിസ്റ്റർ ചെയ്യുന്നതിനോ ആയുധശേഖരം പിടികൂടുന്ന കേസ്സുകളിലെ പ്രതികളെ വെളിച്ചത്ത് കൊണ്ടുവരാനോ നിയമനടപടികൾ സ്വീകരിക്കാനോ പോലീസിന് സാധിക്കുന്നില്ല. ഇതിന് പരിഹാരമുണ്ടാക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ ആയുധങ്ങൾ എവിടെയെല്ലാമുണ്ടോ അവയെല്ലാം പിടിച്ചെടുക്കണ മെന്ന കർശന നിർദ്ദേശം പോലീസിന് നൽകുകയുണ്ടായി. പോലീസ് നിഷ്പക്ഷമായിത്തന്നെ അന്വേഷിച്ചതിന്റെ ഭാഗമായി കണ്ടെത്തിയ ആയുധങ്ങളുടെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അതുമായി ബന്ധപ്പെട്ട് സ്വീകരിക്കാവുന്ന നിയമ നടപടികളെല്ലാം പോലീസ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, പോലീസിൽ കടന്നുകൂടിയിട്ടുള്ള വർഗ്ഗീയവാദികളെയും ഇപ്പോഴും മൂന്നാംമുറ ഉപയോഗിക്കണമെന്ന് കരുതുന്നവരെയും കണ്ടെത്തി ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പോലീസ് വിപുലമായ ഒരു സേനയാണ്. ആ സേനയ്ക്ക് പൊതുവിൽ അച്ചടക്കം പാലിക്കുക എന്ന ബാദ്ധ്യതയാണുള്ളത്. അച്ചടക്കം പാലിച്ചുതന്നെയാണ് പോകുന്നത്. ഒറ്റപ്പെട്ട ഏതെങ്കിലും സംഭവങ്ങൾ പ്രത്യേകമായി ഉണ്ടാകുന്നുണ്ടെങ്കിൽ അത് ഗൗരവമായിത്തന്നെ സർക്കാരും പോലീസും പരിഗണിക്കും.

ശ്രീ. കെ. മുരളീധരൻ: സർ, മേയറെ ആക്രമിച്ച ഇരുപത് ബി.ജെ.പി. കൗൺസിലർമാരെ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ ഒരസുഖവുമില്ലാതെ ചികിത്സയ്ക്ക് എന്ന പേരിൽ അഡ്മിറ്റ് ചെയ്തു. ഇതിൽ ഏഴ് പേർക്കെതിരെ വധശ്രമത്തിന് കേസും ഉണ്ടായി. പോലീസ് ആശുപത്രിക്ക് പുറത്ത് കാവൽ നിൽക്കുകയായിരുന്നു. ഇത്രയൊക്കെ സംഭവങ്ങളുണ്ടായിട്ടും ഇതിൽ ഒരാളെപ്പോലും അറസ്റ്റ് ചെയ്യാൻ പോലീസ് തയ്യാറായില്ല. എന്റെ നിയോജക മണ്ഡലത്തിൽ താമസിക്കുന്ന അങ്ങയുടെ പാർട്ടി സെക്രട്ടറിയെ അപായ പ്പെടുത്തുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ വീട് ആക്രമിച്ച ആർ.എസ്.എസ്.-കാർ ഇപ്പോഴും ആ പ്രദേശത്ത് എല്ലാവർക്കുമെതിരെ കൊലവിളി നടത്തുകയാണ്. എന്തുകൊണ്ടാണ് ഇവരെ അറസ്റ്റ് ചെയ്യാൻ കാലതാമസമെടുക്കുന്നത്; നടപടി വൈകിപ്പിക്കുന്നതിന് എന്തെങ്കിലും സമ്മർദ്ദം ഉണ്ടായിട്ടുണ്ടോ; മുൻകൂർ ജാമ്യം കിട്ടുന്നതുവരെ ഈ കൗൺസിലർമാരെ അറസ്റ്റ് ചെയ്യാൻ എന്തുകൊണ്ട് പോലീസ് തയ്യാറായില്ല?

ശ്രീ. പിണറായി വിജയൻ: സർ, സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയുടെ വീടാക്രമിച്ച കേസിൽ എട്ട് പ്രതികളാണുള്ളത്. അതിൽ ആറുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. രണ്ട് പ്രതികളെയാണ് ഇനി അറസ്റ്റ് ചെയ്യാനുള്ളത്. അവരെ അറസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അദ്ദേഹം പറഞ്ഞ ഒരു കാര്യം ശരിയാണ്. കേസ്സോ മറ്റു കാര്യങ്ങളോ ഒന്നും തങ്ങൾക്ക് ബാധകമല്ലെന്ന

മട്ടിലുള്ള ഒരു നിലപാട് ഇത്തരം പ്രതികൾ സ്വീകരിക്കുന്നുവെന്നുള്ളത് വസ്തുതയാണ്. അവർ തുടർന്നും ഭീഷണികൾ മുഴക്കുന്നു. ക്രമസമാധാനം ഭംഗപ്പെടുത്താനുള്ള നീക്കങ്ങൾ നടത്തുന്നു. മറ്റ് അക്രമ സംഭവങ്ങളിൽ ഏർപ്പെടുന്നു. അത്തരം കാര്യങ്ങൾ ഗൗരവമായിത്തന്നെ എടുക്കുകയാണ്. അതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാന പോലീസ് കഴിഞ്ഞ കുറെ മാസങ്ങളായി നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്. കുറ്റവാളികളെ കണ്ടെത്തുന്നതിനും സംസ്ഥാനത്ത് സമാധാനം നിലനിർത്തുന്നതിനും വലിയ സംഭാവനയാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. എങ്കിൽക്കൂടി താനൂരടക്കമുള്ള നിരവധി പ്രദേശങ്ങളിൽ മുസ്ലീം ലീഗടക്കമുള്ള കക്ഷികളുടെ വലിയ ആക്രമണമാണ് നടക്കുന്നത്. 2 ദിവസം മുമ്പാണ് സി.പി.ഐ.(എം.) പ്രവർത്തകന്റെ കയ്യും കാലും വെട്ടിവേർപെടുത്തി ആശുപത്രിയിൽ കൊണ്ടു പോകേണ്ട അവസ്ഥയുണ്ടായത്. പക്ഷെ, രാഷ്ട്രീയ കക്ഷികൾ ഇത്തരത്തിലുള്ള അക്രമം നടത്തുമ്പോൾ അതിന്റെ ആസൂത്രകരെ പിടിക്കാനുള്ള എന്തെങ്കിലും നടപടികൾ സംസ്ഥാന പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോ എന്നറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, താനൂരിലെ പ്രശ്നങ്ങളിൽ പല ഘട്ടങ്ങളിലായി ജില്ലാ ഭരണകൂടം ഇടപെട്ടിട്ടുള്ളതാണ്. മാത്രവുമല്ല, അവിടെ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ആ പ്രദേശം ഒരു പ്രത്യേക രീതിയിൽ സംഭവങ്ങൾ ഉണ്ടാകുന്ന പ്രദേശമായി നിലനിൽക്കുകയാണ്. പോലീസ് കർശന നടപടിയെടുക്കുന്നുണ്ട്. അതോടൊപ്പം അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള ഗൗരവമായ ശ്രമം പൊതുവെ ഉണ്ടാകേണ്ടതായിട്ടുണ്ട്.

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ ചോദ്യ പരമ്പരകൾ അടിസ്ഥാന നിയമങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതാണ്. വ്യത്യസ്ത സ്ഥലങ്ങളിൽ നടക്കുന്ന, പരസ്പരം ബന്ധമില്ലാത്ത സംഭവങ്ങളെല്ലാം ചേർത്തുകൊണ്ടുള്ള ചോദ്യങ്ങളാണ് ചോദിക്കുന്നത്. എനിക്ക് ചോദിക്കാനുള്ളത്, തലസ്ഥാന നഗരിയിൽ വലിയ സംഭവങ്ങൾ പലതും നടന്നിരിക്കുന്നു. 10-20 ബി.ജെ.പി. കൗൺസിലർമാർക്കെതിരെ കേസെടുക്കുകയും പലരും സീരിയസ്സായിട്ട് ഇന്റൻസീവ് കെയർ യൂണിറ്റിൽ അഡ്മിറ്റാകുകയും ചെയ്ത കാര്യത്തെപ്പറ്റി അങ്ങേയ്ക്ക് അറിയാമോ; അറിയാമെങ്കിൽ ആ കാര്യത്തിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് കൗൺസിലർമാർക്ക് അവകാശമുണ്ടോ ഇല്ലയോ എന്ന ഇഷ്യൂ

കോർപ്പറേഷനിൽ വരികയും അതിനെപ്പറ്റി ചർച്ച ചെയ്യുന്ന അവസരത്തിൽ, ബി.ജെ.പി. നേതൃത്വത്തിനെതിരായി അഴിമതി ആരോപണങ്ങൾ മറച്ചുവയ്ക്കാനാണ് എന്നൊക്കെ പറയുന്നത് തികച്ചും നിയമവിരുദ്ധമായ നിലപാടാണ്. സംസ്ഥാന തലസ്ഥാനത്ത് കോർപ്പറേഷന്റെ ഇത്രയും കൗൺസിലർമാർക്ക് പരിക്കേൽക്കുന്നു, അക്രമം നടക്കുന്നു, അതിന്റെ കാരണക്കാർ ആരാണ് എന്നുള്ള കാര്യങ്ങളൊക്കെ ഇരിക്കട്ടെ, ഈ വക കാര്യങ്ങളെസംബന്ധിച്ച് സമാധാനമുണ്ടാക്കേണ്ട ചുമതല പോലീസിന് വിട്ടുകൊടുക്കുകയും അല്ലെങ്കിൽ പാർട്ടിയെക്കൊണ്ട് മാത്രം കൈകാര്യം ചെയ്യിക്കുന്നതിന് പകരം സമാധാനം സ്ഥാപിച്ച് തലസ്ഥാനത്തിന് നേരിട്ട ഈ അപമാനത്തിന് മാറ്റംവരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുക്കേണ്ടതല്ലേ; അതിന് മുഖ്യമന്ത്രി തയ്യാറുണ്ടോ; അതോ ഇത് രാഷ്ട്രീയമായുള്ള പ്രചരണത്തിന്റെ ഭാഗമായി ദുരുപയോഗം ചെയ്യാനാണോ ഉദ്ദേശ്യമെന്ന് അറിയാൻ എനിക്ക് ആഗ്രഹമുണ്ട്.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, മേയറെ കയ്യേറ്റം ചെയ്ത സംഭവത്തെ ഫലത്തിൽ ന്യായീകരിക്കുന്ന ഒരു നിലയിലാണ് ബഹുമാന്യനായ അംഗം ഇവിടെ പ്രസ്താവന നടത്തിയത് അല്ലെങ്കിൽ ചോദ്യം ചോദിച്ചത്. സാധാരണ എവിടെയും അംഗീകരിക്കുന്ന പാർലമെന്ററി മര്യാദയാണ് നിയമസഭയിലായാലും കോർപ്പറേഷനിലായാലും മുനിസിപ്പൽ കൗൺസിലിലായാലും പഞ്ചായത്തിലായാലും സ്വീകരിച്ചുപോരുന്നത്. അതിന് വിരുദ്ധമായി ബോധപൂർവ്വം പ്ലാൻ ചെയ്ത് മേയറെ ആക്രമിക്കുന്ന അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. ഇവിടെ ആക്രമണത്തിന് പുറമെ നിന്നുള്ളവരടക്കമാണ് പങ്കെടുത്തത്. നേരത്തെ പ്ലാൻ ചെയ്തതിന്റെ ഭാഗമായി ആക്രമണം നടത്തുന്ന നിലയാണ് വന്നിട്ടുള്ളത്. ആക്രമണം നടത്തിയവരെ സംരക്ഷിക്കുന്ന നിലപാട് എന്തിനാണ് ബി.ജെ.പി. നേതൃത്വം സ്വീകരിച്ചതെന്ന് മനസ്സിലാകുന്നില്ല. സാധാരണ ഇത്തരം കാര്യങ്ങളിൽ വ്യത്യസ്തമായ നിലപാട് സ്വീകരിക്കാറുള്ള ബഹുമാന്യനായ അംഗത്തിനുതന്നെ ഇത്ര പച്ചയായി ഈ അക്രമത്തെ ന്യായീകരിക്കേണ്ടി വന്നത് എന്തുകൊണ്ടാണ്? ദേശീയ പട്ടികജാതി കമ്മീഷൻ ഇവിടെ വന്നപ്പോൾ, ഒരു ബി.ജെ.പി. കൗൺസിലർ ആ കമ്മീഷന് മുന്നിൽ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ മൂന്ന് ഇടതുപക്ഷ കൗൺസിലർമാരെ പ്രതികളാക്കി പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്ന നിലയുണ്ടായി. ആ കമ്മീഷൻ സംഭവങ്ങളുടെ നിജസ്ഥിതി പരിശോധിച്ചു കൊണ്ടല്ല കാര്യങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തിയത്. ബോധപൂർവ്വം ആക്രമണം നടത്തുകയാണുണ്ടായിട്ടുള്ളത്. എൽ.ഡി.എഫ്. കൗൺസിലറായ ശ്രീ. സത്യനെ ആക്രമിച്ചതിന് ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 3003/2017 ആയി

ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ മൂന്ന് ബി.ജെ.പി. കൗൺസിലർമാരാണ് പ്രതികളായിട്ടുള്ളത്. കൗൺസിലർമാരാണ് അതിലും പ്രതികൾ. വേറൊരു സംഭവം, കരിക്കകം പുന്നയ്ക്കാത്തോപ്പ് ജംഗ്ഷന് സമീപം എൽ.ഡി.എഫ്. പ്രവർത്തകരെ ആക്രമിച്ചതിന് ബി.ജെ.പി. പ്രവർത്തകർക്കെതിരെ പേട്ട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1850/2017 ആയി മറ്റൊരു കേസും പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇനിയൊരു സംഭവമെടുത്താൽ, മ്യൂസിയം പോലീസ് സ്റ്റേഷനിൽ 20-11-2017-ന് കാട്ടായിക്കോണം വാർഡ് കൗൺസിലറെ മൂന്ന് ബി.ജെ.പി. കൗൺസിലർമാർ ജാതി പറഞ്ഞ് ആക്ഷേപിച്ചുവെന്ന പരാതി സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുകയാണ്. എന്താണ് ഈ കൗൺസിലർമാർ ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്; ഇത് ഗൗരവമായി നിയന്ത്രിക്കാൻ തയ്യാറാകണ്ടേ; ഇത്തരത്തിൽ തലസ്ഥാന നഗരിപോലുള്ള ഒരു സ്ഥലത്ത് കൗൺസിലർമാരെത്തന്നെ ആക്രമണത്തിന് പറഞ്ഞുവിടുന്ന നില ബി.ജെ.പി.-യെപ്പോലൊരു പാർട്ടി സ്വീകരിക്കാൻ പാടുണ്ടോ; ഈ തലസ്ഥാനത്തുനിന്നുള്ള ഒരു നിയമസഭാംഗമെന്നുള്ള നിലയ്ക്കും ബി.ജെ.പി.-യിലെ മുതിർന്ന ആളെന്ന നിലയ്ക്കും അദ്ദേഹം ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാനല്ലേ പുറപ്പെടേണ്ടത്; ആ പങ്ക് അദ്ദേഹം ആദ്യമേ തന്നെ വഹിക്കണമെന്നുകൂടിയാണ് എനിക്ക് പറയാനുള്ളത്. പോലീസ് ഇത്തരം കാര്യങ്ങളിൽ മുഖം നോക്കാതെയുള്ള നടപടി സ്വീകരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിലെ ക്രമസമാധാനനില അനുദിനം വഷളായി വരികയാണ്. എല്ലാ ദിവസവും അക്രമങ്ങളും കൊലപാതകങ്ങളും വർദ്ധിച്ചുവരികയാണ്. രാഷ്ട്രീയ കൊലപാതകങ്ങളും രാഷ്ട്രീയ അക്രമങ്ങളും വർദ്ധിക്കുന്നതിന്റെ പ്രധാന ഉത്തരവാദിത്വം കേന്ദ്രം ഭരിക്കുന്ന പാർട്ടിക്കും കേരളം ഭരിക്കുന്ന പാർട്ടിക്കുമാണ്. രാഷ്ട്രീയ പ്രതിയോഗികളെ പരസ്പരം വകവരുത്താനുള്ള കായികമായ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇത് തടയണമെങ്കിൽ ഗവൺമെന്റ് ശക്തമായ നിയമ നടപടികൾ സ്വീകരിക്കണം. പോലീസ് മുഖം നോക്കാതെ നടപടികൾ സ്വീകരിച്ചില്ലായെങ്കിൽ ഈ അക്രമങ്ങൾ കേരളത്തിൽ വർദ്ധിച്ചുവരുമെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് എനിക്ക് ഗവൺമെന്റിനോടും മുഖ്യമന്ത്രിയോടും ചോദിക്കാനുള്ളത്, ഈ രാഷ്ട്രീയ അക്രമങ്ങളും സംഘർഷങ്ങളും വർദ്ധിച്ചുവരുന്നത് തടയാൻ എന്തെല്ലാം നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്; രാഷ്ട്രീയതലത്തിൽ മുഖ്യമന്ത്രിയെന്നുള്ള നിലയിൽ അങ്ങ് ആർ.എസ്.എസ്. പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

ശ്രീ. പിണറായി വിജയൻ: സർ, കേരളത്തിന്റെ ക്രമസമാധാനനില ഭദ്രം തന്നെയാണ്. എന്നാൽ ക്രമസമാധാനനില അപകടപ്പെടുത്താനുള്ള ചില നീക്കങ്ങളുണ്ടെന്നുള്ളത് വസ്തുതയാണ്. അത് ബോധപൂർവ്വം സംഘടിപ്പിക്കുന്നതാണ്. രാഷ്ട്രീയമായ ഉദ്ദേശ്യംകൂടി അതിന്റെ പിന്നിലുണ്ട്. പക്ഷെ അതുകൊണ്ടുമാത്രം തകർന്നുപോകുന്ന ഒന്നല്ല കേരളത്തിന്റെ ക്രമസമാധാനനില. അതിന് ശക്തമായ നടപടിതന്നെ പോലീസ് സ്വീകരിച്ചുപോകുന്നുണ്ട്. ചില പ്രത്യേക സംഭവങ്ങളിലുണ്ടായ, മുഖ്യമന്ത്രി എന്ന നിലയ്ക്കുള്ള ഇടപെടലിനെക്കുറിച്ചാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ചോദിച്ചത്. അക്കാര്യം ഇവിടെ നേരത്തെ പ്രസ്താവിച്ചിട്ടുള്ളതാണ്. അതിൽ സർവ്വകക്ഷി യോഗം ചേർന്ന് കാര്യങ്ങൾ ചർച്ച ചെയ്ത് അതിന്റെ തുടർച്ചയായി ഉഭയകക്ഷി ചർച്ചയും നടന്നിരുന്നു. അത്തരം കാര്യങ്ങളുടെ ഭാഗമായി സാധാരണ നിലയ്ക്ക് നല്ല ഫലമുണ്ടാകേണ്ടതാണ്. എന്നാൽ പൂർണ്ണ ഫലമായെന്ന് പറയാൻ പറ്റില്ല.

ശ്രീ. അൻവർ സാദത്ത്: സർ, ആലുവയിലെ ഒരു പഞ്ചായത്തിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

മി. സ്പീക്കർ: ഇതിൽ പഞ്ചായത്തിന്റെ കാര്യം പറയാൻ സാധിക്കില്ല. ഇത് തലസ്ഥാനത്തെ ആക്രമണങ്ങളെയും നടപടികളെയും കുറിച്ചുള്ള ചോദ്യമാണ്.

ശ്രീ. അൻവർ സാദത്ത്: ചെങ്ങമനാട് പഞ്ചായത്തിൽ ബി.ജെ.പി.-യുമായി ഞങ്ങൾ കൂട്ടുകൂടിയെന്ന് പറഞ്ഞു. ബി.ജെ.പി.-യുമായി ഞങ്ങൾക്ക് യാതൊരു കൂട്ടുകെട്ടുമില്ല. . (മൈക്ക് ഓഫ്)....

മി. സ്പീക്കർ: തലസ്ഥാനത്തെ അക്രമമാണ് ചോദ്യം. പ്ലീസ്.... ഇരിക്കൂ.....

## ഐ.ടി. രംഗത്തെ തൊഴിൽ സാദ്ധ്യത

2 *(152) ശ്രീ. എ. എം. ആരിഫ്:
ശ്രീ. വി. ജോയി:
ശ്രീ. പുരുഷൻ കടലുണ്ടി: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഐ.ടി. രംഗത്ത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) തിരുവനന്തപുരം ടെക്നോസിറ്റി, കൊച്ചിയിലെ ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, കോഴിക്കോട് സൈബർ പാർക്ക് തുടങ്ങിയ ഐ.ടി. വ്യവസായ കേന്ദ്രങ്ങളുടെ വികസനത്തിനായുള്ള പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(സി) ഐ.ടി. രംഗത്തെ നേട്ടങ്ങൾ സാധാരണക്കാരിലേക്കുകൂടി എത്തിക്കുകയെന്ന ഉദ്ദേശത്തോടെ പ്രഖ്യാപിച്ച കെഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) കേരളത്തിലെ മൂന്ന് ഐ.ടി. പാർക്കുകളെയും 'കേരള ഐ.ടി. പാർക്ക്' എന്ന ബ്രാൻഡിന്റെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. ഇവിടെ ഐ.ടി./ ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ഇവിടെ ലഭ്യമാക്കിയിട്ടുള്ള പ്രധാന സൗകര്യങ്ങൾ താഴെപ്പറയുന്നു.

1. മിതമായ നിരക്കിൽ SEZ/Non SEZ മേഖലകളിൽ ലഭ്യമാക്കുന്ന ലോകോത്തര നിലവാരമുള്ള ഐ.ടി. കെട്ടിട സൗകര്യങ്ങൾ.
2. കോ-ഡെവലപ്പേഴ്സിന് ലഭ്യമാക്കുന്ന സുതാര്യമായ കരാർ വ്യവസ്ഥകൾ.
3. മികച്ച ജല-വൈദ്യുതി വിതരണ സംവിധാനങ്ങളും, മിതമായ നിരക്കുകളും.
4. 100% പവർ ബാക്കപ്പ് സംവിധാനം, ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങൾ.
5. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ലളിതമായ നടപടിക്രമങ്ങൾ. ഇത്തരം സൗകര്യങ്ങളുള്ള ഒരു കോടി സ്ക്വയർ ഫീറ്റ് സ്ഥലസൗകര്യം ഈ പാർക്കുകളിൽ ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതുവഴി ആഭ്യന്തര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാഹചര്യമുണ്ടാകും. ഇതാണ് സർക്കാരിന്റെ പുതിയ ഐ.ടി. നയത്തിൽ ഊന്നൽ നൽകിയിട്ടുള്ളത്.

ഐ.ടി. വ്യവസായത്തിലെ പുതിയ ആവശ്യകതകൾക്ക് അനുസൃതമായി യുവതീ യുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുകയും അതുവഴി ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുകയും കൂടുതൽ സ്റ്റാർട്ട് അപ് സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനാണ് സ്കിൽ ഡെലിവറി പ്ലാറ്റ് ഫോം. ഇതുവഴി കുട്ടികളുടെ സാങ്കേതിക മികവുകൾ പരിപോഷിപ്പിക്കുന്ന രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നടപടി എടുത്തുവരുന്നു.

(ബി) ടെക്നോ സിറ്റിയിൽ 5 കമ്പനികൾക്ക് അവരുടെ വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ ഭൂമി നൽകിക്കഴിഞ്ഞു. ടെക്നോ പാർക്കിന്റെ 2 ലക്ഷം ച.അടി. വിസ്തീർണ്ണത്തിലുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റൊരു പ്രധാന പദ്ധതിയായ നോളജ് സിറ്റിക്കുവേണ്ടി ഇവിടെ 100 ഏക്കർ ഭൂമി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

ഇൻഫോ പാർക്കിന്റെ രണ്ടാം ഘട്ടത്തിലും തൃശ്ശൂർ, ചേർത്തല, ടി.ബി.സി. എന്നിവിടങ്ങളിലെ ഹബ്ബ് & സ്പോക്കിലും കൂടി നിലവിൽ 60 ലക്ഷം ച.അടി. കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ, ഉപസംരംഭകരുടെ ഐ.ടി. കെട്ടിടങ്ങളുടെ നിർമ്മാണങ്ങൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കോഴിക്കോട് സൈബർ പാർക്കിന്റെ ആദ്യ ഐ.ടി. ബിൽഡിംഗായ സഹ്യ മേയ് 2017-ൽ പണി പൂർത്തിയാക്കി.

സ്മാർട്ട് സിറ്റിയുടെ നിർമ്മാണം പൂർത്തിയായ ഒന്നാംഘട്ടത്തിലെ 6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിൽ ഏകദേശം 5,000 പേർ പ്രവർത്തിച്ചുവരുന്നു. ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണത്തോടൊപ്പംതന്നെ 3.5 കി.മീ. നാലുവരി/രണ്ടുവരി പാത, കേബിൾ ട്രെഞ്ച്, സബ് സ്റ്റേഷൻ, ജലവിതരണ സംവിധാനങ്ങൾ, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

സ്മാർട്ട് സിറ്റി നേരിട്ട് രണ്ടാമത്തെ കെട്ടിടം നിർമ്മിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ സംരംഭകരും ഉപസംരംഭകരുമായി 50 ലക്ഷം ച.അടി. സ്ഥലം നിർമ്മിക്കുന്നതിന്റെ പ്രവൃത്തികൾ നടന്നുവരുന്നു.

(സി) ഐ.ടി. രംഗത്തെ നേട്ടങ്ങൾ സാധാരണക്കാരിലേയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശ്യവുമായി പ്രഖ്യാപിച്ച പദ്ധതിയാണ് KFON (കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ്‌വർക്ക്) പദ്ധതി. 2mbps മുതൽ 100mbps വരെ ശേഷിയുള്ള ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി ലഭ്യമാക്കിക്കൊണ്ട് ഉന്നതനിലവാരമുള്ള നെറ്റ്‌വർക്ക് അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് ഐ.ടി. അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുക എന്നതാണ് KFON പദ്ധതിയുടെ ലക്ഷ്യം. ഇതുമായിട്ടുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ഐ.ടി. മിഷൻ, KSITIL, KSEBL എന്നീ സ്ഥാപനങ്ങൾ SPV മാതൃകയിൽ സംയുക്തമായാണ് KFON നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

സർക്കാർ ഉത്തരവ് (കൈ.) നമ്പർ 22/2017/വി.സാ.വ. തീയതി 13-10-2017 പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി KSEB-യും KSITIL-ഉം ചേർന്ന് തുല്യ ഓഹരി പങ്കാളിത്തത്തോടുകൂടി ഒരു സംയുക്ത സംരംഭം (Joint Venture Company) രൂപീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഈ കമ്പനിക്കായിരിക്കും കെ-ഫോണിന്റെ നടത്തിപ്പ് ചുമതല. ഈ ഉത്തരവ് പ്രകാരം കമ്പനി തുടങ്ങുന്നതിലേയ്ക്കുള്ള തീരുമാനങ്ങൾ എടുക്കുന്നതിലേയ്ക്കായി കോർ കമ്മിറ്റിയെ നിയോഗിച്ചു. Joint Venture Company-യുടെ രൂപീകരണത്തിനുവേണ്ടി കരട് Memorandum of Association-ഉം Articles of Association-ഉം സ്ഥാപനത്തിന്റെ ഘടനയും സർക്കാർ പരിശോധിച്ചുവരുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, ഡിജിറ്റൽ ഭരണ സംവിധാനം അഥവാ ഇ-ഗവേണൻസ്, മാനവശേഷി മൂലധന വികസനം, പശ്ചാത്തല അടിസ്ഥാന വികസന സൗകര്യങ്ങൾ, ഐ.ടി. പാർക്കുകൾ, ഏകജാലക സർക്കാർ പോർട്ടൽ, സ്വതന്ത്ര ഓപ്പൺ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗവും ഉൽപ്പാദനവും, ഇലക്ട്രോണിക് സേവനങ്ങൾ, വിഭവ സമാഹരണങ്ങൾ, ജനസേവന കേന്ദ്രങ്ങൾ തുടങ്ങി അനേകം പദ്ധതികളിലൂടെ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, അധികാരത്തിൽവന്ന് ഒരു വർഷത്തിനുള്ളിൽ ഐ.ടി. നയം നടപ്പാക്കുകയും ചെയ്ത അങ്ങയെ പ്രത്യേകം അഭിനന്ദിക്കുകയാണ്.

ലോകത്ത് അമേരിക്ക ഉൾപ്പെടെയുള്ള പല രാജ്യങ്ങളിലും ഔട്ട്സോഴ്സിംഗ് നിർത്തലാക്കിയതോടുകൂടി വിപ്രോ, ഇൻഫോസിസ്, ടി.സി.എസ്., ഐ.ബി.എഫ്. തുടങ്ങിയ വിവിധ വൻകിട കമ്പനികൾപോലും ചില പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ബാംഗ്ലൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്ന് കൂട്ടത്തോടെ ഐ.ടി. ജീവനക്കാരെ പിരിച്ചുവിടുന്ന അവസ്ഥയും ഉണ്ടാകുന്നുണ്ട്. ഇത്തരത്തിലുള്ള ചെറുതും വലുതുമായ ചില കമ്പനികൾ നിലനിൽപ്പിനായി ബുദ്ധിമുട്ടുന്ന സാഹചര്യമാണുള്ളത്. ഗവൺമെന്റ് സ്പോൺസർ ചെയ്യുന്ന ടെക്നോ സിറ്റി, ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങളിൽ ഇന്നത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് ചെറിയ കമ്പനികൾക്ക് ലീസ്, റെന്റ്, സർവ്വീസ് ചാർജ്ജ് എന്നിവയിലൊക്കെ ഇളവുകൾ അനുവദിച്ചുകൊണ്ട് ഒരു ആന്റി റെസിസ്റ്റന്റ് പാക്കേജ് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതൊരു പ്രത്യേക പ്രശ്നമാണ്. ഇപ്പോഴത്തെ ചില സംഭവങ്ങൾ സംസ്ഥാനത്ത് മാത്രമല്ല, രാജ്യത്തും ലോകത്തുതന്നെയും ഐ.ടി. മേഖലയ്ക്ക് ചില പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനമായ ഒന്ന് അമേരിക്കയുടെ എച്ച്.1ബി വിസ നിയന്ത്രണ നടപടികളായിരുന്നു. അമേരിക്കയിലുണ്ടായ ഭരണമാറ്റത്തോടെ വന്ന ആ നിയന്ത്രണം വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. ജി.എസ്.റ്റി. വന്നപ്പോൾ ക്രയവിക്രയങ്ങളിൽ കുറവുണ്ടായിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ഡീമോണിറ്റൈസേഷൻ വന്നതിന്റെ ഭാഗമായി വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ബ്രക്സിറ്റിന്റെ സമയത്ത് യൂറോപ്യൻ വ്യവസായ മേഖലകളിൽ സാമ്പത്തിക മാന്ദ്യമുണ്ടായിരുന്നു. ഇതൊക്കെ ആഗോള അടിസ്ഥാനത്തിലും രാജ്യത്തും സംസ്ഥാനത്തും ബാധിച്ചിട്ടുള്ള കാര്യമാണ്. അതുമായി ബന്ധപ്പെട്ട് ഈ മേഖലയ്ക്ക് ആവശ്യമായ പിന്തുണ നൽകുക എന്നതുതന്നെയാണ് സംസ്ഥാന ഗവൺമെന്റിന്റെ നയം.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ചില ഐ.ടി. പാർക്കുകൾ അർബൻ ഏരിയയിൽനിന്ന് അൽപ്പം മാറി റൂറൽ ഏരിയകളിൽ വന്നിട്ടുണ്ട്. ചേർത്തല, അരൂർ, പള്ളിപ്പുറം തുടങ്ങി വിവിധ സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകളുണ്ട്. ഇനിഷ്യൽ കോസ്റ്റ് റിഡക്ഷൻ ഓഫറുകൾ നൽകിയും ടൗൺഷിപ്പുകൾ ഡെവലപ്പ് ചെയ്തും ഇവിടേയ്ക്ക് കൂടുതൽ കമ്പനികളെ ആകർഷിക്കാൻ സാധിക്കും. അവിടെ വരുന്ന ജീവനക്കാർക്ക് ആവശ്യമായ താമസ സൗകര്യങ്ങളും മറ്റ് ഫെസിലിറ്റീസും അമിനിറ്റീസുമെല്ലാം നൽകുന്ന ടൗൺഷിപ്പുകൾ ഡെവലപ്പ് ചെയ്താൽ ആ പാർക്കുകൾ ഇന്ന് അഭിമുഖീകരിക്കുന്ന ക്രൈസിസുകളിൽനിന്ന് രക്ഷപ്പെടാൻ സഹായകരമാകും. അതോടൊപ്പം സ്മാർട്ട് സിറ്റിക്ക് സ്ഥലം നൽകിയപോലെ നമ്മുടെതന്നെ കോ-ഡെവലപ്പേഴ്സായിട്ടുള്ള ലുലു, ബ്രിഗേഡ് തുടങ്ങിയ പ്രമുഖ കമ്പനികൾക്ക് ഈ ലാന്റ് ലീസിന് കുറച്ചുനൽകി അവിടങ്ങളിലെ ഇൻഫ്രാസ്ട്രക്ചർ ബിൽഡപ്പ് ചെയ്യാൻ അവരെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ ബിൽഡിംഗ് കൺസ്ട്രക്ഷന്റെ അമിത ചെലവ് ഒഴിവാക്കാൻ സാധിക്കും. അതുവഴി കൺസ്ട്രക്ഷൻ നന്നായി നടക്കുകയും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. അത്തരത്തിൽ ഒരു സാധ്യത ഗവൺമെന്റ് പരിഗണിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളും ഒരുപോലെ വികസിച്ചുവരണമെന്നാണ് നമ്മുടെ ആഗ്രഹം. എന്നാൽ അത്തരത്തിൽ ഐ.ടി. വികസിക്കുമെന്ന് നമ്മൾ കണക്കാക്കാൻ പാടില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഐ.ടി. മേഖലയിൽ ജോലിയെടുക്കാൻ ആയിരക്കണക്കിന് ആളുകൾ വരുന്നുണ്ട്. അവർക്കാവശ്യമായ സൗകര്യങ്ങൾ കൂടി ഒരുക്കാൻ കഴിയണം. അവർക്കുള്ള താമസ സൗകര്യം, ഭക്ഷണ സൗകര്യം എന്നിവയെല്ലാം വേണം. അവിടെയാണ് അദ്ദേഹം ചൂണ്ടിക്കാണിച്ച തരത്തിലുള്ള ടൗൺഷിപ്പിന്റെ പ്രശ്നം വരുന്നത്. യാത്രാസൗകര്യം വളരെ പ്രധാനമാണ്. കുടുംബസമേതം താമസിക്കുന്നവരുടെ കുട്ടികളുടെ പഠനസൗകര്യം പ്രധാനമാണ്. നമ്മൾ ആഗ്രഹിക്കുന്നതുപോലെ തിരക്കിൽ നിന്നകന്ന് വളരെ ഉള്ളിൽ ഒരു സ്ഥലത്ത് ഒരു കേന്ദ്രം സ്ഥാപിച്ച് അവിടെ ഐ.ടി. വികസിപ്പിക്കാം എന്നുവച്ചാൽ അത് പ്രായോഗികമല്ല. അതുകൊണ്ട് ഇത്തരം സൗകര്യങ്ങളെല്ലാമുള്ള സ്ഥലങ്ങൾ എവിടെയാണോ അവിടെയാണ് നാം കേന്ദ്രീകരിക്കേണ്ടത്. കാരണം അവിടേയ്ക്ക് കമ്പനികൾ വരുന്നുണ്ട്. അല്ലാത്ത സ്ഥലങ്ങളിലേയ്ക്ക് ആരും വരാൻ സന്നദ്ധമാകുന്നില്ല. ഇതൊന്നും കാണാതെ കമ്പനി തുടങ്ങിയവർ വലിയ പ്രയാസത്തിലുമാകുന്നുണ്ട്. ഐ. ടി. മേഖല വികസിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ കേന്ദ്രീകരിക്കാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. വി. ജോയി: സർ, സർക്കാർ സേവനങ്ങൾ നൂതന സംവിധാനങ്ങൾ വഴി സുഗമവും സുതാര്യവുമായി എല്ലാ ജനവിഭാഗങ്ങളിലും എത്തിച്ച്, ഡിജിറ്റൽ സാങ്കേതികവിദ്യയെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുക എന്നത് ഐ.ടി. നയമാണ്. സംസ്ഥാന സർക്കാരിന്റെ സേവനങ്ങൾക്കായിട്ടുള്ള ഏകജാലക സ്റ്റേറ്റ് പോർട്ടൽ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി എന്നു പറയാമോ?

ശ്രീ. പിണറായി വിജയൻ: സർ, നല്ല നിലയ്ക്ക് ഐ.ടി. മേഖല വികസിച്ചുവരണമെന്ന് തന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതുമായി ബന്ധപ്പെട്ടുള്ള നടപടികൾ വേഗത്തിൽ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന് കുറേ കാര്യങ്ങൾ ഏകോപിപ്പിച്ച് വരേണ്ടതായിട്ടുണ്ട്. ആ കാര്യങ്ങളിൽ നല്ല മുന്നേറ്റം ഉണ്ടാകുന്നുണ്ട്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഐ.ടി. രംഗത്ത് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ മുൻപന്തിയിലാണ് കേരളം. വിദ്യാർത്ഥികളിലും ഗവേഷകരിലും സാമൂഹികാവബോധം കുറഞ്ഞുപോകുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ രംഗത്ത് ആത്മഹത്യ, താളംതെറ്റിയ ദാമ്പത്യ ജീവിതം എന്നിവ ധാരാളം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. തൊഴിൽ സാധ്യത മെച്ചപ്പെടുത്തുമ്പോൾത്തന്നെ പാഠ്യപദ്ധതിയുടെ ഭാഗമായി രക്ഷിതാക്കൾക്കുകൂടി വൈവിധ്യമാർന്ന രക്ഷാകർത്തൃത്വം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് വളരെ ഗൗരവമായ ഒരു കാര്യമാണ്. സമൂഹത്തിൽ രക്ഷകർത്താക്കൾ എങ്ങനെ നീങ്ങണമെന്നതിനെക്കുറിച്ചാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത്. ഇപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി മുൻകയ്യെടുത്തുകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ രക്ഷകർത്താക്കൾക്കുള്ള ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു ക്ലാസ്സ് ഉദ്ഘാടനം ചെയ്യുകയുണ്ടായി. അതുപോലുള്ള കാര്യങ്ങൾ ഇതിന് സഹായകരമായി വരുമെന്നാണ് തോന്നുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, സ്മാർട്ട് സിറ്റിയുടെ സിംഹഭാഗവും എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലാണ്. 246 ഏക്കർ സ്ഥലത്തിൽ 136 ഏക്കർ സ്ഥലവും തൃക്കാക്കര നിയോജകമണ്ഡലത്തിലാണ്. 2007 മുതൽ സ്മാർട്ട് സിറ്റി കേരളവുമായി കത്തിടപാടുകൾ നടത്തിയിരുന്നുവെങ്കിലും, 2011-ലാണ് ഫൈനൽ എഗ്രിമെന്റ് ഉണ്ടാക്കുകയും അതിന്റെ നടപടികൾ ആരംഭിക്കുകയും ചെയ്തത്. സ്മാർട്ട് സിറ്റിയുടെ വികാസ പരിണാമങ്ങളെ സംബന്ധിച്ചും ചെയ്ത കാര്യങ്ങളെ സംബന്ധിച്ചുമൊക്കെ മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത് സ്മാർട്ട് സിറ്റിയുടെ പോക്ക് ഗൗരവതരമായി പരിശോധിക്കേണ്ടതാണ് എന്നാണ്. 5000 ആളുകൾക്ക് തൊഴിൽ കൊടുക്കുന്നുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. 21 കമ്പനികളിലായി 1500-നും 2000-നും ഇടയ്ക്ക് ആളുകൾ മാത്രമേ ജോലി ചെയ്യുന്നുള്ളൂ. അതൊരു റിയൽ എസ്റ്റേറ്റ് ഇടപാടുപോലെ നടന്നുകൊണ്ടിരിക്കുകയാണ്. കെട്ടിടം പണിക്കു പോലും തൊഴിലാളികളെ എടുക്കുന്നില്ല, കോടതിയിൽനിന്നും അവർ ഉത്തരവ് വാങ്ങി. ഒരു തൊഴിലാളി സംഘടനകളും അവിടെ കുഴപ്പങ്ങളുണ്ടാക്കിയിട്ടില്ല. 2011-ലെ ഫൈനൽ എഗ്രിമെന്റിനുശേഷം 2018 ആയിട്ടും അവിടെ ഒരു മെല്ലെപ്പോക്കാണ് നടക്കുന്നത്. സ്മാർട്ട് സിറ്റിയുടെ കാര്യം ഗൗരവമായി അന്വേഷിക്കും, ഇപ്പോഴത്തെ സ്ഥിതി അനുവദിക്കുകയില്ല എന്നുപറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു പ്രസ്താവന തന്നെ ഉണ്ടായിരുന്നു. അത് നല്ല കാര്യമാണ്. അക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ഉണ്ടാകണം. സ്മാർട്ട് സിറ്റി വന്നു എന്നതിന്റെ ഖ്യാതിയല്ലാതെ അതിന്റെ ഗുണം ഉണ്ടാകുന്നുണ്ടോ; അവർ നടത്തുന്ന റിയൽ എസ്റ്റേറ്റ് ബിസിനസ്സുകൾക്ക് നേട്ടമുണ്ടാകുക മാത്രമാണ് ചെയ്യുന്നത്. ആ കാര്യത്തിൽ ഗൗരവകരമായ ഒരു സമീപനം സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ ബഹുമാന്യനായ അംഗം പ്രകടിപ്പിച്ച ഉത്കണ്ഠ ഗൗരവമായി എടുക്കേണ്ടതാണ്. സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാർ നിരന്തരം അവലോകനം നടത്തിയിട്ടുണ്ട്. വേണ്ടത്ര പുരോഗതി ഇല്ലായിരുന്നു. അതിൽ മാറ്റം വന്നിട്ടുണ്ട്. അതുകൊണ്ടാണ് അവരുടെ പ്രവർത്തനങ്ങൾ ഇപ്പോൾ കുറച്ച് വേഗത്തിൽ നടക്കുന്നുണ്ടെന്ന് മറുപടിയിൽ ഞാൻ പറഞ്ഞത്. എനിക്ക് ലഭിച്ച കണക്കുകൾ അനുസരിച്ച് 5000-ത്തോളം പേർ അവിടെ ജോലി ചെയ്യുന്നുണ്ട്. രണ്ടാമത്തെ കെട്ടിടം അവർ പൂർത്തിയാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ പണിയും അവർ നടത്തിക്കൊണ്ടിരിക്കുകയാണ്. ചില പ്രശ്നങ്ങൾ അവർക്കിടയ്ക്ക് ഉണ്ടായിരുന്നു. ആ പ്രശ്നം ചർച്ച ചെയ്തതാണ്. പണി സമയബന്ധിതമായി പൂർത്തിയാക്കുമെന്ന ഉറപ്പാണ് ചർച്ചയുടെ ഭാഗമായി സർക്കാരിന് അവർ നൽകിയിട്ടുള്ളത്. അത് പൂർത്തിയാക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. ഇല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട് വീണ്ടും അവലോകനങ്ങൾ നടത്തി ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. നാം ഒരു കാര്യം ശ്രദ്ധിക്കേണ്ടത്, ഒരു കൺസ്ട്രക്ഷൻ വർക്ക് നടത്തുന്നവർക്ക് അവിടെ തൊഴിൽ ചെയ്യാനുള്ള അല്ലെങ്കിൽ തൊഴിലെടുപ്പിക്കാനുള്ള അവകാശം വേണ്ടേ? അവിടെ ജോലിയെടുക്കുന്നവർക്കാണല്ലോ യൂണിയൻ വേണ്ടത്? പുറത്തുള്ള യൂണിയനുകൾക്ക് തൊഴിൽ

കൊടുക്കുകയാണോ ചെയ്യുന്നത്; അതാണോ സാധാരണ സമ്പ്രദായം; അപ്പോൾ യൂണിയനുകൾ തൊഴിലുടമയായി മാറുകയല്ലേ? അതല്ലല്ലോ വേണ്ടത്. അവിടെ പണിയെടുക്കുന്ന തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാൻ യൂണിയൻ ഇടപെടുകയല്ലേ വേണ്ടത്; അതിൽ ഇടപെടണം, അതിൽനിന്ന് വ്യത്യസ്തമായി പോകുന്ന നടപടി അംഗീകരിക്കാൻ കഴിയില്ല.

ശ്രീ. ബി. ഡി. ദേവസ്സി: സർ, തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ സ്ഥാപിച്ച ഏകദേശം ആയിരത്തോളം പേർ ജോലി ചെയ്യുന്ന ഒരു സ്ഥാപനമാണ് കൊരട്ടി ഐ.ടി. പാർക്ക്. ഹൈവേയോട് ചേർന്ന് റെയിൽവേ സ്റ്റേഷനും എയർപോർട്ടിനും അടുത്തായി എല്ലാ അടിസ്ഥാന സൗകര്യങ്ങൾക്കും സാധ്യതയുള്ള സ്ഥലത്താണ് ഈ പാർക്ക് പ്രവർത്തിക്കുന്നത്. ഇവിടെ മൂന്ന് ലക്ഷം സ്ക്വയർ ഫീറ്റിന്റെ ഒരു ബിൽഡിംഗ് പണി പൂർത്തീകരിച്ചിട്ടുണ്ട്. അവിടെ സ്ഥലം ഒഴിഞ്ഞുകിടക്കുന്നുണ്ട്, അവിടേയ്ക്ക് സംരംഭകരെ ആകർഷിക്കേണ്ടതുണ്ട്, കൂടുതൽ ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കൂടുതൽ സംരംഭകരെ ഇവിടേയ്ക്ക് ആകർഷിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കൊരട്ടി ഐ.ടി. പാർക്കിനെപ്പറ്റി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. എല്ലാ പശ്ചാത്തല സൗകര്യവുമുള്ള ഒരു സ്ഥലമാണ് അത്. സ്വാഭാവികമായും അവിടെ വികസനം വരുമെന്നാണ് തോന്നുന്നത്. അതിനാവശ്യമായ നിലപാട് തന്നെയാണ് സർക്കാരും സ്വീകരിക്കാനുദ്ദേശിക്കുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ചോദിക്കാൻ ഉദ്ദേശിച്ച ചോദ്യത്തിന് വ്യക്തത നേരത്തെ വന്നു. അതോടൊപ്പം മറ്റൊന്ന്, ധാരാളം എക്സ്പേർട്ട്സ് കേരളം വിട്ട് പുറത്തേയ്ക്ക് പോകുകയാണ്. അതേസമയം കേരളത്തിലേയ്ക്ക് പുതിയ ആളുകൾ വരുന്നതുമില്ല. കേരളത്തിൽനിന്ന് വിട്ടുപോയ ആളുകളെയും കൂടുതൽ ഐ.ടി. എക്സ്പേർട്ട്സിനെയും ഇവിടേയ്ക്ക് ആകർഷിക്കാൻവേണ്ടി ഗവൺമെന്റ് എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്; പുതിയ ഐ.ടി. സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി ഏതെല്ലാം സ്റ്റാർട്ട്പ്പ് പ്രോഗ്രാമുകളാണ് ഗവൺമെന്റ് പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, കേരളത്തിന്റെ ഐ.ടി. വികസനവുമായി ബന്ധപ്പെട്ടാണ് ഐ.ടി. നയം നമ്മൾ പ്രഖ്യാപിച്ചത്. ഇൻഡസ്ട്രി അത് നല്ല രീതിയിലാണ് സ്വാഗതം ചെയ്തിട്ടുള്ളത്, അതിന് നല്ല പ്രതികരണവും വരുന്നുണ്ട്. മൊത്തത്തിലുണ്ടായ ചില പ്രശ്നങ്ങൾ നമ്മളെയും ബാധിച്ചിട്ടുണ്ടെന്നുള്ളതാണ് വസ്തുത. സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ നാം വളരെ മുന്നിൽ നിൽക്കുകയാണ്. നല്ല രീതിയിൽ തന്നെ നമുക്ക് ആ രംഗത്ത് ശോഭിക്കുവാൻ കഴിയുന്നുണ്ട്.

ശ്രീ. സി. കൃഷ്ണൻ: സർ, കണ്ണൂരിലുള്ള ആളുകൾ ഏറെ പ്രതീക്ഷയോടുകൂടി നോക്കിക്കണ്ടിരുന്ന ഒന്നാണ് എരമം പുല്ലുപാറയിലെ കണ്ണൂർ സൈബർ പാർക്ക്. 2015 നവംബർ മാസത്തിൽ അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഇന്ന് അതിന്റെ പ്രവർത്തനം പാതിവഴിയിൽ സ്തംഭിച്ചു നിൽക്കുകയാണ്. ഈ സ്ഥലം കൂടുതൽ ഫലപ്രദമായി വ്യവസായ വികസനത്തിനുവേണ്ടി രൂപാന്തര പ്പെടുത്തുമെന്ന് ഒരിക്കൽ അറിയിച്ചിരുന്നുവെങ്കിലും ഇപ്പോൾ യാതൊരു നടപടിയും സ്വീകരിച്ചുകാണുന്നില്ല, ഉപകരണങ്ങളെല്ലാം തുരുമ്പിച്ച് പോകുകയാണ്. ഈ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് അറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. അവിടെ ഐ.ടി. രംഗം വികസിപ്പിക്കാമെന്നാണ് ആദ്യം കണക്കാക്കിയത്, പക്ഷേ നേരത്തേ ഞാൻ ചൂണ്ടിക്കാണിച്ച കാരണങ്ങളാൽ അത് ഫലപ്രദമായില്ല. എന്നാൽ ആ സ്ഥലവും അവിടെയുള്ള സൗകര്യങ്ങളുമുപ യോഗിച്ചുകൊണ്ട് മറ്റ് വ്യവസായ സംരംഭങ്ങൾ അവിടെ ആരംഭിക്കാൻ കഴിയുന്നതാണ്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗൗരവമായിത്തന്നെ സർക്കാർ നീക്കുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, അമേരിക്കയുടെ എച്ച് വൺ ബി (H-1B) വിസാ നിയമവും ടെക്നോളജി രംഗത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസും കാരണം കുറെയേറെ ആളുകളെ, പ്രത്യേകിച്ച് മാനേജ്മെന്റ് രംഗത്തുള്ളവരെ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. മറ്റു പല സംസ്ഥാനങ്ങളിലും ഐ.ടി. ജീവനക്കാർ കോടതിയെയും സർക്കാരിനെയുമൊക്കെ സമീപിക്കുന്നുണ്ട്. ഇത്തരത്തിലുള്ള പിരിച്ചുവിടലുകൾ നമ്മുടെ നാട്ടിലുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ സഹായിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അസ്വാഭാവികമായ പിരിച്ചുവിടൽ നടപടികൾ വരുന്നുണ്ടെങ്കിൽ സ്വാഭാവികമായും സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് സാധ്യമാകുന്നതെല്ലാം ചെയ്യും. ജീവനക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്നുള്ളതാണ് സർക്കാർ നിലപാട്.

## കെ.എസ്.ആർ.ടി.സി. യാത്രക്കാരിൽ നിന്നുള്ള സെസ്സ് പിരിവ്

3 (*153) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ടിക്കറ്റിന്റെ ഭാഗമായി യാത്രക്കാരിൽനിന്ന് സെസ്സ് പിരിച്ചിരുന്നത് ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗപ്പെടുത്തുന്നത് എന്നറിയിക്കുമോ;

(ബി) പെൻഷൻ നൽകുന്നതിനായി പ്രസ്തുത തുക ഉപയോഗപ്പെടുത്തു മോയെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകുന്നതിനായി മറ്റ് ഏതൊക്കെ മേഖലകളിൽ നിന്ന് പൈസ സമാഹരിക്കാമെന്ന് ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ&ബി) യാത്രാവേളയിൽ ഉണ്ടായേക്കാവുന്ന ചെറുതും വലുതുമായ അപകടങ്ങളിൽപ്പെടുന്ന യാത്രക്കാർക്ക് ഏത് ആശുപത്രിയിലും അടിയന്തര ചികിത്സ നടത്തുന്നതിന്റെ മുഴുവൻ ചെലവും നൽകുന്നതിനും കൂടാതെ യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്തുന്നതിനും ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ ഏർപ്പെടുത്തുന്നതിനും ബാക്കിവരുന്ന തുക കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് വിരമിച്ചവർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനുമാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ടി. തുകയടക്കം എല്ലാ വരുമാനവും റവന്യൂ അക്കൗണ്ടിലാണ് ചേർത്തിരിക്കുന്നത്. കോർപ്പറേഷനിൽ പെൻഷൻ ഏർപ്പെടുത്തിയ കാലം മുതൽ റവന്യൂ അക്കൗണ്ടിൽ നിന്നുമാണ് നൽകിവരുന്നത്.

(സി) കെ.എസ്.ആർ.ടി.സി.-ക്ക് ഈ വർഷം 685 കോടി രൂപ പദ്ധതിയേതര വിഹിതമായി സർക്കാർ നൽകിയിട്ടുണ്ട്. പെൻഷൻ പദ്ധതി നടപ്പാക്കുന്ന ഘട്ടത്തിൽ ആകെ വേണ്ട തുകയുടെ പകുതി സർക്കാർ നൽകുമെന്നതായിരുന്നു വ്യവസ്ഥ. അതിനായി ആവശ്യമായ തുക മുഴുവൻ നൽകിയാലും കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി. തരണം ചെയ്യാൻ കഴിയുകയില്ല. പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി 3,350 കോടി രൂപ കൺസോർഷ്യം ബാങ്കിൽ നിന്ന് വായ്പയായി ലഭ്യമാക്കാൻ നടപടി

സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 1,000 കോടി രൂപ ഉടൻ ലഭ്യമാകും. അതിനുള്ള സമ്മതം ബാങ്ക് നൽകിക്കഴിഞ്ഞു. അതുകൊണ്ട് 3350 കോടി രൂപയും ഒന്നിച്ച് ലഭ്യമാകുന്ന നിലയാണ് ഉണ്ടാവുക. ഇതിലൂടെ പ്രതിമാസം അറുപത് കോടി രൂപ കെ.എസ്.ആർ.ടി.സി.-യുടെ വായ്പാ തിരിച്ചടവിൽ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്. പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്നതോടെ മാസംതോറും കുടിശ്ശികയില്ലാതെ കെ.എസ്.ആർ.ടി.സി. മുഖേന തന്നെ പെൻഷൻ നൽകുന്നത് ഉറപ്പുവരുത്താനാകും.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ വർദ്ധനവും കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തിന്റെയോ ലാഭത്തിന്റെയോ അളവും തമ്മിലുള്ള ബന്ധം സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ വിവരം വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വളരെ ഗൗരവമേറിയ പഠനം നടത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ എങ്ങനെ പുനരുദ്ധരിക്കാമെന്നതു സംബന്ധിച്ച് കമ്മീഷനെ വച്ചുകൊണ്ടുള്ള പഠനമാണ് നടത്തിയിട്ടുള്ളത്. വളരെ ഫലപ്രദമായ ആ പഠനമാണ് പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിന് ആധാരമായി വന്നത്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കെ.എസ്.ആർ.ടി.സി.-യുടെ മൊത്ത വരുമാനത്തിൽ നിന്ന് ശമ്പളവും പെൻഷനുമല്ലാതെ, പലിശയിനത്തിലും മറ്റും ചെലവാകുന്ന തുക ഇല്ലാതാക്കുന്നതിനുള്ള എന്തെങ്കിലും പ്രോജക്ട് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, പലിശ ബാധ്യത കുറച്ചുകൊണ്ടു വരുന്നതിനായി പുതിയൊരു ബാങ്ക് കൺസോർഷ്യം രൂപീകരിക്കുകയും അതിൽനിന്നും കുറഞ്ഞ പലിശയ്ക്ക് കടം വാങ്ങാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി ഏകദേശം അവസാനഘട്ടത്തിലാണ്. ഈ മാസം തന്നെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ സ്ഥിതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചു. ഈ പാക്കേജ് നടപ്പാക്കുമ്പോൾ പെൻഷനടക്കമുള്ള കാര്യങ്ങൾ, അവരുടെ തന്നെ വരുമാനത്തിൽനിന്നും കൊടുക്കാൻ കഴിയുമെന്നാണ് പറയുന്നത്. തമിഴ്നാട് സർക്കാർ ഡീസലിന്റെ പരമാവധി വില 43 രൂപയായി നിജപ്പെടുത്തിയിരിക്കുകയാണ്. ഈ ബാദ്ധ്യതകൾ തീർക്കുന്നതിനായി തമിഴ്നാട് മോഡലിൽ വില സംബന്ധിച്ച ഗ്യാപ് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും അധികമായി വരുന്ന വില സംസ്ഥാന ഗവൺമെന്റ് ഓയിൽ കമ്പനിക്ക് കൊടുക്കുന്ന രീതിയിലുമുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്തുകൊണ്ടുള്ള നടപടികൾ മാത്രമേ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ സർക്കാർ അത്തരം നടപടിയിലേയ്ക്ക് നീങ്ങിയിട്ടില്ല. കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഏറെ ദീർഘവീക്ഷണത്തോടെ കെ.എസ്.ആർ.ടി.സി.യെ കണ്ടുകൊണ്ടുള്ള, തോപ്പിൽ ഭാസിയുടെ 'കയ്യും തലയും പുറത്തിടരുത് ' എന്ന നാടകം കെ.പി.എ.സി. അവതരിപ്പിച്ചിരുന്നു. ആ നാടകം കണ്ടവർക്ക് കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ അവസ്ഥ ബോദ്ധ്യപ്പെടും. ഇന്നത്തെ സാഹചര്യത്തിൽ സേവനവും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ മാനേജ്മെന്റും തൊഴിലാളികളും ആത്മാർത്ഥമായ ശ്രമം നടത്തേണ്ടതുണ്ട്. ഇതിനായി അതതുമാസം മോണിറ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനം അനിവാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഒരു നിയമസഭാംഗവും കൂടി പങ്കെടുത്തുകൊണ്ട്, ഇതൊരു ഭരണ-പ്രതിപക്ഷ പ്രശ്നമല്ല നാടിന്റെ പ്രശ്നമാണെന്ന് കണ്ടുകൊണ്ട്, ഇത് മുന്നോട്ടുകൊണ്ടുപോകാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും. നമ്മുടെ നാടിന്റെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് കെ.എസ്.ആർ.ടി.സി. അതിനെ സംരക്ഷിക്കുക എന്ന നിലപാടുതന്നെയാണ് സർക്കാരിനുള്ളത്. അതിനാവശ്യമായ എന്ത് നടപടിയും സ്വീകരിക്കും.

ശ്രീ. എൽദോ എബ്രഹാം: സർ, സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽ ചിലയാളുകൾക്ക് സ്വകാര്യ ബസ് സർവ്വീസ് ഉണ്ടെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ അക്കാര്യത്തിൽ കൃത്യമായ നടപടി സ്വീകരിക്കുമോ; ഡീസലിന്റെ ക്രമാതീതമായ വില വർദ്ധനവിന്റെ പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി. ബസ് ടിക്കറ്റ് നിരക്ക് വർദ്ധനയെ ക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ട്. ഡീസൽ വില വർദ്ധനവിന്റെ പ്രശ്നം കെ.എസ്.ആർ.ടി.സി.-യെ മാത്രമല്ല പൊതുവേ മോട്ടോർ വ്യവസായത്തെ ആകമാനം ബാധിക്കുന്നതാണ്. പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷനുകളുമായി നടത്തിയ ചർച്ചയുടെ ഭാഗമായി തൽക്കാലം പണിമുടക്ക് പിൻവലിക്കാൻ അവർ തയ്യാറായിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും അവരോട് വ്യക്തമാക്കിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട തീരുമാനങ്ങളിലേയ്ക്ക് പോകണമെന്നു തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, കഴിഞ്ഞ ഇരുപത് മാസത്തിനിടയ്ക്ക് പെൻഷൻ പറ്റിയ പത്തോളം ആളുകൾ കേരളത്തിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: ചോദ്യം പെട്ടെന്ന് ചോദിക്കണം. വിശദമായി പറയുകയാണ് അങ്ങയുടെ പതിവ്. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ തീറ്റിയ യേശുക്രിസ്തുവല്ല സഭാദ്ധ്യക്ഷൻ എന്നോർമ്മപ്പെടുത്തിയതാണ്. എല്ലാവരും പരിഭവത്തിലാണ്. പെട്ടെന്ന് ചോദിക്കൂ.

ശ്രീ. അടൂർ പ്രകാശ്: കേരളത്തിൽ കെ.എസ്.ആർ.ടി.സി. ഏതാണ്ട് 5290-ഓളം സർവ്വീസുകളാണ് നടത്തുന്നത്. കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലെത്തിച്ചുകൊണ്ട് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എന്തോ തന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. അത് നല്ല കാര്യമാണ്. ഇനിയൊരാളും ആത്മഹത്യ ചെയ്യാനുള്ള അവസരം സംസ്ഥാനത്തുണ്ടാകരുത്. കേരളത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ഇന്നുള്ള വരുമാനം ഏകദേശം അഞ്ച് കോടി എഴുപത്തിയാറ് ലക്ഷം രൂപ മാത്രമാണ്. എന്നാൽ പതിനൊന്ന് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷം രൂപയാണ് ചെലവെന്ന് ഇന്നത്തെ പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. ഇത്രയും ചെലവ് വരുമ്പോൾ ഇത് പരിഹരിക്കപ്പെടുന്നതിനുള്ള നടപടികളാണ് ഏറ്റവും ആദ്യം സ്വീകരിക്കേണ്ടത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി രണ്ട് മാസത്തിനുള്ളിൽ ഇത് പരിഹരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇങ്ങനെ പറയാൻ തുടങ്ങിയിട്ട് കുറേയധികം നാളുകളായി. എന്നാണ് ഇത് നടപ്പിലാക്കുക; പാവപ്പെട്ട പെൻഷൻകാർക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതു പോലുള്ള ഒരു പ്രസ്താവന ഞാൻ നടത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി. ലാഭകരമാക്കിയതിനുശേഷം പെൻഷൻ കൊടുക്കുമെന്ന് ഞാൻ പറഞ്ഞുവെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെ ഒരു പ്രസ്താവന ഞാൻ നടത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ വേഗം കൊടുക്കുമെന്നാണ് ഞാൻ പറഞ്ഞത്. അവിടെത്തന്നെയാണ് നിൽക്കുന്നത്. ലാഭകരമാക്കി പെൻഷൻ കൊടുക്കാനാണെങ്കിൽ കുറച്ചുനാളെടുക്കും. അപ്പോൾ അങ്ങ് പറഞ്ഞ തരത്തിലുള്ള ആപത്തുകൾ സംഭവിക്കാനിടയുണ്ട്. അത്തരത്തിലുള്ള ഒരു ആപത്തും ഇനി സംഭവിക്കാൻ പാടില്ലെന്നാണ് സർക്കാർ കാണുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹം മനസ്സിൽ കാണുന്നതിനെക്കാളും വേഗത്തിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കും. പെൻഷൻ കൊടുക്കുന്ന നിലയുണ്ടാകും.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, മൂന്നാർ ഒരു ടൂറിസം മേഖല കൂടിയാണ്. മൂന്നാർ സബ് ഡിപ്പോയിൽ സ്ഥിരമായി എ.റ്റി.ഒ. പോസ്റ്റ് വേക്കന്റാണ്. ഇന്റർ സ്റ്റേറ്റ് പെർമിറ്റ് ധാരാളമുള്ള ഡിപ്പോയാണത്. ഇവിടെ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും തസ്തികകളിലും ഒഴിവുകളുണ്ട്. നേരത്തെ ചെയ്തിരുന്നതുപോലെ എംപാനൽകാരെക്കൂടി ഉൾപ്പെടുത്തി ഒഴിവുള്ള തസ്തികകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടിക്രമങ്ങളോ അല്ലെങ്കിൽ മൂന്നാർ സബ് ഡിപ്പോയെ പ്രത്യേകമായി പരിഗണിക്കാനുള്ള എന്തെങ്കിലും പദ്ധതിയോ സർക്കാരിന്റെ മുമ്പിൽ നിലവിലുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, കെ.എസ്.ആർ.ടി.സി.-യിൽ ബസ് സർവ്വീസ് നടത്തുന്നതിന് വേണ്ടത്ര ജീവനക്കാരില്ലാത്ത പ്രശ്നം ഇതുവരെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സെസ് ഏർപ്പെടുത്തേണ്ടി വന്നതിന് ഒരു പശ്ചാത്തലമുണ്ട്. പെൻഷൻ കൊടുക്കാൻ നിവൃത്തിയില്ലാതെയും വെൽഫയർ മെഷേഴ്സെടുക്കാൻ നിവൃത്തിയില്ലാതെയും വന്ന ഘട്ടത്തിൽ കോടതിയുടെ ഭാഗത്തു നിന്നും സ്ട്രോംഗായിട്ടുള്ള നിലപാട് വന്നു. അപ്പോൾ സെസ് ഏർപ്പെടുത്തിക്കൊണ്ട്. പെൻഷനടക്കം മറ്റ് വെൽഫയർ സ്കീമുകളിലേയ്ക്ക് പോകുന്നതിനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു ഓപ്പണിംഗാണുണ്ടാക്കിയത്. ഇപ്പോൾ ആ സെസ്സിൽനിന്ന് 10 കോടി രൂപ per month കിട്ടുന്നുണ്ട്. അതത് ദിവസത്തെ വരുമാനത്തിൽനിന്ന് പെൻഷനറി ബെനിഫിറ്റ്സ് അടയ്ക്കണമെന്ന് ഇന്നലെയും ഹൈക്കോടതി പറയുകയുണ്ടായി. പക്ഷേ ഇന്ന് മാധ്യമത്തിൽ കണ്ട ഷെഡ്യൂളിനകത്ത് അടച്ചുകൊണ്ടിരിക്കുന്ന തുക കണ്ടില്ല. അക്കാര്യം അങ്ങ് പരിശോധിച്ചാൽ മതി. അത് 8 കോടി രൂപ കിട്ടുന്നുണ്ട്. ഗവൺമെന്റ് കൊടുക്കുന്ന 30 കോടി രൂപയും മേൽപ്പറഞ്ഞ 18 കോടി രൂപയും കഴിഞ്ഞാൽപ്പിന്നെ അവശേഷിക്കുന്നത് 12 കോടി രൂപ മാത്രമാണ്. കെ.എസ്.ആർ.ടി.സി.-യിലെ മുൻ ജീവനക്കാരുടെ പെൻഷൻ ലാഗ് ചെയ്യിക്കുന്നത് ശരിയല്ലെന്ന് കേരളത്തിലെ പ്രമുഖ മാധ്യമങ്ങളെല്ലാം ഇന്ന് എഡിറ്റോറിയൽ എഴുതി. അങ്ങ് പറയുന്ന സാമ്പത്തിക ക്ലേശത്തെക്കുറിച്ച് എനിക്ക് മനസ്സിലാകുന്നുണ്ട്. സാമ്പത്തിക ക്ലേശമില്ലെന്ന് ഞാൻ പറയില്ല. 12 കോടി രൂപ കൂടി കൊടുക്കാമെന്ന് അങ്ങിവിടെ അനൗൺസ് ചെയ്താൽ ഈ പ്രശ്നം തൽക്കാലം അവസാനിപ്പിക്കാൻ സാധിക്കും. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ തുക കൊടുക്കുന്നതു സംബന്ധിച്ച് ഈ സഭയിലെ ഒരാളുപോലും 'NO' എന്നുപറയില്ല. എന്ന് കൊടുക്കുമെന്ന് നിശ്ചയിക്കുന്നതിലാണ് പ്രശ്നം. ഒരു നിശ്ചിത തീയതി, ഇന്നോ, നാളെയോ, മറ്റന്നാളോ, അതാണിവിടെ അങ്ങ് വ്യക്തമാക്കേണ്ടത്. അങ്ങ് കൃത്യമായി വരവരച്ച് കാര്യങ്ങൾ തീരുമാനിക്കുന്ന ആളാണ്. ആളുകളോടും വരവരച്ച് സത്യം പറയാൻ മടിക്കാത്ത ആളുമാണ്. പെൻഷൻകാരോടും ഇന്ന ദിവസം ഞങ്ങൾ ഇത് കൊടുക്കുമെന്ന് അങ്ങ് ഇവിടെ പ്രഖ്യാപിക്കണമെന്ന് പ്രതിപക്ഷത്തുള്ള എല്ലാ ആളുകളുംകൂടി ഒരുമിച്ച് ആവശ്യപ്പെടുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ കുടിശ്ശിക തീർത്ത് മാസംതോറും പെൻഷൻ കൊടുക്കുമെന്നുള്ള കാര്യം ഈ സഭയിൽ തന്നെയാണ് പ്രസ്താവിച്ചത്. അക്കാര്യത്തിൽ ഒരു പിന്നോട്ടുപോക്കുമില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ അങ്ങ് മനസ്സിൽ കാണുന്നതിനേക്കാളും വേഗതയിൽത്തന്നെ അത് നടക്കും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഡീസലിന്റെയും ഓയിലിന്റെയും സ്പെയർ പാർട്സിന്റെയുമെല്ലാം വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ലാഭകരമല്ലാത്ത റൂട്ടുകളിൽ ചെറിയ ബസ് സർവ്വീസ് നടത്താനുള്ള സാധ്യതയെപ്പറ്റി സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ചില പ്രത്യേക സാഹചര്യങ്ങളിൽ ചിലപ്പോൾ ആവശ്യമായി വന്നേയ്ക്കാം. അക്കാര്യത്തെക്കുറിച്ച് ആലോചിക്കാം.

## ടെക്നോസിറ്റി

4 (*154) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിന്റെ നാലാംഘട്ടമായ ടെക്നോസിറ്റിയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) ടെക്നോസിറ്റിയുടെ വികസനം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) ഇതിലൂടെ എത്രപേർക്ക് പുതുതായി തൊഴിൽ ലഭിക്കും;

(ഡി) ടെക്നോ സിറ്റിയിൽ പുതിയ ക്യാമ്പസ് തുടങ്ങുവാൻ ഏതൊക്കെ കമ്പനികളാണ് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്;

(ഇ) ടെക്നോസിറ്റിയിൽ നോളജ് സിറ്റി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. Infosys, TCS, Suntec, IIITMK, KASE എന്നിങ്ങനെ 5 സ്ഥാപനങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. 2 ലക്ഷം ച. അടിയിൽ ടെക്നോപാർക്ക് നിർമ്മിക്കുന്ന ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളും പുരോഗമിക്കുന്നു. നോളജ് സിറ്റി പദ്ധതിക്കുവേണ്ടി ടെക്നോസിറ്റിയിൽ 100 ഏക്കർ ഭൂമി മാറ്റിവച്ചിട്ടുണ്ട്.

(ബി) ടെക്നോസിറ്റിയിൽ, ടെക്നോ പാർക്കിന്റെ 2 ലക്ഷം ച. അടി വിസ്തീർണ്ണമുള്ള ആദ്യത്തെ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം 2019 ഏപ്രിൽ മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. 424 ഏക്കറിൽ ലക്ഷ്യമിടുന്ന ബൃഹത് പദ്ധതിയായ ടെക്നോസിറ്റി പൂർത്തിയാകുന്നതിന് കുറഞ്ഞത് 10 വർഷമെങ്കിലും വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏകദേശം ഒരു ലക്ഷം പേർക്ക് പുതുതായി നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(ഡി) TCS, IIITMK, KASE, Suntec, Infosys എന്നീ കമ്പനികളാണ് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്.

(ഇ) ഉണ്ട്. ഇതിനായി 100 ഏക്കർ ഭൂമി നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. നൂതന സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു സെന്റർ ഓഫ് എക്സലൻസ് ആയാണ് നോളജ് സിറ്റി വിഭാവനം ചെയ്യുന്നത്. ഭാവിയിലെ വികസന സാങ്കേതിക വിദ്യകളായി കണക്കാക്കുന്ന ബ്ലോക്ക്ചെയിൻ, സൈബർ സെക്യൂരിറ്റി, കൊഗ്നെറ്റീവ് അനലിറ്റിക്സ്, ഇ-മൊബിലിറ്റി, സ്പെയ്സ് സയൻസ് തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര സംരംഭമാണ് നോളജ് സിറ്റി.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ടെക്നോസിറ്റിയിൽ ടൗൺഷിപ്പ് മാതൃകയിൽ റെസിഡൻഷ്യൽ സ്പോർട്സ്, കൊമേഴ്സ്യൽ സ്പോർട്സ്, സ്കൂൾ, കോളേജ് സമുച്ചയം, ഹോസ്പിറ്റൽ എന്നിവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ടെക്നോസിറ്റിയുടെ ഭാഗമായി അവശ്യംവേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, പുതിയ യുവസംരംഭകർക്ക് എന്തെല്ലാം തൊഴിൽ സാധ്യതകളാണ് ടെക്നോസിറ്റിയിൽ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പുതിയ സംരംഭകർക്കാവശ്യമായ സൗകര്യങ്ങൾ മൊത്തത്തിൽ ചെയ്യുകയാണ്. ടെക്നോസിറ്റിക്കകത്ത് മാത്രമായിട്ടല്ല, കേരളത്തിലാകെ പുതിയ സംരംഭകർക്കുവേണ്ട പിന്തുണ നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ടെക്നോസിറ്റിയിൽ വരുന്നത് ചിലപ്പോൾ കുറെക്കൂടി വികസിതമായ സംരംഭങ്ങളായിരിക്കാം. അവരുമായി ചർച്ച ചെയ്ത് അവർക്കാവശ്യമായ സൗകര്യങ്ങളും ചെയ്തുകൊടുക്കും.

ശ്രീ. എം. വിൻസെന്റ്: സർ, ഐ.ടി. രംഗത്ത് 20-25 ലക്ഷം പേർക്കുവരെ നേരിട്ടും പരോക്ഷമായും തൊഴിൽ നൽകുമെന്നാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നത്. പക്ഷേ ഒന്നേമുക്കാൽ വർഷം കഴിഞ്ഞിട്ടും ഏകദേശം പതിനായിരത്തോളം പേർക്ക് മാത്രമേ പുതിയ തൊഴിൽ നൽകിയതായി കാണാൻ സാധിക്കുന്നുള്ളൂ. അതുപോലെ പുതിയ കമ്പനികളൊന്നും തന്നെ വരുന്നതായും കാണുന്നില്ല. ഈ അടുത്ത ദിവസം തമിഴ്നാടിന്റെ ഐ.ടി. സെക്രട്ടറി ടെക്നോപാർക്കിൽ വന്ന് അവിടത്തെ കമ്പനികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടുകയും അവർ നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് പ്രസന്റേഷൻ നടത്തുകയും ചെയ്തു. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ ഒരു സ്ക്വയർഫീറ്റിന് 28 രൂപ മുതൽ 33 രൂപ വരെയാണ് നമ്മൾ ഈടാക്കുന്നതെങ്കിൽ തമിഴ്നാട് അത് 13 രൂപയ്ക്ക് കൊടുക്കാമെന്നുള്ള ഓഫർ വച്ചിരിക്കുകയാണ്. അതുകൊണ്ട് നമ്മുടെ കോസ്റ്റ് എഫിഷ്യൻസി വളരെയധികം കുറയുകയാണ്. കോസ്റ്റ് എഫിഷ്യൻസി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; കാരണം നമ്മുടെ തൊഴിലവസരങ്ങൾ വർദ്ധിക്കാനും പുതിയ കമ്പനികൾ വരുന്നതിനും ഇത് പര്യാപ്തമാണ്.

ശ്രീ. പിണറായി വിജയൻ: സർ, പല സംസ്ഥാനങ്ങളും ഐ.ടി. സ്ഥാപനങ്ങളെ ആകർഷിക്കുന്നതിനായി പലതരത്തിലുള്ള വാഗ്ദാനങ്ങൾ നൽകുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ പ്രയാസം ഭൂമിയുടെ അപര്യാപ്തതയാണ്. മറ്റ് ചില സംസ്ഥാനങ്ങൾക്ക് ആവശ്യംപോലെ ഭൂമിയുള്ളതുകൊണ്ട് അവർക്ക് നല്ല തോതിൽ ഭൂമി കൊടുക്കാൻ കഴിയുന്നുണ്ട്. അത്രത്തോളം ഭൂമി നമുക്കില്ലെന്നത് ഒരു പ്രശ്നം തന്നെയാണ്. എങ്കിലും നമ്മുടെ നാടിനോട് പൊതുവെ താൽപ്പര്യമുള്ളതുകൊണ്ട് സ്ഥാപനങ്ങൾ വരുന്നതിനാവശ്യമായ സഹായകരമായ നിലപാടു തന്നെയാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ടെക്നോപാർക്കായാലും ഇൻഫോപാർക്കായാലും അവിടത്തെ ജീവനക്കാർ നേരിടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് താമസ സൗകര്യത്തിന്റെ അഭാവമാണ്. പ്രത്യേകിച്ച് ഒരു വർക്കിംഗ് പ്രൊഫഷണൽ ഹോസ്റ്റൽ സർക്കാർതന്നെ രൂപീകരിക്കുകയാണെങ്കിൽ അതവർക്ക് വളരെയധികം പ്രയോജനപ്രദമാകും. ഇതര സംസ്ഥാനത്തു നിന്നുള്ളവർക്കും ഇവിടെയുള്ള അവിവാഹിതരായവർക്കുമൊക്കെ റെന്റിനുപോലും താമസ സൗകര്യം കിട്ടാൻ ബുദ്ധിമുട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിഹരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആവശ്യമായ താമസ സൗകര്യം വർദ്ധിപ്പിക്കുകയെന്നുള്ളത് വേണ്ടതുതന്നെയാണ്. അത് ഈ മേഖലയിലെ വികസനത്തിന് ഏറ്റവും പ്രധാനവുമാണ്. സർക്കാർ നേരിട്ട് താമസ സൗകര്യമൊരുക്കുകയെന്നുള്ളതല്ല; എന്നാൽ, താമസ സൗകര്യം ലഭ്യമാകുന്നതിനാവശ്യമായ നടപടികളിലേയ്ക്ക് നീങ്ങാവുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജനമൈത്രി പോലീസ്

5 (*155) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ ആധുനീകരിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജനമൈത്രി പോലീസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പരിശീലനങ്ങളും മറ്റ് പ്രവർത്തനങ്ങളും നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ജനമൈത്രി പദ്ധതിയുടെ ഭാഗമായി സ്ത്രീസുരക്ഷാ പ്രവർത്തനങ്ങൾ, രക്തദാന ക്യാമ്പ്, പി.എസ്.സി. കോച്ചിംഗ്, മറ്റ് ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങി വ്യത്യസ്തമായ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിക്ക് ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പോലീസ് സേനയെ നവീകരിക്കുന്നതിന് നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു:

- കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റം രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനുമായി അത്യാവശ്യ സന്ദർഭങ്ങൾക്കായുള്ള ഹെൽപ്പ് ലൈൻ നമ്പരുകൾ, ടെലിഫോൺ ഡയറക്ടറി, സ്ത്രീ സുരക്ഷ മുതലായ സംവിധാനങ്ങൾ മൊബൈലിൽ ലഭ്യമാക്കുന്ന 'രക്ഷ' എന്ന ആപ്ലിക്കേഷൻ വികസിപ്പിച്ച് സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

- ശാസ്ത്രീയമായ കുറ്റാന്വേഷണത്തിന്റെ ഭാഗമായി നിരവധി അത്യന്താധുനിക സയന്റിഫിക് ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അവയുടെ വിശദാംശം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു*.
- അത്യന്താധുനിക സാങ്കേതിക വിദ്യയിലുള്ള അനേകം ഉപകരണങ്ങൾ പോലീസ് ആധുനികവത്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്. ഇവയുടെ വിശദാംശം അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട് *.
- 2017-18 സാമ്പത്തികവർഷത്തിലെ ആധുനികവത്കരണവുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികളും അവയ്ക്ക് നീക്കിവയ്ക്കപ്പെട്ട തുകകളും അനുബന്ധം മൂന്നായി ചേർത്തിട്ടുണ്ട് *.

അതോടൊപ്പം സൈബർ ഇൻവെസ്റ്റിഗേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള രൂപരേഖ പരിശോധിച്ചുവരുന്നു.

കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി നേഷൻ വൈഡ് എമർജൻസി റെസ്പോൺസ് സിസ്റ്റം എന്ന പദ്ധതി (ഡയൽ 112) നടപ്പിലാക്കിവരുന്നു.

എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ പോലീസ് സ്റ്റേഷൻ എന്നിവ സംയോജിപ്പിച്ച് ഒരു സൈബർ ഡോം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുന്നതിനുമുള്ള നടപടി പരിഗണനയിലാണ്.

ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ഇന്റഗ്രേറ്റഡ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടി എന്ന നിലയിൽ വിശദമായ പദ്ധതി സമർപ്പിക്കുന്നതിലേയ്ക്ക് കൺസൾട്ടന്റിനെ കണ്ടെത്തുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതല പ്പെടുത്തുകയും ഇത് സംബന്ധിച്ച അനന്തര നടപടികൾക്കായി ട്രാഫിക് പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജനമൈത്രി പോലീസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പരിശീലനങ്ങളും മറ്റു പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ജനമൈത്രി സുരക്ഷാ പോലീസ് പദ്ധതിക്കുവേണ്ടി 370 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നടത്തിവരുന്നുണ്ട്.

(ഡി) അംഗീകാരം ലഭിച്ചിട്ടുണ്ട്. പോലീസ് പ്രവർത്തനങ്ങളിൽ ശാസ്ത്ര-സാങ്കേതിക കഴിവുകളും ഉപയോഗവും വർദ്ധിപ്പിക്കൽ ലക്ഷ്യമിട്ട് ഡൽഹി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സംഘടനയായ ഫൗണ്ടേഷൻ ഫോർ റിസർച്ച് പ്രസിദ്ധീകരിക്കുന്ന ജേണൽ ആയ കോപ്സ് ടുഡേ ഇന്റർനാഷണലിന്റെ 2017-ലെ പോലീസ് എക്സലൻസ് അവാർഡ് പ്രസ്തുത പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പൊതുസംരംഭങ്ങൾ മുൻനിർത്തിയാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

## കുട്ടികൾക്ക് നേരെയുള്ള ലൈഗിംകാതിക്രമങ്ങൾ തടയുന്നതിന് നടപടി

6 (*156) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോക്സോ നിയമം നിലവിൽ വന്നതിന് ശേഷം കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പോക്സോ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്താൽ മുപ്പത് ദിവസത്തിനകം കുറ്റപത്രം സമർപ്പിച്ച് ഒരു വർഷത്തിനകം വിചാരണ പൂർത്തിയാക്കണമെന്ന ചട്ടം പാലിക്കപ്പെടുന്നുണ്ടോ;

(ഡി) പോക്സോ കേസുകൾക്കായി പ്രത്യേക കോടതികൾ ഇല്ലാത്തത് കേസുകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന് കാരണമാകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ജനങ്ങൾ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവാന്മാരായിട്ടുള്ളതിനാലും, ഇത്തരം സംഭവങ്ങളിൽ പോലീസ് നടപടി സ്വീകരിക്കുമെന്ന് ബോദ്ധ്യം പൊതുവിൽ ജനങ്ങൾക്കുള്ളതിനാലും യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനാലും കുട്ടികൾക്ക് നേരെയുള്ള ലൈഗിംകാതിക്രമങ്ങൾ സംബന്ധിച്ച കുറ്റകൃത്യങ്ങളുടെ റിപ്പോർട്ടിംഗിൽ നേരിയ വർദ്ധനവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുൻകാലങ്ങളിൽ കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ നടക്കാറുണ്ടെങ്കിലും അവയൊന്നും പൂർണ്ണമായും റിപ്പോർട്ട് ചെയ്യപ്പെടാറുണ്ടായിരുന്നില്ല. പോക്സോ നിയമത്തിലെ 21-ാം വകുപ്പിൽ കുട്ടികൾക്കെതിരായ ലൈംഗികാതിക്രമം ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥ പാലിക്കുന്നതുമൂലവും ജനമൈത്രി പോലീസ് സംവിധാനം മുഖേനയുള്ള പോലീസ് ഇടപെടൽ ഉണ്ടാകുന്നതുകാരണവും പോക്സോ നിയമം 2012, ബാലനീതി നിയമം 2015 എന്നിവയെക്കുറിച്ച് ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ മുഖാന്തരം പൊതുജനങ്ങൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും സ്പെഷ്യൽ ജൂവനൈൽ പോലീസ് യൂണിറ്റുകൾക്കും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചതിലൂടെയും സ്കൂൾ കൗൺസിലർമാരുടെയും ചൈൽഡ് ലൈനിന്റെയും കാര്യമായ ഇടപെടലുകളിലൂടെയും ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് വർദ്ധിച്ചിട്ടുണ്ട്.

(സി) ചട്ടം പരമാവധി പാലിച്ചുവരുന്നുണ്ട്. കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്ത് 14 ജില്ലകളിലും ഓരോ പോക്സോ കോടതികൾ പ്രവർത്തിക്കുന്നുണ്ട്.

നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പോക്സോ സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്ന പ്രത്യേക കോടതികളും മറ്റ് ജില്ലകളിൽ അതത് ജില്ലയിലെ ഒന്നാം അഡീഷണൽ സെഷൻസ് കോടതികളുമാണ് പോക്സോ സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്ന സ്പെഷ്യൽ കോടതിയായി പ്രവർത്തിച്ചുവരുന്നത്.

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടികൾ

7 (*157) <u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നയങ്ങൾ പ്രാവർത്തികമാക്കേണ്ട സിവിൽ സർവ്വീസ് അതിനു പര്യാപ്തമായ വിധം കാര്യക്ഷമമല്ലാത്തത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ;

(ബി) ജീവനക്കാർക്ക് മികച്ച സേവന-വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനോടൊപ്പം ജീവനക്കാർ പൊതു സമൂഹത്തിന് നൽകേണ്ട സേവനങ്ങൾ യഥാസമയം നൽകുന്നുവെന്ന് ഉറപ്പാക്കാൻ ആവശ്യമായ ഇടപെടൽ ഉണ്ടാകുമോ;

(സി) ജീവനക്കാർക്ക് നൽകിവരുന്ന പരിശീലനം, കൃത്യ നിർവഹണത്തിനായുള്ള സാങ്കേതിക അറിവു മാത്രം പകർന്നു നൽകുന്ന നിലവിലെ രീതിയിൽ നിന്ന് വ്യത്യസ്തമായി കർത്തവ്യ ബോധവും സാമൂഹ്യാവബോധവും സൃഷ്ടിക്കുന്ന തരത്തിൽ പുനഃക്രമീകരിക്കുമോ;

(ഡി) സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുവാൻ ആധുനിക സാങ്കേതിക വിദ്യയുടെ സഹായവും സോഷ്യൽ ഓഡിറ്റിംഗ് പോലുള്ള സാമൂഹ്യ നിയന്ത്രണവും സാധ്യമാകുമോ എന്ന് പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) നിയമനിർമ്മാണ പ്രക്രിയയിലും നിയമങ്ങൾ ഉണ്ടാക്കുന്നതിലും സംസ്ഥാനത്ത് പൗരന്മാർ പങ്കെടുക്കുന്നത് സുഗമമാക്കുന്നതും, സർക്കാർ പരിപാടികൾക്കും സർക്കാർ ഉദ്യോഗസ്ഥർക്കും ഉത്തരവാദിത്വവും സുതാര്യതയും ഉറപ്പാക്കുന്നതും വ്യവസ്ഥ ചെയ്തുകൊണ്ടുള്ള സോഷ്യൽ അക്കൗണ്ടബിലിറ്റി ബിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. സേവനാവകാശ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച് സമാഹൃത റിപ്പോർട്ട് പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന സർക്കാരിന് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിലുള്ള 'മികവിന്റെ കേന്ദ്ര'ത്തിന്റെ ആഭിമുഖ്യത്തിൽ പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും കഴിവും വർദ്ധിപ്പിക്കുന്നതിനും തൊഴിൽപരമായ ശേഷി ഉയർത്തുന്നതിനും കർത്തവ്യബോധവും സാമൂഹ്യാവബോധവും സൃഷ്ടിക്കുന്നതിനും സഹായകമാകുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. നിലവിൽ ജീവനക്കാർക്ക് ഐ.എം.ജി. മുഖേന നൽകിവരുന്ന പരിശീലനം കൃത്യനിർവ്വഹണത്തിനായുള്ള സാങ്കേതിക അറിവും അതോടൊപ്പം കർത്തവ്യബോധവും സാമൂഹ്യാവബോധവും സൃഷ്ടിക്കുന്ന തരത്തിലുള്ളതാണ്. ഐ.എം.ജി. പരിശീലനങ്ങൾ ഉദ്യോഗസ്ഥരുടെ അറിവ്,

പ്രാവീണ്യം, മനോഭാവം എന്നിവയിൽ പൊതുജനോപകാരപ്രദമായ രീതിയിൽ മാറ്റങ്ങൾ വരുത്തുവാൻ ഉതകുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. സാങ്കേതിക പരിശീലന പരിപാടികളിലും കർത്തവ്യനിർവ്വഹണവും സാമൂഹ്യാവ ബോധവും മെച്ചപ്പെടുത്തുന്നതിനായി സെഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പരിഷ്കരിച്ച പരിശീലന നയത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. നിലവിൽ 55-ഓളം സർക്കാർ വകുപ്പുകൾക്കാണ് ഐ.എം.ജി. പരിശീലനം നൽകുന്നത്. കർത്തവ്യ നിർവ്വഹണ ബോധം സൃഷ്ടിക്കുന്നതിന് കേസ് സ്റ്റഡികൾ, വീഡിയോ ഫിലിമുകൾ, മോട്ടിവേഷൻ കഥകൾ, പൊതുജനങ്ങളുമായുള്ള സംവാദം എന്നിവ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുന്നുണ്ട്.

(ഡി) സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അനായാസവും വേഗത്തിലുമുള്ള ഫയൽ പ്രോസസ്സിംഗ് സാധ്യമാക്കുന്നതിനായി സെക്രട്ടേറിയറ്റ്, 8 കളക്ടറേറ്റുകൾ, 4 സബ് കളക്ടറേറ്റുകൾ 19 ഡയറക്ടറേറ്റുകൾ/കമ്മീഷണറേറ്റുകൾ എന്നിവിടങ്ങളിൽ പൂർണ്ണമായും 6 കളക്ടറേറ്റുകൾ 3 സബ് കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ഭാഗികമായും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## ലൈഫ് പദ്ധതി

8 (*158) ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതർക്ക് വാസഗൃഹത്തോടൊപ്പം അവരുടെ സാമ്പത്തിക ശാക്തീകരണം കൂടി ലക്ഷ്യമാക്കുന്ന ലൈഫ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) അർഹരായ ഗുണഭോക്താക്കളെ പരാതിരഹിതമായി കണ്ടെത്തുന്നതിനും വിഭവസമാഹരണത്തിന് കർമ്മസേന രൂപീകരിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ഭൂരഹിത-ഭവനരഹിതർക്കായുള്ള ഭവന സമുച്ചയ നിർമ്മാണത്തിനായി നടത്തിയ പ്രാരംഭ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഭവനരഹിതരായ എല്ലാവർക്കും സുരക്ഷിതമായ ഭവനം നൽകുകയെന്നതാണ് ലൈഫ് മിഷൻ ലക്ഷ്യമിടുന്നത്. അതിലുപരിയായി മിഷൻ ഗുണഭോക്തൃ കുടുംബത്തിലെ ഒരാളിനെങ്കിലും സ്ഥായിയായ വരുമാനം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി തൊഴിൽ പരിശീലനം/നൈപുണ്യ വികസനം നൽകുകയെന്നത് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

ലൈഫ് മിഷന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി വിവര ശേഖരണം നടത്തി. അത്തരത്തിൽ 12,45,174 പേരുടെ വിവരശേഖരണം നടത്തിയതിൽ അർഹതയുള്ള 3,99,001 പേരുടെ പട്ടിക പ്രസിദ്ധീകരിച്ചു. തുടർന്ന് തദ്ദേശഭരണ സ്ഥാപനതലത്തിലും കളക്ടർ തലത്തിലും അപ്പീലുകൾ സ്വീകരിച്ചു. അതിന്മേൽ തീരുമാനമെടുത്ത് അർഹരായവരെ ഉൾക്കൊള്ളിക്കുകയും അനർഹരെ ഒഴിവാക്കുകയും ചെയ്തു. തുടർന്ന് ഗ്രാമസഭ/വാർഡ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും നിലവിൽ 1027 തദ്ദേശഭരണ സ്ഥാപനത്തിലെ വാർഡുകൾ പട്ടിക അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

മിഷന്റെ ആദ്യഘട്ടത്തിൽ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുക യെന്നതാണ് ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ 66750 പേരെ കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 3661 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് അതിൽ ഭവനം നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ ഓരോ ജില്ലയിലും ഒരു ഭവന സമുച്ചയം ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തി. ഇതിൽ ഏഴ് സ്ഥലങ്ങളിൽ ഡി.പി.ആർ. തയ്യാറാക്കി. തുടർ ഘട്ടങ്ങളിൽ ഭവനസമുച്ചയം നിർമ്മിക്കുന്നതിനായി 151 സ്ഥലങ്ങളിലായി 237 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ നിർവ്വഹണ സാധ്യതകൾ പരിശോധിച്ചുവരുന്നു.

(ബി) അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സാധ്യത പട്ടിക തയ്യാറാക്കി. അവരുടെ താമസസ്ഥലങ്ങൾ കുടുംബശ്രീ പ്രവർത്തകർ മുഖേന സന്ദർശിച്ച് വിവരശേഖരണം നടത്തി. ഇത്തരത്തിൽ 12,45,174 പേരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. തുടർന്ന് ഇവരുടെ വിവരങ്ങൾ MIS-ൽ രേഖപ്പെടുത്തുകയും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന, അർഹരായ 3,99,001 പേരുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം പട്ടിക വാർഡ് സഭ/ഗ്രാമസഭയിൽ അവതരിപ്പിച്ചു. നിലവിൽ 1027 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഗ്രാമസഭകൾ പട്ടിക അംഗീകരിച്ചിട്ടുണ്ട്. ജില്ലാ അപ്പീൽ കഴിഞ്ഞപ്പോൾ 517620 ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

വിഭവ സമാഹരണത്തിനായി കർമ്മസേന രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. എന്നാൽ ലൈഫ് മിഷന്റെ ആദ്യഘട്ടത്തിൽ, പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനത്തിലും കർമ്മ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇവർ പൂർത്തീകരിക്കാത്ത ഭവനങ്ങൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുകയും സ്വന്തമായി ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കളെ കണ്ടെത്തി, പൂർത്തീകരി ക്കാനാവശ്യമായ മനുഷ്യാദ്ധ്വാനവും സാമ്പത്തികവും കണ്ടെത്തിവരുന്നു.

(സി) ഭൂരഹിത ഭവനരഹിതർക്കുള്ള ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ആദ്യഘട്ടത്തിൽ 14 ജില്ലകളിലും ഓരോ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ കെട്ടിടനിർമ്മാണം നടത്തുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളെ ഏൽപ്പിച്ചു. കാസർഗോഡ്, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിശദ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുണ്ട്. മറ്റു ജില്ലകളിൽ കെട്ടിട നിർമ്മാണത്തിന് പ്രീ ഫാബ്രിക്കേഷൻ ടെക്നോളജി ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിഗണിക്കുന്നുണ്ട്. ഇതിനായി രണ്ട് പ്രാവശ്യം ഹൈ ലെവൽ കമ്മിറ്റികൾ കൂടിയിട്ടുണ്ട്. ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി നിരവധി ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഉദ്ദേശ്യം, വിവിധ കർമ്മ പരിപാടികൾ, വിവിധ ഉദ്യോഗസ്ഥ സംവിധാനങ്ങൾ വിദഗ്ദ്ധ സമിതികൾ എന്നിവ രൂപീകരിച്ച് വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനും നയപരമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ മിഷൻ പ്രവർത്തിച്ചുവരുന്നു. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി മിഷൻ ഉപസമിതി, എസ്.എൽ.ഇ.സി./സബ് കമ്മിറ്റി എന്നിവ പ്രവർത്തിക്കുന്നു. ജില്ലാ തലത്തിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ കീഴിൽ മിഷൻ പ്രവർത്തിച്ചുവരുന്നു. കൂടാതെ തദ്ദേശഭരണ സ്ഥാപനതലത്തിലും മിഷൻ പ്രവർത്തിക്കുന്നു.

പ്രസ്തുത സമിതികൾ യഥാസമയം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. മിഷന്റെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാന മിഷനും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ജില്ലാ മിഷനും തദ്ദേശഭരണ സമിതി അദ്ധ്യക്ഷനായി തദ്ദേശഭരണ സ്ഥാപനതല മിഷനും

പ്രവർത്തിച്ചുവരുന്നു. എല്ലാ ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിനുപരിയായി പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അദ്ധ്യക്ഷനായി സംസ്ഥാനതല കർമ്മസേനയും ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതല കർമ്മസേനയും തദ്ദേശഭരണ സ്ഥാപനതലത്തിൽ വാർഷിക പദ്ധതി ആസൂത്രണത്തിന് വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട മേഖല വർക്കിന്റെ ഗ്രൂപ്പ് കർമ്മസേനയായും പ്രവർത്തിക്കുന്നു. ഇവർക്കാവശ്യമായ നിർദ്ദേശവും സമയബന്ധിതമായ പ്രവർത്തനലക്ഷ്യവും നൽകി, പദ്ധതി പ്രവർത്തനം സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**റേഷൻ കടകളിലെ ഇ-പോസ് മെഷീൻ**

9 (*159) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതുമൂലം എന്തെല്ലാം പ്രയോജനങ്ങളാണ് ഉപഭോക്താവിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ വിതരണരംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി, റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ജി.പി.എസ്.സംവിധാനം ഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഇ-പോസ് മെഷീനിൽ ഉപഭോക്താവിന്റെ റേഷൻ കാർഡ് നമ്പർ നൽകുമ്പോൾ തന്നെ കാർഡിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ പ്രദർശിപ്പിക്കും. ഇതിൽ നിന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ വരുന്ന കാർഡംഗത്തിനെ തെരഞ്ഞെടുത്ത് ഫിംഗർ പ്രിന്റ് വഴിയോ, ഐറിസ് വഴിയോ യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് അവർക്കുതന്നെ റേഷൻ സാധനങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സാധിക്കും. ഉപഭോക്താവിന് തൻമാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തൻമാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിൽ മേൽ വിവരങ്ങൾ അറിയുന്നതിനും സാധിക്കും. ബിൽ പ്രിന്റ് ചെയ്ത് ലഭിക്കുകയും ചെയ്യും. ഓരോ റേഷൻ ഇടപാട് വിവരവും തത്സമയം തന്നെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ ലഭ്യമാകുന്നതാണ്. ഈ രീതിയിൽ റേഷൻ കടകളിലൂടെയുള്ള വിതരണം പൂർണ്ണമായും സുതാര്യമാക്കാൻ സാധിക്കും.

(ബി) ഉണ്ട്. റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request for proposal (RFP) തയ്യാറാക്കിവരുന്നു.

## കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക

10 (*160) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനത്തിന്റെ 10% പെൻഷൻ ഫണ്ടിലേക്ക് മാറ്റണമെന്ന വ്യവസ്ഥ ഇപ്പോൾ പാലിച്ചു പോരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സാമൂഹ്യക്ഷേമ പെൻഷനോ മറ്റു ക്ഷേമനിധി പെൻഷനുകളോ ലഭിക്കാൻ ഇടയില്ലാത്ത കെ.എസ്.ആർ.ടി.സി. പെൻഷൻകാർ അനുഭവിക്കുന്ന ജീവിത ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹൃദ്രോഗം, കാൻസർ മുതലായ രോഗങ്ങൾമൂലവും മറ്റ് വാർദ്ധക്യസഹജമായ അസുഖങ്ങൾമൂലവും കഷ്ടപ്പെടുന്ന പെൻഷൻകാർക്ക് ആശ്വാസധനം എന്ന നിലയിൽ സഹായം നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പെൻഷൻ മുടങ്ങുന്ന സാഹചര്യത്തിൽ ചികിത്സ, മക്കളുടെ വിവാഹം, പഠനം തുടങ്ങിയ ആവശ്യങ്ങൾക്ക് പെൻഷൻ ഫണ്ടിൽ നിന്നും വായ്പയായി എടുത്ത തുകയുടെ തിരിച്ചടവിന് പിഴ ഈടാക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇതിൻപ്രകാരം ആര്യനാട്, ആറ്റിങ്ങൽ, കിളിമാനൂർ, കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര, പാറശ്ശാല എന്നീ കെ.എസ്.ആർ.ടി.സി. യൂണിറ്റുകളുടെ പ്രതിദിന വരുമാനം ട്രഷറിയിൽ പ്രത്യേകമായി നിക്ഷേപിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഹൃദ്രോഗം, കാൻസർ മുതലായ രോഗങ്ങൾമൂലവും മറ്റ് വാർദ്ധക്യ സഹജമായ അസുഖങ്ങൾമൂലവും കഷ്ടപ്പെടുന്ന പെൻഷൻകാർക്ക് അവരുടെ പെൻഷൻ കുടിശ്ശികയില്ലാതെ നൽകുവാൻ നടപടി സ്വീകരിച്ചുവരികയാണ്.

(ഡി) പെൻഷൻ ഫണ്ടിൽ നിന്നും വായ്പ കൊടുത്തിട്ടില്ല.

## റോഡ് സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ

11 (*161) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈവേകൾ മരണക്കെണിയായി മാറിയിരിക്കുന്ന സാഹചര്യം പരിഗണിച്ച് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നിയോഗിച്ച സമിതിയുടെ ശിപാർശകൾ കർശനമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് അപകടം ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകൾ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റോഡ് സുരക്ഷ ഉറപ്പാക്കുവാൻ സമിതി നൽകിയ ശിപാർശകളിൽ ഇനിയും നടപ്പിലാക്കേണ്ടവ എന്തൊക്കെയാണ്;

(ഡി) നടപ്പാതയുടെ കയ്യേറ്റങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്;

(ഇ) രാത്രികാലത്തെ അപകടം ഒഴിവാക്കുന്നതിനായി ഹൈവേ പട്രോളിംഗ് സംവിധാനം ശക്തിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെയും നാറ്റ്പാകിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പാതകളിൽ അപകടങ്ങൾ കൂടുതൽ സംഭവിച്ച മേഖലകൾ കണ്ടുപിടിക്കുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ഒരു പ്രോട്ടോക്കോൾ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ദേശീയപാതയിലുൾപ്പെടാത്തവ 116 എണ്ണം മാത്രമാണ്. ഇവയിൽ 46 പാതകളിൽ മുൻഗണനാടിസ്ഥാനത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന-പോലീസ്-പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ബ്ലാക്ക് സ്പോട്ട് ഒഴിവാക്കുന്നതിനുള്ള പരിശോധനയും ക്രമീകരണവും നടത്തിവരികയാണ്.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച സമിതിയുടെ ശിപാർശകൾ പ്രകാരം റെഡ് ലൈറ്റ് ജംപിംഗ്, ഓവർസ്പീഡ്, ഓവർ ലോഡ്, ചരക്കുവാഹനങ്ങളിൽ ആളുകൾ യാത്ര ചെയ്യൽ, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗിക്കൽ, മദ്യമോ മറ്റ് ലഹരി വസ്തുക്കളോ ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കൽ, ഹെൽമറ്റ് ഇല്ലാതെ ഇരുചക്രവാഹനങ്ങൾ ഒടിക്കൽ, സീറ്റ് ബെൽറ്റ് ധരിക്കാതെ ഓടിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങൾക്കെതിരെ നടപടികൾ കർശനമാക്കിയിട്ടുണ്ട്. 2017 ഡിസംബർ 31-ന് അവസാനിച്ച പാദവർഷത്തിൽ മാത്രം മേൽപ്പറഞ്ഞ ഇനങ്ങളിൽപ്പെട്ട 778245 കുറ്റകൃത്യങ്ങൾ പോലീസ് വകുപ്പ് കണ്ടെത്തുകയും അവയിൽ 11036 നിയമലംഘകരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ ട്രാഫിക് കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് 51805 കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുകയും 286588 പേർക്ക് കൗൺസിലിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2017-ൽ 23167 ലൈസൻസുകൾ വിവിധ ഗതാഗത ലംഘനങ്ങൾക്ക് റദ്ദ് ചെയ്യുകയുണ്ടായിട്ടുണ്ട്.

തേർഡ് പാർട്ടി ഇൻഷ്വറൻസ് ഇല്ലാതെ നിരത്തിലോടുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. ഇരുചക്ര വാഹനങ്ങളിലെ യാത്രികർക്ക് ഹെൽമറ്റ് ധരിക്കുന്നത് ഉറപ്പുവരുത്തുംവിധം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ പോലീസ് മോട്ടോർ വാഹന വകുപ്പുകൾ സ്വീകരിച്ചുവരുന്നു.

" കഴക്കൂട്ടം-അടൂർ മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ" പ്രോജക്ടിന് കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ ഗ്രൂപ്പ് സാങ്കേതിക സഹായം നൽകിവരുന്നു.

(സി) സമിതിയുടെ ശിപാർശകളിൽപ്പെടുന്ന കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ മുഴുവൻ സമയ റോഡ് സുരക്ഷാ കമ്മീഷണറെ നിയമിക്കുന്ന കാര്യവും ഇരുചക്ര വാഹനങ്ങളിലെ പിൻസീറ്റ് യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) നടപ്പാതയുടെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ-പോലീസ് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നടപ്പാതകൾ കൈയ്യേറിയവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) രാത്രികാലങ്ങളിൽ ഹൈവേകളിൽ ട്രാഫിക് പോലീസിന്റെ നേതൃത്വത്തിൽ പട്രോളിംഗ് സംവിധാനം നിലവിലുണ്ട്. രാത്രികാലങ്ങളിൽ അപകടം ഒഴിവാക്കുന്നതിനായി പോലീസ് വകുപ്പിൽ നിന്നും 24 മണിക്കൂറും പ്രവർത്തിക്കുന്ന 44 ഹൈവേ പട്രോളിംഗ് ടീമുകളെയാണ് നിലവിൽ പട്രോളിംഗിനായി ഏർപ്പെടുത്തിയിട്ടുള്ളത്.

## ആരോഗ്യ ജാഗ്രതാ പദ്ധതി

12 (*162) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധികളുടെ പ്രതിരോധവും നിയന്ത്രണവും ലക്ഷ്യമാക്കി ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനം മാലിന്യ വിമുക്തമാക്കി പകർച്ചവ്യാധി വ്യാപനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണ്;

(സി) മഴക്കാലപൂർവ്വ ശുചീകരണം കഴിഞ്ഞ വർഷം പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പകർച്ച വ്യാധികളുടെ പ്രതിരോധവും നിയന്ത്രണവും ലക്ഷ്യമാക്കി ആരോഗ്യജാഗ്രതാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) 2018-ൽ പകർച്ചവ്യാധികളുടെ പ്രതിരോധവും നിയന്ത്രണവും ലക്ഷ്യമാക്കി ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി "ആരോഗ്യ ജാഗ്രത" എന്ന പേരിൽ ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കാമ്പയിൻ സംഘടിപ്പിക്കുവാൻ തീരുമാനിച്ച് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഓരോ വാർഡിനെയും 20-25 വീടുകൾ അടങ്ങുന്ന പ്രത്യേക ബ്ലോക്കുകളായി തിരിച്ച് വോളന്റിയർമാർ ഫീൽഡ്തല പരിശോധന നടത്തി ശുചിത്വ മാപ്പിംഗ് നടത്തുവാനും ആയതിന്റെ അടിസ്ഥാനത്തിൽ വാർഡുതല പകർച്ചവ്യാധി പ്രതിരോധ കർമ്മപദ്ധതി (മൈക്രോപ്ലാൻ) തയ്യാറാക്കി സംസ്ഥാനത്തൊട്ടാകെ ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ബന്ധപ്പെട്ട ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും മിഷനുകളുടെയും നേതൃത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ചിട്ടയായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ, പ്രവർത്തന കലണ്ടർ സഹിതം തയ്യാറാക്കിയിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ ഹരിത കർമ്മസേന രൂപീകരിച്ച് ജൈവമാലിന്യം ഉൽപ്പാദകന്റെ ഉത്തരവാദിത്വത്തിലും അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ആരോഗ്യജാഗ്രതാ പ്രവർത്തനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഉത്തരവാദിത്വത്തിലും ഏകോപനത്തിലും ഫലപ്രദമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ബഹുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആലോചിച്ചിട്ടുണ്ട്. പ്രത്യേക ഗ്രാമസഭ, കുടുംബശ്രീ, അയൽക്കൂട്ട യോഗങ്ങൾ എന്നിവ ചേർന്ന് ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് പ്രാദേശികമായ നടപടികൾ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു. ആരോഗ്യ ജാഗ്രതാ ദിനാചരണം, ആരോഗ്യ ജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവ ശുചീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കഴിഞ്ഞവർഷം മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. 2018-ൽ പകർച്ചവ്യാധികൾ പടർന്നുപിടിച്ചുണ്ടാകുന്ന അത്യാഹിതങ്ങൾ പൂർണ്ണമായും തടയുന്നത് ലക്ഷ്യമാക്കിയാണ് ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കുന്നത്.

## ഒ.പി. വിഭാഗത്തിലെ രോഗികളുടെ വർദ്ധന

13 (*163) ശ്രീ. മോൻസ് ജോസഫ് :

ഡോ. എൻ. ജയരാജ് :

ശ്രീ. പി. ജെ. ജോസഫ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ ഒ.പി. വിഭാഗത്തിൽ എത്തുന്ന രോഗികളുടെ എണ്ണത്തിലുള്ള വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ പത്ത് വർഷത്തിനിടയ്ക്ക് എത്രശതമാനം വർധനവാണ് ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് പ്രതിമാസ, അർദ്ധവാർഷിക, വാർഷിക കണക്കെടുപ്പ് നടത്താറുണ്ടോ;സമാഹൃത റിപ്പോർട്ടുകൾ ലഭ്യമാണോ;ഇല്ലെങ്കിൽ അത്തരം കണക്കെടുപ്പിന് നടപടി സ്വീകരിക്കുമോ;

(സി) രോഗികളുടെ വർദ്ധന ഉണ്ടായിട്ടുണ്ടെങ്കിൽ ആനുപാതികമായ വർധനവ് സ്റ്റാഫിന്റെയും ഡോക്ടർമാരുടെയും എണ്ണത്തിൽ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് സമഗ്ര പഠനം നടത്തി ആവശ്യമായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റു സ്റ്റാഫിന്റെയും ലഭ്യത ഉറപ്പുവരുത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ&ബി) ഒ.പി. വിഭാഗത്തിൽ ദിനംപ്രതി എത്തുന്ന രോഗികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ റിപ്പോർട്ട് ക്രോഡീകരിച്ചാണ് വാർഷിക റിപ്പോർട്ട് തയ്യാറാക്കിവരുന്നത്. ഇപ്രകാരം തയ്യാറാക്കിയ കഴിഞ്ഞ 10 വർഷത്തെ രോഗികളുടെ വർദ്ധനവ് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) നിലവിൽ സർക്കാർ ആരോഗ്യ മേഖലയിലെ സമഗ്ര പുരോഗതിക്കായി മെച്ചപ്പെട്ട ചികിത്സയും അടിസ്ഥാന സൗകര്യങ്ങളും രോഗികൾക്ക് ഒരുക്കുന്നതിനായി ആർദ്രം പദ്ധതി ആവിഷ്കരിക്കുകയും 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ മൂന്ന് വർഷം കൊണ്ട് 5257 പുതിയ തസ്തികകൾ സൃഷ്ടിക്കുമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം വിവിധ ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളേയും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും തെരഞ്ഞെടുത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ഡോക്ടർ, നഴ്സുമാർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ മറ്റു പാരാമെഡിക്കൽ ജീവനക്കാർ, വിവിധ മറ്റ് ജീവനക്കാർ എന്നിവർ ഉൾപ്പടെ ആകെ മൊത്തം 2130 വിവിധ തസ്തികകൾ ഇതിനകം ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബയോമെട്രിക് സംവിധാനം

14 (*164) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സത്യസന്ധവും നീതിപൂർവ്വവുമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുന്നതിന് കേരള ക്രിമിനൽ നിയമത്തിൽ ഭേദഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്നതിന് 2017 ഏപ്രിലിന് ശേഷം ഐ.എം.ജി. എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയിട്ടുള്ള ബയോമെട്രിക് സംവിധാനം ഉദ്യോഗസ്ഥരുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും ഉറപ്പുവരുത്തുവാൻ സഹായകമായിട്ടുണ്ടോ;

(ഇ) പ്രസ്തുത സംവിധാനം മന്ത്രിമാരുടെ ഓഫീസുകളിൽ കൂടി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് 25-2-2017-ലെ സ.ഉ. (പി) നമ്പർ 3/2017/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരിഷ്കരിച്ച സംസ്ഥാന പരിശീലന നയം അംഗീകരിച്ച് 13-7-2017-ലെ സ.ഉ.(അച്ചടി) നമ്പർ 9/2017/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ലക്ഷ്യത്തോടുകൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു. കൂടാതെ ഭരണ സംവിധാനത്തിൽ സമഗ്രമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുവാനായി ശ്രീ. വി. എസ്. അച്യുതാനന്ദൻ ചെയർമാനായി സംസ്ഥാനത്ത് ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

3. ഭരണരംഗത്ത് മലയാളത്തിന്റെ ഉപയോഗം സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി ഔദ്യോഗിക ഭാഷാവകുപ്പും കളക്ടറേറ്റുകളുമായി സഹകരിച്ച് ജില്ലാതല ഓഫീസർമാർക്കായി ഭരണ ഭാഷാവബോധന പരിപാടി സംഘടിപ്പിച്ചുവരികയാണ്. ജില്ലാ ഓഫീസർമാർക്കുപരിയായി സർവ്വകലാശാലകൾ, കമ്മീഷനുകൾ തുടങ്ങിയവയിലെ ഉദ്യോഗ സ്ഥർക്കായി ഭരണഭാഷാവബോധന പരിപാടി സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് കളക്ടറേറ്റുകൾ മുഖേന മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം ലഭ്യമാക്കുന്നതിനായി രണ്ടു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

4. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുടെ കൃത്യനിഷ്ഠ ഉറപ്പാക്കുന്നതിന് നിലവിലുണ്ടായിരുന്ന ബയോമെട്രിക് പഞ്ചിംഗ് സംവിധാനം 1-1-2018 മുതൽ കർശനമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഐ.എം.ജി.-യിൽ പൊതുവായി പരിശീലന പദ്ധതി തയ്യാറാക്കുന്നത് ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ്. എന്നാൽ 2017 ജൂലൈ 13-ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പരിഷ്കരിച്ച പരിശീലന നയം പ്രകാരം സിവിൽ സർവ്വീസിലെ ഉയർന്നതും, സർക്കാർ നയരൂപീകരണത്തിന്റെ ഭാഗമാക്കാകുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കുവേണ്ടി സംസ്ഥാനതല ശിൽപ്പശാലകൾ നടത്തുകയുണ്ടായി. പരിഷ്കരിച്ച പരിശീലന നയം സംസ്ഥാന ജീവനക്കാരെ പരിശീലനാവശ്യാർത്ഥം നാലു വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. അതിൽ നാലാമത്തെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സിവിൽ സർവ്വീസിലെ ഉയർന്നതും സർക്കാർ നയരൂപീകരണത്തിൽ ഭാഗമാക്കാകുകയും ചെയ്യുന്ന ജീവനക്കാരെയാണ്. ഈ ജീവനക്കാർക്കുവേണ്ടി സംസ്ഥാനതല ശിൽപശാലകൾ പുതിയ പരിശീലന നയത്തിന്റെ ഭാഗമായി 2017 ഏപ്രിലിനുശേഷം നടത്തുകയുണ്ടായി. ഇതുകൂടാതെ പരിശീലന നയത്തിൽ ആവശ്യപ്പെട്ടതിൻപ്രകാരം സംസ്ഥാനത്തെ എല്ലാ പരിശീലന സ്ഥാപനങ്ങളുടെയും ആവശ്യം പരിഗണിച്ച് ഒരു സംസ്ഥാന പരിശീലന പദ്ധതി (State Training Plan) തയ്യാറാക്കിയിട്ടുണ്ട്. പരിശീലന നയത്തിലെ മറ്റ് പരിപാടികൾ ആസൂത്രണം ചെയ്തു തുടങ്ങിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) സെക്രട്ടേറിയറ്റിലെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിൽ മന്ത്രിമാരുടെ ഓഫീസുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## വിജിലൻസ് സംവിധാനം

15 (*165) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് സംവിധാനത്തെ സ്വതന്ത്ര അധികാരത്തോടുകൂടി പരിഷ്കരിക്കണമെന്ന കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സർക്കാർ സംവിധാനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും അഴിമതി വർദ്ധിച്ചുവരുന്നതും അത് നിയന്ത്രിക്കുന്നതിനുള്ള വിജിലൻസ് സംവിധാനം ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലായെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രധാനപ്പെട്ട തസ്തികകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസോ അന്വേഷണമോ ഉണ്ടോ എന്ന് അവരെ നിയമിക്കുന്നതിന് മുൻപ് പരിശോധിക്കാറുണ്ടോ;

(ഡി) ഇത്തരത്തിലുള്ള മുൻകൂർ വിജിലൻസ് ക്ലിയറൻസ് ഇല്ലാതെയാണ് പല നിയമനങ്ങളും നടത്തുന്നത് എന്നത് ശരിയാണോ;

(ഇ) എങ്കിൽ ഇത്തരം നിയമനങ്ങളിൽ വിജിലൻസ് ഇടപെടാറുണ്ടോ; ഏതെങ്കിലും നിയമനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിജിലൻസ് ഇടപെട്ട് റദ്ദാക്കിയിട്ടുണ്ടോ;

(എഫ്) വിജിലൻസ് മാന്വൽ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടത് അത്യാവശ്യമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ഇ) നിലവിലുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രധാനപ്പെട്ട തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിന് വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കി പരിശോധിക്കാറുണ്ട്.

(എഫ്) വിജിലൻസ് മാന്വൽ പരിഷ്കരിക്കുന്നതിനുപകരം 2001-ന് ശേഷം പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, കോടതി വിധികൾ എന്നിവ കൂട്ടിച്ചേർത്ത് അച്ചടിക്കുന്നതിനാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്.

## പോലീസ് സേനയെ കാര്യക്ഷമമാക്കാൻ നടപടികൾ

16 (*166) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ഉണ്ണി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയെ കാര്യക്ഷമമാക്കി ക്രമസമാധാനനില ഭദ്രമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർമാരെ നിയമിച്ചതും ക്രമസമാധാനവും കുറ്റാന്വേഷണവും രണ്ട് വിഭാഗമാക്കിയതും ക്രമ സമാധാനപാലനവും കേസ് അന്വേഷണവും കൂടുതൽ കാര്യക്ഷമമാക്കാൻ എത്രമാത്രം പ്രയോജനപ്രദമാകുമെന്നാണ് വിലയിരുത്തുന്നതെന്ന് വിശദമാക്കാമോ;

(സി) സേനയുടെ ആധുനികവൽക്കരണത്തിനും കാര്യക്ഷമതാ വർദ്ധനവിനും നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) സ്ത്രീസുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) സംസ്ഥാനത്തെ ക്രമസമാധനനില ഭദ്രമാക്കുന്നതിന് പോലീസ് സംവിധാനത്തെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ തെറ്റായ പ്രവണതകൾ പ്രത്യക്ഷപ്പെടുമ്പോൾ അവയ്ക്കെതിരായി നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നതിനും ശ്രമിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം നടപ്പിലാക്കുകയുണ്ടായി. ഇതോടെ ക്രമസമാധാനത്തിനും കേസന്വേഷണത്തിനും പ്രത്യേകം പ്രത്യേകം എസ്.ഐ.-മാരെ ചുമതലപ്പെടുത്തിക്കൊണ്ട് കൂടുതൽ ഫലപ്രദമായി പോലീസ് സംവിധാനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് കഴിയും. വനിതാ പോലീസിന്റെ സംഖ്യ ഉയർത്തിക്കൊണ്ട് സേനയെ സ്ത്രീ സൗഹാർദ്ദപരമായി മാറ്റുന്നതിനുള്ള ഇടപെടലും സർക്കാർ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. കോസ്റ്റൽ മേഖലയിൽ മത്സ്യത്തൊഴിലാളികളിൽ നിന്നുതന്നെ 200 പേരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള തീരുമാനവും എടുത്തിട്ടുണ്ട്.

റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പോലീസും മോട്ടോർ വാഹന വകുപ്പും മറ്റ് ഏജൻസികളും ചേർന്ന് പദ്ധതികൾ ആരംഭിച്ചു. സ്കൂൾ കുട്ടികളുടെ സഹായത്തോടെ ബോധവത്കരണം നടത്തുന്നതിനുള്ള ശുഭയാത്രാ പദ്ധതി, അപകടത്തിൽ പ്പെടുന്നവർക്ക് വേഗത്തിൽ ചികിത്സ കിട്ടുന്നതിന് സോഫ്റ്റ് പദ്ധതി തുടങ്ങിയവ ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചു. സോഫ്റ്റ് പദ്ധതിക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജനമൈത്രി പദ്ധതി എല്ലാ സ്റ്റേഷനുകളിലും വ്യാപിപ്പിച്ചു. രാജ്യത്തിന് മാതൃകയായി കേരളത്തിലെ ആറ് പോലീസ് സ്റ്റേഷനുകൾ ശിശുസൗഹാർദ്ദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി. ആന്റി ടെററിസ്റ്റ് ഫോഴ്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൃപ്പൂണിത്തുറ ആസ്ഥാനമായി പ്രവർത്തനമാരംഭിച്ചു.

സൈബർ പോലീസ് ഡിവിഷൻ രൂപീകരിച്ചുകൊണ്ട് വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ പരിഹരിക്കുന്നതിനുള്ള ഇടപെടലും നടത്തിയിട്ടുണ്ട്. സൈബർ ഫോറൻസിക്കിൽ വിദഗ്ധ പരിശീലനം 100 പേർക്ക് നൽകി. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കണ്ടെത്തുന്നതിനും 'ഖാക്കി ഹാറ്റ്സ് ' പോലുള്ള പുതിയ സംവിധാനങ്ങൾക്ക് രൂപം നൽകി. സൈബർ സുരക്ഷയ്ക്കായി കുട്ടികൾക്കായുള്ള 'കിഡ്സ് ഗ്ലോവ് ' പദ്ധതി ആരംഭിച്ചു. പുതിയ പോലീസ് കൺട്രോൾ റൂമുകൾ ആവശ്യമായ ഇടങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ക്രമസമാധാന പരിപാലനത്തിന്റെ മികവ് കണക്കിലെടുത്തുകൊണ്ട് മികച്ച പബ്ലിക് അഫേഴ്സ് ഇൻഡക്സ് കേരളത്തെ തെരഞ്ഞെടുത്തു. സ്ത്രീ സുരക്ഷയിൽ ഗോവയ്ക്ക് പിന്നിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണ് കേരളം. കോപ്പ്സ് ടുഡേ ഇന്റർനാഷണലിന്റെ അവാർഡ് ലഭിക്കുകയുണ്ടായി. സൈബർ ഡോമിന് മികവുറ്റ ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിനുള്ള അവാർഡ് ലഭിച്ചു. രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിലൊന്നായി കണ്ണൂരിലെ വളപട്ടണം സ്റ്റേഷൻ തെരഞ്ഞെടുത്തു. ബ്ലൂഗെയിമിന്റെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി കേരള പോലീസ് സ്വീകരിച്ച നടപടിക്ക് കേന്ദ്ര സർക്കാരിന്റെ പ്രത്യേക അഭിനന്ദനവും ലഭിക്കുകയുണ്ടായി.

(സി) പോലീസ് സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ കേരള പോലീസ്, കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar), വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Cameras), വെഹിക്കിൾ മൗണ്ട്സ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted GPS Systems), ട്രാഫിക് സിഗ്നൽ സിസ്റ്റംസ് (Traffic Signal Systems), ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ, ബ്രൂസ് ബസ്സ് (ആൾക്കഹോൾ/ഡ്രഗ്സ് ഡിറ്റക്ഷനുവേണ്ടി) തുടങ്ങിയ അനേകം ഉപകരണങ്ങൾ പോലീസ് ആധുനികവത്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്.

പോലീസ് സേനയുടെ ശാക്തീകരണവും ആധുനികവത്കരണവുമായി ബന്ധപ്പെട്ട 4,700 ലക്ഷം രൂപ 2017-18 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിരുന്നു. നിലവിലുള്ള പദ്ധതികൾ കൂടാതെ താഴെപ്പറയുന്ന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

1. 13 ജില്ലകളിൽ പിങ്ക് കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് 65 ലക്ഷം രൂപ.
2. ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കൽ 450 ലക്ഷം രൂപ .
3. ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയുടെ വികസിപ്പിക്കൽ 600 ലക്ഷം രൂപ.
4. സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതികത്വം വികസിപ്പിക്കൽ 100 ലക്ഷം രൂപ.
5. 3 ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കൽ വികസിപ്പിക്കൽ 450 ലക്ഷം രൂപ.
6. പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറും ഫർണിച്ചറും വാങ്ങുന്നതിന് 290 ലക്ഷം രൂപ.
7. 100 പോലീസ് സ്റ്റേഷനുകളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിന് 500 ലക്ഷം രൂപ.
8. 4 ജില്ലകളിൽ ഡിസ്ട്രിക്ട് കൺട്രോൾ റൂം നിർമ്മിക്കുന്നതിന് 80 ലക്ഷം രൂപ.
9. ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം 150 ലക്ഷം രൂപ.
10. കേന്ദ്രസഹായത്തോടുകൂടി സൈബർ ഇൻവെസ്റ്റിഗേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള രൂപരേഖ (469.39 ലക്ഷം രൂപ) സർക്കാരിന്റെ പരിഗണനയിലാണ്.
11. ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാതകളിലും ദേശീയപാതകളിലുമായി 350 ഇടങ്ങളിൽകൂടി ക്യാമറകൾ സ്ഥാപിക്കുന്നതിന് 153 കോടി രൂപയുടെ പദ്ധതി പരിഗണനയിലാണ്.

12. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി നേഷൻവൈഡ് എമർജൻസി റെസ്പോൺസ് സിസ്റ്റം എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഈ പദ്ധതി ഡയൽ 112 എന്നറിയപ്പെടുന്നു.

13. എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ പോലീസ് സ്റ്റേഷൻ എന്നിവ സംയോജിപ്പിച്ച് ഒരു സൈബർ ഡോം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുന്നതിനുമുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകളുടെ സുരക്ഷയ്ക്കായി കേരള പോലീസ് പിങ്ക് പട്രോളിംഗ്, പിങ്ക് ബീറ്റ്, വനിതാ സ്വയം പരിശീലന പരിപാടി, പഞ്ചായത്ത് ബീറ്റ്, സ്ത്രീ സൗഹൃദ ഓട്ടോ (പിങ്ക് ഓട്ടോ, ഷീ ഓട്ടോ), പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ലൈൻ (1091), സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിന് പഞ്ചായത്തുതല അദാലത്തുകൾ, വനിതാ ബറ്റാലിയനിൽ വനിതാ വോളണ്ടിയർമാരെ ഉൾപ്പെടുത്തി രൂപീകരിച്ച നിർഭയ പദ്ധതി എന്നിവ ഇപ്പോൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ ജനമൈത്രി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയുടെ പ്രവർത്തനഭാഗമായും സ്ത്രീ സുരക്ഷാ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കൂടാതെ, പരാതി പരിഹാരത്തിനായി സംസ്ഥാന, ജില്ലാ വനിതാ സെല്ലുകളും പ്രവർത്തിക്കുന്നുണ്ട്. ഇതോടൊപ്പം സാമൂഹ്യനീതി വകുപ്പ് പോലീസിന്റെ ഉൾപ്പെടെ സഹകരണത്തോടെ മിത്ര 181 എന്ന ഹെൽപ്പ് ലൈൻ നമ്പറും പ്രവർത്തിച്ചുവരുന്നു.

## റോഡപകടങ്ങൾ കുറയ്ക്കുവാൻ നടപടി

17 (*167) <u>ശ്രീ. എൻ. വിജയൻ പിള്ള</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ പകുതിയായെങ്കിലും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തിയ ഇടപെടലുകൾ ഫലപ്രദമാകുന്നതിന്റെ ലക്ഷണമായി റോഡപകടങ്ങളുടെ എണ്ണത്തിലും പരിക്കേറ്റവരുടെയും മരണപ്പെട്ടവരുടെയും എണ്ണത്തിലും കുറവു വന്നിട്ടുള്ളത് കണക്കിലെടുത്ത് റോഡപകടം കുറയ്ക്കാൻ കൂടുതൽ തീവ്രമായ ഇടപെടലിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അമിതവേഗതയും ഗതാഗതലംഘനവുമാണ് റോഡപകടങ്ങളുടെ മുഖ്യകാരണമെന്നതിനാൽ ഇത് കർശനമായി നിയന്ത്രിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; വലിയ വാഹനങ്ങളിലും ഇടത്തരം ചരക്കുവാഹനങ്ങളിലും നിർബന്ധമാക്കിയ സ്പീഡ് ഗവർണർ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധന നടത്താറുണ്ടോ;

(സി) "റോഡ് സുരക്ഷക്കായി ഒരു ദശകം" എന്ന ലോകാരോഗ്യ സംഘടനയുടെ പരിപാടിയുടെ ഭാഗമായി സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാ കൗൺസിലുകളും നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) റോഡപകടങ്ങൾ പരമാവധി തടയുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപകടം കൂടിയ സ്ഥലങ്ങൾ 24 മണിക്കൂറും നിരീക്ഷിച്ച് അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നുണ്ട്. ഇവ കൂടാതെ ഹൈവേയിൽ കൂടുതലിടങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും ജി.പി.എസ്. അധിഷ്ഠിതമായ വാഹനനിരീക്ഷണ സംവിധാനം നടപ്പാക്കും. ആദ്യഘട്ടത്തിൽ എല്ലാ സ്വകാര്യ ബസ്സുകളിലും ഈ സംവിധാനം നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധന ശക്തമാക്കുന്നതാണ്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാപരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനവും വാഹന ക്ഷമതാപരിശോധനാ കേന്ദ്രങ്ങളും ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കും.

(ബി) വാഹന പരിശോധനാ സമയങ്ങളിലും വാഹനം ഫിറ്റ്നസ് ടെസ്റ്റിന് ഹാജരാക്കുമ്പോഴും വേഗപ്പൂട്ട് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. വാഹന പരിശോധനയിൽ വേഗപ്പൂട്ട് ശരിയായ രീതിയിൽ പ്രവർത്തിക്കാത്ത വാഹനങ്ങൾക്കെതിരെ പിഴ ഈടാക്കൽ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യൽ തുടങ്ങിയ കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി മോട്ടോർ വാഹനവകുപ്പ് പുതിയതായി ലൈസൻസ് എടുക്കുന്നവർക്കായി പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്ക് ഡ്രൈവിംഗിലും ട്രാഫിക് അവബോധം വളർത്തുന്നതിനുമുദ്ദേശിച്ചുള്ള പരിശീലനം എന്നിവയും ടിപ്പർ ലോറി, സ്കൂൾ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കും അവബോധന/പരിശീലന ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ റോഡപകടങ്ങൾ ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരുന്നതിനായി റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിക്കുന്നതിനുള്ള പ്രോട്ടോകോൾ അംഗീകരിക്കുകയും അത്തരം ബ്ലാക്ക് സ്പോട്ടുകൾ ഇല്ലാതാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രണം

18 (*168) <u>ശ്രീ. അനിൽ അക്കര</u> :

<u>ശ്രീ. എം. വിൻസെന്റ്</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> :

<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഹോട്ടലുകളിലെ വില നിയന്ത്രിക്കുന്നതിനായി മുൻസർക്കാരിന്റെ കാലത്ത് ഒരു ബിൽ കൊണ്ടുവന്നിരുന്നോ;

(സി) അപ്രകാരമുള്ള ഒരു ബിൽ കൊണ്ടുവരുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിയമംമൂലം നിർബന്ധമാക്കിയിട്ടുണ്ട്. നിലവിലെ നിയമം അനുസരിച്ച് ഭക്ഷണസാധനങ്ങളുടെ വില ഉപഭോക്താക്കൾ കാണത്തക്കവിധം ഹോട്ടലുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ യെന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിലും കൂടുതൽ വില ഭക്ഷണസാധനങ്ങൾക്ക് ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് സർക്കാരിനുള്ളത്. ഇത് ഉറപ്പുവരുത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ ഫുഡ് സ്റ്റഫ് (ഡിസ് പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ 1977-ലെയും 1980-ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്‌പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക്സ്) ഓർഡർ എന്നിവ പ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി&സി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി മുൻസർക്കാരിന്റെ കാലത്ത് രൂപം നൽകിയ 2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബിൽ നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമനിർമ്മാണത്തിനായി വയ്ക്കാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. തുടർന്ന് ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം സർക്കാർ പരിശോധിച്ചു. നിയമംമൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് സാധ്യത ഇല്ലെന്നും അത് അപ്രായോഗികമാണെന്നും ടി ബില്ലിന് പ്രസക്തിയില്ലായെന്നും കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ചുവരുന്നു.

## വയോജന കമ്മീഷൻ രൂപീകരണം

19 (*169) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. ഉണ്ണി :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ജുഡീഷ്യൽ അധികാരങ്ങളോടു കൂടിയ വയോജന കമ്മീഷൻ രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) കമ്മീഷന്റെ രൂപീകരണത്തിന് മുന്നോടിയായുള്ള പഠനം നടത്തുന്നതിനായി സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുകയോ ജില്ലാതല സിറ്റിങ്ങുകൾ നടത്തുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) വയോജനങ്ങൾക്കെതിരെയുള്ള ശാരീരികവും മാനസികവുമായ അതിക്രമങ്ങൾ തടയുന്നതിനും ആരോഗ്യരക്ഷയും നിയമസഹായവും വൃദ്ധസദനങ്ങളുടെ മികച്ച സേവനവും ഉറപ്പുനൽകുന്നതിനുമായി എന്ത് സംവിധാനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഇന്ന് സമൂഹത്തിൽ വയോജനങ്ങൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. മക്കളിൽ നിന്നും നേരിടുന്ന ക്രൂരത, സമൂഹത്തിൽ നിന്നും നേരിടുന്ന പ്രശ്നങ്ങൾ എന്നിവ നിരവധിയാണ്. ഇവയ്ക്കെല്ലാം ക്രിയാത്മകമായ പരിഹാരം കാണുന്നതിന് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടുകൂടിയ വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുവേണ്ടി പഠനം നടത്തുകയോ സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയോ ചെയ്തിട്ടില്ല.

(സി) വയോജനങ്ങളുടെ ശാരീരികവും മാനസികവുമായ ക്ഷേമവും സുരക്ഷയും മുൻനിർത്തി നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങൾ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്നു. കൂടാതെ 288 വൃദ്ധസദനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റ്

സ്വീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഗവൺമെന്റ് വൃദ്ധസദനങ്ങളിലൂടെ വൃദ്ധജനങ്ങൾക്കായി സംരക്ഷണവും സൗജന്യമായി താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ നൽകിവരുന്നു. ഒരു അന്തേവാസിക്കുവേണ്ടി പ്രതിമാസം 2,000 രൂപ ഭക്ഷണത്തിനും 1,000 രൂപ മരുന്നുകൾക്കും പ്രതിവർഷം 2,000 രൂപ വസ്ത്രത്തിനും 1,500 രൂപ റിക്രിയേഷൻ/ടൂർ എന്നിവയ്ക്കും ഹെയർ കട്ടിംഗിന് 600 രൂപയും കണ്ടിജൻസിക്കായി 10,000 രൂപയും സർക്കാർ നൽകിവരുന്നു. സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയുർവ്വേദ ചികിത്സ പ്രദാനം ചെയ്യുന്നവയോ അമൃതം പദ്ധതി, വയോജനങ്ങൾക്കായി സംസ്ഥാനത്തെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന വയോമിത്രം പദ്ധതി (വൈദ്യസഹായം, മരുന്ന്, സൗജന്യ ആംബുലൻസ് സർവ്വീസ്, പാലിയേറ്റീവ് കെയർ എന്നിവ നൽകിവരുന്നു.) കൂടാതെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച് നിയമം 2007 സാമൂഹ്യനീതി വകുപ്പ് നോഡൽ ഏജൻസിയായി നിർവ്വഹിച്ചുവരുന്നു.

**ജലസമ്പത്ത് അനധികൃതമായി കടത്തുന്നത് തടയാൻ നടപടി**

20 (*170) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ജലസമ്പത്ത് അന്യസംസ്ഥാനങ്ങളിലേക്ക് അനധികൃതമായി കടത്തുന്നത് പരിശോധിക്കാൻ നിയോഗിക്കപ്പെട്ട ഐ.എസ്.ഡബ്ല്യു. വിജിലൻസ് കോ-ഓർഡിനേറ്ററും അതത് നദീതടങ്ങളുടെ ചുമതലയുള്ള വിജിലൻസ് ഓഫീസർമാരായ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

(ബി) കേരളത്തിന്റെ ജലസമ്പത്ത് അന്യസംസ്ഥാനങ്ങളിലേയ്ക്ക് അനധികൃതമായി കടത്തുന്നത് പരിശോധിക്കാൻ നിയോഗിക്കപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നൽകുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 2017 നവംബർ വരെയുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 6-12-2017-ന് കൂടിയ സബ്ജക്ട് കമ്മിറ്റിയിൽ ചാലിയാർ നദീതടത്തിൽ അനധികൃതമായി ജലം കടത്തുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ചാലിയാർ നദീതടത്തിന്റെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ മലപ്പുറം 7-12-2017-ന് ഇൻസ്പെക്ഷൻ നടത്തി നൽകിയ റിപ്പോർട്ടിൽ കഴിഞ്ഞ വർഷത്തിനുള്ളിൽ പുതിയതായി കേരളത്തിൽ നിന്നും അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ജലം കടത്തി കൊണ്ടുപോകുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

എന്നാൽ ഈ അടുത്ത കാലത്തായി പി.എ.പി. സിസ്റ്റത്തെ ധാരാപുരം താലൂക്കിലുള്ള ഉപ്പാർ ഡാമിന്റെ കനാലുമായി ബന്ധിപ്പിക്കുന്ന ഒരു ലിങ്ക് കനാൽ തമിഴ്നാട് ഏറ്റെടുത്ത് പൂർത്തീകരിച്ചതായി ജോയിന്റ് ഡയറക്ടർ, ജെ.ഡബ്ല്യൂ.ആർ. ഡിവിഷൻ, പാലക്കാട് സർക്കാരിനെ അറിയിച്ചിരുന്നു. കേരളത്തിന്റെ അറിവോ സമ്മതമോ ഇല്ലാതെയാണ് തമിഴ്നാട് ഈ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത പദ്ധതിയുടെ വിശദപദ്ധതി രേഖ (ഡി.പി.ആർ.) ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## റേഷൻ വിതരണവുമായി ബന്ധപ്പെട്ട ചെലവുകൾ

21 (*171) ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി ഇ.എസ്.ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി ആട്ടയ്ക്കു പുറമേ പുട്ടുപൊടി, റവ, വെളിച്ചെണ്ണ, പയർവർഗ്ഗങ്ങൾ തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) റേഷൻ ധാന്യ ഗതാഗതത്തിനും ഇടക്കാല ഗോഡൗണുകൾക്കുമായുള്ള സപ്ലൈകോയുടെ ചെലവ് വ്യക്തമാക്കുമോ;

(സി) വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ നിയമിച്ച സ്വകാര്യ കരാറുകാർക്കെതിരെ ധാന്യം മറിച്ച് കടത്തിയതായി ആരോപിച്ച് കേസെടുത്തിട്ടുണ്ടോ;

(ഡി) റേഷൻ വിതരണത്തിനായി കമ്മീഷൻ ഇനത്തിൽ സംസ്ഥാനം ചെലവഴിക്കുന്ന തുകയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) 26-12-2017-ലെ ബഹുമാനപ്പെട്ട ഭക്ഷ്യപൊതുവിതരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം റേഷൻ കടകൾ വഴി ആട്ടയ്ക്ക് പുറമേ അരിപ്പൊടി, മൈദ എന്നിവ വിതരണം ചെയ്യുന്നത് സംബന്ധിച്ച ശിപാർശ സമർപ്പിക്കുന്നതിന് സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) റേഷൻ ധാന്യ ഗതാഗതത്തിനും ഇടക്കാല ഗോഡൗണുകൾക്കുമായി പ്രതിമാസം ശരാശരി 18.33 കോടി രൂപ ചെലവ് വരുന്നുണ്ട്.

(സി) ഇല്ല.

(ഡി) റേഷൻ വിതരണത്തോടനുബന്ധിച്ചുള്ള കമ്മീഷൻ ഇനത്തിൽ സംസ്ഥാനം ചെലവാക്കുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

കൂടാതെ സംസ്ഥാനത്തുള്ള എല്ലാ റേഷൻകടകളിലും ഇ-പോസ് സംവിധാനം നിലവിൽ വരുമ്പോൾ ക്വിന്റലിന് 220 രൂപ നിരക്കിൽ കമ്മീഷൻ അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഇനത്തിൽ പ്രതിമാസം 349.49 കോടി രൂപ ചെലവാകുന്നതാണ്.

## അവയവദാനത്തിലെ വാണിജ്യ താൽപ്പര്യങ്ങൾ ഒഴിവാക്കുന്നതിന് നടപടി

22 (*172) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനത്തിന് തയ്യാറാകുന്നവരുടെയും അവയവങ്ങൾ ആവശ്യമുള്ളവരുടെയും എണ്ണത്തിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ തിരിച്ചറിയുന്നതിനും അത് ഒഴിവാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) പ്രശസ്ത സിനിമാതാരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി മൃതസഞ്ജീവനി വഴി സംസ്ഥാനത്തുടനീളം ബോധവത്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചുവരുന്നുണ്ട്. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണവും നടത്തിവരുന്നു. കൂടാതെ നേത്രദാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുന്നതിനായി 'സുനയനം' എന്ന ടെലി ഓഫ്ത്താൽമോളജി യൂണിറ്റും പ്രവർത്തിപ്പിച്ചുവരുന്നുണ്ട്.

(സി) കേന്ദ്ര നിയമമായ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് 1994 അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നുവരുന്നത്. പ്രസ്തുത നിയമത്തിലെ അദ്ധ്യായം 6 അനുച്ഛേദം 19 പ്രകാരം വാണിജ്യപരമായ അവയവ കൈമാറ്റം കുറ്റകൃത്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജീവിച്ചിരിക്കുന്നവരിൽ നിന്നും അവയവം സ്വീകരിക്കുമ്പോൾ അവയവ ദാതാവും സ്വീകർത്താവും ബന്ധപ്പെട്ട ജില്ലാതല ആതറൈസേഷൻ കമ്മിറ്റിയുടെ അനുമതി കർശനമായും നേടേണ്ടതുണ്ട്. അനുമതിക്കായി അപേക്ഷകർ സമർപ്പിക്കുന്ന രേഖകൾ കമ്മിറ്റി വിശദമായി പരിശോധിച്ച്, യാതൊരു പ്രതിഫലേച്ഛയും കൂടാതെയാണ് അവയവദാനത്തിനു തയ്യാറായിട്ടുള്ള തെന്നു ബോദ്ധ്യപ്പെട്ടാൽ മാത്രമേ ശസ്ത്രക്രിയയ്ക്കുള്ള അനുമതി നൽകുകയുള്ളൂ. വാണിജ്യപരമായ ഇടപെടലിന് സാധ്യതയുള്ളതിനാൽ അവയവം ആവശ്യപ്പെട്ടുകൊണ്ട് മാധ്യമങ്ങൾ വഴി പരസ്യം ചെയ്യുന്നതിനും വിലക്ക്

ഏർപ്പെടുത്തിയിട്ടുണ്ട്. പരോപകാര തല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിന് മുന്നോട്ടുവരുന്നവർക്ക് വേണ്ടിയും സ്വാപ്പ് ഡൊണേഷനു വേണ്ടിയും ഒരു റെജിസ്ട്രി കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ കീഴിൽ കൊണ്ടുവരുന്നതിനും അവയവദാനത്തിലെ വാണിജ്യ താൽപ്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിലേയ്ക്കുമായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

മരണാനന്തര അവയവദാനവുമായി ബന്ധപ്പെട്ടുള്ള വാണിജ്യ താൽപ്പര്യങ്ങൾ ഒഴിവാക്കുന്നതിനായി മസ്തിഷ്ക മരണ സ്ഥിരീകരണത്തിൽ കൂടുതൽ കർശന നിർദ്ദേശങ്ങൾ 1-2-2017-ലെ സ.ഉ. (കൈ) നമ്പർ. 16/2017/ആകുവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## വേൾഡ് ഫുഡ് പ്രോഗ്രാം കൺസൾട്ടന്റുമാർ

23 (*173) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിനായി മുൻ സർക്കാർ വേൾഡ് ഫുഡ് പ്രോഗ്രാം കൺസൾട്ടന്റുമാരെ നിയമിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ, കൺസൾട്ടന്റുമാരുടെയും അവർക്ക് നൽകിയ തുകയുടെയും വിശദാംശങ്ങൾ നൽകുമോ;

(സി) നിലവിൽ സ്വകാര്യ കൺസൾട്ടന്റുമാരുടെ സഹായം തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്.

(ബി) ഒരു പ്രോഗ്രാം പോളിസി ഓഫീസർ, ഒരു ഐ.ടി. വിദഗ്ദ്ധൻ, ഒരു ലോജിസ്റ്റിക്സ് വിദഗ്ദ്ധൻ എന്നിവരെയാണ് വേൾഡ് ഫുഡ് പ്രോഗ്രാം (WFP) മുഖേന നിയമിച്ചിട്ടുള്ളത്. പ്രോഗ്രാം പോളിസി ഓഫീസറുടെ സേവനം സൗജന്യമായാണ് ലഭ്യമാക്കുന്നത്. ഐ.ടി. വിദഗ്ദ്ധനുവേണ്ടി 21,32,289 രൂപയും ലോജിസ്റ്റിക്സ് വിദഗ്ദ്ധനുവേണ്ടി 37,61,417 രൂപയും നാളിതുവരെ വേൾഡ് ഫുഡ് പ്രോഗ്രാമിന് കൈമാറിയിട്ടുണ്ട്.

(സി) തുടരാൻ ഉദ്ദേശിക്കുന്നില്ല.

## ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസം

24 (*174) ശ്രീ. എം. മുകേഷ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്;

(സി) ഇപ്രകാരമുള്ളവരുടെ അസുഖം നേരത്തെ കണ്ടെത്തുന്നതിനും ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം, തൊഴിൽ എന്നിവയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇതുസംബന്ധിച്ച് വിവിധ വകുപ്പുപ്രതിനിധികളുടെ യോഗങ്ങൾ ചേരുന്നതിനും ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനായി പാക്കേജ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27-11-2017-ൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി വിളിച്ചുചേർത്ത യോഗത്തിൽ വച്ച് ഈ വിഭാഗത്തിന്റെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമൂഹികവും ആയ പുനരധിവാസത്തിനായി ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇക്കാര്യം സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള കേരള സാമൂഹ്യസുരക്ഷാ മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് പാക്കേജിന്റെ കരട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പ്, പട്ടികവർഗ്ഗ വകുപ്പ് തുടങ്ങിയവയുടെ പങ്കാളിത്തത്തോടെയാണ് പാക്കേജ് തയ്യാറാക്കുന്നത്.

(സി) കരട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പദ്ധതി

ബുദ്ധിപരമായ വൈകല്യങ്ങൾ ഉണ്ടാവുന്ന അവസ്ഥകൾ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ മുതൽ അവരുടെ പുനരധിവാസം വരെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ഈ സമഗ്ര പദ്ധതി തയ്യാറാക്കുന്നത്. അനുയാത്രയുടെ ഭാഗമായി വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാവും ഈ പദ്ധതി നടപ്പാക്കുന്നത്. സാമൂഹ്യനീതി വകുപ്പായിരിക്കും ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഈ മേഖലയിൽ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കുകയും അധികമായി വേണ്ടിവരുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയുമാണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്. താഴെച്ചേർക്കുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

1. പ്രതിരോധ പ്രവർത്തനങ്ങളും വൈകല്യങ്ങൾ നേരത്തെ കണ്ടെത്തലും
2. പ്രാരംഭ ഇടപെടലുകൾ
3. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
4. നൈപുണ്യ വികസനവും തൊഴിൽപരമായ പുനരധിവാസവും
5. സാങ്കേതിക സഹായ സംവിധാനങ്ങൾ ലഭ്യമാക്കൽ
6. സാമൂഹ്യാധിഷ്ഠിത പുനരധിവാസം
7. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള പരിശീലനങ്ങൾ

അംഗപരിമിതരുടെ രക്ഷിതാക്കൾ, അവരുടെ പരിപാലകർ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, പൊതുസമൂഹം എന്നിങ്ങനെ വ്യത്യസ്ത വിഭാഗത്തിലുള്ളവർക്ക് പരിശീലന/ബോധവത്കരണ പരിപാടികൾ വ്യാപകമായി സംഘടിപ്പിക്കുന്നതാണ്. വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, വിദഗ്ദ്ധർ തുടങ്ങിയവരുമായി ചർച്ച ചെയ്ത് ഈ പദ്ധതിക്ക് അന്തിമ രൂപം നൽകി നടപ്പാക്കുവാൻ ആലോചിക്കുന്നുണ്ട്.

(ഡി) വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധർ തുടങ്ങിയവരുടെ ഒരു ശില്പശാല 21-12-2017-ൽ ചേരുകയും വിവിധ വിഭാഗങ്ങൾ ഗ്രൂപ്പുകളായി നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയാണ് കരട് പാക്കേജ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുമായി പ്രത്യേക ചർച്ചകൾ ഈ വിഷയത്തിൽ നടത്തിയിട്ടുണ്ട്. ആവശ്യമെങ്കിൽ ബന്ധപ്പെട്ടവരുമായി ഇനിയും ചർച്ചകൾ നടത്തുന്നതാണ്.

## ജനങ്ങളുടെ മാനസിക ജീവിത നിലവാരം ഉയർത്താൻ പദ്ധതി

25 (*175) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളുടെ മാനസിക ജീവിത നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നത്; ഇതിനായി വികസിത രാജ്യങ്ങളിൽ നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജനങ്ങളുടെ മാനസിക ജീവിത നിലവാരത്തെക്കുറിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട ജീവനവിഭാഗങ്ങളുടെ (വൃദ്ധർ, അംഗപരിമിതർ, അനാഥർ, ട്രാൻസ്ജെൻഡർ, പ്രൊബേഷണർ) ഉന്നമനത്തിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ടിയാണ് സാമൂഹ്യനീതി വകുപ്പ് പ്രവർത്തിക്കുന്നത്. വികസിത രാജ്യങ്ങളിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ മൊത്തത്തിൽ വിലയിരുത്തുന്നതിനുള്ള പഠനങ്ങൾ വകുപ്പ് നടത്തിയിട്ടില്ല.

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ

വയോജനങ്ങൾ

1. സായംപ്രഭ പദ്ധതി
2. മന്ദഹാസം പദ്ധതി
3. വയോ അമൃതം പദ്ധതി
4. മ്യൂസിക് തെറാപ്പി പദ്ധതി
5. വയോ സൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി
6. വയോമിത്രം പദ്ധതി

അംഗപരിമിതർ

1. അംഗപരിമിതർക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്
2. സ്വയംതൊഴിൽ ധനസഹായം പദ്ധതി (സ്വാശ്രയ പദ്ധതി)
3. തൊഴിൽ പരിശീലന പരിപാടികൾ
4. അംഗപരിമിതർക്ക് തൊഴിൽ സംവരണം
5. വിദ്യാജ്യോതി പദ്ധതി
6. വിദ്യാകിരണം പദ്ധതി
7. ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം
8. ഭിന്നശേഷിക്കാർക്കുള്ള തുല്യതാ പരീക്ഷാ ധനസഹായം
9. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
10. വ്യക്തിഗത പരിപാലന പദ്ധതി
11. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരമുള്ള ധനസഹായ പദ്ധതി
12. സഹായ ഉപകരണ വിതരണ പദ്ധതി

ട്രാൻസ്ജെൻഡർമാർക്കുള്ള പദ്ധതി

1. ട്രാൻസ്ജെൻഡർമാർക്കുള്ള ഡ്രൈവിംഗ് പരിശീലനം
2. ട്രാൻസ്ജെൻഡർമാർക്കുള്ള തുടർ വിദ്യാഭ്യാസ പദ്ധതി
3. അദ്ധ്യാപകർക്കും പോലീസ് ഉദ്യോഗസ്ഥർക്കും ആരോഗ്യ വകുപ്പ് ജീവനക്കാർക്കും ഉള്ള ജില്ലാതല ബോധവത്കരണ ശില്പശാല
4. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ട്രാൻസ്ജെൻഡർമാർക്കുള്ള പ്രത്യേക സെൽ.

പ്രൊബേഷൻ സംവിധാനം

1. കോടതി മുഖാന്തരം നല്ലനടപ്പിന് വിധേയമായവർ, ക്ഷേമ സ്ഥാപനങ്ങളിലെ മുൻ അന്തേവാസികൾ പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ പുനരധിവാസം.
2. നിർദ്ധനരായ കുറ്റവാളികളുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം.
3. ജയിൽശിക്ഷ അനുഭവിക്കുന്നവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം.
4. പീഡനത്തിനിരയായവരുടെ പുനരധിവാസം.

(ബി) ജനങ്ങളുടെ മാനസിക ജീവിത നിലവാരത്തെ കുറിച്ച് മൊത്തത്തിൽ പഠനങ്ങൾ സാമൂഹ്യനീതി വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സ്വകാര്യ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് റിട്ട.ജസ്റ്റിസ് രാമചന്ദ്രൻനായർ ചെയർമാനായി ഉന്നതതല സമിതി രൂപീകരിച്ച് പഠനം നടത്തിവരുന്നു. സർക്കാരിന് ഉടൻതന്നെ സമിതി റിപ്പോർട്ട് സമർപ്പിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ കാര്യക്ഷമമാക്കൽ

26 (*176) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവും ആക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) വീടുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും അതിവേഗ ബ്രോഡ്ബാന്റ് കണക്ടിവിറ്റി നൽകുന്നതിനായി ഫൈബർ നെറ്റ് വർക്ക് സ്ഥാപിച്ചിട്ടുണ്ടോ; ആരുടെ സഹകരണത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് വെളിപ്പെടുത്താമോ;

(സി) പൊതു സ്ഥലങ്ങളിൽ വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ ഏർപ്പെടുത്തുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) എല്ലാ ജനങ്ങൾക്കും സൗജന്യ ബാൻഡ് വിഡ്ത്ത് ഉറപ്പാക്കുന്നതിനും അതിലൂടെ ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കുന്നതിനും എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) കെ.എസ്.ഇ.ബി.-യുടെ വിതരണ അടിസ്ഥാന സൗകര്യം ഉപയോഗ പ്പെടുത്തി സർക്കാർ ഓഫീസുകൾക്ക് വയേർഡ് കണക്ടിവിറ്റി നൽകുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവും ആക്കുന്നതിന് പ്രധാനമായും ചുവടെ കൊടുത്തിരിക്കുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

1. സ്റ്റേറ്റ് ഡാറ്റാ സെന്റർ: സംസ്ഥാന സർക്കാരിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകളും ആപ്ലിക്കേഷനുകളും ഹോസ്റ്റ് ചെയ്യുന്നതിനായി രണ്ട് ഡാറ്റാ സെന്ററുകൾ (SDC-1 & SDC-II) പ്രവർത്തിച്ചുവരുന്നു. ഇവ സംസ്ഥാന ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ അടിസ്ഥാനഘടകങ്ങളായി വർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും നിർണ്ണായകമായ വിവരങ്ങൾ ശേഖരിക്കുന്നതാണ് ഇവയുടെ പ്രധാന കർത്തവ്യം.

2. KSWAN (കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്): സംസ്ഥാനത്തെ സർക്കാർ ഓഫീസുകളെ ഒരേ നെറ്റ് വർക്കിൽ ബന്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കെ.എസ്.ഡബ്ല്യൂ.എ.എൻ. പുതിയ ഉപകരണങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിച്ച് പ്രസ്തുത നെറ്റ്‌വർക്കിനെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ഒരു സേവനദാതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. നിലവിൽ 3500-ൽ പരം ഓഫീസുകൾ ഈ നെറ്റ്‌വർക്കിൽ ബന്ധിപ്പിച്ചിരിക്കുന്നു.

3. K-FON (കേരള ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക്): ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (K-FON). ഈ പദ്ധതി വഴി സംസ്ഥാനത്ത് 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ ചെലവിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

4. പബ്ലിക് വൈ-ഫൈ പദ്ധതി: പൊതു സ്ഥലങ്ങളിൽ സൗജന്യ വൈ-ഫൈ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതിയാണ് പബ്ലിക് വൈ-ഫൈ. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ഓഫീസുകൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാർക്കുകൾ, ലൈബ്രറികൾ, മറ്റ് പൊതു കേന്ദ്രങ്ങൾ എന്നിങ്ങനെ സംസ്ഥാനത്തുടനീളമുള്ള പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്ന വൈ-ഫൈ ഹോട്ട്സ്പോട്ടുകളുടെ പരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് നിശ്ചിത സമയത്തേയ്ക്ക് സൗജന്യ നിരക്കിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) വീടുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഫൈബർ നെറ്റ്‌വർക്ക് മുഖേന അതിവേഗ ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് K-FON. ഏകദേശം 1,028 കോടി രൂപയാണ് പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 823 കോടി രൂപയ്ക്ക് കെ.ഐ.ഐ.എഫ്.ബി. അംഗീകാരം ലഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.റ്റി.ഐ.എൽ-ഉം കെ.എസ്.ഇ.ബി.-യും ചേർന്ന് രൂപീകരിക്കുന്ന ഒരു ജോയിന്റ് വെൻചർ കമ്പനിക്കാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല.

(സി) പൊതുസ്ഥലങ്ങളിൽ സൗജന്യ വൈ-ഫൈ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 2,000 കേന്ദ്രങ്ങളിൽ വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതിൽ ഒന്നാംഘട്ടമായി 1,000 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിന് ബി.എസ്.എൻ.എൽ.-ന് കരാർ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിവഴി ബസ് സ്റ്റാൻഡുകൾ, പാർക്കുകൾ, ലൈബ്രറികൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ ഹോട്ട് സ്പോട്ടുകൾ സ്ഥാപിച്ച് സൗജന്യ വൈ-ഫൈ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) എല്ലാ ജനങ്ങൾക്കും ബാൻഡ് വിഡ്ത്ത് ഉറപ്പാക്കുന്നതിന് പബ്ലിക് വൈ-ഫൈ പദ്ധതിവഴി ദിവസവും 300 എം.ബി. ഡാറ്റാ സൗജന്യമായി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ K-FON പദ്ധതി മുഖേന 20 ലക്ഷം നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതികളുടെ വിജയകരമായ നടത്തിപ്പിലൂടെ സംസ്ഥാനത്തെ ഡിജിറ്റൽ വേർതിരിവ് ഇല്ലാതാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) കെ.എസ്.ഇ.ബി.-യുടെ പ്രസരണ വിതരണ ശൃംഖല ഉപയോഗ പ്പെടുത്തി ഫൈബർ നെറ്റ് വർക്ക് സ്ഥാപിച്ച് അതിവേഗ ബ്രോഡ്ബാന്റ് കണക്ടിവിറ്റി നൽകുന്ന K-FON പദ്ധതി പ്രാവർത്തികമാക്കിവരുന്നു. കെ.എസ്.ഇ.ബി.-യും കെ.എസ്.ഐ.റ്റി.ഐ.എൽ.-ഉം ചേർന്ന് രൂപീകരിക്കുന്ന ജോയിന്റ് വെൻച്വർ കമ്പനിക്കാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല.

## പ്രതിരോധ കുത്തിവയ്പുകൾക്കെതിരെ പ്രചരണം

27 (*177) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിരോധ കുത്തിവയ്പുകൾക്കെതിരെ നവമാധ്യമങ്ങളിൽക്കൂടിയും അല്ലാതെയും ഒരു വിഭാഗം ആളുകൾ വ്യാപക പ്രചരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരക്കാരുടെ പ്രചരണത്തിന്റെ ഫലമായി കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് എടുക്കുവാൻ ജനങ്ങൾ വിമുഖത കാണിക്കുന്നത് ആരോഗ്യരംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾക്ക് തിരിച്ചടിയാകുമെന്ന്കരുതുന്നുണ്ടോ;

(സി) റൂബെല്ലാ വാക്സിനേഷൻ എത്ര ശതമാനം കുട്ടികളിൽ എടുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ ശതമാന നിരക്ക് ഏറ്റവും കൂടുതലും കുറവും ഏതൊക്കെ ജില്ലകളിലാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രതിരോധ മരുന്ന് ലഭിക്കുവാനുള്ള ഓരോ ശിശുവിന്റെയും അവകാശം ഉറപ്പിക്കുവാൻ സ്കൂൾ അഡ്മിഷൻ സമയത്ത് കുഞ്ഞിന്റെ ഹെൽത്ത് കാർഡ് നിർബന്ധമാക്കുവാൻ വിദ്യാഭ്യാസവകുപ്പിനോട് നിർദ്ദേശിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു വിഭാഗം ആളുകൾ പ്രതിരോധ കുത്തിവെയ്പുകൾക്കെതിരെ പ്രചാരണം നടത്തുന്നതും ചിലർ തങ്ങളുടെ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് നൽകാതിരിക്കുകയും ചെയ്യുന്നത് പ്രതിരോധ കുത്തിവയ്പുകൾകൊണ്ട് തടയാവുന്ന രോഗങ്ങൾ വരുന്നതിന് കാരണമാകുന്നു.

(സി) 9 മാസത്തിനും 15 വയസ്സിനും ഇടയിലുള്ള 89 ശതമാനം കുട്ടികൾക്ക് മീസിൽസ് റൂബെല്ല വാക്സിൻ നൽകുകയുണ്ടായി.

(ഡി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പെൺകുട്ടികൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

28 (*178) ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സ് വരെയുള്ള പെൺകുട്ടികളുടെ ആരോഗ്യം, നൈപുണ്യ വികസനം എന്നിവ ലക്ഷ്യമാക്കിയിട്ടുള്ള സബല, കിശോരി ശക്തിയോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതികളുടെ കേന്ദ്ര സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികളുടെ കേന്ദ്ര വിഹിതവും ഗുണഭോക്താക്കളുടെ പ്രായപരിധിയും ഇപ്പോൾ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോയെന്നും പദ്ധതികൾ സംബന്ധിച്ച നിബന്ധനകളിൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പദ്ധതികളുടെ ഗുണഫലം ഭൂരിഭാഗം പേർക്കും അപ്രാപ്യമാക്കുന്ന കേന്ദ്ര സർക്കാരിന്റെ സമീപനത്തിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) ഈ പദ്ധതികളുടെ കേന്ദ്ര-സംസ്ഥാന വിഹിതം ന്യൂട്രീഷൻ കമ്പോണന്റ് 50:50 അനുപാതത്തിലും നോൺ ന്യൂട്രീഷൻ കമ്പോണന്റ് 60:40 എന്നീ അനുപാതത്തിലുമാണ്.

(സി)

1. സബല പദ്ധതി, സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.
2. 11-14 വയസ്സ് വരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികൾക്കുള്ള അനുപൂരക പോഷകാഹാരത്തിന്റെ റേറ്റ് 5 രൂപ പ്രതിദിനം എന്നത് 9.50 രൂപയായി കേന്ദ്ര സർക്കാർ ഉയർത്തിയിട്ടുണ്ട്.
3. SAG പദ്ധതി 11-14 വയസ്സ് വരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതും കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുമെന്നും ഇത്തരത്തിൽ വ്യാപിപ്പിക്കുന്ന മുറയ്ക്ക് മറ്റ് ജില്ലകളിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന കിശോരി ശക്തി യോജന ഘട്ടംഘട്ടമായി നിർത്തലാക്കുമെന്നും 2017-18 വയനാട്, കണ്ണൂർ എന്നീ ജില്ലകൾ കൂടി SAG പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും SAG പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ/നിബന്ധനകൾ ഉടനെ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നതാണെന്ന് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

(ഡി) കേരളത്തിൽ 11-14 സ്കൂളിൽ പോകാത്ത വിഭാഗത്തിലുള്ളവർ വളരെ കുറവാണ്. ആയതിനാൽ പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ SAG പദ്ധതിയുടെ ആനുകൂല്യങ്ങൾ അർഹതപ്പെട്ട പെൺകുട്ടികൾക്ക് ലഭ്യമാകാതെ പോകും. ഇക്കാര്യങ്ങളെല്ലാം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

**ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപടി**

29 (*179) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനും ഭിന്ന ശേഷിക്കാരായ ആളുകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും എല്ലാ ജില്ലകളിലും പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) അംഗപരിമിതർക്ക് വ്യത്യസ്ത സേവനങ്ങൾ ലഭ്യമാക്കുന്നതിനും നമ്മുടെ സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനും വേണ്ടി 'അനുയാത്ര'യിലൂടെ വിവിധ പരിപാടികൾ സംസ്ഥാന സർക്കാർ 2017 ജൂൺ മാസം മുതൽ നടപ്പാക്കിവരികയാണ്. സാമൂഹ്യനീതി വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. അംഗപരിമിത മേഖലയിൽ ഏറ്റെടുക്കേണ്ട പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള "സമഗ്ര ജീവിത ചക്ര സമീപനമാണ് " അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ചപ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര നടപ്പാക്കുന്നത്. അനുയാത്രയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും സ്ഥാപിക്കൽ
3. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
4. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ

5. കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി 'കാതോരം' പദ്ധതി

6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കൽ

7. അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ യഥാസമയം ലഭ്യമാക്കാനായി ഹെൽപ്പ്ഡെസ്ക്

8. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും അനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ

9. പ്രീ സ്കൂൾ തലത്തിൽത്തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ അങ്കണവാടികൾ

10. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)

11. അംഗപരിമിതികൾ മറികടക്കാൻ ആവശ്യമായിവരുന്ന കറക്ഷൻ സർജറികൾ

12. മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് അംഗപരിമിതരോട് ആർദ്രതാ മനോഭാവം വളർത്തിയെടുക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി Student Initiative in Community Rehabilitation പദ്ധതി

13. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും

14. അംഗപരിമിതർക്ക് ആവശ്യമായ വ്യക്തിഗത സേവനങ്ങൾ ലഭ്യമാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യക്തിഗത പരിപാലന പദ്ധതി

15. പരിക്കുകൾമൂലം ഉണ്ടാകുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ

16. ചലനവൈകല്യങ്ങൾ ഉള്ളവർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്

17. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകൾ.

18. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ - എം.പവർ

19. അനുയാത്ര-വി കെയർ ഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ്

20. അംഗപരിമിത മേഖലയിൽ ദേശീയ തലത്തിൽ നടക്കുന്ന നൂതന മാതൃകകളും പ്രവർത്തനങ്ങളും കണ്ടെത്തുന്നതിനായി ദേശീയ ശില്പശാല

21. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (സ്വാവലംബൻ)

"അനുയാത്ര"-യുടെ ഭാഗമായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (എം.സി.ആർ.സി.), തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അസിസ്റ്റഡ് ലിവിംഗ് ഹോമുകൾ എന്നിവ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

<u>ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പദ്ധതി</u>

അംഗപരിമിതരിൽ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്ന വിഭാഗമാണ് ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ. ഇവർക്ക് പ്രത്യേക പരിഗണന ആവശ്യമാണ്. ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ സമഗ്രമായ ഉന്നമനത്തിനായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കുന്നതിനുള്ള കരട് തയ്യാറാക്കിവരുന്നു.

ബുദ്ധിപരമായ വൈകല്യങ്ങൾ ഉണ്ടാവുന്ന അവസ്ഥകൾ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ മുതൽ അവരുടെ പുനരധിവാസം വരെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് ഈ സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അനുയാത്രയുടെ ഭാഗമായി വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാവും ഈ പദ്ധതി നടപ്പാക്കുന്നത്. സാമൂഹ്യനീതി വകുപ്പായിരിക്കും ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഈ മേഖലയിൽ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കുകയും അധികമായി വേണ്ടിവരുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയുമാണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്. താഴെച്ചേർക്കുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

1. പ്രതിരോധ പ്രവർത്തനങ്ങളും വൈകല്യങ്ങൾ നേരത്തെ കണ്ടെത്തലും
2. പ്രാരംഭ ഇടപെടലുകൾ
3. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
4. നൈപുണ്യ വികസനവും തൊഴിൽപരമായ പുനരധിവാസവും
5. സാങ്കേതിക സഹായ സംവിധാനങ്ങൾ ലഭ്യമാക്കൽ
6. സാമൂഹ്യാധിഷ്ഠിത പുനരധിവാസം
7. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള പരിശീലനങ്ങൾ

സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയെ സംസ്ഥാനത്തെ ആദ്യ അംഗപരിമിത സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. മലപ്പുറം, വയനാട് ജില്ലകളെ ബാരിയർ ഫ്രീ ആക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 15 കോടി രൂപ വകയിരുത്തിയിട്ടുള്ളതും ആയത് അതത് ജില്ലാ കളക്ടർമാർക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതുമാണ്. മലപ്പുറം ജില്ലയ്ക്ക് 8,88,80,000 രൂപയും വയനാട് ജില്ലയ്ക്ക് 6,11,20,000 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ അനുവദിച്ചിട്ടുണ്ട്.

ഭിന്നശേഷിയുള്ളവർക്കായി നിലവിൽ ചുവടെ പറയുന്ന പ്രകാരം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തിക്കുന്ന ജില്ല |
|---|---|---|
| (1) | (2) | (3) |
| 1 | ആശാഭവൻ (സ്ത്രീകൾ) മാനസികരോഗ മുക്തരായ സ്ത്രീകൾക്ക് വേണ്ടിയുള്ള സ്ഥാപനം | തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് |
| 2 | ആശാഭവൻ (പുരുഷന്മാർ) മാനസികരോഗ മുക്തരായ പുരുഷന്മാർക്ക് വേണ്ടിയുള്ള സ്ഥാപനം | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് |
| 3 | പ്രത്യാശ ഭവൻ (ബുദ്ധിവൈകല്യമുള്ള സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നു.) | തൃശ്ശൂർ |
| 4 | പ്രതീക്ഷാഭവൻ (ബുദ്ധിവൈകല്യമുള്ള പുരുഷന്മാരെ പുനരധിവസിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നു.) | മലപ്പുറം |

| (1) | (2) | (3) |
|---|---|---|
| 5 | ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC) (ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്നു.) | കോഴിക്കോട് |
| 6 | വികലാംഗ വനിതാ സദനം (ഭിന്നശേഷിയുള്ള വനിതകളെ പുനരധിവസിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നു.) | തിരുവനന്തപുരം, എറണാകുളം |
| 7 | വികലാംഗ സദനം (ഭിന്നശേഷിയുള്ള പുരുഷന്മാരെ പുനരധിവസിപ്പിക്കുന്നതിനായുള്ള സ്ഥാപനം) | കോഴിക്കോട് |
| 8 | കെയർഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ (CHDC) (ഭിന്നശേഷിയുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നു.) | ആലപ്പുഴ |
| 9 | വൃദ്ധ വികലാംഗ സദനം (ഭിന്നശേഷിയുള്ള മുതിർന്ന പൗരന്മാരെ പുനരധിവസിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നു.) | ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട് |

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെയും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെയും സഹകരണത്തോടുകൂടി തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല കൊറ്റാമത്ത് 'സാഫല്യം' എന്ന വയോജന അഗതി മന്ദിരം പ്രവർത്തിച്ചുവരുന്നു. 18 പുരുഷന്മാരും 6 സ്ത്രീകളുമായി 24 അന്തേവാസികളാണ് ഇപ്പോൾ ഉള്ളത്.

(ബി) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ് മെഡിക്കൽ ബോർഡ് നൽകുന്ന ഭിന്നശേഷി സർട്ടിഫിക്കറ്റ് എന്നിവ സഹിതം അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി നടപ്പുവർഷം 'വിദ്യാജ്യോതി' എന്ന സ്കീം വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ടി പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്നതാണ്. അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

ഇതുകൂടാതെ ഭിന്നശേഷിയുള്ള ഡിഗ്രിയോ അതിനുമുകളിലോ ഉള്ള കോഴ്സുകൾക്ക് വിദൂര വിദ്യാഭ്യാസം മുഖേന പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 10,000 രൂപ പ്രതിവർഷം ധനസഹായം അനുവദിക്കുന്നു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് പത്താം ക്ലാസ്സ്/പന്ത്രണ്ടാം ക്ലാസ് തുല്യതാ പരീക്ഷ എഴുതുന്നതിന് കോഴ്സ് ഫീസും പരീക്ഷാ ഫീസും അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ കാഴ്ച വൈകല്യമുള്ളവർക്ക് കമ്പ്യൂട്ടർ പഠനം നൽകുന്നതിനായി കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന എൻ.ജി.ഒ.-യുടെ ഇൻസൈറ്റ് എന്ന പദ്ധതിയുടെ നടത്തിപ്പിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ധനസഹായം അനുവദിച്ചുവരുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി ചുരുങ്ങിയ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ നൽകുന്ന പദ്ധതി.

2. പഠിച്ചുകൊണ്ടിരിക്കുന്ന കാഴ്ചവൈകല്യമുള്ള കുട്ടികൾക്ക് മുൻഗണന നൽകി ടാബ് ലറ്റ്/ സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി

3. എസ്.എസ്.എൽ.സി./പ്ലസ് ടു 60%-ന് മുകളിൽ മാർക്കോടുകൂടി വിജയിക്കുന്ന കുട്ടികൾക്ക് 2,500 രൂപ കാഷ് അവാർഡ് നൽകുന്ന പദ്ധതി

(സി) ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി DDRS സ്കീം പ്രകാരം ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കൂളുകൾ (Visually challenged, Mentally Challenged, Hearing and speech impaired) തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, മാനസിക രോഗം നിയന്ത്രിതരായിട്ടുള്ളവർക്ക് ഹാഫ് വേ ഹോമുകൾ എന്നിവയും സെറിബ്രൽ പാൾസി, കുഷ്ഠരോഗം ഭേദമായവർ എന്നിവർക്കുള്ള പദ്ധതികളും എൻ.ജി.ഒ.-കൾ മുഖേന നടപ്പിലാക്കിവരുന്നു.

ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ സൗജന്യമായി നൽകുന്ന ADIP (Assisstance to Disabled Persons for Purchase/Fitting of Aids and Appliances) പദ്ധതിയും നടപ്പാക്കിവരുന്നു.

## പോക്സോ കേസുകൾക്ക് പ്രത്യേക കോടതി

30 (*180) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ കേസുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നതിനെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുട്ടികൾക്കെതിരെ എല്ലാ രീതിയിലുമുള്ള അതിക്രമ കേസുകളിലും വിചാരണ വേഗത്തിലാക്കുന്നതിനും ശിക്ഷ ഉറപ്പാക്കാനും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേക കോടതി വേണമെന്ന് പോക്സോ നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ടോ;

(സി) നിലവിൽ ഏതെല്ലാം ജില്ലകളിൽ ഇതിനായി പ്രത്യേക കോടതികൾ പ്രവർത്തിക്കുന്നുണ്ട്; മറ്റ് ജില്ലകളിലും ഇവ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പോക്സോ നിയമത്തിലെ 21-ാം വകുപ്പിൽ കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമം ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥ പാലിക്കുന്നതുമൂലവും സാമൂഹ്യനീതി വകുപ്പിന്റെ ആരോഗ്യപരമായ സമ്പർക്കത്തിലൂടെയും, ജനമൈത്രി പോലീസ് സംവിധാനം മുഖേനയുള്ള പോലീസ് ഇടപെടൽ ഉണ്ടാകുന്നതുമൂലവും ഇത്തരം കേസുകളുടെ റിപ്പോർട്ടിംഗിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പോലീസിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ കൂടുതൽ കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്.

(ബി) കുട്ടികൾക്കെതിരെ എല്ലാ രീതിയിലുമുള്ള അതിക്രമ കേസുകളിലും വിചാരണ വേഗത്തിലാക്കുന്നതിനും ശിക്ഷ ഉറപ്പാക്കാനും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേക കോടതി വേണമെന്ന് പോക്സോ നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്.

(സി) പോക്സോ കേസുകൾ മാത്രം കൈകാര്യം ചെയ്യാൻ പ്രത്യേക കോടതികൾ നിലവിലില്ല. എന്നാൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, ബാലാവകാശ ലംഘനങ്ങൾ എന്നിവ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ ജില്ലകളിലെയും അഡീഷണൽ ജില്ലാ സെഷൻസ് കോടതികളെ അധികാരപ്പെടുത്തിക്കൊണ്ട് 31-3-2015-ലെ ജി.ഒ.(പി)നമ്പർ 23/2015/എസ്.ജെ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പോക്സോ കേസുകളും സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച കേസുകളും മാത്രം കൈകാര്യം ചെയ്യുന്നതിനുള്ള കോടതികളായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ അഡീഷണൽ ജില്ലാ & സെഷൻസ് കോടതിയെ മാറ്റിക്കൊണ്ടുള്ള ഉത്തരവായിട്ടുണ്ട്. പോക്സോ കേസുകൾക്കായി ജില്ലാതലത്തിൽ പ്രത്യേക കോടതി സ്ഥാപിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രതിപക്ഷനേതാവിന്റെ ചെലവുകൾ

1 (T1820) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രതിപക്ഷ നേതാവിന്റെ ടി. എ. / ഡി. എ., ടെലിഫോൺ ചാർജ്, വിമാന യാത്രാ ചാർജ്, മെഡിക്കൽ ആനുകൂല്യങ്ങൾ എന്നിവയുടെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷനേതാവിന്റെ ടി എ./ഡി.എ., ടെലിഫോൺ ചാർജ്ജ്, വിമാന യാത്രാ ചാർജ്ജ്, മെഡിക്കൽ ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ കൈപ്പറ്റിയ തുക അനുബന്ധമായി ചേർക്കുന്നു*.

### മന്ത്രിയുടെ രാജിയെത്തുടർന്നുള്ള ഓഫീസ് പ്രവർത്തനം

2 (1821) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. തോമസ് ചാണ്ടി മന്ത്രിസഭയിൽനിന്നും രാജി വച്ചതിനുശേഷം അദ്ദേഹത്തിന്റെ ഓഫീസ് തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നോ; എങ്കിൽ എത്ര ദിവസത്തേക്ക് എന്ന് വ്യക്തമാക്കാമോ;

(ബി) മന്ത്രിമാർ രാജി വയ്ക്കുമ്പോൾ അവരുടെ ഓഫീസ് വൈൻഡ് അപ്പ് ചെയ്യുന്നതിന് സാധാരണ അനുവദിക്കുന്ന പരമാവധി സമയം എത്ര ദിവസമാണ്;

(സി) ഈ പരിധിയും കഴിഞ്ഞ് ഈ ഓഫീസ് പ്രവർത്തിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്; ഇപ്രകാരം അനുമതി നൽകിയവർക്കെതിരെ നടപടി എടുക്കുമോ;

(ഡി) ഈ ഓഫീസിലെ സ്റ്റാഫംഗങ്ങൾക്ക് മറ്റേതെങ്കിലും രീതിയിൽ പുനർനിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

(എ-സി) മന്ത്രിമാർ രാജിവയ്ക്കുമ്പോൾ അവരുടെ പേഴ്സണൽ സ്റ്റാഫിന് സാധാരണയായി 15 ദിവസത്തെ വൈൻഡിംഗ് അപ്പ് സമയം അനുവദിക്കാറുണ്ട്. മുൻ ഗതാഗത വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളിൽ മറ്റു വകുപ്പുകളിൽ നിന്നും നിയമിതരായ 4 പേരെ 15-1-2018 വരെ തുടരാനനുവദിച്ചിട്ടുണ്ട്.

(ഡി) നൽകിയിട്ടില്ല.

---

T T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പി.എസ്.സി. നിയമനം

3 (1822) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1-ാം തീയതി മുതൽ 2017 ഡിസംബർ 31 വരെ പി.എസ്.സി. മുഖേന വിവിധ വകുപ്പുകളിലേക്ക് നടന്ന ആകെ നിയമനം എത്രയെന്ന് അറിയിക്കുമോ;

(ബി) ഈ നിയമനങ്ങളുടെ വിശദവിവരം ജില്ല /വകുപ്പ്/തസ്തിക തിരിച്ച് അറിയിക്കുമോ;

(സി) അഡ്വൈസ് മെമ്മോ ലഭിച്ച് നിയമനാനുസൃത കാലാവധി കഴിഞ്ഞിട്ടും നിയമനം നൽകാത്ത സാഹചര്യം നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം വകുപ്പ്/തസ്തിക/എണ്ണം എന്നിങ്ങനെ തിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ) 2016 ജൂൺ 1 മുതൽ 2017 നവംബർ 30 വരെ ആകെ 59,625 പേർക്ക് പി.എസ്.സി. വഴി നിയമന ശിപാർശ നൽകിയിട്ടുണ്ട്. 2017 ഡിസംബർ മാസത്തെ വിവരം പി.എസ്.സി. ക്രോഡീകരിച്ചുവരുന്നതേയുള്ളൂ.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

4 (1823) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വകുപ്പുകളും ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ആയത് സംബന്ധിച്ച സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വിവിധ വകുപ്പുകൾ 1-1-2017 മുതൽ 31-12-2017 വരെയുള്ള കാലത്ത് റിപ്പോർട്ട് ചെയ്ത തസ്തികകളുടെ കണക്ക് വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(സി) പി.എസ്.സി. കേന്ദ്ര ഓഫീസ് വഴി ഈ കാലത്ത് റിപ്പോർട്ട് ചെയ്ത തസ്തികകളുടെ എണ്ണം വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിവരുന്നുണ്ട്. 16-8-2017-ലെ AdvC3/304/2017/ P&ARD നമ്പർ സർക്കുലർ പ്രകാരം 2018 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് തലവന്മാർക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 7-10-2017-ലെ AdvC1/222/2017/P&ARD, 13-12-2017-ലെ ഉ.പ.സി.3/428/17/ഉഭപവ, 20-12-2017-ലെ ഉ.പ.സി.3/141/17/ഉ.ഭ.പ.വ. എന്നീ സർക്കുലറുകൾ പ്രകാരവും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സർക്കുലറുകൾ അനുബന്ധം ഒന്നായി ചേർക്കുന്നു*.

(ബി) 2017 ജനുവരി 1 മുതൽ 2017 നവംബർ 30 വരെ 32,546 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.* 2017 ഡിസംബർ മാസത്തെ വിവരം പി.എസ്.സി. ക്രോഡീകരിച്ചുവരുന്നതേയുള്ളൂ.

(സി) ടി കാലയളവിൽ പി.എസ്.സി. കേന്ദ്ര ഓഫീസ് വഴി ലഭ്യമായ ഒഴിവുകളുടെ എണ്ണം 13,727 ആണ്.

### ആശ്രിത നിയമന വ്യവസ്ഥ

5 (1824) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരണപ്പെട്ട സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി ലഭിക്കുന്ന പദ്ധതി പ്രകാരം അപേക്ഷിച്ചിട്ടും ഇതുവരെയും ജോലി ലഭിക്കാത്ത എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ആശ്രിത നിയമന വ്യവസ്ഥ പ്രകാരം 5% പേർക്ക് തൊഴിൽ നൽകണമെന്നിരിക്കെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തീരദേശ പോലീസ് സേനയിൽ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മുൻഗണന

6 (1825) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ഡിസംബർ 6-ലെ സർക്കാർ ഉത്തരവിൽ പ്രഖ്യാപിച്ച പ്രകാരം തീരദേശ പോലീസ് സേനയിൽ പുതുതായി റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മുൻഗണന നൽകുന്നതിനായി ചട്ടത്തിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തീരദേശ പോലീസ് സേനയിൽ എത്ര ശതമാനം ഒഴിവുകളാണ് മേൽപറഞ്ഞ വിഭാഗത്തിന് നീക്കിവെയ്ക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) കേരളത്തിലെ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത സേനയിൽ നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ എപ്രകാരമായിരിക്കും?

<u>ഉത്തരം</u>

(എ&ബി) ടി ആശ്രിതർക്ക് മുൻഗണന നൽകി നിയമനം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. നിയമനം സംബന്ധിച്ച് ശ്രീ. രമൺ ശ്രീവാസ്തവ അദ്ധ്യക്ഷനായ സമിതിയുടെ ശിപാർശ അനുസരിച്ച് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിൽ ചട്ടത്തിൽ ഭേദഗതി വരുത്തുവാനോ സേനയിലെ ഒഴിവുകൾ നീക്കിവയ്ക്കാനോ തീരുമാനിച്ചിട്ടില്ല.

(സി) 'ഓഖി' ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് തീരദേശ പോലീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും അതോടൊപ്പം സുരക്ഷയ്ക്കായി മത്സ്യത്തൊഴിലാളികളെ തീരദേശ മേഖലയിൽ നിന്ന് നിയോഗിക്കുന്നതിനും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

7 (1826) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം വകുപ്പ്/സ്ഥാപനം, തസ്തിക എന്നിവ തിരിച്ച് വിശദമാക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമനം പൂർത്തീകരിക്കാത്ത സ്ഥിതി നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം വകുപ്പ്/സ്ഥാപനം, തസ്തിക എന്നിവ തിരിച്ച് അറിയിക്കുമോ;

(ഇ) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമനം പൂർത്തീകരിക്കാത്ത അവസ്ഥ നിലവിലുണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്ന് അറിയിക്കുമോ;

(എഫ്) പ്രസ്തുത നിയമനങ്ങൾ നടത്തുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി-എഫ്) റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് റാങ്ക് പട്ടിക നിലവിലുള്ള പക്ഷം എത്രയും വേഗത്തിൽ പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നുണ്ട്. റാങ്ക് പട്ടിക നിലവിലില്ലാത്ത തസ്തികകളിൽ റാങ്ക് പട്ടിക തയ്യാറാക്കുന്ന നടപടികൾ പി.എസ്.സി. സമയബന്ധിതമായി കൈക്കൊണ്ടുവരുന്നു.

## പത്തനംതിട്ട ജില്ല എൽ.ഡി.സി.റാങ്ക് ലിസ്റ്റ്

8 (1827) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള എൽ.ഡി.സി. (പത്തനംതിട്ട ജില്ല) റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(ബി) ഈ റാങ്ക് ലിസ്റ്റിന് മുമ്പുണ്ടായിരുന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന 2015 മാർച്ച് മാസം മുതൽ ജൂൺ മാസം വരെയുള്ള കാലയളവിൽ വിവിധ വകുപ്പുകളിൽ ഉണ്ടാകാവുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതുമൂലം 31-3-2015-ന് നിലവിൽ വന്ന ഇപ്പോഴത്തെ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നൂറ്റിപന്ത്രണ്ടോളം ഒഴിവുകൾ നഷ്ടപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം പുതിയ റാങ്ക് പട്ടികയിലെ അവസരം നഷ്ടപ്പെട്ടവരെക്കൂടി പരിഗണിക്കുന്നതിനായി ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന 31-3-2018 മുതൽ ജൂൺ വരെയുള്ള ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും സൂപ്പർ ന്യൂമററിയായി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) എൽ.ഡി.സി. തസ്തികയുടെ (പത്തനംതിട്ട ജില്ല) റാങ്ക് ലിസ്റ്റിൽ നിന്നും 433 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. 31-3-2015-ൽ നിലവിൽ വന്ന ടി റാങ്ക് ലിസ്റ്റിന്റെ 3 വർഷ കാലാവധി 30-3-2018-ൽ അവസാനിക്കും.

(ബി) മുൻ സർക്കാർ, 21-3-2015-ൽ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിനുവേണ്ടി, 2015 മാർച്ച് 30-നകം വിവിധ വകുപ്പുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന 2015 ഏപ്രിൽ, മേയ്, ജൂൺ എന്നീ മൂന്ന് മാസത്തെ പ്രതീക്ഷിത എൽ.ഡി. ക്ലാർക്ക് ഒഴിവുകൾക്ക് തത്തുല്യമായ എണ്ണം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുവാനും എണ്ണം വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുവാനും പ്രസ്തുത സൂപ്പർ ന്യൂമററി തസ്തികകളിലേയ്ക്ക് യഥാർത്ഥത്തിൽ ഒഴിവുവരുന്ന തീയതിക്കുശേഷം മാത്രം നിയമനം നടത്തുവാനും നിയമനം നടക്കുന്ന മുറയ്ക്ക് സൂപ്പർ ന്യൂമററി തസ്തിക ഇല്ലാതാകുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തുവാനും വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും 21-3-2015-ലെ സ.ഉ.(അ) 13/2015/ഉ.ഭ.പ.വ. മുഖേന നിർദ്ദേശം നൽകിയിരുന്നു. റാങ്ക് ലിസ്റ്റുകളുടെ കാലാവധി സർക്കാർ ശിപാർശ പ്രകാരം ആറ് മാസം കൂടി നീട്ടാൻ പി.എസ്.സി. തീരുമാനിച്ചിരുന്നെങ്കിലും പുതിയ എൽ.ഡി.സി.(വിവിധം) റാങ്ക് ലിസ്റ്റ് 2015 ഏപ്രിൽ 1-ന് നിലവിൽ വന്ന സാഹചര്യത്തിൽ 2012-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-3-2015-ന് അവസാനിച്ചിരുന്നു. അതിനാൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് ആദ്യ 3 മാസത്തെ ഒഴിവുകളിൽ, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഴയ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ നിയമനം നടന്നിട്ടുള്ളതാണ്.

(സി) റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ സർക്കുലർ നമ്പർ AdvC3/304/2017/P&ARD മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധി കാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി.(വിവിധം) എൽ.ജി.എസ്. (വിവിധം) റാങ്ക് ലിസ്റ്റുകളിൽനിന്ന്

പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്നമുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉ.പ.സി.3/428/17/ഉ.ഭ.പ.വ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

9 (1828) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പി.എഫ്.ആർ.ഡി.എ. നിയമമനുസരിച്ച് സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നിലവിലുള്ള നിയമമനുസരിച്ച് ഡി.സി.ആർ.ജി. ആനുകൂല്യത്തിന് അർഹതയുണ്ടോ;

(ബി) കേന്ദ്രസർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും അനുവദിച്ചു നല്കിയിട്ടുള്ള എന്തെല്ലാം ആനുകൂല്യങ്ങളാണ് സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അനുവദിച്ചിട്ടില്ലാത്തതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് നടത്തിയ പരിശീലന പരിപാടികളുടെ എണ്ണം, സ്ഥലം, തീയതി, പരിശീലനത്തിൽ പങ്കെടുത്ത ആകെ ജീവനക്കാരുടെ എണ്ണം, പരിശീലനം നല്കിയ ഉദ്യോഗസ്ഥരുടെ പേര്, സർക്കാരിന് ഈ ഇനത്തിൽ ഉണ്ടായ ആകെ ചെലവ് എന്നിവ വിശദമാക്കുമോ?

### ഉത്തരം

(എ&ബി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് നടത്തിയ പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ ആഫീസുകളിലെ ഇ-ഫയൽ സംവിധാനം

10 (1829) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ വകുപ്പുകളിലും നടപ്പിലാക്കിയ പുതിയ ഇ - ഫയൽ സിസ്റ്റം ഏതെല്ലാം വകുപ്പുകളിൽ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ; സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഇ - ഫയൽ സംവിധാനം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇ - ഫയൽ സംവിധാനത്തിൽ ഫയലുകൾ പ്രോസ്സസ് ചെയ്യുമ്പോൾ ഐ.റ്റി ആക്ട് 2000 സെക്ഷൻ3, 3 എ, 4, 5, 6 എന്നീ വകുപ്പുകൾ അനുസരിച്ചുള്ള നടപടിക്രമം പാലിക്കുന്നുണ്ടോ; പ്രസ്തുത നിയമ പ്രകാരം ഫയലിലെ തീരുമാനങ്ങൾ ഡിജിറ്റൽ സിഗ്നേച്ചർ വഴി വാലിഡേറ്റ് ചെയ്യാറുണ്ടോ;

(സി) സെക്രട്ടേറിയറ്റിലെ മന്ത്രിമാർ ഉൾപ്പെടെയുള്ള ഏത് ഉദ്യോഗസ്ഥതലം വരെ ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനം ചട്ടപ്രകാരം വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; 2016 മേയ് മുതൽ പുറത്തിറങ്ങിയ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഐ.റ്റി. ആക്ട് 2000-ലെ സെക്ഷൻ 3, 3 എ, 4, 5, 6 എന്നിവ പ്രകാരം ഡിജിറ്റലായി വാലിഡേറ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ വാലിഡേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) വാലിഡേറ്റ് ചെയ്തിട്ടില്ലെങ്കിൽ അത് സാധൂകരിക്കുന്നതിനായി സർക്കാർ ഏതെങ്കിലും ഉത്തരവുകളോ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഐ.റ്റി. ആക്ട്-ലെ ചട്ടങ്ങൾക്ക് വിരുദ്ധമാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഡിജിറ്റൽ സിഗ്നേച്ചർ വഴി ഉദ്യോഗസ്ഥർ ഇ - ഫയൽ സംവിധാനത്തിൽ വാലിഡേറ്റ് ചെയ്യാത്തപക്ഷം ആ ഫയൽ പ്രസ്തുത ഉദ്യോഗസ്ഥൻ കണ്ടിട്ടില്ല എന്ന അനുമാനത്തിൽ പിന്നീട് അഴിമതി നടക്കാൻ സാധ്യത ഉള്ള കാര്യം സർക്കാർ ഗൗരവമായി കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഡിജിറ്റൽ സിഗ്നേച്ചർ വിതരണം ചെയ്ത് സിവിൽ സർവ്വീസ് അഴിമതി മുക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സർക്കാർ ഓഫീസുകൾ പേപ്പർലസ് ആക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. 8 കളക്ടറേറ്റുകൾ, 4 സബ് കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ പൂർണ്ണമായും 6 കളക്ടറേറ്റുകൾ, 3 സബ് കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ഭാഗികമായും,

ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് പുറമേ 19 ഡയറക്ടറേറ്റുകളിലും/ കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഇ-ഫയൽ സംവിധാനം നടപ്പിലാക്കുവാൻ ഇതിനോടകം തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇ-ഫയൽ സംവിധാനത്തിൽ ഫയലുകൾ പ്രോസസ്സ് ചെയ്യുന്നത് ഐ.റ്റി. നിയമം അനുസരിച്ചാണ്. ഇതിൽ നോട്ടുകളും കരടുകത്തുകളും ഡിജിറ്റൽ ഒപ്പോടുകൂടി അയയ്ക്കാനും സംവിധാനമുണ്ട്. പുറത്തേയ്ക്കുള്ള കത്തുകളും മറ്റും ഡിജിറ്റൽ ഒപ്പോടുകൂടി ഇലക്ട്രോണിക്സ് ആയി അയച്ചാലും ഇ-ഫയൽ വഴി അംഗീകരിച്ച കത്തുകളും മറ്റും ഒപ്പിടാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ സ്വമേധയാ ഒപ്പിട്ട് ഫിസിക്കലായി അയച്ചാലും ഐ.റ്റി. നിയമ പ്രകാരം സാധുവാണ്.

(സി) സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസർ മുതൽ മുകളിലേയ്ക്കുള്ള ഉദ്യോഗസ്ഥർക്ക് അവർ അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നുണ്ട്. ഉത്തരവുകളിലും മറ്റും ഡിജിറ്റൽ ഒപ്പ് ഇല്ല എങ്കിൽ കൂടി ഒപ്പിട്ടതിന്റെ സ്കാൻ ചെയ്ത പകർപ്പ് അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിൽ അത് ഐ.റ്റി. നിയമപ്രകാരം സാധുവാണ്. ഉത്തരവിലും സർക്കുലറിലും ഒപ്പിടുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ഫിസിക്കലായി ഒപ്പിടുകയും ആയതിന്റെ സ്കാൻ ചെയ്ത പകർപ്പ് ഫയലിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ഐ.റ്റി. നിയമപ്രകാരം സാധുവാണ്.

(ഡി) ഒരു ഇ-ഫയലിൽ പുറത്തേയ്ക്കുള്ള കത്തിടപാടുകൾ ഡിജിറ്റലായി ഒപ്പിട്ടതായിരിക്കണം എന്ന നിർദ്ദേശം ഇതിനോടകം നൽകിയിട്ടുണ്ട്. ഡിജിറ്റലായി ഒപ്പിട്ടതും ഫിസിക്കലായി ഒപ്പിട്ടതുമായ പകർപ്പുകൾ ഐ.റ്റി. നിയമ പ്രകാരം സാധുവാണ്.

(ഇ) ഒരു ഉദ്യോഗസ്ഥൻ ഒരു ഫയലിൽ തന്റെ അഭിപ്രായം രേഖപ്പെടുത്തി അയയ്ക്കുമ്പോൾ തന്നെ ആ ഉദ്യോഗസ്ഥന്റെ പേര്, തീയതി, സമയം എന്നിവ അഭിപ്രായം രേഖപ്പെടുത്തിയതിന് താഴെയായി പ്രിന്റ് ചെയ്യപ്പെടും. കത്ത്/ ഉത്തരവ്/സർക്കുലർ എന്നിവ അംഗീകരിക്കുന്ന ഉദ്യോഗസ്ഥന്റെ വിവരങ്ങളും രേഖപ്പെടുത്തുന്ന സംവിധാനം ഇ-ഓഫീസിൽ ഉണ്ട്.

ഡിജിറ്റൽ ഒപ്പ് ഇല്ല എങ്കിൽ കൂടി ഇ-ഫയൽ കൈകാര്യം ചെയ്തത് ആര് എന്ന് ഉപയോക്താവിന്റെ login credentials വഴിയും എളുപ്പത്തിൽ മനസ്സിലാക്കാനും അതുവഴി ഇ-ഫയലിന്റെ ആധികാരികത പരിശോധിക്കുവാനും കഴിയും. പുറത്തേയ്ക്കുള്ള കത്തുകളും മറ്റും ഒപ്പിടാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കുമാത്രം ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനം ഏർപ്പെടുത്തിയാൽ മതിയാകും.

## സർക്കാർ ഉദ്യോഗസ്ഥ കുറ്റകൃത്യങ്ങളും അഴിമതിയും

11 (1830) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പോലീസ് ഉദ്യോഗസ്ഥരോ മറ്റ് സർക്കാർ ഉദ്യോഗസ്ഥരോ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിക്കൽ തുടങ്ങി വിവിധങ്ങളായ കുറ്റകൃത്യങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ അഴിമതി മുതലായ മറ്റ് കുറ്റകൃത്യങ്ങൾ നടത്തിയതായി കണ്ടെത്തിയ പോലീസ് ഉൾപ്പെടെയുള്ള സംസ്ഥാന ജീവനക്കാർ എത്ര; അവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) പൊലീസ് വകുപ്പിലും മറ്റു സർക്കാർ വകുപ്പുകളിലുമുള്ള ഉദ്യോഗസ്ഥരിൽ കുറ്റക്കാരെയും അഴിമതിക്കാരെയും കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്താനും ഇവരെ സർവ്വീസിൽ നിന്ന് ഒഴിവാക്കാനും സർക്കാർ സർവ്വീസ് മേഖല കുറ്റമറ്റതാക്കാനും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ടെത്തിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ പോലീസ് ഉദ്യോഗസ്ഥർ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് 6 കേസ്സുകളും മറ്റ് സർക്കാർ ഉദ്യോഗസ്ഥർ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് 46 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം കുറ്റകൃത്യങ്ങളിൽപ്പെട്ടവർക്കെതിരെ ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്യും കൂടാതെ വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ അഴിമതി മുതലായ മറ്റ് കുറ്റകൃത്യങ്ങൾ നടത്തിയതായി കണ്ടെത്തിയ പോലീസ് ഉൾപ്പെടെയുള്ള 142 സംസ്ഥാന ജീവനക്കാർക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസുകളിന്മേൽ കോടതി നടപടികൾക്കനുസൃതമായി സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സർക്കാർ ഉദ്യോഗസ്ഥരിൽ കുറ്റക്കാരായും അഴിമതിക്കാരായും കണ്ടെത്തിയിട്ടുള്ളവർക്കെതിരെ ക്രിമിനൽ നടപടി ചട്ടങ്ങളും വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

## പിന്നോക്ക വിഭാഗങ്ങളുടെ മേൽത്തട്ട് പരിധി

12 (1831) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗങ്ങളുടെ മേൽത്തട്ട് പരിധി ആറിൽനിന്ന് എട്ട് ലക്ഷം രൂപയായി ഉയർത്തിയ കേന്ദ്ര സർക്കാർ ഉത്തരവിന് 2017 സെപ്റ്റംബർ ഒന്നു മുതൽ പ്രാബല്യമുണ്ടെന്ന് കേന്ദ്രം വ്യക്തമാക്കുന്നുണ്ടോ;

(ബി) പിന്നോക്ക വിഭാഗങ്ങൾക്ക് മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശനം, ജോലി സംവരണം, സ്കോളർഷിപ്പുകൾ മറ്റ് വിവിധ ആനുകൂല്യങ്ങൾ എന്നിവയ്ക്ക് മേൽത്തട്ട് പരിധി ബാധകമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) നാളിതുവരെ കേന്ദ്രം വർധിപ്പിച്ച മേൽത്തട്ട് പരിധി സംസ്ഥാനത്ത് നടപ്പാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഉത്തരവ് എന്നത്തേക്ക് ഇറക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) കേരളത്തിൽ മേൽത്തട്ട് വരുമാന പരിധി 4.5 ലക്ഷം രൂപയായി ഉയർത്തിയത് ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലായിരുന്നു. പിന്നീട് ഈ പരിധി 6 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. നിലവിലെ പരിധിയിൽ തൽക്കാലം മാറ്റം വരുത്തേണ്ടതില്ലെന്ന് നിശ്ചയിച്ചിട്ടുണ്ട്.

## പിന്നോക്ക വിഭാഗങ്ങളുടെ മേൽത്തട്ട് പരിധി

13 (1832) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പിന്നോക്ക വിഭാഗങ്ങളുടെ മേൽത്തട്ട് പരിധി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് സാധാരണ ഗതിയിൽ കേന്ദ്ര പേഴ്സണൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകുന്ന മുറക്ക് പരിധി ഉയർത്തി ഉത്തരവ് ഇറക്കാറുണ്ടോ; എങ്കിൽ ഈ പരിധി വർദ്ധനവ് കേരളത്തിലും പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ?

ഉത്തരം

കേരളത്തിൽ മേൽത്തട്ട് വരുമാന പരിധി 4.5 ലക്ഷം രൂപയായി ഉയർത്തിയത് ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലായിരുന്നു. പിന്നീട് ഈ പരിധി 6 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. നിലവിലെ പരിധിയിൽ തൽക്കാലം മാറ്റം വരുത്തേണ്ടതില്ലെന്ന് നിശ്ചയിച്ചിട്ടുണ്ട്.

## വികസന അതോറിറ്റി സെക്രട്ടറി നിയമനം

14 (1833) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് പ്രകാരം വികസന അതോറിറ്റിയുടെ സെക്രട്ടറി നഗര-ഗ്രാമാസൂത്രണ വകുപ്പിലെ സീനിയർ ടൗൺ പ്ലാനറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ജി.സി.ഡി.എ.-യിൽ സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥന് നിശ്ചിത യോഗ്യതയുണ്ടോ; വിശദമാക്കാമോ;

(സി) എന്നുമുതൽ ടിയാൻ ഈ പദവിയിൽ തുടരുന്നു; നിശ്ചിത യോഗ്യതയില്ലെങ്കിൽ പ്രസ്തുത നിയമലംഘനം ഉടൻ തിരുത്തുവാൻ സർക്കാർ തയ്യാറാകുമോ;

(ഡി) ജി.സി.ഡി.എ.-യിൽ സെക്രട്ടറിയുടെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥനായ ശ്രീ. എം. സി. ജോസഫ് അതോറിറ്റി ഫണ്ടിൽ നിന്നും ഭവനനിർമ്മാണ വായ്പ എടുത്ത് ദുരുപയോഗം ചെയ്ത കാര്യത്തിൽ അന്വേഷണം നടത്തി ശക്തമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ ഖണ്ഡിക 54-ൽ വികസന അതോറ്റിയിലെ ജനറൽ കൗൺസിലിൽ ഉൾപ്പെട്ട അംഗങ്ങളുടെ വിഷയത്തിൽ ഉപഖണ്ഡിക (എഫ്) പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വികസന അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, നഗര-ഗ്രാമാസൂത്രണ വകുപ്പിലെ സീനിയർ ടൗൺ പ്ലാനറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനായിരിക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി & സി) ജി.സി.ഡി.എ.-യിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായ ശ്രീ. എം. സി. ജോസഫിന് 17-11-2016-ലെ ജി.ഒ.(ആർ.ടി.) 3116/2016/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം 17-11-2016 അപരാഹ്നം മുതൽ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നൽകിയിട്ടുണ്ട്.

(ഡി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## മുൻ മന്ത്രിസഭാ തീരുമാനങ്ങളുടെ പുനഃപരിശോധന

15 (1834) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ 2016 ജനവരി ഒന്നിനുശേഷം കൈക്കൊണ്ട തീരുമാനങ്ങൾ പുനഃപരിശോധിക്കാനുള്ള മന്ത്രിസഭാ തീരുമാനപ്രകാരം ഏതെല്ലാം തീരുമാനങ്ങൾ റദ്ദാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചോ; ഇല്ലെങ്കിൽ കാരണം എന്താണ്;

(സി) നടുവിൽ ഗവൺമെന്റ് പോളിടെക്നിക്കിന് സ്ഥലം കൈമാറാനുള്ള തീരുമാനം നടപ്പിലാക്കാൻ കാബിനറ്റ് സബ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) കഴിഞ്ഞ മന്ത്രിസഭയുടെ അവസാന കാലത്തെ മന്ത്രിസഭായോഗ തീരുമാനങ്ങൾ പരിശോധിച്ച മന്ത്രിസഭാ ഉപസമിതി റദ്ദുചെയ്യുന്നതിന് ശിപാർശ ചെയ്തിരുന്ന തീരുമാനങ്ങളിൽ, അനുബന്ധമായി ചേർത്തിരിക്കുന്ന 48 തീരുമാനങ്ങൾ റദ്ദുചെയ്യുന്നതിന് 14-3-2017-ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ട്.

(ബി) മേൽ സൂചിപ്പിച്ചിട്ടുള്ള മന്ത്രിസഭായോഗ തീരുമാനങ്ങളിൻമേൽ വിവിധ വകുപ്പുകളിൽ നിന്നുമാണ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ അവ റദ്ദു ചെയ്തുകൊണ്ട് പൊതുവായ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. മാത്രവുമല്ല പുനഃപരിശോധനയ്ക്ക് വിധേയമാക്കിയ കഴിഞ്ഞ മന്ത്രിസഭയുടെ അവസാനകാലത്തെ മന്ത്രിസഭായോഗ തീരുമാനങ്ങളിൽ എല്ലാ തീരുമാനങ്ങളിലും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നുമില്ല. അതുകൊണ്ടുതന്നെ അവ റദ്ദുചെയ്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമില്ല. എന്നിരുന്നാലും മേൽ സൂചിപ്പിച്ച 48 തീരുമാനങ്ങളിൽ ഏതെങ്കിലും തീരുമാനങ്ങളിൻമേൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയത് റദ്ദുചെയ്യുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടുവിൽ ഗവൺമെന്റ് പോളിടെക്നിക്കിന് സ്ഥലം കൈമാറാനുള്ള തീരുമാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രിസഭാ ഉപസമിതി ശിപാർശകളൊന്നും രേഖപ്പെടുത്തി നൽകിയിട്ടില്ല.

## കോസ്റ്റ് ഗാർഡ് അക്കാഡമിക്ക് പരിസ്ഥിതി അനുമതി

16 (T1835) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തറക്കല്ലിട്ട രാജ്യത്തെ ആദ്യത്തെ കോസ്റ്റ് ഗാർഡ് അക്കാഡമിക്ക് പരിസ്ഥിതി അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ പുതുക്കിയ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് സഹിതം കോസ്റ്റ് ഗോർഡ് അധികൃതർ സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കോസ്റ്റ് ഗാർഡ് അക്കാഡമിക്ക് പരിസ്ഥിതി അനുമതി അനുവദിക്കുന്നതിനുള്ള അപേക്ഷ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ (SEIAA) ലഭ്യമായിട്ടില്ല.

## പഞ്ചിംഗ് സമ്പ്രദായം

17 (1836) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വകുപ്പുകളിലും ഓഫീസുകളിലുമാണ് പഞ്ചിംഗ് സമ്പ്രദായം നിലവിലുള്ളത്;

(ബി) പഞ്ചിംഗ് ഏർപ്പെടുത്തിയ ഓഫീസുകളിൽ ജീവനക്കാരുടെ ഹാജർനിലയും ജോലിയിലുള്ള കാര്യക്ഷമതയും വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് സംവിധാനം കർശനമായി നടപ്പിലാക്കിയിട്ടുണ്ട്. മറ്റു ഓഫീസുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) സെക്രട്ടേറിയറ്റിൽ 1-1-2018 മുതലാണ് പഞ്ചിംഗ് സംവിധാനം കർശനമായി നടപ്പിലാക്കിത്തുടങ്ങിയത്. ആയതിന്റെ അടിസ്ഥാനത്തിൽ ഹാജർ നിലയിൽ പുരോഗതിയുണ്ട്. മറ്റ് ഓഫീസുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

---

T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.'

## ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ

18 (T1837) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിക്കുന്നതിന് നിയുക്തനായ ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായി രൂപീകൃതമായ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്താണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിക്കുന്നതിന് നിയുക്തനായ ജസ്റ്റിസ് (റിട്ട) സി. എൻ. രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായി രൂപീകൃതമായ കമ്മീഷന്റെ പ്രവർത്തനം 18-7-2017-ന് ആരംഭിച്ചു. കമ്മീഷന്റെ കാലാവധി 17-1-2018-ന് അവസാനിച്ചതിനാൽ ആറു മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. 2016 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തേയ്ക്കുള്ള സി&എ.ജി.-യുടെ 4-ാം നമ്പർ റിപ്പോർട്ടിൽ, 3-ാം അദ്ധ്യായത്തിൽ പരാമർശിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുടെ നടപ്പാക്കൽ സംബന്ധിച്ച് കണ്ടെത്തിയ ന്യൂനതകളും ക്രമക്കേടുകളും സംബന്ധിച്ച കാര്യങ്ങളിൽ സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യത്തിന് വിരുദ്ധമായും പൊതുഖജനാവിന് സാമ്പത്തിക നഷ്ടം വരുത്തുന്നതുമായ തീരുമാനം ടി പദ്ധതിയുടെ കരാർ നൽകുന്ന കാര്യത്തിൽ എടുത്തത് ആരൊക്കെയാണെന്നും അങ്ങനെ തീരുമാനം എടുത്തതിന് ഉത്തരവാദികൾ ആരൊക്കെയാണെന്നും കണ്ടെത്തണം.

2. മേൽപ്രകാരം തീരുമാനം എടുക്കുവാൻ ഉണ്ടായ ബാഹ്യഘടകങ്ങൾ, പ്രേരണകൾ, സ്വകാര്യ താൽപ്പര്യങ്ങൾ, അനർഹമായ പരിഗണനകൾ എന്നിവ എന്തൊക്കെയാണ്?

---

T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.'

3. മേൽപ്പറഞ്ഞ കരാർ നൽകുവാനുള്ള തീരുമാനത്തിന്റെ ഭാഗമായി കരാർ ഏറ്റെടുത്ത കമ്പനിക്ക് അനർഹമായ സാമ്പത്തിക ലാഭം ഉണ്ടാക്കുവാനും പൊതുഖജനാവിന് സാമ്പത്തിക നഷ്ടം വരുത്തുവാനുമുള്ള തീരുമാനം എടുത്തതും, അതിനുത്തരവാദികളുമായ പൊതുസേവകർക്ക് അനർഹമായ സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ ആർക്കൊക്കെ?

4. പൊതു താൽപ്പര്യത്തിന് വിരുദ്ധമായതും, ക്രമപ്രകാരമല്ലാത്തതുമായ കരാർ സംബന്ധിച്ച തീരുമാനങ്ങൾ എടുത്തതിന് ഉത്തരവാദികളായവരുടെമേൽ സ്വീകരിക്കാവുന്ന നിയമനടപടികൾ എന്തൊക്കെ?

5. മേൽപ്രകാരം കരാർ നൽകിയതിൽ പൊതു ഖജനാവിനുണ്ടായ നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്ന് ഈടാക്കാൻ കൈ ക്കൊള്ളേണ്ടുന്ന നിയമ നടപടികൾ എന്തൊക്കെ?

6. മേൽപ്പറഞ്ഞ കാര്യങ്ങളോട് അനുബന്ധമായോ അനുപൂരകമായോ ഉള്ള മറ്റുകാര്യങ്ങൾ.

## അകാരണമായി പെൻഷൻ ആനുകൂല്യങ്ങൾ വൈകിച്ചതിനെതിരെ നടപടി

19 (1838) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.പി.എസ്. സർവ്വീസിൽ നിന്നും 31-8-2011-ൽ വിരമിച്ച ശ്രീ. എസ്. രാധാകൃഷ്ണൻ നായരുടെ കേന്ദ്രനിരക്കിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ നാളിതുവരെ നൽകാതിരുന്നതിനുള്ള കാരണം എന്താണ്;

(ബി) ഇതു സംബന്ധിച്ച് പൊതുഭരണവകുപ്പിലുള്ള 23584/സ്പെഷ്യൽ3/2011/ ജി.എ.ഡി. എന്ന ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് ധനകാര്യവകുപ്പിൽ നിന്ന് 1582455/പെൻഷൻ എ 2/2017/ധന എന്ന നമ്പരിൽ 4/7/2017, 23/9/2017, 28/10/2017 എന്നീ തീയതികളിൽ അയച്ചതും പൊതുഭരണ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കേണ്ടതുമായ കത്തിന് ഇതുവരെയും മറുപടി നൽകാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥന് കേന്ദ്രനിരക്കിലുള്ള പെൻഷൻ നൽകുന്നതിന് എന്തെങ്കിലും ഔദ്യോഗിക തടസ്സം ഉണ്ടോ; എങ്കിൽ എന്താണെന്ന് അറിയിക്കുമോ;

(ഇ) അകാരണമായി പെൻഷൻ വൈകിപ്പിച്ചതിന് ഉത്തരവാദികളായവരെ ക്കുറിച്ച് അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രീ. എസ്. രാധാകൃഷ്ണൻ നായർ സംസ്ഥാന പോലീസ് സർവ്വീസിൽ നിന്നും പോലീസ് സൂപ്രണ്ട് തസ്തികയിൽ സേവനം അനുഷ്ഠിക്കവേ 31-8-2006-ൽ വിരമിച്ചു. 2006-ലെ കേരള കേഡർ ഐ.പി.എസ്.-ലേയ്ക്കുള്ള പ്രൊമോഷനുവേണ്ടി സംസ്ഥാന പോലീസ് സർവ്വീസിലെ ഓഫീസർമാരെ പരിഗണിക്കുന്നതിനായിട്ടുള്ള സെലക്ഷൻ പ്രക്രീയയിൽ ടിയാന്റെ പേര് 1-1-2006-ൽ 54 വയസ്സ് പൂർത്തിയായിയെന്ന കാരണത്താൽ ഉൾപ്പെടുത്താത്തിനെതിരെ ടിയാൻ ബഹുമാനപ്പെട്ട സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ.നമ്പർ 125/2010 ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ട്രൈബ്യൂണൽ 18-10-2011-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഒരു റിവ്യൂ ഡി.പി.സി.ചേർന്ന് 1-1-2005 മുതൽ 31-12-2005 വരെയുള്ള കാലയളവിലുണ്ടായ ഐ.പി.എസ്. ഒഴിവുകളിലേയ്ക്ക് ശ്രീ. എസ്. രാധാകൃഷ്ണൻ നായരെ പരിഗണിക്കുന്നതിനും അപ്രകാരം പരിഗണിക്കുന്നപക്ഷം റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്ക് മാത്രമായി കണക്കാക്കപ്പെടുന്നതിനായി നോഷണലായി പ്രൊമോഷനും ശമ്പളനിർണ്ണയവും നടത്തുവാനും ഉത്തരവായി. അതിൻപ്രകാരം 28-12-2015-ൽ റിവ്യൂ സെലക്ഷൻ കമ്മിറ്റി മീറ്റിംഗ് ചേർന്ന് ശ്രീ. എസ്. രാധാകൃഷ്ണൻ നായരെ സംസ്ഥാന പോലീസ് സർവ്വീസിൽ നിന്നും കേരള കേഡറിലെ ഐ.പി.എസ്. പ്രൊമോഷനായുള്ള 2006-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശിപാർശ ചെയ്യുകയും യു.പി.എസ്.സി. അത് അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 17-2-2016-ലെ I-14013/63/2010-IPS.I നമ്പർ പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് ടിയാന് 7-11-2007 മുതൽ നോഷണൽ പ്രൊമോഷൻ നൽകാനാണ് ഉത്തരവായത്. തുടർന്ന് 15-3-2016 തീയതിയിലെ 23584/സ്പെ.സി.3/2011/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം ശ്രീ. എസ്. രാധാകൃഷ്ണൻ നായർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേയ്ക്ക് മാത്രമായി 7-11-2007 മുതൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ശമ്പള നിർണ്ണയം നടത്താൻ അക്കൗണ്ടന്റ് ജനറലിനോട് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം സംസ്ഥാന പോലീസ് മേധാവിയെയും അറിയിക്കുകയും ആയതിൻ പ്രകാരം 23584/സ്പെഷ്യൽ സി3/11/പൊ.ഭ.വ. ഫയൽ തീർപ്പാക്കുകയും ചെയ്തു.

(സി-ഇ) ശ്രീ. എസ്. രാധാകൃഷ്ണൻ നായരുടെ പെൻഷൻ നിർണ്ണയിച്ച് 16-12-2016-ലെ പി.ആർ.2101662777/PM/1/1016303022 നമ്പർ കത്ത് പ്രകാരം അക്കൗണ്ടന്റ് ജനറൽ ധനകാര്യവകുപ്പിന് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകിയതിനെത്തുടർന്ന് 4-7-2017-ലെ 1582455/പെൻ.എ 2/2017/ധന കത്ത് പ്രകാരം ഭരണവകുപ്പിൽ നിന്നും 'സ്വീകരിക്കുന്ന അധികാരിയുടെ അഭിപ്രായം' '(RRA) ടി വകുപ്പ് ആവശ്യപ്പെട്ടിരുന്നു. 'സ്വീകരിക്കുന്ന അധികാരിയുടെ അഭിപ്രായം'(RRA) നൽകുന്നതിന് മുമ്പായി ചട്ടപ്രകാരമുള്ള നടപടിക്രമത്തിന്റെ ഭാഗമായി ടിയാനെതിരെ വിജിലൻസ് കേസ്/അന്വേഷണം/അച്ചടക്ക നടപടി/ക്രിമിനൽ/ജുഡീഷ്യൽ നടപടി എന്തെങ്കിലും ബാദ്ധ്യതകൾ നില നിൽക്കുന്നുണ്ടോയെന്ന് അറിയിക്കാൻ യഥാക്രമം വിജിലൻസ് ഡയറക്ടർ/ സംസ്ഥാന പോലീസ് മേധാവി എന്നിവരോട് 9-10-2017 തീയതിലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

24-10-2017-ലെ കത്തുപ്രകാരം വിജിലൻസ് ഡയറക്ടർ ശ്രീ. എസ്. രാധാകൃഷ്ണൻ നായർക്കെതിരെ വിജിലൻസ് കേസോ അന്വേഷണമോ നിലവിലില്ലെന്ന വിവരം അറിയിച്ചിട്ടുണ്ട്. 24-1-2018-ലെ കത്തുപ്രകാരം ടിയാനെതിരെ അച്ചടക്കനടപടി/ജുഡീഷ്യൽ/ക്രിമിനൽ നടപടിക്രമങ്ങൾ ഒന്നുംതന്നെ നിലവിലില്ലെന്ന് സംസ്ഥാന പോലീസ് മേധാവിയും അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാധാകൃഷ്ണൻ നായർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള 'സ്വീകരിക്കുന്ന അധികാരിയുടെ അഭിപ്രായം' (RRA) ധനകാര്യ വകുപ്പിന് നൽകുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയെത്തുടർന്ന് റിവ്യൂ സെലക്ഷൻ കമ്മിറ്റി കൂടുന്നതിലേയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതിനാലും ഇക്കാര്യത്തിൽ അനിവാര്യമായ സൂക്ഷ്മ പരിശോധനകൾ നടത്തേണ്ടതിനാലും റിവ്യൂ സെലക്ഷൻ കമ്മിറ്റി ശിപാർശ പരിഗണിച്ചുകൊണ്ടുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പള/പെൻഷൻ നിർണ്ണയിക്കേണ്ടതിനാലും ഉണ്ടായ നടപടിക്രമങ്ങൾ മൂലമാണ് ശ്രീ. എസ്. രാധാകൃഷ്ണൻ നായരുടെ പെൻഷൻ അനുവദിക്കുന്ന കാര്യത്തിൽ തീർപ്പുകൽപ്പിക്കുവാൻ കാലതാമസമുണ്ടായത്. ഇക്കാര്യത്തിൽ മനഃപൂർവ്വമായ വീഴ്ച ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

## കോടതിയുടെ കുറ്റപ്പെടുത്തലുകൾ

20 (1839) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 ഡിസംബർ 31 വരെ നീതിപീഠത്തിൽ നിന്നും ശകാരങ്ങളും രൂക്ഷ വിമർശനങ്ങളും നേരിടേണ്ടി വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സർക്കാരിനെതിരെ ഹൈക്കോടതിയിൽ നിന്നും ഇത്തരത്തിൽ എത്ര കുറ്റപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്; അപ്രകാരം കോടതി വിമർശിക്കാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) കോടതി വിധിന്യായങ്ങളിൽ ശകാരങ്ങളും രൂക്ഷ വിമർശനങ്ങളും നേരിടേണ്ടി വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത

21 (1840) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇതിനകം എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓഫീസ് നടപടിക്രമങ്ങളുടെ വേഗത നിരീക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അഴിമതിയോട് വിട്ടുവീഴ്ച ഇല്ലാത്തതും ജനസൗഹൃദവുമായ ഒരു സിവിൽ സർവ്വീസാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിനായി താഴെപ്പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

1. സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി.

2. സംസ്ഥാന സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

3. പ്രഗത്ഭരും പ്രാപ്തരുമായ പുതുതലമുറയെ പബ്ലിക് സർവ്വീസുകളിലേയ്ക്ക് ആകർഷിക്കുക കാര്യക്ഷമത മെച്ചപ്പെടുത്തുക എന്നീ ഉദ്ദേശ്യങ്ങളോടു കൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് രൂപം നൽകി.

4. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുതകുംവിധം പുതിയ പരിശീലന നയത്തിന് രൂപം നൽകി.

5. ഇ-ഗവേണൻസ്, പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. ഭരണഭാഷ മലയാളമാക്കാനുള്ള നടപടി ത്വരിതപ്പെടുത്തി.

7. ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യം വച്ച് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചു.

(ബി)

1. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി 16-7-2015, 12-1-2009 എന്നീ തീയതികളിലെ സർക്കുലറുകൾ പ്രകാരം അപേക്ഷകൾ/ പരാതികൾ/ നിവേദനങ്ങൾ എന്നിവയ്ക്ക് ഒരാഴ്ചയ്ക്കകം കൈപ്പറ്റ് രസീത് നൽകുവാനും അപേക്ഷ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഒരു മാസത്തിനുള്ളിലും അന്തിമ തീർപ്പ് മൂന്ന് മാസത്തിനുള്ളിലും അപേക്ഷകന് നൽകണമെന്നും നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അദ്ധ്യക്ഷന്മാർ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും കർശന നിർദ്ദേശം എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് തലവന്മാർക്കും ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

2. പഞ്ചദിന ചട്ടം, സേവനാവകാശം, വിവരാവകാശം, ഇ-ഓഫീസ് സംവിധാനം, ഫയലുകളുടെ പ്രതിമാസ പ്രവർത്തന അവലോകനം, ജോലിഭാരംമൂലം ഫയൽ കെട്ടിക്കിടക്കുന്നതിന് കാരണമുണ്ടെങ്കിൽ അക്കാര്യം, ഉന്നതതലത്തിൽ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നിർദ്ദേശം എന്നിവയെല്ലാം സമയബന്ധിതമായി ഫയൽ തീർപ്പു കൽപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളാണ്.

3. സെക്രട്ടേറിയറ്റ് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവനം വേഗത്തിലാക്കുന്നതിനും എല്ലാ ഉദ്യോഗസ്ഥർക്കും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ കീഴിലുള്ള ഇൻഹൗസ് ട്രെയിനിംഗ് സെന്റർ മുഖേന വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ ജീവനക്കാരുടെ പെരുമാറ്റവും മനോഭാവവും പൊതുജനങ്ങൾക്ക് ഗുണകരമാക്കുന്നതിനും അഴിമതിരഹിതമായ സേവനം നൽകുന്നതിനും പര്യാപ്തമായ പരിശീലനങ്ങൾ ഐ.എം.ജി., കില മുതലായ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നു.

4. ഒരു ഓഫീസറുടെ അഭാവത്തിൽ ഓഫീസ് പ്രവർത്തനം തടസ്സപ്പെടാതെ വേഗത്തിലാക്കുന്നതിനുവേണ്ടി സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പുകളിലും ലിങ്ക് ഓഫീസർ സംവിധാനം ഏർപ്പെടുത്തി.

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് പട്ടിക

22 (1841) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ മാസം 8-ാം തീയതി നിലവിൽ വന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 638/2014) റാങ്ക് പട്ടികയിൽ നിന്ന് വളരെ കുറച്ച് നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കാമോ;

(ബി) പി. എസ്. സി.-യിലും സംസ്ഥാന ഓഡിറ്റ് വകുപ്പിലും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ്/ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് റാങ്ക് പട്ടികയിൽ നിന്നും സമയബന്ധിതമായി നിയമനശിപാർശ നൽകിവരികയും ചെയ്യുന്നുണ്ട്. പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെ 366 (മുന്നൂറ്റി അറുപത്തി ആറ്) പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ അവശേഷിക്കുന്ന 16 ഒഴിവുകളിലേയ്ക്കുള്ള നിയമന ശിപാർശ നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വിഭാഗങ്ങളിലായി 54 അസിസ്റ്റന്റ് തസ്തികകൾ ഉൾപ്പെടെ 120 തസ്തികകൾ പി.എസ്.സി.-യിൽ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ വിവിധ വിഭാഗങ്ങളിലായി 21 പുതിയ തസ്തികകൾകൂടി അനുവദിക്കണമെന്ന പി.എസ്.സി.-യുടെ അഭ്യർത്ഥന സർക്കാർ പരിശോധിച്ചുവരികയുമാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള ക്ഷേമപദ്ധതികൾ**

23 (1842) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിനായി കേന്ദ്രസർക്കാർ സഹായത്തോടെ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിൽ ഏതെങ്കിലും കേന്ദ്ര പദ്ധതികൾ സംസ്ഥാനത്തിന്റെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നവയല്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തി പുനരാവിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ബി.പി.എൽ. വിഭാഗത്തിലുള്ള മുതിർന്ന പൗരന്മാർക്ക് അവശ്യസഹായ ഉപകരണങ്ങളായ ശ്രവണസഹായി, വീൽ ചെയർ, വാക്കിംഗ് സ്റ്റിക്ക്, ദന്തനിര, കണ്ണടകൾ എന്നിവ പൂർണ്ണമായും സൗജന്യമായി നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ വയോശ്രീ യോജന. ടി പദ്ധതി വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു. തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് നടപ്പിലാക്കി വരുന്നത്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എ.എൽ.ഐ.എം.സി.ഒ. എന്ന സ്ഥാപനത്തെയാണ് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

വയോജനങ്ങളുടെ അടിസ്ഥാന ക്ഷേമത്തിനും ഉന്നമനത്തിനുമായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് Integrated Programme for Older person (IPOP). തെരഞ്ഞെടുക്കപ്പെടുന്ന എൻ.ജി.ഒ.-കൾ മുഖേന പദ്ധതി നടപ്പിലാക്കിവരുന്നു. ലഹരി ഉപഭോഗത്തിനെതിരെ ബോധവത്കരണം നടത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്ര പദ്ധതിയാണ് Integrated Rehabilitation Centre for Addicts (IRCA). NGO മുഖാന്തരം ടി പദ്ധതി നടപ്പിലാക്കുന്നു.

ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അവരുടെ കഴിവിനെ ഉയർത്തുന്നതിനും സാമൂഹ്യപരമായി തുല്യത നേടിക്കൊടുക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് Deen Dayal Disabled Rehabilitation Scheme (DDRS). തെരഞ്ഞെടുത്ത എൻ.ജി.ഒ.-കൾ മുഖേന വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ പദ്ധതിപ്രകാരം നടപ്പിലാക്കുന്നു.

ഭിന്നശേഷിക്കാരായ ആളുകൾക്ക് അനുയോജ്യമായി ശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള നിലവാരമുള്ള സഹായ ഉപകരണങ്ങൾ നൽകാനുദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് Assistance to Disabled persons for purchase/fitting of AID/Appliances (ADIP). ISI നിലവാരമുള്ള ഉപകരണങ്ങളാണ് ടി പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്. സർക്കാർ സ്ഥാപനങ്ങൾ/എൻ.ജി.ഒ.-കൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്**

24 (1843) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദ വിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ജനസാന്ത്വന പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉത്തരവ് ഇറങ്ങുന്ന മുറയ്ക്ക് ഈ പദ്ധതിയിലേയ്ക്ക് ലഭിച്ച അപേക്ഷയിന്മേൽ തീർപ്പ് ഉണ്ടാകുന്നതാണ്.

(ബി&സി) നിലവിൽ ജനസാന്ത്വന പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അപേക്ഷകൾ മുഖ്യമന്ത്രിയുടെ ഓഫീസിലും ധനകാര്യമന്ത്രിയുടെ ഓഫീസിലും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിലും വിവിധ ജില്ലാ കളക്ടറേറ്റുകളിലും സ്വീകരിക്കുന്നതാണ്.

**ഭൂരേഖ ശേഖരണവും ആധാരവും**

25 (T 1844) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഭൂരേഖാ ശേഖരണത്തിന്റെ ഭാഗമായി, ബാങ്കിൽ പണയം വെച്ചിരിക്കുന്ന ആധാരങ്ങൾക്ക് , ബാങ്ക് നൽകുന്ന എഴുത്ത് ഹാജാരക്കേണ്ടതിനായി പ്രസ്തുത രേഖ നൽകുന്നതിനു ബാങ്ക് വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ജനങ്ങളുടെ ബുദ്ധിമുട്ട് കുറയ്ക്കാൻ ഉതകുന്ന രീതിയിൽ എന്തെങ്കിലും നടപടികൾ ഇതിനായി സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നാറ്റ്പാക് നിയമനങ്ങളും യോഗ്യതകളും**

26 (1845) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാറ്റ്പാകിൽ ഡയറക്ടറുടെ പി.എ. തസ്തികയിലേക്ക് വേണ്ട യോഗ്യത എന്താണ്; പ്രസ്തുത യോഗ്യതയുള്ള സ്ഥിരജീവനക്കാർ നാറ്റ്പാകിൽ സേവനം അനുഷ്ഠിക്കുന്നുണ്ടോ; അവരുടെ വിശദ വിവരം ലഭ്യമാക്കുമോ; ഇപ്പോൾ നാട്പാക് ഡയറക്ടറുടെ പി.എ. ആയി സേവനം അനുഷ്ഠിക്കുന്നത് ഇവരിൽ ആരെങ്കിലും ആണോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

---

T ' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.'

(ബി) നാറ്റ്പാകിൽ ഡയറക്ടറുടെ സി.എ. എന്ന തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയ്ക്ക് വേണ്ട യോഗ്യത എന്താണ്; ഡയറക്ടറുടെ സി.എ. എന്ന തസ്തികയിൽ ഇപ്പോൾ നാറ്റ്പാകിൽ ആരെങ്കിലും സേവനം അനുഷ്ഠിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അദ്ദേഹത്തിന് പ്രസ്തുത യോഗ്യതകൾ ഉണ്ടോ;

(സി) നാറ്റ്പാകിലെ ഇ.എസ്.ഡി.-യിൽ പ്രൊജക്റ്റ് അസ്സോസിയേറ്റ് (MCA) ആയി രേഖപ്പെടുത്തിയിരിക്കുന്ന ശ്രീ.അനൂപ്, ഡയറക്ടർ - ഇൻ - ചാർജിന്റെ ഓഫീസിൽ ഏത് തസ്തികയിലാണ് സേവനം അനുഷ്ഠിക്കുന്നത്; പ്രസ്തുത തസ്തികയിലേക്കുള്ള യോഗ്യത എന്താണ്;

(ഡി) നാട്പാകുമായി ബന്ധപ്പെട്ട W.P.(c)16498/11(J) നമ്പർ റിട്ട് പ്രകാരം ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ള കേസിന്റെ അന്തിമ വിധി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത റിട്ട് പെറ്റീഷന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

i. അംഗീകൃത സർവ്വകലാശാലാ ബിരുദം, കമ്പ്യൂട്ടർ സാക്ഷരത, സ്റ്റെനോഗ്രാഫറായി 5 വർഷത്തെ പ്രവൃത്തി പരിചയം. (കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ റൂളിന്റെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പ് അനുബന്ധം ഒന്നായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.*)

ii. ഉണ്ട്. ശ്രീ. എബി ജോർജ്ജ്, പി.എ. ടു ഡയറക്ടർ, ഗ്രേഡ്-4, ശ്രീ. എബി ജോർജ്ജ് 19-08-2006 മുതൽ പി.എ. ടു ഡയറക്ടർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നു.

iii. ഇപ്പോൾ പി.എ.ടു ഡയറക്ടർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നത് ശ്രീ. എബി ജോർജ്ജ് ആണ്.

(ബി)

i. ഇല്ല.

ii. ബാധകമല്ല.

iii. ഇല്ല.

iv. ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി)

i. പ്രോജക്ട് അസോസിയേറ്റ് (എം.സി.എ.)

ii. പ്രസ്തുത തസ്തികയിലേയ്ക്കുള്ള യോഗ്യത എം.സി.എ. ആണ്.

(ഡി)

i. ഇല്ല.

ii. ബാധകമല്ല.

iii. പ്രസ്തുത കേസിന്റെ സ്റ്റാറ്റസ് "പെൻഡിംഗ്" എന്നാണ് മനസ്സിലാക്കുന്നത്.

**കുന്ദമംഗലത്തെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ്**

27 (1847) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ കുന്ദമംഗലത്ത് നിലവിലുള്ള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവിടെ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സർക്കാരിന് പ്രത്യേക സാമ്പത്തിക ബാദ്ധ്യത വരാത്തതരത്തിൽ മാത്തമാറ്റിക്സിന്റെ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ പ്രസ്തുത കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഗണിതശാസ്ത്ര ഗവേഷണം അഭിവൃദ്ധിപ്പെടുത്തുക, ഗണിതശാസ്ത്ര പ്രതിഭകളെ കണ്ടെത്തുക എന്നീ ഉദ്ദേശ്യങ്ങളോടെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും ഇന്ത്യ ഗവൺമെന്റിന്റെ കീഴിലുള്ള ആണവോർജ്ജ വകുപ്പും സംയുക്തമായി തുടങ്ങിയ സ്ഥാപനമാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്. ഗണിതശാസ്ത്ര ഗവേഷണം രാജ്യത്ത്, പ്രത്യേകിച്ചും കേരളത്തിൽ പ്രോത്സാഹിപ്പിക്കുകയെന്ന മുഖ്യ ലക്ഷ്യത്തോടെയാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. ഈ ലക്ഷ്യത്തെ മുൻനിർത്തിയുള്ള ഗവേഷണ പഠന പ്രവർത്തനങ്ങളാണ് കെ.എസ്.ഒ.എം.-ന്റേത്. ഗണിതശാസ്ത്ര വിഷയങ്ങളിൽ പരിശീലനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായുള്ള പഠന പ്രവർത്തനങ്ങളാണ് നിലവിൽ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

ആസൂത്രണം ചെയ്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഗണിതശാസ്ത്രത്തിലെ വിവിധ പഠന ശാഖകളിലുള്ള ശിൽപ്പശാലകൾ, പ്രസ്തുത ശിൽപ്പശാലകളുടെ ഏകവിഷയക പ്രബന്ധങ്ങളുടെയും വ്യവഹാര വിവരണത്തിന്റെയും പ്രസിദ്ധീകരണം, അന്തർദേശീയ ശിൽപ്പശാലകൾ, കേരളത്തിലെ ഗണിത ശാസ്ത്ര അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള പരിശീലന ക്ലാസ്സുകൾ, തുടർ പരിശീലന പദ്ധതികൾ, വിദേശ യൂണിവേഴ്സിറ്റികളിൽ നിന്നുമുള്ള ഗണിതശാസ്ത്ര പ്രഗത്ഭരുടെ ശിൽപ്പശാലകൾ തുടർ പരിശീലന പദ്ധതികൾ, വിദ്യാർത്ഥികൾക്കായി അടിസ്ഥാന ഗണിത ശാസ്ത്രത്തിലുള്ള പ്രത്യേക പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയെല്ലാം ഈ കേന്ദ്രം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പഠന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. വിദേശ യൂണിവേഴ്സിറ്റികളും ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് അന്തർദ്ദേശീയ നിലവാരമുള്ള ശിൽപ്പശാലകളും സംഘടിപ്പിച്ചുവരുന്നു. ഗവേഷണ ബിരുദത്തിനായി വിദ്യാർത്ഥികൾ ഈ കേന്ദ്രത്തിൽ പ്രവേശനം നേടി പഠനം നടത്തുന്നുണ്ട്.

(ബി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

### ഗ്രീൻ ക്ലൈമറ്റ് ഫണ്ട്

28 (1848) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രീൻ ക്ലൈമറ്റ് ഫണ്ടിനായി എത്ര പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്; എത്ര പ്രൊപ്പോസലുകൾ സമർപ്പിക്കാനായി പരിഗണനയിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; ഇതിനായി ഫണ്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

#### ഉത്തരം

(എ) സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന മൂന്ന് പദ്ധതികൾ ഗ്രീൻ ക്ലൈമറ്റ് ഫണ്ട് ലഭിക്കുന്നതിനായി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

1. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, പാലക്കാട് (ഐ.ആർ.റ്റി.സി.)-യുടെ പ്രോജക്ടായ 'Participatory ecosystem action for climate resilience and climate change impact alleviation in the Palakkad gap of Western Ghats, Kerala'

2. Improving the resilience of vulnerable communities and coastal stretches to heightened climate change induced impacts in Kerala

3. ഇറിഗേഷൻ വകുപ്പിന്റെ Climate Proofing of Bharathapuzha Basin for Ecosystem Conservation and Sustainable Livelihood Support. നിലവിൽ പ്രൊപ്പോസൽ ഒന്നുംതന്നെ പരിഗണനയിലില്ല.

(ബി) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് (NAFCC) നിന്നും NABARD മുഖേന 25 കോടി രൂപ "Promotion of Integrated farming system in Kaippad & Pokkali in Coastal wetlands of Kerala" എന്ന പദ്ധതി നടപ്പാക്കുന്നതിനായി ലഭിച്ചിട്ടുണ്ട്. Agency for Development of Aquaculture (ADAK) മുഖേനയുള്ള ഈ പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. രണ്ടാംഘട്ടം ഫണ്ടിനായി നബാർഡിലേയ്ക്ക് പദ്ധതി പുരോഗതി വിവരം, തുക വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ നൽകിയിട്ടുണ്ട്.

കൂടാതെ, കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രോഗാണുവാഹക രോഗങ്ങളും കാലാവസ്ഥാ വ്യതിയാന ആഘാതങ്ങളും കേരളത്തിലെ ഹൈറേഞ്ചിന്റെ ഭൗമശാസ്ത്ര ചരിത്രപഠനം, തണ്ണീർത്തടത്തിന്റെ കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ദോഷപൂർണ്ണതാ വ്യാപ്തി, കാർബൺ സന്തുലിത കേരളത്തിനായി കാർബൺ ഫൂട്ട് പ്രിന്റ് അളവുകളുടെ വിശകലനവും കാർബൺ ബഡ്ജറ്റിംഗും ഗ്രാമ-നഗര പ്രദേശങ്ങളിലെ അവസ്ഥാന്തരങ്ങൾ പ്രാദേശിക കാലാവസ്ഥയെ എങ്ങനെ സ്വാധീനിക്കുന്നുവെന്നതിനെക്കുറിച്ചുള്ള ഗവേഷണം, കാലാവസ്ഥാ മാറ്റങ്ങൾ ചില പ്രാദേശിക സസ്യവർഗ്ഗങ്ങളിലെ ഫിനോളജിയിൽ ചെലുത്തുന്ന സ്വാധീനം, നീലഗിരി ബയോ സ്പിയർ എന്ന പ്രദേശത്തെ കേന്ദ്രീകരിച്ചുള്ള പഠനം തുടങ്ങിയ ഗവേഷണ പദ്ധതികളും നടന്നു വരുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് വിജ്ഞാനകേന്ദ്രം പൂർത്തിയാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ ശാസ്ത്രസാങ്കേതിക വകുപ്പ് രണ്ടര കോടി രൂപ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന് അനുവദിച്ചിട്ടുണ്ട്.

## സി.ആർ.ഇസഡ്. മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഇളവ്

29 (1849) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസഡ്. മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഇളവ് ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുവദിച്ചിട്ടുള്ളത്;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള സർക്കാർ കെട്ടിടങ്ങൾ, ടൂറിസം പ്രവൃത്തികൾ, ആശുപത്രികൾ, ഫയർസ്റ്റേഷൻ, ഫയർ ബോട്ട് തുടങ്ങിയവയ്ക്കുള്ള സർക്കാർ നിർമ്മാണത്തിനും ഇളവ് അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2011 ജനവരി 6-ലെ ഭാരതീയ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിൽ സി.ആർ.ഇസഡ്. മേഖലകളെ നാലായി തരംതിരിച്ചിരിക്കുന്നു. പ്രസ്തുത മേഖലകളിൽ ചുവടെ ചേർത്തിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്.

സി.ആർ.ഇസഡ്.-1

1. ആണവോർജ്ജ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ, ചുഴലി കൊടുങ്കാറ്റുകളുടെ നീക്കങ്ങൾ വിലയിരുത്തുന്നതിനും, ഭാരതീയ കാലാവസ്ഥ നിരീക്ഷണ വിഭാഗത്തിന്റെ കാലാവസ്ഥ പ്രവചനത്തിനുമായുള്ള കാലാവസ്ഥ റഡാർ സ്ഥാപിക്കൽ

2. ഡിസ്പെൻസറികൾ, സ്കൂളുകൾ, പൊതുമഴമറകൾ, പൊതു ശൗചാലയങ്ങൾ, പാലങ്ങൾ, റോഡുകൾ, ബോട്ട് ജട്ടികൾ, ജല വിതരണത്തിനുള്ള സൗകര്യങ്ങൾക്കായുള്ള കരുതൽ നടപടികൾ, അഴുക്കുചാലുകൾ

3. നിർലവണീകരണ പ്ലാന്റുകൾ

4. വിജ്ഞാപിത തുറമുഖങ്ങളിൽ അപായകരമല്ലാത്ത ചരക്കുകളുടെ സൂക്ഷിപ്പ്.

സി.ആർ.ഇസഡ്.-II

1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുക, അവയുടെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുക.

2. ഡിസ്പെൻസറികൾ, സ്കൂളുകൾ, പൊതുമഴമറകൾ, പൊതു ശൗചാലയങ്ങൾ, പാലങ്ങൾ, റോഡുകൾ, ബോട്ട് ജട്ടികൾ, ജല വിതരണത്തിനുള്ള സൗകര്യങ്ങൾക്കായുള്ള കരുതൽ നടപടികൾ, അഴുക്കു ചാലുകൾ, നിർലവണീകരണ പ്ലാന്റുകൾ തുടങ്ങിയവയുടെ നിർമ്മാണം.

3. നിലവിലുള്ള പാതയിൽ നിന്നും കരയുടെ ഭാഗത്തേയ്ക്കോ അതോ നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽ നിന്നും കരയുടെ ഭാഗത്തേയ്ക്കോ മാത്രമേ കെട്ടിടങ്ങൾ അനുവദിക്കുകയുള്ളൂ.

4. നിലവിലുള്ള തറവിസ്തൃതി/സൂചിക/തറവിസ്തൃതി അനുപാത മാനദണ്ഡങ്ങൾക്കനുസൃതമായും, നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്താതെയും അംഗീകൃത നിർമ്മിതികൾക്ക് പുനർ നിർമ്മാണം അനുവദനീയമാണ്.

<u>സി.ആർ.ഇസഡ്.-III</u>

1. മത്സ്യബന്ധന തൊഴിലാളി സമൂഹം അടങ്ങുന്ന പാരമ്പര്യ തീരദേശ സമൂഹത്തിൽ വേലിയേറ്റ രേഖയിൽ നിന്നും നൂറു മുതൽ ഇരുന്നൂറ് മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി 66 $m^2$ വരെയുള്ള പുതിയ നിർമ്മാണം നടത്താവുന്നതാണ്.

2. വികസന നിഷിദ്ധ മേഖല (എൻ.ഡി.ഇസഡ്.)-ൽ നിലവിലുള്ള തറ വിസ്തൃതിയിൽ കവിയാത്തവിധത്തിൽ പുനർനിർമ്മാണം അനുവദനീയമാണ്.

3. ഡിസ്പെൻസറികൾ, സ്കൂളുകൾ, പൊതുമഴമറകൾ, പൊതു ശൗചാലയങ്ങൾ, പാലങ്ങൾ, റോഡുകൾ, ബോട്ട് ജട്ടികൾ, ജല വിതരണത്തിനുള്ള സൗകര്യങ്ങൾക്കായുള്ള കരുതൽ നടപടികൾ, അഴുക്കു ചാലുകൾ, സെമിത്തേരികൾ, ശ്മശാനങ്ങൾ, വൈദ്യുതി ഉപകേന്ദ്രങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം.

4. തദ്ദേശമത്സ്യത്തൊഴിലാളി സമൂഹത്തിന് ആവശ്യമായ സൗകര്യങ്ങളായ മീനുണക്കൽ കളങ്ങൾ, ലേല കേന്ദ്രങ്ങൾ, വല നന്നാക്കൽ കളങ്ങൾ, പാരമ്പരാഗത വഞ്ചി നിർമ്മാണ കളങ്ങൾ, ഐസ് പ്ലാന്റുകൾ, ഐസ് പൊടിക്കൽ യൂണിറ്റുകൾ, മത്സ്യ സംസ്കരണ സൗകര്യങ്ങൾ മുതലായവയുടെ നിർമ്മാണം. 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ ഹോട്ടലുകളോ കടൽതീര റിസോർട്ടുകളോ നിർമ്മിക്കാവുന്നതാണ്.

സി.ആർ.ഇസഡ്.-IV

1. തദ്ദേശ മത്സ്യത്തൊഴിലാളി സമൂഹത്തിന് ആവശ്യമായ സൗകര്യങ്ങളായ മീനുണക്കൽ കളങ്ങൾ, ലേല കേന്ദ്രങ്ങൾ, വലനന്നാക്കൽ കളങ്ങൾ, പരമ്പരാഗത വഞ്ചി നിർമ്മാണ കളങ്ങൾ, ഐസ് പ്ലാന്റുകൾ, ഐസ് പൊടിക്കൽ യൂണിറ്റുകൾ, മത്സ്യ സംസ്കരണ സൗകര്യങ്ങൾ മുതലായവയുടെ നിർമ്മാണം.

(ബി) സി.ആർ.ഇസഡ്.-III മേഖലയിൽ മത്സ്യബന്ധന തൊഴിലാളി സമൂഹം അടങ്ങുന്ന പാരമ്പര്യ തീരദേശ സമൂഹത്തിൽ വേലിയേറ്റ രേഖയിൽ നിന്നും നൂറു മുതൽ ഇരുന്നൂറു മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി 66 $m^2$ വരെയുള്ള പുതിയ നിർമ്മാണം നടത്താവുന്നതാണ്. കൂടാതെ, തദ്ദേശ മത്സ്യത്തൊഴിലാളി സമൂഹത്തിന് ആവശ്യമായ സൗകര്യങ്ങളായ മീനുണക്കൽ കളങ്ങൾ, ലേല കേന്ദ്രങ്ങൾ, വല നന്നാക്കൽ കളങ്ങൾ, പരമ്പരാഗത വഞ്ചി നിർമ്മാണ കളങ്ങൾ, ഐസ് പ്ലാന്റുകൾ, ഐസ് പൊടിക്കൽ യൂണിറ്റുകൾ, മത്സ്യ സംസ്കരണ സൗകര്യങ്ങൾ മുതലായവയുടെ നിർമ്മാണവും 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ ഹോട്ടലുകളോ കടൽതീര റിസോർട്ടുകളോ നിർമ്മിക്കാവുന്നതുമാണ്. സി.ആർ.ഇസഡ്. IV മേഖലയിൽ തദ്ദേശമത്സ്യത്തൊഴിലാളി സമൂഹത്തിനാവശ്യമായ സൗകര്യങ്ങളായ മീനുണക്കൽ കളങ്ങൾ, ലേലകേന്ദ്രങ്ങൾ, വല നന്നാക്കൽ കളങ്ങൾ, ഐസ് പ്ലാന്റുകൾ, ഐസ് പൊടിക്കൽ യൂണിറ്റുകൾ, മത്സ്യ സംസ്കരണ സൗകര്യങ്ങൾ മുതലായവയുടെ നിർമ്മാണം നടത്താവുന്നതാണ്. ഡിസ്പെൻസറികൾ, സി.ആർ.ഇസഡ്.-I, II, III മേഖലകളിൽ അനുവദനീയമാണ്.

ഫയർ സ്റ്റേഷനും അതിനോടനുബന്ധിച്ചുള്ള പ്രവർത്തികളും അനുവദനീയമല്ല.

## തീരദേശ പരിപാലന അതോറിറ്റിയിലെ കെട്ടിട നിർമ്മാണ അനുമതി അപേക്ഷകൾ

30 (1850) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾക്ക് അപേക്ഷ സമർപ്പിച്ചവർ മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തീരദേശ പരിപാലന അതോറിറ്റിയിൽ കെട്ടിക്കിടക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് ആവശ്യമായ ടെക്നിക്കൽ ജീവനക്കാർ ഇല്ലാത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1-4-2017-ലെ സ.ഉ.(കൈ) നമ്പർ 3/2017/പരി. പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റിയിൽ 9 തസ്തികകളിൽ (4 എണ്ണം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും 5 എണ്ണം കരാർ അടിസ്ഥാനത്തിലും) സൃഷ്ടിച്ചിട്ടുണ്ട്. ടി ഉത്തരവുപ്രകാരം തീരദേശ പരിപാലന അതോറിറ്റിയിൽ കരാർ വ്യവസ്ഥയിൽ നിയമിതരായ 4 പ്രോജക്ട് ഫെല്ലോസിന്റെയും, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെയും സഹായത്തോടെ കെട്ടിക്കിടക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷകൾ തീർപ്പാക്കിവരികയാണ്.

**കാലാവസ്ഥ നിരീക്ഷണ സംവിധാനങ്ങൾ**

31 (T 1851) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ ക്ഷോഭങ്ങളെക്കിറിച്ച് മുൻകൂട്ടി അറിയുവാൻ ഉതകുന്ന കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; നിലവിലുള്ള നിരീക്ഷണ സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കാലാവസ്ഥ വ്യതിയാനങ്ങളെക്കുറിച്ച് യഥാസമയം വിവരം ലഭ്യമാക്കുവാൻ ശാസ്ത്രീയ സംവിധാനം ഉണ്ടാകണമെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ, കടൽക്ഷോഭം ഉണ്ടാകുമ്പോഴും, കടൽമേഖലയിലെ കാറ്റിന്റെ വേഗം അപകടകരമായി ഉയരുമ്പോഴും (45 km/hr) മത്സ്യബന്ധനത്തിന് പോകുന്നവർക്ക് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ദൂരദർശനിയിലൂടെയും റേഡിയോയിലൂടെയും മുന്നറിയിപ്പ് നൽകുന്നുണ്ട്. കൂടാതെ, ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന INCOIS (India National Centre for Ocean Information Services)എന്ന സ്ഥാപനവും കടൽക്ഷോഭങ്ങളെ സംബന്ധിച്ച മുന്നറിയിപ്പ് നൽകുന്നുണ്ട്.

---

T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.'

## അരൂർ മത്സ്യവിഭവ മേഖലയിൽ പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ്

32 (1852) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ ഏറ്റവും കൂടുതൽ മത്സ്യവിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥലം എന്ന നിലയിൽ കേന്ദ്ര സർക്കാർ സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ് അരൂർ മത്സ്യവിഭവ മേഖലയെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധാരാളം മത്സ്യ അനുബന്ധ പീലിംങ്ങ് തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ ഒരു പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് (Common ETP) സ്ഥാപിക്കുമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിട്ടാണ് ഇവിടുത്തെ പരിസ്ഥിതി മലിനീകരണ പ്രശ്നം സംബന്ധിച്ച് താത്കാലിക അനുവാദം നേടി പ്ലാന്റുകൾ പ്രവർത്തിക്കുന്നത് എന്നകാര്യം അറിയാമോ;

(സി) ഇ.ടി.പി. സ്ഥാപിക്കുന്നതിന് പൊല്ല്യൂഷൻ കൺട്രോൾ ബോർഡ് അംഗീകരിച്ച് ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനായുള്ള എസ്.പി.വി. തയ്യാറാക്കിയ പ്രോജക്ട് നടപ്പാക്കാനായുള്ള അനുവാദവും ഫണ്ടും ലഭ്യമാക്കുന്ന തിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതെ.

(സി) 30-12-2013 തീയതിയിലെ ജി.ഒ.(ആർ.ടി.) നമ്പർ 191/2013/ ഇ.എൻ.വി.റ്റി. പ്രകാരം ആലപ്പുഴ ജില്ലയിലെ ചന്തിരൂർ പുത്തൻതോടിന്റെ മലിനീകരണം കുറയ്ക്കുന്നതിനായി പൊതു മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിരുന്നു. തുടർന്ന് ഈ ആവശ്യത്തിലേയ്ക്കായി സർക്കാർ 3 കോടി രൂപ അനുവദിക്കുകയുണ്ടായി. Accept Environment Solution Private Limited (Special Purpose Vehicle) മുഖാന്തരമാണ് പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട അധിക തുക കണ്ടെത്തുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുവാൻ ഏജൻസികൾ

33 (1853) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ സമയബന്ധിതമായി ശേഖരിക്കുവാൻ ഏജൻസികൾ ഇല്ലാത്തത് മാലിന്യമുക്ത കേരളമെന്ന പദ്ധതിയ്ക്ക് തടസമാവുമെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഏജൻസികൾ അഥവാ ഉണ്ടെങ്കിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രസ്തുത ഏജൻസികൾക്ക് കൈമാറുന്ന രീതിയിലേക്ക് ജനങ്ങളെ ബോധവൽകരിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സർക്കാർ സഹായത്തോടെ ഇത്തരം ഏജൻസികൾ കൂടുതലായി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വീടുകൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ സമയബന്ധിതമായി പൂർണ്ണമായും ശേഖരിക്കുന്നതിന് പരിമിതികൾ ഉണ്ടെങ്കിലും അത് മറികടക്കാനുള്ള പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നത്.

(ബി) അജൈവ മാലിന്യ പരിഹാരത്തിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.എസി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) എന്നീ പശ്ചാത്തല സൗകര്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരുക്കുകയും ഹരിത കർമ്മസേന മുഖേന അജൈവ മാലിന്യം ശേഖരിക്കുന്നതിനുള്ള നടപടികളുമാണ് ചിട്ടപ്പെടുത്തിവരുന്നത്. ആർ.ആർ. എഫ്.-ൽ എത്തുന്ന പ്ലാസ്റ്റിക് മാലിന്യം ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിൽ പുനഃചംക്രമണത്തിനായുള്ള സ്ഥാപനങ്ങൾക്ക് കൈമാറും. ഹരിതകർമ്മസേനയുടെ ഉത്തരവാദിത്വത്തിൽ ഇക്കാര്യത്തിലുള്ള ബോധവത്കരണം നേരിട്ട് നടത്തുന്നതിനുള്ള നടപടികളും ഉണ്ടാകും. കൂടാതെ വിവിധ മാധ്യമങ്ങളിലൂടെ ശുചിത്വ മിഷന്റെ ഉത്തരവാദിത്വത്തിലും സുരക്ഷിത പ്ലാസ്റ്റിക് മാലിന്യ പരിപാലനത്തിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(സി) ക്ലീൻ കേരള കമ്പനിയല്ലാതെ കൂടുതൽ ഏജൻസികൾ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**റീജിയണൽ സയൻസ് സെന്ററിന്റെയും പ്ലാനറ്റോറിയത്തിന്റെയും നിർമ്മാണം**

34 ([T] 1854) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിനോട് ചേർന്ന സ്ഥലത്ത് അനുവദിച്ചിട്ടുള്ള റീജിയണൽ സയൻസ് സെന്ററിന്റെയും പ്ലാനറ്റോറിയത്തിന്റെയും നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) എന്തെല്ലാം സംവിധാനങ്ങളാണ് ഈ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി റൂം, ഇലക്ട്രിക്കൽ റൂം, മെയിൻ ബ്ലോക്ക് എന്നീ കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാനറ്റോറിയത്തിന്റെ കെട്ടിട നിർമ്മാണം 50% പൂർത്തീകരിച്ചു.

(ബി) മൂന്ന് ശാസ്ത്ര ഗാലറികൾ, 3 ഡി തിയേറ്റർ, കഫറ്റേരിയ, സ്മാർട്ട് ക്ലാസ് റൂം, ലൈബ്രറി, ഓഫീസ് ഏരിയ, വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, 15 മീറ്റർ വ്യാസമുള്ള ഡിജിറ്റൽ പ്ലാനറ്റോറിയം, സയൻസ് മൊമെന്റോ കോർണർ എന്നീ സംവിധാനങ്ങളാണ് ഈ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത നിർമ്മാണം 2018 ഒക്ടോബറിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് പണികൾ നടന്നുവരുന്നു.

**സി-ഡിറ്റ്.-ലെ ഗവേഷകരുടെ പ്രൊമോഷൻ**

35 (1855) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രോണിക്സ് വിവര സാങ്കേതിക വിദ്യ വകുപ്പിന്റെ കീഴിലുള്ള സി-ഡിറ്റിൽ സയന്റിസ്റ്റ് വിഭാഗത്തിൽപ്പെടുന്ന എത്ര ഗവേഷകർ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

---

T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.'

(ബി) പ്രസ്തുത ജീവനക്കാർക്ക് കേന്ദ്ര സർക്കാർ നിയമം അനുസരിച്ച് സി.എസ്.ഐ.ആർ. ശമ്പള സ്കെയിലാണോ നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് സി-ഡിറ്റിൽ നിയമനം ലഭിച്ച തീയതിയും ഇതുവരെ ഇവർക്ക് എത്ര പ്രൊമോഷനും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് സി-ഡിറ്റിൽ ആദ്യ നിയമനം ലഭിച്ചപ്പോൾ ഉള്ള തസ്തികയും മാസശമ്പളവും, നിലവിലുള്ള തസ്തികയും ഇപ്പോൾ ലഭിക്കുന്ന ശമ്പളവും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ജീവനക്കാർ സി.എസ്.ഐ.ആർ. ചട്ടപ്രകാരം ഗവേഷണം നടത്തി സി-ഡിറ്റിന്/സർക്കാരിന് ഗവേഷണ പേപ്പറുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(എഫ്) സി-ഡിറ്റി.-ലെ സയന്റിസ്റ്റ് വിഭാഗത്തിൽപ്പെടുന്ന ഏതെങ്കിലും ജീവനക്കാർക്ക് ഗവേഷണ പേപ്പറുകൾ സമർപ്പിക്കാതെയോ/ജേർണലുകളിൽ പരസ്യപ്പെടുത്താതെയോ കേന്ദ്ര പേ-റിവിഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേര് വ്യക്തമാക്കുമോ;ഇല്ലെങ്കിൽ സി.എസ്.ഐ.ആർ. ശമ്പളം നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ജി) സി-ഡിറ്റിലെ സയന്റിസ്റ്റ് വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും ജീവനക്കാർക്ക് മറ്റേതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളിലെ ജോലിയുടെ കാലയളവ് സർവ്വീസ് ആയി പരിഗണിച്ച് സയന്റിസ്റ്റ് തസ്തികയിൽ പ്രമോഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ പേരും തസ്തികയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സി-ഡിറ്റിൽ സയന്റിസ്റ്റ് വിഭാഗത്തിൽപ്പെടുന്ന 14 ജീവനക്കാരുണ്ട്. പ്രസ്തുത ജീവനക്കാർക്ക് കേന്ദ്ര സർക്കാരിന്റെ സി.എസ്.ഐ.ആർ. നിരക്കിലുള്ള ശമ്പള സ്കെയിലാണ് നൽകുന്നത്. പ്രസ്തുത ജീവനക്കാർക്ക് സി-ഡിറ്റി.-ൽ നിയമനം ലഭിച്ച തീയതിയും ഇതുവരെ ലഭിച്ച പ്രൊമോഷനുകളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | നിയമനം ലഭിച്ച തീയതി | ലഭിച്ച പ്രൊമോഷനുകളുടെ എണ്ണം |
|---|---|---|---|
| 1 | ശ്രീ. പി. വി. ഉണ്ണികൃഷ്ണൻ | 3-6-88 | 4 |
| 2 | ശ്രീ. ജയരാജ്. ജി. | 17-10-89 | 3 |
| 3 | ശ്രീ. സജി നാരായണൻ | 7-6-91 | 3 |
| 4 | ശ്രീ. എം. ആർ. മോഹന ചന്ദ്രൻ | 7-6-91 | 3 |
| 5 | ഡോ. ഗോവിന്ദരു | 1-12-97 | 1 |
| 6 | ശ്രീ. ജയരാജ്. എൻ | 5-10-98 | 1 |
| 7 | ശ്രീമതി ദീപ. എൻ. | 15-12-95 | 1 |
| 8 | ശ്രീ. രമേശ്. വി | 30-11-95 | 1 |
| 9 | ശ്രീ. ബിജു. എസ്.ബി | 5-10-98 | 1 |
| 10 | ശ്രീ. മനോജ് കൃഷ്ണൻ | 6-10-98 | 1 |
| 11 | ശ്രീ. ദാമോദർ പ്രസാദ് | 6-10-98 | 1 |
| 12 | ശ്രീ. റ്റി. പി. സുധാകരൻ | 28-9-98 | ഇല്ല |
| 13 | ശ്രീ. കെ. എം. ഷാജഹാൻ | 3-8-90 | 2 |
| 14 | ശ്രീ. ജേക്കബ് ജോർജ് | 1-9-96 | 1 |

(ഡി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | നിയമനം ലഭിച്ച തസ്തിക | ശമ്പള സ്കെയിൽ | നിലവിലെ തസ്തിക | നിലവിലെ ശമ്പള സ്കെയിൽ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | ശ്രീ. പി. വി. ഉണ്ണികൃഷ്ണൻ | രജിസ്ട്രാർ | 2200-4000 | ജോയിന്റ് ഡയറക്ടർ (സയന്റിസ്റ്റ് എഫ്) | 37400-67000 + ഗ്രേഡ് പേ 8900 |
| 2 | ശ്രീ. ജയരാജ്.ജി | ഡെപ്യൂട്ടി ഡയറക്ടർ (പ്രോജക്ട്സ്) | 2200-4000 | രജിസ്ട്രാർ (സയന്റിസ്റ്റ് ഇ 2) | 37400-67000 +ഗ്രേഡ് പേ 8700 |
| 3 | ശ്രീ. സജി നാരായണൻ | സയന്റിഫിക് ഓഫീസർ | 2000-3500 | എഞ്ചിനീയർ, ഇലക്ട്രിക്കൽ (സയന്റിസ്റ്റ് ഇ 1) | 15600-39100 ഗ്രേഡ് പേ 7600/- |
| 4 | ശ്രീ. എം. ആർ. മോഹനചന്ദ്രൻ | സയന്റിഫിക് ഓഫീസർ | 2000-3500 | സയന്റിസ്റ്റ് സിവിൽ (ഇ 1) | 15600-39100 ഗ്രേഡ് പേ 7600/- |
| 5 | ഡോ. ഗോവിന്ദരു | സയന്റിസ്റ്റ് സി | 3000-4500 | സയന്റിസ്റ്റ് (ജിയോ ഇൻഫർമാറ്റിക്സ് ഇ 1) | 15600-39100 ഗ്രേഡ് പേ 7600/- |
| 6 | ശ്രീ. ജയരാജ്.എൻ. | സയന്റിസ്റ്റ് ബി | 2200-4000 | സയന്റിസ്റ്റ് സി (സോഫ്റ്റ്‌വെയർ) | 15600-39100 ഗ്രേഡ് പേ 6600/- |
| 7 | ശ്രീമതി ദീപ. എൻ. | സയന്റിഫിക് ഓഫീസർ (കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ) | 2000-3500 | സയന്റിസ്റ്റ് സി (സോഫ്റ്റ്‌വെയർ) | 15600-39100 ഗ്രേഡ് പേ 6600/- |
| 8 | ശ്രീ. രമേശ്. വി | എഡിറ്റർ | 2200-4000 | എഡിറ്റർ, (സയന്റിസ്റ്റ് സി ഗ്രേഡ്) | 15600-39100 ഗ്രേഡ് പേ 6600/- |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 9 | ശ്രീ. ബിജു. എസ്. ബി | സയന്റിസ്റ്റ് ബി | 2200-4000 | സയന്റിസ്റ്റ് സി (സോഫ്റ്റ്‌വെയർ) | 15600-39100 ഗ്രേഡ് പേ 6600/- |
| 10 | ശ്രീ.മനോജ് കൃഷ്ണൻ | പ്രോഗ്രാം കോ-ഓർഡിനേറ്റർ | 2200-4000 | പ്രോഗ്രാം കോ-ഓർഡിനേറ്റർ (സയന്റിസ്റ്റ് സി ഗ്രേഡ്) | 15600-39100 ഗ്രേഡ് പേ 6600/- |
| 11 | ശ്രീ. ദാമോദർ പ്രസാദ് | പ്രോഗ്രാം കോ-ഓർഡിനേറ്റർ | 2200-4000 | പ്രോഗ്രാം കോ-ഓർഡിനേറ്റർ സയന്റിസ്റ്റ് സി ഗ്രേഡ് | 15600-39100 ഗ്രേഡ് പേ 6600/- |
| 12 | ശ്രീ. റ്റി. പി. സുധാകരൻ | ഫീൽഡ് ഓഫീസർ | 2200-4000 | ഫീൽഡ് ഓഫീസർ | 15600-39100 ഗ്രേഡ് പേ 5400/- |
| 13 | ശ്രീ. കെ. എം. ഷാജഹാൻ | റിസർച്ച് അസോസിയേറ്റ് | 1400-2600 | സയന്റിസ്റ്റ് സി | 15600-39100 ഗ്രേഡ് പേ 6600/- |
| 14 | ശ്രീ. ജേക്കബ് ജോർജ് | റിസർച്ച് അസോസിയേറ്റ് | 2200-4000 | പ്രോജക്ട് അസോസിയേറ്റ് (സയന്റിസ്റ്റ് സി ഗ്രേഡ്) | 15600-39100 ഗ്രേഡ് പേ 6600/- |

(ഇ) ഡോ. ഗോവിന്ദരു. വി ഗവേഷണ പേപ്പറുകൾ സമർപ്പിച്ചിട്ടുണ്ട്. ഗവേഷണ പേപ്പറുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(എഫ്) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ. നമ്പർ | പേര് | നിലവിലെ തസ്തിക |
|---|---|---|
| 1 | ശ്രീ. പി. വി. ഉണ്ണികൃഷ്ണൻ | ജോയിന്റ് ഡയറക്ടർ (സയന്റിസ്റ്റ് എഫ്) |
| 2 | ശ്രീ. ജയരാജ്. ജി | രജിസ്ട്രാർ (സയന്റിസ്റ്റ് ഇ 2) |
| 3 | ശ്രീ. സജി നാരായണൻ | എഞ്ചിനീയർ ഇലക്ട്രിക്കൽ (സയന്റിസ്റ്റ് ഇ 1) |
| 4 | ശ്രീ. എം. ആർ. മോഹനചന്ദ്രൻ | സയന്റിസ്റ്റ് സിവിൽ (ഇ 1) |
| 5 | ഡോ. ഗോവിന്ദരു | സയന്റിസ്റ്റ് (ഇ 1) |
| 6 | ശ്രീ. ജയരാജ് എൻ | സയന്റിസ്റ്റ് സി (സോഫ്റ്റ്‌വെയർ) |
| 7 | ശ്രീമതി ദീപ. എൻ | സയന്റിസ്റ്റ് സി (സോഫ്റ്റ്‌വെയർ) |
| 8 | രമേശ്. വി | എഡിറ്റർ (സയന്റിസ്റ്റ് സി ഗ്രേഡ്) |
| 9 | ശ്രീ. ബിജു.എസ്.ബി | സയന്റിസ്റ്റ് സി (സോഫ്റ്റ്‌വെയർ) |
| 10 | ശ്രീ. മനോജ് കൃഷ്ണൻ | പ്രോഗ്രാം കോ-ഓർഡിനേറ്റർ സയന്റിസ്റ്റ് സി ഗ്രേഡ് |
| 11 | ശ്രീ. ദാമോദർ പ്രസാദ് | പ്രോഗ്രാം കോ-ഓർഡിനേറ്റർ സയന്റിസ്റ്റ് സി ഗ്രേഡ് |
| 12 | ശ്രീ. കെ. എം. ഷാജഹാൻ | സയന്റിസ്റ്റ് സി |
| 13 | ശ്രീ. ജേക്കബ് ജോർജ് | പ്രോജക്ട് അസോസിയേറ്റ് (സയന്റിസ്റ്റ് സി ഗ്രേഡ്) |

സി.എസ്.ഐ.ആർ. ചട്ടങ്ങളനുസരിച്ചുള്ള യോഗ്യതാ നിബന്ധനകളും ഇല്ലെങ്കിൽ തത്തുല്യ യോഗ്യതകളും, സയന്റിസ്റ്റ് അഥവാ തത്തുല്യ വിഭാഗങ്ങളിൽ അസസ്‌മെന്റ് പ്രൊമോഷന് സി-ഡിറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് സയന്റിസ്റ്റ് വിഭാഗം ജീവനക്കാർക്ക് പ്രൊമോഷനും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നത്. പ്രവർത്തന മികവും ശ്രീ. എം. ആർ. മോഹനചന്ദ്രനും, സജിനാരായണനും സയന്റിസ്റ്റ് ബി ഗ്രേഡിൽ നിന്നും സയന്റിസ്റ്റ് സി ആയി പ്രൊമോഷൻ നൽകുവാൻ സ്വകാര്യ സ്ഥാപനങ്ങളിൽ (കോസ്റ്റ് ഫോഡ്, ഐ.ആർ.റ്റി.സി.) ജോലി ചെയ്ത കാലയളവ് സർവ്വീസായി പരിഗണിച്ചിട്ടുണ്ട്.

## എൽ.ജി.എസ്. റാങ്ക് പട്ടികയിൽ നിന്നുള്ള നിയമനം

36 (1856) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ എൽ.ജി.എസ്. റാങ്ക് പട്ടിക (കാറ്റഗറി നമ്പർ 567/2013) എന്നാണ് നിലവിൽ വന്നത്; പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ കാരണങ്ങളാൽ പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും ആദ്യ റാങ്ക് ജേതാവിനുപോലും 6 മാസത്തിനുശേഷമാണ് നിയമനം ലഭിച്ചിട്ടുള്ളത് എന്നതിനാൽ നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറ് മാസത്തേക്കുകൂടി ദീർഘിപ്പിക്കുകയും ഇക്കാലയളവിൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുകയും ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റാങ്ക് പട്ടിക 30-06-2015-ൽ നിലവിൽ വന്നു. ടി ലിസ്റ്റിൽ നിന്നും 17-1-2018 വരെ 438 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) നിയമനങ്ങൾ ത്വരിതപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി. (വിവിധം), എൽ.ജി.എസ്(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി ഒഴിവുകൾ ഉണ്ടാവുന്നമുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പുദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉപസി 3/428/17/ഉ.ഭ.പ.വ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല.

## കേരള വാട്ടർ അതോറിറ്റി ഡ്രാഫ്റ്റ്സ്മാൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി

37 (1857) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് (കാറ്റഗറി നമ്പർ 384/2010) തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി 2018-ൽ അവസാനിക്കുന്നതു നീട്ടുന്നതിന് നടപടി സ്വീകരിയ്ക്കാനാകുമോ;

(ബി) 2010-ൽ വിജ്ഞാപനം പുറപ്പെടുവിച്ച് 2012-ൽ പരീക്ഷ നടത്തി 2015-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വരുകയും 2018 മാർച്ചിൽ കാലാവധി അവസാനിക്കുകയും ചെയ്യുന്നത് കാരണം എട്ട് വർഷമായി കാത്തിരിയ്ക്കുന്ന ഉദ്യോഗാർത്ഥികളുടെ ബുദ്ധിമുട്ട്കൂടി പരിഗണിച്ച് കാലാവധി നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) റാങ്ക് പട്ടികകളുടെ കാലാവധി റാങ്ക് പട്ടിക പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും കൂടിയത് മൂന്നു വർഷവുമാണ്. 2018-ൽ കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്നത് പരിഗണനയിലില്ല.

## പുതിയ തസ്തികകൾ

38 (1858) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പുതിയ തസ്തികകൾ നാളിതുവരെ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വകുപ്പ്/ തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഏതിലെങ്കിലും നിയമന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഈ തസ്തികകളിലേക്കുള്ള പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ഫിസിക്കൽ എഡ്യൂക്കേഷൻ (മലയാളം മീഡിയം) പി.എസ്.സി. റാങ്ക് ലിസ്റ്റ്**

39 (1859) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. ഫിസിക്കൽ എഡ്യൂക്കേഷൻ (മലയാളം മീഡിയം) തസ്തികയിൽ നിയമനം നടത്തുന്നതിന് നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് തീയതി സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) എച്ച്.എസ്.എ. ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തികയിൽ നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് മലപ്പുറം ജില്ലയിൽ നിലവിലുണ്ട്. ബാക്കി 13 ജില്ലകളിലും റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ബി) നിലവിൽ ഒഴിവുകളൊന്നും പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

**പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേനയുള്ള നിയമനം**

40 (1860) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ 2017 ഡിസംബർ 31 വരെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ സ്ഥാപനം,തസ്തിക എന്നിവ തിരിച്ച് അറിയിക്കുമോ;

(സി) നിയമന ശിപാർശ നൽകിക്കഴിഞ്ഞ് നിയമാനുസൃതമായ കാലാവധി അവസാനിച്ചിട്ടും നിയമനം നടത്താത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവയുടെ വിശദാംശം സ്ഥാപനം,തസ്തിക, എണ്ണം എന്നിവ തിരിച്ച് അറിയിക്കുമോ;

(ഇ) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) 2016 ജൂൺ 1 മുതൽ 2017 നവംബർ 30 വരെ ആകെ 12469 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 2017 ഡിസംബറിലെ വിവരം ശേഖരിച്ചു വരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തിക

41 (1861) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാറ്റഗറി നമ്പർ 388/2014 പ്രകാരം കാസർഗോഡ് ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് 30-4-2016-ൽ പരീക്ഷ നടത്തി 31-8-2016-ന് പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും നിലവിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ലിസ്റ്റിന്റെ ശേഷിക്കുന്ന കാലാവധി എത്ര; ഈ ലിസ്റ്റിൽ നിന്നും ഇനി നിയമനം നടത്താൻ സാധ്യതയുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

4 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ലിസ്റ്റിന്റെ സ്വാഭാവിക കാലാവധിയായ 3 വർഷം 30-8-2019-ന് പൂർത്തിയാവുന്നതാണ്. ഈ കാലയളവിൽ ഇതേ തസ്തികയിലേയ്ക്ക് ഒരു പുതിയ റാങ്ക് പട്ടിക നിലവിൽ വരികയോ ലിസ്റ്റിന്റെ മുഖ്യപട്ടികയിൽ എല്ലാവർക്കും നിയമന ശിപാർശ നൽകുകയോ ചെയ്താൽ പ്രസ്തുത തീയതി മുതൽ ലിസ്റ്റിന് പ്രാബല്യം ഇല്ലാതാകും. ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ പി.എസ്.സി.-യെ എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് ടി ലിസ്റ്റിൽ നിന്നും പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ നിയമന രീതി

42 (1862) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവരാവകാശ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ, ബാലാവകാശ കമ്മീഷൻ, ലോകായുക്ത തുടങ്ങിയ സ്ഥാപനങ്ങളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ തസ്തികയിലേക്കുള്ള നിയമന രീതി എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര വീതം ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവരാവകാശ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ എന്നിവിടങ്ങളിൽ അന്യത്ര സേവന വ്യവസ്ഥയിലാണ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനം നടത്തുന്നത്. കേരള ലോകായുക്തയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് സർക്കാർ വകുപ്പുകളിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളാണ് അവലംബിച്ചിട്ടുള്ളത്.

(ബി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ടി തസ്തികയിൽ 8 ഒഴിവുകൾ നിലവിലുണ്ട്. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. കേരള ലോകായുക്തയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 7 ഒഴിവുകൾ നിലവിലുണ്ട്.

(സി) ലോകായുക്തയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ജെ.പി.എച്ച്.എൻ. ഗ്രേഡ്-II തസ്തികയിലെ നിയമനം

43 (1863) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജെ.പി.എച്ച്.എൻ. ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം | - | 2-11-2016 |
| | കൊല്ലം | - | 22-9-2016 |
| | പത്തനംതിട്ട | - | 17-8-2016 |
| | ആലപ്പുഴ | - | 8-8-2016 |
| | കോട്ടയം | - | 30-8-2016 |
| | ഇടുക്കി | - | 19-10-2016 |

| | | |
|---|---|---|
| എറണാകുളം | - | 22-9-2016 |
| തൃശ്ശൂർ | - | 16-3-2016 |
| പാലക്കാട് | - | 25-7-2016 |
| മലപ്പുറം | - | 17-8-2016 |
| കോഴിക്കോട് | - | 8-8-2016 |
| വയനാട് | - | 6-6-2016 |
| കണ്ണൂർ | - | 3-8-2016 |
| കാസർഗോഡ് | - | 6-6-2016 |

റാങ്ക് പട്ടികയുടെ സ്വാഭാവിക കാലാവധി അവസാനിപ്പിച്ചിട്ടില്ലാത്തതിനാൽ കാലാവധി ദീർഘിപ്പിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരം | - | ഇല്ല |
| | കൊല്ലം | - | ഇല്ല |
| | പത്തനംതിട്ട | - | ഇല്ല |
| | ആലപ്പുഴ | - | 14 |
| | കോട്ടയം | - | 12 |
| | ഇടുക്കി | - | 6 |
| | എറണാകുളം | - | 24 |
| | തൃശ്ശൂർ | - | 93 |
| | പാലക്കാട് | - | 52 |
| | മലപ്പുറം | - | 78 |
| | കോഴിക്കോട് | - | 7 |
| | വയനാട് | - | 10 |
| | കണ്ണൂർ | - | 60 |

കാസർഗോഡ് - സൂപ്പർ ന്യൂമററിയായി ജെ.പി.എച്ച്. എൻ.-മാർ ജോലി ചെയ്യുന്നതിനാൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടക്കുന്നില്ല.

(സി) ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും സമയബന്ധിതമായി പി.എസ്.സി. നിയമന ശിപാർശ നൽകുകയും ചെയ്യുന്നു.

## മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയിലെ റാങ്ക് ലിസ്റ്റ്

44 (1864) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് എന്നാണ് പ്രബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; ഇവരുടെ സംവരണക്രമം അനുസരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) റാങ്ക് ലിസ്റ്റിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിക്ക് നിയമനം ലഭിക്കണമെങ്കിൽ എത്ര ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യണം; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് 21-7-2015-ന് പ്രാബല്യത്തിൽ വന്നു.

(ബി) ലിസ്റ്റിൽ നിന്നും 30 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. സംവരണക്രമം അനുസരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

ഒ.സി. വിഭാഗത്തിൽ റാങ്ക് 23 വരെയും ഈഴവ/തിയ്യ/ബില്ലവ വിഭാഗത്തിൽ റാങ്ക് 37 വരെയും എസ്.സി.വിഭാഗത്തിൽ റാങ്ക് 27 വരെയും ഒ.ബി.സി. വിഭാഗത്തിൽ റാങ്ക് 33 വരെയും എസ്.ഐ.യു.സി. നാടാർ വിഭാഗത്തിൽ റാങ്ക് 22 വരെയും (ഒ.സി.യുള്ളിൽ) ഒ.എക്സ്. വിഭാഗത്തിൽ റാങ്ക് 18 വരെയും (ഒ.സി.ക്കുള്ളിൽ) ഉള്ളവർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുസ്ലീം, വിശ്വകർമ്മ വിഭാഗത്തിലുള്ള എല്ലാപേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

എസ്.ടി.എൽ.സി./ആംഗ്ലോ ഇന്ത്യൻ, ഹിന്ദു നാടാർ, ധീവര വിഭാഗത്തിലുള്ളവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(സി) നിയമനാധികാരി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ സംവരണാനുപാത ക്രമം പാലിച്ച് (50% Rule) റൊട്ടേഷൻ ചാർട്ട് പ്രകാരം നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായാണ് നികത്തുന്നത്. ഇപ്പോൾ മെയിൻ റൊട്ടേഷൻ II-25 OC-യിൽ ആണ് നിയമന ശിപാർശ നിൽക്കുന്നത്. അടുത്ത എസ്.സി. ഊഴം മെയിൻ റൊട്ടേഷൻ II 32 എസ്.സി.-യിൽ ആണ് വരുന്നത്. എസ്.സി. വിഭാഗം ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള ഊഴം എത്തുന്നതിലേയ്ക്കാവശ്യമുള്ള ഒഴിവുകളുടെ എണ്ണം മുൻകൂട്ടി പറയാനാകില്ല. നിലവിൽ റാങ്ക് നമ്പർ 27 വരെയുള്ള പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്.

## പി.എസ്.സി. പരീക്ഷകൾക്ക് മലയാളത്തിലുള്ള ചോദ്യപേപ്പറുകൾ

45 (1865) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ബിരുദമോ അതിനുമുകളിലോ യോഗ്യത നിശ്ചയിച്ചിട്ടുള്ള പരീക്ഷകൾക്ക് മലയാളത്തിലുള്ള ചോദ്യ പേപ്പറുകൾ നൽകാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതിന് നടപടി സ്വീകരിക്കാത്തത്;

(ബി) മലയാള ഭാഷയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ എന്തെല്ലാം മാറ്റമാണ് ഉൾക്കൊണ്ടിട്ടുള്ളത്; പുതിയതായി എന്തെല്ലാം പരിഷ്കാരമാണ് മലയാള ഭാഷയെ ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എല്ലാ പരീക്ഷകളിലും ചോദ്യപേപ്പറുകൾ മലയാളത്തിൽക്കൂടി നൽകുന്നതിനും മലയാള ഭാഷയിലെ ചോദ്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) മലയാള മാധ്യമം, മലയാള ഭാഷ എന്നിവ നിർബന്ധമല്ലാത്തതും ബിരുദം അഥവാ ബിരുദാനന്തര ബിരുദം അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായതുമായ തസ്തികകൾക്കെല്ലാം ഇംഗ്ലീഷ് ഭാഷയിലാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത്. ബിരുദ ബിരുദാനന്തര പഠന മാധ്യമം ഇംഗ്ലീഷിൽ ആയതിനാലും ചോദ്യപേപ്പറുകളിൽ ചിലത് കേരളത്തിന് പുറത്തുള്ള വിദഗ്ധരെക്കൊണ്ടാണ് തയ്യാറാക്കുന്നത് എന്നതിനാലും ചോദ്യപേപ്പറുകൾ മലയാളത്തിൽ തയ്യാറാക്കുന്നില്ല.

(ബി&സി) മലയാള ഭാഷയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബിരുദം അടിസ്ഥാന യോഗ്യതയായുള്ളതും ഏറ്റവുമധികം ഉദ്യോഗാർത്ഥികൾ പരീക്ഷയെഴുതുന്ന തസ്തികകളിൽപ്പെടുന്നതുമായ അസിസ്റ്റന്റ്/ ആഡിറ്റർ-സെക്രട്ടേറിയറ്റ്/ പി.എസ്.സി. വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ അസിസ്റ്റന്റ് തുടങ്ങിയ പരീക്ഷകളിൽ 10 മാർക്കിന് മലയാളം/തമിഴ്/കന്നട ചോദ്യങ്ങൾ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. "എ" പിരിവിന് നൽകിയ മറുപടിയിൽ പറയുന്ന കാരണങ്ങളാൽ എല്ലാ പരീക്ഷകളിലും മലയാളം ചോദ്യപേപ്പർ കൂടി ഉൾപ്പെടുത്തുന്നില്ല. എസ്.എസ്.എൽ.സി.-യും അതിനുതാഴെ വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ തസ്തികകൾക്കെല്ലാം മലയാള മാധ്യമത്തിലാണ് ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത്.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

46 (1866) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) 2016 ജൂൺ 1 മുതൽ നാളിതുവരെ എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിനൽകിയെന്നും അവ ഏതെല്ലാമെന്നും എത്ര കാലത്തേക്കാണ് നീട്ടിയതെന്നും വ്യക്തമാക്കുമോ;

(ഡി) വരുന്ന ആറു മാസത്തിനകം കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 31-1-2018-ലെ കണക്കുപ്രകാരം 2109 റാങ്ക് പട്ടികകൾ നിലവിലുണ്ട്.

(ബി) വിശദാംശം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു*.

(സി) 2016 ജൂൺ 1-നുശേഷം രണ്ട് തവണയാണ് റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയത്.

1. 30-6-2016-ൽ നിലവിലുള്ളതും 30-6-2016 മുതൽ 30-12-2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ റാങ്ക് പട്ടികകളുടെ കാലാവധി 31-12-2016 വരെ നിബന്ധനകൾക്ക് വിധേയമായി ദീർഘിപ്പിച്ചു.

2. 31-12-2016 മുതൽ 29-6-2017 വരെയുള്ള കാലയളവിൽ മൂന്ന് വർഷ കാലാവധി അവസാനിക്കുന്നതും ഒരു തവണപോലും റാങ്ക് പട്ടിക കാലാവധി ദീർഘിപ്പിച്ച് നൽകാത്തതുമായ റാങ്ക് ലിസ്റ്റുകളുടെ കാലാവധി 30-6-2017 വരെ നിബന്ധനകൾക്ക് വിധേയമായി ദീർഘിപ്പിച്ചു.

(ഡി) വിശദാംശം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പി.എസ്.സി. നടപടികളിലെ കാലതാമസം

47 (1867) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എഴുത്തുപരീക്ഷ, അഭിമുഖം, റാങ്ക് പട്ടിക പ്രസിദ്ധീകരിക്കൽ തുടങ്ങിയ നടപടികളുടെ പൂർത്തീകരണത്തിന് വളരെയധികം കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ലഭ്യമായ മാനവവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയുക്തമാക്കി ഏറ്റവും വേഗത്തിൽ കൃത്യതയോടെയും പരാതിക്ക് ഇടനൽകാതെയും വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമുതൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതു വരെയുള്ള പ്രവർത്തനങ്ങൾ കൈക്കൊണ്ട് വരുന്നുണ്ട്. ചില തസ്തികകളുടെ തെരഞ്ഞെടുപ്പ് ചട്ടങ്ങളിൽ അവ്യക്തത നിലനിൽക്കുന്ന സാഹചര്യത്തിലും കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്ന അവസരങ്ങളിലു മൊഴികെ മറ്റ് അവസരങ്ങളിൽ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കാറുണ്ട്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2016 വരെയുള്ള കുടിശ്ശിക തീർക്കുന്നതിലേയ്ക്കായി കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## കേരള പബ്ലിക് സർവ്വീസ് കമ്മീഷനെതിരെയുള്ള കേസ്സുകൾ

48 (1868) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വിവിധ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് കേരളാ പബ്ലിക് സർവീസ് കമ്മീഷൻ ചെലവിട്ട തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇക്കാലയളവിൽ പി.എസ്.സി.-ക്ക് എതിരെ ഉദ്യോഗാർത്ഥികൾ നൽകിയ എത്ര കേസുകൾ ഉണ്ട്; അതിൽ പി.എസ്.സി.-ക്ക് എതിരായി വിധി വന്നത് എത്രയെണ്ണമുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) വിധി എതിരായി വന്ന എത്ര കേസ്സുകളിൽ പി.എസ്.സി. മേൽക്കോടതികളിൽ അപ്പീൽ പോയിട്ടുണ്ട്; അവയെല്ലാം വിജയിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി. പരാജയപ്പെട്ട കേസുകളിൽ ഉദ്യോഗാർത്ഥികൾക്ക് റാങ്ക് ലിസ്റ്റുകളിൽ അർഹമായ സ്ഥാനം എങ്ങനെയാണ് നിലവിൽ നൽകുന്നത്; അവർക്ക് സീനിയോറിറ്റി നഷ്ടമാകുമോ;

(ഇ) ഉദ്യോഗാർത്ഥികൾക്ക് അർഹതയുള്ള റാങ്ക് യഥാസമയത്ത് ലഭിക്കാത്തതുകൊണ്ട് പ്രസ്തുത ഉദ്യോഗാർത്ഥിക്ക് നഷ്ടമായ സീനിയോറിറ്റി തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 62,88,700 രൂപ (അറുപത്തിരണ്ട് ലക്ഷത്തി എൺപത്തിയെട്ടായിരത്തി എഴുന്നൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പി.എസ്.സി. പരാജയപ്പെട്ട കേസുകളിൽ കോടതി ഉത്തരവുപ്രകാരം റാങ്ക് പട്ടികയിൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തേണ്ടി വരുമ്പോൾ അവർക്ക് ഒ.എം.ആർ/എഴുത്തുപരീക്ഷ/പ്രാക്ടിക്കൽ ടെസ്റ്റ് എന്നിവയിൽ ഏത് അടിസ്ഥാന മാക്കിയാണോ റാങ്ക് പട്ടിക തയ്യാറാക്കുന്നത് അതിൽ ലഭിച്ച മാർക്ക് അടിസ്ഥാനമാക്കി റാങ്ക് പട്ടികയിൽ യഥാസ്ഥാനത്ത് ഉൾപ്പെടുത്തി കൂട്ടിച്ചേർക്കൽ വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. അപ്രകാരം ഉൾപ്പെടുത്തുന്നവരുടെ സീനിയോരിറ്റി സംബന്ധിച്ച് ബന്ധപ്പെട്ട കോടതി ഉത്തരവിൽ പരാമർശിക്കുന്ന പ്രകാരം തീരുമാനമെടുത്താണ് സീനിയോരിറ്റി നൽകുന്നത്.

(ഇ) സീനിയോരിറ്റി നൽകുന്നത് പാർട്ട് II കെ.എസ്. ആന്റ് എസ്.എസ്.ആർ 1958-ലെ ചട്ടം 27 അടിസ്ഥാനമാക്കിയും അതത് കേസുകളിൽ ബന്ധപ്പെട്ട കോടതി ഉത്തരവിൻപ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ്.

**പുതിയ തസ്തികകൾ**

49 (1869) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എല്ലാ വകുപ്പുകളിലുമായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു; വകുപ്പ്, തസ്തികയുടെ പേര്, എണ്ണം എന്നിവയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**സംസാര വൈകല്യമുള്ളവർക്കുള്ള പി.എസ്.സി.സംവരണം**

50 (1870) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി.എസ്.സി. വഴി നിയമനം നടത്തുന്ന ഒഴിവുകളിൽ സംസാര ശേഷി ഇല്ലാത്തവർക്കും സംസാര വൈകല്യമുള്ളവർക്കും നിയമനം ലഭിക്കുന്നതിനായി ഇത്തരം ആളുകളെ അംഗപരിമിത വിഭാഗത്തിൽ ഉൾപെടുത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

2016-ലെ Rights of Persons with Disabilities Act-ലെ Specified Physical Diability-ൽ കാറ്റഗറി D ആയി Speech and language disability ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സർക്കാർ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ റിസർവ്വേഷനുമായി ബന്ധപ്പെട്ട് പ്രതിപാദിക്കുന്ന വകുപ്പ് 34-ൽ Speech and language disability വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ നിലവിലെ ആക്ട് പ്രകാരം സ്പീച്ച് ആന്റ് ലാംഗ്വേജ് ഡിസെബിലിറ്റി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരെ പി.എസ്.സി. നിയമനങ്ങളിൽ റിസർവ്വേഷൻ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല. ടി വിഭാഗത്തിൽ പ്പെട്ടവരെ റിസർവ്വേഷനിൽ ഉൾപ്പെടുത്തുന്നതിന് 2016-ലെ പാർലമെന്റ് പാസ്സാക്കിയ RPWD Act-ൽ ഭേദഗതി വരുത്തേണ്ടതാണ്. ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തിക

51 (1871) ശ്രീ. മുഹമ്മദ് മുഹസിൻ. പി. : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാറ്റഗറി നമ്പർ 444/16 ആയ അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. വിജ്ഞാപനം വന്നതിനുശേഷം നിയമന നിബന്ധനയിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

കൃഷി അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യതയിൽ ഭേദഗതി വരുത്തണമെന്ന ആവശ്യം നിരവധി ജനപ്രതിനിധികളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം അനുഭാവപൂർവ്വം സർക്കാരിന്റെ പരിഗണനയിലാണ്. ഇത് സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന് സർക്കാർ കത്തയച്ചിട്ടുണ്ട്. എന്നാൽ ഇതിനകം വിജ്ഞാപനം ചെയ്യപ്പെട്ട തസ്തികയിലെ യോഗ്യത സംബന്ധിച്ച് അന്തിമമായ തീരുമാനം നിയമപ്രകാരം എടുക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷനാണ്.

## സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

52 (1872) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ നടന്ന നിയമനങ്ങളുടെയും മുൻ റാങ്ക് ലിസ്റ്റിൽ നിന്നും നടന്ന നിയമനങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(സി) നിലവിൽ റാങ്ക് പട്ടികകളുടെ കാലാവധി അവസാനിക്കാൻ പോകുമ്പോൾ മുൻപ് റാങ്ക് പട്ടികയിൽ ഉൾപ്പെടാതിരുന്ന ബികോം സ്റ്റാറ്റിസ്റ്റിക്സ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ കൂടി ഉൾപ്പെടുത്തി പട്ടിക വിപുലപ്പെടുത്തുകയും പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് റാങ്ക് ലിസ്റ്റിൽ 6 മാസംപോലും കാലാവധി ലഭിക്കാതിരിക്കുകയും ചെയ്യുന്ന എന്ന പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചിരുന്നോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ ഉൾപ്പെടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) റാങ്ക് പട്ടികകളുടെ കാലാവധി അവസാനിക്കാൻ പോകുമ്പോൾ 15 ശതമാനം പോലും നിയമനം ഓരോ ലിസ്റ്റിൽ നിന്നും നടന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കുവാൻ എല്ലാ ജില്ലയിലെയും സ്റ്റാറ്റിസ്റ്റിക്സ് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനും പ്രതീക്ഷിത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റാങ്ക് പട്ടികകളുടെ കാലാവധി പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ കുറഞ്ഞത് ഒരു വർഷവും പരാമവധി മൂന്ന് വർഷവുമാണ്. ഒരു വർഷത്തിനുശേഷം ടി തസ്തികയിലേയ്ക്ക് പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരികയോ ലിസ്റ്റിലെ മുഖ്യ പട്ടികയിലെ എല്ലാവർക്കും നിയമന ശിപാർശ നൽകുകയോ ചെയ്താൽ ടി തീയതി മുതൽ ലിസ്റ്റിന് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(ബി) സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-11 റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ നടന്ന നിയമനങ്ങളുടെയും മുൻ റാങ്ക് ലിസ്റ്റിൽ നിന്നും നടന്ന നിയമനങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയുടെ യോഗ്യതയായി B.com with Business Statistics എന്ന വിഷയം അംഗീകരിച്ചും, പ്രസ്തുത യോഗ്യതയുള്ള അർഹരും യോഗ്യരുമായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണ മെന്നും നിലവിൽ ടി റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യപ്പെട്ടവരെ ബാധിക്കാത്ത രീതിയിൽ നിയമന നടപടികൾ തുടരാനുമാണ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയിൽ ഉണ്ടായിരുന്നത്. പ്രസ്തുത വിധി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട കമ്മീഷൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കൽ വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(ഡി-എഫ്) 2018-ൽ അവസാനിക്കുന്നതായ റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒഴിവുകൾ കുറവായിരുന്നതിനാൽ നിയമനങ്ങളിലും കുറവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹരിതകേരളം മിഷൻ സ്പെഷ്യൽ ഓഫീസർ നിയമനം

53 (1873) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം മിഷൻ സ്പെഷ്യൽ ഓഫീസർ തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ;

(ബി) ആരെയാണ് നിയമിച്ചതെന്നും അദ്ദേഹത്തിന്റെ ചുമതലകൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(സി) നിയമന കാലാവധി എത്ര വർഷമാണെന്നും സ്പെഷ്യൽ ഓഫീസർ തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ ശമ്പളം എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി&സി) ബാധകമല്ല.

## പുതിയ നിയമനങ്ങൾ

54 (1874) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിലേറിയ ശേഷം പുതിയതായി എത്ര നിയമനം നടത്തിയെന്ന വകുപ്പുകളും കാറ്റഗറികളും തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 30-11-2017 വരെയുള്ള കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന 59,872 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## സിവിൽ ജുഡീഷ്യൽ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷൻ

55 (1875) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷൻ അഞ്ച് ശതമാനത്തിൽനിന്നും പത്ത് ശതമാനമായി വർദ്ധിപ്പിച്ച് ഏകീകരിച്ചപ്പോൾ സിവിൽ ജുഡീഷ്യൽ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷനെ ഇത് സാരമായി ബാധിച്ചുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉയർന്ന തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാരും താഴ്ന്ന തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരും തമ്മിലുള്ള അനുപാതം മറ്റ് വകുപ്പുകളെ അപേക്ഷിച്ച് മൂന്നിരട്ടിയിലധികമുള്ള സിവിൽ ജുഡീഷ്യൽ വകുപ്പിലെ നാലായിരത്തോളം വരുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷനെ ഗുരുതരമായി ബാധിക്കുന്ന മേൽ സൂചിപ്പിച്ച പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

**ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ**

56 (1876) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ അഞ്ച് ശതമാനത്തിൽ നിന്ന് പത്ത് ശതമാനമായി വർദ്ധിപ്പിച്ചതുമൂലം 2017 ഡിസംബർ വരെ എത്ര ജീവനക്കാർക്ക് അധികമായി പ്രൊമോഷൻ ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് വകുപ്പുകളെ അപേക്ഷിച്ച് മൂന്നിരട്ടിയിലധികം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുള്ള സിവിൽ ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റിലെ ജീവനക്കാരെ ഇത് പ്രതികൂലമായി ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഡിപ്പാർട്ട്മെന്റിൽ നിലവിലുണ്ടായിരുന്ന നാൽപത് ശതമാനം പ്രൊമോഷൻ ക്വാട്ട പത്ത് ശതമാനമായി കുറച്ചത് ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷൻ സാധ്യത തീരെ ഇല്ലാതാക്കിയിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

## പെൻഷൻ പ്രായം ഉയർത്തൽ

57 (1877) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ പെൻഷൻ പ്രായം ഉയർത്തണമെന്ന് ശിപാർശ നൽകിയ ഏതെങ്കിലും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധി നേരിടുവാൻ പെൻഷനുകളും സബ്സിഡികളും ഒഴിവാക്കണമെന്ന് മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് മാധ്യമങ്ങളോട് പറഞ്ഞതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സാമ്പത്തിക ഉപദേഷ്ടാവിന്റെ ഈ രീതിയിലുള്ള നയം അംഗീകരിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ ആമുഖത്തിൽ സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വിരമിക്കൽ പ്രായം കുറഞ്ഞത് 58 വയസ്സായി ഉയർത്തണമെന്ന് അഭിപ്രായപ്പെട്ടിരുന്നു. കൂടാതെ സംസ്ഥാനത്തിന്റെ രണ്ടാമത് പൊതു ചെലവ് പുനഃപരിശോധനാ കമ്മിറ്റിയുടെ ആദ്യ റിപ്പോർട്ടിലും (2007-08), മൂന്നാമത് റിപ്പോർട്ടിലും (2009-10), മൂന്നാമത് കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ടിലും (2011-12) ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച ശിപാർശ നൽകിയിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സർക്കാർ ജീവനക്കാരുടെ ജോലിഭാരം

58 (1878) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിൽ തുല്യമായ പദവിയും വേതനവും ഉള്ള ജീവനക്കാരിൽത്തന്നെ, വളരെ കൂടുതൽ ജോലിഭാരമുള്ള ഒരു വിഭാഗവും ജോലിഭാരമില്ലാത്ത ഒരു വിഭാഗവും ഉണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോ;

(സി) സാമ്പത്തിക പ്രതിസന്ധി നിമിത്തം ബുദ്ധിമുട്ടുന്ന ചില സ്ഥാപനങ്ങളിലെങ്കിലും ജോലിഭാരം കുറവുള്ളവരെ കണ്ടെത്തുവാനും അവർക്ക് ആനുപാതികമായ ജോലി വിഹിതം നൽകുവാനും ഉചിത നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ ജീവനക്കാർക്ക് പരിശീലനം**

59 (1879) <u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷയിലൂടെയും അല്ലാതെയും സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് സർവ്വീസിൽ പ്രവേശിക്കുന്നതിന് മുൻപ് പരിശീലനം നിർബന്ധമാക്കിയിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) സിവിൽ ജോലികളിൽ നിയമനം ലഭിക്കുന്നവർക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിന് മുൻപ് സർക്കാർ ചട്ടങ്ങളും നടപടിക്രമങ്ങളും സംബന്ധിച്ച പരിശീലനം നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പരിശീലനം നേടി ജോലിയിൽ പ്രവേശിക്കുന്നത് സംസ്ഥാന സർവ്വീസിന്റെ കാര്യക്ഷമത വർധിപ്പിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സർവ്വീസിൽ കയറി വർഷങ്ങൾക്കുശേഷം നൽകുന്ന ഇൻഡക്ഷൻ ട്രെയിനിങ് സംവിധാനം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പരിഗണനയിലില്ല.

(സി) സർവ്വീസിൽ പ്രവേശിക്കുന്നതിനുമുമ്പ് പരിശീലനം നിർബന്ധമാക്കിയിട്ടില്ലായെങ്കിലും എല്ലാ ഉദ്യോഗസ്ഥർക്കും തങ്ങളുടെ ഇപ്പോഴത്തെയും ഭാവിയിലേതുമായ ജോലികൾക്കുവേണ്ട ശേഷി, പരിശീലനത്തിലൂടെ ലഭ്യമാക്കുന്നതിനായി വിവിധതരം പരിശീലനങ്ങൾ പരിഷ്കരിച്ച സംസ്ഥാന പരിശീലന നയത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) 13-7-2017-ലെ സ.ഉ.(അച്ചടി) നമ്പർ 9/2017/ഉ.ഭ.പ.വ. പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരിഷ്കരിച്ച സംസ്ഥാന പരിശീലന നയത്തിൽ പുതിയതായി സർവ്വീസിൽ എത്തുന്നവർക്ക് നിർബന്ധമായി ഇൻഡക്ഷൻ പരിശീലനം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ

60 (1880) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ വിവിധ വകുപ്പുകളിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ 10 ശതമാനം വർദ്ധിപ്പിച്ച് ഏകീകരിച്ചപ്പോൾ സിവിൽ ജുഡിഷ്യൽ വകുപ്പിൽ നിലവിലുണ്ടായിരുന്ന 40 ശതമാനം പ്രമോഷൻ ക്വാട്ട കുറഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വകുപ്പിലെ നാലായിരത്തിലധികം വരുന്ന ലാസ്റ്റ്ഗ്രേഡ് ജീവനക്കാരെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുവാനും പ്രതിസന്ധികൾ പരിഹരിക്കുവാനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

## കെ.എ.എസ്. സംവരണം

61 (1881) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്.-ന്റെ നിയമനങ്ങളിൽ രണ്ടും മൂന്നും വിഭാഗങ്ങളിൽ നിന്നും നിയമനം നടത്തുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ ന്യൂനപക്ഷ വിഭാഗത്തിലെ ജീവനക്കാർക്ക് സംവരണാനുകൂല്യം ലഭിക്കാതെ പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ ജീവനക്കാരിൽ നിന്നും കെ.എ.എസ്.-ലേയ്ക്ക് നിയമനം നടത്തുന്ന രണ്ടും മൂന്നും വിഭാഗങ്ങളിൽ സംവരണം പാലിക്കേണ്ടത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുടെ ചർച്ചയിൽ ഉന്നയിച്ച ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിശോധിക്കാൻ തയ്യാറാകുമോ;

(ബി) സംവരണാനുകൂല്യം നേടി സർക്കാർ സർവ്വീസിൽ ഉള്ള യോഗ്യതയുള്ള ജീവനക്കാരന് കെ.എ.എസ്.-ൽ നിയമനം ലഭിക്കുമ്പോൾ കെ.എ.എസ് ഒരു പുതിയ കേഡർ എന്ന നിലയിൽ തുടർന്നും പ്രസ്തുത ജീവനക്കാരന് സംവരണാനുകൂല്യം ലഭ്യമാക്കാൻ കെ.എ.എസ്. ചട്ടങ്ങളിൽ മാറ്റംവരുത്തുവാൻ തയ്യാറാകുമോ;

(സി) കെ.എ.എസ്.-ന്റെ ചട്ടങ്ങൾ പ്രകാരം പൊതു വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾ ഒഴികെ സർക്കാർ സർവ്വീസിൽ നിന്നും കെ.എ.എസ്.-ൽ നിയമനം ലഭിക്കുന്ന രണ്ടും മൂന്നും വിഭാഗത്തിലെ സംവരണവിഭാഗം ജീവനക്കാർക്ക് അവരുടെ മാതൃവകുപ്പുകളിൽ നിന്നും കെ.എ.എസ്.-ലേയ്ക്ക് നീക്കി വയ്ക്കപ്പെട്ട തസ്തികകൾമൂലം അവരവരുടെ മാതൃവകുപ്പുകളിൽ തുടർന്നിരുന്നെങ്കിൽ ലഭിക്കുമായിരുന്ന സ്വാഭാവിക പ്രമോഷൻ നഷ്ടമാകുന്നത് കണക്കിലെടുത്ത് സംവരണ വിഭാഗങ്ങൾക്ക് ഒരിക്കൽ ലഭിച്ച ആനുകൂല്യം സർവ്വീസിൽ തുടരുന്നിടത്തോളം കാലം ലഭ്യമാക്കേണ്ടത് നൽകാതിരിക്കുക വഴി ഭരണഘടന നൽകുന്ന പരിരക്ഷ കെ.എ.എസ്. മൂലം നഷ്ടപ്പെടും എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് പി.എസ്.സി. എന്തെങ്കിലും പരാമർശം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) വിവിധ വകുപ്പുകളിൽ നിന്നും കെ.എ.എസ്.-നായി നീക്കി വയ്ക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ അതത് വകുപ്പുകളിലെ ഫീഡർ തസ്തികകളിൽ ജോലി നോക്കുന്ന യോഗ്യതയുള്ള ഉദ്യോഗസ്ഥർക്ക് ലഭിക്കേണ്ട സ്വാഭാവിക പ്രൊമോഷൻ, സർവ്വീസിൽ തുടരുന്നിടത്തോളം കാലം ലഭിക്കാതെ പോകുന്നതു വഴി 'സർവ്വീസ് റൈറ്റായി' ലഭിക്കേണ്ട അവസരം നഷ്ടപ്പെടുമെന്നുള്ളതിനാൽ അത്തരം സംവരണ വിഭാഗക്കാർക്കും തുടർന്നും കെ.എ.എസ്.-ൽ സംവരണം നിലനിർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; അതിനായി ചട്ടം ഭേദഗതി വരുത്താൻ തയ്യാറാകുമോ;

(ഇ) സർക്കാർ സർവ്വീസിൽ പി.എസ്.സി. വഴി നിയമനം ലഭിക്കുമ്പോൾ ഒ.സി. ടേണിൽ വന്ന പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് റിസർവേഷൻ ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത ഉദ്യോഗസ്ഥരെ തിരിച്ചറിയാൻ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അവരുടെ അവകാശം പ്രൊട്ടക്ട് ചെയ്യപ്പെടേണ്ടതല്ലേ എന്ന് കരുതുന്നുണ്ടോ; അല്ലെങ്കിൽ അവർക്ക് ലഭിക്കേണ്ട ആനുകൂല്യം നിഷേധിക്കുന്നത് ഭരണഘടനാ ലംഘനമാകുമെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എഫ്) ഒരിക്കൽ സംവരണാനുകൂല്യം ലഭിച്ചവർക്ക് പിന്നീടും ആ ആനുകൂല്യം നൽകാൻ സുപ്രീംകോടതി വിധി തടസ്സമാണെന്ന ന്യായം പുതിയ സർവ്വീസ് കേഡറായ കെ.എ.എസ്.-ന് ബാധകമല്ല എന്നുള്ള വസ്തുത ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് നിയമവകുപ്പിന്റെയും പി.എസ്.സി.-യുടെയും നിഗമനങ്ങളും ഉപദേശങ്ങളും വിശദമാക്കാമോ; പകർപ്പുകൾ ലഭ്യമാക്കുമോ?

## ഉത്തരം

(എ) നേരിട്ടുള്ള നിയമനങ്ങൾക്ക് സംവരണതത്വങ്ങൾ പാലിച്ചാണ് നിയമനം നടത്തുന്നത്. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് സംവരണം ബാധകമല്ല. വിവിധ മാനദണ്ഡങ്ങൾ പരിശോധിച്ച് ആയതിനൊടുവിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി നിയമ വകുപ്പും പി.എസ്.സി.-യുമായി കൂടിയാലോചിച്ച ശേഷമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾക്ക് അന്തിമമായി അംഗീകാരം നൽകിയത്.

(ബി) പരിഗണനയിലില്ല.

(സി) തസ്തികമാറ്റം വഴി കെ.എ.എസ്-ലേയ്ക്ക് നിയമനം നേടുന്ന ഉദ്യോഗാർത്ഥികൾക്ക് സംവരണം ബാധകമല്ല. പി.എസ്.സി. ഇത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശം സമർപ്പിച്ചിട്ടില്ല.

(ഡി) പരിഗണനയിലില്ല.

(ഇ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന റാങ്ക് പട്ടികകളിൽ നിന്നും നിയമന ശിപാർശയ്ക്കായി റൊട്ടേഷൻ തയ്യാറാക്കുമ്പോൾ ഒ.സി. ടേണിൽ വരുന്ന പിന്നോക്ക വിഭാഗം ഉദ്യോഗാർത്ഥികളുടെ പേരിനു നേരെ അവരുടെ റിസർവേഷൻ കമ്മ്യൂണിറ്റി കൂടി രേഖപ്പെടുത്താറുണ്ട്. നിയമന ശിപാർശയ്ക്കുള്ള റൊട്ടേഷനിൽ അൻപത് ശതമാനം ഒ.സി. ടേണിലും അൻപത് ശതമാനം റിസർവ്വേഷൻ ടേണിലുമാണ്. ഒ.സി. ടേണിൽ പരിഗണിക്കുന്ന പിന്നോക്ക വിഭാഗങ്ങളെ അവരുടെ റിസർവ്വേഷൻ ടേണിലും നിയമന ശിപാർശ ചെയ്യാറുണ്ട്. ഒ.സി. ടേണിൽ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നത് റാങ്ക് പട്ടികയിലെ റാങ്ക് നമ്പർ ക്രമത്തിലാണ്.

(എഫ്) കെ.എ.എസ്.-ൽ നേരിട്ടുള്ള നിയമനത്തിന് നിയമാനുസൃതമായ സംവരണതത്വങ്ങൾ ബാധകമാണ്. തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾക്കാണ് സംവരണതത്വം ബാധകമല്ലാത്തത്. കെ.എ.എസ്. സംബന്ധിച്ച് വിശേഷാൽ ചട്ടങ്ങൾക്ക് നിയമ വകുപ്പുമായും പി.എസ്.സി.-യുമായി കൂടിയാലോചിച്ചിട്ടുണ്ട്. പി.എസ്.സി.-യുടെ 6-11-2017-ലെ AV(2)654/17/GW നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധമായിചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എ.എസ്. നിയമനം

62 (1882) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. നിയമനം എപ്പോൾ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) കെ.എ.എസ്. നിയമനം വൈകാതെ നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) കെ.എ.എസ്.നായി ഇപ്പോൾ അംഗീകരിച്ചിട്ടുള്ള സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച് 29-12-2017-ലെ ജി.ഒ.(പി) നമ്പർ 12/2017/പി.ആന്റ് എ.ആർ.ഡി. ഉത്തരവുപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻപ്രകാരം നിയമന നടപടികൾ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) സ്പെഷ്യൽ റൂൾ സംബന്ധിച്ച എസ്.ആർ.ഒ.861/17 നമ്പർ ഗസറ്റ് വിജ്ഞാപനം അനുബന്ധമായി ചേർക്കുന്നു*.

## കെ.എ.എസ്. പ്രായപരിധി

63 (1883) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്.-ന്റെ സ്പെഷ്യൽ റൂൾസ് തയ്യാറിക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) കെ.എ.എസ്.-ന്റെ കരട് വിജ്ഞാപനത്തിന്റെ രണ്ടാം വിഭാഗത്തിൽ നോൺ ഗസറ്റഡ് തസ്തികയിലുള്ളവരുടെ പ്രായപരിധി 40 വയസ്സിൽ നിന്നും ഉയർത്തുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; പ്രസ്തുത വിഭാഗത്തിൽപ്പെട്ട അപേക്ഷകരുടെ പ്രായപരിധി 45 വയസ്സാക്കി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ സ്പെഷ്യൽ റൂൾ സംബന്ധിച്ച് 29-12-2017-ലെ ജി.ഒ.(പി)നമ്പർ 12/2017/പി.ആന്റ് എ.ആർ.ഡി. ഉത്തരവു പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

64 (1884) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് സെക്രട്ടേറിയറ്റ്, നോൺ സെക്രട്ടേറിയറ്റ് വിഭാഗങ്ങളിൽ നിന്നും എത്ര തസ്തികകൾ മാറ്റിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനുപുറമെ സൂപ്പർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് തസ്തികകൾ എത്രയെന്നും അതിൽ സെക്രട്ടേറിയറ്റിലെ എത്ര തസ്തികകൾ ഉൾപ്പെടുന്നുവെന്നും വ്യക്തമാക്കുമോ;

(സി) കെ. എ. എസ്.-ലേയ്ക്ക് ഓരോ തവണയും എത്ര ഒഴിവുകളിലേക്കാണ് സെലക്ഷൻ നടത്തുന്നതെന്ന് അറിയിക്കാമോ;

(ഡി) കെ. എ. എസ്-ൽ നിന്ന് മാത്രമായി നിലവിലെ ഐ. എ. എസ്. സെലക്ഷൻ പരിമിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സ്പെഷ്യൽ റൂളിലെ ഷെഡ്യൂൾ II-ൽ ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളുടെ പത്ത് ശതമാനമാണ് കെ.എ.എസ്-ന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഷെഡ്യൂൾ II-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ജൂനിയർ ടൈം സ്കെയിൽ, സീനിയർ ടൈം സ്കെയിൽ, സെലക്ഷൻ ഗ്രേഡ് സ്കെയിൽ, സൂപ്പർ ടൈം സ്കെയിൽ എന്നീ കാറ്റഗറികൾ തമ്മിലുള്ള റേഷ്യോ 6:5:4:3 എന്ന് നിശ്ചയിച്ചിട്ടുണ്ട്.

(സി) തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) ഐ.എ.എസ്.-ലേയ്ക്കുള്ള സെലക്ഷൻ/പ്രൊമോഷൻ സംബന്ധിച്ച് സ്പെഷ്യൽ റൂളിലെ ചട്ടം 19 അനുബന്ധമായി ചേർക്കുന്നു*.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

65 (1885) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് 2018 ജനുവരി 1 മുതൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർവ്വീസിലെ രണ്ടും മൂന്നും സ്കീമുകളിൽ പട്ടിക, പിന്നോക്ക വിഭാഗങ്ങളുടെ സംവരണം ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് കെ.എ.എസ്.-ൽ വരുന്ന 85 ശതമാനം തസ്തികകളെയും സംവരണത്തിൽനിന്നും മാറ്റി നിർത്തുന്ന അവസ്ഥ സംജാതമാക്കിയിട്ടില്ലേ എന്ന് വ്യക്തമാക്കുമോ;

(സി) കെ.എ.എസ്. സർക്കാർ സർവ്വീസിൽ പുതിയ കേഡർ ആയതിനാൽ അതിൽ പൂർണ്ണമായും സംവരണ തത്വം പാലിക്കപ്പെടാത്തത് ഭാവിയിൽ സുപ്രധാന തലത്തിൽ സംവരണ വിഭാഗങ്ങളുടെ പ്രാതിനിധ്യം കുറയുവാൻ ഇടയാക്കില്ലേ എന്ന് വ്യക്തമാക്കുമോ?

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഒന്നാമത്തെ സ്കീമിൽ നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേയ്ക്ക് സംവരണതത്വങ്ങൾ പാലിച്ചാണ് നിയമനം നടത്തുന്നത്. രണ്ടും മൂന്നും സ്കീമുകളിൽ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം മുഖേനയുള്ള നിയമനമായതിനാൽ സംവരണതത്വങ്ങൾ ബാധകമല്ല.

(ഡി) ലഭിച്ചിരുന്നു. വിവിധ മാനദണ്ഡങ്ങൾ പരിശോധിച്ച് ആയതിനൊടുവിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി പി.എസ്.സി.-യുമായി കൂടിയാലോചിച്ചശേഷമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾക്ക് അന്തിമമായി അംഗീകാരം നൽകിയത്.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

66 (1886) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ സ്പെഷ്യൽ റൂൾസ് പുറത്തിറക്കിയിട്ടുണ്ടോ;

(ബി) സബ്ജക്റ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടിയാണോ പ്രസ്തുത സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചത്; ഇല്ലെങ്കിൽ സബ്ജക്റ്റ് കമ്മിറ്റിയെ മറികടന്ന് പ്രസ്തുത റൂൾ പുറത്തിറക്കുവാനുള്ള കാരണമെന്താണ്; വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാരിൽ നിന്നും കെ.എ.എസ്-ലേയ്ക്ക് നിയമനം ലഭിക്കുന്ന രണ്ട് സ്കീമുകളിൽ പട്ടികജാതി പിന്നോക്ക വിഭാഗങ്ങളുടെ സംവരണം പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്; വിശദമാക്കുമോ;

(ഡി) സംവരണ നിഷേധത്തിനെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) ആകെയുള്ള തസ്തികകളിൽ മൂന്നിൽ രണ്ട് ഭാഗം തസ്തികകളും സംവരണത്തിൽ നിന്നും മാറ്റി നിർത്തിയത് സാമൂഹ്യനീതിയുടെ നിഷേധമാവു മെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച് 29-12-2017-ലെ ജി.ഒ.(പി) നമ്പർ 12/2017/പി.ആന്റ് എ.ആർ.ഡി. ഉത്തരവുപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല. സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നേരിട്ട് നിയമനം നടത്തുന്ന സ്കീം ഒന്നിൽ പൊതുസംവരണ തത്വങ്ങൾ പാലിച്ചാണ് നടത്തുന്നത്. സർക്കാർ ജീവനക്കാർക്കുള്ള മറ്റ് രണ്ട് സ്കീമുകളിലെ നിയമനം തസ്തികമാറ്റ നിയമനങ്ങളായതിനാൽ സംവരണം ബാധകമല്ല.

(ഡി) ലഭിച്ചിരുന്നു. വിവിധ മാനദണ്ഡങ്ങൾ പരിശോധിച്ചും സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയും പി.എസ്.സി.-യുമായി കൂടിയാലോചിച്ചതിനും ശേഷമാണ് വിശേഷാൽ ചട്ടങ്ങൾക്ക് അന്തിമമായി അംഗീകാരം നൽകിയത്.

(ഇ) നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേയ്ക്ക് നിലവിലുള്ള സംവരണതത്വങ്ങൾ പാലിച്ച് നിയമനം നടത്തുന്നതിനാൽ സാമൂഹ്യനീതി ഉറപ്പുവരുത്താൻ കഴിയും.

## സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക

67 (1887) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക മുൻസർക്കാരിന്റെ കാലത്ത് സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി യോഗ്യത ഉയർത്തി ഉത്തരവായിരുന്നോ;

(ബി) പരിഷ്കരിച്ച യോഗ്യതയ്ക്ക് അനുസൃതമായി, പ്രസ്തുത വിഭാഗത്തിന്റെ ശമ്പള സ്കെയിൽ പുനർനിർണ്ണയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) സെക്രട്ടേറിയറ്റിലേക്ക് മാത്രമായി ഓഫീസ് അറ്റൻഡന്റുമാരെ നിയമിക്കുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ടോ; അതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും ഇവർക്കായി നിശ്ചയിച്ചിട്ടുള്ള പുതുക്കിയ ശമ്പളസ്കെയിൽ ഏതാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ടും വിദ്യാഭ്യാസ യോഗ്യത പുനർനിർണ്ണയിച്ചുകൊണ്ടും 3-2-2016-ലെ ജി.ഒ.(പി) നമ്പർ 8/2016/പൊ.ഭ.വ. സർക്കാർ ഉത്തരവ് 2016 ഫെബ്രുവരി 4-ലെ എസ്.ആർ.ഒ.107/16 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) പുനർ നിർണ്ണയിച്ചിട്ടില്ല.

(സി) ഇക്കാര്യം പരിശോധനയിലാണ്.

**അക്ഷയ കേന്ദ്രങ്ങൾ**

68 (T 1888) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങളിലെ കാലതാമസം മൂലം പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദവിവരം വെളിപ്പെടുത്താമോ;

(ബി) എല്ലാ പഞ്ചായത്തുകളിലും അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഒരു പഞ്ചായത്തിൽ ഒന്നെങ്കിലും വീതം അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.'

ഉത്തരം

(എ) വിവിധ ആവശ്യങ്ങൾക്കായി അക്ഷയ കേന്ദ്രങ്ങളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിൽ അക്ഷയ കേന്ദ്രങ്ങളുടെ ഭാഗത്തുനിന്നും കാലതാമസവും വീഴ്ചയും നേരിടുന്നതായുള്ള ചില പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയത് അന്വേഷിക്കുന്നതിന് ഒരു സമിതി രൂപീകരിക്കുകയുണ്ടായി. അക്ഷയ സംരംഭകർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് എല്ലാ അക്ഷയ സംരംഭകർക്കും അക്ഷയ ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയവ പാലിക്കുന്നുണ്ടോയെന്ന് അക്ഷയ ജില്ലാ ഓഫീസുകളിൽ നിന്നുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങൾ സന്ദർശിച്ച് ഉറപ്പുവരുത്താറുണ്ട്. അക്ഷയ മുഖേന ലഭ്യമാക്കുന്ന പുതിയ സേവനങ്ങൾക്ക് അതത് വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ സാങ്കേതിക പരിശീലനം സംരംഭകർക്ക് നൽകിവരുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള പരാതികൾ അറിയിക്കുന്നതിനായി അക്ഷയ സംസ്ഥാന/ജില്ലാ ഓഫീസുകളുടെ ഇ-മെയിൽ വിലാസം, ഫോൺ നമ്പർ എന്നിവ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പൊതുജനങ്ങൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച ശിപാർശ

69 (1889) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 6-12-2017-ലെ ഉത്തരവിലൂടെ രൂപീകരിച്ച ഗവൺമെന്റ് സെക്രട്ടറിമാരുടെ സമിതി, മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ ശിപാർശകളാണ് നൽകിയിട്ടുള്ളത്;

(ബി) ഇതിൽ ഏതൊക്കെ ശിപാർശകൾ അംഗീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭ്യമായിട്ടില്ല.

(ബി) ബാധകമല്ല.

**ഓഖി ദുരന്ത ധനസഹായം**

70 (T 1890) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ച 20 ലക്ഷം രൂപ പ്രസ്തുത ദുരന്തത്തിൽ കാണാതായവരുടെ കുടുംബങ്ങൾക്ക് കൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തുക ബാങ്കിൽ സ്ഥിര നിക്ഷേപമാക്കി, അതിന്റെ പലിശ പ്രതിമാസം നൽകുവാനാണോ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓഖി ചുഴലിക്കാറ്റിൽ കാണാതായ ആളുകളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പുറപ്പെടുവിച്ച 21-12-2017-ലെ സ.ഉ.(സാധാ) നമ്പർ 114/2017/ഡി.എം.ഡി. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

**ഓഖി ദുരിതാശ്വാസ തുക**

71 (T 1891) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് എത്ര ലക്ഷം രൂപയാണ് ആശ്വാസ ധനസഹായമായി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) തുക ഇവരുടെ പേരിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പേരു സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ട്രഷറിയിൽ നിക്ഷേപിക്കുന്ന ഈ തുക മരണപ്പെട്ടവരുടെ അവകാശികൾക്ക് എങ്ങനെ വിനിയോഗക്കാൻ കഴിയുമെന്ന കാര്യം വിശദമാക്കുമോ?

---

T ' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.'

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഓഖി ദുരന്തത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ 20 ലക്ഷം രൂപയും കേന്ദ്ര സർക്കാർ രണ്ട് ലക്ഷം രൂപയും ആശ്വാസ ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഓഖി ചുഴലിക്കാറ്റിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി 21-12-2017-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ.) നമ്പർ 114/2017/ഡി.എം.ഡി. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

### ഓഖി ദുരന്തനിവാരണ ഫണ്ടിൽ നിന്നും വൈപ്പിൻ നിയോജക മണ്ഡലത്തിൽ ചെലവഴിച്ച തുക

72 (T 1892) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഓഖി ദുരന്തബാധിത പ്രദേശങ്ങളിൽ ദുരന്തനിവാരണ ഫണ്ടിൽ നിന്നും തുക ചിലവഴിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങളിലായി എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഓഖി ദുരന്തത്തോട് അനുബന്ധിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി 15 ലക്ഷം രൂപ എസ്.ഡി.ആർ.എഫ്. ഫണ്ടിൽ നിന്നും കൊച്ചി തഹസീൽദാർക്ക് അനുവദിച്ച് നൽകിയിരുന്നു. ഇതിൽ വൈപ്പിൻ നിയോജകമണ്ഡലത്തിലെ ദുരിതാശ്വാസ ക്യാമ്പുകളിലെ സുഗമമായ പ്രവർത്തനത്തിലേയ്ക്ക് മാത്രമായി 2.5 ലക്ഷം (രണ്ടര ലക്ഷം) രൂപ ചെലവഴിച്ചിട്ടുള്ളതാണ്. കൂടാതെ 1,49,23,550 രൂപ വൈപ്പിൻ, ചെല്ലാനം മേഖലകളിൽ തകർന്ന വീടുകളുടെ നാശനഷ്ടം അനുവദിക്കുന്നതിന് 20-1-2018-ൽ കൊച്ചി തഹസീൽദാർക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ജില്ലയിൽ ദുരിതം അനുഭവിക്കുന്ന 8540 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതം നൽകുന്നതിലേയ്ക്കായി 1,70,80,000 (ഒരു കോടി എഴുപത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപ ഫിഷറീസ് വകുപ്പിന് അനുവദിച്ചിട്ടുള്ളതാണ്. അതിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 4299 കുടുംബങ്ങൾക്ക് 2,000 രൂപ പ്രകാരം 85,98,000 (എൺപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.'

## സുനാമി ദുരിതാശ്വാസ ഫണ്ട്

73 (1893) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ സുനാമി ദുരിതാശ്വാസത്തിനായി എത്ര രൂപ സ്വരൂപിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) സുനാമി ദുരിതാശ്വാസ ഫണ്ട് എന്തെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) തീരദേശ മേഖലകളിൽ ഉൾപ്പെടാത്ത ഏതെല്ലാം പ്രദേശങ്ങളിൽ പ്രസ്തുത ഫണ്ട് വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫണ്ടിൽ നിന്നും യാത്ര ആവശ്യങ്ങൾക്കായുള്ള ചെലവ് വഹിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ)

i. സുനാമി ദുരിതാശ്വാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 37,50,41,404 (37.50 കോടി രൂപ) ലഭിച്ചിട്ടുണ്ട്.

ii. സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) സുനാമി ദുരിതാശ്വാസ ഫണ്ടിന്റെ ചെലവിനങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) തീരദേശ മേഖലകളിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ സുനാമി ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ചിട്ടില്ല.

(ഡി) സുനാമി ദുരിതാശ്വാസ ഫണ്ടിൽ നിന്നും യാത്ര ആവശ്യങ്ങൾക്കായി തുക വിനിയോഗിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സുനാമി ദുരിതാശ്വാസ ഫണ്ട് വിനിയോഗം

74 (1894) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2006-ലെ സർക്കാരിന്റെ കാലത്തുണ്ടായ സുനാമി സംബന്ധിച്ച ദുരിതാശ്വാസ ഫണ്ടിന്റെ വരവ്- ചെലവ് കണക്കുകൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടിന്റെ ചെലവിനങ്ങൾ വേർതിരിച്ച് വ്യക്തമാക്കുമോ;

(സി) മന്ത്രിമാരുടെയും മറ്റുദ്യോഗസ്ഥന്മാരുടെയും യാത്രാച്ചെലവിനായി പ്രസ്തുത ഫണ്ടിൽ നിന്ന് തുക വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ)

i. സുനാമി ദുരിതാശ്വാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 37,50,41,404 (37.50 കോടി രൂപ) ലഭിച്ചിട്ടുണ്ട്.

ii. സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) സുനാമി ദുരിതാശ്വാസ ഫണ്ടിന്റെ ചെലവിനങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) മന്ത്രിമാരുടെയും മറ്റുദ്യോഗസ്ഥന്മാരുടെയും യാത്രാച്ചെലവിനായി സുനാമി ദുരിതാശ്വാസ ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചിട്ടില്ല.

## മുങ്ങിമരിച്ചവരുടെ കുടുംബങ്ങൾക്ക് സഹായം

75 (1895) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴകളിലും കുളങ്ങളിലും നദികളിലും മുങ്ങി യുവാക്കളും കുട്ടികളും മരണമടയുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിക്കാത്തതുകൊണ്ടാണ് പല അപകടങ്ങളും ഉണ്ടാകുന്നതെന്ന വസ്തുത മുൻനിർത്തി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ചങ്ങരംകുളം നരണിപ്പുഴ കായലിൽ തോണി മുങ്ങി 6 വിദ്യാർത്ഥികൾ മരണമടഞ്ഞ സംഭവത്തിൽ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ നിലവിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാറുണ്ട്. ബോർഡില്ലാത്ത സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) ചങ്ങരംകുളം നരണിപ്പുഴ കായലിൽ തോണി മുങ്ങി 6 വിദ്യാർത്ഥികൾ മരണമടഞ്ഞ സംഭവത്തിൽ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം**

76 (1896) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം നൽകുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ;

(സി) മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം കേരള പ്ലാന്റേഷൻ കോർപ്പറേഷൻ നൽകിയ തുക കീടനാശിനി കമ്പനികളിൽ നിന്നും ഈടാക്കുന്നതിനായി കോട്ടയം ജില്ലാകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഒ.എസ്. നമ്പർ.77/2015 കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) ട്രൈബ്യൂണൽ രൂപീകരിച്ച് ദുരിതബാധിതർക്ക് നീതി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും അവലോകനം ചെയ്യുന്നതിനുമുള്ള ജില്ലാതല സെൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലിന്റെ ചെയർമാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും കൺവീനർ ജില്ലാ കളക്ടറുമാണ്. പ്രസ്തുത സെല്ലിൽ അംഗങ്ങളായി ബഹുമാനപ്പെട്ട കാസർഗോഡ് എം.പി., എം.എൽ.എ.മാർ, മുൻ എം.എൽ.എ.മാർ ദുരിതബാധിത മേഖലയിലെ പഞ്ചായത്ത്

പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർമാൻമാർ, വിവിധ വകുപ്പുകളുടെ ജില്ലാ മേധാവികൾ, രാഷ്ട്രീയ പാർട്ടി ഭാരവാഹികൾ തുടങ്ങിയവർ ഉൾപ്പെട്ടിട്ടുണ്ട്. രണ്ട് മാസത്തിലൊരിക്കൽ സെൽ യോഗം കൃത്യമായി ചേരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) എൻഡോസൾഫാൻ ദുരിതബാധിതർക്ക് കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾക്കായി 483 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിരുന്നെങ്കിലും പ്രത്യേകമായി ആനുകൂല്യം നൽകുന്ന കാര്യത്തിൽ യാതൊരു നടപടിയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. എന്നാൽ 2012 മുതൽ എൻ.എച്ച്.എം.-ന്റെ കീഴിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസം, അമ്മമാർക്കുള്ള കൗൺസലിംഗ് എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾക്കായി 22.19 കോടി രൂപ അനുവദിച്ചുനൽകിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) കോട്ടയം അഡീഷണൽ സബ് കോർട്ട് II-ൽ ഫയൽ ചെയ്ത ഒ.എസ്.നമ്പർ 77/2015 കേസിൽ എതിർ കക്ഷിയായ Bayer Crop Science Ltd. (Bayer India Ltd) പത്രിക സമർപ്പിച്ചിട്ടുള്ളതും അതിന്മേൽ issues frame ചെയ്യുന്നതിനായി ടി കേസ് 7/3/2018-ലേയ്ക്ക് പോസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

(ഡി) എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി ട്രൈബ്യൂണൽ രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതിനായി രൂപീകൃതമായ റിട്ട.ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ ചെയർമാനായുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

77 (1897) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

### ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 52,71,76,072 |
| കൊല്ലം | 21,66,30,238 |
| പത്തനംതിട്ട | 9,20,56,500 |
| ആലപ്പുഴ | 22,23,81,052 |
| കോട്ടയം | 19,63,57,730 |
| ഇടുക്കി | 10,51,82,500 |
| എറണാകുളം | 28,40,79,446 |
| തൃശ്ശൂർ | 20,63,96,500 |
| പാലക്കാട് | 10,39,82,500 |
| മലപ്പുറം | 14,76,11,500 |
| കോഴിക്കോട് | 13,48,56,202 |
| കണ്ണൂർ | 17,35,92,594 |
| വയനാട് | 4,26,66,000 |
| കാസർഗോഡ് | 67,33,26,500 |

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച തുക**

78 (1898) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ വയനാട് ജില്ലയിലേക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് വയനാട് ജില്ലയ്ക്ക് 2016-17 സാമ്പത്തികവർഷം 1,32,37,500 (ഒരു കോടി മുപ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തേഴായിരത്തി അഞ്ഞൂറ് രൂപ)-യും 2017-18 സാമ്പത്തിക വർഷത്തിൽ (25-01-2018 വരെ) 2,94,28,500 (രണ്ട് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി അഞ്ഞൂറ് രൂപ)-യും അനുവദിച്ചിട്ടുണ്ട്.

**ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് കാണാതായ മത്സ്യത്തൊഴിലാളികളുടെ എണ്ണം**

79 (1899) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലി കൊടുങ്കാറ്റിനെത്തുടർന്ന്കാണാതായ മത്സ്യ തൊഴിലാളികളിൽ ഇനിയും മടങ്ങി വരാത്തവരായി എത്ര പേരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓഖി ദുരന്തത്തിലെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ദുരന്ത നിവാരണ സംവിധാനങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 104 (നൂറ്റിനാല്)

(ബി) ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ. രമൺ ശ്രീവാസ്തവ ഐ.പി.എസ്. (Rtd) അദ്ധ്യക്ഷനായി ഒരു സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ് പ്രകൃതിക്ഷോഭങ്ങളും സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി മത്സ്യ ത്തൊഴിലാളികളിലെത്തിക്കുന്നതിന് ഉതകുന്ന തരത്തിൽ ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തിട്ടുള്ള 'നാവിക് ' എന്ന ഉപകരണം മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കുന്നതിനായി കടലിൽ വിജയകരമായി പരീക്ഷിച്ചിട്ടുണ്ട്. 500 നാവിക് ഉപകരണം സൗജന്യമായി ഐ.എസ്.ആർ.ഒ. ലഭ്യമാക്കുന്നതാണ്. തുടർന്ന് കെൽട്രോൺ ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഈ ഉപകരണം നിർമ്മിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ മത്സ്യബന്ധന യാനങ്ങൾക്കും നാവിക് ഉപകരണം വിതരണം ചെയ്യുന്നതാണ്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയും വിധമുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി.-യുടെ സഹായത്തോടെ തയ്യാറാക്കുകയും വിജയകരമായി പരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. അതും ഉടൻ നടപ്പിലാക്കുന്നതാണ്. കൂടാതെ, അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ കഴിയുന്നത്രവേഗം രക്ഷപ്പെടുത്തി കരയിലെത്തിക്കാൻ സൗകര്യമുള്ള മൂന്ന് മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ INCOIS വഴി മത്സ്യ ത്തൊഴിലാളികൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ INCOIS-ന് കൈമാറിയിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട്**

80 (1900) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-10-16-ലെ ഉത്തരവുവഴി രൂപീകരിക്കപ്പെട്ട മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടിൽ നിന്നും ധന സഹായത്തിനായി ലഭിച്ച അപേക്ഷകൾ ഏല്ലാം തീർപ്പാക്കിയിട്ടുണ്ടോ;

(ബി) 2017-ൽ ഈ ഇനത്തിൽ ചെലവഴിച്ച തുകയും തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണവും അറിയിക്കാമോ;

(സി) ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) മന്ത്രിസഭയുടെ പ്രത്യേക അനുമതിയോടെ ഏതെങ്കിലും അപേക്ഷകന് പരിധിയിൽ കൂടുതൽ സഹായം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ജനസാന്ത്വന പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഉത്തരവ് ഇറങ്ങുന്ന മുറയ്ക്ക് ഈ പദ്ധതിയിലേയ്ക്ക് ലഭിച്ച അപേക്ഷയിന്മേൽ തീർപ്പ് ഉണ്ടാകുന്നതാണ്.

**ഉഡാൻ വിമാനയാത്രാ പദ്ധതി**

81 (1901) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരായ ജനങ്ങൾക്കായി കുറഞ്ഞ ചെലവിൽ ആഭ്യന്തര വിമാനയാത്ര സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഉഡാൻ വിമാനയാത്രാ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇത് നടപ്പിലാക്കുന്നതിനായി സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെ; ഏതൊക്കെ എയർ ലൈസൻസുകളാണ് ഇതിൽ ഉൾപ്പെടുന്നതെന്നും ഏതൊക്കെ റൂട്ടുകളിലാണ് ഈ യാത്ര ലഭ്യമാകുന്നതെന്നും ഇതിന്റെ നിരക്കുകൾ എത്രയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. എയർ ലൈൻ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ആഭ്യന്തര വിമാനയാത്രയെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, എയർലൈൻ ഓപ്പറേറ്റർമാർ എന്നിവർ സംയുക്തമായി സഹകരിച്ച് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് വേണ്ടിയുള്ള സ്കീമാണ് റീജിയണൽ കണക്റ്റിവിറ്റി സ്കീം (ആർ.സി.എസ്.സ്കീം-ഉഡാൻ) 27-12-2017-ൽ കേന്ദ്ര വ്യോമയാന മന്ത്രാലയവുമായും എയർപോർട്ട് അതോറിറ്റിയുമായും ആർ.സി.എസ്. സ്കീമിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് ഒപ്പുവച്ചിട്ടുണ്ട്.

(ബി) കൊമേർഷ്യൽ ഓപ്പറേഷൻ ആരംഭിക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി റീജിയണൽ സർവ്വീസ് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ എയർപോർട്ടിൽ നിന്നും ഇൻഡിഗോ, സ്പൈസ് ജെറ്റ് മുതലായ വലിയ വിമാനക്കമ്പനികളെ ഉൾപ്പെടുത്തി തിരുവനന്തപുരം, ഗോവ, ചെന്നൈ, ബാംഗ്ലൂർ, ഹിൻഡർ (ഗാസിയാബാദ്), കൊച്ചി, ന്യൂഡൽഹി എന്നീ നഗരങ്ങൾ ഉൾപ്പെടെ ഏകദേശം പത്തോളം റൂട്ടുകളിലായി ഇരുപതോളം വിമാന സർവ്വീസുകൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. അവ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. ചെന്നൈയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - സ്പൈസ്ജെറ്റ്
2. ചെന്നൈയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗൊ
3. ഹിൻഡനിൽ (ഗാസിയാബാദ്) നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
4. ബാംഗ്ലൂരിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും -സ്പൈസ്ജെറ്റ്
5. ബാംഗ്ലൂരിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
6. ഹുബ്ലിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
7. ഡൽഹിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - സ്പൈസ്ജെറ്റ്
8. ഗോവയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
9. കൊച്ചിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
10. തിരുവനന്തപുരത്ത് നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ

നിരക്കുകൾ സംബന്ധിച്ച് തീരുമാനമായിട്ടില്ല.

## കണ്ണൂർ വിമാനത്താവളം

82 (1902) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണം ഏതുഘട്ടത്തിലാണെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ;

(ബി) ഇവിടെ നിന്നും എന്നു മുതൽ കൊമേഴ്സ്യൽ സർവ്വീസുകൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഏതെല്ലാം സ്ഥലങ്ങളിലേക്കാണ് ഒന്നാംഘട്ടത്തിൽ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) വിമാനത്താവളത്തിലേക്ക് ഏതെല്ലാം അനുബന്ധ റോഡുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഗ്രീൻഫീൽഡ് റോഡിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേയും ഏപ്രണം (വിമാന പാർക്കിംഗ് ഏരിയ) 100% പൂർത്തിയായി. 07 RE Wall-ഉം അനുബന്ധ പ്രവൃത്തികളായ ചുറ്റുമതിൽ, സ്റ്റാറ്റിക് വാട്ടർ ടാങ്ക്, ലോക്കലൈസർ ഹട്ട്, ലോക്കലൈസർ ആന്റിന, പെരിമീറ്റർ ലൈറ്റിംഗ്, ഇലക്ട്രിക്കൽ വർക്സ് മുതലായ പ്രവൃത്തികൾ 2018 ഫെബ്രുവരി അവസാനത്തോടുകൂടി പൂർത്തിയാകും. പാസഞ്ചർ ടെർമിനൽ ബിൽഡിംഗും അനുബന്ധ പ്രവൃത്തികളും 95% പൂർത്തിയായി. പാസഞ്ചർ ടെർമിനൽ ബിൽഡിംഗും പ്രവൃത്തി (ടെസ്റ്റിംഗും കമ്മീഷനിംഗും ഉൾപ്പെടെ) 2018 ജനുവരി 31-നകം പൂർത്തിയാകും.

(ബി) കണ്ണൂർ വിമാനത്താവളത്തിൽ നിന്നും 2018 സെപ്റ്റംബർ മധ്യത്തോടുകൂടി കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റിന്റെ 'ഉഡാൻ' സ്കീമിൽ ഉൾപ്പെടുത്തി റീജിയണൽ സർവ്വീസ് ഉടൻ ആരംഭിക്കും. ഇൻഡിഗോ, സ്പൈസ് ജെറ്റ് മുതലായ വലിയ വിമാനക്കമ്പനികൾ തിരുവനന്തപുരം, ഗോവ, ചെന്നൈ, ബാംഗ്ലൂർ, ഹിൻഡൻ (ഗാസിയാബാദ്), കൊച്ചി, ന്യൂഡൽഹി എന്നീ നഗരങ്ങൾ ഉൾപ്പെടെ ഏകദേശം 10-ഓളം റൂട്ടുകളിലായി 20-ഓളം വിമാന സർവ്വീസുകൾ ആരംഭിക്കും. അവ സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു.

1. ചെന്നൈയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും -സ്പൈസ് ജെറ്റ്
2. ചെന്നൈയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും -ഇൻഡിഗോ
3. ഹിൻഡനിൽ (ഗാസിയാബാദ്) നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും -ഇൻഡിഗോ
4. ബാംഗ്ലൂരിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - സ്പൈസ്ജെറ്റ്
5. ബാംഗ്ലൂരിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും -ഇൻഡിഗോ
6. ഹുബ്ലിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും -ഇൻഡിഗോ
7. ഡൽഹിയിൽ നിന്നും കണ്ണൂരിലേയ്ക്കും തിരിച്ചും -സ്പൈസ് ജെറ്റ്
8. ഗോവയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും -ഇൻഡിഗോ
9. കൊച്ചിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ
10. തിരുവനന്തപുരത്ത് നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും - ഇൻഡിഗോ

ഇപ്പോൾ അന്താരാഷ്ട്ര വ്യോമഗതാഗത അവകാശം, 2 ഇന്ത്യൻ വിമാനക്കമ്പനികൾക്ക് അതായത് ജെറ്റ് എയർവെയ്സിനും ഗോ എയറിനും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും യഥാക്രമം ദമാമിലേയ്ക്കും അബുദാബിയിലേയ്ക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. എയർ ഇന്ത്യ എക്സ്പ്രസ് ആറ് (6) പൗരസ്ത്യ രാജ്യങ്ങളിലേയ്ക്കായി രണ്ട് ഫ്ലൈറ്റുകൾ സർവ്വീസ് നടത്തുന്നതിനായി പ്ലാൻ ചെയ്തിട്ടുണ്ട്. എയർ ഇന്ത്യ, എമിറേറ്റ്സ്, ഖത്തർ എയർവേയ്സ്, ഇത്തിഹാദ്, ഒമാൻ എയർ, എയർ ഏഷ്യ, ഫ്ലൈ ദുബൈ, എയർ അറേബ്യ, ഗൾഫ് എയർ, ശ്രീലങ്കൻ എയർവേയ്സ്, ടൈഗർ എയർവേയ്സ് മുതലായ വിമാനക്കമ്പനികളും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിന് താഴെപ്പറയുന്ന റോഡുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

1. തലശ്ശേരി-കൊടുവള്ളി-മമ്പറം-അഞ്ചരക്കണ്ടി-മട്ടന്നൂർ എയർപോർട്ട് റോഡ് (24.50 കി.മീ.)
2. കുറ്റ്യാടി-നാദാപുരം-പെരിങ്ങൂർ-മേക്കുന്ന്-പാനൂർ-പൂക്കോട്ട്-കൂത്തുപറമ്പ്-മട്ടന്നൂർ റോഡ് (53.15 കി.മീ.)
3. മാനന്തവാടി-ബോയ്സ് ടൗൺ-പേരാവൂർ-ശിവപുരം-മട്ടന്നൂർ റോഡ് (63.50 കി.മീ.)

4. കുട്ടുപുഴപാലം-ഇരിട്ടി-മട്ടന്നൂർ-വായന്തോട് റോഡ് (32.00 കി.മീ.)

5. മേലെ ചൊവ്വ-ചാലോട്-വായന്തോട്-മട്ടന്നൂർ-എയർപോർട്ട് റോഡ് (26.30 കി.മീ.)

6. തളിപ്പറമ്പ-ചെറക്കള-നണിശ്ശേരിക്കടവ് പാലം-മയ്യിൽ-ചാലോട് റോഡ് (27.20 കി.മീ.)

ഗ്രീൻഫീൽഡ് റോഡിന്റെ പ്രവൃത്തി കേരള റോഡ് ഫണ്ട് ബോർഡ് നടത്തിയ സർവ്വേ പ്രകാരം മേലെ ചൊവ്വ മുതൽ മട്ടന്നൂർ വരെ നിലവിലുള്ള റോഡ് വികസിപ്പിക്കുന്നതിന് പകരമായി നിലവിലുള്ള മട്ടന്നൂർ-തലശ്ശേരി റോഡിൽ മട്ടന്നൂർ ജംഗ്ഷനിൽ നിന്നും 150 മീറ്റർ തെക്ക് ഭാഗത്തേയ്ക്ക് മാറി മൂന്ന് കി.മീ. കുറഞ്ഞ ദൂരത്തിൽ കഴിവതും ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കിക്കൊണ്ട് മേലെ ചൊവ്വയെ മട്ടന്നൂരുമായി ബന്ധിപ്പിക്കുന്ന വിധത്തിലാണ് ഗ്രീൻ ഫീൽഡ് റോഡ് ഉദ്ദേശിച്ചിരുന്നത്. ആയതിനു സർക്കാർ അനുമതി നൽകുകയും ചെയ്തു. 45 മീറ്റർ വീതിയിൽ കണ്ണൂരിൽ നിന്നും കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിലേയ്ക്കുള്ള പ്രധാന പാത ആക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

## കണ്ണൂർ വിമാനത്താവളം

83 (1903) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂരിൽ നിന്ന് രാജ്യാന്തര സർവ്വീസ് നടത്താൻ എത്ര വിമാന കമ്പനികൾക്ക് കേന്ദ്രാനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂരിൽ നിന്ന് സർവ്വീസ് നടത്താൻ താൽപ്പര്യം പ്രകടിപ്പിച്ച് മുന്നോട്ടുവന്നിട്ടുള്ള വിമാനക്കമ്പനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഈ വിമാനക്കമ്പനികൾക്കെല്ലാം സർവ്വീസ് നടത്താൻ അനുമതി നൽകുമോ എന്നറിയിക്കാമോ;

(ഡി) നിലവിൽ കണ്ണൂർ വിമാനത്താവളത്തിൽ എത്ര തസ്തികകളിൽ നിയമനം നടത്തിയെന്ന് വ്യക്തമാക്കാമോ; ഏതൊക്കെ തസ്തികകളിൽ ആരെയൊക്കെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതുവരെ എത്രപേരാണ് വിമാനത്താവളത്തിന്റെ ഓഹരി എടുത്തിട്ടുള്ളതെന്നും മൊത്തം ഓഹരിത്തുക എത്രയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ വിമാനത്താവളത്തിൽ നിന്നും 2018 സെപ്റ്റംബർ മധ്യത്തോടുകൂടി കൊമേർഷ്യൽ ഓപ്പറേഷൻ ആരംഭിക്കുന്നതാണ്.

(ബി) ഇന്ത്യൻ വിമാനക്കമ്പനികളായ ജെറ്റ് എയർവേയ്സിനും ഗോ എയറിനും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും യഥാക്രമം, ദമാമിലേയ്ക്കും അബുദാബിയിലേയ്ക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

(സി) ജെറ്റ് എയർവേയ്സ്, ഗോ എയർ, എയർ ഇന്ത്യ എക്സ്പ്രസ്സ്, എയർ ഇന്ത്യ, എമിറേറ്റ്സ്, ഖത്തർ എയർവേയ്സ്, ഇത്തിഹാദ്, ഒമാൻ എയർ, എയർ ഏഷ്യ, ഫ്ലൈ ദുബൈ, എയർ അറേബ്യ, ഗൾഫ് എയർ, ശ്രീലങ്കൻ എയർവേയ്സ്, ടൈഗർ എയർവേയ്സ് മുതലായ വിമാനക്കമ്പനികളും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും സർവ്വീസ് നടത്താൻ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ഡി) കണ്ണൂർ വിമാനത്താവള കമ്പനി ഇതുവരെയായി നിയമിച്ചവരുടെ പേരും തസ്തികയും സംബന്ധിച്ച വിവരങ്ങൾ താഴെകൊടുക്കുന്നു:

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക |
|---|---|---|
| (1) | (2) | (3) |
| 1 | പി. ബാലകിരൺ ഐ.എ.എസ്. | മാനേജിംഗ് ഡയറക്ടർ |
| 2 | സുധാകരൻ പിള്ള | സീനിയർ എക്സിക്യൂട്ടീവ് അസി.ടു.എം.ഡി |
| 3 | ജയകൃഷ്ണൻ. എസ് | ചീഫ് ഫിനാൻഷ്യൽ ഓഫീസർ |
| 4 | ദൃശ്യ ടി. കെ | സീനിയർ അസിസ്റ്റന്റ് (സ്റ്റെനോ) |
| 5 | ഷിബുകുമാർ. കെ. എസ്. | ചീഫ് പ്രോജക്ട് എഞ്ചിനീയർ (സിവിൽ) (ഇൻ-ചാർജ്ജ്) |
| 6 | ബാലൻ. പി | അഡ്വൈസർ (ലാന്റ് മാനേജ്മെന്റ്) |
| 7 | അജയകുമാർ. ടി | മാനേജർ (അഡ്മിൻ & ലാന്റ് മാനേജ്മെന്റ്) |
| 8 | നിഖിൽ സുരേന്ദ്രൻ | അസിസ്റ്റന്റ് മാനേജർ (സിവിൽ) |

| (1) | (2) | (3) |
|---|---|---|
| 9 | രജീഷ്. ആർ | അസിസ്റ്റന്റ് മാനേജർ (സിവിൽ) |
| 10 | കിരൺ നായർ | അസിസ്റ്റന്റ് മാനേജർ (കോർപ്പറേറ്റ് അഫയേഴ്സ്) |
| 11 | ഷമീർ. കെ | ജൂനിയർ മാനേജർ |
| 12 | ഷംന. കെ.വി | ജൂനിയർ മാനേജർ |
| 13 | ധന്യ. എൻ. സുനിൽ | ജൂനിയർ മാനേജർ |
| 14 | ബിനീഷ് വേലായുധൻ | ജൂനിയർ പ്രോജക്ട് എഞ്ചിനീയർ (ഇലക്ട്രിക്കൽ) |
| 15 | ബിബിൻ ഭരതൻ | ജൂനിയർ പ്രോജക്ട് എഞ്ചിനീയർ (ഇലക്ട്രിക്കൽ) |
| 16 | രാഖീ കൃഷ്ണ. പി. | അസിസ്റ്റന്റ് കമ്പനി സെക്രട്ടറി |
| 17 | ദിനേശ് കുമാർ | ഹ്യൂമൺ റിസോഴ്സ് മാനേജർ |
| 18 | രേണ വിൽഫ്രഡ് | അസിസ്റ്റന്റ് മാനേജർ |
| 19 | അനൂപ് ഗോവിന്ദ് | ഡെപ്യൂട്ടി മാനേജർ (ഫിനാൻസ്) |
| 20 | വിചിത. പി. പി. | ജൂനിയർ പ്രോജക്ട് എഞ്ചിനീയർ (സിവിൽ) |
| 21 | നവീൻ രാജ്. പി | ജൂനിയർ പ്രോജക്ട് എഞ്ചിനീയർ (സിവിൽ) |
| 22 | വിപിൻ എസ്. | ജൂനിയർ പ്രോജക്ട് എഞ്ചിനീയർ (ഇലക്ട്രിക്കൽ) |
| 23 | പ്രസാദ് ചന്ദ്രൻ. പി. എസ്. | ജൂനിയർ പ്രോജക്ട് എഞ്ചിനീയർ (ഇലക്ട്രിക്കൽ) |
| 24 | സഗിത. കെ. | അക്കൗണ്ട്സ് അസിസ്റ്റന്റ് |
| 25 | ജസീല. കെ. വി. | ഡ്രാഫ്റ്റ്സ്മാൻ(സിവിൽ) |
| 26 | ജി.പോൾ ഇവാൻസ് | ഡെപ്യൂട്ടി പ്രോജക്ട് എഞ്ചിനീയർ (ഇലക്ട്രിക്കൽ) |
| 27 | എം.സി. ജയരാജൻ | ഡെപ്യൂട്ടി പ്രോജക്ട് എഞ്ചിനീയർ (ഇലക്ട്രിക്കൽ) |
| 28 | സതീശൻ. കെ | സീനിയർ അസിസ്റ്റന്റ് (ഡ്രൈവർ) |

| (1) | (2) | (3) |
|---|---|---|
| 29 | ജിനേഷ് കെ. കെ. | സീനിയർ അസിസ്റ്റന്റ് (ഡ്രൈവർ) |
| 30 | അഭിലാഷ് വലിയാൽ | അസി. മാനേജർ (കോർപ്പറേറ്റ് അഫയേഴ്സ്) |
| 31 | ലസിത്ത്. കെ. കെ. | ജൂനിയർ പ്രോജക്ട് എഞ്ചിനീയർ |
| 32 | ദേവേന്ദു. ആർ | ജൂനിയർ പ്രോജക്ട് എഞ്ചിനീയർ |
| 33 | ഫിൽസൺ ഫിലിപ്പോസ്. പി | ജൂനിയർ പ്രോജക്ട് എഞ്ചിനീയർ |
| 34 | അഞ്ജലി. സി. മനോഹർ | ജൂനിയർ പ്രോജക്ട് എഞ്ചിനീയർ |
| 35 | ജ്ഞാനേന്ദ്രകുമാർ | കമ്പനി സെക്രട്ടറി |
| 36 | അഞ്ചൽ ജോസ് | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 37 | ജോൺ ജോസഫ് | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 38 | ഹക്കീം. എ. ആർ | സൂപ്പർവൈസർ (ഫയർ) |
| 39 | അരുൺ. ബി. എസ്. | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 40 | ദീപു പോൾ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 41 | പ്രവീൺ. ആർ. ടി | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 42 | അനിൽ. ടി. ജി. | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 43 | ബിബിൻപോൾ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 44 | അമിത്ത്. ടി. ടി | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 45 | ഷംസീർ പി. | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 46 | രാകേഷ് ആർ. | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 47 | കണ്ണൻ. പി. ആർ. | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |

| (1) | (2) | (3) |
|---|---|---|
| 48 | ലിജോമോൻ. ജെ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 49 | ഗോകുൽ. എസ്. | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 50 | അറഫാത്ത് അലി. പി. എസ്. | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 51 | അനന്ദുജയൻ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 52 | ചിത്തു റോഷൻ.എൻ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 53 | അഖിൽ. കെ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 54 | നിധിൻ രാജൻ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 55 | അനന്ദു. കെ.എസ് | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 56 | ഉണ്ണികൃഷ്ണൻ. ആർ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 57 | നിതിൻ. എ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 58 | അമാനുള്ള. ടി | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 59 | വൈശാഖ്. സി. കെ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 60 | ശിവദൻ. വി. എസ് | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 61 | ഉണ്ണികൃഷ്ണപിള്ള. ജി | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 62 | രജീഷ്. സി. ആർ | സൂപ്പർവൈസർ (ഫയർ) |
| 63 | ബിജു. ജെ | ഡെപ്യൂട്ടി പ്രോജക്ട് എഞ്ചിനീയർ (സിവിൽ) |
| 64 | മിഥുൻ. എം | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 65 | അമരേഷ് തണ്ടാരത്ത് | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 66 | സഞ്ചു. എസ്. നായർ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 67 | മുഹമ്മദ് അസറുദ്ദീൻ. വി. യു. | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |

| (1) | (2) | (3) |
|---|---|---|
| 68 | ആന്റോ ജോയ് | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 69 | സുബാഷ്. കെ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 70 | സജ്ജ. എം | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 71 | രഞ്ജിത്ത്. ആർ.എ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 72 | ഗോകുൽ. എം. ബി | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 73 | അഖിൽ. പി. വി | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 74 | സുധീഷ് ചന്ദ്രൻ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 75 | ലിബിൻ. ബി | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 76 | പ്രവീൺ. പി. രാജ് | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 77 | വർഗ്ഗീസ്. പി. കെ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 78 | അബിൻ. പി. കെ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 79 | ജ്യോതിഷ്. പി | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 80 | ദീപുകൃഷ്ണൻ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 81 | അർജ്ജുൻ. ടി. എം. | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 82 | ഉദൈഫ്. കെ | ഫയർ & റെസ്ക്യൂ ഓപ്പറേറ്റർ |
| 83 | ഇ. ഷൗക്കത്തലി | മാനേജർ (ഫയർ) |
| 84 | രമേശ്. കെ. ഐ | അസി.മാനേജർ (ഫയർ) |

(ഇ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഓഹരി ഇതുവരെയായി 5600 ഓഹരി ഉടമകൾ എടുത്തിട്ടുണ്ട്. ഇതുവരെ ലഭ്യമായ ഓഹരി തുക 1059,70,80,000 രൂപ (ആയിരത്തി അമ്പത്തി ഒമ്പത് കോടി എഴുപത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ആണ്.

## കൊച്ചി മെട്രോയുടെ പ്രവർത്തനം

84 (1904) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ പ്രവർത്തനം ലാഭത്തിലാണോ നഷ്ടത്തിലാണോ എന്ന് വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ;

(ബി) മെട്രോയ്ക്ക് ടിക്കറ്റ് ഇതര വരുമാനം കണ്ടെത്താനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചി മെട്രോ പ്രതിദിനം ഏകദേശം 18 ലക്ഷം രൂപയോളം നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി&സി) ഉണ്ട്. മെട്രോയുടെ തൂണുകളിലും മീഡിയനുകളിലും പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച കരാർ നൽകി. നാഷണൽ ഹൈവേ അതോറിറ്റിയുടെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, പ്രോപ്പർട്ടി ഡെവലപ്പമെന്റിലൂടെ പാർപ്പിട-വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണത്തിനും വിൽപ്പനയ്ക്കുമായി കൊച്ചി മെട്രോ സമർപ്പിച്ച നിർദ്ദേശത്തിന്മേൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ കാക്കനാടുള്ള 17.315 ഏക്കർ ഭൂമി വിട്ടുനൽകുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്.

## ലൈറ്റ് മെട്രോ പദ്ധതി

85 (1905) ശ്രീ. പി. ടി. തോമസ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ നടത്തിപ്പിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനുമായി കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ നടത്തിപ്പ് ഏതു ഘട്ടത്തിലാണ്;

(സി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ലൈറ്റ് മെട്രോ പദ്ധതിയുടെ നടത്തിപ്പിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്തു എന്ന് വിശദമാക്കാമോ;

(ഡി) കേന്ദ്ര സർക്കാരിൽ നിന്നും ഈ പദ്ധതിക്കുള്ള മൊബിലിറ്റി പ്ലാനിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഇ) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര ഭൂമി ഏറ്റെടുക്കേണ്ടിവരും; ഇതിൽ എത്ര ഭൂമി ഏറ്റെടുത്തു കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനുമായി നിലവിൽ കരാറൊന്നും ഒപ്പുവച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായതിനുശേഷം ഡി.എം.ആർ.സി.-യെ പദ്ധതി നിർവ്വഹണത്തിനുള്ള കൺസൾട്ടന്റായി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, ലൈറ്റ് മെട്രോ പദ്ധതികൾക്ക് മുന്നോടിയായി താഴെപ്പറയുന്ന പ്രാരംഭ ജോലികൾക്കായുള്ള ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചുകൊണ്ടുള്ള കരാർ, 20-1-2016-ന് ഒപ്പുവയ്ക്കുകയും അതിൻപ്രകാരമുള്ള ജോലികൾ പൂർത്തിയാക്കുകയും ചെയ്തു. പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.-യുടെ ചുമതലകൾ താഴെപ്പറയുന്നു.

1. സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങൾ തയ്യാറാക്കുക.
2. ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക.
3. പൈപ്പുകളും കേബിളുകളും മാറ്റി സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക.
4. ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും, ദർഘാസ് ക്ഷണിക്കാനാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക.
5. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ സാങ്കേതിക ഉപദേശം/വിവരങ്ങൾ ലഭ്യമാക്കുക.

(ബി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11-9-2015-ലെ ജി.ഒ.(എം.എസ്) നമ്പർ 74/15/പി.ഡബ്ല്യൂ.ഡി. പ്രകാരം 6728 കോടി (തിരുവനന്തപുരം-4219 കോടി + കോഴിക്കോട് 2509 കോടി) രൂപയ്ക്ക് കേരള സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദ രൂപരേഖകളും മറ്റ് വിശദവിവരങ്ങളും 2015 സെപ്റ്റംബറിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര നഗരവികസന മന്ത്രാലയം പ്രസ്തുത പദ്ധതിയുടെ വിശകലനവും പരിശോധനയും നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയയുടെ ഭാഗമായി വിവിധ കേന്ദ്ര മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും അഭിപ്രായങ്ങളും സംശയങ്ങളും കേരള സർക്കാരിനെ അറിയിക്കുകയും അവയ്ക്കെല്ലാം മറുപടി/വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരവെ 2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയം പ്രഖ്യാപിച്ചു. ഇതിൻപ്രകാരം പുതുക്കിയ പദ്ധതി രേഖ ഡി.എം.ആർ.സി. തയ്യാറാക്കി 2017 നവംബറിൽ കേരള സർക്കാരിന് സമർപ്പിച്ചു. സംസ്ഥാന സർക്കാർ അംഗീകാരത്തിനുശേഷം കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

(സി) തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ 8-9-2016-ലെ ജി.ഒ. (എം.എസ്.) നമ്പർ 67/2016/പി.ഡബ്ല്യൂ.ഡി. പ്രകാരം 272.84 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ഇതിനാവശ്യമായ 2.77 ഹെക്ടർ സ്ഥലമേറ്റെടുപ്പിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. പദ്ധതി ചെലവ് തുക കിഫ്ബി സമാഹരിച്ച് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച് എസ്.പി.വി. ആയ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ടി.എൽ.) വഴി ചെലവഴിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുള്ള കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

1. കൂടാതെ പ്രസ്തുത ജി.ഒ.പ്രകാരം കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.4474 ഹെക്ടർ സ്വകാര്യ ഭൂമിയും, തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യഭൂമിയും ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ അതാത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്.

2. ലൈറ്റ് മെട്രോ ഡിപ്പോ/യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 19.54.716 ഏക്കർ സർക്കാർ ഭൂമിയും കോഴിക്കോട് 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

3. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ മറ്റൊരു പ്രധാന പ്രാരംഭ പ്രവർത്തനമായ കഴക്കൂട്ടം-കേശവദാസപുരം പാത വികസനത്തിനും 16-1-2017-ലെ ജി.ഒ. (എം.എസ്) നമ്പർ 79/2017/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

4. കോഴിക്കോട് ലൈറ്റ് മെട്രോയുടെ പ്രധാന പ്രാരംഭ പ്രവർത്തനമായ മാനാഞ്ചിറ-മീഞ്ചന്ത പാത വികസനത്തിനും 28-7-2017-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1108/2017/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) നാറ്റ്പാക്ക് തയ്യാറാക്കിയ Comprehensive Mobility Plan (CMP) 2015 ഒക്ടോബറിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. ഇതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല.

(ഇ) ലൈറ്റ് മെട്രോ ഡിപ്പോ/യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 19.54.716 ഏക്കർ സർക്കാർ ഭൂമിയും കോഴിക്കോട് 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ച് തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ സ്ഥലങ്ങളിൽ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനും അതിനാവശ്യമായ സ്ഥലമെടുപ്പിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.4474 ഹെക്ടർ സ്വകാര്യ ഭൂമിയും തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി 8-9-2016-ൽ നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ അതാത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. സ്വകാര്യ ഭൂമിയൊന്നും ഇതുവരെ ഏറ്റെടുത്തിട്ടില്ല.

## തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി

86 (1906) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ സാങ്കേതിക പഠനത്തിനായി സർക്കാർ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സമിതിയിലെ അംഗങ്ങൾ ആരൊക്കെയെന്നും സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും വെളിപ്പെടുത്താമോ;

(സി) സമിതി റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ ചെലവ് ഇനം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ സാങ്കേതിക പഠനത്തിനായി സർക്കാർ സമിതിയെ നിയോഗിച്ചിട്ടില്ല. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ സാങ്കേതിക പഠനത്തിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമായി ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ രൂപീകരിച്ച എസ്.പി.വി. ആയ കെ.ആർ.ടി.എൽ.-ന്റെ 2014 ആഗസ്റ്റിൽ കൂടിയ ബോർഡ് യോഗമാണ് ഇതിനായി ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തിയത്.

ഡി.എം.ആർ.സി. 2014 ഒക്ടോബറിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദ പദ്ധതിരേഖ സമർപ്പിച്ചു. തിരുവനന്തപുരം, ലൈറ്റ് മെട്രോ പദ്ധതിക്ക് 4219 കോടി രൂപയും (196 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിന് ഉൾപ്പെടെ), കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിക്ക് 2509 കോടി രൂപയുമാണ് (145 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിന് ഉൾപ്പെടെ) കണക്കാക്കിയിട്ടുള്ളത്.

## അഷ്ടമുടി മാസ്റ്റർ പ്ലാൻ

87 (1907) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടി കായലിലെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും കായലിനെ മാലിന്യമുക്തമാക്കുന്നതിനും ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നതിനുമായി തയ്യാറാക്കിയിട്ടുള്ള അഷ്ടമുടി മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇൻഫ്രാസ്ട്രക്ച്ചർ ലീസിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസ് (ഐ.എൽ. & എഫ്.എസ്.) എൻവയോൺമെന്റൽ ഇൻഫ്രാസ്ട്രക്ച്ചർ സർവ്വീസ് ലിമിറ്റഡിനെയാണ് അഷ്ടമുടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ ഏജൻസി സമർപ്പിച്ച കരട് മാസ്റ്റർ പ്ലാൻ പരിശോധിച്ചുവരുന്നു.

**പറമ്പിക്കുളം-ആളിയാർ കരാർ**

88 (1908) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - ആളിയാർ കരാർ തുടർച്ചയായി തമിഴ്നാട് സർക്കാർ ലംഘിക്കുന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) കരാർ നിരന്തരം ലംഘിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ കഴിയുന്നത്; ഇക്കാര്യം വിശദമായി പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-16, 2016-17 ജലവർഷങ്ങളിൽ തമിഴ്നാട് പി.എ.പി. കരാർ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചിട്ടില്ല. നടപ്പ് ജല വർഷത്തിൽ (2017-18) മണക്കടവ് വിയറിൽ നാളിതുവരെ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം ലഭിച്ചിട്ടില്ല. കരാർ പ്രകാരം മണക്കടവ് വിയറിൽ 2017 ജൂലൈ 1 മുതൽ 2018 ജനുവരി 15 വരെ 5200 എം.സി.എഫ്.ടി. ജലമാണ് ലഭിക്കേണ്ടത് എന്നാൽ ഈ കാലയളവിൽ 4494 എം.സി.എഫ്.ടി. ജലമേ കിട്ടിയിട്ടുള്ളൂ. കൂടാതെ കേരള ഷോളയാറിലെ ജലവിതാനം 2017 സെപ്തംബർ 1-ന് പൂർണ്ണ ജലനിരപ്പായ (ഫുൾ റിസർവോയർ ലെവൽ) 2663 അടിയിൽ തമിഴ്നാട് എത്തിച്ചില്ല. കേരള ഷോളയാറിലെ ജലവിതാനം 2017 സെപ്തംബർ 1-ന് 2651.60 അടി മാത്രമായിരുന്നു.

പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാരുമായി കേരള സർക്കാർ നിരന്തര സമ്പർക്കത്തിലാണ്.

കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ കേരളം സ്വീകരിച്ചുവരുന്നു.

(ബി) കരാർ വ്യവസ്ഥാ ലംഘനങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. കരാർ പുനരവലോകന ചർച്ചകളിലും കേരളം ഇക്കാര്യം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. 19-1-2018-ൽ തിരുവനന്തപുരത്തു നടത്തിയ സെക്രട്ടറി ലെവൽ ചർച്ചയിൽ കരാർ പുനരവലോകനം ചെയ്യുവാൻ ധാരണയായിട്ടുണ്ട്. കേരളത്തിന് അർഹമായ ജലം ലഭിക്കുവാനുള്ള അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

## പറമ്പിക്കുളം-ആളിയാർ കരാർ

89 (T 1909) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലമുപയോഗിച്ച് തമിഴ്നാട് വൈദ്യുതി ഉത്പാദനവും ജലസേചനവും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കരാർ പാലിക്കുവാൻ തമിഴ്നാട് സർക്കാരിൽ സമ്മർദം ചെലുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.എ.പി.-യിൽ നിന്ന് കേരളത്തിന് കരാർ പ്രകാരം അവകാശപ്പെട്ട ജലം നേടിയെടുക്കുവാൻ ഉദ്യോഗസ്ഥ തലത്തിലും, സർക്കാർ തലത്തിലും ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

## നാം മുന്നോട്ട് എന്ന ടി.വി.പരിപാടി

90 (1910) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പദ്ധതികൾ ജനങ്ങളിലെത്തിക്കുന്നതിന് വേണ്ടി നാം മുന്നോട്ട് എന്ന ടി.വി. പരിപാടി പബ്ലിക് റിലേഷൻ വകുപ്പ് മുഖേന മുഖ്യമന്ത്രി നടത്തുന്നുണ്ടോ;

(ബി) ദൂരദർശൻ ഉൾപ്പെടെ ഏതൊക്കെ ചാനലുകളിലാണ് പ്രസ്തുത പരിപാടി സംപ്രേക്ഷണം ചെയ്യുന്നത്;

(സി) പരിപാടി സംപ്രേക്ഷണം ചെയ്യുന്നതിന് എന്ത് തുകയാണ് ഓരോ സ്വകാര്യ ചാനലിനും നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദൂരദർശൻ, ഏഷ്യാനെറ്റ് ന്യൂസ്, മാതൃഭൂമി ന്യൂസ്, റിപ്പോർട്ടർ ടി.വി., ന്യൂസ് 18 കേരളം, മീഡിയാവൺ, കൈരളി ടി.വി., പീപ്പിൾ ടി.വി.

T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.'

| | | | |
|---|---|---|---|
| (സി) | ദൂരദർശൻ-ഡി.ഡി.1 | - | 53,789 രൂപ +ജി.എസ്.ടി. |
| | ഡി.ഡി.4 | - | 8,367 രൂപ + ജി.എസ്.ടി. |
| | ഏഷ്യാനെറ്റ് ന്യൂസ് | - | 1,25,000 രൂപ + ജി.എസ്.ടി |
| | മാതൃഭൂമി ന്യൂസ് | - | 1,00,000 രൂപ + ജി.എസ്.ടി. |
| | റിപ്പോർട്ടർ ടി.വി. | - | 50,000 രൂപ + ജി.എസ്.ടി. |
| | ന്യൂസ് 18 കേരളം | - | 50,000 രൂപ + ജി.എസ്.ടി. |
| | മീഡിയാ വൺ | - | 50,000 രൂപ + ജി.എസ്.ടി. |
| | പീപ്പിൾ ടി.വി | - | 75,000 രൂപ + ജി.എസ്.ടി. |
| | കൈരളി ടി.വി. | - | 1,00,000 രൂപ + ജി.എസ്.ടി. |

**സർക്കാർ ഡയറിയിലെ അച്ചടിപ്പിശകുകൾ**

91 (1911) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ സർക്കാർ ഡയറിയിൽ വ്യാപകമായ പിശകുകൾ ഉണ്ടായതു കാരണം മാറ്റി അച്ചടിക്കേണ്ടിവന്ന സാഹചര്യം ഗുരുതരമായി കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അശ്രദ്ധ കാരണം സർക്കാരിന് ഉണ്ടായ സാമ്പത്തിക നഷ്ടം അത് വരുത്തിവച്ച ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുമോ;

(സി) സമാനമായ തെറ്റുകൾ 2017-ലും ഉണ്ടായിട്ടും ഇത്തരത്തിലുള്ള തെറ്റുകൾ ആവർത്തിക്കാനിടയായത് വിജിലൻസ് തുടങ്ങിയ ഏജൻസിയെകൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ ?

ഉത്തരം

(എ) 2018-ലെ സർക്കാർ ഡയറിയിൽ വ്യാപകമായ പിശകുകൾ ഉണ്ടായിട്ടില്ലാത്തതിനാൽ ഡയറി മാറ്റിയടിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

(ബി&സി) ബാധകമല്ല.

## പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ

92 (1912) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ലോക കേരള സഭ രൂപീകരണത്തിലൂടെ പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വമെടുക്കുന്നതിന് പൂർണ്ണമായ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. ക്ഷേമപെൻഷൻ കാറ്റഗറി വ്യത്യാസമില്ലാതെ 2,000 രൂപയാക്കി വർദ്ധിപ്പിച്ചു. അംഗത്വം റദ്ദായവർക്ക് അംഗങ്ങൾക്ക് പിഴകൂടാതെ കുടിശ്ശിക മാത്രം അടച്ച് അംഗത്വം നിലനിർത്താൻ അവസരം നൽകി. അംഗത്വം വർദ്ധിപ്പിക്കുന്നതിനുള്ള കാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വിദേശത്ത് തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ, ജയിൽ മോചനം എന്നീ വിഷയങ്ങളിൽ പ്രശ്നങ്ങൾ നേരിടുന്നവർക്ക് അടിയന്തരമായി ആവശ്യമായ നിയമസഹായങ്ങൾ ലഭ്യമാക്കാൻ സർക്കാർ എംബസികളോട് അഭ്യർത്ഥിച്ചു വരുന്നു. സാധ്യമായ എല്ലാ കേസുകളിലും എംബസി ഇതിനാവശ്യമായ ഉപദേശം നൽകിവരുന്നുണ്ട്. കൂടാതെ ഇത്തരം ആവശ്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് പ്രവാസി ലീഗൽ എയ്ഡ് സെൽ എന്ന പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. കാര്യക്ഷമമായി പ്രസ്തുത പദ്ധതിയിൽ നിന്നും സേവനങ്ങൾ നല്കുന്നതിനായി പദ്ധതി നടത്തിപ്പ് രൂപരേഖ പുനരാവിഷ്കരിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി 11-3-2013-ലെ ജി.ഒ. (ആർ.ടി.) നമ്പർ 75/2013/നോർക്ക ഉത്തരവുപ്രകാരം നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച്

ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണിത്. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നിലവിൽ നോർക്ക റൂട്ട്സും സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നൽകിയാണ് മേൽപ്പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മേൽപ്പറഞ്ഞ ദേശസാൽകൃത ബാങ്കുകൾക്ക് പുറമെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോപ്പറേറ്റീവ് സൊസൈറ്റി എന്നിവരുമായി ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) ലോക കേരള സഭയിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനങ്ങൾ സ്വീകരിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- വിദേശത്തുള്ള പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനുവേണ്ടി ഓരോ വിദേശമേഖലയ്ക്കും പ്രത്യേക ചേമ്പറുകൾ എന്ന നിലയിൽ പ്രവാസി വാണിജ്യ ചേമ്പറുകൾക്ക് രൂപം നൽകുക.
- ഇവരും കേരളത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ചേമ്പറുകളും തമ്മിൽ സൗഹൃദ ബന്ധം വളർത്തിയെടുത്ത് ആഗോളതലത്തിലെ മലയാളികളായ വ്യവസായ വാണിജ്യ സംരംഭക കൂട്ടുകെട്ട് ഉറപ്പാക്കുക.
- എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിക്കുക.

- പ്രൊഫഷണലുകളുടെ സേവനം കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുക. അതുവഴി കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മേഖലയിൽ വികസനം സാധ്യമാക്കുക.

- വിദേശത്ത് ജോലി ചെയ്യുന്നവരും തിരിച്ചുവന്നവരും മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുമായ മുഴുവൻ മലയാളികൾക്കും വേണ്ടി പ്രത്യേക വിഭാഗങ്ങൾ നോർക്കയിൽ രൂപീകരിക്കുക. വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്ക് വേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പുകളും ഉണ്ടാക്കുക. ഇതിന്റെ ചുമതല പ്രൊഫഷണലുകളെ ഏൽപ്പിക്കുക.

- കേരള വികസന നിധി രൂപീകരിക്കുക. നിശ്ചിത തുകയുള്ള ഡെപ്പോസിറ്റ് പ്രഖ്യാപിത പ്രവാസി സംരംഭങ്ങളിൽ ഓഹരിയായി നിക്ഷേപിക്കാൻ തയ്യാറുള്ള പ്രവാസികൾക്ക് പ്രവാസം മതിയാക്കി മടങ്ങിയെത്തുമ്പോൾ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. ഗൾഫിൽ നിന്നും മടങ്ങി വരുമ്പോൾ നാട്ടിൽ ഒരു തൊഴിൽ ഉറപ്പുവരുത്താനുള്ള നിക്ഷേപം എന്ന നിലയിൽ ഈ സംരംഭം ഈ രംഗത്തെ പുതുമയുള്ള കാൽവെയ്പ്പായിരിക്കും.

- പ്രവാസികൾക്ക് സംരംഭമാരംഭിക്കുന്നതിനായി പ്രത്യേക വായ്പാ സൗകര്യങ്ങൾ ഉറപ്പാക്കുക.

- സംരംഭകരാകാൻ തയ്യാറാകുന്നവരുമായി, പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടിലേയ്ക്കുള്ള മടക്കത്തിനുമുമ്പ് തന്നെ ആശയ വിനിമയം നടത്തുവാൻ ഒരു ഏജൻസി സ്ഥാപിക്കുക.

- നിക്ഷേപകർക്ക് ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ അനുവാദം നൽകുക.

- പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് രോഗ ബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ ഉതകുന്ന സ്കീം രൂപീകരിക്കുക.

## നോർക്ക റൂട്ട്സ്

93 (1913) ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. അബ്ദുൽ ഹമീദ്. പി :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കാ റൂട്ട്സിനെ ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെ വിദേശ രാജ്യങ്ങളിലേക്കുള്ള തൊഴിൽ റിക്രൂട്ടിംഗ് ഏജന്റായി പ്രവർത്തിക്കുവാൻ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ രാജ്യങ്ങളിലെ തൊഴിൽ മേഖലകളിലേക്കാണ് റിക്രൂട്ട്മെന്റ് നടത്തുന്നത്;

(സി) ഇപ്രകാരം തൊഴിൽ തേടുന്നവർക്ക് എന്തെങ്കിലും പരിശീലനം നല്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) പരിശീലനത്തിലൂടെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിച്ച് മെച്ചപ്പെട്ട സാദ്ധ്യതകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെ തൊഴിൽ റിക്രൂട്ടിങ് ഏജന്റായി പ്രവർത്തിക്കുന്നതിന് ഇന്ത്യ ഗവൺമെന്റിന്റെ വിദേശകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ബി) ജി.സി.സി. രാജ്യങ്ങൾ ഉൾപ്പെടെ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് നോർക്ക റൂട്ട്സിന് റിക്രൂട്ട്മെന്റ് നടത്തുന്നതിന് അംഗീകാരമുണ്ട്. ഇപ്പോൾ സൗദി അറേബ്യ, യു.എ.ഇ., ഒമാൻ എന്നീ രാജ്യങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തിവരുന്നു.

(സി) വിദേശത്ത് തൊഴിൽ തേടുന്നവർക്ക് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ, സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് എന്നിവയും ഗാർഹിക തൊഴിലാളികൾക്ക് പ്രത്യേക പരിശീലനവും നൽകിവരുന്നുണ്ട്.

(ഡി) പരിശീലനത്തിലൂടെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിച്ച് തൊഴിൽ അന്വേഷകർക്ക് മെച്ചപ്പെട്ട സാധ്യതകൾ ലഭ്യമാക്കാൻ നോർക്ക റൂട്ട്സ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## നോർക്കയുടെ സ്ഥലം അനുവദിക്കുന്നതിന് നടപടി

94 (1914) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഈരേഴ ക്ലോറൈറ്റ് ഫാക്ടറിയുടെ ഉപയോഗശൂന്യമായ സ്ഥലം നിലവിൽ നോർക്കയുടെ ഉടമസ്ഥതയയിൽ ആണോ; പ്രസ്തുത സ്ഥലം ഉപയോഗിക്കുന്നതിന് നോർക്കയുടെ പദ്ധതികൾ നിലവിലുണ്ടോ;

(ബി) മാവേലിക്കരയിൽ സ്ഥിതി ചെയ്യുന്ന രാജാരവിവർമ്മ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥലപരിമിതി നേരിടുന്നതിനാൽ ക്യാമ്പസ് വിപുലീകരിക്കുന്നതിലേക്കായി പ്രസ്തുത സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ. പ്രവാസി മലയാളികൾക്ക് വേണ്ടിയുള്ള ഹെറിറ്റേജ് ഹോം പ്രോജക്ട് നടപ്പിലാക്കുന്നതിന് സ.ഉ. (കൈ) നമ്പർ 256/05/റവന്യൂ. തീയതി 18-8-2005 പ്രകാരം ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിൽ 2-1-2003 ഹെക്ടർ സർക്കാർ ഭൂമി നോർക്ക വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ പദ്ധതി സാക്ഷാത്കരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പ്രസ്തുത സ്ഥലത്ത്, അനുദിനം മാറിക്കൊണ്ടിരിക്കുന്ന പ്രവാസ ലോകവും പ്രവാസ വിഷയവും സംബന്ധിച്ച പഠനം നടത്തുന്നതും സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് അവലോകനം ചെയ്ത് വിലയിരുത്തി സർക്കാരിന് ഉപദേശം നൽകുന്നതും ലക്ഷ്യം വച്ച് 'ഇൻസ്റ്റിറ്റ്യൂട്ട് ഓൺ മൈഗ്രേഷൻ' സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ സജീവമായി പരിഗണിച്ചുവരുന്നു.

(ബി) പരിഗണനയിലില്ല.

## ലോക കേരള സഭയിൽ പങ്കെടുത്തവർ

95 (1915) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയിൽ ആകെ എത്ര പ്രവാസി മലയാളികൾ പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ലോക കേരള സഭയിൽ വിവിധ വിദേശ രാജ്യങ്ങളിൽ നിന്നായി എത്ര വീതം വിദേശ മലയാളികൾ പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്ര വീതം മലയാളികൾ പങ്കെടുത്തുവെന്ന് സംസ്ഥാനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) വിദേശ പൗരത്വമുള്ള എത്ര മലയാളികൾ ലോകകേരളസഭയിൽ പങ്കെടുത്തുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലോക കേരള സഭയിൽ തിരിച്ച് വന്ന പ്രവാസികളായ 6 പേർ ഉൾപ്പെടെ അംഗങ്ങളായി 159 മലയാളികൾ പങ്കെടുത്തു.

(ബി) ലോക കേരള സഭയിൽ അംഗങ്ങളായി വിവിധ വിദേശ രാജ്യങ്ങളിൽ നിന്നായി 96 പേർ പങ്കെടുത്തു. അവരുടെ രാജ്യമേഖലകൾ തിരിച്ചിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| യു.എ.ഇ. | - | 20 |
| സൗദി അറേബ്യ | - | 10 |
| ഒമാൻ | - | 7 |
| ഖത്തർ | - | 7 |
| കുവൈറ്റ് | - | 7 |
| ബഹറിൻ | - | 8 |
| ഇറാഖ് | - | 1 |
| ശ്രീലങ്ക | - | 1 |
| സിംഗപ്പൂർ | - | 1 |
| ഇന്ത്യോനേഷ്യ | - | 1 |
| മലേഷ്യ | - | 1 |
| ജപ്പാൻ | - | 1 |
| ഹോങ്കോങ്ങ് | - | 1 |
| റഷ്യ | - | 2 |
| യു.എസ്.എ. | - | 6 |
| കാനഡ | - | 1 |
| സൈല്യൂസിയ | - | 1 |
| യു.കെ. | - | 4 |
| അയർലന്റ് | - | 1 |
| ജർമനി | - | 2 |

| | | |
|---|---|---|
| ഫ്രാൻസ് | - | 1 |
| ഇറ്റലി | - | 2 |
| ആസ്ട്രിയ | - | 2 |
| ചെക്ക് റിപ്പബ്ലിക് | - | 1 |
| ഉക്രെയിൻ | - | 1 |
| ടാൻസാനിയ | - | 2 |
| മൊസാംബിക് | - | 1 |
| നൈജീരിയ | - | 1 |
| കെനിയ | - | 1 |
| ആസ്ട്രേലിയ | - | 1 |
| ആകെ | - | 96 |

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും 38 കേരളീയർ പങ്കെടുത്തു. അവരുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഗുജറാത്ത് | - | 1 |
| കർണ്ണാടക | - | 6 |
| മഹാരാഷ്ട്ര | - | 12 |
| ന്യൂഡൽഹി | - | 5 |
| പഞ്ചാബ് | - | 1 |
| തമിഴ്നാട് | - | 9 |
| തെലങ്കാന | - | 2 |
| വെസ്റ്റ് ബംഗാൾ | - | 2 |
| ആകെ | - | 38 |

(ഡി) ലോക കേരള സഭയുടെ ഭാഗമായി വളരെ പ്രശസ്തരായവരെയും പ്രത്യേക ക്ഷണിതാക്കളായി ഉൾപ്പെടുത്തിയിരുന്നു. എങ്കിലും ഇവർ സഭാംഗങ്ങളല്ല. ഇവരുടെ പൗരത്വം അടിസ്ഥാനപ്പെടുത്തിയല്ലായിരുന്നു തെരഞ്ഞെടുപ്പ് എന്നതിനാൽ പൗരത്വത്തെക്കുറിച്ച് കൃത്യമായ വിവരം ലഭ്യമല്ല. ലഭ്യമായ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി വിദേശ പൗരത്വമുള്ള 19 കേരളീയർ ലോക കേരള സഭയിൽ പങ്കെടുത്തിട്ടുണ്ട്.

## വിദേശത്തുനിന്ന് തിരിച്ചെത്താൻ കഴിയാതെ ബുദ്ധിമുട്ടുന്ന വയനാട് സ്വദേശികൾ

96 (1916) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം, വിദേശത്ത് ജോലിക്കുപോയിട്ട് തിരിച്ചെത്താൻ കഴിയാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വയനാട് സ്വദേശികളുടെ എത്ര അപേക്ഷൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇവരെ തിരികെയെത്തിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ച തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വിഷയം സംബന്ധിച്ച് ജില്ലതിരിച്ച് വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കാറില്ല. എന്നിരുന്നാലും, സർക്കാരിന്റെ പക്കലുള്ള രേഖകൾ പ്രകാരം ഈ സർക്കാർ അധികാരമേറ്റശേഷം വിദേശത്ത് ജോലിക്കുപോയിട്ട് തിരിച്ചെത്താൻ കഴിയാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വയനാട് സ്വദേശികളുടെ 16 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സർക്കാർ പരിശോധിച്ച് വിദേശത്തുള്ള ഇന്ത്യൻ നയതന്ത്ര കാര്യാലയവുമായും, ന്യൂഡൽഹിയിലുള്ള ഇന്ത്യൻ വിദേശകാര്യ മന്ത്രാലയവുമായും ബന്ധപ്പെട്ട് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. നിയമപരമായി തടസ്സങ്ങളൊന്നുമില്ലാത്ത കേസുകളിൽ വിദേശത്തു കുടുങ്ങിക്കിടക്കുന്ന പ്രവാസികളായ മലയാളികളെ സുരക്ഷിതമായി നാട്ടിൽ തിരിച്ചെത്തിക്കാൻ കഴിയാറുണ്ട്.

## പ്രവാസികൾക്കായി ക്ഷേമനിധി

97 (1917) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) ധനികരായ പ്രവാസികളിൽ നിന്നും സംഭാവന സ്വീകരിച്ച് ക്ഷേമനിധി രൂപീകരിക്കുവാനാണോ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് ഏതെങ്കിലും പ്രവാസികളിൽ നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(ഡി) ലോക കേരള സഭ ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനത്തിലെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രവാസികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി 'കേരള പ്രവാസി ക്ഷേമനിധി' എന്ന പേരിൽ ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്. ടി നിധി വിനിയോഗിച്ച് പ്രവാസികൾക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

(ബി-ഡി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

**ലോക കേരള സഭ**

98 (1918) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ചേർന്ന ലോക കേരള സഭയുടെ ആദ്യ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ് വന്ന പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ ഭാഗത്ത് കൈക്കൊണ്ടിട്ടുള്ളത്;

(സി) ലോകമെമ്പാടുമുള്ള മലയാളികളുടെ കഴിവുകൾ സംസ്ഥാനത്ത് എപ്രകാരം മുതൽക്കൂട്ടാക്കുവാൻ ആകുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) ലോക കേരള സഭക്ക് സ്ഥിരം സെക്രട്ടേറിയറ്റും സ്ഥിരം സ്റ്റാഫും ഉണ്ടാക്കുവാൻ പദ്ധതിയുണ്ടോ;

(ഇ) ലോക കേരള സഭയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളെ ഏത് മാനദണ്ഡപ്രകാരമാണ് തെരഞ്ഞെടുത്തത്; പല മേഖലകളിൽ നിന്നുള്ള പ്രമുഖർക്ക് പ്രാതിനിധ്യം ലഭിച്ചില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത സഭയിലെ മൂന്നിലൊന്ന് അംഗങ്ങൾ രണ്ട് വർഷം കൂടുമ്പോൾ പിരിഞ്ഞ് പോകേണ്ടതുണ്ടോ; അപ്രകാരം പിരിയേണ്ടവരെ കണ്ടെത്തുന്നത് എപ്രകാരമാണ്; വ്യക്താമക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ വികസന ഭാവിക്ക് പുതിയ ഊർജ്ജം പകരുന്ന ഒട്ടേറെ നിർദ്ദേശങ്ങളുടെ രൂപീകരണത്തിലേയ്ക്ക് നയിച്ചിട്ടുണ്ട്.

- പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേമ്പർ രൂപീകരണം.
- അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം.
- പുതിയ കാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം-ലോക കേരള സഭാ സെക്രട്ടേറിയറ്റ് രൂപം നൽകും.
- കേരള വികസന നിധി രൂപീകരണം.
- പ്രവാസി സംരക്ഷണ പദ്ധതി-രോഗബാധിതരാകുന്നവർക്ക്, അപകടത്തിൽപ്പെടുന്നവർക്ക്, തൊഴിൽ നഷ്ടമാകുന്നവർക്ക് സംരക്ഷണം നൽകാൻ കഴിയുന്ന വിധം വികസന പദ്ധതികളിലെ നിക്ഷേപത്തിനു മാർഗ്ഗരേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരിക്കൽ.
- സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകളുടെ രൂപീകരണം.
- വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക-കാർഷികാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലന രംഗം, നൂതന സാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപക സഹകരണത്തിനു പദ്ധതി തയ്യാറാക്കൽ
- അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.
- മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.

(ബി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ അന്തിമ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടില്ല.

(സി) ലോകമെമ്പാടുമുള്ള കേരളീയരുടെ കഴിവും വൈദഗ്ദ്ധ്യവും ഉപയോഗപ്പെടുത്തി കേരളത്തിന്റെ സാമ്പത്തിക സാമൂഹിക അടിസ്ഥാന സൗകര്യ മേഖലകളിൽ കേരളത്തിന്റെ തനതു സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ട് വികസനം സാധ്യമാക്കാനാണുദ്ദേശിക്കുന്നത്.

(ഡി) ലോക കേരള സഭയ്ക്ക് സ്ഥിരം സെക്രട്ടേറിയറ്റും സ്ഥിരം സ്റ്റാഫും ഉണ്ടാക്കാനുള്ള പദ്ധതി ആലോചിച്ചുവരുന്നു.

(ഇ) ലോക കേരള സഭയിലേയ്ക്ക് നിയമസഭാംഗങ്ങളും, പാർലമെന്റ് അംഗങ്ങളും ഒഴികെയുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഓരോ സംസ്ഥാനത്തെയും രാജ്യത്തെയും പ്രവാസികളുടെ എണ്ണം, ഭൂപ്രദേശങ്ങളുടെ പ്രാതിനിധ്യം, നിർദ്ദേശിക്കപ്പെടുന്നവർ പൊതു സമൂഹത്തിനു നൽകിയ സംഭാവനകൾ തുടങ്ങിയ പരിഗണനകൾ മുൻനിർത്തിയാണ് ലോക കേരള സഭയുടെ അംഗങ്ങളെ, ഇതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റി മുഖേന സംസ്ഥാന സർക്കാർ നിശ്ചയിച്ചത്. ലക്ഷക്കണക്കിനു വരുന്ന പ്രവാസി കേരളീയരിൽ നിന്നും 177 പേരെയാണ് തെരഞ്ഞെടുക്കാൻ വ്യവസ്ഥയുള്ളത്. ആയതിനാൽ തന്നെ ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് അംഗങ്ങളാകാൻ ആഗ്രഹിച്ചവരുടെ ചില ആക്ഷേപങ്ങൾ ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ലോക കേരള സഭ കാലാവധിയില്ലാത്ത തുടർച്ചയുള്ള സഭയായിരിക്കും. എന്നാൽ രണ്ട് വർഷം കൂടുമ്പോൾ നാമനിർദ്ദേശം ചെയ്യപ്പെട്ട മൂന്നിലൊന്നുപേർ വിരമിക്കുകയും അത്രത്തോളം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുമാണ്. പിരിയേണ്ടവരെ കണ്ടെത്തുന്നത് എപ്രകാരമായിരിക്കണമെന്നത് പിന്നീട് തീരുമാനിക്കുന്നതാണ്.

**ലോക കേരളസഭ**

99 (1919) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭ ചേർന്ന് കേരള വികസനത്തിനായി എടുത്തിട്ടുള്ള തീരുമാനങ്ങളുടെ വിശദവിവരം നൽകുമോ?

(ബി) സഭ സംബന്ധിച്ച നടപടി ക്രമങ്ങളുടെ വിശദവിവരം അംഗങ്ങൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ വികസന ഭാവിക്ക് പുതിയ ഊർജ്ജം പകരുന്ന ഒട്ടേറെ നിർദ്ദേശങ്ങളുടെ രൂപീകരണത്തിലേയ്ക്ക് നയിച്ചിട്ടുണ്ട്.

- പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേമ്പർ രൂപീകരണം.
- അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം.
- പുതിയകാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം-ലോക കേരള സഭാ സെക്രട്ടേറിയറ്റ് രൂപം നൽകും.
- കേരള വികസന നിധി രൂപീകരണം.
- പ്രവാസി സംരക്ഷണ പദ്ധതി-രോഗബാധിതരാകുന്നവർക്ക്, അപകടത്തിൽപ്പെടുന്നവർക്ക്, തൊഴിൽ നഷ്ടമാകുന്നവർക്ക് സംരക്ഷണം നൽകാൻ കഴിയുന്ന വിധം വികസന പദ്ധതികളിലെ നിക്ഷേപത്തിനു മാർഗ്ഗരേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരിക്കൽ.
- സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകളുടെ രൂപീകരണം.
- വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക-കാർഷികാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലന രംഗം, നൂതന സാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപക സഹകരണത്തിനു പദ്ധതി തയ്യാറാക്കൽ
- അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.
- മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.

(ബി) സഭ സംബന്ധിച്ച നടപടിക്രമങ്ങളും തീരുമാനങ്ങളും അന്തിമമാകുന്ന മുറയ്ക്ക് വിശദവിവരം അംഗങ്ങൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ ആയുധപരിശീലന കേന്ദ്രങ്ങൾ

100(1920) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ സൈനിക പ്രീ റിക്രൂട്ട്മെന്റ് പരിശീലന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിലാണ് എന്നറിയിക്കാമോ ;

(ബി) ശാരീരിക പരിശീലനമെന്ന പേരിൽ ആയുധപരിശീലനം നൽകുന്ന കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം കേന്ദ്രങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സൈനിക പ്രീ റിക്രൂട്ട്മെന്റ് പരിശീലനകേന്ദ്രങ്ങളിൽ ആയുധ പരിശീലനം നൽകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## യോഗാ കേന്ദ്രത്തിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ

101 (1921) ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. എൻ. ഷംസുദ്ദീൻ :

ഡോ. എം. കെ. മുനീർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കാക്കനാട് പ്രവർത്തിക്കുന്ന യോഗാ കേന്ദ്രത്തിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ ക്രൂരമർദ്ദനത്തിലൂടെ നിർബന്ധിതമായി മതപരിവർത്തനം നടത്തുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) അന്തേവാസികളെ ലൈംഗിക പീഡനത്തിനും മയക്കു മരുന്നുപയോഗത്തിനും ഇരയാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) സ്ഥാപനത്തെപറ്റി സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ കാക്കനാട് യോഗാ കേന്ദ്രങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല.

(ബി-ഡി) ബാധകമല്ല.

### കുഴൽപ്പണവിതരണ മാഫിയയെ നിയന്ത്രിക്കാൻ നടപടി

102 (1922) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുഴൽപ്പണ വിതരണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിലൂടെ എത്ര കോടി രൂപ പിടിച്ചെടുത്തിട്ടുണ്ട്;

(സി) സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥക്ക് ഭീഷണി ഉയർത്തുന്നതും വിവിധ മാഫിയ സംഘങ്ങളുടെ വളർച്ചയ്ക്ക് ഇടയാക്കുന്നതുമായ കുഴൽപ്പണ വിതരണ സംഘങ്ങളെ നിയന്ത്രിയ്ക്കുന്നതിനും, അമർച്ച ചെയ്യുന്നതിനും എന്തൊക്കെ കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 113 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 33.33 കോടി രൂപ പിടിച്ചെടുത്തിട്ടുണ്ട്.

(സി) ഇത്തരം കുറ്റക്കാർക്കെതിരെ 102 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

### പോലീസ് സേനയിൽ ഗ്രേഡ് പ്രൊമോഷൻ നൽകുന്ന രീതി

103 (1923) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ഗുരുതര അച്ചടക്ക നടപടികൾ നേരിടുന്ന ഉദ്യോഗസ്ഥർക്ക് സർവ്വീസ് മാത്രം പരിഗണിച്ച് ഗ്രേഡ് പ്രൊമോഷൻ നൽകുന്ന രീതി കടുത്ത അച്ചടക്ക ലംഘനത്തിന് കാരണമാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(സി) ഗ്രേഡ് പ്രമോഷൻ വഴി നിയമനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സി.ആർ. പി. സി. / ഐ. പി. സി. നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർ രജിസ്റ്റർ ചെയ്യുന്ന കേസുകൾ കോടതിയിൽ നിലനിൽക്കില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## എസ്.എച്ച്.ഒ. നിയമനം

104 (1924) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ മാരായി സി.ഐ. റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.ഐ. റാങ്കിലുള്ളവരെ എസ്.എച്ച്.ഒ.-മാരായി നിയമിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥർ ലഭ്യമാണോ; ഇല്ലെങ്കിൽ ഈ അപര്യാപ്തത എങ്ങനെയാണ് പരിഹരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ഘട്ടംഘട്ടമായി പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 21-10-2017-ലെ സ.ഉ.(എം.എസ്.) 211/2017/ ആഭ്യന്തരം പ്രകാരം ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്ത് 196 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ റാങ്കിലുള്ള മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെ എസ്.എച്ച്.ഒ.-മാരായി ഇതിനോടകം നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ഉടനടി എസ്.എച്ച്.ഒ.-മാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഓരോ സ്റ്റേഷന്റെയും ആവശ്യകത വിലയിരുത്തി ഘട്ടം ഘട്ടമായി ആവശ്യാനുസരണം പുനർനിർണ്ണയിക്കുന്നതാണ്.

## സബ് ഇൻസ്പെക്ടറുടെ സസ്പെഷൻ

105 (1925) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കെതിരെ സ്വീകരിക്കുന്ന സസ്പെൻഷൻ മുതലായ ശിക്ഷാനടപടികൾ അവരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ടോ;

(ബി) സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ റ്റി 8-12787/09 തീയതി 16-2-2009 പ്രകാരം വലിയതുറ സബ് ഇൻസ്പെക്ടറായിരുന്ന ശ്രീ. ഡി. കെ. പൃഥിരാജിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നോ;

(സി) അദ്ദേഹത്തിന്റെ സർവ്വീസ് ബുക്കിൽ പ്രസ്തുത സസ്പെൻഷൻ രേഖപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചെയ്തിരുന്നു.

(സി) രേഖപ്പെടുത്തിയിട്ടുണ്ട്.

**വനിതാ സബ് ഇൻസ്പെക്ടർമാർ**

106 (1926) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിതാ സബ് ഇൻസ്പെക്ടർമാർക്ക് പോലീസ് സ്റ്റേഷനുകളിൽ പ്രിൻസിപ്പൽ എസ്.ഐ യുടെ ചുമതല നൽകാറുണ്ടോ;

(ബി) എത്ര പോലീസ് സ്റ്റേഷനുകളിലാണ് വനിതകൾക്ക് പ്രിൻസിപ്പൽ എസ്.ഐ. ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ആകെ എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ട് എന്നും അവയിൽ എത്രയെണ്ണത്തിലാണ് വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രധാന ചുമതല നൽകിയിട്ടുള്ളതെന്നുമുള്ള വ്യക്തമായ കണക്ക് ലഭ്യമാക്കുമോ;

(ഡി) ഉത്തരവാദിത്തപ്പെട്ട പോലീസ് തസ്തികകളിൽ വനിതകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നൽകാറുണ്ട്.

(ബി) സംസ്ഥാനത്ത് 14 പോലീസ് സ്റ്റേഷനുകളിൽ വനിതകൾക്ക് പ്രിൻസിപ്പൽ എസ്.ഐ.-യുടെ ചുമതല നൽകിയിട്ടുണ്ട്. ഇതിൽ കൊച്ചി സിറ്റിയിലെ ഇൻഫോപാർക്ക് പോലീസ് സ്റ്റേഷനിൽ വനിതാ പോലീസ് ഇൻസ്പെക്ടർക്കാണ് ചുമതല.

(സി) സംസ്ഥാനത്ത് ആകെ 527 പോലീസ് സ്റ്റേഷനുകളുണ്ട്. അവയിൽ 14 പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വനിതാ പോലീസ് ഉദ്യോഗസ്ഥർ സ്റ്റേഷൻ ചുമതല വഹിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പോലീസ് സ്റ്റേഷന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | വനിതാ പി.എസ് |
| 2 | കൊല്ലം സിറ്റി | വനിതാ പി.എസ് |
| 3 | പത്തനംതിട്ട | തണ്ണിത്തോട് പി.എസ് |
| 4 | ആലപ്പുഴ | വനിതാ പി.എസ് |
| 5 | കോട്ടയം | വനിതാ പി.എസ് |
| 6 | ഇടുക്കി | കുളമാവ് പി.എസ് |
| 7 | എറണാകുളം സിറ്റി | വനിതാ പി.എസ് |
| 8 | എറണാകുളം സിറ്റി | ഇൻഫോ പാർക്ക് പി.എസ് |
| 9 | തൃശ്ശൂർ സിറ്റി | വനിതാ പി.എസ് |
| 10 | തൃശ്ശൂർ റൂറൽ | വനിതാ പി.എസ്, ഇരിങ്ങാലക്കുട |
| 11 | കോഴിക്കോട് സിറ്റി | വനിതാ പി.എസ് |
| 12 | കോഴിക്കോട് സിറ്റി | ചെമ്മങ്ങാട് പി.എസ് |
| 13 | കണ്ണൂർ | പയ്യാവൂർ പി.എസ് |
| 14 | കണ്ണൂർ | വനിതാ പി.എസ് |

(ഡി) നിലവിൽ കോൺസ്റ്റാബുലറി തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 15 ശതമാനം വനിതാ കോൺസ്റ്റബിൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്തുവരുന്നു. സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസുകാരുടെ അംഗബലം ഘട്ടം ഘട്ടമായി 15 ശതമാനമാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടമായി 30-1-2017-ലെ സ.ഉ.(കൈ) നമ്പർ 15/2017/ആഭ്യന്തരം ഉത്തരവുപ്രകാരം 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും 20 വനിതാ പോലീസ് ഹവിൽദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

## കോട്പ നിയമപ്രകാരമുള്ള കേസുകൾ

107 (1927) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്പ നിയമ പ്രകാരം വിവിധ ജില്ലകളിൽ എത്ര വീതം കേസുകൾ 2016-ലും 2017-ലും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ എത്ര കോട്പ കേസുകളിൽ ചാർജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കോട്പ നിയമപ്രകാരം വിവിധ ജില്ലകളിൽ 2016-ലും 2017-ലും രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ഇതോടൊപ്പം അനുബന്ധം ഒന്നായി ഉൾക്കൊള്ളിക്കുന്നു*.

(ബി) വിശദവിവരം അനുബന്ധം രണ്ടായി ഉൾക്കൊള്ളിക്കുന്നു*.

## കേരളാ പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ ഡിവൈ.എസ്.പി./അസി.കമ്മീഷണർ പോസ്റ്റുകൾ

108 (1928) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളാ പോലീസിൽ നിലവിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ എത്ര ഡിവൈ.എസ്.പി./അസി. കമ്മീഷണർ പോസ്റ്റുകൾ ഉണ്ട്;ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ ഡെപ്യൂട്ടേഷൻ ഉൾപ്പെടെ എത്ര പേർ ഉണ്ട്;വ്യക്തമാക്കാമോ?

(ബി) നിലവിൽ എത്ര ഡിവൈ.എസ്. പി./അസി. കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥർ കേരളാ പോലീസിൽ ജോലി ചെയ്യുന്നു; വിശദമാക്കാമോ; എത്ര ഡിവൈ. എസ്. പി. /അസി. കമ്മീഷണർ പോസ്റ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ട്;

(സി) സി. ഐ.-മാരുടെ സംസ്ഥാന തല സീനിയോറിറ്റി ലിസ്റ്റ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്ന് പ്രസിദ്ധീകരിച്ചത്; സി. ഐ.-മാരെ ഡി. വൈ. എസ്. പി.-മാരായി പ്രമോഷൻ നടത്തുന്നതിനും ഒഴിവുള്ള പോസ്റ്റുകൾ നികത്തുന്നതിനും ഏതെങ്കിലും കോടതിയുടെ നിരോധന ഉത്തരവ് നിലവിൽഉണ്ടോ; വിശദമാക്കാമോ;

(ഡി) ഡിവൈ.എസ്. പി. /അസി. കമ്മീഷണർ പോസ്റ്റിലേക്ക് അവസാനമായി പ്രമോഷൻ നൽകിയത് എന്നാണ്; അതിനു ശേഷം ഉണ്ടായ വേക്കൻസികളിൽ എന്തുകൊണ്ടാണ് പ്രൊമോഷൻ നൽകാത്തത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) സി. ഐ.-മാരെ ഡിവൈ. എസ്. പി. ആയി പ്രമോട്ട് ചെയ്യുന്നതിന് ഡി. പി. സി. കൂടി തയ്യാറാക്കിയ ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഡി. പി. സി. കൂടാത്തത് എന്തുകൊണ്ട്; ഡി. പി. സി. കൂടുന്നതിനെതിരെ ഏതെങ്കിലും കോടതി ഉത്തരവുകൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(എഫ്) നിലവിലുള്ളതും ഒഴിവുവരുന്നതുമായ ഒഴിവിലേക്ക് നിയമനം നടത്തുന്നതിന് നിയമ തടസ്സമില്ലെന്ന ഒ.എ. 671/15-ാം നമ്പർ കേസ്സിലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിധിയുടെ അടിസ്ഥാനത്തിൽ സി. ഐ.-മാരിൽ നിന്നും അർഹതപ്പെട്ടവരെ ഡിവൈ. എസ്. പി.മാരായി പ്രൊമോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളാ പോലീസിൽ നിലവിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ 281 ഡിവൈ.എസ്.പി./അസി.കമ്മീഷണർ പോസ്റ്റുകൾ നിലവിലുണ്ട്. ഡെപ്യൂട്ടേഷനിൽ 14 ഡിവൈ.എസ്.പി.-മാർ നിലവിലുണ്ട്.

(ബി) കേരളാ പോലീസിൽ നിലവിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ 267 ഡിവൈ.എസ്.പി./അസി.കമ്മീഷണർമാരുണ്ട്. 17 ഒഴിവുകൾ നിലവിലുണ്ട്.

(സി-ഇ) സീനിയോറിറ്റി പുനഃക്രമീകരണത്തിനായി മുൻസർക്കാരിന്റെ കാലത്ത് സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടി നിയോഗിച്ച കമ്മിറ്റി സീനിയോരിറ്റി തർക്കത്തിലുൾപ്പെട്ട എല്ലാ വിഭാഗം ജീവനക്കാരെയും കേൾക്കാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും പരിഷ്കരിച്ച് പുറത്തിറക്കിയ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (ജനറൽ എക്സിക്യൂട്ടീവ്)-ന്റെ സ്റ്റേറ്റ് വൈഡ് കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് നിയമപരമായി നിലനിൽക്കുന്നതല്ലെന്നും ആയതിനാൽ ഇക്കാര്യത്തിൽ സ്വാഭാവിക നീതി ഉറപ്പാക്കി ബന്ധപ്പെട്ടവരെ നേരിൽ കേട്ടശേഷം തീരുമാനമെടുക്കണമെന്നും ബഹുമാനപ്പെട്ട ട്രൈബ്യൂണൽ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23-8-2017-ലെ ഒ.എ.നമ്പർ 2356/2016 ഉത്തരവിനെത്തുടർന്ന് ഡിവൈ.എസ്.പി. തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റും സീനിയോറിറ്റി ലിസ്റ്റും അസ്ഥിരപ്പെട്ടിട്ടുള്ളതാണ് പ്രൊമോഷൻ നടത്തുന്നതിനുള്ള തടസ്സമായിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 21-7-2017 തീയതിയിലെ സർക്കാർ ഉത്തരവ് [ജി.ഒ.(ആർ.ടി.) നമ്പർ 1873/2017/Home] പ്രകാരം ഡിവൈ.എസ്.പി. തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുള്ളതാണ്. മേൽ പരാമർശിച്ച കാരണങ്ങളാൽ സി.ഐ.-മാരെ ഡിവൈ.എസ്.പി. ആയി പ്രൊമോട്ട് ചെയ്യുന്നതിനുള്ള ഡി.പി.സി. കൂടിയിട്ടില്ല. ഇക്കാര്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ് രൂപപ്പെടുത്തിയതിനുശേഷം മാത്രമേ ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ സാധ്യമാകുകയുള്ളൂ.

(എഫ്) ഒ.എ.671/15-ാം നമ്പർ കേസ്സിലെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## വാഹനം പരിശോധിക്കാനുള്ള അധികാരം

109 (1929) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) വാഹനങ്ങൾ പരിശോധിക്കാൻ സബ് ഇൻസ്പെകടർ റാങ്കും അതിനു മുകളിലുമുള്ള ഉദ്യോഗസ്ഥർക്കാണ് നിയമപരമായി അധികാരം ഉള്ളത് എന്ന് നിയമസഭാ ചോദ്യത്തിന് മറുപടി ലഭ്യമാക്കിയ ശേഷം, ഇത് സംബന്ധിച്ച് മോട്ടോർ വാഹന നിയമത്തിൽ ഭേദഗതികൾ വരുത്തിയിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) കാസർഗോഡ് പോലീസ് ഇൻസ്പെക്ടറുടെ ഓഫീസിൽ നിന്ന് വിവരാവകാശ നിയമപ്രകാരം നൽകിയ ചോദ്യത്തിന് ലഭിച്ച 597/B00/KSD/17 നമ്പർ മറുപടി, വാഹനം പരിശോധിക്കാനുള്ള അധികാരം യൂണിഫോം ധരിച്ച എല്ലാ പോലീസ് ഉദ്യോഗസ്ഥന്മാർക്കും ഉണ്ട് എന്നായിരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാസർഗോഡ് പോലീസ് ഇൻസ്പെക്ടർ ഓഫീസിൽ നിന്ന് വിവരാവകാശ നിയമപ്രകാരം കിട്ടിയ മറുപടി പ്രകാരം എല്ലാ പോലീസുകാർക്കും വാഹനം പരിശോധിക്കാനുള്ള അധികാരം ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) വാഹനം പരിശോധിക്കാനുള്ള അധികാരം വിവിധ ജില്ലകളിൽ വിവിധ തരത്തിൽ ആണോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 1989-ലെ കേരള മോട്ടോർ വെഹിക്കിൾ റൂൾസ് പ്രകാരം സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥർക്ക് വാഹനം പരിശോധിക്കാനുള്ള അധികാരം നൽകിയിട്ടുണ്ട്.

(ബി&സി) 1988-ലെ മോട്ടോർ വെഹിക്കിൾ ആക്ട് 130 (1) അനുസരിച്ച് യൂണിഫോമിലുള്ള ഏതൊരു പോലീസ് ഉദ്യോഗസ്ഥനും വാഹനത്തിലെ ഡ്രൈവറുടെ ലൈസൻസ് പരിശോധിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.

(ഡി) നിയമം അനുശാസിക്കുന്ന പ്രകാരമാണ് എല്ലാ ജില്ലകളിലും വാഹനങ്ങൾ പരിശോധിക്കുന്നത്.

## പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം

110 (1930) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ വനിതകളുടെ പ്രാതിനിധ്യം 15 ശതമാനം ആയി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; നിലവിലെ വനിതാ പ്രാതിനിധ്യം എത്രയാണ്;

(ബി) താലൂക്ക് തലത്തിൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എല്ലാ പഞ്ചായത്തുകളിലും മുൻകൂട്ടി പ്രഖ്യാപിച്ച തീയതികളിൽ ഒരു വനിതാ പോലീസ് ഓഫീസർ സന്ദർശിക്കുമെന്ന തീരുമാനം നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പോലീസ് സേനയിലെ വനിതകളുടെ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി പുതുതായി സൃഷ്ടിക്കുന്ന പുരുഷ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന സമയത്ത് ആയതിന്റെ 15 ശതമാനം വനിതകൾക്കായി നീക്കിവയ്ക്കുന്നുണ്ട്. പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം നിലവിൽ 8.43 % ആണ്.

(ബി) താലൂക്ക് തലത്തിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു. 10 പോലീസ് ജില്ലകളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. കൊല്ലം റൂറൽ, കോഴിക്കോട് റൂറൽ, പത്തനംതിട്ട, പാലക്കാട്, വയനാട്, കാസർഗോഡ്, ഇടുക്കി, തിരുവനന്തപുരം റൂറൽ, എറണാകുളം എന്നിവിടങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) നടപ്പിൽ വരുത്തിയിട്ടുണ്ട്. ആഴ്ചയിലൊരിക്കൽ അതാത് പോലീസ് സ്റ്റേഷൻ പരിധിയിലെ പഞ്ചായത്തുകളിൽ വനിതാ പോലീസ് ഓഫീസർമാർ സന്ദർശനം നടത്തിവരുന്നു.

## ക്യാഷ് ചെസ്റ്റും ക്യാഷ് ബുക്കും കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശം

111 (1931) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ ക്യാഷ്യർ തസ്തികയിൽ ജോലി ചെയ്യുന്നവർ തന്നെ ക്യാഷ് ചെസ്റ്റും ക്യാഷ് ബുക്കും കൈകാര്യം ചെയ്യണമെന്നും അവർ ക്യാഷ് ചെസ്റ്റ് ഉള്ള സ്ഥലത്ത് തന്നെ ഹാജർ രേഖപ്പെടുത്തണമെന്നുമുള്ള പൊതുനിർദ്ദേശത്തെ അവഗണിച്ച് ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ സാഹചര്യം മൂലം ഉണ്ടാകുന്ന സാമ്പത്തിക ക്രമക്കേടുകൾ പോലീസിൽ റിപ്പോർട്ട് ചെയ്തു മുമ്പ് കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനായിട്ടുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ;

(ബി) എറണാകുളം മലപ്പുറം ജില്ലകളിലെ എ.ആർ. ക്യാമ്പുകളിലെ ക്യാഷ്യർ തസ്തികയിലുള്ളവരെ പ്രസ്തുത നിർദ്ദേശങ്ങൾക്ക് കടകവിരുദ്ധമായി മാറ്റി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം എന്താണ്; ഈ സ്ഥലങ്ങളിൽ ആരാണ് ക്യാഷ് ചെസ്റ്റും ക്യാഷ് ബുക്കും കൈകാര്യം ചെയ്യുന്നത്;

(സി) ക്യാഷ്യർ തന്നെ ക്യാഷ് ചെസ്റ്റും ക്യാഷ്ബുക്കും കൈകാര്യം ചെയ്യണമെന്നും അവിടെതന്നെ ഹാജർ രേഖപ്പെടുത്തണമെന്നുമുള്ള വ്യവസ്ഥ ലംഘിച്ച് ഇവരെ സ്ഥലം മാറ്റി നിയമിച്ചത് ആരാണെന്ന് വ്യക്തമാക്കുമോ; ഇവർക്ക് ഇതിനുള്ള അധികാരം ഉണ്ടോ; പ്രധാന സാമ്പത്തിക തസ്തികകളിൽ ഇരിക്കുന്നവരെ ചട്ടവിരുദ്ധമായി മാറ്റുന്നവർക്ക് എതിരെ നടപടികൾ സ്വീകരിക്കുമോ;

(ഡി) പല സാമ്പത്തിക തിരിമറികൾക്കും സാധ്യത ഉണ്ടാകുന്നതിനാലും പല കേസുകൾ ഇത്തരത്തിൽ നിലവിൽ ഉള്ളതിനാലും ഇത്തരം തീരുമാനങ്ങൾക്ക് പിന്നിൽ ബോധപൂർവ്വമായ ഇടപെടലുകൾ ഉള്ളതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) എറണാകുളം, മലപ്പുറം എ.ആർ. ക്യാമ്പുകളിൽ ക്യാഷ്യർ തസ്തികയിൽ ഉള്ളവർ തന്നെ ക്യാഷ് ചെസ്റ്റും ക്യാഷ് ബുക്കും കൈകാര്യം ചെയ്യുന്നതിനും അവിടെതന്നെ ഹാജർ രേഖപ്പെടുത്തുന്നതിനും ഉള്ള നടപടികൾ ഉടൻ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കാഷ്യർ തസ്തികയിൽ ജോലി ചെയ്യുന്നവർ തന്നെ ക്യാഷ് ബുക്കും ക്യാഷ് ചെസ്റ്റും കൈകാര്യം ചെയ്യുകയും ഹാജർ രേഖപ്പെടുത്തിയും വരുന്നുണ്ട്. കാഷ്യർ തസ്തിക അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ഹെഡ് ക്ലാർക്ക് ക്യാഷ് കൈകാര്യം ചെയ്തുവരുന്നു.

കൊച്ചി സിറ്റി ജില്ലാ പോലീസ് ഓഫീസിലും മലപ്പുറം ജില്ലാ പോലീസ് ഓഫീസിലും അധികാരപ്പെട്ട ഓഫീസ് മേധാവികൾ ഭരണ സൗകര്യാർത്ഥം ഇത്തരം ചില ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പരിശോധിക്കുന്നതാണ്.

## പോലീസ് പിക്കറ്റ് പോസ്റ്റ്

112 (1932) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ തുടർച്ചയായി പോലീസ് സംരക്ഷണം നൽകുന്ന ഘട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് താമസിക്കുന്നതിനായി പിക്കറ്റ് പോസ്റ്റിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകേണ്ടത് ആരുടെ ചുമതലയാണെന്ന് വ്യക്തമാക്കുമോ;

(ബി) പിക്കറ്റ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവർ ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യുന്ന സമയവും മറ്റു വിവരങ്ങളും ജി.ഡി.-യിൽ രേഖപ്പെടുത്താറുണ്ടോ;

(സി) പിക്കറ്റ് പോസ്റ്റുകൾ പിൻവലിക്കുമ്പോൾ പ്രസ്തുത പോസ്റ്റിലെ സർക്കാർ മുതലുകൾ തിരികെ കൊണ്ടു പോകുന്നതിനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബന്ധപ്പെട്ട വ്യക്തികളോ സ്ഥാപനങ്ങളോ ആണ് പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിനൽകേണ്ടത്.

(ബി) ഉണ്ട്.

(സി) പിക്കറ്റ് പോസ്റ്റുകൾ പിൻവലിക്കുമ്പോൾ അവിടത്തെ സർക്കാർ മുതലുകൾ തിരികെ കൊണ്ടുപോകുന്നതിന്റെ ചുമതല പ്രസ്തുത പിക്കറ്റ് പോസ്റ്റുകളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനാണ്.

## പോക്സോ നിയമപ്രകാരമുള്ള കേസ്സുകൾ

113 (1933) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പോക്സോ നിയമപ്രകാരം എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്ത 1139 കേസുകൾ നിലവിൽ പോലീസ് അന്വേഷണത്തിലുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | നിലവിൽ അന്വേഷണത്തിനുള്ള കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം സിറ്റി | 37 |
| തിരുവനന്തപുരം റൂറൽ | 95 |
| കൊല്ലം സിറ്റി | 43 |
| കൊല്ലം റൂറൽ | 74 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 74 |
| കോട്ടയം | 23 |
| ഇടുക്കി | 82 |
| എറണാകുളം സിറ്റി | 26 |
| എറണാകുളം റൂറൽ | 45 |
| തൃശ്ശൂർ സിറ്റി | 47 |
| തൃശ്ശൂർ റൂറൽ | 46 |

| | |
|---|---|
| പാലക്കാട് | 110 |
| മലപ്പുറം | 121 |
| കോഴിക്കോട് സിറ്റി | 71 |
| കോഴിക്കോട് റൂറൽ | 76 |
| വയനാട് | 40 |
| കണ്ണൂർ | 66 |
| കാസർഗോഡ് | 54 |
| RLWYS | 1 |
| ആകെ | 1139 |

മേൽപ്പറഞ്ഞ കേസ്സുകളുടെ എണ്ണം കൂടാതെ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം രജിസ്റ്റർ ചെയ്തതും ജില്ലകളിൽ നിന്നും കൈമാറി കിട്ടിയതുമായ 14 കേസ്സുകൾ കൂടി നിലവിലുണ്ട്.

## കായംകുളം ട്രാഫിക് പോലീസ് സ്റ്റേഷൻ

114 (1934) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷൻ ആക്കി ഉയർത്തുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങളുടെ പുരോഗതി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

കായംകുളം ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷൻ ആയി ഉയർത്തുന്നതിനുള്ള ശിപാർശയിന്മേൽ ആയതിനുവേണ്ട അംഗബലം, ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്, അധികാരപരിധി തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശദമായ ശിപാർശ സമർപ്പിക്കുവാൻ ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് സംസ്ഥാന പോലീസ് മേധാവി തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കായംകുളം ട്രാഫിക് യൂണിറ്റിന് പുതിയ വാഹനം

115 (1935) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ട്രാഫിക് യൂണിറ്റിൽ നിലവിൽ ഉപയോഗിച്ചുവരുന്ന വാഹനം ഏറെ പഴകിയതായതിനാൽ വാഹനാപകടങ്ങൾ ഉണ്ടാകുന്ന സമയങ്ങളിൽ വേഗത്തിൽ സംഭവസ്ഥലത്ത് എത്തുന്നതിന് സാധിക്കുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അനുയോജ്യമായ ഒരു പുതിയ വാഹനം ട്രാഫിക് യൂണിറ്റിന് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത യൂണിറ്റിന് കമ്പ്യൂട്ടർ, ഇ-മെയിൽ സംവിധാനങ്ങൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ കൂടി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം ട്രാഫിക് യൂണിറ്റിന് അനുവദിച്ചിട്ടുള്ള KL 01 AG 5338 രജിസ്റ്റർ നമ്പരിലുള്ള ടാറ്റാ സുമോ വാഹനം ഇപ്പോൾ പ്രവർത്തനസജ്ജമാണ്.

(ബി) ഇത് സംബന്ധിച്ച് പോലീസ് മേധാവി ഉചിതമായ തുടർ നടപടി കൈക്കൊള്ളുന്നതാണ്.

## മാനന്തവാടി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

116 (1936) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സ്കൂളിൽ പുതുതായി 'സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ' ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് പദ്ധതി അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശ്രീജീവിന്റെ കസ്റ്റഡി മരണം

117 (1937) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നെയ്യാറ്റിൻകര സ്വദേശി ശ്രീജീവ് പോലീസ് കസ്റ്റഡിയിലിരിക്കെ മരണപ്പെട്ടതുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ വിശദാംശങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ശ്രീജീവിന്റെ കസ്റ്റഡി മരണം സി.ബി.ഐ. അന്വേഷിക്കണമെന്നാശ്യപ്പെട്ട് സഹോദരൻ ശ്രീജിത്ത് മുൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ള പരാതിയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ശ്രീജിത്തിന്റെ പരാതിയിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്;

(ഡി) പ്രസ്തുത കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. ദക്ഷിണമേഖലാ എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണ വിവരങ്ങൾ ഉൾപ്പെടുത്തിയ തൽസ്ഥിതി വിവരണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

(ബി) ശ്രീജീവിന്റെ കസ്റ്റഡി മരണം സി.ബി.ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സഹോദരൻ ശ്രീജിത്ത് മുൻ സർക്കാരിന് സമർപ്പിച്ച അപേക്ഷ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായി നൽകുകയും 14-7-2015 തീയതി അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. ശ്രീജീവിന്റെ മരണം പോലീസ് പീഡനം കാരണമല്ലെന്നും ടിയാൻ സൂക്ഷിച്ചിരുന്ന വിഷം കഴിച്ചാണ് മരണം എന്നുമാണ് ശ്രീജിത്തിനെ മുൻ സർക്കാരിന്റെ കാലത്ത് (1-2-16) അറിയിച്ചിരുന്നത്.

(സി&ഡി) പാറശ്ശാല പോലീസ് കസ്റ്റഡിയിലിരിക്കെ മരണമടഞ്ഞ ശ്രീജീവിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് ആരോപിച്ച് പരേതന്റെ സഹോദരൻ ശ്രീ. ശ്രീജിത്ത് സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റി മുമ്പാകെ സമർപ്പിച്ച പരാതിയിന്മേൽ സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ 17-5-2016-ലെ ഉത്തരവിലെ ശിപാർശകൾ സർക്കാർ പരിശോധിക്കുകയും ശ്രീജീവിന്റെ മാതാവിനും സഹോദരനും നഷ്ടപരിഹാരമായി 10 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് 3-9-2016-ലെ സ.ഉ.(സാധാ) നമ്പർ 2810/2016/ആഭ്യന്തരം പ്രകാരം ഉത്തരവാകുകയും

നഷ്ടപരിഹാരം നൽകുകയും ചെയ്തു. കൂടാതെ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. ബി. സന്ധ്യയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ശ്രീജിത്തിന് സർക്കാരിൽ ഒരു ജോലി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരേതന്റെ മാതാവ് ശ്രീമതി രമണി പ്രമീള നൽകിയ നിവേദനം പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതികളൊന്നും നിലവിലില്ലാത്തതിനാൽ നിരസിക്കുകയുണ്ടായി. തുടർന്ന് ശ്രീജീവിന്റെ മരണം സി.ബി.ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരേതന്റെ മാതാവും സഹോദരനും നൽകിയ നിവേദനങ്ങളും പോലീസ് മേധാവിയുടെ ശിപാർശയുംകൂടി പരിഗണിച്ച് പ്രസ്തുത കേസ് സി.ബി.ഐ. അന്വേഷിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 8-6-2017-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ശക്തമായി അഭ്യർത്ഥിച്ചതിനൊടുവിൽ പ്രസ്തുത കേസ് സി.ബി.ഐ. ഏറ്റെടുത്തുകൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും കേസിന്റെ അന്വേഷണം 24-1-2018-ന് ഡിവൈ.എസ്.പി. സ്പെഷ്യൽ ക്രൈംബ്രാഞ്ച്, സി.ബി.ഐ. തിരുവനന്തപുരം യൂണിറ്റിന് നൽകുകയും ചെയ്തിട്ടുണ്ട്.

## തിരുവനന്തപുരം റൂറൽ എ.ആർ.ക്യാമ്പിലെ (പുളിങ്കുടി) സ്റ്റോക്ക് രജിസ്റ്റർ

118(1938) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2012 മുതൽ 30-4-2013 വരെയുള്ള കാലയളവിലെ തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പിലെ (പുളിങ്കുടി) സ്റ്റോക്ക് രജിസ്റ്ററിന്റെയും പ്രസ്തുത കാലയളവിലെ വിതരണ രജിസ്റ്ററിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത രജിസ്റ്ററുകൾ രേഖപ്പെടുത്തുന്നതിനും സൂക്ഷിക്കുന്നതിനും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരുവിവരം ലഭ്യമാക്കുമോ;

(സി) ക്യാമ്പിൽ നിന്നും സർക്കാർ വക വസ്തുക്കൾ വിവിധ ആവശ്യങ്ങൾക്കായി പുറത്തുകൊണ്ടു പോകുമ്പോഴും തിരികെ കൊണ്ടുവരുമ്പോഴും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും നമ്പരും രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) 1-1-2012 മുതൽ 31-7-2012 വരെ ശ്രീ. സജികുമാർ (RSI), 1-8-2012 മുതൽ 30-4-2013 വരെ ശ്രീ. സുധകുമാർ (RSI)

(സി) രേഖപ്പെടുത്താറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പോലീസുകാരുടെ യൂണിഫോമിൽ ക്യാമറകൾ

119 (1939) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ യൂണിഫോമിൽ ക്യാമറകൾ ഘടിപ്പിക്കുന്നത് കൊണ്ട് പ്രതീക്ഷിക്കുന്ന ഗുണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകളിലെ ഏത് റാങ്കിലുള്ള പോലീസുദ്യോഗസ്ഥൻ മാർക്കാണ് ഇപ്പോൾ ക്യാമറകൾ നൽകിയിട്ടുള്ളത്;

(സി) ഏത് കമ്പനിയാണ് ഈ ക്യാമറകൾ നിർമ്മിച്ചതെന്നും നിലവിൽ എത്ര ക്യാമറകളാണ് വാങ്ങിയതെന്നും വ്യക്തമാക്കാമോ;

(ഡി) ഒരു ക്യാമറയുടെ വില എത്രയാണെന്നും ടെണ്ടർ ക്ഷണിച്ചിട്ടാണോ ക്യാമറകൾ വാങ്ങിയതെന്നും വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതി സംസ്ഥാനത്താകെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിന് കണക്കാക്കുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ജനങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും പലപ്പോഴും തർക്കത്തിലേർപ്പെടുകയും ചെയ്യേണ്ടിവരുന്ന ബീറ്റുപോലീസുകാർക്കും ക്യാമറകൾ ഘടിപ്പിച്ചാൽ ഉദ്ദിഷ്ടഫലം ഉണ്ടാകുമെന്ന അഭിപ്രായം സർക്കാരിനുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പോലീസ് ഉദ്യോഗസ്ഥരുടെ യൂണിഫോമിൽ ക്യാമറകൾ ഘടിപ്പിക്കുന്നതുമൂലം പൊതുജനങ്ങളോടുള്ള പോലീസിന്റെ പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തന സുതാര്യത ഉറപ്പുവരുത്തുന്നതിനും മേലുദ്യോഗസ്ഥർക്ക് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും പോലീസിനെതിരെയുള്ള അനാവശ്യ പരാതികൾ ഒഴിവാക്കുന്നതിനും സാധിക്കുന്നതാണ്. PTT (Push to Talk) സൗകര്യമുള്ള അത്യാധുനിക തരം ക്യാമറകൾ ആയതിനാൽ ഫീൽഡ് ഓഫീസർമാർക്ക് കൺട്രോൾ റൂം ഓഫീസർമാരുമായി പരസ്പരം കമ്മ്യൂണിക്കേഷൻ നടത്താവുന്നതാണ്. കൂടാതെ ക്രൈം സീനിന്റെ ഡീറ്റെയിൽസ് റെക്കോർഡ് ചെയ്ത തെളിവിലേയ്ക്ക് ഉപയോഗപ്പെടുത്തുന്നതിനും സഹായകമാണ്.

(ബി) തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റിയിലെ കൺട്രോൾ റൂം ഓഫീസേഴ്സിനാണ് നിലവിൽ ബോഡി വോൺ ക്യാമറകൾ നൽകിയിട്ടുള്ളത്. പട്രോളിംഗ് ഡ്യൂട്ടിയിലുള്ള ഏത് റാങ്കിലുള്ള ഓഫീസർക്കും ഉപയോഗിക്കാവുന്നതാണ്.

(സി) BECIL Ltd (Broadcast Engineering Consultant India), നോയിഡ, യു.പി. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിൽ നിന്നമാണ് ബോഡി വോൺ ക്യാമറ വാങ്ങിയിട്ടുള്ളത്. 50 ക്യാമറകളാണ് വാങ്ങിയിട്ടുള്ളത്.

(ഡി) ഒരു ക്യാമറയ്ക്ക് ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ 59,991 രൂപ ചെലവായിട്ടുണ്ട്. ബോഡി വോൺ ക്യാമറകൾ വാങ്ങുന്നതിലേയ്ക്കായി ഇ-ടെണ്ടർ ചെയ്തെങ്കിലും പങ്കെടുത്ത 13 കമ്പനികളും സ്പെസിഫിക്കേഷൻ തുലനം ചെയ്യാത്തതിനാൽ ടെക്നിക്കൽ കമ്മിറ്റി നിരാകരിച്ചതിനെത്തുടർന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ BECIL-ന് വർക്ക് ഓർഡർ നൽകുകയായിരുന്നു.

(ഇ-ജി) പരീക്ഷണാടിസ്ഥാനത്തിൽ ലൈവ് ബ്രോഡ്കാസ്റ്റിംഗ് സൗകര്യമുള്ള 50 ബോഡി വോൺ ക്യാമറകൾ 30 ലക്ഷം രൂപ ചെലവിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ലൈവ് ബ്രോഡ്കാസ്റ്റിംഗ് സൗകര്യമില്ലാത്ത 50 ബോഡിവോൺ ക്യാമറകൾ വാങ്ങുന്നതിനുള്ള 30 ലക്ഷത്തിന്റെ ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. ടി രണ്ടുതരം ക്യാമറകളുടെയും പ്രവർത്തനം വിലയിരുത്തി പോലീസ് സേനയ്ക്ക് ഇത് എത്രമാത്രം പ്രയോജനപ്രദമാകുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## കുമ്പളങ്ങിയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി

120 (1940) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര മേഖലകളിലൊന്നായ കുമ്പളങ്ങിയിൽ ആരംഭിച്ച പോലീസ് ഔട്ട് പോസ്റ്റ് കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ ബാഹുല്യം കണക്കിലെടുത്ത് ഔട്ട് പോസ്റ്റിനു പകരം പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കുമ്പളങ്ങിയിൽ ആരംഭിച്ച പോലീസ് ഔട്ട് പോസ്റ്റ് നിലവിലുള്ള അംഗബലം ഉപയോഗിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി-സി) സംസ്ഥാന പോലീസ് മേധാവി തയ്യാറാക്കിയ ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ കുമ്പളങ്ങിയും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് വിശദമായ ശിപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല.

## ട്രക്കുകളുടെയും ഗ്യാസ് ടാങ്കറുകളുടെയും മേലുള്ള ഗതാഗത നിയന്ത്രണങ്ങൾ

121 (1941) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകൽസമയത്തും സ്കൂൾ പ്രവൃത്തിസമയങ്ങളിലും വലിപ്പം കൂടിയതും അമിതഭാരം കയറ്റിയതുമായ ട്രക്കുകളുടെയും ഗ്യാസ് ടാങ്കറുകളുടെയും സഞ്ചാരം നിയന്ത്രിച്ച് കൊണ്ടുള്ള ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ ഇത് പലപ്പോഴും പാലിക്കപ്പെടുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പൊതുവിലും കോഴിക്കോട്-പാലക്കാട് ദേശീയ പാതയിൽ പ്രത്യേകിച്ചും പകൽസമയത്തും സ്കൂൾ പ്രവൃത്തിസമയങ്ങളിലും ഇത്തരത്തിലുള്ള വാഹനങ്ങൾ നിർബാധം സഞ്ചരിക്കുന്നതുമൂലം അപകടങ്ങളും ഗതാഗതക്കുരുക്കും വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 6 മാസത്തിനിടയിൽ വിലക്ക് ലംഘിച്ച എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം വാഹനങ്ങൾ പകൽസമയത്തും സ്കൂൾ പ്രവൃത്തിസമയങ്ങളിലും സഞ്ചരിക്കുന്നത് ഒഴിവാക്കുന്നതിനായി ഇവയിൻമേലുള്ള നിയന്ത്രണങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ?

ഉത്തരം

(എ) പകൽ സമയത്തും സ്കൂൾ പ്രവൃത്തി സമയങ്ങളിലും വലിപ്പം കൂടിയതും അമിതഭാരം കയറ്റിയതുമായ ട്രക്കുകളുടെയും ഗ്യാസ് ടാങ്കറുകളുടെയും സഞ്ചാരം നിയന്ത്രിച്ചുകൊണ്ടുള്ള ഉത്തരവുകൾ നിലവിലില്ല. എന്നാൽ ടിപ്പർ ലോറികൾക്ക് സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകിട്ട് 4 മണി മുതൽ 5 മണി വരെയും നിയന്ത്രണം ഏർപ്പെടുത്തി നിലവിൽ ഉത്തരവുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആറ് മാസത്തിനിടയിൽ വിലക്ക് ലംഘിച്ച 2426 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

**കലാപം സൃഷ്ടിക്കാൻ ശ്രമിച്ചവർക്കെതിരെ നിയമനടപടി**

122 (1942) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഭരണകക്ഷി നടത്തിയ സംസ്ഥാന യാത്രയുടെ ഭാഗമായും അതിനോടനുബന്ധിച്ചും വ്യാപക അക്രമം നടത്തി കലാപം സൃഷ്ടിക്കാൻ ശ്രമിച്ചവർക്കും അതിന് ഗൂഢാലോചന നടത്തിയവർക്കുമെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കാൻ പോലീസ് വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുമോ;

(ബി) ജാഥയുടെ മറവിൽ സംസ്ഥാനത്തെ അവഹേളിക്കാൻ നടത്തിയ ശ്രമം, ഫെഡറൽ തത്വങ്ങളുടെ ലംഘനവും ഫെഡറലിസത്തെ ദുർബലപ്പെടുത്തുന്നതുമായിരുന്നതിനാൽ ഇത്തരം ദുഷ്പ്രവണതകൾ തടയാൻ സ്വീകരിച്ചിട്ടുള്ള ഭരണപരമായ നടപടികൾ എന്തെല്ലാമാണ്;

(സി) വിവിധ കേന്ദ്രമന്ത്രിമാർ സംസ്ഥാനത്തുവന്ന് കലാപത്തിന് ആഹ്വാനം നടത്തിയതായ ആക്ഷേപം, കേന്ദ്രസർക്കാരിന്റെയും നീതിന്യായ സംവിധാനത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ സാധ്യമായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) കേന്ദ്ര ഭരണകക്ഷി നടത്തിയ സംസ്ഥാന യാത്രയുമായി ബന്ധപ്പെട്ട് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ 26-9-2017 തീയതിയിലെ T5/153181/17 നമ്പർ പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും താഴെപ്പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിരുന്നു.

ഏതെങ്കിലും തരത്തിലുള്ള അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാനായി എല്ലാ പ്രതിരോധമാർഗ്ഗങ്ങളും, മുൻകരുതലുകളും സ്വീകരിക്കേണ്ടതാണെന്നും ആളുകൾ ഒന്നിച്ചു കൂടുന്ന സ്ഥലങ്ങളിൽ പ്രത്യേകിച്ച് സാമുദായിക/രാഷ്ട്രീയപരമായി ലോലമായതോ, സംഘർഷ സാധ്യത ഉള്ളതോ ആയ പ്രദേശങ്ങളിൽ കർശന ജാഗ്രത പുലർത്താൻ ശ്രദ്ധിക്കേണ്ടതുണ്ടെന്നും ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ പ്രശ്നങ്ങൾ ഒഴിവാക്കാനായി കാര്യക്ഷമവും പര്യാപ്തവുമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണെന്നും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു. സുഗമമായ ഗതാഗതത്തിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്താനും ജാഥ സഞ്ചരിക്കുന്ന വഴിയിലും തമ്പടിക്കുന്ന ഇടങ്ങളിലും സുരക്ഷ സംബന്ധിച്ച് ആവശ്യമായ ശ്രദ്ധ നൽകണമെന്നും ഇക്കാര്യത്തിൽ റേഞ്ച് ഐ.ജി.-മാരും മേഖലാ എ.ഡി.ജി.പി.-മാരും സ്ഥിതി ഗതികൾ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു.

## തോക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

123 (1943) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോക്ക് ലൈസൻസ് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദാംശം അറിയിക്കുമോ;

(ബി) ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) പുതുക്കി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുന്നതിനും പുതുക്കി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1959-ലെ ആംസ് ആക്ട് (Arms Act) വകുപ്പ് 13, 2016-ലെ പുതിയ ആയുധ ചട്ടങ്ങൾ അധ്യായം-2 ചട്ടങ്ങൾ 5 മുതൽ 23, 25 മുതൽ 27, അധ്യായം -3 ചട്ടം 35 മുതൽ 39, 41 മുതൽ 46 വരെ എന്നിവയിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളാണ് തോക്ക് ലൈസൻസ് നൽകുന്നതിന് നിലവിലുള്ളത്.

(ബി) 1959-ലെ ആയുധ നിയമം വകുപ്പ് 13, 14, 15, 2016-ലെ പുതിയ ആയുധ ചട്ടങ്ങൾ അധ്യായം - 2 ചട്ടം 24 എന്നിവയിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് തോക്ക് ലൈസൻസ് പുതുക്കി അനുവദിക്കുന്നത്.

(സി) ലൈസൻസ് പുതുക്കി നൽകുന്നതിന് 1959-ലെ ആംസ് ആക്ട് (Arms Act), ടി ആക്ടിനുകീഴിൽ കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ സംസ്ഥാന സർക്കാരിന് ലഘൂകരിക്കാൻ സാധിക്കില്ല. ഇക്കാര്യത്തിൽ നിയമപരമായി അനുവദനീയമായ സമയപരിധിക്കുള്ളിൽ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികൾ (Licencing / Renewing Authority) ബാധ്യസ്ഥരാണ്.

## ഇന്ത്യൻ കോസ്റ്റ് ഗാർഡ് അക്കാഡമി

124(1944) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂരിലെ അഴീക്കലിലുള്ള ഇന്ത്യൻ കോസ്റ്റ് ഗാർഡ് അക്കാഡമിയെ സംസ്ഥാനതാൽപര്യത്തിന് വിരുദ്ധമായി അവിടെ നിന്നും മാറ്റുന്നതിനെതിരെ സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഇത്തരമൊരു നീക്കം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി 6-1-2018-ലെ അർദ്ധ ഔദ്യോഗിക കത്ത് മുഖേന പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**തട്ടേക്കാട് വനത്തിൽവച്ച് വെടിയേറ്റ് മരിച്ച സംഭവം**

125 (1945) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം, തട്ടേക്കാട് വനത്തിൽവച്ച് ടോണി മാത്യു എന്ന ആൾ വെടിയേറ്റ് മരിച്ച സംഭവത്തിൽ അന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറണമെന്നാവശ്യപ്പെട്ട് മാത്യുവിന്റെ പിതാവ് നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരാതിയുടെ അടിസ്ഥാനത്തിൽ കേസ്സ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ടോ;

(സി) കേസ്സിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്രൈംബ്രാഞ്ച് അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് ടോണി മാത്യുവിന്റെ പിതാവ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിന്മേൽ ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമായതിനാൽ ക്രൈംബ്രാഞ്ച് അന്വേഷണം ആവശ്യമില്ല എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ച് ഹർജി തീർപ്പാക്കിയിട്ടുള്ളതാണ്.

(സി) ടി കേസ് അന്വേഷണാവസ്ഥയിലാണ്.

**കുറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം**

126 (1946) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) പദ്ധതിയുടെ നടത്തിപ്പിനായുള്ള ഫണ്ട് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് കണ്ടെത്തുന്നത് ; ഏതെങ്കിലും സാമൂഹ്യ സംഘടന ഈ ഫണ്ടിലേക്ക് സംഭാവന നൽകിയിട്ടുണ്ടോ;

(സി) ഈ പദ്ധതി പ്രകാരം 2017-ൽ നഷ്ടപരിഹാരമായി എന്ത് തുക നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) രാഷ്ട്രീയ കൊലപാതകങ്ങളിൽ മരണമടഞ്ഞ ആരുടെയെങ്കിലും ആശ്രിതർക്ക് ഈ സർക്കാർ നിലവിൽ വന്ന ശേഷം ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഈ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം നൽകുന്നതിന് പോലീസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിക്ടിം കോമ്പൻസേഷൻ സ്കീമിന്റെ 3-ാം വകുപ്പ് പ്രകാരമാണ് പദ്ധതിക്കായുള്ള ഫണ്ട് കണ്ടെത്തുന്നത്. നിലവിൽ 2055-00-800-74(NP) എന്ന ശീർഷകത്തിൽ സംസ്ഥാന ബഡ്ജറ്റിൽ നിന്നും സ്കീമിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(സി) 71 കേസുകളിലായി 1,76,45,000/- രൂപ നഷ്ടപരിഹാരമായി 2017-ൽ നൽകിയിട്ടുണ്ട്.

(ഡി) ക്രിമിനൽ നടപടി സംഹിത, 1973-ന്റെ സെക്ഷൻ 357A പ്രകാരം കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക് /ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി നിലവിൽ വന്നത്. പ്രസ്തുത പദ്ധതിപ്രകാരം കോടതി വിധിയുടെയോ/ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നൽകുന്നത്.

(ഇ) ഈ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**തൊണ്ടിമുതലായി പിടിച്ചെടുത്ത വാഹനങ്ങൾ**

127 (1947) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കേസ്സുകളുമായി ബന്ധപ്പെട്ട് തൊണ്ടിമുതലായി പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ ആകെ എത്ര എണ്ണം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ അവകാശികൾ ഇല്ലാത്ത വാഹനങ്ങൾ എത്ര എണ്ണമുണ്ട്;

(സി) പിടിച്ചെടുത്ത വാഹനങ്ങൾ വർഷങ്ങളോളം പോലീസ് സ്റ്റേഷൻ പരിസരത്ത് കിടന്ന് തുരുമ്പെടുത്ത് നശിക്കുന്നതും കൊതുക്, എലി തുടങ്ങിയ പകർച്ചവ്യാധികൾ പരത്തുന്ന പ്രാണികളും ജീവികളും പെരുകി വളരുന്നതിന് ഇടയാക്കുന്നതും വലിയ തോതിലുള്ള ആരോഗ്യപ്രശ്നങ്ങളും ഗതാഗത തടസ്സവും ഉണ്ടാക്കുന്നതും കണക്കിലെടുത്ത് ഇവ നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 66507 (അറുപത്തിയാറായിരത്തി അഞ്ഞൂറ്റിയേഴ്)

(ബി) 5301 (അയ്യായിരത്തി മുന്നൂറ്റി ഒന്ന്)

(സി) കേസിൽ ഉൾപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ കേസ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് അവകാശികൾക്ക് തിരിച്ചുകൊടുക്കുവാൻ ഉത്തരവാകുക യാണെങ്കിൽ അവകാശികൾക്ക് വിട്ടു നൽകുകയും, അല്ലാത്തവ ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുകയും ചെയ്യുന്നു. കേസിൽ ഉൾപ്പെട്ട വാഹനങ്ങൾ ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവുകൾ പ്രകാരം ഡിസ്പോസൽ ചെയ്യുകയും, മറ്റ് ഡിപ്പാർട്ടുമെന്റുകൾ പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കാൻ ഏൽപ്പിച്ച വാഹനങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി കത്തിടപാടുകൾ നടത്തി ഡിസ്പോസൽ ചെയ്തുവരുന്നതുമാണ്. ആയതിനാൽ പിടിച്ചെടുത്ത വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്ത് തുരുമ്പെടുത്ത് നശിക്കുന്നില്ല. ടി വാഹനങ്ങൾ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടുകളിൽ കുന്നുകൂട്ടിയിടാതെ നിശ്ചിത സ്ഥലങ്ങളിൽ ക്രമപ്പെടുത്തിയാണ് സൂക്ഷിക്കുന്നത്. ഇതുമൂലം പൊതുജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളും ഗതാഗത തടസ്സങ്ങളും ഉണ്ടാകുന്നില്ല.

## ബി.ജെ.പി., വി.എച്ച്.പി. എന്നീ സംഘടനകൾ ഉൾപ്പെട്ട കേസുകൾ

128 (1948) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.പി. നേതാവ് പ്രവീൺ തോഗാഡിയ സംസ്ഥാനത്തു വന്നതുമായി ബന്ധപ്പെട്ട തീവ്രഹിന്ദുത്വ സ്വഭാവമുള്ള എത്ര കേസുകൾ കോടതികൾ മുമ്പാകെയുണ്ട്; അവ ഏതെല്ലാം;

(ബി) സമാന സ്വഭാവമുള്ള എത്ര മതതീവ്രവാദകേസ്സുകൾ തീർപ്പിനു വേണ്ടി കോടതികൾ മുമ്പാകെ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാനും കുറ്റക്കാർക്ക് വേണ്ടുന്ന ശിക്ഷ ഉറപ്പുവരുത്താനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ 5 വർഷകാലയളവിൽ ബി.ജെ.പി., വി.എച്.പി. എന്നീ സംഘടനകൾ ഉൾപ്പെട്ട ക്രിമിനൽ കേസ്സുകൾ എത്രയെന്നും, എത്ര കേസ്സുകളിൽ കുറ്റക്കാരെ കണ്ടെത്തി കേസ്സുകൾ കോടതികളിൽ എത്തിച്ചു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വി.എച്ച്.പി. നേതാവ് പ്രവീൺ തൊഗാഡിയ കാഞ്ഞങ്ങാടുവച്ച് മത സ്പർദ്ധ ഉണ്ടാക്കുന്ന രീതിയിൽ പ്രസംഗിച്ചതിനെതിരെ ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 520/11 u/s153(A) IPC ആയി ഒരു കേസ് നിലവിലുണ്ട്. പ്രസ്തുത കേസ് ബഹുമാനപ്പെട്ട ഹോസ്ദുർഗ്ഗ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി II-ൽ വിചാരണയിലാണ്.

(ബി) മത തീവ്രവാദ വിദ്വേഷം ഉണ്ടാകത്തക്കവിധം പ്രസംഗിച്ചതിന് പി.ഡി.പി. നേതാവ് അബ്ദുൾ നാസർ മ്ദനിക്കെതിരെ പൂന്തുറ പി.എസ്. ക്രൈം നമ്പർ 81/92, 1/93, 18/95 പ്രകാരം രജിസ്റ്റർ ചെയ്ത 3 കേസ്സുകൾ തീർപ്പിനുവേണ്ടി ബഹുമാനപ്പെട്ട സ്പെഷ്യൽ കോടതി എറണാകുളം മുമ്പാകെയുണ്ട്.

ഇസ്ലാം മതവികാരത്തെ വ്രണപ്പെടുത്തി എന്നാരോപിച്ച് ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെട്ടതെന്ന് സംശയിക്കപ്പെടുന്ന ഒരു കൂട്ടം ക്രിമിനലുകൾ തൊടുപുഴ ന്യൂമാൻസ് കോളേജിലെ പ്രൊഫസർ ആയിരുന്ന ശ്രീ. ടി. ജെ. ജോസഫിനെ ആക്രമിച്ച് അദ്ദേഹത്തിന്റെ വലതുകൈപ്പത്തി വെട്ടിമാറ്റിയ സംഭവത്തിൽ മൂവാറ്റുപുഴ പി.എസ്. ക്രൈം 704/10 നമ്പർ കേസ് 6-6-2011-ൽ എൻ.ഐ.എ.-യ്ക്ക് കൈമാറിയിട്ടുള്ളതും പ്രസ്തുത കേസ് ബഹുമാനപ്പെട്ട എൻ.ഐ.എ. സ്പെഷ്യൽ കോടതി മുമ്പാകെ ഉള്ളതുമാണ്.

(സി) ഇത്തരം കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ഡി) 2242 കേസ്സുകൾ രജിസ്റ്റർ ചെയ്തതിൽ 1966 കേസ്സുകളിൽ കുറ്റക്കാരെ കണ്ടെത്തി കോടതികളിൽ എത്തിക്കുകയുണ്ടായി.

## പൊതുമുതൽ നശിപ്പിച്ചവർക്കെതിരെ നടപടി

129 (1949) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരം പാളയം പോലീസ് ക്വാർട്ടേഴ്സിലെ താമസക്കാരുടെ മക്കൾ പൊതുമുതൽ നശിപ്പിക്കുകയും ഇരുചക്ര വാഹനയാത്രക്കാരെ കല്ലെറിയുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കെ.എസ്.ഇ.ബി., മ്യൂസിയം പോലീസിൽ നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസിൽ കെ.എസ്.ഇ.ബി. ആവശ്യപ്പെട്ട പിഴ ആരാണ് ഒടുക്കിയത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കേസിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എതിർകക്ഷികൾ കെ.എസ്.ഇ.ബി.-ക്കുണ്ടായ നഷ്ടം നികത്തിയതിനാൽ നടപടികൾ ആവശ്യമില്ലായെന്ന് കെ.എസ്.ഇ.ബി. അധികാരികൾ മ്യൂസിയം പോലീസ് സ്റ്റേഷനിൽ അറിയിച്ചതിൻപ്രകാരം മറ്റ് നിയമനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) പ്രസ്തുത കേസിൽ കെ.എസ്.ഇ.ബി. ആവശ്യപ്പെട്ട പിഴ ഒടുക്കിയത് ശ്രീമതി സീന എന്ന വ്യക്തിയാണ്.

(ഡി) എതിർകക്ഷികൾ കെ.എസ്.ഇ.ബി.-ക്കുണ്ടായ നഷ്ടം നികത്തിയതിനാൽ കെ.എസ്.ഇ.ബി.-ക്ക് മറ്റ് പരാതികളൊന്നും ഇല്ലായെന്ന് അറിയിച്ചതിനെത്തുടർന്ന് മറ്റ് നിയമനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## കേസുകളുടെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറണമെന്ന ഹർജി

130 (1950) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകർ കൊല്ലപ്പെട്ട ഏഴ് കേസുകളുടെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറണമെന്ന ഹർജി രാഷ്ട്രീയനേട്ടത്തിന് വേണ്ടിയുള്ളതാണെന്നും സർക്കാരിനെ കരിതേക്കുവാനുള്ളതാണെന്നും കരുതുന്നുണ്ടോ;

(ബി) ഈ കേസുകൾ അന്വേഷിക്കുന്നതിന് സി.ബി.ഐ.-യുടെ ഭാഗത്തു നിന്നും താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ;

(സി) കണ്ണൂരിൽ രാഷ്ട്രീയ കൊലപാതകങ്ങൾ കൂടുന്നതിന് ഇടയാക്കിയ സാഹചര്യം പ്രത്യേകമായി അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. കേസുകൾ ഏറ്റെടുക്കാൻ തയ്യാറാണെന്ന് സി.ബി.ഐ.-യുടെ അഭിഭാഷകൻ പ്രസ്തുത ഹർജി പരിഗണനയ്ക്ക് വന്ന ദിവസം വാക്കാൽ ബഹുമാനപ്പെട്ട കോടതിയെ അറിയിച്ചിട്ടുണ്ട്.

(സി) അന്വേഷിച്ചിട്ടില്ല.

**മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി**

131 (1952) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറുപ്പന്തറ കേന്ദ്രമായി മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി മാഞ്ഞൂർ പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയിരിക്കുന്ന കെട്ടിടത്തിന്റെ നമ്പർ പ്രകാരം പുതുക്കിയ ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിലേക്കായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഏങ്കിൽ എത്രയെണ്ണം; ഇല്ലായെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്; ഇതു സംബന്ധിച്ച് ഗസറ്റ് നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ടോ; ഇവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഈ പോലീസ് സ്റ്റേഷൻ എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്നും ഇതുസംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി&ഡി) 29-9-2015-ാം തീയതിയിലെ സ. ഉ. (കൈ) നമ്പർ 212/2015/ ആഭ്യന്തരം പ്രകാരമാണ് മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. ഇത് സംബന്ധിച്ച് 8-1-2016-ലെ. സ.ഉ. (സാധാ) നമ്പർ 78/2016/ആഭ്യന്തരം (എസ്.ആർ.ഒ. നമ്പർ 135/2016) പ്രകാരം ഗസറ്റ് നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*. എന്നാൽ പ്രസ്തുത കെട്ടിടം പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് അനുയോജ്യമല്ലാത്തതിനാൽ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മാനന്തവാടി മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകൾ

132 (1953) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച മാനന്തവാടി മണ്ഡലത്തിലെ തൊണ്ടർനാട് പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നുണ്ടോ;

(ബി) മാനന്തവാടി മണ്ഡലത്തിലെ പനമരം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പനമരം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ച വരുന്നു;എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തൊണ്ടർനാട് പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ 22-9-2017 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2487/17/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഗസറ്റ് വിജ്ഞാപനം, മതിയായ അംഗബലം എന്നിവ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പനമരം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി കെ.പി.എച്ച്.സി.സി. തയ്യാറാക്കിയ 2,46,66,000 രൂപയുടെ പ്രോജക്ട് ഉൾപ്പെടുത്തി വയനാട് ജില്ലാ പോലീസ് മേധാവി നൽകിയ പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചുവരുന്നു.

**പള്ളുരുത്തി ട്രാഫിക് പോലീസ് സ്റ്റേഷൻ**

133 (1954) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തിയിൽ ട്രാഫിക് പോലീസ് സ്റ്റേഷനുവേണ്ടി പണിത പുതിയ കെട്ടിടം പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എറണാകുളം ജില്ലയിലെ പള്ളുരുത്തി ട്രാഫിക് പോലീസ് സ്റ്റേഷന് വേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിന് മുന്നോടിയായുള്ള അവസാനഘട്ട പണികൾ പൂർത്തിയായിട്ടുണ്ട്. താമസംവിനാ ഉദ്ഘാടനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കായംകുളത്തെ ജീർണ്ണാവസ്ഥയിലായ പോലീസ് ക്വാർട്ടേഴ്സുകൾ**

134 (1955) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായതും അപകടാവസ്ഥയിൽ നിൽക്കുന്നതുമായ പോലീസ് ക്വാർട്ടേഴ്സുകൾ പൊളിച്ച് നീക്കി പുതിയ ക്വാർട്ടേഴ്സ് സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

കായംകുളത്ത് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായതും അപകടാവസ്ഥയിൽ നിൽക്കുന്നതുമായ പോലീസ് ക്വാർട്ടേഴ്സുകൾ പൊളിച്ച് നീക്കി പുതിയ ക്വാർട്ടേഴ്സ് സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## നെയ്യാറ്റിൻകര സി.ഐ. ഓഫീസ് പുനഃസ്ഥാപിക്കാൻ നടപടി

135 (1956) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്ക് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന നെയ്യാറ്റിൻകര സി. ഐ. ഓഫീസ് പ്രവർത്തനം നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സി. ഐ.-യുടെ പരിധിയിൽ എത്ര സ്റ്റേഷനുകൾ ഉണ്ടായിരുന്നു എന്ന് വിശദമാക്കാമോ;

(സി) നെയ്യാറ്റിൻകര ടൗണിൽ സ്ഥിതി ചെയ്യുന്ന സി. ഐ. ആസ്ഥാനം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) നെയ്യാറ്റിൻകര സി. ഐ. ഓഫീസ് പുനഃസ്ഥാപിക്കുന്നതിന് 3-1-18-ൽ എം.എൽ.എ., ഡി.ജി.പി.-ക്ക് നൽകിയ പരാതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സ.ഉ.(കൈ) നമ്പർ 211/2017/ആഭ്യന്തരം തീയതി 21-10-2017-ലെ ഉത്തരവുപ്രകാരം 196 പോലീസ് സ്റ്റേഷനുകളിൽ സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരാക്കിയതിനെ തുടർന്നാണ് പ്രസ്തുത സാഹചര്യം നിലവിൽ വന്നത്.

(ബി) നെയ്യാറ്റിൻകര സി.ഐ.-യുടെ കീഴിൽ നെയ്യാറ്റിൻകര, ബാലരാമപുരം, നരുവാംമൂട്, മാരായമുട്ടം എന്നീ നാല് പോലീസ് സ്റ്റേഷനുകൾ ഉണ്ടായിരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കണമെന്നത് സംബന്ധിച്ച പരാതി ബഹുമാനപ്പെട്ട എം.എൽ.എ.-യിൽ നിന്നും സംസ്ഥാന പോലീസ് മേധാവി തലത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ നെയ്യാറ്റിൻകര സി.ഐ. ഓഫീസ് പുനഃസ്ഥാപിക്കണമെന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടില്ല.

## മാറാട് കലാപം

136 (1957) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് ഉണ്ടായ കലാപത്തെത്തുടർന്ന് റവന്യൂ വകുപ്പിന്റെയോ പോലീസിന്റെയോ നിയന്ത്രണത്തിൽ ഏതെങ്കിലും ആരാധനാലയങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രശ്നങ്ങൾ അവസാനിച്ച സാഹചര്യത്തിൽ ആരാധനാലയങ്ങളുടെ മേലുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കാൻ സർക്കാർ സന്നദ്ധമാവുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മാറാട് ജുമാ മസ്ജിദ് ഇപ്പോഴും റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ പോലീസ് സംരക്ഷണത്തിൽ ദിവസവും 5 നേരം നിസ്കാരത്തിനായി തുറന്ന് കൊടുക്കുന്നു.

(ബി) ക്രമസമാധാന പ്രശ്നം നിലനിൽക്കുന്നതിനാൽ പള്ളി തുറക്കുന്നത് പിന്നീട് ആലോചിക്കാവുന്നതാണെന്ന് 7-11-2017-ന് നടന്ന കമ്മ്യൂണൽ ഹാർമണി & ലോ ആന്റ് ഓർഡർ അവലോകന യോഗത്തിൽ തീരുമാനമായിട്ടുള്ളതാണ്.

## ഷോജി ഷാജിയുടെ കൊലപാതകം

137 (1958) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മാതിരപ്പിള്ളി കണ്ണാടിപ്പാറ ഷാജിയുടെ ഭാര്യ ഷോജി ഷാജി കഴുത്തറുത്ത് കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷനിൽ 507/12 dtd-8/8/12 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേസ് നിലവിൽ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ടി കേസ് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിക്കണം എന്ന് ആവശ്യപ്പെട്ട് മാതിരപ്പിള്ളി പൗരസമിതി നല്കിയ നിവേദനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിവേദനത്തിൽ എന്ത് തീരുമാനമെടുത്തു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോതമംഗലം മാതിരപ്പിള്ളി കണ്ണാടിപ്പാറ ഷാജിയുടെ ഭാര്യ ഷോജി ഷാജി കഴുത്തറുത്ത് കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 507/12 തീയതി 8/8/12 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഇപ്പോൾ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം (ക്രൈം നമ്പർ 779/ സി.ആർ./ എച്ച്.എച്ച്.ഡബ്ല്യൂ.-2 എറണാകുളം/2012) ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

(ബി) കേസ് ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എറണാകുളം ക്രൈംബ്രാഞ്ച് സി.ഐ.ഡി.എച്ച്.എച്ച്.ഡബ്ല്യൂ.-2, പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിലുള്ള പ്രത്യേക അന്വേഷണ സംഘം ടി കേസ് അന്വേഷിച്ചുവരുന്നു.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ

138 (1959) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിവിധ സ്കൂളുകളിലായി സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ ആനാവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ ഒരു യൂണിറ്റ് ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ വിവിധ സ്കൂളുകളിലായി സ്റ്റുഡന്റ് പോലീസ് കേഡറുകളുടെ 574 യൂണിറ്റുകൾ നിലവിലുണ്ട്.

(ബി) 100 സർക്കാർ സ്കൂളുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

139 (1960) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതി സംസ്ഥാനത്തെ കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പുതുതായി എത്ര സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ആയതിൻെറ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) നിലവിൽ എസ്.പി.സി. പദ്ധതി നടപ്പാക്കിയിട്ടുള്ള സ്കൂളുകളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി 2016-17, 2017-18 എന്നീ വർഷങ്ങളിൽ എത്ര രൂപയാണ് നീക്കിവെച്ചിരിക്കുന്നത്; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 100 സർക്കാർ സ്കൂളുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇതുസംബന്ധിച്ച് വിശദാംശം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു*.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ പോലീസ് നവീകരണ സ്കീമിൽ ഉൾപ്പെടുത്തി 10.7 കോടി രൂപ എസ്.പി.സി. പദ്ധതി നിർവ്വഹണത്തിനായി വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തികവർഷം 9 കോടി രൂപ പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിരുന്നു. (ഇതിൽ 8 കോടി രൂപ പദ്ധതി നിർവ്വഹണത്തിനും 1 കോടി രൂപ പദ്ധതിയുടെ ഡയറക്ടറേറ്റ് നിർമ്മാണത്തിനും) കൂടാതെ എസ്.പി.സി.-യുടെ ശുഭയാത്ര പദ്ധതിക്കായി 1 കോടി രൂപ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പും വകയിരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

140 (1961) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സർവ്വതോന്മുഖമായ വികാസത്തെ മുൻനിർത്തി മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 8 കമ്മ്യൂണിറ്റി പ്രോജക്റ്റുകൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമാകുന്ന ലഹരി ഉപയോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സേവനം വിനിയോഗിക്കുമോ ; വിശദമാക്കാമോ ?

### ഉത്തരം

(എ) നിലവിലുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

(1) KELSA: കേരള ലീഗൽ സർവ്വീസ് (KELSA) അതോറിറ്റിയുടെ പിന്തുണയോടെ ഓരോ വ്യക്തിക്കും നിയമപരമായ അറിവ് നേടുന്നതിനായി കേരളത്തിലെ മുഴുവൻ എസ്.പി.സി. സ്കൂളുകളിലും നടപ്പിലാക്കിയിട്ടുള്ള പദ്ധതി.

(2) കേരളം മദ്യാസക്തിക്കെതിരെ: എസ്.പി.സി. പദ്ധതിയും എക്സൈസ് വകുപ്പുമായി സഹകരിച്ച് വിദ്യാർത്ഥികളിലൂടെ അവരുടെ മാതാപിതാക്കളിലും സമൂഹത്തിലും മദ്യത്തിനും മയക്കുമരുന്നിനുമെതിരായി അവബോധം വളർത്തിയെടുക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതി.

(3) മാലിന്യ സംസ്കരണം: കേരള ശുചിത്വമിഷന്റെ പിന്തുണയോടെ സമൂഹത്തിലെ ശുചിത്വബോധം വളർത്തുന്നതിനും മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കേണ്ടത് ഓരോ പൗരന്റെയും കടമയാണെന്ന് മനസ്സിലാക്കുന്നതിനായി ആരംഭിച്ച പദ്ധതി.

(4) ശുഭയാത്രാ പദ്ധതി: കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ കുട്ടികളിലൂടെ റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ നൽകുന്നതിനായി ആരംഭിച്ച പദ്ധതി.

(5) എന്റെ മരം പദ്ധതി: സംസ്ഥാന വനം വകുപ്പിന്റെ പിന്തുണയോടെ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് പൊതു സമൂഹത്തെ ബോധവത്കരിക്കുന്നതിന് ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതി.

(6) വീട്ടിൽ ഒരു ചങ്ങാതിക്കൂട്ടം: സമൂഹത്തിൽ ശാരീരികമായും മാനസികവുമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി അവരെ മുന്നോട്ടുള്ള ജീവിതപാതയിൽ സഹായിക്കുന്നതിനായി ആരംഭിച്ച പദ്ധതി.

(7) സമ്പൂർണ്ണ ആരോഗ്യം: ആരോഗ്യ വകുപ്പിന്റെ പിന്തുണയോടുകൂടി വിദ്യാർത്ഥികളിൽ ആരോഗ്യപരമായ ജീവിതശൈലിയും ഭക്ഷണ ക്രമവും വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ എസ്.പി.സി. സ്കൂളുകളിൽ നടപ്പിലാക്കുന്ന പദ്ധതി.

(8) കെയർ: മതം, ജാതി, ഭാഷ, രാഷ്ട്രീയം, സമ്പന്നത തുടങ്ങിയ ഒന്നിന്റെയും പേരിൽ കുട്ടികളോട് ഒരു വിവേചനവും പാടുള്ളതല്ല എന്നീ കാര്യങ്ങളിൽ ഊന്നിയുള്ള പദ്ധതി.

(ബി) എസ്.പി.സി. പരിശീലന പദ്ധതിയുടെ ഭാഗമായി ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി വിദ്യാർത്ഥി സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിന് പഠന ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കാറുണ്ട്. പോലീസ് വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹകരണത്തോടെ സ്കൂൾ പരിസരങ്ങളിലുള്ള കടകളിലും മറ്റിടങ്ങളിലുമുള്ള ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി പരിശോധനകൾ, ബോധവത്കരണ ക്ലാസ്സുകൾ, ലഘുലേഖാ വിതരണം തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും അതിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ചും ബോധവാന്മാരായ കേഡറ്റുകൾ തന്റെ കുടുംബാംഗങ്ങളെയും അയൽവാസികളെയും സഹപാഠികളെയും മറ്റ് ബന്ധുമിത്രാദികളെയും ബാൻ ബാഡ്നെസ്സ് എന്ന സാമൂഹിക പദ്ധതിയിലൂടെ ബോധവത്കരിച്ചുവരുന്നു.

## വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ

141 (1962) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കും വിദ്യാർത്ഥികൾക്കും സൈബർ സുരക്ഷ ഒരുക്കാൻ എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ വിദ്യാലയങ്ങൾ /സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) കുട്ടികൾക്കും വിദ്യാർത്ഥികൾക്കും സൈബർ സുരക്ഷ ഒരുക്കുന്നതിനായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും സൈബർ അവയർനെസ് ക്ലാസ്സുകളും ബോധവത്കരണവും നടത്തിവരുന്നു. കൂടാതെ സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി Kid Glove Project നടപ്പിലാക്കിവരുന്നു. കുട്ടികൾക്കും, വിദ്യാർത്ഥികൾക്കുമായി സൈബർ സുരക്ഷാ നിയമങ്ങൾ ഉൾക്കൊള്ളിച്ച് കേരളാ പോലീസ് സൈബർ ഡോമിന്റെ പ്രോജക്ടായ 'സൈബർ സുരക്ഷാ എ.ആർ.കാർഡുകൾ' ജില്ലാപോലീസ് പരിധിയിലുള്ള വിദ്യാലയങ്ങളിൽ വിതരണം ചെയ്തിട്ടുള്ളതും ആയതിന്റെ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിനുള്ള ക്ലാസ്സുകൾ നൽകിയിട്ടുള്ളതുമാണ്. എസ്.പി.സി., എൻ.സി.സി. തുടങ്ങിയ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് സൈബർ സുരക്ഷയെ സംബന്ധിച്ച സെമിനാറുകളും, ബോധവത്കരണ ക്ലാസ്സുകളും നടത്തിവരുന്നു. കുട്ടികൾക്കും, വിദ്യാർത്ഥികൾക്കും സൈബർ സുരക്ഷ ഒരുക്കുന്നതിന് 'കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ ' സംരംഭത്തിൽ ആരംഭിക്കുന്ന സൈബർ കൗൺസിലിംഗ് സെന്ററുമായി പോലീസ് ഡിപ്പാർട്ടുമെന്റ് സഹകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ ജില്ലയിലെ സ്കൂൾ, കോളേജ് അധികൃതർ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, വനിതാ സംഘങ്ങൾ, സാംസ്കാരിക സംഘടനകൾ, സാമൂഹ്യക്ഷേമ വകുപ്പ്, യുവജനക്ഷേമവകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

## ഓൺലൈൻ പെൺവാണിഭ സംഘങ്ങളെ അമർച്ച ചെയ്യാൻ നടപടി

142(1963) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ പെൺവാണിഭ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര ഓൺലൈൻ പെൺവാണിഭ സംഘങ്ങൾക്കെതിരെ കേസ്സെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) വലിയ തോതിൽ സാംസ്കാരിക അധഃപതനത്തിനും ചൂഷണത്തിനും ഇടയാക്കുന്ന ഓൺലൈൻ പെൺവാണിഭ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കൊച്ചി സിറ്റിയിൽ ഒരു കേസും, സൈബർ പോലീസ് സ്റ്റേഷനിൽ നാല് കേസുകളും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കേസുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പോലീസ് സ്റ്റേഷൻ | ക്രൈം നമ്പർ | ആകെ പ്രതികൾ | അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം |
|---|---|---|---|---|
| 1 | എറണാകുളം സെൻട്രൽ | 50/2018 | 19 | 19 |
| 2 | സൈബർ | 29/2015 | 18 | 16 |
| 3 | സൈബർ | 32/2015 | 9 | 9 |
| 4 | സൈബർ | 34/2015 | 12 | 12 |
| 5 | സൈബർ | 13/2016 | 15 | 14 |

(സി) ഓൺലൈൻ പെൺവാണിഭ സംഘങ്ങളെ കണ്ടെത്തുന്നതിനും അമർച്ച ചെയ്യുന്നതിലേയ്ക്കുമായി ഇന്റർനെറ്റിൽ ശക്തമായ ഓൺലൈൻ പട്രോളിംഗ് നടത്തിവരുന്നതും ഇത്തരം സംഘങ്ങൾക്കെതിരെ തെളിവ് ലഭിച്ചാലുടൻ തന്നെ നിയമപരമായ കർശന നടപടികൾ സ്വീകരിച്ചുവരുന്നതുമാകുന്നു.

## ലൈംഗിക കുറ്റവാളികളുടെ രജിസ്റ്റർ

143 (1964) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈംഗിക കുറ്റവാളികളെ തിരിച്ചറിയുന്നതിനുള്ള വിശദാംശങ്ങൾ അടങ്ങുന്ന ലൈംഗിക കുറ്റവാളികളുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിൽ എത്ര പേരെയാണ് രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്;

(സി) പ്രസ്തുത രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ലൈംഗീക അതിക്രമങ്ങളിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടില്ല.

(ബി&സി) ബാധകമല്ല.

## കുട്ടികളെ കാണാതായതുമായി ബന്ധപ്പെട്ട കേസുകൾ

144 (1966) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ കാണാതാകുന്നതുമായി ബന്ധപ്പെട്ട് 2017 ൽ സംസ്ഥാനത്ത് ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ അന്വേഷണത്തിലൂടെ കുട്ടികളെ കണ്ടെത്തിയവ എത്രയെന്നും ഇനി കണ്ടെത്താനുള്ളത് എത്രയെന്നുമുള്ള വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ തരംതിരിച്ച് നൽകാമോ;

(ബി) കുട്ടികളെ തട്ടിക്കൊണ്ടു പോകുന്നതുമായി ബന്ധപ്പെട്ട് പിടിയിലായവർ എത്രയെന്നും ഇവർ ഏതു സംസ്ഥാനക്കാരാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) കുട്ടികളെ കാണാതാകുന്നതുമായി ബന്ധപ്പെട്ട് 2017-ൽ സംസ്ഥാനത്ത് ആകെ 1472 കേസുകൾ രജിസ്റ്റർ ചെയ്യുകയും കാണാതായ 1774 കുട്ടികളിൽ 1725 കുട്ടികളെ അന്വേഷണത്തിലൂടെ കണ്ടെത്തുകയും ഇനി 49 കുട്ടികളെ കണ്ടെത്താനുമുണ്ട്. ജില്ല തിരിച്ചുള്ള വിവരം ഇതോടൊപ്പം ചേർത്തിട്ടുണ്ട്*.

(ബി) കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് 2017-ൽ 199 പേർ പിടിയിലായിട്ടുണ്ട്. ഇവരിൽ കേരളത്തിലുള്ളവർ 188-ഉം ഒരാൾ കർണ്ണാടകത്തിൽ നിന്നും 6 പേർ തമിഴ്നാട്ടിൽ നിന്നും രണ്ട് പേർ ആസ്സാമിൽ നിന്നും രണ്ടുപേർ പശ്ചിമബംഗാളിൽ നിന്നുമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

145 (1967) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ നിയമപ്രകാരം വിവിധ ജില്ലകളിൽ എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എത്രയെണ്ണത്തിൽ കോടതി മുൻപാകെ ചാർജ് ഷീറ്റുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര പോക്സോ കോടതികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ കോടതിയിലും എത്ര കേസ്സുകൾ വീതം തീർപ്പാക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോക്സോ നിയമപ്രകാരം വിവിധ ജില്ലകളിലായി 4120 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) രജിസ്റ്റർ ചെയ്ത കേസുകളിൽ 3004 കേസുകളിൽ കോടതി മുമ്പാകെ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലെയും അഡീഷണൽ & ജില്ലാ സെഷൻസ് കോടതികളെ പോക്സോ കേസുകൾകൂടി കൈകാര്യം ചെയ്യുന്ന കോടതികളാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആകെ 14 കോടതികളാണ് പോക്സോ കോടതികളായി പ്രവർത്തിക്കുന്നത്. 2017 വരെ ഓരോ കോടതിയിലും ഉള്ള പെൻഡിംഗ് കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പെന്റിംഗ് കേസുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 523 |
| 2 | കൊല്ലം | 416 |
| 3 | പത്തനംതിട്ട | 188 |
| 4 | ആലപ്പുഴ | 191 |
| 5 | കോട്ടയം | 292 |

| (1) | (2) | (3) |
|---|---|---|
| 6 | ഇടുക്കി | 221 |
| 7 | എറണാകുളം | 133 |
| 8 | തൃശ്ശൂർ | 486 |
| 9 | പാലക്കാട് | 329 |
| 10 | മലപ്പുറം | 377 |
| 11 | കോഴിക്കോട് | 224 |
| 12 | വയനാട് | 143 |
| 13 | കണ്ണൂർ | 246 |
| 14 | കാസർഗോഡ് | 222 |
| ആകെ | | 3991 |

## കോതമംഗലം പോലീസ് സ്റ്റേഷനിൽ കൂടുതൽ പോലീസ് ജീവനക്കാരെ നിയമിക്കുന്നതിനു നടപടി

146 (1968) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല് പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്ന കോതമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ വർഷം അയ്യായിരത്തോളം കേസുകൾ രജിസ്റ്റർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ആവശ്യമായ പോലീസ് ജീവനക്കാർ കോതമംഗലം സ്റ്റേഷനിൽ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോതമംഗലം പോലീസ് സ്റ്റേഷനിൽ എത്ര പോലീസ് ജീവനക്കാർ ഉണ്ടെന്നുള്ളത് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) കോതമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണം പരിഗണിച്ച് കൂടുതൽ പോലീസ് ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

| | | | |
|---|---|---|---|
| (സി) | SI | - | 4 |
| | ASI | - | 3 |
| | SCPO | - | 13 |
| | CPO | - | 27 |
| | WSCPO | - | 1 |
| | WCPO | - | 11 |

(ഡി) സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഡ്യൂട്ടിയിലിരിക്കെ പരിക്കുപറ്റുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ചികിത്സ

147 (1969) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഡ്യൂട്ടിയിലിരിക്കെ പരിക്കു പറ്റുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ചികിത്സയ്ക്ക് നിലിവിൽ എന്തെങ്കിലും സഹായസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കൃത്യനിർവ്വണത്തിനിടെ ഗുരുതരമായി പരിക്കുപറ്റുന്ന പോലീസുകാർക്കാവശ്യമായ ചികിത്സയും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. കേരളാ പോലീസ് ആക്ട് 2011 റൂൾ 104 പ്രകാരം രൂപീകരിച്ചിട്ടുള്ള പോലീസ് വെൽഫെയർ ബ്യൂറോയിൽ നിന്നും, പരിക്ക് പറ്റുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ യൂണിറ്റ് തലവൻ മുഖാന്തരം ലഭിക്കുന്ന അപേക്ഷ പരിഗണിച്ച് അർഹമായ സാമ്പത്തിക സഹായം നൽകിവരുന്നു. പ്രസ്തുത ബ്യൂറോയുടെ ഫണ്ട് പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും മാസവിഹിതമായി ശേഖരിക്കുന്ന തുകയാണ്. അത്യാവശ്യ സാഹചര്യങ്ങളിൽ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിക്കുന്ന പ്രകാരം തുക നൽകിയശേഷം വെൽഫെയർ ബ്യൂറോയുടെ തുടർന്ന് വരുന്ന മീറ്റിംഗിൽ അംഗീകാരം തേടുന്നു. ഇതുകൂടാതെ കേരളാ പോലീസ് വെൽഫെയർ ആന്റ് അമിനിറ്റി ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം ഗ്രാന്റ് ആയോ, പലിശരഹിത വായ്പയായോ നൽകിവരുന്നു.

## സ്പീഡ് റഡാറുകളും ക്യാമറകളും

148 (1970) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള സ്പീഡ് റഡാറുകളും ക്യാമറകളും പലതും പ്രവർത്തന രഹിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവർത്തനരഹിതമായ ഇത്തരം ഉപകരണങ്ങൾ യഥാസമയം മാറ്റി സ്ഥാപിക്കാത്തതുമൂലം വാഹനങ്ങളുടെ നിയമലംഘനം വർദ്ധിച്ചുവരുന്ന സാഹചര്യം നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പ്രതിവർഷം ഏകദേശം എത്ര രൂപ ചെലവഴിക്കുന്നുണ്ട്; യഥാസമയം ഇവയുടെ മെയിന്റനൻസ് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തനരഹിതമായ എല്ലാ സ്പീഡ് റഡാറുകളും ക്യാമറകളും മാറ്റിസ്ഥാപിക്കുന്നതിനും ആവശ്യമുള്ള പുതിയവ സ്ഥാപിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം ക്യാമറകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത് കെൽട്രോണാണ്. ഹൈടെക് എൻഫോഴ്സ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്യാമറകൾക്ക് 2013 ഡിസംബർ മാസം വരെ കെൽട്രോൺ ഗ്യാരന്റി ലഭ്യമാക്കിയിരുന്നു. അപകടത്തിൽപ്പെട്ട 8 ക്യാമറകൾക്കുള്ള അറ്റകുറ്റ പ്പണികൾക്കായി 6,29,046 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് രാമനാട്ടുകര-വെങ്ങളം ബൈപ്പാസിലെ അപകടങ്ങൾ

149 (T 1971) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര-വെങ്ങളം ബൈപ്പാസിൽ നിരന്തരം റോഡപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.'

(ബി) 2017-ൽ എത്ര പേരാണ് ഈ ബൈപ്പാസിൽ അപകടങ്ങളിൽ മരണപ്പെട്ടത്;

(സി) ഇത്തരം അപകടങ്ങൾ തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 25 പേർ.

(സി) വാഹനാപകടങ്ങൾ തടയുന്നതിനായി കർശനമായ വാഹന പരിശോധനകൾ നടത്തിവരുന്നുണ്ട്. സ്പീഡ് റഡാർ ഉപയോഗിച്ച് വാഹന പരിശോധന നടത്തിയും ഇന്റർസെപ്റ്റർ ഉപയോഗിച്ചും, പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ പുതുതായി ഓട്ടോമാറ്റഡ് സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചും പ്രസ്തുത സ്ഥലങ്ങളിൽ പോലീസുകാരെ പ്രത്യേകം ഡ്യൂട്ടിക്ക് നിയോഗിച്ചും അപകടങ്ങൾ കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കായൽ കയ്യേറ്റം സംബന്ധിച്ച വിജിലൻസ് അന്വേഷണം**

150 (1972) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. തോമസ് ചാണ്ടി എം.എൽ.എ. കായൽ കൈയേറിയതും വയൽ നികത്തിയതും സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തായിരുന്നു; അദ്ദേഹത്തിനെതിരെ കേസ് എടുക്കുവാൻ വിജിലൻസ് ശിപാർശ ചെയ്തിരുന്നോ;

(ബി) പ്രസ്തുത അന്വേഷണ സംഘത്തെ മാറ്റി പുതിയ അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്;

(സി) നേരത്തെ കേസ് അന്വേഷിച്ച അന്വേഷണ സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ പുതിയ സംഘത്തിൽ ഉണ്ടോ;

(ഡി) എത്ര മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കണമെന്നാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കോടതി നിർദ്ദേശിച്ചതനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് ബഹുമാനപ്പെട്ട കോടതി ഉത്തരവിറക്കുകയും ചെയ്തു. തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1-ൽ ടി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുള്ളതാകുന്നു.

(ബി) സി.എം.പി. 2439/17-ൽ കോടതി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി റിപ്പോർട്ട് 19-4-2018-നു മുമ്പ് ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോട്ടയം മുമ്പാകെ ഹാജരാക്കണമെന്ന് വാക്കാൽ നിർദ്ദേശിക്കുകയും ചെയ്തു പശ്ചാത്തലത്തിൽ മാനവശേഷി കൂടുതലുള്ളതും രാഷ്ട്രീയ സ്വഭാവമുള്ള കേസുകൾ ഉൾപ്പെടെ സുപ്രധാന കേസുകൾ (Sensitive Cases) അന്വേഷിക്കുന്നതിനായി പ്രത്യേകം രൂപീകരിച്ചിട്ടുള്ളതും സംസ്ഥാന തലത്തിൽ അധികാര പരിധിയിലുള്ളതുമായ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 ഓഫീസിനെ പ്രസ്തുത കേസിന്റെ അന്വേഷണം ഏൽപ്പിച്ചിട്ടുണ്ട്.

(സി) പ്രാഥമികാന്വേഷണം നടത്തിയ അന്വേഷണസംഘത്തിലെ ഉദ്യോഗസ്ഥരാരും പുതിയ സംഘത്തിലില്ല.

(ഡി) 19-4-2018-തീയതിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുവാൻ കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

**വിജിലൻസ് അന്വേഷണങ്ങളുടെ പുരോഗതി**

151 (1973) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത രാഷ്ട്രീയക്കാർ, മുൻ മന്ത്രിമാർ, മന്ത്രിമാർ എന്നിവർ ക്കെതിരെയുള്ള വിജിലൻസ് അന്വേഷണങ്ങളുടെ പുരോഗതി പരിശോധിക്കുന്നതിന് ഏതെങ്കിലും പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാന പോലീസ് മേധാവിക്ക് വിജിലൻസ് ഡയറക്ടറുടെ അധിക ചുമതല നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഡി.ജി.പി. റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ അഭാവമാണോ ഉത്തരവാദിത്വങ്ങൾ ഏറെയുള്ള പോലീസ് മേധാവിക്ക് പ്രത്യേക അന്വേഷണ വിഭാഗമായ വിജിലൻസിന്റെ അധിക ചുമതല കൂടി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) മതിയായ തെളിവുകളില്ലായെന്ന കാരണത്താൽ 2017 ഏപ്രിൽ 1 മുതൽ നാളിതുവരെ എത്ര ത്വരിതാന്വേഷണങ്ങൾ വിജിലൻസ് അവസാനിപ്പിച്ചു; ഈ കാലയളവിൽ എത്ര കേസുകൾ വിജിലൻസ് പുതിയതായി രജിസ്റ്റർ ചെയ്തു; എത്ര കേസുകളിൽ കുറ്റപത്രം സമർപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എല്ലാ അന്വേഷണങ്ങളുടെയും പുരോഗതി പരിശോധിക്കാൻ എല്ലാ മാസവും അവയുടെ പുരോഗതി റിപ്പോർട്ട് (Monthly Progress Report) ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ മേലുദ്യോഗസ്ഥന്റെ അംഗീകാരത്തോടെ ഡയറക്ടറേറ്റിലേയ്ക്ക് അയയ്ക്കുകയും അത് ഡയറക്ടറേറ്റിൽ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ അന്വേഷണ ഉദ്യോഗസ്ഥന് നൽകുകയും ചെയ്യുന്നു.

(ബി) ഉണ്ട്. 1-4-2017 മുതൽ 7-5-2017 വരെ സംസ്ഥാന പോലീസ് മേധാവി വിജിലൻസ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്നു. തുടർന്ന് 1-7-2017 മുതൽ വീണ്ടും സംസ്ഥാന പോലീസ് മേധാവി വിജിലൻസ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചു.

(സി) സംസ്ഥാന പോലീസ് മേധാവിക്ക് വിജിലൻസ് ഡയറക്ടറുടെ അധികചുമതല നൽകിയത് താൽക്കാലികമായ ഒരു നടപടിക്രമം മാത്രമാണ്.

(ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു ത്വരിതാന്വേഷണവും അന്വേഷണം പൂർത്തിയാക്കാതെ അവസാനിപ്പിക്കാറില്ല. (ഹൈക്കോടതി ഉത്തരവ് ഒഴികെയുള്ളവ) ത്വരിതാന്വേഷണം നടത്തി തെളിവുകൾ ഇല്ലാത്തതിനാൽ തുടർ നടപടികൾ അവസാനിപ്പിച്ചവ 29-1-2018 വരെ 134 എണ്ണം ആണ്. ഈ കാലയളവിൽ 80 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തു. 46 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചു.

## വിജിലൻസ് കേസ്സുകൾ

152 (1974) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ്സുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## ഇന്റേണൽ വിജിലൻസ് ഓഫീസർ

153 (1975) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-6-1997-ലെ ജി.ഒ. (പി) 34/97/വിജി. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും ഇന്റേണൽ വിജിലൻസ് ഓഫീസർമാരായി നിയമിക്കപ്പെടുന്നവർക്ക് പ്രസ്തുത ഉത്തരവിലെ (ഡി) നിബന്ധനയ്ക്ക് വിരുദ്ധമായി വകുപ്പ് തലവൻ മുഖാന്തരമല്ലാതെ സർക്കാരിന് നേരിട്ട് റിപ്പോർട്ട് അയയ്ക്കുന്നതിന് അധികാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഉത്തരവിന്റെ ഖണ്ഡിക (എഫ്)- ന് വിരുദ്ധമായി വകുപ്പ് തലവൻ ചുമതലപ്പെടുത്താതെ പരാതികളിൽ സ്വയം അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനും, അത് വകുപ്പ് തലവൻ കാണാതെ നേരിട്ട് സർക്കാരിനയക്കുന്നതിനും ഇന്റേണൽ വിജിലൻസ് ഓഫീസർക്ക് അധികാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ പ്രകാരം അധികാരം നൽകിയിട്ടില്ലെങ്കിൽ, അതിന് വിരുദ്ധമായി ഭൂജലവകുപ്പ് ഡയറക്ടറേറ്റിലെ ഇന്റേണൽ വിജിലൻസ് ഓഫീസർ റിപ്പോർട്ട് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 11-6-1997-ലെ ജി.ഒ.(പി) 34/97/വിജി. നമ്പർ ഉത്തരവുപ്രകാരം അധികാരം നൽകിയിട്ടില്ല.

(സി) ഭൂജലവകുപ്പിന്റെ ഇന്റേണൽ വിജിലൻസ് ഓഫീസർ വകുപ്പ് തലവനായ ഭൂജലവകുപ്പ് ഡയറക്ടർ അറിയാതെ റിപ്പോർട്ട് അയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## സോളാർ കമ്മീഷൻ റിപ്പോർട്ട്

154 (1976) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സോളാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച തുടർ അന്വേഷണ നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

ഉത്തരം

8-11-2017-ലെ സ.ഉ.(കൈ) നമ്പർ 231/2017/ആഭ്യന്തരം നമ്പർ ഉത്തരവു പ്രകാരം നിയോഗിച്ച ഉത്തരമേഖല ഡി.ജി.പി. ശ്രീ. രാജേഷ് ദിവാൻ അന്വേഷണ സംഘം തലവനായ പ്രത്യേക അന്വേഷണ സംഘം നിലവിലുള്ള കേസുകളുടെ തൽസ്ഥിതി വിവരങ്ങൾ ശേഖരിച്ച് വരുന്നതുൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## പഴയങ്ങാടി കേന്ദ്രമാക്കി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

155 (1977) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഫയർസ്റ്റേഷൻ നിലവിലില്ലാത്ത കല്ല്യാശ്ശേരി മണ്ഡലത്തിൽ പഴയങ്ങാടി കേന്ദ്രമാക്കി ഒരു ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

കല്ല്യാശ്ശേരി മണ്ഡലത്തിൽ പഴയങ്ങാടി കേന്ദ്രമാക്കി ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് മാടായിപ്പാറയിൽ റീ സർവ്വേ നമ്പർ 23/1 എ 2-ൽ സ്ഥിതി ചെയ്യുന്ന തിരുവട്ടൂർക്കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ള 50 സെന്റ് ഭൂമി അഗ്നിരക്ഷാ വകുപ്പിന് കൈമാറുന്നതിന് ചിറയ്ക്കൽ കോവിലകം എക്സിക്യൂട്ടീവ് ഓഫീസർ, മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം മലബാർ ദേവസ്വം ബോർഡ് ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കോങ്ങാട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

156 (1978) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു സർക്കാർ ഉത്തരവ് (RT)No.2996/2016 ആഭ്യന്തരം തീയതി 29-9-2016 പ്രകാരം ഭരണാനുമതിയും സർക്കാർ ഉത്തരവ് (MS) NO.206/17/റവ. തീയതി 19-6-2017 പ്രകാരം സ്ഥലം കൈമാറുകയും ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് ഫയർ റസ്ക്യൂ സർവ്വീസസ് ആസ്ഥാനത്തുനിന്ന് നിരവധി പ്രൊപ്പോസലുകൾ നൽകുകയും ചെയ്തിട്ടും ഇക്കാര്യത്തിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) 17-7-2017-ൽ F1/5975/2016 പ്രകാരം സർക്കാരിലേയ്ക്ക് ഫയർ ആൻഡ് റസ്ക്യൂ സർവ്വീസസ് എച്ച്.ക്യൂ.-വിൽ നിന്ന് സമർപ്പിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരവും കലണ്ടർ ഓഫ് ആക്ഷൻ റിപ്പോർട്ടും ലഭ്യമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ കോങ്ങാട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് വേണ്ടി മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥലം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട താലൂക്ക് തഹസീൽദാർക്ക് പാലക്കാട് ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുണ്ട്. കോങ്ങാട് ഫയർ സ്റ്റേഷൻ താൽക്കാലികമായി വാടക കെട്ടിടത്തിൽ പ്രവർത്തനം

ആരംഭിക്കുന്നതിനുവേണ്ടി കണ്ടെത്തിയ സ്ഥലങ്ങൾ ഭൗതിക സാഹചര്യങ്ങൾ അനുകൂലമല്ലാത്തതിനാൽ കോങ്ങാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പെരിങ്ങോട് കേരള സാംസ്കാരിക നിലയം, കൈരളി വായനശാലയിൽ പ്രവർത്തനം ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ കെട്ടിടം വാടകയ്ക്ക് നൽകുന്നതിന് പഞ്ചായത്തിന് സമ്മതമാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ഫയർ സ്റ്റേഷന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി പ്രസ്തുത കെട്ടിടം താൽക്കാലികമായി വകുപ്പിന് കൈമാറുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഫയർ സ്റ്റേഷനിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും, വാഹനങ്ങൾ ഉപകരണങ്ങൾ എന്നിവ അനുവദിച്ച് ഭരണാനുമതി നൽകുന്നതിനുമായി ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ സംബന്ധിച്ച വിവരം അനുബന്ധത്തിലെ കലണ്ടർ ഓഫ് ആക്ഷൻ റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്*.

## ഒറ്റപ്പാലം ഫയർസ്റ്റേഷൻ

157(1979) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം തന്നെ ഒറ്റപ്പാലത്ത് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ;

(സി) ഒറ്റപ്പാലം ഫയർസ്റ്റേഷനായി നിലവിൽ കണ്ടെത്തിയിട്ടുള്ള സ്ഥലം ഫയർസ്റ്റേഷന്റെ ഉപയോഗത്തിനായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ലക്കിടി-പേരൂർ-1 വില്ലേജിൽ റീ സർവ്വേ നമ്പർ 555, 556-ൽപ്പെട്ട കിൻഫ്ര വ്യവസായ പാർക്കിന്റെ കൈവശമുള്ള 50 സെന്റ് സ്ഥലമാണ് ഒറ്റപ്പാലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് കണ്ടെത്തിയിട്ടുള്ളത്. സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അഗ്നിശമന നിലയത്തോടനുബന്ധിച്ച് നീന്തൽ പരിശീലനം

158 (1980) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അഗ്നിരക്ഷാ നിലയത്തോടനുബന്ധിച്ച് കുട്ടികൾക്ക് നീന്തൽപരിശീലനം നടത്തുന്നതിനുവേണ്ടി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു നീന്തൽകുളം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

കായംകുളം അഗ്നിരക്ഷാ നിലയത്തിനോടനുബന്ധിച്ച് കുട്ടികൾക്ക് നീന്തൽ പരിശീലനം നടത്തുന്നതിനുവേണ്ടി നീന്തൽക്കുളം നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മാവൂരിൽ പുതിയ ഫയർ സ്റ്റേഷൻ

159 (1981) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയുടെ വ്യവസായിക തലസ്ഥാനവും മലപ്പുറം ജില്ലയുമായി അതിർത്തി പങ്കിടുന്ന പ്രദേശവും ചാലിയാർ പുഴയുടെ തീരവുമായ മാവൂരിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് സ്ഥലത്തിന്റെ പ്രാധാന്യവും മറ്റ് മാനദണ്ഡങ്ങളും കണക്കിലെടുത്ത് വകുപ്പുതന്നെ ശാസ്ത്രീയ പഠനം നടത്തി മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതായ ഫയർ സ്റ്റേഷനുകളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് സർക്കാർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെടുന്നപക്ഷം മാവൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യവും പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

## ജയിലുകളിൽ നിലവിലുള്ള തസ്തികകൾ

160 (1982) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ ഓരോന്നിലും നിലവിലുള്ള തസ്തികകൾ കാറ്റഗറി തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട്; കാറ്റഗറി തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) പ്രസ്തുത തസ്തികകളിൽ ഏതിലെങ്കിലും താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിൽ ദക്ഷിണമേഖല/മധ്യമേഖല/ഉത്തരമേഖല എന്നീ മൂന്ന് മേഖലകളിലായി സ്ഥിതി ചെയ്യുന്ന ജയിൽ സ്ഥാപനങ്ങളിൽ ഓരോന്നിലും നിലവിൽ അനുവദിച്ചിരിക്കുന്ന തസ്തികകൾ, പ്രസ്തുത തസ്തികകളിൽ നിലനിൽക്കുന്ന ഒഴിവുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ <u>അനുബന്ധം</u> ഒന്നായി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു*.

(സി) ഉണ്ട്. പ്രസ്തുത ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ <u>അനുബന്ധം</u> രണ്ടായി ചേർക്കുന്നു*.

(ഡി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ എല്ലാ ഒഴിവുകളും യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചില ജീവനക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, ബഹുമാനപ്പെട്ട ഹൈക്കോടതി എന്നിവിടങ്ങളിൽ നൽകിയിരിക്കുന്ന വിവിധ കേസുകൾ കാരണം പ്രൊമോഷൻ തസ്തികകൾ നികത്താൻ കഴിയാതിരിക്കുന്ന സാഹചര്യം നിലവിലുണ്ട്.

**ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ**

161 (1983) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13 ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്ന ജയിലുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ ;

(ബി) ജയിലുകളിൽ തടവുപുള്ളികൾ യഥേഷ്ടം മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായും കണ്ടെത്തിയിട്ടുണ്ടോ;

(സി) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ ജയിലിൽ മൊബൈൽ ഫോൺ ഉപയോഗിച്ച കേസ്സിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. ക്യാമറകളിൽ ഒന്നുപോലും പ്രവർത്തനക്ഷമമല്ല എന്ന റിപ്പോർട്ട് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ഇ) ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിയ്യൂർ അതീവ സുരക്ഷാ ജയിൽ, തവനൂർ സെൻട്രൽ ജയിൽ, ഇടുക്കി ജില്ലാ ജയിൽ, പാലക്കാട് ജില്ലാ ജയിൽ, ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ എന്നിവയാണ് പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നിർമ്മാണം നടക്കുന്നത്. ഇവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ജയിലുകളിലെ ചില തടവുകാർ നിയമവിരുദ്ധമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി പരാതിയും രഹസ്യ വിവരങ്ങളും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിൽ മൊബൈൽ ഫോണും അനുബന്ധ ഉപകരണങ്ങളും തടവുകാരിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്.

(സി) ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ ജയിലിൽ മൊബൈൽ ഫോൺ ഉപയോഗിച്ചതിന് വിയ്യൂർ പി.എസ്. ക്രൈം നമ്പർ 854/2018 u/s 86 (1) (2) (3) of the Kerala Prisons and Coreectional Services (Management) Act, 2010&42 Prisons Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 27-2-2015-ൽ കുറ്റപത്രം ബഹുമാനപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-I മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും ടി കേസ് ഇപ്പോൾ വിചാരണയിലുമാണ്.

(ഡി) പരിഗണിച്ചിട്ടുണ്ട്.

(ഇ) ജയിലുകളിൽ കർശനമായ സുരക്ഷ ഉറപ്പുവരുത്തുന്നതിന് വിവിധ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 53 ജയിലുകളിൽ 51 ജയിലുകളിലും സി.സി.ടി.വി. നിരീക്ഷണ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്ടർ നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ പ്രിസണുകളിൽ വൈദ്യുതി വേലി സ്ഥാപിച്ചിട്ടുണ്ട്. ജയിലുകളെയും കോടതികളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്ന പദ്ധതിയുടെ ടെണ്ടർ നടപടികളും പുരോഗമിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജയിൽപുള്ളികൾക്ക് ചികിത്സ**

162 (1984) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ കൊലപാതക കേസ്, കതിരൂർ മനോജ് വധകേസുകളിലെ പ്രതികൾക്ക് ആയുർവ്വേദ സുഖ ചികിത്സ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജയിൽപുള്ളികൾക്ക് ചികിത്സ നൽകുമ്പോൾ പാലിക്കേണ്ട ജയിൽ ചട്ടങ്ങൾ ഇവരുടെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടോ;

(സി) പോലീസ് സംരക്ഷണയിലാണോ ഈ ചികിത്സ നടപ്പിലാക്കിയത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുവദനീയമായ ആയുർവ്വേദ ചികിത്സ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലിക്കപ്പെട്ടിട്ടുണ്ട്.

(സി) ജയിൽചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം കണ്ണൂർ ജില്ലാ സായുധ സേനാ വിഭാഗത്തിൽ നിന്നുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സംരക്ഷണയിലാണ് ടി തടവുകാർക്ക് ചികിത്സ നൽകിയിട്ടുള്ളത്.

**കോവളം കാസർഗോഡ് ജലപാതയുടെ നിർമ്മാണം**

163 (1986) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ.അബ്ദു റബ്ബ് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം കാസർഗോഡ് ജലപാതയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ തുക എപ്രകാരം കണ്ടെത്താമെന്നാണ് പ്രതിക്ഷിക്കുന്നത്;

(സി) നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്?

## ഉത്തരം

(എ) കോവളം മുതൽ കാസർഗോഡ് വരെയുള്ള 590 കി.മീ. നീളം വരുന്ന ജലപാതയുടെ (വെസ്റ്റ് കോസ്റ്റ് കനാൽ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ.-ഉം 2016-ലെ കേന്ദ്ര വിജ്ഞാപന പ്രകാരം നീട്ടിയ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ദേശീയ ജലപാത-III ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ടി ഭാഗത്തെ പ്രവൃത്തികൾ കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള 188 കി.മീ. എന്നീ സംസ്ഥാന ജലപാതയിലെ ഭാഗങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികളും വടകര മുതൽ മാഹി വരെയുള്ള കനാൽ നിർമ്മാണവും ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റിന്റെ കീഴിൽ നടന്നുവരുന്നു. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗതയോഗ്യമാണ്. 11.30 കി.മീ. ഭാഗികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. പാർവ്വതി പുത്തനാർ ഉൾപ്പെടെയുള്ള 35.38 കി.മീ. ഭാഗത്തെ കനാൽ വികസനം പൂർത്തീകരിക്കുവാനുണ്ട്. ജലപാത വികസനം ലക്ഷ്യമാക്കി രൂപീകരിച്ച KWIL (കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന KIIFB ധനസഹായത്തോടെ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതാണ്. 1.10 കി.മീ. നീളം വരുന്ന വർക്കല തുരങ്കങ്ങൾ 14 മീ. വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ കൊങ്കൺ റെയിൽ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലത്തും വർക്കലയിലുമായി അവശേഷിച്ച 18.14 കി.മീ. ഭാഗത്തെ പ്രവൃത്തികൾ നടന്നുവരുന്നു. കോഴിക്കോടിനും വടകരക്കും ഇടയിൽ 38.3 കി.മീ. ഭാഗം (ചെ.411.78-450.08 കി.മീ.) ജലപാത ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ.450.08 കി.മീ. 467.69 കി.മീ. ഭാഗത്ത് ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി-വളപട്ടണത്തിനും ഇതിനിടയിലെ 3 അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകട്ട് ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ തുക സംസ്ഥാന പദ്ധതി വിഹിതം നബാർഡ്, കിഫ്ബി എന്നിവ മുഖേന കണ്ടെത്താമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 2020-ഓടുകൂടി പ്രസ്തുത ജലപാതയുടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ബസ്സ് സർവ്വീസ് പുനഃസ്ഥാപിക്കാൻ നടപടി

164 (1987) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ, കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നിരവധി കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിർത്തലാക്കിയത് പുനഃസ്ഥാപിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) മലയോര മേഖലകളിലേക്ക് ലാഭകരമായി ഓടിക്കാൻ കഴിയുന്ന ബസ്സുകൾ കൂടി നിർത്തലാക്കിയതുമൂലം ജനങ്ങൾ ഏറെ പ്രയാസം അനുഭവിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ, കാഞ്ഞങ്ങാട് ഡിപ്പോകളിൽനിന്നും കെ.എസ്.ആർ.ടി.സി. സ്ഥിരമായി സർവ്വീസുകളോ, ട്രിപ്പുകളോ റദ്ദ് ചെയ്തിട്ടില്ല. എന്നാൽ ചില ദിവസങ്ങളിൽ ബസ്സുകളുടെ കുറവും ജീവനക്കാരുടെ കുറവും കാരണം ചില സർവ്വീസുകളോ/ ട്രിപ്പുകളോ റദ്ദ് ചെയ്യപ്പെടാറുണ്ട്. എന്നാൽ യാത്രക്കാർക്ക് പരമാവധി യാത്രാസൗകര്യം ഒരുക്കുന്നതിന് കെ.എസ്.ആർ.ടി.സി. പ്രത്യേക ശ്രദ്ധ ചെലുത്താറുണ്ട്. കൂടുതൽ ബസ്സുകൾ നിരത്തിലിറക്കുന്നമുറയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാപാസ്

165 (1988) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. സർവ്വീസുകളെ മാത്രം ആശ്രയിക്കുന്ന മലയോരപ്രദേശങ്ങളിലും പിന്നോക്ക പ്രദേശങ്ങളിലും വിദ്യാർത്ഥികൾക്ക് യാത്രാപാസ് അനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത നിയന്ത്രണത്തിൽ ഇളവുകൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

166 (1989) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ 31-12-2017-വരെ കെ. എസ്. ആർ. ടി. സി.-യിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് റിക്വസ്റ്റ് എത്ര തുകയ്ക്കുണ്ടായിരുന്നു; ഇതിൽ എന്തു തുകയ്ക്കുള്ളത് സാംങ്ഷൻ ചെയ്ത് നൽകി; സാങ്ഷൻ ചെയ്ത മെഡിക്കൽ ബില്ലുകളെല്ലാം ജീവനക്കാർക്ക് പേമെന്റ് നൽകിയിരുന്നോ;

(ബി) ഇതിൽ കെ. എസ്. ആർ. ടി. സി.-യിലെ കണ്ടക്ടർ, ഡ്രൈവർ തസ്തികയിലുള്ളവരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് റിക്വസ്റ്റ് എന്ത് തുകയ്ക്കുണ്ടായിരുന്നു; ഇതിൽ എന്ത് തുകയ്ക്കുള്ളത് അനുവദിച്ച് നൽകി;

(സി) കെ. എസ്. ആർ. ടി. സി.-യിൽ ഓപ്പറേറ്റിംഗ് സ്റ്റാഫുകളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് റിക്വസ്റ്റ് അവരർഹിക്കുന്ന പരിഗണന നൽകി റീ-ഇംബേഴ്സ്മെന്റ് ചെയ്ത് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ 31-12-2017 വരെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് റിക്വസ്റ്റ് Rs.4,27,68,755 തുകയ്ക്ക് ഉണ്ടായിരുന്നു. ഇതിൽ 02/2017 വരെ Rs.1,72,76,385 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനത്തിൽ ആകെ 71,42,023 രൂപ പേയ്മെന്റ് നൽകിയിട്ടുണ്ട്. 02/2017-ന ശേഷമുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകൾ ആഡിറ്റ് നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി) ഡ്രൈവർ തസ്തികയിലുള്ളവർ 31-12-2017 വരെ 1,66,04,827 രൂപയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 02/2017 വരെ അനുവദിച്ച തുക 65,05,846 രൂപ കണ്ടക്ടർ തസ്തികയിലുള്ളവർ 31-12-2017 വരെ 1,06,55,895 രൂപയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 02/2017 വരെ അനുവദിച്ച തുക 42,51,725 രൂപ. എന്നാൽ രണ്ട് വിഭാഗങ്ങൾക്കുമായി അനുവദിച്ച തുകയിൽ 71,42,023 രൂപ മാത്രമേ പേയ്മെന്റ് നൽകിയിട്ടുള്ളൂ.

(സി) റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥകൾ പാലിച്ച് സമർപ്പിക്കുന്ന തീയതി മുതലുള്ള മുൻഗണനാക്രമം പാലിച്ച് കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ജീവനക്കാർക്കും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിച്ച് നൽകുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി. പെൻഷൻ

167 (1990) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിലെ വിരമിച്ച ജീവനക്കാരുടെ പെൻഷനും കുടുംബ പെൻഷനും ഏതു മാസം വരെ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ ലഭിക്കാതിരുന്ന സാഹചര്യത്തിൽ എത്ര കെ. എസ്. ആർ. ടി. സി. പെൻഷൻകാർ ആത്മഹത്യ ചെയ്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017 ജൂൺ, സെപ്തംബർ മാസങ്ങളിലെ പെൻഷൻ ഭാഗികമായും 2017 ഡിസംബർ, 2018 ജനവരി എന്നീ മാസങ്ങളിലേത് പൂർണ്ണമായും ഒഴികെ ബാക്കി മാസങ്ങളിലുള്ളത് വിതരണം ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷൻ കൃത്യമായി വിതരണം ചെയ്യാത്തതുമൂലമുണ്ടാകുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെൻഷൻ ക്രമമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ രാത്രി സ്റ്റോപ്പുകൾ

168 (1991) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾ രാത്രി കാലങ്ങളിൽ എവിടെയൊക്കെ നിർത്തണമെന്നത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളുടെ പകർപ്പ് നൽകാമോ;

(ബി) പ്രസ്തുത ഉത്തരവുകൾ ലംഘിച്ചതു സംബന്ധിച്ച പരാതികൾ 2017 - 18 വർഷത്തിൽ എത്രയെണ്ണം ലഭിച്ചു;

(സി) പ്രസ്തുത പരാതികളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

ഉത്തരം

(എ) പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) 72 പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ വിശദമായ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ടെത്തിയ ജീവനക്കാർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് തരം തിരിവും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ 15-ഉം 16-ഉം പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| കണ്ടക്ടർ വിഭാഗം | 2 പേർക്ക് ശക്തമായ താക്കീത് നൽകുകയും, ഒരാളെ സ്ഥലംമാറ്റുന്നതോടൊപ്പം Censure ചെയ്യുകയും ചെയ്തു. 9 പേർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. |
| ഡ്രൈവർ വിഭാഗം | ഒരാൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. |

**കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി**

169 (1992) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2014 മുതൽ 31-12-2017-വരെ, കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്കെതിരെ അതിലെ പി.എൽ, വിജിലൻസ് വിഭാഗങ്ങൾ എത്ര അച്ചടക്ക നടപടികൾ സ്വീകരിച്ചു;

(ബി) അപ്രകാരം നടപടികൾ സ്വീകരിച്ചതിൽ, കണ്ടക്ടർ, ഡ്രൈവർ തസ്തികകളിൽപ്പെട്ടവർ എത്ര; മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ടവരെത്ര;

(സി) ജീവനക്കാർക്കെതിരെ നടപടി എടുക്കുന്നതിന്, കെ.എസ്.ആർ.ടി.സി. നാളിതുവരെ അനുവർത്തിച്ചുവരുന്ന രീതിയിൽ കാതലായ മാറ്റം വരുത്തി തെറ്റ് ചെയ്യുന്നവർ ഏതു വിഭാഗങ്ങളിൽപ്പെട്ടവരാണെങ്കിലും അവരെ നടപടിക്ക് വിധേയമാക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) 10,051 ജീവനക്കാർക്ക് എതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഡ്രൈവർ തസ്തികയിൽപ്പെട്ട 3448 ജീവനക്കാർക്കെതിരെയും കണ്ടക്ടർ വിഭാഗത്തിൽപ്പെട്ട 3505 ജീവനക്കാർക്കെതിരെയും മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട 795 ജീവനക്കാർക്കെതിരെയും മറ്റ് വിഭാഗത്തിൽപ്പെട്ട 2303 ജീവനക്കാർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അച്ചടക്ക നടപടി സ്വീകരിക്കുന്നതിൽ എല്ലാ വിഭാഗം ജീവനക്കാരോടും ഒരേ സമീപനമാണ് സ്വീകരിക്കുന്നത്.

## കെ.എസ്.ആർ.ടി.സി. പ്രതിമാസ വരുമാനവും ചെലവും

170 (1993) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതു മുതൽ 31-12-2017-വരെ വിവിധ വരുമാന മാർഗ്ഗങ്ങളിലൂടെ കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ പ്രതിമാസ വരുമാനത്തിന്റെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിലെ പ്രതിമാസ ചെലവ് ഇനം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.ക്കുണ്ടായ പ്രതിമാസ വരുമാനം ചുവടെ ചേർക്കുന്നു.

| വർഷം | മാസം | ടിക്കറ്റ് വരുമാനം | ടിക്കറ്റിതര വരുമാനം |
|---|---|---|---|
| 2016 | ജൂൺ | 153,45,88,720 | 2,09,80,931 |
| | ജൂലൈ | 163,86,35,718 | 2,04,09,710 |
| | ആഗസ്റ്റ് | 170,75,92,608 | 1,36,93,581 |
| | സെപ്റ്റംബർ | 161,56,93,754 | 1,44,84,065 |
| | ഒക്ടോബർ | 164,03,82,315 | 1,33,53,111 |
| | നവംബർ | 160,12,18,552 | 1,40,25,417 |
| | ഡിസംബർ | 179,02,95,447 | 1,19,87,444 |
| 2017 | ജനുവരി | 190,11,36,294 | 1,12,87,320 |
| | ഫെബ്രുവരി | 154,94,22,158 | 1,45,34,408 |
| | മാർച്ച് | 170,70,36,130 | 1,52,02,231 |
| | ഏപ്രിൽ | 175,00,74,364 | 2,15,60,789 |
| | മേയ് | 185,61,67,160 | 2,81,18,670 |
| | ജൂൺ | 167,56,12,302 | 1,13,64,593 |
| | ജൂലൈ | 175,10,11,861 | 1,31,51,046 |
| | ആഗസ്റ്റ് | 184,44,14,650 | 2,24,68,800 |
| | സെപ്റ്റംബർ | 175,17,81,304 | 1,81,94,263 |

| | | | |
|---|---|---|---|
| | ഒക്ടോബർ | 180,14,75,973 | 2,03,50,471 |
| | നവംബർ | 182,73,15,189 | 1,37,20,410 |
| | ഡിസംബർ | 195,21,42,035 | 2,13,25,915 |

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

### കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി

171 (1994) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് സംസ്ഥാനത്താകെ എത്ര ഭൂമിയാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) കെട്ടിടങ്ങളുടെ വാടകയിനത്തിൽ എത്ര തുകയാണ് ഒരു വർഷത്തിൽ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വാടക മുറികൾ എത്രയെണ്ണമാണ് ഒഴിഞ്ഞ് കിടക്കുന്നത് ; ഇതിലൂടെ എത്ര തുകയുടെ നഷ്ടമാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത്, എല്ലാ ജില്ലകളിലുമായി ഡിപ്പോ, സബ് ഡിപ്പോ, ഓപ്പറേറ്റിംഗ് സെന്റർ, വെയിറ്റിംഗ് ഷെഡ്, മറ്റ് ചെറിയ സ്ഥലങ്ങൾ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലും കൈവശത്തിലും, പാട്ട ഭൂമി ഇനത്തിലുമായി റീസർവ്വേയ്ക്കുശേഷം നിലവിൽ 420 ഏക്കർ സ്ഥലമാണുള്ളത്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടക ഇനത്തിൽ നിന്നും പ്രതിവർഷം 11,61,52,968/- (പതിനൊന്നു കോടി അറുപത്തിയൊന്നു ലക്ഷത്തി അൻപത്തിരണ്ടായിരത്തി തൊള്ളായിരത്തി അറുപത്തിയെട്ട്) രൂപ വാടകയിനത്തിൽ നിലവിൽ ലഭിച്ചുവരുന്നു.

(സി) നിലവിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച വാണിജ്യ സമുച്ചയങ്ങളിൽ ആകെ 64 കടമുറികളാണ് ഒഴിഞ്ഞ് കിടക്കുന്നത്. ടി കടകളുടെ വിസ്തൃതിക്ക് ആനുപാതികമായി വാടക ലഭ്യമാകുന്നതിനായി ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തികനഷ്ടം ഉണ്ടാകുന്നില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ഡ്രൈവർ, കണ്ടക്ടർ ഡ്യൂട്ടി വ്യവസ്ഥകൾ

172 (1995) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ കളക്ഷൻ നോക്കി ഡ്യൂട്ടി നിശ്ചയിക്കുന്ന സംവിധാനം കെ.എസ്.ആർ.ടി.സി.-യിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഡ്യൂട്ടിയിൽ ഉപയോഗിക്കുന്ന ഫെയർ സ്റ്റേജ്, റൂട്ടുകളിൽ യാത്രക്കാരുടെ ബാഹുല്യം എന്നിവ കണക്കിലെടുക്കാതെയാണ് ഡ്യൂട്ടി എണ്ണം നിശ്ചയിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനമെന്താണെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ വന്നതുമുതൽ കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് റൂട്ടോ സമയക്രമമോ തീരുമാനിക്കുന്നതിനുള്ള അധികാരം ഡ്യൂട്ടിക്ക് പോകുന്ന കണ്ടക്ടർക്കും ഡ്രൈവർക്കും നൽകിയിട്ടുണ്ടോ;

(ഡി) പൊതുജന സേവനം നടത്തുന്നതിന് ഉത്തവാദിത്തപ്പെട്ട കെ.എസ്. ആർ. ടി. സി.-ക്ക് ഇത്തരത്തിൽ ടാർജറ്റ് നിശ്ചയിച്ച് സർവ്വീസ് നടത്താനാകുമോ;

(ഇ) ടാർജറ്റ് നിശ്ചയിച്ച് ജോലി ദിനം എണ്ണുന്ന സംവിധാനം ഈ സർക്കാർ വന്ന ശേഷം മറ്റ് ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയെന്ന് പേര് സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാകാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ഇല്ല. റണ്ണിംഗ് ടൈം അടിസ്ഥാനമാക്കിയാണ് ഡ്യൂട്ടികൾ നിശ്ചയിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ടാർജറ്റ് നിശ്ചയിച്ചിട്ടുള്ളത് ജീവനക്കാർക്ക് കളക്ഷൻ ബാറ്റയും അനുബന്ധ ആനുകൂല്യങ്ങളും നൽകുവാനാണ്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## കെ.എസ്.ആർ.ടി.സി. നൽകുന്ന ആനുകൂല്യങ്ങൾ

173 (1996) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ക്ലാസ്സ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസുകളിൽ ഓരോന്നിനും ബസ് സ്റ്റോപ്പുകൾ അനുവദിച്ചിട്ടുള്ളതിൽ രാത്രികാലങ്ങളിൽ 18 വയസ്സിനു താഴെയുള്ള പെൺകുട്ടികൾ, സീനിയർ സിറ്റിസൺസ്, ഭിന്നശേഷിക്കാർ എന്നിവർക്കു എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി വരുന്നു എന്നു (സർവ്വീസുകൾ തരംതിരിച്ച്) പ്രസ്തുത ഉത്തരവുകളുടെ പകർപ്പു സഹിതം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ ഇതിനു വിപരീതമായി പ്രവർത്തിച്ച എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ക്ലാസ്സ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| സിറ്റി & ഓർഡിനറി | 3630 |
| സിറ്റി ഫാസ്റ്റ് | 206 |
| ഫാസ്റ്റ് പാസഞ്ചർ | 1142 |
| സൂപ്പർ ഫാസ്റ്റ് | 406 |
| സൂപ്പർ എക്സ്പ്രസ്സ് | 52 |
| സിൽവർ ലൈൻ ജെറ്റ് | 5 |
| സൂപ്പർ ഡീലക്സ് | 118 |
| സൂപ്പർ ഡീലക്സ് (മിന്നൽ ) | 23 |
| വോൾവോ | 12 |
| സ്കാനിയ | 17 |
| Hired bus (Scania) | 10 |
| ആകെ | 5621 |

കൂടാതെ കെ.യു.ആർ.ടി.സി.-യുടെ 719 ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്.

| | |
|---|---|
| എ.സി.ലോ ഫ്ലോർ ബസ്സുകൾ | 190 |
| നോൺ എ.സി. ബസ്സുകൾ | 529 |
| ആകെ | 719 |

(ബി) കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ സർവ്വീസുകളും രാത്രി 8.00 മണിക്കും രാവിലെ 6.00 മണിക്കും മദ്ധ്യേ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്തേണ്ടതാണെന്ന് ഉത്തരവ് നൽകിയിട്ടുള്ളതാണ്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*. എന്നാൽ മിന്നൽ എന്ന സ്പെഷ്യൽ സർവ്വീസിനെ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള സ്റ്റോപ്പുകളിൽ മാത്രം നിർത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) ഒരു റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 11-4-2016-ൽ പത്ത് വയസ്സ് തികയാത്ത കുട്ടിയെ വഴിയിൽ ഇറക്കി വിട്ടതുമായി ബന്ധപ്പെട്ട് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ഡിപ്പോയിലെ കണ്ടക്ടറായ ശ്രീ. എ. കെ. സജീവനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക് ഷോപ്പുകൾ

174 (1997) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് എത്ര റീജിയണൽ വർക്ക്ഷോപ്പുകൾ ഉണ്ട്; എവിടെയെല്ലാമാണ് വർക്ക് ഷോപ്പുകൾ പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വർക്ക്ഷോപ്പുകൾ വഴി എത്ര ബസുകളുടെ ബോഡി നിർമ്മിച്ച് പുറത്തിറക്കിയിട്ടുണ്ട്;

(സി) ബസുകളുടെ സുരക്ഷ മാനദണ്ഡങ്ങൾ പുനർനിർണയിച്ചതിനാൽ പ്രസ്തുത വർക്ക് ഷോപ്പുകളിൽ അത്തരം മാനദണ്ഡങ്ങൾ പാലിച്ച് ബസ് നിർമാണം നടത്താൻ കഴിയുന്നുണ്ടോ;

(ഡി) പ്രസ്തുത റീജിയണൽ വർക്ക്ഷോപ്പുകളുടെ നവീകരണത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ഒരു സെൻട്രൽ വർക്ക്ഷോപ്പും 4 റീജിയണൽ വർക്ക്ഷോപ്പുകളുമാണുള്ളത്. ഇവ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്.

| | |
|---|---|
| സെൻട്രൽ വർക്ക്ഷോപ്പ് | പാപ്പനംകോട്,<br>തിരുവനന്തപുരം |
| റീജിയണൽ വർക്ക്ഷോപ്പുകൾ | മാവേലിക്കര |
| | ആലുവ |
| | എടപ്പാൾ |
| | കോഴിക്കോട് |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 561 ബസ്സുകളുടെ ബോഡി നിർമ്മിച്ചുപുറത്തിറക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പാപ്പനംകോട്, സെൻട്രൽ വർക്ക്ഷോപ്പിനും എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിനും AIS 052 Bus Body Code പ്രകാരമുള്ള Accreditation ലഭ്യമാക്കുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പിന് Accreditation ലഭ്യമാക്കിയിട്ടുണ്ട്. എടപ്പാൾ റിജിയണൽ വർക്ക്ഷോപ്പിനും Accreditation ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

## കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ

175 (1998) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ തലപ്പാടിയിൽ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോക്കായി 70 സെന്റ് സ്ഥലം കണ്ടെത്തി സർക്കാരിന് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ;

(ബി) തലപ്പാടിയിൽ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തലപ്പാടിയിൽ കെ.എസ്.ആർ.ടി.സി.സബ് ഡിപ്പോ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

## കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

176 (1999) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വടക്കഞ്ചേരി ഡിപ്പോയിൽ നിന്ന് കടപ്പാറ ആദിവാസി മേഖലയിലേക്ക് സർവ്വീസ് നടത്തിയിരുന്നത് വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ബസ്സ് സർവ്വീസുകളൊന്നുമില്ലാത്ത ആദിവാസി മേഖലയിൽ സാമ്പത്തിക നേട്ടം മാത്രം പരിഗണിച്ച് കെ.എസ്.ആർ.ടി.സി., സർവ്വീസ് നിറുത്തലാക്കിയ നടപടി ശരിയാണോ എന്നു പരിശോധിക്കുമോ;

(സി) ജനങ്ങളുടെ ആവശ്യവും വിദ്യാർത്ഥികളുടെ യാത്രാ സമയവും പരിഗണിച്ച് പ്രസ്തുത മേഖലയിലേക്ക് പുതിയ ബസ് സർവ്വീസ് അനുവദിക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ&ബി) വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ യാത്രക്കാർക്ക് പ്രയോജനമാകുന്ന തരത്തിൽ ചില സർവ്വീസുകളുടെ ചില ട്രിപ്പുകൾ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും ആദിവാസി മേഖലയിലേയ്ക്കും ഒറ്റപ്പെട്ട മേഖലയിലേയ്ക്കും സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി നടത്തിവരുന്ന ട്രിപ്പുകളോ സർവ്വീസുകളോ റദ്ദ് ചെയ്തിട്ടില്ല.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യിലെ അച്ചടക്ക നടപടി

177(2000) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക് വിഭാഗങ്ങളിൽപ്പെട്ടവർക്കെതിരെ മാത്രം കുറ്റം കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്ന രീതിയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിലെ ജീവനക്കാരുൾപ്പെടെ എല്ലാ സെക്ഷനുകളിലും ഷഫ്ലിംഗ് നടത്തി കാലോചിതമായ നവീകരണത്തിന് വിധേയമാക്കുമോ;

(ബി) പ്രസ്തുത നടപടി എന്നത്തേക്കാരംഭിക്കുമെന്നും എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-യിലെ വിജിലൻസിന്റെ നിരീക്ഷണം എല്ലാ വിഭാഗം ജീവനക്കാരുടെമേലും ഒരേപോലെ പ്രാവർത്തികമാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഏതെങ്കിലും പ്രത്യേക വിഭാഗം ജീവനക്കാർക്കെതിരെ മാത്രമായി അച്ചടക്ക നടപടി സ്വീകരിക്കുന്നില്ല.

(സി) എക്സിക്യൂട്ടീവ് ഡയറക്ടർ വിജിലൻസിന്റെ മേൽനോട്ടത്തിൽ വിജിലൻസ് ഓഫീസറും 21 സർപ്രൈസ് സ്ക്വാഡ് വിഭാഗവും എല്ലാ ജീവനക്കാരുടെ മേലും നിരീക്ഷണം നടത്തിവരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലങ്ങളിൽ കയ്യേറ്റം**

178 (2001) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലങ്ങൾ മറ്റുള്ളവർ കയ്യേറിയത് സംബന്ധിച്ച വിവരങ്ങൾ മാനേജ്മെന്റ് ശേഖരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് കയ്യേറ്റങ്ങൾ നടന്നിരിക്കുന്നത് എന്നത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ലാഭകരമായ വാണിജ്യ കേന്ദ്രങ്ങളും മറ്റും സ്ഥാപിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എറണാകുളം ജില്ലയിലെ കാക്കനാട്, മട്ടാഞ്ചേരി, ബോട്ടുജെട്ടി ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി, നങ്ങ്യാർകുളങ്ങര പത്തനംതിട്ട ജില്ലയിലെ തിരുവല്ല, തിരുവനന്തപുരം ജില്ലയിലെ പാച്ചല്ലൂർ ഇടുക്കി ജില്ലയിലെ ദേവികുളം എന്നിവിടങ്ങളിലെ കയ്യേറ്റശ്രമങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

(സി) ആയതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ് ഓഫീസ്

179 (2002) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഏത് ഏജൻസിയുടെ സഹകരണത്തോടെയാണ് കൊറിയർ സർവ്വീസ് നടത്തിവരുന്നത്;

(ബി) ഇവയുടെ ഓഫീസ് പലസ്ഥലത്തും പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ കേന്ദ്രങ്ങളിലല്ല പ്രവർത്തിച്ചു വരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്കുള്ളിൽ പ്രവർത്തിക്കുന്ന ഇത്തരം ഓഫീസുകളിലേക്ക് വാഹനങ്ങൾ കടത്തിവിടാത്തതുമൂലം പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) തിരുവനന്തപുരം ഡിപ്പോയോട് ചേർന്ന് പ്രവർത്തിക്കുന്ന കൊറിയർ സർവ്വീസിന്റെ ഓഫീസ് പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്തല്ല പ്രവർത്തിക്കുന്നതെന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇത് സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ട്രാക്കോൺ കൊറിയർ സർവ്വീസ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുസംബന്ധിച്ച് പരാതികൾ ലഭ്യമായിട്ടില്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

## കെ.എസ്.ആർ.ടി.സി. പെൻഷൻ

180 (2003) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഏതൊക്കെ മാസങ്ങളിലെ പെൻഷൻ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ കുടിശ്ശിക നൽകുന്നതിന് എത്ര കോടി രൂപയുടെ ആവശ്യം കോർപ്പറേഷനുണ്ട്: ഈ തുക കോർപ്പറേഷന്റെ കൈവശം ഇപ്പോൾ ഉണ്ടോ;

(സി) ഇല്ലെങ്കിൽ തുക ലഭ്യമാക്കുന്നതിന് കോർപ്പറേഷന്റെ മുന്നിലുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ് ;

(ഡി) വരും മാസങ്ങളിൽ ഇത്തരം പ്രതിസന്ധികൾ മറികടക്കാൻ ഏതെങ്കിലും പുതിയ സംവിധാനം കോർപ്പറേഷൻ കണ്ടെത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 2017 ജൂൺ, സെപ്റ്റംബർ മാസങ്ങളിലെ പെൻഷൻ ഭാഗികമായും 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിലേത് പൂർണ്ണമായും വിതരണം ചെയ്യുവാനുണ്ട്.

(ബി) 164 കോടി രൂപ, കെ.എസ്.ആർ.ടി.സി. ഗൗരവതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടെങ്കിലും പെൻഷൻ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി&ഡി) പ്രതിദിന വരുമാനത്തിൽ നിന്നും പെൻഷൻ വിതരണത്തിനുള്ള തുക കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് മറികടക്കുവാൻ സർക്കാർ സഹായമോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയോ ആണ് കോർപ്പറേഷന്റെ മുന്നിലുള്ള മാർഗ്ഗം. കെ.എസ്.ആർ.ടി.സി.-യുടെ ചെലവിലെ ഒരു പ്രധാനപ്പെട്ട ഇനം കടത്തിന്റെ തിരിച്ചടവാണ്. ടി തിരിച്ചടവിൽ കുറവ് വരുത്തുന്നതിനായി കൂടിയപലിശ നിരക്കിലും ഹ്രസ്വകാലാവധിയുള്ളതുമായ വായ്പകളെ കുറഞ്ഞ പലിശനിരക്കിലും കൂടിയ കാലാവധിയുള്ളതുമായ വായ്പകളാക്കി മാറ്റുന്നതിനായി ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വായ്പകളുടെ പുനഃക്രമീകരണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. വായ്പാ പുനഃക്രമീകരണം നടപ്പിലാക്കിയാൽ പെൻഷൻ മുടക്കംകൂടാതെ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിലെ നിയമനം**

181 (2004) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിൽ നിയമന ശിപാർശ ലഭിച്ച നിരവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര ഉദ്യോഗാർത്ഥികളാണ് ഇത്തരത്തിലുള്ളതെന്നും ഇവർക്ക് നിയമന ശിപാർശ ലഭിച്ചിട്ട് എത്ര കാലമായെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ നിയമന ശിപാർശ ലഭിച്ച മുഴുവൻ ഉദ്യോഗാർത്ഥികൾക്കും അടിയന്തരമായി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) KLRV(2)/2240/2010 തീയതി 31-12-2016 പ്രകാരം 4051 ഉദ്യോഗാർത്ഥികൾക്കാണ് പി.എസ്.സി. നിയമനശിപാർശ നൽകിയിട്ടുള്ളത്. അത് പ്രകാരം നിയമന ശിപാർശ ലഭിച്ചിട്ട് ഒരു വർഷമായി.

(സി) കെ.എസ്.ആർ.ടി.സി. വൻ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. വരവും ചെലവും തമ്മിൽ ശരാശരി 183 കോടിയുടെ അന്തരമുണ്ട്. ജീവനക്കാർക്ക് ശമ്പളവും വിരമിച്ച ജീവനക്കാർക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ നൽകാൻ പറ്റാത്ത സാമ്പത്തിക ബുദ്ധിമുട്ടിലാണ് കോർപ്പറേഷൻ. 2 മാസത്തെ പെൻഷൻ ഭാഗികവും 2 മാസത്തെ പെൻഷൻ പൂർണ്ണമായും കുടിശ്ശികയാണ്. കോർപ്പറേഷന്റെ സമഗ്ര പുനരുദ്ധാരണം മുന്നിൽക്കണ്ട് കേരള സർക്കാർ കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന് വേണ്ടി കോർപ്പറേഷനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പ്രൊഫ.സുശീൽ ഖന്നയെ നിയോഗിച്ചിട്ടുണ്ട്. ടി ഇടക്കാല റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ള പ്രധാനപ്പെട്ട വസ്തുത ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ ബസ് ജീവനക്കാരുടെ അനുപാതവുമായി താരതമ്യം ചെയ്യുമ്പോൾ കോർപ്പറേഷനിൽ ടി അനുപാതം വളരെ കൂടുതലാണ്. ഇത് ദേശീയ ശരാശരിയിലേയ്ക്ക് എത്തിച്ചാൽ മാത്രമേ കെ.എസ്.ആർ.ടി.സി.-യുടെ സാന്നിദ്ധ്യവും നിലനിൽപ്പും ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ. ദേശീയ അനുപാതം വിലയിരുത്തുമ്പോൾ കണ്ടക്ടർ, ഡ്രൈവറടക്കം എല്ലാ വിഭാഗത്തിലും ജീവനക്കാരുടെ എണ്ണം അധികമാണ്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി മാത്രമേ നിലവിൽ പുതിയ ജീവനക്കാരെ നിയോഗിക്കാൻ കോർപ്പറേഷന് നിർവ്വാഹമുള്ളൂ.

(ഡി) പ്രൊഫ.സുശീൽ ഖന്ന കമ്മീഷന്റെ പുനരുദ്ധാരണ നടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ആയത് പൂർത്തീകരിച്ച് ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ട് പോകുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അലവൻസുകൾ

182 (2005) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് യൂണിഫോം അലവൻസ് ഉൾപ്പെടെയുള്ള അലവൻസുകൾ നൽകി വരുന്നത്; എത്ര രൂപ വീതം, എത്ര കാലത്തിലൊരിക്കലാണ് ഇവ നൽകുന്നത്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ പ്രസ്തുത അലവൻസുകൾ നൽകിയിട്ടുണ്ടെന്നും ഇനി എത്ര തവണത്തെ അലവൻസുകൾ നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർ, കണ്ടക്ടർ, സ്റ്റേഷൻ മാസ്റ്റർ, ഇൻസ്പെക്ടർ, ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ, വെഹിക്കിൾ സൂപ്പർവൈസർ, ചാർജ്ജ്മാൻ, മെക്കാനിക്ക്, സ്റ്റോർ ഇഷ്യൂവർ, സ്റ്റോർ അസിസ്റ്റന്റ്, പമ്പ് ഓപ്പറേറ്റർ, ടയർ ഇൻസ്പെക്ടർ, ടയർ റീട്രേഡർ, പ്യൂൺ, സ്വീപ്പർ, ഗ്യാരേജ് മസ്ദൂർ, ബൈൻഡർ, സെക്യൂരിറ്റി ഗാർഡ് എന്നീ വിഭാഗം ജീവനക്കാർക്കാണ് യൂണിഫോം അലവൻസ് ഉൾപ്പെടെയുള്ള അലവൻസുകൾ നൽകിവരുന്നത്. സ്റ്റേഷൻ മാസ്റ്റർ, ഇൻസ്പെക്ടർ, വെഹിക്കിൾ സൂപ്പർവൈസർ, ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ, ചാർജ്ജ്മാൻ, ഗാർഡ്, അസിസ്റ്റന്റ് സാർജന്റ്, സാർജന്റ്, ചീഫ് സാർജന്റ്, എന്നീ വിഭാഗങ്ങൾക്ക് 1250 രൂപ നിരക്കിലും യൂണിഫോം അണിയാൻ നിഷ്കർഷിച്ചിട്ടുള്ള ഇതര വിഭാഗങ്ങളിൽപ്പെട്ടവർക്ക് 1000 രൂപ നിരക്കിലുമാണ് യൂണിഫോം അലവൻസ് അനുവദിക്കുന്നത്. വർഷത്തിൽ ഒരു തവണ മാത്രമാണ് ടി അലവൻസ് അനുവദിക്കുന്നത്.

(ബി) 2016, 2017 വർഷങ്ങളിലെ യൂണിഫോം അലവൻസുകൾ അനുവദിക്കുവാനുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തിലുള്ള ബസ് ഷെഡ്യൂളുകൾ

183 (2006) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ കെ.എസ്.ആർ.ടി.സി.-യുടെ എ.സി. ബസ് ഷെഡ്യൂളുകളിൽ,ഡീസൽ ചാർജ് പോലും ലഭിക്കാത്ത ചില ഷെഡ്യൂളുകൾ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ വരുമാനം ലഭിക്കുന്ന ദീർഘദൂര സർവ്വീസുകളായി മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

**ആഡംബര ബസ്സുകൾ**

184 (2007) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കൃത്യങ്ങൾക്ക് സൗകര്യമുള്ള ആഡംബര ബസ്സുകൾ വാങ്ങുവാൻ കെ. എസ്. ആർ. ടി. സി. തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ ബസ്സുകൾ ഏതൊക്കെ റൂട്ടുകളിൽ ഓടിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശൗചാല സൗകര്യവും സ്ലീപ്പർ സൗകര്യമുള്ളതുമായ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിനായി ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

**ഫ്ലെക്സി നിരക്ക് സംവിധാനം**

185 (2008) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരക്ക് കൂടുമ്പോൾ നിരക്ക് വർദ്ധിക്കുന്ന ഫ്ലെക്സി നിരക്ക് സംവിധാനം കെ.എസ്.ആർ.ടി.സി.-യിൽ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) അന്തർ സംസ്ഥാന സർവ്വീസുകളിലാണോ ഈ രീതി നടപ്പിലാക്കുന്നത് എന്നറിയിക്കാമോ;

(സി) പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഏതൊക്കെ സ്ഥലങ്ങളിലേക്കാണ് പുതിയ സർവ്വീസ് ആരംഭിക്കുന്നത്;

(ഡി) കർണ്ണാടക ആർ.ടി.സി.-യുടെ മാതൃകയിൽ ശൗചാലയ സൗകര്യവും സ്ലീപ്പർ സൗകര്യവുമുള്ള ബസ്സ് സർവ്വീസ് ആരംഭിക്കാൻ കെ.എസ്.ആർ.ടി.സി. പദ്ധതി ഇട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര അന്തർ സംസ്ഥാന സർവ്വീസുകളിൽ 10-9-2015 മുതൽ ഫ്ലെക്സി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) കേരള സംസ്ഥാനം കർണ്ണാടക സംസ്ഥാനവുമായി 2016-ൽ ഒപ്പുവച്ച അന്തർ സംസ്ഥാന കരാർ പ്രകാരം ബാംഗ്ലൂർ, മൈസൂർ, കൊല്ലീഗൽ, മംഗലാപുരം, കെ.ആർ.നഗർ, കൊല്ലൂർ-മൂകാംബിക, വിരാജ്പെട്ട് എന്നീ സ്ഥലങ്ങളിലേയ്ക്ക് പുതുതായി സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ശൗചാലയ സൗകര്യവും, സ്ലീപ്പർ സൗകര്യമുള്ളതുമായ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിനായി ഇപ്പോൾ പദ്ധതിയില്ല.

## കളക്ഷൻ നോക്കി ഡ്യൂട്ടി നിശ്ചയിക്കുന്ന സംവിധാനം

186 (2009) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ കെ. എസ്. ആർ. ടി. സി.-യിൽ കളക്ഷൻ നോക്കി ഡ്യൂട്ടി നിശ്ചയിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരം നൽകുമോ;

(ബി) സിംഗിൾ ഡ്യൂട്ടി ഡബിൾ ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് എത്ര രൂപ കളക്ഷൻ എത്തിക്കണം; ഇത്തരത്തിൽ കളക്ഷൻ ടാർജറ്റ് തികയ്ക്കുന്നതിന് കെ. എസ്. ആർ. ടി. സി. നിശ്ചയിക്കുന്ന സമയക്രമം പാലിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(സി) വ്യത്യസ്ത റൂട്ടികളിലേക്ക് ഒരേ സമയത്ത് ആരംഭിക്കുന്ന ഡ്യൂട്ടി, ഫെയർ സ്റ്റേജിലെ വ്യത്യാസം കാരണം ജോലി നോക്കുന്ന കണ്ടക്ടറും ഡ്രൈവറും ഫെയർ സ്റ്റേജ് കൂടുതലാണെങ്കിൽ ഒരാൾക്ക് അത് ഡബിൾ ഡ്യൂട്ടി ടാർജറ്റ് തികയ്ക്കുന്നതിന് എളുപ്പമാവുകയും മറ്റേയാൾക്ക് കുറഞ്ഞ ഫെയർ സ്റ്റേജിലായതിനാൽ 1 1/2, 1 1/4, 1 എന്നീ ഡ്യൂട്ടികൾ കൊണ്ട് പോകേണ്ട സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നത് നീതിയുക്തമാണോ; വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോ മീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാകാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഒരു സാഹചര്യത്തിലും സിംഗിൽ ഡ്യൂട്ടികൾ ഡബിൾ ഡ്യൂട്ടികളായി കളക്ഷന്റെ അടിസ്ഥാനത്തിൽ മാറ്റി നൽകാറില്ല. എന്നാൽ ഒന്നര ഡ്യൂട്ടി സമയ ക്രമത്തിൽ നടത്തിവരുന്ന ഓർഡിനറി സർവ്വീസുകൾക്ക് 10,000 രൂപയിലും സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് 17,000 രൂപയിലും ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക് 12,000 രൂപയിലും കൂടുതൽ വരുമാനം ലഭിക്കുന്ന ദിവസങ്ങളിൽ ടി സർവ്വീസുകളിലെ ജീവനക്കാർക്ക് പ്രോത്സാഹനം എന്ന നിലയിൽ രണ്ട് ഡ്യൂട്ടികളായി പരിഗണിച്ച് നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) ഫെയർ സ്റ്റേജ് അടിസ്ഥാനമാക്കി ഡ്യൂട്ടികൾ നിശ്ചയിച്ച് നൽകിയിട്ടില്ല.

## തൃശ്ശൂർ-ഗോവിന്ദാപുരം കെ.എസ്.ആർ.ടി.സി.സർവ്വീസുകൾ

187 (2010) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-ഗോവിന്ദാപുരം റൂട്ടിൽ വൻലാഭത്തിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ മുൻ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂർ-ഗോവിന്ദാപുരം റൂട്ടിൽ കൂടുതൽ ബസ്സ് സർവ്വീസുകൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത റൂട്ട് ദേശസാൽക്കരിക്കാൻ നടപടിയെടുക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ-ഗോവിന്ദാപുരം റൂട്ടിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കണ്ടക്ടർ നിയമനം

188 (2011) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; എന്നാണ് അവസാനമായി കണ്ടക്ടർ നിയമനത്തിനായി നിയമന ശിപാർശ നടത്തിയിട്ടുള്ളത്; എത്ര പേർക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ നിയമനം നൽകാതിരിക്കാനുള്ള കാരണം എന്താണ്;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ 2016 ഡിസംബറിൽ പി.എസ്.സി. വഴി എത്ര പേർക്ക് നിയമന ശിപാർശ നൽകിയിരുന്നു; ഇതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; നൽകിയിട്ടില്ലെങ്കിൽ ചട്ടങ്ങൾ പ്രകാരം നിയമനം നൽകാത്തതിനാൽ പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) നിയമന ശിപാർശ ലഭിച്ച് ജോലി ലഭിക്കാതെ കഴിയുന്നവരിൽ ഏറെയും ഇനി ഒരു പരീക്ഷ എഴുതി ജോലി നേടാൻ വയസ്സ് അധികരിച്ചവർ ആണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കെ.എസ്.ആർ.ടി.സി.യിൽ നിയമനത്തിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) നിയമന ശിപാർശ ലഭിച്ച ഇവർക്ക് ഇവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ മറ്റു വകുപ്പുകളിൽ സമാനമായ ശമ്പള സ്കെയിലിലെ തസ്തികകളിലേക്ക് ജോലിക്ക് പരിഗണിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലില്ല. 31-12-2016-ലാണ് അവസാനമായി കണ്ടക്ടർ നിയമനത്തിനായി നിയമന ശിപാർശ ലഭ്യമായിട്ടുള്ളത്. 4051 പേർക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്. ഇതിൽ നിന്നും നിയമന നടപടികൾ ആരംഭിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കോർപ്പറേഷനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പ്രൊഫ. സുശീൽ ഖന്നയെ നിയോഗിച്ചിട്ടുണ്ട്. ശ്രീ. ഖന്നയുടെ ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ടിന് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടി സാധ്യമാവുകയുള്ളൂ.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ 2016 ഡിസംബറിൽ പി.എസ്.സി.വഴി 60 ഡ്രൈവർമാർക്ക് നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. അതിൽ മുഴുവൻ പേർക്കും നിയമനം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ 2016 ഡിസംബറിൽ പി.എസ്.സി. വഴി 4051 കണ്ടക്ടർമാർക്ക് നിയമന ശിപാർശ നൽകിയിരുന്നു. ഇതിൽ നിയമന നടപടികൾ ആരംഭിച്ചിട്ടില്ല.

(സി) പ്രൊഫ. സുശീൽ ഖന്ന കമ്മീഷന്റെ പുനരുദ്ധാരണ നടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ആയത് പൂർത്തീകരിച്ച് ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ടുപോകും.

(ഡി) പരിഗണനയിലില്ല.

## ബസ് ചാർജ് വർദ്ധിപ്പിക്കാൻ നടപടി

189 (2012) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസ്ചാർജ് വർദ്ധിപ്പിക്കുന്നത് ഇപ്പോൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് അവസാനമായി ബസ്ചാർജ് നിരക്ക് വർദ്ധിപ്പിച്ചത് എന്നായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ഇ) വിദ്യാർത്ഥികളുടെ ബസ്ചാർജ് നിരക്ക് വർദ്ധിപ്പിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) നിരക്ക് പരിഷ്കരിക്കാൻ നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് ശ്രീ. രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതോടൊപ്പം നിരക്ക് പരിഷ്കരിക്കണമെന്ന് വിവിധ ബസ് ഓപ്പറേറ്റേഴ്സ് സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. 30-1-2018-ന് ഈ സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) 19-5-2014-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 38/2014/ട്രാൻ. ഉത്തരവുപ്രകാരം 20-5-2014 മുതലാണ് സംസ്ഥാനത്ത് അവസാനമായി ബസ് ചാർജ് വർദ്ധിപ്പിച്ചത്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവകകളിലുണ്ടായ കയ്യേറ്റം

190 (2013) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും മറ്റ് സ്ഥാവര ജംഗമ വസ്തുവകകളിലും ഉണ്ടായ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ ഫലമായി എന്ത് അളവിൽ സ്ഥലം തിരിച്ചു പിടിക്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-യിലെ ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നതല്ലാതെ ഫലപ്രാപ്തി ഉണ്ടാകാത്തതിന്റെ കാരണം ഗവൺമെന്റ് ഗൗരവമായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ എപ്പോഴൊക്കെ സ്വീകരിച്ചു എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവകകളിൽ ഉണ്ടാകുന്ന അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന വേളകളിൽത്തന്നെ ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ആയതിന്റെ ഭാഗമായി കയ്യേറ്റങ്ങൾ അതാത് റവന്യൂ അധികാരികളെ അറിയിച്ച് സത്വര നടപടികൾ സ്വീകരിക്കാറുണ്ട്.

| | | |
|---|---|---|
| (ബി) | കാക്കനാട് | - 30 സെന്റ് |
| | തോട്ടപ്പള്ളി | - 6.5 സെന്റ് |
| | തിരുവ | - 3 സെന്റ് |
| | നങ്ങ്യാർ കുളങ്ങര | - 6 സെന്റ് |
| | മട്ടാഞ്ചേരി | - 18.250 സെന്റ് |
| | ബോട്ടുജെട്ടി | - 15 സെന്റ് |
| | പാച്ചല്ലൂർ | - 1.67 സെന്റ് |
| | ദേവികുളം | - 20 സെന്റ് |

(സി&ഡി) നഷ്ടപ്പെട്ട് പോകാൻ സാധ്യതയുള്ള സ്ഥലങ്ങൾ തിരിച്ചു പിടിക്കുന്നതിൽ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി. രേഖകളിൽ 'ഡിഫറന്റ്ലി ഏബിൾഡ് ' എന്നാക്കുവാൻ നടപടി

191 (2014) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിസിക്കലി ഹാൻഡിക്യാപ്ഡ്എന്നത് ഡിഫറന്റ്ലി 'ഏബിൾഡ് ' എന്ന് ഔദ്യോഗികമായി മാറ്റി പുനർനാമകരണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം കെ.എസ്.ആർ.ടി.സി.-ക്കും ബാധകമാണോ; കെ.എസ്.ആർ.ടി.സി.-യിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ നാമകരണത്തിലും പഴയനാമം മാറ്റി പുതിയനാമം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലെന്ന് വ്യക്തമാക്കാമോ;

(സി) ഡിഫറന്റ്ലി ഏബിൾഡ് എന്ന പദത്തിന് പകരം ഫിസിക്കലി ഹാൻഡിക്യാപ്ഡ് എന്ന നാമം നിലനിർത്തുന്നതിന് കെ.എസ്. ആർ. ടി. സി. യിലെ ഏതെങ്കിലും വിഭാഗം ബോധപൂർവ്വം ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി ഇതിന് ഉത്തരവാദികൾ ആരൊക്കെയാണെന്നും ഇവർക്കെതിരെ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നുമുള്ള വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. ബസുകളിൽ ഫിസിക്കലി ഹാൻഡിക്യാപ്ഡ് (വികലാംഗർ) എന്നത് ഡിഫറന്റ്ലി ഏബിൾഡ് (ഭിന്നശേഷിക്കാർ) എന്ന് പുനർനാമകരണം ചെയ്യുന്നതിനുള്ള നടപടി 3-7-2017-മുതൽ സ്വീകരിച്ചിട്ടുണ്ട്.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തലശ്ശേരിയിൽ നിന്നും മലബാർ ക്യാൻസർ സെന്ററിലേയ്ക്ക് ബസ്സ് സർവ്വീസ്

192 (2015) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ക്യാൻസർ സെന്ററിലേക്കുള്ള യാത്രാ സൗകര്യം അപര്യാപ്തമായതിനാൽ പൊതുജനങ്ങൾ വളരെ ബുദ്ധിമുട്ട് നേരിടുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തലശ്ശേരിയിൽ നിന്നും മലബാർ ക്യാൻസർ സെന്റർ വരെ ഒരു കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സാധ്യതാപഠനം നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

**യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യു.എം.ടി.എ)**

193 (2016) ശ്രീ. എം.ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യു.എം.ടി.എ.) സംബന്ധിച്ച നിയമനിർമ്മാണം ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) വിവിധ ഗതാഗത സംവിധാനങ്ങളുടെ ഏകോപനം, പാർക്കിംഗ് എന്നിവ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യു.എം.ടി.എ.) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ബിൽ നിയമമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി&സി) പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര നഗര വികസന മന്ത്രാലയം സംസ്ഥാന സർക്കാരുമായി ചേർന്ന് വിശദമായ പഠനം നടത്തിയിട്ടുണ്ട്. വിവിധ ഗതാഗത സംവിധാനങ്ങളുടെ ഏകോപനം, പാർക്കിംഗ് എന്നിവ കൂടി കണക്കിലെടുത്ത് സമഗ്ര ഗതാഗത പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

**റോഡ് അപകടങ്ങൾ കുറയ്ക്കാൻ പദ്ധതി**

194 (2017) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് അപകടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതുമൂലം റോഡ് അപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം റോഡപകടനിരക്ക് 10 ശതമാനമായി കുറയ്ക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് ടാർജറ്റ് നൽകിയിട്ടുണ്ട്. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എല്ലാ മാസവും യോഗം ചേരാനും റിപ്പോർട്ട് നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി കേരളത്തിലെ നിരത്തുകളിൽ നാറ്റ്പാക് 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 159 എണ്ണം ദേശീയപാതയിലും ശേഷിച്ച 116 എണ്ണം ഇതര പാതകളിലുമാണ്. ദേശീയപാതകളിലുൾപ്പെടുന്ന ബ്ലാക്ക് സ്പോട്ടുകളുടെ നിർമ്മാർജ്ജനത്തിനായി പൊതുമരാമത്ത് വകുപ്പ് കേന്ദ്രഗതാഗത മന്ത്രാലയത്തിന്റെ സഹായം തേടിയിട്ടുണ്ട്. ഇവയിൽ ദേശീയപാതയിൽ ഉൾപ്പെടാത്ത 116 എണ്ണത്തിൽ മുൻഗണനാക്രമം നൽകി 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന-പോലീസ്-പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ പരിശോധന നടത്തിവരുന്നു.

വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിനും ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുമായി മൊബൈൽ ഇന്റർസെപ്റ്റർ ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു. മാത്രമല്ല, അമിതവേഗത കണ്ടുപിടിക്കുന്നതിനായി പോലീസും മോട്ടോർ വാഹനവകുപ്പും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അമിതവേഗത കണ്ടുപിടിക്കപ്പെടുന്ന കേസുകളിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ ലൈസൻസുകൾ റദ്ദാക്കുന്നുണ്ട്.

(ബി) സംസ്ഥാന ക്രൈം റെക്കോർഡ് ബ്യൂറോ തയ്യാറാക്കിയ സ്ഥിതിവിവരക്കണക്കനുസരിച്ച് റോഡപകടങ്ങളുടെ എണ്ണം 2016-ൽ 39420 ആയിരുന്നത് 2017-ൽ 38486 ആയി കുറഞ്ഞിട്ടുണ്ട്.

## റോഡ് അപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിന് പ്രത്യേക പദ്ധതികൾ

195 (2018) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് അപകടങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത് ഏതു വിഭാഗം പാതകളിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) റോഡ് അപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഇരുചക്ര വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് സംസ്ഥാനത്ത് കൂടുതൽ റോഡപകടങ്ങൾ നടക്കുന്നത് നാഷണൽ ഹൈവേകൾ, സംസ്ഥാന പാതകൾ എന്നിവ ഒഴികെയുള്ള മറ്റു റോഡുകളിലാണ്.

(ബി) അപകടം കൂടിയ സ്ഥലങ്ങൾ 24 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ, ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ഓട്ടോമാറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹന ക്ഷമതാ പരിശോധന കേന്ദ്രങ്ങളും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, സബ് റിജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുകൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കുന്നതാണ്. ഇവ കൂടാതെ, ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനം ഓടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്.

റോഡപകടങ്ങൾ വിലയിരുത്തുന്നതിനും അവ നിയന്ത്രിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനായി ജില്ലാതലങ്ങളിൽ ജില്ലാ പോലീസ് മേധാവി ഉൾപ്പെടുന്ന റോഡ് സുരക്ഷാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 44 ഹൈവേ പട്രോൾ യൂണിറ്റുകൾ ഹൈവേകളിൽ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ട്രാഫിക് മേഖലയിൽ പ്രവൃത്തിയെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങൾ കേരളത്തിനകത്തും, പുറത്തും നൽകിവരുന്നു. വാഹനാപകടങ്ങൾ പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യം വച്ച് സിനിമാതാരം ശ്രീ. മോഹൻലാലിനെ ബ്രാൻഡ് അംബാസിഡർ ആക്കി 'ശുഭയാത്ര' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) ഇരുചക്ര മോട്ടോർ വാഹനങ്ങളിലെ യാത്രികർ ഹെൽമറ്റ് ധരിക്കുന്നുവെന്ന് ഉറപ്പുവരുത്തുംവിധം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ മോട്ടോർ വാഹന പോലീസ് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇരുചക്ര വാഹനങ്ങളിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് പ്രത്യേക പരിശോധനകളും ബോധവത്കരണ നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ഹെൽമറ്റ് നിയമം കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ശക്തമാക്കിയിട്ടുണ്ട്. കൂടാതെ ഹെൽമറ്റ് ധരിക്കാതെ യാത്ര ചെയ്യുന്നവർക്ക് പിഴ ഈടാക്കുന്നതിനോടൊപ്പം നിശ്ചിത സമയം നിർബന്ധിതബോധവത്കരണ ക്ലാസ്സുകൾ നൽകുന്നതിനും ഉദ്ദേശിക്കുന്നു.

## ബസ്സ് ചാർജ് വർദ്ധന

196 (2019) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്സ് ചാർജ് വർദ്ധനവിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയുക്തമായ ജസ്റ്റിസ് എം. രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്നും ആയതിൻെറ അടിസ്ഥാനത്തിൽ ബസ്സ് ചാർജ് വർദ്ധനവ് ഉടൻ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) വിദ്യാർത്ഥികളുടെ യാത്രാ സൗജന്യം നിലവിലെ പതിനാല് ശതമാനത്തിൽ നിന്നും വർദ്ധിപ്പിക്കണമെന്ന കമ്മീഷന്റെ ശിപാർശയിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ സംബന്ധിച്ച പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**റോഡ് സുരക്ഷാ ഓഡിറ്റ്**

197 (T 2020) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ റോഡുകൾ മരണക്കെണികളായി മാറുന്ന അവസ്ഥ കണക്കിലെടുത്ത് റോഡ് സുരക്ഷയ്ക്ക് ഉയർന്ന പരിഗണന നൽകുമോ;

(സി) പത്ത് കോടിയിലധികം രൂപ നിർമ്മാണച്ചെലവ് ആവശ്യമായിവരുന്ന റോഡുകളിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുന്നുണ്ടോ;

(ഡി) റോഡ് സുരക്ഷാ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) പ്രാവർത്തികമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ പോലീസ്, മോട്ടോർ വാഹനം, പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെയും നാറ്റ്പാകിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പാതകളിൽ അപകടങ്ങൾ കൂടുതലായി സംഭവിച്ച മേഖലകൾ കണ്ടുപിടിക്കുന്നതിനായി കേന്ദ്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ഒരു പ്രോട്ടോകോൾ തയ്യാറാക്കിയതനുസരിച്ച് 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ദേശീയപാതയിലുൾപ്പെടാത്ത 116 എണ്ണത്തിൽ, മുൻഗണനാക്രമം നിശ്ചയിച്ച 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന-പോലീസ്-പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ അപകടങ്ങൾ ഒഴിവാക്കാൻ ലക്ഷ്യമിട്ട് പരിശോധന നടത്തിവരുന്നു. വാഹനങ്ങളിൽ നിന്നും ഈടാക്കുന്ന ഒറ്റത്തവണ സെസ്സ്, പോലീസ്-മോട്ടോർ വാഹന വകുപ്പുകൾ ഈടാക്കുന്ന പിഴ എന്നിവ ചേർത്ത് റോഡ് സുരക്ഷാ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. നാറ്റ്പാക് തയ്യാറാക്കിയ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും പോളിസിയും കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകരിക്കുകയും അവശ്യ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്കയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പാതയോരങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അമിതവേഗത, വാഹനമോടിക്കവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ചുള്ള ഡ്രൈവിംഗ്, ചരക്കു വാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ കുറ്റകൃത്യങ്ങളിലുൾപ്പെടുന്ന ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ച് ലൈസൻസ് റദ്ദ് ചെയ്യുന്നുണ്ട്. ഇതിനുപുറമെ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ വേഗനിയന്ത്രണപ്പൂട്ട് ഘടിപ്പിച്ചതിന്റെയും തേർഡ് പാർട്ടി ഇൻഷ്വറൻസ് ഇല്ലാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ച് വച്ച് ഇൻഷ്വർ പുതുക്കുന്നമുറയ്ക്ക് വാഹനങ്ങൾ വിട്ടുനൽകിവരുന്നു. സിനിമാശാലകളിൽ ഓരോ പ്രദർശനവും ആരംഭിക്കുന്നതിനുമുമ്പ് 30 സെക്കന്റ് മുതൽ ഒരു മിനിട്ട് വരെ ദൈർഘ്യമുള്ള റോഡ് സുരക്ഷാ പരസ്യങ്ങൾ സൗജന്യമായി പ്രദർശിപ്പിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യഷോപ്പുകൾ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ എക്സൈസ് കമ്മീഷണറോടാവശ്യപ്പെട്ടിട്ടുണ്ട്. ഇരുചക്ര വാഹനങ്ങളിലെ യാത്രികർക്ക് ഹെൽമറ്റ് ധരിക്കുന്നത് ഉറപ്പുവരുത്തുംവിധം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

റോഡപകട നിരക്ക് 10% എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളോട് എല്ലാ മാസവും രണ്ടാം ബുധനാഴ്ച യോഗം വിളിച്ചുചേർക്കാനും അടിയന്തര നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

കഴക്കൂട്ടം-അടൂർ "മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട് "-ന് കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ ഗ്രൂപ്പ് സാങ്കേതിക സഹായം നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ തടയുന്നതിന് ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഫലമായി റോഡപകടങ്ങളുടെ എണ്ണം 2016-ൽ 39420 ആയിരുന്നത് 2017-ൽ 38486-ആയും മരണനിരക്ക് 4287 ആയിരുന്നത് 4061 ആയും കുറഞ്ഞിട്ടുണ്ട്.

(സി) കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ വരുന്ന റോഡുകൾ വിശദമായ രൂപരേഖ തയ്യാറാക്കി റോഡ് സുരക്ഷയ്ക്ക് വേണ്ടിയുള്ള മുൻകരുതലുകൾ ഉൾപ്പെടുത്തിക്കൊണ്ട് നിർമ്മിച്ചിട്ടുള്ളവയാണ്. ടി റോഡുകളുടെ പരിപാലനം നിശ്ചിത കാലയളവിലേയ്ക്ക് പദ്ധതി നിർവ്വഹണ ഏജൻസി തന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ റോഡുകളിൽ സുരക്ഷ ഓഡിറ്റ് നടത്തിയിട്ടില്ല.

(ഡി) (എ) പിരിവിന്റെ മറുപടി പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡ് സുരക്ഷാ പദ്ധതികൾ**

198 (2021) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു നിരത്തുകളിലെ വാഹനാപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനായി മോട്ടോർ വാഹന വകുപ്പും, പോലീസ് വകുപ്പും സംയുക്തമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(ബി) 2017 ജനുവരി 1 മുതൽ 31-3-2017-വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിൽ എത്ര റോഡപകടങ്ങൾ നടക്കുകയുണ്ടായി; അതിൽ എത്ര മനുഷ്യ ജീവനുകൾ നഷ്ടപ്പെടുകയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ;

(സി) മോട്ടോർ വാഹന വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ ഓപ്പറേഷൻ സുരക്ഷാ പദ്ധതി പ്രകാരം എത്ര ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുകയുണ്ടായി; എത്ര തുക പിഴ ഈടാക്കി; എത്ര പേരുടെ ലൈസൻസ് റദ്ദാക്കി; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) അപകടം കൂടിയ സ്ഥലങ്ങൾ 24 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന

സമ്പ്രദായം, വാഹന ക്ഷമതാ പരിശോധനാ എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ഓട്ടോമാറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനവും വാഹനക്ഷമതാ പരിശോധന കേന്ദ്രങ്ങളും എല്ലാ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുകൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കുന്നതാണ്. ഇവ കൂടാതെ ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമനലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കും. മേൽ നിയമ ലംഘനങ്ങൾക്ക് പിടിക്കപ്പെടുന്നവരുടെ ലൈസൻസ് റദ്ദാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുന്നതിനായി അതാതു ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകുന്നതിന് പോലീസ് വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2017 ജനുവരി 1 മുതൽ 31-3-2017-വരെ 629 അപകടങ്ങൾ ജില്ലയിൽ നടന്നിട്ടുണ്ട്. ആയതിൽ 115 പേർക്ക് ജീവഹാനിയുണ്ടായി.

(സി) പാലക്കാട് ആർ.ടി.ഒ.-യുടെ കീഴിൽ 2017 വർഷം സുപ്രീംകോടതി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള ട്രാഫിക് നിയമലംഘനങ്ങൾക്ക് 725 പേരുടെ ലൈസൻസുകൾ റദ്ദ് ചെയ്തിട്ടുണ്ട്.

**വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ**

199 (2022) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന വാഹനാപകടങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 2018-ന് ശേഷം നടന്ന വാഹനാപകടങ്ങൾ എത്രയെന്നും അതിൽ എത്ര പേർ മരണപ്പെട്ടെന്നും വിശദമാക്കുമോ;

(സി) മതിയായ രേഖകൾ ഇല്ലാതെ ഓടുന്ന വാഹനങ്ങൾ കണ്ടെത്തി കർശന നടപടി സ്വീകരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ പാതകളിൽ 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ദേശീയപാതയിലുൾപ്പെടുന്ന 159 ബ്ലാക്ക് സ്പോട്ടുകളുടെ നിർമ്മാർജ്ജനത്തിനായി പൊതുമരാമത്ത് വകുപ്പ് കേന്ദ്രഗതാഗത മന്ത്രാലയത്തോട് സഹായമഭ്യർത്ഥിച്ചിട്ടുണ്ട്. ഇതരപാതകളിൽപ്പെടുന്ന 116 എണ്ണത്തിൽ മുൻഗണനാക്രമം നൽകി 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന-പോലീസ്-പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തിവരുന്നു. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് റോഡപകട നിരക്ക് 10% എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ടാർജറ്റ് നൽകിയിട്ടുണ്ട്. മാത്രവുമല്ല, എല്ലാ മാസവും രണ്ടാം ബുധനാഴ്ച കൗൺസിലുകളുടെ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

അമിതവേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങളുമുൾപ്പെടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ് - മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന-പോലീസ് വകുപ്പുകൾ സ്വീകരിച്ചുവരുന്നു. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത ഒരു വാഹനത്തിനും മോട്ടോർ വാഹന വകുപ്പ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല. കഴക്കൂട്ടം-അടൂർ "മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട്" നടപ്പിൽ വരുത്തുന്നതിനുവേണ്ട സാങ്കേതിക സഹായം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ.എസ്.ടി.പി.-ക്ക് നൽകിവരുന്നു. തേർഡ് പാർട്ടി ഇൻഷ്വറൻസ് പുതുക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കുകയും ഇൻഷ്വറൻസ് പുതുക്കുന്ന മുറയ്ക്ക് വിട്ടുനൽകുകയും ചെയ്തുവരുന്നു.

അപകടം കൂടിയ സ്ഥലങ്ങൾ 24 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2017 ഡിസംബർ വരെയുള്ള സ്ഥിതിവിവരക്കണക്ക് മാത്രമേ ലഭ്യമായിട്ടുള്ളൂ.

(സി) വാഹന പരിശോധനാ സമയത്ത് മതിയായ രേഖകൾ ഇല്ലാതെ ഓടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

## നയതന്ത്രപ്രതിനിധികളുടെ നമ്പർ പ്ലേറ്റുള്ള വാഹനങ്ങൾ

200 (2023) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നയതന്ത്രപ്രതിനിധികളുടെ നമ്പർ പ്ലേറ്റുള്ള കള്ള ടാക്സികൾ സംസ്ഥാനത്ത് ഓടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര വാഹനങ്ങളാണ് ഇപ്രകാരം ഓടിക്കൊണ്ടിരുന്നത്;

(സി) ഈ വാഹന ഉടമകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു വാഹനമാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) വാഹനം കസ്റ്റഡിയിലെടുത്ത് പൊഴിയൂർ പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുകയാണ്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് ഉടമയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മഞ്ചേശ്വരത്ത് പുതിയ ആർ.ടി.ഓഫീസ്

201 (2024) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പുതിയ ആർ.ടി. ഓഫീസ് അനുവദിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കാലതാമസം കൂടാതെ ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) മഞ്ചേശ്വരം താലൂക്കിൽ പുതിയ ആർ.ടി.ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## ആർ.ടി. ഓഫീസ്

202 (2025) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കേന്ദ്രമായി ആർ.ടി ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേലുള്ള നടപടി എന്തായെന്ന് വിശദമാക്കാമോ; ഇതിനായുള്ള തുടർ നടപടി വേഗത്തിലാക്കാമോ?

<u>ഉത്തരം</u>

കാട്ടാക്കട കേന്ദ്രമായി സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നത്. സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ സജീവപരിഗണനയിലാണ്.

**ഡ്രൈവിംഗ് പഠനത്തിലെ പോരായ്മകൾ**

203 (2026) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് പഠനത്തിലെ പോരായ്മകൾ റോഡപകടങ്ങൾക്ക് വഴി തെളിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഡ്രൈവിംഗ് സ്കൂളുകളെ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദീകരിക്കുമോ;

(സി) ഡ്രൈവിംഗ് സ്കൂളുകളെ ഏകീകൃത സംവിധാനത്തിന് കീഴിൽ കൊണ്ടുവരുന്നതിനും പരിശീലനത്തിന് പാഠ്യപദ്ധതി തയ്യാറാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുനിരത്തിൽ വാഹനമോടിക്കുമ്പോൾ റോഡ് നിയമങ്ങൾ പാലിക്കാതെ നിയമലംഘനങ്ങൾ നടത്തുന്നതാണ് മിക്കപ്പോഴും റോഡ് അപകടങ്ങൾക്ക് വഴി തെളിക്കുന്നത്. ഡ്രൈവിംഗ് പഠനത്തിലെ പോരായ്മയും ഇതിന് കാരണമാകുന്നുണ്ട്.

(ബി&സി) ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം ഉയർത്തി നല്ല ഡ്രൈവർമാരെ വാർത്തെടുക്കുകയെന്ന ഉദ്ദേശ്യത്തിലാണ് മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ടെസ്റ്റിംഗ് ആന്റ് റിസർച്ച് (IDTR) ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുള്ളത്. കേരളം മുഴുവനും ഡ്രൈവിംഗ് ടെസ്റ്റിന് ഏകീകൃത സിലബസ് നടപ്പിലാക്കുക, അടിസ്ഥാനപരമായ കാര്യങ്ങൾ ഡ്രൈവർമാരെ പഠിപ്പിക്കുക എന്നതും ഇതിന്റെ ലക്ഷ്യങ്ങളാണ്. അഞ്ചുദിവസം നീണ്ടുനിൽക്കുന്ന പരിശീലനം നൽകി ഡ്രൈവിംഗ് സ്കൂൾ പരിശീലകർക്ക് സർട്ടിഫിക്കറ്റ് നൽകുന്നു. നിലവിൽ കേന്ദ്ര മോട്ടോർ വാഹന നിയമമനുസരിച്ചാണ് ഡ്രൈവിംഗ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിരിക്കുന്നത്.

**മോട്ടോർ സൈക്കിൾ വാങ്ങുന്നവർക്ക് ലൈസൻസ് നിർബന്ധമാക്കാൻ നടപടി**

204 (2027) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർ സൈക്കിൾ വാങ്ങുന്നവർക്ക് ലൈസൻസ് ഉണ്ടാകണം എന്ന നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ മോട്ടോർ സൈക്കിൾ വാങ്ങുന്നതിന് ഡ്രൈവിംഗ് ലൈസൻസ് നിർബന്ധമാക്കി കൊണ്ടുള്ള നിയമം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

മോട്ടോർ സൈക്കിൾ വാങ്ങുന്നവർക്ക് ലൈസൻസ് ഉണ്ടാകണമെന്ന നിയമം നിലവിലില്ല. വാഹനം രജിസ്റ്റർ ചെയ്യുന്നതും ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതും കേന്ദ്ര മോട്ടോർ വാഹന നിയമമനുസരിച്ചാണ്. കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ ഭേദഗതി വരുത്തിയാൽ മാത്രമേ ഇതിന് സാധിക്കുകയുള്ളൂ.

**വികലാംഗർക്ക് ലേണേഴ്സ് ലൈസൻസ് ടെസ്റ്റ്**

205 (2028) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസിനുവേണ്ടി അപേക്ഷിക്കുന്ന വികലാംഗർക്ക് ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് നടത്തുമ്പോൾ പങ്കെടുക്കുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പല ആർ.ടി. ഓഫീസുകളും ബഹുനില കെട്ടിടങ്ങളിലെ ഉയർന്ന നിലകളിൽ പ്രവർത്തിക്കുന്നതിനാൽ റാമ്പ് സ്ഥാപിച്ചിട്ടില്ലാത്ത ഇത്തരം കെട്ടിടങ്ങളിൽ എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടുള്ളവർക്ക് ലേണേഴ്സ് ലൈസൻസ് പരീക്ഷ നടത്തുന്നതിന് പ്രത്യേക കേന്ദ്രങ്ങൾ സ്ഥാപിക്കുമോ; വിശദീകരിക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വികലാംഗർക്ക് അനുവദിച്ചിട്ടുള്ള മുച്ചക്രവാഹനങ്ങൾ ഇവർക്ക് ലൈസൻസില്ലെന്ന കാരണത്താൽ വിതരണം ചെയ്യാൻ കഴിയാത്തത് പരിഗണിച്ച് ബദൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭിന്നശേഷിക്കാർക്ക് മാത്രമായി ആറുമാസത്തിലൊരിക്കൽ ജില്ലാതലത്തിൽ പ്രത്യേകം ക്യാമ്പ് നടത്തി ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള നിർദ്ദേശം മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള എല്ലാ റീജിയണൽ ട്രാൻസ്പോർട്ട്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾക്കും നൽകിയിട്ടുണ്ട്.

(ബി) കേന്ദ്രമോട്ടോർ വാഹന നിയമപ്രകാരം വാഹനം ഓടിക്കുന്നതിന് ലൈസൻസ് നിർബന്ധമാണ്.

## ഭിന്നശേഷിക്കാർക്ക് ഫോർവീലർ ലൈസൻസ്

206 (2029) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് ഫോർവീലർ വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും വിശദമാക്കാമോ;

(ബി) മെഡിക്കൽ ബോർഡ് നൽകുന്ന, വാഹനം ഓടിക്കാൻ സാധിക്കുമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓട്ടോമാറ്റിക് ഗിയർ ഷിഫ്റ്റ് സിസ്റ്റമുള്ള ഫോർവീലർ വാഹനം ഓടിക്കുന്നതിന് ഇവർക്ക് ലൈസൻസ് നൽകാറുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവർക്ക് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാഹനം ഓടിക്കുന്നതിന് ലൈസൻസ് ലഭിക്കുന്നതിന് പൊതു വിഭാഗത്തിൽപ്പെടുന്നവർക്കുള്ള മാനദണ്ഡങ്ങളും നിബന്ധനകളും ഭിന്നശേഷിക്കാർക്കും ബാധകമാണ്. ഭിന്നശേഷിയുള്ള വ്യക്തി അംഗവൈകല്യമുള്ള ആളാണെങ്കിൽ അംഗീകൃത അസ്ഥിരോഗ വിദഗ്ദ്ധനിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് ബധിര വിഭാഗത്തിൽപ്പെട്ട ആളാണെങ്കിൽ അംഗീകൃത ഇ.എൻ.ടി. ഡോക്ടർ നൽകിയ സർട്ടിഫിക്കറ്റ് എന്നിവ കൂടി ഹാജരാക്കണം. ഫോർവീലറുകളിൽ ബ്രേക്കും ആക്സിലേറ്ററും കൈകൊണ്ട് ഉപയോഗിക്കാവുന്ന തരത്തിലും ഓട്ടോമാറ്റിക് ക്ലച്ച് ഘടിപ്പിച്ചതും ഓട്ടോമാറ്റിക് ഗിയർ ഉള്ളതുമായി രൂപമാറ്റം വരുത്തുവാൻ അംഗീകാരം ലഭിച്ചിട്ടുള്ള വർക്ക്ഷോപ്പുകളിൽ രൂപമാറ്റം വരുത്തിയ വാഹനങ്ങൾ ഓടിക്കുന്നതിന് യോഗ്യരായ ഭിന്നശേഷിക്കാർക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നുണ്ട്.

(ബി&സി) മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകാറുണ്ട്.

**കരുനാഗപ്പള്ളി നഗരത്തിലെയും ദേശീയപാതയിലെയും ഗതാഗതക്കുരുക്ക്**

207(2030) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരത്തിലെയും ദേശീയ പാതയിലെയും ഗതാഗതക്കുരുക്കും ഗതാഗത തടസ്സവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പ്രതിദിനമുണ്ടാകുന്ന അപകടങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന് സഹായകമായ രീതിയിൽ ട്രാഫിക് സംവിധാനം പരിഷ്കരിക്കുമോ; വിശദീകരിക്കുമോ;

(ബി) ഇവിടുത്തെ ട്രാഫിക് സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിയമ ലംഘനങ്ങൾ ശ്രദ്ധിക്കുന്നതിനും ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുമോ; വിശദീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപകടങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനായി പ്രധാന ജംഗ്ഷനുകളിലും മറ്റും പോലീസ് ഉദ്യോഗസ്ഥരെയും ഹോം ഗാർഡുകളെയും നിയോഗിച്ചുവരുന്നു. ഗതാഗതക്കുരുക്ക്, ഗതാഗതതടസ്സം, തുടങ്ങിയ കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചും ഡ്രൈവർമാർക്ക് ട്രാഫിക് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും വരുന്നു.

(ബി) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ ശിപാർശ നൽകാൻ കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇതുസംബന്ധിച്ച് ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**ആർ.ടി. ഓഫീസ് വിഭജനം**

208 (2031) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊടുവള്ളി ജോയിന്റ് ആർ.ടി. ഓഫീസ് വിഭജനത്തിന് സർക്കാരിൽ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. കോഴിക്കോട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസും കൊടുവള്ളി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസും വിഭജിച്ച് നന്മണ്ടയിൽ ഒരു പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു.

## അന്യസംസ്ഥാനത്ത് രജിസ്ട്രേഷൻ നേടിയ ആഡംബര വാഹനങ്ങൾ

209 (2032) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി അടക്കാൻ തയ്യാറാകാതെ നികുതി വെട്ടിക്കുന്നതിനുവേണ്ടി അന്യ സംസ്ഥാനത്ത് രജിസ്ട്രേഷൻ നേടി കേരളത്തിൽ ഓടുന്ന ആഡംബര വാഹനങ്ങളെ കണ്ടെത്തി നികുതി ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര വാഹനങ്ങൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. നാളിതുവരെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ ക്രമക്കേട് കണ്ടെത്തിയ 88 വാഹന ഉടമകളിൽ നിന്നായി 8,88,58,787 രൂപ ടാക്സ് ഈടാക്കിയിട്ടുണ്ട്. കൂടുതൽ അന്വേഷണം നടന്നുവരുന്നു.

## സംസ്ഥാനത്തിന് പുറത്ത് രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

210 (T2033) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്ത് പ്രത്യേകിച്ച് പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ സംസ്ഥാനത്ത് ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത എത്ര വാഹനങ്ങൾ സംസ്ഥാനത്ത് ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്; ഇത്തരത്തിൽ നികുതി വെട്ടിച്ചവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; അതിൽ എത്ര പേർ ഇതിനകം നികുതി ഒടുക്കി; ഇതുമൂലം ഖജനാവിന് നികുതിയിനത്തിൽ എന്ത് തുക ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) നികുതി വെട്ടിവച്ചവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. ഇതുവരെ പരിശോധനയിൽ കണ്ടെത്തിയ 877 വാഹന ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. നിലവിൽ 88 വാഹന ഉടമകളിൽ നിന്നായി 8,88,58,787 രൂപ നികുതി ഈടാക്കിയിട്ടുണ്ട്.

(സി) വ്യാജ വിലാസത്തിൽ പോണ്ടിച്ചേരിയിൽ വാഹനം രജിസ്റ്റർ ചെയ്തുവെന്ന് കരുതപ്പെടുന്ന 371 പേരുടെ വിവരങ്ങൾ അന്വേഷണം നടത്തുന്നതിനായി ഇൻസ്പെക്ടർ ജനറർ ക്രൈം ബ്രാഞ്ച് ദക്ഷിണമേഖലയ്ക്ക് കൈമാറിയിട്ടുണ്ട്.

**നികുതിവെട്ടിച്ച് ഓടുന്ന വാഹനങ്ങൾ**

211 (2034) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതിവെട്ടിച്ച് ഓടുന്ന എത്ര വാഹനങ്ങൾ ഈ സർക്കാർ കാലയളവിൽ കണ്ടെത്തി എന്നും ഇതുവഴി എത്ര തുകയുടെ റവന്യൂ റിക്കവറി ട്രാൻസ്പോർട്ട് വകുപ്പ് നടത്തി എന്നും വ്യക്തമാക്കുമോ;

(ബി) പൊതുപ്രവർത്തകർ ഉൾപ്പെടെ വിവിധ മേഖലകളിലുള്ള എത്ര ഉന്നതർ വ്യാജരേഖ ചമച്ച് വാഹനം രജിസ്റ്റർ ചെയ്ത് ഉപയോഗിക്കുകയും സംസ്ഥാനത്തിനു ലഭിക്കേണ്ട എത്ര തുകയുടെ തട്ടിപ്പ് ആഡംബര വാഹനവുമായി ബന്ധപ്പെട്ട് ഇവർ നടത്തി എന്നും ഈ സർക്കാർ കാലയളവിൽ കണ്ടെത്തിയ കേസ്സുകൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ, വ്യാജനമ്പർ പതിപ്പിച്ചും മറ്റു തട്ടിപ്പുകൾ നടത്തിയും ഓടിച്ചിരുന്ന ബസ്സുകൾ തുടങ്ങിയ എത്ര യാത്രാവാഹനങ്ങൾ പിടികൂടി എന്നും എത്രപേരുടെ പേരിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്നും എത്ര വാഹനങ്ങൾ വകുപ്പിന്റെ കസ്റ്റഡിയിലുണ്ട് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പുതുശ്ശേരിയിൽ രജിസ്റ്റർ ചെയ്ത് ടാക്സ് തട്ടിപ്പുനടത്തിയതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ സംശയിക്കപ്പെടുന്ന 2357 വാഹനങ്ങളുടെ ലിസ്റ്റ് മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ സ്ഥിര/താൽക്കാലിക മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയോ, കേരളത്തിൽ നിന്നും വാഹന വായ്പ കരസ്ഥമാക്കിയിട്ടുള്ളതോ, കേരളത്തിലെ വാഹന വില്പനക്കാരിൽ നിന്നും വാങ്ങിയിട്ടുള്ളതോ ആയ വാഹനങ്ങൾ ഉൾക്കൊള്ളിച്ചാണ്

പട്ടിക തയ്യാറാക്കിയത്. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വാഹന ഉടമകൾക്ക് നോട്ടീസ് നൽകിവരുന്നു. നിലവിൽ 877 വാഹന ഉടമകൾക്ക് കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ. നിലവിൽ 88 വാഹന ഉടമകളിൽ നിന്നായി 8,88,58,787 രൂപ ടാക്സ് ഈടാക്കിയിട്ടുണ്ട്. പുതുശ്ശേരിയിൽ രജിസ്റ്റർ ചെയ്ത നികുതിയടയ്ക്കാതെ കേരളത്തിൽ ഓടുന്ന വാഹനങ്ങളിൽ ഭൂരിഭാഗവും ആഡംബര വാഹനങ്ങളാണ്. ഉടമകളുടെ എണ്ണം കാരണം കാണിക്കൽ നോട്ടീസിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ മാത്രമേ നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(സി) വ്യാജനമ്പർ ഉപയോഗിച്ച് സർവ്വീസ് നടത്തിയ 7 കേസുകൾ കണ്ടുപിടിച്ചതിൽ 5 വാഹന ഉടമകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയവ പോലീസ് കസ്റ്റഡിയിൽ ആണ്. രണ്ട് വാഹനങ്ങൾക്കെതിരെ ചെക്ക് റിപ്പോർട്ട് തയ്യാറാക്കി നിയമപ്രകാരമുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ജലഗതാഗത വകുപ്പിന്റെ വസ്തുവകകൾ**

212 (2035) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ പേരിലുള്ള വസ്തുവകകൾ എവിടെയെല്ലാമെന്നും എത്രയെന്നും വെളിപ്പെടുത്താമോ;

(ബി) ഇതിൽ നിന്നെല്ലാം വകുപ്പിന് ലഭിക്കുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഈ വസ്തുവകകളിലുള്ള കെട്ടിടങ്ങളിൽ നിന്നും വാടകയിനത്തിൽ മാത്രം എത്ര രൂപ പ്രതിവർഷം വകുപ്പിന് ലഭിക്കുന്നുണ്ട്;

(ഡി) ഈ കെട്ടിടങ്ങളെല്ലാം ആർക്കെല്ലാമാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളതെന്നും ആരെല്ലാമാണ് വാടക കുടിശ്ശികയാക്കിയിട്ടുള്ളതെന്നും കുടിശ്ശികയിനത്തിൽ എത്ര രൂപ ലഭിയ്ക്കാനുണ്ടെന്നും ഈ തുക ഈടാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വിശദമാക്കാമോ;

(ഇ) മട്ടാഞ്ചേരിയിൽ ജലഗതാഗതവകുപ്പിന്റെ വസ്തുവിൽ ആരെല്ലാമാണ് വാടകയ്ക്ക് കച്ചവടം നടത്തുന്നത്; ആരെല്ലാമാണ് വാടക കുടിശ്ശിക നൽകാനുള്ളതെന്നും, തുക എത്രയെന്നും കുടിശ്ശികത്തുക തിരിച്ചുപിടിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വകുപ്പിന്റെ കീഴിലുള്ള വസ്തുക്കളുടേയും കെട്ടിടങ്ങളുടെയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥലം | വസ്തുവിന്റെ അളവ് | കെട്ടിടം |
|---|---|---|---|
| 1 | ആലപ്പുഴ ഡയറക്ടറേറ്റ് | 29 സെന്റ് | ഡയറക്ടറേറ്റ് ഓഫീസ് |
| 2 | ആലപ്പുഴ-ജെട്ടി | 694.39 സ്ക്വയർ മീറ്റർ | സ്റ്റേഷൻ ഓഫീസ്, സ്റ്റാളുകൾ, വെയിറ്റിംഗ് ഷെഡ്, ലാട്രിൻ മുതലായവ |
| 3 | ആലപ്പുഴ-പോഞ്ഞിക്കര-ഡോക്ക് ആന്റ് റിപ്പയർ വിഭാഗം | 59.95 ആർ | ഡോക്ക്, ഡ്രൈഡോക്ക്, വർക്ക്ഷോപ്പ് ഓഫീസ്, സ്റ്റോർ |
| 4 | എടത്വാ | ഓയിൽ ഷെഡ്-100 സ്ക്വയർ ഫീറ്റ് | ഓയിൽ ഷെഡ് |
| 5 | പുളിങ്കുന്ന്-സ്റ്റേഷൻ ഓഫീസ് | 56 സ്ക്വയർ മീറ്റർ | സ്റ്റേഷൻ ഓഫീസ് |
| 6 | പുളിക്കീഴ്-കെട്ടിടം | 23.511 സ്ക്വയർ മീറ്റർ | രജിസ്ട്രേഷൻ വകുപ്പിന് വാടകയ്ക്ക് നൽകിയിരിക്കുന്നു. |
| 7 | മുഹമ്മ സ്റ്റേഷൻ ഓഫീസ് | 54.15 സ്ക്വയർ മീറ്റർ | സ്റ്റേഷൻ ഓഫീസ് |
| 8 | ചങ്ങനാശ്ശേരി-മേഖലാ കാര്യാലയം | 185.3 സ്ക്വയർ മീറ്റർ | മേഖലാ കാര്യാലയം, സ്റ്റേഷൻ ഓഫീസ് |
| 9 | കോട്ടയം-കച്ചേരിക്കടവ് | 385.4 സ്ക്വയർ മീറ്റർ | വാട്ടർ ഹബ്ബ് |
| 10 | കോട്ടയം-കോടിമാത | 4.86 ആർ | സ്റ്റേഷൻ ഓഫീസ് |

| | | | |
|---|---|---|---|
| 11 | വൈക്കം സ്റ്റേഷൻ-ഓഫീസ് | 75.92 സ്ക്വയർ മീറ്റർ | സ്റ്റേഷൻ ഓഫീസ് |
| 12 | എറണാകുളം മേഖലാ കാര്യാലയം | 0.32 സെന്റ് 7.90 ആർ | മേഖലാ കാര്യാലയം, എറണാകുളം ജെട്ടി, സ്റ്റാഫ് റൂം, ക്യാന്റീൻ മുറി |
| 13 | വൈപ്പിൻ | 17 സെന്റ് | വൈപ്പിൻ ജെട്ടി |
| 14 | മട്ടാഞ്ചേരി | 14.01 ആർ | മട്ടാഞ്ചേരി ജെട്ടി, ആറ് മുറികൾ, അനുബന്ധ സൗകര്യങ്ങൾ |
| 15 | ഫോർട്ട് കൊച്ചി | 7.00 സെന്റ് | ഫോർട്ടു കൊച്ചി |
| 16 | തേവര ബോട്ട് യാർഡ് | 60.95 സെന്റ് | ബോട്ട് യാർഡ്, വർക്ക്ഷോപ്പ്, അനുബന്ധ സൗകര്യങ്ങൾ |
| 17 | കൊല്ലം | 61.40 സ്ക്വയർ മീറ്റർ<br>70.70 സ്ക്വയർ മീറ്റർ | ബില്ലിംഗ് വിഭാഗം, സ്റ്റേഷൻ ഓഫീസ് |
| 18 | പയ്യന്നൂർ | 35 സെന്റ് | മേഖലാ കാര്യാലയം, സ്റ്റേഷൻ ഓഫീസ്, ബോട്ട് യാർഡ് |
| 19 | പാണാവള്ളി | ബോട്ട് ജെട്ടി | സ്റ്റേഷൻ ഓഫീസ് |
| 20 | കാവാലം | ബോട്ട് ജെട്ടി | സ്റ്റേഷൻ ഓഫീസ് |
| 21 | നെടുമുടി | ബോട്ട് ജെട്ടി | സ്റ്റേഷൻ ഓഫീസ് |

(ബി) ഈ വസ്തുക്കളിലെ തെങ്ങുകളിൽ നിന്നും ആദായം പ്രതിവർഷം 1,900 രൂപ ലഭിക്കുന്നുണ്ട്. മട്ടാഞ്ചേരി ഒഴികെയുള്ള വസ്തുവകകളിൽ നിന്നും പ്രതിവർഷം വാടകയിനത്തിൽ 16,68,084 രൂപ വകുപ്പിന് ലഭിക്കുന്നുണ്ട്. (മട്ടാഞ്ചേരിയിലെ ജലഗതാഗത വകുപ്പിന്റെ വസ്തുവിൽ കച്ചവടം നടത്തുന്ന വകയിൽ ശ്രീ. പി. എസ്. ഷെമീറിൽ നിന്നും കുടിശ്ശികയായി 62,25,761 രൂപയും ശ്രീ. കെ. എൻ. ചന്ദ്രബോസിൽ നിന്നും 4,22,400 രൂപയും വകുപ്പിന് ലഭിക്കാനുണ്ട്. വിശദവിവരം 'ഡി' പിരിവിനുള്ള മറുപടിയിൽ ചേർത്തിട്ടുണ്ട്.

(സി) 16,68,084 രൂപ (മട്ടാഞ്ചേരി ഒഴികെ) മട്ടാഞ്ചേരിയിലെ വിവരം 'ഡി' പിരിവിൽ.

(ഡി) നിലവിൽ വാടകയ്ക്ക് കൊടുത്തിട്ടുള്ള കെട്ടിടങ്ങളും വ്യക്തികളും

ആലപ്പുഴ

സ്റ്റാൾ നമ്പർ 1 - SIFFS കരമന.പി.ഒ.,തിരുവനന്തപുരം.

സ്റ്റാൾ നമ്പർ 2 - ശ്രീ. അഖിൽ മോഹൻ, വാഴച്ചിറ, ചതുർത്ഥ്യാകരി, പുളിങ്കുന്ന്, ആലപ്പുഴ.

സ്റ്റാൾ നമ്പർ 3 - ശ്രീ. രമേശൻ, കുന്നത്തറ, കൈനകരി പി.ഒ., ആലപ്പുഴ.

സ്റ്റാൾ നമ്പർ 4 - ശ്രീ. സഹദേവൻ, നടയിൽ വടക്കേതിൽ വീട്, കിടങ്ങാംപറമ്പ്, ആലപ്പുഴ.

സ്റ്റാൾ നമ്പർ 5 - ശ്രീ. നജീം, പുത്തൻവീട്, കറുകയിൽ വാർഡ്, തത്തംപള്ളി, പി.ഒ., ആലപ്പുഴ.

സ്റ്റാൾ നമ്പർ 6 - ശ്രീ. നാഗരാജു, പാലപ്പറമ്പിൽ, മുല്ലയ്ക്കൽ, ആലപ്പുഴ.

സ്റ്റാൾ നമ്പർ 7 - ശ്രീ. കെ. കോയ, റസീഖ് മൻസിൽ, പുത്തൻപള്ളിക്ക് സമീപം, ലജ്നത്ത് വാർഡ്, ആലപ്പുഴ.

തറവാടക 1 - ശ്രീ. രാജേഷ്.എസ്., ചാമത്തറ, വെളിയനാട് പി.ഒ.,ആലപ്പുഴ.

തറവാടക 2 - ശ്രീ. സാബിദാ ബീവി, വെളിംപറമ്പിൽ, ആശ്രാമം വാർഡ്, അവലൂക്കുന്ന്.പി.ഒ., ആലപ്പുഴ.

ലാടിൻ-ശ്രീ. സാബു.റ്റി., വെളിയിൽ വീട്, പൊന്നാട് പി.ഒ., ആലപ്പുഴ.

കിഴക്കേ അറ്റത്തെ കടമുറി-ശ്രീ. അർഷാദ് ഐ. ലായത്ത് പറമ്പ്, പാലസ് വാർഡ്, ആലപ്പുഴ.

ലോട്ടറി ക്യാബിൻ-ശ്രീ. ജോസഫ് ജോർജ്ജ്,പള്ളിച്ചിറയിൽ, അവലൂകുന്ന് പി.ഒ. എറണാകുളം ക്യാന്റീൻ-ശ്രീ അൻവർ, പരിയാരപ്പള്ളി, പനങ്ങാട് പി.ഒ., എറണാകുളം.

എറണാകുളം മിൽമ ബൂത്ത്-ശ്രീ. ലൈജു കൊച്ചപ്പൻ പാലാട്ടി വീട്, കറുകുറ്റി, പി.ഒ. അങ്കമാലി.

വൈക്കം-കപ്പലണ്ടി കച്ചവടം - തറവാടകയ്ക്ക് - ശ്രീ. ജയകുമാരപ്പൈ, പള്ളിത്തോട്ടുങ്കൽ, തൈക്കാട്ടുശ്ശേരി,പി.ഒ., ചേർത്തല.

മട്ടാഞ്ചേരി സി.സി.6/106 – ശ്രീ. പി. എസ്. ഷമീർ, ഡോർ നമ്പർ 13/230 സി-1 എ.സി.റ്റി.-കോളനി കൊച്ചങ്ങാടി, മട്ടാഞ്ചേരി കൊച്ചി-2.

മട്ടാഞ്ചേരി സി.സി.6/104 – ശ്രീ. എൻ. കെ. ചന്ദ്രബോസ്, നികർത്തിൽ ഹൗസ്, പള്ളുരുത്തി പി.ഒ. എറണാകുളം.

കുടിശ്ശിക തീർക്കാൻ എടുത്ത നടപടി

കുടിശ്ശികയുള്ളവർക്ക് കുടിശ്ശിക തീർക്കാനാവശ്യപ്പെട്ട് നോട്ടീസ് അയയ്ക്കാറുണ്ട്. നാല് മാസത്തിൽ കൂടുതൽ കുടിശ്ശിക വന്നാൽ സെക്ഷൻ 4 പ്രകാരം നോട്ടീസ് നൽകി ഒഴിപ്പിക്കൽ നടപടി ആരംഭിക്കുകയും, റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മുൻകാലങ്ങളിൽ വാടകയ്ക്ക് നൽകിയവരിൽ നിന്നും കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ള തുക (മട്ടാഞ്ചേരി ഒഴികെ)

| | |
|---|---|
| ശ്രീ. സലീം | 28,943 രൂപ |
| ശ്രീ. രാധാകൃഷ്ണൻ | 81,069 രൂപ |
| ശ്രീ. ജഗദീശൻ | 4,56,589 രൂപ |
| ശ്രീ. നൗഷാദ് | 55,366 രൂപ |
| ശ്രീ. എച്ച്. ഹബീബ് | 13,199 രൂപ |
| ശ്രീ. നജീബ്.എം. | 1,05,524 രൂപ |
| ശ്രീ. ദിനേഷ് കുമാർ | 44,358 രൂപ |
| ശ്രീ. കൃഷ്ണൻകുട്ടി | 1,77,234 രൂപ |
| ശ്രീ. സന്തോഷ് | 75,000 രൂപ |
| ശ്രീ. സുനിൽകുമാർ | 1,38,508 രൂപ |

| | |
|---|---|
| ശ്രീ. കെ. സി. ബഷീർ | 8,000 രൂപ |
| ശ്രീ. വിനോദ് | 4,32,516 രൂപ |
| ആകെ | 16,16,306 രൂപ<br>(ടി തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്.) |
| മട്ടാഞ്ചേരിയിൽ നിന്നും ലഭിക്കുവാനുള്ള കുടിശ്ശിക:<br>ശ്രീ. പി. എസ്. ഷെമീർ - 62,25,761 രൂപ<br>ശ്രീ. എൻ.കെ. ചന്ദ്രബോസ് - 4,22,400 രൂപ | |

(ഇ) സി.സി.6/106 കടമുറിയിൽ ശ്രീ. പി. എസ്. ഷെമീർ കച്ചവടം നടത്തുന്നു.

അഡ്രസ്സ് - ഡോർ നമ്പർ 13/230, സി-1, എ.സി.റ്റി.കോളനി, കൊച്ചങ്ങാടി, മട്ടാഞ്ചേരി, കൊച്ചി - 2.

ലഭിക്കുവാനുള്ള തുക - 62,25,761/- രൂപ

നടപടി - ശ്രീ. ഷെമീറിന്റെ കേസ് നിലവിലുണ്ട്. സെക്ഷൻ 4 പ്രകാരം നോട്ടീസ് നൽകി ഒഴിപ്പിക്കൽ നടപടി ആരംഭിച്ചു. റവന്യൂ റിക്കവറി നടപടി ഗവൺമെന്റ് പ്ലീഡറുമായി ബന്ധപ്പെട്ട് ആരംഭിച്ചു.

സി.സി.6-104 - ശ്രീ. എൻ. കെ. ചന്ദ്രബോസ്, നികർത്തിൽ ഹൗസ്, പള്ളുരുത്തി പി.ഒ, എറണാകുളം.

ലഭിക്കാനുള്ള തുക - 4,22,400 രൂപ .

ശ്രീ. ചന്ദ്രബോസ് ഫയൽ ചെയ്ത കേസ് നിലവിലുണ്ട്. കുടിശ്ശിക തീർക്കുവാൻ ടിയാന് കത്ത് നൽകിയിട്ടുണ്ട്. സെക്ഷൻ 4, 5 പ്രകാരം നോട്ടീസ് നൽകി. ഒഴിപ്പിക്കൽ നടപടിയും റവന്യൂ റിക്കവറി നടപടിയും ആരംഭിക്കുവാനുണ്ട്.

**കൊല്ലം തുറമുഖത്തെ കൊല്ലം കനാലുമായി ബന്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം**

213 (2036) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽ ഗതാഗതത്തിന്റെ സാധ്യതകൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി തുറമുഖങ്ങളെ ഉൾനാടൻ ജലപാതയുമായി ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൊല്ലം തുറമുഖത്തെ ദേശീയ ജലപാത മൂന്നിന്റെ ഗേറ്റ് വേ ആയ കൊല്ലം കനാലുമായി ബന്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച് സാധ്യതാ പഠനം നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) തീരദേശ കപ്പൽ ഗതാഗതത്തിന്റെ സാധ്യതകൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കൊടുങ്ങല്ലൂർ, കായംകുളം തുറമുഖങ്ങളെ river sea terminal ആയി വികസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നടപടികളൊന്നും സ്വീകരിച്ചുതുടങ്ങിയിട്ടില്ല.

**ക്ഷേമപെൻഷൻ വിതരണ കുടിശ്ശിക**

214 (2037) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷൻ വിതരണ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ക്ഷേമപെൻഷൻ പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ പെൻഷൻ ഡാറ്റാ ബേസിൽ ഉൾപ്പെടുകയും എന്നാൽ വിവിധ കാരണങ്ങളാൽ പെൻഷൻ ലഭിക്കാത്തതുമായ ഗുണഭോക്താക്കളുടെ 2016 ജൂൺ മുതൽ 2017 ഏപ്രിൽ വരെയുള്ള പെൻഷൻ കുടിശ്ശിക 129.96 കോടി രൂപ ആഗസ്റ്റ് മാസം വിതരണം ചെയ്ത സാമൂഹ്യസുരക്ഷാ പെൻഷനോടൊപ്പം വിതരണം ചെയ്തിട്ടുണ്ട്.

(ബി) 2017 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഡിസംബർ മാസം വിതരണം ചെയ്തിട്ടുണ്ട്.

## പരാതി പരിഹാര അദാലത്തുകൾ

215 (2038) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ പരാതികൾ അതിവേഗം പരിഹരിക്കുന്നതിന് പരാതി പരിഹാര അദാലത്തുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ ജില്ലകളിൽ ജില്ലാ കളക്ടർമാർ അദാലത്ത് നടത്തി;

(സി) പ്രസ്തുത അദാലത്തുകളിൽ ഓരോ ജില്ലയിലും ലഭിച്ച പരാതികൾ എത്രയെന്നും, അതിൽ എത്ര പരാതികൾ പരിഹരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2015-ൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ജനസമ്പർക്കപരിപാടികളിൽ ഓരോ ജില്ലയിലും എത്ര പരാതികൾ വീതം ലഭിച്ചുവെന്നും അതിൽ എത്ര പരാതികളിൽ തീർപ്പുകല്പിച്ചു വെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14 ജില്ലകളിലും അദാലത്ത് നടത്തി.

(സി) അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു*.

(ഡി) അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു*.

## കോടതി രേഖകൾ മലയാളത്തിൽ തയ്യാറാക്കുന്നതിന് നടപടി

216 (T 2039) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികൾ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എന്നിവിടങ്ങളിലെ ഉത്തരവുകളും കത്തിടപാടുകളും ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കുന്നത് സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോടതി രേഖകൾ ഭരണഭാഷയായ മലയാളത്തിൽ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.'

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കോടതികളിലെ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ സജീവ പരിഗണനയിലാണ്. കോടതി വ്യവഹാരഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഔദ്യോഗിക ഭാഷാ ഉന്നതതല സമിതിയുടെ 16-3-2017-ലെ യോഗ തീരുമാനമനുസരിച്ച് ആദ്യപടിയായി മുൻസിഫ് മജിസ്ട്രേറ്റ് കോടതികളിലെ കോടതി നടപടികളും, ജില്ലാ കോടതികളിലേയ്ക്ക് അപ്പീൽ/റിവിഷൻ അധികാരമുള്ളതുമായ കേസുകളിലെ വിധിന്യായങ്ങളും മലയാളത്തിൽകൂടി ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഇതിനായി ജില്ലാ കോടതികളിൽ ആവശ്യമായ പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ജഡ്ജിമാർക്ക് വിധിന്യായങ്ങൾ മലയാളത്തിൽ എഴുതുന്നതിനുള്ള പരിശീലനം നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

### സാമൂഹ്യക്ഷേമ പദ്ധതികൾ

217 (2040) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വിവിധ വകുപ്പുകളുടെ സാമൂഹ്യ ക്ഷേമ പദ്ധതികളിൽ ഇപ്പോഴും തുടർന്നു വരുന്നവ ഏതൊക്കെയാണെന്ന് വകുപ്പ് തിരിച്ച് അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെല്ലാം സാമൂഹ്യക്ഷേമ പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിർത്തലാക്കിയിട്ടുള്ളത്; വകുപ്പുകൾ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെങ്കിലും സാമൂഹ്യക്ഷേമ പദ്ധതികളുടെ പേരിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ മാറ്റം വരുത്തിയ പേരിൽ തുടർന്ന് വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വകുപ്പുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സാമൂഹ്യക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്ന് ബന്ധപ്പെട്ട വകുപ്പ് തിരിച്ച് വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ

218 (2041) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര സർക്കാർവാഹനങ്ങൾ വാങ്ങി; വകുപ്പ് തലത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പുതിയ വാഹനം വാങ്ങുന്നതിനോ നിലവിലെ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനോ ഉള്ള നടപടികൾ എന്തെല്ലാമാണ്;

(സി) വിജിലൻസ് വകുപ്പിൽ സർക്കാർ അനുമതി ഇല്ലാതെ വാഹനങ്ങൾ വാങ്ങിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനും നിലവിലുള്ള വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനും സർക്കാർ അനുമതി ആവശ്യമാണ്. പുതിയ വാഹനം വാങ്ങേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് അത് സംബന്ധിച്ച പ്രൊപ്പോസൽ വകുപ്പ് തലവന്മാർ സർക്കാരിൽ സമർപ്പിക്കുമ്പോൾ, സർക്കാർ പ്രസ്തുത പ്രൊപ്പോസൽ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിയന്തര ആവശ്യകതയുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ഭരണാനുമതി പുറപ്പെടുവിക്കുന്നു. പഴയ വാഹനത്തിന് പകരമായാണ് പുതിയ വാഹനം വാങ്ങുന്നതെങ്കിൽ പഴയ വാഹനം അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗിക്കുന്നത് അൺ എക്കണോമിക് ആണെന്ന പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗത്തിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും ആയത് സർക്കാർ പരിശോധിച്ച് അനുമതി നൽകുന്നതുമാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## റെസ്പോൺസീവ് സിസ്റ്റം

219 (2042) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന വികസനത്തിൽ സഹകരണം തേടുന്നതിനായി വിദേശ എംബസികളുടെയും കോൺസുലേറ്റുകളുടെയും പ്രതിനിധികളുമായി മന്ത്രിമാർ ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) വിനോദസഞ്ചാരം, അഗ്രോ പ്രോസസ്, വ്യവസായം എന്നീ മേഖലകളിൽ ഏതെങ്കിലും വിദേശരാജ്യം സംസ്ഥാനവുമായി സഹകരിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ്;

(സി) ഇതിന്റെ ഭാഗമായി സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച റെസ്പോൺസീവ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ -സി) വിവരം ശേഖരിച്ചുവരുന്നു.

**അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ**

220 (2043) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർധിക്കുന്നതും കൃത്യസമയത്ത് ചികിത്സ കിട്ടാത്തതും ചികിത്സാ ചെലവ് ലഭ്യമാകുമോ എന്ന സ്വകാര്യ ആശുപത്രികളുടെ സംശയവുംമൂലം നിരവധി ആളുകൾ മരണപ്പെടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ആശുപത്രികളുടെ ഇത്തരം നിസ്സംഗ മനോഭാവം മൂലം എത്ര ആളുകൾക്ക് ജീവഹാനി സംഭവിച്ചു; പ്രസ്തുത ആശുപത്രികൾക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) അപകടത്തിൽപ്പെടുന്നവർക്ക് 48 മണിക്കൂർ അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുമെന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും, എന്നത്തേയ്ക്ക് പദ്ധതി ആരംഭിക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നുവെന്നത് വസ്തുതയാണ്. എന്നാൽ ചികിത്സ ലഭിക്കാതെ ആരും മരണപ്പെടാതിരിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സ്വകാര്യ ആശുപത്രികൾ നിസംഗ മനോഭാവം പൊതുവേ കാണിക്കുന്നതായി കണക്കാക്കാൻ കഴിയില്ല. എന്നാൽ സമീപകാലത്ത് മുരുകൻ എന്ന വ്യക്തിക്കുണ്ടായ നിർഭാഗ്യകരമായ സംഭവം ഒട്ടേറെ അന്വേഷണങ്ങൾക്കും അനന്തര നടപടികൾക്കും വിധേയമായിട്ടുണ്ട്.

(സി) റോഡപകടങ്ങളിൽപ്പെടുന്നവരിൽ കൂടുതലും മരണപ്പെടുന്നത് തലയ്ക്കേൽക്കുന്ന ക്ഷതം മൂലമാണ്. അത്തരക്കാരുടെ ജീവൻ രക്ഷിക്കുന്നതിൽ ആദ്യ മണിക്കൂർ (Golden Hour) നിർണ്ണായകമായതിനാൽ സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിത്സയും ജി.എസ്.പി. നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധപ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിത്സാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകിക്കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യപടിയെന്ന നിലയിൽ ജി.എസ്.പി.നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സി.എച്ച്.സി.-കളുടെ അപ്ഗ്രഡേഷൻ

221 (2044) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.എച്ച്.സി.-കളുടെ അപ്ഗ്രഡേഷന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു ബ്ലോക്ക് അതിർത്തിയിൽ ഏതെങ്കിലും ഒരു സി.എച്ച്.സി. എങ്കിലും 24 മണിക്കൂർ ചികിത്സ ലഭ്യമാക്കുന്ന തരത്തിൽ പ്രവർത്തിപ്പിക്കുന്നതിന് ഒരു പദ്ധതി സർക്കാർ തയ്യാറാക്കുമോ;

(സി) അരൂർ മണ്ഡലത്തിലെ പെരുമ്പളം ബീച്ച് പഞ്ചായത്ത് ഉൾപ്പെടുന്ന തൈക്കാട്ടുശ്ശേരി ബ്ലോക്ക് അതിർത്തിയായ 5 പഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശത്ത് ഒരിടത്തുപോലും 24 മണിക്കൂർ ചികിത്സ ലഭ്യമാക്കുന്ന ഒരാശുപത്രിപോലും ഇല്ലാത്ത സാഹചര്യം കണക്കിലെടുത്ത് അരുകുറ്റി സി.എച്ച്.സി.-യെ 24 മണിക്കൂർ ചികിത്സ ലഭ്യമാക്കുന്ന തരത്തിലുള്ള ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനല്ല ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. ആയതിന്റെ ആദ്യഘട്ടത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി ഒരു ഡോക്ടറുടെയും ഒരു ലാബ് ടെക്നീഷ്യന്റെയും രണ്ട് സ്റ്റാഫ് നഴ്സിന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി കൂടുതൽ സ്ഥാപനങ്ങളുടെ (പി.എച്ച്.സി./സി.എച്ച്.സി. ഉൾപ്പെടെ) പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിലവിൽ ബ്ലോക്കുതല സി.എച്ച്.സി.-കളിൽ ഐ.പി. സൗകര്യത്തോടു കൂടി 24 മണിക്കൂറും രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിത്സ നൽകിവരുന്നുണ്ട്. കൂടാതെ ഈ രോഗികൾക്ക് അത്യാവശ്യഘട്ടത്തിൽ ഡോക്ടർമാരുടെ സേവനം Call duty മുഖാന്തരം നൽകിവരുന്നുണ്ട്.

(സി) ആർദ്രത്തിന്റെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ആലപ്പുഴ ജില്ലയിൽ നിന്നും തൈക്കാട്ടുശ്ശേരി റവന്യൂ ബ്ലോക്കിലെ തൈക്കാട്ടുശ്ശേരി സി.എച്ച്.സി.-യെയും പെരുമ്പളം സി.എച്ച്.സി.-യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. അരൂർ മണ്ഡലത്തിലെ സി.എച്ച്.സി.-കളായ അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി, പെരുമ്പളം എന്നീ സ്ഥാപനങ്ങളിൽ നിലവിൽ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ഇവിടങ്ങളിൽ call duty പ്രകാരം 24 മണിക്കൂറും ചികിത്സാ സൗകര്യം ലഭ്യമാക്കിവരുന്നു.

**ചേലക്കര നിയോജകമണ്ഡലത്തിലെ ആശുപത്രികൾ**

222 (2045) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ തിരുവില്വാമല സി.എച്ച്.സി., പഴയന്നൂർ സി.എച്ച്.സി., ചേലക്കര താലൂക്കാശുപത്രി എന്നീ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചേലക്കര മണ്ഡലത്തിലെ മഹാഭൂരിപക്ഷം ജനങ്ങളും സാമ്പത്തികമായി അവശത അനുഭവിക്കുന്ന കർഷകരും, കർഷക തൊഴിലാളികളും, പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്കവിഭാഗത്തിൽപ്പെട്ടവരുമാണ് എന്നതു കണക്കിലെടുത്ത്,

ഇവർക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി തിരുവില്വാമല സി.എച്ച്.സി., പഴയന്നൂർ സി.എച്ച്.സി., ചേലക്കര താലൂക്ക് ആശുപത്രി എന്നീ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തിക സൃഷ്ടിക്കുന്നതിന് പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കുമോ;വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ സർക്കാർ ആശുപത്രികളെയും ആരോഗ്യ സംവിധാനങ്ങളെയും രോഗീസൗഹൃദമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആർദ്രം മിഷന്റെ ഭാഗമായി പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുകയും ജില്ലാതല ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളോടുകൂടി വികസിപ്പിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു. ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലായി ആർദ്രം മിഷന്റെ ഭാഗമായി 197 സ്റ്റാഫ് നഴ്സ് ഗ്രേഡ് 2-ന്റെ തസ്തികയും 84 ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2-ന്റെ തസ്തികയും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെ തസ്തികയും ഉൾപ്പെടെ ആകെ 610 തസ്തികകൾ ഇതിനകം സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. മൂന്ന് വർഷംകൊണ്ട് 5257 തസ്തികകൾ സൃഷ്ടിക്കുമെന്ന് 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വരുംവർഷങ്ങളിൽ കൂടുതൽ ആശുപത്രികളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുകയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ സി.എച്ച്.സി.-കളുടെ വികസനം**

223 (2046) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ സി.എച്ച്.സി.-കളുടെ വികസനത്തിനും മറ്റുമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) ഓരോ സി.എച്ച്.സി.-കളിലേയും അംഗീകൃത തസ്തിക എത്രയാണെന്നും, പ്രസ്തുത തസ്തികകളിലുള്ള എല്ലാവരുടെയും സേവനം ലഭ്യമാണോ എന്നും വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലം മണ്ഡലത്തിലെ സി.എച്ച്.സി.-കളുടെ വികസനത്തിനായി ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം വഴി ലഭ്യമായ ഫണ്ട് വിനിയോഗം എത്രയെന്നും എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കി എന്നും വിശദീകരിക്കാമോ?

## ഉത്തരം

(എ)

(1) സാമൂഹികാരോഗ്യകേന്ദ്രം അമ്പലപ്പാറ: അമ്പലപ്പാറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി പദ്ധതി വിഹിതത്തിൽ 30,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(2) സാമൂഹികാരോഗ്യ കേന്ദ്രം കടമ്പഴിപ്പുറം: കടമ്പഴിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1 കോടി രൂപയുടെ ഒരു കെട്ടിടം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തനതുവർഷം മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി 14 ലക്ഷം രൂപ അനുവദിച്ച് ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഡെന്റൽ യൂണിറ്റ് ആരംഭിക്കുന്നതിനായി 10 ലക്ഷം രൂപ അനുവദിക്കുകയും ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഡെന്റൽ യൂണിറ്റിലേയ്ക്ക് ഒരു ഡെന്റൽ സർജന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ലാബ് ടെസ്റ്റ് നടത്തുന്നതിനുള്ള മെഷീനുകൾ 5 ലക്ഷം രൂപയ്ക്ക് കഴിഞ്ഞ സാമ്പത്തികവർഷം വാങ്ങി സ്ഥാപിച്ച് ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ 3.30 ലക്ഷത്തിന് ഒരു ഫോട്ടോകോപ്പിയർ, 3 കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സി.എച്ച്.സി.-കളുടെ വികസനത്തിനും മറ്റുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെന്മാറ സി.എച്ച്.സി.-യിൽ ലേബർ റൂമിന്റെയും ഓപ്പറേഷൻ തിയേറ്ററിന്റെയും നവീകരണത്തിന് 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആരോഗ്യമേഖലയിലെ പദ്ധതികൾ

224 (2047) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ.സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) സംസ്ഥാനത്ത് എത്രപേർക്ക് പോഷകാഹാരക്കുറവ് കാരണമുള്ള പ്രശ്നങ്ങൾ ഉണ്ട്എന്ന് കണ്ടെത്തിയിട്ടുണ്ടോ; ജില്ല തിരിച്ച് വിവരങ്ങൾ ലഭ്യമാണോ;

(സി) ഗ്രാമപ്രദേശങ്ങളിൽ അവശ്യത്തിന് കലോറി വേണ്ട ഭക്ഷണങ്ങൾ കഴിക്കാതെയുള്ള രോഗങ്ങൾ പിടിപെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ Infrastructure Maintenance എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നാല് കമ്പോണന്റുകളിലായി കുടുംബക്ഷേമം എന്ന 19-ാം ധനാഭ്യർത്ഥനയിൽപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളാണ് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതികളിൽ 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു*.

നാഷണൽ ഹെൽത്ത് മിഷനുമായി ബന്ധപ്പെട്ട പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം രണ്ടായി ചേർക്കുന്നു*.

ആരോഗ്യ വകുപ്പിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം മൂന്നായി ചേർക്കുന്നു*.

(ബി) 2012-16 കാലയളവിൽ സംസ്ഥാനതലത്തിൽ നടത്തിയ പഠനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 5 വയസ്സിന് താഴെയുള്ള കുട്ടികൾ:- ഭാരക്കുറവുള്ളവർ | - | 17% |
| അനീമിയ (കൗമാരക്കാരായ പെൺകുട്ടികൾ) | - | 31.73% |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനീമിയ (15-49 വയസ്സ്) സ്ത്രീകൾ - 37%

ഗ്രാമപ്രദേശത്ത് താമസിക്കുന്ന സ്ത്രീകൾ
(ബോഡി മാസ് ഇൻഡക്സ് < 18.5) - 5.8%

അമിതഭാരമുള്ളവർ (ബോഡി മാസ് ഇൻഡക്സ് > 23) - 47%

സ്കൂൾ കുട്ടികളിലെ പോഷണനിലവാര നിർണ്ണയപ്പട്ടിക ജില്ല തിരിച്ച് അനുബന്ധം രണ്ടായി ചേർക്കുന്നു*.

(സി) അത്തരത്തിലുള്ള പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

## നർക്കിലക്കാട് പി.എച്ച്.സി.-സി.എച്ച്.സി.-യായി ഉയർത്താനുള്ള നടപടി

225 (2048) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര മേഖലയിലെ പ്രധാന ആതുരാലയമായ നർക്കിലക്കാട് പി . എച്ച് .സി -സി .എച്ച് .സി.-ആയി ഉയർത്തി, കിടത്തി ചികിത്സ ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മലയോര കുടിയേറ്റ മേഖകളിൽപ്പെട്ട പഞ്ചായത്തുകളിലെ പ്രധാന ആതുരാലയമായ പ്രസ്തുത സ്ഥാപനത്തിൽ കിടത്തി ചികിത്സ നടത്താൻ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതിനാൽ ഈ സ്ഥാപനം ഈ വർഷം തന്നെ അപ്ഗ്രേഡ് ചെയ്യാൻ നടപടികൾ ഉണ്ടോകുമോ;വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) നിലവിൽ സർക്കാർ ആശുപത്രികളുടെ പദവി ഉയർത്തുക യെന്നതല്ല നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിച്ച് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുകയെന്നതാണ് ആർദ്രം പദ്ധതിയിലൂടെ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ടി സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച നൽകുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെടേണ്ട ആശുപത്രികളുടെ കരട് പട്ടികയിൽ കാസർഗോഡ് ജില്ലയിലെ നർക്കിലക്കാട് പി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊല്ലം ജില്ലാ ആശുപത്രിയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ

226 (2049) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലാ ആശുപത്രിയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ വിവിധ തലത്തിൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൊല്ലം ജില്ലാ ആശുപത്രിയിൽ സൂപ്പർസ്പെഷ്യാലിറ്റി സേവനം വിപുലപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) കൊല്ലം ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കൊല്ലം ജില്ലാ ആശുപത്രിക്ക് ആർദ്രം പദ്ധതിയിലൂടെ (OPD Transformation in District Hospitals Kollam) 137 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക എൻ.എച്ച്.എം.-ന് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ CATH&KV നിർമ്മാണത്തിനുവേണ്ടി കൊല്ലം ജില്ലാ ആശുപത്രിക്കും എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ആശുപത്രികൾക്കും കൂടി ആകെ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത തുക കെ.എം.എസ്.സി.എൽ.-ന് കൈമാറുകയും ചെയ്തിട്ടുണ്ട്.

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലാ ആശുപത്രിയിൽ ഏകദേശം 8 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബും കൊറോണറി കെയർ യൂണിറ്റും സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

(ബി) കൊല്ലം ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനം വിപുലപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന 9 തരം ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

1. ഫ്യൂമിഗേഷൻ ഡിസ്പെൻസർ
2. മൾട്ടിപരാമീറ്റർ മോണിറ്റർ

3. വീഡിയോ ലാരിഞ്ചോസ്കോപ്പ്

4. പവർ ഡ്രിൽ ആന്റ് റീമർ

5. സിസ്റ്റോസ്കോപ്പി ഉപകരണങ്ങൾ, ടെലിസ്കോപ്പ്, ലൈറ്റ്സോഴ്സ് ആന്റ് എച്ച്.ഡി.ക്യാമറ

6. കണക്റ്റിംഗ് ബ്രിഡ്ജ് അനുബന്ധ ഉപകരണങ്ങൾ

7. സിസ്റ്റോസ്കോപ്പ് യൂറേത്രോസ്കോപ്പ്

8. ഹെമി ആർത്രോസ്കോപ്പി

9. ഓപ്പറേഷൻ ടേബിൾ ഓർത്തോപീഡിക്

ഇതിൽ ആദ്യത്തെ നാല് ഉപകരണങ്ങൾക്ക് വിതരണം ചെയ്യുന്നതിന് കെ.എം.എസ്.സി.എൽ.-ന് അനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ളതും യൂറോളജി ശസ്ത്രക്രിയ വിഭാഗത്തിന് ഉപയോഗിക്കുന്നതുമായ അഞ്ച് തരം ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കൊല്ലം ജില്ലാ ആശുപത്രിയിൽ കൺസൾട്ടന്റ് (ജനറൽ സർജറി) - 2

കൺസൾട്ടന്റ് (റേഡിയോ ഡയഗ്നോസിസ്/റേഡിയോ തെറാപ്പി) - 1

കൺസൾട്ടന്റ്(ഫോറൻസിക് മെഡിസിൻ) - 1

കൺസൾട്ടന്റ് (ദന്തൽ ) - 1

സീനിയർ കൺസൾട്ടന്റ്(ദന്തൽ ) - 1

എന്നീ ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### അടിമാലി താലൂക്ക് ആശുപത്രിക്ക് അനുവദിച്ച തുക

227 (2050) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ അടിമാലി താലൂക്ക് ആശുപത്രിക്ക് ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി എത്ര തുകയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിക്കപ്പെട്ടതെന്ന് വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ അടിമാലി താലൂക്ക് ആശുപത്രിക്ക് ഈ സർക്കാരിന്റെ കാലത്ത് 768.578 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഡയാലിസിസ് യൂണിറ്റ് | - | 360 ലക്ഷം രൂപ |
| | കാത്ത് ലാബ് + ഐ.സി.യു | - | 376.578 ലക്ഷം രൂപ |
| | ഐ.സി.യു. ആംബുലൻസ് | - | 32 ലക്ഷം രൂപ |
| | ആകെ | - | 768.578 ലക്ഷം രൂപ |

**തലശ്ശേരി ജനറൽ ഹോസ്പിറ്റലിന് തിയേറ്റർ കോംപ്ലക്സ്**

228 (2051) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും തലശ്ശേരി ജനറൽ ഹോസ്പിറ്റലിന് തിയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് 150 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി ലഭ്യമായ പ്രസ്തുത പ്രവർത്തിയുടെ സാങ്കേതിക അനുമതി ലഭ്യമായോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 14-2-2017-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 3529/2017/ആ.കു.വ. പ്രകാരം Old Surgical Ward പുതുക്കി നിർമ്മിക്കുന്നതിനായി 1,45,32,549 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനുള്ള സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പിൽനിന്നു ലഭ്യമാക്കുന്നതിന് ടി വകുപ്പിന്റെ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## വൈത്തിരി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക്

229 (2053) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലഡ് ബാങ്ക് സൗകര്യമില്ലാത്ത എത്ര താലൂക്കാശുപത്രികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

| | |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 4 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 2 |
| കോട്ടയം | 3 |
| ഇടുക്കി | 4 |
| എറണാകുളം | 11 |
| തൃശ്ശൂർ | 3 |
| പാലക്കാട് | 6 |
| മലപ്പുറം | 6 |
| കോഴിക്കോട് | 7 |
| വയനാട് | 1 |
| കണ്ണൂർ | 7 |
| കാസർഗോഡ് | 2 |

(ബി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി

230 (2054) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമാക്കെയർ, സർജിക്കൽ വാർഡ്, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നബാർഡ് സഹായത്തോടെ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലേയ്ക്ക് ട്രോമാകെയർ ആന്റ് സർജിക്കൽ വാർഡ് നിർമ്മിക്കുന്നതിനായി 4 കോടി 35 ലക്ഷം രൂപയുടെ ശിപാർശ നബാർഡ് RIDF (TRANCHE XXIII) 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. ഈ ആശുപത്രിയിൽ സി.റ്റി. സ്കാൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സ്വീകരിച്ചുവരുകയാണ്.

## ചിറ്റൂർ താലൂക്ക് ആശുപത്രിയുടെ വികസനം

231 (2055) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്ക് ആശുപത്രിയുടെ വികസനം സംബന്ധിച്ച് ഇതേവരെ താലൂക്ക് ആശുപത്രിയിൽ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; യോഗ നടപടിക്കുറിപ്പുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ആശുപത്രി വികസനത്തിനായി എത്ര പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്; ഈ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ആശുപത്രി സൂപ്രണ്ട്, ഡി.എം., മെഡിക്കൽ ഡയറക്ടർ എന്നിവർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നു വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ മെഡിക്കൽ ഡയറക്ടർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ആശുപത്രി വികസനത്തിനായി തയ്യാറാക്കിയ പ്ലാനുകൾ, പദ്ധതി രേഖകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 3 യോഗങ്ങൾ നടന്നു. യോഗനപടിയുടെ പകർപ്പ് അനുബന്ധം ഒന്നായി ചേർക്കുന്നു*.

(ബി&സി) ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ അത്യാഹിത വിഭാഗത്തിന് മുകൾ നിലയിൽ ബെറാ റൂം (ഇ.എൻ.ടി), എഫ്.ഡബ്ല്യൂ.യു.മെഡിക്കൽ സ്റ്റോർ, കാഷ്വാലിറ്റി മെഡിക്കൽ സ്റ്റോർ എന്നിവ ആർ.എസ്.ബി.വൈ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട പ്ലാനുകൾ, പദ്ധതി രേഖകൾ ഇവയുടെ പകർപ്പ് അനുബന്ധം രണ്ടായി ചേർക്കുന്നു*.

**മാനന്തവാടി ജില്ലാ ആശുപത്രിക്ക് സ്പെഷ്യാലിറ്റി പദവി**

232 (2056) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ജില്ലാ ആശുപത്രിയുടെ നിലവിലുള്ള ബെഡ് സ്ട്രെങ്ത് ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മാനന്തവാടി ജില്ലാ ആശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

(ബി നിലവിൽ പദവി ഉയർത്തുകയെന്നതല്ല ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും, ആവശ്യമായ തസ്തികകളും സൃഷ്ടിക്കുന്നതു സംബന്ധിച്ച നടപടികൾ ഘട്ടംഘട്ടമായി പൂർത്തീകരിച്ച് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുകയെന്നതാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലാ ആയുർവ്വേദ ആശുപത്രി

233 (2057) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആയുർവ്വേദ ആശുപത്രി നൂറു കിടക്കകളുള്ള ആശുപത്രിയായി ഉയർത്താൻ നടപടികൾ ഉണ്ടാകുമോ;

(ബി) എൻഡോസൾഫാൻ ദുരിത ബാധിതർ ഉൾപ്പെടെ ആശ്രയിക്കുന്ന പ്രസ്തുത സ്ഥാപനം കേരളത്തിലെ മറ്റ് ജില്ലാ ആയുർവ്വേദ ആശുപത്രികളെ പോലെ തന്നെ നൂറു കിടക്കകളുള്ള ആശുപത്രിയായി ഉയർത്താൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലാ ആയുർവ്വേദ ആശുപത്രി നിലവിൽ 50 കിടക്കകളുള്ള ആശുപത്രിയാണ്. നിലവിലുള്ള കെട്ടിടത്തിൽ നൂറ് കിടക്കകളായി ഉയർത്താനുള്ള സ്ഥലസൗകര്യമില്ല. കാസർഗോഡ് ജില്ലാ വികസന പദ്ധതിയിലുൾപ്പെടുത്തി പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടുപ്രകാരം പുതിയ കെട്ടിടം പണിയുന്നതിന് നിലവിൽ 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. പണി പൂർത്തിയാക്കി ടി ആശുപത്രി നൂറ് കിടക്കകളായി ഉയർത്താനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

കൂടാതെ ടി ആശുപത്രിയുടെ ഭാവി വികസനത്തിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഒരുക്കുന്നതിനായി ഭൂമി വിട്ടുകിട്ടുന്നതിന് റവന്യൂ അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്.

## നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രി

234 (2058) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രിയിൽ അടിയന്തരമായി തസ്തികകൾ അനുവദിക്കണമെന്നതടക്കമുള്ള ജനപ്രതിനിധിയുടെ നിവേദനത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ ഉള്ളടക്കവും തുടർന്ന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രി 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് 11-5-2017-ൽ ജനപ്രതിനിധി നല്കിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, പ്രസ്തുത നിവേദനത്തിലെ ആവശ്യം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) നിവേദനത്തിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ട റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിലവിൽ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രിയും കൊല്ലം ജില്ലാ ആശുപത്രിയും ഒരേ താലൂക്കിൽ ഉൾപ്പെട്ടതിനാൽ ആദ്യഘട്ടത്തിൽ കൊല്ലം ജില്ലാ ആശുപത്രിയെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ നെടുങ്ങോലം താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ ലഭിക്കുന്ന പക്ഷം ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡോക്ടറുടെ സേവനം**

235 (2059) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാഷ്വാലിറ്റിയിൽ രാത്രി 8 മണി മുതൽ രാവിലെ 8 മണി വരെ റോഡ് അപകടങ്ങളിലും മറ്റ് അപകടങ്ങളിലും പരിക്കേറ്റ് വരുന്നവരെ ചികിത്സിക്കുന്നതിന് സർജറി ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) അപകടങ്ങളിൽ ചെറിയ പരിക്കേറ്റ് രാത്രി കാലങ്ങളിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എത്തുന്നവരെ മെഡിക്കൽ കോളേജിൽ അയയ്ക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒരു മാസം എത്ര പേരെ അയയ്ക്കുന്നുണ്ട് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ അപകടങ്ങളിൽ പരിക്കേറ്റ് എത്തുന്നവർക്ക് ചികിത്സ നൽകുന്നതിനു സർജറി ഡോക്ടറുടെ സേവനം രാത്രി 8 മണി മുതൽ രാവിലെ 8 മണി വരെ നൽകാൻ നടപടി സ്വീകരിക്കാമോ;

(ഡി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഗർഭിണികളെ നോക്കുന്നതിനു രാത്രി കാലങ്ങളിൽ ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ ഡി .എം. ഒ.-യ്ക്ക് നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ലഭ്യമാക്കിയിട്ടില്ല

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ സർജറി ഡോക്ടർമാരുടെ കുറവുണ്ട്. സർജറി ഡോക്ടർമാർ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യം പരിശോധിക്കാവുന്നതാണ്.

(ഡി) നിലവിൽ ഓൺകോൾ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

## കരുനാഗപ്പള്ളിയിലെ ആശുപത്രികൾക്ക് ആംബുലൻസ്

236 (2060) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിക്കും തഴവ പ്രാഥമികാരോഗ്യ കേന്ദ്രത്തിനും ആംബുലൻസ് വാങ്ങുന്നതിനുവേണ്ടി 2015-16-ലെ ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ പ്രസ്തുത ആശുപത്രികൾക്ക് ആംബുലൻസ് വാങ്ങിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആംബുലൻസ് വാങ്ങുന്നതിനുണ്ടായ കാലതാമസത്തിന് കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) എത്രയും വേഗം ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കരുനാഗപ്പള്ളി, തഴവ ആശുപത്രികൾക്ക് ആംബുലൻസുകൾ വാങ്ങുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളിൽ ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ മേൽ ന്യൂനതകൾ പരിഹരിച്ച് ലഭിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹൗസ് സർജൻസി ചെയ്യുന്നവർക്ക് സ്റ്റൈപ്പന്റ്

237 (2061) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ ഹൗസ് സർജൻസി ചെയ്യുന്നവർക്ക് സ്റ്റൈപ്പന്റ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;സ്റ്റൈപ്പന്റ് നൽകാത്ത മെഡിക്കൽ കോളേജുകളുടെ മേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ ഹൗസ് സർജൻസി ചെയ്യുന്നവർക്ക് സ്റ്റൈപ്പന്റ് നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## ഇടുക്കി മെഡിക്കൽ കോളേജ്

238 (2062) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി മെഡിക്കൽ കോളേജിലെ പോരായ്മകൾ പരിശോധിച്ച് ആയത് പരിഹരിക്കുന്നതിനും മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിനും അടുത്ത അധ്യയന വർഷം അഡ്മിഷൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇടുക്കി മെഡിക്കൽ കോളേജ് പുനരാരംഭിക്കുന്നതിനും വരും അദ്ധ്യയന വർഷങ്ങളിൽ എം.ബി.ബി.എസ്. അഡ്മിഷൻ ആരംഭിക്കുന്നതിനുവേണ്ടി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

## അസ്ഥിരോഗ ചികിത്സാ ഇൻസ്റ്റിറ്റ്യൂട്ട്

239 (2063) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് അസ്ഥി സംബന്ധമായ ചികിത്സക്കും ഗവേഷണങ്ങൾക്കുമായി സ്വയംഭരണ സ്വഭാവത്തോടുകൂടിയ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സർക്കാർ, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

ഉത്തരം

ആരോഗ്യ വകുപ്പിൽ നിലവിലുള്ള സ്പെഷ്യാലിറ്റികളെ സ്ഥാപന വൽക്കരിച്ച് ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുക എന്നത് സർക്കാർ നയമല്ല. അതുകൊണ്ടുതന്നെ നിലവിലുള്ള സ്പെഷ്യാലിറ്റികൾക്ക് അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമെ ആധുനിക സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തുന്നതിനാണ് മുന്തിയ പരിഗണന നൽകിയിട്ടുള്ളത്. അപകടത്തിൽപ്പെടുന്നവർക്ക് അസ്ഥികൾക്കും തലച്ചോറിനും ഏൽക്കുന്ന ക്ഷതം അതീവ ശ്രദ്ധയോടെയുള്ള പരിചരണം ആവശ്യമായിട്ടുള്ള തായതിനാൽ ശാസ്ത്രീയമായി ട്രോമാകെയർ സംവിധാനം വികേന്ദ്രീകരിക്കപ്പെട്ട രീതിയിൽ ഏർപ്പെടുത്തുക എന്നത് ഈ ലക്ഷ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചുവടുവയ്പ്പാണ്. ട്രോമാകെയറിന്റെ ഭാഗമായി അസ്ഥിവിഭാഗത്തിനും തലച്ചോർ സംബന്ധമായും ഉണ്ടാകുന്ന രോഗങ്ങൾക്ക് അതീവ പ്രാതിനിധ്യം നൽകി മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാനാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഈ സാഹചര്യത്തിൽ അസ്ഥിസംബന്ധമായ ചികിത്സയ്ക്കും ഗവേഷണത്തിനും മാത്രമായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

## കോഴിക്കോട് മെഡിക്കൽ കോളേജ്

240 (2064) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ ആശുപത്രിയിലുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേയും ഇതിനു കീഴിലെ അനുബന്ധ ആശുപത്രികളിലേയും ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി "ഇമേജ്" എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. "ഇമേജ്" മുഖേന ഇത്തരം മാലിന്യങ്ങൾ കൃത്യമായി നിർമ്മാർജ്ജനം ചെയ്തുവരുന്നു. ഭക്ഷ്യമാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് ആയത് പ്രയോജനപ്പെടുത്തി ആശുപത്രി പ്രവർത്തനത്തിനുള്ള ബയോഗ്യാസ് ഉൽപ്പാദിപ്പിച്ചുവരുന്നു. ഈ സ്ഥാപനത്തിനു കീഴിൽ സ്ഥാപിച്ചിട്ടുള്ള 2 ഇൻസിനറേറ്ററുകളിൽ ഒന്ന് പ്രവർത്തനക്ഷമമല്ലാത്തതിനാൽ പുതിയ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള റീ-ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ആശുപത്രി പ്രവർത്തനത്തിന്റെ ഭാഗമായും, പൊതുജനങ്ങൾ ഉപേക്ഷിച്ചുപോകുന്ന ഇനത്തിലും രൂപപ്പെടുന്ന മാലിന്യങ്ങൾ വേർതിരിച്ച് പ്ലാസ്റ്റിക്, റബ്ബർ ഉൽപ്പന്നങ്ങൾ കരാറുകാർ മുഖേന നീക്കം ചെയ്ത് ബാക്കിവരുന്ന കടലാസ്, തുണി, ഇലകൾ, നെയ്ത്തുപായകൾ തുടങ്ങിയ ഗുരുതരമായ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കാത്ത ഉൽപ്പന്നങ്ങൾ ഇൻസിനറേറ്ററിന്റെ സഹായത്തോടെ സംസ്കരിച്ചുവരുന്നു.

(ബി) ഉണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടേയും അതിനോടനുബന്ധിച്ചുള്ള ആശുപത്രികളുടേയും മലിനജല ശുദ്ധീകരണത്തിനായുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ മലിനജല സംഭരണിയുടെ സംഭരണശേഷി അപര്യാപ്തമായതിനാൽ ജില്ലയിലെ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് പ്രയോജനപ്പെടുത്തി ശാസ്ത്രീയമായി സംവിധാനം ചെയ്ത പുതിയ മലിനജല സംഭരണി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ രണ്ടാം ഘട്ടത്തിന്റെ പ്രാരംഭ നടപടികൾ കേന്ദ്രസർക്കാരിന്റെ അമൃതം പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൺട്രോൾഡ് ഓക്സിജൻ റൊട്ടേറ്റിംഗ് ടെക്നോളജി ഉപയോഗിച്ച് മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് ആശുപത്രി വികസന സമിതി മുഖാന്തിരം സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

## മെഡിക്കൽ കോളേജുകളിലെ അത്യാഹിതവിഭാഗം നവീകരിക്കൽ

241 (2065) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ അത്യാഹിതവിഭാഗം നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) റോഡപകടങ്ങളും മറ്റ് അത്യാഹിതങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മെഡിസിൻ, സർജറി, ഓർത്തോ, കാർഡിയോളജി എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരെ ഏകോപിപ്പിച്ചുകൊണ്ട് പുതിയ എമർജൻസി മെഡിക്കൽ വിഭാഗം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അത്യാഹിത വിഭാഗത്തിൽ കാലതാമസം കൂടാതെ ചികിത്സ ലഭ്യമാക്കുവാനായി, നഴ്സുമാർക്ക് ആവശ്യമായ പരിശീലനം നൽകുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിക്കൽ വിഭാഗം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ എമർജൻസി മെഡിക്കൽ വിഭാഗം ആരംഭിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ 29-12-2017-ലെ സ.ഉ. (എം.എസ്) നമ്പർ 196/2017/ആ.കു.വ. ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ സ്റ്റാഫ് നഴ്സുമാർക്കും അത്യാഹിത വിഭാഗങ്ങളിലേയ്ക്ക് ഡ്യൂട്ടി നോക്കുന്നതിനുവേണ്ട പരിശീലനങ്ങൾ നൽകിവരുന്നുണ്ട്.

## പാരിപ്പള്ളി മെഡിക്കൽ കോളേജ്

242 (2066) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ.-യുടെ അധീനതയിലായിരുന്ന പാരിപ്പള്ളി മെഡിക്കൽ കോളേജിനെ സംസ്ഥാന സർക്കാരിന് കൈമാറിയ നടപടി ഡൽഹി ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ;

(ബി) ഇ.എസ്.ഐ. നിയമത്തിലെ 59(ബി) വകുപ്പ് പ്രകാരം സ്ഥാപിതമായ പ്രസ്തുത മെഡിക്കൽ കോളേജ്, നിയമം ഭേദഗതി ചെയ്യാതെ സംസ്ഥാന സർക്കാരിന് കൈമാറിയ നടപടി നിയമവിരുദ്ധമാണെന്ന് കോടതി കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ഉണ്ടോ;

(ഡി) ഈ വർഷം പ്രസ്തുത കോളേജിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിധി ലഭിച്ചിട്ടേയുള്ളൂ. ഇത് ഇ.എസ്.ഐ. കോർപ്പറേഷനും നിയമ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഈ വർഷം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കുവേണ്ടി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്തു. ഒന്നാം വർഷ പഠനത്തിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുകയും കുട്ടികൾ യഥാസമയം പരീക്ഷ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ സംബന്ധിച്ച റിപ്പോർട്ട് മെഡിക്കൽ കൗൺസിലിനും, കേന്ദ്ര ആരോഗ്യ വകുപ്പിനും, മേൽനോട്ട കമ്മിറ്റിക്കും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോടതിവിധി നിലവിലെ സാഹചര്യങ്ങൾക്ക് എതിരാകുന്ന പക്ഷം ആവശ്യമായ നിയമ നടപടികൾ കൈക്കൊള്ളുന്നതാണ്.

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വികസനപ്രവർത്തനങ്ങൾ**

243 (2067) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇത് എന്ന് ആരംഭിച്ചുവെന്നും ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

244 (2068) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകുന്ന അവശ്യ മരുന്നുകൾ സമയബന്ധിതമായി സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ; ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ജനറിക് മരുന്നുകൾ കൂടാതെ അത്യാവശ്യഘട്ടത്തിൽ ഡോക്ടർമാർ നിർദേശിക്കുന്ന സ്പെഷ്യാലിറ്റി മരുന്നുകൾ കൂടി സൗജന്യമായി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ബ്രാൻഡഡ് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കാരുണ്യ ഫാർമസികൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പുതുതായി ആരംഭിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ഏതെല്ലാമാണ്;

(ഡി) കെ.എം.എസ്.സി.എൽ-ൽ ആരംഭിച്ച കേരള ജനറിക് സംരംഭത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) ആരോഗ്യവകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള വിദഗ്ധരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ അവശ്യമരുന്ന പട്ടികയനുസരിച്ചുള്ള ക്രോഡീകരിച്ച വാർഷിക ഇൻഡന്റുകൾ ആരോഗ്യവകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും മുൻകൂട്ടി സ്വീകരിച്ച് ഇ-ദർഘാസ് ക്ഷണിക്കുകയും അപ്രകാരം ലഭ്യമായ ബിഡുകളിൽ നിന്നും ദർഘാസ് നടപടിക്രമങ്ങളുടെ ഭാഗമായുള്ള സാങ്കേതിക പ്രമാണങ്ങളുടെ സൂക്ഷ്മപരിശോധന, അതിൽ യോഗ്യത നേടുന്ന മരുന്ന വിതരണ കമ്പനികളുടെ ഫാക്ടറി പരിശോധന തുടങ്ങിയവ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടേയും സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ കീഴിലുള്ള എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ നടത്തുകയും ചെയ്യുന്നു. മറ്റു നടപടികൾ പൂർത്തീകരിച്ച് വിതരണ അനുമതിയും

വിതരണ ഉത്തരവ് നൽകുകയും മരുന്നുകൾ കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന മുറയ്ക്ക് അവ അതത് സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്തുകയുമാണ് ചെയ്യുന്നത്.

രക്താദിസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം തുടങ്ങിയ ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി വിതരണം നടത്തിവരുന്നുണ്ട്. കൂടാതെ സർക്കാരിന്റെ വിവിധ ആരോഗ്യ പദ്ധതികളുടെ ഭാഗമായി നടപ്പാക്കുന്ന ജീവിതശൈലീ രോഗചികിത്സാ പദ്ധതിക്കാവശ്യമായ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന സൗജന്യമായി ലഭ്യമാക്കിവരുന്നുണ്ട്.

(ബി) തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം താഴെപ്പറയുന്ന 11 ആശുപത്രികളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

1. ജനറൽ ആശുപത്രി, തിരുവനന്തപുരം
2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പാറശ്ശാല
3. മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം
4. താലൂക്ക് ആശുപത്രി, ചങ്ങനാശ്ശേരി
5. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചേർത്തല
6. താലൂക്ക് ആശുപത്രി, പേരാമ്പ്ര
7. താലൂക്ക് ആശുപത്രി, കൂത്തുപറമ്പ്
8. താലൂക്ക് ആശുപത്രി, പയ്യന്നൂർ
9. ജനറൽ ആശുപത്രി, തലശ്ശേരി
10. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ്
11. ജനറൽ ആശുപത്രി, കൽപ്പറ്റ

ഡി) സർക്കാർ ആശുപത്രികൾ വഴി ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ടെങ്കിലും ചില കുറിപ്പടികൾക്കെങ്കിലും പുറത്തു പോകുന്നതുവഴി സാധാരണക്കാരന് ഉണ്ടായേക്കാവുന്ന സാമ്പത്തിക ബാധ്യത ലഘൂകരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരള മെഡിക്കൽ സർവ്വീസസ്

കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച പുതിയ സംരംഭമാണ് കേരള ജനറിക്സ്. ബ്രാൻഡഡ് നാമത്തിലല്ലാതെ രാസനാമത്തിൽ തന്നെ പൊതു വിപണിയിൽ ലഭ്യമാകുന്ന ഇത്തരം മരുന്നുകൾ ബ്രാൻഡഡ് മരുന്നുകളെപ്പോലെതന്നെ തുല്യ ഗുണനിലവാരം ഉള്ളവയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച വിവിധയിനം പദ്ധതികളിലൂടെയും ഡോക്ടർമാരുടെ കുറിപ്പടികളിലൂടെയും ആവർത്തിച്ച് വരുന്ന മരുന്നുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേരള ജനറിക്സ് ആവശ്യമായ മരുന്നുകളുടെ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. കേരളത്തിലെ ജനങ്ങളിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ജീവിതശൈലി രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള മരുന്നുകളും പൊതുവായുള്ള ആന്റിബയോട്ടിക്കുകളും ഉൾപ്പെടെ 94 ഇനം ജനറിക് മരുന്നുകളാണ് ആദ്യഘട്ടത്തിൽ കേരള ജനറിക്സ് ഫാർമസികളിലൂടെ വിതരണം ചെയ്തുവരുന്നത്. കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിച്ചുവരുന്ന കേരള ജനറിക്സ് ഫാർമസികളിൽ വരുന്ന ഉപഭോക്താക്കളുടെ അന്വേഷണങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്ത് രണ്ടാം ഘട്ടത്തിൽ 60 ഇനം മരുന്നുകൾ കൂടി കേരള ജനറിക്സ് ഫാർമസികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ടി പട്ടികയിൽ നിന്ന് 30 ഇനത്തോളം മരുന്നുകൾ ഫാർമസികളിലൂടെ വിതരണം ചെയ്തുവരികയും ചെയ്യുന്നു.

## അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർക്കെതിരെ നടപടി

245 (2069) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലുമായി നിലവിൽ എത്ര ഡോക്ടർമാരുണ്ടെന്നും അവരിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നവർ എത്രയെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഇവർക്കെതിരെ നാളിതുവരെ ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) അനധികൃതമായി ജോലിക്ക് ഹാജരാകാതെയുള്ളവരുടെ നിലവിലെ ജോലി സംബന്ധമായ വിവരങ്ങൾ വകുപ്പിന്റെ പക്കലുണ്ടോ; എങ്കിൽ വിദേശത്തും സ്വകാര്യ മേഖലയിലും ജോലി ചെയ്യുന്നവർ എത്രയെന്നും അവർ ആരെല്ലാം എന്നും വ്യക്തമാക്കുമോ;

(ഡി) പി.എസ്.സി വഴി ഡോക്ടർ തസ്തികയിലേക്ക് ജോലി നൽകാൻ നടപടികൾ സ്വീകരിച്ചുവെങ്കിലും നാളിതുവരെ പ്രസ്തുത ജോലി സ്വീകരിക്കാത്തവർ എത്രയെന്ന് അറിയിക്കുമോ; അപേക്ഷിച്ചശേഷം ജോലിക്ക് വരാത്ത ഡോക്ടർമാർക്കെതിരെ എന്തു നടപടികൾ നിയമപരമായി സ്വീകരിക്കാൻ കഴിയും എന്നും ആയതിനായി സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

**എല്ലാ പഞ്ചായത്തിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ**

246 (2070) ഡോ. എൻ. ജയരാജ് :

ശ്രീ. പി. ജെ. ജോസഫ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി ഹെൽത്ത് സെന്ററുകൾ വഴി നടപ്പിലാക്കിവരുന്ന പദ്ധതികളും സ്കീമുകളും എന്തൊക്കെയാണ്; അവയുടെ പ്രാഥമിക ധർമ്മങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) എല്ലാ പഞ്ചായത്തിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) പി.എച്ച്.സി. ആയി പ്രവർത്തിച്ചുവന്നിരുന്ന ആശുപത്രികൾ ഫാമിലി ഹെൽത്ത് സെന്ററുകളായും താലൂക്ക് ആശുപത്രികളായും ജനറൽ ആശുപത്രികളായും അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പി.എച്ച്.സി.-കൾ വഴി നടത്തിവന്നിരുന്ന പദ്ധതികളും സ്കീമുകളും ഇപ്പോൾ എങ്ങനെയാണ് നടത്തുന്നത്; വിശദമാക്കാമോ;

(ഇ) അത്തരം പി. എച്ച്. സി.-കൾക്ക് പകരം സെന്ററുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രാഥമികാരോഗ്യ പരിചരണം, രോഗപ്രതിരോധം, വിവിധ ദേശീയ സംസ്ഥാന ആരോഗ്യ പരിപാടികളുടെ നടത്തിപ്പിന് രൂപം നൽകുക, ഒ.പി സേവനങ്ങൾ, ഒബ്സർവേഷൻ ബെഡ് സൗകര്യങ്ങൾ, മാതൃശിശു ആരോഗ്യ പരിചരണം, പകർച്ചവ്യാധി നിയന്ത്രണം, കേരളത്തിലെ മാറിയ സാഹചര്യങ്ങളിൽ ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം എന്നിവയാണ് പ്രൈമറി ഹെൽത്ത് സെന്റർ വഴി നടപ്പിലാക്കിവരുന്നത്.

(ബി) ഉണ്ട്. ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രമോ, സി. എച്ച്. സി.-യോ, താലൂക്ക് ആശുപത്രിയോ ഉണ്ടായിരിക്കണമെന്നതാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നയം.

(സി&ഡി) നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഇവയെ പ്രവർത്തന ക്ഷമമാക്കുന്നതിനുവേണ്ടിയുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകൾ, രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ, ടോയ്‌ലെറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രെയിനേജുകൾ എന്നിവയ്ക്കായി 23 (ഇരുപത്തി മൂന്ന്) കോടി രൂപയുടെ പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം വഴി അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേയ്ക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുമുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നടത്തിവന്നിരുന്ന എല്ലാ സ്കീമുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഭാഗമായി തുടരുന്നതിനാൽ ഇതിനു പകരം പുതിയ സെന്ററുകൾ സ്ഥാപിക്കേണ്ടതായി വരുന്നില്ല.

## ആർദ്രം പദ്ധതി- പി.എച്ച്.സി-യെ സി.എച്ച്.സി.-ആയി അപ്ഗ്രേഡ് ചെയ്യാൻ നടപടി

247 (2071) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 2018-ൽ ഏതെങ്കിലും പി.എച്ച്.സി.- യെ സി.എച്ച്.സി.-ആയി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലയിൽ പി.എച്ച്.സി.-യിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സി.എച്ച്.സി.-ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) ഇതോടൊപ്പം ആദിവാസി മേഖലയിൽ നിന്നുമുൾപ്പെടെ നിരവധി ആൾക്കാർ ചികിത്സതേടിയെത്തുന്ന മലയോരമേഖലയിലെ ആശുപത്രിയായ വെള്ളറട സി.എച്ച്.സി.-ലെ സ്റ്റാഫ് പാറ്റേൺ അപ്ഗ്രേഡ് ചെയ്ത് താലൂക്ക് ആശുപത്രിയായി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ സർക്കാർ ആശുപത്രികളുടെ പദവി ഉയർത്തുക എന്നതല്ല നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിച്ച് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ടി സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെടേണ്ട ആശുപത്രികളുടെ കരട് പട്ടികയിൽ കൊല്ലം പി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കോട്ടയ്ക്കൽ ഇരിമ്പിളിയം ആയുർവ്വേദ ഡിസ്പെൻസറി**

248 (2072) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം ആയുർവ്വേദ ഡിസ്പെൻസറിയുടെ പ്രവർത്തനം താൽക്കാലികമായി മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ആയതു സംബന്ധിച്ച് ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ (ISM) ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം വകുപ്പിന് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം പരിശോധിച്ചിട്ടുണ്ടോ;

(സി) പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം അംഗീകരിച്ച് അടിയന്തര നടപടി സ്വീകരിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമായ വിവരം നൽകുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി&സി) ഇതുസംബന്ധിച്ച് ഭാരതീയ ചികിത്സാ വകുപ്പിൽ ലഭിച്ചിട്ടുള്ള പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്മേൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു. ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**കുട്ടനാട് മണ്ഡലത്തിലെ പി.എച്ച്.സി.-കളിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി**

249 (2073) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് മണ്ഡലം ജലാശയങ്ങൾ നിറഞ്ഞതും യാത്രാ സൗകര്യം പൂർണ്ണമായും ജലമാർഗ്ഗമാണെന്നതും പരിഗണിച്ച്, ഈ മണ്ഡലത്തിലെ ചമ്പക്കുളം, തകഴി, എടത്വാ, ചെമ്പുംപുറം, വെളിയനാട്, കൈനകരി എന്നീ പി.എച്ച്.സി.-കളിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ കഴിയുമോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

ചമ്പക്കുളം, തകഴി, എടത്വാ, ചെമ്പുംപുറം, വെളിയനാട്, കൈനകരി എന്നീ പി.എച്ച്.സി.കളിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

**ടി.ബി. സെന്ററിന്റെ പുനരുദ്ധാരണം**

250 (2074) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പശ്ചിമകൊച്ചിയിലെ കരുവേലിപ്പടിയിൽ 1950-ൽ സ്ഥാപിതമായ ജില്ലാ ടി.ബി. സെന്ററിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ഉത്തരം

ഇതു സംബന്ധിച്ച പ്രൊപ്പോസലുകൾ ഒന്നും തന്നെ ഇതുവരെ സർക്കാരിൽ ലഭ്യമായിട്ടില്ല. ജില്ലാ ടി.ബി. സെന്റർ കരുവേലിപ്പടിയിലെ ഉപയോഗ ശൂന്യമായ കെട്ടിടങ്ങളായ പഴയ ഒ.പി. ബ്ലോക്ക്, ഐ.പി. ബ്ലോക്ക്, അനുബന്ധ കിച്ചൻ എന്നിവ പൊളിച്ചുമാറ്റുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് സർവ്വേ റിപ്പോർട്ട് ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ തൃശ്ശൂരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടിക്രമം പൂർത്തീകരിച്ച് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയതു പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## എച്ച്.ഐ.വി. രോഗബാധിതരുടെ പുനരധിവാസത്തിനായി പദ്ധതികൾ

251 (2075) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.ഐ.വി. രോഗബാധിതരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സേവനകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കൃത്യമായ ബോധവൽക്കരണത്തിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും പരമാവധി ആളുകളിൽ എച്ച്.ഐ.വി, എയ്ഡ്സ് സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക വഴി സംസ്ഥാനത്ത് പുതുതായി ഒരു കേസ് പോലും റിപ്പോർട്ട് ചെയ്യപ്പെടാത്ത സ്ഥിതി വിശേഷം സംജാതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എച്ച്.ഐ.വി അണുബാധിതരുടെ പുനരധിവാസത്തിനായി സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ പുനരധിവാസ പദ്ധതികളൊന്നും നിലവിലില്ലെങ്കിലും സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള പദ്ധതികളിലൂടെ പുനരധിവാസം നടത്തിവരുന്നു.

(ബി) എച്ച്.ഐ.വി. രോഗവ്യാപനം തടയുന്നതിനായി എച്ച്.ഐ.വി. പിടിപെടാൻ സാധ്യത കൂടുതലുള്ളവരെ കേന്ദ്രീകരിച്ചുകൊണ്ട് വിവിധ ബോധവത്കരണ പരിപാടികൾ, എച്ച്.ഐ.വി. പരിശോധന, ഗർഭനിരോധന ഉറകളുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ 'സുരക്ഷ' പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. ലൈംഗിക രോഗമുള്ളവർക്ക് എച്ച്.ഐ.വി. പിടിപെടാൻ സാധ്യത കൂടുതലായതിനാൽ ലൈംഗിക രോഗപരിശോധനയും കൗൺസിലിംഗും ചികിത്സയും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ 'പുലരി' (STI) കേന്ദ്രങ്ങളിൽകൂടി സൗജന്യമായി നടപ്പിലാക്കുന്നു. എച്ച്.ഐ.വി.

പരിശോധനയും കൗൺസിലിംഗും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന 'ജ്യോതിസ്' (Jyothis) കേന്ദ്രങ്ങളിൽ കൂടി സൗജന്യമായി നടപ്പിലാക്കുന്നു. എച്ച്.ഐ.വി. പ്രതിരോധത്തിനും അണുബാധിതയായ അമ്മയിൽ നിന്നും കുഞ്ഞിലേയ്ക്കുള്ള അണുവ്യാപനം തടയുന്നതിനും ജ്യോതിസ് കേന്ദ്രങ്ങളിലെ കൗൺസിലിംഗ് സെക്ഷനുകളിൽ ഊന്നൽ നൽകുന്നു.

രക്തസന്നിവേശങ്ങളിലൂടെയുള്ള എച്ച്.ഐ.വി വ്യാപനം തടയുന്നതിനായി സ്വമേധയും തുടർച്ചയായുമുള്ള സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുകയും രക്തസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള സ്ക്രീനിംഗ് പരിശോധനകളിലൂടെ മലേറിയ, ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി, എച്ച്.ഐ.വി., സിഫിലസ് എന്നിവ ഇല്ല എന്ന് രക്തബാങ്കുകൾ ഉറപ്പാക്കുകയും ചെയ്യുന്നു.

എച്ച്.ഐ.വി പ്രതിരോധത്തിനും എച്ച്.ഐ.വി ബാധിതരോടുള്ള സാമൂഹ്യനിന്ദ ഇല്ലാതാക്കുന്നതിനുമായി ടെലിവിഷൻ, റേഡിയോ, സാമൂഹ്യമാധ്യമങ്ങൾ, ബസ്സ് ബ്രാൻഡിംഗ്, ചുവരെഴുത്തുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയ വിവിധ മാധ്യമങ്ങളിൽ കൂടിയുള്ള ബോധവത്കരണ പ്രവർത്തനങ്ങളും, വിവിധ ദിനാചരണങ്ങളും നടത്തിവരുന്നു. കൂടാതെ കലാലയങ്ങളിൽ റെഡ് റിബൺ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ എച്ച്.ഐ.വി.യെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു. എച്ച്.ഐ.വി. അണുബാധിതർക്കാവശ്യമായ ആന്റി റിട്രോവൈറൽ ചികിത്സ സംസ്ഥാനത്ത് നിലവിലുള്ള ഉഷസ്സ് കേന്ദ്രങ്ങളിലൂടെ (എ.ആർ.ടി സെന്റർ) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ സഹായത്തോടെ സൗജന്യമായി നൽകിവരുന്നു. കേരളത്തിൽ 10 ചികിത്സാ കേന്ദ്രങ്ങളാണ് ഉള്ളത്. സർക്കാർ മെഡിക്കൽ കോളേജുകളായ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ജനറൽ ആശുപത്രി എറണാകുളം/കാസർഗോഡ്, ജില്ലാ ആശുപത്രികളായ കൊല്ലം, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ കൂടിയാണ് ചികിത്സ ലഭ്യമാക്കുന്നത്. എച്ച്.ഐ.വി അണുബാധമൂലം എയ്ഡ്സ് എന്ന രോഗാവസ്ഥയിലെത്തിയവർക്കാണ് എ.ആർ.ടി ചികിത്സ നൽകിവരുന്നത്. കൂടാതെ, ഇവർക്ക് വരാൻ സാധ്യതയുള്ള അവസരജന്യരോഗങ്ങളായ ക്ഷയം, ന്യൂമോണിയ, വിവിധ തരത്തിലുള്ള വായിലും തൊണ്ടയിലുമുള്ള പൂപ്പൽ രോഗങ്ങൾ, ശരീരത്തിലെ ഗ്രന്ഥികളുടെ വീക്കം തുടങ്ങിയവയ്ക്കുള്ള ചികിത്സയും സൗജന്യമായി നൽകിവരുന്നു. എ.ആർ.ടി. സെന്റർ ഇല്ലാത്ത ജില്ലകളിൽ എച്ച്.ഐ.വി. അണുബാധിതർക്ക് എ.ആർ.ടി. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള 13 ഉപകേന്ദ്രങ്ങളും (Link ART Centre) പ്രവർത്തിച്ചുവരുന്നു. ഈ ചികിത്സയ്ക്ക് മുന്നോടിയായിട്ടുള്ള കൗൺസിലിംഗും ലഭ്യമാക്കുന്നതോടൊപ്പം ശരിയായ ജീവിതചര്യകളിലൂടെയും ആവശ്യമായ ചികിത്സയിലൂടെയും എയ്ഡ്സ് ബാധിതരാകാതെ സാധാരണ ജീവിതം നയിക്കുവാനും അവർ ദീർഘകാലം ജീവിക്കാനും സാധ്യമാകുന്നു.

(സി) 1. ജ്യോതിസ് കേന്ദ്രങ്ങൾ (ICTC)

2. ഉഷസ്സ് കേന്ദ്രങ്ങൾ (ART)

3. പുലരി ക്ലിനിക്കുകൾ (STI)

4. സുരക്ഷ പദ്ധതികൾ(TI)

5. രക്ത സുരക്ഷിതത്വ വിഭാഗം (Blood Safety) എന്നിവ.

(ഡി) 1. വിവിധ ബോധവത്കരണ പരിപാടികൾ, എച്ച്.ഐ.വി. പരിശോധന, ഗർഭനിരോധന ഉറകളുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ 'സുരക്ഷ' പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

2. ലൈംഗിക രോഗമുള്ളവർക്ക് എച്ച്.ഐ.വി. പിടിപെടാൻ സാധ്യത കൂടുതൽ ആയതിനാൽ ലൈംഗിക രോഗപരിശോധനയും കൗൺസിലിംഗും ചികിത്സയും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ 'പുലരി' (STI) കേന്ദ്രങ്ങളിൽക്കൂടി സൗജന്യമായി നടപ്പിലാക്കുന്നു.

3. എച്ച്.ഐ.വി പരിശോധനയും കൗൺസിലിംഗും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന 'ജ്യോതിസ്' (Jyothis) കേന്ദ്രങ്ങളിൽ കൂടി സൗജന്യമായി നടപ്പിലാക്കുന്നു. എച്ച്.ഐ.വി. പ്രതിരോധത്തിനും അണുബാധിതയായ അമ്മയിൽ നിന്നും കുഞ്ഞിലേയ്ക്കുള്ള അണുവ്യാപനം തടയുന്നതിനും ജ്യോതിസ് കേന്ദ്രങ്ങളിലെ കൗൺസിലിംഗ് സെക്ഷനുകളിൽ ഊന്നൽ നൽകുന്നു.

4. രക്തസന്നിവേശത്തിലൂടെയുള്ള എച്ച്.ഐ.വി. വ്യാപനം തടയുന്നതിനായി സ്വമേധയും തുടർച്ചയായുമുള്ള സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുകയും രക്തസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള സ്ക്രീനിംഗ് പരിശോധനകളിലൂടെ മലേറിയ, ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി, എച്ച്.ഐ.വി, സിഫിലസ് എന്നിവ ഇല്ല എന്ന് രക്തബാങ്കുകൾ ഉറപ്പാക്കുകയും ചെയ്യുന്നു.

5. എച്ച്.ഐ.വി. പ്രതിരോധത്തിനും എച്ച്.ഐ.വി ബാധിതരോടുള്ള സാമൂഹ്യനിന്ദ ഇല്ലാതാക്കുന്നതിനുമായി ടെലിവിഷൻ, റേഡിയോ, സാമൂഹ്യ മാധ്യമങ്ങൾ, ബസ്സ് ബ്രാൻഡിംഗ്,

ചുവരെഴുത്തുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയ വിവിധ മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവത്കരണ പ്രവർത്തനങ്ങളും, വിവിധ ദിനാചരണങ്ങളും നടത്തിവരുന്നു. കൂടാതെ കലാലയങ്ങളിൽ റെഡ് റിബൺ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ എച്ച്.ഐ.വി.-യെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബോധവത്കരണ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. എച്ച്.ഐ.വി. അണുബാധിതരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി വിവിധ വകുപ്പുകൾ/സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രതിമാസ ധനസഹായ പദ്ധതി, പോഷകാഹാര വിതരണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ഇതു കൂടാതെ എല്ലാ എച്ച്.ഐ.വി. ബാധിത കുടുംബങ്ങളെയും ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആർ.എസ്.ബി.വൈ, സ്നേഹപൂർവ്വം-വിദ്യാഭ്യാസ ധനസഹായ പദ്ധതി എന്നിവയിലും അണുബാധിതരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

## എയിഡ്സ് രോഗത്തിന്റെ സമ്പൂർണ്ണ നിർമ്മാർജ്ജനം

252 (2076) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിഡ്സ് പ്രതിരോധ, ബോധവൽക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ എച്ച്.ഐ.വി. ബാധിതരുടെ എണ്ണം സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടുണ്ടോ; ജില്ലയിലെ ഓരോ പഞ്ചായത്തിലെയും എച്ച്.ഐ.വി. ബാധിതരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) എയിഡ്സ് രോഗത്തിന്റെ സമ്പൂർണ നിർമ്മാർജ്ജനത്തിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) (I) എച്ച്.ഐ.വി. രോഗവ്യാപനം തടയുന്നതിനായി എച്ച്.ഐ.വി. പിടിപെടാൻ സാധ്യത കൂടുതലുള്ള ലൈംഗിക തൊഴിലാളികൾ, സ്വവർഗ്ഗരതിക്കാരായ പുരുഷൻമാർ, മയക്കമരുന്ന് കുത്തിവച്ച് ഉപയോഗിക്കുന്നവർ, ഭിന്നലിംഗക്കാർ, ഇതര സംസ്ഥാന തൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ എന്നിവരെ കേന്ദ്രീകരിച്ചുകൊണ്ട് വിവിധ ബോധവത്കരണ പരിപാടികൾ, എച്ച്.ഐ.വി. പരിശോധന, ഗർഭനിരോധന ഉറകളുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ 'സുരക്ഷ' പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

(II) ലൈംഗിക രോഗമുള്ളവർക്ക് എച്ച്.ഐ.വി. പിടിപെടാൻ സാധ്യത കൂടുതൽ ആയതിനാൽ ലൈംഗിക രോഗ പരിശോധനയും കൗൺസിലിംഗും ചികിത്സയും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ 'പുലരി' (STI) കേന്ദ്രങ്ങളിൽക്കൂടി സൗജന്യമായി നടപ്പിലാക്കുന്നു.

(III) എച്ച്.ഐ.വി പരിശോധനയും കൗൺസിലിംഗും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന 'ജ്യോതിസ്' (Jyothis) കേന്ദ്രങ്ങളിൽ കൂടി സൗജന്യമായി നടപ്പിലാക്കുന്നു. എച്ച്.ഐ.വി. പ്രതിരോധത്തിനും, അണുബാധിതയായ അമ്മയിൽ നിന്നും കുഞ്ഞിലേക്കുള്ള അണുവ്യാപനം തടയുന്നതിനും ജ്യോതിസ് കേന്ദ്രങ്ങളിലെ കൗൺസിലിംഗ് സെക്ഷനുകളിൽ ഊന്നൽ നൽകുന്നു.

(IV) രക്തസന്നിവേശത്തിലൂടെയുള്ള എച്ച്.ഐ.വി. വ്യാപനം തടയുന്നതിനായി സ്വമേധയും തുടർച്ചയായുമുള്ള സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കുകയും രക്തസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള സ്ക്രീനിംഗ് പരിശോധനകളിലൂടെ മലേറിയ, ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി, എച്ച്.ഐ.വി, സിഫിലിസ് എന്നിവ ഇല്ല എന്ന് രക്തബാങ്കുകൾ ഉറപ്പാക്കുകയും ചെയ്യുന്നു.

(V) എച്ച്.ഐ.വി. പ്രതിരോധത്തിനും എച്ച്.ഐ.വി. ബാധിതരോടുള്ള സാമൂഹ്യനിന്ദ ഇല്ലാതാക്കുന്നതിനുമായി ടെലിവിഷൻ, റേഡിയോ, സാമൂഹ്യമാധ്യമങ്ങൾ, ബസ്സ് ബ്രാൻഡിംഗ്, ചുവരെഴുത്തുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയ വിവിധ മാധ്യമങ്ങളിൽ കൂടിയുള്ള ബോധവത്കരണ പ്രവർത്തനങ്ങളും, വിവിധ ദിനാചരണങ്ങളും നടത്തിവരുന്നു. കൂടാതെ കലാലയങ്ങളിൽ റെഡ് റിബൺ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ എച്ച്.ഐ.വി.-യെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബോധവത്കരണ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. എച്ച്.ഐ.വി. അണുബാധിതരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി വിവിധ വകുപ്പുകൾ/സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രതിമാസ ധനസഹായ പദ്ധതി, പോഷകാഹാര വിതരണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ഇതു കൂടാതെ എല്ലാ എച്ച്.ഐ.വി. ബാധിത കുടുംബങ്ങളെയും ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആർ.എസ്.ബി.വൈ, സ്നേഹപൂർവ്വം-വിദ്യാഭ്യാസ ധനസഹായ പദ്ധതി എന്നിവയിലും അണുബാധിതരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. 2002 മുതൽ 2017 ഒക്ടോബർ വരെ 2703 എച്ച്.ഐ.വി. ബാധിതരെയാണ് പാലക്കാട് ജില്ലയിൽ നിന്നും കണ്ടെത്തിയിട്ടുള്ളത്. പഞ്ചായത്ത് തിരിച്ച് ഇതുവരെ കണക്കാക്കിയിട്ടില്ല.

(സി) ആഗോളതലത്തിൽ UNAIDS-ന്റെ ലക്ഷ്യം 2030-ഓടുകൂടി അണുബാധ ഈ ഭൂമുഖത്തുനിന്നും തുടച്ചുനീക്കുക എന്നതാണ്. ഇതിന്റെ മുന്നോടിയായി 2020-ാം ആണ്ടോടുകൂടി 90-90-90 എന്ന ലക്ഷ്യം പ്രാപ്തമാക്കുവാനാണ് ആഹ്വാനം ചെയ്തിരിക്കുന്നത്. അതായത് എച്ച്.ഐ.വി. അണുബാധയുള്ള 90 ശതമാനം ജനങ്ങളും അവർ എച്ച്.ഐ.വി. അണുബാധിതരാണ് എന്ന് തിരിച്ചറിയുക, എച്ച്.ഐ.വി. അണുബാധിതരാണ് എന്ന് കണ്ടെത്തിയ 90 ശതമാനം ആളുകൾക്കും ആന്റി റിട്രോ വൈറൽ ചികിത്സ ഉറപ്പാക്കുക, ആന്റി റിട്രോ വൈറൽ ചികിത്സ ലഭ്യമാക്കിയിട്ടുള്ള 90 ശതമാനം അണുബാധിതരിലും എച്ച്.ഐ.വി. രോഗാണുവിന്റെ പ്രവർത്തനത്തെ നിയന്ത്രണ വിധേയമാക്കുക. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള പരിശ്രമങ്ങളാണ് നടത്തിവരുന്നത്. ഇതിനായി ബോധവത്കരണ വിഭാഗം, ലക്ഷ്യാധിഷ്ഠിത വിഭാഗം, കൗൺസിലിംഗ് & ടെസ്റ്റിംഗ് വിഭാഗം, ലൈംഗിക രോഗവിഭാഗം, ചികിത്സയും പരിരക്ഷയും വിഭാഗം, രക്ത സുരക്ഷിതത്വ വിഭാഗം എന്നിവയിലൂടെ പ്രത്യേകം പ്രത്യേകം പരിപാടികൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തിവരുന്നുണ്ട്. ബോധവത്കരണ വിഭാഗം മാസ്സ്മീഡിയ, മിഡ്മീഡിയ, ഔട്ട് ഡോർ മീഡിയ, സ്കൂളുകളിലെ കൗമാര ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ, കോളേജുകളിലെ റെഡ് റിബ്ബൺ ക്ലബ്ബുകൾ, മുഖ്യധാരാവത്കരണ പരിപാടികൾ തുടങ്ങിയവയിലൂടെ എച്ച്.ഐ.വി. ബോധവത്കരണ പ്രതിരോധ

പ്രവർത്തനങ്ങൾ നടത്തിവരുന്നു. 60 സുരക്ഷ പദ്ധതികളിലൂടെ ലക്ഷ്യാധിഷ്ഠിത ഇടപെടൽ വിഭാഗം എച്ച്.ഐ.വി. പിടിപെടാൻ സാധ്യത കൂടുതലുള്ള വിഭാഗത്തിനിടയിൽ പ്രവർത്തനങ്ങൾ നടത്തി അണുവ്യാപനം തടയുന്നു. 23 പുലരി കേന്ദ്രങ്ങളിലൂടെ ലൈംഗിക രോഗ പരിശോധനയും ചികിത്സയും നടത്തിവരുന്നു. 529 ജ്യോതിസ് കേന്ദ്രങ്ങളിലൂടെ എച്ച്.ഐ.വി. പരിശോധനയും കൗൺസിലിംഗും നടത്തിവരുന്നു. രക്തസന്നിവേശത്തിലൂടെയുള്ള എച്ച്.ഐ.വി. വ്യാപനം തടയുന്നതിനായി, രക്തസുരക്ഷിതത്വ വിഭാഗം പ്രവർത്തിക്കുന്നു. എച്ച്.ഐ.വി. അണുബാധിതരുടെ ചികിത്സയും പരിരക്ഷയ്ക്കുംവേണ്ടി 10 ഉഷസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

**ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കാൻ പദ്ധതികൾ**

253 (2077) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ജീവിതശൈലീ രോഗവുമായി ബന്ധപ്പെട്ട് എത്ര പേർ ചികിത്സ നേടിയിട്ടുണ്ട്; ഇതിനെ പ്രതിരോധിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ; സ്കൂൾ കോളേജ് തലങ്ങളിൽ ഇതിനായി എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാനത്ത് ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി 'അമൃതം ആരോഗ്യം' എന്ന പേരിലാണ് ആരോഗ്യവകുപ്പിന് കീഴിലുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവയിലൂടെ പ്രവർത്തിച്ചുവന്നിരുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം ഇത് ജില്ല, ജനറൽ, താലൂക്ക് ആശുപത്രികളിലേയ്ക്കുകൂടി വികസിപ്പിക്കുകയും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ മുപ്പതുവയസ്സിന് മുകളിൽ പ്രായമുള്ള ഒരു കോടി മുപ്പത്തിരണ്ട് ലക്ഷം ജനങ്ങളെ ഇതിനായി സ്ക്രീനിംഗിന് വിധേയമാക്കുകയും പതിമൂന്ന് ലക്ഷത്തോളം പുതിയ രോഗികളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇരുപത്തിയഞ്ച് ലക്ഷത്തിലേറെ പ്രമേഹ രോഗികൾ, ഇരുപത്തിയേഴര ലക്ഷത്തോളം രക്താദിസമ്മർദ്ദം ഉള്ളവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി നിലവിലുണ്ട്.

ജീവിതശൈലീ രോഗങ്ങൾ വരാതിരിക്കുവാനുള്ള ആരോഗ്യ ബോധവത്കരണം, ഈ രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകളും ക്ലിനിക്കുകളും സജ്ജമാക്കുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, രോഗം വന്നവർക്ക് മൂർദ്ധന്യാവസ്ഥ (complications) വരാതെ നോക്കുക എന്നിവയാണ് ഈ പദ്ധതിയുടെ കർമ്മപരിപാടികൾ.

സ്കൂൾ കുട്ടികൾക്ക് ജീവിതശൈലീ രോഗം നിയന്ത്രിക്കുന്നതിന് LEAP (Lifestyle Education and Awareness Programme) എന്ന പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള ആരോഗ്യ ബോധവത്കരണം നൽകുന്നതിനും കുട്ടികളിൽ ആരോഗ്യപരമായ ഭക്ഷണശീലം വളർത്തുന്നതിനും ഊന്നൽ നൽകുന്നുണ്ട്. കൂടാതെ വ്യായാമം, യോഗ എന്നിവയും നൽകിവരുന്നു. ഇപ്പോൾ ഇത് സ്കൂൾ ആരോഗ്യപദ്ധതിയുടെ ഭാഗമായാണ് നടത്തിവരുന്നത്.

## ഡിഫ്ത്തീരിയ നിർമ്മാർജ്ജനം

254 (2078) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും 2017 ഡിസംബറിൽ ഡിഫ്ത്തീരിയ രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മുൻപ് പ്രസ്തുത രോഗം റിപ്പോർട്ട് ചെയ്തപ്പോൾ നടത്തിയ ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായിരുന്നോ;

(സി) പ്രസ്തുത രോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന് തീവ്രയജ്ഞപരിപാടി സംഘടിപ്പിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ 2017 ഡിസംബറിൽ ഡിഫ്ത്തീരിയ രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ 3 ഡിഫ്ത്തീരിയ കേസുകളും മലപ്പുറം ജില്ലയിൽ ഒരു ഡിഫ്ത്തീരിയ കേസുമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മലപ്പുറത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട ഡിഫ്ത്തീരിയ രോഗിക്ക് മരണം സംഭവിച്ചു.

(ബി) മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മുമ്പ് പ്രസ്തുത രോഗം റിപ്പോർട്ട് ചെയ്തപ്പോൾ പ്രതിരോധ കുത്തിവയ്പ്പുകളുടെ ആവശ്യകതയും നിയന്ത്രണ പ്രവർത്തനങ്ങളും ജില്ലാതലത്തിൽ നടത്തി. രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും അവലോകന ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിന്റെയും മറ്റു സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ വളരെ ഫലപ്രദമായി നടത്തിയിരുന്നു.

(സി) രോഗപ്രതിരോധ കുത്തിവയ്പുകൾ സാർവ്വത്രികമാക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രവർത്തനം നടത്തിവരുന്നു. മലപ്പുറത്ത് ഇന്റൻസിഫൈഡ് മിഷൻ ഇന്ദ്രധനുഷ് എന്ന പരിപാടി നടത്തിവരുന്നു.

ഡിഫ്ത്തീരിയ നിർമ്മാർജ്ജനം ചെയ്യുന്നതിനായി പ്രതിരോധ കുത്തിവെയ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതാണ്.

**ആരോഗ്യനയം**

255 (2079) ശ്രീ. പി. ടി. തോമസ് :

ശ്രീ. എം. വിൻസെന്റ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യനയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആരോഗ്യരംഗം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(സി) മെഡിക്കൽ കോളേജു മുതൽ വിവിധ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പരിപാടികളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത് ;

(ഡി) വികസനകാര്യങ്ങൾ നടപ്പിലാക്കിയിട്ടും കഴിഞ്ഞ വർഷം വിവിധതരം പനി പടർന്ന് പിടിച്ച് ആയിരക്കണക്കിനാളുകളുടെ ജീവൻ നഷ്ടപ്പെടുവാനുണ്ടായ സാഹചര്യം എന്തുകൊണ്ടാണ് ഉണ്ടായതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ പല ആശുപത്രികളിലും പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ നികത്താതെ കിടക്കുന്നതുമൂലം സാധാരണക്കാരായ രോഗികൾക്ക് ഇപ്പോഴും സ്വകാര്യ ആശുപത്രികളെ ശരണംപ്രാപിക്കേണ്ട അവസ്ഥ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ആരോഗ്യരംഗത്ത് നിലനിൽക്കുന്ന അനഭിലഷണീയമായ പ്രവണതകൾ ഇല്ലാതാക്കുന്നതിന് എന്തൊക്കെ ഇടപെടലുകൾ നടത്തുവാനാണ് ആലോചിക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള ട്രാവൻകൂർ കൊച്ചിൻ പൊതുജനാരോഗ്യ നിയമവും മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും പരിഷ്കരിച്ച് സംസ്ഥാനത്തിന് പൊതുവായ ഒരു പൊതുജനാരോഗ്യനയം പാസ്സാക്കുന്നതിനുള്ള കരട് സർക്കാർ പരിഗണനയിലാണ്.

(ബി) സംസ്ഥാന ആരോഗ്യ രംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ഒട്ടേറെ പുതിയ ആരോഗ്യ പരിപാടികൾക്ക് തുടക്കം ഇടുകയുണ്ടായി. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷനാണ് അതിലൊന്ന്. ഇതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II, ഡോക്ടർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ ആകെ കൂടി 830 തസ്തികകൾ ഇതിനകം സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്ക് എല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നു വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ

നവീകരിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി ആർദ്രം മാനദണ്ഡപ്രകാരമുള്ള സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി 17 ജില്ലാ ആശുപത്രികളേയും 75 താലൂക്ക് തല ആശുപത്രികളേയും തെരഞ്ഞെടുത്തിട്ടുണ്ട്. ടി ആശുപത്രികളിൽ ഉയർന്ന നിലവാരത്തിലുള്ള ചികിത്സ ഉറപ്പുവരുത്തുന്നതിനായി ഓരോ ജില്ലയിലും ഓരോ ജില്ലാതല ആശുപത്രിയും (വയനാട്, കാസർഗോഡ്, കണ്ണൂർ) എന്നീ പിന്നോക്ക ജില്ലയിൽ രണ്ടു വീതവും അതോടൊപ്പം ഈ വിഭാഗം ആശുപത്രികളിലേയ്ക്കായി നഴ്സ്, ലബോറട്ടി ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തുടങ്ങിയ വിവിധ വിഭാഗം തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തി സേവനം വിപുലപ്പെടുത്തി വരികയാണ്.

(സി) സംസ്ഥാനത്ത് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ പ്രവർത്തനം തുടങ്ങുകയും അതോടൊപ്പം ഏതാനും മാസങ്ങൾക്കുള്ളിൽ മറ്റ് മെഡിക്കൽ കോളേജുകളിലെ പ്രവർത്തനം പൂർത്തീകരിക്കാവുന്ന വിധത്തിലും പുരോഗമിച്ചുവരുന്നു. ഇവിടെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുക, ഒ.പി നവീകരണം, ടോക്കൺ സംവിധാനം, ഓൺലൈൻ രജിസ്ട്രേഷൻ, പുതിയ ഇരിപ്പിടം എന്നിവ തയ്യാറാക്കിവരുന്നു. പ്രാഥമികരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പടെയുള്ള ജീവിതശൈലീ രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നതും, വാർഡുതല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു.

ആരോഗ്യ വകുപ്പിന് കീഴിലുള്ള 17 ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനുള്ള സ്കീമിന് 22.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ഇതിൽ നിന്നും 15 കോടി രൂപ എൻ.എച്ച്.എം-ലേയ്ക്ക് പ്രവർത്തനങ്ങൾ നടത്താനായി നൽകിയിട്ടുണ്ട്. വിവിധ ആശുപത്രികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ

പൂർത്തീകരിക്കുന്നതിലൂടെ ആശുപത്രിയിലെ ഒ.പി.വിഭാഗങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെല്ലാം ഓരോ ലാബ് ടെക്നീഷ്യന്റെ സേവനവും പ്രാഥമികാരോഗ്യ ലബോറട്ടറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി നൽകിയിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്റ്റാഫ് നഴ്സ് ഗ്രേഡ് II, ഫാർമസിസ്റ്റ് ഗ്രേഡ് II, പാരാമെഡിക്കൽ എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ എംപ്ലോയ്മെന്റ്/ ബോണ്ട് കാന്റിഡേറ്റ്സ് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികകളിൽ പ്രൊമോഷൻ മുഖാന്തിരം ഉടൻ തന്നെ നിയമനം നടത്തുന്നതാണ്. ഡോക്ടർമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പൊതുമേഖലാ ചികിത്സാ സമ്പ്രദായം മെച്ചപ്പെടുത്തുന്ന നടപടി ആരംഭിക്കുകയും ഡോകടർമാരേയും ആവശ്യമായ പാരാമെഡിക്കൽ ജീവനക്കാരേയും ലഭ്യമാക്കി ഗുണമേന്മയുള്ള സേവനം ലഭ്യമാക്കുകയും ഡോക്ടർമാർക്കും ജീവനക്കാർക്കും പരിശീലന പരിപാടി നൽകുകയും ആവശ്യമായ പരമാവധി മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഉറപ്പാക്കിക്കൊണ്ടും നടപടി സ്വീകരിച്ചുവരുന്നുണ്ട്. രോഗ പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ തുടങ്ങിയ പ്രവർത്തനങ്ങളും ആരോഗ്യ വകുപ്പ് വർഷത്തിൽ ഉടനീളം നിശ്ചിത ദിവസങ്ങളിൽ സംസ്ഥാന വ്യാപകമായി നടത്തുന്ന ഹെൽത്തി കേരള പരിശോധനകളിൽ പകർച്ചവ്യാധികൾ ഉണ്ടാകുവാൻ കാരണമാകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നവരെ കണ്ടെത്തി ഇവർക്കെതിരെ നിലവിലെ പൊതുജനാരോഗ്യ നിയമമനുസരിച്ച് (പഞ്ചായത്ത് രാജ് നിയമം, തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം, മദ്രാസ് പൊതുജനാരോഗ്യ നിയമം, ഭക്ഷ്യ സുരക്ഷാ നിയമം, ജലനിയമം) നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ തലത്തിൽ നിന്നും സംസ്ഥാന തലത്തിൽ നിന്നും ഉള്ള ആരോഗ്യ പ്രവർത്തകരുടെ മേൽനോട്ടം ശക്തിപ്പെടുത്തുന്ന നടപടിയും സ്വീകരിച്ചുവരുന്നു.

## കുട്ടനാട്ടിൽ പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടി

256 (2080) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ ജലാശയങ്ങളിൽ പോളയും മാലിന്യങ്ങളും വർദ്ധിച്ചിരിക്കുന്നതിനാലും കിഴക്കൻ മലവെള്ളവും അടുത്ത നഗരങ്ങളിൽ നിന്നും വാഹനങ്ങളിൽ മാലിന്യങ്ങൾ എത്തിച്ച് രാത്രികാലങ്ങളിൽ ജലാശയങ്ങളിൽ തള്ളുന്നതും കാരണം തദ്ദേശവാസികൾ പകർച്ചവ്യാധി ഭീഷണിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥിതിവിശേഷത്തിന് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

കുട്ടനാട്ടിലെ ജലാശയങ്ങളിൽ പോളശല്യം വർദ്ധിച്ചുവരുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ 2013-ൽ കോളറ ബാധ സ്ഥിരീകരിച്ചിട്ടുള്ള പ്രദേശമായതിനാലും ജലജന്യ രോഗങ്ങൾക്ക് സാധ്യത കൂടുതലുള്ള പ്രദേശമായതിനാലും ആരോഗ്യ വകുപ്പിന്റെ നിരന്തരമായ നിരീക്ഷണത്തിലാണ് ഈ പ്രദേശങ്ങൾ. ഇപ്പോൾ ഇതുമൂലമുള്ള ഏതെങ്കിലും പകർച്ചവ്യാധികൾ നിലവിലില്ല. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നത് സംബന്ധിച്ച് കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ (അമന്റ്മെന്റ്) (ഓർഡിനൻസ് നമ്പർ 27 ഓഫ് 2017 നോട്ടിഫിക്കേഷൻ നമ്പർ 24395/ ലെഗ്.എഫ്2/ഡി17/നിയമം) ഇപ്പോൾ നിലവിലുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എ മുതൽ 219 യു, 1996-ലെ കേരള പഞ്ചായത്ത് രാജ് (പൊതുവായതോ, സ്വകാര്യമായതോ ആയ നീരുറവകൾ, കുളങ്ങൾ, കിണറുകൾ, മറ്റു ജലമാർഗ്ഗങ്ങൾ എന്നിവയുടെ ഉപയോഗ നിയന്ത്രണവും നിരോധനവും) ചട്ടങ്ങൾ എന്നിവ പ്രകാരം മാലിന്യനിർമ്മാർജ്ജനം, മാലിന്യം നിക്ഷേപിക്കുന്നവർക്കുള്ള ശിക്ഷ എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായതിനാൽ പ്രസ്തുത ചുമതല നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജലസ്രോതസ്സുകളുടെ മലിനീകരണം ഒഴിവാക്കുന്നതിനും അവയുടെ നവീകരണവും ശുചീകരണവും ഉറപ്പാക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് തലത്തിൽ ശുദ്ധജല സംരക്ഷണ സമിതി രൂപീകരിച്ചുകൊണ്ട് 25-9-2017-ലെ സ.ഉ. (സാധാ) നമ്പർ 3141/2017/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പകർച്ചവ്യാധി നിയന്ത്രണം

257 (2081) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞവർഷം ഡെങ്കിപ്പനി, വൈറൽ പനി, എലിപ്പനി, മലമ്പനി, എച്ച്1 എൻ 1, വയറിളക്കം എന്നീ രോഗങ്ങൾ പടർന്ന് പിടിക്കുവാനുണ്ടായ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) പകർച്ചവ്യാധി നിയന്ത്രണത്തിന് ജനപങ്കാളിത്തത്തോടെ സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) വിവിധതരം പനിമൂലം കഴിഞ്ഞവർഷം ആയിരത്തിലധികം ആളുകൾ മരിക്കുവാനുണ്ടായ സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ ജാഗരൂകമായ പ്രവർത്തനം ഉറപ്പാക്കുമോ എന്നറിയിക്കാമോ ?

### ഉത്തരം

(എ) കണ്ടെത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങൾ, താപനിലയിൽ ഉണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ, ഉയർന്ന ജനസാന്ദ്രത, നഗരവത്കരണം, മാലിന്യ സംസ്കരണ പോരായ്മകൾ, അതുമൂലം കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ, ജലദൗർലഭ്യം തുടങ്ങിയവയാണ് പകർച്ചവ്യാധികൾ പടർന്നുപിടിക്കുവാനുള്ള കാരണങ്ങൾ.

(ബി) തയ്യാറാക്കിയിട്ടുണ്ട്. "ആരോഗ്യജാഗ്രത" എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പരിപാടിയിൽ ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഇതര വകുപ്പുകളുമായി ചേർന്ന് ആരോഗ്യ ബോധവത്കരണ, പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു.

(സി) "ആരോഗ്യജാഗ്രത" എന്ന പേരിൽ പകർച്ചവ്യാധി ബോധവത്കരണ പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി വ്യക്തമായ പ്രവർത്തന കലണ്ടറോടുകൂടി ജില്ലകളിൽ നടപ്പിലാക്കുക വഴി പകർച്ചവ്യാധികളും അവമൂലമുള്ള മരണങ്ങളും കുറയ്ക്കാനാകുമെന്ന് കരുതുന്നു. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെ കൂടുതൽ ജാഗരൂകമായ പ്രവർത്തനങ്ങളാണ് ഈ വർഷം ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

## 'ആരോഗ്യജാഗ്രത-2018' പദ്ധതി

258 (2082) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ആരോഗ്യജാഗ്രത-2018' പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) വിവിധ പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ, പരിശീലന, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ശുചീകരണവും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളും മഴക്കാലത്തിന് വളരെ മുമ്പ് ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഏതെല്ലാം വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിരോധ പ്രവർത്തനങ്ങൾ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജലവിഭവ വകുപ്പ്, ഇതര ഏജൻസികൾ മുഖേന ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുവാനായി നിർദ്ദേശിച്ചിട്ടുണ്ട്. ശുചിത്വമിഷൻ, ഹരിതകേരള മിഷൻ എന്നിവയുമായി സഹകരിച്ച് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ നടപ്പിലാക്കുവാനും ഉദ്ദേശിച്ചിട്ടുണ്ട്. വാർഡ് തല ശുചിത്വ പോഷണ സമിതിയുടെ നേതൃത്വത്തിൽ ആരോഗ്യസേന, ഹരിത-കർമ്മ സേന, കുടുംബശ്രീ പ്രവർത്തകർ, ആശ, ആരോഗ്യപ്രവർത്തകർ എന്നിവർ സംയുക്തമായി വാർഡുതല പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ സമയബന്ധിതമായി നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ പ്രർത്തനങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ആഫീസർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി, ആരോഗ്യവിഭാഗം സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരടങ്ങുന്ന സമിതി മാസത്തിലൊരിക്കൽ അവലോകനം ചെയ്യുവാനും തുടർനടപടി സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഇതര വകുപ്പുകളുമായി സംയോജിച്ച് നടത്തുന്നതാണ്.

(സി) കൊതുകുജന്യരോഗങ്ങൾ ഉൾപ്പെടെയുള്ള ചില പകർച്ചവ്യാധികൾ ഏറെക്കുറെ എല്ലാ മാസങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നതുകൊണ്ട് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ പ്രവർത്തനങ്ങൾക്ക് ജനുവരി 1 മുതൽ തുടക്കം കുറിച്ചിട്ടുള്ളതാണ്. എല്ലാ ജില്ലയിലും പ്രവർത്തന കലണ്ടർ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) ആരോഗ്യ വകുപ്പിനൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവം, സാമൂഹ്യനീതി, തൊഴിൽ, വിദ്യാഭ്യാസം, കൃഷി, മൃഗസംരക്ഷണം, ഭക്ഷ്യസുരക്ഷാ കമ്മീഷൻ, ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ, കുടുംബശ്രീ മിഷൻ, പൊതുമരാമത്ത്, റവന്യൂ, ഫിഷറിസ്, ആഭ്യന്തരം, പട്ടികവർഗ്ഗ വികസനം, ഐ & പി.ആർ.ഡി, കേരള വാട്ടർ അതോറിറ്റി, മെഡിക്കൽ കോളേജുകൾ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷൻ, അങ്കണവാടികൾ, സന്നദ്ധ സംഘടനകൾ, മെഡിക്കൽ അസോസിയേഷനുകൾ, പൊതുജനങ്ങൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## ആരോഗ്യ ജാഗ്രത കാമ്പയിൻ

259 (2083) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം, പരിസര ശുചിത്വമില്ലായ്മ, മാലിന്യ നിർമ്മാർജ്ജനത്തിലെ വീഴ്ചകൾ എന്നീ കാരണങ്ങൾകൊണ്ട് വിവിധതരം പകർച്ച പനികൾ, മുൻ വർഷങ്ങളെ അപേക്ഷിച്ച്, കഴിഞ്ഞ വർഷം അധികരിച്ചതിന്റെ പശ്ചാത്തലത്തിൽ കൈക്കൊണ്ടിരിക്കുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ ;

(ബി) പകർച്ചവ്യാധി പ്രതിരോധത്തിനായി രൂപം നൽകിയിട്ടുള്ള ആരോഗ്യ ജാഗ്രത കാമ്പയിന്റെ മാർഗ്ഗരേഖ അറിയിക്കാമോ;

(സി) പ്രതിരോധ പ്രവർത്തനങ്ങളോടൊപ്പം സർക്കാർ ആശുപത്രികളിൽ ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കുന്നതിനും, ആധുനിക ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആവശ്യത്തിന് മെഡിക്കൽ പാരാ മെഡിക്കൽ ജീവനക്കാരെ നിയമിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ വർഷം പകർച്ചവ്യാധികൾ അധികരിച്ചതിന്റെ പശ്ചാത്തലത്തിൽ ഈ വർഷം "ആരോഗ്യജാഗ്രത" എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ബോധവൽക്കരണ, പ്രതിരോധനിയന്ത്രണ പരിപാടിയാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. വർഷത്തിൽ എല്ലാ മാസവും ഡെങ്കിപ്പനി പോലുള്ള രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ജനുവരി മുതൽ ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും താഴെത്തട്ടിലും യോഗങ്ങൾ നടത്തി ഓരോ വകുപ്പിന്റെയും ഉദ്യോഗസ്ഥരുടെയും ചുമതലകൾക്ക് വ്യക്തത വരുത്തിയിട്ടുണ്ട്. വാർഡുതല ആരോഗ്യ ശുചിത്വപോഷണ സമിതികൾ ശാക്തീകരിച്ച്, ശുചിത്വകൂട്ടായ്മയിലൂടെ "ആരോഗ്യ കർമ്മസേന" രൂപീകരിച്ച്, ഹരിത കർമ്മസേന, കുടുംബശ്രീ പ്രവർത്തകർ, ആശ, അംഗൻവാടി പ്രവർത്തകരുൾപ്പെടുന്ന സംഘം വീടുവീടാന്തരം സന്ദർശിച്ച് 'ആരോഗ്യജാഗ്രത' നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന് ആവശ്യമായ നേതൃത്വ പരിശീലനവും ബോധവൽക്കരണവും വിവിധ തലങ്ങളിൽ നടന്നുവരുന്നു.

(ബി) പകർച്ചവ്യാധി പ്രതിരോധത്തിനായി രൂപം നൽകിയിട്ടുള്ള ആരോഗ്യ ജാഗ്രത പരിപാടിയുടെ മാർഗ്ഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജിലും പബ്ലിക് ഹെൽത്ത് ലാബുകളിലുമായി പ്രവർത്തിച്ചുവരുന്ന 26 സെന്റിനൽ സർവ്വേലൻസ് ലാബുകളിൽ (എസ്.എസ്.എച്ച്. ലാബ്) ഡെങ്കി, ചിക്കുൻഗുനിയ ഉൾപ്പെടെയുള്ള രോഗങ്ങളുടെ സ്ഥിരീകരണം നടത്തിവരുന്നു. അപെക്സ് റഫറൽ ലബോറട്ടറിയായ സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിൽ വിവിധ പകർച്ചവ്യാധികളുടെ സ്ഥിരീകരണ സൗകര്യം ലഭ്യമാണ്. വയനാട്, ആലപ്പുഴ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന മണിപ്പാൽ സെന്റർ ഫോർ വൈറോളജി റിസർച്ച് യൂണിറ്റിൽ വിവിധതരം വൈറൽ പനികൾ സ്ഥിരീകരിക്കുന്നതിന് സൗകര്യമുണ്ട്. ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ലഭ്യത ഉറപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ മാലിന്യങ്ങൾമൂലമുള്ള ബുദ്ധിമുട്ടുകൾ

260 (2084) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ നെൽകൃഷി ഇറക്കുന്ന ഇരുപതിനായിരം ഹെക്ടർ സ്ഥലത്തെ രാസവിഷമാലിന്യങ്ങൾ ജലാശയങ്ങളിലേയ്ക്ക് പുറംതള്ളുന്നതിനാൽ പ്രസ്തുത മണ്ഡലത്തിലെ ജനങ്ങൾക്ക് മാരകമായ അസുഖങ്ങൾ പിടിപെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

ഉത്തരം

കുട്ടനാടൻ മേഖലയിൽ രാസവിഷ മാലിന്യങ്ങൾ പുറംതള്ളുന്നതുമൂലം ഏതെങ്കിലും തരത്തിലുള്ള മാരകരോഗങ്ങൾ പിടിപെടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. കുട്ടനാടൻ മേഖലയിൽ ക്യാൻസർ രോഗം വ്യാപിക്കുന്നതായുള്ള പത്രവാർത്തകളെ തുടർന്ന് കുട്ടനാട്ടിലെ വിവിധമേഖലകളിൽ ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നുണ്ടെങ്കിലും ആലപ്പുഴയിലെ മറ്റു മേഖലകളേക്കാൾ കൂടിയ അളവിൽ ക്യാൻസർ രോഗം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

## പൊതുജനാരോഗ്യ നിയമം

261 (2085) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുജനാരോഗ്യ നിയമം ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് നിലവിലുള്ള ട്രാവൻകൂർ കൊച്ചിൻ പൊതുജനാരോഗ്യ നിയമവും മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും പരിഷ്കരിച്ച് സംസ്ഥാനത്തിന് പൊതുവായ ഒരു പൊതുജനാരോഗ്യ നിയമം പാസ്സാക്കുന്നതിനുള്ള കരട് സർക്കാർ പരിഗണനയിലാണ്.

## ജെ.പി.എച്ച്.എൻ. തസ്തികയിലെ സ്ഥാനക്കയറ്റം

262 (2086) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ജെ.പി.എച്ച്.എൻ.ഗ്രേഡ് I തസ്തികയിലേയ്ക്ക് ജില്ലാ സീനിയോറിറ്റി അനുസരിച്ചാണോ സംസ്ഥാന സീനിയോറിറ്റി അനുസരിച്ചാണോ സ്ഥാനക്കയറ്റം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാനക്കയറ്റം സംസ്ഥാന സീനിയോറിറ്റി അനുസരിച്ചാണെങ്കിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന ജെ.പി.എച്ച്.എൻ. ഗ്രേഡ് II ഒഴിവുകളിൽ അതാത് ജില്ലയിൽ ഉള്ളവർക്ക് നിയമനം ലഭിക്കുന്നതിന് തടസ്സമാകുമോ എന്നറിയിക്കുമോ;

(സി) രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ശരിയായ ഏകോപനത്തിനായി ആർദ്രം പദ്ധതിയിൽ ആരോഗ്യ വകുപ്പിലെ മറ്റ് വിഭാഗങ്ങളെ ഉൾപ്പെടുത്തിയതു പോലെ ജെ.പി.എച്ച്.എൻ.-മാരെയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(ഡി) പദ്ധതിയുടെ കീഴിൽ സൃഷ്ടിക്കപ്പെട്ട സ്റ്റാഫ് നഴ്സ് തസ്തികകൾക്ക് ആനുപാതികമായി ജെ.പി.എച്ച്.എൻ.തസ്തികകളും സൃഷ്ടിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സീനിയോറിറ്റി അനുസരിച്ചാണ് സ്ഥാനക്കയറ്റം നൽകുന്നത്.

(ബി) ഗ്രേഡ്-II തസ്തികയിൽ ഒഴിവ് ഉണ്ടെങ്കിൽ ആ ജില്ലയിൽ തന്നെ നിയമനം നൽകുന്നതാണ്.

(സി&ഡി) ആർദ്രം പദ്ധതിയിൽ ഫീൽഡ് വിഭാഗം ജീവനക്കാരായ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ ഉൾപ്പെടുത്തിയിട്ടില്ല.

**വർക്കല പ്രകൃതി ചികിത്സ ആശുപത്രി**

263 (2087) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശികൾ ഉൾപ്പെടെയുള്ള നിരവധി രോഗികൾ എത്തുന്നതും കേരളത്തിൽ പ്രകൃതി ചികിത്സ നൽകുന്ന ഏക ആശുപത്രിയുമായ വർക്കല നിയോജകമണ്ഡലത്തിലെ പ്രകൃതി ചികിത്സ ആശുപത്രിയിൽ ഡോക്ടർമാരുടെ അഭാവത്താൽ യഥാസമയം ചികിത്സ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത ആശുപത്രിയിൽ ആവശ്യം വേണ്ട മെഡിക്കൽ ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രി മെഡിക്കൽ കോളേജായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വർക്കല പ്രകൃതി ചികിത്സ ആശുപത്രിയിൽ മെഡിക്കൽ ഓഫീസറുടെ മൂന്ന് തസ്തിക സൃഷ്ടിക്കുന്നതിനും ആശുപത്രി നൂറ് കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതും സംബന്ധിച്ച് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ നിയമനം

264 (2088) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ഗ്രേഡ്-2, ഗ്രേഡ്-1 അനുപാതം 2:1 എന്നത് 1:1 എന്നാക്കിയപ്പോൾ പ്രവേശന കേഡറായ ഗ്രേഡ് 2-ൽ വന്ന 932 തസ്തികകളുടെ നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ജെ.പി.എച്ച്.എൻ.-മാർ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നേതൃത്വം നൽകുന്നവരായതുകൊണ്ട് അടുത്ത മഴക്കാല പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഇവരുടെ സേവനം ലഭ്യമാകുന്ന വിധത്തിൽ പ്രസ്തുത തസ്തിക നഷ്ടം പരിഹരിക്കുമോ;

(സി) ജെ.പി.എച്ച്.എൻ. ഗ്രേഡ്-2, ഗ്രേഡ്-1 തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ജില്ലാ റാങ്ക് ലിസ്റ്റുകളിൽ നിന്നും നികത്തിയിരുന്നത് നിർത്തലാക്കിയ 14-6-2017, 2-1-2018 തീയതികളിലെ ഉത്തരവുകളിൽ ഭേദഗതി വരുത്തി പഴയതു പോലെ അതാത് ജില്ലകളിലെ പി. എസ്. സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) മലയോര മേഖലകളിൽ 3000-വും മറ്റ് സ്ഥലങ്ങളിൽ 5000-വും ജനസംഖ്യാനുപാതികമായി ഒരു സബ് സെന്റർ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ക്ഷണിച്ചുകൊണ്ട് വകുപ്പിൽ നിന്നും കീഴ്ഘടകങ്ങളിലേക്ക് ഒരു വർഷം മുമ്പ് അയച്ച കത്തുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സ.ഉ.(എം.എസ്.)നമ്പർ 18/12(37)/ധന തീയതി 9-1-2012 പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2, ഗ്രേഡ് 1 അനുപാതം 2:1-ൽ നിന്നും 1:1 ആക്കി മാറ്റിയപ്പോൾ അനുവദിക്കപ്പെട്ട തസ്തികകളിൽ യാതൊരു തസ്തിക നഷ്ടവും സംഭവിച്ചിട്ടില്ല.

(സി) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1-ന്റെ സ്ഥാനക്കയറ്റം സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 2- ന്റെ നിയമനം ഇപ്പോഴും ജില്ലാ റാങ്ക് ലിസ്റ്റിൽ നിന്നും ജില്ലാ തലത്തിൽ തന്നെയാണ് നടന്നുവരുന്നത്.

(ഡി) മലയോര മേഖലകളിൽ 3000-നും മറ്റ് മേഖലയിൽ 5000-നും ജനസംഖ്യാനുപാതികമായി ഒരു സബ്സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശമൊന്നും നിലവിലില്ല. ജനസംഖ്യാനുപാതികമായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി ലഭിക്കുന്ന അപേക്ഷയിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാരോട് പ്രൊപ്പോസൽ അയച്ചുതരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പുനർവിന്യാസം

265 (2089) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനു കീഴിൽ കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് മലപ്പുറം ജില്ലയിൽ അധികമായി നിലനിൽക്കുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിലുള്ളവരെ പുനർവിന്യസിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

| | | | |
|---|---|---|---|
| (എ ) | കോഴിക്കോട് | - | 2 |
| | പാലക്കാട് | - | 3 |
| | തൃശ്ശൂർ | - | 0 |
| | എറണാകുളം | - | 0 |
| | കോട്ടയം | - | 3 |
| | ആലപ്പുഴ | - | 0 |
| | പത്തനംതിട്ട | - | 0 |
| | കൊല്ലം | - | 2 |
| | തിരുവനന്തപുരം | - | 1 |

(ബി) 2-1-2018 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 5/2018/ആ.കു.വ. പ്രകാരം, ജില്ലകളിൽ ഗ്രേഡ്-I തസ്തികയിൽ അധികമായി നിൽക്കുന്നവരെ പുനർവിന്യസിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കുറവ്

266 (2090) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കുറവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഈ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവ് എവിടെ യെല്ലാമാണുള്ളത്; ഇത് അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സ്ഥാനക്കയറ്റം നടത്തി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ കുറവ് പരിഹരിക്കാനാവുകയുള്ളൂ.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊല്ലം, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം മെഡിക്കൽ കോളേജിൽ 2 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ അരുക്കുറ്റി, ചെമ്പുംപുറം, ചുനക്കര, തൃക്കുന്നപ്പുഴ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും മാന്നാർ, ചെറിയനാട്, ചെറുതന, ചെട്ടിക്കുളങ്ങര, കരുവാറ്റ, നൂറനാട്, പാലമേൽ, പത്തിയൂർ, പുറക്കാട്, രാമങ്കരി, തകഴി, തലവടി, താമരക്കുളം, ആറാട്ടുപുഴ, വല്ലത്തോട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ട്. സീനിയോറിറ്റി ലിസ്റ്റിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതി ഉത്തരവ് ലഭിക്കുന്നമുറയ്ക്കു മാത്രമേ ഒഴിവുകൾ നികത്തുവാൻ സാധിക്കുകയുള്ളൂ. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ നിലവിൽ ഒഴിവില്ല.

## ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പദവി

267 (2091) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പദവിയിലേക്ക് കൊല്ലം, തൃശ്ശൂർ ജില്ലകളിലെ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പദവി ഉയർത്തുമോ?

<u>ഉത്തരം</u>

കൊല്ലം, തൃശ്ശൂർ ജില്ലകളിലെ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പദവി ഉയർത്തുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

## ആയുർവേദ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക

268 (2092) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗവ. ആയുർവ്വേദ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തികയില്ലാതെ പ്രവർത്തിക്കുന്നവ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഫാർമസിസ്റ്റ് തസ്തികകൾ അനുവദിച്ചിട്ടില്ലാത്ത ആയുർവ്വേദ ഡിസ്പെൻസറികളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 36 ഡിസ്പെൻസറികളാണ് ഫാർമസിസ്റ്റ് തസ്തിക ഇല്ലാതെ പ്രവർത്തിക്കുന്നത്.

(ബി) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

## ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

269 (2094) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏത് വർഷത്തിലെ സ്റ്റാഫ് പാറ്റേണാണ് നിലവിൽ സർക്കാർ ആശുപത്രികളിലുള്ളത്; വ്യക്തമാക്കുമോ;

(ബി) ജനസംഖ്യാനുപാതികമായി ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സ്റ്റാഫ് പാറ്റേൺ 1961-ൽ നിലവിൽ വന്നതിനുശേഷം ആരോഗ്യ രംഗത്ത് നൂതനമായ പല മാറ്റങ്ങൾ നടപ്പിൽ വരുത്തുകയുണ്ടായി. 2008-ൽ ഈ ഉത്തരവ് ഭേദഗതി ചെയ്തു. നിലവിൽ സർക്കാർ ആശുപത്രികളെയും ആരോഗ്യ സംവിധാനങ്ങളെയും രോഗീസൗഹൃദമാക്കുന്നതിനുള്ള ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിച്ചുവരികയാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുകയും, ജില്ലാതല ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളോടുകൂടി സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിച്ച

വരികയാണ്. മൂന്ന് വർഷംകൊണ്ട് ആരോഗ്യ വകുപ്പിൽ 5257 തസ്തികകൾ സൃഷ്ടിക്കുമെന്ന് 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സുമാരുടെയും ഡോക്ടർമാരുടെയും ലാബ് ടെക്നീഷ്യൻമാരുടെയും ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ ആകെ കൂടി 830 തസ്തികകളും ജില്ലാ താലൂക്ക് ജനറൽ ആശുപത്രികളിലായി ആർദ്രം മിഷന്റെ ഭാഗമായി 197 സ്റ്റാഫ് നഴ്സ് ഗ്രേഡ്-2-ന്റെ തസ്തികയും 84 ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2-ന്റെ തസ്തികയും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം വിവിധ സർക്കാർ ആശുപത്രികളിലായി 610 ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികയും സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

## ഫാർമസിസ്റ്റ് തസ്തികകൾ

270 (2095) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രികളിലെയും താലൂക്ക് ആശുപത്രികളിലെയും ഒരു വർഷത്തെ ശരാശരി ഒ.പി., ഐ.പി. രോഗികളുടെ എണ്ണം ജില്ലയും താലൂക്കും തിരിച്ച് ലഭ്യമാക്കുമോ;

(ബി) ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഉള്ള ഫാർമസിസ്റ്റ് തസ്തികകൾ എത്രയാണെന്ന് ജില്ലയും താലൂക്കും തിരിച്ച് ലഭ്യമാക്കുമോ;

(സി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിൽ ഉള്ള ഫാർമസിസ്റ്റ് തസ്തിക എത്ര കാലമായി തുടരുന്നു എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ജില്ലാ ആശുപത്രികളിലെയും താലൂക്ക് ആശുപത്രികളിലെയും ഒരു വർഷത്തെ ശരാശരി ഒ.പി., ഐ.പി. രോഗികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഉള്ള ഫാർമസിസ്റ്റ് തസ്തികകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 1999 മുതൽ ടി തസ്തിക തുടർന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇ-ഹെൽത്ത് പദ്ധതി

271 (2097) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാവരെയും രോഗ നിർണ്ണയത്തിനായി സ്ക്രീനിംഗ് നടത്തി തക്കസമയത്തെ ചികിത്സയിലൂടെ രോഗം നിയന്ത്രിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി ഏതു വിധത്തിൽ പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ; നിലവിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

### ഉത്തരം

(എ&ബി) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് 'അമൃതം ആരോഗ്യം'. ജീവിതശൈലീ രോഗങ്ങൾ വരാതെ സംരക്ഷിക്കുന്നതിനുള്ള ആരോഗ്യ ബോധവത്കരണം, രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ്, രോഗം കണ്ടെത്തുന്നവർക്കായി ചികിത്സയും മരുന്നും സൗജന്യമായി നൽകുക, രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥ തടയുന്നതിനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക എന്നിവയാണ് ഉദ്ദേശലക്ഷ്യങ്ങൾ.

ഇതിനു പുറമെ കുട്ടികളുടെ ജീവിതശൈലീ രോഗം തടയുന്നതിന് 'LEAP' പദ്ധതി, ഗുരുതര ശ്വാസകോശ രോഗമായ COPD തടയുന്നതിന് 'SWAAS' പദ്ധതി, പക്ഷാഘാത ക്ലിനിക്കുകൾ, നേത്രപടലാന്ധത തടയുന്നതിനുള്ള 'Diabetic Retinopathy Screening', തൊഴിൽ മേഖലയിൽ ഉള്ളവർക്കായുള്ള 'Work Place Intervention', വിദൂര പ്രദേശങ്ങളിലുള്ള ജനങ്ങൾക്ക് സഞ്ചരിക്കുന്ന ജീവിതശൈലീ ക്ലിനിക്കുകൾ, പോലീസ് സേനയ്ക്കുവേണ്ടിയുള്ള 'SHAPE', പദ്ധതി എന്നിവയാണ് ജീവിത ശൈലീ രോഗത്തെ നിയന്ത്രിക്കുന്നതിനുള്ള മറ്റ് കർമ്മപദ്ധതികൾ.

ഇതിനായി സംസ്ഥാനത്തെ 232 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും 838 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5400 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും 100 ജില്ലാ ജനറൽ താലൂക്ക് ആശുപത്രികളിലും ജീവിതശൈലീ രോഗ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം ജീവിതശൈലീ രോഗം കണ്ടെത്തുവരുടെ ചികിത്സയും തുടർചികിത്സയും ആരോഗ്യ രേഖയായി സൂക്ഷിക്കുന്നതിനും, രോഗിയെ ദീർഘകാലം ഫോളോഅപ്പ് ചെയ്യുന്നതിനും ഡോക്ടർമാരേയും ആരോഗ്യ പ്രവർത്തകരേയും സഹായിക്കുന്ന കൃത്യമായ പരിശോധനയും മരുന്ന് വിതരണവും നൽകുന്നതിനും പ്രയോജനപ്പെടുന്നതാണ്. രോഗികൾക്കും ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കും ഒരുപോലെ ഉപകാരപ്പെടുന്ന ആരോഗ്യ മുന്നറിയിപ്പുകളും (ഹെൽത്ത് അലർട്ട്) ഈ പദ്ധതിയുടെ സവിശേഷതയാണ്. ഫീൽഡ് തലത്തിൽ ജീവിതശൈലീ രോഗങ്ങളെ സംബന്ധിച്ച് നടത്തുന്ന ക്ലിനിക്കുകളും ക്യാമ്പുകളും വഴി ലഭിക്കുന്ന സൂചനകളിലൂടെ രോഗ വിവരം കണ്ടെത്താനും ഇ-ഹെൽത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതും നിലവിൽ തെരഞ്ഞെടുക്കപ്പെട്ട ഏഴ് ജില്ലകളിലായി ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ സമഗ്ര ആരോഗ്യ വിവരങ്ങൾ ടാബ്ലറ്റ് പി.സി/ കമ്പ്യൂട്ടർ ശൃംഖല വഴി രോഗികളെ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്നതിനും സാധിക്കും. പ്രസ്തുത വിവരം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ആശുപത്രികളിൽ തന്നെ ലഭ്യമായിട്ടുള്ള ഇ-ഹെൽത്ത് സോഫ്റ്റ് വെയർ സഹായത്താൽ വിവരങ്ങൾ അവിടെ രേഖപ്പെടുത്താനും രോഗ നിർണ്ണയം നടത്തി ചികിൽസ ആരംഭിക്കുന്നതിനും സാധിക്കും. പ്രസ്തുത വിവരം ഫീൽഡ് തല പ്രവർത്തകർക്ക് അറിയുന്നതിനും തുടർന്ന് ഗൃഹസന്ദർശന വേളയിൽ അവർക്ക് വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകാനും സങ്കീർണ്ണതകളുണ്ടായാൽ തുടർന്നും റഫർ ചെയ്യുന്നതിനും സാധിക്കും. ഫീൽഡ് തലത്തിൽ ജീവിത ശൈലീ രോഗങ്ങളെ സംബന്ധിച്ച് നടത്തുന്ന ക്ലിനിക്കുകളും ക്യാമ്പുകളും വഴി ലഭിക്കുന്ന സൂചനകളിലൂടെ രോഗ വിവരം കണ്ടെത്താനും ഈ രോഗികളെ ടാബ്ലെറ്റ്കൾ വഴി ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്നതിനും സാധിക്കും. പ്രസ്തുത വിവരം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ആശുപത്രികളിൽ തന്നെ ലഭ്യമായിട്ടുള്ള ഇ-ഹെൽത്ത് സോഫ്റ്റ് വെയർ സഹായത്താൽ വിവരങ്ങൾ അവിടെ രേഖപ്പെടുത്താനും രോഗനിർണ്ണയം നടത്തി ചികിത്സ ആരംഭിക്കുന്നതിനും സാധിക്കും. പ്രസ്തുത വിവരം ഫീൽഡ് തല പ്രവർത്തകർക്ക് അറിയുന്നതിനും തുടർന്ന് ഗൃഹസന്ദർശന വേളയിൽ അവർക്ക് വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകാനും സങ്കീർണ്ണതകളുണ്ടായാൽ തുടർന്നും റഫർ ചെയ്യുന്നതിനും സാധിക്കും.

ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള 13 ആശുപത്രികളിൽ pilot implementation തീരുമാനിച്ചതിൽ 12 ആശുപത്രികളിലും hardware, Networking, Connectivity പൂർത്തിയാക്കി. മെഡിക്കൽ കോളേജിൽ ജനവരി അവസാനത്തോടെ Networking പൂർത്തീകരിക്കത്തക്കവിധം Networking പുരോഗമിക്കുന്നു. PHC വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ, CHC

മണമ്പൂർ, വെള്ളനാട്, TH ഫോർട്ട്, ചിറയിൻകീഴ്, DH പേരൂർക്കട, PH ലാബ് എന്നീ 9 ആശുപത്രികളിൽ പദ്ധതി പ്രവർത്തനക്ഷമമാണ്. ഉപയോക്താക്കളിൽ നിന്നും അഭിപ്രായം സ്വരൂപിച്ച് കുറ്റമറ്റ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പൗരന്മാരുടെ വിവരശേഖരണവും രോഗവിവരങ്ങളും ശേഖരിക്കുന്നതിലേയ്ക്കായി അവ ഉപയോഗിക്കുന്ന പ്രദേശത്തിന്റെ (locality) വിശദാംശം ശേഖരിക്കുന്ന Demographic Survey ഇപ്പോൾ 14 ജില്ലകളിലും നടന്നുവരുന്നു. ഈ സർവ്വേ പൂർത്തിയാക്കുന്ന മുറയ്ക്ക് വ്യക്തികയുടെയും അവരുടെ വീടുകളുടെയും വിശദാംശം ലഭ്യമാകും. ഓരോ locality-യിലെയും വ്യക്തികളുടെ ആധാർ കാർഡ് സ്കാൻ ചെയ്താണ് member details ശേഖരിക്കുന്നത്. പഞ്ചായത്ത്-വാർഡ് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഈ പ്രവർത്തനം നടന്നുവരുന്നു.

പദ്ധതിയുടെ ആദ്യഘട്ടം 7 ജില്ലകളിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെങ്കിലും മറ്റു ജില്ലകളിലും എല്ലാ സർക്കാർ മെഡിക്കൽ കോളേജിലും OP Reception Module നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെങ്കിലും ഇതിന്റെ പ്രവർത്തനം പുരോഗമിക്കുകയാണ്. 7 ജില്ലകളിലാണ് പദ്ധതി പൂർണ്ണമായും ആദ്യഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും എല്ലാ ജില്ലകളിലും വിവരശേഖരണം നടത്തുന്ന പ്രവർത്തനം പുരോഗമിക്കുന്നു.

## ഇ-ഹെൽത്ത് പദ്ധതി

272 (T2098) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിയുമായി ബന്ധപ്പെട്ട് 3/2011 മുതൽ 12/2017 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്തിന് എത്രകോടി രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് തസ്തികകളുടെ പേരു സഹിതം വിശദാംശം വെളിപ്പെടുത്തുമോ;

(സി) പദ്ധതി പിന്നാക്ക, ഗ്രാമീണ, മലയോര മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത മേഖലകളിൽ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) 2013 ജൂലൈ മാസത്തിൽ പ്രവർത്തനം ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതിക്കായി കേന്ദ്രം അനുവദിച്ച 86.6945 കോടി രൂപയിൽ നാളിതുവരെ 43.3473 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇ-ഹെൽത്ത് പദ്ധതിയിൽ 2017 ഡിസംബർ 31 വരെ ചെലവായ തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു:

| 2013-14 സാമ്പത്തിക വർഷം | (രൂപ കോടിയിൽ) |
|---|---|
| ഭരണ ചെലവുകൾ | 0.11 |
| സ്ഥാവര ആസ്തി | 0.12 |
| നെറ്റ് വർക്ക് ചെലവുകൾ | 0.05 |
| ആകെ | 0.28 |

| 2014-15 സാമ്പത്തിക വർഷം | (രൂപ കോടിയിൽ) |
|---|---|
| ഭരണ ചെലവുകൾ | 0.38 |
| സോഫ്റ്റ് വെയർ | 3.37 |
| സ്ഥാവര ആസ്തി | 0.20 |
| ആകെ | 3.95 |

| 2015-16 സാമ്പത്തിക വർഷം | (രൂപ കോടിയിൽ) |
|---|---|
| ഭരണ ചെലവുകൾ | 0.70 |
| സ്ഥാവര ആസ്തി | 0.82 |
| ആകെ | 1.52 |

| 2016-17 സാമ്പത്തിക വർഷം | (രൂപ കോടിയിൽ) |
|---|---|
| ഭരണ ചെലവുകൾ | 6.33 |
| സ്ഥാവര ആസ്തി | 18.47 |
| ആകെ | 24.80 |

| സാമ്പത്തിക വർഷം 2017 ഡിസംബർ 31 വരെ (രൂപ കോടിയിൽ) | |
|---|---|
| ഹാർഡ് വെയർ | 2.25 |
| നെറ്റ് വർക്ക് ചെലവുകൾ | 1.00 |
| ഭരണ ചെലവുകൾ | 1.31 |
| പരിശീലന ചെലവുകൾ | 0.17 |
| ആകെ | 4.73 |

2013 മുതൽ 2017 ഡിസംബർ 31 വരെ 35.28 കോടി രൂപ ചെലവഴിച്ചു.

(ബി) ഇ-ഹെൽത്ത് പ്രോജക്ട് പദ്ധതിയുമായി ബന്ധപ്പെട്ട് സൃഷ്ടിച്ചിട്ടുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു. ജില്ല തിരിച്ച് തസ്തിക സൃഷ്ടിച്ചിട്ടില്ല.

1. പി.എം.യു. ഹെഡ്
2. മാനേജർ (പ്രോജക്ട് കോ-ഓർഡിനേഷൻ)
3. അസിസ്റ്റന്റ് മാനേജർ (പ്രോജക്ട് കോ-ഓർഡിനേഷൻ)
4. മാനേജർ (ഫിനാൻസ്)
5. മാനേജർ (അഡ്മിനിസ്ട്രേഷൻ)
6. അസിസ്റ്റന്റ് മാനേജർ (ഫിനാൻസ്)
7. അസിസ്റ്റന്റ് മാനേജർ (അഡ്മിനിസ്ട്രേഷൻ) നിലവിലില്ല
8. മാനേജർ (ചെയ്ഞ്ച് മാനേജ്മെന്റ്) നിലവിലില്ല
9. ടെക്നിക്കൽ മാനേജർ
10 ഓഫീസ് അസിസ്റ്റന്റ്
11. ഹെൽപ്പർ (2 എണ്ണം)
12. സിസ്റ്റം അനലിസ്റ്റ്
13. നെറ്റ് വർക്ക് അഡ്മിനിസ്ട്രേറ്റർ
14. കൺസൾട്ടന്റ് (സിസ്റ്റം മാനേജ്മെന്റ്)
15. കൺസൾട്ടന്റ് (ഡി.ബി.എം.എസ്.)

16. പ്രോഗ്രാമേഴ്സ് (5 എണ്ണം)

17. ചീഫ് കൺസൾട്ടന്റ്

18. സീനിയർ ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർ

19. സീനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ

20. സീനിയർ നെറ്റ് വർക്ക് അഡ്മിനിസ്ട്രേറ്റർ

21. സീനിയർ പ്രോഗ്രാമേഴ്സ് (2 എണ്ണം)

22. പ്രോഗ്രാമേഴ്സ് (10 എണ്ണം)

(സി&ഡി) പദ്ധതി കേരളത്തിലെ പിന്നാക്ക, ഗ്രാമീണ മലയോര മേഖലകളിൽ നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്, മണമ്പൂർ എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ പദ്ധതിയുടെ പ്രവർത്തനം പുരോഗമിക്കുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ ഇ-ഹെൽത്ത് പ്രവർത്തനം തിരുവനന്തപുരം ജില്ലയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. മറ്റ് മേഖലകളിൽ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

273 (2099) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനവുമായി ബന്ധപ്പെട്ട് നിരവധി തട്ടിപ്പുകൾ നടക്കുന്നതായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനുള്ള നടപടിക്രമങ്ങൾ കർശനമാക്കിയിട്ടുണ്ടോ;

(ബി) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിന്റെ നിയമവശങ്ങൾ ശക്തമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതു സംബന്ധിച്ച കോടതി നിർദ്ദേശങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) അവയവദാനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ശക്തമാക്കിയതോടുകൂടി സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകളുടെ എണ്ണം കുത്തനെ കുറഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് മൃതസഞ്ജീവനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുമോ?

<u>ഉത്തരം</u>

(എ) നടപടികൾ കർശനമാക്കിക്കൊണ്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി-ഡി) ഉണ്ട്. 1994-ൽ ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ് പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (THOA) അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. എന്നാൽ സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയയെ ചോദ്യം ചെയ്തുകൊണ്ട് ഡോക്ടർ ഗണപതി ഫയൽ ചെയ്ത പൊതുതാല്പര്യ ഹർജിയുടെ അടിസ്ഥാനത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നടപടിക്രമങ്ങൾ നിർദ്ദേശിച്ചിരുന്നു. ഇതിന്റെയും കൂടി അടിസ്ഥാനത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണത്തിൽ കൂടുതൽ കർശന നിർദ്ദേശങ്ങൾ 1-2-2017-ലെ സ.ഉ.(കൈ)നമ്പർ 16/2017/ആകുവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള നാല് ഡോക്ടർമാരുടെ പാനലിൽ രണ്ട് ഡോക്ടർമാർ മസ്തിഷ്ക മരണ സ്ഥിരീകരണം നടത്തുന്ന ആശുപത്രിക്ക് പുറത്തുള്ളവരായിരിക്കണമെന്നും അതിൽ ഒരാൾ നിർബന്ധമായും സർക്കാർ സർവ്വീസിലുള്ള ഡോക്ടർ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന പാനലുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുവേണ്ടി ആറ് മണിക്കൂർ ഇടവേളയിൽ നടത്തുന്ന രണ്ട് ആപ്നിയ (APNOEA) ടെസ്റ്റുകളും വീഡിയോയിൽ പകർത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കർശന നിർദ്ദേശങ്ങൾ ഏർപ്പെടുത്തി യതിനെത്തുടർന്ന് മുൻ വർഷങ്ങളെ അപേക്ഷിച്ച് 2017-ൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനത്തിൽ കുറവ് ഉണ്ടായിട്ടില്ല.

(ഇ) മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി പദ്ധതി വളരെ കാര്യക്ഷമമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. എന്നിരുന്നാലും ടി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പരോപകാര താല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവദാനം ചെയ്യുന്നതിന് മുന്നോട്ടുവരുന്നവർക്ക് വേണ്ടിയും സ്വാപ്പ് ഡൊണേഷനു വേണ്ടിയും ഒരു രജിസ്ട്രി, നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.)യുമായി ചേർന്ന് കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ കീഴിൽ കൊണ്ടുവരുന്നതിനും അവയവദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിലേയ്ക്കായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കേരള നെറ്റ് വർക്ക് ഓഫ് ഓർഗൻ ഷെയറിംഗിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലും സ്ഥാപനവൽക്കരി ക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## സാന്ത്വന പരിചരണ പരിപാടി

274 (2100) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാന്ത്വന പരിചരണ പരിപാടി എതെല്ലാം ജില്ലകളിൽ നടപ്പായി വരുന്നുവെന്നും എത്ര ആളുകൾ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുവെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി ആര് മുഖേനയാണ് നടപ്പാക്കിവരുന്നതെന്നും പദ്ധതിയിൽ പങ്കെടുക്കുന്ന നഴ്സുമാർക്ക് എത്ര രൂപയാണ് വേതനം നൽകുന്നതെന്നും അറിയിക്കുമോ;

(സി) ഇവരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സാന്ത്വന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ആരോഗ്യ വകുപ്പിന് കീഴിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ മുഖേനയാണ് സാന്ത്വന പരിചരണ പരിപാടി നടപ്പിലാക്കി വരുന്നത്. ഈ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിനെ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ് തിരഞ്ഞെടുക്കുന്നതും, വേതനം നൽകി വരുന്നതും. ഈ ജീവനക്കാരുടെ പ്രധാന ഉത്തരവാദിത്വം ഭവന സന്ദർശനം നടത്തി ശയ്യാവലംബരായ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുക എന്നതാണ്.

സംസ്ഥാനത്തെ എല്ലാ ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളിലും സാന്ത്വന പരിചരണത്തിന്റെ ദ്വിതീയതലം ദേശീയ ആരോഗ്യ മിഷന്റെ സഹകരണത്തോടുകൂടി നടപ്പിലാക്കിവരുന്നു. കിടത്തി ചികിത്സയും, സ്പെഷ്യാലിറ്റി പരിചരണവും, വേദന സംഹാര ക്ലിനിക്കുകളും ലക്ഷ്യംവയ്ക്കുന്ന ഈ തലത്തിൽ സേവനം നൽകുന്നത് ദേശീയ ആരോഗ്യ മിഷൻ മുഖേന നിയമിക്കപ്പെട്ട 160 ജീവനക്കാരാണ്.

(ബി&സി) ഗ്രാമ പ്രദേശങ്ങളിൽ ഭവന സന്ദർശനം നടത്തി സാന്ത്വന പരിചരണം നൽകുന്ന പ്രൈമറി പാലിയേറ്റീവ് കെയർ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയാണ് നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സുമാർക്ക് പ്രതിമാസം 10,000 രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നൽകിവരുന്നത്. ഇത് പ്രതിമാസം 15,000 രൂപയായി ഈ സർക്കാർ ഉയർത്തിയിട്ടുണ്ട്.

ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ പ്രവർത്തിക്കുന്ന സെക്കണ്ടറി പാലിയേറ്റീവ് കെയർ പദ്ധതി ദേശീയ ആരോഗ്യ ദൗത്യം മുഖേനയാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാഫ് നഴ്സുമാർക്ക് 13,900 രൂപയാണ് അടിസ്ഥാന ശമ്പളമായി നൽകുന്നത്. ഇവരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി**

275 (2101) ശ്രീ. രാജു എബ്രഹാം :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷയരോഗ നിർമ്മാർജ്ജനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിന്റെ ഭാഗമായുള്ള വിവരശേഖരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി സന്നദ്ധ ആരോഗ്യ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ദേശീയ ആരോഗ്യ മിഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി ക്ഷയരോഗ വിമുക്ത കേരളത്തിനായി ക്ഷയരോഗ നിർമ്മാർജ്ജന മിഷൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. 2018 ജനുവരി മുതൽ മാർച്ച് വരെ കേരളത്തിലെ മുഴുവൻ കുടുംബങ്ങളിലും സന്നദ്ധ പ്രവർത്തകർ എത്തി ഓരോ കുടുംബാംഗത്തേയും നേരിൽ കണ്ട് ക്ഷയരോഗത്തെപ്പറ്റി അവബോധം നൽകുകയും ക്ഷയരോഗത്തിന് അനുകൂല സാഹചര്യങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തുകയും ക്ഷയരോഗബാധയുള്ള വിദൂര സാധ്യതയുള്ളവർക്കുപോലും സംശയ നിവാരണത്തിനായുള്ള സൗജന്യ പരിശോധനകൾ ലഭ്യമാക്കുകയും ചെയ്യുന്നു. രോഗം സ്ഥിരീകരിക്കുന്നവർക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും പങ്കാളിത്തത്തോടുകൂടിയാണ് പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി ക്ഷയരോഗ നിർമ്മാർജ്ജന ദൗത്യം നടപ്പിലാക്കിവരുന്നത്. മുഴുവൻ ഭവനങ്ങളിലും സന്നദ്ധ പ്രവർത്തകർ സന്ദർശനം നടത്തി ക്ഷയരോഗ നിർമ്മാർജ്ജന

അവബോധം സൃഷ്ടിക്കുന്നതിനും ക്ഷയരോഗത്തിന് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടെങ്കിൽ സംശയ നിവാരണത്തിനായി സൗജന്യ പരിശോധന ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ഷയരോഗബാധ സ്ഥിരീകരിക്കുന്നവർക്ക് സൗജന്യ ചികിത്സയും അനുബന്ധ പരിശോധനയും സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ക്ഷയരോഗ നിർമ്മാർജ്ജന കർമ്മപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ക്ഷയരോഗ നിർമ്മാർജ്ജന ബോർഡുകളും ടാസ്ക് ഫോഴ്സുകളും രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായുള്ള വിവരശേഖരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം 3-1-2018-ന് ആരോഗ്യ സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വസതിയിൽവച്ച് നടന്നു. ഇപ്പോൾ 10 ശതമാനത്തോളം വിവരശേഖരണം പൂർത്തിയായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത പദ്ധതിക്കായുള്ള എല്ലാ ചെലവുകളും വഹിക്കുന്നത് ദേശീയ ആരോഗ്യ മിഷൻ ആണ്.

## തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ ആരോഗ്യവകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി

276 (2102) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ ആരോഗ്യവകുപ്പ് ഏറ്റെടുത്തിരിക്കുന്ന 75 ഏക്കർ സ്ഥലത്ത് ഏതെങ്കിലും തരത്തിലുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വയനാട് ജില്ലയിൽ പേര്യ വില്ലേജിൽ M/s.ഗ്ലെൻ ലവൻ എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള 242.50 ഏക്കർ ഭൂമിയിൽ നിന്നും 75 ഏക്കർ ഭൂമി ആരോഗ്യവകുപ്പിനുവേണ്ടി ഏറ്റെടുത്ത് കൈമാറിയിട്ടുള്ളതാണ്. ഈ സ്ഥലത്ത് നബാർഡ് Tranche XXI-ൽ ഉൾപ്പെടുത്തി ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി സെന്റർ സ്ഥാപിക്കുന്നതിനായി GO (Rt)489/16/H&FWD dated 15-12-16 പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

എസ്റ്റേറ്റ് അധികൃതർ, മേൽ സൂചിപ്പിച്ച 242.50 ഏക്കർ ഭൂമിയും, ഫെഡറൽ ബാങ്കിൽ 149.50 ലക്ഷം രൂപയ്ക്ക് പണയം വച്ചിട്ടുള്ളതാണ്. സർക്കാർ ഉത്തരവ് പ്രകാരം കുഴിക്കൂറുകളുടെ വിലയായി അനുവദിച്ച 1,90,21,000 രൂപ ജില്ലാ കളക്ടറുടെ പേരിൽ മുട്ടിൽ കനറാബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എസ്റ്റേറ്റ് അധികൃതർ ലോൺ തിരിച്ചടയ്ക്കാത്തതിനാൽ ഫെഡറൽ ബാങ്ക്, എറണാകുളം DRT കോടതിയിൽ OA 372/2012 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതും ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിട്ടുള്ള തുക മേൽ കേസ് വിധിയാകുന്നതുവരെ കക്ഷികൾക്ക് അനുവദിച്ച് നൽകരുതെന്ന് ആവശ്യപ്പെട്ട് കോടതിയിൽ IA278/2017 പ്രകാരം ജില്ലാ കളക്ടറെ കൂടി പ്രതിചേർത്തിട്ടുണ്ട്.

പ്രസ്തുത കേസിൽ കോടതിയുടെ ഉത്തരവിന് വിധേയമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ എന്ന് 4-8-2017-ന് ബഹുമാനപ്പെട്ട എറണാകുളം DRT-1 കോടതിയിൽ കൗണ്ടർ ഫയൽ ചെയ്തിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത കേസിൽ സർക്കാർ അനുവദിച്ചതന്ന തുക കക്ഷിക്ക് ഇതുവരെ നൽകിയിട്ടില്ല. നിലവിൽ കേസുകൾ നിലനിൽക്കുന്നതിനാൽ ഇപ്പോൾ തുടർ നടപടികൾ സ്വീകരിക്കുന്നതിന് കഴിയുകയില്ല.

**ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെയുള്ള പദ്ധതികൾ**

277 (2103) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ ദേവികുളം നിയോജകമണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ ആരോഗ്യ വകുപ്പ് വഴി പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

(ബി) നിലവിൽ അത്തരത്തിലുള്ള പദ്ധതികളൊന്നും പരിഗണനയിലില്ല.

**മൃതസഞ്ജീവനി പദ്ധതി**

278 (2104) ശ്രീ. മഞ്ഞളാംകുഴി അലി :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില സാങ്കേതിക കാരണങ്ങൾമൂലം അവയവദാനത്തിൽ പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മസ്തിഷ്ക മരണം റിപ്പോർട്ട് ചെയ്യുന്നതിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) അവയവദാനം പ്രോത്സാഹിപ്പിക്കുവാൻ നടപ്പാക്കിയ മൃതസഞ്ജീവനി പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്ന നിയന്ത്രണങ്ങൾ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 1994-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (THOA) അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്ക മരണം സ്ഥിരീകരണ പ്രക്രിയയെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വന്ന പൊതുതാൽപ്പര്യ ഹർജിയുടെ അടിസ്ഥാനത്തിൽ ദൃശ്യ നവമാധ്യമങ്ങളിൽ വന്ന വാർത്തകൾ പൊതു സമൂഹത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണത്തെക്കുറിച്ച് ആശങ്ക ഉണ്ടാക്കി. തുടർന്ന് മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി 1-2-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 16/17/ആകുവ പ്രകാരം കൂടുതൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. മേൽ സംഭവങ്ങൾ മുൻ വർഷങ്ങളെ അപേക്ഷിച്ച് 2017-ൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവ് ഉണ്ടായതിന് കാരണമായിട്ടുണ്ട്.

(സി) അവയവദാനം പ്രോത്സാഹിപ്പിക്കുവാൻ നടപ്പാക്കിയ മൃതസഞ്ജീവനി പദ്ധതിയെ പ്രതികൂലമായി ബാധിക്കുന്ന നിയന്ത്രണങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജീറിയാട്രിക് കെയർ ഫോർ സീനിയർ സിറ്റിസൺ പദ്ധതി

279 (2105) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷൻ ആരംഭിക്കുന്ന ജീറിയാട്രിക് കെയർ ഫോർ സീനിയർ സിറ്റിസൺ പദ്ധതിയുടെ ഭാഗമായ വയോജന പരിപാലന പദ്ധതിയിലേയ്ക്ക് നിയമനം നടത്തുമ്പോൾ നേഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് പ്രഥമ പരിഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് നിയോഗിക്കുന്നത് വേണ്ടത്ര യോഗ്യതയും പരിചയവുമുള്ളവരെയാണ് എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീ അംഗത്വമുള്ള നെഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് പ്രഥമ പരിഗണന നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സി.ഡി.എസ്. ലെവൽ പ്രചരണത്തിലൂടെ ലഭിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ജില്ലാ മിഷനിലൂടെ സംസ്ഥാന മിഷന് ലഭിക്കുകയും, സംസ്ഥാന മിഷൻ പരിശീലന കേന്ദ്രത്തിന് കൈമാറുകയും ചെയ്യുന്നു. പരിശീലന കേന്ദ്രം ടെലിഫോണിക്ക് ഇന്റർവ്യൂവിലൂടെ ഉദ്യോഗാർത്ഥികളുടെ സ്ക്രീനിംഗ് നടത്തി പരിശീലനത്തിനുള്ളവരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നു. തുടർന്ന് ശേഷി വികസന പരിശീലനത്തിലൂടെ മികച്ച സേവനദാതാക്കളായി വാർത്തെടുക്കുകയും ചെയ്യുന്നു. ഇവരുടെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. (നഴ്സിംഗ് അനുബന്ധ വിദ്യാഭ്യാസം അഭിലഷണീയം) ഇത്തരം പ്രവർത്തന മേഖലയിലെ പ്രവർത്തന പരിചയം, ഇംഗ്ലീഷ്, മലയാളം വായിക്കാനും എഴുതാനും അറിഞ്ഞിരിക്കണം.

## റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സൗജന്യ വിദഗ്ദ്ധ ചികിത്സയ്ക്ക് ട്രോമാകെയർ പദ്ധതി

280 (2106) ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടത്തിൽപ്പെട്ട് ഗുരുതരാവസ്ഥയിലായ തമിഴ്നാട് സ്വദേശിയ്ക്ക് സർക്കാർ-സ്വകാര്യ ആശുപത്രികൾ ചികിത്സ നിഷേധിച്ചതിനെത്തുടർന്ന് മരണപ്പെട്ടതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ഉടനടി വിദഗ്ധചികിത്സ സൗജന്യമായി ലഭ്യമാക്കാനായി ആവിഷ്ക്കരിച്ചിട്ടുള്ള ട്രോമാകെയർ പദ്ധതിയുടെ വിശദവിവരം നൽകുമോ;

(സി) അപകടത്തിൽപ്പെടുന്നവരെ സമയനഷ്ടം ഇല്ലാതെ ഇത്തരം ചികിത്സാ സൗകര്യമുള്ള ആശുപത്രികളിൽ എത്തിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ വിപുലീകരിക്കാൻ പരിപാടിയുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) റോഡപകടങ്ങളിൽപ്പെടുന്നവരിൽ കൂടുതലും മരണപ്പെടുന്നത് തലയ്ക്ക് ഏൽക്കുന്ന ക്ഷതംമൂലമാണ്. അത്തരക്കാരുടെ ജീവൻ രക്ഷിക്കുന്നതിൽ ആദ്യ മണിക്കൂർ (Golden Hour) നിർണ്ണായകമായതിനാൽ സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിൽസാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകിക്കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യ പടി എന്ന നിലവിൽ GSP നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അത്യാഹിത വിഭാഗത്തിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ആരോഗ്യ വകുപ്പിന്റെ കീഴിൽ ചുവടെ ചേർത്തിരിക്കുന്ന ആശുപത്രികളിലും ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ്
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി
- ജനറൽ ആശുപത്രി, ആലപ്പുഴ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തൊടുപുഴ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നോർത്ത് പറവൂർ

- ജനറൽ ആശുപത്രി, തിരൂർ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻ ബത്തേരി
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നിലമ്പൂർ
- ജില്ലാ ആശുപത്രി, കൊല്ലം
- ജനറൽ ആശുപത്രി, കാസർഗോഡ്
- താലൂക്ക് ആശുപത്രി,ആറ്റിങ്ങൽ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആലത്തൂർ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, താമരശ്ശേരി
- ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
- ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര
- ജില്ലാ ആശുപത്രി, പാലക്കാട്
- ജനറൽ ആശുപത്രി, എറണാകുളം
- ജനറൽ ആശുപത്രി, നെയ്യാറ്റിൻകര
- താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര
- ജനറൽ ആശുപത്രി, ആറ്റിങ്ങൽ

**സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്**

281 (2107) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് പദ്ധതി പ്രകാരം ഇരുനൂറോളം സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടാനുള്ള സാഹചര്യമുണ്ടെങ്കിലും ചികിത്സാ ചെലവിന്റെ 20 മുതൽ 30 ശതമാനം വരെയുള്ള തുക മാത്രമാണ് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നത് എന്നതു പരിഗണിച്ച് സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംവിധാനം പരിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആരോഗ്യ വകുപ്പിൽ നിന്നും എൻലിസ്റ്റ് ചെയ്യപ്പെട്ട ഇരുനൂറോളം സ്വകാര്യ ആശുപത്രികളിലെ സർക്കാർ ജീവനക്കാരുടെ ചികിത്സയ്ക്ക് ഒ. പി. ഉൾപ്പെടെ ക്യാഷ് ലെസ്സ് സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള റീ-ഇംബേഴ്സ്മെന്റ് പട്ടിക പരിഷ്കരിച്ച് ജീവിതശൈലീ രോഗങ്ങൾ ഉൾപ്പെടെയുള്ള പുതിയ രോഗങ്ങളുടെ ചികിത്സയ്ക്കുള്ള മരുന്നുകൾ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ച് സർക്കാർ ജീവനക്കാരുടെ ചികിത്സാ ചെലവ് പൂർണ്ണമായും തിരികെ ലഭ്യമാക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ ഉൾപ്പെടുത്തി നിലവിലെ നിയമം കാലോചിതമായി പരിഷ്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സർക്കാർ ജീവനക്കാരുടെ ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളിൽ മെഡിക്കൽ ഇൻഷ്വറൻസ് സംവിധാനം മുഖേന ക്യാഷ് ലെസ് ട്രീറ്റ്മെന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പിൽ പുരോഗമിച്ചു വരുന്ന സാഹചര്യത്തിൽ നിലവിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംവിധാനം പരിഷ്കരിക്കേണ്ട ആവശ്യം ഇല്ല.

**റോഡപകടങ്ങളിൽപ്പെടുന്നവർക്ക് വിദഗ്ദ്ധ ചികിത്സ**

282 (2108) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ.മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് പെട്ടെന്ന് വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കുന്ന ട്രോമാകെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) അപകടങ്ങളിൽപ്പെടുന്നവർക്ക് ആശുപത്രികളിൽ ആദ്യ 48 മണിക്കൂറിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന പദ്ധതി ഏതൊക്കെ ഏജൻസികളുടെ സഹായത്തോടെയാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(സി) സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കുള്ള പണം ഏത് ഫണ്ടിൽ നിന്നും വഹിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അത്യാഹിത വിഭാഗത്തിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ആരോഗ്യ വകുപ്പിന്റെ കീഴിൽ ചുവടെ ചേർത്തിരിക്കുന്ന ആശുപത്രികളിലും ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ്
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി
- ജനറൽ ആശുപത്രി, ആലപ്പുഴ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തൊടുപുഴ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നോർത്ത് പറവൂർ
- ജനറൽ ആശുപത്രി, തിരൂർ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻ ബത്തേരി
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നിലമ്പൂർ
- ജില്ലാ ആശുപത്രി, കൊല്ലം
- ജനറൽ ആശുപത്രി, കാസർഗോഡ്
- താലൂക്ക് ആശുപത്രി,ആറ്റിങ്ങൽ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആലത്തൂർ

- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, താമരശ്ശേരി
- ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
- ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര
- ജില്ലാ ആശുപത്രി, പാലക്കാട്
- ജനറൽ ആശുപത്രി, എറണാകുളം
- ജനറൽ ആശുപത്രി, നെയ്യാറ്റിൻകര
- താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര
- ജനറൽ ആശുപത്രി, ആറ്റിങ്ങൽ

(ബി-ഡി) സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിൽസാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകിക്കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യ പടി എന്ന നിലവിൽ GSP നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ആർ.സി.സി.-യുടെ പ്രവർത്തനം

283 (2109) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യിൽ നിലവിൽ എത്ര ക്യാൻസർ രോഗികൾക്ക് ചികിത്സ നൽകുന്നുണ്ട്എന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിവർഷം പുതിയതായി എത്ര രോഗികൾ ഇവിടെ എത്തിച്ചേരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ക്യാൻസർ രജിസ്ട്രി തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ വർഷങ്ങളിൽ രജിസ്റ്റർ ചെയ്തതും നിലവിൽ തുടർ ചികിത്സ നൽകിവരുന്നതും, ഈ വർഷം പുതുതായി ചികിത്സയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുമുള്ള രോഗികൾ ഉൾപ്പെടെ 2,50,526 പേർക്ക് ചികിത്സ നൽകിയിട്ടുണ്ട്.

(ബി) 2016-17 വർഷം 16,255 രോഗികൾ ആർ.സി.സി.-യിൽ പുതുതായി ചികിത്സയ്ക്ക് എത്തിയിട്ടുണ്ട്.

(സി) സംസ്ഥാനം ഒട്ടാകെയുള്ള ക്യാൻസർ രജിസ്ട്രി രൂപീകരിക്കുക എന്നത് കേരള ക്യാൻസർ കെയർ ഗ്രിഡിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. അർബുദ രോഗികളുടെ എണ്ണം, മരണ നിരക്ക്, അനുബന്ധ വിവരങ്ങൾ എന്നിവ ലഭിക്കാൻ ഈ നിർബന്ധിത റിപ്പോർട്ടിംഗ് സഹായകമാകും.

സംസ്ഥാന വ്യാപകമായ ക്യാൻസർ രജിസ്ട്രി സ്ഥാപിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ആരോഗ്യരംഗത്തെ അധികൃതർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെ കേരള ഗവൺമെന്റ് 2017 നവംബർ 27-ാം തീയതി ഒരു യോഗം നടത്തുകയുണ്ടായി. ഈ യോഗത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്തു.

1. ക്യാൻസർ ചികിത്സ നടത്തുന്ന ആശുപത്രികളിൽ ഒരു ആശുപത്രി അധിഷ്ഠിത ക്യാൻസർ രജിസ്ട്രി സ്ഥാപിച്ചാൽ രോഗാവസ്ഥ, ചികിത്സ അതിജീവനം എന്നിവയെക്കുറിച്ച് വിവരങ്ങൾ ലഭ്യമാകുന്നതാണ്

2. ഓരോ ക്യാൻസർ ആശുപത്രിയിലും ഒരു Hospital Based Cancer Registry (HBCR) സജ്ജീകരിക്കേണ്ടതാണ്. സഹകാരികളായ സ്ഥാപനങ്ങളിൽ ലഭ്യമായ പശ്ചാത്തലസൗകര്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും HBCR സജ്ജീകരിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ നിർണ്ണയിക്കുന്നത്.

3. നിശ്ചിത രൂപത്തിലുള്ള ഒരേ തരം ഫോറമായിരിക്കും ക്യാൻസർ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താൻ ഉപയോഗിക്കുക. ഇത് കമ്പ്യൂട്ടറിലേയ്ക്ക് മാറ്റുന്നതാണ്.

4. ക്യാൻസർ രോഗം സ്ഥിരീകരിച്ചുകൊണ്ടുള്ള ബയോപ്സി റിപ്പോർട്ട് ഇല്ലെങ്കിലും, ആദ്യമായി ക്യാൻസർ ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ വിവരങ്ങൾ HBCR-ൽ രേഖപ്പെടുത്തേണ്ടതാണ്.

5. പങ്കാളിത്തമുള്ള സ്ഥാപനങ്ങളിലെ വിവരങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതാണ്.

6. വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ഓരോ പ്രദേശത്തുമുള്ള ക്യാൻസർ പാറ്റേൺ വിലയിരുത്താൻ കഴിയുന്നതാണ്. ഇങ്ങനെ ലഭ്യമാകുന്ന വിവരങ്ങൾ സ്റ്റേറ്റ് ക്യാൻസർ രജിസ്ട്രിക്ക് കൈമാറണം.

7. ഇത് അപഗ്രഥിച്ച് നൂതന വിജ്ഞാനം സൃഷ്ടിക്കാൻ കഴിയും.

8. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ക്യാൻസർ രജിസ്ട്രി, ആശുപത്രി അധിഷ്ഠിത ക്യാൻസർ രജിസ്ട്രിക്കുവേണ്ടി ഒരു സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ ആശുപത്രികളിൽ നിന്ന് ഏകീകൃത മാതൃകയിൽ ക്യാൻസർ സംബന്ധിച്ച വിവരങ്ങൾ ശേഖരണം നടത്തുവാൻ ഇതു പ്രയോജനപ്പെടും.

സ.ഉ.(എം.എസ്.)173/2017/H&FWD തീയതി 5-12-2017 പ്രകാരം കേരള ക്യാൻസർ കെയർ ഗ്രിഡിന് (KCCG) രൂപം നൽകിയിട്ടുണ്ട്. കേരളത്തിലെ ക്യാൻസർ സംബന്ധമായ വിവരങ്ങൾ സ്റ്റേറ്റ് ക്യാൻസർ രജിസ്ട്രി മുഖേന നൽകുകയെന്നത് കേരള ക്യാൻസർ കെയർ ഗ്രിഡിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

## മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാ കേന്ദ്രം

284 (2110) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ ആറര (6 1/2) ഏക്കർ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി കാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഇക്കാര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 5-8-2016-ലെ സർക്കാർ ഉത്തരവ് (സാ.ധാ) നമ്പർ 2174/2016/ ആ.കു.വ. പ്രകാരം മാവൂർ, കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആൻറ് റിസർച്ച് സെന്ററിനെ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ കീഴിൽ കാൻസർ സ്ക്രീനിംഗ് സെന്ററായി പ്രവർത്തിക്കുന്നതിന് ഉത്തരവായിരുന്നു. കോഴിക്കോട് ജില്ലയിലെ മാവൂർ കാൻസർ സെന്ററിനെ കോഴിക്കോട് മെഡിക്കൽ കോളേജിനു കീഴിലെ ജീവനക്കാരെ ഉപയോഗിച്ച്, ടി മെഡിക്കൽ കോളേജിനു കീഴിൽ ഒരു കേന്ദ്രമായി പ്രവർത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിരുന്നു. മാവൂർ കാൻസർ സെന്ററിനെ കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിലെ ജീവനക്കാരെ ഉപയോഗിച്ച് കോളേജിന് കീഴിൽ ഒരു കേന്ദ്രമായി പ്രവർത്തിപ്പിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുള്ളതിനാൽ മാവൂർ കാൻസർ സെന്ററിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഒരു പാലിയേറ്റീവ് കെയർ സെന്റർ തുടങ്ങുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

## പബ്ലിക് ഹെൽത്ത് ലാബ്

285 (2111) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പബ്ലിക് ഹെൽത്ത് ലാബ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ആവശ്യമായ ജീവനക്കാരുടെ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും എത്രപേർ ജോലിയിൽ പ്രവേശിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ലാബിലേക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ലാബിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ അനുവദിച്ച പബ്ലിക് ഹെൽത്ത് ലാബ് ആരംഭിക്കുന്നതിനുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) ടി സ്ഥാപനത്തിലേയ്ക്ക് പത്ത് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ലബോറട്ടറി പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതാണ്.

(സി&ഡി) ലാബിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കിവരുന്നു. 2018 ഫെബ്രുവരി അവസാനത്തോടെ ലാബ് പ്രവർത്തന സജ്ജമാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കെ.ബി.എഫ്. ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മംഗലാപുരത്തെ ആശുപത്രികൾ

286 (2112) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ഭൂരിഭാഗം രോഗികളും മംഗലാപുരത്തെ ആശുപത്രികളിൽ ചികിൽസ തേടുന്നവരായതിനാൽ കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നുള്ള ധനസഹായം പ്രസ്തുത രോഗികൾക്കും കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കെ.ബി.എഫ്. ധനസഹായ പദ്ധതിയിൽ മംഗലാപുരത്തെ ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കുന്ന കാര്യം സജീവ പരിഗണനയിലുള്ളതിനാൽ കാരുണ്യ ചികിത്സാ പദ്ധതിയുടെ നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റങ്ങളൊന്നും തന്നെ വരുത്തേണ്ട തുണ്ടെന്ന് കാണുന്നില്ല. കർണ്ണാടക സംസ്ഥാനത്തിലെ ആശുപത്രികളെ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനാർഹമല്ല.

(ബി) മംഗലാപുരത്തെ ആശുപത്രികളെയൊന്നും തന്നെ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കാരുണ്യ പദ്ധതിയുടെ 25-ാം സംസ്ഥാനതല സമിതി തീരുമാനപ്രകാരം കർണ്ണാടകത്തിലെ മംഗലാപുരത്തുള്ള ഇൻഡ്യാന ഹോസ്പിറ്റൽ, യേനപ്പോയ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഫാദർ മുള്ളേഴ്സ് ആശുപത്രി, മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജ്, കൂടാതെ മംഗലാപുരത്തുള്ള അനുബന്ധ കെ.എം.സി.ഹോസ്പിറ്റലുകളിലെയും ചികിത്സയ്ക്ക് ആവശ്യമെങ്കിൽ പ്രത്യേകാനുമതി നൽകുന്നതിന് കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ആർദ്രം പദ്ധതി

287 (2113) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ മേഖലയിൽ പി.എസ്.സി. മുഖേന എത്ര പേർക്ക് തൊഴിലവസരം ലഭ്യമായിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

ആർദ്രം പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽനിന്നും 1243 പേർക്ക് തൊഴിലവസരം ലഭ്യമായിട്ടുണ്ട്.

## ആർദ്രം മിഷൻ പദ്ധതി

288 (2114) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയ പെരുമൺ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ അധികമായി സൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ;ഇതിനായി സ്വീകരിച്ചുവരുന്ന നപടികൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രത്തിലെ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനും പുതിയ ഒ.പി. കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പെരുമൺ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സൃഷ്ടിച്ച ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ ഒരു അസിസ്റ്റന്റ് സർജന്റേയും ഒരു ലാബ് ടെക്നീഷ്യന്റെയും നിയമനം നടത്തിയിട്ടുണ്ട്. സ്റ്റാഫ് നഴ്സുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. താൽക്കാലിക നിയമനം നട<u>ത്തു</u>ന്നതിനുള്ള നടപടി പൂർത്തിയായിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരുമൺ പ്രാഥമികരോഗ്യ കേന്ദ്രം ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ടി ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 14,20,500 (പതിനാല് ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്.

## ആർദ്രം പദ്ധതിയിൽ പുതിയ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

289 (2115) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി, പുതിയതായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ, തിരുവനന്തപുരം ജില്ലയിൽ ആയത് എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 16 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ഇതിൽ ചുവടെ ചേർത്തിരിക്കുന്ന ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള ആശുപത്രികൾ ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ രണ്ടെണ്ണമൊഴികെ മറ്റെല്ലാത്തിലും പണി പൂർത്തീകരിച്ച് രോഗികൾക്കായി സൗകര്യം ഒരുക്കിയിട്ടുണ്ട്. ബാക്കിയുള്ളവയും ഉടനടി പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

| | |
|---|---|
| 1. | പ്രാഥമികാരോഗ്യ കേന്ദ്രം, അരുവിക്കര |
| 2 | പ്രാഥമികാരോഗ്യ കേന്ദ്രം, വാമനപുരം |
| 3 | പ്രാഥമികാരോഗ്യ കേന്ദ്രം, കടകംപള്ളി |
| 4 | പ്രാഥമികാരോഗ്യ കേന്ദ്രം,ചെമ്മരുത്തി |
| 5 | പ്രാഥമികാരോഗ്യ കേന്ദ്രം, കിളിമാനൂർ |
| 6 | പ്രാഥമികാരോഗ്യ കേന്ദ്രം, പള്ളിച്ചൽ |
| 7 | ജഗതി ഡിസ്പെൻസറി |
| 8 | പ്രാഥമികാരോഗ്യ കേന്ദ്രം, കരകുളം |
| 9 | പ്രാഥമികാരോഗ്യ കേന്ദ്രം, കീഴാറ്റിങ്ങൽ |

| | |
|---|---|
| 10 | പ്രാഥമികാരോഗ്യ കേന്ദ്രം, ബാലരാമപുരം |
| 11 | പ്രാഥമികാരോഗ്യ കേന്ദ്രം, വട്ടിയൂർക്കാവ് |
| 12 | പ്രാഥമികാരോഗ്യ കേന്ദ്രം,പൂഴനാട് |
| 13 | പ്രാഥമികാരോഗ്യ കേന്ദ്രം, പരണിയം |
| 14 | പ്രാഥമികാരോഗ്യ കേന്ദ്രം, ആമച്ചൽ |
| 15 | പ്രാഥമികാരോഗ്യ കേന്ദ്രം, കോട്ടുകാൽ |
| 16 | പ്രാഥമികാരോഗ്യ കേന്ദ്രം, തോന്നയ്ക്കൽ |

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ വികസനം

290 (2116) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ അനുവദിക്കപ്പെട്ട സൗകര്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി നടപ്പിലാക്കിയ കാര്യങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര താലൂക്കാശുപത്രിയിൽ താഴെപ്പറയുന്ന തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | - | 2 |
| 2. | ജൂനിയർ കൺസൾട്ടന്റ് (പി.എം.ആർ.) | - | 1 |
| 3. | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | - | 1 |
| 4. | ഇ.സി.ജി. ടെക്നീഷ്യൻ | - | 1 |
| 5. | ലാബ് ടെക്നീഷ്യൻ | - | 1 |
| 6. | സ്റ്റാഫ് നഴ്സ് | - | 2 |
| | ആകെ | - | 8 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊട്ടാരക്കര താലൂക്കാശുപത്രിയുടെ വികസനത്തിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. മെറ്റേണിറ്റി ബ്ലോക്കും ലിഫ്റ്റും സ്ഥാപിച്ചു.
2. ഫാർമസി നവീകരിച്ചു.
3. എം.ആർ.എൽ. യൂണിറ്റ് നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തി.
4. ട്രോമാകെയർ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങി.
5. ഡെന്റൽ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങി.
6. എം.ആർ.എൽ. യൂണിറ്റിന്റെ ഡിജിറ്റലൈസേഷൻ നടത്തി.
7. ലേബർ റൂമിന്റെ ആദ്യഘട്ടം പൂർത്തിയാക്കി.
8. ഓഫ്ത്താൽമോളജി യൂണിറ്റ് നവീകരിച്ചു.
9. മെയിൻ വാർഡ് റാമ്പ്, പി.പി. യൂണിറ്റിനും എക്സ്റേ യൂണിറ്റിനും വെയിറ്റിംഗ് ഷെഡ് എന്നിവ നിർമ്മിച്ചു.
10. ഒ.പി. ടിക്കറ്റ് കൗണ്ടർ (ക്യാബിൻ)
11. ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിച്ചു.
12. സി.സി.ടി.വി. സ്ഥാപിച്ചു.
13. ആവശ്യമായ മരുന്നുകൾ (പാലിയേറ്റീവ് കെയർ യൂണിറ്റിന് ഉൾപ്പെടെ) വാങ്ങിച്ചു.

**കുടിവെള്ള കുപ്പികളിൽ വിഷാംശം**

291 (2117) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പികളിൽ ലഭിക്കുന്ന കുടിവെള്ളത്തിൽ വിഷാംശം കലർന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിശോധിക്കുന്ന ഏജൻസി ഏതാണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കുടിവെള്ളം വിൽക്കുന്ന ഏതെല്ലാം കമ്പനികൾക്ക് ഇത്തരത്തിൽ പരിശോധ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്;

(ഡി) കുടിവെള്ളത്തിൽ മായവും വിഷാംശവും കലർന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയ കമ്പനികൾ ഏതെല്ലാം; അറിയിക്കുമോ;

(ഇ) ഇത്തരം പരിശോധന നടത്തുവാനുള്ള സ്ഥാപനങ്ങൾ ജില്ലതോറും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കുപ്പികളിൽ ലഭിക്കുന്ന കുടിവെള്ളത്തിൽ വിഷാംശം കലർന്നിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. എന്നാൽ പരിശോധനയിൽ ഗുണനിലവാരമില്ലാത്തതായും ബാക്ടീരിയ പോലുള്ള അണുക്കളെയും കണ്ടെത്തിയിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിലും മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളിലും കുപ്പിവെള്ളത്തിൽ അടങ്ങിയിരിക്കുന്ന വിഷാംശം കണ്ടെത്തുന്നതിനുള്ള പരിശോധനകൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ട്.

(സി) കുടിവെള്ളം വിൽക്കുന്ന എല്ലാ കമ്പനികൾക്കും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള പരിശോധനാ സർട്ടിഫിക്കറ്റും ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS) സർട്ടിഫിക്കറ്റും ആവശ്യമാണ്.

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന കുടിവെള്ള കമ്പനികളുടെ പേര് വിവരം അനുബന്ധമായി ഇതോടൊപ്പം നൽകുന്നു.*

(ഡി)

1. ഫുഡ് പാർക്ക്, മോതിരപ്പീടിക, ഹൈസ്കൂൾ റോഡ്, ചെറുക്കളശ്ശേരി, പാലക്കാട്.
2. യുടെക് മിനറൽസ്, ഇടത്തല, ആലുവ.
3. ഗോൾഡർ ട്രെഡ്സ്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, കളമശ്ശേരി, കൊച്ചി.
4. ഇറേയിൽ, ചെങ്ങമനാട്, ആലുവ, എറണാകുളം.
5. മുല്ലശ്ശേരി മിനറൽസ് & ബിവറേജസ്, ചൊവ്വര.
6. ഫീനിക്സ് ഏജൻസീസ്, കിടങ്ങൂർ, അങ്കമാലി.
7. ഗുഡ്വിൻ ട്രേഡേഴ്സ്, തൊട്ടിപ്പാൽ, തൃശ്ശൂർ.
8. ക്രിസ്റ്റൽ അക്വാ യു വി ട്രീറ്റഡ് & പ്യൂരിഫൈഡ് വാട്ടർ, വടവത്തൂർ, കോട്ടയം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9. അൾട്രാ പ്യൂവർ ആർ ഒ വാട്ടർ, കൊല്ലാട് പി.ഒ, കോട്ടയം.
10. മലബാർ ഫുഡ് പ്രോഡക്ട്സ്, പുല്ലൂരാംപാറ, പി.ഒ, കോഴിക്കോട്.
11. കിംഗ് ഫിഷർ, യൂ ടെക് മിനറൽസ് & ബിവറേജ്, എടത്തല, ആലുവ.
12. ഇവോ, സ്കൈവാലി, ചെറുവണ്ണൂർ, കുളത്തറ റോഡ്.
13. വാന്ഡഫിൻ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, സലോമിൻ അക്വാ, ചെങ്ങാറ എരുവട്ടി, മലപ്പുറം.
14. ബ്ലൂ ഐറിസ്, ബ്ലൂ ഇൻഡസ്ട്രീസ്, പെരുമ്പാവൂർ, എറണാകുളം.
15. ഇറഫ്രഷ്, ഇരഞ്ഞിൽ പ്രോഡക്ട്, നെടുമ്പാശ്ശേരി, എറണാകുളം.
16. വെസ്റ്റേൺ ഫുഡ്സ് & ബിവറേജസ്, കണ്ണൂർ
17. റെയിൻ ഡ്രോപ്പ്സ്, കോലയാട്, കണ്ണൂർ
18. പ്രീമിയർ അക്വാ ഇൻഡസ്ട്രീസ്, കടവിലകം, പാറശ്ശാല
19. പി.റ്റി.സി. ഇൻഡസ്ട്രീസ് വേളി, ടൈറ്റാനിയം പി.ഒ, തിരുവനന്തപുരം.
20. റിവർ വാലി, ശോഭ കോംപ്ലക്സ്, കുമാരപുരം
21. പെപ്സികോ ഇന്ത്യാ ഹോൾഡിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ്, കഞ്ചിക്കോട് ഈസ്റ്റ് പി.ഒ, പാലക്കാട്
22. ദിനി കുമാർ.ബി, കാവിൽ വീട്, ആലംങ്കോട്, തിരുവനന്തപുരം.
23. എം.കെ.പ്രൊഡക്ഷൻ (ശുദ്ധ് ലൈഫ്) മരുതികുന്ന് പി.ഒ, നാവായിക്കുളം.
24. അശോക പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, കടാതി, മൂവാറ്റുപുഴ
25. അക്വാ പ്യൂവർ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, കോന്നി, പത്തനംതിട്ട
26. തേജസ്സ് മിനറൽസ് , കുവപ്പടി, പെരുമ്പാവൂർ
27. ആമസോൺ മിനറൽസ് ആന്റ് അക്വാ പ്രോഡക്ട്സ്, മാറമ്പള്ളി, ആലുവ

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം

292 (2118) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്ട് (ഏഫ്.എസ്.എസ്. ആക്ട്) 2006-ന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത ആക്ടിന്റെ സെക്ഷൻ 37 പ്രകാരം പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥൻ ആരാണ്; എഫ്.എസ്.എസ്. ആക്ട് പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്താൻ വകുപ്പിലെ ഉദ്യോഗസ്ഥർക്കല്ലാതെ മറ്റാർക്കെങ്കിലും അധികാരമുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ഫുഡ് ബിസിനസ്സ് ഓപ്പറേറ്റേഴ്സ് ഉണ്ട്; ഈ സ്ഥാപനങ്ങളിൽ ഭക്ഷ്യ സുരക്ഷാ വിഭാഗം വർഷത്തിൽ എത്ര പ്രാവശ്യം പരിശോധന നടത്താറുണ്ട്; നിലവിലെ ഫുഡ് ബിസിനസ്സ് ഓപ്പറേറ്റേഴ്സ് വഴി വിപണിയിൽ എത്തുന്ന ഭക്ഷ്യ വിഭവങ്ങളുടെ ഗുണനിലവാരം തിട്ടപ്പെടുത്തുന്നതിന് ആവശ്യമുള്ള ഉദ്യോഗസ്ഥർ വകുപ്പിന് ഉണ്ടോ; വിശദാംശം നൽകാമോ;

(സി) എത്ര ഭക്ഷ്യ സുരക്ഷ ഓഫീസർമാരുടെ തസ്തികകളാണ് നിലവിൽ ഉള്ളത്; ഇതിൽ ഓരോ നിയോജകമണ്ഡലത്തിലും എത്ര സ്റ്റാഫിനെയാണ് നിയമിച്ചിട്ടുള്ളത്; ഓരോ നിയോജകമണ്ഡലങ്ങളിലും ശരാശരി എഴ് പഞ്ചായത്തുകൾ ഉള്ളതിനാൽ നിലവിലെ സ്റ്റാഫിന്റെ എണ്ണം തീരെ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരു നിയോജക മണ്ഡലത്തിൽ 2 ഭക്ഷ്യ സുരക്ഷാ ഓഫീസർ എന്ന കണക്കിൽ തസ്തിക സൃഷ്ടിച്ച് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുമോ;

(ഡി) ഭക്ഷ്യപദാർത്ഥങ്ങളിൽ മായം ചേർക്കുന്നതും നിലവാരമില്ലാത്ത ഭക്ഷ്യ ഉൽപ്പന്നങ്ങൾ വിൽക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് നിലവിൽ ഉള്ളത്; ഗുണനിലവാരം ഇല്ലാത്ത ഭക്ഷ്യപദാർത്ഥങ്ങൾ വിപണിയിൽ വിൽക്കുന്നത് തടയാൻ എന്തെല്ലാം മുൻകരുതലാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി ഭക്ഷ്യസുരക്ഷ വകുപ്പിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരുമോ; ഇതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുജനങ്ങൾക്ക് സുരക്ഷിതവും, സമ്പുഷ്ടവുമായ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുക, ഭക്ഷ്യവസ്തുക്കളെ സംബന്ധിച്ചുള്ള നിയമങ്ങൾ ക്രോഡീകരിക്കുക, ശാസ്ത്രീയമായ ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ നിശ്ചയിക്കുന്നതിനു വേണ്ടി ദേശീയ ഭക്ഷ്യസുരക്ഷാ അതോറിറ്റി രൂപീകരിക്കുക, ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം, സംഭരണം, വിതരണം വില്പന, ഇറക്കുമതി എന്നിവ നിയന്ത്രിക്കുക എന്നതാണ് ഈ നിയമത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ.

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് (എഫ്.എസ്.എസ്. ആക്ട്) 2006 സെക്ഷൻ (37) പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർ അധികാരപ്പെടുത്തുന്ന ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർക്കും നിശ്ചിത യോഗ്യതയുള്ള പക്ഷം സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കും പരിശോധന നടത്താവുന്നതാണ്.

(ബി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരുടെ ഡാറ്റാ കളക്ഷൻ ആരംഭിച്ചിട്ടുണ്ട്. എന്നാൽ അത് പൂർത്തിയായിട്ടില്ല. എന്നിരുന്നാലും എഫ്. എസ്. എസ്. ഐ.-യുടെ ഫുഡ് ലൈസൻസിംഗ് & രജിസ്ട്രേഷൻ ഓൺലൈൻ സിസ്റ്റം പ്രകാരം സംസ്ഥാനത്ത് 15-1-2018 വരെ ലൈസൻസ്/രജിസ്ട്രേഷനോടുകൂടി പ്രവർത്തിക്കുന്ന 2,12,633 ഫുഡ് ബിസിനസ്സ് ഓപ്പറേറ്റേഴ്സ് ഉണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ എല്ലാ മാസങ്ങളിലും പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ട്. ഇതു കൂടാതെ നിശ്ചിത ഇടവേളകളിലും ഓണം, റംസാൻ, ബക്രീദ്, ക്രിസ്മസ്സ്-പുതുവത്സരം തുടങ്ങിയ ആഘോഷവേളകളിലും ഉത്സവ (ആറ്റുകാൽ പൊങ്കാല, ശബരിമല തുടങ്ങിയവ) സീസണുകളിലും മഴക്കാലത്തും പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സമയങ്ങളിലും ഭക്ഷ്യസുരക്ഷാ വിഭാഗം പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ ടോൾഫ്രീ വഴിയും നേരിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും നവമാധ്യമങ്ങളിലെ വാർത്തകളുടെ അടിസ്ഥാനത്തിലും ഇ-മെയിൽ ആയി വരുന്ന പരാതികളുടെ അടിസ്ഥാനത്തിലും ഭക്ഷ്യ ഉൽപ്പാദന വിതരണ സംഭരണ വിൽപ്പന സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യ വിഭവങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിനു കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ എൻ.എ.ബി.എൽ. അക്രഡിറ്റേഷനോടു കൂടിയ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമാക്കി 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെല്ലാം ഭക്ഷ്യവിഭവങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഉദ്യോഗസ്ഥർ നിലവിലുണ്ട്.

(സി) സംസ്ഥാനത്ത് 160 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 കേരളത്തിൽ 2009-ൽ നിലവിൽ വരികയുണ്ടായി. ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ കേരളത്തിൽ മൊത്തം 66 ഫുഡ് സേഫ്റ്റി ഓഫീസർ തസ്തിക മാത്രമായിരുന്നു നിലവിലുണ്ടായിരുന്നത്. എന്നാൽ ഭക്ഷ്യസുരക്ഷാ നിയമം കൂടുതൽ ശാക്തീകരിക്കുന്നതിന്റെ ഭാഗമായും മുനിസിപ്പൽ കോമൺ സർവ്വീസിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ 32 തസ്തികകൾ അവരുടെ സേവന വേതന വ്യവസ്ഥകൾ സഹിതം ഭക്ഷ്യസുരക്ഷാ വകുപ്പിലേയ്ക്ക് മാറ്റപ്പെടുകയും കൂടാതെ 62 ഭക്ഷ്യസുരക്ഷാ ഓഫീസറുടെ പുതിയ തസ്തികകൾ കൂടി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഒരു നിയോജകമണ്ഡലത്തിൽ 2 ഭക്ഷ്യസുരക്ഷാ ഓഫീസർ എന്ന കണക്കിൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഭക്ഷ്യവസ്തുക്കകളിൽ മായം കലർത്തിയതും ഗുണനിലവാരമില്ലാത്തതും മിസ്ബ്രാന്റഡുമായ 1219 കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്.

ഗുണനിലവാരമില്ലാത്ത ഭക്ഷ്യ പദാർത്ഥങ്ങൾ വിൽക്കുന്നത് തടയുന്നതിനായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ വിപണിയിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ച് പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരം പ്രോസിക്യൂഷനോ, അഡ്ജ്യൂഡിക്കേഷൻ നടപടികളോ സ്വീകരിക്കുന്നു.

ഓണം, ബക്രീദ്, ക്രിസ്മസ് കാലയളവിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്.

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അധിക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ലഘുഭക്ഷണങ്ങളുടെ ഗുണനിലവാരം

293 (2119) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമങ്ങളിലും നഗരങ്ങളിലും കൂടാതെ റോഡരികിലും വിൽക്കുന്ന പലഹാരങ്ങളിൽ കീടനാശിനികളും പല തരത്തിലുമുള്ള മാരകമായ രോഗങ്ങൾക്ക് കാരണമായ വിഷാംശങ്ങളും അടങ്ങിയിട്ടുള്ള വിവരം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേലുള്ള കണ്ടെത്തലുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ബേക്കറികളിലെയും പ്രൊവിഷൻ സ്റ്റോറുകളിലെയും ഇത്തരത്തിലുള്ള ഭക്ഷണങ്ങൾ നിലവാരം കുറഞ്ഞതാണെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(സി) ബേക്കറികളിലും മറ്റ് സ്റ്റോറുകളിലും ഭക്ഷണപദാർത്ഥങ്ങൾ വിൽക്കുന്നതിന് മുൻപ് ലൈസൻസ് എടുക്കണമെന്ന നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് 2016 ജനുവരി മുതൽ പരിശോധിച്ച സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി എടുത്തുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഇ) ഭക്ഷ്യസുരക്ഷാ വകുപ്പ് കണ്ടെത്തിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് പൊതുജനങ്ങൾക്ക് അറിയുവാൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

### ഉത്തരം

(എ) ഉണ്ട്. പരിശോധന നടത്തിയതിൽ മാരകമായ രോഗങ്ങൾക്ക് കാരണമാകുന്നതൊന്നും കണ്ടെത്തിയിട്ടില്ല.

(ബി) ബേക്കറികളിലെയും പ്രൊവിഷൻ സ്റ്റോറുകളിലെയും ഇത്തരത്തിലുള്ള ഭക്ഷണങ്ങൾ നിലവാരം കുറഞ്ഞതാണെന്ന കാര്യം പരിശോധനയിൽ കണ്ടെത്തിയ സാഹചര്യങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ബേക്കറികളിലും മറ്റ് സ്റ്റോറുകളിലും ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്നതിന് മുമ്പ് ലൈസൻസ്/രജിസ്ട്രേഷൻ എടുക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തി ലൈസൻസ്/രജിസ്ട്രേഷൻ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ലൈസൻസ്/ രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പ് 2016 ജനുവരി മുതൽ 31838 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 4764 സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്*.

(ഇ) ഗുരുതര ലംഘനങ്ങൾ നടത്തിയെന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് കണ്ടെത്തിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് അതാത് സമയങ്ങളിൽ പത്രങ്ങളിലൂടെ പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ട്.

## അങ്കണവാടികളുടെ പ്രവർത്തനം

294 (2120) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) അങ്കണവാടികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; പ്രസ്തുത സൗകര്യങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് വിശദമാക്കുമോ;

(ഡി) സ്വന്തമായി കെട്ടിടവും സൗകര്യവുമില്ലാത്ത എത്ര അങ്കണവാടികൾ ഒറ്റപ്പാലം മണ്ഡലത്തിലുണ്ട്;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അങ്കണവാടികളിലെ സേവനങ്ങളെക്കുറിച്ച് ഗുണഭോക്താക്കളിലും പൊതുജനങ്ങളിലും അവബോധം സൃഷ്ടിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക ഇടപെടുലകളിലൂടെ അങ്കണവാടികളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും അക്കൗണ്ടബിലിറ്റിയും മെച്ചപ്പെടുത്തുക, സമൂഹത്തിന്റെ ഇടപെടലുകളിലൂടെ അങ്കണവാടിയിലൂടെ നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ 33115 അങ്കണവാടികളിൽ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കി.

അങ്കണവാടികളിൽ പ്രീ-സ്കൂളിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനായി ജൂൺ ഒന്നിനും നവംബർ ഒന്നിനും പ്രവേശനോത്സവം നടത്തപ്പെടുന്നു. ഇവർക്കായി രണ്ട് സെറ്റ് യൂണിഫോമുകൾ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ കന്നഡ ഭാഷ പ്രദേശങ്ങളിലേയ്ക്ക് വകുപ്പിൽനിന്നും പുറത്തിറക്കിയ വിവിധ പ്രസിദ്ധീകരണങ്ങൾ മൊഴിമാറ്റം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

Early Child Care and Education (ECCE) കരിക്കുലം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവത്തകർക്കും ഐ.ആർ.ടി.സി.വഴി പരിശീലനം നടത്തിവരുന്നു.

ഇടമലക്കുടിയിലെ തദ്ദേശീയരായ അങ്കണവാടി ഹെൽപ്പർമാർക്ക് ഐ.സി.ഡി.എസ്. മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ട്.

സംസ്ഥാനത്തെ ഏറ്റവും മികച്ച അങ്കണവാടിയെ കണ്ടെത്തുന്നതിനായി അങ്കണവാടി റിയാലിറ്റി ഷോ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വിവിധ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികൾക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

അങ്കണവാടി പ്രവർത്തനത്തിൽ കാര്യക്ഷമത കൊണ്ടുവരുന്നതിന്റെ ഭാഗമായി ശിശു സൗഹൃദ ടോയിലറ്റുകൾ, മെച്ചപ്പെട്ട കുടിവെള്ള സൗകര്യം, കെട്ടിടനവീകരണം തുടങ്ങിയ പ്രവർത്തനം നടത്തിവരുന്നു.

(ബി) അങ്കണവാടികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുന്ന പഞ്ചതല നിരീക്ഷണ സംവിധാനം നിലവിലുണ്ട്. പ്രസ്തുത സംവിധാനങ്ങൾ പര്യാപ്തമല്ലാത്തതിനാൽ നിരീക്ഷാ സോഫ്റ്റ്‌വെയർ, ജിയോടാഗിംഗ്, ജാതക്-ജനനി എന്നീ ബദൽ സംവിധാനങ്ങൾ ഉപയോഗിച്ചുവരുന്നു.

(സി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി താഴെപ്പറയുന്ന സ്കീമുകളിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്.

1. സ്റ്റേറ്റ് പ്ലാൻ ഫണ്ട്
2. MGNREGS
3. NABARD-RIDF
4. മാതൃക അങ്കണവാടി കെട്ടിടം

(ഡി) സ്വന്തമായി കെട്ടിടവും സൗകര്യവുമില്ലാത്ത 81 അങ്കണവാടികൾ ഒറ്റപ്പാലം മണ്ഡലത്തിലുണ്ട്.

| | | |
|---|---|---|
| ആകെ അങ്കണവാടികൾ | - | 234 |
| സ്വന്തമായി കെട്ടിടമില്ലാത്തവ | - | 19 |
| വൈദ്യുതി ഇല്ലാത്ത | - | 24 |
| കുടിവെള്ളം ലഭ്യമല്ലാത്ത | - | 38 |

## ഫീസ് നിർണ്ണയസമിതി

295 (2121) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ഫീസ് നിർണ്ണയസമിതി എം.ബി.ബി.എസ്. ഫീസ് നിശ്ചയിച്ച ശേഷം സർക്കാരും സ്വാശ്രയ മെഡിക്കൽ മാനേജുമെന്റുകളുമായി കരാറിൽ ഏർപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) സ്വാശ്രയ മെഡിക്കൽ മാനേജുമെന്റുകളുമായി സർക്കാർ കരാറിൽ ഏർപ്പെട്ടത് ഭരണഘടനാ വിരുദ്ധമാണെന്ന് കേരള ഹൈക്കോടതി വിധിച്ചിരുന്നോ;

(സി) ഫീസ് നിർണ്ണയ സമിതി സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. ഫീസ് താല്ക്കാലികമായി നിർണ്ണയിച്ചശേഷം സ്വാശ്രയ മാനേജുമെന്റുകളുമായി ചർച്ച നടത്തുകയും ചില കോളേജുകളുമായി എഗ്രിമെന്റിൽ എത്തുവാൻ ശ്രമിച്ചതും എന്ത് അടിസ്ഥാനത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ ഇപ്രകാരം കരാർ ഉണ്ടാക്കുവാൻ നടത്തിയ ശ്രമമാണോ അവർക്ക് സ്വാശ്രയ ഫീസ് നിർണ്ണയ സമിതിയുടെ തീരുമാനത്തിന് എതിരെ സുപ്രീംകോടതിയെ സമീപിക്കുവാനും അനുകൂലമായ വിധി സമ്പാദിക്കുവാനും അവസരം ഒരുക്കിയതെന്ന് വ്യക്തമാക്കാമോ;

(ഇ) നിയമസഭ പാസ്സാക്കിയ സ്വകാര്യ സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ബില്ലിലെ ചില വ്യവസ്ഥകൾ ഹൈക്കോടതി റദ്ദാക്കിയതിനെതിരെ അപ്പീൽ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് നിയമോപദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കരാറിൽ ഏർപ്പെട്ടിരുന്നു.

(ബി) സ്വാശ്രയ മാനേജ്മെന്റുകളുമായി കരാറിലേർപ്പെടുന്നതിനുള്ള 2017-ലെ 15-ാം നമ്പർ ആക്ടിലെ വ്യവസ്ഥ (വകുപ്പ് 17) അധികാരാതീതവും നടപ്പിലാക്കാൻ കഴിയാത്തതുമാണെന്ന് കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മുൻ വർഷങ്ങളിലേത് പോലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞ നിരക്കിൽ മെഡിക്കൽ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുവേണ്ടിയാണ് സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടത്തിയത്.

(ഡി) അല്ല.

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നിയമവകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

**സ്വാശ്രയ മെഡിക്കൽ കോളേജ് ഫീസ്**

296 (2122) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മെരിറ്റടിസ്ഥാനത്തിലുള്ള 50 ശതമാനം സീറ്റുകളിലേക്കുള്ള ഫീസ് 2011 മുതൽ ഓരോ വർഷവും എത്രയായിരുന്നുവെന്നു വ്യക്തമാക്കുമോ;

(ബി) 2015-ലെ ഫീസിൽ നിന്നും എത്ര ശതമാനം വർദ്ധനവ് 2016-ലും 2017-ലും വരുത്തുകയുണ്ടായിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മെറിറ്റടിസ്ഥാനത്തിലുള്ള സീറ്റുകളിലേയ്ക്ക് വിവിധ തലത്തിലുള്ള ഫീസാണ് നിശ്ചയിച്ചിരുന്നത്. ആയത് അനുബന്ധം ഒന്നിൽ കണ്ടാലും*.

(ബി) അഡ്മിഷൻ & ഫീ റെഗുലേറ്ററി കമ്മിറ്റി അന്തിമ ഫീസ് നിശ്ചയിച്ചുകഴിഞ്ഞാൽ മാത്രമേ വർദ്ധനവ് സംബന്ധിച്ച ശതമാനം കൃത്യമായി ലഭ്യമാകുകയുള്ളൂ. 2016, 2017 വർഷങ്ങളിൽ നിശ്ചയിച്ച താൽക്കാലിക ഫീസിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു*.

**സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ തെറ്റായ പ്രവണതകൾ**

297 (2123) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നിലനിന്നിരുന്ന തെറ്റായ പ്രവണതകൾ ഇല്ലാതാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു;

(ബി) സർക്കാർ തലത്തിൽ കൈക്കൊണ്ട ചില നടപടികൾ കോടതി ഇടപ്പെടലിനും അതുമൂലം മെരിറ്റിൽ പ്രവേശനം നേടിയ ഉയർന്ന റാങ്കുള്ള വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. പ്രവേശനം നേടുന്നതിന് 11 ലക്ഷം രൂപ ഫീസും ബാങ്ക് ഗ്യാരന്റിയുമായി നൽകേണ്ട അവസ്ഥ സംജാതമായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രവേശന മേൽനോട്ട-ഫീസ് നിർണ്ണയ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ; പ്രസ്തുത സമിതിയുടെ അംഗസംഖ്യ പരിമിതപ്പെടുത്തണമെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ബഹു.സുപ്രീംകോടതിയുടെ ഉത്തരവുകളുടെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കും അനുസൃതമായി മെഡിക്കൽ പ്രവേശനത്തിന്ഏകീകൃത പ്രവേശന പരീക്ഷയും ഏകീകൃത കൗൺസലിംഗും നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്തും 2017-18 അദ്ധ്യയനവർഷം മെഡിക്കൽ പ്രവേശനം നടത്തിയിട്ടുള്ളത് ഏകീകൃത കൗൺസലിംഗ് വഴിയാണ്. ഇതിലൂടെ സ്വാശ്രയ മാനേജ്മെന്റുകൾക്ക് പ്രവേശനത്തിന് തലവരിപ്പണം വാങ്ങാനുള്ള സാധ്യത ഇല്ലാതായിട്ടുണ്ട്. സ്വാശ്രയ കോളേജുകളടക്കം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് മെറിറ്റും സാമൂഹികനീതിയും പാലിച്ചും കൊണ്ടുമാത്രം പ്രവേശനം ഉറപ്പുവരുത്താനായിട്ടുണ്ട്. കൂടാതെ മെഡിക്കൽ പ്രവേശനം സുതാര്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2017-18 വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിന് അഡ്മിഷൻ & ഫീ റെഗുലേറ്ററി സമിതി നിശ്ചയിച്ച താൽക്കാലിക ഫീസിനെതിരെ ചില മാനേജ്മെന്റുകൾ കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിലാണ് അഞ്ച് ലക്ഷം രൂപ ഫീസിനത്തിലും ആറ് ലക്ഷം രൂപ ബാങ്ക് ഗ്യാരണ്ടിയായും താൽക്കാലികമായി ഈടാക്കാൻ കോടതി അനുമതി നൽകിയത്. താൽക്കാലിക ഫീസിന് പുറമെയുള്ള ഈ അധിക തുകയായ 6 ലക്ഷം രൂപയ്ക്ക് ബാങ്ക് ഗ്യാരണ്ടി സർക്കാർ തലത്തിൽ നൽകുന്നതിനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ തലത്തിലുള്ള ഏതെങ്കിലും ഇടപെടലുകൾ ഇതിന് കാരണമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്തിമഫീസ് നിർണ്ണയം ടി സമിതി നടത്തിവരുന്നു.

(സി) ഉണ്ട്. പ്രസ്തുത സമിതിയുടെ അംഗസംഖ്യ പരിമിതപ്പെടുത്തണമെന്ന കോടതി വിധിയുടെ പശ്ചാത്തലത്തിൽ നിയമ വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**സ്വാശ്രയ മെഡിക്കൽ -ദന്തൽ ഫീസ് നിരക്കിലെ അമിത വർദ്ധന**

298 (2124) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സ്വാശ്രയ മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ കരാർ പ്രകാരം സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകളിലെ ഫീസ് നിരക്ക് 2015-ൽ എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-ലും 2017-ലും സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ പ്രവേശനത്തിന് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുവാൻ അനുവദിച്ച ഫീസ് എത്ര വീതമായിരുന്നു;

(സി) 2015-നെ അപേക്ഷിച്ച് 2016-ലും 2017-ലും സ്വാശ്രയ മെഡിക്കൽ-ഡെന്റൽ ഫീസ് നിരക്കിൽ അമിത വർദ്ധനവ് വരുത്തുവാൻ ഉണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വിശദീകരിക്കുമോ;

(ഡി) ഇത്തരത്തിലുള്ള ഉയർന്ന ഫീസ് പാവപ്പെട്ട കുടുംബങ്ങളിൽ നിന്നും നീറ്റ് പരീക്ഷയെഴുതി ഉയർന്ന റാങ്ക് നേടുന്ന വിദ്യാർത്ഥികളെ പോലും മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നിന്നും അകറ്റുന്ന സ്ഥിതിവിശേഷം സംജാതമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഫീസ് വർദ്ധനവ് കൊണ്ട് സാമൂഹ്യ നീതി ഉറപ്പാക്കും എന്ന സർക്കാർ പ്രഖ്യാപനം എപ്രകാരം പ്രവർത്തികമാക്കുമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിശദവിവരങ്ങൾ അനുബന്ധം ഒന്നിൽ നൽകിയിരിക്കുന്നു*.

(ബി) വിശദവിവരങ്ങൾ അനുബന്ധം രണ്ടിൽ നൽകിയിരിക്കുന്നു*.

(സി) 2015-നെ അപേക്ഷിച്ച് ആനുപാതികമായ വർദ്ധനവ് മാത്രമാണ് 2016-ൽ ഉണ്ടായിട്ടുള്ളത്. 2017-18-ൽ അഡ്മിഷൻ & ഫീ റെഗുലേറ്ററി കമ്മിറ്റിയാണ് ഫീസ് നിശ്ചയിച്ചത്.

(ഡി&ഇ) ഇല്ല. 2017-18 വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിന് താൽക്കാലിക ഫീസിന് പുറമെയുള്ള 6 ലക്ഷം രൂപയുടെ അധിക തുകയ്ക്ക് സർക്കാർ ബാങ്ക് ഗ്യാരണ്ടി സ്കീം നടപ്പിലാക്കിയിരുന്നു. NRI സീറ്റിന് നിശ്ചയിച്ചിട്ടുള്ള ഫീസിൽ നിന്നും അഞ്ച് ലക്ഷം രൂപ വീതം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി നീക്കി വയ്ക്കുന്നതിന് അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

**യുനാനി ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി**

299 (2125) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ ഏക യുനാനി ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിത്യേന ധാരാളം രോഗികൾ ചികിൽസ തേടി വരുന്ന പ്രസ്തുത ആശുപത്രിയിൽ രോഗികൾക്ക് ആവശ്യമുള്ള മരുന്ന് നൽകുന്നതിനും ആശുപത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സ്വീകരിക്കുന്നതാണ്.

**മർമ്മ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ തസ്തിക**

300 (2126) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ മർമ്മ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനായുള്ള ജനപ്രതിനിധിയുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആയത് സംബന്ധിച്ച് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും അതിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ചും വിശദമാക്കാമോ;

(സി) തീരദേശ മേഖല എന്ന പ്രത്യേകത കൂടി പരിഗണിച്ച് പരവൂർ ആയുർവ്വേദ ആശുപത്രിയിൽ മർമ്മ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിന് (എ 2/588/2016/ആയുഷ്) സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് 19-1-2018-ലെ കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## രാഘവൻ തിരുമുല്പാടിന്റെ പേരിൽ ആയുർവ്വേദ ചികിത്സാ കേന്ദ്രം

301 (2127) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുല്പാടിന്റെ പേരിൽ ചാലക്കുടിയിൽ ഒരു ആധുനിക ആയുർവ്വേദ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ചികിത്സാകേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുല്പാടിന്റെ പേരിൽ ചാലക്കുടിയിൽ ആധുനിക ആയുർവ്വേദ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ, നാഷണൽ ആയുഷ് മിഷന്റെ 2017-18-ലെ സപ്ലിമെന്ററി സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരുന്നു. വിശദമായ ഡി.പി.ആർ.നോടൊപ്പം പ്രസ്തുത അപേക്ഷ 2018-19-ലെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ ആയുഷ് കേന്ദ്ര മന്ത്രാലയത്തിൽ നിന്നും നാഷണൽ ആയുഷ് മിഷന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി) വിശദമായ ഡി.പി.ആർ.-നോടൊപ്പം പ്രസ്തുത അപേക്ഷ നാഷണൽ ആയുഷ് മിഷന്റെ 2018-19-ലെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി 2018 മാർച്ചിൽ കേന്ദ്ര സർക്കാരിന് നാഷണൽ ആയുഷ് മിഷൻ സമർപ്പിക്കുന്നതാണ്.

## ആയുർവ്വേദ ആശുപത്രികളിൽ പ്രത്യേക സിദ്ധവിഭാഗം തുടങ്ങുവാൻ നടപടി

302 (2128) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിദ്ധ ചികിത്സാ ശാസ്ത്രത്തിന് ആയുഷ് വകുപ്പിൽ നിന്നും അർഹമായ പരിഗണന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആയുഷ് വകുപ്പിന്റെ കീഴിൽ എത്ര സിദ്ധ ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സിദ്ധ വിഭാഗത്തിൽ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഡി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ആയൂർവേദ ആശുപത്രികളിൽ പ്രത്യേക സിദ്ധ വിഭാഗം തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ നിലവിൽ ഒരു സിദ്ധ ആശുപത്രിയും എട്ട് സിദ്ധ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഓരോ ജില്ലയിലെയും ഒരു ആശുപത്രി വീതം താലൂക്ക്തല ആശുപത്രിയായി ഉയർത്തി ഇവകളിലും, കൂടാതെ എല്ലാ ജില്ലാ ആയുർവ്വേദ ആശുപത്രികളിലും സിദ്ധ ഉൾപ്പെടെയുള്ള എല്ലാ സ്പെഷ്യാലിറ്റി യൂണിറ്റുകളും പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി തുടങ്ങുന്നതിനുള്ള പദ്ധതി നിർദ്ദേശം 2018-19 സാമ്പത്തിക വർഷത്തെ വകുപ്പിന്റെ ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സിദ്ധവൈദ്യം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ

303 (2129) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പാരമ്പര്യ ചികിത്സാരംഗത്ത് ശ്രദ്ധേയമായ സിദ്ധവൈദ്യം ജനങ്ങൾക്ക് കൂടുതൽ ഗുണപ്രദമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; രോഗപ്രതിരോധ മേഖലകളിൽ സിദ്ധവൈദ്യം കൂടുതൽ ഫലപ്രദമാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ ആരോഗ്യ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) 1986-ന് ശേഷം കേരളത്തിൽ പുതിയ സിദ്ധവൈദ്യ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ താലൂക്കിലും കിടത്തി ചികിത്സയുള്ള ആയുർവ്വേദ ആശുപത്രികളിൽ പ്രത്യേകം സിദ്ധവിഭാഗം തുടങ്ങുമോ;

(സി) സിദ്ധവൈദ്യം കൂടുതൽ പ്രചരിപ്പിക്കുന്നതിനായി സർക്കാർ തലത്തിൽ പുതിയ സിദ്ധ ഡിസ്പെൻസറികൾ തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിച്ച് സിദ്ധവൈദ്യത്തിന് അർഹമായ പ്രാമുഖ്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ നിലവിൽ ഒരു സിദ്ധ ആശുപത്രിയും എട്ട് സിദ്ധ ഡിസ്പെൻസറികളും ആറ് ജില്ലകളിലായി പ്രവർത്തിച്ചു വരുന്നു. സിദ്ധവൈദ്യം ജനങ്ങൾക്ക് കൂടുതൽ ഗുണപ്രദമാക്കുന്നതിനായുള്ള പദ്ധതിയുടെ ഭാഗമായി സിദ്ധ സ്ഥാപനങ്ങൾ നിലവിലില്ലാത്ത എട്ട് ജില്ലകളിലും (പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തികവർഷം മുതൽ ഓരോ ആയുർവ്വേദ ആശുപത്രികളിൽ പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി താൽക്കാലിക സിദ്ധ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷത്തിലും ടി പദ്ധതി നടപ്പിലാക്കിവരുന്നു. രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് പകർച്ചവ്യാധി മുതൽ മാരകരോഗങ്ങൾ വരെ തടയുന്നതിനായി നാഷണൽ ആയുഷ് മിഷനുകീഴിൽ 28 എൻ.എച്ച്.എം. സിദ്ധ ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് സിദ്ധ ഡിസ്പെൻസറി, നെയ്യാറ്റിൻകര (അറ്റാച്ച്ഡ് ടു ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി) ഇടുക്കി ജില്ലയിലെ ജില്ലാ ആയുർവ്വേദ ആശുപത്രി, തൊടുപുഴ (സിദ്ധ അറ്റാച്ച്ഡ് യൂണിറ്റ്) എന്നീ സ്ഥാപനങ്ങൾ 1986-ന് ശേഷം ആരംഭിച്ചവയാണ്.

എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലും കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തിലും പുതുതായി സർക്കാർ സിദ്ധവൈദ്യ ഡിസ്പെൻസറി ആരംഭിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കിടത്തി ചികിത്സയ്ക്കുള്ള സിദ്ധ ആശുപത്രികളും ഡിസ്പെൻസറികളും ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

304 (2130) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കുള്ള സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രവർത്തനം നിലയ്ക്കുകയുണ്ടായോ;

(ബി) പദ്ധതിയിൽ പ്രീമിയം അടച്ചവർക്ക് ഇൻഷ്വറൻസ് കാർഡ് നൽകുന്നത് ഇപ്പോൾ നിലച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഈ പദ്ധതിയിൽ ചേരാൻ മൂന്നുലക്ഷത്തോളം കുടുംബങ്ങൾ ഉണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പദ്ധതി പ്രവർത്തനം എന്നത്തേക്ക് പുനരാരംഭിക്കാനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സ്വാവലംബൻ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി മന്ത്രാലയം ദി ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി ലിമിറ്റഡ് വഴിയാണ് സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്. അന്ധത, കാഴ്ചക്കുറവ്, കുഷ്ഠരോഗം ചികിത്സിച്ച് ഭേദമായവർ, കേൾവിപ്രശ്നം, ചലന വൈകല്യം, ബുദ്ധിമാന്ദ്യം, മാനസിക രോഗം എന്നീ ഏഴ് വിഭാഗങ്ങളിൽപ്പെട്ട, 0-65 പ്രായപരിധിയിലുള്ള, 1995-ലെ പി.ഡബ്ല്യൂ.ഡി. ആക്ട് പ്രകാരമുള്ള അംഗപരിമിത സർട്ടിഫിക്കറ്റുള്ള മൂന്ന് ലക്ഷം രൂപയോ അതിൽ താഴെയോ വാർഷിക കുടുംബ വരുമാനമുള്ള അംഗപരിമിതരാണ് സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കൾ. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം പ്രതിവർഷം പരമാവധി രണ്ട് ലക്ഷം രൂപ എന്ന പരിധിക്കുവിധേയമായി ഒരു കുടുംബത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. അപേക്ഷകർ വിവാഹിതരാണെങ്കിൽ, അപേക്ഷകരെക്കൂടാതെ ഭാര്യ/ഭർത്താവ്, മൂന്നു മാസത്തിനും 25 വയസ്സിനും ഇടയിൽ പ്രായമുള്ള ആശ്രിതരായ രണ്ട് കുട്ടികൾ എന്നിവർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്ന മക്കൾക്കും മാതാപിതാക്കളെ ആശ്രയിച്ച് കഴിയുന്ന അവിവാഹിതരായ പെൺമക്കൾക്കും 25 വയസ്സ് എന്ന പ്രായപരിധി ഇല്ലാതെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. പതിനെട്ട് വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ അംഗപരിമിതരാണ് അപേക്ഷകരെങ്കിൽ ആ വ്യക്തിക്കുമാത്രമായിരിക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. അപേക്ഷകർ പ്രായപൂർത്തിയാകാത്ത

വരാണെങ്കിൽ അപേക്ഷകരെക്കൂടാതെ മാതാപിതാക്കൾ അല്ലെങ്കിൽ നിയമപരമായ രക്ഷിതാവ് (Legal Guardian) എന്നിവർകൂടി ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് അർഹരായിരിക്കും. ഈ പദ്ധതിയിൽ ചേരുന്നതിനുള്ള പ്രീമിയം 3,100 രൂപയാണ്. ഇതിൽ 357 രൂപ ഗുണഭോക്താക്കൾ അടയ്ക്കേണ്ടതും ബാക്കി തുക കേന്ദ്ര ഗവൺമെന്റ് ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയുമാണ് ചെയ്യുന്നത്.

സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതമായ 357 രൂപ ഗവൺമെന്റ് അടയ്ക്കുവാൻ തീരുമാനിക്കുകയും ആദ്യഘട്ടമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു ലക്ഷം അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതമായ 357 രൂപ നിരക്കിൽ 3,57,00,000 രൂപ 2017 മാർച്ച് 31-ന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി ഇൻഷ്വറൻസ് കമ്പനിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്. ആനുപാതികമായ കേന്ദ്ര സർക്കാർ വിഹിതം ഇൻഷ്വറൻസ് കമ്പനിക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ ഇവരുടെ എൻറോൾമെന്റ് നടത്തിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഇൻഷ്വറൻസ് കമ്പനിയിൽ നേരിട്ട് അടച്ചും അർഹരായ അംഗപരിമിതർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാവുന്നതാണ്.

(ബി) 2016-17 സാമ്പത്തികവർഷം കേരള സർക്കാർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു ലക്ഷം ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതമായ 3,57,00,000 രൂപ (മൂന്നുകോടി അമ്പത്തിയേഴുലക്ഷം രൂപ മാത്രം) ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആനുപാതികമായ കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ ആർക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല.

(സി) അർഹരായ മുഴുവൻ അംഗപരിമിതർക്കും ഘട്ടങ്ങളായി സ്വാവലംബൻ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുക എന്നതായിരുന്നു ലക്ഷ്യമിട്ടിരുന്നത്.

(ഡി) സ്വാവലംബൻ പദ്ധതി നിർവ്വഹണം സംബന്ധിച്ച തീരുമാനങ്ങൾ കേന്ദ്ര ഗവൺമെന്റ് തലത്തിലാണ് കൈക്കൊള്ളുന്നത്.

## ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ അത്‌ലറ്റിക് മീറ്റ്

305 (T 2131) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനുവരിയിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ സംസ്ഥാന അത്‌ലറ്റിക് മീറ്റ് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിലേയ്ക്കായി എന്തെങ്കിലും സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ടോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) വിദ്യാഭ്യാസ വകുപ്പിന്റെ കൂടി സഹായ സഹകരണത്തോടെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എല്ലാ വർഷവും സ്പോർട്സ് മത്സരങ്ങളും ഇതര പരിപാടികളും നടത്തുവാൻ മുൻകൈ എടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) വിവിധ തരം ഭിന്നശേഷിക്കാർക്ക് പങ്കെടുക്കാവുന്ന കായികമേളകൾ കേരളോത്സവം മാതൃകയിൽ നടത്തുന്നത് സംബന്ധിച്ച് 20-11-2017-നും 30-11-2017-നും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗങ്ങളിൽ പൊതു വിദ്യാഭ്യാസ വകുപ്പ്, കായിക വകുപ്പ്, സാമൂഹികനീതി വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ വിവിധതരം ഭിന്നശേഷിയുള്ള കുട്ടികൾക്കായി ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ജില്ലാതല കായികമേളകൾ നടത്തുന്നതിന് ഒരു പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് സ്പോർട്സും യുവജനക്ഷേമവും വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കൺവീനറും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി ചെയർമാനും ആയിരിക്കും. നിലവിൽ സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾക്കായി എല്ലാ വർഷവും കലാകായിക മത്സരങ്ങൾ സ്കൂൾ തലത്തിൽ തന്നെ നടന്നുവരുന്നുണ്ട്.

**ആശാ വർക്കർമാർക്ക് വേതന വർദ്ധനവ്**

306 (2132) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാ വർക്കർമാരുടെ വേതന വർദ്ധനവ് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എന്നു മുതൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ചുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചെയ്യുന്ന ജോലിക്കനുസരിച്ച് വിവിധ പദ്ധതികളിൽ നിന്നുമുള്ള ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ നൽകുന്ന പ്രതിമാസ ഓണറേറിയവുമാണ് ആശാ വർക്കർമാർക്ക് ലഭിക്കുന്നത്. ആശാവർക്കർമാരുടെ ഓണറേറിയം 1-4-2017 പ്രാബല്യത്തിൽ 1,500 രൂപയിൽ നിന്നും 2,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## കൊല്ലം മണ്ഡലത്തിൽ സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത അങ്കണവാടികൾ

307 (2133) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിന്റെ ഭാഗമായ നഗരസഭാ പ്രദേശങ്ങളിലും തൃക്കരുവ, പനയം പഞ്ചായത്തുകളിലുമായി എത്ര അങ്കണവാടികളാണ് പ്രവർത്തിച്ച് വരുന്നത്; ഇതിൽ സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത എത്ര അംഗൻവാടികൾ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി കൊല്ലം മണ്ഡലത്തിൽ പത്ത് സെന്റ് ഭൂമി സ്വന്തമായുള്ള അങ്കണവാടികൾ ഇല്ലാത്ത സാഹചര്യത്തിൽ ലഭ്യമായ ഭൂമിയിൽ മാതൃക അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചാൽ പരിഗണിക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊല്ലം മണ്ഡലത്തിലെ നഗരസഭാ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ എണ്ണം-559

| | | |
|---|---|---|
| ഇതിൽ സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | - | 363 |
| തൃക്കരുവ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | - | 26 |
| ഇതിൽ സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | - | 8 |
| പനയം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | - | 25 |
| ഇതിൽ സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | - | 7 |

(ബി) ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് വീതം എന്ന മാതൃക അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയുടെ നിലവിലെ മാനദണ്ഡം അനുസരിച്ച് 10 സെന്റ് സ്ഥലവും ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയുടെ അടിസ്ഥാനത്തിലും ആണ് നാളിതുവരെ കെട്ടിടനിർമ്മാണാനുമതി നൽകിവരുന്നത്. 16-1-2012-ലെ സ.ഉ.(സാധാ) നമ്പർ 23/2012/സാ.ക്ഷേ.വ. പ്രകാരം മാതൃകാ അങ്കണവാടിക്ക് ചുരുങ്ങിയത് 10 സെന്റ് സ്ഥലം പഞ്ചായത്ത് ലഭ്യമാക്കണമെന്നും അനുശാസിക്കുന്നു. ആയതിനാൽ 10 സെന്റ് ഭൂമി സ്വന്തമായി ഇല്ലാത്ത അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്താൻ കഴിയുകയില്ല.

## നീലേശ്വരം അങ്കണവാടി ട്രെയിനിംഗ് കേന്ദ്രം

308 (2134) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരത്ത് പ്രവർത്തിക്കുന്ന അംഗൻവാടി ട്രെയിനിംഗ് കേന്ദ്രം നിർത്തലാക്കിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി പേർക്ക് ട്രെയിനിങ് നൽകി നല്ല നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന ഈ സ്ഥാപനം നിർത്തലാക്കിയതുമൂലം ജോലി നഷ്ടപ്പെട്ടവരെ സഹായിക്കാൻ നടപടികൾ ഉണ്ടാകുമോ ;വ്യക്തമാക്കാമോ?

ഉത്തരം

(എ) എൻ.ജി.ഒ.-കൾ വഴി പരിശീലന പരിപാടി തുടരേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കാസർഗോഡ് ജില്ലയിലെ നീലേശ്വരത്ത് പ്രവർത്തിക്കുന്ന അങ്കണവാടി പരിശീലന കേന്ദ്രം 1-1-2018 മുതൽ നിർത്തിവച്ചിട്ടുള്ളതാണ്.

(ബി) അങ്കണവാടി പരിശീലന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്.

## ഐ.സി.ഡി.എസ്. പദ്ധതിയിൽ കേന്ദ്രം അനുവദിച്ചിരുന്ന ധനസഹായത്തിന്റെ തോത്

309 (2135) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. പദ്ധതിയിൽ കേന്ദ്രം അനുവദിച്ചിരുന്ന ധനസഹായത്തിന്റെ തോത് കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം കേന്ദ്രസഹായം എത്ര ശതമാനമാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) കേന്ദ്രസഹായം വെട്ടിക്കുറക്കുമ്പോൾ സർക്കാരിന് എത്ര രൂപയുടെ അധിക ബാധ്യത ഉണ്ടാകും എന്നറിയിക്കാമോ;

(ഡി) അധികബാധ്യത ഏറ്റെടുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1-12-2017 മുതൽ 25 ശതമാനം

(സി) 2017-18 സാമ്പത്തിക വർഷത്തിൽ 1-12-2017 മുതൽ 31-3-2018 വരെ ആകെ 5225.03 ലക്ഷം രൂപ ചെലവാണ് ജീവനക്കാരുടെ വേതനത്തിന് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരം 25:75 എന്ന ക്രമത്തിൽ സംസ്ഥാന സർക്കാരിന് 1828.76 ലക്ഷം രൂപ അധിക ബാധ്യതയായി വരുന്നു. കൂടാതെ സംസ്ഥാനത്തെ 851 മിനിസ്റ്റീരിയൽ ജീവനക്കാരുടെ വേതനം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ടി ജീവനക്കാരുടെ 1-12-2017 മുതൽ 31-3-2018 വരെയുള്ള ആകെ വേതനമായ 1554.08 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന് അധികബാധ്യതയായി വരുന്നു. ഇപ്രകാരം സംസ്ഥാന സർക്കാരിന് ആകെ 3382.86 ലക്ഷം രൂപ അധിക ബാധ്യതയായി വരുന്നു.

2018-19 സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പള ഇനത്തിൽ സംസ്ഥാന സർക്കാരിന് 101145 ലക്ഷം രൂപയുടെ അധിക ബാധ്യത വരുന്നു.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**ശിശുസൗഹൃദ സംസ്ഥാനമാക്കാനുള്ള പദ്ധതികൾ**

310 (2136) <u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ശിശുസൗഹൃദമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ബാലവേലയും ബാലഭിക്ഷാടനവും തടയുന്നതിനായി 'ശരണബാല്യം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ജോലിക്ക് പോകുന്നവരുടെ കുട്ടികളെ പകൽ സമയങ്ങളിൽ സംരക്ഷിക്കാൻ കൂടുതൽ ക്രെഷുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കൗമാരക്കാരായ കുട്ടികൾക്ക് ട്യൂഷൻ അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കുന്ന 'നാട്ടിലൊരു കൂട്ട് ' പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ശിശു സൗഹൃദമാക്കുന്നതിന് ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ മുഖാന്തരം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ആദിവാസി കോളനികളിൽ നിന്ന് സ്കൂളിൽ പഠനത്തിനെത്തുന്ന കുട്ടികൾക്ക് പ്രഭാത സായാഹ്ന ഭക്ഷണം നൽകുന്നതിനുള്ള പദ്ധതി ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ കുട്ടികൾക്കായി ഹിന്ദുസ്ഥാൻ ലാറ്റക്സ് പ്രൊമോഷൻ ട്രസ്റ്റിന്റെ സാങ്കേതിക സഹായത്തോടെ ജീവിത നൈപുണ്യ വിദ്യാഭ്യാസ പരിപാടിയും നടപ്പിലാക്കിയിരുന്നു. തിരുവനന്തപുരം കുറ്റിച്ചൽ പഞ്ചായത്തിലെ വിവിധ ആദിവാസി ഊരുകളിൽ നിന്നും സ്കൂളിൽ പോകാത്ത കുട്ടികളെ സ്കൂളുകളിൽ എത്തിക്കുകയെന്ന ലക്ഷ്യവുമായി കോട്ടൂർ ആദിവാസി ഊരിലെ കുട്ടികൾക്കായി ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ടി ക്യാമ്പുകളിൽ പങ്കെടുത്ത കുട്ടികൾക്കായി ഓണാവധിക്കാലത്ത് പഠനയാത്രയും ജില്ലാശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ബാലസൗഹൃദ അന്തരീക്ഷം ഉണ്ടാക്കിയെടുക്കുന്നതിനുമായി ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിൽ Design എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബാലവേല, ബാലഭിക്ഷാടനം, തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യവുമായി 'ശരണബാല്യം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി ബാലഭിക്ഷാടനത്തിനും ബാലവേലയ്ക്കും ആയി ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ച നിരവധി കുട്ടികളെ രക്ഷപ്പെടുത്തുകയുണ്ടായി. പ്രമുഖ തീർത്ഥാടകകേന്ദ്രങ്ങളായ ശബരിമല, ഓച്ചിറ എന്നിവിടങ്ങളിൽ കുട്ടികളെ ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നതിനെതിരെ ഫലപ്രദമായി ഇടപെടാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം 6 ജില്ലകളിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയെ പഞ്ചായത്ത് ബീറ്റ് ഓഫീസറായി നിയോഗിക്കുകയും ടി പോലീസ് ഉദ്യോഗസ്ഥ എല്ലാ ചൊവ്വാഴ്ചകളിലും പഞ്ചായത്ത് ഓഫീസ് സന്ദർശിച്ച് കുട്ടികളുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുകയും കഴിയുന്നവ ഉടൻ പരിഹരിക്കുകയും മറ്റുള്ളവ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് അനന്തര നടപടികൾക്കായി കൈമാറുന്നതുമാണ്. ഇതിനുപുറമെ ഫോർട്ട് (തിരുവനന്തപുരം സിറ്റി), കൊല്ലം ഈസ്റ്റ് (കൊല്ലം സിറ്റി), കടവന്ത്ര (കൊച്ചി സിറ്റി), തൃശ്ശൂർ ടൗൺ ഈസ്റ്റ് (തൃശ്ശൂർ സിറ്റി), കോഴിക്കോട് ടൗൺ (കോഴിക്കോട് സിറ്റി), കണ്ണൂർ ടൗൺ (കണ്ണൂർ) എന്നീ ആറ് പോലീസ് സ്റ്റേഷനുകളെ ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുണ്ട്. സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ശിശു സൗഹൃദമാക്കുന്നതിന് വേണ്ട നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ബാലവേല-ബാലഭിക്ഷാടനം-തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ശരണബാല്യം. പത്തനംതിട്ട ജില്ലയിൽ ആരംഭിച്ച ഓപ്പറേഷൻ ശരണബാല്യം പദ്ധതി ജില്ലയുമായി അതിർത്തി പങ്കിടുന്ന സമീപ ജില്ലകളായ ആലപ്പുഴ, കൊല്ലം, കോട്ടയം ജില്ലകളിൽക്കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ജില്ലാശിശു സംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിൽ പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി ജില്ലകളിൽ ബാലഭിക്ഷാടനം-ബാലവേലയ്ക്കായും മറ്റ് പല തരത്തിലുള്ള ചൂഷണത്തിനുമായി ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ച നിരവധി കുട്ടികളെ രക്ഷപ്പെടുത്തുകയുണ്ടായി. ആലപ്പുഴ ജില്ലയുടെ പരിധിയിൽ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തും കോട്ടയം ജില്ലയിലെ എരുമേലി, അഴുത ഭാഗങ്ങളിലും ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ബാലവേലയിലും ഭിക്ഷാടനത്തിലും കുട്ടികൾ ഏർപ്പെടുന്നത് തടയുന്നതിനായുള്ള നടപടികൾ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ മുഖാന്തരം സ്വീകരിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ ഓച്ചിറ പരബ്രഹ്മക്ഷേത്രത്തിലെ പ്രധാന ഉത്സവകാലയളവിൽ ക്ഷേത്ര പരിസരത്തും, പാതയോരങ്ങളിലുമായി തമിഴ്നാട്, ആന്ധ്ര, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലെ കുട്ടികൾ ഭിക്ഷാടനത്തിനായി എത്തിക്കപ്പെടുന്നുണ്ട്. ക്ഷേത്രത്തിലെ പ്രധാന ഉത്സവങ്ങളുമായി ബന്ധപ്പെട്ട് ധാരാളം തീർത്ഥാടകരും ഇതര സംസ്ഥാനക്കാരും ക്ഷേത്ര പരിസരത്ത് എത്തിച്ചേരും. ഇവർക്കിടയിൽ തുടർച്ചയായ ഇടപെടലുകൾ നടത്തുകവഴി ഓച്ചിറയെ ബാലഭിക്ഷാടന മുക്ത പ്രദേശമായി മാറ്റുകയെന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിൽ ബാലഭിക്ഷാടന നിർമ്മാർജ്ജന പദ്ധതി 2015, 2016, 2017 വർഷങ്ങളിൽ നടത്തുകയും കുട്ടികളെ മോചിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശരണബാല്യം പദ്ധതി പ്രവർത്തനം പത്തനംതിട്ട കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ സജീവമായപ്പോൾ, സാമ്പത്തിക ലാഭത്തിനും മറ്റു ഇതര സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ എത്തിക്കുന്നവർ മറ്റ് ജില്ലകളിൽ കുട്ടികളെ എത്തിക്കുന്നതിനുള്ള സാധ്യതയുണ്ട്. ആയതിനാൽ ബാലവേല-ബാലഭിക്ഷാടനം എന്നിവയ്ക്ക് വിധേയരാകുന്ന കുട്ടികളെ കണ്ടെത്തി സംരക്ഷണം ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യാപകമായി 2018 ജനുവരി 29 മുതൽ ഫെബ്രുവരി 7 വരെയുള്ള 10 ദിവസക്കാലം തുടർച്ചയായി പരിശോധന നടത്തുന്നതിന് മറ്റ് ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ശരണബാല്യം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

(സി) അങ്കണവാടികളോടനുബന്ധിച്ച് ക്രഷുകൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) നാട്ടിലൊരു കൂട്ട് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. മധ്യവേനൽ അവധിക്കാലത്ത് മാതാപിതാക്കളുടെയോ മുതിർന്നവരുടേയോ സംരക്ഷണം ലഭിക്കാതെ വീട്ടുകളിൽ തനിച്ചായി പോകുന്ന കുട്ടികളെ കണ്ടെത്തി ഇത്തരം കുട്ടികളെ അങ്കണവാടികളിൽ സംരക്ഷിച്ച് അങ്കണവാടികളെ കുട്ടികളുടെ കൂട്ടുകാരാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ നാട്ടിലൊരു കൂട്ട് എന്ന പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും പുനഃസംഘടന

311 (2137) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും പുനഃസംഘടന പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പൂർത്തിയായിട്ടില്ല. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം എന്നീ ആറ് ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ കാലാവധി 2014 ഡിസംബർ 26-ന് അവസാനിച്ചിരുന്നു. ആറ് ജില്ലകളിലെ കാലാവധി തീർന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പുതിയ ചെയർമാന്മാരെയും അംഗങ്ങളെയും ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിന് അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പരിശോധിച്ച് അതിൽ അർഹരായവരെ ഇന്റർവ്യൂ നടത്തി യോഗ്യരായ അപേക്ഷകരുടെ പാനൽ തയ്യാറാക്കി സെലക്ഷൻ കമ്മിറ്റി സമർപ്പിച്ചിരുന്നുവെങ്കിലും 2015-ലെ ജെ.ജെ.ആക്ടിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി/ജുവനൈൽ ജസ്റ്റിസ് ബോർഡ് അംഗങ്ങളുടെ യോഗ്യതയിൽ വ്യത്യാസമുണ്ടായിരുന്നതിനാൽ പ്രസ്തുത പാനലിൽ നിന്നുമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചിരുന്നില്ല.

2016 ഫെബ്രുവരി 5-ന് കാലാവധി കഴിഞ്ഞ ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പുന:സംഘടിപ്പിക്കുന്നതിനും മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനും 14 ജില്ലകളിലെ ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ പുനഃസംഘടിപ്പിക്കുന്നതിനും വേണ്ടി അപേക്ഷ ക്ഷണിച്ചിരുന്നു. കോഴിക്കോട്, വയനാട് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ കാലാവധി 2016 ജൂൺ 13-ന് അവസാനിച്ചിട്ടുണ്ട്.

2000-ലെ പഴയ ജെ.ജെ. ആക്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത വിജ്ഞാപനങ്ങളും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സെലക്ട് ലിസ്റ്റുകളും റദ്ദ് ചെയ്തുകൊണ്ട് 14 ജില്ലകളിലേയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും എറണാകുളം ജില്ല ഒഴികെയുള്ള ബാക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പുനഃസംഘടിപ്പിക്കുന്നതിനായി സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ ജുവനൈൽ ജസ്റ്റിസ് ബോർഡ്/ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ച് 2015-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൻഡ്രൻ) ആക്ടിലെ സെക്ഷൻ 4(3), സെക്ഷൻ 27(2), 2016-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ), മാതൃകാ ചട്ടങ്ങളിലെ ചട്ടം 4(2), ചട്ടം 15(2) എന്നിവ അടിസ്ഥാനമാക്കിയും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ അനുസരിച്ചും സംസ്ഥാനത്തെ 14 ജില്ലകളിലെയും കാലാവധി പൂർത്തിയായ ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിലെ സി.ഡബ്ല്യൂ.സി. മെമ്പർമാരുടെ നിയമനം സംബന്ധിച്ച് ചില അപേക്ഷകർ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ നടപടിക്രമങ്ങൾ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

**വയോധികരുടെ സംരക്ഷണം**

312 (2138) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവിൽ ഉപേക്ഷിക്കപ്പെട്ട വൃദ്ധ ജനങ്ങളെ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ വയോധികരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരം കാണുന്നതിനും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളെയും സംരക്ഷിക്കാൻ ആരുമില്ലാതെ ഒറ്റപ്പെട്ട കഴിയുന്ന വൃദ്ധജനങ്ങളെയും സംരക്ഷിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന് കീഴിൽ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. വകുപ്പുനേരിട്ടോ, സന്നദ്ധ സംഘടനകൾ മുഖേനയോ പോലീസ് ഡിപ്പാർട്ടുമെന്റ് മുഖേനയോ ഏറ്റെടുക്കുന്ന വൃദ്ധജനങ്ങളെ വകുപ്പിന് കീഴിലുള്ള 16 വൃദ്ധസദനങ്ങളിൽ ഏതിലെങ്കിലും പ്രവേശിപ്പിച്ച് സംരക്ഷണം നൽകിവരുന്നുണ്ട്. ഇത്തരത്തിൽ പ്രവേശിപ്പിക്കപ്പെടുന്നവർക്ക് താമസം, വസ്ത്രം, ഭക്ഷണം, മരുന്നുകൾ മറ്റ് ചികിത്സകൾ എന്നിവ സൗജന്യമായാണ് നൽകിവരുന്നത്. കൂടാതെ തെരുവിൽ അലഞ്ഞുതിരിയുന്ന വൃദ്ധർ, മാനസിക രോഗികൾ എന്നിവരെ ഏറ്റെടുത്ത് പുനരധിവസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 605 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ അഗതികളായ വയോജനങ്ങളെയാണ് സംരക്ഷിക്കുന്നത്. തെരുവിൽ ഉപേക്ഷിക്കപ്പെട്ട വൃദ്ധജനങ്ങളെ സംബന്ധിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടാൽ അത് ഈ ക്ഷേമസ്ഥാപനങ്ങളെ അറിയിക്കുകയും അവർ ഏറ്റെടുത്ത് അവരെ സംരക്ഷിക്കുകയും ചെയ്യും. ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് അവരുടെ ചെലവുകൾക്കായി സർക്കാർ ഗ്രാന്റ് നൽകിവരുന്നുണ്ട്. ഇത്തരം ക്ഷേമസ്ഥാപനങ്ങൾക്ക് ബി.പി.എൽ. നിരക്കിൽ അരിയും പഞ്ചസാരയും ഗോതമ്പും നൽകിവരുന്നുമുണ്ട്. സൗജന്യ മെഡിക്കൽ സേവനവും വയോജനങ്ങൾക്ക് ലഭിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ സ്വകാര്യ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായുള്ള കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തിവരുന്നു. സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളോടു കൂടിയ വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള പദ്ധതികൾ

313 (2139) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാനമന്ത്രി മാതൃ വന്ദന യോജന എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ നല്കാമോ;

(ബി) സംസ്ഥാനത്തെ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള പദ്ധതികളുടെ വിവരങ്ങൾ നല്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ 1-1-2017 മുതൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന മാതൃത്വ സഹായ പദ്ധതിയാണ് പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY) കേരളത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് വനിതാ ശിശു വികസന വകുപ്പ് പദ്ധതി മുഖേനയാണ്.

സ്ത്രീകൾക്ക് അവരുടെ ഗർഭ/പ്രസവകാലയളവിലുണ്ടാകുന്ന തൊഴിൽ/വരുമാന നഷ്ടം ഒരു പരിധി വരെ പരിഹരിക്കുന്നതിനും ഗർഭ/പ്രസവകാലയളവിൽ സ്ത്രീക്കും കുഞ്ഞിനും ആവശ്യമായ പോഷക പരിചരണം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 1-1-2017-നോ അതിനുശേഷമോ ഗർഭിണികളായവർക്കും പാലൂട്ടുന്ന അമ്മമാർക്കും അവരുടെ ആദ്യ പ്രസവത്തിന് അർഹതയുടെ അടിസ്ഥാനത്തിൽ ആധാർ ലിങ്ക്ഡ് അക്കൗണ്ടിലേയ്ക്ക് പി.എഫ്.എം.എസ്. വഴി നേരിട്ട് ധനസഹായം നിക്ഷേപിക്കുന്നു. ഒരു ഗുണഭോക്താവിന് 5,000 രൂപ (അയ്യായിരം രൂപ മാത്രം) ആണ് 3 ഗഡുക്കളായി നൽകുന്നത്.

(ബി) സംസ്ഥാനത്തെ സ്ത്രീകൾക്കും കുട്ടികൾക്കുമായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. അങ്കണവാടികൾ മുഖേന മൂന്നുമുതൽ ആറു വയസ്സ് വരെയുള്ള കുട്ടികൾക്ക് അനൗപചാരിക പ്രീ-പ്രൈമറി വിദ്യാഭ്യാസം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അനുപൂരക പോഷകാഹാര പദ്ധതി, കൗമാരക്കാരായ കുട്ടികളുടെ ശാരീരിക മാനസിക വൈകാരിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സ്കൂൾ കൗൺസലിംഗ് സൈക്കോസോഷ്യൽ സർവ്വീസ്, പതിനൊന്ന് മുതൽ പതിനെട്ട് വയസ്സുവരെയുള്ള കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം, സ്കിൽസ് എന്നിവ ഉയർത്തുന്നതിനുള്ള

പദ്ധതിയായ സ്കീം ഫോർ അഡോളസന്റ് ഗേൾസ് (SAG) പദ്ധതി, സംഘടിത അസംഘടിത മേഖലകളിൽ സേവനമനുഷ്ഠിക്കുന്നവരുടെ കുട്ടികളെ പകൽ സമയങ്ങളെ സുരക്ഷിതമായി പരിചരിക്കുകയെന്ന ഉദ്ദേശത്തോടെ നടപ്പിലാക്കി വരുന്ന നാഷണൽ ക്രഷ് സ്കീം പദ്ധതി, അന്യ സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ പകൽ സമയങ്ങളിൽ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന മൊബൈൽ ക്രഷ് പദ്ധതി, പെൺകുട്ടികളുടെ ശാക്തീകരണവും വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിവരുന്ന ബേഠി ബച്ചാവോ ബേഠി പഠാവോ പദ്ധതി, കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന കിശോരി ശക്തിയോജന പദ്ധതി, അട്ടപ്പാടി അങ്കണവാടികളിൽ ആരംഭിച്ച ഉച്ചഭക്ഷണ പരിപാടി (അന്നപ്രദായിനി പദ്ധതി) ശിശുമരണ നിരക്ക് നിയന്ത്രണ വിധേയമാക്കുന്നതിനായി നടപ്പിലാക്കുന്ന ജാതക് ജനനി പദ്ധതി എന്നിവയ്ക്കു പുറമെ സ്ത്രീകൾക്കായുള്ള സ്വാധാർ സ്കീം, ഉജ്ജ്വല എന്നീ പദ്ധതികളും സ്ത്രീ സുരക്ഷയ്ക്കായി അഭയകിരണം വൺഡേ ഹോം, കൈത്താങ്ങ്, നിർഭയ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

**വനിതാ ശിശു വികസന വകുപ്പിന്റെ പ്രവർത്തനം**

314 (2140) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ചിട്ടുള്ള വനിത ശിശു വികസന വകുപ്പിന് എന്നത്തേയ്ക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിന്റെ ജില്ലാതല ഓഫീസുകൾ എന്ന് പ്രവർത്തനം ആരംഭിക്കും; ഇതുസംബന്ധിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 30-6-2017-ലെ സ.ഉ.(കൈ) നമ്പർ 24/2017/സാ.നീ.വ. ഉത്തരവു പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് പുതിയതായി വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചും, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 31-8-2017-ലെ സ.ഉ.(കൈ) നമ്പർ 288/2017/ പൊ.ഭ.വ. ഉത്തരവുപ്രകാരം റൂൾസ് ഓഫ് ബിസിനസ് ഭേദഗതി ചെയ്തും ഉത്തരവായിട്ടുണ്ട്. 21-1-2018-ലെ സ.ഉ. (സാധാ) നമ്പർ 26/2018/സാ.നീ.വ. ഉത്തരവുപ്രകാരം വിഷയ വിഭജനം, ക്ഷേമ സ്ഥാപനങ്ങളുടെ കൈമാറ്റം മുതലായവ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. വനിതാശിശു വികസന വകുപ്പിന്റെ ഡയറക്ടറേറ്റ് കാര്യാലയം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തികവർഷ ആരംഭത്തോടെ വകുപ്പിന്റെ പ്രവർത്തനം പൂർണ്ണമായും ആരംഭിക്കുന്നതി നാവശ്യമായ ക്രമീകരണങ്ങൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) ജില്ലാ തലത്തിൽ ഓഫീസുകളുടെ പ്രവർത്തനം നിലവിൽ ആരംഭിച്ചിട്ടില്ല. ജില്ലാതലത്തിൽ ഓഫീസർമാരെ നിയമിക്കുന്നതിന് വനിതാ-ശിശു വികസന വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലില്ലാത്തതിനാൽ ജില്ലാ ഓഫീസർമാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കാനാകില്ല. 21-1-2018-ലെ സ.ഉ. (സാധാ) നമ്പർ 26/2018/സാ.നീ.വ. ഉത്തരവുപ്രകാരം പുതിയതായി അനുവദിക്കപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ താൽക്കാലിക ചുമതല ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.

**ധ്വനി പദ്ധതി**

315 (2141) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധ്വനി എന്ന പേരിൽ സർക്കാർ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്കായി പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ്; ഇതിനകം അനുവദിച്ച തുക എത്രയാണ്;

(ഡി) കാതോരം, അനുയാത്ര പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) വിവിധ രോഗങ്ങളാൽ വിഷമിക്കുന്ന കുട്ടികൾ, മുതിർന്നവർ, ഭിന്നശേഷിയുള്ളവർ തുടങ്ങിയവരെ സഹായിക്കാനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ഈ പദ്ധതികൾ മുഖേന ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും ഇത് ലഭിക്കാനവലംബിക്കേണ്ട മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ധ്വനി എന്ന പേരിൽ സർക്കാർ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് സ്വന്തം ചെലവിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

1. ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികളായിരിക്കണം.
2. 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം.
3. കുടുംബത്തിന്റെ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം. രണ്ട് ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള കുടുംബമാണെങ്കിൽ സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ തുക കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭ്യമാക്കുന്നപക്ഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അപ്ഗ്രേഡ് ചെയ്യുന്ന നിരക്കിൽ സ്പീച്ച് പ്രോസസ്സർ വാങ്ങി നൽകുന്നതാണ്.
4. കേരളത്തിലുള്ള കുട്ടികളിലായിരിക്കണം.
5. കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച ശേഷം സംസാര ശേഷി ലഭ്യമായ കുട്ടികളായിരിക്കണം. നിലവിൽ ഉപയോഗിക്കുന്ന സ്പീച്ച് പ്രോസസ്സർ നന്നായി സൂക്ഷിച്ചവരായിരിക്കണം.
6. ബന്ധപ്പെട്ട ആശുപത്രികളിലെ വിദഗ്ധർ കുട്ടികളെ സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡേഷനായി ശിപാർശ ചെയ്തിട്ടുണ്ടായിരിക്കണം.
7. ധ്വനി പദ്ധതിയെപ്പറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

(സി) നിലവിൽ ഈ പദ്ധതിപ്രകാരം 2,49,900 (രണ്ട് ലക്ഷത്തി നാല്പത്തിയൊൻപതിനായിരത്തി തൊള്ളായിരം രൂപ മാത്രം) വിലയുള്ള സ്പീച്ച് പ്രോസസ്സറാണ് പദ്ധതിയിൻകീഴിൽ വാങ്ങുന്നത്. 22-12-2017-ന് കൂടിയ ശ്രുതിതരംഗം പദ്ധതി പ്രകാരമുള്ള സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി 55 കുട്ടികളെ സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്യുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ടി 55 കുട്ടികൾക്ക് സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്യുന്നതിനായി 1,37,44,500 രൂപ ആവശ്യമായി വരുന്നതാണ്. നാളിതുവരെ ടി പദ്ധതിക്കായി ഒരു തുകയും ചെലവഴിച്ചിട്ടില്ല.

(ഡി) <u>കാതോരം</u>:- ശ്രവണ സംബന്ധമായ വൈകല്യങ്ങൾ ജനിക്കുന്ന ദിവസം തന്നെ കുഞ്ഞിന്റെ കേൾവി ശക്തി സ്ക്രീനിംഗിലൂടെ കണ്ടെത്താനും ഇത്തരം വൈകല്യങ്ങൾ ഒരു വലിയ അളവ് വരെ ചികിൽസയിലൂടെയും തെറാപ്പികളിലൂടെയും മാറ്റിയെടുക്കാനും കഴിയും. എത്രയും നേരത്തെ കണ്ടെത്താൻ കഴിയുന്നോ അത്രത്തോളം ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാനാവും എന്നതാണ്

ഏറ്റവും പ്രസക്തം. ജനനസമയത്ത് തന്നെ കുഞ്ഞുങ്ങളുടെ കേൾവി പരിശോധനയിൽ തുടങ്ങി, വിവിധ ഘട്ടങ്ങളിലായി അനുയോജ്യമായ ഇടപെടലുകൾ നടത്തി കുട്ടി സ്കൂളിൽ പോകുന്നതിന് മുമ്പ് കേൾവി സംബന്ധമായ വൈകല്യം പരമാവധി പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ അനുയാത്രയുടെ ഭാഗമായി 'കാതോരം' എന്ന പദ്ധതിക്ക് രൂപം നൽകി ആരംഭിച്ചിട്ടുള്ളത്.

കേൾവി സംബന്ധമായ വൈകല്യങ്ങളെ ജീവചക്രസമീപനത്തിലൂടെ പരിഹരിക്കാനാണ് 'കാതോരം' ലക്ഷ്യമിടുന്നത്. ഇതിനായി ഒരു കുഞ്ഞ് ജനിച്ചാൽ ഒന്നാം മാസം മുതൽ 42-ാം മാസം വരെയുള്ള സമയത്ത് 1, 3, 6,18, 42 മാസങ്ങളിൽ അഞ്ച് തലങ്ങളിൽ അനുയോജ്യമായ ഇടപെടലുകൾ നടത്തുകയെന്ന സമീപനമാണ് 'കാതോര'ത്തിലൂടെ അവലംബിക്കുന്നത്.

<u>അനുയാത്ര</u>:- അംഗപരിമിതർക്ക് വ്യത്യസ്ത സേവനങ്ങൾ ലഭ്യമാക്കുന്നതിനും നമ്മുടെ സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനും വേണ്ടി 'അനുയാത്ര'യിലൂടെ 20 ഉപപരിപാടികൾ സംസ്ഥാന ഗവൺമെന്റ് 2016 ജൂൺ മാസം മുതൽ നടപ്പാക്കിവരികയാണ്. സാമൂഹ്യനീതി വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. അംഗപരിമിത മേഖലയിൽ ഏറ്റെടുക്കേണ്ട പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള "സമഗ്ര ജീവിത ചക്ര സമീപനമാണ് " അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ചപ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമനത്തിനനുസൃതമായുമാണ് അനുയാത്ര നടപ്പാക്കുന്നത്.

(ഇ) വിവിധ രോഗങ്ങളാൽ വിഷമിക്കുന്ന മുതിർന്നവരെ സഹായിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് വയോമൃതം എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ടി പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തെ സർക്കാർ വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് നേരിട്ടുതന്നെ ലഭിക്കുന്നു. പദ്ധതിക്കായി പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല. വിവിധ രോഗങ്ങളാൽ വിഷമിക്കുന്ന കുട്ടികൾ, ഭിന്നശേഷിയുള്ളവർ തുടങ്ങിയവരെ സഹായിക്കാനായി കേരള സാമൂഹ്യ സുരക്ഷാ മിഷനും കേരള സംസ്ഥാന വികലാംഗ കോർപ്പറേഷനും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*. കൂടാതെ 2015-ലെ ജെ.ജെ.ആക്ട് പ്രകാരം ബാലനിധി രൂപീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംയോജിത ശിശുവികസന പദ്ധതി

316 (2142) <u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> :
<u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആറുമാസം മുതൽ ആറുവയസ്സുവരെയുള്ള കുട്ടികളുടെ പോഷകാഹാരം, പരിപാലനം, മുലയൂട്ടുന്ന അമ്മമാരുടെ ആരോഗ്യ സംരക്ഷണം എന്നിവയ്ക്കായി സംയോജിത ശിശുവികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയുടെ കേന്ദ്രവിഹിതം വെട്ടിക്കുറച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിന്റെ മുഴുവൻ ഉത്തരവാദിത്തവും സംസ്ഥാന സർക്കാരിനുമേൽ അടിച്ചേൽപ്പിക്കുവാനുള്ള കേന്ദ്ര നീക്കത്തിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്ര-സംസ്ഥാന വിഹിതം

| | | |
|---|---|---|
| 1 | ICDS ജനറൽ<br>i. ICDS ജീവനക്കാരുടെ ശമ്പളം<br>ii. ഓണറേറിയം<br>iii. മെഡിസിൻ കിറ്റ്<br>iv. പ്രീ-സ്കൂൾ കിറ്റ് | <br>25:75<br>60:40<br>60:40<br>60:40 |
| 2 | ട്രെയിനിംഗ് | 60:40 |
| 3 | അനുപൂരക പോഷകാഹാര പദ്ധതി | 50:50 |
| 4 | സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG) | 60:40 |
| 5 | കിശോരി ശക്തി യോജന (KSY) | 60:40 |

(സി) പുതുക്കിയ ആന്വൽ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ (APIP) 2017-18 പ്രകാരം കേന്ദ്ര -സംസ്ഥാന വിഹിതത്തിൽ മാറ്റം വന്നിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരം ഐ.സി.ഡി.എസ്. സാലറി ഇനത്തിന്റെ കേന്ദ്ര-സംസ്ഥാന അനുപാതം 1-12-2017 മുതൽ 60:40-ൽ നിന്നും 25:75 ആയി വെട്ടിക്കുറച്ചിട്ടുണ്ട്. ഇതുകൂടാതെ ഐ.സി.ഡി.എസ്. പദ്ധതി നടത്തിപ്പിലേയ്ക്കായി സേവനമനുഷ്ഠിക്കുന്ന 2755 ജീവനക്കാരിൽ നിന്നും 851 മിനിസ്റ്റീരിയൽ വിഭാഗങ്ങളെ പൂർണ്ണമായും കേന്ദ്ര സ്റ്റാഫ് പാറ്റേണിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG) പദ്ധതി പ്രകാരം കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് കേന്ദ്ര ഫണ്ട് അനുവദിച്ചിരുന്നത് 11-നും 14-നും ഇടയിലുള്ള സ്കൂളുകളിൽ പോകാത്ത കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തി. അനുപൂരക പോഷകാഹാരം കേന്ദ്ര വിഹിതത്തിൽ മാറ്റം വരുത്തിയിട്ടില്ല.

(ഡി) പദ്ധതിയുടെ കേന്ദ്ര വിഹിതം വെട്ടിക്കുറച്ചതുമൂലം സംസ്ഥാനത്ത് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണം

317 (2143) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ മാനസികാരോഗ്യ നില മെച്ചപ്പെടുത്തുന്നതിനും സാമൂഹിക പ്രതിബദ്ധത നിലനിർത്തുന്നതിനും വേണ്ടി എന്തെങ്കിലും പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് അനുയോജ്യമായ നിലയിൽ അംഗൻവാടികളെ ആകർഷകവും കാര്യക്ഷമമവുമാക്കുന്നതിന് നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി വനിതാ ശിശുവികസന വകുപ്പ് കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടുകൂടി സ്കീം ഫോർ അഡോളസെന്റ് ഗേൾസ്, കെ.എസ്.വൈ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലാണ് സ്കീം ഫോർ അഡോളസെന്റ് ഗേൾസ് നടപ്പിലാക്കിവരുന്നത്. കണ്ണൂർ, വയനാട്, ജില്ലകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളൊഴികെയാണ് കിശോരി ശക്തി യോജന പദ്ധതി നടപ്പിലാക്കുന്നത്. എന്നാൽ 11-14-നും ഇടയിലുള്ള സ്കൂളിൽ പോകാത്ത കുട്ടികൾക്ക് മാത്രമായി പദ്ധതികൾ നിജപ്പെടുത്തിയിരിക്കുന്നു.

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) എന്ന പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 304 സർക്കാർ/എയ്ഡഡ് സ്കൂളിൽ നടപ്പിലാക്കിവരുന്നു.

(ബി) കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമാക്കി കേരള സംസ്ഥാനത്ത് നിലവിൽ 1012 സ്കൂളുകളിൽ കൗൺസിലിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതിപ്രകാരം നിലവിൽ എൽ.പി. സ്കൂൾ മുതൽ ഹയർ സെക്കണ്ടറി തലംവരെയുള്ള വിദ്യാർത്ഥികൾക്ക് ആൺ-പെൺ ഭേദമെന്യേ കൗൺസിലിംഗ് സേവനം നൽകിവരുന്നു. സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി പ്രകാരമുള്ള കൗൺസിലിംഗ് വഴി ലഹരി ഉപയോഗം കുറയ്ക്കുന്നതിന് സെക്സ്-മദ്യ-മണൽ മാഫിയകളിൽ നിന്നും കുട്ടികളെ രക്ഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഐ.സി.പി.എസി.-ന്റെ ഭാഗമായി ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) പദ്ധതിയിലൂടെ കൗമാരപ്രായക്കാരുടെ മാനസികാരോഗ്യനില മെച്ചപ്പെടുത്തുന്നതിനും സാമൂഹിക പ്രതിബദ്ധത നിലനിർത്തുന്നതിനും വേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടികൾ നേരിടുന്ന വിവിധ സ്വഭാവ-വൈകാരിക-പഠന-മാനസികാരോഗ്യ പ്രശ്നങ്ങളെ ക്ലാസ്സ്റൂം തലത്തിൽ തന്നെ കണ്ടെത്തി ശാസ്ത്രീയമായി പരിഹരിക്കുന്നതിനുള്ള നടപടികൾ തെരഞ്ഞെടുത്ത 304 സ്കൂളുകളിൽ പുരോഗമിച്ചുവരുന്നു. വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ കൂട്ടായ്മയിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) ശൈശവ പൂർവ്വകാല പരിചരണവും, സംരക്ഷണവും ഉറപ്പാക്കുന്ന പാഠ്യഉല്ലാസ പദ്ധതിയാണ് അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസമായി അങ്കണവാടികളിലൂടെ നൽകുന്നത്. പ്രീ-സ്കൂൾ കരിക്കുലം അടിസ്ഥാനമാക്കിയാണ് അങ്കണവാടികൾ പ്രവർത്തിക്കുന്നത്. ബാല്യത്തിന്റെ വിശാല ലോകത്ത് നിന്നും വ്യവസ്ഥാപിതമായ ചട്ടക്കൂടുകളിലേയ്ക്ക് പറിച്ചുനടുന്ന കുട്ടികളുടെ സന്തോഷകരമായ വിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി വർഷത്തിൽ രണ്ട് പ്രാവശ്യം (ജൂൺ 1-നും നവംബർ 1-നും) അങ്കണവാടികളിൽ പ്രവേശനോത്സവം സംഘടിപ്പിക്കുന്നു. കുട്ടികളിലെ ശിശുവികാസ മേഖലകളുടെ പരിപോഷണം, ശുചിത്വശീലങ്ങൾ, ആഹാര ശീലങ്ങളുടെ രൂപീകരണം, വൈകാരിക നിയന്ത്രണ പരിശീലനങ്ങൾ തുടങ്ങി സന്തോഷകരമായ ശൈശവകാലം, ഗുണമേന്മയുള്ള പഠനം, ശാസ്ത്രീയമായ ആരോഗ്യപോഷണം എന്നിവ നൽകി പ്രൈമറി സ്കൂളുകളിലേയ്ക്ക് എത്താൻ

അങ്കണവാടികൾ കുട്ടികളെ പ്രാപ്തരാക്കുന്നു. കുട്ടികൾക്ക് മെച്ചപ്പെട്ട പ്രീ സ്കൂൾ അനുഭവങ്ങൾ ലഭ്യമാക്കാനും അവരെ ഭാവിയുടെ വാഗ്ദാനങ്ങളാക്കി രൂപപ്പെടുത്തുന്നതിനുമുതകുന്ന പ്രീ-സ്കൂൾ വിദ്യാഭ്യാസം അങ്കണവാടികൾ മുഖേന ഉറപ്പാക്കുന്നു. അങ്കണവാടി പ്രവർത്തകർക്ക് കുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനുള്ള വഴികാട്ടിയായി അങ്കണത്തൈമാവ് എന്ന പേരിൽ കൈപുസ്തകം തയ്യാറാക്കുകയും, കുട്ടികൾക്കായി അങ്കണപ്പൂമഴ എന്ന ആക്ടിവിറ്റി ബുക്ക്, അങ്കണവാടികളിൽ ഹാജരാക്കുന്നമുറയ്ക്ക് പ്രീ-സ്കൂൾ കുട്ടികളുടെ ശാരീരിക മാനസിക വികാസനിലവാരം രേഖപ്പെടുത്തുന്നതിനായി അമ്മ അറിയാൻ എന്ന പേരിൽ അസസ്മെന്റ് കാർഡ്, അങ്കണവാടികളിൽ നിന്നും പ്രീ-സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടികൾക്ക് ഇ.സി.സി.ഇ. പ്രകാരമുള്ള പ്രീ-സ്കൂൾ സർട്ടിഫിക്കറ്റ് ഇവ പ്രിന്റ് ചെയ്ത് വിതരണം നടത്തുന്നുണ്ട്. അങ്കണവാടി പ്രവർത്തകരുടെ നിലവാരവും കഴിവുകളും മെച്ചപ്പെടുത്തുന്നതിനായി ബൃഹത്തായ പരിശീലന പരിപാടി നടത്തിവരുന്നു. അങ്കണവാടികളുടെ സേവനങ്ങൾ മൂന്ന് തലമുറകളിൽപ്പെട്ടവർക്ക് കൂടി നൽകുകയെന്ന ലക്ഷ്യത്തോടുകൂടി 140 നിയോജകമണ്ഡലങ്ങളിലും ഓരോ മാതൃകാ അങ്കണവാടികളെ 3 ജി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം നിലവിൽ ആറ് മാസം മുതൽ മൂന്ന് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് കുടുംബശ്രീ നിർമ്മിക്കുന്ന അമൃതം ന്യൂട്രിമിക്സ് നൽകിവരുന്നു. 45 ഗ്രാം ഗോതമ്പ്, 20 ഗ്രാം പഞ്ചസാര, 15 ഗ്രാം ബംഗാൾ ഗ്രാം, 10 ഗ്രാം സോയ, 10 ഗ്രാം കപ്പലണ്ടി എന്നിവ അടങ്ങുന്ന അമൃതം ന്യൂട്രിമിക്സ് പൗഡർ രൂപത്തിൽ വിതരണം ചെയ്ത് വരുന്നു. മൂന്ന് വയസ്സ് മുതൽ ആറ് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് മോണിംഗ് സ്നാക്സായി റാഗി, ലഡു, കപ്പലണ്ടി മിഠായി, അവൽ, ശർക്കര, മുളപ്പിച്ച പയർ, പഴം, പാൽ എന്നിവ നൽകിവരുന്നു. ഉച്ചയ്ക്ക് ചോറ്, പയർ, പ്രാദേശികമായി ലഭിക്കുന്ന പച്ചക്കറികൾ എന്നിവ ഉപയോഗിച്ച് ഉണ്ടാക്കുന്ന കറികളും നൽകിവരുന്നു. അക്ഷയപാത്ര പദ്ധതിയിൽ ഓരോ അങ്കണവാടിക്ക് മുന്നിലും ഒരു പാത്രം വയ്ക്കുകയും പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ അതിൽ നിക്ഷേപിക്കുന്നതിന് നാട്ടുകാർക്കും അങ്കണവാടിയിൽ വരുന്ന കുട്ടികൾക്കും അവസരം നൽകുന്നു. ടി പച്ചക്കറികൾ ഉച്ചഭക്ഷണത്തിന് കറികൾ തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്നു. അങ്കണവാടികളിലൂടെ നൽകിവരുന്ന പൂരകപോഷകാഹാരത്തിന്റെ മെനു തയ്യാറാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

## ബി.പി.എൽ./എ.പി.എൽ. മുൻഗണനാ പട്ടികയിലെ അപാകതകൾ

318 (2144) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ./എ.പി.എൽ. മുൻഗണനാ പട്ടികയിലെ അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ബി.പി.എൽ. മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്നത് സംബന്ധിച്ച് ആലത്തൂർ താലൂക്കിലെ പരാതിക്കാരുടെ എണ്ണം എത്രയാണ്;

(സി) പരാതി പരിഹരിക്കുന്നതിന് ആലത്തൂർ താലൂക്ക് വികസന സമിതിയുടെ നിർദ്ദേശപ്രകാരം അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്പോഴാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം ബി.പി.എൽ./ എ.പി.എൽ. പട്ടികയ്ക്ക് പകരമായി മുൻഗണന/മുൻഗണനേതര പട്ടികകളാണ് ഉള്ളത്. അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ഇതേവരെ രണ്ട് ലക്ഷത്തി അറുപത്തി രണ്ടായിരത്തോളം കാർഡുടമകൾ അനർഹമായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടേണ്ട അപേക്ഷകൾ പരിശോധിച്ച് റേഷൻ കടകൾ വഴി അദാലത്ത് നടത്തി പട്ടിക തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്. അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുവരുന്നു. പൊതുവായ പരാതികളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റം വരുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ നാല് ചക്ര വാഹനമുള്ളവരുടെ പട്ടിക മോട്ടോർ വാഹന വകുപ്പ് നൽകിയതുമായി പരിശോധിച്ച് മുൻഗണനാ/എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെട്ടവരെ ഒഴിവാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുള്ള പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനുമുള്ള നടപടി തുടർന്നുവരുന്നു.

(ബി) ഉണ്ട്. ആലത്തൂർ താലൂക്കിൽ 10072 പേർ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെന്നത് സംബന്ധിച്ച് പരാതി നൽകിയിട്ടുണ്ട്.

(സി) എല്ലാ പരാതികളും റേഷൻകട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ആയതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ റേഷൻ കാർഡ്**

319 (2145) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി റേഷൻകാർഡിന് അപേക്ഷിക്കുന്നവർക്ക് കാർഡ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

2018 ഫെബ്രുവരി 15 മുതൽ പുതിയ റേഷൻ കാർഡുകൾക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകൾ മുഖാന്തരം നേരിട്ട് സ്വീകരിക്കുന്നതാണ്.

**പുതിയ റേഷൻ കാർഡ്**

320 (2146) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിനുവേണ്ടി ഫോട്ടോയും മറ്റുവിവരങ്ങളും യഥാസമയം നൽകിയിട്ടും ഡാറ്റ ലഭ്യമല്ല എന്ന കാരണത്താൽ പല ഉപഭോക്താക്കൾക്കും പുതിയ റേഷൻ കാർഡ് ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കാർഡുടമയേയും കുടുംബത്തേയും സംബന്ധിച്ചിട്ടുള്ള എല്ലാ വിവരങ്ങളും ആർ. സി. എം. എസ്.-ൽ ലഭ്യമാണെങ്കിൽ ഇവർക്ക് പുതിയ റേഷൻ കാർഡ് നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ;

(സി) ഇതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ-സി) റേഷൻ കാർഡ് പുതുക്കലിന്റെ ഭാഗമായി 98.4 ശതമാനം കാർഡുകളുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. സാങ്കേതിക തകരാറുകൾമൂലം റേഷൻ കാർഡ് ഡാറ്റാ പൂർണ്ണമല്ലാത്തവരുടെ കാർഡുകൾ ന്യൂനതകൾ പരിഹരിച്ച് എത്രയും വേഗം ഉടമകൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## പുതിയ റേഷൻ കാർഡുകൾ

321 (2147) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ എടുക്കുന്നതിനും റേഷൻകാർഡിൽ നിന്ന് പേര് നീക്കം ചെയ്യുന്നതിനും പേര് കൂട്ടിച്ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുവാൻ ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മൂന്നര വർഷത്തിനുശേഷം പുതിയ റേഷൻ കാർഡുകൾ നൽകുമ്പോൾ ഉണ്ടാകാനിടയുള്ള തിരക്ക് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018 ഫെബ്രുവരി 15 മുതൽ പുതിയ റേഷൻ കാർഡുകൾക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകൾ മുഖാന്തരം നേരിട്ട് സ്വീകരിക്കുന്നതാണ്. തിരക്ക് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## റേഷൻ കാർഡ് വിതരണം

322 (2148) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുക്കിയ റേഷൻ കാർഡ് എന്നത്തേക്ക് നൽകാനാകും; ഇതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ?

(ബി) റേഷൻ കാർഡില്ലാത്ത, അർഹരായവർക്ക് താൽക്കാലിക കാർഡ് നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 1-6-2017 മുതൽ പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം ആരംഭിച്ചു. അന്തിമ മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹരെ ഒഴിവാക്കി അർഹരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളിന്മേൽ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ 98.4 ശതമാനം റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ട്.

(ബി) അത്യാവശ്യ സാഹചര്യങ്ങളിൽ താൽക്കാലിക റേഷൻ കാർഡുകൾ നൽകിവരുന്നുണ്ട്.

## റേഷൻ കാർഡിലെ കാറ്റഗറി മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ

323 (2149) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിലെ എ.പി.എൽ. /ബി.പി.എൽ. കാറ്റഗറി മാറ്റവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലുമായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; താലൂക്ക് സപ്ലൈ ഓഫീസ് അടിസ്ഥാനത്തിലുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ ലഭിച്ച അപകക്ഷകളിൽ എത്ര എണ്ണം തീർപ്പ് കൽപ്പിച്ച് നൽകിയിട്ടുണ്ട്; ഇനിയും തീർപ്പാക്കി നൽകുവാൻ എത്ര അപേക്ഷകൾ ശേഷിക്കുന്നുണ്ട് ;ഇവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം ബി.പി.എൽ./ എ.പി.എൽ. പട്ടികയ്ക്ക് പകരം മുൻഗണനാ/മുൻഗണനേതര പട്ടികയാണ് ഉള്ളത്. റേഷൻ കാർഡിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലുമായി ലഭിച്ച അപേക്ഷകളും ആയവയിൽ തീർപ്പ് കൽപ്പിച്ചവയും ഇനിയും തീർപ്പാക്കാനുള്ളവയും സംബന്ധിച്ച് താലൂക്ക് സപ്ലൈ ഓഫീസ് അടിസ്ഥാനത്തിലുള്ള വിശദമായ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## റേഷൻ മുൻഗണനാ പട്ടികയിലെ അനർഹർ

324 (2150) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മുൻഗണനാ പട്ടികയിൽ അനർഹർ കടന്ന് കൂടിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അവരെ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) മുൻഗണനാ പട്ടികയിലെ നിബന്ധനയിൽ കൂടുതൽ ഭൂമി, ഇരുനില വീടുള്ളവർ, നാല് ചക്രവാഹനമുള്ളവർ എന്നിവരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(സി) മുൻഗണനാ പട്ടികയിൽ ഇടം പിടിച്ച എത്ര സർക്കാർ ഉദ്യോഗസ്ഥർ സ്വയം ഒഴിയുന്നതിന് രേഖാമൂലം അപേക്ഷ നൽകിയിട്ടുണ്ട്;

(ഡി) സ്വയം ഒഴിയാത്ത ജീവനക്കാരുടെ പേരിൽ കർശന ശിക്ഷണ നടപടി സ്വീകരിക്കുവാനും റേഷൻ അർഹതപ്പെട്ടവർക്ക് മുടങ്ങാതെ ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ഇതേവരെ രണ്ടു ലക്ഷത്തി അറുപത്തി രണ്ടായിരത്തോളം കാർഡുടമകൾ അനർഹമായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടേണ്ട അപേക്ഷകൾ പരിശോധിച്ച് റേഷൻ കടകൾ വഴി അദാലത്ത് നടത്തി പട്ടിക തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുവരുന്നു. പൊതുവായ പരാതികളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റം വരുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പ്, തദ്ദേസ്വയംഭരണ വകുപ്പ് എന്നിവർ നൽകിയ പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(സി) 91169 സർക്കാർ ഉദ്യോഗസ്ഥർ ഒഴിവായിട്ടുണ്ട്.

(ഡി) ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ നൽകി അവരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപരിയായി അനർഹർക്കെതിരെ ഇന്ത്യൻ ക്രിമിനൽ ശിക്ഷാനിയമ പ്രകാരവും അവശ്യ സാധന നിയമം, 1955 പ്രകാരവും നടപടിയെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ റേഷൻ കാർഡിനും ഓരോ മാസവും ലഭ്യമാകുന്ന അർഹതപ്പെട്ട ഭക്ഷ്യധാന്യ വിഹിതത്തിന്റെ വിതരണതോത് കാർഡുടകളെ എസ്.എം.എസ്. മുഖേന അറിയിക്കുന്നുണ്ട്. കൂടാതെ 31-3-2018-ന് മുമ്പ് എല്ലാ റേഷൻ കടകളിലും ഇ-പോസ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇ-പോസ് സംവിധാനം പ്രാവർത്തികമാകുന്നതോടെ ബയോമെട്രിക് ഐഡന്റിറ്റി മുഖേന റേഷൻ വിതരണം നടത്തുന്നതിനാൽ ഭക്ഷ്യ ധാന്യ വിഹിതം യഥാർത്ഥ ഉണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാവുന്നതാണ്.

## തോട്ടം തൊഴിലാളികളെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

325 (2151) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ റേഷൻ കാർഡ് വിതരണം പൂർത്തിയായോ;

(ബി)മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) തോട്ടം തൊഴിലാളികളെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് 98.4 ശതമാനം റേഷൻ കാർഡ് വിതരണം പൂർത്തിയായിട്ടുണ്ട്.

(ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 99968 |
| കൊല്ലം | 100199 |
| ആലപ്പുഴ | 110839 |
| പത്തനംതിട്ട | 19470 |
| കോട്ടയം | 45229 |
| ഇടുക്കി | 10635 |
| എറണാകുളം | 45031 |
| തൃശ്ശൂർ | 62514 |
| പാലക്കാട് | 47377 |
| മലപ്പുറം | 85256 |
| കോഴിക്കോട് | 53919 |
| വയനാട് | 12826 |
| കണ്ണൂർ | 35144 |
| കാസർഗോഡ് | 13871 |
| ആകെ | 7,42,278 |

(സി) 18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/17/ഭ.പൊ.വി.വ.-യിലെ മാനദണ്ഡമനുസരിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## റേഷൻ കാർഡുകളുടെ വിതരണം

326 (2152) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ ഇനി എത്ര പേർക്ക് നൽകാനുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) റേഷൻ കാർഡ് വിതരണം പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) റേഷൻ കാർഡ് വിതരണത്തിനുവേണ്ടി സർക്കാർ ഇതുവരെ എത്ര രൂപ, ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടി ചെലവാക്കിയെന്ന് അറിയിക്കാമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പുതിയ റേഷൻ കാർഡുകൾ 127618 പേർക്ക് ഇനി നൽകുവാനുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 7474 |
| കൊല്ലം | 5572 |
| ആലപ്പുഴ | 1662 |
| പത്തനംതിട്ട | 7595 |
| കോട്ടയം | 4522 |
| ഇടുക്കി | 3747 |
| എറണാകുളം | 25977 |
| തൃശ്ശൂർ | 39701 |
| പാലക്കാട് | 8707 |
| മലപ്പുറം | 10695 |
| കോഴിക്കോട് | 5084 |
| വയനാട് | 681 |
| കണ്ണൂർ | 3706 |
| കാസർഗോഡ് | 2495 |
| ആകെ | 1,27,618 |

(ബി) ഇല്ല.

(സി) റേഷൻ കാർഡ് വിതരണത്തിന് സർക്കാർ ചെലവഴിച്ച തുക ഇനം സഹിതം ചുവടെ ചേർക്കുന്നു:

| | |
|---|---|
| പ്രീ പോപ്പുലേറ്റഡ് ഫോറം അച്ചടി | - 38449985 |
| ഫോട്ടോ ക്യാമ്പ് | - 108571571 |
| ഡാറ്റാ എൻട്രി | - 256763756 |
| കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരണം | - 9306312 |
| റേഷൻ കാർഡ് അച്ചടി | - 113746336 |
| ഹിയറിംഗ് നോട്ടീസ് അച്ചടി | - 1301050 |
| അന്തിമ മുൻഗണനാ പട്ടിക പ്രദ്ധീകരണം | - 1607633 |
| മറ്റിനം | - 13870241 |
| ആകെ | - 543616884 |

**റേഷൻ വ്യാപാരികളുടെ പ്രതിഫല പാക്കേജ് നടപ്പിലാക്കാൻ നടപടി**

327 (2153) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികളുടെ പ്രതിഫല പാക്കേജിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രതിഫല പാക്കേജ് എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; അടിയന്തരമായി പ്രതിഫല പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജിന്റെ വിശദാംശങ്ങൾ അനുബന്ധം (10-11-2017-ലെ സ.ഉ.(കൈ) നമ്പർ 29/2017/ഭ.പൊ.വി.വ.) ആയി ചേർത്തിട്ടുണ്ട്*.

(ബി) 2018 മാർച്ച് 31-നകം സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന മുറയ്ക്ക് കമ്മീഷൻ പാക്കേജ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റേഷൻ കാർഡുകൾക്ക് പ്രത്യേക നിറം

328 (2154) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവന്റെയും പണക്കാരന്റെയും റേഷൻ കാർഡുകൾ പ്രത്യേക നിറം നൽകി വേർതിരിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) റേഷൻ കാർഡുകളുടെ അച്ചടിയും, വിതരണവും പൂർത്തിയാക്കിയോ;

(സി) റേഷൻ കാർഡില്ലാത്തവർക്ക് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നത് നിർത്തിവച്ചിട്ട് എത്രകാലമായെന്ന് വ്യക്തമാക്കുമോ;

(ഡി) റേഷൻകാർഡ് വിതരണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) റേഷൻകാർഡ് അച്ചടിക്കും വിതരണത്തിനും എത്രരൂപ ചെലവായി എന്നറിയിക്കുമോ?

ഉത്തരം

(എ) പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015-ലെ ക്ലോസ് (5) പ്രകാരം മുൻഗണനാ/എ.എ.വൈ. ഉപഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ വ്യത്യസ്തമായ കാർഡുകൾ നൽകണമെന്ന് നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം തിരിച്ചറിയുന്നതിന് വേണ്ടിയാണ് വ്യത്യസ്ത നിറം നൽകിയിട്ടുള്ളത്. മുൻഗണനാ/ മുൻഗണനേതര പട്ടികകൾ കുറ്റമറ്റതാക്കിക്കൊണ്ട് 'സ്മാർട്ട് കാർഡ്' നൽകുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ആ സന്ദർഭത്തിൽ നിറവ്യത്യാസത്തിന്റെ പ്രശ്നങ്ങൾ അവസാനിക്കും.

(ബി) റേഷൻ കാർഡുകളുടെ അച്ചടി പൂർത്തിയാക്കിയിട്ടുണ്ട്. വിതരണം 98.4 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) 07/2014-ലാണ് റേഷൻ കാർഡില്ലാത്തവർക്ക് പുതിയ റേഷൻ കാർഡ് വിതരണം നിർത്തലാക്കിയത്.

(ഡി) റേഷൻ കാർഡ് വിതരണം ഉടൻ പുനരാരംഭിക്കുന്നതാണ്.

(ഇ) റേഷൻ കാർഡ് അച്ചടിക്കും വിതരണത്തിനുമായി 54.36 കോടി രൂപ ചെലവായിട്ടുണ്ട്.

## സിവിൽ സപ്ലൈസ് വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ

329 (2155) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ മുഴുവനും അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഓരോ റേഷൻ കാർഡിനും ഓരോ മാസവും ലഭ്യമാകുന്ന അർഹതപ്പെട്ട ഭക്ഷ്യധാന്യ വിഹിതത്തിന്റെ വിതരണതോത് കാർഡുടമകളെ എസ്.എം.എസ്. മുഖേന അറിയിക്കുന്നുണ്ട്. വിതരണതോത് മാധ്യമങ്ങളിലൂടെ പരസ്യം ചെയ്യുകയും എല്ലാ റേഷൻ കടകളിലും പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, 31-3-2018-ന് മുമ്പ് എല്ലാ റേഷൻ കടകളിലും ഇ-പോസ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇ-പോസ് സംവിധാനം പ്രാവർത്തികമാകുന്നതോടെ ബയോമെടിക് ഐഡന്റിറ്റി മുഖേന റേഷൻ വിതരണം നടത്തുന്നതിനാൽ ഭക്ഷ്യധാന്യ വിഹിതം യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാവുന്നതാണ്.

## കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നുള്ള റേഷൻ കാർഡ് വിതരണം

330 (2156) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും എത്ര പുതിയ റേഷൻകാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) പുതിയ റേഷൻ കാർഡുകളിലെ ബി.പി.എൽ./എ.പി.എൽ. സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ പ്രസ്തുത ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള മുഴുവൻ പരാതികളും എന്നത്തേക്ക് പരിഹരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും 60057 റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി&സി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി 3896 പരാതികൾ ലഭിച്ചിട്ടുണ്ട്. 2847 പരാതികൾ പരിഹരിച്ചിട്ടുണ്ട്. ബാക്കി പരാതികൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മലപ്പുറം ചെറുകാവ് പൂച്ചാലിൽ പുതിയ റേഷൻ കട

331 (2157) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കടകൾ അനുവദിച്ച് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമം അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപഞ്ചായത്തിൽ പൂച്ചാൽ എന്ന സ്ഥലത്ത് പുതിയ റേഷൻകട ആരംഭിക്കുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ;

(സി) ഇത് സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടറേറ്റിൽ ഉള്ള ARD-18 CS10 - 2367/12 നമ്പർ ഫയലിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ഡി) അഞ്ചു വർഷമായിട്ടും ഈ ഫയൽ തീർപ്പാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് ഏകീകരണത്തിലൂടെ കടകളുടെ പുനഃക്രമീകരണം നടത്തി, എല്ലാ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വ്യാപാരികളുടെ വേതന പാക്കേജ് നടപ്പിലാക്കിയ ശേഷം പുതിയ റേഷൻ കടകൾ അനുവദിക്കുന്നത് പരിഗണിക്കാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപഞ്ചായത്തിൽ പൂച്ചാൽ എന്ന സ്ഥലത്തും പുതിയ റേഷൻ കട അനുവദിക്കുന്ന വിഷയം മേൽ പ്രസ്താവിച്ച നടപടികൾക്കുശേഷം പരിഗണിക്കാവുന്നതാണ്.

## പൊതുവിതരണ കേന്ദ്രം അനുവദിക്കാൻ നടപടി

332 (2158) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാക്കൂർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗക്കാർക്ക് റേഷൻ കട (പൊതുവിതരണ കേന്ദ്രം) അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച്, റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് നടപ്പിലാക്കിയതിനു ശേഷം പുതിയ റേഷൻ കടകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

## വാതിൽപ്പടി വിതരണം

333 (2159) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രവർത്തി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഭക്ഷ്യഭദ്രതാ നിയമത്തിലെ 'വാതിൽപ്പടി വിതരണം' അനുസരിച്ച് സാധനങ്ങൾ റേഷൻകടകളിൽ എത്തിച്ചു നൽകുന്നതിന് ചുമതലപ്പെട്ടവർക്ക് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ ;വിശദാംശം നൽകുമോ?

ഉത്തരം

(എ) നിലവിൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മാനന്തവാടിയിൽ പുതിയ റേഷൻ കടകൾ

334 (2160) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി റേഷൻകട അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) മാനന്തവാടി മണ്ഡലത്തിലെ മുട്ടൻകരയിലും വാളാംതോട് എന്ന സ്ഥലത്തും പുതിയ റേഷൻകടകൾ അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറഞ്ഞത് 400 കാർഡെങ്കിലും പുതിയ കടയിൽ രജിസ്റ്റർ ചെയ്യണം. സമീപപ്രദേശത്തെ കടകളിൽ 400 കാർഡിൽ കുറയുവാനോ ടി കടകളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാനോ പാടില്ല.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് ഏകീകരണത്തിലൂടെ കാർഡുകളുടെ പുനഃക്രമീകരണം നടത്തി, എല്ലാ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച്, റേഷൻ വ്യാപാരികളുടെ വേതന പാക്കേജ് നടപ്പിലാക്കിയ ശേഷം പുതിയ റേഷൻകടകൾ അനുവദിക്കുന്നത് പരിഗണിക്കാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മാനന്തവാടി മണ്ഡലത്തിലെ മുട്ടൻകരയിലും വാളാംതോട്ടും റേഷൻ കടകൾ അനുവദിക്കുന്ന വിഷയം മേൽ പ്രസ്താവിച്ച നടപടികൾക്കുശേഷം പരിഗണിക്കുന്നതാണ്.

## കൊട്ടാരക്കോത്ത് റേഷൻ കട അനുവദിക്കുന്നതിന് നടപടി

335 (2161) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പാടി പഞ്ചായത്തിലെ കൊട്ടാരക്കോത്ത് പുതുതായി റേഷൻകട അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് റേഷൻകട അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച്, റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് നടപ്പിലാക്കിയതിനു ശേഷം പുതിയ റേഷൻകടകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

## ഇ-പോസ്

336 (2162) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിൻമേൽ കേന്ദ്രത്തിന്റെ പ്രതികരണ മെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) തുടർച്ചയായി റേഷൻ വാങ്ങാത്ത കാർഡുടമകളെ കണ്ടെത്തി അവരുടെ വിഹിതം താല്ക്കാലികമായി റദ്ദാക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം എത്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഇ-പോസ് മെഷീൻ സ്ഥാപിക്കുമ്പോൾ റേഷൻ വാങ്ങാത്ത കാർഡുകളുടെ വിഹിതം റേഷൻ വ്യാപാരികൾ തിരികെ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇത് മൊത്തമുള്ള റേഷൻ അലോട്ട്മെന്റിൽ കുറവ് വരുത്തുവാൻ ഇടയാക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. 2010-11 മുതൽ 2012-13 വരെയുള്ള കാലയളവിലെ സംസ്ഥാനത്തെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഉപഭോഗത്തിന്റെ വാർഷിക ശരാശരിക്ക് അനുസൃതമായാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും ഇതിൽ ബി.പി.എൽ. അധികവിഹിതത്തിന്റെ ഉപഭോഗം പരിഗണിച്ചിട്ടില്ലെന്നും 2000-ലെ ജനസംഖ്യ ആസ്പദമാക്കിയാണ് പ്രാരംഭദശയിൽ ബി.പി.എൽ. വിഭാഗത്തിനുള്ള വിഹിതം നിശ്ചയിച്ചിരുന്നതെന്നും ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട കുടുംബങ്ങൾക്ക് കൂടി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നതിനാണ് ബി.പി.എൽ. അധിക വിഹിതം നൽകിയിരുന്നതെന്നും ആയതിനാലാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയപ്പോൾ ബി.പി.എൽ. അധിക വിഹിതം പരിഗണിക്കാതിരുന്നതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നതെന്നും ഇതിൽ മാറ്റം വരുത്താനാകില്ലെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിരുന്നത്.

(ബി) ഇല്ല.

(സി) ഇല്ല. കേന്ദ്ര സർക്കാരിന്റെ അന്തിമ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർ നടപടികൾ സ്വീകരിക്കുന്നത്.

## ഓഖി ദുരന്തബാധിതർക്കായുള്ള ഭക്ഷ്യധാന്യങ്ങളുടെ പ്രത്യേക കേന്ദ്രവിഹിതം

337 (2163) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തബാധിതർക്ക് വിതരണത്തിനായി കേന്ദ്രസർക്കാർ ഭക്ഷ്യധാന്യം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ടൺ അനുവദിച്ചു;

(ബി) പ്രത്യേക കേന്ദ്രവിഹിതം സൗജന്യമായി അനുവദിയ്ക്കാൻ സംസ്ഥാനം ആവശ്യപ്പെട്ടിരുന്നോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(സി) കേന്ദ്രവിഹിതം സ്വീകരിയ്ക്കുന്നത് സംസ്ഥാനത്തിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുമോ; എങ്കിൽ എത്ര തുകയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഓഖി ദുരന്തബാധിതർക്ക് വിതരണം ചെയ്യുന്നതിനായി 3555 മെട്രിക് ടൺ പുഴുക്കലരി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിനാവശ്യമായ കേന്ദ്ര വിഹിതം എൻ.എഫ്.എസ്.എ. നിരക്കിൽ അനുവദിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നുവെങ്കിലും എം.എസ്.പി. ഡിറൈവ്ഡ് നിരക്കിലാണ് കേന്ദ്ര സർക്കാർ ടി വിഹിതം അനുവദിച്ചിട്ടുള്ളത്.

(സി) കേന്ദ്ര വിഹിതം സ്വീകരിക്കുന്നത് സംസ്ഥാനത്തിന് 8,31,25,919 രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാക്കിയിട്ടുണ്ട്.

## റേഷൻ വിതരണം

338 (2164) ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികൾക്ക് സർക്കാർ പ്രഖ്യാപിച്ച വേതന പാക്കേജ് അറിയിക്കാമോ; അതിനായി എത്ര അധിക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) റേഷൻ വിതരണം സുതാര്യമാക്കി വെട്ടിപ്പ് തടയുന്നതിനായുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; ആയതിനു വേണ്ട സജ്ജീകരണം എല്ലായിടത്തും ഒരുക്കിയിട്ടുണ്ടോ;

(സി) റേഷൻ കടകളിൽ ചുരുങ്ങിയത് 45 ക്വിന്റൽ വില്പന വേണമെന്ന നിബന്ധനയുണ്ടോ; എങ്കിൽ ഇതിനായി കാർഡുകൾ പുനഃക്രമീകരിക്കേണ്ടി വരുന്നതും കടകൾ നിർത്തലാക്കേണ്ടി വരുന്നതും ഗുണഭോക്താക്കളുടെ താല്പര്യം പരിഗണിച്ചുകൊണ്ടായിരിക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 10-11-17-ലെ സ.ഉ.(കൈ)നമ്പർ 29/17/ഭ.പൊ.വി.വ. പ്രകാരം റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ പാക്കേജ് നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. കമ്മീഷൻ പാക്കേജ് നടപ്പിലാക്കുന്നതിനായി പ്രതിവർഷം 349.49 കോടി രൂപ അധിക ചെലവ് വരുന്നതാണ്.

(ബി) റേഷൻ വിതരണം സുതാര്യമാക്കുന്നതിന് എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷിനുകൾ സ്ഥാപിക്കുന്നതിലൂടെ ബയോമെട്രിക് ഐഡന്റിറ്റി മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ നൽകുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കും. ഇ-പോസ് മെഷീനുകൾ വാങ്ങുന്നതിനായി സപ്ലൈകോയെ ചുമതലപ്പെടുത്തുകയും പ്രസ്തുത മെഷീനുകൾ സ്ഥാപിക്കുന്നതിന് M/s Linkwell Telesystems Pvt.Ltd എന്ന കമ്പനിയെ തെരഞ്ഞെടുത്തിട്ടുമുണ്ട്. പ്രസ്തുത കമ്പനിയുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനും വർക്ക് ഓർഡർ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മിനിമം കമ്മീഷൻ തുകയായ 16,000 രൂപ ലഭിക്കുന്നതിന് പ്രതിമാസം കുറഞ്ഞത് 45 ക്വിന്റൽ ഭക്ഷ്യധാന്യമെങ്കിലും വിതരണം നടത്തേണ്ടതാണ്. എന്നാൽ, 3/18 വരെ സപ്പോർട്ടീവ് പേമെന്റ് നൽകി 16,000 രൂപ നൽകുന്നതാണ്. വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി റേഷൻ വ്യാപാരിക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനിലും കുറവുണ്ടാകുന്നത് പരിഹരിക്കുവാൻ റേഷൻ കാർഡുകളുടെ എണ്ണവും ഭക്ഷ്യ ധാന്യത്തിന്റെ അളവും 2018 മാർച്ച് 31-ന് മുമ്പ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യഭദ്രതാ നിയമം കർശനമായി നടപ്പിലാക്കാൻ നടപടി**

339 (2165) ശ്രീ. വി. കെ.ഇബ്രാഹിം കുഞ്ഞ്

ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനായി അധിക തസ്തിക സൃഷ്ടിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) ഈ നിർദ്ദേശത്തിന്മേൽ ധനകാര്യ വകുപ്പിൽ നിന്നും അനുകൂലമായ തീരുമാനം ഉണ്ടായിട്ടുണ്ടോ;

(സി) എത്രയുംവേഗം തസ്തിക സൃഷ്ടിച്ച് ഭക്ഷ്യ ഭദ്രതാ നിയമം കർശനമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയിൽ 318 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 27-1-2018-ലെ സ.ഉ.(കൈ) നമ്പർ 5/2018/ഭ.പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

## വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

340 (2166) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) വെയർഹൗസുകൾ നിർമ്മിക്കുന്നതിന് എന്തുമാത്രം സ്ഥലമാണ് വേണ്ടി വരിക; വിശദവിവരങ്ങൾ നൽകാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ വെയർഹൗസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിനും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷനും തുല്യ ഓഹരി പങ്കാളിത്തമുള്ളതും 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷൻസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്നതുമായ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ. കേരളത്തിലുടനീളം 55 വെയർഹൗസുകളിലായി ശാസ്ത്രീയമായി സാധനങ്ങൾ സൂക്ഷിച്ചുവയ്ക്കാവുന്ന വിധത്തിൽ പണികഴിപ്പിച്ചിട്ടുള്ള രണ്ട് ലക്ഷം മെട്രിക് ടൺ സംഭരണ ശേഷിയുള്ള ഗോഡൗണുകളും ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്നു.

വിളവെടുപ്പ് കാലത്ത് ഉൽപ്പന്നങ്ങൾക്ക് ഉണ്ടാകുന്ന വിലയിടിവ് തടയുന്നതിന് അവ ശാസ്ത്രീയമായി സൂക്ഷിക്കുകയും ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കുന്ന അവസരത്തിൽ കർഷകർക്ക് അത് വിൽക്കുന്നതിനും, വെയർഹൗസിംഗ് കോർപ്പറേഷൻ അവസരമൊരുക്കുന്നു. വെയർഹൗസിംഗ് കോർപ്പറേഷനിൽ സൂക്ഷിക്കുന്ന കാർഷികോല്പന്നങ്ങളുടെമേൽ നൽകുന്ന വെയർഹൗസിംഗ് രസീതിന്മേൽ കർഷകർക്ക് ബാങ്കുകളിൽ നിന്നും കാർഷികവായ്പ എടുക്കുന്നതിനുള്ള സൗകര്യവും നൽകിവരുന്നു.

(ബി) വെയർഹൗസുകൾ നിർമ്മിക്കുന്നതിന് ഏറ്റവും ചുരുങ്ങിയത് 50 സെന്റ് ഭൂമി ആവശ്യമാണ്. 1500 മെട്രിക് ടൺ ഗോഡൗൺ, ഓഫീസ്, ലേബർഷെഡ് മുതലായവ 50 സെന്റ് ഭൂമിയിൽ നിർമ്മിക്കുവാൻ സാധിക്കും.

(സി) തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ, ചാല, നെടുമങ്ങാട്, നെയ്യാറ്റിൻകര, പള്ളിച്ചൽ എന്നിവിടങ്ങളിൽ സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകൾ പ്രവർത്തിക്കുന്നുണ്ട്.

## റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ

341 (2167) ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്നും ഏതൊക്കെ താലൂക്കുകളിലാണ് ഈ പദ്ധതി പ്രാവർത്തികമാക്കിയതെന്നും വിശദമാക്കാമോ;

(ബി) 2017 ജൂണിൽ ഈ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വ്യാപാരികൾക്ക് വേതന പാക്കേജ് നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) റേഷൻ വ്യാപാരികൾക്ക് നൽകുമെന്ന് പ്രഖ്യാപിച്ച വേതന പാക്കേജ് അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) റേഷൻ വ്യാപാരികൾക്ക് എത്ര മാസത്തെ കമ്മീഷൻ കുടിശ്ശികയുണ്ട്; ഇപ്രകാരമുള്ള ആകെ കുടിശ്ശിക എത്ര തുക വരുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) നിലവിൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. 2018 മാർച്ച് 31-ന് മുമ്പ് തന്നെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇ-പോസ് മെഷീൻ വാങ്ങുന്നത് സംബന്ധിച്ച നടപടിക്രമങ്ങളിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായതിനാലും ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കേണ്ടതിനാലും പ്രതീക്ഷിച്ചതുപോലെ 2017 ജൂൺ മാസം റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കാൻ കഴിഞ്ഞില്ല.

(സി) ഇ-പോസ് മെഷീൻ സംസ്ഥാനത്തെ എല്ലാ കടകളിലും സ്ഥാപിക്കുന്ന മുറയ്ക്ക് പുതിയ കമ്മീഷൻ പാക്കേജ് പ്രാബല്യത്തിൽ വരുത്തത്തക്ക വിധത്തിൽ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) 2017 ഡിസംബർ മാസം വരെയുള്ള കമ്മീഷൻ കൊടുത്തുതീർത്തിട്ടുണ്ട്.

## റേഷൻ വെൽഫെയർ വിഹിതം

342 (2168) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം അനുവദിച്ചിരുന്ന റേഷൻ വെൽഫെയർ വിഹിതം ഇപ്പോൾ ലഭിക്കുന്നുണ്ടോ;

(ബി) അനാഥാലയങ്ങൾക്ക് നൽകിവന്നിരുന്ന റേഷൻ വിഹിതം കഴിഞ്ഞ ചില മാസങ്ങളിൽ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കടുത്ത പ്രതിസന്ധിയിലായ അനാഥാലയങ്ങൾക്ക് റേഷൻ വിഹിതം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിലെ ഒന്നാം പകുതിയിലെ വിഹിതമായി 2017 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലേയ്ക്ക് വിതരണം ചെയ്യുന്നതിനായി പ്രതിമാസം 148.55 മെട്രിക് ടൺ അരിയും 63.67 മെട്രിക് ടൺ ഗോതമ്പ് എന്നിവ കേന്ദ്രം വെൽഫെയർ വിഹിതമായി അനുവദിച്ചിരുന്നു.

(ബി) ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷത്തിലെ രണ്ടാം പകുതിയിലെ വിഹിതമായി 2017 ഒക്ടോബർ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിലേയ്ക്ക് വിതരണം ചെയ്യുന്നതിനായി ഭക്ഷ്യധാന്യങ്ങൾ കേന്ദ്രം അനുവദിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മുൻഗണനാ/എ.എ.വൈ. സ്കീമുകളിൽ നീക്കിയിരിപ്പുള്ള സ്റ്റോക്കിൽ നിന്നും ക്ഷേമസ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭക്ഷ്യഗോഡൗണുകളിൽ പരിശോധന

343 (2169) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എഫ്.എസ്.എ. (National Food Security Act) പ്രകാരം ആരംഭിച്ചിട്ടുള്ള ഭക്ഷ്യ ഗോഡൗണുകളിൽ സർക്കാരിന്റെ ഏതെങ്കിലും ഏജൻസികൾ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ആരാണ് നടത്തിയത്; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പരിശോധനയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എവിടെയെല്ലാമാണ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) സ.ഉ.(സാധാ) നമ്പർ 310/17/ഭ.പൊ.വി.വ. തീയതി 14-9-2017 പ്രകാരം സെക്രട്ടേറിയറ്റിലെ ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ജീവനക്കാരെ ഉൾപ്പെടുത്തി സംസ്ഥാനതല ഇൻസ്പെക്ഷൻ സ്ക്വാഡ് രൂപീകരിച്ചിരുന്നു. ടി സ്ക്വാഡിന്റെ നേതൃത്വത്തിൽ എൻ.എഫ്.എസ്.എ. പ്രകാരം ആരംഭിച്ചിട്ടുള്ള 11 ഗോഡൗണുകളിൽ പരിശോധന നടത്തിയിരുന്നു. പരിശോധനയിൽ സ്റ്റോക്കിലുള്ള കുറവ്, ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകൾക്ക് തൂക്കി നൽകാതിരിക്കൽ, ഭക്ഷ്യധാന്യങ്ങൾ ശരിയായ രീതിയിൽ സംരക്ഷിക്കാതെ അലക്ഷ്യമായി കൈകാര്യം ചെയ്യൽ തുടങ്ങിയവ കണ്ടെത്തിയിരുന്നു. കൂടാതെ, പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥരും പോലീസ് വിജിലൻസ്, സപ്ലൈകോ വിജിലൻസ് എന്നിവരും സംസ്ഥാനത്തെ വിവിധ ഗോഡൗണുകളിൽ പരിശോധന നടത്തിയിരുന്നു.

(ബി) സംസ്ഥാനതല ഇൻസ്പെക്ഷൻ സ്ക്വാഡ് 11 ഗോഡൗണുകളിൽ പരിശോധന നടത്തിയതിൽ കാഞ്ഞിരപ്പള്ളി, ഒറ്റപ്പാലം, മാവേലിക്കര, മേനംകുളം (തിരുവനന്തപുരം) എന്നീ നാല് താലൂക്ക് എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. വിജിലൻസ് വകുപ്പ് സംസ്ഥാന വ്യാപകമായി 78 ഗോഡൗണുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകളും സ്റ്റോക്കിൽ വ്യത്യാസവും കണ്ടെത്തിയ 19 ഗോഡൗണുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. പൊതുവിതരണ വകുപ്പ് നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**റേഷൻ ഭക്ഷ്യസാധനത്തിനുള്ള പണം**

344 (2170) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഫെബ്രുവരി മാസം വിതരണം ചെയ്യുന്നതിനുള്ള റേഷൻ ഭക്ഷ്യസാധനത്തിനുള്ള പണം ഡിസംബർ 31- ന് മുമ്പ് എഫ്.സി.ഐ.-യിൽ അടയ്ക്കുന്നത് മുടങ്ങിയിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതുമൂലം റേഷൻ വിതരണം തടസ്സപ്പെടുവാൻ സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ റേഷൻ കൃത്യസമയത്ത് തന്നെ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഫെബ്രുവരി മാസം വിതരണം ചെയ്യുന്നതിനുള്ള റേഷൻ ഭക്ഷ്യസാധനത്തിനുള്ള പണം 4-1-2018-ൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ ഒടുക്കിയിട്ടുണ്ട്.

(ബി) ഇല്ല.

## ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ശുചിത്വം ഉറപ്പുവരുത്താൻ നടപടികൾ

345 (2171) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ശുചിത്വം ഉറപ്പുവരുത്താൻ ഭക്ഷ്യ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) ബക്രീദ്, ഓണം, ക്രിസ്തുമസ് കാലയളവുകളിൽ പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തിയിരുന്നോ; എങ്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ഭക്ഷണ സാധനങ്ങളുടെ വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും വില വിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചതിലും കൂടുതൽ വില ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് ഭക്ഷ്യവകുപ്പിനുള്ളത്. ശുചിത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിലുള്ള ഭക്ഷ്യസുരക്ഷാ വിഭാഗമാണ്.

(ബി & സി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**അരി വില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

346 (2172) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ അരി വില കിലോയ്ക്ക് പത്ത് രൂപയോളം വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അരി വില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നേരിയ തോതിലുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പന ശാലകളിലൂടെ പൊതുവിപണിയിലേതിനേക്കാൾ 30 മുതൽ 42 ശതമാനം വരെ വിലക്കുറവിൽ, സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, പച്ചരി, മട്ടയരി തുടങ്ങിയവയും നോൺ സബ്സിഡി നിരക്കിൽ എല്ലാ അരി ഇനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ അളവിൽ നിയന്ത്രണമില്ലാതെ, വിൽപ്പന നടത്തിവരുന്നു. ഓണക്കാലത്ത് പൊതുവിപണിയിലെ അരിയുടെ വില വർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ആന്ധ്രയിൽ നിന്ന് നേരിട്ട് 5165 മെട്രിക് ടൺ ജയ അരി സംഭരിക്കുകയും കിലോഗ്രാമിന് 25 രൂപ നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്.

**ന്യായവില ഹോട്ടലുകൾ**

347 (2173) ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പ് രഹിത പദ്ധതിയുടെ ഭാഗമായി, സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജി.എസ്.ടി.-യുടെ മറവിൽ സംസ്ഥാനത്തെ ഹോട്ടലുകൾ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഹോട്ടലുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) മുമ്പ് ആരംഭിച്ച മാവേലി ഹോട്ടലുകൾ പരാജയപ്പെട്ട സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പാളിച്ചകൾ പരിഹരിച്ചാണോ പുതിയ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ന്യായവിലക്ക് ഭക്ഷണം നൽകുന്ന ഹോട്ടലുകൾക്ക് സിവിൽ സപ്ലൈസ് വഴി സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യം ഉറപ്പ് വരുത്തുമോ; എങ്കിൽ ഏതൊക്കെ ഇനം ഭക്ഷ്യധാന്യങ്ങളാണ് ഇപ്രകാരം സബ്സിഡി നിരക്കിൽ നൽകുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) സന്നദ്ധസംഘടനകളുമായി ചേർന്ന് ജില്ലാ ആസ്ഥാനങ്ങളിൽ ഭക്ഷണശാലകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ട്. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ പൈലറ്റ് പ്രോജക്ടായി ഈ സാമ്പത്തികവർഷം തുടക്കം കുറിക്കും.

(ബി) ജി.എസ്.ടി.-യുടെ മറവിൽ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന ഹോട്ടലുകൾക്കെതിരെ നികുതി വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഉണ്ട്. 24-6-2011 വരെ മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്ന തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോയിൽ നിന്നും വിതരണം നടത്തിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പിന്നീട് മാവേലി ഹോട്ടലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സപ്ലൈകോയ്ക്ക് സാധിച്ചില്ല.

(ഡി) ഭക്ഷ്യധാന്യങ്ങളും പ്രൊവിഷൻ സാധനങ്ങളും സബ്സിഡി നിരക്കിൽ സപ്ലൈകോ മുഖേന നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

**ഹോട്ടൽ ഭക്ഷണത്തിന്റെ വില വർദ്ധന**

348 (2174) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കളുടെ വില യാതൊരു മാനദണ്ഡവുമില്ലാതെ ക്രമാതീതമായി വർദ്ധിപ്പിച്ച് ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്ന സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഒരേ അളവും ഗുണവുമുള്ള ഒരേ ഇനം ആഹാരത്തിന് ഒരു പ്രദേശത്തു തന്നെ വിവിധ വില ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും അതാതു തലത്തിൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തുകയും, നിയമസഭാമണ്ഡല തലത്തിൽ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുമോ; വിലക്കയറ്റം പിടിച്ചു നിർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേയിനം ഭക്ഷണസാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലെ നിയമം അനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ ഏകീകരിക്കുന്നതിനോ ഉള്ള അധികാരം വകുപ്പിനില്ല. ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് വകുപ്പിനുള്ളത്.

(സി) എല്ലാ തലത്തിലും മോണിറ്ററിംഗ് ശക്തിപ്പെടുത്തി വകുപ്പിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വിലക്കയറ്റം തടയാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മാർക്കറ്റ് ഇന്റർവെൻഷൻ ഓപ്പറേഷൻ

349 (2175) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾക്ക് അതിരൂക്ഷമായ വിലക്കയറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാമ്പത്തിക സ്ഥിതി വിവര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദാംശം നൽകുമോ;

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് മുൻസർക്കാർ സ്വീകരിച്ച നടപടികളിൽ നിന്നും വ്യത്യസ്തമായ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാർക്കറ്റ് ഇന്റർവെൻഷൻ ഓപ്പറേഷനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദാമാക്കാമോ?

ഉത്തരം

(എ) അരിയുടെയും ഏതാനും നിത്യോപയോഗ സാധനങ്ങളുടെയും പൊതുവിപണിയിലെ വില നേരിയ തോതിൽ വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സബ്സിഡി നിരക്കിൽ വിൽക്കുന്ന 14 ഇനം അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ അനുവദിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നീ "ശബരി" ബ്രാൻഡ് ഉൽപ്പന്നങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിലും 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ FMCG (Fast Moving Consumer Goods) സാധനങ്ങളും സപ്ലൈകോ വിൽപ്പനശാലകളിലൂടെ ലഭ്യമാക്കിവരുന്നു. അരിയുടെ വിലവർദ്ധനവ് പിടിച്ചു നിർത്തുന്നതിന്റെ ഭാഗമായി ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ആന്ധ്രയിൽ നിന്നും നേരിട്ട് ജയ അരി സംഭരിച്ച് കിലോഗ്രാമിന് 25 രൂപ നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ അനുവദിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സാധിക്കുകയും കൂടുതൽ വിൽപ്പന ശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് അരി സംഭരണം**

350 (2176) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രയിൽ നിന്നും സർക്കാർ നേരിട്ട് അരി സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ; പ്രസ്തുത നടപടി വിജയപ്രദമായിരുന്നോ;

(ബി) പൊതു കമ്പോളത്തിൽ അരി വില കിലോക്ക് 60 രൂപ കടന്നിട്ടും അത് കുറയ്ക്കുന്നതിന് സർക്കാർ തലത്തിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാത്തത് എന്തു കൊണ്ടാണ്എന്ന് വ്യക്തമാക്കുമോ;

(സി) ആന്ധ്രയിലെ മൊത്ത വ്യാപാരികളിൽ നിന്നും നേരിട്ട് അരി സംഭരിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രയിൽ നിന്നും സർക്കാർ നേരിട്ട് അരി സംഭരിക്കുന്നതിന് സ്വീകരിച്ച നടപടി വിജയപ്രദമായിരുന്നു.

(ബി) പൊതു കമ്പോളത്തിൽ അരി വില കിലോയ്ക്ക് 60 രൂപ കടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിലൂടെ പൊതുവിപണിയിലേതിനേക്കാൾ 30 മുതൽ 42 ശതമാനം വരെ വിലക്കുറവിൽ സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, പച്ചരി, മട്ടയരി മുതലായവയും നോൺ സബ്സിഡി നിരക്കിലുള്ള അരി ഇനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ അളവ് നിയന്ത്രണമില്ലാതെ വിൽപ്പന നടത്തിവരുന്നു. ഓണക്കാലത്ത് പൊതുവിപണിയിലെ അരിയുടെ വില വർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ആന്ധ്രയിൽ നിന്നും നേരിട്ട് 5165 മെട്രിക് ടൺ ജയ അരി സംഭരിക്കുകയും കിലോഗ്രാമിന് 25 രൂപ നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) ആന്ധ്രയിലെ മൊത്ത വ്യാപാരികളിൽ നിന്നും 5165 മെട്രിക് ടൺ ജയ അരി സംഭരിച്ച് കിലോഗ്രാമിന് 25 രൂപ നിരക്കിൽ വിൽപ്പന നടത്തിയിട്ടുണ്ട്.

**ഹോട്ടലുകളിലെ ഭക്ഷണത്തിന് വില ഏകീകരണം**

351 (2177) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുടമകൾ ഭക്ഷണത്തിന് യഥേഷ്ടം വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവണത അവസാനിപ്പിക്കുന്നതിനും വില ഏകീകരിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പര്യാപ്തമായ ഒരു നിയമം നിലവിലില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) എങ്കിൽ 1977-ലെ കേരള ഫുഡ് സ്റ്റഫ് ഓർഡർ (ഡിസ്പ്ലേ ഓഫ് പ്രൈസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ആക്ടിൽ കാലോചിതമായ മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നിയമംമൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് നിയമ സാധുതയില്ലെന്നും ആയത് അപ്രായോഗികമാണെന്നും പരിശോധനയിൽ നിന്നും മനസ്സിലാക്കിയിട്ടുണ്ട്. 1977-ലെ കേരള ഫുഡ് സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഉത്തരവുപ്രകാരം ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്നാണ് വ്യവസ്ഥയുള്ളത്. ആയതിനാൽ ഹോട്ടൽ ഭക്ഷണവില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ടി നിയമത്തിൽ മാറ്റം വരുത്താൻ നിലവിൽ ഉദ്ദേശിക്കുന്നില്ല.

## മാവേലി സൂപ്പർ മാർക്കറ്റുകൾ

352 (2178) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സൂപ്പർ മാർക്കറ്റുകൾ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി നിർമ്മിക്കപ്പെടുന്ന മാവേലി സൂപ്പർ മാർക്കറ്റുകൾ എന്ന് പ്രാബല്യത്തിൽ വരുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) മാവേലി സൂപ്പർ മാർക്കറ്റുകൾ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ സപ്ലൈകോക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കാൻ സ്ഥലസൗകര്യം ലഭ്യമായാൽ വിൽപ്പന സാധ്യതകൂടി കണക്കിലെടുത്ത് സപ്ലൈകോ ഹൈപ്പർ മാർക്കറ്റുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## ശബരി ബ്രാന്റ് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം

353 (2179) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പന നടത്തുന്ന ശബരി ബ്രാന്റ് ഉൽപ്പന്നങ്ങൾ കോർപ്പറേഷൻ ഉൽപ്പാദിപ്പിച്ച് നേരിട്ട് പായ്ക്ക് ചെയ്ത് വിപണനം ചെയ്യുന്നതാണോ; അതോ മറ്റാരെയെങ്കിലും ഇതിനായി കരാർ നൽകി നിയമിച്ചിട്ടുണ്ടോ;

(ബി) ഇതിനായി മറ്റ് ഏതെങ്കിലും ഏജൻസിയെ ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) സപ്ലൈകോ വിൽപ്പന നടത്തുന്ന ശബരി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഗുണമേന്മാ സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം മാത്രമാണോ സപ്ലൈകോ ഇത്തരം ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നത്; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ശബരി ഉല്പന്നങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് എപ്പോഴെങ്കിലും 'ഭക്ഷ്യയോഗ്യമല്ല' എന്ന സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ; അപ്രകാരം ഭക്ഷ്യയോഗ്യമല്ലാത്ത ഉല്പന്നങ്ങൾ വിപണനം ചെയ്തിട്ടുണ്ടോ;

(എഫ്) സിവിൽ സപ്ലൈസ് വകുപ്പ് വില്പന നടത്തുന്ന എല്ലാ സാധനങ്ങളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ജി) ഇതരസംസ്ഥാനങ്ങളിൽ നിന്ന് പായ്ക്ക് ചെയ്ത് വാങ്ങുന്ന സാധനങ്ങൾ സപ്ലൈകോ വഴി വിപണനം നടത്തുമ്പോൾ അവയുടെ ഗുണനിലവാരം ഇവിടെ പരിശോധിച്ച് ഭക്ഷ്യയോഗ്യമാണോ എന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പന നടത്തുന്ന ശബരി തേയില ഒഴികെയുള്ള ഉൽപ്പന്നങ്ങൾ ഇ-ടെണ്ടർ മുഖാന്തരം, യോഗ്യരായ സപ്ലയർമാർക്ക് കരാർ നൽകിയാണ് വിപണനം നടത്തുന്നത്.

(ബി) ഔട്ട്സോഴ്സ് ചെയ്തിട്ടില്ല.

(സി) ടെണ്ടർ നടപടികളുടെ ഭാഗമായി കരാറുകാരുടെ ഉൽപ്പാദന കേന്ദ്രങ്ങളിലും നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രിറ്റേഷൻ ലബോറട്ടറി (NABL)-യുടെ അംഗീകാരമുള്ള ലാബോറട്ടറികളിലും ഗുണനിലവാര പരിശോധന നടത്തുന്നു.

(ഡി) എൻ.എ.ബി.എൽ. അംഗീകാരമുള്ള ലബോറട്ടറികളിൽ നിന്നുമുള്ള ഗുണമേന്മാ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷമാണ് ശബരി ഉൽപ്പന്നങ്ങൾ സപ്ലൈകോ വിപണിയിൽ എത്തിക്കുന്നത്.

(ഇ) ലഭിച്ചിട്ടില്ല.

(എഫ്) നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രിറ്റേഷൻ ലബോറട്ടറിയുടെ അംഗീകാരമുള്ള ലാബോറട്ടറികളിൽ ഉൽപ്പന്നങ്ങൾ പരിശോധന നടത്തിയതിനുശേഷമാണ് സപ്ലൈകോ അനുശാസിക്കുന്ന തരത്തിലുള്ള ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കരാറുകാർ വിതരണം ചെയ്യുന്നത്. ഗുണനിലവാരം സംബന്ധിച്ച് എന്തെങ്കിലും വ്യതിയാനം കണ്ടുപിടിച്ചാൽ പ്രസ്തുത സ്റ്റോക്ക് പിൻവലിക്കുന്നതിനും ശിക്ഷാ നടപടികൾ എടുക്കുന്നതിനും പ്രസ്തുത കരാർ അവസാനിപ്പിച്ച് പുതിയ ടെണ്ടർ വിളിക്കുന്നതിനുമുള്ള വ്യവസ്ഥകൾ കരാറിൽ നിലവിലുണ്ട്. നിർമ്മാണത്തിന്റെ ഏതുഘട്ടത്തിലും പരിശോധന നടത്താവുന്ന രീതിയിൽ വിതരണക്കാരുടെ നിർമ്മാണശാലയുടെ പരിശോധന നടത്തിയതിനുശേഷമാണ് കരാർ അനുവദിക്കുന്നത്. ശബരി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഒരു ഗുണനിലവാര പരിശോധന സംഘത്തെ നിയമിച്ചിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഗുണനിലവാര പരിശോധനാ സംഘവും സപ്ലൈകോ ഹെഡ്ഓഫീസുകളിലും ഡിപ്പോകളിലുമുള്ള ഗുണനിലവാര പരിശോധനാ സംഘവും വിൽപ്പനകേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും സാമ്പിളുകൾ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു.

(ജി) കരാറുകാർ വിതരണത്തിനുമുമ്പ് എൻ.എ.ബി.എൽ. ലാബുകളിൽ ശബരി ഉൽപ്പന്നങ്ങളുടെ പരിശോധന നടത്തുന്നതിനുപുറമേ, സപ്ലൈകോയുടെ ക്വാളിറ്റി വിഭാഗം ശബരി ഉൽപ്പന്നങ്ങൾ എല്ലാംതന്നെ കോന്നിയിലെ സി.എഫ്.ആർ.ഡി. (Council for Food Research & Development) ലാബിൽ ഗുണനിലവാര പരിശോധന നടത്തി ഭക്ഷ്യയോഗ്യമാണോയെന്ന് ഉറപ്പുവരുത്താറുണ്ട്.

## വിപണനശൃംഖല ആധുനികവൽകരണം

354 (2180) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എം. ഉമ്മർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണന ശൃംഖല ആധുനികവൽക്കരിക്കാനും, കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കാനും ലക്ഷ്യമിട്ട് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഹോം ഡെലിവറി ഏർപ്പെടുത്താനും നഗരങ്ങളിൽ അത്യാധുനിക ഷോപ്പിംങ്ങ് മാളുകൾ പണിയുവാനും, സ്വന്തമായി ഗോഡൗണുകൾ പണിയുവാനും ഉള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) സപ്ലൈകോയുടെ വിൽപനശാലകൾ കൂടുതൽ ജനകീയമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹോം ഡെലിവറി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആവശ്യമായ പഠനങ്ങൾ നടത്തിയതിനുശേഷം മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. അനുയോജ്യമായ സ്ഥലം വാടകയ്ക്കോ പാട്ടത്തിനോ ലഭ്യമാകുകയാണെങ്കിൽ ഷോപ്പിംഗ് മാളുകളും ഗോഡൗണുകളും നിർമ്മിക്കുന്ന കാര്യം പരിഗണിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) സപ്ലൈകോയുടെ വിൽപ്പനശാലകൾ കൂടുതൽ ജനകീയമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിമാസം ഏകദേശം 10 ലക്ഷത്തിനുമേൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സൂപ്പർ മാർക്കറ്റുകളായി ഉയർത്തി പ്രവർത്തിച്ചുവരുന്നു. സ്ഥലകുറവുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പൊതു ജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ് തലത്തിലും ഓരോ ഔട്ട്ലെറ്റും കേന്ദ്രീകരിച്ച് സാമൂഹ്യ പ്രവർത്തകരും, ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങൾക്ക് പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകളിൽ സ്ഥലലഭ്യത അനുസരിച്ച് ഉപേഭാക്താക്കൾക്ക് ആവശ്യമുള്ള നോൺ മാവേലി (FMCG) സാധനങ്ങൾ സ്വയം തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനവും വിൽപ്പനശാലകളിൽ നിന്ന് ലഭിച്ച സാധനങ്ങളുടെ ഗുണനിലവാരം തൃപ്തികരമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ആയത് തിരികെ സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## നെല്ല് സംഭരണം

355 (2181) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നാം വിളയിൽ എത്ര നെല്ലാണ് സംഭരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ സംഭരണവുമായി ബന്ധപ്പെട്ട് കുടിശ്ശികയുണ്ടോ; ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ കുടിശ്ശികയുള്ളത് എന്ന് വിശദമാക്കുമോ;

(സി) കുടിശ്ശിക ഉണ്ടെങ്കിൽ ആയത് എന്ന് കൊടുക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഒന്നാം വിളയിൽ 25-1-2018 വരെ 1.42 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) നെല്ല് സംഭരണ വിലയിനത്തിൽ 25-1-2018 വരെ 83.50 കോടി രൂപ കർഷകർക്ക് വിതരണം ചെയ്യാനുണ്ട്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ തുക നൽകാനുള്ളത്.

(സി) സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ സംഭരണവില പി.ആർ.എസ്. ലോൺ വഴി കർഷകർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു.

## അരിയുടെ വില വർദ്ധന

356 (2182) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേക്കും ജയിലുകളിലേക്കും അങ്കണവാടികളിലേക്കും ഭക്ഷ്യവകുപ്പ് മുഖേന വിതരണം ചെയ്യുന്ന അരിയുടെ വിലവർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ വിലവർദ്ധന തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പൊതുവിപണിയിൽ അരിയുടെയും മറ്റു സാധനങ്ങളുടെയും വിലവർദ്ധന നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ആശുപത്രികളിലേയ്ക്കും ജയിലുകളിലേയ്ക്കും അങ്കണവാടികളിലേയ്ക്കും ഭക്ഷ്യവകുപ്പ് എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് വഴി എ.പി.എൽ. നിരക്കിൽ വിതരണം ചെയ്യുന്ന അരിയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

(ബി) പൊതുവിപണിയിൽ അരിയുടെയും മറ്റ് സാധനങ്ങളുടെയും വില വർദ്ധനവിന് നിരവധി ഘടകങ്ങൾ കാരണമാകുന്നു. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഇന്ധനവിലയിൽ ക്രമാനുഗതമായി അടുത്ത കാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവ് നിത്യോപയോഗ സാധനങ്ങളുടെ കടത്ത് കൂലി വർദ്ധനവിന് കാരണമാകുകയും ആയത് വിലക്കയറ്റത്തിന് കാരണമാകുകയും ചെയ്യുന്നു. എങ്കിലും വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിനായി വിവിധ വകുപ്പുകളേയും ഏജൻസികളേയും ടെക്നിക്കൽ സ്റ്റാഫുകളെയും ഉൾപ്പെടുത്തി ഇറക്കുമതി ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾക്ക് വിലയക്കയറ്റം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുന്നതിനായി പ്രൈസ് മോണിറ്ററിംഗ് സെൽ സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. 22 അവശ്യ സാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധനകൾ നടത്തുകയും ചെയ്യുന്നു. ആന്ധ്രാ സർക്കാരുമായി നേരിട്ട് ബന്ധപ്പെട്ട് ഓണക്കാലത്ത് അരി ലഭ്യമാക്കി വിതരണം നടത്തുകയും ചെയ്തിരുന്നു. സർക്കാർ ഇച്ഛാശക്തിയോടെ സ്വീകരിച്ച ഇത്തരം നടപടികളുടെ ഫലമായി വിലക്കയറ്റം ഒരളവുവരെ പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്.

## സിവിൽ സപ്ലൈസ് നെല്ല് സംഭരണം

357 (2183) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഉൾപ്പെടെയുള്ള വിവിധ പഞ്ചായത്തുകളിൽ സിവിൽ സപ്ലൈസിന് നെല്ല് നൽകാൻ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ നെല്ലിന് ഉണക്കക്കുറവ് ആരോപിച്ച് 20% വരെ തൂക്കം കുറയ്ക്കാൻ നെല്ല് സംഭരിക്കുന്നവർ ശ്രമിക്കുന്നതായും തന്മൂലം ഉണ്ടായിട്ടുള്ള പ്രസന്ധിയെ തുടർന്ന് നെല്ല് കെട്ടികിടക്കുന്നതായുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ലിന്റെ ഈർപ്പത്തിന്റെ തോത് ശരിയായി പരിശോധിച്ച് തൂക്കത്തിൽ കുറയ്ക്കാതെ കർഷകരുടെ നെല്ല് സംഭരണം നടത്തുവാൻ സിവിൽ സപ്ലൈസ് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) നെല്ല് സംഭരണത്തിൽ നിലനിൽക്കുന്ന അപാകതകൾ ശാശ്വതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരാതികൾ ഉയർന്നുവരാറുണ്ട്. യഥാസമയം ഇടപെട്ട് പരിഹരിച്ചിട്ടുണ്ട്.

(ബി) സർക്കാർ മാനദണ്ഡപ്രകാരമുള്ള അളവിൽ അരി ലഭിക്കുന്നതിനായി നെല്ലിലെ ഈർപ്പത്തിന്റെ തോത് പരമാവധി 17 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. അനുവദനീയമായ തോതിൽ കൂടുതൽ ഈർപ്പമുള്ള നെല്ലാണെങ്കിൽ കർഷകർ നെല്ല് ഉണക്കി ഈർപ്പത്തിന്റെ തോത് അനുവദനീയമായ പരിധിക്കുള്ളിലാക്കി നൽകേണ്ടതാണ്.

(സി) കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം ഒരു ക്വിന്റൽ നെല്ലിന് 68 ശതമാനം അരിയാണ് ലഭിക്കേണ്ടത് എന്നാൽ കേരളത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരു ക്വിന്റൽ നെല്ലിന് 64 ശതമാനം അരിയാണ് ലഭിക്കുന്നതെന്നും ആയത് അനുവദിച്ചുതരണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**സപ്ലൈകോ ജീവനക്കാരുടെ ഒഴിവുകളും സേവന വേതന വ്യവസ്ഥകളും**

358 (2184) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ടുമായി ബന്ധപ്പെട്ട് പുതുതായി എത്ര തസ്തികകളാണ് സപ്ലൈകോയിൽ സൃഷ്ടിക്കാനുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഇതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സപ്ലൈക്കോയിൽ അസിസ്റ്റൻറ് സെയിൽസ്മാൻ, ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ 2017 ഡിസംബർ 31 വരെ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ജില്ലകളിൽ പി.എസ്.സി. അസിസ്റ്റന്റ് സെയിൽസ്മാൻ റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കഴിഞ്ഞ 10 വർഷമായി സപ്ലൈകോയിൽ എത്ര ഔട്ട് ലെറ്റുകൾ പുതുതായി തുറന്നെന്നു അറിയിക്കാമോ; ഇതിന് ആനുപാതികമായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) 2017 ഏപ്രിൽ 24-ന്റെ പണിമുടക്കിനെത്തുടർന്നുണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥകളനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നടപ്പിലാക്കുന്നതിനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) കോമൺ സർവ്വീസ് റൂൾ നടപ്പാക്കുന്നതിനും പ്രൊഡക്ടിവിറ്റി കൗൺസിൽ റിപ്പോർട്ടു പ്രകാരം സപ്ലൈകോയിലെ സ്റ്റാഫ് സ്ട്രെങ്ത് പരിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ; ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നതിന്റെ ഭാഗമായി വകുപ്പുതല ജീവനക്കാർക്ക് ഓപ്ഷൻ നൽകുവാനുള്ള തീരുമാനം നടപ്പിലാക്കുവാനുണ്ടാകുന്ന കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ടുമായി ബന്ധപ്പെട്ട് സപ്ലൈകോയിൽ 318 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) സപ്ലൈകോയിൽ 2017 ഡിസംബർ 31 വരെ അസിസ്റ്റന്റ് സെയിൽസ്മാന്റെ 151 ഒഴിവുകളും സീനിയർ അസിസ്റ്റന്റ് -1-ന്റെ രണ്ട് ഒഴിവുകളും, സീനിയർ അസിസ്റ്റന്റ്-11-ന്റെ രണ്ട് ഒഴിവുകളുമാണ് ഉള്ളത്. ജൂനിയർ അസിസ്റ്റന്റിന്റെ ഒഴിവുകൾ ഒന്നും നിലവിലില്ല. ആലപ്പുഴ, പത്തനംതിട്ട, വയനാട് ജില്ലകളിൽ അസിസ്റ്റന്റ് സെയിൽസ്മാൻ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(സി) കഴിഞ്ഞ 10 വർഷമായി സപ്ലൈകോയിൽ 346 പുതിയ ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. മനുഷ്യവിഭവശേഷിയെക്കുറിച്ച് പഠനം നടത്തിയ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) 2017 ഏപ്രിൽ 24-ന്റെ പണിമുടക്കിനെ തുടർന്നുണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## വാതിൽപ്പടി വിതരണം

359 (2185) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാതിൽപ്പടി വിതരണം തുടങ്ങിയശേഷം റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചുവിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എഫ്.സി.ഐ. ഗോഡൗണിൽ നിന്നും ഭക്ഷ്യസുരക്ഷാ വകുപ്പ് ചട്ടമനുസരിച്ച് സംഭരണശാലയിലേയ്ക്ക് സാധനങ്ങൾ മാറ്റിയ ശേഷം വാതിൽപടി വിതരണം നടത്തുന്ന സാധനങ്ങൾ സ്വകാര്യമില്ലുകളിലേയ്ക്ക് എത്തുന്നത് എങ്ങനെയെന്ന് കർശന പരിശോധന നടത്തുമോ;

(സി) കാലാകാലങ്ങളിലായി തുടരുന്ന ഈ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| കൊല്ലം | 7 |
| ആലപ്പുഴ | 4 |
| കോട്ടയം | 3 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 2 |

(ബി&സി) വാതിൽപ്പടി വിതരണം നടത്തുന്ന സാധനങ്ങൾ സ്വകാര്യ മില്ലുകളിലേയ്ക്ക് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി എല്ലാ മാസവും ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർ സ്ക്വാഡുകളായും റേഷനിംഗ് ഇൻസ്പെക്ടർമാർ നേരിട്ടും റേഷൻ കടകളും എൻ.എഫ്.എസ്.എ. ഗോഡൗണുകളും പരിശോധിക്കാറുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണിൽ നിന്നുള്ള വാതിൽപ്പടി വിതരണം നിരീക്ഷിക്കാൻ റേഷനിംഗ് ഇൻസ്പെക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനെ തുടർന്ന് ജി.പി.എസ്. ട്രാക്കിംഗ് നടപ്പിലാക്കുന്നതോടും കൂടി റേഷൻ വിതരണം കൂടുതൽ സുതാര്യമാകുന്നതാണ്.

## സപ്ലൈകോയിലെ വിവിധ തസ്തികകൾ

360 (2186) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ വിവിധ തസ്തികകളിൽ ജോലി നോക്കുന്ന ജീനവക്കാരുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എന്താണ്; ഈ യോഗ്യതയുള്ള എത്രപേർ ഓരോ വിഭാഗത്തിലും ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സപ്ലൈകോ നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത ഇല്ലാത്ത എത്രപേർ ഇപ്പോൾ ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സപ്ലൈകോയിലെ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ അടിസ്ഥാന യോഗ്യതയും എണ്ണവും അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രത്യേക സാങ്കേതിക വൈദഗ്ധ്യം നിഷ്കർഷിച്ചിട്ടില്ലാത്ത തസ്തികകളിൽ ഒഴികെയുള്ള തസ്തികകളിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് എൽ.ഡി.സി. മുതൽ കൺട്രോളർ ഓഫ് റേഷനിംഗ് (CR) വരെയുള്ള തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെയാണ് ഡെപ്യൂട്ടേഷനിൽ നിയോഗിച്ചുവരുന്നത്. ഇവർക്ക് പ്രത്യേക യോഗ്യതകൾ നിശ്ചയിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സപ്ലൈകോയിലെ സാധനങ്ങൾ വാങ്ങുന്നതിനുള്ള അനുമതി

361 (2187) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ ഇ-ഓക്ഷനിലൂടെയാണോ അതോ ഇ-ടെൻഡറിലൂടെയാണോ സാധനങ്ങൾ വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ; ഇ-ഓക്ഷൻ, ഇ-ടെൻഡർ എന്നിവ വഴി സാധനങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇ-ഓക്ഷൻ വഴി എന്തൊക്കെ സാധനങ്ങളാണ് വാങ്ങുന്നതെന്ന് അറിയിക്കാമോ;

(സി) സർക്കാർ അനുമതി ഇല്ലാതെ ഇ-ഓക്ഷൻ വഴി സാധനങ്ങൾ വാങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സപ്ലൈകോയിൽ ഇ-ഓക്ഷനിലൂടെയും ഇ-ടെണ്ടറിലൂടെയും സർക്കാർ അനുമതി പ്രകാരമാണ് സാധനങ്ങൾ വാങ്ങുന്നത്.

(ബി) പഞ്ചസാര, ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി തുടങ്ങിയ സാധനങ്ങളാണ് ഇ-ഓക്ഷൻ വഴി വാങ്ങുന്നത്.

(സി) ഇല്ല.

## സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർ

362 (2188) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ എത്ര സിവിൽ സപ്ലൈസ് വകുപ്പ് ജീവനക്കാർ ഡെപ്യൂട്ടേഷനിൽ ജോലിചെയ്യുന്നുണ്ട്; ഓരോ തസ്തികകളിലും സ്റ്റാഫ് സ്ട്രെങ്ത് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് വകുപ്പിൽ ഏതെല്ലാം തസ്തികയിൽ എത്ര പേർ ജോലിചെയ്യുന്നുണ്ട്; സ്റ്റാഫ് സ്ട്രെങ്ത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സപ്ലൈകോയിലേക്ക് ഡെപ്യൂട്ടേഷൻ വഴി എത്ര പേരെ അധികമായി നിയമിച്ചിട്ടുണ്ട്; അധികമായി നിയമിച്ച ജീവനക്കാർക്ക് ആരാണ് ശമ്പളം നൽകുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സപ്ലൈകോയിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 1090 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. തസ്തികകളും സ്റ്റാഫ് സ്ട്രെങ്ത്തും സംബന്ധിച്ച വിവരം അനുബന്ധം ഒന്നായി ചേർക്കുന്നു*.

(ബി) സിവിൽ സപ്ലൈസ് വകുപ്പിലെ സ്റ്റാഫ് സ്ട്രെങ്ത്തിന്റെയും ഓരോ തസ്തികയിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും അനുബന്ധം രണ്ടായി ചേർക്കുന്നു*.

(സി) ജീവനക്കാരെ അധികമായി നിയമിച്ചിട്ടില്ല.

## സപ്ലൈകോയിൽ ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്നതിന് ഇ-ലേലം

363 (2189) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്നതിന് ഇ- ലേലം നടത്തിയിട്ടുണ്ടോ; എന്നു മുതലാണ് ഈ രീതി സ്വീകരിച്ചു തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇ-ടെണ്ടർ നടപടികളിൽ നിന്നും ഇ -ലേലം രീതിക്കുള്ള മേന്മകളും കോട്ടങ്ങളും എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) ഇ-ലേല നടപടികൾ സ്വീകരിച്ചതു കാരണം ഏതെങ്കിലും ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) സപ്ലൈകോയിൽ ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിന് 2015 മുതൽ ഇ-ലേലം നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇ-ടെണ്ടർ, ടെണ്ടർ വിസാർഡ് എന്ന പ്ലാറ്റ്ഫോമിലും, ഇ-ഓക്ഷൻ NCDEX എന്ന പ്ലാറ്റ്ഫോമിലുമാണ് നടത്തുന്നത്. ഇ-ഓക്ഷൻ സംവിധാനത്തിൽ ദേശീയ തലത്തിലുള്ള കൂടുതൽ ഉൽപ്പാദകരെയും വിതരണക്കാരെയും ആകർഷിക്കുന്നതുവഴി മത്സരക്ഷമത വർദ്ധിക്കുകയും മെച്ചപ്പെട്ട വിലയും കൂടുതൽ അളവ് ഉൽപ്പന്നങ്ങൾ ലഭിക്കുന്നതിനുള്ള സാധ്യതകൾ വർദ്ധിക്കുകയും, വിതരണക്കാർ സംഘടിതമായി ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കാനുള്ള സാധ്യത കൂടുതൽ ഫലപ്രദമായി ഇല്ലാതാക്കാൻ കഴിയുകയും ചെയ്യുന്നു.

(സി) നഷ്ടം സംഭവിച്ചിട്ടില്ല.

**റേഷൻ കടകൾക്ക് ലൈസൻസ്**

364 (2190) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ റോഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രത്യേക വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതിന് ഇതിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഉണ്ട്.

| | | |
|---|---|---|
| പട്ടികജാതി | - | 8% |
| പട്ടികവർഗ്ഗം | - | 2% |
| അംഗപരിമിതർ | - | 5% |
| വനിതകൾ | - | 20% |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നിത്യോപയോഗസാധനങ്ങളുടെ വില

365 (2191) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വില കുതിച്ചു കയറുന്ന സാഹചര്യത്തിൽ നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് പൊതു വിപണിയിൽ എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) സബ്സിഡിയിൽ വിൽക്കുന്ന നിത്യോപയോഗസാധനങ്ങൾ ഏതൊക്കെയാണെന്ന് എന്നറിയിക്കാമോ:

(സി) പൊതുവിപണിയേക്കാൾ വില കുറച്ച് ഫ്രീ-സെയിൽ സബ്സിഡി നൽകുന്ന അവശ്യഭക്ഷ്യധാന്യങ്ങൾ ഏതൊക്കെയാണ്; എത്ര ശതമാനമാണ് പൊതുവിപണിയേക്കാൾ കുറച്ചുനൽകുന്നത്; വ്യക്തമാക്കുമോ;

(ഡി) പൊതുജനങ്ങൾക്ക് നൽകുന്ന ഇത്തരം ഭക്ഷ്യ ധാന്യങ്ങൾക്ക് അളവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് പൊതുവിപണിയിൽ എത്തിക്കുന്നതിനായി, സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീ-സെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നീ "ശബരി" ബ്രാൻഡ് ഉൽപ്പന്നങ്ങൾ പൊതു വിപണയിലേതിനേക്കാൾ 20% വരെ വിലക്കുറവിലും 5 മുതൽ 30% വരെ വിലക്കുറവിൽ FMCG (Fast Moving Consumer Goods) സാധനങ്ങളും

സപ്ലൈകോ വിൽപ്പനശാലകളിലൂടെ ലഭ്യമാക്കിവരുന്നു. അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി ഇ-ടെണ്ടർ പർച്ചേസിന് പുറമെ ആന്ധ്രയിൽ നിന്നും നേരിട്ട് ജയ അരി സംഭരിച്ച് കിലോഗ്രാമിന് 25 രൂപ എന്ന നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ അനുവദിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സാധിക്കുകയും കൂടുതൽ വിൽപ്പന ശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ, ജയ അരി, കുറുവ അരി, മട്ടയരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയാണ് സബ്സിഡിയിൽ വിൽക്കുന്ന നിത്യോപയോഗസാധനങ്ങൾ.

(സി) ചെറുപയർ, ഉഴുന്ന് ബോൾ, ഉഴുന്ന് പിളർന്നത് (തൊലിയുള്ളത്), ഉഴുന്ന് പിളർന്നത് (തൊലിയില്ലാത്തത്), വൻകടല, വൻപയർ, തുവരപരിപ്പ്, തുവരപരിപ്പ് (Fatka), പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, പിരിയൻ മുളക്, ഗ്രീൻപീസ്, വെള്ളക്കടല, പഞ്ചസാര, റാഗി, പച്ചരി, ബോധന അരി, മട്ടയരി, ജയ അരി, കുറുവ അരി, ആന്ധ്ര ഇതര ജയഅരി, ചെറുപയർ, പരിപ്പ്, വെളിച്ചെണ്ണ എന്നിവ ഫ്രീ-സെയിൽ സബ്സിഡി നിരക്കിൽ പൊതുവിപണിയിലേക്കാൾ 10 മുതൽ 20 ശതമാനം വരെ വില കുറവിൽ ലഭ്യമാക്കിവരുന്നു.

(ഡി) ഇല്ല. സപ്ലൈകോ വില്പന ശാലകളിലൂടെ വിൽക്കുന്ന സബ്സിഡി സാധനങ്ങൾക്ക് മാത്രമാണ് അളവ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്.

## ഇ-പോസ് സംവിധാനം

366 (2192) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഇ. എസ്.ബിജിമോൾ :

ശ്രീ. വി. ആർ. സുനിൽ കുമാർ :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സംവിധാനം കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെ ഭാഗമായി, റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇ-പോസ് സംവിധാനത്തിന്റെ മേന്മകൾ വിശദമാക്കുമോ;

(സി) റേഷൻ സംവിധാനം കുറ്റമറ്റതാക്കുന്നതിന് ഈ സംവിധാനം എത്രത്തോളം ഫലപ്രദമാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിക്ക് വേണ്ടി വരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇ-പോസ് മെഷീനിൽ ഉപഭോക്താവിന്റെ റേഷൻ കാർഡ് നമ്പർ നൽകുമ്പോൾ തന്നെ കാർഡിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ പ്രദർശിപ്പിക്കും. ഇതിൽനിന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ വരുന്ന കാർഡംഗത്തിനെ തെരഞ്ഞെടുത്ത് ഫിംഗർ പ്രിന്റ് വഴിയോ, ഐറിസ് വഴിയോ യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് അവർക്കുതന്നെ റേഷൻ സാധനങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കും. ഉപഭോക്താവിന് തൻമാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തന്മാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ

ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിൽ മേൽ വിവരങ്ങൾ അറിയുന്നതിനും സാധിക്കും. ബിൽ പ്രിന്റ് ചെയ്ത് ലഭിക്കുകയും ചെയ്യും. ഓരോ റേഷൻ ഇടപാട് വിവരവും തത്സമയം തന്നെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ ലഭ്യമാകുന്നതാണ്. ഈ രീതിയിൽ റേഷൻ കടകളിലൂടെയുള്ള വിതരണം പൂർണ്ണമായും സുതാര്യമാക്കാൻ സാധിക്കും.

(ഡി) ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് ഏകദേശം 55 കോടി രൂപയോളം ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

## ലീഗൽ മെട്രോളജി ഓഫീസ്

367 (2193) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പിയിൽ പ്രവർത്തിച്ചുവരുന്ന ലീഗൽ മെട്രോളജി ഓഫീസ് എല്ലാ ദിവസവും പ്രവർത്തിക്കുന്ന രീതിയിലേയ്ക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഓട്ടോറിക്ഷ ഫെയർ മീറ്റർ വെരിഫിക്കേഷൻ, അളവുതൂക്ക ഉപകണകരണങ്ങളുടെ പുനഃപരിശോധന എന്നിവയ്ക്കായുള്ള ലീഗൽ മെട്രോളജിയുടെ ക്യാമ്പ്, ഓഫീസുകൾ മാത്രമാണ് ഇപ്പോൾ പട്ടാമ്പിയിൽ പ്രവർത്തിക്കുന്നത്. പട്ടാമ്പി ഉൾപ്പെടെ പുതുതായി രൂപീകരിക്കപ്പെട്ട 14 താലൂക്കുകളിലും ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1846, 1951, 1965. 1985, 2052, 2093, 2096 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അറിയിപ്പ്

### ഗവർണറുടെ സന്ദേശം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ (8) -ാം ഉപചട്ടപ്രകാരം ഗവർണ്ണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

" I thank the Fourteenth Kerala Legislative Assembly for the Motion of Thanks adopted by its Nineth Session on my address to the Assembly on 22rd January, 2018."

## III അടിയന്തരപ്രമേയം

### കൊലപാതകങ്ങൾ

മി. സ്പീക്കർ: കാസർഗോഡ് ജില്ലയിൽ പനയാൽ കാട്ടിയടുക്ക, പുലിയന്നൂർ സ്കൂളിന് സമീപം, ആയമ്പാറ എന്നീ സ്ഥലങ്ങളിലുണ്ടായ കൊലപാതകങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തുടനീളം കൊലപാതകങ്ങളും ഭവനഭേദന ശ്രമങ്ങളും കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോകുന്നതും വർദ്ധിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടിരിക്കുന്നു എന്ന് പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, വി. പി. സജീന്ദ്രൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാസർഗോഡ് ജില്ലയിൽ ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ ദേവകിയെ വീട്ടിൽ കയറി 13-12-2017-ന് രാത്രി കൊലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സംഭവത്തിൽ ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 16/17 U/S 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കേസ് അന്വേഷിക്കാൻ ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 17-1-2018-നും 19-1-2018-നു മിടയിൽ കാസർഗോഡ് ആയമ്പാറയിൽ ഒറ്റയ്ക്ക് താമസിച്ചിരുന്ന 60 വയസ്സുള്ള സുബൈദ എന്ന സ്ത്രീയെ കൊലപ്പെടുത്തി കവർച്ച നടത്തിയ സംഭവമുണ്ടായി. ഈ

സംഭവത്തിൽ ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 38/18 U/S 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. റേഞ്ച് ഐ.ജി.-യുടെ മേൽനോട്ടത്തിൽ കാഞ്ഞങ്ങാട് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തിവരികയാണ്. ഈ സംഭവത്തിൽ പ്രതികളെന്ന് സംശയിക്കുന്നവർ പോലീസ് നിരീക്ഷണത്തിലാണ്. ഇവരെ ഉടൻതന്നെ അറസ്റ്റ് ചെയ്ത് നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ സാധിക്കും. 13-12-2017-ന് രാത്രിയിൽ കാസർഗോഡ് പുലിയന്നൂരിൽ റിട്ടയേർഡ് അദ്ധ്യാപികയായ ജാനകിയെ കൊലപ്പെടുത്തിയ സംഭവമുണ്ടായി. ഈ സംഭവത്തിൽ ചീമേനി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 403/17 U/S 449, 394, 397, 302, 34-IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഇതിനും പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. മൂന്നു കേസുകളിലും പോലീസ് ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ട് ശരിയായ വിധത്തിൽ അന്വേഷണം നടത്തിവരികയാണ്. കാസർഗോഡ് ജില്ലയിലുള്ള ചില സംഭവങ്ങൾ ചൂണ്ടിക്കാണിച്ച് സംസ്ഥാനത്താകെ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നു എന്നുള്ള ആരോപണം വസ്തുതകൾക്ക് നിരക്കുന്നതല്ല. ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങളെ സാമാന്യവൽക്കരിച്ച് അത് സംസ്ഥാനത്തിന്റെ പൊതുവിലുള്ള നിലയാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. കുറ്റകൃത്യങ്ങൾ കൂടിവരുന്ന ഘട്ടങ്ങളിൽ അവ അന്വേഷിച്ച് കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമാവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഇതിന്റെ ഫലമായി സംസ്ഥാനത്ത് ക്രമ സമാധാനരംഗം മെച്ചപ്പെട്ട നിലയിലേയ്ക്ക് വരുന്നുണ്ടെന്നതാണ് കണക്കുകൾ വ്യക്തമാക്കുന്നത്. സംസ്ഥാനത്താകെ 2012-ൽ 368-ഉം 2013-ൽ 355-ഉം 2014-ൽ 342-ഉം 2015-ൽ 317-ഉം കൊലപാതക കേസുകളാണ് രജിസ്റ്റർ ചെയ്തത്. 2017-ൽ കൊലപാതക കേസുകളുടെ എണ്ണം 302 ആയി കുറഞ്ഞു. സംസ്ഥാനത്തെ ക്രമസമാധാന ഭദ്രതയുടെ പ്രധാന സൂചിക കൊലപാതക കേസുകളുടെ കുറവാണ്. 2016-ലെ ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം ജാതീയമായ സംഘർഷങ്ങളും വർഗ്ഗീയ സംഘർഷങ്ങളും ഏറ്റവും കുറവ് റിപ്പോർട്ട് ചെയ്തിട്ടുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. വർഗ്ഗീയ സംഘർഷത്തിലേയ്ക്ക് നയിക്കാവുന്ന ചെറിയ സംഭവങ്ങൾപോലും സംയോജിതമായ ഇടപെടൽമൂലം ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാസർഗോഡ് ജില്ലയുടെ കാര്യം പരിശോധിച്ചാലും ഇക്കാര്യത്തിൽ മുന്നോട്ടുപോയിട്ടുണ്ടെന്ന് കാണാം. പലപ്പോഴും വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാകുന്ന ജില്ലകളിൽ അത്തരം സ്ഥിതിഗതികൾ കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 2012-ൽ 37-ഉം 2013-ൽ 53-ഉം 2014-ൽ 16-ഉം 2015-ൽ 8-ഉം 2016-ൽ 9-ഉം 2017-ൽ 6-ഉം എന്ന നിലയിലേയ്ക്ക് അത്

കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. വസ്തുതകൾ ഇതായിരിക്കെ സംസ്ഥാനത്തുട നീളം കൊലപാതകങ്ങളും ഭവനഭേദന ശ്രമങ്ങളും കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഭവങ്ങളും വർദ്ധിച്ചുവരുന്നതായുള്ള അവതാരകന്റെ വാദം ശരിയല്ല. ക്വട്ടേഷൻ സംഘങ്ങളെയും അക്രമി സംഘങ്ങളെയും നിയന്ത്രിക്കാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. കുറ്റകൃത്യങ്ങൾ ആര് നടത്തിയാലും അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികളാണ് സംസ്ഥാനത്ത് സ്വീകരിച്ചു കൊണ്ടിരിക്കുന്നതെന്ന് അടുത്തുനടന്ന അനുഭവങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ സർക്കാർ വന്നശേഷം സ്വീകരിച്ച ശക്തവും നിഷ്പക്ഷവുമായ നടപടികൾമൂലം എല്ലാവിധത്തിലുള്ള കുറ്റകൃത്യങ്ങളും ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പരാതികൾ പരിശോധിച്ച് കേസുകൾ കൃത്യമായി രജിസ്റ്റർ ചെയ്യുന്ന സാഹചര്യം ഉണ്ടായതുകൊണ്ടാണ് ഈ സ്ഥിതിവിശേഷമുണ്ടായത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി കേട്ട് കേരളം ലജ്ജിക്കുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കുറ്റവും ചെയ്യാത്ത മൂന്ന് വീട്ടമ്മമാരെ.....(ബഹളം)...... നിങ്ങൾ എന്ത് പ്രകോപനമുണ്ടാക്കിയാലും ഞാൻ പറയാൻ വിചാരിച്ച കാര്യങ്ങൾ പറഞ്ഞിട്ടേ ഇരിക്കുകയുള്ളൂ. (ബഹളം).....

<u>മി. സ്പീക്കർ</u> : പ്ലീസ്....പ്ലീസ്...

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, നിങ്ങൾ എന്നെ 54 അല്ല 154 വെട്ടുവെട്ടിയാലും ഞാൻ പറയാൻ വിചാരിച്ച കാര്യങ്ങൾ പറയും. മൂന്ന് വീട്ടമ്മമാർ നിഷ്കരുണം കൊലചെയ്യപ്പെട്ടിട്ടും എത്ര ലാഘവത്തോടുകൂടിയാണ് പ്രിയപ്പെട്ട മുഖ്യമന്ത്രി അതിനെ കണ്ടത്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ മറുപടി കേട്ട് കേരളം ലജ്ജിക്കുന്നു എന്ന് ഞാൻ പറഞ്ഞത്. കണ്ണൂരിൽ നിങ്ങൾ പരസ്പരം വളരെ ലാഘവത്തോടുകൂടി ആളുകളെ കൊല ചെയ്യുന്നതുപോലെയല്ല ഈ സംഭവമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ് ....(ബഹളം).....

<u>മി. സ്പീക്കർ</u>: ശ്രീ. എ. എൻ. ഷംസീർ...... അവിടെ ഇരിക്കൂ ....(ബഹളം)...

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, മുഖ്യമന്ത്രി കള്ളം പറഞ്ഞു എന്ന് ഞാൻ പറഞ്ഞില്ല. പക്ഷേ അദ്ദേഹം പറഞ്ഞത് വാസ്തവമല്ല എന്നാണ് ഞാൻ പറഞ്ഞത്. കേരളം നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. എന്റെ അവതരണം കേട്ടതിനുശേഷം മുഖ്യമന്ത്രി എന്ത് പറയുമെന്ന് എനിക്ക് നല്ലതുപോലെ അറിയാം. അതുകൊണ്ട് പ്രിയപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് വിനയത്തോടുകൂടി പറയാനുള്ളത് പതിവ് ശൈലിയിൽ നിന്ന് അങ്ങ് മാറണമെന്നാണ്. കാര്യങ്ങൾ ഉൾക്കൊള്ളാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി

മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് ഏതെങ്കിലും ഒരു പാർട്ടിയുടെ നേതാവല്ല. അങ്ങ് കേരളത്തിലെ കോടിക്കണക്കിന് സാധാരണക്കാരായ ആളുകൾ പ്രതീക്ഷ അർപ്പിച്ചിട്ടുള്ള ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാണ്. ...(ബഹളം).... ആ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ അങ്ങേയ്ക്ക് കഴിയണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അപകടങ്ങൾ ഓരോന്നായി വരുമ്പോൾ നമ്മുടെ എല്ലാവരുടെയും സർവ്വസ്വമായ കേരളത്തെ എങ്ങനെ രക്ഷിക്കാമെന്ന് പരസ്പരം ആലോചിച്ച് മാർഗ്ഗങ്ങൾ കണ്ടെത്തേണ്ട ഉത്തരവാദിത്തം മറ്റാരെക്കാളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ്. കേരളീയർക്ക് ഇന്ന് സ്വസ്ഥതയില്ല. സാമൂഹ്യവിരുദ്ധരുടെയും കള്ളന്മാരുടെയും കൊള്ളക്കാരുടെയും കൊലയാളികളുടെയും താവളമായി നമ്മുടെ സംസ്ഥാനം മാറിയിരിക്കുകയാണ്. ഈ മഹാദുരന്തത്തിൽ നിന്ന് കേരളത്തെ എങ്ങനെ രക്ഷിക്കാമെന്ന് കൂട്ടായി ചർച്ച ചെയ്യണമെന്നാണ് ഞാൻ അങ്ങയോട് ആവശ്യപ്പെടുന്നത്. ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശ്യവും അതുതന്നെയാണ്. ഇത് ഇവിടെ ചർച്ച ചെയ്യാതെ പിന്നെ എവിടെയാണ് ഗൗരവമേറിയ ഈ പ്രശ്നം ചർച്ച ചെയ്യേണ്ടതെന്ന് അങ്ങ് മറുപടി പറയണം. വീട്ടമ്മമാർ കൊല ചെയ്യപ്പെടുന്നു, സ്ത്രീകൾ നിഷ്ക്കരുണം പീഡിപ്പിക്കപ്പെടുന്നു, കുട്ടികൾക്കുപോലും രക്ഷയില്ല, സ്വർണ്ണവും പണവും കൊള്ളയടിക്കപ്പെടുന്നു. സ്വന്തം സഹോദരിയെ പീഡിപ്പിച്ചത് ചോദ്യം ചെയ്താൽ മർദ്ദനവും കൊലയുമാണ് നടക്കുന്നത്. ഇന്നലെ അതുപോലുള്ള ഒരു സംഭവമുണ്ടായി. അബലയായ ഒരു സ്ത്രീയെ നടുറോഡിൽ ക്രൂരമായി അടിച്ചുകൊല്ലാൻ ശ്രമം നടന്നു. അക്രമികൾ പട്ടാപ്പകൽപോലും കൂസലില്ലാതെ നടുറോഡിൽ സംഹാരതാണ്ഡവമാടുന്നു. നിസ്സംഗതയോടെ ഇതെല്ലാം നോക്കിയിരിക്കുവാനേ നമുക്ക് കഴിയുന്നുള്ളൂ. അങ്ങനെയാണെങ്കിൽ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ ദൈവത്തിനുതന്നെ ഏൽപ്പിച്ചിട്ട് നമുക്ക് എവിടെയെങ്കിലും സ്ഥലം വിടാമെന്നാണ് എനിക്ക് അങ്ങയോട് പറയാനുള്ളത്. സംസ്ഥാനത്ത് പോലീസ് ഇല്ലെന്ന് സാമൂഹ്യദ്രോഹികൾക്ക് തോന്നിയതു കൊണ്ടാണ് അക്രമങ്ങളുണ്ടാകുന്നത്. അങ്ങ് ഇവിടെ കുറേ കാര്യങ്ങൾ പറയുകയുണ്ടായി. എന്റെ കൈവശം കുറേ പത്രങ്ങളുടെ കട്ടിംഗുകളുണ്ട്. (പത്ര കട്ടിംഗുകൾ ഉയർത്തിക്കാട്ടി) 'കൊല്ലാക്കൊല-ഇത് കണ്ണൂരിന്റെ പുതിയ രീതി'; 'കണ്ണൂരിൽ എന്താണ് ഇത്രയും കൊലപാതകങ്ങൾ'- ചോദ്യം ഹൈക്കോടതിയുടേതാണ്; 'ക്രൈമിലും കേരളം കേമം'.....(ബഹളം)....

<u>മി. സ്പീക്കർ</u>: പ്ലീസ്.......പ്ലീസ്......നിങ്ങൾ ഇരിക്കൂ......

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ....(ബഹളം).... ഈ ഫാസിസം അവസാനിപ്പിക്കണം. ഈ അസഹിഷ്ണുത ഫാസിസമാണ്. ........(ബഹളം)....

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന്റെ വിഷയം ചെയർ പരിശോധിച്ചിട്ടുണ്ട്. ........(ബഹളം)... നിങ്ങൾ ഇരിക്കു..... അദ്ദേഹം എഴുതി നൽകിയതിൽ 'സംസ്ഥാനത്തെ' എന്ന വാക്കുകൂടി ഉണ്ടായിരുന്നു. അതുകൊണ്ട് അങ്ങേയ്ക്ക് അത് പറയാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 'കുറ്റകൃത്യങ്ങളിൽ കൊച്ചി രാജ്യത്ത് രണ്ടാമത് ', 'പത്ത് മാസം, കേസുകൾ - 11001'. കഴിഞ്ഞ വർഷം 7 ലക്ഷം കേസുകളാണ് കേരളത്തിലുണ്ടായത്. 2016 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 7,07,541 കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തത്. മുൻ വർഷത്തേതിൽ നിന്ന് 53,533 കേസുകളുടെ വർദ്ധനയാണ്.....

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങ് സ്പെസിഫിക്കായി മൂന്നുനാല് സ്ഥലങ്ങളെക്കുറിച്ച് വിശദീകരിച്ച് പറയുകയുണ്ടായി. കൂട്ടത്തിൽ 'സംസ്ഥാനത്ത് ' എന്നൊരു വാക്കുകൂടി ഉള്ളതുകൊണ്ട് അതിലേയ്ക്ക് പോകണ്ട. സ്പെസിഫിക്കായിട്ടുള്ള കാര്യം പറയൂ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് കേരളത്തിലല്ലേ; കാര്യങ്ങൾ പറയണ്ടേ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അടിയന്തരപ്രമേയ നോട്ടീസിലുള്ള കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്. അങ്ങ് ആ നോട്ടീസ് വായിക്കാത്തതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. അതിൽ സ്പെസിഫിക്കായി മൂന്ന് സംഭവങ്ങളെക്കുറിച്ചും മറ്റ് ജില്ലകളിൽ നടക്കുന്ന ക്രമസമാധാന പ്രശ്നങ്ങളെപ്പറ്റിയും പറയുന്നുണ്ട്. അതൊക്കെ ഉന്നയിക്കണ്ടേ; അങ്ങ് എന്തിനാണ് നിയന്ത്രണം ഏർപ്പെടുത്തുന്നത്?

മി. സ്പീക്കർ: ഒരു വാക്ക് ഉണ്ട് എന്നുള്ളത് ഞാൻ തന്നെ സമ്മതിക്കുന്നു. പക്ഷേ സ്പെസിഫിക്കായി എഴുതി നൽകിയ കാര്യങ്ങൾ അദ്ദേഹം പറയുന്നില്ല. അത് പറയണം. അടിയന്തര പ്രാധാന്യമുള്ള കാര്യങ്ങളാണ് അടിയന്തരപ്രമേയത്തിൽ പറയേണ്ടത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജനക്കൂട്ടം നോക്കി നിൽക്കേ മാനസിക വൈകല്യമുള്ള വീട്ടമ്മയെ സ്ത്രീകൾ സംഘം ചേർന്ന് മർദ്ദിക്കുന്നു. സ്ത്രീകൾക്കുപോലും ഇങ്ങനെ നടുറോഡിലിറങ്ങി നിരപരാധികളെ മർദ്ദിക്കാനുള്ള ധൈര്യം എന്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തുണ്ടായി? ഇവിടെ ഒരു ഭരണമില്ല എന്നുള്ള തോന്നലാണ്. 'കവർച്ചപ്പേടിയിൽ കേരളം - വട്ടം ചുറ്റി പോലീസ് ', 'വീടുകളിൽ അജ്ഞാതർ സ്റ്റിക്കർ പതിക്കുന്നു' - കൊള്ളക്കാരുടെ പുതിയൊരു തന്ത്രമാണിത്. കാസർഗോഡ് ജില്ലയിലെ ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിലെ പനയാൽ കാട്ടിയടുക്ക സ്ഥലത്തെ ദേവകി എന്ന വീട്ടമ്മ ദാരുണമായി കൊല ചെയ്യപ്പെട്ടിട്ട് വർഷങ്ങൾ കഴിഞ്ഞു. ഒരു വർഷം മുമ്പ് നടന്ന കൊലയെക്കുറിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഏത് സംഭവം നടക്കുമ്പോഴും

കേസ് രജിസ്റ്റർ ചെയ്യും. കൊലയാളികളെ പിടിക്കാനും നിയമത്തിനുമുന്നിൽ കൊണ്ടുവരാനും ഈ ഭരണകൂടത്തിന് കഴിയുമോ എന്നുള്ളതാണ് ചോദ്യം. കേസ് രജിസ്റ്റർ ചെയ്തിട്ട് കാര്യമില്ല. ദേവകി കൊല്ലപ്പെട്ടിട്ട് ഒരു വർഷം തികയുന്ന ദിവസമാണ് ചീമേനി പോലീസ് സ്റ്റേഷൻ പരിധിയിൽ പുലിയന്നൂർ സ്കൂളിന് സമീപത്ത് അദ്ധ്യാപക ദമ്പതികൾ ആക്രമണത്തിനിരയായത്. വീട്ടിൽ അതിക്രമിച്ച് കയറിയ മൂന്നംഗ സംഘമാണ് അദ്ധ്യാപികയെ വധിക്കുകയും ഭർത്താവായ റിട്ടയേർഡ് അദ്ധ്യാപകനെ വധിക്കാൻ ശ്രമിക്കുകയും വീട്ടിൽനിന്ന് സ്വർണ്ണവും പണവും അപഹരിച്ച് സ്ഥലം വിടുകയും ചെയ്തത്. ഈ സംഭവത്തിലെ പ്രതികളെ ഇതുവരെ പിടികൂടാൻ കഴിഞ്ഞില്ല. എന്താണ് അവിടെ പോലീസ് ചെയ്തത്; കുടുംബശ്രീയിൽ അയൽക്കൂട്ടങ്ങൾ ചേരുന്നതുപോലെ പോലീസ് സ്ത്രീകളെ വിളിച്ചുവരുത്തി യോഗം ചേരുകയും പ്രതികളെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും സൂചനയുണ്ടോയെന്ന് അവരോട് ചോദിക്കുകയും ചെയ്യുന്നു. ലോകത്ത് എവിടെയെങ്കിലും ഇങ്ങനെയുള്ള ഒരു അന്വേഷണമുണ്ടോ? ഒരു ഗ്രാമത്തിലെ മുഴുവൻ സ്ത്രീകളെയും വിളിച്ചുചേർത്ത് യോഗം സംഘടിപ്പിച്ച് നിങ്ങൾക്ക് പ്രതികളെക്കുറിച്ച് വല്ല സൂചനയും ഉണ്ടോയെന്ന് അവിടത്തെ പാവപ്പെട്ട സ്ത്രീകളോട് പോലീസ് ചോദിക്കുകയാണ്; ഇങ്ങനെയാണോ അന്വേഷണം നടത്തേണ്ടത്? ഈ സംഭവത്തിന് തൊട്ടുപിന്നാലെയാണ് പൂള്ളൂർ വേലേശ്വത്ത് റിട്ടയേർഡ് ആരോഗ്യ വകുപ്പ് ജീവനക്കാരിയുടെ കഴുത്തിൽ കേബിൾ മുറുക്കി വീട്ടിൽ നിന്നും സ്വർണ്ണവും പണവും അപഹരിച്ച സംഭവമുണ്ടായത്. ഈ സംഭവത്തിലെ പ്രതികളെ പിടിച്ചോ? പ്രസ്തുത സംഭവം ഉണ്ടാക്കിയ നടുക്കം വിട്ടുമാറുന്നതിനുമുമ്പാണ് ഏറ്റവും ഒടുവിൽ ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിലെ പെരിയ-ആയമ്പാറ ചിക്കിയേടത്തെ വീട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്ന സുബൈദ എന്ന പാവപ്പെട്ട സ്ത്രീയെ കൊല ചെയ്തത്. പ്രതികളെക്കുറിച്ചുള്ള സൂചന കിട്ടിയിട്ടുണ്ടെന്ന് ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞു. സൂചന കിട്ടിയാൽ മതിയോ; അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരണ്ടേ; ഇതൊക്കെ എന്താണ് സൂചിപ്പിക്കുന്നത്? പെരിന്തൽമണ്ണയിൽ മുസ്ലീം ലീഗിന്റെ ഓഫീസ് തല്ലിത്തകർത്തു. അതിന്റെ അർത്ഥമെന്താണ്; ഏതെങ്കിലും ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിക്ക് മാത്രമാണോ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുള്ളത്? മറ്റ് രാഷ്ട്രീയ പാർട്ടികൾക്കും ഇവിടെ പ്രവർത്തിക്കണ്ടേ. 2010-ൽ എല്ലാ ആളുകളും ആദരിക്കുന്ന മംഗലാപുരത്തെയും ചെമ്പരിക്കയിലെയും ഖാസിയായിരുന്ന സി.എം. അബ്ദുള്ള മൗലവി കൊലചെയ്യപ്പെട്ടു. ഇതുവരെ ആ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ സാധിച്ചില്ല. ഇപ്പോൾ പുതിയ വെളിപ്പെടുത്തലുകളുമായി ആളുകൾ വന്നിട്ടുണ്ട്. കൊലയാളിയെക്കുറിച്ച് തനിക്ക് വ്യക്തമായ വിവരമുണ്ടെന്നാണ് വെളിപ്പെടുത്തിയ ആൾ പറയുന്നത്. അതിനെക്കുറിച്ച് ഒരു അന്വേഷണം നടത്താൻ സർക്കാർ മുന്നോട്ടുവന്നോ? അതിന് കഴിയുകയില്ല. ഇപ്പോൾ കേരളത്തിൽ ഇത്രയും സംഭവങ്ങൾ ഉണ്ടായിട്ടും നിങ്ങൾ ഇന്ത്യാ ടുഡേ കാണിച്ചാണ് സംസ്ഥാനത്ത് ഒരു ക്രമസമാധാന പ്രശ്നവുമില്ലെന്ന് പറയുന്നത്. ഇത് പറയുമ്പോൾ എനിക്കൊരു സംഭവം ഓർമ്മ

വരുന്നു. വർഷങ്ങൾക്കുമുമ്പ് മഹാരാഷ്ട്രയിൽ സ്വാതന്ത്ര്യദിനത്തിൽ നല്ല സേവനത്തിനുള്ള അവാർഡ് ഒരു പോലീസുകാരന് ലഭിച്ചു. പിറ്റേ ദിവസം അദ്ദേഹത്തെ സംബന്ധിച്ച് ഒരു വാർത്ത വരികയുണ്ടായി. ആ അവാർഡ് വാങ്ങി 24 മണിക്കൂർ കഴിയുന്നതിനുമുമ്പ് തന്നെ ആ പോലീസുകാരൻ ഒരു കൈക്കൂലി കേസിൽ പ്രതിയായി. അതാണ് 'ഇന്ത്യ ടുഡേ' -യുടെ ഈ ഗവൺമെന്റിനുള്ള നല്ല സർട്ടിഫിക്കറ്റ് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പോലീസ് ഇല്ലെന്ന് ആളുകൾക്ക് തോന്നിയാൽ ഇതുപോലുള്ള പലതും സംഭവിക്കും. എനിക്ക് ബണ്ടി ചോറിനെ ഓർമ്മ വരികയാണ്. അദ്ദേഹത്തെക്കുറിച്ച് നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട ആവശ്യമില്ല. അയാൾ കേരളത്തിൽ മോഷണം നടത്തിയപ്പോൾ ഇവിടെ ചില ആളുകൾ എന്താണ് പറഞ്ഞത്? ശ്രീ. ഉമ്മൻ ചാണ്ടി ഭരിക്കുന്നതുകൊണ്ടാണ് ബണ്ടി ചോർ നമ്മുടെ സംസ്ഥാനത്ത് വന്നതെന്നാണ്. ഇപ്പോൾ ഇന്ത്യയുടെ പല ഭാഗത്തുനിന്ന് മാത്രമല്ല, ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും കൊലയാളികളും കുറ്റവാളികളും കേരളത്തിൽ താവളമടിച്ചിരിക്കുകയാണ്. കേരളത്തിൽ എപ്പോഴാണ് മോഷ്ടിക്കേണ്ടതെന്നും കൊല നടത്തേണ്ടതെന്നും മുൻകൂട്ടി അറിയാവുന്ന സുരഭില കാലമാണ് ശ്രീ. പിണറായി വിജയന്റെ ഭരണകാലമെന്ന് കള്ളന്മാർക്ക് അറിയാവുന്നതുകൊണ്ടാണ് ഈ സംഭവങ്ങളൊക്കെ ഇവിടെ നടക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്.... കൺക്ലൂഡ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കുറേ കാലത്തിനുശേഷം ഞാൻ അടുത്ത കാലത്ത് മുംബൈയിൽ പോകുകയുണ്ടായി. അവിടത്തെ ആളുകളെല്ലാം വളരെ സന്തോഷഭരിതരാണ്. പതിവില്ലാത്ത വിധത്തിലുള്ള ഒരു സന്തോഷം നിങ്ങളുടെ മുഖത്ത് കാണുന്നതിനുള്ള കാരണമെന്താണെന്ന് ഞാൻ അവരോട് ചോദിച്ചു. അവർ പറഞ്ഞത്, 'ഇദർ കോയി ചോർലോഗ് അബി നഹീ ഹേ, സബ് കേരള ഗയാ ഹേ' എന്നാണ്. മഹാനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് കേരളത്തിന്റെ ആഭ്യന്തര വകുപ്പിന്റെ ചുമതല ഏറ്റെടുത്തപ്പോൾ അന്ന് അദ്ദേഹം പറഞ്ഞത്, സി.പി.ഐ.(എം.) ഭരിക്കുമ്പോൾ ഞാൻ കേരളത്തിന്റെ ആഭ്യന്തര പദവി ഏറ്റെടുക്കുന്നതുവരെ നമ്മുടെ പോലീസ് സ്റ്റേഷനുകളിൽ രണ്ട് കസേരകളുണ്ടായിരുന്നു. ഒന്ന്, എസ്.ഐ.-യ്ക്കുള്ള കസേര, മറ്റൊന്ന് സി.പി.ഐ.(എം.)-ന്റെ ലോക്കൽ സെക്രട്ടറിയുടെ കസേര. അന്ന് പോലീസ് സ്റ്റേഷനിലുണ്ടായിരുന്ന രണ്ട് കസേരകളിൽ ഒന്ന് അദ്ദേഹം എടുത്തുമാറ്റി. എസ്.ഐ.-യ്ക്ക് പുറമേയുള്ള മറ്റൊരു കസേര ഇപ്പോൾ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വീണ്ടും വന്നിരിക്കുകയാണ്. അതിന്റെ ഭവിഷ്യത്താണ് നമ്മൾ ഇപ്പോൾ അനുഭവിക്കുന്നത്. ഡി.ജി.പി.-യെക്കാൾ മുകളിൽ ഏരിയ സെക്രട്ടറിമാരാണുള്ളത്. ഏരിയ സെക്രട്ടറിമാർ പറയാതെ കേസുകളെടുക്കില്ല. തെരഞ്ഞെടുപ്പ് സമയത്ത് രാഷ്ട്രീയ പാർട്ടികൾ പോളിംഗ് സ്റ്റേഷനടുത്ത് ബൂത്തുകൾ സ്ഥാപിക്കാറുണ്ടെന്ന് എല്ലാവർക്കും അറിയാം. അതുപോലെ ഇനി ഓരോ

പോലീസ് സ്റ്റേഷന്റെയും അടുത്ത് സി.പി.ഐ.(എം.).-ന്റെ ബൂത്ത് വരുമെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. അങ്ങയോട് ഏറ്റവും കൂടുതൽ സ്നേഹവും ബഹുമാനവുമുള്ള ഒരു ജനപ്രതിനിധിയാണ് ഞാനെന്നുള്ളത് അങ്ങേയ്ക്ക് നല്ലതുപോലെ അറിയാം. എനിക്ക് പ്രിയപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. അങ്ങയോടല്ലാതെ മറ്റൊരാളോട് ഞങ്ങളുടെ വേദന പറയാനില്ല. കേരളത്തിന്റെ യശസ്സ് തകരുന്ന പ്രവർത്തനങ്ങളുണ്ടാകുമ്പോൾ നമ്മുടെ എല്ലാവരുടെയും മനസ്സ് വേദനിക്കുന്നു. അത് ഞങ്ങളുടെ എല്ലാവരുടെയും മനസ്സിലുണ്ടാക്കിയ ചലനമാണ് ഈ അടിയന്തരപ്രമേയം. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഏറ്റവും ഗൗരവമേറിയ ഈ പ്രശ്നം ചർച്ച ചെയ്യണം. കണ്ണൂർ ജില്ല അങ്ങയുടെ ജന്മഭൂമിയാണെങ്കിലും കാസർഗോഡ് ജില്ല അങ്ങയുടെ കർമ്മഭൂമിയാണ്. ഈ മൂന്ന് കൊലപാതകങ്ങൾ നടന്നിട്ട് അങ്ങ് അവിടെ വരേണ്ടതായിരുന്നു. അങ്ങ് അവിടെ വന്ന് അവിടത്തെ നിഷ്ക്രിയരായ പോലീസുകാരോട് കാര്യങ്ങൾ ചോദിക്കണമായിരുന്നു. അങ്ങ് കാസർഗോഡ് ജില്ലയിൽ വരണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കുവാനുള്ളത്. ഈ സംഭവങ്ങൾ പോലീസുകാരോട് ചോദിക്കുകയും പ്രതികളെ പിടികൂടാനുള്ള എല്ലാ നിർദ്ദേശങ്ങളും അവർക്ക് നൽകുകയും ചെയ്യണം. ഗൗരവമേറിയ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇവിടെ എത്രമാത്രം വ്യത്യസ്തമായ രീതിയിലാണ് ബഹുമാനപ്പെട്ട അംഗം സംസാരിച്ചതെന്ന് എല്ലാവരും കേട്ടതാണ്. കേരളം ഇപ്പോൾ കൊള്ളക്കാരുടെയും കൊലയാളികളുടെയും പറുദീസയായി മാറിയിരിക്കുന്നു എന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. അദ്ദേഹം ബഹുഭാഷാ പണ്ഡിതനായതുകൊണ്ട് മുംബൈയിൽ പോയപ്പോൾ പറഞ്ഞ കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അത് എന്താണെന്ന് മനസ്സിലാകാത്തതുകൊണ്ട് അതുസംബന്ധിച്ച് പറയാൻ കഴിയില്ല. കേരളം ക്രമസമാധാന പാലനത്തിൽ ഭദ്രമായിരിക്കുന്നു എന്ന് നമ്മൾ പൊങ്ങച്ചം പറയുന്നതല്ല. അത് ഈ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയാണ്. പ്രതികളെ കണ്ടെത്താൻ വളരെയേറെ ബുദ്ധിമുട്ടുള്ള കേസുകളിൽപ്പോലും സ്തുത്യർഹമായ രീതിയിൽ പ്രതികളെ കണ്ടെത്തുന്നതിൽ പോലീസ് വിജയിച്ചിട്ടുണ്ട് എന്നത് അടുത്ത കാലത്തുണ്ടായ സംഭവങ്ങൾ തെളിയിക്കുന്നു. അതിലൊന്നും ഒരു തരത്തിലുള്ള വീഴ്ചയും സംഭവിച്ചിട്ടില്ല. ചില കാര്യങ്ങളിൽ കുറച്ച് താമസമുണ്ടാകുന്നു എന്നത് വസ്തുതയാണ്. കാരണം കുറ്റകൃത്യം ചെയ്തവരെ കൃത്യമായി കണ്ടെത്താനാകണം, അതിനാവശ്യമായ തെളിവുകൾ ലഭിക്കണം. അതിനുള്ള നടപടികൾ സാധാരണഗതിയിൽ പോലീസ് സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പോലീസിന്റെ അന്വേഷണ രീതിയെത്തന്നെ ചോദ്യം ചെയ്യുന്നതായി കണ്ടു. കേരളത്തിന്റെ മൊത്തമായുള്ള അനുഭവമെടുത്താൽ, പോലീസ് വളരെ പ്രത്യേകതയുള്ള കേസുകളിലുൾപ്പെടെ നല്ല രീതിയിൽ അന്വേഷണം നടത്തി

കുറ്റവാളികളെ കണ്ടെത്തിയിട്ടുണ്ട്. വളരെ മികവാർന്ന രീതിയിൽ തന്നെയാണ് ആ അന്വേഷണ നടപടികൾ നീങ്ങിയിട്ടുള്ളത്. ഈ അന്വേഷണ പാടവം കൊണ്ടുതന്നെ കേരളത്തിലെ പോലീസിന് ഇന്ത്യയിലെ പോലീസ് സേനയിൽ നല്ല മികവ് ആർജ്ജിക്കാനും കഴിഞ്ഞിട്ടുണ്ട്. ഭരണത്തെ എതിർക്കണമെന്നുള്ളതു കൊണ്ട് ഈ വസ്തുതകൾ എന്തിനാണ് അദ്ദേഹം മറച്ചുവച്ചതെന്ന് മനസ്സിലാകുന്നില്ല. 'ഇന്ത്യ ടുഡേ' ചൂണ്ടിക്കാണിച്ചുകൊണ്ടാണ് എപ്പോഴും മറുപടി പറയുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. ഇന്ത്യ ടുഡേയെ ഒഴിവാക്കാം. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ 2017-ലെ ക്രമസമധാന പാലനത്തിന്റെ മികവ് കണക്കിലെടുത്ത് കേരളത്തെയാണ് മികച്ച സംസ്ഥാനമായി തെരഞ്ഞെടുത്തത്. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിൽ പ്ലാൻ ഇന്ത്യ നടത്തിയ ഗ്രേഡിംഗ് പ്രകാരം ഗോവയും കേരളവുമാണ് മുന്നിൽ നിൽക്കുന്നത്. ഗവൺമെന്റിനെ എതിർക്കുന്നതിന്റെ ഭാഗമായി എന്താണ് അത്തരം വസ്തുതകൾ മറന്നുപോകുന്നത്. നമ്മുടെ സംസ്ഥാനത്ത് പോലീസിന്റെ രീതികൾ - ജനമൈത്രി പോലീസ് സംവിധാനം ഏർപ്പെടുത്തിയപ്പോൾ ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന കോപ്സ് ടുഡേ ഇന്റർനാഷണലിന്റെ പോലീസ് എക്സലൻസ് അവാർഡ് കേരളത്തിനാണ് ലഭിച്ചത്. കേരളത്തിലെ പോലീസിന്റെ വിവിധ മേഖലകളിലുള്ള മികവാണ് ഇത് കാണിക്കുന്നത്. സ്ത്രീ സുരക്ഷ ഒരുക്കുന്നതിലും ക്രമസമാധാനം പാലിക്കുന്നതിലും മറ്റ് സുരക്ഷിതമായ നടപടികൾ സ്വീകരിക്കുന്നതിലുമുള്ള കേരള പോലീസിന്റെ മികവാണ് വെളിവാകുന്നത്. എന്തിനാണ് ബഹുമാനപ്പെട്ട അംഗം അതെല്ലാം മറച്ചുവയ്ക്കാൻ ശ്രമിച്ചത്. അവിടെയുണ്ടായ സംഭവങ്ങളിൽ ചില പ്രതികളെ പിടിക്കാനുണ്ട് എന്നത് വസ്തുതയാണ്. ചില കേസുകളിൽ പോലീസിന് കൃത്യമായി പ്രതികളെ ഏറെക്കുറെ നിരീക്ഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളതും ഞാൻ പറഞ്ഞിരുന്നു. അതും അദ്ദേഹത്തിന് മുഖവിലയ്ക്കെടുക്കാൻ കഴിയുന്നില്ല. ഇവിടെ കൊലയാളികളെ പോലീസ് കണ്ടെത്തുകതന്നെ ചെയ്യും. അതിനാവശ്യമായ അന്വേഷണ സംവിധാനം നല്ല നിലയ്ക്കുതന്നെ പോലീസ് സ്വീകരിച്ചുവരികയാണ്. ഒരു തരത്തിലുള്ള ആശങ്കയും അദ്ദേഹത്തിന് അക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. സംസ്ഥാനത്തിന്റെ ക്രമസമാധാനനില ഏതെങ്കിലും തരത്തിൽ അപകടപ്പെടുന്ന എന്ന നില ഇല്ല എന്നതാണ് വസ്തുത. രാജ്യത്ത് സ്ത്രീ സുരക്ഷ ഏറ്റവും കൂടുതൽ ഉയർന്നുനിൽക്കുന്ന സംസ്ഥാനം കേരളമാണ്. ഏതെങ്കിലും തരത്തിലുള്ള തെറ്റായ സംഭവങ്ങൾ സ്ത്രീകൾക്ക് നേരെയുണ്ടായാൽ കർശനമായ നടപടി സ്വീകരിച്ചാണ് പോലീസും സർക്കാരും നീങ്ങുന്നത്. അതുസംബന്ധിച്ച് പോലീസിന് കൃത്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്. അത്തരം ആളുകൾ എത്ര ഉന്നതരായാലും, സമൂഹത്തിൽ ഏത് തരത്തിൽ സ്വാധീനം ചെലുത്താൻ കഴിയുന്നവരായാലും അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ലെന്ന നിർദ്ദേശം പോലീസിന് നൽകിയിട്ടുള്ളതാണ്. അതെല്ലാം സമൂഹത്തിന് പൊതുവെ അറിയാവുന്ന കാര്യങ്ങളാണ്. എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗത്തിന് ആ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയാതിരുന്നതെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല.

പോലീസ് സ്റ്റേഷനുകളെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. ഇപ്പോൾ പോലീസ് സ്റ്റേഷനുകളിൽ പോകുന്ന എല്ലാവർക്കും മാന്യമായ പെരുമാറ്റമാണ് അവിടെനിന്ന് ലഭിക്കുന്നത്. അതിൽ ഒരു തരത്തിലുള്ള പക്ഷഭേദത്തിന്റെ കാര്യവുമില്ല. നമ്മുടെ സംസ്ഥാനത്തെ ഏതൊരു പൗരനും പരാതിയുമായി പോലീസ് സ്റ്റേഷനിൽ പോകാനും കാര്യങ്ങൾ പോലീസ് ഉദ്യോഗസ്ഥരുമായി സംസാരിക്കാനും കഴിയും. അവർക്ക് മാന്യമായ പെരുമാറ്റം പോലീസ് സ്റ്റേഷനുകളിൽനിന്ന് ലഭ്യമാകുകയും ചെയ്യും. അതിനൊരു പ്രശ്നവും ഉണ്ടാകില്ല. എന്തിനാണ് തെറ്റായ രീതിയിൽ അദ്ദേഹം അതിനെ ചിത്രീകരിക്കാൻ ശ്രമിച്ചതെന്ന് മനസ്സിലാകുന്നില്ല. ഏതെങ്കിലുമൊരു പ്രത്യേക വിഭാഗത്തിന് പ്രത്യേക സംരക്ഷണമോ പ്രത്യേക തരത്തിലുള്ള ആനുകൂല്യങ്ങളോ പോലീസ് ചെയ്യേണ്ട കാര്യമല്ല. പോലീസിന്റെ മുന്നിലെത്തുന്ന പ്രശ്നങ്ങൾ നീതിയുക്തമായാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഈ കാര്യങ്ങളെയെല്ലാം നിസ്സംഗതയോടെ നോക്കിക്കാണുകയാണെന്ന് അദ്ദേഹം പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് സംഭവിക്കുന്ന ഏതൊരു കുറ്റകൃത്യവും ഗൗരവമായി തന്നെയാണ് പോലീസ് കാണുന്നത്. അതിനാവശ്യമായ നിർദ്ദേശവും പോലീസിന് ഗൗരവമായിത്തന്നെയാണ് നൽകുന്നത്. അദ്ദേഹം ചില ഉപദേശങ്ങൾ എനിക്ക് നൽകുകയുണ്ടായി. ആ ഉപദേശം സ്വീകരിക്കേണ്ട അവസ്ഥയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതിന് പറ്റിയ ഉപദേശമല്ല. ഞാൻ ഏത് ശൈലി മാറ്റണമെന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. സാധാരണ നിലയ്ക്കുള്ള എന്റെ ശൈലി പറ്റില്ലെന്നാണ് അദ്ദേഹം പറയുന്നത്. എന്റെ ശൈലിയിൽ മാറ്റം വരുത്തണമെന്ന് എനിക്ക് ഇതുവരെ തോന്നിയിട്ടില്ല. അദ്ദേഹം എന്തോ വെട്ടുകൊള്ളുന്ന കാര്യം പറഞ്ഞാണ് തുടങ്ങിയത്. എന്താണ് അദ്ദേഹത്തിന് പറ്റിയത്. എനിക്കറിയാവുന്ന ആളായിരുന്നു അദ്ദേഹം. പക്ഷേ എത്ര വലിയ മാറ്റമാണ്. ആ മാറ്റം വാക്കുകളിൽ മാത്രമല്ല, മാനസികമായി തന്നെ വന്നിരിക്കുന്നു എന്നാണ് കാണുന്നത്. എത്ര വലിയ മാറ്റം. അതുകൊണ്ടല്ലേ വെട്ടിൽനിന്ന് തുടങ്ങുന്നത്.

<u>മി. സ്പീക്കർ</u> : സംസാരിക്കുമ്പോൾ കമന്റ് ചെയ്യരുതെന്ന് നിങ്ങൾ തന്നെ പറയുന്നു; നിങ്ങൾ തന്നെ കമന്റ് ചെയ്തുകൊണ്ടിരിക്കുന്നു. ഇത് രണ്ടും കൂടി ചെയ്യുന്നത് ശരിയല്ല. നിങ്ങളുടെ ഭാഗത്തുള്ളവർ സംസാരിക്കുമ്പോൾ അപ്പുറത്തുനിന്നും കമന്റ് വരുമ്പോഴാണ് നിങ്ങൾ ക്ഷുഭിതരാകുന്നത്. അതേ കാര്യം നിങ്ങൾ ചെയ്താൽ എങ്ങനെ ശരിയാകും?

<u>ശ്രീ. പിണറായി വിജയൻ</u>: ഇതാണ് പ്രശ്നം. എന്തും പറയാമെന്ന അവസ്ഥയാണ് വന്നിട്ടുള്ളത്. അതുകൊണ്ടാണ് ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഞാൻ അറിയാവുന്ന ആളിൽ നിന്നും മാറിപ്പോയെന്ന് പറഞ്ഞത്. അതിന് ഈ കൂട്ടുകെട്ടാണ് കാരണം. എന്തിന് വേണ്ടിയാണ് ഇവിടെ ശബ്ദമുയർത്തുന്നത്; ഇവിടെ പറയുന്ന കാര്യങ്ങൾക്ക് സ്വാഭാവികമായും പ്രതികരണമുണ്ടാകില്ലേ; ആ പ്രതികരണം വേണ്ടെന്നാണോ നിങ്ങൾ പറയുന്നത്; ആ പ്രതികരണം നിങ്ങളുടെ ശബ്ദം കൊണ്ട് ഇല്ലാതാകുമോ?

മി. സ്പീക്കർ: മുഖ്യമന്ത്രി സംസാരിക്കുമ്പോൾ എന്തെങ്കിലും ചോദിക്കണമെന്നുണ്ടെങ്കിൽ അദ്ദേഹം വഴങ്ങാറുണ്ട്. സഭയിൽ മര്യാദ പാലിക്കണ്ടേ?

ശ്രീ. പിണറായി വിജയൻ: അതെന്താണെന്ന് അറിയണം, അത് ആദ്യം മനസ്സിലാക്കണം. അതുകൊണ്ടുതന്നെ ഇവിടെ കാര്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്ന നിലയാണുള്ളത്. നിർഭാഗ്യകരമായ ഏതെങ്കിലും സംഭവമുണ്ടാകുന്നുണ്ടെങ്കിൽ ആ സംഭവത്തിൽ ഗൗരവമായ അന്വേഷണം നടത്തുന്നുണ്ട്. അക്കാര്യത്തിൽ പോലീസ് സ്വീകരിക്കുന്ന നടപടികളിൽ മാറ്റമുണ്ടാകേണ്ടതില്ല. മുഖ്യമന്ത്രിയെന്ന നിലയ്ക്ക് ഞാൻ കൈകാര്യം ചെയ്യുന്ന രീതിയിലും ശൈലിയിലും മാറ്റമുണ്ടാകേണ്ടതില്ല. ഇപ്പോൾ സ്വീകരിക്കുന്ന നില തന്നെയാണ് തുടർന്നും സ്വീകരിക്കുന്നത്. ആരാണ് കുറ്റം ചെയ്തിട്ടുള്ളത്, അവർക്കെതിരെ കർശനമായ നടപടി ഉണ്ടാകുമെന്ന കാര്യത്തിൽ ഒരു മാറ്റവുമുണ്ടാകില്ല. അതാണ് ഇപ്പോഴത്തെ ശൈലി. അതേ ശൈലി തുടർന്നുപോവുകയും ചെയ്യും. ഈ നിലയിൽ ഇവിടെ ഉന്നയിച്ച പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യം ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശൈലിയിൽ മാറ്റം വരുത്തില്ലെന്ന് പറഞ്ഞത് നന്നായി. ജനങ്ങളുടെ മുമ്പിൽ ഞങ്ങൾക്ക് അങ്ങയുടെ ഈ ശൈലിയാണ് ആവശ്യം. ശ്രീ. എൻ. എ. നെല്ലിക്കുന്നിന് വന്നിട്ടുള്ള മാറ്റത്തെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞു. ശ്രീ. എൻ. എ. നെല്ലിക്കുന്നിന് ഒരു മാറ്റവും സംഭവിച്ചിട്ടില്ല. കേരളത്തിലെ ജനങ്ങളുടെ പച്ചയായ ജീവിതം പച്ചയായിത്തന്നെ ഇവിടെ അവതരിപ്പിച്ചെന്നേയുള്ളൂ. ശ്രീ. എൻ.എ. നെല്ലിക്കുന്നിന്റെ ഉപദേശം വേണ്ടെന്നും പറഞ്ഞു. അങ്ങേയ്ക്ക് ധാരാളം ഉപദേശികൾ ഉള്ളതുകൊണ്ട് ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ ഉപദേശം വേണ്ടിവരില്ല. കേരളം അത്യന്തം ഗുരുതരമായ ക്രമസമാധാന പ്രശ്നങ്ങളിലേയ്ക്കാണ് വഴുതിവീഴുന്നത്. മുഖ്യമന്ത്രി കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുകയാണ്. ഇവിടെ നിയമവാഴ്ചയില്ല. പോലീസിനെ രാഷ്ട്രീയവൽക്കരിക്കുന്നതുകൊണ്ട് കേരള പോലീസിന്റെ നിഷ്പക്ഷവും നീതിപൂർവ്വവുമായ പ്രവർത്തനം അസാദ്ധ്യമായിരിക്കുന്നു. കേരള പോലീസ് ഇന്ത്യൻ പോലീസിന് മാതൃകയാണ്. പോലീസുകാർ മിടുക്കന്മാരാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ മിടുക്കരായ പോലീസ് ഉദ്യോഗസ്ഥരെ നിങ്ങൾ വെറും നോക്കുകുത്തികളാക്കി മാറ്റുന്നുവെന്നുള്ള പരാതിയാണ് ബഹുമാന്യനായ എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ അവതരിപ്പിച്ചത്. പാർട്ടി

നേതാക്കന്മാരുടെ കയ്യിലെ കളിപ്പാട്ടമായി കേരളത്തിലെ പോലീസ് മാറുന്നുവെന്നുള്ള ദുരവസ്ഥയാണ് ഇന്ന് കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. കാസർഗോഡ് ജില്ലയിലെ മൂന്ന് കൊലപാതകങ്ങളെക്കുറിച്ച് പറഞ്ഞു. നാലാമത് നടന്ന കൊലപാതകത്തെക്കുറിച്ചും പറഞ്ഞു. അവിടെ അടുത്ത ദിവസങ്ങളിൽ നടന്ന കൊലപാതകങ്ങളിൽ ഒരു തുമ്പുണ്ടാക്കാൻ പോലീസിന് കഴിഞ്ഞോ? മൗലവി മരിച്ചിട്ട് ഇന്ന് എത്ര ദിവസമായി. അതുസംബന്ധിച്ച് ഒരു തുമ്പും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കാസർഗോഡ് ജില്ല ഇന്ന് അക്രമികളുടെയും കൊലപാതകികളുടെയും കയ്യിൽ അമർന്നിരിക്കുന്നു. ഇത്രയും നിരുത്തരവാദപരമായ ഒരു പെരുമാറ്റം നടത്തുന്ന പോലീസ് സേനയെ എവിടെയും കാണാൻ കഴിയില്ല. ഇതിന് മുമ്പും അവിടെ ഉന്നതരായ പോലീസ് ഉദ്യോഗസ്ഥരുണ്ടായിരുന്നു. കാസർഗോഡ് ജില്ലയിൽ നടക്കുന്ന അക്രമ പ്രവർത്തനങ്ങളും കൊലപാതകങ്ങളും ബഹുമാന്യനായ മുഖ്യമന്ത്രി എന്തുകൊണ്ട് ശ്രദ്ധിക്കുന്നില്ല? കഴിഞ്ഞ ദിവസം ഞാൻ അങ്ങയുടെ മുൻ നിയോജകമണ്ഡലമായ പയ്യന്നൂരിൽ വന്നു. ഞാൻ റെയിൽവേ സ്റ്റേഷനിൽ ചെന്നപ്പോൾ അവിടെയുള്ള ഓട്ടോറിക്ഷാ ഡ്രൈവർമാർ, നിയമസഭയിൽ പറയണമെന്ന് പറഞ്ഞ് എന്നോട് ഒരു കാര്യം പറഞ്ഞു. റെയിൽവേ സ്റ്റേഷന് അടുത്ത് ഇരുട്ടുപിടിച്ച് കിടക്കുന്ന സ്ഥലത്ത് രണ്ട് കൊലപാതകം നടന്ന കാര്യമാണ് അവർ എന്നോട് പറഞ്ഞത്. ഒരു പാർട്ടിക്കാരുമല്ലാത്ത, അവിടെയുള്ള ജനങ്ങൾ പറഞ്ഞ കാര്യം ഞാൻ അവിടത്തെ എം.എൽ.എ. ശ്രീ. സി. കൃഷ്ണനോട് ഫോൺ ചെയ്തുപറഞ്ഞു. ഇതൊക്കെ ഞങ്ങൾ നിയമസഭയിൽ പറയണ്ടേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യങ്ങൾ അന്വേഷിക്കണ്ടേ? കേരളാ പോലീസ് ഇന്ന് ചിന്താ കുഴപ്പത്തിലാണ്. നിയമനങ്ങൾ നിയമനാധികാരികളുടെ ഇഷ്ടാനിഷ്ടം പോലെ നടത്തി പോലീസിനെ നിർവീര്യമാക്കുന്നതിന്റെ നേർചിത്രമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. പാർട്ടി സമ്മേളനങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരെ വിമർശിച്ചാൽ ആ രാത്രിയിൽ അവരെ സ്ഥലം മാറ്റും. ഐ.ജി.മാർ വാഴാത്ത സിറ്റിയായി കൊച്ചി ഇന്ന് മാറിയിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാല് ഐ.ജി.-മാരെ അവിടെ നിന്നും മാറ്റി. കൊച്ചി കേരളത്തിന്റെ വ്യവസായ തലസ്ഥാനമാണ്. ഓരോ ഐ.ജി.-മാരെയും മാറ്റിയത് എന്തിനുവേണ്ടിയായിരുന്നു? സക്കീർ ഹുസൈനെ അറസ്റ്റ് ചെയ്തതുകൊണ്ട് ഐ.ജി. ശ്രീജിത്തിനെ മാറ്റി. ബ്ലേഡ് മാഫിയയെ പിടിക്കുന്നതുകൊണ്ട് ഐ.ജി. വിജയനെ മാറ്റുന്നു. 17 മാസംകൊണ്ട് നാല് ഐ.ജി.-മാരെ മാറ്റിയ ആദ്യത്തെ മുഖ്യമന്ത്രി ആയിരിക്കും ശ്രീ. പിണറായി വിജയൻ എന്ന കാര്യത്തിൽ സംശയം വേണ്ട. എ.ഡി.ജി.പി. സന്ധ്യയെ എന്തിനാണ് മാറ്റിയത്? കൊട്ടിഘോഷിച്ച് നടത്തിയ നിയമനമായിരുന്നു അത്. പാർട്ടിയുടെ യോഗത്തിൽ വിമർശനമുണ്ടായാൽ ഒറ്റരാത്രികൊണ്ട് മാറ്റുന്ന

നടപടിയാണ്. അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ. എം. വി. ജയരാജൻ പത്രക്കാരോട് പറഞ്ഞത് മാറ്റമില്ലാത്തത് മാറ്റത്തിന് മാത്രമെന്നാണ്. അങ്ങ് ദേശീയ ക്രൈം റിക്കോർഡ്സ് ബ്യൂറോയെക്കുറിച്ച് പറഞ്ഞു. എന്റെ കയ്യിലും കണക്കുണ്ട്. ക്രൈമിലും കേരളം മുന്നിൽ. പ്രത്യേക പ്രാദേശിക നിയമം (എസ്.എൽ.എൽ.) പ്രകാരമുള്ള കുറ്റകൃത്യത്തിന്റെ നിരക്കിൽ ഒന്നാം സ്ഥാനമാണ് കേരളത്തിന്. ഇത് അങ്ങയുടെ കയ്യിലുള്ള കണക്കുപോലെയുള്ള കണക്ക് തന്നെയാണ്. നഗരങ്ങളിൽ കുറ്റകൃത്യങ്ങളിൽ കൊച്ചിയാണ് ഏറ്റവും മുന്നിൽ നിൽക്കുന്നത്. അവിടെയാണ് നാല് ഐ.ജി.-മാരെ മാറ്റിയത്. ഇന്ത്യയിൽ പ്രത്യേക പ്രാദേശിക നിയമം അനുസരിച്ച് ഒന്നാം സ്ഥാനം ചെന്നൈക്കും രണ്ടാംസ്ഥാനം കൊച്ചിക്കും മൂന്നാം സ്ഥാനം സൂററ്റിനുമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മൗലവിയെ കൊലപ്പെടുത്തിയ സംഭവത്തെക്കുറിച്ച് പറഞ്ഞു. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞപ്പോൾ ഞാൻ മറുപടി പറയാതിരുന്നതാണ്. മൗലവിക്കേസിൽ ഉൾപ്പെട്ട പ്രതികളെ പിടികൂടിയെന്ന് മാത്രമല്ല, ആ കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ വയ്ക്കണമെന്ന് ബന്ധുക്കൾ ആവശ്യപ്പെട്ടതിനുള്ള നടപടിയും സ്വീകരിച്ചു കഴിഞ്ഞതാണ്. അങ്ങ് തെറ്റിദ്ധരിച്ചാണ് കാര്യങ്ങൾ പറയുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: അടുത്ത സമയത്ത് നടന്ന കൊലപാതകങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. അങ്ങ് പറയുന്നത് നേരത്തെ നടന്ന കൊലപാതകങ്ങളെക്കുറിച്ചാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവിടെ സത്യാഗ്രഹമിരുന്നപ്പോൾ ഞാൻ അങ്ങയെ ഫോൺ ചെയ്ത സംഭവമാണ് പറയുന്നത്. അങ്ങ് പറയുന്നത് ഞാൻ ആഭ്യന്തര മന്ത്രി ആയിരുന്ന സമയത്തുള്ള കാര്യമാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സത്യാഗ്രഹം നടത്തിയപ്പോൾ, അവിടെ അത്തരത്തിൽ ഒരു സത്യാഗ്രഹം നടത്തുന്നത് ശരിയല്ലെന്ന് പറഞ്ഞ് ഞാൻ അങ്ങുമായി സംസാരിച്ചാണ് അതവസാനിപ്പിച്ചത്. രണ്ടാമത്തെ കേസ്സാണ് പറയുന്നത്. അങ്ങ് പരിശോധിച്ചാൽ മതി.

ശ്രീ. പിണറായി വിജയൻ: വർഗ്ഗീയ സംഘർഷം ഉണ്ടാകുന്ന പ്രശ്നമുണ്ടായതും നമ്മൾ തമ്മിൽ സംസാരിച്ചതും ഇക്കാര്യത്തിലാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് ഒരിക്കൽക്കൂടി പരിശോധിക്കണം. ആദ്യത്തെ സംഭവത്തിൽ പ്രതികളെ പിടിച്ചിട്ടുണ്ട്. രണ്ടാമത്തെ സംഭവത്തിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. അങ്ങ് അത് പരിശോധിച്ചാൽ മതി. അങ്ങനെയുള്ള കാര്യങ്ങളിലെല്ലാം ഞങ്ങൾ ഗവൺമെന്റിനോട് സഹകരിക്കും. ആ കാര്യത്തിൽ ഒരു സംശയവുമില്ല. വർഗ്ഗീയ കലാപമുണ്ടാകുന്ന സാഹചര്യമുണ്ടായാൽ അതില്ലാതാക്കാനുള്ള കൂട്ടായ പരിശ്രമം ഞങ്ങളും അങ്ങും നടത്തും. അതിൽ

തർക്കമില്ല. പക്ഷെ ഇവിടത്തെ പ്രശ്നം, കേരളത്തിൽ കുറ്റകൃത്യങ്ങളും കൊലപാതകങ്ങളും മോഷണങ്ങളും വർദ്ധിക്കുന്നു. ദേശീയ ശരാശരിയെക്കാൾ കൂടുതൽ കുറ്റകൃത്യങ്ങൾ കേരളത്തിൽ വർദ്ധിക്കുന്നു. ഇത് ആശങ്കാജനകമായ കാര്യമല്ലേ? വീടുകയറിയുള്ള കൊള്ള, കൊച്ചി നഗരത്തിൽ മൂന്ന് കവർച്ചകൾ നടന്നു. കൊച്ചി സിറ്റിയിലും തൃപ്പൂണിത്തുറയിലും കവർച്ച നടന്നു. പിറ്റേദിവസം മകളുടെ കല്യാണത്തിന് വച്ചിരുന്ന 112 പവൻ സ്വർണ്ണം ആലുവയിൽ നിന്ന് മോഷണം പോയി. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, ആഴ്ചകൾ കഴിഞ്ഞിട്ടും ഒരു തുമ്പുണ്ടാക്കാൻ കേരളാ പോലീസിന് കഴിഞ്ഞോ; ഇത് ഗൗരവതരമായ കാര്യമല്ലേ? കൊച്ചിയിൽ നടന്ന മൂന്ന് സംഭവങ്ങളെപ്പറ്റിയാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

ഇവിടെ എല്ലാ വീടുകളിലും സ്റ്റിക്കർ പതിക്കുന്നതു സംബന്ധിച്ച് ഇന്നലെ ഞാൻ നിയമസഭയിൽ ഉന്നയിച്ചിരുന്നു. സോഷ്യൽ മീഡിയയിൽക്കൂടി ജനങ്ങളെ ഭീതിപ്പെടുത്തുകയാണ്. വ്യാപകമായ തോതിൽ സ്റ്റിക്കർ പതിക്കുകയാണ്. ആരാണെന്ന് അറിയില്ല. ജനങ്ങൾ ഭീതിയിലാണ്. ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ ഫലപ്രദമായ ഇടപെടലാണുണ്ടാകേണ്ടത്. ആ ഇടപെടൽ അങ്ങ് ഇവിടെ വാഗ്ദാനം ചെയ്തു, അതുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പക്ഷെ ഇത്തരം സംഭവങ്ങൾ ജനങ്ങളിലുണ്ടാക്കുന്ന പരിഭ്രാന്തി അതീവ ഗൗരവത്തോടെ കാണേണ്ട കാര്യമല്ലേ? ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു, ഞങ്ങളാരും ഒരു കാര്യത്തിനും ഇടപെടില്ല, പോലീസ് നിഷ്പക്ഷമാണെന്ന് പറഞ്ഞു. എന്റെ കയ്യിലുള്ളത് ഒരു ഫെയ്സ്ബുക്ക് പോസ്റ്റാണ്. ഞാൻ അങ്ങേയ്ക്ക് തരാം. ഇന്നലെ അങ്ങേയ്ക്ക് ഒരു സ്ത്രീ എഴുതിയ ഫെയ്സ്ബുക്ക് പോസ്റ്റാണ്. ശ്രീമതി സുനിത സി. എസ്. കയ്പമംഗലം, തൃശ്ശൂർ എഴുതിയ ഫെയ്സ്ബുക്ക് പോസ്റ്റ് അങ്ങ് വായിക്കണം. വീട്ടിലേയ്ക്ക് തിരിച്ച വന്ന വീട്ടമ്മയെ വീട്ടുകാരും ഭർത്താവിന്റെ ബന്ധുക്കളും ചേർന്ന് ഭീകരമായി മർദ്ദിച്ചു.

ശ്രീ. കെ. ജെ. മാക്സി: സർ, ......

മി. സ്പീക്കർ: ശ്രീ. കെ. ജെ. മാക്സി, പ്രതിപക്ഷ നേതാവ് വഴങ്ങിയാൽ മാത്രമേ അങ്ങേയ്ക്ക് സംസാരിക്കാൻ കഴിയൂ.

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ വഴങ്ങാം. ഇത് പൂർത്തീകരിച്ചോട്ടേ. . പട്ടിയെ കെട്ടുന്ന തുകൽ ബെൽറ്റുകൊണ്ട് മർദ്ദിച്ചു. അവർ കേസ് കൊടുത്തു. നാട്ടുകാർ ആശുപത്രിയിലാക്കി, പോലീസ് കേസ്സെടുത്തു. ബഹുമാന്യനായ മുഖ്യമന്ത്രി അങ്ങ് ഇത് കേൾക്കണം. ഇന്റിമേഷൻ കിട്ടി രണ്ടു ദിവസം കഴിഞ്ഞാണ് അന്തിക്കാട് പോലീസ് കേസ്സെടുക്കുന്നത്. പക്ഷേ ദുർബ്ബലമായ വകുപ്പുകൾ ചുമത്തിയാണ് കേസ് എടുത്തത്. അതിനെ ചോദ്യം ചെയ്തപ്പോൾ സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞത് മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ട കേസ്സായതുകൊണ്ട്

ഞങ്ങൾക്ക് ഇത്രയൊക്കെയേ ചെയ്യാൻ കഴിയൂവെന്നാണ്. ആ സ്ത്രീയുടെ വിലാപമാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഞാൻ ഈ ഫെയ്സ്ബുക്ക് പോസ്റ്റ് അങ്ങേയ്ക്ക് തരാം. അങ്ങ് അത് പരിശോധിക്കണം. അങ്ങയുടെ ഓഫീസാണ് ഇടപെട്ടിരിക്കുന്നത്. അങ്ങയുടെ ഓഫീസ് ഇടപെട്ടതുകൊണ്ട് ഒരു സ്ത്രീക്ക് നേരിടേണ്ടിവന്ന ദുരന്തം. ആ ദുരന്തത്തിൽ കേസ്സെടുക്കാത്തതിനു കാരണം അന്തിക്കാട് സി.ഐ. പറഞ്ഞത്, മുഖ്യമന്ത്രിയുടെ പോലീസ് ഇടപെട്ടുവെന്നാണ്. ചിന്താ പബ്ലിക്കേഷൻ ഓഫീസിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനെ സംരക്ഷിക്കാൻ വേണ്ടിയാണ് ചെയ്തത്. ഇക്കാര്യം ആ സ്ത്രീ ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്തതുകൊണ്ടാണ് നമ്മൾ അറിഞ്ഞത്. കേരളത്തിൽ നടക്കുന്നത് എന്താണ്? കേരള പോലീസിനെ നിഷ്ക്രിയരാക്കിക്കൊണ്ട് പാർട്ടി നേതാക്കൻമാർ നടത്തുന്ന പ്രവർത്തനങ്ങൾ കണ്ടില്ലെന്നു നടിക്കരുത്.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പത്രം വായിക്കുന്നില്ലെന്നാണ് തോന്നുന്നത്. എറണാകുളം തൃപ്പൂണിത്തുറയിൽ വീട്ടിൽ കയറി വീട്ടമ്മയെ അപായപ്പെടുത്തി സ്വർണ്ണം കവർന്നവരെ ഡൽഹിയിൽപോയി പോലീസ് അറസ്റ്റ് ചെയ്ത കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: അറസ്റ്റ് ചെയ്തിട്ടില്ല. ഞാൻ പത്രം വായിച്ചിട്ടുണ്ട്, ബഹുമാനപ്പെട്ട മെമ്പർ വായിക്കാത്തതുകൊണ്ടാണ്. പോലീസ് ഡൽഹിയിലും മുംബൈയിലും പോയെന്നേയുള്ളൂ, ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. കേരളത്തിൽ നടക്കുന്ന ഓരോ സംഭവങ്ങളും എത്ര ഗൗരവമുള്ളതാണ്. മോഷണ ശ്രമത്തിനിടെ റിട്ടയേഡ് അദ്ധ്യാപികയെ കഴുത്തറുത്ത് കൊന്നു. പെൺകുട്ടിയെ പീഡിപ്പിച്ച എസ്.ഐ. അടക്കം മൂന്നുപേർ ആലപ്പുഴയിൽ അറസ്റ്റിലായി. എസ്.ഐ. അടക്കമുള്ള ആളുകളാണ് പെൺകുട്ടിയെ പീഡിപ്പിച്ചത്. കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുന്ന സംഭവങ്ങളെന്തെല്ലാം. ഇന്ന് ജയിൽപ്പുള്ളികളാണ് ക്വട്ടേഷൻ സംഘങ്ങൾക്കും കൊലപാതകങ്ങൾക്കും നേതൃത്വം കൊടുക്കുന്നത്. ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ജയിലിൽ സുഖവാസമാണ്. ആയുർവ്വേദ ചികിത്സ നൽകുന്നു. ആ വാർത്ത പുറത്തുവന്നതിന്റെ പേരിൽ പി. കെ. വിനോദ്കുമാർ, നേഴ്സ്; പി. എസ്. ശശാങ്കൻ, പി. പി. സുരേശൻ, സജി വർഗ്ഗീസ് എന്നീ നാലുപേരെ സസ്പെൻഡ് ചെയ്യാൻ തീരുമാനിച്ചു. സസ്പെൻഷൻ നടക്കില്ലെന്ന് കണ്ടപ്പോൾ അവരെ സ്ഥലംമാറ്റാൻ തീരുമാനിച്ചു. അവർ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും സ്റ്റേ വാങ്ങി, ഇതാണ് നടക്കുന്നത്. ക്വട്ടേഷൻ സംഘങ്ങളെ ജയിലിൽ നിന്നുതന്നെ നിയന്ത്രിക്കുന്ന സംഭവമുണ്ടാകുന്നു. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഭവങ്ങൾ വ്യാപകമാകുന്നില്ലേ? ജയിലിൽനിന്ന് ഫോണിലൂടെ കൊടി സുനിയുടെ ഓപ്പറേഷൻ, സംസ്ഥാനത്ത് നടക്കുന്ന

കാര്യങ്ങളാണ്. അന്യസംസ്ഥാന കുറ്റവാളികൾ തലവേദനയാകുന്നു, ക്ഷേത്ര പരിസരത്ത് സ്ത്രീയെ വെട്ടിക്കൊല്ലാൻ ശ്രമം, കേരളത്തെ ഞെട്ടിപ്പിച്ച സംഭവമാണ് ഒൻപതാം ക്ലാസുകാരൻ ജിത്തുവിന്റെ വധം. ഞാൻ പറഞ്ഞുവന്നത്, കേരളത്തിന്റെ ക്രമസമാധാന നില അനുദിനം വഷളാകുന്നു. ഈ ഗവൺമെന്റ് വന്നശേഷം 20 രാഷ്ട്രീയ കൊലപാതകങ്ങൾ കേരളത്തിൽ നടന്നു. സംഭവ വികാസങ്ങൾ ഉണ്ടാകുന്നത് ആരുടെയും തെറ്റല്ല, പക്ഷെ ഉണ്ടാകുന്ന സംഭവ വികാസങ്ങൾ എങ്ങനെ നേരിടുന്നുവെന്നതാണ് പ്രശ്നം. പോലീസ് കാര്യക്ഷമമായി പ്രവർത്തിച്ചാൽ കൊള്ളയും കൊലയും അക്രമങ്ങളും പിടിച്ചുപറിയും മോഷണവും ഇല്ലാതാക്കാൻ കഴിയും. ഇന്ന് സാമൂഹ്യവിരുദ്ധരും ക്വട്ടേഷൻ സംഘങ്ങളും കേരളത്തിൽ അരങ്ങുതകർക്കുകയാണ്. അതുകൊണ്ടാണ് കൊലപാതകങ്ങളും അക്രമങ്ങളും നിരന്തരമായുണ്ടാകുന്നത്. കേരളത്തിന്റെ മുഖത്ത് കരിവാരിത്തേയ്ക്കുന്നത് ഞങ്ങളല്ല മുഖ്യമന്ത്രീ, അങ്ങയുടെ ഭരണകൂടമാണ്. കേരളത്തിന്റെ യശസ്സിനെ ഇല്ലാതാക്കുന്നത് ഞങ്ങളല്ല. ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് ഇവിടെ അവതരിപ്പിച്ച വസ്തുതകളെ ഗൗരവപൂർവ്വം അങ്ങ് പരിശോധിക്കുകയാണ് വേണ്ടത്. ഇവിടെ പറഞ്ഞ കാര്യങ്ങളെ ഗൗരവപൂർവ്വം അങ്ങ് ഏറ്റെടുക്കുകയാണ് വേണ്ടത്. ഈ കാര്യങ്ങളിൽ സത്യസന്ധമായ അന്വേഷണം നടക്കണം. അങ്ങ് സ്ത്രീ സുരക്ഷയെപ്പറ്റി പറഞ്ഞു. XXX* അങ്ങ് അങ്ങയുടെ ശൈലി മാറ്റണ്ട. ഈ ശൈലിയുമായിത്തന്നെ മുന്നോട്ടുപോകുന്നതാണ് ഞങ്ങൾക്ക് സൗകര്യമെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത്രയും പ്രമാദമായ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോക്ക് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ഒരു സ്ത്രീയുടെ പരാതിയുമായി ബന്ധപ്പെട്ടുകൊണ്ടാണ്. അദ്ദേഹത്തിനെതിരായി എന്തെങ്കിലും പരാതി ഇവിടെയുണ്ടോ; നിയമസഭയിൽ എന്തെങ്കിലും വിളിച്ചുപറയുകയാണോ; ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ചാവക്കാട് കെ. പി. വൽസലൻ കൊലചെയ്യപ്പെട്ടിട്ടില്ലേ; എത്ര കോൺഗ്രസ്സുകാർ കോൺഗ്രസ്സുകാരെ കൊല ചെയ്തിട്ടുണ്ട്? ......(ബഹളം)....

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം (ഫ.നം. 709/ഇ.ബി./2018/നി.സെ.)രേഖയിൽ നിന്ന് നീക്കം ചെയ്തു.

മി. സ്പീക്കർ: അങ്ങ് ആവശ്യപ്പെടുന്നത് സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യണമെന്നാണോ?

ശ്രീ. എ. കെ. ബാലൻ: സർ, നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ മൗലവി കൊലചെയ്യപ്പെടുന്നത് 20-3-2017-നാണ്. ..(ബഹളം).... മൗലവി കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയത്തിൽ എന്തെങ്കിലുമുണ്ടോ; അടിയന്തരപ്രമേയം കൊണ്ടുവന്നല്ലോ, അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട കൊണ്ട് മൗലവിയുടെ കാര്യം പറഞ്ഞിട്ടുണ്ടോ? അറസ്റ്റ് ചെയ്ത പ്രതികളുടെ പേര് അജേഷ്, അഖിലേഷ്, നിഖിൽ എന്നാണ്. അവർ മൂന്നുപേരും ഇപ്പോൾ ജയിലിലാണ്. അവാസ്തവമായ കാര്യങ്ങൾ ഇവിടെ പറയരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ചില പ്രത്യേക അധികാരങ്ങളുണ്ട്. മിസ് ലീഡ് ചെയ്യാൻ പാടില്ല. അതുകൊണ്ടാണ് ഇവിടെ പറഞ്ഞത്.

മി. സ്പീക്കർ: അങ്ങ് ഉന്നയിക്കുന്നത് സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യണമെന്നാണോ?

ശ്രീ. എ. കെ. ബാലൻ: പള്ളിയിൽക്കയറി നിസ്കരിക്കുന്ന സമയത്ത് ആർ.എസ്.എസ്.-കാർ കൊലചെയ്ത മൗലവി കേസിലെ പ്രതികൾ ഇപ്പോൾ ജയിലിലാണുള്ളത്. അപ്പോൾ ഇവിടെ പച്ചക്കള്ളമല്ലേ പറഞ്ഞത്. ആർ.എസ്.എസ്.-കാർ കൊലപ്പെടുത്തിയവരെ സംബന്ധിച്ച് ഒരക്ഷരം പറഞ്ഞിട്ടില്ലല്ലോ? എട്ട് വയസ്സുള്ള ഒരു കുട്ടിയെ ആർ.എസ്.എസ്.-കാർ നടുറോഡിലിട്ട് കൊന്നത് ഈ അടിയന്തരപ്രമേയത്തിലുണ്ടോ; എത്ര കോൺഗ്രസ്സുകാരെ കോൺഗ്രസ്സുകാർ കൊല ചെയ്തിട്ടുണ്ട്?.....(ബഹളം) .......

മി. സ്പീക്കർ: ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിക്ക് സഭാനടപടികളുമായി ബന്ധപ്പെട്ട് ഒരു അഭിപ്രായം പറയണമെന്നതിനെ അനുവദിക്കാൻ പാടില്ലേ? തെറ്റായ വിവരം സഭയിൽ പറഞ്ഞതുമായി ബന്ധപ്പെട്ട് അദ്ദേഹം ഒരു ക്രമപ്രശ്നം ഉന്നയിച്ചു. അത് പാടില്ല എന്നാണോ? സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണമെന്നല്ലേ അങ്ങ് ആവശ്യപ്പെട്ടത്, അത് പരിശോധിച്ച് ചെയ്യും. ......(ബഹളം)....... അവാസ്തവമായ കാര്യങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടതെന്നും അക്കാര്യം പരിശോധിച്ച് സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിരിക്കുകയാണ്. അത് പരിശോധിച്ച് നടപടി സ്വീകരിക്കും. അതിനെന്തിനാണ് നിങ്ങൾ ക്ഷുഭിതരാകുന്നത്?

ശ്രീ. പി. കെ. ബഷീർ: പ്രതിപക്ഷ നേതാവ് പോയിട്ടാണോ ഇക്കാര്യങ്ങൾ പറയുന്നത്.

<u>മി. സ്പീക്കർ</u>: പ്രതിപക്ഷ നേതാവ് പോയതുകൊണ്ട് അദ്ദേഹം ഉന്നയിച്ചാൽ അദ്ദേഹത്തിന് അവസരം കൊടുക്കണ്ടേ; അവാസ്തവമായ കാര്യങ്ങളുണ്ടെങ്കിൽ ഉന്നയിക്കപ്പെടാനുള്ള അവസരം ഇവിടെയില്ലേ; നിങ്ങൾക്ക് ആർക്കെങ്കിലും ഉന്നയിക്കാനുണ്ടോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ഇത് ഈ സഭയുടെ ചരിത്രത്തിലില്ലാത്ത സംഭവമാണ്. ഞാൻ തന്നെ നാല് പ്രാവശ്യം നിയമസഭയിൽ അംഗമായിരുന്നയാളാണ്. അടിയന്തരപ്രമേയത്തിനിടയ്ക്ക് ഇങ്ങനെ ചോദ്യങ്ങളും ഉത്തരങ്ങളും ഒരു ബഹുമാനപ്പെട്ട ചെയറും അനുവദിച്ചിട്ടില്ല. ഇതൊരു പുതിയ കീഴ്വഴക്കമാണ്. അങ്ങ് ഈ പുതിയ കീഴ്വഴക്കം സൃഷ്ടിക്കുന്നത് ശരിയല്ല. ഒരു സഭയിൽ ഒരു ചെയറും ഇതേവരെ അനുവദിക്കാത്ത ഒരു സംഭവമാണ്.

കാസർഗോഡ് നടന്നത് ചെറിയ സംഭവമല്ല. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ ഇത് അവതരിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഒരു മാറ്റം വന്നിരിക്കുന്നുവെന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. കാസർഗോഡ് ജില്ലയിൽ മൂന്ന് വീട്ടമ്മമാർ കൊലചെയ്യപ്പെട്ടതിന്റെ വികാരം ഉൾക്കൊണ്ടു കൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. ഇന്നുവരെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കുകയാണ്. പ്രതികളെ അറസ്റ്റ് ചെയ്യാത്തത് ഈ മൂന്ന് കാര്യത്തിൽ മാത്രമല്ല, കേരളത്തിൽ നടന്ന വീട്ടമ്മമാരുടെ കൊലപാതകങ്ങളിൽ ഒരു കേസ്സിലും ഇന്നുവരെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. ......(ബഹളം)......

<u>മി. സ്പീക്കർ</u>: നിങ്ങളെന്തിനാണ് പ്രതിപക്ഷത്തെ പ്രകോപിപ്പിക്കുന്നത്? നിങ്ങൾ അവിടെ ഇരിക്കണം.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ബഹുമാനപ്പെട്ട ചെയറിനോടാണ് ഞാൻ സംസാരിക്കുന്നത്. സത്യത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ ക്രമസമാധാന നില തകർന്നിരിക്കുകയാണ്. ചിലയിടത്ത് പോലീസ് വലിയ ആവേശം നടിക്കുന്നു, ചില സ്ഥലത്ത് നിഷ്ക്രിയമാകുന്നു. ഒന്നുകിൽ ആശാന്റെ നെഞ്ചത്ത്, അല്ലെങ്കിൽ കളരിക്ക് പുറത്ത്. ഇതാണ് കേരളത്തിലെ പോലീസിന്റെ സ്ഥിതി. ചില സ്ഥലത്ത് പോലീസ് തന്നെ അതിക്രമങ്ങൾക്ക് നേതൃത്വം നൽകുന്നു. ശ്രീ. മഞ്ഞളാംകുഴി അലി ഇന്ന് സഭയിൽ വന്നിട്ടുണ്ട്, അദ്ദേഹത്തിന് ഒരാഴ്ച സഭയിൽ ഹാജരാകാൻ സാധിച്ചില്ല. പെരിന്തൽമണ്ണയിൽ നടന്ന സംഭവങ്ങൾ, അവിടത്തെ മുറിവുണക്കാൻ വേണ്ടി അദ്ദേഹം സ്ഥലത്ത് ക്യാമ്പ് ചെയ്യുകയായിരുന്നു. എന്നിട്ടും പോലീസ് ചെയ്തിട്ടുള്ള കാര്യങ്ങൾ..., മിനിഞ്ഞാന്നാണ് ജില്ലാ പഞ്ചായത്ത് മീറ്റിംഗ് നടക്കുന്ന

സ്ഥലത്ത് പോലീസ് വന്ന് അവിടത്തെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനെ തെരയുന്നത്. ഇങ്ങനെ ഒരു പോലീസ് കേരളത്തിലുണ്ടായിട്ടുണ്ടോ; കുറ്റവാളിയാണെങ്കിൽ അറസ്റ്റ് ചെയ്യണം, അതിനുള്ള നടപടിക്രമങ്ങളില്ലേ? ജില്ലാ പഞ്ചായത്തുകളെയും നിയമസഭയേയുമൊക്കെ നോക്കിക്കുത്തിയാക്കുന്ന യാതൊരു മര്യാദയുമില്ലാത്ത പോലീസിനെ നമ്മുടെ സംസ്ഥാനം ഇതാദ്യമായി കാണുകയാണ്. ചില സ്ഥലത്ത് നിഷ്ക്രിയത്വം. എറണാകുളത്ത് വൈപ്പിനിൽ ഒരു പാവപ്പെട്ട സ്ത്രീയെ അരയ്ക്ക് കീഴ്പ്പോട്ട് തല്ലിയിട്ട് പിടിച്ചുകൊണ്ടുവരാൻ പോലീസ് തന്നെയാണ് പറഞ്ഞത്. ഇപ്പോൾ കേസ്സെടുത്ത സ്ത്രീകൾ തന്നെയാണ് പറയുന്നത് പോലീസ് അവരെ പിടിച്ചുകെട്ടികൊണ്ടുവരാനായി പറഞ്ഞുവെന്ന്. വാസ്തവത്തിൽ ഇവിടെ പോലീസിൽ ഒരു ആർ.എസ്.എസ്. സെൽ പ്രവർത്തിക്കുന്നുണ്ട് എന്നുപറഞ്ഞത് ഞങ്ങളാരുമല്ല, ഭരണകക്ഷി അംഗങ്ങൾ തന്നെയാണ്. ഇന്നത്തെ ഒന്നാമത്തെ ചോദ്യം (നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *151) ഈ സംസ്ഥാനത്ത് പോലീസിൽ ആർ.എസ്.എസ്. സെൽ പ്രവർത്തിക്കുന്നുണ്ടോയെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നാലഞ്ച് ഭരണകക്ഷി അംഗങ്ങൾ ചോദിച്ചത്; ഉണ്ടെന്ന് അവർ പുറത്തെല്ലാം പ്രസംഗിക്കുന്നുണ്ട്, ഇവിടെയും പ്രസംഗിച്ചിട്ടുണ്ട്. ഇങ്ങനെ സംസ്ഥാനത്ത് ക്രമസമാധാനനില തകർന്ന ഒരു സ്ഥിതിവിശേഷം ഇതുവരെയുണ്ടായിട്ടില്ല. തിരുവനന്തപുരം മേയറുടെ പ്രശ്നം പറഞ്ഞു, ഇന്നുവരെ ആ കേസ് ഫലപ്രദമായി കൈകാര്യം ചെയ്തിട്ടില്ല. എന്നെ കൊല്ലാൻ വന്നുവെന്ന് മേയർ തന്നെയാണ് പറഞ്ഞത്. അതുപോലെ തന്നെ ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ സ്വഭാവത്തിൽ ഒരു മാറ്റവും വന്നിട്ടില്ല. സംസ്ഥാനത്തെ ഈ സ്ഥിതിവിശേഷം സഹിക്കാൻ പറ്റാത്തതുകൊണ്ടാണ് അദ്ദേഹം കുറച്ച് രൂക്ഷമായി സംസാരിച്ചത്. അതിനെ വ്യക്തിപരമായി എടുത്തത് ശരിയായില്ല എന്ന് ഞാൻ പറയുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): മൗലവിയെക്കുറിച്ചും ആ കേസിനെക്കുറിച്ചും അദ്ദേഹത്തിന് അറിയാത്തതല്ല. ആ കൊല നടന്നതിനു ശേഷം വളരെ ഫലപ്രദമായാണ് അവിടെ പോലീസ് പ്രവർത്തിച്ചതെന്ന് എല്ലാവർക്കുമറിയാം, അദ്ദേഹത്തിനുമറിയാം. അതൊക്കെ മറച്ചുവച്ചുകൊണ്ട് അറസ്റ്റ് നടന്നിട്ടേയില്ല എന്ന് അദ്ദേഹം പറയാനിടയായത് ഏത് സാഹചര്യത്തിലാണ്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ഞാൻ പറയാം. രണ്ട് മൗലവിയും തമ്മിൽ തെറ്റിപ്പോയതാണ്. ചെമ്പരിക്ക ഖാസി മൗലവിയുണ്ട്, റിയാസ് മൗലവിയുമുണ്ട്. ഇത് രണ്ടും തെറ്റിപ്പോയതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് തെറ്റായി ധരിച്ചതാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ആ രീതിയിലൊന്നും ഇവിടെ സംസാരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു ആശയക്കുഴപ്പം സംഭവിച്ചതാണ്. ഏതായാലും രേഖ പരിശോധിച്ചാൽ മനസ്സിലാകും.

<u>ശ്രീ. പിണറായി വിജയൻ</u>: ഈ പറയുന്ന ഖാസിയുടെ മരണം നടന്നത് എത്രയോ മുമ്പാണ്. അതുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള അന്വേഷണങ്ങൾ നടന്നതാണ്. അതല്ല അദ്ദേഹം പറഞ്ഞത്. ഖാസിയും മൗലവിയും അദ്ദേഹത്തിന് മാറിപ്പോകില്ല. മൗലവിയെ മൗലവിയായി തന്നെയാണ് പറഞ്ഞത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇക്കാര്യത്തിൽ കൺഫ്യൂഷനുണ്ടായതു കൊണ്ട് വിശദീകരിക്കാൻ സമയം തരണം. ഞാൻ എന്റെ പ്രസംഗത്തിൽ പറഞ്ഞത് 2010-ൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട ചെമ്പരിക്ക ഖാസിയായിരുന്ന സി. എം. അബ്ദുള്ള മൗലവിയെക്കുറിച്ചായിരുന്നു. ഞാൻ 2010 ഫെബ്രുവരി എന്നുതന്നെ എന്റെ പ്രസംഗത്തിൽ പറഞ്ഞിരുന്നു. റിയാസ് മൗലവിയുടെ കേസ്സിൽ ഗവൺമെന്റ് നടത്തിയ ഇടപെടലുകളെക്കുറിച്ച് ഞങ്ങൾക്ക് ഒരു പരാതിയുമില്ല.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആശയക്കുഴപ്പം സംഭവിച്ചതാണ്. ഇപ്പോൾ വളരെ ക്ലിയറായി. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടെ ക്രമസമാധാന നില ഭദ്രമാണെങ്കിൽ ഭദ്രമാണെന്ന് ഞങ്ങൾ പറയും. ഇത് ക്രമസമാധാന നില തകർന്നിരിക്കുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം കേരളത്തിൽ ഇരുപതോളം രാഷ്ട്രീയ കൊലപാതകങ്ങളാണ് നടന്നത്. ഇന്നുവരെ അതിന്റെ അന്വേഷണം പൂർത്തിയാക്കുകയോ കൊലയാളികളെ പിടിക്കുകയോ ചെയ്തിട്ടില്ല. ഇതൊക്കെയാണ് ഇതിനകത്തുള്ള സംഭവം. ഇത് ചർച്ച ചെയ്യണമെന്ന ആവശ്യം ഉന്നയിക്കുമ്പോൾ അതിൽ പുറംതിരിഞ്ഞുനിൽക്കുന്നത് ശരിയല്ല. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കേരളത്തിലെ ക്രമസമാധാന നില തകർന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. റൂൾ 50 പ്രകാരം ഒരു പ്രമേയം അവതരിപ്പിക്കുമ്പോൾ അനാവശ്യമായ വിഷയങ്ങളും ഒച്ചപ്പാടും ഉണ്ടാക്കി പ്രശ്നങ്ങൾ കൂടുതൽ കലുഷിതമാക്കുകയാണ് ചെയ്യുന്നത്. കഴിഞ്ഞ ദിവസം ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോഴും ഇന്ന് ക്രമസമാധാന തകർച്ചയെക്കുറിച്ചുള്ള വിഷയം പ്രതിപക്ഷം ഇവിടെ ഉന്നയിക്കുമ്പോഴും അനാവശ്യമായ ഒച്ചപ്പാടും ബഹളവും ഭരണപക്ഷത്തുനിന്ന് ഉയരുകയാണ്. ഇത്തരത്തിൽ ഒച്ചപ്പാടുണ്ടാക്കിയാൽ ഇവരുടെ കഴിവുകേടുകളും യാഥാർത്ഥ്യങ്ങളും മൂടപ്പെടുമോ? വളരെ ഗുരുതരമായ പ്രശ്നങ്ങൾ ഇന്ന് നമ്മുടെ

സമൂഹത്തിലുണ്ട്. അവയാണ് പ്രതിപക്ഷം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അതിനെ ലളിതവത്കരിക്കുന്ന സമീപനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് നിർഭാഗ്യകരമാണ്. കാസർഗോഡ് ജില്ലയിൽ മാത്രം മൂന്നും നാലും കൊലപാതകങ്ങൾ ഉണ്ടായി എന്നുപറയുമ്പോൾ കേരളത്തിലാകെയുള്ള സ്ഥിതി വ്യത്യസ്തമല്ല. എല്ലാ സ്ഥലങ്ങളിലും ഇന്ന് സാഹചര്യം വളരെ ഗുരുതരമായ രീതിയിൽ മാറുന്നു. ഭവനഭേദനങ്ങളും കൊലപാതകങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും ഇന്ന് യഥേഷ്ടം നടക്കുന്നുവെന്നത് വസ്തുതയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണക്കുകൾ നിരത്തിക്കൊണ്ട് അങ്ങയുടെ ഗവൺമെന്റിനെ സംരക്ഷിക്കാൻ ശ്രമിച്ചാലും ഇന്ന് കൊലപാതകങ്ങളുടെ എണ്ണവും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളും വർദ്ധിച്ചിട്ടുണ്ട്. അങ്ങ് അതിന്റെ കണക്ക് പരിശോധിക്കണം. കേരളത്തിൽ 2015-ൽ 12485 സ്ത്രീപീഡനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ 2017-ൽ 13211 എന്നാണ് കണക്ക്. 2017-ൽ പോക്സോ നിയമപ്രകാരം 2698 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: പ്രൊട്ടസ്റ്റ് രേഖപ്പെടുത്തുന്നതിനുവേണ്ടിയാണ് വാക്കൗട്ട് പ്രസംഗം നടത്തുന്നതെന്ന് ഞാൻ ഇന്നലെയും പറഞ്ഞതാണ്. അടിയന്തര പ്രമേയാവതരണത്തിന് അനുമതി തേടിക്കൊണ്ട് അംഗം സംസാരിച്ചു. പ്രതിപക്ഷ നേതാവും ദീർഘമായി സംസാരിച്ചു. ശ്രീ. കെ.എം. മാണി, ശ്രീ. ഒ. രാജഗോപാൽ തുടങ്ങിയ അംഗങ്ങൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന ഒരു സമീപനമുണ്ട്. പ്രൊട്ടസ്റ്റ് രേഖപ്പെടുത്തി പോകുക. ദീർഘമായി പ്രസംഗിക്കരുത്. അത് ശരിയല്ല.

ശ്രീ. അനൂപ് ജേക്കബ്: ഞാൻ അങ്ങയെ ചോദ്യം ചെയ്യുകയല്ല. കഴിഞ്ഞ നിയമസഭയിലും ഉണ്ടായിരുന്ന ഒരാളാണ് ഞാൻ. അന്ന് ശ്രീ. സി. ദിവാകരൻ, ശ്രീ. മാത്യു ടി. തോമസ്, ശ്രീ. എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ എത്ര സമയം വാക്കൗട്ട് പ്രസംഗം നടത്തിയിട്ടുണ്ടെന്ന് ഇവിടെയിരുന്നതുകൊണ്ട് അങ്ങേയ്ക്കും അറിയാവുന്നതാണ്. സംസാരിക്കുമ്പോൾ യാഥാർത്ഥ്യങ്ങൾ പറഞ്ഞ് അവതരിപ്പിക്കാനുള്ള സമയം തരണമെന്ന് മാത്രമേയുള്ളൂ. ഒന്നുരണ്ട് വിഷയങ്ങൾ കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്. പോക്സോ നിയമപ്രകാരം അടക്കം ധാരാളം കേസ്സുകൾ രജിസ്റ്റർ ചെയ്യാനുള്ള സന്ദർഭം ഇവിടെ ഉണ്ടായിരിക്കുന്നു. ക്രമസമാധാനനില തകരുവാനുള്ള പ്രധാനപ്പെട്ട മറ്റൊരു ഘടകം ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ പോലീസിനെ രാഷ്ട്രീയവത്കരിച്ചുകൊണ്ടുള്ള സമീപനമാണ്. പോലീസിനെ എല്ലാ അർത്ഥത്തിലും രാഷ്ട്രീയവത്കരിച്ച് അവർക്ക് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഈ ഗവൺമെന്റ് കൊടുക്കുന്നില്ല എന്ന് അടിവരയിട്ട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വിഷയങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടിൽ പങ്ക് ചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. ഭരണഘടനാ വ്യവസ്ഥയനുസരിച്ച് ജനങ്ങൾക്കുവേണ്ടിയാണ് ഭരണം നടത്തുന്നത്. സമീപകാലത്തെ കാര്യങ്ങൾ പരിശോധിച്ചാൽ ഇവിടത്തെ ഭരണം ജനങ്ങൾക്കു വേണ്ടിയല്ല, പാർട്ടിക്കുവേണ്ടിയാണെന്ന് വ്യക്തമാകും. പോലീസിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. നമ്മുടെ നാട്ടിൽ മിടുക്കരും സമർത്ഥരുമായ പോലീസുകാരുണ്ട്. പാർട്ടിയുടെ താല്പര്യമെന്താണെന്ന് ഉപദേശിക്കാൻ ഉപദേഷ്ടാവിനെയും നിർദ്ദേശിച്ചിട്ടുണ്ട്. അവരുടെ നിർദ്ദേശപ്രകാരം പാർട്ടിയിലുള്ളവർക്ക് ഒരു നിലപാടും പാർട്ടിക്ക് വെളിയിലുള്ളവർക്ക് മറ്റൊരു നിലപാടുമെടുക്കുന്നു. ഈ രീതിയിലുള്ള പോക്ക് തെറ്റാണ്. ഇത് പാർട്ടി ഭരണമായി മാറുന്നത് അപകടമാണെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനകം വീണ്ടും സഭയിൽ ഹാജരായി.)

## IV ശ്രദ്ധക്ഷണിക്കൽ

### 1. വില വർദ്ധനവ്

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, പാചകവാതകത്തിന്റേയും പെട്രോളിയം ഉല്പന്നങ്ങളുടേയും വില നിയന്ത്രണം നീക്കിയതിനെത്തുടർന്ന് അവശ്യ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമൂലം ജനങ്ങൾക്ക് നേരിടേണ്ടിവരുന്ന പ്രയാസം വിവരണാതീതമാണ്. നോട്ട് നിരോധനവും ജി.എസ്.ടി.-യും ഈ സ്ഥിതിവിശേഷത്തെ രൂക്ഷമാക്കിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തി, ഈ സാഹചര്യം നേരിടുന്നതിന് ഗവൺമെന്റ് സ്വീകരിക്കുന്ന എല്ലാ നടപടികളും അഭിനന്ദനാർഹമാണ്. എന്നാൽ കേന്ദ്ര ഭരണാധികാരികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്ന നയങ്ങളും നടപടികളും ഒരു സംസ്ഥാനത്തിനും അതിജീവിക്കാനും ജനങ്ങളെ രക്ഷിക്കാനും കഴിയാത്ത വിധത്തിലുള്ള ഗൗരവതരമായ സ്ഥിതിവിശേഷമാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

രണ്ടാം യു.പി.എ. സർക്കാരിന്റെ കാലത്ത് പെട്രോൾ വിലനിയന്ത്രണാധികാരം എണ്ണക്കമ്പനികൾക്ക് നൽകിയ സന്ദർഭത്തിൽ ഇടതുപക്ഷം അതിനെ ശക്തിയുക്തം എതിർത്തിരുന്നു. ഇടതുപക്ഷത്തെപ്പോലും പിന്തള്ളി, തങ്ങളാണ് ശക്തമായ

എതിർപ്പ് രേഖപ്പെടുത്തുന്നതെന്ന് പ്രകടിപ്പിക്കാൻ അന്നത്തെ പ്രതിപക്ഷമായിരുന്ന ബി.ജെ.പി. വലിയ ശ്രമമാണ് നടത്തിയത്. എന്നാൽ ബി.ജെ.പി. അധികാരത്തിൽ വന്നപ്പോൾ ഡീസലിന്റെ വിലനിർണ്ണയാധികാരവുംകൂടി എണ്ണക്കമ്പനികൾക്ക് കൊടുത്തുകൊണ്ട് ജനങ്ങളുടെമേൽ ദുസ്സഹമായ ഭാരമാണ് ചുമത്തിയിരിക്കുന്നത്. വില നിർണ്ണയാധികാരം കൊടുക്കുന്ന സന്ദർഭത്തിൽ ഗവൺമെന്റ് വ്യത്യസ്തമായ വാഗ്ദാനങ്ങളായിരുന്നു നൽകിയിരുന്നത്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോൾ രാജ്യത്തെ ജനങ്ങൾക്ക് അതനുസരിച്ച് വില കുറച്ച് പെട്രോളിയം ഉല്പന്നങ്ങൾ ലഭ്യമാക്കുമെന്ന മോഹന വാഗ്ദാനമാണ് നൽകിയത്. കഴിഞ്ഞ മൂന്നര വർഷക്കാലയളവിൽ ക്രൂഡ് ഓയിലിന്റെ വില അന്താരാഷ്ട്ര മാർക്കറ്റിൽ ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷേ ഓരോ ദിവസവും ഡീസലിന്റേയും പെട്രോളിന്റെയും വില വർദ്ധിക്കുകയാണ്. മുമ്പെല്ലാം രണ്ടോ മൂന്നോ വർഷത്തിലൊരിക്കൽ പെട്രോളിനും ഡിസലിനും മൂന്നോ നാലോ രൂപ വർദ്ധിപ്പിക്കുമ്പോൾ രാജ്യത്താകമാനമുള്ള ജനങ്ങൾ കടുത്ത പ്രതിഷേധം ഉയർത്തുമായിരുന്നു. ചില സന്ദർഭങ്ങളിൽ അപൂർവ്വമായി ആ വിലയിൽ കുറവ് വരുത്താറുമുണ്ട്. ഇല്ലെങ്കിൽപ്പോലും വീണ്ടുമൊരു വിലവർദ്ധനവിന് വർഷങ്ങൾക്കു ശേഷം മാത്രമേ ഗവൺമെന്റ് മുതിരാറുള്ളൂ. എന്നാൽ ആ സ്ഥിതിവിശേഷം മാറി. വിലനിർണ്ണയാധികാരം എണ്ണക്കമ്പനികൾക്ക് നൽകിയതോടുകൂടി ആദ്യഘട്ടത്തിൽ മാസത്തിൽ ഒരു തവണ വില വർദ്ധിപ്പിക്കുന്നതായിരുന്നു അവസ്ഥ. പിന്നീട് അത് ആഴ്ചയിൽ ഒരു ദിവസമായി. ഇപ്പോൾ ദിവസവും വില വർദ്ധിപ്പിക്കുകയാണ്. ഒരാഴ്ചകൊണ്ട് രണ്ടും മൂന്നും രൂപയുടെ വില വ്യത്യാസമാണ് പെട്രോളിനും ഡീസലിനും വന്നുകൊണ്ടിരിക്കുന്നത്. ഈ അവസ്ഥാവിശേഷത്തെ നേരിടാൻ ഒരു സംസ്ഥാനത്തിനും സാധിക്കാത്ത സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെയും ഭരണഘടനാനുസൃതമായ അധികാര അവകാശങ്ങളെയും നോക്കുകുത്തിയാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റെടുക്കുന്ന ഈ നയങ്ങളേയും നിലപാടുകളേയും, കേവലം പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തിക്കൊണ്ട് ജനങ്ങളനുഭവിക്കുന്ന ദുരിതത്തിൽനിന്ന് കരകയറ്റാൻ സാധിക്കുമെന്ന് ഒരു തരത്തിലും പ്രതീക്ഷിക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. ഇതിനെതിരായി രാഷ്ട്രീയ നിലപാടുകൾ കൈക്കൊള്ളേണ്ടതുണ്ട്. ഈ സ്ഥിതി വിശേഷത്തെ നേരിടുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. വർദ്ധിച്ച വില കൊടുത്ത് നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ കഴിയാത്ത സാധാരണക്കാരൻ ഏതുവിധേനയും വലിയ വില കൊടുത്ത് സാധനങ്ങൾ വാങ്ങിയാൽ പാചക വാതകത്തിന്റെ വില വർദ്ധനവുമൂലം അത് പാചകം ചെയ്യാൻ പോലും കഴിയാത്ത സ്ഥിതിയാണ്. പാചകവാതകത്തിനുള്ള സബ്സിഡിയും എടുത്തുകളയുകയാണ്.

അധികാരത്തിലിരിക്കുന്ന ഒരു ഗവൺമെന്റ് ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനം പാലിക്കാതിരിക്കുമ്പോൾ ആ ഗവൺമെന്റിനെതിരെ വിശ്വാസ വഞ്ചനാക്കുറ്റം ചുമത്താൻ ഭരണഘടനയിലും നിയമത്തിലും വ്യവസ്ഥയുണ്ടായിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നില്ല. ഇന്ന് അധികാരത്തിലിരിക്കുന്ന കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റെ വില 50 രൂപയാക്കി കുറയ്ക്കുമെന്ന് പറഞ്ഞാണ് അധികാരത്തിൽ വന്നത്. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പാലിക്കാത്തതിന് വിശ്വാസ വഞ്ചനാക്കുറ്റം ബാധകമാക്കിയിരുന്നെങ്കിൽ ഇന്ത്യൻ പ്രധാനമന്ത്രിയും കേന്ദ്ര മന്ത്രിമാരും ജയിലഴി എണ്ണേണ്ടിവരുമായിരുന്നു. ഇത്തരമൊരു സ്ഥിതി വിശേഷത്തിൽ നമ്മുടെ ഫെഡറൽ സംവിധാനത്തിന് കോട്ടം തട്ടാത്ത വിധത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഈ നീക്കത്തെ പ്രതിരോധിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ശ്രമം നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേന്ദ്രസർക്കാർ 2010-ൽ പെട്രോളിന്റേയും തുടർന്ന് 2014-ൽ ഡീസലിന്റേയും വിലനിയന്ത്രണാധികാരം എടുത്തുകളഞ്ഞതുവഴി വില നിശ്ചയിക്കുന്നതിനുള്ള അധികാരം ഓയിൽ കമ്പനികളിൽ നിക്ഷിപ്തമായി. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില താഴുമ്പോൾ അതിന്റെ ഗുണഫലം പെട്രോളിയം ഉല്പന്നങ്ങളുടെ വിലക്കുറവുവഴി പൊതുജനങ്ങൾക്ക് ലഭ്യമാകുമെന്നായിരുന്നു ഈ തീരുമാനത്തെ ന്യായീകരിച്ചുകൊണ്ട് അന്ന് കേന്ദ്രസർക്കാർ ഉന്നയിച്ച വാദം. എന്നാൽ അന്താരാഷ്ട്ര വിപണിയിൽ എണ്ണവില കുറഞ്ഞപ്പോൾ ആയതിന്റെ ഗുണഫലം ജനങ്ങൾക്ക് ലഭ്യമാക്കിയതുമില്ല. ഇപ്പോൾ അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില ഉയരുന്ന സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ നയമനുസരിച്ച് ഓയിൽ കമ്പനികൾ അനുദിനം പെട്രോളിയം ഉല്പന്നങ്ങളുടെയും പാചക വാതകത്തിന്റെയും വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. പെട്രോളിനും ഡീസലിനും ഇപ്പോൾ എക്കാലത്തേക്കാളും ഏറ്റവും ഉയർന്ന വിലയാണുള്ളത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകാത്തത് കേരളത്തെയാണ് ഏറ്റവുമധികം ബാധിക്കുന്നത്. ഡീസൽ വിലവർദ്ധനവ് ചരക്ക് ഗതാഗതക്കൂലി ഉയർത്തുമെന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെയും പച്ചക്കറികളുടെയും വിലക്കയറ്റത്തിന് കാരണമാകുന്നുണ്ട്. പാചകവാതക വിലവർദ്ധനവ് സാധാരണക്കാരന്റെ കുടുംബ ബഡ്ജറ്റിനെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം ഹോട്ടൽ ഭക്ഷണത്തിന്റെ വില വർദ്ധനവിനും ഇടയാക്കുന്നു. ഈ പ്രതികൂല സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഇച്ഛാശക്തിയോടെ പ്രവർത്തിച്ച് വിപണി ഇടപെടൽ നടത്തിയതിന്റെ ഫലമായി വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. കൺസ്യൂമർ ഫെഡ്,

സപ്ലൈകോ, ഹോർട്ടികോർപ് എന്നീ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ വിപണിയിൽ ഇടപെടുന്നതിനാൽ രൂക്ഷമായ വിലക്കയറ്റത്തെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് (2015-16) 99 കോടി രൂപയാണ് വിപണി ഇടപെടലിനായി നീക്കിവച്ചിരുന്നത്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഇതിനായി 200 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് സപ്ലൈകോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന 13 ഇനങ്ങൾ ഉൾപ്പെടെ ആകെ 28-ഓളം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിലക്കുറവിൽ പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതിനുപരിയായി വിവിധ കാലയളവുകളിൽ 'അരിക്കട' എന്ന സംവിധാനം ഏർപ്പെടുത്തുകയും ഉത്സവകാലങ്ങളിൽ മെട്രോ ഫെയറും മാർക്കറ്റുകളും സംഘടിപ്പിച്ചും വിലക്കയത്തിന്റെ കെടുതിയിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഇദംപ്രഥമമായി സർക്കാർ നേരിട്ട് ആന്ധ്രയിൽനിന്നും 6000 ടൺ അരി കേരളത്തിലെത്തിച്ച് വിതരണം നടത്തിയിരുന്നു. തൃശ്ശൂർ താലൂക്കിൽ ആദിവാസി ഊരുകളിൽ നേരിട്ട് റേഷൻ എത്തിക്കുന്ന സംവിധാനവും ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ജെയിംസ് മാത്യു: സർ, കേന്ദ്ര ലിസ്റ്റിലുള്ള പെട്രോളിയം ഉല്പന്നങ്ങളുടെ ഇറക്കുമതിക്കും സംസ്കരണത്തിനും വിപണനത്തിനുമുള്ള അധികാരം ഇന്ന് സംസ്ഥാനത്തിന് അല്പം പോലുമില്ല. എല്ലാ സംസ്ഥാനങ്ങളും ഒരുപോലെ നേരിടുന്ന ഈ ദുരവസ്ഥ പരിഹരിക്കുന്നതിന് ആഭ്യന്തര ഉപഭോഗത്തിന്റെ ഒരു ചെറിയ ശതമാനമെങ്കിലും നേരിട്ട് ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യാനും സംസ്കരിക്കാനും വിപണനം ചെയ്യാനുമുള്ള അവകാശം സംസ്ഥാനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിന് ഭരണഘടനാനുസൃതമായും ഫെഡറൽ സംവിധാനത്തിന് കോട്ടം തട്ടാത്ത വിധത്തിലും കേന്ദ്രത്തോട് ഉന്നയിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇന്നത്തെ സാഹചര്യവുമായി ബന്ധപ്പെട്ട ഒരു പ്രധാന നിർദ്ദേശമായതിനാൽ അത് ഗൗരവമായി പരിഗണിക്കാം.

## 2. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ്

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഏറ്റവും നിർണ്ണായകമായ സംഭാവന ചെയ്യുന്ന മേഖലയാണ് കെട്ടിട നിർമ്മാണ മേഖല. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കയറ്റം നിർമ്മാണ മേഖലയെ പൂർണ്ണമായ സ്തംഭനത്തിലേയ്ക്ക് നയിക്കുകയാണ്. 2017 ജനുവരിയിലുണ്ടായിരുന്ന കെട്ടിട നിർമ്മാണ വസ്തുക്കളുടെ വില 2018 ജനുവരിയായപ്പോൾ ഇരട്ടിയിലധികം വർദ്ധിച്ചിരിക്കുകയാണ്. വീടുപണിയുന്ന സാധാരണക്കാർ വളരെ ആശങ്കയിലാണ്. പണി പകുതിയായി കിടക്കുന്നു; പണി

പൂർത്തിയാക്കാൻ കഴിയാതെയിരിക്കുന്നു. കെട്ടിട നിർമ്മാണ മേഖലയിൽ ഫ്ലാറ്റുകളുടെയും വില്ലകളുടെയും നിർമ്മാണം സംബന്ധിച്ച് ആ നിർമ്മാണ മേഖലയിലെ നിർമ്മാതാക്കളും പതിനായിരക്കണക്കിന് തൊഴിലാളികളും അവരുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുമെന്നുള്ള സ്ഥിതിയിലായിരിക്കുകയാണ്. സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതികളുടെ ഭാഗമായി ഇപ്പോൾത്തന്നെ ഫിഷറീസ് സെക്ടറിലുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തുച്ഛമായ ഒരു തുകയാണ് കൊടുക്കുന്നത്. ആ തുകകൊണ്ട് വീടുണ്ടാക്കിയിട്ട് ഇനിയങ്ങോട്ട് തറപോലും ശരിയാക്കാൻ കഴിയാത്ത നിലയിലേയ്ക്ക് നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചിരിക്കുകയാണ്. കുറച്ചുമാസങ്ങൾക്കുള്ളിൽ തന്നെ ഒരു സ്ക്വയർ ഫീറ്റിന് 400 രൂപ മുതൽ 750 രൂപ വരെ വില വർദ്ധിച്ചിരിക്കുകയാണ്. ഉദാഹരണത്തിന് സിമന്റിന്റെ വില 60 മുതൽ 70 രൂപ വരെ വർദ്ധിച്ചിരിക്കുന്നു. ഇൻഡ്യയിൽ സിമന്റ് കമ്പനികൾ ഏറ്റവും കൂടുതൽ വില വാങ്ങുന്ന സംസ്ഥാനം കേരളമാണ്. അത് ഗവൺമെന്റ് അന്വേഷിക്കേണ്ട വിഷയമാണ്. ഇൻഡ്യയിലെ സംസ്ഥാനങ്ങളായ ബോംബെ, ഡൽഹി, ചെന്നൈ, കോയമ്പത്തൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിലെയും കേരളത്തിലെയും സിമന്റ് വില താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ മാത്രമാണ് എല്ലാ കമ്പനികളും ഏറ്റവും കൂടിയ വിലയ്ക്ക് സിമന്റ് വിൽക്കുന്നത്. അത് എന്തുകൊണ്ടാണെന്ന് ഗവൺമെന്റ് അന്വേഷിക്കണം. ഒരു ചാക്ക് സിമന്റിന് 60 രൂപ മുതൽ 70 രൂപ വരെയായി വർദ്ധിച്ചിരിക്കുകയാണ്. കമ്പിയുടെ വില ഒരു കിലോഗ്രാമിന് 9 രൂപയോളം വർദ്ധിച്ചിരിക്കുകയാണ്. ഇപ്പോൾ കമ്പിയുടെ വില ഏകദേശം 52-53 രൂപയാണ്. കഴിഞ്ഞവർഷം കാൽ ഇഞ്ചിന്റെ മെറ്റൽ ബൾക്കായി വാങ്ങുമ്പോൾ 18 രൂപയുണ്ടായിരുന്നത് ഇപ്പോൾ 33 രൂപയാണ്. സാധാരണക്കാരൻ പോയാൽ അതിന് 50 രൂപ കൊടുക്കണം. മുക്കാൽ ഇഞ്ചിന്റെ മെറ്റൽ 15 രൂപയുണ്ടായിരുന്നത് ഇപ്പോൾ ഇരട്ടിയലധികം വർദ്ധിച്ച് 32 രൂപയായി. എല്ലാ സാധനങ്ങളുടെയും വില അതുപോലെ തന്നെയാണ്. എം-സാൻഡിന്റെ വില 24 രൂപയായിരുന്നത് ഇപ്പോൾ 52 രൂപയാണ്. പി-സാൻഡിന്റെ വില നേരത്തെ 29 രൂപയായിരുന്നത് ഇപ്പോൾ ഒറ്റയടിക്ക് 72 രൂപയായി വർദ്ധിച്ചു. സാധാരണക്കാരായ ആളുകൾ അവരുടെ വീട് നിർമ്മാണത്തിനുവേണ്ടി സമീപിക്കുമ്പോൾ ഞാൻ ഈ പറഞ്ഞ വർദ്ധിച്ച വിലയേക്കാൾ 10 ശതമാനവും 20 ശതമാനവും കൂടുതൽ കൊടുക്കണം. കാരണം വലിയ നിർമ്മാതാക്കളാണ് ബൾക്കായി ഇത്രയും സാധനങ്ങൾ വാങ്ങുന്നത്. അഞ്ഞൂറോ ആയിരമോ സ്ക്വയർ ഫീറ്റുള്ള ഒരു വീടിന്റെ നിർമ്മാണത്തിനുവേണ്ടി സാധാരണക്കാരൻ പോയാൽ കഴിഞ്ഞവർഷം ജനുവരിയിലുണ്ടായിരുന്ന വിലയുടെ മൂന്നിരട്ടി വില ഈ വർഷം കൊടുക്കേണ്ടിവരും.

കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ തൊഴിൽ- സാമ്പത്തിക മേഖല നിർമ്മാണ പ്രവർത്തന മേഖലയാണ്. ആ തൊഴിലവസരങ്ങൾ ഇപ്പോൾ കാര്യമായി കുറഞ്ഞുതുടങ്ങി. ഒരു കാര്യം നമ്മൾ മനസ്സിലാക്കേണ്ടത് ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം നടന്നാൽ അതിൽ 40 ലക്ഷം രൂപ അതായത് 40 ശതമാനത്തോളം രൂപ മിനിമം ലേബർ ചാർജ് ഇനത്തിലാണ് പോകുന്നത്. ഈ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ വലിയതോതിൽ പണം ഇവിടെ എക്സ്ചേഞ്ച് ചെയ്യപ്പെടുകയാണ്. സാധാരണക്കാരന്റെ വീട്ടിലെ തീ പുകയ്ക്കാൻ വേണ്ടിയാണ് ഈ നിർമ്മാണ മേഖലയിൽ നിന്നുള്ള പണത്തിന്റെ 40 ശതമാനം മുതൽ 50 ശതമാനംവരെ പോകുന്നത്. ഏറ്റവും സാധാരണക്കാരായ തൊഴിലാളികൾക്കാണ് ഈ പണത്തിന്റെ ഗുണം കിട്ടുന്നത്. അതുകൊണ്ടുതന്നെ അവരുടെ പർച്ചേസിംഗ് പവർ വർദ്ധിക്കുകയാണ്. 1999-2000 കാലഘട്ടത്തിലാണ് നിർമ്മാണ മേഖലയിൽ സ്തംഭനമുണ്ടായിരുന്നത്. ടി. ശിവദാസ മേനോൻ സംസ്ഥാനത്തിന്റെ ധനകാര്യ മന്ത്രിയായിരിക്കുന്ന കാലത്ത് നിർമ്മാണ മേഖലയിലുണ്ടായ സ്തംഭനം നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പോലും ഗൗരവമായി ബാധിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകുമ്പോൾ അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായ നിർമ്മാണ സാമഗ്രികൾക്ക് യാതൊരു നിയന്ത്രണവുമില്ലാതെ വില വർദ്ധിക്കുന്നത് സംസ്ഥാനത്തെ വളരെ പ്രതികൂലമായി ബാധിക്കും. വീടുനിർമ്മാണം ഇന്ന് കേരളത്തിലെ ഏറ്റവും വലിയ വെല്ലുവിളിയാണ്. ആ വെല്ലുവിളി നേരിടുന്നതിന് പദ്ധതികൾ പ്രഖ്യാപിക്കാൻ, അതിന്റെ പരിപാടികൾ തുടങ്ങാൻ പോകുന്നതേയുള്ളൂ. സർക്കാരിന്റെ നിലവിലുള്ള ഭവനനിർമ്മാണ പദ്ധതികൾ പോലും നടത്താൻ കഴിയാതെ എല്ലാ കെട്ടിടങ്ങളും ഇൻകംപ്ലീറ്റായി തീരുന്ന സ്ഥിതി വരും. സ്വന്തമായി ഒരു ഭവനം എന്നുള്ള സ്വപ്നം പണമുള്ള ആളുകൾക്കുമാത്രം അവകാശപ്പെട്ടതായി മാറുകയാണ്. അതുകൊണ്ട് നിർമ്മാണ സാമഗ്രികളുടെ അനധികൃതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സർക്കാരിന് ഏതെല്ലാം തരത്തിൽ ഇടപെടാൻ കഴിയുമോ ആ തരത്തിലെല്ലാം ഇടപെടണമെന്നാണ് എന്റെ അഭ്യർത്ഥന.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ക്വാറി ഉല്പന്നങ്ങൾ, മണൽ, ഇഷ്ടിക എന്നിവയുടെ ലഭ്യതക്കുറവ് വില വർദ്ധനവിന് കാരണമായിട്ടുണ്ട്. അതിൽ പ്രത്യേകിച്ച് കരിങ്കല്ലിന്റെ ഉല്പാദനം കുറഞ്ഞ സാഹചര്യം വന്നപ്പോൾ മെറ്റലിനും എം-സാൻഡിനും വില വർദ്ധിച്ചു. ഇത് അനിയന്ത്രിതമായ ഉല്പാദനച്ചെലവുമായി ബന്ധപ്പെട്ടതൊന്നുമല്ല. വൻകിടക്കാർ വില വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഓരോ ജില്ലയിലും വില വ്യത്യസ്തമാണ്. ഇവയുടെ ലഭ്യത

വർദ്ധിപ്പിക്കാൻവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാകുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉല്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്.

കേരളത്തിൽ 2-12-2016-ന് മുമ്പ് 2500-ഓളം കരിങ്കൽ ക്വാറികളാണ് പ്രവർത്തിച്ചിരുന്നത്. കേരളത്തിൽ ഇപ്പോൾ 600-ഓളം കരിങ്കൽ ക്വാറികളാണ് പ്രവർത്തിക്കുന്നത്. 5 ഹെക്ടറോ അതിനുതാഴെ വിസ്തീർണ്ണമോ ഉള്ള ക്വാറികൾക്ക് ജില്ലാ കളക്ടർമാർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റിയിൽ നിന്നും 5 ഹെക്ടറിന് മുകളിൽ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സെസ്മെന്റ് അതോറിറ്റിയിൽ നിന്നും പാരിസ്ഥിതികാനുമതി കരസ്ഥമാക്കേണ്ടതാണ്. ഈ അതോറിറ്റികളുടെ പ്രവർത്തനം ദ്രുതഗതിയിലാക്കി പാരിസ്ഥിതികാനുമതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു ഹെക്ടറിന് താഴെയുള്ള ചെറുകിട ക്വാറികളുടെ ശാസ്ത്രീയ ഖനനത്തിന് പ്രധാനപ്പെട്ട വിഷയമായിരുന്ന മൈനിംഗ് പ്ലാൻ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. അതുപോലെതന്നെ ക്വാറികൾക്കു പുറമേയുള്ള അതിർത്തിയിൽ നിന്നുള്ള ദൂരം, റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ എന്നിവ ചെറുകിട ക്വാറികൾക്ക് പ്രവർത്തിക്കാൻ തടസ്സമായി നിൽക്കുന്ന ദൂരപരിധിയുണ്ടെന്നുള്ളതു കൊണ്ട് അത് 50 മീറ്ററായി കുറവ് ചെയ്യാനും ഇതിന്റെ ഭാഗമായി ചെറുകിട ഉല്പാദകരെ നിയമവിധേയമായി സംരക്ഷിക്കാനുമാണ് അത്തരമൊരു നടപടി സ്വീകരിച്ചത്. അതുപോലെതന്നെ പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മൂന്നുതവണ ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. ആ നിർദ്ദേശങ്ങളുടെ ഭാഗമായിട്ടുള്ള നടപടികൾ ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുകയാണ്. വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും ക്വാറി ഖനനവുമായി ബന്ധപ്പെട്ട മേഖലയിലെ പ്രയാസങ്ങൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ക്രഷർ ഉടമകളുടെ/വൻകിടക്കാരുടെ ജില്ലാതല യോഗം വിളിച്ചുചേർക്കാൻ കളക്ടർമാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വില നിയന്ത്രിക്കണം. അനിയന്ത്രിതമായി വില വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ അത് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള തീരുമാനമെടുത്ത ആ യോഗങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. പരിസ്ഥിതികാനുമതിക്കായി ലഭിച്ച അപേക്ഷകളിൽ ചിലത് കാലതാമസമുണ്ടാകുന്നുവെന്നുള്ളത് ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഡിസ്ട്രിക്ട് എൻവയോൺമെന്റ് അപ്രൈസൽ കമ്മിറ്റി സ്ഥലപരിശോധന നടത്തി ശിപാർശ

ലഭിച്ചിട്ടുള്ള അപേക്ഷകൾ കുറച്ചുണ്ടെന്ന് കണ്ടിട്ടുണ്ട്. 20 ദിവസത്തിനുള്ളിൽ തന്നെ അതിന്മേൽ തീരുമാനമെടുത്ത് നിയമവിധേയമായി അനുമതി കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇതിനിടയിൽ സിമന്റ് ഉല്പാദകരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും രണ്ട് തവണ വിളിച്ചിരുന്നു. സിമന്റ് കമ്പനികളുടെ പ്രതിനിധികളോട് കേരളത്തിലുണ്ടായിരിക്കുന്ന ഈ പ്രത്യേക അനിയന്ത്രിത വില വർദ്ധനവിനെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. അവർ പോസിറ്റീവായിട്ടാണ് പ്രതികരിച്ചിട്ടുള്ളത്. നടപടികളിലേയ്ക്ക് പോകേണ്ടിവരും. 2017 ഓഗസ്റ്റ് മാസത്തിൽ സിമന്റിന് 400 രൂപയുണ്ടായിരുന്നത് ഇപ്പോൾ ആവറേജ് 391 രൂപ എന്ന ക്രമത്തിലാണ് വിലയുള്ളത്. പക്ഷെ കമ്പിയുടെ വിലയിൽ രണ്ട് മാസമായി വർദ്ധനവുണ്ടായിട്ടുണ്ട്. അതുപോലെതന്നെ പാവപ്പെട്ടവർക്ക് വീടുവയ്ക്കാനുള്ള 'ലൈഫ് പദ്ധതി'യുടെ കാര്യത്തിലും മുഖ്യമന്ത്രി തന്നെ ഇടപെട്ട് അവരോട് പ്രത്യേക പാക്കേജിന്റെ ഭാഗമായി തമിഴ്നാട്ടിലൊക്കെ ചെയ്യുന്നതുപോലെ സിമന്റ് തരണമെന്നുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അതിലും സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. മലബാർ സിമന്റ്സും ട്രാവൻകൂർ സിമന്റ്സും ജൂൺ മാസത്തിനുശേഷം ഉല്പാദിപ്പിക്കുന്ന സിമന്റിന് വില വർദ്ധിപ്പിച്ചിട്ടില്ല; വില കുറച്ചുകൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഡാമുകളിൽ നിന്നും മണൽ സംഭരിക്കുന്നതിനുള്ള നടപടികളും സർക്കാർ സജീവമായി പരിഗണിക്കുന്നുണ്ട്. മണലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി അന്യ സംസ്ഥാനത്തുനിന്നും രാജ്യത്തിന് പുറത്തുനിന്നും മണൽ കൊണ്ടു വരുന്നതിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമോ 2015-ലെ കേരള മിനറൽസ് ചട്ടങ്ങൾ പ്രകാരമോ നിലവിൽ തടസ്സങ്ങളൊന്നുമില്ല. വിദേശത്തുനിന്നും ഉൾപ്പെടെ മണൽ കൊണ്ടുവരുന്ന രണ്ട് കമ്പനികൾ ഇപ്പോൾ കപ്പൽ വഴി മണൽ കൊണ്ടുവന്നിട്ടുണ്ട്. അതുൾപ്പെടെ ഗുണനിലവാരമുള്ള മണൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെയുമെല്ലാം യോഗം വിളിച്ച് ആവശ്യമായ തീരുമാനമെടുത്തിട്ടുണ്ട്.

ഓട് നിർമ്മാണ മേഖലയിൽ ചില പ്രശ്നങ്ങളുണ്ട്. കളിമണ്ണ് നിക്ഷേപത്തിന്റെ ഭൂരിഭാഗവും നെൽവയലുകളിലാണ് വരുന്നത്. കളിമണ്ണ് ഖനനവുമായി ബന്ധപ്പെട്ടുവരുന്ന പ്രശ്നമുണ്ട്. നെൽവയൽ തണ്ണീർത്തട നിയമം നമുക്ക് ലംഘിക്കാനാകില്ല. 2008-ലെ നെൽവയൽ തണ്ണീർത്തട നിയമം വരുന്നതിനു മുമ്പുള്ള കര ഭൂമിയിൽ നിന്ന് ഓട് നിർമ്മാണത്തിനാവശ്യമായ മണ്ണെടുക്കുന്നതിനു വേണ്ട പഠനം നടത്തുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. തൃശ്ശൂർ ജില്ലയിൽ അതിന്റെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിന്റെ

അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓട് വ്യവസായവുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രധാനപ്പെട്ട ജില്ലകളിൽ (കോഴിക്കോട്, മലപ്പുറം) പഠനം നടത്തി അടിയന്തര റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത്തരം മേഖലകളിൽ നിയമവിധേയമായി ഓട് വ്യവസായത്തെ സംരക്ഷിക്കാനുള്ള നിർമ്മാണ വസ്തുവാണ് ഓടും ഇഷ്ടികയും എന്നുള്ളതുകൊണ്ട് അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കളിമൺ ഖനനത്തിന് അനുമതി നൽകുന്നതിന് അപ്രൈസൽ കമ്മിറ്റി പരിശോധിച്ചാലും വീണ്ടും കളക്ടർക്ക് നിരാക്ഷേപ പത്രം സമർപ്പിക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. ആ വ്യവസ്ഥ ചട്ടങ്ങളിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. 2 മീറ്റർ വരെ ആഴത്തിൽ കളിമണ്ണ് എടുക്കുന്നതിനുള്ള ചട്ടങ്ങളിൽ ലഘൂകരണം വരുത്തിയിട്ടുണ്ട്. കളിമൺ വ്യവസായവുമായി ബന്ധപ്പെട്ട് നിർമ്മാണ മേഖലയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലാറ്ററൈറ്റ് ഖനനവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉണ്ടായിരുന്നു. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് ഖനനം ചെയ്യുന്നതിന് പാരിസ്ഥിതികാഘാത നിർണ്ണയത്തിൽ ഇളവുകൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ ജനസാന്ദ്രതയും മറ്റുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഇത്തരം ഖനനത്തിനുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിശോധിക്കാതെ നമുക്ക് മുന്നോട്ടുപോകാനാകില്ല. നിയമ വിധേയമായി ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനുള്ള അടിയന്തര നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തീർച്ചയായും ഈ നടപടിക്രമങ്ങൾ പൂർത്തീകരിക്കുമ്പോൾ പ്രശ്നങ്ങൾക്ക് ഒരളവോളം പരിഹാരം കാണാൻ കഴിയുമെന്ന് വിചാരിക്കുന്നു. നിർമ്മാണ വസ്തുക്കളുടെ ലഭ്യത നിയമപരമായി ഉറപ്പുവരുത്താനും വിലവർദ്ധനവ് നിയന്ത്രിക്കാനും സർക്കാർ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, കമ്പിയുടെ വില നിയന്ത്രിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റിന് പരിമിതികളുണ്ട്. കമ്പി, സിമെന്റ് എന്നിവയുടെ വില വർദ്ധനവിനെക്കുറിച്ച് സംസാരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചു ചേർത്തതിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ സിമെന്റിന്റെ വില ഒന്നുകൂടി ഗവൺമെന്റ് ശ്രദ്ധിക്കണം. ഇന്ത്യയിലെ എല്ലാ സിമെന്റ് കമ്പനികളും എന്തുകൊണ്ട് മറ്റു സംസ്ഥാനങ്ങളേക്കാൾ കൂടുതൽ വില കേരളത്തിൽ നിന്നും ഈടാക്കുന്നുവെന്ന കാര്യം പരിശോധിക്കേണ്ടതാണ്. കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 2600 ക്വാറികളിൽ പകുതിയിലേറെ അനധികൃത ക്വാറികളാണ്. ആ ക്വാറികൾ പ്രവർത്തിച്ചാൽ സംസ്ഥാനത്തെ പാരിസ്ഥിതിക സംവിധാനങ്ങൾ ദുർബ്ബലപ്പെടും. ഓരോരുത്തർക്കും ഒന്നുമുതൽ പത്തുവരെ ക്വാറികളാണുള്ളത്. ക്വാറികൾക്ക്

നിയന്ത്രണം ഏർപ്പെടുത്തിയതോടുകൂടി പല ക്വാറി ഉടമകളും ചേർന്ന് ഗൂഢാലോചന നടത്തി മനഃപൂർവ്വം ക്വാറി ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുകയാണ്. കൃത്രിമമായി ഉണ്ടാക്കുന്ന വിലയാണ്. ആ വിലയെ നിയന്ത്രിക്കാൻ, പാരിസ്ഥിതിക സംവിധാനങ്ങൾക്ക് യാതൊരുവിധ കുഴപ്പങ്ങളുമുണ്ടാകാതെ നിലവിലുള്ള ക്വാറികളിലെ ഉൽപ്പന്നങ്ങൾക്ക് അനധികൃതമായി, കൃത്രിമമായി ഉണ്ടാക്കുന്ന വില നിയന്ത്രിക്കാൻ സർക്കാർ ശക്തമായി ഇടപെടുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: തീർച്ചയായും. ഞാൻ നേരത്തെ തന്നെ സൂചിപ്പിച്ചിരുന്നു, ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച വിഷയത്തിൽ കളക്ടർമാരെ പ്രത്യേകം ചുമതലപ്പെടുത്തി ഓരോ ജില്ലകളിലും യോഗം വിളിക്കുകയാണ്. കഴിഞ്ഞ ആറു മാസക്കാലം ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള വില വർദ്ധനവിനെ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന്റെ കയ്യിലുണ്ട്. ലഭ്യതക്കുറവിന്റെ ഭാഗമായി അനധികൃതമായിട്ടാണ് ചിലർ വില വർദ്ധിപ്പിച്ചിരിക്കുന്നതെന്ന് നമുക്കറിയാം. അക്കാര്യത്തിൽ ഇടപെടുകയും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുകയും ചെയ്യും. അനധികൃതമായ ക്വാറികൾ പ്രവർത്തിപ്പിക്കണമെന്നല്ല, നിയമവിധേയമായി പാരിസ്ഥിതികാഘാതമില്ലാതെ പ്രവർത്തിപ്പിക്കാൻ കഴിയുന്ന വയെക്കൂടി നമുക്ക് പ്രയോജനപ്പെടുത്തണമെന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അനധികൃത ഖനനത്തിന് സർക്കാർ പ്രോത്സാഹനം നൽകുന്നില്ല. വില നിയന്ത്രിക്കാൻ കളക്ടർമാരെ ചുമതലപ്പെടുത്തി അടിയന്തര യോഗങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

## V സബ്മിഷൻ

### 1. അടിസ്ഥാന സൗകര്യം

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ദ്വീപ് സമൂഹങ്ങളുടെ വികസനത്തിനും പുരോഗതിക്കുംവേണ്ടി അടിസ്ഥാനപരമായി ലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ച പ്രധാനപ്പെട്ട ഗവൺമെന്റ് ഏജൻസിയാണ് GIDA (Goshree Islands Development Authority). GIDA-യുടെ മേൽനോട്ടത്തിൽ നടന്നുവരുന്ന നിരവധി വികസന പ്രവർത്തനങ്ങൾക്ക് ഉദ്യോഗസ്ഥതലത്തിൽ പ്രയാസങ്ങളും തടസ്സങ്ങളും നേരിടുന്നുണ്ട്. അതുകൊണ്ട് GIDA-യുടെ കൗൺസിൽ എത്രയും പെട്ടെന്ന് വിളിച്ചുചേർക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണം. കൊച്ചി നഗരത്തിലേയ്ക്കുള്ള വികസനത്തിന്റെ ഒരു പാതയാണ്, വിശേഷിച്ചും ഉത്തര കേരളത്തിൽ നിന്നും വരുന്ന ജനങ്ങൾക്ക് പറവൂരിൽ നിന്നും പതിനഞ്ചോ ഇരുപതോ മിനിറ്റുകൊണ്ട് കൊച്ചിയിലേയ്ക്ക് പ്രവേശിക്കാവുന്ന എളുപ്പവഴിയാണ് ദ്വീപ് സമൂഹമായ കടമക്കുടിയിലൂടെ കടന്നുപോകുന്ന ചാത്തനാട്-

കടമക്കുടി, കടമക്കുടി-പിഴല, പിഴല-മൂലമ്പള്ളി. അതിൽ ചാത്തനാട്ടും പിഴലയിലും പാലത്തിന്റെ പണി പൂർത്തീകരിച്ചിരിക്കുകയാണ്. അതിന്റെ അപ്രോച്ച് റോഡിനും റോഡ് വികസനത്തിനുമായി ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞിട്ടില്ല. അത് വളരെ മന്ദഗതിയിലാണ് ഇപ്പോൾ നടക്കുന്നത്. എം.എൽ.എ.-മാർ എന്ന നിലയിൽ ഇനിഷ്യേറ്റീവ് എടുത്ത് ചില ചർച്ചകളൊക്കെ നടത്തിയെങ്കിലും ഗവൺമെന്റ് തലത്തിൽ ഫൈനൽ ഡിസിഷൻ ആകുമ്പോഴാണ് അതിന് അംഗീകാരം ലഭിക്കുന്നത്. ചാത്തനാട് - പിഴല - കടമക്കുടി, കടമക്കുടി -പിഴല, പിഴല-മൂലമ്പിള്ളി എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ജനറൽ കൗൺസിൽ പുനഃസംഘടിപ്പിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. അത് പുന:സംഘടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അടിസ്ഥാന സൗകര്യങ്ങൾ താരതമ്യേന കുറഞ്ഞ കടമക്കുടി ദ്വീപിനെ എറണാകുളം മെയിൻ ലാന്റുമായി ബന്ധിപ്പിക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന മൂലമ്പിള്ളി - ചാത്തനാട് റോഡ് പ്രോജക്ട് രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കാൻ GIDA-യുടെ 28-ാമത് ജനറൽ കൗൺസിൽ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്തു. 17-7-2013-ലെ സർക്കാർ ഉത്തരവുപ്രകാരം പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടമായ മൂലമ്പിള്ളി-പിഴല പാലത്തിനാവശ്യമായ അനുമതികൾ നൽകിയിട്ടുണ്ട്. മൂലമ്പിള്ളി-പിഴല പാലത്തിന് പിഴല ദ്വീപുമായി ബന്ധിപ്പിക്കുന്ന കണക്റ്റിവിറ്റി പാലത്തിന്റെ ഭരണാനുമതി സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടമായ വലിയ കടമക്കുടി-ചാത്തനാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ജനറൽ കൗൺസിൽ രൂപീകരണത്തിനുശേഷം പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: പാലം പണി തീർന്നിട്ടില്ല. തെറ്റായ മറുപടിയാണ് നൽകിയിരിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: അത് പരിശോധിക്കാം.

## 2. മോഷണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മെഡിക്കൽ കോളേജിന് തറക്കല്ലിടുകയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ കോളേജിനാവശ്യമായ റോഡ് പ്രവൃത്തിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നിർവ്വഹിക്കുകയും ചെയ്തു. മെഡിക്കൽ കോളേജ് റോഡിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ ആ ഭൂമിയിൽ നിന്നും ലഭിക്കുന്ന മണ്ണും കല്ലും കടത്തുകയാണെന്ന് ഏതാനും മാസങ്ങൾക്കുമുമ്പ് ചില പത്രങ്ങളിൽ വാർത്ത വന്നു. അപ്പോൾ തന്നെ അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആരോഗ്യ വകുപ്പ് അതുസംബന്ധിച്ച് അന്വേഷണം നടത്തുമെന്ന് പറഞ്ഞതല്ലാതെ മറ്റു നടപടികളൊന്നും ഉണ്ടായിട്ടില്ല. ടി മെഡിക്കൽ കോളേജിന്റെ പ്രവൃത്തി ഇഴഞ്ഞുനീങ്ങുകയാണ്. മെഡിക്കൽ കോളേജിനുവേണ്ടി ഏതാണ്ട് 80 ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്. ആ 80 ഏക്കർ ഭൂമിയിൽ കൃഷി ചെയ്തിരുന്ന ഏതാണ്ട് 15 ലക്ഷത്തോളം വിലവരുന്ന കാപ്പി മോഷണം പോയി എന്ന വാർത്ത ഇക്കഴിഞ്ഞ ദിവസം പത്രങ്ങൾ റിപ്പോർട്ട് ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ റവന്യൂ വകുപ്പ് സ്പെഷ്യൽ ഓഫീസർ, പൊതുമരാമത്ത് വകുപ്പ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയപ്പോൾ അവർക്കൊന്നും ഇതിനെക്കുറിച്ച് അറിയില്ലെന്നാണ് പറയുന്നത്. റവന്യൂ വകുപ്പ് ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയ ഭൂമിയാണ് ഇതെന്നും ഇപ്പോൾ അവരാണ് പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്നതെന്നും കാപ്പി പറിച്ചത് ആരാണെന്ന് അന്വേഷിക്കാമെന്നുമാണ് ജില്ലാ കളക്ടർ പറഞ്ഞത്. ഇതുവരെ ഒരു അന്വേഷണവും നടന്നിട്ടില്ല. അതിനുശേഷം എം.എൽ.എ.മാർ എല്ലാവരും കൂടി ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് സ്പെഷ്യൽ ഓഫീസറുമായി ബന്ധപ്പെട്ടപ്പോൾ എനിക്ക് അറിയില്ല, ഞാൻ ഇതുവരെ അവിടെ വന്നിട്ടില്ലെന്നാണ് സ്പെഷ്യൽ ഓഫീസർ ഡോ. എം. കെ. ജയകുമാർ പറയുന്നത്. പൊതുമരാമത്ത് വകുപ്പ് ഈ ഭൂമി കെട്ടിടം നിർമ്മിക്കുന്നതിന് കൈമാറിയിട്ടുള്ളതാണ്. അവരാണ് അത് കൈകാര്യം ചെയ്യേണ്ടതെന്നാണ് പറയുന്നത്. ഞങ്ങൾ കാപ്പി പറിക്കാൻ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല, ബിൽഡിംഗ് നിർമ്മിക്കുന്നതിനുവേണ്ടിയാണ് സർക്കാർ ഞങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ളതെന്നാണ് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്. മെഡിക്കൽ കോളേജിന്റെ പ്രവൃത്തി ഇഴഞ്ഞുനീങ്ങുകയാണ്. വയനാട്ടുകാരുടെ ഒരു സ്വപ്നമാണ്. മെഡിക്കൽ കോളേജിന്റെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തര യോഗം വിളിച്ചുചേർക്കണമെന്നും അതോടൊപ്പം കല്ല്, മണ്ണ്, കാപ്പി ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ മോഷണം പോയതിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തണമെന്നും ഈ സബ്മിഷനിലൂടെ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വയനാട് മെഡിക്കൽ കോളേജിനുവേണ്ടിയുള്ള ആക്സസ് റോഡിന്റെ നിർമ്മാണത്തിന് 3 കോടി രൂപയുടെയും ആശുപത്രി കെട്ടിടത്തിന്റെ അടിസ്ഥാനസൗകര്യ നിർമ്മിതിക്കായി 41 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. 5-7-2016, 8-8-2016 തീയതികളിലെ ഉത്തരവുകൾ പ്രകാരം വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന മുഴുവൻ ഭൂമിയും പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ ഉത്തരവായിട്ടുണ്ട്. 23-11-2017-ലെ ഉത്തരവ് പ്രകാരം മെഡിക്കൽ കോളേജ് നിർമ്മാണത്തിന്റെ എസ്.പി.വി. ആയി INKEL-നെ ചുമതല പ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ നിർമ്മാണം ത്വരിതപ്പെടുത്തു ന്നതിലേയ്ക്കായി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സ്ഥലം എം.എൽ.എ., മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കൗൺസിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ആശുപത്രി കെട്ടിടം പണിയുന്നതിനുള്ള പ്രോജക്ട് എത്രയും പെട്ടന്ന് സമർപ്പിക്കണമെന്ന് ഇൻകെൽ ചീഫ് പ്രോജക്ട് എഞ്ചിനീയറോട് നിർദ്ദേശിച്ചു. മെഡിക്കൽ കോളേജിനുവേണ്ടി ഏറ്റെടുത്ത ഭൂമിയിലെ കാപ്പി, കവുങ്ങ് എന്നിവയിൽ നിന്നുള്ള ആദായങ്ങൾ അനധികൃതമായി പറിച്ച് കടത്തിയതിന് ജില്ലാ കളക്ടറുടെ പരാതിപ്രകാരം കമ്പളക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 30/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

## 3. കോടതി സമുച്ചയം

ശ്രീ. ആർ. രാമചന്ദ്രൻ: സർ, എന്റെ മണ്ഡലമായ കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയ നിർമ്മാണത്തിന് സ്ഥലം അനുവദിക്കണമെന്ന സബ്മിഷനാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. കരുനാഗപ്പള്ളി മുനിസിഫ്-മജിസ്ട്രേറ്റ് കോടതിയും മജിസ്ട്രേറ്റ് കോടതിയും പ്രവർത്തിക്കുന്നത് കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷനിലും സമീപകാലത്ത് ആരംഭിച്ച സബ്കോടതി, അഡീഷണൽ മജിസ്ട്രേറ്റ് കോടതി, കുടുംബ കോടതി എന്നിവ വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രസ്തുത കോടതികളിൽ രേഖകൾ സൂക്ഷിക്കുന്നതിനും ജീവനക്കാർക്ക് ഇരിക്കുന്നതിനും തൊണ്ടിമുതലുകൾ സൂക്ഷിക്കുന്നതിനുമുള്ള സൗകര്യക്കുറവ് കോടതിയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന അവസ്ഥയാണുള്ളത്. കോടതികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും പൊതുജനങ്ങൾക്കും അഭിഭാഷകർക്കും സൗകര്യപ്രദമായ നിലയിൽ കോടതികളിൽ എത്തി വ്യവഹാരങ്ങൾ നടത്തുന്നതിനും വേണ്ടി വിവിധ കോടതികൾ ഒരു സമുച്ചയത്തിൽ

സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പരമോന്നത കോടതികൾ നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ആയത് സംബന്ധിച്ച് നിയോജക മണ്ഡലത്തിലെ ജനപ്രതിനിധിയും അഭിഭാഷകരും പലപ്രാവശ്യം നിവേദനം സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ കോടതി സമുച്ചയ നിർമ്മാണം നടന്നിട്ടില്ലാത്ത അവസ്ഥയാണുള്ളത്. എന്നാൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള കരുനാഗപ്പള്ളി വില്ലേജിലെ ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ 562/11-ൽപ്പെട്ട സ്ഥലം കോടതി സമുച്ചയ നിർമ്മാണത്തിന് വിട്ടുനൽകുന്നതിന് ഇപ്പോൾ സമ്മതമാണെന്നിരിക്കെ, ആഭ്യന്തര വകുപ്പ് പ്രസ്തുത സ്ഥലം കോടതി സമുച്ചയ നിർമ്മാണത്തിനായി ആവശ്യപ്പെട്ടിരുന്നില്ലെന്ന കാരണത്താൽ കോടതി സമുച്ചയ നിർമ്മാണത്തിന് സ്ഥലം ലഭിച്ചിട്ടില്ലാത്തതാണ്. ഇതുകൂടാതെ കോടതിയുമായി ബന്ധപ്പെട്ട മറ്റൊരു വിഷയം കൂടി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അപകടം നടക്കുന്ന പ്രദേശങ്ങളിലൊന്ന് കരുനാഗപ്പള്ളിയാണ്. ഇവിടെ ഒരു മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ കോടതി പ്രവർത്തിക്കാത്തത് പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. ആയതിനാൽ മേൽ വിഷയങ്ങൾ ഗൗരവപൂർവ്വം പരിശോധിച്ച് കെ.ഐ.പി.-യുടെ അധീനതയിലുള്ള സ്ഥലത്ത് കോടതി സമുച്ചയ നിർമ്മാണത്തിനുവേണ്ടി സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും കരുനാഗപ്പള്ളിയിൽ എം.എ.സി.ടി. കോടതി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കരുനാഗപ്പള്ളിയിലെ വിവിധ കോടതികൾ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നതുകാരണം പൊതുജനങ്ങൾക്കും അഭിഭാഷകർക്കും മറ്റും ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള ഹൈക്കോടതി രജിസ്ട്രാറുടെ നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്. തഴവ ഗ്രാമ പഞ്ചായത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കൈവശമുള്ള 39.56 ആർ സ്ഥലം കരുനാഗപ്പള്ളി കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. കരുനാഗപ്പള്ളിയിൽ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും താൽക്കാലികമായി മാറ്റിവച്ചിരിക്കുകയുമാണ്.

സംസ്ഥാനത്ത് 30 ഗ്രാമന്യായാലയങ്ങൾ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കോടതികൾ സ്ഥാപിക്കുന്നതിനായുള്ള നിലവിലെ മുൻഗണനാ പട്ടികകൾ പുനഃപരിശോധിക്കുന്നതിനുള്ള ഹൈക്കോടതി രജിസ്ട്രാറിന്റെയും ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെയും അഭിപ്രായം ലഭ്യമാക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

### 4. കുടിവെള്ളം

ശ്രീ. എ. എം. ആരിഫ്: സർ, ജിക്കയുടെ ഗാർഹിക കണക്ഷൻ എടുത്ത സംസ്ഥാനത്തെമ്പാടുമുള്ള ബി.പി.എൽ. വിഭാഗങ്ങൾക്ക് കുടിവെള്ളം സൗജന്യമായി നൽകിവരുന്നു. എന്നാൽ ഈ ആനുകൂല്യം തുടരണമെങ്കിൽ വർഷാവർഷം അപേക്ഷ നൽകി പുതുക്കണം. ഇതിന് തെളിവായി ഹാജരാക്കേണ്ടത് റേഷൻ കാർഡാണ്. എന്നാൽ ഈ വർഷം റേഷൻ കാർഡിന്റെ കാര്യത്തിൽ മുൻഗണനാപട്ടിക/എ.പി.എൽ./ബി.പി.എൽ. തുടങ്ങിയ തരം തിരിവ് പൂർത്തിയായിട്ടില്ല. ഇതുസംബന്ധിച്ച നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. ഇതിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് പുതിയ കാർഡിനുള്ള അപേക്ഷ നൽകാനുള്ള തീയതി മാർച്ച് 31 വരെ നീട്ടിയിട്ടുണ്ട്. റേഷൻ കാർഡ് വിതരണം പൂർത്തീകരിക്കുന്നതുവരെ, 2017-ൽ ഈ ആനുകൂല്യം ലഭിച്ച എല്ലാ ഉപഭോക്താക്കൾക്കും തുടർന്നും ലഭ്യമാകുന്നതിന് ഉത്തരവ് നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അപേക്ഷ നൽകണമെന്ന് നിർബന്ധമുണ്ടെങ്കിൽ പുതുക്കുന്നതിനുള്ള അപേക്ഷ നൽകുന്ന അവസാന തീയതി ജനുവരി 31 ആയിരുന്നു. അത് മാർച്ച് 31 വരെ നീട്ടുന്നതിനുള്ള ഉത്തരവ് നൽകി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 15 കിലോലിറ്റർ വരെ കുടിവെള്ളം സൗജന്യമായാണ് വാട്ടർ അതോറിറ്റി ലഭ്യമാക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് എല്ലാ വർഷവും ജനുവരി 30-ാം തീയതിക്കുമുമ്പ് അപേക്ഷ പുതുക്കി നൽകേണ്ടതുണ്ടെന്നാണ്. ഇപ്പോൾ റേഷൻ കാർഡ് മുൻഗണനാ/മുൻഗണനേതര എന്നിങ്ങനെ തരംതിരിക്കുന്നതിന്റെ നടപടിക്രമം സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് പ്രയാസം നേരിടുന്നതായി ബഹുമാനപ്പെട്ട അംഗം നോട്ടീസ് തന്നതിന്റെ അടിസ്ഥാനത്തിൽ ജനുവരി 30 എന്നത് നീട്ടി ഫെബ്രുവരി 28 വരെ ആക്കിയിട്ടുണ്ട്. അതിനിടയിൽ പ്രശ്നം തീരണമെന്നില്ല. ആനുകൂല്യം ലഭിക്കാൻ ഇനിയും സമയം നീട്ടിക്കൊടുക്കേണ്ടതുണ്ടെങ്കിൽ തീർച്ചയായും നീട്ടിക്കൊടുത്ത് ആനുകൂല്യം തുടർന്നും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

## 5. കുടിവെള്ള പൈപ്പ് മാറ്റി സ്ഥാപിക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പൈപ്പുലൈനുകൾ കാലഹരണപ്പെട്ടതും പൊട്ടിപ്പോകുന്നതും കാരണം ശുദ്ധജല വിതരണം മുടങ്ങുന്നത് പ്രധാനപ്പെട്ട ഒരു പ്രതിസന്ധിയാണ്. ഈ വിഷയം നിവേദനങ്ങളിലൂടെ അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ടെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ സബ്മിഷ നിലൂടെയെങ്കിലും അതിനൊരു പരിഹാരമുണ്ടാകുമെന്ന പ്രതീക്ഷയോടെയാണ് ഈ വിഷയം അവതരിപ്പിക്കുന്നത്. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള തുക ലഭ്യമാക്കണമെന്നുള്ളതാണ് ഒരു വിഷയം. അതോടൊപ്പം കുടിവെള്ള ടാങ്കുകളിൽ പലതും ശുചീകരണത്തിന്റെ അഭാവംമൂലം പലരീതിയിലുള്ള ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട ഓഫീസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ മാരുടേതുൾപ്പെടെ ധാരാളം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി. തോമസ്): സർ, പിറവം നിയോജകമണ്ഡലത്തിലെ തിരുമാറാടി പഞ്ചായത്തിൽപ്പെട്ട കളപ്പാറ വാട്ടർ ടാങ്കിൽ നിന്നുള്ള കാലഹരണപ്പെട്ട ഏഴര കിലോമീറ്റർ കുടിവെള്ള വിതരണ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാൻ 56 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. കക്കാട് ജലശുദ്ധീകരണശാലയിൽ നിന്ന് പാഴൂർ സമ്പിലേയ്ക്കുള്ള 2650 മീറ്റർ എ.സി. ഗ്രാവിറ്റി മെയിൻ പൈപ്പ്ലൈൻ മാറ്റി പകരം DI K9 (Ductile Iron Pipes K9) പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രൊപ്പോസലും കക്കാട് ജല ശുദ്ധീകരണശാലയിൽനിന്ന് പിറവം ഹോസ്പിറ്റൽ ജംഗ്ഷൻ വരെയുള്ള എ.സി. പൈപ്പ് മാറ്റി 3350 മീറ്റർ DI K9 (Ductile Iron Pipes K9) പൈപ്പുകൾ സ്ഥാപിക്കുന്ന പ്രൊപ്പോസലും 2016-17 പുതുക്കിയ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി യഥാക്രമം 155 ലക്ഷം രൂപയുടെയും 250 ലക്ഷം രൂപയുടെയും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. മേൽ പ്രൊപ്പോസലുകൾ ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. രാമമംഗലം കുടിവെള്ള പദ്ധതി 1994-ലാണ് പ്രവർത്തനം ആരംഭിച്ചത്. ഈ പദ്ധതിയുടെ ഭാഗമായി 2.45 MLD ശേഷിയുള്ള സ്ലോ സാൻഡ് ഫിൽറ്റർ മെതിപാറയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിലുള്ള ഫിൽറ്റർ ബെഡിലൂടെ അരിച്ചുവരുന്ന വെള്ളത്തിന്റെ അളവ് കുറയുമ്പോഴാണ് ബെഡ് വൃത്തിയാക്കുന്നത്. 18-2-2016-ലാണ് ഫിൽട്ടർ ബെഡിന്റെ ശുചീകരണ പ്രവൃത്തികൾ അവസാനമായി

നടത്തിയത്. അതിനുശേഷം ഫിൽട്ടറിലൂടെ കടന്നുവരുന്ന വെള്ളത്തിന്റെ അളവിൽ കുറവ് വന്നിട്ടില്ല. ഫിൽറ്റർ ബെഡ് വൃത്തിയാക്കുമ്പോൾ ഓരോ തവണയും മേൽ മണ്ണ് നീക്കം ചെയ്യുകയാണ് പതിവ്. ഇത്തരത്തിൽ മേൽമണ്ണ് പല തവണ നീക്കം ചെയ്തതിനാൽ ബെഡിലെ മണലിന്റെ അളവ് കുറഞ്ഞിട്ടുണ്ട്. ഇതും ശുദ്ധീകരണ പ്രക്രിയയെ ചെറിയ തോതിൽ ബാധിച്ചിട്ടുണ്ട്. അടിയന്തര നടപടി എന്ന നിലയിൽ മെതിപാറ ഫിൽട്ടർ ടാങ്ക് വൃത്തിയാക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ഇതിനാവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ താമസംവിനാ നടത്തുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച എ.ഇ.-മാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്ന വിഷയത്തിൽ പി.എസ്.സി.-യിൽ നിന്നും ആദ്യഗഡുവായി കിട്ടിയ എ.ഇ.-മാരെയെല്ലാം വിന്യസിച്ചുകഴിഞ്ഞു. അടുത്ത ലിസ്റ്റിൽ നിന്നുള്ളവരെ ഉടൻതന്നെ വിന്യസിക്കുന്നതാണ്. അവർക്കുള്ള ഇൻഡക്ഷൻ കോഴ്സ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

## 6. ചേരാമംഗലം ജലസേചന പദ്ധതി

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ചേരാമംഗലം ജലസേചന പദ്ധതിയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന ആലത്തൂർ, തരൂർ അസംബ്ലി മണ്ഡലങ്ങളിലെ നാല് പഞ്ചായത്തുകളിലെ 2132 നെൽകർഷകരുടെ കണ്ണീരൊപ്പുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 1220 ഹെക്ടർ നെൽകൃഷി തുടർച്ചയായി ഈ പ്രദേശത്ത് നശിച്ചുകൊണ്ടിരിക്കുകയാണ്. 1951-ൽ കമ്മീഷൻ ചെയ്ത ഈ പദ്ധതിയിലേയ്ക്ക് 1974-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം മലമ്പുഴ ഡാമിൽ നിന്നും ലഭ്യമാക്കേണ്ട 12 മില്യൺ ക്യൂബിക് മീറ്റർ ജലം ഒരിക്കലും ലഭ്യമാക്കാൻ തയ്യാറായിട്ടില്ല. മലമ്പുഴ പദ്ധതി ആയക്കെട്ടിന്റെ ഭാഗമായി ചേരാമംഗലം പദ്ധതിയെ ഉൾപ്പെടുത്തിയിട്ടില്ല എന്ന സാങ്കേതികത്വം പറഞ്ഞ് ടേൺ ഷെഡ്യൂൾ പോലും നിയമാനുസൃതം തയ്യാറാക്കിയിട്ടില്ലെന്നാണ് അറിയുന്നത്. പതിറ്റാണ്ടുകളായി ഈ പദ്ധതിക്ക് മെയിന്റനൻസ് നടത്തുന്നതിനുള്ള ഫണ്ടും വകുപ്പ് അനുവദിച്ചിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള 58 സ്ലൂയിസ്സുകളിൽ 5 എണ്ണമൊഴികെ മറ്റെല്ലാം പ്രവർത്തനരഹിതമായി കിടക്കുകയാണ്. മലമ്പുഴ എൽ.ഡി.സി. കനാലിൽ നിന്നും ചേരാമംഗലം ആയക്കെട്ടിലേയ്ക്ക് നൽകുന്ന ജലത്തിന്റെ അളവ് കണക്കാക്കാൻ സംവിധാനവുമില്ല. ആകെ കുത്തഴിഞ്ഞുകിടക്കുന്ന ഈ പദ്ധതി പ്രവർത്തനക്ഷമമാക്കാൻ ടേൺ ഷെഡ്യൂൾ നിർണ്ണയിക്കണം. ജലവിതരണത്തിന്റെ അളവ് കണക്കാക്കാൻ V-Notch സ്ഥാപിക്കണം. അടിയന്തര അറ്റകുറ്റപ്പണിക്കായി ഇപ്പോഴും സമർപ്പിച്ചിട്ടുള്ള 2 കോടി രൂപയുടെ എസ്റ്റിമേറ്റിന് അടിയന്തരമായി അംഗീകാരം നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 1951-ൽ പ്രവർത്തനം തുടങ്ങിയ ചേരാമംഗലം പദ്ധതി പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ മേലാർക്കാട്, ആലത്തൂർ, കാവശ്ശേരി എന്നീ പഞ്ചായത്തുകളിലായി 1180 ഹെക്ടർ സ്ഥലത്ത് ജലവിതരണം നടത്തിവരുന്നതാണ്. രണ്ടാം വിളയ്ക്കാണ് ചേരാമംഗലം പദ്ധതിയിലെ വെള്ളം കൃഷിക്കാർക്ക് നൽകുന്നത്. അണയിൽ സൂക്ഷിച്ചിരിക്കുന്ന വെള്ളമാണ് ആദ്യം കർഷകർക്ക് നൽകുന്നത്. അതിനുശേഷം മലമ്പുഴയിൽ നിന്നും ലഭിക്കുന്ന വെള്ളം ടേൺ പ്രകാരം കർഷകർക്ക് നൽകാനാണ് പദ്ധതി. നിലവിലുള്ള ടേൺ സിസ്റ്റമനുസരിച്ച് ആദ്യം ഇരകുളം, വടക്കേത്തറ ബ്രാഞ്ച് കനാൽ, 16 എ ബ്രാഞ്ച് കനാൽ എന്നിങ്ങനെയാണ് ജലവിതരണം നടത്തപ്പെടുന്നത്. കൂടാതെ ചേരാമംഗലം പദ്ധതി കാര്യക്ഷമമാക്കാൻ ചില നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒന്ന്, സമഗ്ര കാർഷിക വികസന പദ്ധതിയായ 'നിറ'-യിൽ ഉൾപ്പെടുത്തി ചെയ്യാനായി ചേരാമംഗലം പദ്ധതിയുടെ പ്രധാന കനാലുകളും ശാഖാ കനാലുകളും ഷട്ടറുകളും സ്ലൂയിസ്സുകളും പുതുക്കി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നൽകിയിട്ടുണ്ട്. ജലം നഷ്ടപ്പെടാതിരിക്കാൻ വേണ്ടി കനാലുകളിൽ ആവശ്യമായ സ്ഥലങ്ങളിലെല്ലാം പ്രവൃത്തികളുടെ പ്രൊപ്പോസലുകൾക്ക് അനുമതി നൽകുന്നതാണ്. 'നിറ' പദ്ധതിയുടെ ഭാഗമായി വിള ജല കലണ്ടർ രൂപീകരിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു. രണ്ടാമത്, മലമ്പുഴ അണക്കെട്ടിലെ ജലം മാത്രം ഉപയോഗിച്ച് പ്രവർത്തിക്കുന്നതല്ല ചേരാമംഗലം പദ്ധതി. ഇതിൽ ചിറ്റൂർപ്പുഴയുടെ ഉറവ വെള്ളവും ഗായത്രി പുഴയിലെ ഉറവ വെള്ളവും മലമ്പുഴയിൽ നിന്നുള്ള വെള്ളവും ഉപയോഗിക്കുന്നുണ്ട്. ചേരാമംഗലം പദ്ധതിക്ക് മലമ്പുഴ പദ്ധതിയുടെ ആർ.ബി.സി.-യിൽ നിന്നും ടേൺഷെഡ്യൂൾ അടിസ്ഥാനത്തിൽ 18 മില്യൺ ക്യൂബിക് മീറ്റർ ജലം ലഭ്യമാക്കാൻ കഴിയുമോ എന്നതിന് വിശദമായ പഠനം ആവശ്യമാണ്. ചേരാമംഗലം പദ്ധതിയിലെ പുഴയിലേയ്ക്ക് തുറക്കുന്ന ഷട്ടറുകളും മെയിൻ കനാലിനോട് ബന്ധപ്പെട്ട് വരുന്ന കേടായിക്കിടക്കുന്ന സ്ലൂയിസ്സുകളുടെ ഷട്ടറുകളും നന്നാക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ മെക്കാനിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതു പോലെ ചേരാമംഗലം ആയക്കെട്ടിലേയ്ക്ക് നൽകുന്ന ജലത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് പല്ലാവൂർ കനാലിൽ V-Notch സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 7. പുലിമുട്ട് നിർമ്മാണം

ശ്രീ. കെ. ദാസൻ: സർ, വടകര, കൊയിലാണ്ടി നിയോജകമണ്ഡലങ്ങളുടെ അതിർത്തിയിലൂടെ ഒഴുകുന്ന കുറ്റ്യാടിപ്പുഴ അറബിക്കടലിൽ പതിക്കുന്നത് വടകര സാൻഡ് ബാങ്കിനടുത്തുകൂടിയാണ്. പ്രസ്തുത അഴിമുഖത്തിന് തെക്കുവശത്ത് തീരം പൂർണ്ണമായും കടൽക്ഷോഭം കാരണം പുഴയിലേയ്ക്ക് തള്ളിവരികയും കുറ്റ്യാടിപ്പുഴയും കൈവഴിയായ കോട്ടപ്പുഴയും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയും ചെയ്തിരിക്കുകയാണ്. ഏകദേശം മൂന്ന് കിലോമീറ്ററിലധികം നീളവും അര കിലോമീറ്റർ വീതിയുമുള്ള കോട്ടപ്പുഴ ഒഴുക്കുനിലച്ച് മലിനമായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ രണ്ടുവർഷവും ജെ.സി.ബി. ഉപയോഗിച്ച് മണൽത്തിട്ട നീക്കം ചെയ്ത് ഒഴുക്ക് അൽപ്പമെങ്കിലും പുനഃസ്ഥാപിച്ചിരുന്നു. ഇപ്പോൾ അതിനുപോലും കഴിയാത്ത വിധം മണൽത്തിട്ട രൂപം കൊണ്ടിരിക്കുകയാണ്. കഴിഞ്ഞമാസം ഓഖിയുടെ ഭാഗമായുണ്ടായ കടൽക്ഷോഭമാണ് ഈ പ്രതിഭാസം രൂക്ഷമാക്കിയത്. ഒഴുക്ക് നിലച്ച് ജലം മലിനമായതോടെ രൂക്ഷഗന്ധം കാരണം കോട്ടപ്പുഴയുടെ ഇരുവശത്തുമുള്ള ജനജീവിതം ദുസ്സഹമാകുന്നു. ഉപ്പുവെള്ളം കെട്ടിക്കിടക്കുന്നത് കാരണം പുഴയുടെ ഇരുവശത്തുമുള്ള കിണറുകളും മലിനമാകുന്നു. ചില ദിവസങ്ങളിലുണ്ടാകുന്ന അമിത വേലിയേറ്റം കോട്ടപ്പുഴയിലേയ്ക്ക് അതിശക്തമായി ഉപ്പുവെള്ളം തള്ളിവിടുന്നു. വേലിയേറ്റം കഴിയുന്നതോടെ തിരിച്ച് കടലിലേയ്ക്ക് ഒഴുകാൻ മണൽത്തിട്ട തടസ്സം നിൽക്കുകയും ചെയ്യുന്നു. ഒഴുകിപ്പോകാതെ വെള്ളം കെട്ടിക്കിടക്കുന്നതുമൂലം വർഷത്തിൽ രണ്ട് തവണ നെൽകൃഷി ചെയ്തിരുന്ന ചെത്തിൽ പാടശേഖരവും കൃഷി ചെയ്യാൻ കഴിയാതായി. ഇതിനുപുറമെ പയ്യോളി മുനിസിപ്പാലിറ്റിയിലെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകാൻ കഴിയാതെ തൊഴിൽരഹിതരായിരിക്കുകയാണ്. അയനിക്കാട്-ഇരിങ്ങൽ കടപ്പുറത്തെ കടൽഭിത്തിക്കപ്പുറം ഉണ്ടായിരുന്ന പ്രകൃതിദത്ത തീരം കടൽക്ഷോഭം കാരണം പൂർണ്ണമായും ഇല്ലാതായി. കോട്ടപ്പുഴയിലായിരുന്നു മത്സ്യത്തൊഴിലാളികൾ വള്ളമടുപ്പിച്ചിരുന്നത്. തീരവും കോട്ടപ്പുഴയും അടഞ്ഞുപോയതുകൊണ്ട് മത്സ്യം പിടിക്കാൻ കഴിയാതെ അവർ പട്ടിണിയിലാണ്. മേൽ പ്രതിഭാസങ്ങൾക്കൊക്കെ കാരണം അഴിമുഖത്തിന്റെ ഒരു ഭാഗത്ത് തികച്ചും അശാസ്ത്രീയമായി നിർമ്മിച്ച പുലിമുട്ടാണ്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ഒരു സ്ഥലത്തും അഴിമുഖത്തിന്റെ ഒരു വശത്തുമാത്രം പുലിമുട്ട് കെട്ടിയതായി അറിവില്ല. അതിനാൽ കൊളാവി പാലം പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെയും കോട്ടപ്പുഴയുടെ ഇരുവശത്തും താമസിക്കുന്ന നൂറുകണക്കിന് കുടുംബങ്ങളുടെയും തൊഴിലില്ലായ്മയും പ്രയാസങ്ങളും പരിഹരിക്കാൻ അഴിമുഖത്തിന്റെ തെക്കുവശത്തുകൂടി പുലിമുട്ട് സ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. മുമ്പ് ഈ വിഷയത്തെക്കുറിച്ച് സബ്മിഷൻ ഉന്നയിച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ നിർദ്ദേശം അനുസരിച്ച് ഇറിഗേഷൻ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. വിശദമായ പഠനം ആവശ്യമെങ്കിൽ മദ്രാസ് ഐ.ഐ.ടി., പൂനെയിലെ CWPRS തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമായ പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗവും വടകര എം.എൽ.എ. ശ്രീ. സി. കെ. നാണുവും ഈ വിഷയം നേരത്തെതന്നെ ശ്രദ്ധയിൽപ്പെടുത്തുകയും അതിന് പരിഹാര നടപടികൾ ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി മണ്ഡലങ്ങളുടെ അതിർത്തിയിലൂടെ ഒഴുകുന്ന കുറ്റ്യാടിപ്പുഴ അറബിക്കടലിൽ പതിക്കുന്ന കൊളാവി പാലം അഴിമുഖത്തിന് വടക്കുവശത്തായി വടകര സാൻഡ് ബാങ്ക്സിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിച്ച ഒരു പുലിമുട്ട് ഇപ്പോൾ നിലവിലുണ്ട്. എന്നാൽ തെക്കുഭാഗത്ത് ഇതിന് സമാന്തരമായി പുലിമുട്ട് ഇല്ലാത്തതിനാൽ അഴിമുഖത്ത് മണൽ അടിഞ്ഞുകൂടി ഒഴുക്ക് ഭാഗികമായി തടസ്സപ്പെട്ടിരിക്കുകയാണ്. ഓഖി ചുഴലിക്കാറ്റും അഴിമുഖത്തിന്റെ ഘടനയെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതുകാരണം അഴിമുഖത്തിനടുത്തുവച്ച് കുറ്റ്യാടിപ്പുഴയുമായി ചേരുന്ന കോട്ടപ്പുഴയിൽ മണൽത്തിട്ട രൂപപ്പെട്ടതുകാരണം ഒഴുക്ക് പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത മണൽത്തിട്ട നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തിക്ക് കരാർ നൽകിക്കഴിഞ്ഞിട്ടുണ്ട്. പ്രവൃത്തി ഉടനെ നടപ്പിലാക്കുന്നതാണ്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലെ അഴിമുഖത്തിന്റെ തെക്കുവശത്ത് ഒരു പുതിയ പുലിമുട്ട് നിർമ്മിക്കുകയും വടക്കുവശത്ത് ഇപ്പോഴുള്ള പുലിമുട്ടിന്റെ നീളം കൂട്ടേണ്ടതായിട്ടുമുണ്ട്. ആയതിന് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ തന്നെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ന്റെ ശാസ്ത്രീയ പഠനവും ഡിസൈനും ആവശ്യമാണ്. പ്രസ്തുത ശാസ്ത്രീയ പഠനത്തിന് CWPRS-നെ ചുമതലപ്പെടുത്താനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 8. റോഡ് നവീകരണം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ദേശീയപാത 966 ആയ കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ മണ്ണാർക്കാട് മുതൽ പാലക്കാട് വരെയുള്ള ഭാഗം നൂതന രീതിയിൽ നവീകരിക്കുന്നതിന് ടെണ്ടർ നടപടികൾ 6 മാസം മുമ്പ് പൂർത്തിയായിട്ടുള്ളതാണ്. ഊരാളുങ്കൽ സൊസൈറ്റി ഇതിന്റെ ടെണ്ടർ ഏറ്റെടുത്തിട്ടുണ്ട്. 6 മാസമായിട്ടും ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതിന് പറയുന്ന തടസ്സങ്ങൾ റോഡിന്റെ ഇരുവശങ്ങളിലുമുള്ള മരങ്ങൾ മുറിച്ചുനീക്കാൻ സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ടുമെന്റിൽ നിന്നും ഇതുവരെ അനുമതി ലഭിച്ചിട്ടില്ല, വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ നീക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടില്ല, കെ.എസ്.ഇ.ബി. മാറ്റിക്കൊടുക്കേണ്ട ഇലക്ട്രിക് ലൈനുകളും പോസ്റ്റുകളും ഇതുവരെ പൂർണ്ണമായും മാറ്റിക്കൊടുത്തിട്ടില്ല എന്നിവയാണ്. ഇതിൽ

അടിയന്തരമായി ഗവൺമെന്റിന്റെ ഇടപെടൽ ആവശ്യമാണ്. മറ്റൊരു കാര്യം, മണ്ണാർക്കാട് ടൗണിൽ ഓപ്പറേഷൻ അനന്തയിലൂടെ ലഭിച്ച കുറെ സ്ഥലങ്ങളുണ്ട്. ആ സ്ഥലം ഉപയോഗപ്പെടുത്തിവേണം റോഡ് നവീകരണം പൂർത്തീകരിക്കേണ്ടത്. ഇപ്പോൾ കേവലം ഒരു കിലോമീറ്റർ മാത്രമാണ് ഡ്രെയിനേജ് പറയുന്നത്. മണ്ണാർക്കാട് ടൗൺ മൂന്ന് കിലോമീറ്ററാണ്. ഈ മൂന്ന് കിലോമീറ്ററിലും ഡ്രെയിനേജും ഫുട്പാത്തും നിർമ്മിക്കണം. അതുപോലെ ഊരാളുങ്കൽ സൊസൈറ്റിക്ക് പൊസഷൻ കൈമാറി ആറ് മാസമായതുകൊണ്ട് പി.ഡബ്ല്യൂ.ഡി.-ക്ക് അറ്റകുറ്റപ്പണികൾ ചെയ്യാൻ സാധിക്കുന്നില്ല. ടെണ്ടർ എടുത്ത കമ്പനിക്ക് റോഡിന്റെ പൊസഷൻ കൈമാറിയെന്നാണ് പറയുന്നത്. റോഡ് മുഴുവനും കുണ്ടും കുഴിയുമാണ്. പ്രവൃത്തി തുടങ്ങുന്നതിനുമുമ്പ് കുണ്ടും കുഴിയും പൂർണ്ണമായി അടയ്ക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഇതിനോട് ചേർത്ത് മറ്റൊരു അടിയന്തര പ്രാധാന്യമുള്ള കാര്യം പറയാനുള്ളത്, മണ്ണാർക്കാട്-ചിന്നത്തടാകം റോഡ് അതായത് അട്ടപ്പാടി റോഡ് ആകെ പൊട്ടിപ്പൊളിഞ്ഞുകിടക്കുകയാണ്. ആദിവാസി മേഖലയാണ്. അവിടെ ഗതാഗതം ഇന്ന് ദുഷ്കരമാണ്. ആ റോഡിന്റെ മെയിന്റനൻസിനും അങ്ങ് നിർദ്ദേശം നൽകണമെന്ന് സവിനയം അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയപാത 966 കോഴിക്കോട് - പാലക്കാട് പാതയിൽ പാലക്കാട് - മണ്ണാർക്കാട് ഭാഗത്താണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിക്കുന്ന വർക്കുകൾ നടക്കുന്നത്. അവിടെ ഏകദേശം രണ്ടായിരത്തിലേറെ മരങ്ങൾ മുറിച്ചുനീക്കണം. അതിനുള്ള അധികാരം വനം വകുപ്പിനാണ്. സോഷ്യൽ ഫോറസ്ട്രി വനം വകുപ്പിനാണ്. അവർ അത് മുറിച്ചുനീക്കുന്നതിന് അനുവാദം നൽകിയാൽ മാത്രം പോരാ അതിന്റെ വില നിർണ്ണയിക്കുന്നതുൾപ്പടെ ധാരാളം കാര്യങ്ങളുണ്ട്. അതിന്റെ വില കേന്ദ്ര ഉപരിതല ഗതാഗതവകുപ്പാണ് തരേണ്ടത്. അതിനൊക്കെ കാല താമസമെടുക്കും. പി.ഡബ്ല്യൂ.ഡി.-യും വനം വകുപ്പുമായി തർക്കമുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതെന്താണെന്ന് എനിക്ക് മനസ്സിലായില്ല. പി.ഡബ്ല്യൂ.ഡി. എന്താണ് ചെയ്യേണ്ടത്; മരം മുറിക്കേണ്ടത് പി.ഡബ്ല്യൂ.ഡി. ആണോ വനംവകുപ്പല്ലേ. വനം വകുപ്പ് എക്കാലവും അങ്ങനെയാണ്. മലയോര ഹൈവേയുടെ 7-8 റീച്ച് വനത്തിൽക്കൂടി വേണം. അതിന്റെ കാര്യങ്ങൾ സാധിക്കുന്നതിന് കഴിഞ്ഞ 18-ാം തീയതി കേന്ദ്ര വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ കണ്ടപ്പോൾ കേരളത്തിലെ വനം വകുപ്പ് ഒരു കാലത്തും ഒരു കാര്യത്തിലും അനുകൂലമായി കേന്ദ്രത്തിലേയ്ക്ക് എഴുതി അയയ്ക്കില്ലെന്ന് അദ്ദേഹം ഇങ്ങോട്ട് ആക്ഷേപ മുന്നയിക്കുകയാണ്. അവരുടെ പേരിൽ നടപടിയെടുക്കണമെന്നാണ് അദ്ദേഹം

പറഞ്ഞത്. അവരുടെ അഭിപ്രായം അവർ എഴുതുകയില്ല. ഇപ്പോഴും അങ്ങനെയാണ്, അവർ എപ്പോഴും അങ്ങനെയാണ്. അത് നമ്മളെല്ലാവരും മനസ്സിലാക്കിയിരിക്കണം. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം എഞ്ചിനീയർമാർക്ക് ജുഡീഷ്യൽ പവർ കൂടിയുണ്ട്. പി.ഡബ്ല്യൂ.ഡി. സ്ഥലത്ത് മരം വയ്ക്കുകയാണ്. മരം വയ്ക്കുന്നതിൽ കുഴപ്പമില്ല. റോഡിന്റെ നിർമ്മാണത്തിന് ആവശ്യമെങ്കിൽ വെട്ടിക്കൊടുക്കണ്ടേ; അതിന് ആരോടാണ് ചോദിക്കേണ്ടത്. അവർ ഉത്തരവിടില്ല. ഇതൊക്കെ എല്ലായിടത്തും നടക്കുകയാണ്. ഇവിടെ മാത്രമല്ല. എല്ലാ വകുപ്പുമായും പ്രശ്നമുണ്ട്. വനം വകുപ്പിന് അവരുടേതായ രീതികളുണ്ട്. ഞാൻ കുറ്റപ്പെടുത്തുകയല്ല. പക്ഷെ കുറച്ചുകൂടി വേഗത്തിൽ ചെയ്യാത്തതിന്റെ പ്രശ്നമാണ്. എന്തായാലും ഇതിന്റെ വില തരേണ്ടത് മോർത്ത് (Ministry of Road Transport and Highways) ആണ്. അവിടേയ്ക്ക് അയച്ചിട്ടുണ്ട്. അവിടെനിന്നും ലഭിക്കാനുള്ള കാലതാമസമല്ലാതെ വേറൊന്നുമില്ല. കെ.എസ്.ഇ.ബി.-ക്ക് പണമടച്ചിട്ടുണ്ട്. ആ പണമടയ്ക്കുന്നതും പി.ഡബ്ല്യൂ.ഡി. ആണ്. കെ.എസ്.ഇ.ബി. ഇടുന്ന പോസ്റ്റ് മാറ്റുന്നതിന് പി.ഡബ്ല്യൂ.ഡി.-യാണ് പണമടയ്ക്കുന്നത്. വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റീസ് റോഡ് പണിക്കായി മാറ്റിയാൽ പി.ഡബ്ല്യൂ.ഡി. പണമടയ്ക്കുകയാണ്. പുതിയതായി സ്ഥാപിക്കുന്നതിന് മാത്രമേ അവർ പണം ചെലവഴിക്കുകയുള്ളൂ. അങ്ങനെയുള്ള വ്യവസ്ഥാപിതമായ രീതികൾ തന്നെയാണ് ഇപ്പോഴും തുടരുന്നത്. 19 ½ കോടി രൂപയാണ് ഇലക്ട്രിസിറ്റിക്കുവേണ്ടിയും വാട്ടർ അതോറിറ്റിക്കുവേണ്ടിയും പി.ഡബ്ല്യൂ.ഡി. അടച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റാണ് പൈസ തരേണ്ടതെങ്കിലും പി.ഡബ്ല്യൂ.ഡി. അടച്ചിട്ടുണ്ട്. അതിന്റെ അനുവാദം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടില്ല. ഊരാളുങ്കൽ സൊസൈറ്റിയാണ് ജോലി ചെയ്യുന്നത്. അവർ ആ ജോലി ചെയ്യും. ശരിക്കുള്ള നിർമ്മാണം തുടങ്ങുന്നതിനുമുമ്പുതന്നെ അവർ അവിടെ അറ്റകുറ്റപ്പണി നടത്തിയെന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്. അത് ഒന്നുകൂടി നോക്കാം. ഏതായാലും അങ്ങുകൂടി ഇവരെയൊക്കെ വിളിച്ച് ജാഗ്രതപ്പെടുത്തണം. മോർത്തിൽനിന്നും എത്രയുംവേഗം അനുവാദം കിട്ടുന്നതിന് നമ്മൾ പ്രവർത്തിക്കും. ഈ പദ്ധതി പ്രധാനപ്പെട്ട പദ്ധതിയാണെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണല്ലോ; 173.5 കോടി രൂപയാണ് ഇതിന്റെ ആകെ അടങ്കൽ തുക. പല കോൺസ്റ്റിറ്റ്യുവൻസികളിലൂടെ കടന്നു വരുന്നതാണിത്. ഏതായാലും ഇതിൽ പി.ഡബ്ല്യൂ.ഡി.-യുടെ ഭാഗത്തുനിന്നും കാലതാമസമുണ്ടാകുന്ന പ്രശ്നമില്ല. അങ്ങ് പറഞ്ഞതുപോലെ സാങ്കേതിക കാലതാമസത്തിന്റെ ഭാഗമായുള്ള, കേന്ദ്ര ഗവൺമെന്റിന്റെ പണം ലഭിക്കാനും വനം വകുപ്പ് വില നിർണ്ണയിച്ച് നൽകി, മരം മുറിച്ചു മാറ്റുന്നതിനുമുള്ള അനുവാദം ഇപ്പോൾ ലഭിച്ചിട്ടുണ്ട്. അതിന്റെ വിലയാണ് ഇനി നിശ്ചയിക്കേണ്ടത്. അത് കേന്ദ്രസർക്കാരാണ് ചെയ്യേണ്ടത്.

ശ്രീ. എൻ. ഷംസുദ്ദീൻ: അത് സോഷ്യൽ ഫോറസ്ട്രിയാണ്.

ശ്രീ. ജി. സുധാകരൻ: സോഷ്യൽ ഫോറസ്ട്രി വനമാണ്. ഇപ്പോൾ ചെറിയ ഒരു ചെടി നട്ടാലും വനമാണ്. രാജ്യം മുഴുവനും ഇപ്പോൾ വനമാണ്. അതിന് ഈ നിയമസഭതന്നെ നിയമം പാസ്സാക്കിക്കൊടുത്തതല്ലേ; അതിൽ കുഴപ്പമൊന്നുമില്ല. അത് മാറ്റുകയൊന്നും വേണ്ട. ഈ കാലതാമസം ഒഴിവാക്കാൻ നമ്മുടെ വകുപ്പുകളെല്ലാം പ്രവർത്തിക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എൻ. ഷംസുദ്ദീൻ: അട്ടപ്പാടിയിലൂടെയുള്ള മണ്ണാർക്കാട് - ചിന്നത്തടാകം റോഡിന്റെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുക?

ശ്രീ. ജി. സുധാകരൻ: അത് പ്രത്യേകം എഴുതിത്തന്നാൽ മതി. പരിശോധിക്കാം.

## 9. സേവന വേതന വ്യവസ്ഥകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, 2012-നുശേഷം സർക്കാർ സ്കൂളുകളിൽ നിയമിച്ചിട്ടുള്ള പ്രീ-പ്രൈമറി ടീച്ചർമാർക്കും ആയമാർക്കും നാളിതുവരെയായും ഓണറേറിയം ലഭിക്കുന്നില്ല. 2012-നുമുമ്പ് നിയമിച്ചിട്ടുള്ള ടീച്ചർമാർക്കും ആയമാർക്കും 10,000 രൂപ, 7,000 രൂപ എന്ന ക്രമത്തിൽ ഓണറേറിയം ലഭിച്ചിരുന്നതാണ്. നാളിതുവരെ 6000 പേരാണ് കേരളത്തിൽ ജോലി ചെയ്യുന്നത്. അതുപോലെ എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന പ്രീ-പ്രൈമറി ടീച്ചർമാർക്കും ആയമാർക്കും നാളിതുവരെ ഓണറേറിയം ലഭിച്ചിട്ടില്ല. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് സർക്കാരാണ് ശമ്പളം കൊടുക്കുന്നത്. പക്ഷെ രണ്ടും വ്യത്യസ്തമാണ്. ഒന്നുകിൽ സർക്കാർ ശമ്പളം കൊടുക്കണം അല്ലെങ്കിൽ അതത് മേഖലയിലുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് ഇതിനുള്ള അധികാരം കൊടുക്കണം. എങ്കിൽ മാത്രമേ ഇതിനൊരു ശാശ്വത പരിഹാര മുണ്ടാകുകയുള്ളൂ. ശ്രീ. രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായുള്ള കമ്മിറ്റി ഇതു സംബന്ധിച്ച് എല്ലാവിധ പഠനവും നടത്തിയതാണ്. പക്ഷെ പ്രീ-പ്രൈമറി അദ്ധ്യാപകരെയും ആയമാരെയും സംബന്ധിച്ച വിഷയം അദ്ദേഹത്തിന്റെ മുന്നിൽ എത്താത്തതുകൊണ്ട് അത് രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഇതുകൂടി പരിഹരിച്ചുകൊണ്ട് പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് രണ്ട് തരത്തിലുള്ള പ്രീ-പ്രൈമറി സംവിധാനങ്ങളാണ് നിലവിലുള്ളത്. സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളും സർക്കാർ സ്കൂളുകളിൽ പി.ടി.എ. നേരിട്ട് നടത്തുന്നവയും. 6-2-1988-ലെ G.O.(Rt) No. 465/88/G. Edn. ഉത്തരവ് പ്രകാരമാണ് സർക്കാർ സ്കൂളുകളിൽ പി.ടി.എ.-യ്ക്ക് പ്രീ-പ്രൈമറി ആരംഭിക്കുവാൻ അനുമതി നൽകിയത്. എയ്ഡഡ് സ്കൂളുകളിൽ പ്രീ-പ്രൈമറി നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല. 2159 സർക്കാർ സ്കൂളുകളിലെ 2851 അദ്ധ്യാപകർക്കും 1965 ആയമാർക്കുമാണ് യഥാക്രമം 9,500 രൂപ, 6,000 രൂപ വീതം ഓണറേറിയം നൽകിവരുന്നത്. നിയമപ്രകാരമുള്ള നിയമനമല്ലാത്തതിനാൽ നിലവിലുള്ള വ്യവസ്ഥപ്രകാരം ഇവർക്ക് ശമ്പള സ്കെയിൽ അനുവദിക്കാൻ നിർവ്വാഹമില്ല. 7-12-2012 മുതൽ സംസ്ഥാനത്ത് പുതിയ പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കാൻ പാടില്ലായെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രീ-പ്രൈമറി സ്കൂളുകളിലെ നാനാവിധ വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിഷയങ്ങളടക്കം പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ SCERT-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## 10. അപ്പർ കുട്ടനാട് മേഖലകളിലെ കാൻസർ രോഗം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിതീവ്രമായ ഒരു പ്രശ്നം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കേരളത്തിന്റെ നെല്ലറയെന്ന് പറയുന്നത് കുട്ടനാടാണ്. 4 ജില്ലകളാൽ ചുറ്റപ്പെട്ട സ്ഥലമാണത്. അതിൽ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട നാട്ടകവും അതിനോട് ബന്ധപ്പെട്ട ആലപ്പുഴ ജില്ലയുടെ ഭാഗങ്ങളും കൊല്ലം ജില്ലയുടെ ഭാഗങ്ങളും പത്തനംതിട്ട ജില്ലയുടെ ഭാഗങ്ങളുമെല്ലാം കൂടിച്ചേരുന്നതാണ് യഥാർത്ഥത്തിൽ ആ നെല്ല് ഉത്പാദന കേന്ദ്രം. അവിടത്തെ അമിത കീടനാശിനി പ്രയോഗം ജനങ്ങളുടെ ആരോഗ്യത്തെ വല്ലാതെ ബാധിച്ചിരിക്കുകയാണ്. മെഡിക്കൽ കോളേജിലെ കുട്ടികൾ അവിടെ ഒരു സർവ്വേ നടത്തിയിരുന്നു. ഏഴായിരത്തിലധികം കാൻസർ രോഗികൾ ആ പ്രദേശത്തുണ്ടെന്നാണ് സർവ്വേയിൽ കണ്ടെത്തിയിരിക്കുന്നത്. സ്ഫോടനാത്മകമായ ഈ സാഹചര്യം ബഹുജനമധ്യത്തിൽ കൊണ്ടുവന്നത് ശ്രീ. ചെറുകര സണ്ണി ലൂക്കോസ് എന്ന പത്രപ്രവർത്തകനാണ്. പല മാധ്യമങ്ങളിലും അത്

വന്നിട്ടുള്ളതാണ്. ഈ സ്ഥലത്ത് കാൻസർ ചികിത്സയ്ക്കുവേണ്ടി ഒന്നും നടക്കുന്നില്ല. ആവാസ വ്യവസ്ഥയുടെ വ്യത്യാസംകൊണ്ട് ഉണ്ടായിട്ടുള്ളതാണ് ഈ അസുഖം. അവിടെ താമസിക്കുന്നുവെന്നുള്ളതുകൊണ്ട് മാത്രം ഈ ദുരിതത്തിന് അവർ വിധേയരായിപ്പോകുകയാണ്. അവർക്ക് ചികിത്സ ലഭിക്കുന്നില്ല. ആർ.സി.സി. അല്ലാതെ മറ്റൊരു ചികിത്സാ മാർഗ്ഗവുമില്ല. രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

1. അവിടെയുള്ള ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം ക്രോഡീകരിക്കുന്നതിനുള്ള നടപടികളുണ്ടാകണം.

2. കാൻസർ ചികിത്സയ്ക്കുവേണ്ടിയുള്ള പ്രത്യേക സംവിധാനമുണ്ടാക്കണം.

45 ശതമാനം ആളുകൾക്ക് ഒരു പഞ്ചായത്തിൽ മാത്രമായി കാൻസർ രോഗം വരുന്നുവെന്നുള്ളതാണ് മാധ്യമ റിപ്പോർട്ട്. ഇത്രയും ഗുരുതരമായ ഒരു പ്രശ്നം, അതും ഏറ്റവും സെൻസിറ്റീവായുള്ള ഏരിയ, 5 നദികൾ ചെന്ന് ചേരുന്ന മാലിന്യ കുമ്പാരമായിക്കൊണ്ടിരിക്കുന്ന സ്ഥലം, അതിനോടൊപ്പം രണ്ടായിരത്തിലധികം വരുന്ന ഹൗസ്ബോട്ടുകൾ, അവിടെ വരുന്ന ജൈവ മാലിന്യങ്ങൾ ഇതെല്ലാം കൂടിച്ചേർന്ന് അവിടെയുള്ളവർ അനുഭവിക്കുന്ന ദുരിതത്തിന് കൈയ്യുംകണക്കുമില്ല. ആവശ്യമായ ആരോഗ്യ പരിപാലന സംവിധാനമൊരുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അങ്ങയെ ഓർമ്മിപ്പിക്കാനാണ് എന്റെ സബ്മിഷൻ.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ ഉയർന്നതാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ നിലവിൽ ലഭ്യമായ കണക്കുകളിലൊന്നും കേരളത്തിലെ ഏതെങ്കിലുമൊരു ജില്ലയിൽ ഏതെങ്കിലും തരത്തിലുള്ള കാൻസർ കൂടുതലായി കാണുന്നുവെന്നതിന് ശാസ്ത്രീയമായ തെളിവുകൾ ലഭിച്ചിട്ടില്ല. മറ്റ് പ്രദേശങ്ങളിൽ എന്നതുപോലെ തന്നെ കുട്ടനാട് പ്രദേശത്തും കാൻസർ രോഗമുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് വിവിധ രോഗനിർണ്ണയ നിയന്ത്രണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിന്റെ നെല്ലറയായ കുട്ടനാട് പ്രദേശത്ത് കീടനാശിനികളുടെയും കൃത്രിമ വളങ്ങളുടെയും അമിതമായ ഉപയോഗംമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മാലിന്യങ്ങൾ

ഒന്നിച്ച് വന്നുചേരുന്നതും ഹൗസ് ബോട്ടിലെ മാലിന്യങ്ങളുമെല്ലാം രൂക്ഷമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആരോഗ്യവകുപ്പ് ഇക്കാര്യത്തിലെല്ലാം അടിയന്തരമായി ഇടപെടുകയും രോഗനിർണ്ണയ ക്യാമ്പുകളും ചികിത്സാ ക്യാമ്പുകളും കണക്കെടുപ്പും കൃത്യമായ ഇടവേളയിൽ നടത്തിയിട്ടുമുണ്ട്. എന്നാൽ നാളിതുവരെ കേരളത്തിന്റെ മറ്റ് മേഖലകളേക്കാൾ കാൻസർ രോഗം കുട്ടനാട്ടിൽ കൂടുതലാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. പക്ഷേ കോളേജ് വിദ്യാർത്ഥികൾ നടത്തിയ സർവ്വേകളിൽ ധാരാളം ആളുകൾ കാൻസർ രോഗികളായി കാണുന്നുണ്ട്. കേരളത്തിന്റെ എല്ലാ ഭാഗത്തും ഇങ്ങനെയുണ്ട് എന്നതാണ് വസ്തുത. കുട്ടനാട്ടിൽ പ്രത്യേകിച്ച് കാൻസർ വ്യാപകമാണെന്ന റിപ്പോർട്ട് ചില മാധ്യമങ്ങളിൽ വന്നിരുന്നു. അക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ റീജിയണൽ കാൻസർ സെന്റർ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി ഐ.സി.എം.ആർ.-ന്റെ കീഴിലുള്ള നാഷണൽ സെന്റർ ഫോർ ഡിസീസ് ഇൻഫർമാറ്റിക്സ് ആന്റ് റിസർച്ചിന് സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ കാൻസർ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനു വേണ്ടിയാണ് ഈ പ്രദേശമടക്കം ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുള്ളത്. ആ പദ്ധതിക്ക് അംഗീകാരം കിട്ടുമെന്നാണ് കരുതുന്നത്. കാൻസറിന്റെ ഗുരുതരാവസ്ഥ മനസ്സിലാക്കിക്കൊണ്ട് ആർ.സി.സി.-യും മലബാർ കാൻസർ സെന്ററും അവരുടെ പ്രവർത്തനങ്ങൾ കുറച്ചുകൂടി ശക്തവും കാര്യക്ഷമവുമാക്കാനുള്ള പരിശ്രമം തുടങ്ങിയിട്ടുണ്ട്. കൊച്ചിയിൽ ഒരു റീജിയണൽ കാൻസർ സെന്റർ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ആലപ്പുഴയടക്കം എല്ലാ മെഡിക്കൽ കോളേജുകളിലെയും കാൻസർ വിഭാഗം ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓങ്കോളജി വിഭാഗത്തിൽ ഡോക്ടർമാരും സ്റ്റാഫുകളുമൊക്കെയായി 105 പുതിയ തസ്തികകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. ജില്ലാ ഹോസ്പിറ്റലുകളിൽ കാൻസർ പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ വിപുലമാക്കാൻ ആലോചിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമേ കാൻസർ രജിസ്ട്രി തയ്യാറാക്കാനും ശ്രമിക്കുന്നുണ്ട്. കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകൾക്കുവേണ്ടി മലബാർ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ ഒരു കാൻസർ രജിസ്ട്രി തയ്യാറാക്കിയിട്ടുണ്ട്. ആർ.സി.സി.-യുടെ നേതൃത്വത്തിൽ കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകൾക്കുവേണ്ടിയും കാൻസർ രജിസ്ട്രി തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഈ പ്രദേശത്തെ പ്രത്യേകം കണക്കിലെടുത്തുകൊണ്ട് അത്തരത്തിലുള്ള എല്ലാ പരിശോധനയും നടത്തുന്നതാണ്. കാൻസർ രോഗത്തിന്റെ പ്രതിരോധത്തിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

# VI മേശപ്പുറത്തുവച്ച കടലാസുകൾ

## 1. പ്രത്യേക ലിസ്റ്റ് പ്രകാരമുള്ള കടലാസുകൾ

(1) മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ശ്രീ. പി. എസ്. ആന്റണി കമ്മീഷൻ റിപ്പോർട്ട് | - | അന്വേഷണ കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടും | ബാധകമല്ല |

(2) ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2016-17 | കേരള സർക്കാരിനെ സംബന്ധിച്ച ഫിനാൻസ് അക്കൗണ്ട്സും (വാല്യം 1&2) അപ്രോപ്രിയേഷൻ അക്കൗണ്ട്സും | ബാധകമല്ല |

## 2. 2017-ലെ സാമ്പത്തിക അവലോകനം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ലെ സാമ്പത്തിക അവലോകനം ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

## VII റിപ്പോർട്ട് സമർപ്പണം

### ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാറ് മുതൽ പത്തൊൻപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാറ് മുതൽ പത്തൊൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VIII അറിയിപ്പ്

### 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസം സാധൂകരിക്കൽ

മി. സ്പീക്കർ: 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ 2017 ആഗസ്റ്റ് 10-ാം തീയതി സഭ പരിഗണിക്കുകയും അന്നേ ദിവസംതന്നെ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു.

സഭയുടെ നടപടി ചട്ടങ്ങളിലെ 237-ാം ചട്ടം 230-ാം ചട്ടത്തിന്റെ ഒന്നാം ഉപചട്ടവുമായി കൂട്ടിവായിക്കുമ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കപ്പെട്ട ഒരു ബിൽ സംബന്ധിച്ച റിപ്പോർട്ട്, ബിൽ റഫർ ചെയ്യപ്പെട്ട തീയതി മുതൽ മൂന്നു മാസത്തിനകം സഭയിൽ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത സമയപരിധി പാലിക്കുവാൻ കഴിയാതെ വരുന്നപക്ഷം, അതിലേയ്ക്കാവശ്യമായ സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി, റിപ്പോർട്ട് സമർപ്പണത്തിന് മുമ്പ് ഒരു പ്രമേയത്തിലൂടെ സഭയുടെ അനുമതി തേടാവുന്നതാണ്.

2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് 24-1-2018-ന് സഭയിൽ സമർപ്പിക്കുന്നതിന് മുമ്പായി സമയ ദൈർഘ്യത്തിനായുള്ള പ്രമേയം അവതരിപ്പിക്കുകയോ അനുമതി തേടുകയോ ഉണ്ടായില്ല. ഇത് സഭാ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഒരു നടപടിയായി കാണേണ്ടിയിരിക്കുന്നു. ഇക്കാര്യം യഥാസമയം ബില്ലിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ നിയമസഭാ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട സെക്ഷന് വീഴ്ച പറ്റിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇക്കാര്യം തൊട്ടടുത്ത ദിവസം തന്നെ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു.

നമ്മുടെ സഭയിലെ നടപടിക്രമങ്ങൾ പരമാവധി കൃത്യതയോടെയും സമയബന്ധിതമായും ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വിധേയമായിട്ടാണ് നടക്കുന്നതെന്ന് ഉറപ്പാക്കാൻ ചെയർ പ്രതിജ്ഞാബദ്ധമാണ്.

ഈ സാഹചര്യത്തിൽ, 2017 ആഗസ്റ്റ് 10-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നുതന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്ത 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചട്ടപ്രകാരമുള്ള കാലാവധിയായ മൂന്നുമാസം കഴിഞ്ഞ് 2018 ജനുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിക്കുന്ന വേളയിൽ 230-ാം ചട്ടത്തിന്റെ ഒന്നാം ഉപചട്ട പ്രകാരമുള്ള സഭയുടെ അനുമതി വാങ്ങാതിരുന്ന നടപടി സാധൂകരിക്കുന്നതിനുള്ള അനുമതി സഭ നൽകണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. സഭയുടെ നടത്തിപ്പിൽ ഇത്തരം ന്യൂനതകൾ മേലിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന് ചെയർ ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

(നടപടി സഭ സാധൂകരിച്ചു.)

## IX നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരള നിയമസഭ ചരിത്രപ്രസിദ്ധമായ ഒട്ടേറെ നിയമ നിർമ്മാണങ്ങൾക്ക് വേദിയായിട്ടുള്ള സഭയാണ്. 1957 മുതൽ കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന രീതിയിലുള്ള നടപടിക്രമങ്ങൾക്ക് സഹായകരമായിട്ടുള്ള ഒട്ടേറെ പുതിയ നിയമങ്ങളാണ് കേരള നിയമസഭയിൽ പിറന്നത്. ആ കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട, ചരിത്രപ്രസിദ്ധമായ, ചരിത്ര പ്രാധാന്യമുള്ള ഒരു നിയമമായിരിക്കും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ 2017 എന്ന് ഞാൻ ആശിക്കുന്നു.

കേരളത്തിലെ ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 1957 മുതൽ തുടർച്ചയായി അധികാരത്തിൽ വന്നിട്ടുള്ള ജനകീയ സർക്കാരുകൾ ഒട്ടേറെ കാര്യങ്ങൾ ചെയ്തതിന്റെ ഭാഗമായി ഗുണപരമായ ഒട്ടേറെ നേട്ടങ്ങൾ കേരളത്തിനുണ്ടായിട്ടുണ്ട്. കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരവും ചില പ്രത്യേക സൂചകങ്ങളിൽ ആരോഗ്യ രംഗത്ത് നാം മെച്ചപ്പെട്ടു നിൽക്കുന്നു എന്നതും അത്തരം നിയമനിർമ്മാണങ്ങളുടെയും നാം നടത്തിയ ഇടപെടലുകളുടെയും സൂചനയാണ്. ശിശുമരണ നിരക്ക് കുറയുക, മാതൃമരണ നിരക്ക് കുറച്ചു നിർത്തുക, പ്രതീക്ഷിത ആയുസ്സ് വർദ്ധിക്കുക തുടങ്ങിയ ഒട്ടേറെ ഗുണപരമായ മാറ്റങ്ങളാണ് കേരളത്തിലുണ്ടായിട്ടുള്ളത്. അതെല്ലാം നാം അനുഭവിക്കുന്നതോടൊപ്പം കേരളത്തിന്റെ ആരോഗ്യ മേഖലയിൽ പുതിയ വെല്ലുവിളികൾ നാം ധാരാളം നേരിടേണ്ടതായി വരുന്നുണ്ട്. നാം ഈ സമൂഹത്തിൽനിന്ന് അപ്രത്യക്ഷമാക്കി എന്ന് കരുതിയ ചില മാരക രോഗങ്ങൾ സമൂഹത്തിലുണ്ട് എന്നത് നമ്മെ എപ്പോഴും ആശങ്കപ്പെടുത്തുന്ന വസ്തുതയാണ്. പകർച്ചവ്യാധികൾ വ്യാപിക്കുന്നു എന്നതും പകർച്ചവ്യാധി മരണങ്ങൾ ഉണ്ടാക്കുന്നു എന്നതും നമ്മെ ആശങ്കപ്പെടുത്തുന്ന വസ്തുതയാണ്. രോഗ പ്രതിരോധത്തിനും പകർച്ചവ്യാധി നിയന്ത്രണത്തിനും നാം കൂടുതൽ ഊന്നൽ നൽകിയേ മതിയാവുകയുള്ളൂ. അതുപോലെ ജീവിതശൈലീ രോഗങ്ങൾ നമ്മെ വേട്ടയാടുകയാണ്. ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണവും നമുക്ക് വളരെ അത്യാവശ്യമാണ്. ആധുനിക കാലത്ത് പരിസ്ഥിതിയിലും മറ്റും ഉണ്ടാകുന്ന മാറ്റത്തിന്റെയൊക്കെ ഭാഗമായി ധാരാളം പുതിയ പ്രശ്നങ്ങളെ നമുക്ക് അഭിമുഖീകരിക്കേണ്ടതായി വരുന്നു. ഇതെല്ലാം നിയന്ത്രിക്കണമെങ്കിൽ കേരളത്തിൽ നിലനിൽക്കുന്ന ആതുരസേവന മേഖലകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഗവൺമെന്റ് മേഖലയിൽ ഇത്രയേറെ പൊതുജനാരോഗ്യ ശൃംഖലയുള്ള ഒരു സംസ്ഥാനം വേറെ ഉണ്ടാകുമെന്ന് തോന്നുന്നില്ല. അത്രയേറെ വിപുലമായ സംവിധാനങ്ങൾ നമുക്കുണ്ടെങ്കിലും അതോടൊപ്പം ഒരുപാട് സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ചെറുതും വലുതുമായ ആരോഗ്യ സ്ഥാപനങ്ങളാണ് കേരളത്തിലെ ജനങ്ങളുടെ മാനസികവും ശാരീരികവുമായിട്ടുള്ള ആരോഗ്യം മെച്ചപ്പെടുത്തേണ്ടതും സുസ്ഥിരമാക്കേണ്ടതും. ഇവരുടെ എല്ലാംകൂടി നിയന്ത്രണത്തിലും സഹായത്തിലുമാണ് കേരളത്തിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി ഉള്ളതെന്ന് നമുക്ക് കാണാൻ സാധിക്കും. അനഭിലഷണീയമായ ചില പ്രവണതകൾ ഈ മേഖലയിൽ കണ്ടുവരുന്നതായി പലപ്പോഴും പരാതിയുണ്ടാകുന്നുണ്ട് പ്രത്യേകിച്ച് സ്വകാര്യ ആതുരാലയങ്ങളിൽ. അതിൽ പലതും മെഡിക്കൽ എത്തിക്സിന്, ആരോഗ്യ മേഖലയിലെ

ധാർമ്മികതകൾക്ക് നിരക്കാത്ത രീതിയിലുള്ള ചില പ്രവർത്തനങ്ങൾ നടത്തുന്നതായി പരാതി വരാറുണ്ട്. ഈ മേഖലയിൽ കടുത്ത ചൂഷണം ചിലപ്പോൾ ജനങ്ങൾ അനുഭവിക്കേണ്ടതായി വരാറുണ്ട്. കേരളത്തിലെ ജനസംഖ്യയുടെ 69 ശതമാനത്തോളം പേർ സ്വകാര്യമേഖലയെ ചികിത്സയ്ക്ക് ആശ്രയിക്കുന്നുവെന്നൊരു കണക്കുണ്ട്. അത് വച്ചുനോക്കുമ്പോൾ സ്വകാര്യ മേഖലയിലെ ആരോഗ്യ സേവനം തൃപ്തികരമായി മാറിയില്ലെങ്കിൽ ജനങ്ങൾ അതിന്റെ ഫലം അനുഭവിക്കേണ്ട തായിട്ടുവരും. എന്നാൽ പലപ്പോഴും മെഡിക്കൽ എത്തിക്സിന് വിരുദ്ധമായിട്ടുള്ള ചില കാര്യങ്ങൾ ഉണ്ടാകുന്നുവെന്ന് സൂചനയുണ്ടാകുന്നു. അത്തരം സ്ഥാപനങ്ങളുടെ മേൽ ഒരു സാമൂഹ്യനിയന്ത്രണം കൊണ്ടുവരികയെന്നതാണ് ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശം. അത്തരം സ്ഥാപനങ്ങളെ പരിശോധിക്കുന്നതിനോ, നിയന്ത്രിക്കുന്നതിനോ ഇന്ന് യാതൊരു സംവിധാനവും നമ്മുടെ മുമ്പാകെ ഇല്ല. അതുകൊണ്ടുതന്നെ സ്വകാര്യ സ്ഥാപനങ്ങളുടെ മേൽ ഒരു സാമൂഹ്യനിയന്ത്രണം കൊണ്ടുവരിക എന്നതും ഗവൺമെന്റ് സ്ഥാപനങ്ങളിൽ ആവശ്യമായ ഗുണനിലവാരം ഉറപ്പുവരുത്തുക എന്നുള്ളതും ഈ ബില്ലിന്റെ ഭാഗമായിട്ട് വരുന്നു. അതാണ് ഇപ്പോഴത്തെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ചിട്ടുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലുകൊണ്ട് കേരളീയ സമൂഹത്തിനുണ്ടാകുന്ന ഏറ്റവും പ്രധാനപ്പെട്ട നേട്ടം. ഈ ബില്ലിന്റെ ഭാഗമായി കേരളം ആർജ്ജിക്കാൻ പോകുന്ന നേട്ടമെന്ന് നാം കരുതുന്നത് അശാസ്ത്രീയമായ ചികിത്സാ രീതികളെ തീർത്തും നിയന്ത്രിച്ച് കേരളത്തിലെ ജനങ്ങളെ ആപത്തിൽ നിന്ന് മുക്തമാക്കാൻ സാധിക്കുമെന്നുള്ളതാണ്. ഇന്ന് പല മേഖലയിലും അശാസ്ത്രീയമായിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന് നിയന്ത്രണമേർപ്പെടുത്താൻ നമുക്കൊരു അവസരമുണ്ടാകുന്നു എന്നതാണ് ഈ ബില്ലിന്റെ പ്രത്യേകത. അത് ഏത് മേഖലയിലായാലും ചികിത്സയുടെ ഗുണനിലവാരം ഉറപ്പുവരുത്തുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തെക്കുറിച്ച് പറയുമ്പോൾ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ, ചികിത്സയ്ക്ക് ജനങ്ങളുടെ കയ്യിൽ നിന്നും കാശ് ഏറ്റവും കൂടുതൽ ചെലവാകുന്ന സംസ്ഥാനമെന്നാണ് പറയുന്നത്. സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യാ ഗവൺമെന്റ് ആരോഗ്യ പരിപാലന മേഖലയിൽ ചെലവഴിക്കുന്ന പണം വളരെ തുച്ഛമാണ്. ജി.ഡി.പി.-യുടെ രണ്ടു ശതമാനത്തിൽ താഴെയാണെന്നുള്ളത് ലജ്ജാകരമായ വസ്തുതയാണ്. ഇവിടെ സാധാരണക്കാർ ആശ്രയിക്കേണ്ടി വരുന്ന ആശുപത്രികൾ മിതമായ രീതിയിൽ അവർക്ക് അഫോർഡബിളായിട്ടുള്ള ചികിത്സ കൊടുക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്തിയിട്ടില്ലെങ്കിൽ കടുത്ത ചൂഷണത്തിന് അവർ വിധേയരാകും. പണച്ചെലവ് കൂടുന്നു എന്നുപറയുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്, സ്വകാര്യ ആശുപത്രികളിലും മറ്റും ചികിത്സാ ചെലവ് ഭീമമായ

തോതിൽ വർദ്ധിച്ചതായാണ്. യാതൊരു ഐക്യരൂപവും അതിനില്ല, ഒരു ആശുപത്രി ഈടാക്കുന്ന ചികിത്സാ ചെലവല്ല മറ്റൊരു ആശുപത്രി ഈടാക്കുന്നത്. യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന കാശിന്റെ എത്രയോ ഇരട്ടി ചിലയിടത്ത് ഈടാക്കുകയാണ്. ഈ വ്യത്യാസം അവസാനിപ്പിക്കാൻ ഈ ബില്ലുകൊണ്ട് ഒരു പരിധിവരെ സാധിക്കുമെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. ചികിത്സാ ചെലവുകൾ പ്രസിദ്ധീകരിക്കുക, ആശുപത്രികളിൽ ലഭ്യമാകുന്ന സേവനങ്ങൾ ഏതൊക്കെയാണെന്ന് പ്രസിദ്ധീകരിക്കുക, അതിന്റെ പാക്കേജിന്റെ റേറ്റ് പ്രസിദ്ധീകരിക്കുക തുടങ്ങിയ കാര്യങ്ങൾ വരുമ്പോൾ സ്വാഭാവികമായും അതിൽ ഒരു നിയന്ത്രണമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതാണ് ഈ ബില്ലിന്റെ കാതലായിട്ടുള്ള വശം. മരുന്നുകളുടെ ദുരുപയോഗം കാരണം Antimicrobial Resistance-നെക്കുറിച്ച് ചർച്ച ചെയ്യുന്ന സമയമാണ്, അത്തരം കാര്യങ്ങൾക്കൊക്കെ നിയന്ത്രണമേർപ്പെടുത്താൻ സാധിക്കും. ചികിത്സാ പ്രോട്ടോക്കോളുകൾ പല ആശുപത്രികളും ലംഘിക്കുകയാണ്. അതിന്റെ ഫലം ഡെങ്കു ഫിവർ ഉണ്ടാകുന്ന സമയത്ത് കണ്ടിട്ടുണ്ട്. ഡെങ്കിപ്പനിയും മറ്റ് പകർച്ചവ്യാധികളും ഉണ്ടാകുമ്പോൾ യഥാർത്ഥത്തിൽ പിന്തുടരേണ്ട പ്രോട്ടോക്കോളല്ല പല സ്വകാര്യ സ്ഥാപനങ്ങളിലും പിന്തുടരുന്നത്. അതിനാൽ രോഗം പെട്ടെന്ന് മൂർച്ഛിക്കുകയും ചികിത്സ ഫലപ്രദമല്ലാത്ത രീതി ഉണ്ടാകുകയും ചെയ്യുന്ന എന്നുള്ളതാണ് അപകടകരമായിട്ടുള്ള വസ്തുത. അത് അവസാനിപ്പിച്ചുകൊണ്ട് ചികിത്സാ പ്രോട്ടോക്കോളുകൾ പാലിക്കുന്നതിന് നമുക്ക് അവരെ നിർബന്ധിക്കുന്നതിന് സാധ്യമാകും. ഈ ബിൽ 2017 ആഗസ്റ്റ് മാസം 10-ാം തീയതി നിയമനിർമ്മാണസഭയിൽ അവതരിപ്പിച്ചതാണ്, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ കുറച്ച് കാലതാമസമുണ്ടായി. അതിൽ ചെറിയ പിശക് ചൂണ്ടിക്കാണിച്ചത് ഉൾക്കൊള്ളുകയാണ്. അത് സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. നോട്ടപ്പിശകിന്റെ ഭാഗമായി സംഭവിച്ചുപോയി. അത് ക്ഷമിച്ചുകൊണ്ട് സഭ ബിൽ അവതരിപ്പിക്കാനുള്ള അംഗീകാരം നൽകുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നപ്പോൾ വളരെ വേഗതയിലാണ് കാര്യങ്ങൾ നീങ്ങിയത്. സബ്ജക്ട് കമ്മിറ്റി അംഗങ്ങളെല്ലാവരും, ബഹുമാനപ്പെട്ട മുൻമന്ത്രി ശിവകുമാർ അടക്കമുള്ള അംഗങ്ങൾ ആ സബ്ജക്ട് കമ്മിറ്റിയിൽ ഉണ്ടായിരുന്നു. കക്ഷി രാഷ്ട്രീയഭേദമോ, മറ്റേതെങ്കിലും തരത്തിലുള്ള വ്യത്യാസമോ കൂടാതെ ഈ ബിൽ അവതരിപ്പിക്കണം, കഴിയാവുന്നത്ര വേഗതയിൽ അവതരിപ്പിക്കണം എന്ന ധാരണയോടുകൂടി വളരെപ്പെട്ടെന്നു തന്നെ സബ്ജക്ട് കമ്മിറ്റി മീറ്റിംഗുകൾ കൃത്യമായി ചേർന്ന് സമയമെടുത്ത് ചർച്ച ചെയ്തുകൊണ്ടാണ് ഈ ബിൽ ഇപ്പോൾ സഭയിൽ അവതരിപ്പിക്കുന്ന രീതിയിൽ വന്നിട്ടുള്ളത്. ആഗസ്റ്റ് 10-ാം തീയതി സഭയിൽ

അവതരിപ്പിച്ച ബിൽ, ആഗസ്റ്റ് 16, 20 തീയതികളിൽ സബ്ജക്ട് കമ്മിറ്റി യോഗം ചേർന്ന് പ്രാഥമിക ചർച്ചകൾ പൂർത്തിയാക്കിയിരുന്നു. നവംബർ 6,7 തീയതികളിലും, ഡിസംബർ 26-ാം തീയതിയും, രണ്ടുമാസത്തെ ഇടവേളകളിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ പ്രത്യേക സിറ്റിംഗ് നടത്തിക്കൊണ്ട് ജനങ്ങൾക്ക് പരാതി പറയുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള അവസരം നൽകിയിരുന്നു. വലിയ സ്വീകരണമാണ് ഞങ്ങൾക്ക് അത്തരം കേന്ദ്രങ്ങളിൽ ലഭിച്ചത്. ശരിക്കും ആവേശകരമായിട്ടുള്ള അനുഭവമായിരുന്നു അത്. ജനങ്ങൾ ആവേശപൂർവ്വം ഈ ബില്ലിനെ ഹൃദയത്തിലേറ്റുന്നു എന്നതിന്റെ സൂചനയാണ്. ആരും ഈ ബിൽ വേണ്ട എന്നുപറഞ്ഞിട്ടില്ല. ഒരുപാട് ആശങ്കകൾ ചിലർ പ്രകടിപ്പിച്ചു എന്നതൊഴിവാക്കിയാൽ എല്ലാവരും ഒരുപോലെ ഈ ബില്ലിനെ അംഗീകരിക്കുകയും ഇത് ഞങ്ങളുടെ ബില്ലാണെന്ന് ഓരോ സംഘടനകളും, വ്യക്തികളും പറയുന്നൊരു അവസ്ഥ, സബ്ജക്ട് കമ്മിറ്റി അംഗങ്ങൾക്ക് തന്നെ വലിയ ആവേശമുണ്ടാക്കിയിട്ടുള്ള കാര്യമാണ്. ബിൽ വേണ്ട എന്ന അഭിപ്രായം ആരും പറയുകയുണ്ടായില്ല. കേരളത്തിന്റെ ആരോഗ്യ മേഖലയിൽ സാമൂഹ്യനിയന്ത്രണം വന്നേ തീരൂ എന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. അത്രമേൽ അപകടകരമാണ് നിയന്ത്രണമില്ലാത്ത അവസ്ഥ. സബ്ജക്ട് കമ്മിറ്റി മുമ്പാകെ 302 നിർദ്ദേശങ്ങളും പരാതികളും ലഭ്യമാകുകയുണ്ടായി. അവയെല്ലാം ഞങ്ങൾ വിശദമായി പരിശോധിച്ചു. ജനുവരി 3, 11 തീയതികളിൽ ബിൽ സബ്ജക്ട് കമ്മിറ്റിയിൽ ഖണ്ഡം ഖണ്ഡമായിട്ട് പരിശോധിക്കുകയും ഓരോ വകുപ്പിലും ഉണ്ടാകേണ്ട മാറ്റങ്ങളെക്കുറിച്ചും അതിന്റെ എല്ലാ അവസ്ഥകളെക്കുറിച്ചും ചർച്ച ചെയ്യുകയും ചെയ്തു. അവരോടെല്ലാം എനിക്ക് നന്ദിയും സന്തോഷവുമുണ്ട്, എല്ലാവരും ഒരുമിച്ചുള്ള ഒരു കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി ജനങ്ങളുടെ പിന്തുണയോടുകൂടി ആരോഗ്യ രംഗം മെച്ചപ്പെടുത്തുന്നതിനും, നല്ല സേവനവും ഗുണനിലവാരവും ഉറപ്പു വരുത്തുന്നതിനും, നല്ല സാങ്കേതിക സൗകര്യങ്ങൾ ആശുപത്രികളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടി കേരളത്തിലെ ജനങ്ങളുടെ മാനസികവും ശാരീരികവു മായിട്ടുള്ള ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റുകളെ/ ക്ലിനിക്കൽ സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് സംബന്ധിച്ചുള്ള ഈ ബിൽ അവതരിപ്പിക്കുകയാണ്. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ആരോഗ്യരംഗത്ത് സമഗ്രമായ മാറ്റത്തിനും ചികിത്സാ രംഗത്ത് വളരെ കൃത്യമായ ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ശ്രദ്ധേയമായ കാൽവെയ്പ്പ് നടത്തിയിട്ടുള്ള ഈ സംസ്ഥാനത്ത് ആ ബിൽ പൂർണ്ണമായും അംഗീകരിച്ച്

കഴിയുമ്പോഴും എല്ലാ താൽപ്പര്യങ്ങളും പരിരക്ഷയും ഉറപ്പുവരുത്തുന്ന ഒരു സംവിധാനം അതിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ചികിത്സാരംഗത്ത് ഇപ്പോഴുണ്ടാകുന്ന ഒരുപാട് പ്രശ്നങ്ങൾ നമുക്കറിയാവുന്നതാണ്. ഒന്ന് ധർമ്മാശുപത്രി, ഒന്ന് വാണിജ്യാടിസ്ഥാനത്തിൽ, ഒന്ന് ബ്ലേഡ് കമ്പനി എന്നിങ്ങനെ മൂന്ന് തരത്തിലാണ് നമ്മുടെ നാട്ടിൽ ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. എന്തുവന്നാലും അതിന്റെ ഏറ്റവും വലിയ എക്സ്പേർട്ട് അല്ലെങ്കിൽ സ്പെഷ്യലൈസ് മാത്രം തേടിപ്പോകുന്ന അവസ്ഥയിൽ ഈ ബിൽ വരുന്നതോടുകൂടി നമ്മുടെ സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന, ചെറിയ ക്ലീനിക്കുകൾ അല്ലെങ്കിൽ ഒന്നോ രണ്ടോ ഡോക്ടർമാർ നടത്തുന്ന ക്ലീനിക്കുകളൊക്കെ അടച്ചുപൂട്ടിപ്പോകുന്ന ഒരവസ്ഥാവിശേഷം ഉണ്ടാകാതെ നോക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടത് നമ്മുടെ നാട്ടിലെ സാധാരണക്കാരായ ആളുകൾക്ക് ചികിത്സ ഉറപ്പുവരുത്തുന്നതിന് അത്യാവശ്യമാണ്. ആ അടിസ്ഥാനം വച്ചുകൊണ്ട് തന്നെ നമ്മൾ ഈ ബില്ലിൽ പൂർണ്ണത കൈവരിക്കുമ്പോൾ, ചികിത്സാ രംഗത്ത് ഇന്ന് നടക്കുന്ന പല തട്ടിപ്പുകളും പ്രശ്നങ്ങളും നമ്മൾ കാണാതെ പോകരുത്. പല മേഖലകളിലും ചികിത്സയടക്കമുള്ള പല തട്ടിപ്പുകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നിന്ന് കേരളത്തെ മോചിപ്പിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. പല ദുരനുഭങ്ങളും നമ്മുടെ നാട്ടിൽ നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്നത് ആശുപത്രികൾ കേന്ദ്രീകരിച്ചാണെന്ന് കേൾക്കാറുണ്ട്. അതിനെല്ലാം അറുതിവരുത്തിക്കൊണ്ട് നല്ല ചികിത്സാ രംഗം, ഒരു ആരോഗ്യ കേരളം വിഭാവനം ചെയ്തുകൊണ്ടുള്ള കുറ്റമറ്റ ബില്ലായിരിക്കണം ഇതെന്ന് നമുക്ക് നിർബന്ധമുണ്ടാകണം. കേരളത്തിൽ ചികിത്സാരംഗത്ത് ഒരുപാട് മേഖലകളുണ്ട്. Naturopathy എന്നുപറയുന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. പ്രസവിക്കാൻ പോകുന്ന സ്ത്രീകളെപ്പോലും Naturopathy-യിലൂടെ പ്രസവിക്കാം എന്നുപറഞ്ഞ് യൂട്രസ്സ് പൊട്ടി മരിച്ചുപോകുന്ന രംഗം കഴിഞ്ഞ ദിവസം ഉണ്ടായതാണ്. അങ്ങനെയുള്ള വിവിധങ്ങളായ പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം എന്നതിനെക്കുറിച്ച് നാം ഗൗരവമായി ആലോചിക്കണം. സർക്കാർ ആശുപത്രിയായിരുന്നാലും സ്വകാര്യ ആശുപത്രിയായിരുന്നാലും സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്ന് ആമുഖമായി പറയുകയാണ്. അങ്ങനെ പറയാൻ കാരണമുണ്ട്, കഴിഞ്ഞ വർഷം ഒരു നെഞ്ചുവേദന അനുഭവപ്പെട്ടപ്പോൾ ഞാൻ നേരേ മെഡിക്കൽ കോളേജിൽ പോയി, ഏറ്റവും നല്ല കാത്ത്‌ലാബുള്ള മെഡിക്കൽ കോളേജാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. നല്ല സ്ഥാപനമാണ്, എല്ലാവർക്കും ആശ്രയിക്കാൻ കഴിയുന്നതാണ്. ആദ്യമണിക്കൂറിൽ തന്നെ എനിക്ക് ചികിത്സ ലഭിക്കുന്നതിനുള്ള ഒരു സംവിധാനം അവിടെയുണ്ടായി എന്നതിൽ സന്തോഷമുണ്ട്. പെട്ടെന്ന്

ചികിത്സ ലഭിച്ചതിനാൽ രോഗം സുഖപ്പെട്ടു. എന്നാൽ തിരിച്ചോരനുഭവവും എനിക്കുണ്ട്, എം.എൽ.എ. ഹോസ്റ്റലിലെ ലാബിൽ ഞാൻ ബ്ലഡ് പരിശോധനയ്ക്കായി കൊടുത്തു, പരിശോധനാ റിപ്പോർട്ട് വന്നപ്പോൾ ഹെപ്പറ്റൈറ്റിസ്-സി ഉണ്ടെന്ന് പറഞ്ഞു. അത് മാരകമായ അസുഖമാണ്, ഞാൻ ആകെ പ്രശ്നത്തിലായി, ഡോക്ടറെ കാണിച്ചപ്പോൾ ലക്ഷണങ്ങളൊന്നും കാണുന്നില്ലെന്ന് പറഞ്ഞു. ലാബിൽ ചോദിച്ചപ്പോൾ എ.സി.ആർ. ലാബിൽ അയച്ചതാണെന്ന് മനസ്സിലായി, ഏറ്റവും നല്ല റിപ്പോർട്ട് കിട്ടുന്നത് അവിടെയാണ്. ഹെപ്പറ്റൈറ്റിസ്-സി-യുടെ രോഗലക്ഷണങ്ങളില്ലെങ്കിലും റിസൽട്ട് അങ്ങനെയായതിനാൽ വിശ്വസിക്കാതിരിക്കാൻ കഴിയില്ല എന്ന് ഡോക്ടർ പറഞ്ഞു. അവസാനം അൽപ്പം കൂടി ക്വാളിറ്റിയുള്ള ഡി.ഡി.ആർ.സി.-യിൽ പരിശോധന നടത്തി, അപ്പോൾ റിസൽട്ട് പോസിറ്റീവല്ല, നെഗറ്റീവാണ്. അവർ ബോംബെയിൽ അയച്ച് ടെസ്റ്റ് ചെയ്തതാണ്. എങ്ങനെയാണ് നമ്മൾ വിശ്വസിക്കുക? കുറുന്തോട്ടിക്ക് വാതം വരിക എന്ന് പറയുന്നതുപോലെ നമ്മളുടെ കീഴിലുള്ള കാര്യങ്ങളിലും ഇങ്ങനെ സംഭവിക്കുകയാണ്. ഇക്കാര്യങ്ങൾ കാണിച്ച് ഞാൻ സ്പീക്കർക്ക് പരാതി നൽകിയിട്ടുണ്ട്. വേണമെങ്കിൽ എം.എൽ.എ. ഫണ്ട് സ്ഥാപനത്തിന് കൊടുക്കാം, അടിയന്തരമായ മാറ്റം വരണം. പക്ഷേ ഇതുവരെ മാറ്റമൊന്നും വന്നിട്ടില്ലെന്ന് സാന്ദർഭികമായി ഒരിക്കൽക്കൂടി സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. രോഗമെന്താണെന്ന് അറിയാൻ പരിശോധന നടത്തുമ്പോൾ ഇല്ലാത്ത രോഗങ്ങൾ കൂടി ഇങ്ങോട്ട് തരുന്ന ലബോറട്ടറികളായി നമ്മുടെ ലബോറട്ടറികൾ മാറാൻ പാടില്ല, ഗവൺമെന്റ് മേഖലയിലായാലും സ്വകാര്യ മേഖലയിലായാലും അത് ഉറപ്പുവരുത്തുന്നതിന് കർശനമായി നാം നീങ്ങേണ്ടതുണ്ട്. സർക്കാർ ആശുപത്രിയായിരുന്നാലും സ്വകാര്യ ആശുപത്രിയായിരുന്നാലും ക്വാളിറ്റിയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും പാടില്ല. ക്വാളിറ്റി ഉറപ്പുവരുത്തുന്നതിന് എന്താണ് മാർഗ്ഗം? വൻകിട ആശുപത്രികളൊക്കെ എത്ര പണം ചെലവഴിച്ചും നാഷണൽ അക്രിഡിറ്റേഷൻ സമ്പാദിക്കും. എന്നാൽ സാധാരണക്കാരായ ആളുകൾ ആശ്രയിക്കുന്നത് തൊട്ടടുത്ത ക്ലിനിക്കായിരിക്കും. അവയെ സുരക്ഷിതമായി സംരക്ഷിക്കുന്നതിനുള്ള ബാധ്യത നാം ഏറ്റെടുക്കണം. പണ്ടായിരുന്നെങ്കിൽ നാട്ടിൽ ഒരു എം.ബി.ബി.എസ്. ഡോക്ടറുണ്ടെങ്കിൽ അവിടെ നമ്മൾ പോകും, പരിശോധിപ്പിക്കും, മരുന്ന് കുറിച്ച് വാങ്ങിക്കും. ഇന്നാണെങ്കിൽ ഒരു തലവേദന വന്നാൽ ഉടനെ ഇ.എൻ.ടി. ഡോക്ടറെക്കാണും, കുഴപ്പമൊന്നും കാണുന്നില്ലെന്ന് പറയുന്ന ഡോക്ടർ എം.ആർ.ഐ. സ്കാനിംഗ് എടുത്തു നോക്കാമെന്ന് പറയും, അതിലും കുഴപ്പമില്ലെങ്കിൽ ഒരു ഹോൾ ബോഡി സ്കാനിംഗ് നിർദ്ദേശിക്കും, അതോടെ കുഴപ്പമില്ലെന്ന് വിധിയെഴുതും. പണം ഒരുപാട് പോയി, ഇദ്ദേഹത്തിന് ആശ്വാസമായി. ഈ അവസ്ഥയിലേയ്ക്കാണ് ഇന്ന് കാര്യങ്ങൾ പോകുന്നത്.

എന്തിനും സ്പെഷ്യലിസ്റ്റാണ്, ഒരു പല്ലു വേദന വന്നാൽ പല്ലു ഡോക്ടറിൽ ഒതുങ്ങി നിൽക്കുന്നില്ല. വൻകിടക്കാരെ വമ്പിച്ച രീതിയിൽ കൊള്ളയടിക്കുന്ന ആശുപത്രികൾ രാജ്യമൊട്ടാകെ കൂണുപോലെ മുളച്ചു വരികയാണ്. ഈ അവസ്ഥയ്ക്ക് തടയിടണം, അവയെ പിടിമുറുക്കുന്നതിനുള്ള ഒരു കയർ നമ്മുടെ കയ്യിൽ ആവശ്യമാണ്. എന്നാൽ പത്തോ പതിനഞ്ചോ, പരമാവധി ഇരുപതോ കിടക്കകളുള്ള ആശുപത്രികളെ നാം പ്രത്യേകമായി കാണണമെന്ന് അടിവരയിട്ട് അഭ്യർത്ഥിക്കുകയാണ്. അവയ്ക്കുണ്ടായിരിക്കേണ്ട മിനിമം യോഗ്യതകൾ നിശ്ചയിക്കണം. അപ്പോൾ ഇത്തരം ധാരാളം ആശുപത്രികൾ വരും, ജനങ്ങൾക്ക് എളുപ്പത്തിൽ സമീപിക്കാനും പരിശോധന നടത്താനും ചികിത്സ നേടാനും അതുവഴി വലിയ വിഷമമില്ലാതെ കാര്യങ്ങൾക്ക് പരിഹാരം കാണാനും സാധിക്കും. അവയെ നിലനിർത്തേണ്ടത് ഈ ബില്ലിന്റെ സ്പിരിറ്റിന് അത്യാവശ്യമായതിനാൽ അവ പ്രത്യേകം പരിശോധിക്കണം, അവയ്ക്ക് മുൻഗണന കൊടുക്കണം. ഇപ്പോൾ നാട്ടിൽ ധാരാളം ലബോറട്ടറികളുണ്ട്, അവയിൽ പരിശോധിക്കുന്ന റിസൽട്ടിന്റെ കൃത്യത ദൈവത്തിൽ അർപ്പിച്ചിരിക്കുകയാണ്, രണ്ട് ലബോറട്ടറികളിലെ ഒരേ പരിശോധനയ്ക്ക് രണ്ട് റിസൽട്ടായിരിക്കും, മൂന്നാമതൊന്നിലും കൂടി പരിശോധിപ്പിച്ച് ഭൂരിപക്ഷാഭിപ്രായം തേടുന്നതാണ് സാധ്യമായ ഏക മാർഗ്ഗം. ഇതൊഴിവാക്കിക്കൊണ്ട് കൃത്യമായി പരിശോധന നടന്നിട്ടുണ്ടെന്നും സത്യസന്ധമായ റിപ്പോർട്ടാണെന്നും വിശ്വസിക്കുന്ന രീതിയിൽ ക്വാളിറ്റി ഉണ്ടാകണം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഇത് വളരെ നല്ല ബില്ലാണ്. ഇതിൽ കൗൺസിൽ രൂപീകരണത്തിനുള്ള മാനദണ്ഡവും മെഡിക്കൽ കൗൺസിലുകളടക്കമുള്ള പല സംഘടനകളുടെ പ്രാതിനിധ്യവും പറയുന്നുണ്ട്. ഫിസിയോ തെറാപ്പിസ്റ്റുകളുടെ സംഘടനയുടെ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതായും പറഞ്ഞിട്ടുണ്ട്. നേഴ്സ്മാർ ധാരാളമുള്ളതിനാൽ അവരുടെ പ്രതിനിധിയുണ്ട്. ഡെന്റൽ ടെക്നോളജിയുണ്ട്, കാർഡിയോ വാസ്കുലാർ ടെക്നോളജിയുണ്ട്, പാരാ മെഡിക്കൽ വിഭാഗത്തിൽപ്പെട്ട ഒരുപാട് ചെറിയ സംഗതികളുണ്ട്. അതുകൊണ്ട് ഫിസിയോതെറാപ്പിസ്റ്റിന് പ്രത്യേകം പ്രാതിനിധ്യം കൊടുക്കേണ്ട ആവശ്യമില്ല. പാരാമെഡിക്കൽ വിഭാഗത്തിൽ നിന്നും ഒരു പ്രതിനിധി മതിയാകും. ഇതിൽ ഫിസിയോതെറാപ്പിയും ഉൾപ്പെടും. ഫിസിയോ തെറാപ്പിസ്റ്റുകളുടെ പ്രതിനിധിയെ വയ്ക്കുന്നത് അനാവശ്യമാണെന്ന് അങ്ങ് കരുതുന്നുണ്ടോ?

മി. സ്പീക്കർ: ഫിസിയോതെറാപ്പി ഒരു പാരാമെഡിക്കൽ വിഭാഗമായി കണക്കാക്കേണ്ടതല്ല.

ശ്രീ. കെ. എൻ. എ. ഖാദർ: ഫിസിയോതെറാപ്പിസ്റ്റുകൾ നേരിട്ട് ചികിത്സ നടത്തുന്ന സ്ഥിതിവിശേഷം ഇപ്പോഴുണ്ട്. പാരാമെഡിക്കൽ വിഭാഗത്തിന്റെ റെപ്രസെന്റേഷൻ മതി.

ശ്രീ. സി. മമ്മൂട്ടി: ഫിസിയോതെറാപ്പിസ്റ്റിന് പാരയാകാൻ ഞാൻ തയ്യാറല്ല. ഫിസിയോതെറാപ്പിസ്റ്റ് വരുന്നതിനെ എന്തിനാണ് എതിർക്കുന്നത്; നാലരവർഷം ദൈർഘ്യമുള്ള ഫിസിയോതെറാപ്പി കോഴ്സ് ചെയ്ത് സർട്ടിഫിക്കറ്റ് നേടിയവരുമുണ്ട്.

മി. സ്പീക്കർ: ലോകം മുഴുവൻ ഫിസിയോതെറാപ്പി സെന്ററുകളുണ്ട്, എല്ലായിടത്തും പ്രാക്ടീസ് ചെയ്യപ്പെടുന്നുമുണ്ട്.

ശ്രീ. സി. മമ്മൂട്ടി: എന്തിനാണ് ഒന്ന് ഇല്ലാതാക്കുന്നത്, അവർ ഉൾപ്പെടുന്നതുകൊണ്ട് നഷ്ടമൊന്നുമില്ലല്ലോ; പാരാമെഡിക്കൽ മേഖലയും വരുന്നുണ്ടല്ലോ?

ശ്രീ. കെ. എൻ. എ. ഖാദർ: ഫിസിയോ തെറാപ്പിസ്റ്റ് സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നുവെന്ന പ്രശ്നം ചിലയിടത്തെങ്കിലുമുണ്ട്. കേന്ദ്രഗവൺമെന്റ് കൊണ്ടുവരാൻ പോകുന്ന നിയമം തന്നെ ബ്രിഡ്ജ് കോഴ്സാണ്. അതിന്റെ മറ്റൊരു രൂപമായി ഇത് മാറും. അതുപോലെ ചൈനയിൽ നിന്നും റഷ്യയിൽ നിന്നും പോളണ്ടിൽ നിന്നും പാസ്സായി വരുന്ന ഡോക്ടർമാർക്ക് ഒരു പരീക്ഷയെഴുതിയാൽ ഇവിടെ പ്രാക്ടീസ് ചെയ്യാം. മെഡിക്കൽ കൗൺസിലിൽ നിന്ന് രജിസ്ട്രേഷൻ കിട്ടും. കേരളത്തിലെ മെഡിക്കൽ കൗൺസിലിന്റെ ചെയർപേഴ്സൺ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ അംഗമാണെങ്കിലും അവരുടെ റൂൾ പ്രകാരം ഇവിടെ കോളേജിന്റെ പെർമിറ്റഡ് സീറ്റിൽ ചേർന്ന് പഠിച്ച് പാസ്സായ ഒരു കുട്ടിക്ക് ആരോഗ്യ സർവ്വകലാശാല ഡിഗ്രി കൊടുത്താലും കോളേജിന് റെക്കഗ്നീഷനില്ലെങ്കിൽ പ്രാക്ടീസ് ചെയ്യാനുള്ള രജിസ്ട്രേഷൻ കൊടുക്കില്ല. എന്നാൽ മറ്റൊരു രാജ്യത്ത് പഠിച്ച് വന്നാൽ, ആ കോളേജ് നിലവിലുണ്ടോ എന്ന് നോക്കാതെ തന്നെ ഇവിടെ പരീക്ഷ എഴുതിയാൽ രജിസ്ട്രേഷൻ കൊടുക്കുകയാണ്. ഇതുപോലുള്ള പരിഹരിക്കപ്പെടേണ്ട കുറേയേറെ അപാകതകളുണ്ട്.

ശ്രീ. സി. മമ്മൂട്ടി: യൂണിവേഴ്സിറ്റി അംഗീകരിച്ച നാലര വർഷക്കാലം ദൈർഘ്യമുള്ള കോഴ്സ് പഠിച്ച് ബിരുദം നേടിയവരുണ്ട്, സാധാ സർട്ടിഫിക്കറ്റ് കോഴ്സ് കഴിഞ്ഞവരുമുണ്ട്. ആദ്യം പറഞ്ഞ ബിരുദക്കാർ സെൻട്രൽ ഗവൺമെന്റിന്റെയും ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങളുടെയും അംഗീകാരമുള്ളവരാണ്. അവരെക്കുറിച്ചാണ് നാം സംസാരിക്കുന്നത്. ഒരു രോഗി വന്നാൽ ഫിസിയോ തെറാപ്പിസ്റ്റിന് പെട്ടെന്ന് ചികിത്സിക്കാനുള്ള അവകാശമൊന്നുമില്ല. അതിനായി ഡോക്ടർ റഫർ ചെയ്യണം. അതിനനുസരിച്ച് മാത്രമേ തെറാപ്പി ചെയ്യാൻ

സാധിക്കുകയുള്ളൂ. അങ്ങനെ അല്ലാത്തതിനെ നിയന്ത്രിക്കാനാണ് ബിൽ കൊണ്ടു വരുന്നത്. ഓരോ വിഭാഗത്തിനും നിലവാരം ഇന്നതാണെന്ന് റൂൾ ഫ്രെയിം ചെയ്യുമ്പോൾ സ്പെസിഫിക്കായും വ്യക്തമായും പറയണം. അത് നിർബന്ധമാണ്. ഏത് നിയമം കൊണ്ടുവന്നാലും റൂൾ ഫ്രെയിം ചെയ്യുമ്പോൾ സ്പെസിഫിക്കായി പറയണം. ഓരോ വിഭാഗത്തിനും നിശ്ചയിച്ചിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമേ ബന്ധപ്പെട്ട കാര്യങ്ങൾ നടത്താൻ പാടുള്ളൂ. യുനാനി, സിദ്ധ ഇവയിലൊന്നും പ്രാതിനിധ്യം ഇല്ല. അവ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ആരേയും ഒഴിവാക്കണം എന്നുപറയണ്ട. ഇത്തരം കാര്യങ്ങളിൽ ക്ലിനിക്ക് തുടങ്ങുമ്പോൾ സ്റ്റാൻഡേർഡ് ഉറപ്പുവരുത്തുന്നതിനുള്ള ശക്തമായ സമീപനമാണ് ആവശ്യം.

ചില പഞ്ചായത്തുകൾ ആശാ വർക്കർമാരെ കൊളസ്ട്രോളും ഷുഗറും പരിശോധിക്കാനായി നിയോഗിക്കാറുണ്ട്. ഇവർ യോഗ്യതയുള്ളവരാണെങ്കിൽ കുഴപ്പമില്ല. പക്ഷേ യോഗ്യതയില്ലാത്തവർ പരിശോധനയ്ക്കായി പോകുന്നുവെന്ന പരാതി വ്യാപകമായിട്ടുണ്ടാകുന്നുണ്ട്. ഇതിനൊക്കെ വ്യക്തമായ കാഴ്ചപ്പാടോടുകൂടിയ നിർദ്ദേശം നൽകണം. ക്വാളിഫൈഡല്ലാത്ത ഇത്തരം ആശാ വർക്കർമാർ പരിശോധന നടത്തുമ്പോൾ എന്തെങ്കിലും പാകപ്പിഴ സംഭവിച്ചാൽ, അത് ജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള പ്രശ്നങ്ങളുണ്ടാക്കുമെന്നുള്ള കാര്യം ഗൗരവമായിട്ടെടുക്കണം. ഓരോ അസുഖത്തിനും വേണ്ടിവരുന്ന ചികിത്സാച്ചെലവിനെ സംബന്ധിച്ച കൃത്യമായ കണക്ക് സൂചിപ്പിച്ചുകൊണ്ടുള്ള ബോർഡ് ആശുപത്രികളിൽ പ്രദർശിപ്പിക്കണമെന്ന് ബില്ലിൽ പറഞ്ഞിട്ടുണ്ട്.

ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം സോഷ്യൽ ഓഡിറ്റിനെ സംബന്ധിച്ചുള്ളതാണ്. സോഷ്യൽ ഓഡിറ്റ് നടക്കണം. ഇപ്പോൾ ഡോക്ടർമാർ ഓപ്പറേഷൻ നടത്തുമ്പോൾ ധാരാളം മരണങ്ങളുണ്ടാകുന്നു. ഓപ്പറേഷൻ നടത്താൻ കേപ്പബിൾ അല്ലാത്ത ഡോക്ടർമാർ രോഗികളെ ഓപ്പറേറ്റ് ചെയ്യുമ്പോഴാണ് ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നത്. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിലൂടെ എത്ര ഓപ്പറേഷൻ കേസുകൾ വിജയിച്ചിട്ടുണ്ടെന്നും പരാജയപ്പെട്ടിട്ടുണ്ടെന്നും മനസ്സിലാക്കാൻ സാധിക്കും. പരാജയപ്പെട്ട കേസുകൾ കൂടുതൽ ഉണ്ടാകുമ്പോൾ അത് നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. ഇത്തരം കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. വ്യാജ ഡോക്ടർമാരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. നേരത്തെ പറഞ്ഞതുപോലെ ഈ രംഗത്ത് നാച്ചുറോപ്പതി പോലെയുള്ള ധാരാളം വ്യാജ സംഘടനകൾ പ്രവർത്തിച്ചുവരുന്നു. ഡോക്ടർ എന്ന ഡെഫനിഷനിൽ

പാരമ്പര്യമായി, വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ഒരു വിഭാഗമുണ്ട്. അതേ അവസരത്തിൽ ചിലർ ഏത് ചികിത്സ നടത്താൻ സാധിക്കുമെന്ന് അന്വേഷിച്ചുനടക്കുന്നവരാണ്. വ്യാജ ഡോക്ടർമാരെ തിരിച്ചറിയാനുള്ള സംവിധാനം നിലവിലില്ല. ഇപ്പോൾ ആർക്കും രോഗികളെ പരിശോധിക്കാം. ഇക്കാര്യത്തിൽ ഒരു നിയന്ത്രണവുമില്ല. ഈ സ്ഥിതി മാറണം. ഡോക്ടർമാരുടെ ബിരുദവും മറ്റ് സർട്ടിഫിക്കറ്റുകളുമൊക്കെ പരിശോധിച്ച് വ്യാജനല്ലെന്ന് ഉറപ്പുവരുത്താനുള്ള അധികാരംകൂടി ഡിസ്ട്രിക്റ്റ് അതോറിറ്റിക്ക് നൽകണം. ആ നിലയിൽ വന്നെങ്കിൽ മാത്രമേ വ്യാജഡോക്ടർമാരെ ഒഴിവാക്കാൻ സാധിക്കുകയുള്ളൂവെന്നുകൂടി പറയാൻ ആഗ്രഹിക്കുകയാണ്.

'ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ' പോലെയുള്ള സംഘടനകളെ പ്രൊഫഷണലായി കാണണം; രാഷ്ട്രീയമായി കാണാൻ പാടില്ല. കഴിഞ്ഞ ദിവസം 'ലബോറട്ടറി ഓണേഴ്സ് ഫെഡറേഷൻ' എന്നൊരു സംഘടന രൂപീകൃതമായിട്ടുണ്ട്. സി.പി.ഐ.(എം) അനുഭാവമുള്ള ഒരു സംഘടനയുടെ കീഴിലാണ് അത് പ്രവർത്തിക്കുന്നത്. ഇക്കാര്യത്തിൽ രാഷ്ട്രീയം കലർത്തിയാൽ ഇതിന്റെ മുഴുവൻ സ്പിരിറ്റും നഷ്ടപ്പെട്ടുപോകുമെന്നുള്ളതുകൊണ്ട് രാഷ്ട്രീയമൊക്കെ മാറ്റിവച്ച് വളരെ സുതാര്യമായി, സത്യസന്ധമായി കൈകാര്യം ചെയ്യുന്ന വിധത്തിലുള്ള സംവിധാനം കൊണ്ടുവരണം. അതോടൊപ്പം വർഷങ്ങളായി ക്വാളിഫിക്കേഷനില്ലാതെ ലബോറട്ടികളിൽ ജോലി ചെയ്യുന്നവർക്കായി ഒരു പ്രത്യേക ടെസ്റ്റ് നടത്തുകയും അത് പാസ്സായി യോഗ്യത നേടുന്നവർക്ക് മാത്രമേ പരിശോധന നടത്താനുള്ള അനുവാദം നൽകാൻ പാടുള്ളൂവെന്ന വ്യവസ്ഥയുണ്ടാകുകയും വേണം.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: 'ലബോറട്ടറി ഓണേഴ്സ് ഫെഡറേഷൻ' സി.പി.ഐ (എം) സംഘടനയാണെന്ന് പറയുന്നത് ശരിയല്ല. അത് രാഷ്ട്രീയമില്ലാത്ത ഒരു സംഘടനയാണ്.

<u>ശ്രീ. സി. മമ്മൂട്ടി</u>: 'A unit of Vyapari Vyavasayi Samithi' എന്ന് നോട്ടീസിൽ എഴുതിയിരിക്കുന്നത് ഞാൻ കാണാനിടയായി. വ്യാപാരി വ്യവസായി സമിതി സി.പി.ഐ.(എം) അനുഭാവമുള്ളതാണെന്നത് ഉറപ്പാണ്. അതിന്റെ യൂണിറ്റാണെന്ന് നോട്ടീസിൽ കണ്ടതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്. എനിക്ക് ഇക്കാര്യത്തിൽ വിരോധമില്ല. ഏതായാലും അത് രൂപീകരിക്കാൻ തുടങ്ങിയിട്ട് മാസങ്ങളേ ആയിട്ടുള്ളൂ. ഒരു സംശയം തോന്നിയതുകൊണ്ട് പറഞ്ഞതാണ്. വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ഐ.എം.എ.-യെ രാഷ്ട്രീയമായി ആരും കാണില്ലെന്നതുപോലെ ഈ രംഗത്ത് പ്രാവീണ്യമുള്ള, കാലാകാലങ്ങളായി

പ്രവർത്തിക്കുന്ന സംഘടനകളെ മാത്രമേ നോമിനേറ്റ് ചെയ്യാൻ പാടുള്ളൂ. സർക്കാരാണ് നോമിനേറ്റ് ചെയ്യേണ്ടത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണമാകുമ്പോൾ ആ ഒരു താൽപ്പര്യത്തിലേയ്ക്ക് പോകരുതെന്ന് സൂചിപ്പിച്ചെന്നു മാത്രം. ഇതൊക്കെ വളരെ സുതാര്യമായി, നല്ല നിലയിൽ, ആരോഗ്യത്തിന് ഗുണകരമായ വിധത്തിലുണ്ടാകണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ് രാഷ്ട്രീയ പ്രേരിതമായി പോകരുതെന്ന് പറയുന്നത്. അങ്ങനെ ആയാൽ ഇതിന്റെ എല്ലാ സ്പിരിറ്റും നഷ്ടപ്പെട്ടുപോകും. അതുകൊണ്ട് അത്തരം കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. ക്ലിനിക്കുകൾ സ്ഥാപിക്കുമ്പോൾ അവിടെ യോഗ്യതയുള്ളവർ മാത്രമേ ജോലി ചെയ്യുന്നുള്ളൂവെന്നത് ഉറപ്പുവരുത്തണം. റൂൾ ഫ്രെയിം ചെയ്യുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി വളരെയധികം ശ്രദ്ധിക്കണം. എക്സ്പെർട്ടൈസിനെ നിയോഗിച്ച്, ആക്ടിന് ലക്ഷ്യം നഷ്ടപ്പെട്ടുപോകുന്ന അവസ്ഥയുണ്ടാകാതെയും അതേ അവസരത്തിൽ ഇതുമായി ബന്ധപ്പെട്ട സുതാര്യത നിലനിൽക്കണമെന്നുമുള്ളതുകൊണ്ടാണ് റൂൾ ഫ്രെയിം ചെയ്യുമ്പോൾ വളരെ അവധാനതയോടുകൂടി കൈകാര്യം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നത്. നാട്ടിലെ ജനങ്ങൾക്ക് ആരോഗ്യകരമായ വളർച്ചയും സംരക്ഷണവും നൽകുന്ന ഈ ബിൽ കാലഘട്ടത്തിന് ആവശ്യമാണ്. ഈ പറഞ്ഞ കാര്യങ്ങളെല്ലാംകൂടി ഉൾപ്പെടുമ്പോഴേ ഈ ബിൽ പൂർണ്ണരൂപത്തിൽ വരികയുള്ളൂവെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ആരോഗ്യ രംഗത്ത് ഗുണനിലവാരം ഉറപ്പാക്കുന്നതിനും ചൂഷണം ഒഴിവാക്കുന്നതിനും വേണ്ടിയാണ് ഈ ബിൽ പ്രയോജനപ്പെടുത്തേണ്ടത് എന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. അതുകൊണ്ട് തുറന്ന മനസ്സോടുകൂടി യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിലുണ്ടാകണം. ഏറെക്കാലമായി കേരളത്തിലെ സാധാരണ ജനങ്ങളുടെ ഒരു ആവശ്യമായിരുന്നു ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ. അക്കാര്യം ഉൾക്കൊണ്ടുകൊണ്ട് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തന്നെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തയ്യാറാക്കുകയാണുണ്ടായത്. 13-ാം കേരള നിയമസഭയിൽ 230-ാം നമ്പരായി ഈ ബിൽ പ്രസിദ്ധീകരിച്ചു. പക്ഷേ അന്ന് ചർച്ചയ്ക്കെടുക്കാൻ കഴിഞ്ഞിരുന്നില്ല. ആ ബിൽ തന്നെ ചില മാറ്റങ്ങൾ വരുത്തിയാണ് സർക്കാർ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളത്. ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് 2010-ൽ ദേശീയതലത്തിൽ അന്നത്തെ യു.പി.എ. ഗവൺമെന്റ് ഒരു നിയമം കൊണ്ടുവരികയുണ്ടായി. പബ്ലിക് ഹെൽത്ത് സിസ്റ്റം

മെച്ചപ്പെടുത്തുക എന്നുള്ളതാണ് അതിന്റെ ഉദ്ദേശ്യം. ഇന്ത്യയിലെ 10 സംസ്ഥാനങ്ങളിൽ ഇപ്പോൾ ഈ കേന്ദ്ര ആക്ട് നടപ്പിലാക്കിയിട്ടുണ്ട്. അടുത്ത കാലത്താണ് കർണ്ണാടക സംസ്ഥാനം സ്വകാര്യ ആശുപത്രികൾക്ക് മാത്രമായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കൊണ്ടുവന്നത്. കേരളത്തിന്റെ പ്രത്യേകമായ സാഹചര്യത്തിൽ ഒരു വിപുലമായ നിയമം നമുക്ക് വേണമെന്നുള്ളതുകൊണ്ടാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുതന്നെ ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചത്. ഇന്ത്യയിൽ ആരോഗ്യപരിപാലന രംഗത്ത് ഏറ്റവും മികച്ച സംസ്ഥാനമാണ് കേരളം. ഇക്കാര്യത്തിൽ നമ്മൾ വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. രാജഭരണ കാലം മുതൽ നമ്മൾ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ഒരു വികസിത രാഷ്ട്രത്തിന്റേതായ പുരോഗതി ഈ മേഖലയിൽ നമുക്കുണ്ടാക്കാൻ സാധിച്ചതെന്ന കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ പകർച്ചവ്യാധികളും ജീവിതശൈലീ രോഗങ്ങളുമൊക്കെ പുതിയ വെല്ലുവിളികളായി നമ്മുടെ മുന്നിൽ നിൽക്കുന്നുണ്ട്. എങ്കിൽപ്പോലും വികസനം നേടിയ സമൂഹമെന്ന നിലയിൽ അതിനനുസരിച്ചുള്ള ഒരു നിയമം കൊണ്ടുവരണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് ഈ നിയമം ഇവിടെ അവതരിപ്പിച്ചതെന്നുള്ളത് ഏറ്റവും ശ്രദ്ധേയമാണ്. അതുകൊണ്ടുതന്നെ കേരളത്തിന്റെ ആരോഗ്യമേഖലയുടെ നേട്ടങ്ങൾക്കനുസൃതമായി ക്ലിനിക്കൽ ലാബുകളും ആശുപത്രികളും ഗുണനിലവാരമുള്ളതും രോഗീസൗഹൃദവുമാക്കേണ്ടതും അത്യാവശ്യമാണ്. അക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് 2017-ൽ അവതരിപ്പിച്ച ബില്ലിൽ ചില മാറ്റങ്ങൾ ഉൾപ്പെടുത്തിയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. കേരളത്തിലെ ക്ലിനിക്കൽ ലാബുകളെക്കുറിച്ചും ചികിത്സ ലഭ്യമാകുന്ന കാര്യത്തെക്കുറിച്ചുമൊക്കെ ശ്രീ. സി. മമ്മൂട്ടി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏറ്റവും ഗുരുതരമായ ഒരു കാര്യമാണിത്. ഇതിനെക്കുറിച്ച് പലപ്പോഴും പത്രമാധ്യമങ്ങളിലൊക്കെ വാർത്തകൾ വന്നിട്ടുള്ളതാണ്. ഒരേ സാമ്പിൾ തന്നെ ഒരു ലാബിൽ പരിശോധിച്ചാൽ ഒരു റിസൽട്ട് മറ്റൊരു ലാബിൽ പരിശോധിച്ചാൽ മറ്റൊരു റിസൽട്ട്. എം.എൽ.എ. ഹോസ്റ്റലിൽ പരിശോധിച്ചപ്പോൾ തെറ്റായ റിസൾട്ടാണ് വന്നത്. ഈ അവസ്ഥയാണെങ്കിൽ നമ്മൾ ഒരു രോഗം നിർണ്ണയിക്കുന്നതെങ്ങനെയാണ്? ഈ പരിശോധനാ ഫലമനുസരിച്ചാണ് ഡോക്ടർമാർ ചികിത്സ നിശ്ചയിക്കുന്നത്. എന്താണ് രോഗമെന്ന് മനസ്സിലാക്കാതെ ചികിത്സിച്ചാൽ സംഭവിക്കുന്ന ഗുരുതരമായ ഭവിഷ്യത്ത് ഇവിടെ നിലനിൽക്കുകയാണ്. എന്താണതിന് കാരണം?

ഗുണനിലവാരമില്ലാത്ത ലാബുകൾ, യഥാർത്ഥ ക്വാളിഫിക്കേഷനില്ലാത്ത ടെക്നീഷ്യൻസ്, കൂണുപോലെ മുളച്ചുവരുന്ന സംവിധാനങ്ങൾ ഇവയൊക്കെയാണ് അതിന് കാരണം. പ്രൈവറ്റ് ലാബുകളിൽ ആദ്യം അസിസ്റ്റന്റായി നിയമനം നൽകും. 6 മാസം കഴിയുമ്പോൾ ചെറിയൊരു പരിശീലനം നൽകും. അതുകഴിഞ്ഞാൽ അവരാണ് അവിടെ ടെസ്റ്റ് നടത്തുന്നത്. ഇവിടെ പറഞ്ഞതുപോലെ പഞ്ചായത്തുകളിൽ പരിശീലനം ലഭിക്കാത്ത ആശാ വർക്കേഴ്സ് പരിശോധനകൾ നടത്തുന്നു. രോഗപരിചരണ രംഗത്തും ചികിത്സാ രംഗത്തുമൊക്കെ ഗുരുതരമായ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. പ്രധാനമായി ശ്രദ്ധിക്കപ്പെടേണ്ട ഒരു മേഖലയിൽ ക്വാളിഫൈഡ് ടെക്നീഷ്യൻസില്ല, പല ലാബുകളിലും ഒരേ സാമ്പിളിൽത്തന്നെ പല റിസൽട്ടുകൾ വരുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ മനസ്സിലാക്കി ആവശ്യമായ നടപടികളുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു അച്ചടക്കം ഈ മേഖലയിലുണ്ടാകണം. കേരളത്തിൽ ലക്ഷക്കണക്കിന് സ്വകാര്യ ലാബുകളും സർക്കാർ ലാബുകളുമുള്ളതുകൊണ്ട് ക്വാളിഫൈഡായവർ എല്ലാ മേഖലകളിലും ഉണ്ടാകേണ്ടത് ആവശ്യമാണ്. ഈ സംസ്ഥാനത്ത് എത്ര സ്വകാര്യ/ഗവൺമെന്റ് ലാബുകളുണ്ട്, അവിടത്തെ സംവിധാനങ്ങളെന്തൊക്കെയാണ് എന്നുള്ളതിനെക്കുറിച്ച് ഒരു വ്യക്തത ഈ ബില്ലിലുണ്ടാകണം എന്നാണ് എനിക്ക് പറയാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി)

അതുപോലെ ആശുപത്രികളുടെ കാര്യത്തിലും വ്യക്തത വരുത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ 70 ശതമാനത്തോളം സ്വകാര്യ ആശുപത്രികളാണ് ഇവിടെയുള്ളത്. സ്വകാര്യ ആശുപത്രികളിൽ ഏതാനും വർഷത്തിനുള്ളിൽ ആയിരത്തോളം ക്ലിനിക്കുകൾ പൂട്ടിപ്പോയ ഒരു സാഹചര്യമാണുണ്ടായത്. അങ്ങനെ വരുമ്പോൾ സാധാരണക്കാരായിട്ടുള്ള ആളുകൾക്ക് ചികിത്സ നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇവിടെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളും വന്നതുകൊണ്ടാണ് ഈ ആശുപത്രികൾ പൂട്ടാനിടയായത്. അവയെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സമൂഹത്തിനുണ്ട് എന്നുള്ള കാര്യത്തിൽ സംശയമില്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടാണ് ഒരു ഡോക്ടറോ രണ്ടു ഡോക്ടർമാരോ മാത്രം പ്രവർത്തിക്കുന്ന ഇത്തരം ക്ലിനിക്കുകളിൽ ഡോക്ടർമാർ പ്രാക്ടീസ് ചെയ്യുന്നത്. അതോടൊപ്പം കൗൺസിലിന്റെ അച്ചടക്ക മേൽനോട്ടവും അവിടെയുണ്ട്. അവരുടെ അച്ചടക്കത്തിന് വിധേയമാണ് ഈ ചെറിയ ആശുപത്രി. അങ്ങനെയുള്ള ആശുപത്രികളെ

സംരക്ഷിച്ച നിർത്തിയാൽ സാധാരണക്കാരായിട്ടുള്ള ആളുകൾക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആശുപത്രിയിൽ ഈ നിയന്ത്രണം ഏതു തരത്തിലാകണമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ 5 വർഷത്തേയ്ക്ക് അവരുടെമേൽ സ്റ്റിക്ടായിട്ടുള്ള നടപടികൾ ഒഴിവാക്കുന്നതിനുള്ള പ്രൊവിഷൻ ഈ ബില്ലിൽ കൊടുക്കണമെന്നുള്ളതാണ് എന്റെ ഒരു നിർദ്ദേശം. അതുപോലെ ഇംപ്രൂവ് ചെയ്യാനുള്ള അവസരങ്ങൾ കൊടുത്തുകൊണ്ട് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതിന് അവർക്ക് കുറച്ചു സാവകാശം നൽകണം. അല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതുപോലെയാകും ഈ നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകുന്നത്. ജി.എസ്.ടി. ഒറ്റയടിക്ക് നടപ്പിലാക്കിയപ്പോഴാണ് ആകെ പ്രശ്നമുണ്ടായത്. ഒരു നിയമം വരുമ്പോൾ സാധാരണക്കാരായിട്ടുള്ളവർക്കും പൊതു സമൂഹത്തിനും ദോഷമുണ്ടാകാത്ത രീതിയിലുള്ള സംവിധാനങ്ങൾ അതിൽ ഉണ്ടാകണമെന്നാണ് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

കേരളത്തിൽ 70 ശതമാനം ചികിത്സ നടക്കുന്ന സ്വകാര്യ മേഖലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടണമെന്നുള്ളത് മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ്. ഗുണമേന്മയുള്ള ചികിത്സ സാധാരണക്കാരന് ലഭ്യമാക്കണം. ഏറ്റവും കൂടുതൽ പ്രതിശീർഷ ചികിത്സാ ചെലവുള്ള ഒരു സംസ്ഥാനമാണ് കേരളം. ദരിദ്രർക്ക് ചികിത്സ അസാധ്യമാകുന്ന സാഹചര്യമാണ് ഇന്നുള്ളത്. ആശുപത്രികളിലുള്ള ചികിത്സാ നിരക്കും ആവശ്യമില്ലാത്ത പരിശോധനകളും ചികിത്സയും സാധാരണക്കാർക്ക് താങ്ങാനാവുന്നില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് ആശുപത്രികളുടെ സംവിധാനങ്ങൾ, ലാബായാലും ആശുപത്രിയായാലും അതിനാവശ്യമായിട്ടുള്ള സൗകര്യങ്ങൾ, ഈ നിയമം വരുന്നതോടുകൂടി വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നടപ്പിലാക്കുമ്പോൾ സർക്കാർ ആശുപത്രികളിലും ഈ നിയമം ബാധകമാണ്. സർക്കാർ ആശുപത്രികളിൽ ബാധകമാക്കുമ്പോൾ, ലാബുകൾ ഉൾപ്പെടെയുള്ള ചികിത്സാ സംവിധാനങ്ങൾ കൂടുതലായി കൊണ്ടുവരുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആരോഗ്യവകുപ്പിന് ബഡ്ജറ്റ് വിഹിതം 125 കോടി രൂപയായിരുന്നു. എന്നാൽ അധികാരം ഒഴിയുന്ന സമയത്ത് 1000 കോടി രൂപയാക്കി മാറ്റി. ഇപ്പോൾ സംസ്ഥാനത്ത് ബഡ്ജറ്റ് വിഹിതത്തിന്റെ രണ്ടു ശതമാനമാണ് ആരോഗ്യമേഖലയ്ക്ക് മാറ്റിവച്ചിരിക്കുന്നത്. അത് അഞ്ചു ശതമാനമാക്കി വർദ്ധിപ്പിച്ചാൽ മാത്രമേ നമ്മുടെ ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. 1962-ലെ സ്റ്റാഫ് പാറ്റേണാണ് ഇന്നുള്ളത്. ഈ നിയമം വരുമ്പോൾ ഒരു ആശുപത്രിയിൽ എത്ര മാനവശേഷി ഉണ്ടെന്നുള്ളതിനെക്കുറിച്ച് വ്യക്തമായൊരു ധാരണയുണ്ടാകണം.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ പറയുന്ന ആയിരം പേർക്ക് ഒരു ഡോക്ടർ എന്ന രീതിയിലുള്ള സംവിധാനം നടപ്പിലാക്കണമെങ്കിൽ ആവശ്യമായിട്ടുള്ള ജീവനക്കാരെ നിയമിക്കുകയും അടിസ്ഥാനപരമായ സൗകര്യങ്ങളുണ്ടാക്കുകയും വേണം.

കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ആരോഗ്യരംഗത്ത് ചെയ്ത കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആരോഗ്യം ഒരു പൗരന്റെ അവകാശമാണ് എന്നുള്ള തലത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനം പോകണമെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അത്തരത്തിലുള്ള കുറെയധികം പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഭാഗമായിട്ടാണ് 125 കോടി രൂപയായിരുന്ന ബഡ്ജറ്റ് വിഹിതം 1000 കോടി രൂപയാക്കി വർദ്ധിപ്പിക്കുകയും 100 ശതമാനവും ചെലവഴിക്കുകയും ചെയ്തത്. അതിനുപുറമേ എൻ.ആർ.എച്ച്.എം. വഴി ഫണ്ടുകൾ ലഭിക്കുകയും പ്രൈമറി ഹെൽത്ത് സെന്ററുകളിലും മെഡിക്കൽ കോളേജുകളിലുമുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു. ഈ ഗവൺമെന്റും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുവെന്നത് സ്വാഗതാർഹമാണ്. സാധാരണക്കാർക്ക് ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി ആദ്യമായി കുറച്ച് ചികിത്സകൾ സൗജന്യമായി നൽകി. 'അമ്മയും കുഞ്ഞും' പദ്ധതിയിലൂടെ ഒരു കുഞ്ഞ് ജനിച്ചുകഴിഞ്ഞാൽ ഗർഭാവസ്ഥ മുതൽ വാർദ്ധക്യം വരെയുള്ള ചികിത്സകൾ കേരളത്തിൽ സൗജന്യമാക്കി. 'ആരോഗ്യ കിരണം' പദ്ധതിയിലൂടെ എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ 18 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും എല്ലാ ചികിത്സയും സൗജന്യമായി നൽകി. 'അമൃതം ആരോഗ്യം' പദ്ധതിയിലൂടെ പ്രഷർ, ഷുഗർ തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്ക് കഴിഞ്ഞ ഗവൺമെന്റ് സൗജന്യമായി മരുന്നുകൾ നൽകി 'കാരുണ്യ' പദ്ധതിയിലൂടെ 1200 കോടി രൂപയുടെ ചികിത്സാ ധനസഹായമാണ് കഴിഞ്ഞ ഗവൺമെന്റ് കേരളത്തിലെ ജനങ്ങൾക്ക് കൊടുത്തത്. 'സുകൃതം' പദ്ധതിയിലൂടെ കേരളത്തിലെ മുഴുവൻ ബി.പി.എൽ. കുടുംബങ്ങൾക്കും കാൻസർ ചികിത്സ സൗജന്യമായി നൽകാൻ കഴിഞ്ഞു. കാൻസർ ബാധിച്ച രോഗികളെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാൻസർ രോഗം വന്നാൽ ചികിത്സിക്കാൻ കഴിയാതെ സമ്പന്നമായ കുടുംബങ്ങൾപോലും തകരുന്നത് നാം കാണുകയാണ്. അങ്ങനെയാണ് സുകൃതം പദ്ധതിയിലൂടെ സൗജന്യമായി കാൻസർ ചികിത്സ ഏർപ്പെടുത്തിയത്. അത്തരത്തിൽ കേരളത്തിലെ എല്ലാ ചികിത്സയും സൗജന്യമാക്കിയത് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തായിരുന്നു. നിങ്ങൾ ആരംഭിച്ച 'ആർദ്രം' പദ്ധതിയെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ, പരിധിയില്ലാത്ത ചികിത്സയാണ് ഞങ്ങൾ കേരളത്തിൽ കൊടുത്തുകൊണ്ടിരുന്നത്. എന്നാൽ ആർദ്രം പദ്ധതി വരുമ്പോൾ അതിന് പരിധി നിശ്ചയിക്കപ്പെടുകയാണ്. അവിടെ ഇൻഷ്വറൻസ് സ്കീം വരുമ്പോൾ പ്രീമിയം അനുസരിച്ചുമാത്രമേ ചികിത്സ

നൽകുകയുള്ളൂ. കാരുണ്യ ഫണ്ടിലൂടെ രണ്ടു ലക്ഷം മുതൽ മൂന്നു ലക്ഷം രൂപയും ആരോഗ്യകിരണം പദ്ധതിയിലൂടെ ഇരുപത് ലക്ഷം രൂപയും ചികിത്സാ സഹായം നൽകിയിരുന്നതാണ്. സുകൃതം പദ്ധതി പരിധിയില്ലാത്തതാണ്. അതുകൊണ്ട് കേരളത്തിലെ പാവപ്പെട്ടവർക്ക് പരിധി നിശ്ചയിക്കരുത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് തുടങ്ങിയ പരിധി നിശ്ചയിക്കാതെയുള്ള ചികിത്സാ സൗജന്യ പദ്ധതികൾ നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. സൗജന്യമായ ചികിത്സാ പദ്ധതികൾക്കുപുറമെ ലാബ് സൗകര്യങ്ങളും സൗജന്യമായി നൽകി. ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് ചെറിയ പരിശോധനകൾക്ക് മാത്രമാണ് സൗജന്യം നൽകുന്നത്. പക്ഷേ എം.ആർ.ഐ. സ്കാൻ, ആൻജിയോഗ്രാം തുടങ്ങിയ ടെസ്റ്റുകൾക്ക് ഉയർന്ന തുകയാണ് ചെലവാക്കേണ്ടിവരുന്നത്. ആൻജിയോഗ്രാം ടെസ്റ്റ് ചെയ്യുന്നതിനുവേണ്ടി 60,000 രൂപ തിരുവനന്തപുരം മെഡിക്കൽകോളേജിൽ ഈടാക്കിയെന്നാണ് ഒരാൾ എന്നോട് പറഞ്ഞത്. അത്തരത്തിലുള്ള വലിയ ടെസ്റ്റുകൾ പോലും സൗജന്യമായി കേരളത്തിലെ ജനങ്ങൾക്ക് നൽകുന്നതിനുവേണ്ട പ്രാരംഭ നടപടികൾ കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ചതാണ്. അതിന്റെ ഭാഗമായി താഴെ തലത്തിലെ 280 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലാബുകൾ ആരംഭിക്കുന്നതിനുവേണ്ടി തുടക്കം കുറിച്ചു. അതുകൊണ്ട് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിലവിൽ വരുമ്പോൾ, ഘട്ടംഘട്ടമായി ചികിത്സകൾ സൗജന്യമാക്കുകയും ലാബുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും എല്ലാ ലാബ് പരിശോധനകളും സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. ഇതുമായി ബന്ധപ്പെട്ട് പത്രത്തിൽ രണ്ട് വാർത്തകൾ വന്നിട്ടുണ്ട്. മാർച്ച് 31-നുശേഷം കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെ സൗജന്യ ചികിത്സാ പദ്ധതികൾ നിർത്തലാക്കുന്നു. അവിടെ 110 കോടി രൂപ ഗവൺമെന്റ് നൽകാനുണ്ട്. കാരുണ്യ, ആർ.എസ്.ബി.വൈ., സ്നേഹസ്പർശം, ആരോഗ്യ ഇൻഷ്വറൻസ് പോലെയുള്ള പദ്ധതികൾ നിർത്തലാക്കുന്നു എന്നാണ് വാർത്തകൾ വന്നിരിക്കുന്നത്. ആയിരത്തോളം സർക്കാർ ആശുപത്രികളിൽ ഈ ചികിത്സകൾ സൗജന്യമായി നൽകുകയാണ്. അതുകൊണ്ടാണ് ആരോഗ്യമേഖലയ്ക്ക് ബഡ്ജറ്റിൽ കൂടുതൽ തുക വക കൊള്ളിക്കണമെന്ന് പറഞ്ഞത്. സുകൃതം പദ്ധതിക്കുവേണ്ടി 20 കോടി രൂപ തിരുവനന്തപുരം ആർ.സി.സി.-ക്ക് നൽകാനുണ്ട്. കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും തിരുവനന്തപുരം ആർ.സി.സി.-യിലും മലബാർ കാൻസർ സെന്ററിലും സുകൃതം പദ്ധതി നടപ്പിലാക്കിയതാണ്. ഈ പദ്ധതി ഇപ്പോൾ ഒരിടത്തും നടക്കുന്നില്ല. തിരുവനന്തപുരം ആർ.സി.സി.-യിലുള്ള 20 കോടി രൂപയുടെ ബാധ്യത

അടിയന്തരമായി കൊടുത്തുതീർത്തില്ലെങ്കിൽ കേരളത്തിലെ ബി.പി.എൽ. വിഭാഗത്തിലെ കാൻസർ രോഗികൾക്ക് ചികിത്സ നിഷേധിക്കപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരത്തിലുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇതൊടൊപ്പമുണ്ടാകണം.

ഇന്ന് മാധ്യമത്തിൽ വന്നൊരു വാർത്ത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ മിനിമം ശമ്പളം എത്രയാണെന്നുള്ളത് തീരുമാനിക്കുകയുണ്ടായി. അത് സർക്കാർ ആശുപത്രികളിലെ താൽക്കാലിക സ്റ്റാഫ് നേഴ്സുമാർക്കും കൂടി ബാധകമാക്കണമെന്നുള്ള തീരുമാനം ഉണ്ടായിരിക്കുകയാണ്. എച്ച്.ഡി.സി.-യിൽനിന്നും 60 ശതമാനം തുക മാത്രമേ ശമ്പളം കൊടുക്കുന്നതിന് എടുക്കാൻ കഴിയുകയുള്ളൂ. അങ്ങനെ വരുമ്പോൾ ഇവിടെ എന്താണ് ചെയ്യാൻ പോകുന്നത്? ഒ.പി. ടിക്കറ്റിന്റെ വിലയും സേവന നിരക്കുകളും വർദ്ധിപ്പിക്കാൻ പോകുന്നു. കേരളത്തിലെ പാവപ്പെട്ട ആളുകൾ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളുടെ സേവന നിരക്കുകളിൽ ഒരു കാരണവശാലും വർദ്ധന വരുത്തരുതെന്നാണ് ഞാൻ സർക്കാരിനോട് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നത്. അതിനാവശ്യമായ ശക്തമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, അലോപ്പതി, സിദ്ധ, യുനാനി തുടങ്ങിയ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങൾ മാത്രമേ ഈ ബില്ലിന്റെ പരിധിയിൽ വന്നിട്ടുള്ളൂ. മാഗ്നറ്റിക് തെറാപ്പി, പ്രാണിക് ഹീലിംഗ് തുടങ്ങിയവ പോലുള്ള ചികിത്സാ സമ്പ്രദായങ്ങളൊക്കെ അനധികൃതമായി നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. ഒരു നിയമം നടപ്പാകുമ്പോൾ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ അതൊക്കെ നിയന്ത്രിക്കപ്പെടേണ്ടതല്ലേ; വ്യാജ ഡോക്ടർമാരും കാര്യങ്ങളും വരുന്നു. അത്തരത്തിലുള്ള ഒരു നിയന്ത്രണം ഈ ബില്ലിലുണ്ടാകണം. സംസ്ഥാന കൗൺസിലിൽ പാരാമെഡിക്കൽ വിഭാഗത്തെ ഉൾപ്പെടുത്തണം. 60 ശതമാനം ആശുപത്രികളും സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ സ്വകാര്യ മേഖലയിലുള്ള ഒരു പ്രതിനിധിയെക്കൂടി ഇതിൽ ഉൾപ്പെടുത്തണം; അവരുടെ പ്രശ്നങ്ങൾ സംസ്ഥാന കൗൺസിലിൽ പറയുവാനും ചർച്ച ചെയ്യുവാനും സാധിക്കും. കേരളത്തിന്റെ ആരോഗ്യ പരിപാലന രംഗത്ത് സ്വകാര്യ മേഖലയും പൊതുമേഖലയും നൽകിയിട്ടുള്ള സംഭാവനകൾ വളരെ വലുതായതിനാൽ അവരെ അവഗണിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ സ്വകാര്യ മേഖലയിലുള്ള ആശുപത്രികളിലെ പ്രതിനിധികളെയും പാരാമെഡിക്കൽ വിഭാഗം, സിദ്ധ, യുനാനി, ഫാർമസി കൗൺസിൽ എന്നിവയുടെ പ്രതിനിധികളെയും ഉൾപ്പെടുത്തണം.

ലാബുകളിൽ ഗുണമേന്മയില്ലാത്ത റീ-ഏജന്റ്സ് കൊണ്ടാണ് പരിശോധനകൾ നടത്തുന്നത്. അതിനാൽ ഡ്രഗ്സ് കൺട്രോളറെയും പ്രതിനിധിയായി ഇതിൽ ഉൾപ്പെടുത്തണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, ആശുപത്രികളുടെ രജിസ്ട്രേഷന് ഏകജാലക സംവിധാനം ഏർപ്പെടുത്തിയാൽ വ്യാജ രജിസ്ട്രേഷൻ തടയുന്നതിന് ഇത് ഉതകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ നിയമത്തിൽ രോഗികളെ സ്റ്റെബിലൈസ് ചെയ്യുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഡോക്ടറിൽ നിക്ഷിപ്തമാണ്. അതിനാൽത്തന്നെ അത്തരം കേസ്സുകൾ ഏറ്റെടുക്കുന്നതിന് ചെറുതും ഇടത്തരവുമായ ആശുപത്രികൾ മടിക്കും. ഗുരുതരമായി പരിക്കേറ്റ മുരുകൻ എന്ന തൊഴിലാളിയെയുംകൊണ്ട് പല ആശുപത്രികളും കയറിയിറങ്ങിയിട്ടും ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിയാത്തതുകൊണ്ട് ഒരാശുപത്രിയും പ്രവേശിപ്പിക്കാൻ തയ്യാറായില്ല. മെഡിക്കൽ നെഗ്ലിജൻസ് പരിശോധിക്കാൻ കൺസ്യൂമർ ഫോറം പോലെയുള്ള സംവിധാനങ്ങളുണ്ട്. ചെറുകിട ആശുപത്രികൾ ഇപ്പോഴുള്ള നിയമത്തിന്റെ പരിധിയിൽനിന്നും വിടുന്നതായിരിക്കും നല്ലത് എന്നുള്ളതാണ് എന്റെ അഭിപ്രായം. ഒരു ചെറുകിട ആശുപത്രിക്ക് ചികിത്സാപ്പിഴവ് സംഭവിച്ചാൽ അത് പരിഹരിക്കുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ആശുപത്രികൾക്ക് ആരംഭത്തിൽ നൽകുന്ന സ്ഥിരം രജിസ്ട്രേഷൻ മൂന്ന് വർഷമെന്നുള്ളത് ചുരുങ്ങിയത് അഞ്ച് വർഷമാക്കണം. ഓരോ ആശുപത്രിക്കും റേറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷനും ഫീസും വിവിധ തരമാക്കണം. മൾട്ടി സ്പെഷ്യാലിറ്റി അല്ലെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾക്കും ഒരു ഡോക്ടർ അല്ലെങ്കിൽ 5 ഡോക്ടർമാർ പ്രവർത്തിപ്പിക്കുന്ന ഒരു ക്ലിനിക്കിനും ഒരേ തരത്തിലുള്ള രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നത് ന്യായീകരിക്കാൻ കഴിയില്ല. അത് ഈ ബില്ലിൽ ഉൾക്കൊള്ളിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സംസ്ഥാന കൗൺസിലിലുള്ള മൂന്ന് അംഗങ്ങളെയാണ് അപ്പലേറ്റ് അതോറിറ്റിയായി നിശ്ചയിച്ചിട്ടുള്ളത്. അപ്പലേറ്റ് അതോറിറ്റി എന്നുപറയുന്നത് സംസ്ഥാന കൗൺസിൽ എടുക്കുന്ന തീരുമാനത്തിന് അപ്പീൽ കൊടുക്കുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് ഇതിനുപുറമേ രണ്ട് അംഗങ്ങളെയെങ്കിലും നിയമിക്കുന്നതായിരിക്കും നല്ലത്. ഇതിൽ ഒരാൾ ജുഡീഷ്യൽ ഓഫീസർ സ്ഥാനത്തുനിന്നും വിരമിച്ചതായിരിക്കണം എന്നുള്ളതാണ് സൂചിപ്പിക്കാനുള്ളത്.

ചികിത്സാ പിഴവുമായി ബന്ധപ്പെട്ട ആരോപണങ്ങളോ സംഭവങ്ങളോ ഉണ്ടായാൽ ഒരു സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദാകാൻ കാരണമാകും. ഉദാഹരണമായി 50 ഡോക്ടർമാർ ജോലി ചെയ്യുന്ന ആശുപത്രിയിൽ ഒരു ഡോക്ടർക്ക് പിഴവ് സംഭവിച്ചാൽ ആ ആശുപത്രി പൂട്ടിപ്പോകുന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴത്തെ നിയമത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അത് ഒരിക്കലും അനുവദിക്കാൻ കഴിയില്ല. അത് നൂറ് കണക്കിനാളുകൾ ജോലി ചെയ്യുന്ന ഒരു സ്ഥാപനമായിരിക്കും. ആ ആശുപത്രി ഉടമയുടെ പേരിലാണ് നടപടി സ്വീകരിക്കേണ്ടത്. ആശുപത്രി പൂട്ടിപ്പോകുന്ന തരത്തിലുള്ള സംവിധാനം ഉണ്ടാകാൻ പാടില്ല.

മറ്റൊന്ന്, കേരളത്തിലെ ഹോമിയോപ്പതി അസോസിയേഷനു കീഴിൽ ഹോമിയോ ചികിത്സ നടത്തുന്ന കുറേ ആളുകളുണ്ട്. ഹോമിയോ ചികിത്സ എന്നുപറഞ്ഞാൽ, പോസ്റ്റൽ ട്യൂഷൻ പോലെ, ഔദ്യോഗികമല്ലാത്ത, ഡിഗ്രി നേടാത്ത കുറച്ച് ഹോമിയോ ഡോക്ടർമാർ കേരളത്തിലുണ്ട്. 2006-ൽ പുറപ്പെടുവിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് അവർ ഇപ്പോഴും ചികിത്സ നടത്തിക്കൊണ്ടിരിക്കുന്നത്. അവരെ ഏത് തരത്തിലാണ് നിയന്ത്രിക്കാമെന്നുള്ളതിനെക്കുറിച്ച് ഈ നിയമത്തിൽ വ്യക്തതയുണ്ടാകണം. അതുപോലെ ആയുർവ്വേദ മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരുമുണ്ട്. അവർ ഇപ്പോൾ സുപ്രീം കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. അവരെ ഏതു തരത്തിലുള്ള രജിസ്ട്രേഷനിലാണ് ഉൾപ്പെടുത്തേണ്ടത് എന്നുള്ളതിനെക്കുറിച്ചുകൂടി വ്യക്തതയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കേന്ദ്ര സർക്കാരിന്റെ മെഡിക്കൽ എക്യുപ്മെന്റ്സുമായി ബന്ധപ്പെട്ട് 1940-ൽ നിലവിൽ വന്ന വ്യവസ്ഥകളാണ് ചികിത്സാ ഉപകരണ നിയമ രംഗത്ത് ഇന്ന് നിലനിൽക്കുന്നത്. കേരളത്തിൽ ആദ്യകാലത്ത് കേവലം 6 ഉപകരണങ്ങൾ മാത്രമാണ് ഇതിന്റെ കീഴിൽ വന്നിട്ടുള്ളത്. അതിനുശേഷമാണ് ഇന്ന് കാണുന്ന നൂതന ഉപകരണങ്ങൾ വന്നത്. ഇവിടെ ഗുണമേന്മയും വിലയുമൊക്കെ നിയന്ത്രിക്കാൻ പുതിയ മെഡിക്കൽ ഉപകരണ നിയമം കേന്ദ്ര സർക്കാർ രൂപപ്പെടുത്തിയിട്ടുണ്ട്. ഓപ്പറേഷനുകൾക്കും ഇംപ്ലാന്റ്സുകൾ സ്ഥാപിക്കുന്നതിനും ഒക്കെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചാർജ് കുറയുകയാണ്. കേന്ദ്ര സർക്കാർ നിയമത്തിന്റെ അടിസ്ഥാനത്തിൽ ചാർജ് കുറയുമ്പോൾ മറ്റ് രംഗത്ത് കൂടുതൽ ഫീസ് ഈടാക്കുകയും അതുമൂലം സാധാരണക്കാരായിട്ടുള്ളവർക്ക് ഈ നിയമം കൊണ്ടുവരുന്നതിന്റെ പ്രയോജനം ലഭ്യമാകാതെ വരുന്നുവെന്നുള്ളതും പ്രധാനപ്പെട്ട കാര്യമാണ്. ഈ നിയമത്തിന്റെ ഗുണഫലം രോഗികൾക്ക് ലഭ്യമാകത്തക്ക രീതിയിലുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ഈ ബില്ലിന്റെ മൊത്തത്തിലുള്ള ഉദ്ദേശ്യലക്ഷ്യത്തെ കേരളത്തിലെ മുഴുവൻ ജനങ്ങളും പിന്താങ്ങുന്നുവെന്നാണ് ഞാനും മനസ്സിലാക്കുന്നത്. ബില്ലിലെ അപാകതകളും നിർദ്ദേശങ്ങളുമാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതുകൂടി പരിഹരിച്ചുകൊണ്ട് ഈ നിയമം നടപ്പിലാക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണിത്. ദീർഘകാലമായി ഈ ബില്ലിന്മേൽ ഇതുപോലൊരു നിയമം ഉണ്ടാകണമെന്ന് കേരളത്തിലെ ജനങ്ങൾ ആഗ്രഹിച്ചിട്ടുണ്ട്. പക്ഷേ ഉണ്ടാകുന്ന നിയമം കുറ്റമറ്റമാകണമെന്നുള്ളതാണ് വളരെ പരമപ്രധാനമായിട്ടുള്ള ഭാഗം. ഈ ബില്ലിനകത്ത് വിവിധ ഘടകങ്ങളുണ്ട്. അവയെല്ലാം ക്രോഡീകരിക്കാൻ കഴിയത്തക്ക വിധത്തിലേയ്ക്ക് ഈ ബിൽ വിപുലപ്പെട്ടിട്ടില്ല എന്നുള്ളതാണ് എന്റെ പരാതി. 1978-ലെ ഔഷധ നിയമം, 1979-ലെ ഔഷധ വില (നിയന്ത്രണ) നിയമം എന്നീ രണ്ട് നിയമങ്ങൾ നമ്മുടെ രാജ്യത്ത് നിലവിലുണ്ട്. എന്നാലും ജനറിക് മരുന്നുകൾ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ, ജനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയത്തക്ക വിധത്തിലുള്ള വിലയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ചികിത്സയെക്കുറിച്ച് പറയുമ്പോൾ ചികിത്സിക്കാൻ വരുന്ന ഒരു ഡോക്ടറോ പാരാമെഡിക്കൽ സ്റ്റാഫോ അല്ല. ചികിത്സാവിധിയിൽ പറയുന്ന ഔഷധങ്ങൾ വാങ്ങണം. അത് ന്യായവിലയ്ക്ക് ലഭിക്കാനുള്ള സംവിധാനമുണ്ടാകണം. അതിനൊരു നിയന്ത്രണം ഏതെങ്കിലും തലത്തിൽ ഉണ്ടാക്കാതിരിക്കാൻ കഴിയില്ല. അതിനെക്കുറിച്ചുകൂടി സർക്കാർ ആലോചിക്കേണ്ടതായിരുന്നു. ഒരു ലക്ഷം കോടി രൂപയ്ക്കുള്ള മരുന്നുകളാണ് ഇന്ത്യയിൽ മാർക്കറ്റ് ചെയ്യപ്പെടുന്നത്. ഏതാണ്ട് 10,000 കോടി രൂപയ്ക്കുള്ള ജനറിക് മരുന്നുകളാണ് അതിൽ പറയുന്നത്. മരുന്നുകളുടെ കാര്യത്തിൽ നിയന്ത്രണം കൊണ്ടുവരുന്ന വിധത്തിൽ ഔഷധ നിർമ്മാണത്തെക്കൂടി ഉൾക്കൊള്ളിക്കാൻ കഴിയത്തക്ക വിധത്തിലേയ്ക്ക് ഈ ബില്ലിനെ കുറച്ചുകൂടി വിപുലപ്പെടുത്തണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

രണ്ടാമത്തെ പ്രധാനപ്പെട്ട പ്രശ്നം, കേരളത്തിൽ കിടത്തി ചികിത്സ നടത്തിക്കൊണ്ടിരിക്കുന്ന ആശുപത്രികളുണ്ട്. എനിക്ക് ലഭിച്ചിട്ടുള്ള കണക്കനുസരിച്ച് സർക്കാർ മേഖലയിലുള്ള 380 സ്ഥാപനങ്ങളടക്കം 1650 ആശുപത്രികളിലാണ് കിടത്തി ചികിത്സയുള്ളത്. അതിനെ തരം തിരിക്കുമ്പോൾ 20 ബെഡ്,

50 ബെഡ് എന്നുള്ള നിലകളിലാണ് പോകുന്നത്. നിയമങ്ങൾ വരുമ്പോൾ അത് പരിശോധിക്കാനുള്ള അവകാശമുണ്ട്. പരിശോധിക്കാനുള്ള അവകാശം ദുരുപയോഗം ചെയ്യാതിരിക്കാനുള്ള നടപടികൾകൂടി ഇതിൽ ഉൾപ്പെടുത്തണം. ഏതെങ്കിലും ഉദ്യോഗസ്ഥന് കാര്യമായ സ്വീകരണം ലഭിച്ചില്ലെന്നോ അദ്ദേഹത്തെ വേണ്ടവിധം പരിഗണിച്ചില്ലെന്നോ തോന്നിയാൽ ആശുപത്രിക്കെതിരെ നടപടി സ്വീകരിക്കാനും രജിസ്ട്രേഷൻ പിൻവലിക്കാനും കഴിയുമെന്നുള്ള രൂപത്തിലേയ്ക്ക് പോകരുത്. ബില്ലിന്റെ ദുരുപയോഗം തടയുന്നതിനുവേണ്ടിയുള്ള നടപടി യുണ്ടാകണം. ഒ.പി.-യിൽ രജിസ്ട്രേഷൻ നിർബന്ധമില്ല, ഐ.പി. വിഭാഗത്തിലാണ് രജിസ്ട്രേഷൻ പറഞ്ഞിട്ടുള്ളത്. ഐ.പി. വിഭാഗത്തിൽ രജിസ്ട്രേഷൻ പറയുമ്പോൾ, സ്വാഭാവികമായും ഗവൺമെന്റിന്റെ ഏകദേശം 100 പി.എച്ച്.സി.-കളോടൊപ്പം സി.എച്ച്.സി. കളും ഉൾപ്പെടുന്നുണ്ട്. സ്വകാര്യ ആശുപത്രികളിൽ മാത്രമായി ഇത് പരിമിതപ്പെടുത്തുമ്പോൾ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളുടെ സ്ഥിതി എന്താണെന്നുള്ളതുകൂടി ആലോചിക്കേണ്ടതുണ്ട്. ഡോക്ടർമാരുടെ രജിസ്ട്രേഷനെക്കുറിച്ച് ഡോക്ടർ കമ്മ്യൂണിറ്റിക്കുതന്നെ രണ്ടഭിപ്രായമുണ്ട്. അവർ മെഡിക്കൽ കൗൺസിലിൽ പ്രൊഫഷണലായി രജിസ്റ്റർ ചെയ്തുവരുന്നവരാണ്. എന്തെങ്കിലും ക്ലിനിക്കൽ എറർ വന്നാൽ ഐ.പി.സി. അനുസരിച്ചുള്ള കേസുകളും അവർക്കെതിരെ വരുന്നുണ്ട്. എന്നാൽ ഇതോടൊപ്പം പുതിയൊരു നിയന്ത്രണം കൂടി വരാൻ പോകുന്നു എന്ന ആക്ഷേപം ഡോക്ടർമാർക്കിടയിലുണ്ട്. അത് ഗവൺമെന്റ് അഡ്രസ് ചെയ്യേണ്ട കാര്യമാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇപ്പോൾ പഞ്ചായത്തിൽനിന്നുള്ള രജിസ്ട്രേഷൻ ഉണ്ടെങ്കിൽ ഒരു ക്ലിനിക് ആരംഭിക്കാവുന്നതാണ്. അത് ശരിയല്ല. അതുകൊണ്ടാണ് വ്യാജ ഡോക്ടർമാരുടെ എണ്ണം വർദ്ധിക്കുന്നത്. കേരളത്തിൽ വ്യാജ ഡോക്ടർമാരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ഗവൺമെന്റിന്റെ കുറ്റം കൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. വ്യാജഡോക്ടർമാർ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. വ്യാജഡോക്ടർമാരേക്കാൾ പ്രശ്നമാണ് ചില മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ. ചില മെഡിക്കൽ കോളേജുകളിൽ വലതു കാൽ ഒടിഞ്ഞ് ചെന്നാൽ ഇടതുകാലിൽ പ്ലാസ്റ്റർ ചെയ്തുവിടുകയാണ് ചെയ്യുന്നത്. എന്റെ സ്നേഹിതന്റെ ഭാര്യ പ്രസവത്തിനായി മെഡിക്കൽ കോളേജിൽ ചെന്നപ്പോൾ, ഒരു കുഴപ്പവുമില്ല, മൂന്ന് ദിവസം കഴിഞ്ഞ് വന്നാൽ മതിയെന്ന് പറഞ്ഞ് ഡോക്ടർ അവരെ തിരിച്ചയച്ചു. എന്നാൽ ആശുപത്രിയിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ വേദനയുണ്ടാവുകയും ഡോക്ടറെ കാണാനായി വീണ്ടും ചെന്നപ്പോൾ അവരോട് പുറത്ത് ഇരിക്കാൻ പറയുകയും മതിയായ ചികിത്സ ലഭിക്കാത്തതിനാൽ കുട്ടി മരിക്കുകയു മാണുണ്ടായത്. ആരാണ് അതിന് ഉത്തരവാദി? ഇതുസംബന്ധിച്ച് ഞാൻ അങ്ങേയ്ക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. നടപടി

സ്വീകരിക്കാനായി കൊടുത്തിട്ടുണ്ടാകാം. അതുകൊണ്ടായിരിക്കാം എനിക്ക് മറുപടി നൽകാത്തത്. ഇനിയെങ്കിലും എനിക്ക് മറുപടി നൽകിയാൽ ഞാൻ അവരെക്കൂടി അറിയിക്കാമായിരുന്നു. ഈ സംഭവം നടന്നത് ഏറ്റവും വിദഗ്ദ്ധമായ ചികിത്സ കിട്ടുമെന്ന് നമ്മൾ പറയുന്നതും ജനങ്ങൾ വിശ്വസിക്കുന്നതുമായ മെഡിക്കൽ കോളേജിലാണ്. ഇങ്ങനെയുള്ള നെഗ്ലിജെൻസിന് ശിക്ഷ കൊടുക്കുന്നതിനു വേണ്ടിയുള്ള നടപടി ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

സംസ്ഥാനത്ത് അയ്യായിരത്തോളം സ്വകാര്യ ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ലാബുകളിൽ ക്വാളിഫിക്കേഷനുള്ള എക്സ്പെർട്ടുകളും ക്വാളിഫിക്കേഷനില്ലാതെ വർഷങ്ങളായി ലാബുകളിൽ ജോലി ചെയ്ത് എക്സ്പീരിയൻസുള്ളവരുമുണ്ട്. Acquired qualification ഉള്ളവർ ഒരു ലക്ഷത്തോളം വരുമെന്നാണ് കണക്കാക്കുന്നത്. ഈ നിയമം വന്നുകഴിയുമ്പോൾ അവരുടെ സ്ഥിതി എന്താകും? ഇരുപതും ഇരുപത്തഞ്ചും വർഷമായി ഒരേ സ്ഥാപനത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന, എക്സ്പർട്ടൈസ് നേടിയ ആളുകളുടെ അവസ്ഥ എന്താകുമെന്ന് ഗവൺമെന്റ് ആലോചിക്കണം. അല്ലെങ്കിൽ വലിയ അനിശ്ചിതത്വം ആ രംഗത്തുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾ പാരമ്പര്യ വൈദ്യന്മാർക്ക് രജിസ്ട്രേഷൻ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പാരമ്പര്യ വൈദ്യന്മാർക്ക് രജിസ്ട്രേഷൻ കൊടുക്കാൻ കഴിയുമെങ്കിൽ 20 വർഷക്കാലം ഒരു ലാബിൽ ജോലി ചെയ്തിട്ടുള്ളവരുടെ എക്സ്പർട്ടൈസ് കൂടി ഉൾക്കൊള്ളാൻ കഴിയില്ലേ? ആവശ്യമുണ്ടെങ്കിൽ ഒരു ടെസ്റ്റ് നടത്തി ക്വാളിഫൈ ചെയ്യുന്നവരെ ഇതിൽ ഉൾപ്പെടുത്താൻ ശ്രമിക്കണം. അല്ലാതെ ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്നവരുടെ ജോലിസ്ഥിരത ഇല്ലാതാക്കുന്ന നടപടി സ്വീകരിക്കരുത്.

ഡോക്ടറായ അച്ഛൻ നടത്തുന്ന ക്ലിനിക്കിൽ പിന്നീട് ഡോക്ടറായി മകനും പ്രവേശിച്ചാൽ അച്ഛന്റെ പേരിലുള്ള രജിസ്ട്രേഷൻ മകന് ട്രാൻസ്ഫർ ചെയ്യാൻ കഴിയില്ല. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിൽ അങ്ങനെ ചെയ്യാൻ സാധിക്കും. ഇപ്പോഴുള്ള രജിസ്ട്രേഷൻ അവരുടെ പിന്തുടർച്ചാവകാശിക്കുകൂടി കൈമാറ്റം ചെയ്യാൻ സാധിക്കുമോ എന്നതുസംബന്ധിച്ച് ആലോചിക്കണം. അതുസംബന്ധിച്ച ലീഗൽ ആസ്പെക്ടും പ്രാക്ടിക്കബിലിറ്റിയും പരിശോധിക്കണം. ഇതുപോലുള്ള സ്ഥാപനങ്ങൾക്ക് അവരുടെ രജിസ്ട്രേഷൻ ലീഗലി ട്രാൻസ്ഫർ ചെയ്യത്തക്ക വിധത്തിലുള്ള നടപടി എന്തെങ്കിലുമുണ്ടോയെന്ന് പരിശോധിക്കണം. പുതിയ നിയമം പാസ്സാകുമ്പോൾ ഈ മേഖലയിൽ എക്സ്പീരിയൻസ്ഡായിട്ടുള്ള ആളുകളുടെ പ്രശ്നങ്ങളും വിഷമങ്ങളുമൊക്കെ ഒഴിവാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

അടുത്തകാലത്ത് എക്സ്-റേ ഫിലിമുമായി ബന്ധപ്പെട്ട് 30 കോടി രൂപയുടെ തട്ടിപ്പ് സംബന്ധിച്ച് പത്രങ്ങളിൽ വാർത്തയുണ്ടായിരുന്നു. 32 - 34 രൂപ നിരക്കിൽ എക്സ്-റേ ഫിലിം നൽകാൻ ഒരു കമ്പനിക്ക് കേരള മെഡിക്കൽ കോർപ്പറേഷനുമായി എഗ്രിമെന്റുണ്ട്. അത് നിലനിൽക്കെ കൂടിയ വിലയ്ക്ക് എക്സ്-റേ ഫിലിം വാങ്ങിയെന്ന ആക്ഷേപം ഉണ്ടായിരിക്കുകയാണ്. അങ്ങ് ഇത് പരിശോധിക്കുകയും കുറ്റക്കാരായ ആളുകളെ കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കുകയും വേണം. ഈ വാർത്ത മാധ്യമങ്ങളിൽ വന്ന് ഇത്രയും ദിവസങ്ങൾ കഴിഞ്ഞിട്ടും അതിനെക്കുറിച്ച് നടപടി സ്വീകരിച്ചതായി കാണുന്നില്ല, Better be late than never. അങ്ങയുടെ മറുപടിയിൽ ഈ വിഷയംകൂടി ഉൾപ്പെടുത്തണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. റേഡിയോഗ്രാഫി യന്ത്രങ്ങൾക്കുവേണ്ട ഫിലിം ഉയർന്ന നിരക്കിൽ വാങ്ങുവാൻ വൻക്രമക്കേട് നടത്തി എന്നതാണ് മാധ്യമങ്ങളിൽ വന്ന വാർത്ത. ചില മെഡിക്കൽ കോളേജുകളും ആരോഗ്യ വകുപ്പിലെ മേധാവികളും ഇതിൽ ഉൾപ്പെട്ടിട്ടുള്ളതായി വാർത്തയിൽ പറയുന്നുണ്ട്. ആരെല്ലാമാണെന്ന് ഐഡിന്റിഫൈ ചെയ്തുപറയാൻ എനിക്ക് കഴിയില്ല. മാത്രമല്ല, ഒരു ബില്ലിന്റെ ചർച്ചയിൽ ഇതുപോലെ സംസാരിക്കുന്നത് ശരിയുമല്ല. പക്ഷേ ഇത്രയും പ്രബലമായ ഒരു ആക്ഷേപമുള്ളതിനാൽ ഗവൺമെന്റ് ഇക്കാര്യം വളരെ ഗൗരവമായി ആലോചിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

അതുപോലെ ചികിത്സാ നിരക്കുകൾ പ്രദർശിപ്പിക്കണമെന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. അത് എങ്ങനെയാണ് പ്രാക്ടിക്കലാകുന്നത്? രണ്ടുപേർ ഒരു ആശുപത്രിയിൽ പോകുമ്പോൾ രണ്ടുപേർക്കും ഒരേ ചികിത്സാ ചെലവ് ആയിരിക്കില്ല. എന്റെ ആരോഗ്യത്തിനനുസരിച്ചുള്ള ചികിത്സയല്ലേ എനിക്ക് ലഭിക്കുന്നത്. എന്റെ ആരോഗ്യത്തിനു തുല്യമായി മറ്റുള്ളവരുടെ ആരോഗ്യവും ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യണമെന്ന് എനിക്ക് നിർബന്ധിക്കാൻ കഴിയുമോ? ആശുപത്രിയിലെ ചികിത്സാ ചെലവ് വ്യക്തിഗതമാണ്. രോഗിയുടെ അസുഖത്തിന്റെ അടിസ്ഥാനത്തിലുള്ള ബിൽ നൽകാൻ മാത്രമേ സാധിക്കുകയുള്ളൂ. അങ്ങ് ഇത് സബ്ജക്ട് കമ്മിറ്റി തലത്തിലെങ്കിലും പരിശോധിക്കുമെന്നാണ് ഞാൻ കരുതിയത്. അങ്ങ് ഇത് പരിശോധിക്കണം. രോഗിയുടെ അസുഖത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ നൽകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ക്ലിനിക്കൽ സ്ഥാപനങ്ങളെ നിയന്ത്രിക്കാനാണെന്ന രൂപത്തിൽ അപ്രായോഗികമായ കാര്യം കൊണ്ടുവരരുത്. കൊണ്ടുവന്നാൽ അത് നടപ്പിലാക്കാൻ കഴിയില്ല. ഒരു രോഗത്തിന്റെ ചികിത്സയ്ക്ക് പോകുമ്പോൾ മറ്റൊരു രോഗം കൂടി ഉണ്ടെന്ന് കണ്ടുപിടിച്ച് ചികിത്സിക്കുമ്പോൾ ചികിത്സാ ചെലവിൽ വ്യത്യാസമുണ്ടാകുന്നു. അത് ഒരേ രൂപത്തിൽ കാണുന്നത് ശരിയല്ലെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

കഴിഞ്ഞ തവണ ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ചയിൽ ഫൈനിനെക്കുറിച്ച് പറഞ്ഞിരുന്നു. ഫൈൻ ഒരിക്കലും ആശുപത്രി ഉടമകൾ അടയ്ക്കില്ല. അത് സ്വാഭാവികമായും രോഗികളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യപ്പോകും. 50,000 രൂപ, 2 ലക്ഷം രൂപ, 5 ലക്ഷം രൂപ എന്നിങ്ങനെയാണ് ഫൈൻ. ഈ തുക അവസാനം ചാർജ് ചെയ്യുന്നത് രോഗികളിലാണ്. ഇതുപോലെ റോഡ് സുരക്ഷാ ഫണ്ടുണ്ട്. റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് തുക സമ്പാദിക്കുന്നത് ഫൈൻ ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നാണ്. റോഡ് സുരക്ഷാ ഫണ്ടുപയോഗിച്ച് ചില വർക്കുകളും നടക്കുന്നുണ്ട്. ഈ ഫൈനും അതിനായി മാറ്റരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു കാര്യം പറയാനുണ്ട്. മാന്യന്മാർ റോഡിൽ ഇറങ്ങിയാലും പോലീസ് അവരെ ഊതിക്കുന്ന അവസ്ഥയുണ്ട്. ഒരു വണ്ടിയുമായി റോഡിൽ ഇറങ്ങിയാൽ അപ്പോൾത്തന്നെ ഊതിക്കുകയാണ്. അതിനെക്കുറിച്ച് ഞാൻ അവരോട് ചോദിച്ചപ്പോൾ, ഒരു മാസം ഇത്ര കേസ് രജിസ്റ്റർ ചെയ്യണമെന്നുള്ളത് മുകളിൽ നിന്നുള്ള ഉത്തരവാണെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിഞ്ഞിട്ടില്ലെന്നും മുകളിൽ നിന്നുള്ള ഉത്തരവാണെന്ന് പറയുന്നത് എവിടെ നിന്നാണെന്നും എനിക്കറിയാം. ആളുകൾക്ക് ഇത് വലിയ അരോചകമായി മാറിയിരിക്കുകയാണ്. മാന്യന്മാർക്ക് വഴി നടക്കാൻ പറ്റാത്ത അവസ്ഥയാണ്. ഞാൻ ബില്ലിന്റെ ചർച്ചയിൽ പറയാൻ ഉദ്ദേശിച്ച കാര്യമല്ല. എങ്കിലും എന്റെ മനസ്സിൽ തോന്നിയ കാര്യം പറയാതിരിക്കുന്നത് ശരിയല്ല. ഞാൻ നിഷ്കളങ്കനായതുകൊണ്ട് ഉള്ള കാര്യം തുറന്ന് പറയുകയും ചെയ്യും. . . . . . (ബഹളം). . . .ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിഷേധിക്കാത്തിടത്തോളം കാലം ഞാൻ നിഷ്കളങ്കനാണെന്ന കാര്യം അംഗീകരിച്ചുകൊള്ളാം. നാട്ടിൽ പോലീസുകാർ മാന്യന്മാരെ ഊതിക്കുന്ന അവസ്ഥ ഉണ്ടാകരുതെന്ന് ഓർമ്മിപ്പിക്കുകയാണ്. ഫൈൻ വച്ച് വലിയ സമ്പത്തുണ്ടാക്കാൻ ശ്രമിക്കരുത്. അങ്ങനെ വന്നാൽ ഫൈൻ തുക നാട്ടിലെ രോഗികളുടെ തലയിൽ തന്നെയാകും. അത് വരാതിരിക്കുന്നതിനുള്ള നടപടിയുണ്ടാകണം. കേരളത്തിലെ ആരോഗ്യ സ്ഥിതി മെച്ചപ്പെടണം. അത് മൾട്ടി നാഷണൽസ് ഉണ്ടാക്കുന്ന കോർപ്പറേറ്റ് ആശുപത്രികൾ കൊണ്ടല്ല. ഈ ബിൽ പാസ്സാക്കിയാൽ ഉന്നംവയ്ക്കുന്നത് കോർപ്പറേറ്റ് ആശുപത്രികളെപ്പോലെയാക്കണ മെന്നാണ്. അങ്ങനെ ചെയ്യരുത്. അങ്ങനെ ചെയ്താൽ ചെറിയ ആശുപത്രികൾ പൂട്ടിപ്പോകും. ചെറിയ ആശുപത്രികൾ പൂട്ടുന്ന സാഹചര്യം വരരുത്. അങ്ങനെ പൂട്ടുന്ന സാഹചര്യം വന്നാൽ കോർപ്പറേറ്റ് ആശുപത്രികൾ മാത്രമേ നിലനിൽക്കുകയുള്ളൂ. ഇന്ത്യാ ഗവൺമെന്റിന്റെ നിലപാടുകൊണ്ട് ചെറുകിട സ്ഥാപനങ്ങളെല്ലാം തകർന്നുപോകുന്നുവെന്ന് ഞങ്ങൾ പറയുന്നുണ്ട്. അത് മറ്റൊരു രൂപത്തിലുള്ള അധിനിവേശമായി ആശുപത്രികളിൽ വന്ന് വീഴുകയാണ്. കേരളത്തിലെ ജനങ്ങളുടെ ആരോഗ്യം സംരക്ഷിച്ചതിൽ ഗ്രാമീണ തലത്തിലുള്ള

ചെറിയ ആശുപത്രികളുടെ പങ്ക് വളരെ വലുതാണ്. അതുകൊണ്ട് ചെറിയ ആശുപത്രികളെ ശ്വാസംമുട്ടിക്കുന്ന രൂപത്തിലേയ്ക്ക് പോകരുത്. പ്രാക്ടിക്കലായി കാര്യങ്ങൾ നടത്തുകയും നിയന്ത്രണം വേണ്ട സ്ഥലത്ത് കയറൂരി വിടാതെ നിയന്ത്രണം ഉണ്ടാവുകയും ചെയ്യണം. അതിന്റെ ഫലം കിട്ടുന്നത് കോർപ്പറേറ്റ് ആശുപത്രികൾക്കും അതിന്റെ നേതൃത്വത്തിലിരിക്കുന്ന ആളുകൾക്കുമാണെന്നൊരു തോന്നൽ ഉണ്ടാകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതോടൊപ്പം ആരോഗ്യ രംഗത്ത് ധാരാളം പഴയ പ്രശ്നങ്ങൾ വരികയാണ്. മാരക രോഗങ്ങൾ കൂടുന്നു, പനി വർദ്ധിക്കുന്നു. രോഗങ്ങൾ പടരുന്നത് തടയാൻ ഈ വർഷം കുറച്ചുകൂടി നേരത്തെ ചില നടപടികളിലേയ്ക്ക് പോയതിൽ ഞാൻ അങ്ങയെ അനുമോദിക്കുന്നു. ആശുപത്രികളിൽ മന്ത്രി വരുന്ന സമയം എല്ലാവരും അറ്റൻഷനായി നിൽക്കുമെങ്കിലും സാധാരണക്കാരായ രോഗികൾ പോകുമ്പോൾ അറ്റൻഷനോ പരിഗണനയോ കിട്ടാറില്ല. ആ നിലയിലേയ്ക്ക് കേരളം മാറുന്നുവെന്നുള്ള വിവരം അങ്ങ് അറിയണം. ഞാൻ നേരത്തെ സബ്മിഷനിലൂടെ അങ്ങയോട് ഒരു കാര്യം സൂചിപ്പിക്കുകയും അതിന് തൃപ്തികരമായ മറുപടി നൽകുകയും ചെയ്തതിൽ സന്തോഷമുണ്ട്. അത് അവിടംകൊണ്ട് അവസാനിക്കുന്നില്ല. കേരളം കാൻസറിന്റെ പിടിയിലേയ്ക്ക് പോകുകയാണ്. ചെറിയ കുട്ടികളിലേയ്ക്കുപോലും കാൻസർ രോഗം വന്നുകൊണ്ടിരിക്കുന്നതായി കാണാം. മരുന്ന് വാങ്ങാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിലാണ് പലരും. കാൻസർ പോലുള്ള രോഗങ്ങൾക്ക് രണ്ട് വിധത്തിലുള്ള സഹായം ലഭിക്കുമായിരുന്നു. CMDRF-ൽ നിന്നും കാരുണ്യ പദ്ധതിയിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുമായിരുന്നു. ചികിത്സ നടത്തിയിട്ടും പണം കിട്ടാത്തതുകൊണ്ട് ഒരുകൂട്ടം ആളുകൾ കാരുണ്യ പദ്ധതിയിൽ നിന്നും പോവുകയാണ്. സെറ്റിൽ ചെയ്യാൻ കഴിയുമെങ്കിൽ എത്രയുംവേഗം സെറ്റിൽ ചെയ്ത് കാൻസർ പോലുള്ള രോഗങ്ങൾക്ക് സഹായം നൽകുന്നതിന് നടപടിയുണ്ടാകണം. ഒരിക്കൽ കാൻസർ വന്ന ആളിന് സഹായം ചെയ്താലും തുടർ ചികിത്സ ആവശ്യമാണ്. മരുന്നുകൾക്ക് വലിയ വിലയാണ്. കാൻസർ രോഗത്തിനുള്ള മരുന്നിന്റെ വില കേരളത്തിലും തമിഴ്നാട്ടിലും രണ്ട് രൂപത്തിലാണ്. കേരളത്തിൽ തമിഴ്നാട്ടിലേതിനേക്കാൾ അഞ്ചിരട്ടി വിലയാണ്. ആ വ്യത്യാസം പരിശോധിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി ഇക്കാര്യത്തിൽ ഇടപെടണമെന്ന അഭിപ്രായം എനിക്കുണ്ട്. മരുന്ന് കമ്പനികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടി കാൻസർ രോഗത്തിനുള്ള മരുന്നുകളുടെ വില നിലവാരം നിജപ്പെടുത്തുന്നതിന് നടപടിയുണ്ടാകണം. ഈ രോഗം വന്നാൽ മരണമാണ് അവസാനമെന്നാണ് ജനങ്ങളുടെ ധാരണ. രോഗിയെയും കിട്ടില്ല, ഉള്ള സമ്പത്തും നഷ്ടപ്പെട്ട് ആ കുടുംബവും തകരും. അങ്ങനെയുള്ള ഒരു അവസ്ഥാവിശേഷം കേരളത്തിൽ അനുവദിക്കാൻ പറ്റുമോ? അതുകൊണ്ട് ചുരുങ്ങിയ ചെലവിൽ അവർക്ക് മരുന്ന് കൊടുക്കുന്നതിനുള്ള നടപടി

ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കേരളത്തിൽ കാൻസർ രോഗം ബാധിക്കുന്നതിനുള്ള സാധ്യത 48 ശതമാനമെന്നാണ് ഇപ്പോൾ വന്നിരിക്കുന്ന ഏറ്റവും പുതിയ റിപ്പോർട്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ കുട്ടനാട്ടിലെ ജനങ്ങളിൽ കാൻസർബാധ വർദ്ധിക്കുന്നത് സംബന്ധിച്ച ഒരു സെമിനാറിൽ ശ്രീ. ജി. സുധാകരൻ നടത്തിയ പ്രസംഗവും വാർത്തയും പത്രത്തിൽ വായിച്ചു. രണ്ട് വർഷം കൂടി കഴിയുമ്പോൾ കേരളത്തിൽ 50 ശതമാനമായി കാൻസർ രോഗികൾ വർദ്ധിക്കുമെന്നാണ്. ഏറ്റവും ഭീകരമായ സാഹചര്യത്തെ നാം അഭിമുഖീകരിക്കാൻ പോവുകയാണ്. ആ സാഹചര്യത്തിൽ നിന്ന് കേരളത്തെ രക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചേ മതിയാകൂ. അടുത്ത 15 വർഷം കഴിയുമ്പോൾ കേരളത്തിൽ 75 ശതമാനത്തിലേയ്ക്ക് അത് വർദ്ധിക്കുമെന്നാണ് ചില വിദഗ്ദ്ധർ പറയുന്നത്. ഞാൻ അവരുടെ വൈദഗ്ദ്ധ്യം പരിശോധിച്ചിട്ടില്ലെങ്കിലും കേട്ട വാർത്തകൾ സംഭ്രമജനകമാണ്. അത് കേരളത്തിലെ ജനങ്ങളുടെ ആരോഗ്യ സ്ഥിതിയെ വളരെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണ്. എന്തുകൊണ്ട് ഇങ്ങനെ വരുന്നുവെന്നുള്ളതിനെപ്പറ്റിയും വളരെ ഗഹനമായി ഗവൺമെന്റ് ആലോചിച്ച് നടപടി സ്വീകരിക്കണം. നമ്മുടെ നാട്ടിൽ വിവാഹങ്ങൾ വലിയ ആർഭാടമായിട്ടാണ് നടത്തുന്നത്. ചില സ്ഥലങ്ങളിലെങ്കിലും അങ്ങനെ അല്ലാതെയുമുണ്ട്. ഇപ്പോൾ ഈ ആഘോഷങ്ങൾക്ക് പഴയ സ്റ്റൈലിൽ മാറ്റം വന്നിട്ടുണ്ട്. ഗ്രീൻ പ്രോട്ടോക്കോളിനെക്കുറിച്ച് ഗവൺമെന്റ് പറയുന്നുണ്ട്. ഞാൻ അതിനോട് യോജിക്കുന്ന ആളാണ്. പേപ്പർ പ്ലെയ്റ്റും പേപ്പർ ഗ്ലാസും കേവലം പേപ്പർ കൊണ്ടല്ല നിർമ്മിക്കുന്നത്. ഇത്തരം ഉല്പന്നങ്ങളിൽ ഒരു മൈക്രോൺ പ്ലാസ്റ്റിക് അടങ്ങിയിട്ടുണ്ട്. ഇതിൽ താലൈറ്റ് എന്ന രാസവസ്തു ഉണ്ടാവുകയാണ്. താലൈറ്റ് 25 ഡിഗ്രി സെൽഷ്യസിൽ വാട്ടർ സോളുബിളാണ്. മാത്രമല്ല, ചൂടുള്ള ഭക്ഷണ സാധനങ്ങൾ ഇത്തരം പാത്രങ്ങളിൽ വിളമ്പുമ്പോൾ താലൈറ്റിന്റെ തോത് വർദ്ധിക്കുകയും കാൻസറായി രൂപാന്തരപ്പെടുകയും ചെയ്യുന്നു.

<u>ശ്രീ. കെ. ആൻസലൻ</u>: അങ്ങ് മറ്റ് കാര്യങ്ങളിലേയ്ക്ക് പോകാതെ ബില്ലിനെക്കുറിച്ച് സംസാരിക്കൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താങ്കൾ ഈ ബിൽ ഒന്ന് വായിച്ചുനോക്കൂ. ഞാൻ പഠിച്ച കാര്യങ്ങളാണ് പറയുന്നത്. ഒരു കോപ്പി വേണമെങ്കിൽ അങ്ങോട്ട് കൊടുത്തുവിടാം. മനുഷ്യന് കാൻസർ വരരുതെന്ന് പറയുമ്പോൾ എന്തിനാണ് ഇത്രയും അസഹിഷ്ണുത. മൂന്നാം ക്ലാസിലെ കുട്ടികൾ പുറകിൽ ഇരുന്ന് പറയുന്നതുപോലെ പറയേണ്ട കാര്യമുണ്ടോ? എത്ര സീരിയസായ കാര്യമാണ് ഇവിടെ സംസാരിക്കുന്നത്. അത് ശരിയല്ല.

മി. ചെയർമാൻ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചെയർ മിണ്ടാത്തതുകൊണ്ടാണ് എനിക്ക് സംസാരിക്കേണ്ടിവന്നത്. ചെയർ അപ്പോൾത്തന്നെ അവിടെ പിടിച്ചിരുത്തേണ്ടതായിരുന്നു. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നില്ല. കാരണം, ഇവിടെ അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരും ഇത് കണ്ടുകൊണ്ടിരിക്കുകയാണ്. ഈ ബില്ലിൽ കേരളത്തെ ബാധിക്കുന്ന അതിതീവ്രമായൊരു പ്രശ്നമുണ്ട്. ആ പ്രശ്നത്തെ ഗൗരവതരമായി കാണുന്നതിനുപകരം എന്തിനാണ് തടസ്സവാദം ഉന്നയിക്കുന്നത്? കാൻസർ വരുന്നു എന്ന് ഞാൻ പറഞ്ഞാൽ പ്രതിപക്ഷത്തിനു മാത്രം കാൻസർ വരുന്നു എന്നാണോ അതിനർത്ഥം. കേരളത്തിലെ പൊതു സമൂഹത്തെ ബാധിക്കുന്ന പ്രശ്നമാണ്. അതിനുള്ള ചികിത്സ വേണം. കാൻസർ ചികിത്സയ്ക്ക് രണ്ട് പ്രധാനപ്പെട്ട കേന്ദ്രങ്ങളല്ലേയുള്ളൂ. ഒന്ന്, ആർ.സി.സി. മറ്റൊന്ന്, മലബാർ കാൻസർ സെന്റർ. എറണാകുളത്ത് മറ്റൊരു കാൻസർ സെന്റർകൂടി വരുന്നതിനുള്ള നടപടിയുണ്ട്. ഈ പറഞ്ഞ സ്ഥലങ്ങളല്ലേ മൂന്നരക്കോടി ജനങ്ങൾക്ക് ആശ്രയിക്കാൻ കഴിയുന്നത്. അങ്ങനെവരുമ്പോൾ നമ്മുടെ തലമുറകളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി വേണ്ടേ?

ശ്രീ. പി. ഉബൈദുള്ള: സർ, കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതുമായി ബന്ധപ്പെട്ടാണ് അങ്ങ് ഇവിടെ സംസാരിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. അവിടത്തെ കാൻസർ രോഗികൾ ഒന്നുകിൽ ആർ.സി.സി.-യിൽ വരണം അല്ലെങ്കിൽ തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലേയ്ക്ക് പോകണം. മലപ്പുറം ജില്ലയിലെ വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണം കണക്കിലെടുത്താണ് കഴിഞ്ഞ ഗവൺമെന്റ് മലപ്പുറത്തൊരു കാൻസർ സെന്റർ ആരംഭിക്കാൻ തീരുമാനിച്ചത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ കാൻസർ സെന്റർ നടപടിയുമായി ഇതുവരെ മുന്നോട്ടുപോയില്ലെന്ന് മാത്രമല്ല, ആ കാൻസർ സെന്റർ നിർത്തലാക്കാനുള്ള നീക്കം നടക്കുന്നുവെന്നാണ് അറിയുന്നത്. ഈ കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ അഭിപ്രായം വളരെ ക്ലിയറല്ലേ. കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നത്തിന് ഗവൺമെന്റ് പരിഹാരം കാണണമെന്നുള്ളതാണ് എന്റെ ആർഗ്യുമെന്റ്. മൂന്നരക്കോടിയുടെ 15 ശതമാനമെടുത്താൽത്തന്നെ എത്ര ലക്ഷം ആളുകളായിരിക്കും അതിൽ കാൻസർ രോഗികളായി വരുന്നത്. നമുക്കവരെ ചികിത്സിക്കാനുള്ള

സൗകര്യം എത്രയാണ്; വളരെ പരിമിതമല്ലേ? ട്രെയിനിൽ 3rd A/C കമ്പാർട്ട്മെന്റിലെ ലോവർ ബർത്ത് കാൻസർ രോഗികൾക്ക് കൊടുക്കാൻവേണ്ടി അവരെ പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇന്ത്യൻ റെയിൽവേ ഒരു നടപടിയെടുത്തു. ഞാൻ അതിന് അവരെ ശ്ലാഘിക്കുകയാണ്. ഇതിനോടൊക്കെ നമ്മൾ പോസിറ്റീവായി പ്രതികരിക്കണം.

ശ്രീ. സി. കെ. നാണു: സർ, അത് ഇപ്പോഴത്തെ സെൻട്രൽ ഗവൺമെന്റല്ല കൊടുത്തത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അത് യു.പി.എ. ഗവൺമെന്റ് കൊടുത്തുവെന്നല്ലേ അങ്ങ് പറയുന്നത്. എനിക്കതിൽ സന്തോഷമേയുള്ളൂ. അത് കൊടുത്ത നിമിഷവും മുഹൂർത്തവുമല്ല ഞാൻ പറയുന്നത്. പാവങ്ങളായ രോഗികൾ വരുമ്പോൾ അവർക്കൊരു സൗകര്യം കൊടുക്കുന്നുവെന്ന കാര്യം നല്ലതല്ലേ. അത് കൊടുക്കണം. ഇങ്ങനെ യാത്രചെയ്ത് ഇവിടെവരെ വരാതെ എന്തെങ്കിലും ചാൻസുണ്ടാകുമ്പോൾ മലപ്പുറത്ത് ഒരു കാൻസർ സെന്റർ ആരംഭിക്കണമെന്നതാണ് ഇവിടെ പറഞ്ഞതിന്റെ അർത്ഥം. ഞാൻ അതിനെ പോസിറ്റീവായി കാണുകയാണ്. ഒരു ബില്ലിനെക്കുറിച്ച് പറയുമ്പോൾ ആ ബില്ലിനെക്കുറിച്ച് മാത്രം പറയണം മറ്റൊരു കാര്യത്തിലേയ്ക്കും പോകരുത് എന്നുപറയുന്നത് ശരിയല്ല. ഇൻവെസ്റ്റിഗേഷനിൽപ്പോലും ഒരു കേസ് അന്വേഷിച്ച് ചെല്ലുമ്പോൾ അതിനകത്ത് മറ്റൊരു കേസ് കൂടി കണ്ടുപിടിച്ചാൽ അതിനെക്കുറിച്ചും ഇൻവെസ്റ്റിഗേഷന് പോകാം എന്നൊരു നിയമമുണ്ട്. ഇതൊക്കെ കേരളത്തിന്റെ പൊതു വികാരമായിട്ടെടുക്കണം. ഇതിനെ അഡ്രസ്സ് ചെയ്യാൻ ഗവൺമെന്റിന് മാത്രമേ സാധ്യമാകൂ. നമ്മുടെ നിയമം വിപുലീകരിക്കണമെങ്കിൽ വിപുലീകരിക്കണം. പുതിയ നിയമം കൊണ്ടുവരണമെങ്കിൽ കൊണ്ടുവരണം. പക്ഷെ ഈ menace നമുക്ക് ഇല്ലാതാക്കണം. അതിനുവേണ്ടിയുള്ള ശ്രമത്തിൽ മുന്നോട്ടുപോകണമെന്ന് മാത്രം ഞാൻ ഓർമ്മിപ്പിക്കുന്നു. ഇത് ഗൗരവതരമായി കാണണമെന്നും ഇതിന്റെ കുറവുകൾ പരിഹരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. അതുകൊണ്ടാണ് ഞാൻ അമെന്റ്മെന്റ് മൂവ് ചെയ്ത് അതേ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന് പറയുന്നത്. അങ്ങനെ കുറ്റമറ്റ രൂപത്തിൽ ഈ ബിൽ പാസ്സാക്കിയെടുക്കാൻ ശ്രമമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എ. പ്രദീപ്കുമാറിനുവേണ്ടി ശ്രീ. റ്റി. വി. രാജേഷ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിന്റെ ആരോഗ്യമേഖലയിൽ വിപ്ലവകരമായ മാറ്റമുണ്ടാക്കാൻ പോകുന്ന ഒരു നിയമമാണിത്. അതിന് മുൻകയ്യെടുത്ത സർക്കാരിനെയും അതിന് രൂപം കൊടുക്കാൻ നേതൃപരമായ പങ്കുവഹിച്ച ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. ആരോഗ്യ രംഗത്ത് ലോക നിലവാരം ആർജ്ജിക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. യൂണിവേഴ്സൽ ഹെൽത്തിന്റെ കാര്യത്തിൽ ഒരു വികസിത രാജ്യത്തിനൊപ്പമെത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പല ഇൻഡിക്കേഷനുകളും എടുത്തുനോക്കിയാൽ ശിശുമരണ നിരക്കിലൊക്കെ നമ്മുടെ സ്ഥാനം ഇപ്പോൾ അമേരിക്കയ്ക്ക് തുല്യമാണ്. ആരോഗ്യ രംഗത്ത് നല്ല നിലയിൽ മുന്നോട്ടുവരാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇന്ന് നാം നേരിടുന്ന പ്രാധാനപ്പെട്ട ഒരു പ്രശ്നം ശരിയായ ആരോഗ്യ പരിപാലന സംവിധാനത്തിന്റെ അഭാവമാണ്. തീർച്ചയായും അതിനുവേണ്ടിയാണ് നമ്മുടെ സർക്കാർ ഇത്തരത്തിലൊരു ബിൽ ഇപ്പോൾ കൊണ്ടുവരാൻ തയ്യാറായിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം ആരോഗ്യ മേഖലയിലെ സംവിധാനങ്ങളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥ ആശുപത്രി സേവനങ്ങളിലും അതോടൊപ്പംതന്നെ അവിടെ ലഭിക്കുന്ന സൗകര്യങ്ങളിലും ഒരു സ്റ്റാന്റേർഡൈസേഷൻ ഉറപ്പുവരുത്തുക എന്നുള്ളതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ജി.ഡി.പി.-യുടെ ആറര ശതമാനമാണ് ആരോഗ്യമേഖലയുടെ വിഹിതം. അതിൽ ഒന്നര ശതമാനം മാത്രമാണ് ഗവൺമെന്റ് വിഹിതം. ബാക്കി അഞ്ച് ശതമാനവും സ്വകാര്യ മേഖലയുടെ പങ്കാളിത്തമാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ സ്വകാര്യ മേഖലയെ ശരിയായ വിധം നിയന്ത്രിക്കേണ്ടതുണ്ട്. അപ്പോൾ കേരളത്തിലെ സ്വകാര്യ ആശുപത്രികൾ, സർക്കാർ ആശുപത്രികൾ, ലബോറട്ടറികൾ എന്നിവിടങ്ങളിൽ ലഭ്യമാകുന്ന സേവനങ്ങൾക്കും സൗകര്യങ്ങൾക്കും ഏറ്റവും കുറഞ്ഞ നിലവാരം നിർണ്ണയിച്ച് ആതുരസേവന രംഗത്ത് ഐക്യരൂപം കൊണ്ടുവരുന്നതിനാണ് ഈ നിയമം ലക്ഷ്യമിടുന്നത്. ജോയിന്റ് കമ്മീഷൻ ഇന്റർനാഷണൽ (JCI) അന്തർദേശീയ നിലവാരത്തിൽ ആശുപത്രികളെ റാങ്ക് ചെയ്യുന്ന സംവിധാനമാണ്. ഇന്ത്യയിൽ അത്തരത്തിലുള്ള 24 ആശുപത്രികളാണുള്ളത്. കേരളത്തിൽ ജെ.സി.ഐ.-യുടെ അംഗീകാരമുള്ള മൂന്ന് ആശുപത്രികളാണുള്ളത്. ഇന്ത്യയിൽ എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ കൊടുത്തിരിക്കുന്നത് 506 ആശുപത്രികൾക്കാണ്. 2018 ജനവരി മാസം വരെയുള്ള ലിസ്റ്റ് നോക്കിയാൽ അതിൽ കേരളത്തിൽ 37 എണ്ണമാണുള്ളത്. അതിൽ നാല് ആശുപത്രികൾ സർക്കാർ ആശുപത്രികളാണ്. 13 ആയുഷ് ആശുപത്രികളും അതിൽ ഉൾക്കൊള്ളുന്നുണ്ട് എന്നുള്ളത് നല്ലകാര്യമാണ്. അതുപോലതന്നെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷനുള്ള ഒരൊറ്റ

ദന്തൽ ആശുപത്രിപോലും കേരളത്തിലില്ല എന്നുകൂടി നാം കാണേണ്ടതുണ്ട്. ബ്ലഡ് ബാങ്കിന്റെ കണക്കെടുത്താൽ കേരളത്തിൽ അക്രഡിറ്റേഷനുള്ള രണ്ട് സ്ഥാപനങ്ങൾ കൊച്ചിയിലാണെന്നാണ് പറയുന്നത്. അത് രണ്ടും പ്രൈവറ്റ് സെക്ടറിലാണ്. ഇനി എൻ.എ.ബി.എൽ.-ന്റെ അക്രഡിറ്റേഷനുള്ള ലാബുകളുടെ കണക്കെടുത്താൽ അറുപത്താറെണ്ണത്തിൽ ആകെ മുപ്പതെണ്ണമാണ് കേരളത്തിലുള്ളത്. ഇതെല്ലാം കാണിക്കുന്നത് ഈ പറയുന്ന സംവിധാനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കേണ്ടതുണ്ട് എന്നുള്ളതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അക്രെഡിറ്റേഷനുള്ള, നിലവാരമുള്ള ആശുപത്രികളുടെ എണ്ണം നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ ഇത് ഉണ്ടാക്കിയിരിക്കുന്ന ഒരു സാമൂഹ്യ പ്രശ്നമുണ്ട്. ഏറ്റവും കൂടുതൽ ഫൈവ് സ്റ്റാർ ആശുപത്രികൾ വരുമ്പോൾ രണ്ടാം നിരയിലും മൂന്നാം നിരയിലുമുള്ള ആശുപത്രികളിലെ മികച്ച ഡോക്ടർമാരെയാണ് വലിയ ശമ്പളം കൊടുത്ത് ഫൈവ് സ്റ്റാർ ആശുപത്രികളിലേയ്ക്ക് കൊണ്ടുപോകുന്നത്. അതോടുകൂടി രണ്ടാം നിരയിലും മൂന്നാം നിരയിലുമുള്ള ആശുപത്രികളിലേയ്ക്ക് പോകാൻ കഴിയാതെ ഫൈവ് സ്റ്റാർ ആശുപത്രികളിലേയ്ക്ക് സാധാരണ ജനങ്ങൾ പോകാൻ നിർബന്ധിതരാവുകയാണ്. അവിടെ ചെന്നുപെട്ടാൽ പിന്നെ വീടുകൂടി പണയപ്പെടുത്തിയിട്ട് മാത്രമേ അവിടെ നിന്നും ഇറങ്ങാൻ കഴിയൂ എന്നൊരു സാഹചര്യവുമുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി മേഖല സാധാരണക്കാർക്ക് കൂടുതൽ അപ്രാപ്യമായിക്കൊണ്ടിരിക്കുകയാണ് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: തീർച്ചയായും.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഐ.റ്റി. സെക്ടറിലെ ജോലിപോലെ ആയിരിക്കുകയാണ് ഇപ്പോൾ ഡോക്ടർമാരുടെ ജോലിയും. കൂടുതൽ ഓഫർ വരുന്നിടത്തേയ്ക്ക് അവർ പോവുകയാണ്. ഫൈവ് സ്റ്റാർ ആശുപത്രികൾ വരുമ്പോൾ ഒരിടത്ത് വർക്ക് ചെയ്യുന്ന ഡോക്ടർമാർ അവിടേയ്ക്ക് പോകും. അപ്പോൾ അവരുടെ ശമ്പളം നേരത്തേതിനെക്കാളും ഇരട്ടിയാകും. ഇങ്ങനെ ഓരോ ഹോസ്പിറ്റലുകളിൽ നിന്നും ഓഫറുകൾ വരുന്നതനുസരിച്ച് ഡോക്ടർമാർ മാറിമാറിപ്പോകുന്നതിന്റെ ദുരിതം ഏറ്റുവാങ്ങേണ്ടിവരുന്നത് സാധാരണ ജനങ്ങളാണ്. അതുകൊണ്ട് ഈ ബില്ലിലൂടെ ഡോക്ടർമാരുടെമേൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുന്നത് നല്ലതാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: ഞാൻ പറഞ്ഞുവരുന്നത് ആശുപത്രികളുടെ നിലവാരത്തെക്കുറിച്ചാണ്. കേരളത്തിൽ ഇത്തരത്തിലുള്ള സംവിധാനങ്ങളുടെ സ്റ്റാന്റേഡൈസേഷൻ ഉറപ്പുവരുത്തുകയാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ വി. ഡി. സതീശനും ശ്രീ എ. എൻ. ഷംസീറും ചൂണ്ടിക്കാണിച്ചത് വളരെ ശരിയായ കാര്യമാണ്. പക്ഷെ ജനങ്ങളുടെ കൺസെപ്റ്റിന്റെ പ്രശ്നമുണ്ട്. ഏറ്റവും വിലകൂടിയ ചികിത്സയാണ് മെച്ചപ്പെട്ടത്, അതാണ് ഏറ്റവും ഫലപ്രദമായ ചികിത്സ എന്ന് വിശ്വസിക്കുന്ന സമൂഹം കേരളത്തിൽ പ്രബലമായിട്ടുണ്ടെന്ന് നാം കാണേണ്ടതായിട്ടുണ്ട്. ആരോഗ്യ കാര്യങ്ങളെക്കുറിച്ചും ചികിത്സാരീതികളെക്കുറിച്ചും ശരിയായ ധാരണയില്ലാത്തവരാണ് ഭൂരിപക്ഷവും. അതുകൊണ്ട് ഈ നിയമത്തിന്റെ പ്രധാന പ്രത്യേകത അല്ലെങ്കിൽ മേന്മ എന്നുപറയുന്നത് ഓരോ ക്ലിനിക്കൽ സ്ഥാപനവും അവിടെ നൽകിവരുന്ന ഫീസ് നിരക്കും അവിടത്തെ ചികിത്സാ പാക്കേജ് നിരക്കും രോഗിയുടെ അറിവിലേയ്ക്കായി ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് മലയാളത്തിലും ഇംഗ്ലീഷിലും പ്രദർശിപ്പിക്കണമെന്നുള്ളതാണ്. അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമായി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ തീരുമാനം കേരളത്തിലെ ആരോഗ്യ മേഖലയിലുള്ള ആശാസ്യകരമല്ലാത്ത പ്രവണതകൾക്ക് അന്ത്യം കുറിക്കാൻ സഹായകരമായിത്തീരുമെന്നാണ് ഞാൻ കരുതുന്നത്. ഒരു ആശുപത്രിയിൽ മലയാളത്തിലും ഇംഗ്ലീഷിലും ചികിത്സാ നിരക്ക് പ്രദർശിപ്പിച്ചതു കൊണ്ടുമാത്രം യഥാർത്ഥത്തിൽ ചികിത്സയ്ക്ക് ഈടാക്കുന്ന അമിത ചാർജ് കുറയ്ക്കാൻ കഴിയില്ല. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ചികിത്സാ നിരക്ക് നിശ്ചയിക്കുന്ന കാര്യത്തിൽ കൃത്യമായ മാനദണ്ഡമുണ്ടാകണം. മാനദണ്ഡം നിർദ്ദേശിക്കാൻ നമുക്ക് കഴിയണം. നിയമത്തിൽ അതെങ്ങനെ ഉൾക്കൊള്ളിക്കാൻ കഴിയുമെന്നതുകൂടി ചിന്തിക്കണം.

അതുപോലെ ചെറുകിട ആശുപത്രികളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഒരു കാരണവശാലും ഈ ബിൽ ചെറുകിട ആശുപത്രികൾക്ക് എതിരല്ല. നിലവാരമില്ലാത്ത ഏത് ആശുപത്രിയിലാണ് നമ്മുടെ നാട്ടിലെ സാധാരണക്കാരൻ പോകുന്നത്; അവൻ ആഗ്രഹിക്കുന്നത് ഏറ്റവും നിലവാരമുള്ള ചികിത്സയാണ്. ഏറ്റവും റെപ്യൂട്ടഡ് ഡോക്ടേഴ്സിനെ കാണാനാണ് ആഗ്രഹിക്കുന്നത്. അത്തരം ഡോക്ടർമാരുള്ളത് മികച്ച ആശുപത്രികളിലാണ്. നിലവാരമില്ലെങ്കിൽ ഒരു സാധാരണ ആശുപത്രിക്കും നിലനിൽക്കാൻ കഴിയില്ല. ആരോഗ്യമേഖലയിലെ കോർപ്പറേറ്റുവൽക്കരണത്തെ ശരിയാംവിധം തടഞ്ഞുനിർത്താൻ കഴിയണമെങ്കിൽ ചെറുകിട ആശുപത്രികളുടെ നിലവാരം വർദ്ധിക്കേണ്ടതായിട്ടുണ്ട്. അതിനുതകുന്ന വിധത്തിലാണ് സംസ്ഥാന സർക്കാർ ഇത്തരമൊരു നിയമം കൊണ്ടു

വന്നിരിക്കുന്നത്. അതിൽ ചില ആശങ്കകളുണ്ട്. കൺസൾട്ടേഷൻ സേവനങ്ങളെക്കുറിച്ച് വകുപ്പ് രണ്ടിൽ സൂചിപ്പിക്കുന്നുണ്ട്. കൺസൾട്ടേഷൻ സേവനങ്ങൾ ഒരു കാരണവശാലും ദുരുപയോഗിക്കാൻ പാടില്ല. ചട്ടം രൂപീകരിക്കുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. നിർണ്ണയിക്കപ്പെടാവുന്ന രോഗനിർണ്ണയ സങ്കേതത്തെക്കുറിച്ച് അതിൽ പറയുന്നുണ്ട്. എന്താണ് നിർണ്ണയിക്കപ്പെടാവുന്ന രോഗനിർണ്ണയം? അത് സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമാണ്. കൺസൾട്ടേഷൻ സേവനം ലഭിക്കുന്ന ഒരു ക്ലിനിക്ക്, നമ്മൾ ഒഴിവാക്കിയിരിക്കുന്ന ക്ലിനിക്ക്, അവിടെ നെഞ്ചുവേദനയായി ഒരാൾ വരുമ്പോൾ അവിടെ ഇ.സി.ജി. മെഷീനുണ്ടെങ്കിൽ ഡോക്ടറുടെ മുന്നിലെത്തുന്ന രോഗിക്ക് ഇ.സി.ജി. എടുക്കുന്നത് തെറ്റല്ല. കാരണം അതൊരു എസ്സൻഷ്യൽ സർവ്വീസാണ്. എന്നാൽ അതിനപ്പുറത്തേയ്ക്ക് കടന്ന് സി.റ്റി. സ്കാനും, എക്സ്റേ യൂണിറ്റുമൊക്കെയായി കൺസൾട്ടേഷൻ സ്ഥാപനത്തോട് അറ്റാച്ച് ചെയ്ത് അത്തരത്തിലുള്ള സ്ഥാപനം പ്രവർത്തിക്കുന്നത് ഇതിന്റെ ഭാഗമായുണ്ടാകാനിടയുണ്ട്. അതുകൊണ്ട് പഴുതില്ലാത്ത വിധത്തിൽ ഇത് കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. അതുകൊണ്ട് കൺസൾട്ടേഷൻ സേവനത്തിന്റെ കാര്യത്തിൽ ഒന്നുകൂടി വ്യക്തത വരുത്തണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

അതുപോലെതന്നെ ഇവിടെ വന്ന മറ്റൊരു ചർച്ച പാരാമെഡിക്കലുമായി ബന്ധപ്പെട്ടാണ്. സ്റ്റേറ്റ് കൗൺസിലിൽ വിവിധ വിഭാഗം പ്രതിനിധികളെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ പാരാമെഡിക്കൽ കൗൺസിലിലെ അംഗങ്ങൾകൂടി വേണം. അതൊരു സ്റ്റാറ്റ്യൂട്ടറി ബോഡിയല്ലെങ്കിൽപ്പോലും അതിന്റെ പ്രതിനിധികൾ വേണം. ലബോറട്ടറി, റേഡിയോളജി ഇവയുമായി ബന്ധപ്പെട്ട് ടെക്നിക്കലി കോംപീറ്റന്റായ ആൾ സ്റ്റേറ്റ് കൗൺസിലിൽ ഉണ്ടാകേണ്ടതാണ്. ടി ആളുകളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം പരിഗണിക്കണ മെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ കേരളത്തിൽ ആറായിരത്തോളം എക്സ്റേ യൂണിറ്റുകളുണ്ട്. അതിന്റെ അതോറിറ്റിയാണ് റേഡിയേഷൻ സുരക്ഷാ ഡയറക്ടർ. റേഡിയേഷൻ സുരക്ഷാ ഡയറക്ടറെക്കൂടി എക്സിക്യൂട്ടീവ് കൗൺസിലിൽ ഉൾപ്പെടുത്തേണ്ടതാണെന്ന അഭിപ്രായംകൂടി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന കൗൺസിലിൽ ഇത്തരം ആൾക്കാരെക്കൂടി ഉൾക്കൊള്ളിക്കണം.

ഇതിൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ സംഘടനാ പ്രതിനിധിയെ ഉൾക്കൊള്ളിച്ചതുസംബന്ധിച്ച് ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദർ അതിനെതിരായ നിലപാട് സ്വീകരിച്ചതായി കണ്ടു. നമുക്കെന്തിനാണ് ഫിസിയോ

തെറാപ്പിസ്റ്റുകളോട് ഇത്തരത്തിലുള്ള നിലപാട്. ഫിസിയോതെറാപ്പി ഇന്ന് ലോകം മുഴുവൻ അംഗീകരിച്ചിട്ടുള്ള ആധുനിക ചികിത്സയുടെ ഭാഗമാണ്. അവർ മരുന്നു കൊടുക്കുന്നില്ല, അവർക്ക് മരുന്ന് കൊടുക്കാനും കഴിയില്ല. മരുന്നില്ലാതെ വ്യായാമംകൊണ്ട് ശരീര ഭാഗങ്ങളുടെ വേദന മാറ്റുന്ന ഒന്നാണ് യഥാർത്ഥത്തിൽ ഫിസിയോതെറാപ്പി. ഫിസിയോതെറാപ്പിയെ പരിഗണിക്കുന്നത് ഒഴിവാക്കണമെന്ന് പറയുന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: അവരെ ഉൾപ്പെടുത്തണമെന്ന് തന്നെയല്ലേ അങ്ങയുടെ അഭിപ്രായം. ഉൾപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: ഇന്ത്യാ ഗവൺമെന്റിന്റെ ആരോഗ്യമന്ത്രാലയം അംഗീകരിച്ചിട്ടുള്ള ഫിസിയോതെറാപ്പിയുടെ നിർവ്വചനമനുസരിച്ച് ഒരു ഫിസിയോ തെറാപ്പിസ്റ്റ് അവരുടെ ചികിത്സാ സാധ്യതയനുസരിച്ചുള്ള രോഗങ്ങൾക്ക് രോഗ നിർണ്ണയം നടത്താനും ഫിസിയോതെറാപ്പി ചികിത്സ നിശ്ചയിക്കുവാനും നടപ്പിലാക്കാനും പ്രാപ്തരാണ്. ആരോഗ്യമേഖലയെ സംബന്ധിച്ചിടത്തോളം രോഗപ്രതിരോധം, രോഗശാന്തി, പുനർപ്രാപ്തി, പുനരധിവാസം തുടങ്ങിയ നാല് മേഖലകളിലും ഫിസിയോതെറാപ്പിയുടെ പ്രാധാന്യം രാജ്യാന്തരതലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് ഫിസിയോതെറാപ്പി വിഭാഗക്കാരെ ഒഴിവാക്കണമെന്നതിനോട് യോജിപ്പില്ല, അവരെ നിലനിർത്തണമെന്നാണ് ഇതുസംബന്ധിച്ച് ഇവിടെ സൂചിപ്പിക്കാനുള്ളത്.

മറ്റൊരു കാര്യം, ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 13-ാം ഖണ്ഡികയിൽ (2) ക്ലിനിക്കൽ സ്ഥാപനങ്ങളിൽ ശരിയായ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷ കാലയളവിനുള്ളിൽ, ആദ്യശ്രേണി മാനദണ്ഡങ്ങൾ കൗൺസിൽ നിശ്ചയിക്കേണ്ടതാണ്". രണ്ട് വർഷം ആവശ്യമുണ്ടോ? ആറുമാസമായി പരിമിതപ്പെടുത്തുവാൻ കഴിയുമോയെന്നുള്ളതാണ് എനിക്ക് നിർദ്ദേശമായി വയ്ക്കാനുള്ളത്. രജിസ്ട്രേഷനുള്ള അതോറിറ്റിയിൽ "ആരോഗ്യരംഗത്തുള്ള ഒരു പ്രൊഫഷണൽ സംഘടനയിൽ നിന്നും ജില്ലാകളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗത്തെക്കുറിച്ച്" പറയുന്നുണ്ട്. അതിൽ മൈക്രോബയോളജിയോ, ബയോകെമിസ്ട്രിയോ, പാത്തോളജിയോ, എം.എൽ.റ്റി.-യോ ഉള്ള ടെക്നിക്കലി കോംപീറ്റന്റായ ഒരാളെ ഉൾപ്പെടുത്താൻ തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

കേരളത്തെ സംബന്ധിച്ചിടത്തോളം സ്വകാര്യ ആശുപത്രികളെ സംബന്ധിച്ച ഒരു ഡാറ്റയും നിലവിലില്ല. ഗവൺമെന്റ് ആശുപത്രികളുടെ ഡാറ്റ നമുക്കുണ്ട്. റൂറൽ ഏരിയയിലും അർബൻ ഏരിയയിലും എത്ര ആശുപത്രിയുണ്ടെന്ന് നമുക്കറിയാം. എന്നാൽ സ്വകാര്യ ആശുപത്രിയെക്കുറിച്ചുള്ള ഡാറ്റകൾ ലഭ്യമല്ല. രജിസ്ട്രേഷൻ വരുന്നതോടുകൂടി ആരോഗ്യമേഖലയിൽ ഇക്കാര്യത്തിലൊക്കെ ഒരു വ്യക്തത യുണ്ടാകുമെന്നാണ് കരുതുന്നത്. ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ ധാരാളം നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. ബഡ്ജറ്റിന്റെ അഞ്ചുശതമാനമാക്കി ആരോഗ്യമേഖലയുടെ നീക്കിവയ്പ് വർദ്ധിപ്പിക്കണം, 1962-ലെ സ്റ്റാഫ് പാറ്റേൺ മാറ്റണം, കൂടുതൽ പോസ്റ്റ് ക്രിയേറ്റ് ചെയ്യണം തുടങ്ങി നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. എന്റെ സംശയം കഴിഞ്ഞ അഞ്ചുവർഷക്കാലം അദ്ദേഹം തന്നെയായിരുന്നില്ലേ കേരളത്തിലെ ആരോഗ്യ വകുപ്പുമന്ത്രി; ഇവിടെ എന്തായിരുന്നു സ്ഥിതി; ആരോഗ്യമേഖലയിൽ പോസ്റ്റുകൾ സൃഷ്ടിക്കാനോ സ്റ്റാഫ് പാറ്റേൺ മാറ്റാനോ തയ്യാറായോ? ആരോഗ്യമേഖലയ്ക്കുള്ള അലോട്ട്മെന്റിൽ വർദ്ധനവ് വരുത്തുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ കാലത്ത് കാര്യമായ എന്തെങ്കിലും ശ്രമം നടന്നിട്ടുണ്ടോ? ഈ സർക്കാർ വന്നതിനുശേഷം ഒട്ടേറെ മാറ്റങ്ങൾ ആരോഗ്യമേഖലയിൽ കാണാൻ കഴിയുന്നു.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരോഗ്യവകുപ്പിൽ മാത്രം അയ്യായിരത്തിലധികം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. അത് അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: എന്റെ കയ്യിൽ ഇപ്പോൾ അതുസംബന്ധിച്ച കണക്കില്ല. എന്റെ മണ്ഡലത്തിൽ എട്ടുവർഷം മുമ്പ് പ്രഖ്യാപിച്ച താലൂക്ക് ആശുപത്രിയിൽ ഒരു പോസ്റ്റും ക്രിയേറ്റ് ചെയ്തിരുന്നില്ല. നിരവധി എം.എൽ.എ.-മാർ ഇത്തരം ആവശ്യം ഉന്നയിച്ചിരുന്നു. സൂപ്രണ്ട് പോസ്റ്റ്പോലും ക്രിയേറ്റ് ചെയ്യാൻ അങ്ങ് തയ്യാറായിരുന്നില്ല. ആ കാര്യത്തെ സംബന്ധിച്ച് പിന്നീട് വിശദാംശങ്ങൾ വച്ചുകൊണ്ട് ചർച്ച ചെയ്യാൻ ഞാൻ തയ്യാറാണ്. ഈ സർക്കാർ വന്നശേഷം ആരോഗ്യ മേഖലയിൽ വലിയ മാറ്റങ്ങളാണുണ്ടായിരിക്കുന്നത്. നാല് മിഷനുകൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിലൊന്നായ ആർദ്രം മിഷന്റെ ഭാഗമായി 170 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററാക്കി മാറ്റാൻ പോവുകയാണ്. അതുപോലെതന്നെ താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, റഫറൽ ആശുപത്രികളായ മെഡിക്കൽ കോളേജുകൾ ഇതിന്റെയൊക്കെ രൂപത്തിലും ഭാവത്തിലും വലിയ മാറ്റം ഉണ്ടാകാൻ പോവുകയാണ്. കേരളത്തിലെ ആരോഗ്യ രംഗത്തുണ്ടാകാൻ പോകുന്ന സർവ്വതോന്മുഖമായ ഈ മാറ്റത്തെ ശക്തിപ്പെടുത്തുന്ന ഒന്നാണ് ഈ നിയമം.

ശ്രീ. വി. ഡി. സതീശൻ: സർ, ചെറുകിട ആശുപത്രികളെ ഇതിന്റെ രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കണമെന്ന അഭിപ്രായം ഇവിടെയും സബ്ജക്ട് കമ്മിറ്റിയിലും ഉണ്ടായതായി അറിയാൻ കഴിഞ്ഞു. ഏത് ആശുപത്രിയിൽ പോയാലും പ്രധാനകാര്യം ഡയഗ്നോസിസാണ്. ക്ലിനിക്കൽ ഡയഗ്നോസിസ് നടത്തിയാണ് രോഗ നിർണ്ണയം നടത്തുന്നത്. രോഗനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ചികിത്സ നടത്തുന്നത്. അത് ചെറുകിട ആശുപത്രിയിലായാലും വൻകിട ആശുപത്രിയിലായാലും ക്ലിനിക്കൽ ലാബുകളുടെ ഗുണനിലവാരം വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് ചെറുകിട ആശുപത്രികളെ രജിസ്ട്രേഷനിൽ നിന്ന് ഒഴിവാക്കണമെന്ന അഭിപ്രായത്തോട് യോജിക്കാൻ കഴിയില്ല. താങ്കൾ അതിനോട് യോജിക്കുന്നുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: കൺസൾട്ടേഷൻ നടത്തുന്ന ആശുപത്രികളെ ഇതിനകത്ത് ഒഴിവാക്കിയിട്ടുണ്ട്. 'കൺസൾട്ടേഷൻ സേവനങ്ങൾ മാത്രം നൽകുന്ന സ്ഥാപനങ്ങൾ ഉൾപ്പെടുന്നതല്ലാതാകുന്നു' എന്ന് ഇതിനകത്ത് പ്രത്യേകമായി പറയുന്നുണ്ട്. 'കൺസൾട്ടേഷൻ സേവനങ്ങൾ എന്നാൽ രോഗപരിശോധനയും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള രോഗനിർണ്ണയവും അതനുസരിച്ചുള്ള പ്രാഥമിക ചികിത്സയും നിരീക്ഷണവും മരുന്നുനൽകലും എന്ന് അർത്ഥമാകുന്നു'. ചെറുകിട സ്ഥാപനങ്ങൾക്ക് സർക്കാർ എതിരല്ല, പക്ഷെ അവിടെ നിലവാരമുണ്ടാകണം. നിലവാരമില്ലാത്ത ആശുപത്രികളിൽ രോഗികൾ ഒരു കാരണവശാലും പോകില്ല. ഇത് കോർപ്പറേറ്റുകളെ സഹായിക്കാനാണെന്ന പ്രചാരണം ഇവിടെ നടക്കുന്നുണ്ട്. അത് ശരിയല്ല. ചെറിയ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സ്റ്റാന്റേഡൈസേഷൻ ഉറപ്പുവരുത്താൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമത്തെ സർവ്വാത്മനാ അംഗീകരിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ ക്രിയാത്മകമായ ചർച്ചയാണ് ഈ ബില്ലിന്റെ ഭാഗമായി ഇവിടെ നടന്നത്. ഈ പ്രമേയം ആദ്യമായി അവതരിപ്പിക്കുമ്പോൾ ഞാൻ സൂചിപ്പിച്ചതുപോലെ തന്നെ കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ ഈ സഭയിലെ മുഴുവൻ അംഗങ്ങളും ഈ ബിൽ അവതരിപ്പിക്കുന്നതിന് പിന്തുണ നൽകുമെന്നുള്ളത് ഉറപ്പുള്ള കാര്യമാണ്. ആ അർത്ഥത്തിൽ തന്നെയാണ് ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും സംസാരിച്ചിട്ടുള്ള ആളുകൾ ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കാര്യങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. ഇങ്ങനെയൊരു ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കേരളത്തിൽ വരണമെന്നുള്ളത് ദീർഘകാലത്തെ നമ്മുടെ ആഗ്രഹമായിരുന്നുവെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതാണ് ഇപ്പോൾ

സഫലമാകാൻ പോകുന്നത്. ഇങ്ങനെയൊരു ബിൽ ഡ്രാഫ്റ്റ് ചെയ്ത് പാസ്സാക്കാൻ ശ്രമിച്ചിരുന്നുവെന്നും എന്നാൽ അദ്ദേഹത്തിന്റെ കാലത്ത് അതിന് കഴിഞ്ഞില്ലെന്നും മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ പറഞ്ഞിരുന്നു. എന്നാൽ അതിനുമുമ്പ് തന്നെ ബഹുമാനപ്പെട്ട പി. കെ. ശ്രീമതി ടീച്ചറിന്റെ കാലത്ത് ഈ ബിൽ അവതരിപ്പിക്കുന്നതിനുവേണ്ടി ഡ്രാഫ്റ്റ് ചെയ്ത് ശ്രമം നടത്തിയിരുന്നു. പക്ഷെ അത് അസംബ്ലിയിൽ അവതരിപ്പിച്ച് പാസ്സാക്കാൻ കഴിഞ്ഞില്ല. ഞങ്ങൾ ഈ ബിൽ ഡ്രാഫ്റ്റ് ചെയ്തത് ഇതിലെ എല്ലാ നല്ല വശങ്ങളെയും ഉൾക്കൊണ്ടുകൊണ്ടുതന്നെയാണ്. ബഹുമാനപ്പെട്ട മുൻ മന്ത്രി സംസാരിച്ചപ്പോൾ ആ ബില്ലിൽ ചെറിയ മാറ്റം വരുത്തിയാണ് ഈ ബിൽ തയ്യാറാക്കിയതെന്ന് പറഞ്ഞു. അതിലെ നല്ല കാര്യത്തെ ഞാൻ ഉൾക്കൊള്ളുന്നു. 2010-ലെ കേന്ദ്ര ഗവൺമെന്റിന്റെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിലും എന്റെ മുൻഗാമികൾ അവതരിപ്പിച്ചിട്ടുള്ള ബില്ലുകളിലുമുള്ള എല്ലാ നല്ല കാര്യങ്ങളും ഇതിനകത്ത് സ്വാഭാവികമായി വരും. അതെല്ലാം പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് നമുക്കൊരു ബിൽ ഡ്രാഫ്റ്റ് ചെയ്യാൻ സാധിക്കില്ല. എന്നാൽ കേരളത്തിനുവേണ്ടി ഈ ബിൽ ഡ്രാഫ്റ്റ് ചെയ്യുമ്പോൾ കേന്ദ്ര നിയമത്തിലെ എല്ലാ മൂല്യങ്ങളും കാര്യങ്ങളും തത്വത്തിൽ ഉൾക്കൊണ്ടുകൊണ്ട്; കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തെ കണക്കിലെടുത്തുകൊണ്ട് കഴിയാവുന്നത്ര കുറ്റമറ്റ രീതിയിലുള്ള ഒരു ബിൽ ഡ്രാഫ്റ്റ് ചെയ്യാനാണ് ശ്രമിച്ചിട്ടുള്ളത്. ഇതിനകത്ത് വളരെയധികം ഭേദഗതികൾ വന്നിട്ടുണ്ട്. അതിൽ സ്വീകരിക്കേണ്ടതായ കുറേ ഭേദഗതികളുണ്ട്. സാധാരണ ഗതിയിൽ വരാവുന്ന ഭേദഗതികളുമുണ്ട്. ഭേദഗതികളുടെ എണ്ണം കൂടുതലായതു കൊണ്ടും വൈകുന്നേരം സത്യപ്രതിജ്ഞയുള്ളതുകൊണ്ടും പ്രസംഗം ദീർഘിപ്പിക്കരുത് എന്ന് ബഹുമാനപ്പെട്ട സ്പീക്കർ പ്രത്യേകം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് വിശദമായ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ ബിൽ അവതരിപ്പിക്കുക എന്നുള്ളത് എളുപ്പമല്ല എന്ന് ഞാൻ പറയുന്നില്ല, പക്ഷെ പല ഭാഗത്തുനിന്നും ഈ ബില്ലിനെ സംശയദൃഷ്ടിയോടെ കാണുന്ന ഒട്ടേറെ അനുഭവമുണ്ടായിട്ടുണ്ട്. ഒരുപക്ഷേ അതുകൊണ്ടാണോ മുമ്പ് പലപ്പോഴും ശ്രമിച്ചിട്ടും ഈ ബിൽ ഈ സഭയിൽ അവതരിപ്പിക്കപ്പെടാതിരുന്നത് എന്ന് സംശയിക്കുകയാണ്. എന്നാൽ അതെല്ലാം മാറ്റിവച്ചുകൊണ്ട് ജനങ്ങളുടെ അഭിപ്രായം തേടി അവരെ ബോദ്ധ്യപ്പെടുത്തി നിർബന്ധമായും ഞങ്ങൾ അവതരിപ്പിക്കുമെന്ന ദൃഢനിശ്ചയത്തോടും ഇച്ഛാശക്തിയോടുംകൂടി ഈ ബിൽ നിയമമാക്കി മാറ്റാൻ തന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോയാൽ തിരിച്ചുവരില്ലെന്ന് പലരും പറഞ്ഞു. സാധാരണ അങ്ങനെയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ സ്വഭാവം. അതുകൊണ്ട് നിർബന്ധമായും ഈ ബിൽ തിരിച്ചുവരണമെന്ന് ഭരണപക്ഷത്തുമാത്രമല്ല പ്രതിപക്ഷത്തുള്ള പലരും എന്നോട് വ്യക്തിപരമായി

സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ കർശനമായി ഈ ബിൽ ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ കൊണ്ടുവരണമെന്ന് പറഞ്ഞു. ഇന്ന് ഈ ബില്ലിനുമാത്രമായി ഒരു ദിവസം തന്നിരിക്കുകയാണ്. അതിന് ബഹുമാനപ്പെട്ട സ്പീക്കറോട് എനിക്ക് വലിയ നന്ദിയുണ്ട്. അതുകൊണ്ട് എല്ലാവരുടെയും ഇച്ഛാശക്തിയായി നമുക്ക് ഈ ബില്ലിനെ കാണാം. ഇത് അവതരിപ്പിച്ച് പാസ്സാക്കുന്നത് സംബന്ധിച്ച് പൊതുസമൂഹത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിലും ഏകദേശം സമൂഹത്തിന്റെ പൊതുഅഭിപ്രായമായി വരുത്താൻ കഴിഞ്ഞത് ഈ ബില്ലിനെക്കുറിച്ച് അവരുടെ ഇടയിൽ നടത്തിയിട്ടുള്ള സന്ദർശനവും ചർച്ചയും അത് സംബന്ധിച്ച് നമ്മൾ കമ്മ്യൂണിക്കേറ്റ് ചെയ്ത ആശയങ്ങളുമൊക്കെ തന്നെയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടക്കം ഇവിടെ സംസാരിച്ച എല്ലാ അംഗങ്ങളും പ്രകടിപ്പിച്ച ആശങ്ക, എന്താണ് കേരളത്തിന്റെ ആരോഗ്യമേഖലയിൽ സംഭവിക്കുന്നത്; അപകടകരങ്ങളായ ഒട്ടേറെ കാര്യങ്ങൾ അവിടെയുണ്ട്; അതിനൊന്നും ഒരു നിയന്ത്രണവുമില്ലാത്ത അവസ്ഥയാണ് വരുന്നതെന്നാണ്. എന്നാൽ ഒരു സാമൂഹ്യനിയന്ത്രണം വേണമെന്നുള്ള അതിയായിട്ടുള്ള ആഗ്രഹം, അതുതന്നെയാണ് പൊതുജനങ്ങളുടെ മുന്നിൽ ഈ ബില്ലിനുള്ള സാധുത എന്ന് ഞാൻ കരുതുകയാണ്. അതുകൊണ്ട് ഏതു കോണിൽ നിന്ന് അപ്രത്യക്ഷമായ എതിർപ്പുകളുണ്ടായാലും പ്രത്യക്ഷമായി ഈ ബില്ലിനെ എതിർക്കാൻ ആർക്കും കഴിയാത്ത ഒരു അവസ്ഥ എത്തിച്ചേർന്നിരിക്കുന്നു എന്നതാണ് വസ്തുത. അതിലെ ആ വശം അംഗീകരിച്ചുകൊണ്ട് സന്തോഷത്തോടുകൂടി ഈ ബിൽ പാസ്സാക്കാൻ സാധിക്കും.

ഇവിടെ ഭരണപക്ഷത്തും പ്രതിപക്ഷത്തുംനിന്ന് ഒരുപാട് സംശയങ്ങളുന്നയിച്ചിട്ടുണ്ട്. അതിനെല്ലാം സമയത്തിന്റെ അപര്യാപ്തത കാരണം മറുപടി പറയുന്നില്ല. ചെറുകിട ആശുപത്രികൾ അടച്ചുപൂട്ടേണ്ടതായി വരുമോയെന്ന് ബഹുമാനപ്പെട്ട ചില മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. ഇത് പൊതുവായ, രാഷ്ട്രീയ നയത്തിന്റെയൊക്കെ ഭാഗമായുണ്ടാകുന്ന പ്രതിഫലനമായി കാണാം. ബിൽ വരുന്നതുകൊണ്ടല്ല, ഇത്തരം ചെറുകിട സ്ഥാപനങ്ങൾക്ക് ഭീഷണി കോർപ്പറേറ്റുവൽക്കരണത്തിന്റെ ഭാഗമായാണ്. ചെറുകിട കച്ചവടകേന്ദ്രങ്ങൾ പൂട്ടുന്നത് എന്തുകൊണ്ടാണെന്ന് നമുക്കറിയാം. ഇപ്പോൾ എത്രയെണ്ണം അടച്ചുപൂട്ടിപ്പോയി; ഞാൻ അതിലേയ്ക്ക് പോകുന്നില്ല. മാത്രമല്ല, ഇവിടെ ചികിത്സയും കച്ചവടവൽക്കരിക്കപ്പെടുകയാണ്. ചികിത്സ; ആരോഗ്യസംരക്ഷണം എന്നു പറയുന്നത് ജനങ്ങളുടെ അവകാശമാണ്. നമ്മുടെ നാട്ടിലുള്ള പൊതുവായ സാമ്പത്തിക നയത്തിന്റെയും ഭരണനയത്തിന്റെയും ഭാഗമായി ഇതെല്ലാം കച്ചവടവൽക്കരിക്കപ്പെടുകയാണ്. ഗാട്ട് കരാറിന്റെ ഭാഗമായി സേവനത്തിന്റെ

മേഖലയായാണ് ഇത് എടുത്തിട്ടുള്ളത്. സേവനത്തിന്റെ മേഖലകളെല്ലാം ഇന്ന് കച്ചവടത്തിന് വിട്ടുകൊടുത്തിരിക്കുകയാണ്. സർവ്വീസുകളിലെ കച്ചവടമാണ് അതിന്റെ ഭാഗമായി വരുന്നത്. അത് അറിഞ്ഞോ അറിയാതെയോ നമ്മളെല്ലാം അംഗീകരിച്ചിരിക്കുകയാണ്. വിദ്യാഭ്യാസവും ആരോഗ്യവുമൊക്കെ കച്ചവടമായി മാറിയിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: എല്ലാ വകുപ്പുകൾക്കും ഇത് പ്രാബല്യത്തിൽ വരില്ലെന്നുകണ്ടു. ആയുർവ്വേദത്തിനും ആയുഷിൽപ്പെട്ട മറ്റ് വിഭാഗങ്ങൾക്കും ഒരുമിച്ചാണോ അതോ ഓരോരോ ദിവസങ്ങളിലാണോ പ്രാബല്യത്തിൽ വരുന്നത്? ഒരുമിച്ച് പ്രാബല്യത്തിൽ വരണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: നിയമം പാസ്സാക്കിയാൽ എല്ലാത്തിനും കൂടി ഒരുമിച്ചാണ് പ്രാബല്യത്തിൽ വരിക. ഞാൻ അതിനെക്കുറിച്ച് പറയാം.

ശ്രീ. കെ. എൻ. എ. ഖാദർ: ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതികളിൽ പ്രാബല്യത്തിൽ വരുന്നതും വ്യത്യസ്ത അംഗീകൃത ചികിത്സാ സമ്പ്രദായങ്ങൾക്കുവേണ്ടി വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാണ് എന്നാണ് ഇതിൽ പറയുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഒരു സ്ഥാപനത്തിന് അംഗീകാരം കൊടുക്കുന്ന സമയത്ത് വ്യത്യസ്ത ചികിത്സാ വിഭാഗത്തിന് വെവ്വേറെ തന്നെ അപേക്ഷ സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആ രീതിയിലാണ് വരുന്നത്. നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ഒരുമിച്ചാണ് പ്രാബല്യത്തിൽ വരിക.

ചെറുകിട സ്ഥാപനങ്ങൾ പൂട്ടിപ്പോകുന്നതിന് നമ്മുടെ ബിൽ കാരണമാകരുത് എന്നുള്ളതുകൊണ്ടാണ്. ഇവിടെ എല്ലാവരും പറഞ്ഞതുപോലെതന്നെ ഗ്രാമീണ മേഖലകളിലെ ചെറിയ സ്ഥാപനങ്ങളാണ് കേരളത്തിന്റെ ആരോഗ്യ പരിപാലനത്തിൽ വളരെയേറെ ശ്രദ്ധ ചെലുത്തിയിട്ടുള്ളത്. ഇന്നത്തെ നിലവാരത്തിലേയ്ക്ക് നമ്മെ എത്താൻ സഹായിച്ചത് ഗവൺമെന്റ് ആശുപത്രികൾ മാത്രമല്ല, അവിടെ ഒരു കുടുംബ ഡോക്ടർ എന്നുള്ളതുപോലെ ഒരു സ്വകാര്യഡോക്ടർ ചെറിയ ഫീസൊക്കെ വാങ്ങി, നാട്ടുകാരുടെ ഒരു ഡോക്ടർ എന്ന രീതിയിൽ പെരുമാറുകയൊക്കെ ചെയ്തിട്ടുള്ള ഡോക്ടർമാരടങ്ങിയിട്ടുള്ള വൺമാൻ അല്ലെങ്കിൽ കപ്പിൾ അങ്ങനെയുള്ള സ്ഥാപനങ്ങളെല്ലാം അവിടെയുണ്ട്. അതിനെയൊന്നും നാം ബുദ്ധിമുട്ടിക്കരുത്. എന്നാൽ നേരത്തെ ഇവിടെ അംഗങ്ങളെല്ലാം പറഞ്ഞതുപോലെ തന്നെ ഈ സ്ഥാപനങ്ങളിലെല്ലാം ചികിത്സാ നിലവാരവും ക്വാളിഫിക്കേഷനും ഉറപ്പുവരുത്തണം. റൂൾ ഫ്രെയിം ചെയ്യുന്ന സമയത്ത് ഇവിടെ പ്രതിഫലിച്ച

ആശങ്കകൾ പരിഹരിച്ചുകൊണ്ട്; എന്നാൽ ബെയ്സിക്കായിട്ടുള്ള ഗുണനിലവാരം അടിയറവ് വയ്ക്കാതെ റൂൾ ഫ്രെയിം ചെയ്യാൻ സാധിക്കും. അത്തരം സ്ഥാപനങ്ങളിൽ അത്യാവശ്യമുള്ള എല്ലാ നിലവാരവും ഉറപ്പുവരുത്താൻ നമുക്ക് സാധിക്കും.

ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ രജിസ്ട്രേഷനിൽനിന്നും ചെറുകിട സ്ഥാപനങ്ങളെ ഒഴിവാക്കാൻ കഴിയില്ല. എന്നാൽ കൺസൾട്ടേഷൻ സേവനങ്ങൾ മാത്രം നടത്തുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അവിടെ ചില രീതിയിലുള്ള പ്രത്യേക പരിശോധനകളുണ്ടാകും. അതായത് അഡ്മിറ്റ് ചെയ്ത് ചികിത്സിക്കുക എന്നർത്ഥത്തിലല്ല, അവിടെ ഒബ്സർവേഷനായി ഒന്നോ രണ്ടോ ബെഡ്ഡുകളൊക്കെ ചിലപ്പോൾ കാണും. നേരത്തെ ഇവിടെ പറഞ്ഞതുപോലെ വലിയ രീതിയിലുള്ള ഉപകരണങ്ങളൊക്കെ ഉപയോഗിച്ച് ക്ലിനിക്കൽ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളെ ഈ കൺസൾട്ടേഷൻ വിഭാഗത്തിൽ മാത്രമായി ഒതുക്കാൻ കഴിയില്ല. അവയ്ക്ക് രജിസ്ട്രേഷൻ വേണ്ടിവരും. അതുപോലെ 15-ഉം 20-ഉം കിടക്കകളുള്ള ആശുപത്രികളെ ഒഴിവാക്കണമെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാൻ കഴിയില്ല. രാവിലെ പോയി സർജറി നടത്തി തിരിച്ചു പോകുന്ന വിധത്തിൽ ഡേ കെയർ സർജറി സൗകര്യങ്ങളുള്ള ഉയർന്ന സ്ഥാപനങ്ങളുണ്ട്. ആ സ്ഥാപനങ്ങളിലൊക്കെ മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, കൺസൾട്ടേഷൻ സേവനങ്ങൾ മാത്രമുള്ള സ്ഥാപനങ്ങളെ ഒഴിവാക്കുന്നത് നല്ല കാര്യമാണ്. പക്ഷേ വീട്ടിൽ കൺസൾട്ടേഷൻ നടത്തുകയാണെങ്കിലും എൻഡോസ്കോപ്പി ഉൾപ്പെടെയുള്ള സംവിധാനങ്ങളോടും വലിയ മെഷിനറിയോടും കൂടി കൺസൾട്ടേഷൻ നടത്തുന്ന ആളുകളുണ്ട്. മേജറായിട്ടുള്ള എല്ലാ ഡോക്ടർമാരും അവരവരുടെ വീടുകളിൽ സ്കാനിംഗ് ഉൾപ്പെടെയുള്ള സംവിധാനം ഉപയോഗിക്കുന്നുണ്ട്. അങ്ങനെ വീടുകളിൽ അവർ ക്ലിനിക്കൽ ഡയഗ്നോസിസിന് ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം എങ്ങനെയാണ് പരിശോധിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, റൂൾ ഫ്രെയിം ചെയ്യുമ്പോൾ ഇതിനെ സംബന്ധിച്ച് ഒരു ധാരണയുണ്ടാക്കാം. രജിസ്റ്റർ ചെയ്യപ്പെടാതെ കൺസൾട്ടേഷൻ നടത്തുന്നതിന് പ്രാഥമികമായി എന്തൊക്കെ ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു ധാരണയിലെത്തുന്നതിന് പ്രയാസമില്ല. അക്കാര്യത്തിൽ ഒരു വിവേചന മുണ്ടാകണമെന്നുള്ളത് ഉറപ്പാണ്. ആ രീതിയിൽ വ്യതിരിക്തമായി ഒരു നിബന്ധന തന്നെയുണ്ടാക്കിക്കൊണ്ട് അത് ഉപയോഗിക്കാൻ സാധിക്കും.

മി. സ്പീക്കർ: സ്കാനിംഗ് കൺസൾട്ടേഷനിൽ ഉൾപ്പെടുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇല്ല. ഉപകരണങ്ങളെക്കുറിച്ച് പറയാൻ തുടങ്ങിയാൽ ഓരോന്നിന്റേയും പേരും അതിന്റെ സാധ്യതയേയും കുറിച്ച് ചർച്ച ചെയ്യേണ്ടിവരും. സങ്കീർണ്ണമായ പരിശോധനകൾക്ക് ആവശ്യമായ ഉപകരണങ്ങളെ സംബന്ധിച്ച് റൂൾ ഫ്രെയിം ചെയ്യുമ്പോൾ പരിശോധിക്കാം. വളരെ സങ്കീർണ്ണമല്ലാത്ത ഏതെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അതും കൺസൾട്ടേഷന്റെ ഭാഗമായി ഉൾപ്പെടുത്താം. അങ്ങനെ ചെറിയ സ്ഥാപനങ്ങളെ സംരക്ഷിച്ച് നിർത്താൻ സാധിക്കും. അതുകൊണ്ടാണ് ബാക്കി എല്ലാത്തിനും ഒരു സാവകാശം കൊടുത്തത്. വളരെ പെട്ടെന്നുതന്നെ ഈ സൗകര്യങ്ങളൊക്കെ ഏർപ്പെടുത്തണ മെന്ന് അവരോട് പറഞ്ഞാൽ അവർക്ക് ആ സ്ഥാപനം പൂട്ടിപ്പോകുക മാത്രമേ നിവൃത്തിയുള്ളൂ. ആറ് മാസം മാത്രമേ സമയം കൊടുക്കാൻ പാടുള്ളൂവെന്നാണ് ശ്രീ. റ്റി. വി. രാജേഷ് സംസാരിച്ചപ്പോൾ പറഞ്ഞത്. അങ്ങനെയാകുമ്പോൾ അത്തരം സ്ഥാപനങ്ങൾക്ക് അത് attain ചെയ്യാൻ കഴിയില്ല. രണ്ട് വർഷക്കാലമെന്ന് പറയുന്നെങ്കിലും അവർക്ക് താൽക്കാലിക രജിസ്ട്രേഷൻ കൊടുക്കുന്നുണ്ട്. സ്ഥിരം രജിസ്ട്രേഷനുവേണ്ടി അവർ ഒരുങ്ങുമ്പോൾ ഈ പറയുന്ന നിലവാരം ആർജ്ജിക്കാൻ അവർക്ക് സാധിക്കും. അതും നമ്മുടെ ബില്ലിന്റെ ഒരു പ്രത്യേകതയാണ്. അങ്ങനെ സഹായിച്ചുകൊണ്ട് ഇത്തരം സ്ഥാപനങ്ങളെ സംരക്ഷിക്കാൻ കഴിയുമെന്നാണ് അക്കാര്യത്തിൽ പറയാനുള്ളത്. ഫിസിയോ തെറാപ്പിയുടെ കാര്യം ഇവിടെ പറയുകയുണ്ടായി. ഭൂരിപക്ഷം ആളുകളും അതിനെ ന്യായീകരിച്ചുകൊണ്ടാണ് സംസാരിച്ചിട്ടുള്ളത്. അതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ ഇപ്പോൾ പറയുന്നില്ല. വ്യാജ രീതിയിലുള്ള കാര്യങ്ങളെക്കുറിച്ചൊക്കെ ഇവിടെ പറയുകയുണ്ടായി. അതെല്ലാം പൊതുവെ അംഗീകരിക്കുന്ന കാര്യമാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ ഫിസിയോതെറാപ്പിക്ക് എതിരായി പറഞ്ഞതല്ല. ഫിസിയോതെറാപ്പിസ്റ്റ് സ്വന്തമായി പ്രാക്ടീസ് ചെയ്യാൻ പാടില്ല. അതിനുള്ള വകുപ്പുണ്ടായാൽ മതി. ഫിസിയോതെറാപ്പി ഇതിലൊരു അംഗീകാരം വാങ്ങിയിട്ട് അത് മറ്റൊരു ശാഖയായി വരാൻ ഓരോരുത്തരും ശ്രമിച്ചാൽ ബുദ്ധിമുട്ടാകും. കാർഡിയോ വാസ്കുലർ ടെക്നീഷ്യൻ കാർഡിയോ തൊറാസിക് സർജറി നടത്തുമ്പോൾ അതിന് എസ്സൻഷ്യലായിട്ടുള്ള ആളുകളുണ്ട്. ഡെന്റൽ ടെക്നീഷ്യനും ഒപ്റ്റോമെടിയുള്ളവരുമുണ്ട്. കണ്ണട വിൽക്കുന്ന സ്ഥാപനത്തിൽ ഒപ്റ്റോമെടി നടത്തുന്നയാൾ കണ്ണട നോക്കുകയല്ലാതെ വേറെ മരുന്ന് എഴുതാൻ പാടില്ല. അതിനൊക്കെ പാരാ മെഡിക്കൽ സ്റ്റാഫിന്റെ റെപ്രസന്റേറ്റീവ് ഉണ്ടായാൽ പരിഹരിക്കാവുന്ന വിഷയമാണ്. കൺസൾട്ടേഷനിൽ ഏതൊക്കെ ഉപകരണങ്ങൾ എന്നുപറഞ്ഞാൽ ക്ലിനിക്കൽ ഫൈൻഡിംഗ്സ് എന്നൊന്നുണ്ട്. ഒരു ഡോക്ടറുടെ അടുത്ത് ചെന്നാൽ ആദ്യം ക്ലിനിക്കൽ ഫൈൻഡിംഗ്സാണ്. അതിനാവശ്യമായ

സാധനങ്ങളൊക്കെ ഉപയോഗിക്കണം. അതുകഴിഞ്ഞ് ഫർതർ ഇൻവെസ്റ്റിഗേഷൻ വേറെയുണ്ടാകും. മെഡിക്കൽ സയൻസിൽ അതിനൊക്കെ ഒരു അംഗീകൃത സിസ്റ്റമുണ്ട്. അത് കളയാൻ പാടില്ല. ഫിസിയോതെറാപ്പിസ്റ്റ് പോലെയുള്ള പ്രത്യേക ശാഖകളുള്ളവർ സ്വന്തമായി പ്രാക്ടീസ് ചെയ്യുന്ന സാഹചര്യമുണ്ടാക്കാൻ പാടില്ല. അവർ സ്വന്തമായി പ്രാക്ടീസ് ചെയ്യരുതെന്ന് മാത്രമേ ഞാൻ പറഞ്ഞതിന് അർത്ഥമുള്ളൂ.

<u>മി. സ്പീക്കർ</u>: അവർ മരുന്ന് കൊടുക്കുന്നില്ലല്ലോ.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, നിങ്ങൾക്ക് അത് അറിയാത്തതു കൊണ്ടാണ്. ഈ സഭയിൽ മുമ്പ് ശ്രീ. വി. എസ്. ശിവകുമാർ മന്ത്രിയായിരുന്ന കാലത്ത് ഇങ്ങനെ പ്രാക്ടീസ് ചെയ്യുന്നതിനെക്കുറിച്ച് ഞാൻ കംപ്ലയിന്റ് പറഞ്ഞിട്ടുണ്ട്. ബ്രിഡ്ജ് കോഴ്സൊക്കെ വന്നതുകൊണ്ട് ഉത്തരേന്ത്യയിലും ലക്നൗവിലുമൊക്കെ ബി.കോം, എം.കോം ക്വാളിഫിക്കേഷനുള്ളവർ ഡോക്ടർമാരാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇപ്പോൾ അക്സപ്റ്റ് ചെയ്തിട്ടുള്ള സിസ്റ്റമനുസരിച്ചുതന്നെ റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ ഇത്തരം ആശങ്കകൾ പരിഹരിക്കാൻ സാധിക്കും. അതുകൊണ്ട് ഇപ്പോൾ ആ ഒരു ആശങ്കയിലേയ്ക്ക് പോകണ്ട ആവശ്യമില്ല. വ്യാജമായ കാര്യങ്ങളെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. അതിൽ ആശാവർക്കർമാരും മറ്റും നടത്തുന്ന പരിശോധന - ആശാവർക്കർമാരെ സങ്കീർണ്ണമായ പരിശോധനയ്ക്കൊന്നും നിയോഗിച്ചിട്ടില്ല. അങ്ങനെയുള്ള എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് പരിശോധിക്കാം.

ചൂഷണം ഒഴിവാക്കാൻ സാമൂഹിക ഓഡിറ്റ് സഹായകമാണ്. യഥാർത്ഥത്തിൽ ഒരു സാമൂഹിക നിയന്ത്രണമാണ് വരുന്നത്. അതുപോലെ പൊതുജനങ്ങൾക്ക് പരാതി പറയാനുള്ള ഗ്രീവൻസ് റെഡ്രസൽ സെൽ ഒക്കെ ഇതിന്റെ ഭാഗമായിട്ടുണ്ട്. ബഹുജനങ്ങൾക്ക് ഇടപെടാൻ കഴിയുന്ന ഒരവസര മുണ്ടാകുന്നതുകൊണ്ട് സാമൂഹ്യ നിയന്ത്രണം ആ രീതിയിൽ തന്നെ വരികയാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, റൂൾസിൽ എക്സിക്യൂട്ടീവിന് വളരെ വിപുലമായ അധികാരമാണ് കൊടുത്തിട്ടുള്ളത്. അംഗങ്ങളെ പുറത്താക്കൽ, അംഗങ്ങളുടെ അയോഗ്യത, അവരുടെ ക്വോറം ഇതൊക്കെ സാധാരണയായി ആക്ടിൽ വരുന്നതാണ്. റൂൾസ് ഫ്രെയിം ചെയ്യുന്നതിനുവേണ്ടി ഡിഫൈൻ ചെയ്യാതെ വളരെ വിപുലമായ അധികാരം കൊടുത്താൽ അത് വളരെ ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുമെന്നുള്ളത് മിനിസ്റ്റർ മനസ്സിലാക്കണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, മെഡിക്കൽ സയൻസിനെക്കുറിച്ച് പൊതുജനങ്ങളിൽ വേണ്ടത്ര അവബോധമുണ്ടാക്കാൻ ശ്രമിക്കേണ്ടതുണ്ട്. പ്രസവ ശുശ്രൂഷ നടത്തുന്ന ഡോക്ടർമാരുടെ ആശുപത്രികളൊക്കെ യഥേഷ്ടം തല്ലിപ്പൊളിക്കുന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. A pregnant lady is potential for any kind of complications. അതിന് Postpartum hemorrhage, Aberration of placenta, Infection of uterus, Rupture of uterus ഇവയിൽ ഏതെങ്കിലും വരാം. There are so many possibilities of complication in any treatment in medicine and surgery. ഇങ്ങനെയൊക്കെ സംഭവിച്ചാൽ എന്താണുണ്ടായതെന്ന് അറിയാതെ ആശുപത്രി തല്ലിപ്പൊളിക്കുന്ന സാഹചര്യങ്ങളില്ലാതിരിക്കണമെങ്കിൽ പൊതുജനങ്ങൾക്ക് അവബോധം കൊടുക്കണം. ട്രീറ്റ്മെന്റിനെക്കുറിച്ച് ഡോക്ടർ അഡ്വാൻസായി രോഗികളെ പഠിപ്പിച്ചുകൊടുക്കേണ്ടതായിട്ടുണ്ട്. അതൊക്കെ ഇതിൽ സ്പെസ് ചെയ്ത് പറയണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഗുണനിലവാരവും അവിടെ പ്രവർത്തിക്കുന്നവരുടെ ക്വാളിഫിക്കേഷൻ മെച്ചപ്പെടുന്നത് സംബന്ധിച്ചും ആ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ചുമാണ് ഈ ബില്ലിൽ പറയുന്നത്. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് അങ്ങ് ഇവിടെ പറഞ്ഞ പ്രശ്നങ്ങളുണ്ട്. ബഹുജനങ്ങൾക്ക് ആവശ്യമായ ട്രീറ്റ്മെന്റ് ലഭിക്കാത്ത സാഹചര്യമുണ്ട്. അതിന്റെ കാരണം ബഹുജനങ്ങൾ മനസ്സിലാക്കാത്തതിന്റെ ഭാഗമായി ഡോക്ടർമാരടക്കമുള്ള ജീവനക്കാർ ചില പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ആരോഗ്യ സേവനങ്ങളെക്കുറിച്ചും ഓരോ വ്യക്തിക്കും ലഭ്യമാക്കാവുന്ന അവകാശങ്ങളെക്കുറിച്ചും ആശുപത്രിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വേണ്ടത്ര ബോധവൽക്കരണം സമൂഹത്തിന് ലഭിച്ചിട്ടില്ലെന്നുള്ളത് വസ്തുതയാണ്. ചികിത്സയുടെ കാര്യത്തിൽ മാത്രമല്ല ഭരണപരമായ കാര്യങ്ങളെക്കുറിച്ചും മറ്റ് പ്രവർത്തനങ്ങളെക്കുറിച്ചും ബഹുജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്. ആർദ്രം മിഷന്റെ ഭാഗമായി അത് വലിയൊരളവിൽ നടക്കുന്നുവെന്നുള്ളതാണ് വസ്തുത. അതിപ്പോൾ ആരംഭിച്ചിട്ടേയുള്ളൂ. ഈ നിയമം വരുന്നതോടുകൂടി ഗവൺമെന്റ് ആശുപത്രികളുടെ സൗകര്യം വർദ്ധിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ഗവൺമെന്റ് ആശുപത്രികളുടെ സൗകര്യം വർദ്ധിപ്പിക്കാനാണ് ആർദ്രം മിഷൻ. അതിനെക്കുറിച്ച് വിശദമായി ഞാൻ പറയുന്നില്ല. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 60 ഫാമിലി ഹെൽത്ത് സെന്ററുകൾ ആരംഭിച്ചു. 170 എണ്ണം ആരംഭിക്കാനാണ് ആദ്യം ലക്ഷ്യമിട്ടത്. 100 എണ്ണം ഫെബ്രുവരി മാസത്തോടുകൂടി ആരംഭിക്കാൻ സാധിക്കും. അതിന്

പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുക മാത്രമല്ല ഒരു ഡോക്ടർക്ക് പകരം മൂന്ന് ഡോക്ടർമാരേയും രണ്ട് സ്റ്റാഫ് നേഴ്സിന് പകരം നാല് നഴ്സമാരേയും നിയമിക്കും. എണ്ണം വർദ്ധിപ്പിക്കുക മാത്രമല്ല അതിന്റെ പ്രവർത്തനത്തിനും മാറ്റമുണ്ട്. മുഴുവൻ പൗരന്മാരെയും ഇതിൽ രജിസ്റ്റർ ചെയ്യിക്കുകയും ആരോഗ്യപരമായ കാര്യങ്ങളെക്കുറിച്ച് ബോദ്ധ്യപ്പെടുത്താൻവേണ്ടി അവരുമായി ഇന്ററാക്ഷൻ നടത്തുകയും ചെയ്യുന്നത് ആരോഗ്യ മേഖലയിൽ വലിയ മാറ്റമുണ്ടാക്കുന്ന കാര്യമാണ്. ആർദ്രം മിഷന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്റർ സങ്കല്പം യാഥാർത്ഥ്യമാകുമ്പോൾ ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ പറഞ്ഞതടക്കമുള്ള കാര്യങ്ങൾക്ക് പരിഹാരമുണ്ടാകുന്നതാണ്. അതിന്റെ വേഗത വർദ്ധിപ്പിക്കാൻ എല്ലാവരും സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

നീക്കിയിരിപ്പിന്റെ കാര്യത്തിൽ ആരോഗ്യമേഖലയ്ക്ക് ഈ ഗവൺമെന്റ് നല്ല പരിഗണനയാണ് കൊടുത്തത്. ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ, എം.എൽ.എ. സംസാരിച്ചപ്പോൾ കഴിഞ്ഞപ്രാവശ്യം നീക്കിയിരുപ്പ് ആയിരം കോടി രൂപയിലേക്ക് എത്തിച്ചുവെന്ന് പറഞ്ഞു. എന്നാൽ ഇപ്പോൾ ഒന്നര വർഷക്കാലംകൊണ്ട് മൂവായിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതിലും കൂടുതലുണ്ട്. ഞാൻ ഏറ്റവും ചുരുങ്ങിയ സംഖ്യയാണ് പറഞ്ഞത്.

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> (....മൈക്ക് ഓഫ്.........) സർ, അതിലുപരിയായി ആരോഗ്യവകുപ്പ് വകയിരുത്തൽ വർദ്ധിപ്പിക്കണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, അത് നല്ല അർത്ഥത്തിലാണ്, മോശമായി പറഞ്ഞതല്ല. ആരോഗ്യ വകുപ്പിനോട് വകയിരുത്തൽ വർദ്ധിപ്പിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ഇനിയും വർദ്ധിപ്പിക്കുക തന്നെ ചെയ്യും. ഞങ്ങൾക്കുകൂടി സഹായകരമായ രീതിയിലാണ് അദ്ദേഹം അത് പറഞ്ഞത്. പോസ്റ്റ് ക്രിയേഷന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആശുപത്രി മെച്ചപ്പെടുത്തുക, ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നൊക്കെ പറയുമ്പോൾ ഇൻഫ്രാസ്ട്രക്ചർ മാത്രമല്ല അവിടെ ആവശ്യത്തിനുള്ള തസ്തിക ഉണ്ടാകണമെന്നുള്ളത് വസ്തുതയാണ്. ഈ ബിൽ അവതരിപ്പിക്കുമ്പോഴും ഞാൻ അതുതന്നെയാണ് പറയാൻ ആഗ്രഹിക്കുന്നത്. കഴിഞ്ഞ ഒന്നരവർഷക്കാലം കൊണ്ട് 4,200 പുതിയ തസ്തികകളാണ് ക്രിയേറ്റ് ചെയ്തത്. അതിൽ ലാബ് ടെക്നീഷ്യന്മാരുടെ 360 തസ്തിക ക്രിയേറ്റ് ചെയ്തപ്പോൾ റാങ്ക് ലിസ്റ്റിലുള്ള ചെറുപ്പക്കാർ വന്ന് എന്നോട് പറഞ്ഞത് 25 വർഷത്തിനുശേഷം ആദ്യമായിട്ടാണ്

കേരളത്തിൽ ലാബ് ടെക്നീഷ്യൻ തസ്തിക ക്രിയേറ്റ് ചെയ്യുന്നതെന്നാണ്. നമുക്കുണ്ടായിട്ടുള്ള മെല്ലെപ്പോക്ക് കേരളത്തിന്റെ ആരോഗ്യമേഖലയെ എത്രമാത്രം ബാധിച്ചിട്ടുണ്ടാകണം. ആവശ്യമായ തസ്തിക ക്രിയേറ്റ് ചെയ്യാതെ ആരോഗ്യ മേഖലയ്ക്ക് ഒരടി മുന്നോട്ടുപോകാൻ കഴിയില്ല. കഴിഞ്ഞ ക്യാബിനറ്റിൽ ഫാർമസിസ്റ്റിന്റെ 150 തസ്തികകൾ ക്രിയേറ്റ് ചെയ്തു. 40 വർഷത്തിനകം കേരളത്തിൽ ലാബ് ടെക്നീഷ്യൻ തസ്തിക ഇതുപോലെ ക്രിയേറ്റ് ചെയ്തിട്ടില്ലെന്നാണ് പറഞ്ഞത്. ഒന്നോ രണ്ടോ തസ്തികകൾ അവിടെ അവിടെയായി വന്നിട്ടുണ്ടാകാം. മൊത്തത്തിൽ തസ്തിക ക്രിയേറ്റ് ചെയ്യുന്നത് ആദ്യമായിട്ടാണ്. 1961-62 കാലഘട്ടത്തിലുള്ള സ്റ്റാഫ് പാറ്റേൺ ആണ് നമ്മൾ പിന്തുടരുന്നത്. ഈ ബില്ലുകളെല്ലാം കൊണ്ടുവന്ന് ആശുപത്രികൾ മെച്ചപ്പെടുത്താൻ ശ്രമിക്കുമ്പോൾ സ്വാഭാവികമായും പോസ്റ്റ് ക്രിയേഷന് ഊന്നൽ കൊടുക്കേണ്ടതായി വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഗവൺമെന്റ് ആ രീതിയിൽ അത് കാണുമെന്നാണ് എനിക്ക് പറയുവാനുള്ളത്.

പ്രത്യേകിച്ച് ഓരോന്നായി എടുത്തു പറയേണ്ടതില്ല. അംഗീകൃതമല്ലാത്ത പ്രാണിക് ഹീലിംഗ് പോലുള്ള ചികിത്സകൾ ഈ ബില്ലിന്റെ മാത്രം പരിധിയിൽ വരുന്ന കാര്യങ്ങളല്ല. അങ്ങനെയുള്ള കുറേ കാര്യങ്ങളുണ്ട്. അതിനെയെല്ലാം വ്യത്യസ്ത രീതിയിൽ സമീപിക്കേണ്ടതായിവരും. അതൊക്കെ ചെയ്യാവുന്നതാണ്. രോഗികളെ സ്റ്റെബിലൈസ് ചെയ്യുമ്പോൾ പ്രാഥമികമായി എന്തൊക്കെ ചെയ്യണമെന്നുള്ളത് സെൻട്രൽ ഗവൺമെന്റിന്റെ തന്നെ ഒരു സർക്കുലറിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഓരോ സ്ഥാപനത്തിന്റെയും സ്റ്റാഫ് പാറ്റേണും അവിടത്തെ സൗകര്യങ്ങളുമെല്ലാം നോക്കിയിട്ടാണ് ആ കാര്യങ്ങൾ പറയുന്നത്. അനാവശ്യമായി അവർ ശിക്ഷിക്കപ്പെടുന്ന അവസ്ഥയിലേയ്ക്ക് വരില്ല. എല്ലാവർക്കും ഒരേ ഫീസും ഫൈനും അല്ല. അതെല്ലാം റൂൾ ഫ്രെയിം ചെയ്യുമ്പോൾ പരിശോധിക്കാവുന്നതാണ്. ഒരു കാരണവശാലും റൂളിൽ പറയേണ്ടതെല്ലാം ആക്ടിൽ പറയാൻ സാധിക്കില്ല. അതുകൊണ്ട് അത് റൂൾ ഫ്രെയിം ചെയ്യുന്ന സമയത്ത് പരിഗണിക്കുന്നതാണ് നല്ലത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നിയമത്തിനകത്തുതന്നെ ഫൈൻ സംബന്ധിച്ച് ഒരു പ്രൊവിഷൻ വയ്ക്കുകയാണ്. 50,000, 2,00,000, 5,00,000 എന്ന രൂപത്തിൽ ഫൈൻ പറയുകയാണ്. ഇതിന് വിരുദ്ധമായി റൂൾ കൊണ്ടുവരാൻ കഴിയില്ല. അതുകൊണ്ട് അതിനകത്ത് എന്തെങ്കിലും അമെന്റ്മെന്റ് വരുത്തുന്നുണ്ടെങ്കിൽ ഈ തലത്തിൽ വരുത്തിയില്ലെങ്കിൽ ഈ രൂപത്തിലുള്ള ഫൈനായിരിക്കും അടയ്ക്കേണ്ടി വരുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, 50,000 രൂപ വരെയാണ്. അത് ശ്രദ്ധിച്ചില്ലെന്ന് തോന്നുന്നു. ആ സമയത്തെ യുക്തിക്കനുസരിച്ച് നമുക്ക് ചെയ്യാവുന്നതാണ്. 50,000 രൂപ വരെ, ഒരു ലക്ഷം രൂപ വരെ എന്നാണ്. അത് പൊതുവായിട്ടുള്ള ഒരു സ്റ്റേറ്റ്മെന്റാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിന്റെ ഡിസ്ക്രീഷൻ കിട്ടുന്നത് ഇംപ്ലിമെന്റ് ചെയ്യുന്ന ഉദ്യോഗസ്ഥനാണ്. അങ്ങനെ വരുന്നത് ഈ നിയമത്തെ ദുരുപയോഗം ചെയ്യും എന്നുള്ളതാണ് പ്രശ്നം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സമൂഹത്തിൽ എല്ലായിടത്തും ഇങ്ങനെയൊരു ഡിസ്ക്രീഷന്റെ അപാകത നിലനിൽക്കുന്നുണ്ട്. നമ്മൾ അത് വരാതെ സൂക്ഷിക്കണം. അതിനുവേണ്ടി നമുക്ക് മറ്റൊന്നും കൊണ്ടുവരാൻ സാധിക്കില്ല. അതൊരു സമിതിയാണ് ചെയ്യുന്നത്. അവർ കുറ്റമറ്റ രീതിയിൽ ചെയ്യണം. അതിനുമുകളിൽ അതോറിറ്റികളും പരിശോധനാ സംവിധാനങ്ങളുമുണ്ട്. ആ പരിശോധനയിലൂടെ ഉദ്യോഗസ്ഥർ അങ്ങനെയുള്ള ഡിസ്ക്രീഷനിലേയ്ക്ക് പോകുമ്പോൾ അവരുടെ മനോഭാവത്തിനനുസരിച്ച് തെറ്റായി ചെയ്തിട്ടുണ്ടെങ്കിൽ അത് പിടികൂടാനും പരാതി കൊടുക്കാനും പരാതി പരിശോധിച്ച് ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കാനുമുള്ള അവസരം നമുക്കുണ്ട്. അതുകൊണ്ട് അങ്ങനെ ഒരു ഭയം ഉണ്ടാകേണ്ടതില്ല. അതുപോലെ ജില്ലാ അതോറിറ്റിയിൽ വരുന്ന പ്രശ്നങ്ങളുടെ അപ്പീലിനാണ് അപ്പലേറ്റ് അതോറിറ്റി രൂപീകരിച്ചത്. അപ്പലേറ്റ് അതോറിറ്റിയിൽ ജില്ലാ അതോറിറ്റിയിലുള്ള ആരുമില്ല. അതുകൊണ്ട് അതൊരു വിഷയമായി വരുന്നില്ല. കൗൺസിലിന്റെ തീരുമാനത്തിനുശേഷം ഹൈക്കോടതിയിലേയ്ക്കാണ് അത് പോകുന്നത്. അപ്പലേറ്റ് അതോറിറ്റിയിലെ മൂന്ന് അംഗങ്ങൾ അങ്ങനെതന്നെ തുടരുന്നതിൽ യാതൊരു പ്രയാസവുമില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അപ്പലേറ്റ് അതോറിറ്റിയിലുള്ളത് കൗൺസിലിലുള്ള മൂന്ന് മെമ്പർമാർ അല്ലേ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കൗൺസിലിലുള്ള മെമ്പേഴ്സ് ആണെങ്കിലും ജില്ലാ അതോറിറ്റിയിലുള്ളവരല്ല. ആരോഗ്യമേഖലയിലുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട ഉദ്യോഗസ്ഥനാണ് അതിനകത്തുള്ളത് .

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഈ മേഖലയിലെ പ്രഗത്ഭരായ ആളുകൾ ഇരിക്കുന്നിടത്തുള്ള സെക്രട്ടറി ഒരു ഡെപ്യൂട്ടി ഡയറക്ടറാണ്. അതിന് ഒരു ഹയർ റാങ്ക് കൊടുത്തുകൂടേ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ചെയർമാനും ഹെൽത്ത് സെക്രട്ടറിയുമുണ്ട്. അപ്പോൾ അതിനുവേറെ ബുദ്ധിമുട്ട് വരുന്നില്ല. സെക്രട്ടറിക്ക് ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തിക മതിയാകും. കാരണം അതിലും ഉയർന്ന ഉദ്യോഗസ്ഥർ ആ കൗൺസിലിന്റെ ചെയർമാൻ സ്ഥാനത്തുണ്ട്. അതിന് സാങ്കേതികമായിട്ടുള്ള യാതൊരു തടസ്സവും വരില്ലെന്നാണ് കരുതുന്നത്. 20 വർഷങ്ങൾക്കുമുമ്പ് ജോലി ചെയ്തിരുന്ന ആളുകളുടെ ഭാവി എന്താകുമെന്നുള്ളതാണ് ഇവിടെ ഉയർന്നുകേട്ട ഒരു പ്രധാന ആശങ്ക. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, അവർക്ക് ക്വാളിറ്റി ആർജ്ജിക്കുവാൻ, അവരുടെ എക്സ്പീരിയൻസ് വച്ചുതന്നെ 'Recognition of prior learning' ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ എൻ.സി.വി.റ്റി. (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്) പോലുള്ള കോഴ്സുകളുണ്ട്. വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അവർക്ക് ആ കോഴ്സുകളിൽ പരിശീലനം കൊടുത്തുകൊണ്ട് സാധിക്കാവുന്നിടത്തോളം, അവരുടെ ജോലി കളയാതെ അവരെ പരമാവധി ഉൾക്കൊള്ളാൻ ശ്രമിക്കുന്നതാണ്. എന്നാൽ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത അവർക്കുണ്ടായിരിക്കണം.

ശ്രീ. പി. കെ. ബഷീർ: സർ, അടിസ്ഥാന യോഗ്യത എന്നു പറയുമ്പോൾ ഒരു ടെസ്റ്റ് നടത്തി അതിൽ പാസ്സാകുന്നവർക്ക് അവിടെ ജോലി കൊടുക്കുന്നതല്ലേ ഉചിതം?

മി. സ്പീക്കർ: എന്താണ് ശ്രീ. പി. കെ. ബഷീർ, നമുക്കൊരു പ്രോസസ്സില്ലേ; ഓരോന്നും ഡീറ്റെയിലായി ചർച്ച ചെയ്യാൻ സാധിക്കുമോ?

ശ്രീ. പി. കെ. ബഷീർ: സർ, 25 കൊല്ലം ഒരു ലാബിൽ വർക്ക് ചെയ്ത് എക്സ്പീരിയൻസുള്ള ഒരാൾ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ വരുമ്പോൾ പുറത്തുപോകുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്താൻ രണ്ടോ മൂന്നോ മാസം പഠിക്കാനുള്ള അവസരം കൊടുത്ത് ചെറിയൊരു ടെസ്റ്റ് നടത്തി ആ ടെസ്റ്റ് പാസ്സായി വരുന്നവരെ അവിടെ നിയമിക്കുന്നതിനുവേണ്ടിയുള്ള ഗൈഡ് ലൈൻസ് എന്തെങ്കിലുമുണ്ടോ?

മി. സ്പീക്കർ: മിനിസ്റ്റർ, ചർച്ച സംഗ്രഹിച്ച് പറയൂ. ക്ലോസ് ബൈ ക്ലോസ് എടുക്കുമ്പോൾ ഭേദഗതികൾ അവതരിപ്പിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ടായിരിക്കും. ഇവിടെ ആയിരത്തോളം ഭേദഗതികൾ വന്നിട്ടുണ്ട്. അത് പരിശോധിക്കുകയും ചെയ്യും; അതിനുള്ള സമയവുമുണ്ട്. അല്ലാതെ പൊതുചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ഓരോന്നായി എടുക്കാൻ പറ്റുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ പ്രധാനപ്പെട്ട ആശങ്കകൾക്കെല്ലാം ഞാൻ മറുപടി പറഞ്ഞിട്ടുണ്ട്. പൊതുവെ സഭയുടെ വികാരം വളരെ പെട്ടെന്നുതന്നെ ഇത് തീർക്കണമെന്നുള്ളതാണ്. ആവശ്യകതയും അതാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ, അങ്ങ് വളരെ അറിവുള്ള ഒരാളാണ്. അങ്ങ് പറഞ്ഞിട്ട് പ്രത്യേകിച്ച് ഗുണമൊന്നുമില്ല.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, അങ്ങ് കുറേ കാര്യങ്ങൾ ഇവിടെ പറഞ്ഞു. എല്ലാ കാര്യങ്ങളും ഇന്നുതന്നെ പറഞ്ഞുതീർക്കാൻ കഴിയില്ല. നമുക്ക് ഇനിയും അവസരമുണ്ടാകും. ആ സമയത്ത് പറയാം.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ഇത് മനുഷ്യനുള്ള കാലത്തോളം വേണ്ട ഒരു ബില്ലാണ്. അതുകൊണ്ട് ഞാൻ അതിനെ സപ്പോർട്ട് ചെയ്യുന്നുവെന്നേയുള്ളൂ. ഞാൻ തടസ്സപ്പെടുത്തുകയാണെന്നുള്ള തെറ്റിദ്ധാരണ വേണ്ട. കല്യാണത്തിന് പോകുകയല്ല, ഇതാണ് എം.എൽ.എ.-യുടെ പണി. ഇതിൽ ലബോറട്ടറി ചാർജ് നിശ്ചയിക്കുന്നുണ്ട്. ഇപ്പോൾ ഡയാലിസിസ് ധാരാളം നടക്കുന്ന സമയമാണ്. അതിന് 1,500 രൂപ മുതൽ 2,000 രൂപ വരെ ചാർജ് വാങ്ങുമ്പോൾ ഡയാലിസിസ് പോലെതന്നെ ഇമ്മ്യൂണോ സപ്രഷനുവേണ്ടിയുള്ള plasmapheresis എന്ന സംവിധാനത്തിന് 50,000 രൂപയാണ് വാങ്ങുന്നത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, ഈ ചാർജുകളെല്ലാം സുതാര്യമായിരിക്കണമെന്ന് വളരെ വ്യക്തമായി ഈ ബില്ലിൽ പറയുന്നുണ്ട്. അതുകൊണ്ടുതന്നെ ഭാവിയിൽ അത്തരം ചാർജ്ജുകൾക്ക് നല്ല നിയന്ത്രണം ഉണ്ടാകും. എല്ലാ ഹോസ്പിറ്റലുകളിലും പാക്കേജ് റേറ്റും ഓരോ പരിശോധനയ്ക്കുള്ള ചാർജും പ്രദർശിപ്പിക്കണമെന്ന് പറയുമ്പോൾ അവിടെ സ്വാഭാവികമായിട്ടും സുതാര്യത വരികയാണ്. സ്വാഭാവികമായും റേറ്റ് കുറഞ്ഞതും ഗുണനിലവാരം ഉണ്ടെന്ന് ഉറപ്പിക്കാൻ കഴിയുന്നതുമായ ഒരിടത്തേയ്ക്ക് പേഷ്യന്റ്സ് പോകുമ്പോൾ, അനാവശ്യമായ ഈ വർദ്ധനവ് അവർക്ക് ഒഴിവാക്കിയേ മതിയാകൂ. അതിന്റെ വളരെ പോസിറ്റീവായിട്ടുള്ള ഒരുവശം ഈ ബില്ലിനകത്തുണ്ട്. അതുതന്നെയാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നതും. മറ്റ് നിരവധി കാര്യങ്ങൾ വന്നിട്ടുണ്ട്. വളരെ പെട്ടെന്ന് wind-up ചെയ്ത് ക്ലോസ് ബൈ ക്ലോസായി പോകേണ്ടതുകൊണ്ട് ഞാൻ കൂടുതലായൊന്നും പറയുന്നില്ല. വളരെ സന്തോഷത്തോടെ പറയുകയാണ്. നല്ല ചർച്ചയായിരുന്നു; ഇവിടെ വന്ന എല്ലാ അഭിപ്രായങ്ങളും ഞങ്ങൾ അതിനകത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ അഭിപ്രായങ്ങൾ തന്നെയാണ് ഇവിടെ ഭേദഗതിയായി വന്നിട്ടുള്ളത്. ആ ഭേദഗതിയും ഉൾക്കൊള്ളുന്നു. റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ സ്വാഭാവികമായും ഈ സഭയുടെ വികാരവും ഇവിടെ വന്നിട്ടുള്ള ചർച്ചയിലെ അഭിപ്രായങ്ങളുമെല്ലാം മനസ്സിലുണ്ടാകും. നിയതമായിട്ടുള്ള മാർഗ്ഗങ്ങൾ അനുസരിച്ചേ റൂൾസ് ഫ്രെയിം ചെയ്യാൻ സാധിക്കുകയുള്ളൂ. ജൂൺ മാസത്തോടുകൂടി ഈ നിയമം പ്രാബല്യത്തിൽ വരികയും ജനങ്ങൾക്ക് ഉപയോഗപ്രദമാക്കാൻ കഴിയുകയും ചെയ്യുന്ന രീതിയിൽ ഇതിന്റെ റൂൾസ് അടക്കം ഫ്രെയിം ചെയ്ത്

പ്രാബല്യത്തിൽ വരുത്തണമെന്നാണ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് അംഗങ്ങളുടെ സഹകരണത്തിന് വളരെ സന്തോഷമുണ്ട്. ക്ലോസ് ബൈ ക്ലോസായി പരിഗണിക്കുന്നതിലേയ്ക്ക് പോകേണ്ടതിനാൽ ഞാൻ എന്റെ മറുപടി അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി.വി. രാജേഷ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. റ്റി.വി. രാജേഷ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ ..................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

### രണ്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

194. ഖണ്ഡം 2(എ)-ൽ "34-ാം വകുപ്പ് (1)-ാം ഉപവകുപ്പ്" എന്നതിനുപകരം "34(1)-ാം വകുപ്പ്" എന്ന് ചേർക്കുക.

202. ഖണ്ഡം 2(സി)(i)-ൽ "നടത്തുന്നതും" എന്ന വാക്ക് ഒഴിവാക്കുക.

207. ഖണ്ഡം 2(സി)(i)-ൽ " സൗകര്യങ്ങളോടു കൂടിയ, " എന്നതിനുപകരം "സൗകര്യങ്ങളോടു കൂടിയതും" എന്ന് ചേർക്കുക.

211. ഖണ്ഡം 2(സി)(i)-ൽ "അസ്വാഭാവികത്വം" എന്നത് ഒഴിവാക്കുക.

224. ഖണ്ഡം 2(സി)(i)-ൽ "വിളിക്കപ്പെടുന്നതുമായ" എന്ന വാക്കിനുപകരം "അറിയപ്പെടുന്നതുമായ" എന്ന വാക്ക് ചേർക്കുക.

257. ഖണ്ഡം 2(സി)(ii)-ൽ,

" ഇ.ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ഒരു ക്ലിനിക്കൽ സ്ഥാപനം എന്നിവ ഉൾപ്പെടുന്നതും, എന്നാൽ അതിൽ കൺസൾട്ടേഷൻ സേവനങ്ങൾ മാത്രം നൽകുന്ന സ്ഥാപനങ്ങളും സായുധസേനകളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളും ഉൾപ്പെടുന്നതല്ലാതുമാകുന്നു." എന്നത് താഴെപ്പറയും പ്രകാരം മാറ്റുക:

(ഇ) ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ഒരു ക്ലിനിക്കൽ സ്ഥാപനം ഉൾപ്പെടുന്നതും ആകുന്നു.

"എന്നാൽ അതിൽ കൺസൾട്ടേഷൻ സേവനങ്ങൾ മാത്രം നൽകുന്ന സ്ഥാപനങ്ങൾ, സായുധ സേനകളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു."

283. ഖണ്ഡം 2(ഡി)യിൽ "സംസ്ഥാന" എന്ന വാക്കിന് മുൻപ് "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്" എന്ന വാക്കുകൾ ചേർക്കുക.

288. ഖണ്ഡം 2(ഇ) (i)-ൽ "അവളുടെ" എന്ന വാക്ക് ഒഴിവാക്കുക.

293. ഖണ്ഡം 2(ഇ) (iii)-ൽ "അവയവമോ" എന്ന വാക്കിന് മുൻപായി "ആന്തരിക" എന്ന് ചേർക്കുക.

296. ഖണ്ഡം 2(ഇ) (iii)-ൽ "പ്രവർത്തന ക്ഷമമല്ലാതാകുകയോ" എന്നതിനു പകരം "പ്രവർത്തനക്ഷമമല്ലാതാകുകയോ" എന്ന് ചേർക്കുക.

299. ഖണ്ഡം 2(ഇ) (iii)-ൽ "സ്വയം" എന്ന വാക്ക് ഒഴിവാക്കുക.

328. ഖണ്ഡം 2 (കെ)-ൽ " വച്ചുപോരുന്നതും" എന്ന വാക്ക് കാണപ്പെടുന്ന ഇടങ്ങളിലെല്ലാം പകരം "സൂക്ഷിച്ചു പോരുന്നതും" എന്ന് ചേർക്കുക.

341. ഖണ്ഡം 2 (എം)-ൽ "നിർണ്ണയിച്ചേക്കാവുന്ന" എന്ന വാക്കിന് പകരം "നിർണ്ണയിക്കുന്ന" എന്ന് വാക്ക് ചേർക്കുക.

344. ഖണ്ഡം 2 (എൻ)-ൽ "(ഇ)" എന്നതിനു മുൻപായി '2' എന്ന അക്കം ചേർക്കുക.

211-ാം നമ്പർ ഭേദഗതിയിൽ ".......സൗകര്യങ്ങളോട്ടുകൂടിയ, രോഗം, പരിക്ക്, വൈകല്യം, അസ്വാഭാവികത്വം, ദന്തസംരക്ഷണം, ഗർഭം എന്നിവയിൽ ചികിത്സ......" എന്നാണ്. അതിൽ 'അസ്വാഭാവികത്വം' എന്നുള്ളത് ഇവിടെ യോജിക്കാത്ത പദമാണ്, ആവശ്യമില്ലാത്തതാണ്. ആ പദം നീക്കം ചെയ്യണമെന്നതാണ് എന്റെ ഭേദഗതി.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

195. ഖണ്ഡം 2(ബി)-ൽ "ഒരു ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റി" എന്നതിനുപകരം "രജിസ്ട്രേഷനുള്ള അതോറിറ്റി" എന്ന് ചേർക്കുക.

200. ഖണ്ഡം 2(സി)(i)-ൽ "നികായമോ" എന്ന വാക്കിനുശേഷം "കമ്പനിയോ" എന്ന് വാക്ക് ചേർക്കുക.

213. ഖണ്ഡം 2(സി)(i)-ൽ "ഗർഭം" എന്നതിനു ശേഷം ", വന്ധ്യത" എന്ന ചിഹ്നവും വാക്കും ചേർക്കുക.

279. ഖണ്ഡം 2(സി)(ii)-ന്റെ വിശദീകരണം (ii)-ൽ "നിരീക്ഷണവും" എന്നതിനുശേഷം "പ്രഥമ ശുശ്രൂഷയും" എന്ന് ചേർക്കുക.

315. ഖണ്ഡം 2 (ജെ)-ൽ "നാച്ചുറോപ്പതി," എന്നതിനുശേഷം "ഫിസിയോ തെറാപ്പി," എന്ന വാക്കും ചിഹ്നവും ചേർക്കുക.

316. ഖണ്ഡം 2 (ജെ)-യിൽ "ആയുർവ്വേദ" എന്നതിനു പകരം "ആയുർവ്വേദം" എന്ന് ചേർക്കുക.

318. ഖണ്ഡം 2 (ജെ)-ൽ "സിദ്ധ" എന്നതിനു പകരം "സിദ്ധ വൈദ്യം" എന്ന് ചേർക്കുക.

334. ഖണ്ഡം 2 (എൽ)-ൽ " 16-ാം " എന്നതിനു പകരം "16 (1)-ാം " എന്ന് ചേർക്കുക.

351. ഖണ്ഡം 2 (എൻ)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(ഒ) "ആകസ്മിക ഒഴിവ് "എന്നാൽ ഏതെങ്കിലും അംഗത്തിന്റെ മരണം മൂലമോ ഉദ്യോഗ കാലാവധി അവസാനിക്കുന്നതിന് മുമ്പ് മറ്റേതെങ്കിലും കാരണത്താലോ ഉണ്ടാകുന്ന ഒഴിവ് എന്നർത്ഥമാകുന്നു".

213-ാം നമ്പർ ഭേദഗതിയിലെ ഖണ്ഡം 2 (സി)-യുടെ ക്ലിനിക്കൽ സ്ഥാപനങ്ങൾ എന്ന നിർവ്വചനത്തിൽ ഒട്ടുമിക്ക ചികിത്സാ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വന്ധ്യതാ ക്ലിനിക്കുകൾ/ ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും.

279-ാം നമ്പർ ഭേദഗതിയിൽ കൺസൾട്ടേഷൻ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽ 'പ്രഥമ ശുശ്രൂഷ' എന്ന വാക്കുകൂടി ഉൾപ്പെടുത്തണം.

315-ാം നമ്പർ ഭേദഗതിയിൽ 'ഫിസിയോതെറാപ്പി' എന്ന വാക്ക് വിട്ടുപോയിട്ടുണ്ട്. ബാക്കിയുള്ള എല്ലാ സ്ഥലത്തും 'ഫിസിയോതെറാപ്പി' എന്ന വാക്ക് വന്നിട്ടുണ്ട്. അതുകൂടി ഉൾപ്പെടുത്തണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

198. ഖണ്ഡം 2(സി)(i)-ൽ " ഏതെങ്കിലും ആളോ ആളുകളുടെ നികായമോ, ഏകാംഗീകൃതമോ അല്ലാത്തതോ, സ്ഥാപിച്ചതും നടത്തുന്നതും പരിപാലിക്കുന്നതും" എന്ന ഭാഗം ഒഴിവാക്കുക.

209. ഖണ്ഡം 2(സി)(i)-ൽ "വൈകല്യം" എന്ന വാക്കിന് പകരം "അംഗവൈകല്യം" എന്ന വാക്ക് ചേർക്കുക.

266. ഖണ്ഡം 2(സി)(ii)-ൽ "സേവനങ്ങൾ മാത്രം നൽകുന്ന സ്ഥാപനങ്ങളും" എന്നീ വാക്കുകൾക്കുശേഷം "ഇരുപതുകിടക്കകളിൽ താഴെയുള്ള ആശുപത്രികളും ക്ലിനിക്കുകളും" എന്നീ വാക്കുകൾ ചേർക്കുക.

290. ഖണ്ഡം 2(ഇ) (i)-ൽ "അവളുടെ" എന്ന വാക്കിനു പകരം "അവരുടെ" എന്ന വാക്ക് ചേർക്കുക.

291. ഖണ്ഡം 2(ഇ) (i)-ൽ "അപകടസ്ഥിതിയിലാക്കുകയോ" എന്ന വാക്കിന് പകരം "അപകടാവസ്ഥയിലാക്കുകയോ" എന്ന വാക്ക് ചേർക്കുക.

292. ഖണ്ഡം 2(ഇ) (ii)-ൽ "വരുത്തുകയോ" എന്ന വാക്കിനുപകരം "സംഭവിക്കുകയോ" എന്ന വാക്ക് ചേർക്കുക.

294. ഖണ്ഡം 2(ഇ) (iii)-ൽ "അവയവമോ" എന്ന വാക്കിന് ശേഷമുള്ള "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

298. ഖണ്ഡം 2(ഇ) (iii)-ൽ "തീവ്രമായ" എന്നതിനു മുൻപ് "അതി" എന്ന് ചേർക്കുക.

306. ഖണ്ഡം 2 (ഐ)-ൽ "കീഴിൽ ഉണ്ടാക്കിയ" എന്നതിന് പകരം "കീഴിലുണ്ടാക്കുന്ന" എന്ന് ചേർക്കുക.

320. ഖണ്ഡം 2 (ജെ)-ൽ "യുനാനി" എന്നതിനു ശേഷം ", യോഗ" എന്ന ചിഹ്നവും വാക്കും ചേർക്കുക.

332. ഖണ്ഡം 2 (കെ)-ൽ " അടങ്ങിയതും" എന്നതിന് പകരം "ഉൾക്കൊള്ളിച്ചിട്ടുള്ളതും " എന്ന് ചേർക്കുക.

337. ഖണ്ഡം 2 (എൽ)-ൽ " കല്പിക്കേണ്ടതുമാണ് " എന്ന വാക്കിനുപകരം "കല്പിക്കേണ്ടതാണ് " എന്ന വാക്ക് ചേർക്കുക.

342. ഖണ്ഡം 2 (എം)-ൽ "നിർണ്ണയിച്ചേക്കാവുന്ന" എന്ന വാക്കിനുപകരം "നിശ്ചയിച്ചേക്കാവുന്ന" എന്ന വാക്ക് ചേർക്കുക.

347. ഖണ്ഡം 2 (എൻ)-ൽ "വേളയിൽ" എന്ന വാക്കിനുപകരം "സന്ദർഭത്തിൽ" എന്ന വാക്ക് ചേർക്കുക.

348. ഖണ്ഡം 2 (എൻ)-ൽ "സാദ്ധ്യതയില്ലായെന്ന്" എന്ന വാക്കിനുപകരം "സാധ്യതയില്ലായെന്ന്" എന്ന വാക്ക് ചേർക്കുക.

320-ാം നമ്പർ ഭേദഗതിയിൽ ആയുഷ് എന്നുപറഞ്ഞാൽ ആയുർവ്വേദ, യോഗ, സിദ്ധ എന്നിവയെല്ലാം ഉൾപ്പെട്ടതാണ്. അതിൽപ്പെടുന്ന ഒന്നാണ് യോഗ ചികിത്സാ രീതി. അതുകൊണ്ട് ഇതിന്റെ ഭാഗമായി പ്രത്യേകമായി അത് പറഞ്ഞിട്ടില്ല. അതുകൊണ്ട് 'യോഗ' എന്നതുകൂടി ഉൾപ്പെടുത്തേണ്ടതാണ്.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

199. ഖണ്ഡം 2(സി)(i)-ൽ "ആളോ ആളുകളുടെ" എന്നീ വാക്കുകൾക്ക് പകരം "വ്യക്തിയോ വ്യക്തികളുടെയോ" എന്നീ വാക്കുകൾ ചേർക്കുക.

203. ഖണ്ഡം 2(സി)(i)-ൽ "സമ്പ്രദായത്തിൽ" എന്ന വാക്കിന് ശേഷം "പത്തിൽ അധികം" എന്നീ വാക്കുകൾ ചേർക്കുക.

205. ഖണ്ഡം 2(സി)(i)-ൽ "അല്ലാത്തതോ" എന്ന വാക്ക് നീക്കം ചെയ്യുക.

210. ഖണ്ഡം 2(സി)(i)-ലെ "വൈകല്യം," എന്നതിന് ശേഷം "മാനസിക വൈകല്യം," എന്ന് ചേർക്കുക.

230. ഖണ്ഡം 2(സി)(ii)-ൽ "ആളോ ആളുകളുടെ" എന്നീ വാക്കുകൾക്ക് പകരം "വ്യക്തിയോ വ്യക്തികളുടെ" എന്നീ വാക്കുകൾ ചേർക്കുക.

242. ഖണ്ഡം 2(സി)(ii)-ൽ "എന്റിറ്റിയായി" എന്ന വാക്കിന് പകരം "അസ്തിത്വമായി"എന്ന വാക്ക് ചേർക്കുക.

244. ഖണ്ഡം 2(സി)(ii)എ.-യിലെ "ഒരു" എന്ന വാക്കിന് പകരം "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

295. ഖണ്ഡം 2(ഇ) (iii)-ൽ "ഗുരുതരമായി" എന്ന വാക്ക് നീക്കം ചെയ്യുക.

297. ഖണ്ഡം 2(ഇ) (iii)-ൽ "പ്രവർത്തന ക്ഷമമല്ലാതാകുകയോ" എന്നതിനു ശേഷം "ഭംഗം വരുകയോ" എന്നീ വാക്കുകൾ കൂടി ചേർക്കുക.

312. ഖണ്ഡം 2 (ജെ)-ൽ "മോഡേൺ മെഡിസിൻ" എന്നതിനു പകരം "ആധുനിക ഇംഗ്ലീഷ് വൈദ്യ ശാസ്ത്രം" എന്നു ചേർക്കുക.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

201. ഖണ്ഡം 2(സി)(i)-ൽ "ഏകാംഗീകൃതമോ അല്ലാത്തതോ" എന്നത് ഒഴിവാക്കുക.

226. ഖണ്ഡം 2(സി)(i)-ൽ "വിളിക്കപ്പെടുന്നതുമായ" എന്നതിന് ശേഷം "ഏകാംഗീകൃതമോ അല്ലാത്തതോ ആയ" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

214. ഖണ്ഡം 2(സി)(i)-ൽ "ഒരു ആശുപത്രി" എന്നതിലെ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

305. ഖണ്ഡം 2 (എച്ച്)-ൽ "ഔദ്യോഗിക" എന്നതിനു പകരം "കേരള" എന്ന് ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

220. ഖണ്ഡം 2(സി)(i)-ൽ "ഏതു പേരിൽ" എന്ന വാക്കുകൾക്കുപകരം "അപ്രകാരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

221. ഖണ്ഡം 2(സി)(i)-ൽ "ഏതു പേരിൽ" എന്ന വാക്കുകൾക്കുപകരം "മറ്റേതെങ്കിലും പേരുകളിൽ" എന്ന വാക്കുകൾ ചേർക്കുക.

228. ഖണ്ഡം 2(സി)(i)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുക:

"(ii) ബോഡി ഫിറ്റ്നെസ് സെന്റർ, യോഗ സെന്റർ, ഫിസിയോ തെറാപ്പി സെന്റർ തുടങ്ങി വിവിധ പേരുകളിൽ ശാരീരികാരോഗ്യ പരിപാലന രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനം; അല്ലെങ്കിൽ"

259. ഖണ്ഡം 2(സി)(ii)ൽ "എന്നാൽ അതിൽ" എന്നീ വാക്കുകൾക്കു ശേഷം "ഒരു ദിവസം പരമാവധി അൻപതിൽ താഴെ രോഗികൾക്ക്" എന്നീ വാക്കുകൾ ചേർക്കുക.

278. ഖണ്ഡം 2(സി)(ii)-ന്റെ വിശദീകരണം (ii)-ൽ "മരുന്ന് നൽകലും" എന്നീ വാക്കുകൾക്കു പകരം "ചികിത്സ നിർദ്ദേശിക്കലും" എന്നീ വാക്കുകൾ ചേർക്കുക.

313. ഖണ്ഡം 2 (ജെ)-ൽ "ദന്ത ചികിത്സ" എന്നീ വാക്കുകൾക്കുശേഷം "നേത്ര ചികിത്സ എന്നിവ" എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

321. ഖണ്ഡം 2 (ജെ)-ൽ "യുനാനി" എന്ന വാക്കിനുശേഷം ", "ഫിസിയോതെറാപ്പി" എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

336. ഖണ്ഡം 2 (എൽ)-ലെ " രജിസ്റ്റർ ചെയ്യുക " എന്നീ വാക്കുകൾക്ക് പകരം "പതിവ് ചെയ്യുക " എന്നീ വാക്കുകൾ ചേർക്കുക.

343. ഖണ്ഡം 2 (എം)-ലെ "നിർണ്ണയിച്ചേക്കാവുന്ന" എന്ന വാക്കിനുപകരം "വിജ്ഞാപനത്തിലൂടെ നിശ്ചയിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

222. ഖണ്ഡം 2(സി)(i)-ൽ "ഏതു പേരിൽ" എന്ന വാക്കുകൾക്കുപകരം "അതുപോലെ ഏതു പേരിലും" എന്ന വാക്കുകൾ ചേർക്കുക.

289. ഖണ്ഡം 2(ഇ) (i)-ൽ "അവളുടെ" എന്ന വാക്കിനു പകരം "ടിയാളുടെ" എന്ന വാക്ക് ചേർക്കുക.

289-ാം നമ്പർ ഭേദഗതിയിൽ 'അവളുടെ' എന്നുള്ളത് നല്ല പ്രയോഗമല്ല. അതുകൊണ്ട് 'ടിയാളുടെ/അവരുടെ' എന്ന ബഹുമാനവും കൂടി കൊടുക്കുന്നത് നല്ലതായിരിക്കും.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

223. ഖണ്ഡം 2(സി)(i)-ൽ "ഏതു പേരിൽ വിളിക്കപ്പെടുന്നതുമായ ഒരു സ്ഥാപനം" എന്നീ വാക്കുകൾക്കു പകരം "സമാനമായ രീതിയിൽ സേവനങ്ങൾ നൽകുന്ന ഒരു സ്ഥാപനം" എന്ന വാക്കുകൾ ചേർക്കുക.

350. ഖണ്ഡം 2 (എൻ)-നു ശേഷം 2 (ഒ) ആയി "സ്വതന്ത്ര അസ്സസ്സർ" എന്നാൽ ഒരു ക്ലിനിക്കൽ സ്ഥാപനം നിർണ്ണയിക്കപ്പെട്ട നിലവാരം സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും പരീക്ഷിക്കുന്നതിനുമായി നിർണ്ണയിക്കപ്പെടാവുന്ന യോഗ്യതകളോടുകൂടിയ ഒരു അസ്സസ്സർ എന്ന് അർത്ഥമാക്കുന്നു." എന്ന് ചേർക്കുക.

<u>ശ്രീ. എസ്. ശർമ്മ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

238. ഖണ്ഡം 2(സി)(ii)-ൽ "(1)-ാം ഉപഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഒരു സ്വതന്ത്രമായ എന്റിറ്റിയായി അല്ലെങ്കിൽ ഒരു സ്ഥാപനത്തിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ട ഒരു സ്ഥലം" എന്നതിന് പകരം " (1)-ാം ഉപഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഒരു സ്ഥാപനത്തിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ട ഒരു സ്ഥലം അല്ലെങ്കിൽ ഒരു സ്വതന്ത്രമായ എന്റിറ്റി" എന്ന് ചേർക്കുക.

255. ഖണ്ഡം 2(സി)(ii)-ഡി താഴെപ്പറയും പ്രകാരം മാറ്റുക:

"ഡി. സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ അല്ലാത്തതോ ആയ ഒരു കോർപ്പറേഷന്റെയോ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റിൻ (1969-ലെ 21) കീഴിൽ രജിസ്റ്റർ ചെയ്ത ഒരു സഹകരണ സംഘത്തിന്റെയോ 1955-ലെ തിരുവിതാംകൂർ- കൊച്ചി സാഹിത്യ ശാസ്ത്ര ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റിൻ (1955-ലെ 12) കീഴിലോ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റിൻ (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) കീഴിലോ രജിസ്റ്റർ ചെയ്ത ഒരു ചാരിറ്റബിൾ സൊസൈറ്റിയുടെയോ; അല്ലെങ്കിൽ;"

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

243. ഖണ്ഡം 2(സി)(ii) എ ഒഴിവാക്കി ശേഷിക്കുന്നവ പുനഃക്രമീകരിക്കുക.

245. ഖണ്ഡം 2(സി)(ii)ബി ഒഴിവാക്കി ശേഷിക്കുന്നവ പുനഃക്രമീകരിക്കുക.

256. ഖണ്ഡം 2(സി)(ii)ഇ ഒഴിവാക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

250. ഖണ്ഡം 2(സി)(ii)സി-ൽ "പങ്കാളിത്ത സ്ഥാപനത്തിന്റെ; അല്ലെങ്കിൽ," എന്നത് "പങ്കാളിത്ത സ്ഥാപനത്തിന്റെ;" എന്നാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

258. ഖണ്ഡം 2(സി)(ii)-ൽ " ഇ. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ഒരു ക്ലിനിക്കൽ സ്ഥാപനം എന്നിവ ഉൾപ്പെടുന്നതും, എന്നാൽ അതിൽ കൺസൾട്ടേഷൻ സേവനങ്ങൾ മാത്രം നൽകുന്ന സ്ഥാപനങ്ങളും സായുധസേനകളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളും ഉൾപ്പെടുന്നതല്ലാതുമാകുന്നു.-" എന്നത് താഴെപ്പറയും പ്രകാരം മാറ്റുക:

"(ഇ) ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ഒരു ക്ലിനിക്കൽ സ്ഥാപനം എന്നിവ ഉൾപ്പെടുന്നതും, എന്നാൽ അതിൽ കൺസൾട്ടേഷൻ സേവനങ്ങൾ മാത്രം നൽകുന്ന 20 കിടക്കകളുള്ള സ്ഥാപനങ്ങളും, സായുധ സേനകളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളും ഉൾപ്പെടുന്നതല്ലാതുമാകുന്നു."

281. ഖണ്ഡം 2(സി)(ii)-ന്റെ വിശദീകരണം (ii) താഴെപ്പറയും പ്രകാരം മാറ്റുക:

"(ii) "കൺസൾട്ടേഷൻ സേവനങ്ങൾ" എന്നാൽ രോഗ പരിശോധനയും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള രോഗനിർണ്ണയവും അതനുസരിച്ചുള്ള മരുന്ന് നൽകലും പ്രാഥമിക ചികിത്സയും കൂടാതെ ഇരുപത് കിടക്കകൾ വരെയുള്ള ചെറിയ ആശുപത്രികളിലെ കിടത്തി ചികിത്സയും പ്രാഥമിക ചികിത്സയായി കണക്കാക്കുമെന്നർത്ഥമാകുന്നു."

301. ഖണ്ഡം 2 (എഫ്) താഴെപ്പറയും പ്രകാരം മാറ്റുക. "(എഫ്) സർക്കാർ" എന്നാൽ "കേരള സർക്കാർ എന്നർത്ഥമാകുന്നു."

324. ഖണ്ഡം 2 (ജെ)-യിലെ "സർക്കാർ അംഗീകരിക്കുന്ന പ്രകാരമുള്ള മറ്റേതെങ്കിലും ചികിത്സാ സമ്പ്രദായവും" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

325. ഖണ്ഡം 2 (ജെ) താഴെപ്പറയും പ്രകാരം മാറ്റുക.

"(ജെ) "അംഗീകൃത ചികിത്സാ സമ്പ്രദായം" എന്നാൽ മോഡേൺ മെഡിസിൻ (ദന്ത ചികിത്സ ഉൾപ്പെടെ) നാച്ചുറോപ്പതി, ആയുർവ്വേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി ചികിത്സാ സമ്പ്രദായങ്ങളും അല്ലെങ്കിൽ അതാത് കാലത്ത് സർക്കാർ അംഗീകരിക്കുന്ന മറ്റേതെങ്കിലും ചികിത്സ സമ്പ്രദായവും എന്നർത്ഥമാകുന്നു;"

<u>ശ്രീ. സണ്ണി ജോസഫ് </u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

260. ഖണ്ഡം 2(സി)(ii)-ൽ "കൺസൾട്ടേഷൻ സേവനങ്ങൾ" എന്നീ വാക്കുകൾക്ക് ശേഷം "അംഗീകരിക്കപ്പെട്ട വൈദ്യശാസ്ത്ര ശാഖയിൽ നിന്നുള്ള ഡോക്ടർമാരുടെ രോഗപരിശോധനയും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

268. ഖണ്ഡം 2(സി) (ii)-ൽ "നൽകുന്ന സ്ഥാപനങ്ങളും" എന്ന വാക്കുകൾക്കുശേഷം "ഏക ഡോക്ടർ സംവിധാനത്തിൽ മരുന്ന് നൽകി ചികിത്സിക്കുന്ന ഗ്രാമപ്രദേശത്തെ മൈനർ ക്ലിനിക്കുകളും" എന്ന വാക്കുകൾ ചേർക്കുക.

308. ഖണ്ഡം 2 (ജെ)-ൽ "മോഡേൺ" എന്ന വാക്കിനു പകരം "ആധുനിക" എന്ന വാക്ക് ചേർക്കുക.

335. ഖണ്ഡം 2 (എൽ) -ൽ " 16-ാം വകുപ്പ് പ്രകാരം" എന്നതിനു ശേഷം "ക്ലിനിക്കൽ സ്ഥാപനങ്ങൾ " എന്ന് ചേർക്കുക.

346. ഖണ്ഡം 2 (എൻ)-ൽ "സാഹചര്യത്തെ സംബന്ധിച്ച്," എന്നതിനു ശേഷം "ചികിത്സ തേടിയ/ചികിത്സയിലിരിക്കുന്ന" എന്ന് ചേർക്കുക.

268-ാം നമ്പർ ഭേദഗതിയിൽ ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ഒരു ക്ലിനിക്കൽ സ്ഥാപനം എന്നിവ ഉൾപ്പെടുന്നതും എന്നാൽ അതിൽ കൺസൾട്ടേഷൻ സേവനങ്ങൾ മാത്രം നൽകുന്ന സ്ഥാപനങ്ങളും എന്നുപറയുന്നുണ്ട്. എന്റെ ഭേദഗതി "ഏക ഡോക്ടർ സംവിധാനത്തിൽ മരുന്ന് നൽകി ചികിത്സിക്കുന്ന ഗ്രാമപ്രദേശത്തെ മൈനർ ക്ലിനിക്കുകളും" എന്നുചേർക്കണം. അത് വ്യക്തമായി പറയുന്നില്ല. എന്നാൽ മാത്രമേ ഏക ഡോക്ടർ സംവിധാനം അതിൽ വരികയുള്ളൂ.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

269. ഖണ്ഡം 2(സി)(ii)-ൽ "സായുധ സേനകളുടെ" എന്ന വാക്കിനു പകരം "പ്രതിരോധ മന്ത്രാലയത്തിന്റെ" എന്ന വാക്ക് ചേർക്കുക.

314. ഖണ്ഡം 2 (ജെ)-ൽ "നാച്ചുറോപ്പതി" എന്ന വാക്കിനു പകരം "പ്രകൃതി ചികിത്സ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

270. ഖണ്ഡം 2(സി)(ii)-ൽ "സായുധ സേനകളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളും" എന്നതിന് ശേഷം "1987-ലെ മെന്റൽ ഹെൽത്ത് ആക്ട് പ്രകാരം സ്ഥാപിതമായതോ, ലൈസൻസ് ലഭിച്ചിട്ടുള്ളതുമായ മാനസിക ആരോഗ്യ കേന്ദ്രങ്ങളും" എന്ന വാക്കുകൾ കൂടി ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

280. ഖണ്ഡം 2(സി)(ii)-ന്റെ വിശദീകരണം (ii)-ൽ "നിരീക്ഷണവും" എന്ന വാക്കിന് ശേഷം "ചെറുകിട ലാബോറട്ടറികളുടെ പരിശോധനയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. മുകേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

317. ഖണ്ഡം 2 (ജെ)-ൽ "ആയുർവ്വേദ" എന്നതിനു ശേഷം "യോഗ," എന്ന വാക്കും ചിഹ്നവും ചേർക്കുക.

323. ഖണ്ഡം 2 (ജെ)-ൽ "അല്ലെങ്കിൽ" എന്നതിന് പകരം "കൂടാതെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസിന്റെ 206-ാം നമ്പർ ഭേദഗതി 207-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. എ. പി. അനിൽ കുമാറിന്റെ 217-ാം നമ്പർ ഭേദഗതിയും ശ്രീ. അൻവർ സാദത്തിന്റെ 218-ാം നമ്പർ ഭേദഗതിയും 216-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. എൻ. ഷംസുദ്ദീന്റെ 225-ാം നമ്പർ ഭേദഗതി 224-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. വി. ഡി. സതീശന്റെ 232-ാം നമ്പർ ഭേദഗതിയും ശ്രീ. വി. എസ്. ശിവകുമാറിന്റെ 233-ാം നമ്പർ ഭേദഗതിയും 231-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 237-ാം നമ്പർ ഭേദഗതി 236-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. ഷാഫി പറമ്പിലിന്റെ

239-ാം നമ്പർ ഭേദഗതിയും ശ്രീ. സണ്ണി ജോസഫിന്റെ 241-ാം നമ്പർ ഭേദഗതിയും 240-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ 247-ാം നമ്പർ ഭേദഗതി 246-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. കാരാട്ട് റസാഖിന്റെ 252-ാം നമ്പർ ഭേദഗതി 251-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ 261-ാം നമ്പർ ഭേദഗതി 260-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. ഒ. ആർ. കേളുവിന്റെ 271-ാം നമ്പർ ഭേദഗതിയും ശ്രീ. ശ്രീ. അബ്ദുൽ ഹമീദ്. പി.-യുടെ 273-ാം നമ്പർ ഭേദഗതിയും ശ്രീ. അനൂപ് ജേക്കബിന്റെ 274-ാം നമ്പർ ഭേദഗതി 272-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. വി. അബ്ദുറഹിമാന്റെ 287-ാം നമ്പർ ഭേദഗതി 288-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. കെ. എസ്. ശബരീനാഥന്റെ 309-ാം നമ്പർ ഭേദഗതി 310-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. അബ്ദുൽ ഹമീദ് പി.-യുടെ 329-ാം നമ്പർ ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രന്റെ 330-ാം നമ്പർ ഭേദഗതിയും 328-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. കെ. ജെ. മാക്സിയുടെ 338-ാം നമ്പർ ഭേദഗതിയും ശ്രീ. അബ്ദുൽ ഹമീദ് പി.-യുടെ 339-ാം നമ്പർ ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രന്റെ 340-ാം നമ്പർ ഭേദഗതിയും 341-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. ഒ. ആർ. കേളുവിന്റെ 271-ാം നമ്പർ ഭേദഗതിയും ശ്രീ. വി. അബ്ദുറഹിമാന്റെ 287-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

271. ഖണ്ഡം 2(സി)(ii)-ൽ "ഉൾപ്പെടുന്നതല്ലാത്തുമാകുന്നു" എന്ന വാക്കിനു പകരം "ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു"എന്ന വാക്ക് ചേർക്കുക.

287. ഖണ്ഡം 2(ഇ) (i)-ൽ "അവളുടെ " എന്ന വാക്ക് ഒഴിവാക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതിയും ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 271, 287 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതിയും ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 194, 202, 207, 211, 224, 257, 283, 288, 293, 296, 299, 328, 341, 344 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 195, 200, 279, 315, 316, 318, 334, 351 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 198, 209, 266, 290, 291, 292, 294, 298, 306, 320, 332, 337, 342, 347, 348 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 199, 203, 205, 210, 230, 242, 244, 295, 297, 312 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 201, 226 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 214, 305 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 221, 228, 259, 278, 313, 321, 336, 343 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 222, 289 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 223, 350 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 238, 255 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 243, 245, 256 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 258, 281, 301, 324, 325 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 268, 308, 335, 346 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 269, 314 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 280-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. മുകേഷ് അവതരിപ്പിച്ച 317, 323 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

353. ഖണ്ഡം 3-ൽ " സംസ്ഥാന കൗൺസിൽ" എന്നീ വാക്കുകൾ കാണപ്പെടുന്ന ഇടങ്ങളിലെല്ലാം അതിനു മുൻപായി " കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്" എന്നീ വാക്കുകൾ ചേർക്കുക.

355. ഖണ്ഡം 3 (i)-ൽ " വിജ്ഞാപനം" എന്നതിനു മുൻപ് "ഗസറ്റ് " എന്ന് ചേർക്കുക.

357. ഖണ്ഡം 3 (2) (എ)-ൽ " ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി" എന്നതിനു പകരം " ഗവൺമെന്റ് സെക്രട്ടറി - ആരോഗ്യ വകുപ്പ്" എന്ന് ചേർക്കുക .

370. ഖണ്ഡം 3(2)(എച്ച്) (iii) -ൽ "ഹോമിയോപ്പതി" എന്നതിനു ശേഷം "മെഡിസിൻ" എന്ന് വാക്ക് ചേർക്കുക.

386. ഖണ്ഡം 3(2)(ജെ)(i)-ൽ " രോഗികളുടെ " എന്ന വാക്കിന് ശേഷം "രജിസ്റ്റർ ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

397. ഖണ്ഡം 3(2)(ജെ)(ii)-ൽ " സെക്രട്ടറിയുടെ" എന്ന വാക്കിനു മുൻപ് വരുന്ന "നിയമ" എന്ന വാക്ക് ഒഴിവാക്കുക.

402. ഖണ്ഡം 3(2)(ജെ)(iv)-ൽ "യൂണിറ്റിന്റെ" എന്നതിനു പകരം "ബ്രാഞ്ചിന്റെ" എന്ന് ചേർക്കുക.

405. ഖണ്ഡം 3 (2) (ജെ) (v)-ൽ "യൂണിറ്റിന്റെ" എന്നതിന് പകരം "ഘടകത്തിന്റെ" എന്ന് ചേർക്കുക.

408. ഖണ്ഡം 3 (2) (ജെ) (vi) -ൽ 'യൂണിറ്റിന്റെ ' എന്നതിനുപകരം "സ്റ്റേറ്റ് ബ്രാഞ്ചിന്റെ" എന്ന് ചേർക്കുക.

417. ഖണ്ഡം 3 (2) (ജെ) (vii)-താഴെപ്പറയും പ്രകാരം മാറ്റുക:

"(vii) ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷന്റെ കേരള ചാപ്റ്ററിന്റെ ഒരു പ്രതിനിധി "

428. ഖണ്ഡം 3(2) (ജെ) (ix)-ൽ " സംഘടനകളുടെ" എന്ന വാക്കിനു മുൻപായി "രജിസ്റ്റേഡ്" എന്ന് ചേർക്കുക.

444. ഖണ്ഡം 3-നു ശേഷം 4 ആയി പുതിയ വകുപ്പ് ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക.

"4. <u>അനൗദ്യോഗിക അംഗങ്ങളുടെ അയോഗ്യതയും നീക്കംചെയ്യലും -</u>

(1) സർക്കാരിന് കൗൺസിലിലെ ഏതൊരു അനൗദ്യോഗിക അംഗത്തെയും

(എ) ഒരു അവിമുക്ത നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയാണെങ്കിൽ

അഥവാ

(ബി) ബുദ്ധിസ്ഥിരത ഇല്ലാതായി തീരുകയും അധികാരിതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കപ്പെടുകയാണെങ്കിൽ

അഥവാ

(സി) സദാചാര ദൂഷ്യം ഉൾപ്പെടുന്നതായി സർക്കാർ കരുതുന്ന ഒരു കുറ്റത്തിനോ സാമ്പത്തിക ക്രമക്കേടുകൾക്കോ ശിക്ഷിക്കപ്പെടുകയാണെങ്കിൽ അഥവാ

(ഡി) സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ സേവനത്തിൽ നിന്നോ സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റേയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷന്റെയോ സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ടതോ പിരിച്ചുവിടപ്പെട്ടതോ ആണെങ്കിൽ; അഥവാ

(ഇ) സർക്കാരിന്റെ അഭിപ്രായത്തിൽ ഒരു അംഗമെന്ന നിലയിൽ അയാളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനെ ദോഷകരമായി ബാധിക്കാനിടയുള്ള സാമ്പത്തികമായതോ അങ്ങനെയുള്ള മറ്റ് താല്പര്യങ്ങളോ കൗൺസിലോ അതോറിറ്റിയിലോ അയാൾക്ക് ഉണ്ടെങ്കിൽ;

(എഫ്) അദ്ദേഹം കൗൺസിലിന്റെ അനുവാദം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ; ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്.

എന്നാൽ ഈ വകുപ്പ് പ്രകാരം ഒരു അംഗത്തെ നീക്കം ചെയ്യുന്നതിനു മുൻപായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

എന്നാൽ ഇത്തരത്തിൽ കൗൺസിലിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക അംഗം സർക്കാർ മറ്റു വിധത്തിൽ ഉത്തരവാകാത്തപക്ഷം അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് കൗൺസിലിലെ ഒരംഗമായി വീണ്ടും നിയമിക്കപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല.

എന്നിരുന്നാലും നീക്കം ചെയ്യപ്പെട്ട കൗൺസിലിലെ ഒരു അനൗദ്യോഗിക അംഗം സർക്കാർ ഒരു ഉത്തരവു മൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല ".

417-ാം നമ്പർ ഭേദഗതിയിലെ ഖണ്ഡം 3(2)(ജെ) വകുപ്പിൽ കേരളത്തിലെ ഹോമിയോപ്പതി ഡോക്ടർമാരുടെ സംഘടനയുടെ ഒരു പ്രതിനിധി എന്നാണ് ചേർത്തിരിക്കുന്നത്. മറ്റ് വിഭാഗങ്ങളിൽ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ പ്രതിനിധി, ആയുർവ്വേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കേരള യൂണിറ്റിന്റെ ഒരു പ്രതിനിധി, ഇന്ത്യൻ ഡെന്റൽ അസോസിയേഷന്റെ പ്രതിനിധി തുടങ്ങിയ ദേശീയ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹോമിയോപ്പതിക്ക് അങ്ങനെയല്ല. അതുകൊണ്ട് ഇന്ത്യൻ ഹോമിയോപ്പതിക്ക് മെഡിക്കൽ അസോസിയേഷന്റെ കേരള ചാപ്റ്ററിന്റെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്തണം എന്നുള്ളതാണ് എന്റെ 417-ാം നമ്പർ ഭേദഗതി. 444-ാം നമ്പർ ഭേദഗതിയിൽ ആക്ടിലെ 3-ാം വകുപ്പിൽ ഒരു സംസ്ഥാന

കൗൺസിലിന്റെ ഘടന വിശദീകരിക്കുകയാണ്. എന്നാൽ കൗൺസിലിലെ അംഗങ്ങളുടെ അയോഗ്യത സംബന്ധിച്ച് പറയുന്നത് 49-ാം വകുപ്പിലെ പലവക എന്ന ശീർഷകത്തിലാണ്. ജനറൽ ക്ലോസിന്റെ വ്യവസ്ഥപ്രകാരം ഇത് പലവകയിൽ ഉൾപ്പെടുത്തുന്നത് ശരിയല്ല. മാത്രമല്ല, ആക്ടിന്റെ 49-ാം വകുപ്പിൽ അംഗങ്ങളെ നീക്കം ചെയ്യുന്നതിന് നിലവിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. അനൗദ്യോഗികാംഗങ്ങളെ നീക്കം ചെയ്യാനുള്ള അവസരത്തിൽ അവരെ കേൾക്കുന്നതിനും നാച്വറൽ ജസ്റ്റിസ് ഉറപ്പാക്കുന്നതിനും നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അതുകൊണ്ട് ഇക്കാര്യങ്ങൾ ചട്ടത്തിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

354. ഖണ്ഡം 3 (i)-ൽ " സർക്കാർ, വിജ്ഞാപനം വഴി ഇതിലേക്കായി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള" എന്നീ വാക്കുകൾക്കു പകരം " ഈ നിയമം പ്രാബല്യത്തിൽ വരുന്ന" എന്നീ വാക്കുകൾ ചേർക്കുക.

358. ഖണ്ഡം 3 (2) (എ)-യിൽ " അദ്ദേഹം" എന്ന വാക്കിനു ശേഷം " ചെയർമാൻ/" എന്ന വാക്കും ചിഹ്നവും ചേർക്കുക .

362. ഖണ്ഡം 3 (2) (ബി)-ൽ " അദ്ദേഹം" എന്ന വാക്കിനു ശേഷം " ചെയർമാൻ/" എന്ന വാക്കും ചിഹ്നവും ചേർക്കുക .

371. ഖണ്ഡം 3(2)(എച്ച്) (iii) -നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം കൂട്ടി ചേർക്കുക.

"(iv) പാരാ മെഡിക്കൽ കൗൺസിലും"

432. ഖണ്ഡം 3(2) (ജെ) (ix)-നു ശേഷം താഴെപ്പറയുന്നത് ചേർക്കുക." (x) കേരളത്തിലെ മറ്റ് ചികിത്സാരീതികളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഓരോ പ്രതിനിധി; "

354-ാം നമ്പർ ഭേദഗതിയിൽ ഈ നിയമം പാസ്സായാലുടൻ തന്നെ കൗൺസിൽ സ്ഥാപിക്കപ്പെടേണ്ടതാണ് എന്നാണ് പറയുന്നത്. കൗൺസിൽ സ്ഥാപിക്കപ്പെട്ടെങ്കിൽ മാത്രമെ ഈ നിയമപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ കൗൺസിൽ സ്ഥാപിക്കുന്ന തീയതിയിൽ അവ്യക്തത നിലനിൽക്കാൻ പാടില്ല. 358-ാം നമ്പർ ഭേദഗതിയിൽ ആരോഗ്യവകുപ്പ് സെക്രട്ടറിയെയാണ് ചെയർമാനായി ബില്ലിൽ പറഞ്ഞിരിക്കുന്നത്. ഈ സെക്രട്ടറി സ്ത്രീയോ പുരുഷനോ ആകാൻ സാധ്യതയുള്ളതിനാൽ ചെയർമാൻ/ചെയർപേഴ്സൺ എന്ന് മാറ്റേണ്ടതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

359. ഖണ്ഡം 3 (2) (എ) താഴെപ്പറയും പ്രകാരം മാറ്റുക:

" (എ) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;"

364. ഖണ്ഡം 3 (2) (ബി) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

" (ബി) ആയുഷ് വകുപ്പ് സെക്രട്ടറി /പ്രിൻസിപ്പൽ സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി വൈസ്- ചെയർപേഴ്സൺ ആയിരിക്കുന്നതാണ്."

366. ഖണ്ഡം 3 (2)-ൽ താഴെപ്പറയുന്ന പ്രകാരം മാറ്റുക.

" (സി) ആരോഗ്യ വകുപ്പ് ഡയറക്ടർ, എക്സ്- ഒഫീഷ്യോ അംഗം;

(ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, എക്സ് -ഒഫീഷ്യോ അംഗം;

(ഇ) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടർ,എക്സ് -ഒഫീഷ്യോ അംഗം;

(എഫ്) ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, എക്സ് -ഒഫീഷ്യോ അംഗം;

(ജി) പബ്ളിക് ഹെൽത്ത് ലബോറട്ടറി ഡയറക്ടർ, എക്സ് -ഒഫീഷ്യോ അംഗം;"

367. ഖണ്ഡം 3(2)(ജി)-ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരവും ചെയ്യുക.

" (എച്ച്) ഡ്രഗ്സ് കൺട്രോളർ, എക്സ്-ഒഫീഷ്യോ;"

425. ഖണ്ഡം 3(2) (ജെ) (viii) താഴെപ്പറയും പ്രകാരം മാറ്റുക:

" (viii) മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസോസിയേഷന്റെ ഒരു പ്രതിനിധി;"

435. ഖണ്ഡം 3(2) (ജെ) (ix)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:

" (x) കേരള പ്രൈവറ്റ് മെഡിക്കൽ ടെക്നീഷ്യൻസ് അസോസിയേഷന്റെ ഒരു പ്രതിനിധി; "

436. ഖണ്ഡം 3(2) (ജെ)-ൽ x-മത് ഇനമായി താഴെപ്പറയുന്ന ഭാഗം ഉൾപ്പെടുത്തുക.

"(x) ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷൻ കേരള ഘടകത്തിന്റെ ഒരു പ്രതിനിധി "

442. ഖണ്ഡം 3(2)(കെ)-യ്ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക. "(എൽ) കേരള നിയമനിർമ്മാണ സഭയിലെ ഒരംഗം. "

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

360. ഖണ്ഡം 3 (2)-ലെ (എ), (ബി) എന്നീ ഇനങ്ങൾ താഴെപ്പറയും പ്രകാരം മാറ്റുക.

" (എ) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, എക്സ്-ഒഫീഷ്യോ, അദ്ദേഹം ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടർ, എക്സ് ഒഫീഷ്യോ, അദ്ദേഹം വൈസ്-ചെയർപേഴ്സൺ ആയിരിക്കുന്നതാണ് "

365. ഖണ്ഡം 3 (2)-ൽ ഇനം (സി), (ഡി) എന്നിവ ഒഴിവാക്കുകയും ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുക.

394. ഖണ്ഡം 3(2)(ജെ)(ii) ഒഴിവാക്കി ശേഷിക്കുന്നവ പുനഃക്രമീകരിക്കുക.

401. ഖണ്ഡം 3(2)(ജെ)(iii) ഒഴിവാക്കി ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

441. ഖണ്ഡം 3(2)(കെ)-യ്ക്ക് ശേഷം ഇനി പറയുന്ന ഉപഖണ്ഡം കൂടി ചേർക്കുക. "(എൽ) സംസ്ഥാന നിയമസഭ തെരഞ്ഞെടുത്ത് അയയ്ക്കുന്ന ഒരു സാമാജികൻ".

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

368. ഖണ്ഡം 3(2)(ജി)-യ്ക്ക് ശേഷം (എച്ച്) ആയി താഴെപ്പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(എച്ച്) കേരള റേഡിയേഷൻ സുരക്ഷാ ഡയറക്ടർ, എക്സ്-ഒഫീഷ്യോ "

424. ഖണ്ഡം 3(2) (ജെ) (viii)- "കേരളത്തിലെ-ചുരുങ്ങിയത് 5 വർഷമെങ്കിലും പ്രവർത്തന പാരമ്പര്യമുള്ള അംഗീകൃത ലബോറട്ടറി ഉടമസ്ഥരുടെ സംഘടനയുടെ ഒരു പ്രതിനിധി," എന്ന് മാറ്റുക.

368-ാം നമ്പർ ഭേദഗതിയിൽ കേരള റേഡിയേഷൻ സുരക്ഷാ ഡയറക്ടറെ നോമിനിയായി വയ്ക്കണമെന്നതാണ് എന്റെ നിർദ്ദേശം. കാരണം പുതിയതായി എക്സ്റേ സംവിധാനം തുടങ്ങുന്നതിന് സുരക്ഷാ ഡയറക്ടറുടെ അനുമതി ആവശ്യമാണ്. ഇന്നത്തെ പല ആശുപത്രികളിലും ആ സംവിധാനമില്ല. അതുകൊണ്ട് റേഡിയേഷന് പോകുന്നവർക്ക് തന്നെ റേഡിയേഷനുണ്ടാകുന്ന അവസ്ഥയുണ്ട്. അതുകൊണ്ട് സംസ്ഥാന കൗൺസിലിൽ കേരള റേഡിയേഷൻ സുരക്ഷാ ഡയറക്ടറെക്കൂടി എക്സ്-ഒഫീഷ്യോ മെമ്പർ ആക്കണമെന്നാണ് എന്റെ ഭേദഗതി.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

369. ഖണ്ഡം 3(2)(ജി) -ക്കു ശേഷം (എച്ച്) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(എച്ച്) റേഡിയേഷൻ സേഫ്റ്റി ഡയറക്ടർ, എക്സ്-ഒഫീഷ്യോ;"

376. ഖണ്ഡം 3(2)(ഐ) (ii)-ന് ശേഷം ഇനം (iii) ആയി താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

"(iii) സംസ്ഥാന പാരാമെഡിക്കൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി"

384. ഖണ്ഡം 3(2)(ജെ)(i)-ൽ " രോഗികളുടെ " എന്ന വാക്കിന് ശേഷം "അംഗീകൃത" എന്ന വാക്ക് ചേർക്കുക.

411. ഖണ്ഡം 3(2)(ജെ)(vii)-ൽ "ഡോക്ടർമാരുടെ" എന്ന വാക്കിന് ശേഷം "അംഗീകൃത" എന്ന് വാക്ക് ചേർക്കുക.

421. ഖണ്ഡം 3(2) (ജെ) (viii) നീക്കം ചെയ്യുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

426. ഖണ്ഡം 3(2) (ജെ) (ix) ഒഴിവാക്കുക.

369-ാം നമ്പർ ഭേദഗതി ശ്രീ. പി. കെ. ബഷീർ പറഞ്ഞ കാര്യം തന്നെയാണ് ഉൾക്കൊള്ളുന്നത്. 369-ാം നമ്പർ ഭേദഗതിയിൽ (എച്ച്) ആയി റേഡിയേഷൻ സേഫ്റ്റി ഡയറക്ടർ, എക്സ്-ഒഫീഷ്യോ എന്ന് ചേർത്തിട്ടുണ്ട്. 376-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 3 2 ഐ (ii)-ൽ " (iii)-ൽ സംസ്ഥാന പാരാമെഡിക്കൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി" എന്നുകൂടി ചേർക്കണം.

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

372. ഖണ്ഡം 3(2)(ഐ) (i) -ലെ "1948 -ലെ 15 -ാം കേന്ദ്ര ആക്ട്" എന്നത് "1948 -ലെ 16 -ാം കേന്ദ്ര ആക്ട് " എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

374. ഖണ്ഡം 3(2)(ഐ) (ii) -ലെ "1953 -ലെ കേരള നേഴ്സസ് ആന്റ് മിഡ് വൈവ്സ് ആക്ടിലെ" എന്നത് "1953 -ലെ നേഴ്സസ് ആന്റ് മിഡ് വൈഫ് ആക്ട് " എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

375. ഖണ്ഡം 3(2)(ഐ) (ii) താഴെപറയും പ്രകാരം മാറ്റുക."(ii) 1953 -ലെ കേരള നേഴ്സസ് ആന്റ് മിഡ് വൈവ്സ് ആക്ടിന്റെ (1953-ലെ 10) 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള നേഴ്സിംഗ് കൗൺസിലും; നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധി വീതം;"

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

377. ഖണ്ഡം 3(2)(ഐ) (ii)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(iii) 1948-ലെ കേന്ദ്ര ഫാർമസി ആക്ട് സെക്ഷൻ 19 പ്രകാരം രൂപീകരിച്ച കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി"

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

378. ഖണ്ഡം 3(2)(ഐ) (ii)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(iii)1948 ലെ ഫാർമസി ആക്ടിലെ സെക്ഷൻ 19 പ്രകാരം രൂപീകരിച്ച സംസ്ഥാന ഫാർമസി കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി"

419. ഖണ്ഡം 3 (2) (ജെ) (vii) താഴെപ്പറയും പ്രകാരം മാറ്റുക:

"(vii) ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷന്റെ കേരള ഘടകത്തിന്റെ ഒരു പ്രതിനിധി "

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

380. ഖണ്ഡം 3(2)(ഐ) (ii)-ന് ശേഷം ഇനം (iii) ആയി താഴെപറയുന്നത് ചേർക്കുക.

"(iii) 1948-ലെ ഫാർമസി ആക്ടിന്റെ (1948-ലെ 8-ാം ആക്ട്) 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫാർമസി കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധി "

415. ഖണ്ഡം 3(2)(ജെ)(vii) താഴെപ്പറയും പ്രകാരം മാറ്റുക.

"(vii) ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷന്റെ കേരള യൂണിറ്റിന്റെ ഒരു പ്രതിനിധി;"

429. ഖണ്ഡം 3(2) (ജെ) (ix)-ൽ " സംഘടനകളുടെ" എന്നതിനു പകരം "സംഘടനയുടെ" എന്ന വാക്ക് ചേർക്കുക.

3(2)(ഐ) (ii)-ന് ശേഷം ഇനം (iii) ആയി 1948-ലെ ഫാർമസി ആക്ടിന്റെ 3-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ഫാർമസി കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധിയെ ഉൾപ്പെടുത്തേണ്ടതാണ് എന്നതാണ് 380-ാം നമ്പർ ഭേദഗതി. 415-ാം നമ്പർ ഭേദഗതി, ശ്രീ. എം. ഉമ്മർ സൂചിപ്പിച്ചതുപോലെ ഖണ്ഡം 3(2)(ജെ)(vii) "ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷന്റെ കേരള യൂണിറ്റിന്റെ ഒരു പ്രതിനിധി;" എന്ന് മാറ്റം വരുത്താം. കാരണം എല്ലാ വിഭാഗത്തിനും പ്രത്യേകം സംഘടനാ പ്രതിനിധികളെ പറഞ്ഞപ്പോൾ ഹോമിയോപ്പതിയിലെ ഏതെങ്കിലും ഒരു പ്രതിനിധിയെന്നാണ് പറയുന്നത്. മറ്റു വിഭാഗങ്ങൾക്ക് കൊടുത്ത ആനുകൂല്യം ഹോമിയോപ്പതിയുടെ ഈ ആധികാരിക സംഘടനയ്ക്കുകൂടി നൽകാവുന്നതാണ്. അത് സ്പെസിഫൈ ചെയ്ത് പറയണം.

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

381. ഖണ്ഡം 3(2)(ജെ) (i) നീക്കം ഒഴിവാക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

382. ഖണ്ഡം 3(2)(ജെ) (i)-ൽ "സംസ്ഥാനത്തെ രോഗികളുടെ" എന്ന വാക്കുകൾക്ക് ശേഷം "അംഗീകരിക്കപ്പെട്ട" എന്ന വാക്ക് ചേർക്കുക.

422. ഖണ്ഡം 3(2) (ജെ) (viii)-ൽ "മെഡിക്കൽ" എന്നത് "ക്ലിനിക്കൽ" എന്നാക്കുക.

437. ഖണ്ഡം 3 (2)(ജെ) (ix)-ന് ശേഷം താഴെപ്പറയുന്നവ കൂട്ടിചേർക്കുക.

"(x) ആരോഗ്യ പരിപാലന രംഗത്തെ ദീർഘകാല അനുഭവ പരിജ്ഞാനമുള്ള സാങ്കേതിക വിദഗ്ധൻ;

(xi) സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ"

443. ഖണ്ഡം 3(2)-ന് ശേഷം 3(3) ആയി പുതിയ ഉപഖണ്ഡം ചേർക്കുക.

"(3)കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതാണ്."

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

388. ഖണ്ഡം 3(2)(ജെ)(i) താഴെപ്പറയുന്ന പ്രകാരം മാറ്റുക

"(i) സംസ്ഥാനത്തെ രോഗികളുടെ ക്ഷേമ സംഘടനകളിൽ നിന്നും രണ്ട് പ്രതിനിധികൾ - അവരിൽ ഒരാൾ വനിതയായിരിക്കണം "

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

390. ഖണ്ഡം 3(2)(ജെ)(i) താഴെപ്പറയുന്ന പ്രകാരം മാറ്റുക.

"(i)കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സോസൈറ്റിയുടെ ഒരു പ്രതിനിധി;"

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

410. ഖണ്ഡം 3 (2) (ജെ) (vi) "ഇന്ത്യൻ ഡെന്റൽ അസോസിയേഷന്റെ കേരള യൂണിറ്റ് തെരഞ്ഞെടുത്ത ഒരു പ്രതിനിധി" എന്നാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

431. ഖണ്ഡം 3(2) (ജെ) (ix)-ന ശേഷം താഴെപ്പറയുന്നത് ചേർക്കുക.

" (x) കേരളത്തിലെ നാച്ചുറോപ്പതി, സിദ്ധവൈദ്യം, യുനാനി ചികിത്സ നടത്തുന്നവരുടെ സംഘടനകളുടെ ഒരു പ്രതിനിധി;"

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

438. ഖണ്ഡം 3 (2)(ജെ)-ൽ ഇനം (ix)-ന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ കൂട്ടിച്ചേർക്കുക.

"(x) കേരളത്തിലെ പാരാമെഡിക്കൽ ജീവനക്കാരുടെ സംഘടനകളുടെ ഒരു പ്രതിനിധി

(xi) കേരളത്തിലെ ഫാർമസിസ്റ്റുകളുടെ സംഘടനകളുടെ ഒരു പ്രതിനിധി"

440. ഖണ്ഡം 3 (2) (കെ) താഴെപ്പറയും പ്രകാരം മാറ്റുക.

"(കെ) 5(1) ഖണ്ഡപ്രകാരം നിയമിക്കപ്പെടുന്ന കൗൺസിലിന്റെ സെക്രട്ടറി".

438-ാം നമ്പർ ഭേദഗതിയിൽ 3 (2)(ജെ)-ൽ ഇനം (ix)-ന് ശേഷം " (x) ആയി കേരളത്തിലെ പാരാമെഡിക്കൽ ജീവനക്കാരുടെ സംഘടനകളുടെ ഒരു പ്രതിനിധി" അതോടൊപ്പം " (xi) ആയി കേരളത്തിലെ ഫാർമസിസ്റ്റുകളുടെ സംഘടനകളുടെ ഒരു പ്രതിനിധി" എന്നുകൂടി ചേർക്കേണ്ടതാണ്.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രന്റെ 352-ാം നമ്പർ ഭേദഗതി തലവാചകത്തിൽ ഉള്ളതായതിനാൽ ആ ഭേദഗതി ക്രമപ്രകാരമുള്ളതല്ല. ശ്രീ. ഹൈബി ഈഡന്റെ 373-ാം നമ്പർ ഭേദഗതി 372-ാം ഭേദഗതിക്ക് തുല്യവും ശ്രീ. അടൂർ പ്രകാശിന്റെ 379-ാം നമ്പർ ഭേദഗതി 378-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. മഞ്ഞളാംകുഴി അലിയുടെ 385-ാം നമ്പർ ഭേദഗതി 384-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. കെ. സി. ജോസഫിന്റെ 389-ാം നമ്പർ ഭേദഗതി 388-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. അൻവർ സാദത്തിന്റെ 391-ാം നമ്പർ ഭേദഗതിയും ശ്രീ. വി. എസ്. ശിവകുമാറിന്റെ 392-ാം നമ്പർ ഭേദഗതിയും ശ്രീ. ഇബ്രാഹിം കുഞ്ഞിന്റെ 393-ാം നമ്പർ ഭേദഗതിയും 394-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. പി. കെ. ബഷീറിന്റെ 395-ാം നമ്പർ ഭേദഗതിയും

ശ്രീ. എൻ. ഷംസുദ്ദീന്റെ 396-ാം നമ്പർ ഭേദഗതിയും 397-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. അൻവർ സാദത്തിന്റെ 398-ാം നമ്പർ ഭേദഗതിയും ശ്രീ. വി. എസ്. ശിവകുമാറിന്റെ 399-ാം നമ്പർ ഭേദഗതിയും ഡോ. എം. കെ. മുനീറിന്റെ 400-ാം നമ്പർ ഭേദഗതിയും 401-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. അനിൽ അക്കരയുടെ 412-ാം നമ്പർ ഭേദഗതിയും ശ്രീ. വി. എസ്. ശിവകുമാറിന്റെ 413-ാം നമ്പർ ഭേദഗതിയും ശ്രീ. മുഹമ്മദ് മുഹസിൻ പി.യുടെ 414-ാം നമ്പർ ഭേദഗതിയും ശ്രീ. ബി. ഡി. ദേവസ്സിയുടെ 416-ാം നമ്പർ ഭേദഗതിയും 415-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. മുഹമ്മദ് മുഹസിൻ പി.-യുടെ 418-ാം നമ്പർ ഭേദഗതി 417-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. വി. പി. സജീന്ദ്രന്റെ 427-ാം നമ്പർ ഭേദഗതി 426-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 372-ാം നമ്പർ ഭേദഗതിയും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 374-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 429-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. വി.പി. സജീന്ദ്രൻ അവതരിപ്പിച്ച 372-ാം നമ്പർ ഭേദഗതിയും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 374-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 429-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 353, 355, 357, 370, 386, 397, 402, 405, 408, 417, 428, 444 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 354, 358, 362, 371, 432 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 359, 364, 366, 367, 425, 435, 436, 442 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 360, 365, 394, 401, 441 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 368, 424 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 369, 376, 384, 411, 421, 426 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 378, 419 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 380, 415 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 382, 422, 437, 443 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോട പിൻവലിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 410-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 431-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 438, 440 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

445. ഖണ്ഡം 4(1)(എ)-ൽ "നിലവാരം" എന്ന വാക്കിനുപകരം "ആദ്യശ്രേണി നിലവാരം" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 4(1)(ബി)യിൽ, "നിലവാരം നിശ്ചയിക്കുകയും അതിന്റെ അംഗീകാരത്തിനും വിജ്ഞാപനത്തിനുമായി" എന്നീ വാക്കുകൾക്ക് പകരം "നിലവാരം നിർണ്ണയിക്കുന്നതിനായി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

446. ഖണ്ഡം 4(1)(എ)-ൽ "ആക്റ്റിന്റെ പ്രാരംഭം" എന്നത് "ആക്റ്റ് നിലവിൽ വരുന്ന തീയതി" എന്ന് മാറ്റുക.

'ആക്റ്റിന്റെ പ്രാരംഭം' എന്നത് ആക്റ്റ് നിലവിൽ വന്ന തീയതിയായി മാറ്റണം. പ്രാരംഭം മുതൽ എന്ന് പറയുമ്പോൾ ഈ ബുക്കിന്റെ തുടക്കം മുതൽ എന്നായിരിക്കും വരിക. "ആക്റ്റ് നിലവിൽ വരുന്ന തീയതി" എന്നാക്കി മാറ്റണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

448. ഖണ്ഡം 4(1)(എ)-ൽ 'ആക്റ്റിന്റെ പ്രാരംഭം' എന്നതിനു പകരം 'ആക്റ്റ് പ്രാബല്യത്തിൽ വന്നത് എന്ന് ചേർക്കുക.

460. ഖണ്ഡം 4(1)(എ)-ൽ 'വരുത്തുന്നതിനുള്ള' എന്നതിന് പകരം 'വരുത്തുന്നതിനാവശ്യമായ' എന്ന് ചേർക്കുക.

466. ഖണ്ഡം 4 (1) (ബി) യിൽ "വേണ്ട" എന്നതിന് പകരം "ആവശ്യമായ" എന്ന് ചേർക്കുക.

476. ഖണ്ഡം 4(1)(സി)-യിൽ "തയ്യാറാക്കുകയും" എന്നതിന് ശേഷം "പൊതുജനങ്ങളുടെ അറിവിലേക്കായി" എന്ന് ചേർക്കുക.

482. ഖണ്ഡം 4(1)(ഡി)-ൽ "അസ്സസ്സർമാരുടെ"എന്ന വാക്കിന് പകരം "ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ" എന്ന വാക്കുകൾ ചേർക്കുക.

486. ഖണ്ഡം 4(1)(ഇ)-ൽ "നിലനിർത്തിപ്പോരേണ്ടതായ" എന്ന വാക്കിന് പകരം "പാലിക്കപ്പെടേണ്ടതായ" എന്ന വാക്ക് ചേർക്കുക.

495. ഖണ്ഡം 4(1)(എഫ്)-ൽ "വ്യവസ്ഥകളിലോ" എന്നതിന് ശേഷം കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

503. ഖണ്ഡം 4(1)(ജി)-ൽ "ഡാറ്റയും, വിവരങ്ങളും" എന്ന വാക്കുകൾക്ക് പകരം "അടിസ്ഥാന വിവരങ്ങളും" എന്ന വാക്കുകൾ ചേർക്കുക.

506. ഖണ്ഡം 4(1)(ജി)-ൽ "ഡാറ്റാ വിശകലനം ചെയ്യുകയും" എന്നതിനുപകരം "ലഭ്യമാക്കിയ അടിസ്ഥാന വിവരങ്ങൾ വിശകലനം ചെയ്ത്" എന്ന് ചേർക്കുക.

512. ഖണ്ഡം 4 (1) (ഐ)-ൽ "ജീവനക്കാരുടെയും" എന്ന വാക്കിനു ശേഷം "മറ്റും" എന്ന വാക്ക് ചേർക്കുക.

514. ഖണ്ഡം 4 (1) (ഐ)-ൽ "അങ്ങനെയുള്ള" എന്നതിനുപകരം "അപ്രകാരമുള്ള" എന്ന് ചേർക്കുക.

517. ഖണ്ഡം 4 (1) (ജെ)-ൽ "അതിന് " എന്ന വാക്കിനുപകരം "കൗൺസിലിന് " എന്ന വാക്ക് ചേർക്കുക.

524. ഖണ്ഡം 4 (3)-ൽ "റഫർ ചെയ്യേണ്ടതും" എന്നതിനുപകരം "നിർദ്ദേശിക്കേണ്ടതും" എന്ന് ചേർക്കുക.

528. ഖണ്ഡം 4 (3)-ൽ "തെളിവ് " എന്നതിനു പകരം "തെളിവുകൾ" എന്ന് ചേർക്കുക.

533. ഖണ്ഡം 4 (3)-ൽ "അങ്ങനെയുള്ള" എന്നതിനുപകരം "അപ്രകാരമുള്ള" എന്ന് ചേർക്കുക.

448-ാം നമ്പർ ഭേദഗതിയിൽ ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദർ സൂചിപ്പിച്ചതുപോലെ 'ആക്ടിന്റെ പ്രാരംഭം' എന്നതിനുപകരം 'ആക്ട് പ്രാബല്യത്തിൽ വന്നത് ' എന്നുള്ളതാക്കി ചേർക്കേണ്ടതാണ്.

476-ാം നമ്പർ ഭേദഗതിയിൽ "തയ്യാറാക്കുകയും" എന്നതിന് ശേഷം "പൊതുജനങ്ങളുടെ അറിവിലേക്കായി" എന്നുകൂടി ചേർക്കേണ്ടതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

449. ഖണ്ഡം 4(1)(എ)-ൽ "രണ്ട് " എന്നതിനു പകരം "ഒരു" എന്ന് ചേർക്കുക.

531. ഖണ്ഡം 4 (3)-ൽ "ഒരവസരം നൽകിയതിനുശേഷം," എന്നീ വാക്കുകൾക്ക് പകരം "അവസരം ലഭ്യമാക്കിയതിനുശേഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

454. ഖണ്ഡം 4(1)(എ)-ൽ "രണ്ട് വർഷത്തിനകം" എന്നതിനുപകരം "ആറ് മാസത്തിനകം" എന്ന് ചേർക്കുക.

474. ഖണ്ഡം 4 (1) (ബി)-ക്കുശേഷം താഴെപ്പറയുന്നത് (സി) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക.

"(സി) ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള കാലാവധിയും ഫീസും നടപടിക്രമങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുക".

490. ഖണ്ഡം 4(1)(ഇ)-ൽ "പരിശോധന" എന്നതിന് പകരം "പരിശോധനകളും ഈ സ്ഥാപനങ്ങളെക്കുറിച്ച് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധനകളും" എന്ന് ചേർക്കുക.

523. ഖണ്ഡം 4 (3)-ൽ "സംസ്ഥാന കൗൺസിലിലേക്ക് റഫർ ചെയ്യേണ്ടതും" എന്നതിനു പകരം "സംബന്ധിച്ച് " എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

456. ഖണ്ഡം 4(1)(എ)-ൽ "രണ്ട് വർഷത്തിനകം" എന്നതിന് പകരം "പതിനെട്ട് മാസത്തിനകം" എന്ന് ചേർക്കുക:

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

457. ഖണ്ഡം 4(1)(എ)-ൽ "ശരിയായ ആരോഗ്യ സംരക്ഷണം" എന്നതിനുപകരം "ഈ ആക്ട് ഉദ്ദേശിക്കുന്ന തരത്തിൽ ശരിയായ ആരോഗ്യ സംരക്ഷണവും രോഗീ പരിചരണവും" എന്ന് ചേർക്കുക.

463. ഖണ്ഡം 4 (1) (ബി)-ൽ "ഇനം തിരിക്കുകയും തരം തിരിക്കുകയും" എന്നത് "ഇനവും, തരവും തിരിക്കുകയും" എന്ന് മാറ്റുക.

481. ഖണ്ഡം 4(1)(ഡി)-ൽ "അസ്സസ്സർമാരുടെ" എന്ന വാക്കിനു പകരം "ഇവയുമായി ബന്ധപ്പെട്ട വിദഗ്ധരുടെ" എന്ന വാക്കുകൾ ചേർക്കുക.

493. ഖണ്ഡം 4(1)(എഫ്)-ൽ "സാങ്കേതിക വിദ്യയിലോ സാമൂഹ്യ വ്യവസ്ഥകളിലോ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി" എന്നതിന് പകരം "സാങ്കേതിക വിദ്യയിലും, സാമൂഹ്യ വ്യവസ്ഥകളിലും മറ്റും ഉണ്ടാകുന്ന കാലാനുസൃതമായ മാറ്റങ്ങൾക്ക് " എന്ന് ചേർക്കുക.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

458. ഖണ്ഡം 4(1)(എ)-ൽ "ശരിയായ" എന്ന വാക്കിന് പകരം "കൃത്യമായ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

459. ഖണ്ഡം 4 (1) (എ)-ൽ 'ഉറപ്പ് വരുത്തുന്നതിനുള്ള നിലവാരം' എന്നീ വാക്കുകൾക്കു പകരം 'ഉറപ്പുവരുത്തുന്നതിന് അവയുടെ നിലവാരം' എന്നീ വാക്കുകൾ ചേർക്കുക.

477. ഖണ്ഡം 4(1)(ഡി)-ൽ "വിലയിരുത്തലിനുമായി" എന്ന വാക്കിന് ശേഷം "വിദഗ്ദ്ധരുമായ" എന്ന വാക്ക് ചേർക്കുക.

501. ഖണ്ഡം 4(1)(എഫ്)-ൽ "ഭേദഗതിക്കായി" എന്ന വാക്കിനുശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക:

"ക്ലിനിക്കൽ സ്ഥാപനങ്ങൾ വിവിധ സേവനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് നിശ്ചയിച്ച് നടപ്പാക്കുവാൻ"

518. ഖണ്ഡം 4 (1) (ജെ)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(കെ) ക്ലിനിക്കൽ സ്ഥാപനങ്ങൾ വിവിധ ചികിത്സാവിധികൾക്കായും സേവനങ്ങൾക്കായും ഈടാക്കാവുന്ന പരമാവധി ഫീസ്/ചാർജ് നിർണ്ണയിക്കുകയും കാലാകാലങ്ങളിൽ അവലോകനം ചെയ്യുകയും ചെയ്യുക"

535. ഖണ്ഡം 4 (4) ആയി പുതിയ താഴെപ്പറയുന്നത് ചേർക്കുക.

"(4) കൗൺസിൽ മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും യോഗത്തിന്റെ ക്വാറം 7 ആയിരിക്കേണ്ടതുമാണ് ".

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

461. ഖണ്ഡം 4 (1) (എ) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ) ക്ലിനിക്കൽ സ്ഥാപനങ്ങളിൽ സേവനം തേടുന്നവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഓരോ ക്ലിനിക്കൽ സ്ഥാപനവും ഈ ആക്ടിന്റെ പ്രാരംഭം മുതൽ രണ്ടു വർഷത്തിനകം ഏർപ്പെടുത്തേണ്ട യുക്തമായ നിലവാരം നിശ്ചയിക്കുക".

470. ഖണ്ഡം 4 (1) (ബി)-ൽ "നിലവാരം നിശ്ചയിക്കുകയും" എന്നതിന് ശേഷം "തദനുസൃതം ഓരോ തരം സേവനങ്ങൾക്കും സൗകര്യങ്ങൾക്കും ഈടാക്കാവുന്ന പരമാവധി നിരക്ക് നിശ്ചയിക്കുകയും" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

462. ഖണ്ഡം 4 (1) (ബി) - ൽ "ഇനം തിരിക്കുകയും" എന്ന വാക്കുകൾ ഒഴിവാക്കുക.

472. ഖണ്ഡം 4 (1) (ബി) - ൽ "ചെയ്യുകയും" എന്നതിനുപകരം "ചെയ്യുക" എന്ന് ചേർക്കുക.

480. ഖണ്ഡം 4(1)(ഡി)-ൽ "അസ്സസ്സർമാരുടെ" എന്ന വാക്ക് നീക്കം ചെയ്യുക.

499. ഖണ്ഡം 4(1)(എഫ്)-ൽ "ഭേദഗതിക്കായി" എന്ന വാക്കിനുപകരം "ഭേദഗതികൾക്കായി" എന്ന വാക്ക് ചേർക്കുക.

505. ഖണ്ഡം 4(1)(ജി)-ൽ "കാലികാവസ്ഥ" എന്ന വാക്കിനുപകരം "നിലവിലുള്ള അവസ്ഥ" എന്ന വാക്കുകൾ ചേർക്കുക.

527. ഖണ്ഡം 4 (3)-ൽ "തത്പര കക്ഷികൾക്ക്" എന്നതിനുപകരം "തൽപര കക്ഷികൾക്ക് " എന്ന് ചേർക്കുക.

527-ാം നമ്പർ ഭേദഗതിയിൽ 'തത്പര' എന്നുള്ളത് 'തൽപര' എന്നാക്കി മാറ്റണം. ഞാൻ ഡിക്ഷണറി പരിശോധിച്ചാണ് പറയുന്നത്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

465. ഖണ്ഡം 4 (1) (ബി) - ൽ "ഓരോ വിഭാഗത്തിനും വേണ്ട" എന്നീ വാക്കുകൾക്കു പകരം "ഓരോ ഇനത്തിനും തരത്തിനും വേണ്ട അടിസ്ഥാന " എന്നീ വാക്കുകൾ ചേർക്കുക.

475. ഖണ്ഡം 4 (1) (സി)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിനു പകരം "സർക്കാർ വിജ്ഞാപനം മുഖേന നിർണ്ണയിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

484. ഖണ്ഡം 4(1)(ഡി)-ൽ "പാനലിനെ നിയമിക്കുക" എന്നതിനു പകരം "യോഗ്യതകൾ നിർണ്ണയിക്കുകയും പാനലിനെ നിയമിക്കുകയും ചെയ്യുക" എന്ന് ചേർക്കുക.

485. ഖണ്ഡം 4(1)(ഡി) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

"(ഡി) ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പരിശോധനയ്ക്കും നിലവാരം വിലയിരുത്തലിനുമായി സർക്കാർ വിജ്ഞാപനം മുഖേന നിർണ്ണയിക്കുന്ന യോഗ്യതകളുള്ളതും അതത് ക്ലിനിക്കൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ യോഗ്യതയും വൈദഗ്ധ്യവുമുള്ളവരുമായ അസസ്സർമാരുടെ പാനലുകൾ നിയമിക്കുക."

487. ഖണ്ഡം 4(1)(ഇ)-ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആനുകാലിക" എന്നീ വാക്കുകൾക്കു പകരം "വാർഷിക" എന്ന വാക്ക് ചേർക്കുക.

496. ഖണ്ഡം 4(1)(എഫ്)-ൽ "വ്യവസ്ഥകളിലോ" എന്നതിന് ശേഷം "ചികിത്സാ ക്രമങ്ങളിലോ" എന്ന് ചേർക്കുക.

513. ഖണ്ഡം 4 (1) (ഐ)-ൽ "കരുതുന്ന അങ്ങനെയുള്ള" എന്ന വാക്കുകൾക്കു പകരം "അങ്ങനെയുള്ള കാര്യങ്ങൾക്കായി നിയമിക്കപ്പെടുന്ന താൽക്കാലിക വിദഗ്ദ്ധ സമിതി കണ്ടെത്തുന്ന" എന്നീ വാക്കുകൾ ചേർക്കുക.

532. ഖണ്ഡം 4 (3)-ൽ "നൽകിയതിനു ശേഷം," എന്നതിന് ശേഷം "ഈ ബില്ലിലെ വ്യവസ്ഥകൾക്കെതിരാകാത്തവണ്ണം" എന്ന് ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

467. ഖണ്ഡം 4 (1) (ബി)-ൽ "നിലവാരം" എന്ന വാക്കിന് മുമ്പ് "അടിസ്ഥാന " എന്ന വാക്ക് ചേർക്കുക.

494. ഖണ്ഡം 4(1)(എഫ്)-ൽ "സാമൂഹ്യ വ്യവസ്ഥകളിലോ" എന്നീ വാക്കുകൾക്ക് ശേഷം "പരിശോധനാ രീതിയിലോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

471. ഖണ്ഡം 4 (1) (ബി)-ൽ "സർക്കാരിനോട് ശിപാർശ ചെയ്യുക" എന്നതിന് പകരം "നടപടികൾ സ്വീകരിക്കുക" എന്ന് ചേർക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

488. ഖണ്ഡം 4(1)(ഇ)-ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്നതിന് പകരം "ഒരു വർഷത്തിൽ കുറഞ്ഞത് രണ്ട്" എന്ന് ചേർക്കുക.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

497. ഖണ്ഡം 4(1)(എഫ്)-ൽ "അനുസൃതമായി ചട്ടങ്ങളിൽ" എന്ന വാക്കുകൾക്ക് പകരം "അനുസൃതമായി ഈ നിയമത്തിലോ ചട്ടങ്ങളിലോ" എന്ന വാക്കുകൾ ചേർക്കുക.

ചെറിയൊരു ഭേദഗതിയാണ്. 'ചട്ടങ്ങളിൽ' എന്നത് 'നിയമത്തിലോ ചട്ടങ്ങളിലോ' എന്നാക്കി മാറ്റുമ്പോഴാണ് അതിന് സമഗ്രത വരുന്നത്.

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

508. ഖണ്ഡം 4 (1) (എച്ച്)-ൽ "നാളിതുവരെയായി" എന്നതിന് പകരം "കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

509. ഖണ്ഡം 4 (1) (എച്ച്)-ൽ "നാളിതുവരെയായി" എന്നതിന് പകരം "നാളിതുവരെയാക്കി" എന്ന് ചേർക്കുക.

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

515. ഖണ്ഡം 4 (1) (ഐ)-ൽ "റദ്ദാക്കുന്നതിന്" എന്ന വാക്കിന് പകരം "റദ്ദാക്കുന്നതിനും പ്രവർത്തനം നിർത്തലാക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

521. ഖണ്ഡം 4 (2)-ൽ "നിർണ്ണയിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യേണ്ടതാണ് " എന്നതിനു പകരം "നിർണ്ണയിക്കേണ്ടതും അത് അംഗീകരിക്കുന്നതിനായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ് " എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

526. ഖണ്ഡം 4 (3)-ൽ "തത്പര കക്ഷികൾക്ക് " എന്നതിന് പകരം "ബന്ധപ്പെട്ട കക്ഷികൾക്ക് " എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

529. ഖണ്ഡം 4 (3)-ൽ "പറയുവാനും ഉള്ള ഒരവസരം" എന്നീ വാക്കുകൾക്ക് പകരം "പറയുവാനുള്ള ന്യായമായ അവസരം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

530. ഖണ്ഡം 4 (3)-ൽ "പറയുവാനും ഉള്ള ഒരവസരം" എന്നീ വാക്കുകൾക്ക് പകരം "പറയുവാനും ഉള്ള ന്യായമായ രേഖാമൂലമുള്ള ഒരവസരം" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: 450, 451, 452, 453 എന്നീ നമ്പർ ഭേദഗതികൾ 449-ാം നമ്പർ ഭേദഗതിക്ക് തുല്യവും 455-ാം നമ്പർ ഭേദഗതി 454-ാം നമ്പർ ഭേദഗതിക്ക് തുല്യവും 468-ാം നമ്പർ ഭേദഗതി 467-ാം നമ്പർ ഭേദഗതിക്ക് തുല്യവും 473-ാം നമ്പർ ഭേദഗതി 472-ാം നമ്പർ ഭേദഗതിക്ക് തുല്യവും 500-ാം നമ്പർ ഭേദഗതി 499-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 529-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന മാറ്റത്തോടെ സ്വീകരിക്കുന്നു.

529. ഖണ്ഡം 4 (3)-ൽ "പറയുവാനും ഉള്ള ഒരവസരം" എന്നീ വാക്കുകൾക്ക് പകരം "പറയുവാനുള്ള ന്യായമായ ഒരവസരം" എന്നീ വാക്കുകൾ ചേർക്കുക.

മറ്റ് ഭദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 445-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 529-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 446-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 448, 460, 466, 476, 482, 486, 495, 503, 506, 512, 514, 517, 524, 528, 533 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 449, 531 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 454, 474, 490, 523 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 456-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 457, 463, 481, 493 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 459, 477, 501, 518, 535 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 461, 470 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 462, 472, 480, 499, 505, 527 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 465, 475, 484, 485, 487, 496, 513, 532 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 467, 494 എന്നീ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 471-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 488-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 497-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 508-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 509-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 515-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 521-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 526-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 530-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അഞ്ചാം വകുപ്പ്**

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

536. ഖണ്ഡം 5 (1)-ൽ "ഹെൽത്ത് സർവ്വീസസ് " എന്നീ വാക്കുകൾക്ക് പകരം "ആരോഗ്യ വകുപ്പിലെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

539. ഖണ്ഡം 5 (1)-ൽ "ഹെൽത്ത് സർവ്വീസസ് " എന്നതിനുപകരം "ആരോഗ്യ വകുപ്പിലെയോ, ആയുഷ് വകുപ്പിലെയോ, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനിലെയോ, ഹോമിയോപ്പതി സർവ്വീസിലെയോ" എന്ന് ചേർക്കുക.

556. ഖണ്ഡം 5 (2)-ന് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, കൗൺസിലിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേക്കായി പ്രാരംഭഘട്ടത്തിൽ അന്യത്ര സേവനം വഴി ജീവനക്കാരെ നിയമിക്കാവുന്നതാണ്."

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

540. ഖണ്ഡം 5 (1)-ൽ "ഹെൽത്ത് സർവ്വീസസ് ഡെപ്യൂട്ടി ഡയറക്ടറുടെ" എന്നതിന് പകരം "ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ" എന്ന് ചേർക്കുക.

ഇതിൽ "ഹെൽത്ത് സർവ്വീസസ് ഡെപ്യൂട്ടി ഡയറക്ടറുടെ" എന്നതിന് പകരം "ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ" എന്നാക്കി മാറ്റണമെന്നുള്ളതാണ് ഭേദഗതി. കാരണം ഇപ്പോൾ അറിയപ്പെടുന്നത് അങ്ങനെയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശ്രീ. വി. പി. സജീന്ദ്രന്റെ 537-ാം നമ്പർ ഭേദഗതിയും എന്റെ 538-ാം നമ്പർ ഭേദഗതിയും ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 536-ാം നമ്പർ ഔദ്യോഗിക ഭേദഗതിക്ക് തുല്യമാണ്. സ്വാഭാവികമായും ഒരുപോലെയുള്ള ഭേദഗതികൾ വരുന്ന സമയത്ത് അംഗങ്ങൾ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്, മന്ത്രി അവതരിപ്പിക്കുകയല്ല ചെയ്യുന്നത്. ഞങ്ങൾ ബിൽ പഠിച്ച് ഭേദഗതി കൊണ്ടുവരുമ്പോൾ മന്ത്രി മൂവ് ചെയ്യുന്നത് ശരിയല്ല. അംഗങ്ങൾക്ക് നൽകണമെന്നതാണ് കീഴ്‌വഴക്കം.

മി. സ്പീക്കർ: നിങ്ങൾ ചിന്തിക്കുന്നതുപോലെ മന്ത്രിക്കും ഒരു rethinking ഉണ്ടായിക്കൂടേ? ഓറലായി അല്ല മൂവ് ചെയ്തത്. പ്രിന്റ് ചെയ്താണ് വന്നിരിക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പ്രിന്റ് ചെയ്തുവന്നു എന്നത് ശരിയാണ്. സാധാരണഗതിയിൽ ഇതുപോലെ വകുപ്പുതിരിച്ച് പരിഗണിക്കുമ്പോൾ അംഗങ്ങൾക്ക് അവസരം കൊടുക്കാറാണുള്ളത്.

മി. സ്പീക്കർ: മന്ത്രി ബിൽ അവതരിപ്പിച്ചതിനുശേഷം rethink ചെയ്ത് എഴുതി നൽകിയതാണ് ഔദ്യോഗിക ഭേദഗതി. ഇങ്ങനെ വാശിപിടിക്കണോ; ഔദ്യോഗിക ഭേദഗതി കൊണ്ടുവരാനുള്ള അവകാശത്തെ നിങ്ങൾ ചോദ്യം ചെയ്യരുത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പ്രൊസീഡ്യുവറാണ് പറയുന്നത്. മന്ത്രി മൂവ് ചെയ്തതിന് എതിര് പറയുകയല്ല. സഭയ്ക്ക് ഒരു പ്രൊസീഡ്യുവറുണ്ട്. സ്വാഭാവികമായും അതാണ് ചെയ്യേണ്ടത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഭേദഗതി എഴുതിക്കൊടുത്താൽ അത് അവിടെ ഇരിക്കെ മന്ത്രിക്ക് മൂവ് ചെയ്യാൻ തോന്നിയാലും സാമാന്യ മര്യാദയും കീഴ്വഴക്കവും അനുസരിച്ച് അംഗങ്ങൾക്കാണ് അവതരിപ്പിക്കാനുള്ള അവസരം നൽകേണ്ടത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, അംഗങ്ങളുടെ വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഭേദഗതി അംഗീകരിച്ചത് മുഴുവൻ പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. സാധിക്കാവുന്നിടത്തോളം മെമ്പർമാരുടെ ഭേദഗതി അംഗീകരിച്ചിട്ടുണ്ട്. അതിലേറെയും പ്രതിപക്ഷ എം.എൽ.എ.-മാരിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. നന്നായി വർക്ക് ചെയ്യുവെന്നുള്ളതുകൊണ്ടാണത്. അതിന്റെ സ്പിരിറ്റ് ഉൾക്കൊള്ളുന്നു. ഇത് നേരത്തേ കൊടുത്തതുകൊണ്ടാണ് ഔദ്യോഗിക ഭേദഗതിയായി വന്നിട്ടുള്ളത്. അതിൽ യാതൊരു തരത്തിലുള്ള മനഃപ്രയാസവും തോന്നേണ്ടതില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

541. ഖണ്ഡം 5 (1)-ൽ "ഹെൽത്ത് സർവ്വീസസ് ഡെപ്യൂട്ടി ഡയറക്ടറുടെ" എന്നത് "സർക്കാരിന്റെ അണ്ടർ സെക്രട്ടറിയുടെ" എന്ന് മാറ്റുക.

549. ഖണ്ഡം 5 (2)-ൽ " ജീവനക്കാരെ" എന്ന വാക്കിനു ശേഷം "അന്യത്രസേവന വ്യവസ്ഥയിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

542. ഖണ്ഡം 5 (1)-ൽ " ഡെപ്യൂട്ടി ഡയറക്ടറുടെ" എന്നതിന് പകരം "അഡീഷണൽ ഡയറക്ടറുടെ" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

544. ഖണ്ഡം 5 (1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) ബില്ലിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട ശാഖകളിൽ സർക്കാർ സർവ്വീസിലുള്ള ഏറ്റവും സീനിയറായ ഉദ്യോഗസ്ഥനെ ഒരു വർഷക്കാലയളവിലേക്ക് നിർണ്ണയിക്കപ്പെടാവുന്ന ടേൺ അടിസ്ഥാനത്തിൽ കൗൺസിലിന്റെ സെക്രട്ടറിയായി നിയമിക്കേണ്ടതാണ്."

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

545. ഖണ്ഡം 5 (2)-ൽ " സർക്കാരിന്റെ അനുമതിയോടുകൂടി," എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

546. ഖണ്ഡം 5 (2)-ൽ "ആവശ്യമായ" എന്നതിന് ശേഷം "പരിചയവും പ്രാവീണ്യവുമുള്ള " എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

547. ഖണ്ഡം 5 (2)-ൽ " അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കുക.

547-ാം നമ്പർ ഭേദഗതിയിൽ ' സർക്കാരിന്റെ അനുമതിയോടെ അതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമുള്ള അങ്ങനെയുള്ള ജീവനക്കാരെ' എന്നതിൽ "അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

550. ഖണ്ഡം 5 (2)-ൽ " ജീവനക്കാരെ" എന്ന വാക്കിനു ശേഷം" അന്യത്ര സേവനം വഴിയോ അല്ലാതെയോ " എന്നീ വാക്കുകൾ ചേർക്കുക.

551. ഖണ്ഡം 5 (2)-ൽ "ജീവനക്കാരെ" എന്ന വാക്കിനു ശേഷം "പുനർ വിന്യാസം വഴിയോ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

552. ഖണ്ഡം 5 (2) താഴെപ്പറയും പ്രകാരം മാറ്റുക

"(2) കൗൺസിലിനെ അതിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അങ്ങനെയുള്ള ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. ഇപ്രകാരം ജീവനക്കാരെ നിയമിക്കുമ്പോൾ ഹെൽത്ത് സർവ്വീസിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് മുൻഗണന നൽകേണ്ടതാണ്."

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

554. ഖണ്ഡം 5 (2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) കൗൺസിലിനെ അതിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരെ സർക്കാർ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമോ നിയമിക്കാവുന്നതാണ്."

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

555. ഖണ്ഡം 5 (2) താഴെപ്പറയും പ്രകാരം മാറ്റുക

"(2) കൗൺസിലിനെ അതിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അങ്ങനെയുള്ള ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്."

മി. സ്പീക്കർ: 537, 538 എന്നീ നമ്പർ ഭേദഗതികൾ 536-ാം നമ്പർ ഭേദഗതിക്ക് തുല്യവും 543-ാം നമ്പർ ഭേദഗതി 542-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 536-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 539, 556 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 540-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 541, 549 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 542-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 544-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 545-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 546-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 547-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 550, 551 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 552-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 554-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 555-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ആറാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. കെ. സി. ജോസഫിന്റെ 571-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

571. ഖണ്ഡം 6 (2)-ൽ "സബ് കമ്മിറ്റികളെ" എന്നതിന് പകരം "ഉപസമിതികളെ" എന്ന് ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

557. ഖണ്ഡം 6 (1)-ൽ "കൗൺസിലിന് " എന്ന വാക്കിന് ശേഷം "ബന്ധപ്പെട്ട വിഷയത്തിൽ പ്രാവീണ്യമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

558. ഖണ്ഡം 6 (1)-ലെ "ആളുമായോ" എന്ന വാക്കിനു പകരം "വിദഗ്ദ്ധനുമായോ" എന്ന വാക്ക് ചേർക്കുക.

568. ഖണ്ഡം 6 (2)-ൽ "അംഗങ്ങളല്ലാത്ത ആളുകളോ" എന്നീ വാക്കുകൾക്കു പകരം "സർക്കാർ സർവ്വീസിലുള്ള അങ്ങനെയുള്ള വിഷയങ്ങളിലെ വിദഗ്ദ്ധരോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

559. ഖണ്ഡം 6 (1)-ൽ "ആളുമായോ" എന്നതിനു പകരം "വ്യക്തിയുമായോ" എന്ന് ചേർക്കുക.

575. ഖണ്ഡം 6 (2)-ൽ "കാലയളവിലേക്ക് " എന്ന വാക്കിനു പകരം "കാലാവധിയിൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

561. ഖണ്ഡം 6 (1)-ൽ "ആവശ്യവുമാണെന്ന് അത് " എന്ന വാക്കുകൾക്ക് പകരം "ആവശ്യവും, അനുയോജ്യവുമാണെന്ന് " എന്ന വാക്കുകൾ ചേർക്കുക.

562. ഖണ്ഡം 6 (1)-ൽ "ആവശ്യമാണെന്ന് അത് കരുതുന്ന" എന്ന വാക്കുകൾക്ക് പകരം "ആവശ്യമായ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

563. ഖണ്ഡം 6 (1)-ന് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ, (1)-ാം ഉപ വകുപ്പ് പ്രകാരമുള്ള സാങ്കേതിക സഹായമോ ഉപദേശമോ തേടുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി കൗൺസിൽ തേടേണ്ടതാണ്."

ആക്ടിലെ 6(1) പ്രകാരം, 'കൗൺസിലിന് ഏതെങ്കിലും ആളുമായോ നികായവുമായോ സ്വയം സഹകരിക്കാവുന്നതും ഈ ആക്ടിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമാണെന്ന് അത് കരുതുന്ന സാങ്കേതിക സഹായമോ ഉപദേശമോ തേടാവുന്നതുമാണ് എന്നാണ് പറയുന്നത്. ഇപ്രകാരം ഏതെങ്കിലും വ്യക്തികളുമായോ സ്ഥാപനങ്ങളുമായോ സഹകരിക്കുന്നതിന് കൗൺസിലിന് കരാറിൽ ഏർപ്പെടാൻ അധികാരമുണ്ട്. കൗൺസിലിന്റെമേൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കൗൺസിലിന് ഏതെങ്കിലും വ്യക്തികളുമായോ സ്ഥാപനങ്ങളുമായോ സ്വയം സഹകരിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണം എന്ന ഭേദഗതിയാണ് ഞാൻ കൊണ്ടുവരുന്നത്. കൗൺസിലിന് വ്യക്തികളുമായും പ്രസ്ഥാനങ്ങളുമായി കരാറുണ്ടാക്കുന്നതിന് അനിയന്ത്രിതമായ അധികാരം കൊടുക്കരുത്. അതിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണം.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

564. ഖണ്ഡം 6 (2)-ൽ "കൗൺസിലിന് " എന്നതിനു ശേഷം "ഈ" എന്ന് ചേർക്കുക.

<u>ശ്രീ. വി. ടി. ബൽറാം:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

570. ഖണ്ഡം 6 (2)-ൽ "സബ് കമ്മിറ്റികളെ രണ്ടു വർഷത്തിൽ കവിയാത്ത" എന്നതിന് പകരം "ഉപസമിതികളെ ഒരു വർഷത്തിൽ കവിയാത്ത" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

572. ഖണ്ഡം 6 (2)-ൽ "കമ്മിറ്റികളെ" എന്ന വാക്കിനുശേഷം "പരമാവധി" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: 565-ാം നമ്പർ ഭേദഗതി 564-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 571-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 564-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 557-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 558, 568 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 559, 575 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 561, 562 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 563-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 570-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 572-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഏഴാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

576. ഖണ്ഡം (7)-ൽ "ആക്റ്റിന്റെയും ചട്ടങ്ങളിലെയും വ്യവസ്ഥകളിൻ കീഴിലുള്ള മറ്റേതെങ്കിലും കാര്യത്തിലും മാറ്റം വരുത്തുന്നതിനുവേണ്ടിയുള്ള" എന്നതിനു പകരം "സംബന്ധിച്ച്" എന്ന് ചേർക്കുക.

പ്രൊഫ. കെ. യു. അരുണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

579. ഖണ്ഡം (7)-ൽ "പൊതുവായി" എന്നതിന് പകരം "പൊതുജനങ്ങളെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 576-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. കെ. യു. അരുണൻ അവതരിപ്പിച്ച 579-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എട്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

584. ഖണ്ഡം 8(i)-ൽ "ആരോഗ്യവും കുടുംബക്ഷേമവും" എന്നതിനു പകരം "ആരോഗ്യ" എന്ന് ചേർക്കുക.

587. ഖണ്ഡം 8(viii)-ൽ "ക്ഷേമസംഘടന" എന്ന വാക്കിനുമുൻപായി "രജിസ്റ്റേർഡ് " എന്ന വാക്ക് ചേർക്കുക.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

585. ഖണ്ഡം 8-ൽ (i)-ഉം (ii)-ഉം ഉപഖണ്ഡങ്ങളായി താഴെപ്പറയുന്നത് ചേർക്കുകയും (iii), (iv) എന്നീ ഉപഖണ്ഡങ്ങൾ നീക്കം ചെയ്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക

"(i) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, അദ്ദേഹം ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്;

(ii) ആരോഗ്യ വകുപ്പ് ഡയറക്ടർ, അദ്ദേഹം വൈസ്-ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്;".

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

586. ഖണ്ഡം 8(viii)-ൽ "രോഗികളുടെ" എന്ന വാക്കിനു ശേഷം "അംഗീകൃത" എന്ന വാക്ക് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

588. ഖണ്ഡം 8(viii)-ൽ "ഒരു പ്രതിനിധി " എന്നതിന് പകരം "രണ്ട് പ്രതിനിധികൾ - അതിൽ ഒരാൾ വനിതയായിരിക്കണം" എന്ന് ചേർക്കുക.

ശ്രീ. കെ. ദാസൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

589. ഖണ്ഡം 8(viii) താഴെപ്പറയും പ്രകാരം മാറ്റുക

"(viii) കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സോസൈറ്റിയുടെ ഒരു പ്രതിനിധി;".

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

591. ഖണ്ഡം 8 ൽ (ix)ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

"(ix) കേരളത്തിലെ ക്ലിനിക്കൽ ലബോറട്ടറി ഉടമസ്ഥരുടെ സംഘടനയുടെ ഒരു പ്രതിനിധി;".

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

592. ഖണ്ഡം 8(ix) താഴെപ്പറയും പ്രകാരം മാറ്റുക.

"(ix) ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ, കൗൺസിൽ സെക്രട്ടറി (കൺവീനർ)".

മി. സ്പീക്കർ: 583-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യണമെന്നുള്ളതാകയാൽ ക്രമപ്രകാരമല്ല. ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 584, 587 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 585-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 586-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 588-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 589-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 591-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 592-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ................

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒൻപതാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

595. ഖണ്ഡം 9-ൽ "നിർവ്വാഹക സമിതി" എന്നതിനു ശേഷം "കൗൺസിലിന്റെ അധികാര പരിധിയ്ക്ക് ഭംഗം വരാത്ത വിധം" എന്ന് ചേർക്കുക.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

596. ഖണ്ഡം 9 താഴെപ്പറയും പ്രകാരം മാറ്റുക.

"9. നിർവ്വാഹക സമിതിയുടെ അധികാരങ്ങളും ചുമതലകളും:-സർക്കാർ നിർവ്വാഹക സമിതിയുടെ അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കേണ്ടതും സമിതി അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതുമാണ് "

മി. സ്പീക്കർ: 594-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യണമെന്നുള്ളതാകയാൽ ക്രമപ്രകാരമല്ല. ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 595-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 596-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പത്താം വകുപ്പ്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

597. ഖണ്ഡം 10-ൽ "കൗൺസിലിന്റെ" എന്ന വാക്കിനുശേഷം "ഫുൾക്വാറയോഗത്തിന്റെ തീരുമാനപ്രകാരമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

598. ഖണ്ഡം 10-ൽ "പ്രവർത്തിയും" എന്ന വാക്കിനുപകരം "പ്രവൃത്തിയും" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 597-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 598-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

600. ഖണ്ഡം 11-ൽ "ക്വാറവും" എന്നതിനു പകരം "ക്വാറവും"എന്നത് ചേർക്കുക.

ശ്രീ. കെ. ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

601. ഖണ്ഡം 11-ൽ "പരിഗണിക്കപ്പെടേണ്ട ബിസിനസ്സിന്റെ ബിസിനസ്സ് നടത്തിപ്പിനുള്ള" എന്നതിന് പകരം "പരിഗണിക്കപ്പെടേണ്ട വിഷയങ്ങളിന്മേലുള്ള തീരുമാനത്തിനും നടത്തിപ്പിനുമുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

602. ഖണ്ഡം 11-ൽ "ബിസിനസ്സിന്റെ" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

603. ഖണ്ഡം 11-ൽ "ബിസിനസ്സിന്റെ ബിസിനസ്സ് " എന്നത് ഒഴിവാക്കി "കാര്യങ്ങളുടെ" എന്ന് ചേർക്കുക.

605. ഖണ്ഡം 11-ൽ "ബിസിനസ്സിന്റെ ബിസിനസ്സ് നടത്തിപ്പിനുള്ള" എന്നത് "കാര്യങ്ങളുടെ നിർവ്വഹണവും, നടത്തിപ്പിനുള്ള" എന്ന് മാറ്റുക.

"ബിസിനസ്സിന്റെ ബിസിനസ്സ് നടത്തിപ്പിനുള്ള" എന്നത്" കാര്യങ്ങളുടെ നിർവ്വഹണവും, നടത്തിപ്പിനുള്ള" എന്നാക്കി മാറ്റണം. ബിസിനസ്സിന്റെ ബിസിനസ്സ് എന്നുപറയുന്നത് ശരിയല്ല. അത് തെറ്റാണ്. എന്റെ ഭേദഗതി അംഗീകരിക്കണം.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

606. ഖണ്ഡം 11-ൽ "ബിസിനസ്സിന്റെ ബിസിനസ്സ് നടത്തിപ്പിനുള്ള നടപടിക്രമവും" എന്ന വാക്കുകൾക്ക് പകരം "കാര്യവിവരപ്പട്ടികയുടെ നടപടിക്രമവും നടത്തിപ്പും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

607. ഖണ്ഡം 11-ൽ "ബിസിനസ്സ് " എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

609. ഖണ്ഡം 11 താഴെപ്പറയും പ്രകാരം മാറ്റുക:

"11. ബിസിനസ്സിന്റെ നടപടിക്രമവും നടത്തിപ്പും.-

(1) "കൗൺസിൽ അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്;

(2) കൗൺസിലിന്റെ ഒരു യോഗത്തിന് വേണ്ടിയുള്ള ക്വാറം കുറഞ്ഞത് ആറ് അനൗദ്യോഗിക അംഗങ്ങൾ ഉൾപ്പെടെ കൗൺസിലിലെ ഒൻപത് അംഗങ്ങൾ ആയിരിക്കേണ്ടതാണ്;

(3) ചെയർപേഴ്സൺ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു ഔദ്യോഗിക അംഗം യോഗത്തിന്റെ അധ്യക്ഷത വഹിക്കേണ്ടതാണ്;

(4) കൗൺസിലിന്റെ ഒരു യോഗത്തിനു മുൻപാകെ വരുന്ന ഏതൊരു സംഗതിയും യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും തുല്യവോട്ടുകളുടെ സംഗതിയിൽ അധ്യക്ഷം വഹിക്കുന്ന അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ് ".

ഇവിടെ സ്പെല്ലിംഗ് മിസ്റ്റേക്കുപോലും അംഗീകരിച്ചിട്ടില്ല, അപ്പോൾ ഇത്രയും വലിയ പാരഗ്രാഫ് ഒരിക്കലും സ്വീകരിക്കില്ല. സാധാരണ ഇതുപോലെ പ്രധാനപ്പെട്ട ബില്ലുകളൊക്കെ ആക്ടായി വരുമ്പോൾ അതിന്റെ ക്വാറവും കൗൺസിൽ യോഗവും അതിന്റെ നടപടിക്രമങ്ങളുമൊക്കെ ഡെലിഗേറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. പ്രധാനപ്പെട്ട ആക്ടായതു കൊണ്ട് ഇതിന്റെ ക്വാറത്തെ സംബന്ധിച്ച് ഞാൻ കൊടുത്തിട്ടുള്ള 4-5 വരികൾ സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

610. ഖണ്ഡം 11-ന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനക്രമീകരിക്കുകയും ചെയ്യുക.

"12. കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അവർ സ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ മൂന്നു വർഷത്തേക്ക് ആയിരിക്കുന്നതും അവർ ഒന്നിൽ കൂടുതൽ തവണ അംഗമായി ഉദ്യോഗം വഹിക്കുവാൻ പാടില്ലാത്തതും ആകുന്നു."

<u>മി. സ്പീക്കർ:</u> 608-ാം നമ്പർ ഭേദഗതി 607-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ശ്രീ. എൻ. ഷംസുദ്ദീന് ഭേദഗതി അവതരിപ്പിക്കാൻ കഴിയില്ല, സംസാരിക്കാവുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> ബിസിനസ്സിന്റെ ബിസിനസ്സ് എന്ന് പറയേണ്ടതില്ല. ശ്രീ. പി. കെ. ബഷീർ പറഞ്ഞതുപോലെ "ബിസിനസ്സിന്റെ നടപടിക്രമവും നടത്തിപ്പും-കൗൺസിലിന്റെ യോഗങ്ങളുടെ ക്വാറവും യോഗത്തിൽ പരിഗണിക്കപ്പെടേണ്ട ബിസിനസ്സിന്റെ ബിസിനസ്സ്...." എന്നാണ് പറയുന്നത്. What is the meaning? ഇത് ബിൽ തയ്യാറാക്കുന്നവർ ശ്രദ്ധിക്കേണ്ടതല്ലേ; അതിൽ ഒരു ബിസിനസ്സ് ഒഴിവാക്കിയാൽ മതിയാകും. "പരിഗണിക്കപ്പെടേണ്ട ബിസിനസ്സിന്റെ നടത്തിപ്പിനുള്ള നടപടിക്രമവും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ് ".

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതുപോലെ ബിസിനസ്സിന്റെ ബിസിനസ്സ് എന്ന ഇരട്ടിപ്പ് വന്നിട്ടുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലിയാണ് "ബിസിനസ്സ് " എന്ന വാക്ക് ഒഴിവാക്കുക എന്ന ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ശ്രീ. പി. കെ. ബഷീറും മറ്റുള്ളവരും മറ്റ് ചില കാര്യങ്ങൾകൂടി ചേർത്തുകൊണ്ടാണ് ഭേദഗതികൾ തന്നിരിക്കുന്നത്. ബിസിനസ്സ് എന്ന വാക്ക് ഒഴിവാക്കുകയാണ് ശരിയായത്. അതിനാൽ ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 607-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭോദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 607-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 600-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 601-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 602-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 603, 605 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 606-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 609-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 610-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പന്ത്രണ്ടാം വകുപ്പ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

611. ഖണ്ഡം 12(1)-ൽ "ഒരു രജിസ്റ്റർ" എന്ന വാക്കുകൾക്ക് പകരം "ഡിജിറ്റൽ ഫോമിലോ അല്ലാതെയോ ഉള്ള രജിസ്റ്റർ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

614. ഖണ്ഡം 12(1)-ൽ "വച്ചുപോരുകയും" എന്ന വാക്കിന് പകരം "കാലാകാലങ്ങളിൽ പുതുക്കുകയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

615. ഖണ്ഡം 12(1)-ൽ "വച്ചുപോരുകയും" എന്നതിന് പകരം "സൂക്ഷിച്ചു പോരുകയും" എന്ന് ചേർക്കുക.

625. ഖണ്ഡം 12(2)-ൽ "സെക്രട്ടറിയ്ക്ക് ആയിരിക്കുന്നതാണ് " എന്നതിനു പകരം "സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

617. ഖണ്ഡം 12(1)-ൽ "വച്ചുപോരുകയും" എന്ന വാക്കിന് പകരം "നിലനിർത്തിപോരുകയും" എന്ന് ചേർക്കുക.

624. ഖണ്ഡം 12(2)-ൽ "കൗൺസിലിന്റെ സെക്രട്ടറിയ്ക്ക് " എന്നതിനു പകരം "സെക്രട്ടറിയുടെ ചുമതലയിൽ " എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

619. ഖണ്ഡം 12-ൽ ഉപഖണ്ഡം (1) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(1) 14(1)-ാം വകുപ്പ് പ്രകാരം രൂപീകൃതമാകുന്ന ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റി ഓരോ ജില്ലയിലെയും ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ജില്ലാ രജിസ്റ്റർ എന്നറിയപ്പെടുന്ന ഒരു രജിസ്റ്റർ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന അങ്ങനെയുള്ള ഒരു ഫാറത്തിൽ തയ്യാറാക്കുകയും വച്ചുപോരുകയും പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്."

സംസ്ഥാന രജിസ്റ്റർ എന്നാണ് അതിൽ പറയുന്നത്. സംസ്ഥാന രജിസ്റ്ററിനു പകരം ഓരോ ജില്ലയിലും രജിസ്റ്റർ ഉണ്ടായിരിക്കണം. അതായിരിക്കും പെട്ടെന്ന് നോക്കാനും പഠിക്കാനുമുള്ള സൗകര്യങ്ങൾ ഉണ്ടാവുക. സംസ്ഥാന രജിസ്റ്ററിന്റെ കൂടെത്തന്നെ അതാത് ജില്ലകളിലും ഓരോ രജിസ്റ്റർ ഉണ്ടാകുന്നതായിരിക്കും അഭികാമ്യം.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

620. ഖണ്ഡം 12(2)-ൽ "തയ്യാറാക്കുന്നതിനും" എന്നതിനുശേഷം "സൂക്ഷിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

621. ഖണ്ഡം 12(2)-ൽ " നാളതുവരെയുള്ളതാക്കുന്നതിനും " എന്നതിനു പകരം "പരിഷ്കരിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

623. ഖണ്ഡം 12(2)-ൽ "നാളതുവരെയുള്ളതാക്കുന്നതിനും" എന്നത് "നാളിതുവരെയുള്ളതാക്കുന്നതിനും" എന്ന് മാറ്റുക.

"നാളതുവരെയുള്ളതാക്കുന്നതിനും" എന്നതിനു പകരം "നാളിതുവരെ യുള്ളതാക്കുന്നതിനും" എന്നാക്കണം. അതാണ് അതിന്റെ ശരിക്കുള്ള രീതി. മലയാളത്തിൽ പറയുമ്പോൾ അങ്ങനെയാണ് സാധാരണ ഉച്ചരിക്കുക.

മി. സ്പീക്കർ: 616-ാം നമ്പർ ഭേദഗതി 615-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. പ്രയോഗത്തിൽ ഒരേ അർത്ഥം വരുന്ന കാര്യങ്ങൾ തന്നെയാണ്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 611-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 614-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 615, 625 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 617, 624 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 619-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 620-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 623-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിമൂന്നാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

626. ഖണ്ഡം 13 (1)-ൽ

(i) "നിലവാരങ്ങൾ കൊണ്ടുവരേണ്ടതും ഓരോ വിഭാഗത്തിനുമായി വിജ്ഞാപനം ചെയ്യപ്പെട്ട മതിയായ" എന്നീ വാക്കുകൾക്ക് പകരം "നിലവാരങ്ങൾ സർക്കാർ നിർണ്ണയിക്കേണ്ടതും ഓരോ വിഭാഗത്തിലും" എന്നീ വാക്കുകൾ ചേർക്കുക.

(ii) ഖണ്ഡം 13 (2)-ൽ "മാനദണ്ഡങ്ങൾ" എന്ന വാക്കിനുപകരം "നിലവാരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

627. ഖണ്ഡം 13(1)-ൽ "ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് " എന്നതിനു ശേഷം "മതിയായ" എന്നു ചേർക്കുക.

634. ഖണ്ഡം 13(2)-ലെ "വന്ന" എന്ന വാക്കിന് പകരം "വരുന്ന" എന്ന വാക്ക് ചേർക്കുക.

വിവിധ വിഭാഗങ്ങളിലെ ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് നിലവാരങ്ങൾ എന്നത് ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് മതിയായ നിലവാരങ്ങൾ എന്ന നിലയിൽ മാറ്റം വരുത്തണം എന്നുള്ളതാണ് എന്റെ 627-ാം നമ്പർ ഭേദഗതി.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

628. ഖണ്ഡം 13(1)-ൽ "വിജ്ഞാപനം ചെയ്യപ്പെട്ട" എന്നതിനു ശേഷം "രീതിയിലുള്ള" എന്ന് ചേർക്കുക.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

629. ഖണ്ഡം 13(1)-ലെ "മതിയായ നിലവാരമുള്ള" എന്നീ വാക്കുകൾക്ക് പകരം "നിലവാരം ഉറപ്പുവരുത്തുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

630. ഖണ്ഡം 13(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ഓരോ വിഭാഗത്തിനും അനുസൃതമായി നിലവാരം നിശ്ചയിക്കേണ്ടതും അപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട മതിയായ നിലവാരമുള്ള സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകേണ്ടതുമാണ് ".

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

631. ഖണ്ഡം 13(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) വിവിധ വിഭാഗങ്ങളിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ നിലവാരം നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതും മതിയായ നിലവാരമുള്ള സ്ഥാപനങ്ങൾക്ക് അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉചിതമായ പരിശോധനകൾക്ക് ശേഷം രജിസ്ട്രേഷൻ നൽകേണ്ടതുമാണ് ".

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

632. ഖണ്ഡം 13(2)-ൽ "ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി" എന്നതിനു പകരം "രീതിയിലുള്ള ആരോഗ്യപരിരക്ഷയും സേവനവും ഉറപ്പുവരുത്തുന്നതിനായി" എന്ന് ചേർക്കുക.

641. ഖണ്ഡം 13(2)-ൽ "ആദ്യശ്രേണി" എന്ന വാക്കിനു ശേഷം "പാലിക്കപ്പെടേണ്ട" എന്ന വാക്കു ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

635. ഖണ്ഡം 13(2)-ലെ "രണ്ട് വർഷ" എന്നതിനു പകരം "ആറ് മാസ" എന്ന് ചേർക്കുക.

642. ഖണ്ഡം 13(2)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(3) കൗൺസിൽ വിവിധ വിഭാഗങ്ങൾക്ക് നിശ്ചയിച്ച നിലവാരം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുന്ന സംഗതികളിൽ സർക്കാർ പ്രസ്തുത ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്."

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

637. ഖണ്ഡം 13(2)-ൽ "രണ്ട് " എന്നതിന് പകരം "ഒരു" എന്ന് ചേർക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

640. ഖണ്ഡം 13(2)-ൽ "രണ്ട് വർഷ" എന്നതിന് പകരം "പന്ത്രണ്ട് മാസ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 633-ാം നമ്പർ ഭേദഗതി 634-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും 636-ാം നമ്പർ ഭേദഗതി 635-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും 638, 639 എന്നീ നമ്പർ ഭേദഗതികൾ 637-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 626-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 627, 634 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 628-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 629-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 630-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 631-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 632, 641 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 635, 642 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 637-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 640-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാലാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

643. ഖണ്ഡം 14 (1) (സി)-ൽ "അസിസ്റ്റന്റ് ഡയറക്ടർ" എന്നീ വാക്കുകൾക്ക് പകരം "ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ" എന്നീ വാക്കുകൾ ചേർക്കുക

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

644. ഖണ്ഡം 14(1)-ൽ "അംഗങ്ങളോടുകൂടിയ" എന്ന വാക്കിനുശേഷം "ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റി എന്ന് വിളിക്കപ്പെടുന്ന" എന്നീ വാക്കുകൾ ചേർക്കുക.

651. ഖണ്ഡം 14(1)(സി)-ൽ "ചെയ്യുന്ന," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ആരോഗ്യവകുപ്പിലെ" എന്ന വാക്ക് ചേർക്കുക.

682. ഖണ്ഡം 14(3)(എ)-യിലെ "സസ്പെന്റ് ചെയ്യുക" എന്നതിനുശേഷം "മരവിപ്പിക്കുക" എന്ന് ചേർക്കുക.

644-ാം നമ്പർ ഭേദഗതിയിൽ ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റി എന്ന് വിളിക്കപ്പെടുന്ന എന്ന വാക്ക് ചേർക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതായത് 2 (ബി)-യിൽ അതൊക്കെ നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. പക്ഷേ ഇവിടെ മാത്രം അത് വിട്ടുപോയി. വിട്ടുപോയത് ചേർക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

645. ഖണ്ഡം 14(1)-ൽ "അതോറിറ്റി" എന്ന വാക്കിനു മുൻപായി "ജില്ലാ" എന്ന വാക്ക് ചേർക്കുക.

669. ഖണ്ഡം 14(1)(എഫ്)-ൽ "പ്രൊഫഷണൽ" എന്നതിന് മുമ്പ് "അംഗീകൃത" എന്ന് ചേർക്കുക.

671. ഖണ്ഡം 14(1)(എഫ്)-ൽ "ജില്ലാ കളക്ടർ" എന്നതിനുപകരം "ചെയർ പേഴ്സൺ" എന്ന് ചേർക്കുക.

673. ഖണ്ഡം 14(1)(എഫ്)-ൽ "ഉദ്യോഗകാലയളവ് " എന്നതിനുപകരം "ഔദ്യോഗിക കാലാവധി" എന്ന് ചേർക്കുക.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

646. ഖണ്ഡം 14(1)(എ)-ൽ 'ചെയർപേഴ്സൺ' എന്ന വാക്കിനു മുൻപായി 'ചെയർമാൻ/' എന്ന വാക്കും ചിഹ്നവും ചേർക്കുക.

649. ഖണ്ഡം 14(1)(ബി)-ൽ "വൈസ്" എന്ന വാക്കിനു ശേഷം 'ചെയർമാൻ/' എന്ന വാക്കും ചിഹ്നവും ചേർക്കുക.

661. ഖണ്ഡം 14(1)(സി) താഴെപ്പറയും പ്രകാരം മാറ്റുക:

"(സി) ഓരോ ചികിത്സാ ശാഖയിലും സർക്കാർ സർവ്വീസിൽ ജില്ലാതലത്തിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ, നിർണ്ണയിക്കപ്പെടാവുന്ന ടേൺ അടിസ്ഥാനത്തിൽ ഓരോ വർഷക്കാലയളവിലേക്ക് അതോറിറ്റിയുടെ കൺവീനർ ആയിരിക്കേണ്ടതാണ്."

666. ഖണ്ഡം 14(1)(എഫ്) നീക്കം ചെയ്യുക.

681. ഖണ്ഡം 14(2)-ലെ 'ചെയർപേഴ്സൺ' എന്ന വാക്കിനു മുൻപായി 'ചെയർമാൻ/' എന്ന വാക്കും ചിഹ്നവും ചേർക്കുക.

683. ഖണ്ഡം 14(3)(എ)-യിൽ "ചെയ്യുക അല്ലെങ്കിൽ റദ്ദാക്കുക" എന്നീ വാക്കുകൾക്കു പകരം 'ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുവാൻ സംസ്ഥാന കൗൺസിലിനോട് ശിപാർശ ചെയ്യുക' എന്നീ വാക്കുകൾ ചേർക്കുക.

691. ഖണ്ഡം 14(3)(സി)-യിൽ "രജിസ്ട്രേഷൻ" എന്ന വാക്കിനു ശേഷം "താൽക്കാലികമായി" എന്ന വാക്ക് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

647. ഖണ്ഡം 14(i)(എ) താഴെപ്പറയും പ്രകാരം മാറ്റുക. "(എ) ജില്ലാ മെഡിക്കൽ ഓഫീസർ, എക്സ് ഒഫീഷ്യോ-ചെയർപേഴ്സൺ;"

650. ഖണ്ഡം 14(1)(ബി) താഴെപ്പറയും പ്രകാരം മാറ്റുക

"(ബി) ഡെപ്യൂട്ടി കളക്ടർ/അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്, എക്സ് ഒഫീഷ്യോ-വൈസ് ചെയർപേഴ്സൺ".

660. ഖണ്ഡം 14(1)(സി) താഴെപ്പറയും പ്രകാരം മാറ്റുക:

"(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജില്ല മെഡിക്കൽ ഓഫീസറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ, അദ്ദേഹം അതോറിറ്റിയുടെ കൺവീനർ ആയിരിക്കേണ്ടതാണ് ".

663. ഖണ്ഡം 14(1)(ഡി)-ൽ "മെഡിക്കൽ ഓഫീസർ" എന്നതിനുമുൻപ് "ഒരു സീനിയർ" എന്ന് ചേർക്കുക.

664. ഖണ്ഡം 14(1)(ഇ)-ൽ "മെഡിക്കൽ ഓഫീസർ" എന്നതിനു മുൻപ് "ഒരു സീനിയർ" എന്ന് ചേർക്കുക.

676. ഖണ്ഡം 14(1) (ജി) ആയി താഴെ പറയുന്നത് ചേർക്കുക:

"(ജി) മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസോസിയേഷന്റെ ഒരു പ്രതിനിധി"

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

652. ഖണ്ഡം 14(1)(സി)-ൽ "അസിസ്റ്റന്റ് ഡയറക്ടർ" എന്നീ വാക്കുകൾക്ക് മുൻപായി "ആരോഗ്യ വകുപ്പിലെ" എന്ന വാക്ക് ചേർക്കുക.

693. ഖണ്ഡം 14(4) ആയി പുതിയ ഉപഖണ്ഡം ചേർക്കുക.

"(4) അതോറിറ്റി എല്ലാ മാസവും യോഗം ചേരേണ്ടതും രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതുമാണ്."

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

653. ഖണ്ഡം 14(1)(സി)-ൽ "അസിസ്റ്റന്റ് ഡയറക്ടർ" എന്നതിന് മുൻപ് "ഹെൽത്ത് സർവീസിലെ" എന്ന് ചേർക്കുക.

670. ഖണ്ഡം 14(1)(എഫ്)-ൽ "ജില്ലാ കളക്ടർ" എന്നതിനു മുൻപ് "സർക്കാർ അനുമതിയോടുകൂടി" എന്ന് ചേർക്കുക.

692. ഖണ്ഡം 14(3)(ഡി)-യിൽ "രീതിയിലുള്ള" എന്ന വാക്കിനുപകരം "പ്രകാരമുള്ള" എന്ന വാക്ക് ചേർക്കുക.

670-ാം നമ്പർ ഭേദഗതിയിൽ 'സർക്കാർ അനുമതിയോടുകൂടി' എന്നീ വാക്കുകൾ ചേർക്കുന്നത് നല്ലതാണ്. ജില്ലാ കളക്ടർ നോമിനേറ്റ് ചെയ്യുന്നതിന് അതാത് കാലത്തെ സർക്കാരുകളുമായി ഒരു കൺകറൻസ് ഉണ്ടായിക്കോട്ടെ. ഇപ്പോൾ നിങ്ങളാണെങ്കിലും നാളെ ഞങ്ങളാകുമല്ലോ.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

654. ഖണ്ഡം 14(1)(സി)-ൽ "അസിസ്റ്റന്റ് ഡയറക്ടർ" എന്നതിനുപകരം "ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ" എന്ന് ചേർക്കുക.

680. ഖണ്ഡം 14(1)(ജി) ആയി താഴെ പറയുന്നത് ചേർക്കുക:

"(ജി) ഡിസ്ട്രിക്ട് ലാബ് ടെക്നീഷ്യൻ"

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയിൽ 'ആരോഗ്യ വകുപ്പിലെ' എന്ന് പറഞ്ഞിട്ടുണ്ട്. ആരോഗ്യ വകുപ്പ് എന്ന വകുപ്പ് ഇപ്പോഴില്ല. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പാണ് നിലവിലുള്ളത്. അതാണ് എന്റെ 654-ാം നമ്പർ ഭേദഗതി.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

656. ഖണ്ഡം 14(1)(സി)-ൽ "അസിസ്റ്റന്റ് ഡയറക്ടർ" എന്നീ വാക്കുകൾക്ക് പകരം "സിവിൽ സർജൻ (ഹയർ ഗ്രേഡ്)" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

657. ഖണ്ഡം 14(1)(സി)-ൽ "ഡയറ്കടർ" എന്ന വാക്കിന് പകരം "ഡയറക്ടർ" എന്ന വാക്ക് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

662. ഖണ്ഡം 14(1)(ഡി)-ൽ "ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിലെ" എന്നത് "ഇൻഡിജിനസ്സ് മെഡിസിനിലെ" എന്ന് മാറ്റുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

665. ഖണ്ഡം 14(1)(എഫ്) ആയി താഴെപ്പറയുന്നത് ചേർക്കുകയും നിലവിലുള്ള (എഫ്), (ജി) ആയി പുനഃക്രമീകരിക്കുകയും ചെയ്യുക:

"(എഫ്) സർക്കാർ നാമനിർദ്ദേശം നൽകുന്ന സിദ്ധ, യുനാനി വിഭാഗത്തിൽ നിന്നും ഒരു മെഡിക്കൽ ഓഫീസർ".

686. ഖണ്ഡം 14(3)(ബി)-ൽ, "വ്യവസ്ഥകൾ" എന്നതിനുശേഷം 'കൃത്യമായി' എന്ന് ചേർക്കുക.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

674. ഖണ്ഡം 14(1)(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എഫ്) ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ഒരു പ്രതിനിധി."

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

678. ഖണ്ഡം 14(1)(എഫ്)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:

"(ജി) ജില്ലയിലെ മെഡിക്കൽ സ്റ്റോറുകളുടെ സംഘടനയുടെ ഒരു പ്രതിനിധി."

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

687. ഖണ്ഡം 14(3)(സി)-ൽ "പെട്ടെന്നുള്ള അപകടം" എന്നത് "ആസന്ന വിപത്ത് " എന്ന് മാറ്റുക.

ശ്രീ. ജോർജ് എം. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

688. ഖണ്ഡം 14(3)(സി)-യിൽ, "പെട്ടെന്നുള്ള അപകടം സംഭവിക്കാൻ" എന്നതിന് പകരം "ഹാനികരമാകാൻ" എന്ന് ചേർക്കുക.

690. ഖണ്ഡം 14(3)(സി)-യിൽ "രജിസ്ട്രേഷൻ റദ്ദാക്കുക" എന്നീ വാക്കുകൾക്ക് പകരം "രജിസ്ട്രേഷൻ റദ്ദാക്കുകയും പ്രവർത്തനം നിർത്തലാക്കുകയും ചെയ്യുക " എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: 658-ാം നമ്പർ ഭേദഗതി 657-ാം നമ്പർ ഭേദഗതിക്ക് തുല്യവും 667-ാം നമ്പർ ഭേദഗതി 669-ാം നമ്പർ ഭേദഗതിക്ക് തുല്യവും 685-ാം നമ്പർ ഭേദഗതി 686-ാം നമ്പർ ഭേദഗതിക്ക് തുല്ല്യവുമാകയാൽ പ്രസ്തുത ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഞാൻ ഔദ്യോഗികമായി മൂവ് ചെയ്ത 643-ാം നമ്പർ ഭേദഗതിയോടൊപ്പം ബഹുമാനപ്പെട്ട പി. ടി. തോമസ് ചൂണ്ടിക്കാണിച്ചതുപോലെ 'ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിലെ' എന്ന് ചേർത്തുകൊണ്ട് അംഗീകരിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫിന്റെ 648-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

648. ഖണ്ഡം 14(1)(ബി)-ൽ "ജില്ലാ മെഡിക്കൽ ഓഫീസർ" എന്നതിന് ശേഷം "(ആധുനിക വൈദ്യശാസ്ത്രം)"എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 657-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 643, 648 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 657-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 644, 651, 682 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 645, 669, 671, 673 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 646, 649, 661, 666, 681, 683, 691 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 647, 650, 660, 663, 664, 676 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 652, 693 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 653, 670, 692 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 654, 680 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 656-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 662-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 665, 686 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി.ടി. ബൽറാം അവതരിപ്പിച്ച 674-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 678-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 687-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോർജ് എം. തോമസ് അവതരിപ്പിച്ച 688, 690 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനഞ്ചാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

694. ഖണ്ഡം 15(എ)-ൽ "അനുസൃതമായി സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന നിലവാരം" എന്നീ വാക്കുകൾക്കു പകരം "അനുസൃതമായ നിലവാരം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

698. ഖണ്ഡം 15 (എ)-ൽ "സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന" എന്നതിന് പകരം "ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

699. ഖണ്ഡം 15 (എ)-ൽ "സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന നിലവാരം" എന്നതിന് പകരം "സർക്കാർ വിജ്ഞാപനം ചെയ്യുന്ന നിലവാരം" എന്ന് ചേർക്കുക.

703. ഖണ്ഡം 15 (എ)-ൽ "ചെയ്തേക്കാവുന്ന" എന്നതിന് പകരം "ചെയ്യപ്പെടാവുന്ന" എന്ന് ചേർക്കുക.

724. ഖണ്ഡം 15 (ഇ)-ൽ "ചെയ്യപ്പെടാവുന്ന" എന്നതിനു പകരം "ചെയ്യുന്ന" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

704. ഖണ്ഡം 15 (എ)-ൽ "ചെയ്തേക്കാവുന്ന" എന്നതിന് പകരം "ചെയ്യുന്ന അടിസ്ഥാന" എന്ന് ചേർക്കുക.

723. ഖണ്ഡം 15 (ഇ)-ൽ "വിജ്ഞാപനം ചെയ്യപ്പെടാവുന്ന" എന്നീ വാക്കുകൾക്കുപകരം "വകുപ്പ് 13 (2) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

705. ഖണ്ഡം 15 (എ)-ൽ "ചെയ്തേക്കാവുന്ന നിലവാരം" എന്നതിന് പകരം "ചെയ്യപ്പെടാവുന്ന അടിസ്ഥാന നിലവാരം" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

706. ഖണ്ഡം 15 (ബി)-ൽ "മെഡിക്കലും" എന്ന വാക്കിന് മുൻപായി "ഒരു ക്ലിനിക്കൽ സ്ഥാപനത്തിലെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

707. ഖണ്ഡം 15 (ബി)-ൽ "മെഡിക്കലും പാരാമെഡിക്കലും" എന്നീ വാക്കുകൾക്ക് പകരം "ക്ലിനിക്കൽ സ്ഥാപനത്തിലെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

708. ഖണ്ഡം 15 (ബി)-ൽ "ജീവനക്കാർക്ക് " എന്നതിനുശേഷം "നിലവിലെ നിയമങ്ങൾക്ക് അനുസൃതമായി" എന്ന് ചേർക്കുക.

715. ഖണ്ഡം 15 (സി)-ൽ "പാലിക്കുമെന്ന് " എന്നതിന് ശേഷം "ക്ലിനിക്കൽ സ്ഥാപനങ്ങൾ" എന്ന് ചേർക്കുക.

716. ഖണ്ഡം 15 (ഡി)-ൽ "അങ്ങനെയുള്ള" എന്നതിനുപകരം "അവയ്ക്കനുവദിക്കപ്പെട്ട" എന്ന് ചേർക്കുക.

720. ഖണ്ഡം 15 (ഇ)-യുടെ പ്രാരംഭത്തിൽ "കേരള റേഡിയേഷൻ സുരക്ഷാ ഡയറക്ടറുടെ കീഴിലുള്ള കാര്യാലയം നിർദ്ദേശിക്കുന്ന തരത്തിലുള്ള" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

711. ഖണ്ഡം 15 (ബി)-ൽ "ഏറ്റവും കുറഞ്ഞ" എന്നതിന് പകരം "നിശ്ചിത" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

712. ഖണ്ഡം 15 (സി)-ൽ "അതതുസമയങ്ങളിൽ" എന്നതിന് പകരം "കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

713. ഖണ്ഡം 15 (സി)-ൽ "ഉത്തരവുകൾ" എന്നതിനുപകരം "വിജ്ഞാപനങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

714. ഖണ്ഡം 15 (സി)-ൽ "നിർബന്ധമായി പാലിക്കുമെന്ന് " എന്നതിന് പകരം "കർശനമായി പാലിക്കുമെന്ന് " എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

717. ഖണ്ഡം 15 (ഡി)-ൽ "വിവരങ്ങൾ" എന്നതിന് ശേഷം "കൗൺസിൽ മുഖേന" എന്ന വാക്കുകൾ ചേർക്കുക.

721. ഖണ്ഡം 15 (ഇ)-ൽ "മാർഗ്ഗങ്ങളുടെയും" എന്നതിനു ശേഷം "രോഗീ പരിചരണത്തിന്റെയും" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

718. ഖണ്ഡം 15 (ഡി)-ൽ "നൽകാമെന്ന് ഉറപ്പ് " എന്നീ വാക്കുകൾ നീക്കം ചെയ്യുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

722. ഖണ്ഡം 15 (ഇ)-ൽ "മാർഗ്ഗങ്ങളുടെയും വിജ്ഞാപനം" എന്നതിന് പകരം "മാർഗ്ഗങ്ങളുടെയും കൗൺസിൽ വിജ്ഞാപനം" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

725. ഖണ്ഡം 15 (എഫ്)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 695-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 700, 701 എന്നീ നമ്പർ ഭേദഗതികൾ 699-ാം നമ്പർ ഭേദഗതിക്ക് തുല്യവും 702-ാം നമ്പർ ഭേദഗതി 703-ാം നമ്പർ ഭേദഗതിക്ക് തുല്യവുമാകയാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 694-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 698-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 699, 703, 724 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 704, 723 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 705-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 706-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 707-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 708, 715, 716, 720 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 711-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 712-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 713-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 714-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 717, 721 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 718-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 722-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 725-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ഭേദഗതിചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതിചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാറാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

726. ഖണ്ഡം 16 (1)-ൽ "ആക്റ്റിലേയും" എന്ന വാക്കിന് പകരം "നിയമത്തിലേയും" എന്ന വാക്ക് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

727. ഖണ്ഡം 16 (1)-ൽ "ഉണ്ടാക്കപ്പെട്ടിട്ടുള്ള" എന്നതിനുപകരം "രൂപീകരിക്കപ്പെട്ടിട്ടുള്ള " എന്ന് ചേർക്കുക.

732. ഖണ്ഡം 16 (2)- ൽ "ഉണ്ടാക്കപ്പെട്ട" എന്നതിനുപകരം "രൂപീകരിക്കപ്പെട്ട" എന്ന് ചേർക്കുക.

ഉണ്ടാക്കപ്പെട്ടിട്ടുള്ള എന്ന പദത്തേക്കാൾ രൂപീകരിച്ച എന്ന പദം പറയുന്നത് ഭംഗിയായിരിക്കും.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

728. ഖണ്ഡം 16 (1)-ൽ "സ്ഥാപനങ്ങളും" എന്നതിനുശേഷം "അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ " എന്ന് ചേർക്കുക.

742. ഖണ്ഡം 16 (3)- ൽ "ബന്ധപ്പെട്ട അതോറിറ്റി" എന്നതിനു ശേഷം "ഒരു നിശ്ചിത കാലയളവിലേക്ക് " എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

729. ഖണ്ഡം 16 (1)-ൽ "ബന്ധപ്പെട്ട അതോറിറ്റിയിൽ" എന്ന വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട ജില്ലാ അതോറിറ്റിയിൽ " എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

730. ഖണ്ഡം 16 (1)-ൽ "അതോറിറ്റിയിൽ" എന്ന വാക്കിനു ശേഷം "ചട്ടം നിലവിൽ വന്ന് ആറുമാസത്തിനുള്ളിൽ" എന്നു ചേർക്കുക.

737. ഖണ്ഡം 16 (3)-ൽ "ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ" എന്നത് "ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് " എന്ന് മാറ്റുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

731. ഖണ്ഡം 16 (1)-ന് ശേഷം താഴെപറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക. "എന്നാൽ ഈ ആക്ടിലെ 2 (സി) പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ ഇപ്രകാരം അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല.".

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

734. ഖണ്ഡം 16 (2)- ൽ "യാതൊരാളും ഒരു ക്ലിനിക്കൽ സ്ഥാപനം" എന്നതിന് പകരം "യാതൊരാളിനും ഒരു ക്ലിനിക്കൽ സ്ഥാപനവും" എന്ന് ചേർക്കുക.

739. ഖണ്ഡം 16 (3)- ൽ "പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന" എന്ന വാക്കിനു മുൻപ് " നിലവിൽ " എന്ന വാക്ക് ചേർക്കുക.

757. ഖണ്ഡം 16 (6)-ൽ "വെവ്വേറെ" എന്ന വാക്കിന് പകരം "പ്രത്യേകം" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

735. ഖണ്ഡം 16 (2)- ൽ "സ്ഥാപനം" എന്ന വാക്കിന് ശേഷം " കേരളത്തിൽ " എന്ന വാക്ക് ചേർക്കുക.

748. ഖണ്ഡം 16(4)-ൽ " നിലവാരം ആർജ്ജിക്കേണ്ടതാണ് " എന്നതിനു പകരം "നിലവാരം ആർജ്ജിക്കേണ്ടതും സ്ഥിരം രജിസ്ട്രേഷൻ നേടേണ്ടതുമാണ്" എന്ന് ചേർക്കുക.

758. ഖണ്ഡം 16(6)-ൽ "വെവ്വേറെ" എന്ന വാക്കിന് പകരം "പ്രത്യേകം പ്രത്യേകം" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

736. ഖണ്ഡം 16 (2) താഴെപ്പറയുന്ന രീതിയിൽ മാറ്റുക.

"(2) ഈ ആക്ടിലെയും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി യഥാവിധി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത ക്ലിനിക്കൽ സ്ഥാപനം യാതൊരാളും നടത്തുവാൻ പാടുള്ളതല്ല."

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

740. ഖണ്ഡം 16 (3)-ൽ "എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട അതോറിറ്റി" എന്നത് "എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കും, ആക്ടിലെ 2 (സി) പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഒഴികെ, ബന്ധപ്പെട്ട അതോറിറ്റി" എന്ന് മാറ്റുക.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

744. ഖണ്ഡം 16(4)-ൽ " നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുള്ളിൽ" എന്നതിന് പകരം "രണ്ട് വർഷത്തിനുള്ളിൽ" എന്ന് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

745. ഖണ്ഡം 16(4)-ൽ " നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള " എന്നീ വാക്കുകൾക്ക് പകരം "രണ്ട് വർഷ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

751. ഖണ്ഡം 16(5)-ൽ " നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ" എന്ന വാക്കുകൾക്ക് പകരം "ആറ് മാസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

754. ഖണ്ഡം 16(5) താഴെപ്പറയും പ്രകാരം മാറ്റുക.

"(5) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു ശേഷം നിലവിൽ വരുന്ന എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും സ്ഥിരം രജിസ്ട്രേഷനു വേണ്ടി അപേക്ഷിക്കേണ്ടതും രജിസ്ട്രേഷൻ ലഭിക്കുന്നതിനു ശേഷം മാത്രം പ്രവർത്തനം ആരംഭിക്കുന്നതുമാണ് ".

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

755. ഖണ്ഡം 16(6)-ൽ "വ്യത്യസ്ത ചികിത്സാ വിഭാഗങ്ങളിൽ" എന്ന വാക്കുകൾക്ക് പകരം "വിവിധ ചികിത്സാ വിഭാഗങ്ങളിൽ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

760. ഖണ്ഡം 16(6)-ന്റെ ക്ലിപ്ത നിബന്ധനയിലെ " ആവശ്യമില്ല" എന്ന വാക്കിനും ചിഹ്നത്തിനും ശേഷം താഴെപ്പറയുന്നത് ചേർക്കുക. "പക്ഷേ, ഇപ്രകാരമുള്ള ഒരു ലബോറട്ടറിയോ ഒരു രോഗനിർണ്ണയ കേന്ദ്രമോ സംബന്ധിച്ച് രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ആയതിന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതുമാണ്. മാത്രമല്ല ഒരു ക്ലിനിക്കൽ സ്ഥാപനത്തിന്റെ ഭാഗമായി ഒന്നിൽ കൂടുതൽ ഇപ്രകാരമുള്ള കേന്ദ്രങ്ങൾ ഉള്ള പക്ഷം അവയ്ക്ക് പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ ചെയ്യേണ്ടതുമാണ്" .

മി.സ്പീക്കർ: 738-ാം നമ്പർ ഭേദഗതി 739-ാം നമ്പർ ഭേദഗതിക്ക് തുല്യവും 756-ാം നമ്പർ ഭേദഗതി 757-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 726-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 727, 732 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 728, 742 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 729-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 730, 737 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 731-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 734, 739, 757 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 735, 748, 758 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 736-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 740-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 744-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 745-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 751-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 754-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 755-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 760-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ.............................

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിനേഴാം വകുപ്പ്**

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

761. ഖണ്ഡം 17(1)-ൽ "ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പ്രവർത്തിക്കുന്ന" എന്നതിന് പകരം "ഈ ആക്ട് നിലവിൽ വരുന്ന തീയതിയിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

762. ഖണ്ഡം 17(1)-ൽ "ആക്റ്റിന്റെ പ്രാരംഭത്തിൽ" എന്നതിന് പകരം "ആക്ട് നിലവിൽ വരുന്നതിന് മുമ്പ്" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

764. ഖണ്ഡം 17(1)-ൽ "പ്രവർത്തിക്കുന്ന " എന്ന വാക്കിന് മുമ്പ് "നിലവിൽ" എന്ന വാക്ക് ചേർക്കുക.

766. ഖണ്ഡം 17(1)-ൽ "സ്ഥാപനവും" എന്നതിന് പകരം "സ്ഥാപനങ്ങളും" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

767. ഖണ്ഡം 17(1)-ൽ "ഫാറത്തിൽ" എന്നതിനു ശേഷം "ആറുമാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

777. ഖണ്ഡം 17(4)-ൽ "കണ്ടെത്തുന്ന പക്ഷം" എന്നീ വാക്കുകൾക്കു ശേഷം "രജിസ്ട്രേഷൻ അനുവദിച്ച അല്ലെങ്കിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

770. ഖണ്ഡം 17(3)-ൽ " നാൽപത്തിയഞ്ച് ദിവസങ്ങൾക്കകം" എന്നതിന് പകരം "മുപ്പത് ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

771. ഖണ്ഡം 17(3)-ൽ " നാൽപത്തിയഞ്ച് ദിവസങ്ങൾക്കകം" എന്നതിന് പകരം "60 ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

772. ഖണ്ഡം 17(3)-ൽ "താത്ക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് നല്കേണ്ടതും" എന്നതിന് പകരം "ഒരു താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് അപേക്ഷകന് നൽകേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

774. ഖണ്ഡം 17(3)-ൽ "അത്" എന്നതിനു പകരം"താൽക്കാലിക രജിസ്ട്രേഷൻ" എന്ന് ചേർക്കുക.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

775. ഖണ്ഡം 17(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) അതോറിറ്റി അപേക്ഷ ലഭിച്ച തീയതി മുതൽ നാൽപ്പത്തിയഞ്ച് ദിവസങ്ങൾക്കകം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അപ്രകാരമുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷന് നൽകേണ്ടതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

776. ഖണ്ഡം 17(3)-ന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ, രജിസ്ട്രേഷൻ നിരസിക്കുന്ന പക്ഷം പ്രസ്തുത കാരണം കാണിച്ചുകൊണ്ട് രേഖാമൂലം ബന്ധപ്പെട്ട ക്ലിനിക്കിന്റെ ഉടമയെ അറിയിക്കേണ്ടതാണ് "

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

780. ഖണ്ഡം 17(4) താഴെപ്പറയും പ്രകാരം മാറ്റുക.

"(4) (3)-ാം ഉപവകുപ്പ് പ്രകാരം താൽക്കാലിക രജിസ്ട്രേഷൻ ലഭ്യമാക്കിയത് നിയമാനുസൃതമല്ലെന്ന് കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതാണ്".

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

781. ഖണ്ഡം 17(4) താഴെപ്പറയും പ്രകാരം മാറ്റുക.

"(3)-ാം ഉപവകുപ്പു പ്രകാരം താൽക്കാലിക രജിസ്ട്രേഷനുള്ള അപേക്ഷ പ്രകാരം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ രജിസ്ട്രേഷൻ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യാതിരുന്ന ഉദ്യോഗസ്ഥന്റെ പേരിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പിഴ ചുമത്താവുന്നതാണ്".

783. ഖണ്ഡം 17(4)നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(5)(3)-ാം ഉപവകുപ്പു പ്രകാരം ലഭ്യമായ ഏതൊരു താൽക്കാലിക രജിസ്ട്രേഷനും, ആ ക്ലിനിക്കൽ സ്ഥാപനത്തിന് ഇപ്രകാരമുള്ള രജിസ്ട്രേഷന് അർഹതയില്ലായെന്ന് അതോറിറ്റിയ്ക്കോ കൗൺസിലിനോ ബോധ്യമാകുന്നപക്ഷം അവർക്ക് പറയുവാനുള്ളത് പറയുവാൻ ഉള്ള ഒരവസരം നൽകിയതിനു ശേഷം റദ്ദ് ചെയ്യാവുന്നതാണ്".

781-ാം നമ്പർ ഭേദഗതിയിൽ താൽക്കാലിക രജിസ്ട്രേഷൻ സമയ ബന്ധിതമായി കൊടുക്കാത്ത ഉദ്യോഗസ്ഥനെതിരെ ഫൈൻ ചുമത്തണമെന്നാണ് ആവശ്യപ്പെടുന്നത്. 783-ാം നമ്പർ ഭേദഗതിയിൽ താൽക്കാലിക രജിസ്ട്രേഷൻ ഏതെങ്കിലും കാരണവശാൽ റദ്ദാക്കപ്പെട്ടിട്ടുണ്ടെങ്കിൽ കൗൺസിലിന് ബോധ്യമാകുന്ന സംഗതിയിൽ ഈ രണ്ടു വർഷക്കാലയളവിനുള്ളിൽ താൽക്കാലിക രജിസ്ട്രേഷൻ റദ്ദുചെയ്ത് സ്ഥാപനത്തിന്റെ പ്രവർത്തനം തടയുന്നതിന് ബില്ലിൽ വ്യവസ്ഥയുണ്ടാകണം, അത് ഇതിലില്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

782. ഖണ്ഡം 17(4)ന്റെ ക്ലിപ്ത നിബന്ധനയായി താഴെപറയുന്നത് ചേർക്കുക

"എന്നാൽ, ഇപ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന് മുൻപ് പ്രസ്തുത ഉദ്യോഗസ്ഥന് പറയാനുള്ള ഒരവസരം നൽകേണ്ടതാണ്".

<u>മി.സ്പീക്കർ</u>: 765-ാം നമ്പർ ഭേദഗതി 766-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)</u>: സർ, ശ്രീ. എ. കെ. ശശീന്ദ്രന്റെ 763, 779 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

763. ഖണ്ഡം 17(1)-ൽ " പ്രാരംഭത്തിൽ" എന്ന വാക്കിനുപകരം "പ്രാരംഭതീയതിയിൽ " എന്ന് ചേർക്കുക.

779. ഖണ്ഡം 17(4)-ൽ "ചെയ്യാതിരുന്ന" എന്നതിന് പകരം "ചെയ്യതിന് കാരണക്കാരനായ" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 763, 779 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 761-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 762-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 764, 766 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 767, 777 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 770-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 771-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 772-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 774-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 775-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 776-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 780-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 781, 783 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പള്ളിൽ അവതരിപ്പിച്ച 782-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനെട്ടാം വകുപ്പ്

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

784. ഖണ്ഡം 18-ൽ "രണ്ട് വർഷക്കാലം" എന്നതിന് പകരം "ആറുമാസക്കാലം " എന്നു ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

785. ഖണ്ഡം 18-ൽ "രണ്ട് വർഷക്കാലം" എന്നതിന് പകരം "ഒരു വർഷക്കാലം " എന്നു ചേർക്കുക.

മി. സ്പീക്കർ: 786-ാം നമ്പർ ഭേദഗതി 785-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 784-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 785-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പത്തൊൻപതാം വകുപ്പ്

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

789. ഖണ്ഡം 19(1)-ൽ "നിർണ്ണയിക്കപ്പെട്ടിട്ടുള്ള" എന്നതിനുശേഷം "എല്ലാ രീതിയിലുമുള്ള" എന്ന് ചേർക്കുക.

800. ഖണ്ഡം 19(4)-ൽ "ക്ലിനിക്കൽ സ്ഥാപനം" എന്നതിനു ശേഷം "നിർബന്ധമായും" എന്ന വാക്ക് ചേർക്കുക.

811. ഖണ്ഡം 19(7)-ൽ "അപേക്ഷകനെ" എന്ന വാക്കിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

815. ഖണ്ഡം 19(8)-ൽ "അസ്സസ്സർമാർ വഴി" എന്നതിനു ശേഷം "ക്ലിനിക്കൽ സ്ഥാപനം നൽകിയ തെളിവിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ നേരിട്ടെത്തിയുള്ള" എന്ന് ചേർക്കുക.

821. ഖണ്ഡം 19(9)-ൽ "അപേക്ഷകനെ" എന്ന വാക്കിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

791. ഖണ്ഡം 19(1)-ൽ "തെളിവ്" എന്നതിന് പകരം "തെളിവുകൾ" എന്ന് ചേർക്കുക.

802. ഖണ്ഡം 19(4)-ൽ "പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടതാണ്" എന്നതിന് പകരം "ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന പരിശോധിക്കേണ്ടതാണ്" എന്ന് ചേർക്കുക.

809. ഖണ്ഡം 19(7)-ൽ "അതിന്റെ ഉദ്ദേശ്യം അതിനുള്ള കാരണങ്ങൾ" എന്നതിനു പകരം "കാര്യകാരണങ്ങൾ" എന്ന വാക്ക് ചേർക്കുക.

829. ഖണ്ഡം 19(11)-ൽ "സൂക്ഷിക്കുന്നുണ്ടെന്ന്" എന്നതിനു പകരം "പാലിക്കുന്നുണ്ടെന്ന്" ചേർക്കുക.

834. ഖണ്ഡം 19(11)-ൽ "പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യേണ്ടതും" എന്നതിന് പകരം "ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും" എന്ന വാക്കുകൾ ചേർക്കുക.

840. ഖണ്ഡം 19(12)-ൽ "ഒരു പാനൽ," എന്നതിനു ശേഷം "സർക്കാർ അനുമതിയോടു കൂടി" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

794. ഖണ്ഡം 19(2)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ, ഒരു ക്ലിനിക്കൽ സ്ഥാപനത്തിന്റെ താൽക്കാലിക രജിസ്ട്രേഷൻ ഏതെങ്കിലും കാരണവശാൽ സസ്പെന്റ് ചെയ്തിരിക്കുകയോ റദ്ദ് ചെയ്തിരിക്കുകയോ ആണെങ്കിൽ സസ്പെൻഷൻ കാലാവധി തീരുന്ന മുറയ്ക്കോ റദ്ദ് ചെയ്ത ഉത്തരവ് പിൻവലിക്കുന്ന മുറയ്ക്കോ മാത്രമേ സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കാൻ പാടുള്ളൂ."

826. ഖണ്ഡം 19(10)-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന കൂടി ചേർക്കുക:

"എന്നാൽ, ഇപ്രകാരമുള്ള പുതിയ അപേക്ഷ ആദ്യ അപേക്ഷ നിരസിച്ച തീയതി മുതൽ മൂന്ന് മാസക്കാലയളവിനുള്ളിൽ സമർപ്പിക്കാൻ പാടില്ലാത്തതുമാണ്."

837. ഖണ്ഡം 19(11)-നു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനത്തെക്കുറിച്ചുള്ള പരാതികളിന്മേൽ ആവശ്യമെങ്കിൽ പരിശോധനകളോ പരിശോധിപ്പി ക്കലോ നടത്തുക".

846.ഖണ്ഡം 19(14)-ൽ

(i) "ക്ലിനിക്കൽ" എന്നതിനു മുമ്പിലായി "താത്ക്കാലിക രജിസ്ട്രേഷനുള്ള" എന്ന് ചേർക്കുക.

(ii)"താത്കാലികമോ സ്ഥിരമോ" എന്നതിനു പകരം "താത്കാലികമായ" എന്ന് ചേർക്കുക.

850. ഖണ്ഡം 19(14)-ന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക:

"(15) സ്ഥിരം രജിസ്ട്രേഷനുള്ള ഒരു ക്ലിനിക്കൽ സ്ഥാപനം, നിർണ്ണയിക്കപ്പെട്ട നിലവാരം നിലനിർത്തിപ്പോരാത്ത സംഗതിയിൽ, അതിന്റെ സ്ഥിരമായ രജിസ്ട്രേഷൻ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ റദ്ദാക്കുന്നതിനുള്ള നടപടികൾ അതോറിറ്റി സ്വീകരിക്കേണ്ടതാണ്."

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

797. ഖണ്ഡം 19(3)-ൽ "പ്രസിദ്ധീകരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "പ്രസിദ്ധീകരിക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

798. ഖണ്ഡം 19(3)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

(4) ഒരു ക്ലിനിക്കൽ സ്ഥാപനത്തിനുള്ളിലോ അനുബന്ധിച്ചോ ഒന്നിലധികം ഇനത്തിലും തരത്തിലുമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ, അങ്ങനെയുള്ള ഓരോ സ്ഥാപനത്തിനും ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ ഉണ്ടായിരിക്കേണ്ടതും പ്രത്യേകം രജിസ്ട്രേഷനുകൾ നേടിയിരിക്കേണ്ടതുമാണ്.

799. ഖണ്ഡം 19(4)-ൽ "മുൻപായി" എന്ന വാക്കിനുശേഷം "അങ്ങനെയുള്ള ആവശ്യങ്ങൾക്കായി അതോറിറ്റി ചുമതലപ്പെടുത്തിയ സമിതി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

801. ഖണ്ഡം 19(4)-ൽ "സ്ഥാപനം" എന്നതിനു പകരം "സ്ഥാപനത്തിന്റെ ഭൗതിക സംവിധാനം" എന്ന് ചേർക്കുക.

836. ഖണ്ഡം 19(11)-ൽ "പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്" എന്നതിനു പകരം "പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

841. ഖണ്ഡം 19(13)-ൽ വരുന്ന "നിന്നോ അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി സർക്കാർ അംഗീകരിച്ച മറ്റേതെങ്കിലും നികായത്തിൽ" എന്ന ഭാഗം ഒഴിവാക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

804. ഖണ്ഡം 19(5)-ൽ "പുലർത്തിയാൽ മാത്രം" എന്നതിന് പകരം "പുലർത്തുന്നുവെന്ന് ഉറപ്പാക്കിയശേഷം മാത്രം" എന്ന് ചേർക്കുക.

819. ഖണ്ഡം 19(9)-ൽ "മുപ്പത് ദിവസത്തിനകം " എന്നതിന് പകരം "അഞ്ച് പ്രവൃത്തി ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

807. ഖണ്ഡം 19(6)-ൽ;

(i) "അറുപത് ദിവസത്തിനകം" എന്നതിന് ശേഷം "ഉചിതമായ സ്ഥാപന പരിശോധനകൾക്ക് ശേഷം" എന്ന് ചേർക്കുക.

(ii) "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

(iii) " നൽകേണ്ടതും ഈ കാലയളവിനുള്ളിൽ രജിസ്ട്രേഷൻ നിരസിക്കുകയോ അനുവദിക്കുകയോ ചെയ്യാത്ത പക്ഷം അത് അനുവദിച്ചതായി കരുതപ്പെടുന്നതാണ്" എന്നത് "നൽകേണ്ടതും ക്ലിനിക്കൽ സ്ഥാപനം നിശ്ചിത മാനദണ്ഡം പുലർത്തുന്നില്ലെന്ന് ബോധ്യപ്പെട്ടാൽ അങ്ങനെയുള്ള അപേക്ഷകൾ നിരസിക്കേണ്ടതുമാണ്" എന്നു മാറ്റുക.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

810. ഖണ്ഡം 19(7)-ൽ "അതിനുള്ള കാരണങ്ങൾ സഹിതം" എന്നതിന് ശേഷം "മുപ്പത് ദിവസത്തിനകം" എന്ന് ചേർക്കുക

839. ഖണ്ഡം 19(12)-ൽ "സ്വതന്ത്ര അസ്സസ്സർമാരുടെ ഒരു പാനൽ" എന്നതിനു പകരം "മൂന്നുവർഷ കാലാവധിയുള്ള സ്വതന്ത്ര അസ്സസ്സർമാരുടെ ഒരു പാനൽ" എന്ന് ചേർക്കുക.

സ്വതന്ത്ര അസ്സസ്സർമാരുടെ ഒരു പാനൽ എന്നതിനുപകരം മൂന്ന് വർഷം കാലാവധിയുള്ള സ്വതന്ത്ര അസ്സസ്സർമാരുടെ എന്നാക്കണം. കാലാവധിയില്ലെങ്കിൽ അത് ഏത് സമയത്തും പോകാവുന്നതാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

817. ഖണ്ഡം 19(8)-ൽ " തെളിവിന്റെ ഒരു പുനഃപരിശോധനയ്ക്കും" എന്നതിനു പകരം "ക്ലിനിക്കൽ സ്ഥാപനം നേരിട്ട് പരിശോധിച്ചതിനും" എന്ന് ചേർക്കുക.

848. ഖണ്ഡം 19(14)-ൽ "റദ്ദാക്കുന്നതിനുള്ള" എന്നതിന് പകരം "സസ്പെന്റ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

824. ഖണ്ഡം 19(10)-ൽ "ഒരു അപേക്ഷ നിരസിച്ച" എന്നതിന് പകരം "അപേക്ഷ ഒരിക്കൽ നിരസിച്ച എന്നത്" എന്ന് ചേർക്കുക.

825. ഖണ്ഡം 19(10)-ൽ "രജിസ്ട്രേഷനുവേണ്ടി പുതുതായി അപേക്ഷിക്കുന്നതിന്" എന്നതിന് പകരം "രജിസ്ട്രേഷനുവേണ്ടി പുതുതായി ഒരു മാസത്തിനുള്ളിൽ അപേക്ഷിക്കുന്നതിന്" എന്ന് ചേർക്കുക.

827. ഖണ്ഡം 19(11)-ൽ "നിർണ്ണയിക്കപ്പെട്ടിട്ടുള്ള നിലവാരം" എന്ന് കാണപ്പെടുന്ന ഇടങ്ങളിൽ "നിലവാരം" എന്ന് ചേർക്കുക.

828. ഖണ്ഡം 19(11)-ൽ "സൂക്ഷിക്കുന്നുണ്ടെന്ന് " എന്ന വാക്കിനു പകരം "പുലർത്തുന്നുണ്ടെന്ന് " ചേർക്കുക.

830. ഖണ്ഡം 19(11)-ൽ "സ്ഥാപനവും" എന്ന വാക്കിനു ശേഷം "ഏറ്റവും" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

844. ഖണ്ഡം 19(13) താഴെപറയും പ്രകാരം മാറ്റുക:

"(13) ആശുപത്രികൾക്ക് വേണ്ടിയുള്ള നാഷണൽ അക്രെഡിറ്റേഷൻ ബോർഡിൽ നിന്നോ ലാബോറട്ടറികൾക്ക് വേണ്ടിയുള്ള നാഷണൽ അക്രെഡിറ്റേഷൻ ബോർഡിൽ നിന്നോ അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി സർക്കാർ അംഗീകരിച്ച മറ്റേതെങ്കിലും നികായത്തിൽ നിന്നോ അക്രെഡിറ്റേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച സ്ഥാപനങ്ങളെയും കൗൺസിലിന്റെ അസ്സസ്സർമാർ പരിശോധന നടത്തേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്."

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

847. ഖണ്ഡം 19(14)-ൽ "നിർണ്ണയിക്കപ്പെട്ട" എന്ന വാക്കിനു ശേഷം "അടിസ്ഥാന" എന്ന വാക്ക് ചേർക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

849. ഖണ്ഡം 19(14)-ൽ "അതോറിറ്റി സ്വീകരിക്കേണ്ടതാണ്" എന്നതിന് പകരം "സ്വീകരിക്കേണ്ടതും സ്ഥാപനം തുടർന്ന് പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 812-ാം നമ്പർ ഭേദഗതി 811-ാം നമ്പർ ഭേദഗതിക്ക് തുല്യം, 822-ാം നമ്പർ ഭേദഗതി 821-ാം നമ്പർ ഭേദഗതിക്ക് തുല്യം, 831, 833 എന്നീ നമ്പർ ഭേദഗതികൾ 832-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 829-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 829-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 789, 800, 811, 815, 821 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 791, 802, 809, 834, 840 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 794, 826, 837, 846, 850 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 797-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 798, 799 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 801, 836, 841 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 804, 819 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 807-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 810, 839 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 817, 848 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 824, 825, 827, 828, 830 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 844-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 847-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 849-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ.............................

ഭേദഗതിചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപതാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

851. ഖണ്ഡം 20-ൽ " സ്ഥിരം രജിസ്ട്രേഷന്" എന്നീ വാക്കുകൾക്കു ശേഷം "19-ാം വകുപ്പ് (14)-ാം ഉപവകുപ്പ് പ്രകാരം റദ്ദ് ചെയ്യപ്പെടാത്ത സംഗതികളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

852. ഖണ്ഡം 20-ൽ " മൂന്ന്" എന്നത് "നാല്" എന്ന് മാറ്റുക.

853. ഖണ്ഡം 20-ൽ " മൂന്ന്" എന്നത് "അഞ്ച്" എന്ന് മാറ്റുക.

854. ഖണ്ഡം 20-ൽ " ഫീസ് ഒടുക്കിക്കൊണ്ട്" എന്നതിനു പകരം "നിശ്ചിത ഫീസ് ഒടുക്കിക്കൊണ്ട്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 851-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 852, 853, 854 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ.............................

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊന്നാം വകുപ്പ്

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

855. ഖണ്ഡം 21-ൽ " അറുപത് " എന്നത് "മുപ്പത് " എന്ന് മാറ്റുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

857. ഖണ്ഡം 21-ൽ " അങ്ങനെയുള്ള തീയതി അവസാനിച്ച " എന്നതിന് പകരം "അതിന്" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

858. ഖണ്ഡം 21-ൽ " അവസാനിച്ച ശേഷം" എന്നീ വാക്കുകൾക്ക് ശേഷം "മൂന്ന് മാസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

859. ഖണ്ഡം 21-ൽ " വർദ്ധിപ്പിച്ച" എന്ന വാക്കിന് പകരം "പിഴ സഹിതമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

വർദ്ധിപ്പിച്ച ഫീസ് എന്നതിനു പകരം പിഴ സഹിതമുള്ള ഫീസ് എന്നതാണ് ഉചിതം. കൃത്യസമയത്ത് അപ്പീൽ ചെയ്യാതെ ഡിലേ ആക്കിയിട്ട് അപ്പീൽ ചെയ്യുമ്പോൾ സ്വാഭാവികമായും അതിന് പിഴ ചുമത്തുന്നുണ്ട്, അത് വർദ്ധിപ്പിച്ച ഫീസല്ല, പിഴയടക്കമുള്ള ഫീസാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

860. ഖണ്ഡം 21-ൽ "അനുവദിക്കാവുന്നതുമാണ്" എന്നതിന് പകരം "സ്വീകരിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വർദ്ധിപ്പിച്ച ഫീസ് എന്നു പറഞ്ഞാൽ പിഴയടക്കമുള്ള ഫീസാണ്. അത് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 855-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 857-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 858-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 859-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 860-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

861. ഖണ്ഡം 22-ൽ "ഫാറത്തിൽ" എന്നതിനു പകരം "ഫാറത്തിലും സമയപരിധിയ്ക്കുള്ളിലും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 861-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ..............................

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിമൂന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

862. ഖണ്ഡം 23 (1)-ൽ "ഫാറത്തിൽ" എന്ന വാക്കിനുപകരം"ഫാറത്തിലും സമയപരിധിയ്ക്കുള്ളിലും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

863. ഖണ്ഡം 23 (2) ഒഴിവാക്കുക.

മി. സ്പീക്കർ: 864, 865 എന്നീ നമ്പർ ഭേദഗതികൾ 863-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 862-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 863 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിനാലാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

866. ഖണ്ഡം 24(2)-ൽ " സ്ഥിതിചെയ്യുന്ന" എന്നതിന് ശേഷം " സ്ഥാനത്തിനോ" എന്ന് ചേർക്കുക.

867. ഖണ്ഡം 24 (2)-ൽ " മാറ്റം വരികയോ" എന്നതിന് പകരം " മാറ്റം വന്നാൽ" എന്ന് ചേർക്കുക.

868. ഖണ്ഡം 24 (2)-ൽ

(i) " അല്ലെങ്കിൽ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്ന സംഗതിയിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

(ii) താഴെപ്പറയുന്നത് ക്ലിപ്തനിബന്ധന ചേർക്കുക. " എന്നാൽ, പ്രവർത്തനം അവസാനിപ്പിക്കുന്ന സംഗതിയിൽ വിവരം അതോറിറ്റിയെ അറിയിക്കുന്നതാണ്" .

870. ഖണ്ഡം 24 (2)-ൽ " മുപ്പത് ദിവസത്തിനകം" എന്ന വാക്കുകൾക്ക് പകരം " അടിയന്തിരമായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

869. ഖണ്ഡം 24 (2)-ൽ "സർട്ടിഫിക്കറ്റ്" എന്നതിന് ശേഷം "അതതു സംഗതി പോലെ അങ്ങനെയുള്ള തീയതി മുതൽ" എന്നു ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

872. ഖണ്ഡം 24 (2)-ൽ "മുപ്പത്" എന്നത് "പതിനഞ്ച്" എന്ന് മാറ്റുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

875. ഖണ്ഡം 24 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ " 30 ദിവസത്തിനകം" എന്നത് " അറുപത് ദിവസത്തിനകം" എന്ന് മാറ്റുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

877. ഖണ്ഡം 24 (4)-ൽ "അതോറിറ്റിയെ അറിയിക്കേണ്ടതും" എന്നത് "അതോറിറ്റിയെ രേഖാമൂലം അറിയിക്കേണ്ടതും" എന്ന് മാറ്റുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

878. ഖണ്ഡം 24 (4)-ൽ മൂന്നാം വരിയിൽ " സേവനങ്ങൾ" എന്ന വാക്കിനു പകരം " സേവനങ്ങൾക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നിലവാരമുണ്ടായിരിക്കേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

882. ഖണ്ഡം 24 (4)-ന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

" എന്നാൽ, പുതിയതായി ആരംഭിച്ച സേവനങ്ങൾക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നിലവാരമില്ലായെന്ന് ബോധ്യമാകുന്ന സംഗതികളിൽ ഇപ്രകാരമുള്ള സേവനങ്ങൾ നൽകുന്നത് അവസാനിപ്പിക്കേണ്ടതുമാണ്."

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, ശ്രീ. എ. കെ. ശശീന്ദ്രന്റെ 876, 879 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

876. ഖണ്ഡം 24 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ " 30" എന്ന അക്കങ്ങൾക്ക് പകരം " മുപ്പത് " എന്ന വാക്ക് ചേർക്കേണ്ടതാണ്.

879. ഖണ്ഡം 24 (4)-ൽ " 30" എന്ന അക്കത്തിനു പകരം " മുപ്പത്" എന്ന വാക്ക് ചേർക്കുക.

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 876, 879 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അതരിപ്പിച്ച 866, 867, 868, 870 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 869-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അതരിപ്പിച്ച 872-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 875-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, "അതോറിറ്റിയെ അറിയിക്കേണ്ടതും" എന്നതിനുപകരം "അതോറിറ്റിയെ രേഖാമൂലം അറിയിക്കേണ്ടതും" എന്ന എന്റെ 877-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. പാറക്കൽ അബ്ദുല്ല
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. അൻവർ സാദത്ത്
8. ശ്രീ. വി. ടി. ബൽറാം
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. കെ. എൻ. എ. ഖാദർ
13. ശ്രീ. കെ. മുരളീധരൻ
14. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
15. ശ്രീ. രമേശ് ചെന്നിത്തല
16. ശ്രീ. റോജി എം. ജോൺ
17. ശ്രീ. കെ. എസ്. ശബരീനാഥൻ
18. ശ്രീ. വി. പി. സജീന്ദ്രൻ
19. ശ്രീ. എൻ. ഷംസുദ്ദീൻ
20. ശ്രീ. വി. എസ്. ശിവകുമാർ
21. ശ്രീ. സണ്ണി ജോസഫ്
22. ശ്രീ. പി. ടി. തോമസ്
23. ശ്രീ. എം. ഉമ്മർ
24. ശ്രീ. എം. വിൻസെന്റ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. എ. എം. ആരിഫ്
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ജോർജ് എം. തോമസ്
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ശ്രീ. വി. ജോയി
22. ശ്രീ. ഒ. ആർ. കേളു
23. ശ്രീ. സി. കൃഷ്ണൻ

24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. കെ. ജെ. മാക്സി
28. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
29. ശ്രീ. എ. സി. മൊയ്തീൻ
30. ശ്രീ. മുഹമ്മദ് മുഹസിൻ പി.
31. ശ്രീ. ഡി. കെ. മുരളി
32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. സി. കെ. നാണു
34. ശ്രീ. എം. നൗഷാദ്
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ ഹരി
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എം. രാജഗോപാലൻ
42. ശ്രീ. കെ. രാജൻ
43. ശ്രീ. എസ്. രാജേന്ദ്രൻ
44. ശ്രീ. ആർ. രാജേഷ്
45. ശ്രീ. റ്റി. വി. രാജേഷ്
46. ശ്രീ. ആർ. രാമചന്ദ്രൻ
47. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

48. പ്രൊഫ. സി. രവീന്ദ്രനാഥ്
49. ശ്രീ. എസ്. ശർമ്മ
50. ശ്രീ. കാരാട്ട് റസാഖ്
51. ശ്രീ. സി. കെ. ശശീന്ദ്രൻ
52. ശ്രീ. പി. കെ. ശശി
53. ശ്രീ. വി. ശശി
54. ശ്രീ. ബി. സത്യൻ
55. ശ്രീ. എ. എൻ. ഷംസീർ
56. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
57. ശ്രീ. ജി. സുധാകരൻ
58. ശ്രീ. വി. എസ്. സുനിൽ കുമാർ
59. ശ്രീ. വി. ആർ. സുനിൽ കുമാർ
60. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
61. ശ്രീ. കെ. സുരേഷ് കുറുപ്പ്
62. ശ്രീ. എം. സ്വരാജ്
63. ശ്രീ. പി. തിലോത്തമൻ
64. ശ്രീ. പി. ഉണ്ണി
65. ശ്രീമതി വീണാ ജോർജ്ജ്
66. ശ്രീ. ഇ. കെ. വിജയൻ
67. ശ്രീ. പിണറായി വിജയൻ
68. ശ്രീ. എൻ. വിജയൻ പിള്ള

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 24 |
| പ്രതികൂലിക്കുന്നവർ | - | 68 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 877-ാം നമ്പർ ഭേദഗതി 24-നെതിരെ 68 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 878, 882 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഇരുപത്തി അഞ്ചാം വകുപ്പ്**

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

883. ഖണ്ഡം 25(1)(എ)-ൽ " ഉപാധികൾ" എന്ന വാക്കിന് ശേഷം "എല്ലാം കൃത്യമായി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

885. ഖണ്ഡം 25(1)(ബി) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുക.

"(ബി) ഖണ്ഡം 26 പ്രകാരം 5 ലക്ഷം രൂപവരെയാകാവുന്ന പിഴ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്തിട്ടുണ്ടെന്നോ; അല്ലെങ്കിൽ"

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

886. ഖണ്ഡം 25(1)(ബി)-യിൽ "പരിചരണം" എന്നതിന് പകരം "സേവനം" എന്ന് ചേർക്കുക.

901. ഖണ്ഡം 25(2)-ലെ "പറയുവാനുള്ളത് പറയുവാൻ" എന്നതിന് പകരം "കാരണം കാണിക്കുന്നതിന് " എന്ന് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

887. ഖണ്ഡം 25(1)(ബി)-ൽ "പരിചരണം" എന്നതിന് പകരം "ചികിത്സ" എന്ന് ചേർക്കുക.

906. ഖണ്ഡം 25(3)(i)-ൽ "കാലഹരണാവധി" എന്ന വാക്കിനു പകരം "കാലാവധി" എന്ന വാക്ക് ചേർക്കുക.

909. ഖണ്ഡം 25(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "പക് ഷം" എന്നതിനു പകരം "പക്ഷം" എന്ന് ചേർക്കുക.

911. ഖണ്ഡം 25(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "എഴുതി രേഖപ്പെടുത്തിയ" എന്നതിന് പകരം "രേഖാമൂലമുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

888. ഖണ്ഡം 25(1)(ബി)യിൽ "ആളുകളുടെ" എന്നതിന് പകരം "രോഗികളുടെ" എന്ന് ചേർക്കുക.

890. ഖണ്ഡം 25(1)(ബി)-ൽ "ആ ക്ലിനിക്കൽ സ്ഥാപനം" എന്നതിന് പകരം "പ്രസ്തുത ക്ലിനിക്കൽ സ്ഥാപനം" എന്ന് ചേർക്കുക.

25 (1) (ബി)-ൽ "ആ ക്ലിനിക്കൽ സ്ഥാപനം" എന്ന് പറയുന്നതിന് പകരം "പ്രസ്തുത ക്ലിനിക്കൽ സ്ഥാപനം" എന്ന് പറയുന്നതായിരിക്കും അതിന്റെ ക്രമമായ രീതി.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

889. ഖണ്ഡം 25(1)(ബി)-യിൽ "ആരോഗ്യത്തിന് ദോഷകരമായ" എന്നതിന് പകരം "ആരോഗ്യത്തിന് ഹാനികരമായ" എന്ന് ചേർക്കുക.

"ആരോഗ്യത്തിന് ദോഷകരമായ" എന്നുള്ളതിനേക്കാൾ "ആരോഗ്യത്തിന് ഹാനികരമായ"എന്ന് ചേർക്കുന്നതാണ് നല്ലത്. ഹാനി എന്നുപറഞ്ഞാൽ പോയി എന്നാണ്. ഇതിൽ ഹാനികരമാണ് ശരിക്കുള്ള വാക്ക്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

891. ഖണ്ഡം 25(1)(ബി)-ൽ "ബോധപൂർവ്വമോ" എന്നതിന് പകരം "ബോധപൂർവ്വമായോ" എന്ന് ചേർക്കുക.

ശ്രീ. റോജി. എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

892. ഖണ്ഡം 25(1)(ബി)-ൽ "ബോധപൂർവ്വമോ അശ്രദ്ധമായോ" എന്നതിന് പകരം "ബോധപൂർവ്വവും അശ്രദ്ധമായും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

893. ഖണ്ഡം 25 (1) (ബി)-യ്ക്കു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(സി) ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനമോ അതിന്റെ ഭാഗമായിട്ടുള്ള ഒരു ലബോറട്ടറിയോ ഒരു രോഗനിർണ്ണയ കേന്ദ്രമോ ശരിയായ മാലിന്യ സംസ്കരണത്തിന്റെ അഭാവത്താലോ മറ്റെന്തെങ്കിലും കാരണത്താലോ പൊതുജനാരോഗ്യത്തിന് ഹാനികരമായ രീതിയിൽ പ്രവർത്തിക്കുന്നുവെന്നോ;"

894. ഖണ്ഡം 25(1)-ൽ "കൗൺസിലിനോ" എന്നതിനു ശേഷം "സർക്കാരിനോ" എന്ന് ചേർക്കുക.

912. ഖണ്ഡം 25(3)-ന്റെ ക്ലിപ്തനിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂടി ചേർക്കുക.

"എന്നു മാത്രമല്ല, രജിസ്ട്രേഷൻ റദ്ദാക്കിയതിനു ശേഷം, അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനത്തിൽ ചികിത്സയിൽ കഴിയുന്ന, ആരോഗ്യത്തിനും സുരക്ഷയ്ക്കും ഉടൻ അപകടം സംഭവിക്കുവാൻ സാദ്ധ്യതയുള്ള രോഗികളെ ഏറ്റവും അടുത്തുള്ള ക്ലിനിക്കൽ സ്ഥാപനത്തിലേയ്ക്ക് മാറ്റേണ്ടത് രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ട സ്ഥാപനത്തിന്റെ ചുമതലയായിരിക്കുന്നതുമാണ്."

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

895. ഖണ്ഡം 25(1)-ൽ "കാരണം ഉണ്ടെങ്കിൽ കാണിക്കണമെന്നുള്ള" എന്നതിന് പകരം "കാരണം കാണിക്കണമെന്നുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

897. ഖണ്ഡം 25(1)-ൽ "കാരണം ഉണ്ടെങ്കിൽ കാണിക്കണമെന്നുള്ള" എന്നതിനു പകരം "കാരണം ഉണ്ടെങ്കിൽ ആയത് പതിനഞ്ച് ദിവസത്തിനകം കാണിക്കണമെന്നുള്ള" എന്ന് ചേർക്കുക.

904. ഖണ്ഡം 25(2)-ൽ "ഒരു ലംഘനം ഉണ്ടായിട്ടുണ്ടെന്ന് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുന്ന" എന്നതിന് പകരം "ഒരു ലംഘനം ഉണ്ടായിട്ടുണ്ടെന്ന് അതോറിറ്റിക്കോ കൗൺസിലിനോ ബോദ്ധ്യപ്പെടുന്ന" എന്ന് ചേർക്കുക.

904-ാം നമ്പർ ഭേദഗതിയിൽ കൗൺസിൽ ഒരു അനിവാര്യ ഘടകമാണ്. അതുകൊണ്ട് 'അതോറിറ്റിക്കോ കൗൺസിലിനോ ബോദ്ധ്യപ്പെടുന്ന' എന്ന് ചേർക്കണം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

898. ഖണ്ഡം 25(1)-ൽ "നൽകാവുന്നതാണ്" എന്നതിന് പകരം "നൽകേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

903. ഖണ്ഡം 25(2)-ൽ "ഉണ്ടാക്കിയിട്ടുള്ള" എന്നതിന് പകരം "രൂപീകരിച്ചിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

905. ഖണ്ഡം 25(2)-ൽ

(i) "അതോറിറ്റിക്ക്" എന്നതിന് പകരം "കൗൺസിലിനോ അതോറിറ്റിക്കോ" എന്ന് ചേർക്കുക.

(ii) "റദ്ദാക്കാവുന്നതാണ്" എന്നതിന് പകരം "റദ്ദാക്കാവുന്നതും പ്രവർത്തനം അവസാനിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കാവുന്നതുമാണ് " എന്ന് ചേർക്കുക.

908. ഖണ്ഡം 25(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "രോഗികളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും ഉടൻ അപകടം സംഭവിക്കുവാൻ സാദ്ധ്യതയുള്ള പക്ഷം, അതോറിറ്റി, എഴുതി" എന്നീ വാക്കുകളും ചിഹ്നങ്ങളും ഒഴിവാക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

907. ഖണ്ഡം 25(3)(ii)-ൽ "തള്ളുകയും" എന്ന വാക്കിന് പകരം "നിരാകരിക്കുകയും" എന്നും "തള്ളിയ" എന്ന വാക്കിന് പകരം "നിരാകരിച്ച" എന്ന വാക്കും ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

913. ഖണ്ഡം 25(3)-ന്റെ ക്ലിപ്തനിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂടി ചേർക്കുക.

"എന്നാൽ, പ്രസ്തുത ക്ലിനിക്കൽ സ്ഥാപനത്തിൽ പ്രവേശിപ്പിച്ചിട്ടുള്ള രോഗികളെ അതോറിറ്റിയുടെ മേൽനോട്ടത്തിൽ രജിസ്ട്രേഷനുള്ള തൊട്ടടുത്ത സ്ഥാപനത്തിലേക്ക് രോഗിയുടെ അനുവാദത്തോടുകൂടി മാറ്റേണ്ടതാണ്."

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

914. ഖണ്ഡം 25-ൽ താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(4) അതോറിറ്റിയുടെ തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള തീരുമാനത്തിന്റെ തീയതി മുതൽ നാല്പത്തിയഞ്ച് ദിവസക്കാലയളവിനുള്ളിൽ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

രജിസ്ട്രേഷൻ റദ്ദാക്കുന്ന കാര്യത്തിൽ ഓഫീസർമാർ എല്ലാവരും നല്ലവരായിരിക്കണമെന്നില്ല, അതുകൊണ്ട് അതോറിറ്റിയിൽ അവസാനിക്കാതെ അപ്പലേറ്റ് അതോറിറ്റിയിൽ പരാതി നൽകാനുള്ള ഒരവസരമുണ്ടാകണം.

മി. സ്പീക്കർ: 896 -ാം നമ്പർ ഭേദഗതി 895-ാം നമ്പർ ഭേദഗതിക്ക് തുല്യവും 899, 900 എന്നീ നമ്പർ ഭേദഗതികൾ 898-ാം നമ്പർ ഭേദഗതിക്ക് തുല്യവും 910-ാം നമ്പർ ഭേദഗതി 911-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ പ്രസ്തുത ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. എ. കെ. ശശീന്ദ്രന്റെ 884-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

884. ഖണ്ഡം 25(1)(എ)ൽ "പാലിക്കപ്പെടുന്നില്ലെന്നോ" എന്ന വാക്കിന് പകരം "പാലിക്കുന്നില്ലെന്നോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 904-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 884-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 904-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 883-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 885-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 886, 901 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 887, 906, 909, 911 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 888, 890 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 889-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 891-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 892-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 893, 894, 912 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 895-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 897-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 898-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 903-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി യു. പ്രതിഭ ഹരി അവതരിപ്പിച്ച 905, 908 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 907-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 913-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 914-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തി അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തി അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തി അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഇരുപത്തിയാറാംവകുപ്പ്**

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

915. ഖണ്ഡം 26-ൽ

(i) ഉപഖണ്ഡം (1)-ആയി താഴെപറയുന്ന ഉപഖണ്ഡം ചേർക്കുകയും നിലവിലുള്ള ഖണ്ഡത്തിന്റെ പ്രാരംഭത്തിൽ (2) എന്ന അക്കമിടുകയും ചെയ്യുക:-

" (1) ഈ ആക്ടിലെ വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച് ന്യായനിർണ്ണയം നടത്തുന്നതിനും അന്വേഷണ വിചാരണ നടത്തുന്നതിനും പിഴശിക്ഷ ചുമത്തുന്നതിനും ഈ വകുപ്പ് പ്രകാരം കൗൺസിലിനും ഈ ആക്ടിലെ മറ്റു വകുപ്പുകൾ പ്രകാരം അതോറിറ്റിക്കും അതത് സംഗതി പോലെ, അധികാരമുണ്ടായിരിക്കുന്നതും അവ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.";

(ii) ക്ലിപ്തനിബന്ധനയിൽ, " നോട്ടീസ് നൽകിയ ശേഷം" എന്നീ വാക്കുകൾക്ക് ശേഷം "അന്വേഷണവിചാരണ നടത്തി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

916. ഖണ്ഡം 26-ൽ " ലംഘിക്കുന്ന ഏതൊരാളും" എന്നതിനു പകരം " ലംഘിക്കുന്ന ക്ലിനിക്കൽ സ്ഥാപനം നടത്തുന്ന ഏതൊരാൾക്കും നോട്ടീസ് നൽകി, നാല്പത്തിയഞ്ച് ദിവസത്തെ സമയമനുവദിച്ച് നൽകുകയും ആയതിനു ശേഷം ലംഘനം തുടരുകയും ചെയ്താൽ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

917. ഖണ്ഡം 26-ൽ, " ആദ്യത്തെ ലംഘനത്തിന്" എന്നതിനുശേഷം "കുറഞ്ഞത് " എന്നത് കൂട്ടിച്ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

918. ഖണ്ഡം 26-ൽ, " പതിനായിരം " എന്നത് "അയ്യായിരം" എന്ന് മാറ്റുക.

927. ഖണ്ഡം 26-ൽ "പിഴശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ് " എന്നതിനു ശേഷം "പിഴശിക്ഷയുടെ തുക തീരുമാനിക്കുമ്പോൾ ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗം, വലിപ്പം, തരം എന്നിവയും സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രാദേശികാവസ്ഥയും കൂടി കണക്കിലെടുക്കേണ്ടതാണ് " എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

921. ഖണ്ഡം 26-ൽ, " അൻപതിനായിരം" എന്നത് "ഇരുപത്തി അയ്യായിരം" എന്ന് മാറ്റുക.

മന്ത്രിയുടെ ഔദ്യോഗിക ഭേദഗതിയിൽ അന്വേഷണ വിചാരണ നടത്തി എന്നുള്ളത് അന്വേഷണം നടത്തി എന്നാക്കി മാറ്റണമെന്നാണ് ഞാൻ വാക്കാൽ ഭേദഗതിയായി ആവശ്യപ്പെടുന്നത്. കാരണം, അന്വേഷണ വിചാരണ എന്നുള്ളത് മലയാള പദത്തിൽ അത്ര ശരിയായ പ്രയോഗമല്ല. അതുകൊണ്ട് അന്വേഷണം നടത്തി എന്നാക്കുന്നതായിരിക്കും നല്ലത്.

മി. സ്പീക്കർ: മന്ത്രി ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ച സമയത്ത് ഇക്കാര്യം പറയേണ്ടതായിരുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: മന്ത്രി ഭേദഗതി അവതരിപ്പിച്ചിട്ടേയുള്ളൂ, അംഗീകരിച്ചിട്ടില്ല. ഇത് ഓപ്പണാണ്. അതുകൊണ്ടാണ് ഞാൻ അമെന്റ്മെന്റ് വേണമെന്ന് പറയുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

925. ഖണ്ഡം 26-ൽ, " അഞ്ച് ലക്ഷം" എന്നത് "ഒരു ലക്ഷം" എന്ന് മാറ്റുക.

929. ഖണ്ഡം 26-ന്റെ ക്ലിപ്ത നിബന്ധനയിൽ "ആൾക്ക് " എന്നത് "വ്യക്തിക്ക്" എന്നാക്കി മാറ്റുക.

937. ഖണ്ഡം 26-ന്റെ ക്ലിപ്തനിബന്ധനയിൽ "ഉത്തരവിടാവുന്നതാണ്" എന്നതിന് പകരം "ഉത്തരവ് നൽകാവുന്നതാണ് " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

928. ഖണ്ഡം 26-ൽ നിലവിലുള്ള ഖണ്ഡം (2)-ാം ഉപഖണ്ഡമാക്കുകയും താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ചെയ്യുക.

"(1) ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്ന യാതൊരു സ്ഥാപനത്തിനും ആവശ്യമായ സമയം നൽകിയിട്ടും ലംഘനം നിലനിൽക്കുന്നതായി ബോധ്യപ്പെട്ടാൽ പിഴശിക്ഷയ്ക്ക് ശിക്ഷിക്കപ്പെടാവുന്നതാണ് "

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

930. ഖണ്ഡം 26-ന്റെ ക്ലിപ്ത നിബന്ധനയിൽ "ക്ലിനിക്കൽ സ്ഥാപനത്തിന് " എന്ന വാക്കിന് മുൻപായി "പ്രസ്തുത" എന്ന് ചേർക്കുക.

ശ്രീ. അനിൽ അക്കര: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

931. ഖണ്ഡം 26-ന്റെ ക്ലിപ്തനിബന്ധനയിൽ "നോട്ടീസ് " എന്ന വാക്കിന് മുൻപ് "രേഖാമൂലം" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

933. ഖണ്ഡം 26-ന്റെ ക്ലിപ്തനിബന്ധനയിൽ "പിഴ ശിക്ഷയ്ക്കു പുറമേ ക്ലിനിക്കൽ സ്ഥാപനം അടച്ചുപൂട്ടുന്നതിന് കൗൺസിലിന് ഉത്തരവിടാവുന്നതാണ് " എന്നീ വാക്കുകൾക്കു പകരം "അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനത്തിന്റെ നടത്തിപ്പുകാർക്കെതിരെയും കുറ്റം ചെയ്തവർക്കെതിരെയും സ്വീകരിക്കാവുന്ന മറ്റേതെങ്കിലും ക്രിമിനൽ നടപടികൾക്ക് പുറമേ, ക്ലിനിക്കൽ സ്ഥാപനം അടച്ചു പൂട്ടുന്നതിനും കൗൺസിലിന് ഉത്തരവിടാവുന്നതാണ് " എന്ന് ചേർക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

934. ഖണ്ഡം 26-ന്റെ ക്ലിപ്തനിബന്ധനയിൽ "അടച്ചുപൂട്ടുന്നതിന് " എന്നതിന് മുൻപ് "ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

935. ഖണ്ഡം 26-ന്റെ ക്ലിപ്തനിബന്ധനയിൽ "അടച്ചുപൂട്ടുന്നതിന് " എന്നതിന് മുൻപ് "നാല്പത്തിഎട്ട് മണിക്കൂറിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

939. ഖണ്ഡം 26-ന് ശേഷം ഒന്നാം ക്ലിപ്തനിബന്ധനയായി "എന്നാൽ, ചെറുകിട ആശുപത്രികൾക്കും ക്ലിനിക്കുകൾക്കും ഇവ യഥാക്രമം അയ്യായിരം, ഇരുപതിനായിരം, ഒരു ലക്ഷം എന്നിങ്ങനെയായിരിക്കും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

940. ഖണ്ഡം 26-ലെ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ, ഈ വകുപ്പു പ്രകാരമുള്ള ഏതൊരു പിഴശിക്ഷയ്ക്കും അടച്ചുപൂട്ടൽ ഉത്തരവിനും എതിരായി ക്ലിനിക്കൽ സ്ഥാപനത്തിന് 34-ാം വകുപ്പ് പ്രകാരമുള്ള അപ്പീൽ ബോധിപ്പിക്കാവുന്നതാണ്"

മി. സ്പീക്കർ: 920-ാം നമ്പർ ഭേദഗതി 919-ന് തുല്യമായതിനാലും 922-ാം നമ്പർ ഭേദഗതി 921-ന് തുല്യമായതിനാലും 924-ാം നമ്പർ ഭേദഗതി 923-ന് തുല്യമായതിനാലും 941-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ലാത്തതിനാലും അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 915-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 916-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 917-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 918, 927 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 921-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 925, 929, 937 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 928-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 930-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 931-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 933-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 934-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 935-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 939-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 940-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഇരുപത്തിഏഴാം വകുപ്പ്**

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

942. ഖണ്ഡം 27 (1)-ൽ "നടത്തുന്ന" എന്ന വാക്കിനു ശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക;

"സംഗതിയിൽ പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ട ഉടൻ അടച്ചുപൂട്ടുന്നതിന് അതോറിറ്റി നടപടി സ്വീകരിക്കേണ്ടതും അപ്രകാരം ക്ലിനിക്കൽ സ്ഥാപനം നടത്തുന്ന"

960. ഖണ്ഡം 27 (4)-ൽ " തീരുമാനിക്കുമ്പോൾ" എന്ന വാക്ക് ഒഴിവാക്കുക.

965. ഖണ്ഡം 27 (4)-ൽ " കണക്കിലെടുക്കേണ്ടതാണ്" എന്ന വാക്കിന് പകരം "കണക്കിലെടുത്ത് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തീരുമാനിക്കേണ്ടതുമാണ് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

943. ഖണ്ഡം 27 (1)-ൽ "ഏതൊരാളും" എന്നതിന് പകരം "ഏതൊരു വ്യക്തിയും" എന്ന് ചേർക്കുക.

945. ഖണ്ഡം 27 (1)-ൽ "അൻപതിനായിരം" എന്നതിന് പകരം "ഇരുപത്തി അയ്യായിരം" എന്ന് ചേർക്കുക.

948. ഖണ്ഡം 27 (1)-ൽ "രണ്ട് ലക്ഷം" എന്നത് "ഒരു ലക്ഷം" എന്നാക്കി മാറ്റുക.

955. ഖണ്ഡം 27 (2)-ൽ "അന്വേഷണവിചാരണ" എന്നത് "അന്വേഷണ വിചാരണ" എന്ന് മാറ്റുക.

956. ഖണ്ഡം 27 (3)-ൽ "തെളിവ്" എന്ന വാക്കിനു പകരം "തെളിവുകൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

944. ഖണ്ഡം 27 (1)-ൽ "ആദ്യത്തെ ലംഘനത്തിന്" എന്നതിനു ശേഷം "കുറഞ്ഞത്" എന്നത് കൂട്ടിച്ചേർക്കുക.

970. ഖണ്ഡം 27 (5)-ൽ " ദിവസക്കാല അളവിനുള്ളിൽ" എന്നതിന് പകരം "ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

946. ഖണ്ഡം 27 (1)-ൽ "അൻപതിനായിരം" എന്നത് "ഒരു ലക്ഷം" എന്നാക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

949. ഖണ്ഡം 27 (1)-ൽ "രണ്ട് ലക്ഷം" എന്നത് "മൂന്ന് ലക്ഷം" എന്നാക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

950. ഖണ്ഡം 27 (1)-ൽ "പരമാവധി അഞ്ചു ലക്ഷം രൂപ എന്നതിനു വിധേയമായി" എന്നത് ഒഴിവാക്കുക.

952. ഖണ്ഡം 27 (1)-ൽ "പതിനായിരം രൂപ" എന്നതിന് പകരം "അൻപതിനായിരം രൂപ" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

953. ഖണ്ഡം 27 (2)-ൽ "ലംഘനമോ" എന്നതിന് പകരം "നിയമ ലംഘനമോ" എന്ന് ചേർക്കുക.

954. ഖണ്ഡം 27 (2)-ൽ "പണമായുള്ള" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

957. ഖണ്ഡം 27 (3)-ൽ " മുപ്പത് ദിവസങ്ങൾക്കകം" എന്നത് "പരമാവധി പതിനഞ്ച് ദിവസത്തിനകം" എന്നാക്കുക

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

958. ഖണ്ഡം 27 (3)-ൽ " അക്കൗണ്ടിൽ" എന്നതിന് പകരം "കണക്കിൽ " എന്നാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

959. ഖണ്ഡം 27 (3)-ൽ " അക്കൗണ്ടിൽ, നിക്ഷേപിക്കുവാൻ അതിന്" എന്നതിനു പകരം "പ്രകാരം ഒടുക്കാൻ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

961. ഖണ്ഡം 27 (4)-ൽ " സ്ഥാപനത്തിന്റെ വിഭാഗം വലിപ്പം തരം" എന്നതിന് പകരം "സ്ഥാപനത്തിന്റെ വിഭാഗം, വലിപ്പം, തരം" എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

962. ഖണ്ഡം 27 (4)-ൽ "വിഭാഗം വലിപ്പം തരം കൂടാതെ" എന്നതിന് പകരം "വിഭാഗം, വലിപ്പം, തരം എന്നിവ കൂടാതെ" എന്ന് ചേർക്കുക.

964. ഖണ്ഡം 27 (4)-ൽ " പ്രാദേശികാവസ്ഥയും" എന്നതിനു പകരം "അവസ്ഥയും" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

963. ഖണ്ഡം 27 (4)-ൽ " കൂടാതെ സ്ഥാപനം പ്രദേശത്തിന്റെ പ്രദേശികാവസ്ഥയും കൂടി" എന്നീ വാക്കുകൾക്കു പകരം "എന്നിവ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

966. ഖണ്ഡം 27 (5)-ൽ " തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന" എന്നതിന് പകരം "തീരുമാനം സ്വീകാര്യമല്ലാത്ത" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

967. ഖണ്ഡം 27 (5)-ൽ " സങ്കടമനുഭവിക്കുന്ന" എന്നതിനു ശേഷം "ക്ലിനിക്കൽ സ്ഥാപനം നടത്തുന്ന" എന്ന് ചേർക്കുക.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

968. ഖണ്ഡം 27 (5)-ൽ " തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന" എന്നതിന് പകരം "തീരുമാനം പ്രതികൂലമായി തീരുന്ന" എന്ന് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

969. ഖണ്ഡം 27 (5)-ൽ " തീരുമാനത്തിന്റെ തീയതി മുതൽ നാൽപ്പത്തിയഞ്ച് ദിവസക്കാലയളവിനുള്ളിൽ" എന്നത് "തീരുമാനം കൈപ്പറ്റിയ തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ" എന്നാക്കുക.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

971. ഖണ്ഡം 27-ൽ ചെറുകിട ആശുപത്രികൾക്കും വൻകിട ആശുപത്രികൾക്കും പ്രത്യേകം പ്രത്യേകം പിഴ വ്യവസ്ഥ ചെയ്യുക.

മി. സ്പീക്കർ: 947-ാം നമ്പർ ഭേദഗതി 946-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും 951-ാം നമ്പർ ഭേദഗതി 950-ാം നമ്പർ ഭോദഗതിക്ക് തുല്യമായതിനാലും പ്രസ്തുത ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 958-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 961-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 958-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 961-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 942, 960, 965 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 943, 945, 948, 955, 956 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 944, 970 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 946-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 949-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി.ടി.എ. റഹീം അവതരിപ്പിച്ച 950, 952 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 953, 954 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 957-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 959-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 962, 964 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 963-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച 966-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 967-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 968-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 969-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മുഹമ്മദ് മുഹസിൻ. പി. അവതരിപ്പിച്ച 971-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിഎട്ടാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

972. ഖണ്ഡം 28 (6)-ൽ "ക്രിമിനൽ നിയമസംഹിതയിലെ" എന്നീ വാക്കുകൾക്ക് പകരം "ക്രിമിനൽ നടപടി നിയമസംഹിതയിലെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

973. ഖണ്ഡം 28 (1)-ൽ "നിർദ്ദേശം നൽകുന്നതിന് അധികാരം" എന്നതിനു ശേഷമുള്ള "ലഭിച്ചതോ" എന്ന വാക്കിനു പകരം "ലഭിച്ച" എന്ന വാക്കു ചേർക്കുക.

986. ഖണ്ഡം 28(5)-ൽ " കൂടാതെ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ പ്രാദേശികാവസ്ഥയും കൂടി" എന്നീ വാക്കുകൾക്കു പകരം " എന്നിവ" എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

974. ഖണ്ഡം 28 (1)-ൽ "നിർദ്ദേശം നൽകുന്നതിന് അധികാരം ലഭിച്ചതോ" എന്ന വാക്കിന് ശേഷം "ആയ" എന്ന് വാക്ക് ചേർക്കുക.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

975. ഖണ്ഡം 28 (1)-ൽ "അധികാരം ലഭിച്ചതോ ആയ ഏതെങ്കിലും ആളെയോ" എന്നതിന് പകരം "അധികാരം ലഭിച്ച ഏതെങ്കിലും ആളോ" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

976. ഖണ്ഡം 28 (1)-ൽ "അധികാര സ്ഥാനത്തെയോ" എന്നതിന് പകരം "അധികാരസ്ഥാനത്തെയോ" എന്ന് ചേർക്കുക.

981. ഖണ്ഡം 28 (4)-ൽ "വിളിച്ചുവരുത്തുന്നതിനും" എന്നതിന് മുൻപ് "നോട്ടീസ് നൽകി" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

977. ഖണ്ഡം 28 (1)-ൽ "ഒരു ലക്ഷം രൂപവരെയാകാവുന്ന" എന്നതിന് പകരം "പരമാവധി അൻപതിനായിരം രൂപവരെയാകാവുന്ന" എന്ന് ചേർക്കുക.

ബഹുമാനപ്പെട്ട മന്ത്രിയുടെ ഔദ്യോഗിക ഭേദഗതിയിൽ ക്രിമിനൽ നടപടി നിയമസംഹിതയിലെ എന്നാണ് പറഞ്ഞിട്ടുള്ളത്. അത് ക്രിമിനൽ നടപടിക്രമത്തിലെ എന്നാക്കുന്നതാണ് നല്ലത്.

<u>ശ്രീ. വി.പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

979. ഖണ്ഡം 28 (2)-ൽ

(i) "ഒരു ലക്ഷം" എന്നുള്ളത് "രണ്ട് ലക്ഷം" എന്ന് മാറ്റുക.

(ii)"രൂപവരെയാകാവുന്ന" എന്നതിന് പകരം "രൂപ വരെയാകാവുന്ന" എന്ന് മാറ്റുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

983. ഖണ്ഡം 28 (4)-ൽ "അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ അതിന്" എന്നതിനു പകരം "പ്രകാരം ഒടുക്കാൻ" എന്ന് ചേർക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

984. ഖണ്ഡം 28(5)-ൽ " സ്ഥാപനത്തിന്റെ വിഭാഗം വലിപ്പം തരം കൂടാതെ" എന്നതിനു പകരം " സ്ഥാപനത്തിന്റെ വിഭാഗം, വലിപ്പം, തരം കൂടാതെ" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

985. ഖണ്ഡം 28(5)-ൽ " വിഭാഗം വലിപ്പം തരം" എന്നതിന് പകരം" സ്ഥാപനത്തിന്റെ വിഭാഗം, വലിപ്പം, തരം " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

987. ഖണ്ഡം 28(5)-ൽ " കണക്കിലെടുക്കേണ്ടതാണ്" എന്നതിനു പകരം " കണക്കിലെടുത്ത് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

989. ഖണ്ഡം 28(7)-ൽ " തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന" എന്നതിനു പകരം " തീരുമാനം സ്വീകാര്യമല്ലാത്ത" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

990. ഖണ്ഡം 28(7)-ൽ " തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന" എന്നതിന് പകരം " തീരുമാനം പ്രതികൂലമായി തീരുന്ന" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

992. ഖണ്ഡം 28(7)-ൽ, " ദിവസക്കാലയളവിനുള്ളിൽ" എന്നതിനു പകരം " ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 988-ാം നമ്പർ ഭേദഗതി 972-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 972-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 972-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 973, 986 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 974-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 975-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 976, 981 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 977-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 979-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 983-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 984-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 985-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 987-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച 989-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 990-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 992-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഎട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊൻപതാം വകുപ്പ്

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

993. ഖണ്ഡം 29-ന്റെ മാർജിനൽ ശീർഷകത്തിൽ "അപര്യാപ്തകൾക്കുള്ള" എന്നതിന് പകരം "അപര്യാപ്തതകൾക്കുള്ള" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

994. ഖണ്ഡം 29 -ൽ "പെട്ടെന്നുള്ള" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

996. ഖണ്ഡം 29 -ൽ "പെട്ടെന്നുള്ള ഏതെങ്കിലും അപകടം" എന്നതിന് പകരം "ഹാനി" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

997. ഖണ്ഡം 29 -ൽ "ന്യായമായ ഒരു" എന്ന വാക്കുകൾ ഒഴിവാക്കി പകരം "നിശ്ചിത" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

998. ഖണ്ഡം 29-ൽ "വ്യവസ്ഥ ലംഘിക്കുന്ന" എന്നതിന് ശേഷം "ക്ലിനിക്കൽ സ്ഥാപനം നടത്തുന്ന" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

999. ഖണ്ഡം 29 -ൽ "പതിനായിരം" എന്നതിന് പകരം "അയ്യായിരം" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1001. ഖണ്ഡം 29 -ൽ "പതിനായിരം രൂപ" എന്ന വാക്കിനു പകരം "അൻപതിനായിരം രൂപയോ അങ്ങനെയുള്ള അപര്യാപ്തതകൾ പരിഹരിക്കുന്നതിനാവശ്യമായ തുകയോ ഏതാണോ കൂടുതൽ ആ തുക" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1002. ഖണ്ഡം 29-ൽ "രൂപവരെയാകാവുന്ന" എന്നതിന് പകരം "രൂപ വരെയാകാവുന്ന" എന്നാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1003. ഖണ്ഡം 29 താഴെപ്പറയും പ്രകാരം മാറ്റുക.

ഏതെങ്കിലും രോഗിയുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും പെട്ടെന്നുള്ള ഏതെങ്കിലും അപകടം സംഭവിക്കുവാൻ സാദ്ധ്യതയില്ലാത്തതും ഒരു നിശ്ചിത സമയത്തിനകം പരിഹരിക്കുവാൻ കഴിയുന്നതുമായ അപര്യാപ്തതകൾ ഉണ്ടാകുന്ന വിധം ഈ ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും പതിനായിരം രൂപ വരെ പിഴ ശിക്ഷയ്ക്ക് വിധേയനായിരിക്കുന്നതാണ്.

മി. സ്പീക്കർ: 995-ാം നമ്പർ ഭേദഗതി 994-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 993-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 993-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 994-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 996-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 997-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 998-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 999-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1001-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1002-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1003-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പതാം വകുപ്പ്

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1004. ഖണ്ഡം 30(1) -ൽ " ശിക്ഷിക്കപ്പെടുന്നതിന് " എന്നതിന് ശേഷം താഴെപ്പറയും പ്രകാരം മാറ്റുക. " കമ്പനിയും കമ്പനിയോട് ഉത്തരവാദിത്വപ്പെട്ട വ്യക്തിയും വിധേയമാക്കപ്പെടുന്നതുമാണ്"

1009. ഖണ്ഡം 30(1) ന്റെ ക്ലിപ്തനിബന്ധനയിൽ " അയാൾ" എന്ന വാക്കിനു ശേഷമുള്ള "തെളിയിക്കുകയാണെങ്കിൽ" എന്ന വാക്ക് ഒഴിവാക്കി "വ്യക്തമായ തെളിവുകൾ സഹിതം തെളിയിക്കുകയും അതോറിറ്റിക്ക് അത് ബോധ്യപ്പെടുകയും ചെയ്താൽ" എന്ന് ചേർക്കുക.

1011. ഖണ്ഡം 30(2)-ൽ " കരുതപ്പെടേണ്ടതും" എന്നതിന് ശേഷം "തത്തുല്യമായ" എന്ന് ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1005. ഖണ്ഡം 30(1) -ൽ, " വിധേയനോ വിധേയമോ" എന്നതിന് പകരം "വിധേയം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1006. ഖണ്ഡം 30(1)-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

1010. ഖണ്ഡം 30(2)-ൽ " അഥവാ അശ്രദ്ധമൂലമോ" എന്ന വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1007. ഖണ്ഡം 30(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ" എന്നതിനു പകരം "ശ്രമവും നടത്തിയിരുന്നു വെന്നോ" എന്നു ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1008. ഖണ്ഡം 30(1)-ന്റെ ക്ലിപ്തനിബന്ധനയിൽ " ചെലുത്തിയിരുന്നുവെന്നോ" എന്നതിനു ശേഷം "അഥവാ ഇപ്രകാരമുള്ള ലംഘനം സംബന്ധിച്ച് യഥാസമയം അതോറിറ്റിയെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1012. ഖണ്ഡം 30(2) -നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (3) ഒരു കമ്പനി തുടർച്ചയായി നിയമലംഘനം നടത്തിയിട്ടുള്ളതായി ബോധ്യപ്പെടുന്ന സംഗതിയിൽ, അതിനെ അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ നടത്തുന്നതിൽ നിന്നും സ്ഥിരമായി വിലക്കുന്നതിനായി കൗൺസിൽ സർക്കാരിനോട് ശിപാർശ ചെയ്യേണ്ടതാണ്."

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1013. ഖണ്ഡം 30 (2) -ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (3) അതോറിറ്റിയുടെ തീരുമാനത്തിൽ സങ്കടമനുഭവിക്കുന്ന കമ്പനിക്കോ, കമ്പനിയുടെ പ്രതിനിധിക്കോ, അങ്ങനെയുള്ള തീരുമാനത്തിന്റെ തീയതി മുതൽ നാല്പത്തിയഞ്ച് ദിവസക്കാലയളവിനുള്ളിൽ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ് "

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1014. ഖണ്ഡം 31 ആയി താഴെപ്പറയും പ്രകാരം ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

" 31. സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന ലംഘനം :- ഈ ആക്റ്റിനു കീഴിലുള്ള ലംഘനം നടത്തുന്നത് ഒരു സഹകരണ സ്ഥാപനം ആയിരിക്കുന്ന സംഗതിയിൽ, അങ്ങനെയുള്ള ലംഘനം നടത്തിയ സമയത്ത് സഹകരണ സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് ആ ലംഘനം നടത്തിയതായി കരുതപ്പെടുന്നതും അതനുസരിച്ച് നടപടിയെടുത്ത് പിഴശിക്ഷയ്ക്ക് വിധേയമാക്കുന്നതുമാണ്".

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1004, 1009, 1011 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 1005-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1006, 1010 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 1007-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1008-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1012-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ അവതരിപ്പിച്ച 1013-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 1014-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിയൊന്നാം വകുപ്പ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1015. ഖണ്ഡം 31-ൽ "ഉത്തരവാദിത്വമുള്ള" എന്ന വാക്കിന് ശേഷം "പ്രധാന" എന്ന വാക്ക് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1016. ഖണ്ഡം 31-ൽ "ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥൻ" എന്നതിന് പകരം "വകുപ്പ് മേധാവി" എന്ന് ചേർക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1017. ഖണ്ഡം 31-ൽ "അപരാധിയായി" എന്നതിന് പകരം "ഉത്തരവാദിയായി" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1019. ഖണ്ഡം 31-ൽ "വിധേയമായിരിക്കുന്നതുമാണ്" എന്നതിനുപകരം "വിധേയനായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1020. ഖണ്ഡം 31-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1019-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1019-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1015-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റോജി. എം. ജോൺ അവതരിപ്പിച്ച 1016-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 1017-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1020-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിരണ്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1021. ഖണ്ഡം 32-ൽ "വിനിർദ്ദേശിച്ചേക്കാവുന്ന" എന്നതിന് പകരം "നിർദ്ദേശിച്ചേക്കാവുന്ന" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1022. ഖണ്ഡം 32-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക;

"എന്നാൽ, ഇപ്രകാരമുള്ള കണക്ക് കൃത്യമായ ഇടവേളകളിൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഓഡിറ്റുകൾക്ക് വിധേയമാക്കേണ്ടതും ഇതു സംബന്ധിച്ച വാർഷിക സ്റ്റേറ്റ്മെന്റ് 50ാം വകുപ്പ് പ്രകാരമുള്ള വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1021-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1022-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിമൂന്നാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 33-ൽ 'സബ്കമ്മിറ്റിയിലെ' എന്നതിനുപകരം 'ഉപസമിതിയിലെ' എന്ന് ചേർക്കേണ്ടതാണ്. ഈ ഭേദഗതി ആറാം വകുപ്പിലും അംഗീകരിച്ചതാണ്. ആ ഭേദഗതി ഇവിടെയും വരുത്തേണ്ടതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1023. ഖണ്ഡം 33-ൽ " അസ്സസ്സർമാർക്കും" എന്ന വാക്കിനുശേഷം "നിർവ്വാഹക സമിതിയിലെ അംഗങ്ങൾക്കും" എന്നു ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1023-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിനാലാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1024. ഖണ്ഡം 34 (2)- ൽ

(i) "  26-ാം വകുപ്പിനും"എന്നീ അക്കങ്ങളും ചിഹ്നവും വാക്കും ഒഴിവാക്കുക.

(ii) "നാല്പത്തിയഞ്ചു ദിവസത്തിനകം" എന്നീ  വാക്കുകൾക്കും ചിഹ്നത്തിനും ശേഷം " നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1025. ഖണ്ഡം 34 (1)- ൽ "  തീരുമാനത്തിനെതിരെ " എന്നതിനുശേഷം "ഉണ്ടാവാനിടയുള്ള  " എന്നു  ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1026.  ഖണ്ഡം 34 (1) (എ) താഴെപ്പറയും പ്രകാരം മാറ്റുക:

" (എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി, (എക്സ്-ഒഫീഷ്യോ- ചെയർപേഴ്സൺ)"

1033. ഖണ്ഡം 34(1)(ബി) താഴെപ്പറയും പ്രകാരം മാറ്റുക.

"(ബി) നിയമ വകുപ്പിലെ അഡീഷണൽ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി (എക്സ്-ഒഫീഷ്യോ) അംഗം"

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1028. ഖണ്ഡം 34 (1) (ബി)ൽ "നിയമ" എന്ന വാക്ക് ഒഴിവാക്കുക.

1035. ഖണ്ഡം 34(1)(സി)-ക്ക് ശേഷം ഇനിപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(ഡി) ആരോഗ്യ വകുപ്പ് ഡയറക്ടർ (എക്സ്-ഒഫീഷ്യോ)-അംഗം."

1039. ഖണ്ഡം 34(2)-ൽ "നാല്പത്തിയഞ്ചു" എന്നത് "നാൽപ്പത്തിയഞ്ച്"  എന്നാക്കി മാറ്റുക.

1043. ഖണ്ഡം 34(4)-ൽ " ഒരു" എന്ന വാക്ക് ഒഴിവാക്കുക.

ഇതൊരു ചെറിയ ഭേദഗതിയാണ്. "നിയമവകുപ്പിലെ അഡീഷണൽ നിയമസെക്രട്ടറി" അംഗമായിരിക്കും. എന്നതിനു പകരം "നിയമവകുപ്പിലെ അഡീഷണൽ സെക്രട്ടറി" എന്ന മാറ്റം വരുത്തണം. "നിയമ" എന്ന വാക്ക് ഒഴിവാക്കാവുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1029. ഖണ്ഡം 34(1)(ബി)-യിൽ "നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറി" എന്നതിന് പകരം "ആരോഗ്യ വകുപ്പ് ഡയറക്ടർ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1030. ഖണ്ഡം 34(1)(ബി)-ൽ "അഡീഷണൽ നിയമ സെക്രട്ടറി" എന്ന വാക്കുകൾക്ക് പകരം "അഡീഷണൽ സെക്രട്ടറി" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1032. ഖണ്ഡം 34(1)(ബി)-ൽ "സെക്രട്ടറി" എന്നതിനുപകരം "സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1034. ഖണ്ഡം 34(1)(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ബി) ആരോഗ്യ വകുപ്പ് ഡയറക്ടർ (എക്സ്-ഒഫീഷ്യോ)-അംഗം."

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1037. ഖണ്ഡം 34(2) ൽ "26-ാം വകുപ്പിനും" എന്നതിനു മുൻപായി " 25-ാം വകുപ്പിനും" എന്നും "29-ാം വകുപ്പിനും" എന്നതിനു ശേഷം " 30-ാം വകുപ്പിനും" എന്നും ചേർക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1038. ഖണ്ഡം 34(2)-ൽ "ഉത്തരവു മൂലം സങ്കടമനുഭവിക്കുന്ന" എന്നതിന് പകരം "ഉത്തരവിന്മേൽ പരാതിയുള്ള" എന്ന് ചേർക്കുക.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1040. ഖണ്ഡം 34(2)-ൽ " നാല്പത്തിയഞ്ചു" എന്നത് "മുപ്പത്" എന്ന് മാറ്റുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1042. ഖണ്ഡം 34(4)-ൽ "അറുപത്" എന്നത് "നാല്പത്തിയഞ്ച്" എന്നാക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1044. ഖണ്ഡം 34(4)-ൽ " ഒരു അവസരം" എന്നത് "ന്യായമായ അവസരം" എന്നാക്കുക.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മറിന്റെ 1031-ാം നമ്പർ ഭേദഗതി 1030-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ പി. ടി. തോമസിന്റെ 1036-ാം നമ്പർ ഭേദഗതി 1035-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. പി. ടി. തോമസിന്റെ 1044-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. അഡീഷണൽ ലോ സെക്രട്ടറി എന്നുള്ളതാണ് മലയാളത്തിൽ വരുമ്പോൾ അഡീഷണൽ നിയമ സെക്രട്ടറി ആകുന്നത്. അതുകൊണ്ട് അതിൽ മാറ്റം വരുത്തേണ്ട ആവശ്യമില്ല. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 1024-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1044-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1025-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1026, 1033 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1028, 1035, 1039, 1043 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1029-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1030-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1032-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1034-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ.സി. മമ്മത് കോയ അവതരിപ്പിച്ച 1037-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 1038-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 1040-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 1042-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിയഞ്ചാം വകുപ്പ്

ശ്രീ. ബി. സത്യൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1046. ഖണ്ഡം 35-ൽ "ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന" എന്ന വാക്കുകൾക്ക് പകരം "ഉത്തരവിന്മേൽ പരാതിയുള്ള " എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1048. ഖണ്ഡം 35-ൽ "ഏതൊരാൾക്കും" എന്നതിനുശേഷം "ഏതൊരു കമ്പനിയ്ക്കും " എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1049. ഖണ്ഡം 35-ൽ 'ഏതൊരാൾക്കും' എന്നതിനുശേഷം "പതിനഞ്ച് ദിവസത്തിനകം " എന്ന വാക്കുകൾ ചേർക്കുക.

അപ്പീൽ കൊടുക്കുന്നതിന് ഒരു സമയ പരിധി വയ്ക്കുന്നത് നല്ലതാണ്. "എതൊരാൾക്കും" എന്നതിനുശേഷം "പതിനഞ്ച് ദിവസത്തിനകം " അപ്പീൽ കൊടുക്കണം. അനന്തമായി എന്നും അപ്പീൽ കൊടുക്കാൻ സാധിക്കുകയില്ല. ഒരു ലിമിറ്റ് വേണം. അതുകൊണ്ട് "പതിനഞ്ച് ദിവസത്തിനകം " എന്നു ചേർക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1050. ഖണ്ഡം 35-ൽ "ഹൈക്കോടതി മുമ്പാകെ" എന്നതിനുശേഷം "അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് തീയതി മുതൽ 90 ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1051. ഖണ്ഡം 35 താഴെപ്പറയും പ്രകാരം മാറ്റുക.

"35. അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ഹൈക്കോടതി മുമ്പാകെ റിവിഷൻ പെറ്റീഷൻ ബോധിപ്പിക്കാവുന്നതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 1050-ാം നമ്പർ ഭേദഗതിയിൽ 90 എന്നുള്ളത് 60 എന്ന ഭേദഗതിയോടുകൂടി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 1050-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 1046-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1048-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1049-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1051-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**മുപ്പത്തിയാറാം വകുപ്പ്**

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1052. ഖണ്ഡം 36-ൽ നിലവിലുള്ള ഖണ്ഡത്തിന്റെ പ്രാരംഭത്തിൽ (1) എന്ന അക്കമിടുകയും അതിനു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ചെയ്യുക.

"(2) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം അതോറിറ്റി എടുക്കുന്ന ഏതൊരു തീരുമാനവും നടപടിയും പുറപ്പെടുവിക്കുന്ന ഉത്തരവും, പിഴശിക്ഷ ചുമത്തിയത് ഉൾപ്പെടെ സ്വമേധയായോ അല്ലെങ്കിൽ ഏതെങ്കിലും പരാതിയിൻമേലോ പുനഃപരിശോധിക്കുവാൻ അതോറിറ്റിക്ക് നിർദ്ദേശം നൽകുന്നതിനും ഈ ആവശ്യത്തിലേയ്ക്കായി ബന്ധപ്പെട്ട ഏതൊരു ആളെയും അല്ലെങ്കിൽ രേഖയും വിളിച്ച് വരുത്തുന്നതിനും കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1053. ഖണ്ഡം 36-ൽ "ആക്റ്റിലെയോ" എന്ന വാക്കിന് പകരം "നിയമത്തിലേയോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1054. ഖണ്ഡം 36-ൽ "സംവിധാനം" എന്ന വാക്കിനു ശേഷം "എല്ലാ ജില്ലയിലും" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1055. ഖണ്ഡം 36-ൽ "അങ്ങനെ ലഭിക്കുന്ന പരാതികളിൽ" എന്ന വാക്കുകൾക്കു ശേഷം "അന്വേഷണം നടത്തി" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1056. ഖണ്ഡം 36-ൽ "ഉചിതമായ നടപടി സ്വീകരിക്കുവാൻ" എന്നീ വാക്കുകൾക്ക് പകരം "ഉചിതമായ നടപടി പരമാവധി അറുപത് ദിവസത്തിനുള്ളിൽ സ്വീകരിക്കുവാൻ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതിയിൽ "അല്ലെങ്കിൽ രേഖയും വിളിച്ചുവരുത്തുന്നതിനും കൗൺസിലിന് " എന്നതിനു പകരം "രേഖകൾ പരിശോധിക്കുന്നതിനും കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്" എന്ന വാക്കാൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. അതാണ് കുറച്ചുകൂടി ഉചിതം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച വാക്കാൽ ഭേദഗതിയുടെ ഉള്ളടക്കം 1052-ാം നമ്പർ ഭേദഗതിയിൽ അടങ്ങിയിട്ടുള്ളതുകൊണ്ട് വാക്കാൽ ഭേദഗതി അംഗീകരിക്കുന്നില്ല. മറ്റ് ഭേദഗതികളും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1052-ാം നമ്പർ ഔദ്യാഗിക ഭേദഗതി സഭ അംഗീകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1053-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1054-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1055-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 1056-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**മുപ്പത്തിയേഴാം വകുപ്പ്**

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

1057. ഖണ്ഡം 37(7)-ൽ "മുൻ റിപ്പോർട്ടിൽ" എന്നീ വാക്കുകൾക്ക് പകരം "5-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ടിൽ" എന്നീ അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1058. ഖണ്ഡം 37(1)-ൽ "ഏതെങ്കിലും ഉദ്യോഗസ്ഥനോ" എന്നതിന് ശേഷം "ഒരു പരാതിയുടെ അടിസ്ഥാനത്തിലോ അല്ലാതെയോ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1059. ഖണ്ഡം 37(1)-ൽ "ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനം" എന്നതിനുശേഷം "നടത്തുന്ന വ്യക്തികളുടെ യോഗ്യത" എന്ന് ചേർക്കുക.

1062. ഖണ്ഡം 37(1)-ൽ "പ്രവർത്തികൾ" എന്നതിനു പകരം "പ്രവൃത്തികൾ" എന്ന് ചേർക്കുക.

1064. ഖണ്ഡം 37(1)-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ, പൊതുജനാരോഗ്യത്തിനും രോഗികളുടെയും ജീവനക്കാരുടെയും ആരോഗ്യത്തിനും സുരക്ഷയ്ക്കും പെട്ടെന്നുള്ള അപകടം സംഭവിക്കാൻ സാധ്യതയുണ്ടെങ്കിൽ ഇപ്രകാരമുള്ള പരിശോധനയ്ക്ക് യാതൊരു മുൻകൂർ നോട്ടീസും നൽകേണ്ടതില്ലാത്തതുമാണ്."

1085. ഖണ്ഡം 37(7)-ൽ "പരിഹരിച്ചതിനുശേഷം" എന്നതിന് ശേഷം "പൊതുജനാരോഗ്യത്തിനും രോഗികളുടെയും ജീവനക്കാരുടെയും ആരോഗ്യത്തിനും സുരക്ഷയ്ക്കും പെട്ടെന്നുള്ള അപകടം സംഭവിയ്ക്കാൻ സാധ്യതയുണ്ടെന്ന പരാതികളിന്മേൽ അല്ലാതെ" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1061. ഖണ്ഡം 37(1)-ൽ "കെട്ടിടം ലബോറട്ടറികൾ രോഗനിർണ്ണയ സൗകര്യങ്ങൾ ഉപകരണങ്ങൾ" എന്നതിന് പകരം "കെട്ടിടം, ലബോറട്ടറികൾ, രോഗനിർണ്ണയ സൗകര്യങ്ങൾ, ഉപകരണങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1063. ഖണ്ഡം 37(1)-ൽ "സ്ഥാപനത്തിന് നോട്ടീസ് നൽകിക്കൊണ്ടും" എന്നതിന് പകരം "സ്ഥാപനത്തിന് കാലേക്കൂട്ടിയുള്ള നോട്ടീസ് നൽകിക്കൊണ്ടും" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1065. ഖണ്ഡം 37(2)-ൽ "പരിസരം" എന്നതിനുപകരം "ക്ലിനിക്കൽ സ്ഥാപനം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1067. ഖണ്ഡം 37(2) താഴെപ്പറയും പ്രകാരം മാറ്റുക:

" (2) ഏതെങ്കിലും പരിസരം പരിശോധന നടത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ അസ്സസ്സറോ അയാളുടെ കണ്ടെത്തലുകൾ ഉൾപ്പെടെയുള്ള ഒരു റിപ്പോർട്ട്, പരിശോധന അവസാനിച്ച് ഇരുപത്തിനാല് മണിക്കൂറുകൾക്കകം, പരിശോധനയ്ക്ക് ചുമതലപ്പെടുത്തിയ അധികാര സ്ഥാനത്തിന് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. അധിക വിവരങ്ങൾ ആരായുന്നപക്ഷം, ഇരുപത്തിനാല് മണിക്കൂറുകൾക്കകം അയാൾ ഒരു പ്രഥമ റിപ്പോർട്ട് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള വിവരങ്ങൾ അയാൾ ലഭ്യമാക്കിയ ശേഷമുള്ള ഇരുപത്തിനാല് മണിക്കൂറുകൾക്കകം അന്തിമ റിപ്പോർട്ട് നടപടി ഉൾപ്പെടെ ശിപാർശ ചെയ്ത് സമർപ്പിക്കേണ്ടതാണ്."

1069. ഖണ്ഡം 37(3)-ൽ "യോഗ്യതയുള്ള" എന്നതിന് പകരം "യോഗ്യരായ" എന്ന് ചേർക്കുക.

1077. ഖണ്ഡം 37(4)-ൽ "നിർദ്ദേശം" എന്നതിന് പകരം "നിർദ്ദേശങ്ങൾ" എന്ന് ചേർക്കുക.

1082. ഖണ്ഡം 37(6)-ൽ "ക്ലിനിക്കൽ സ്ഥാപനം പാലിക്കേണ്ടതുമാണ്" എന്നതിന് പകരം "ക്ലിനിക്കൽ സ്ഥാപനങ്ങൾ നിർബന്ധമായും പാലിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1068. ഖണ്ഡം 37(3)-ൽ "ആശുപത്രികളുടെ" എന്നതിനു പകരം "ക്ലിനിക്കൽ സ്ഥാപനങ്ങളുടെ" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1070. ഖണ്ഡം 37(3)-ൽ "കൗൺസിൽ" എന്നതിനു മുൻപ് "സർക്കാർ അനുമതിയോടുകൂടി" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1071. ഖണ്ഡം 37(3) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

" (3) ക്ലിനിക്കൽ സ്ഥാപനങ്ങളുടെ അസ്സസ്സ്മെന്റ് നടത്തുന്നതിനായി നിയമിതരാകുന്ന ആളുകളുടെ യോഗ്യത സംബന്ധിച്ചും അവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ സംബന്ധിച്ചും കൗൺസിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്."

1072. ഖണ്ഡം 37(3)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" (4) ഒരു ക്ലിനിക്കൽ സ്ഥാപനത്തിൽ നിന്നും രോഗികൾക്ക് നൽകുന്ന പരിശോധനാ ഫലങ്ങളിലും റിപ്പോർട്ടുകളിലും മറ്റ് രേഖകളിലും ക്ലിനിക്കൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്."

1075. ഖണ്ഡം 37(4)-ൽ "ക്ലിനിക്കൽ സ്ഥാപനത്തെ" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

1080. ഖണ്ഡം 37(6)-ൽ "ന്യായമായ ഒരു" എന്നതിന് പകരം "നിർദ്ദിഷ്ട" എന്ന് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1073. ഖണ്ഡം 37(4)-ൽ "അതോറിറ്റിയുടെയോ" എന്നതിനു ശേഷം "അപ്പലേറ്റ് അതോറിറ്റിയുടെയോ" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1074. ഖണ്ഡം 37(4)-ൽ "അതോറിറ്റിയോ" എന്നതിനു ശേഷം "അപ്പലേറ്റ് അതോറിറ്റിയോ" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1076. ഖണ്ഡം 37(4)-ൽ "അഭിപ്രായം തിട്ടപ്പെടുത്തിയ ശേഷം" എന്നതിനു പകരം "അഭിപ്രായം ആരാഞ്ഞ ശേഷം" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1081. ഖണ്ഡം 37(6)-ൽ "നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും"എന്നതിന് പകരം "നിർദ്ദേശങ്ങൾ 30 ദിവസത്തിനകം പുറപ്പെടുവിക്കാവുന്നതും" എന്ന് ചേർക്കുക.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1083. ഖണ്ഡം 37(7) നീക്കം ചെയ്യുക.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1084. ഖണ്ഡം 37(7)-ൽ "പരിശോധിക്കുന്നതിനല്ലാതെ" എന്നതിന് പകരം "പരിശോധിക്കുന്നതിനോ സ്ഥാപനം നൽകുന്ന സേവനങ്ങളെക്കുറിച്ച് ഏതെങ്കിലും പരാതി ലഭിക്കുകയാണെങ്കിൽ അതിനെക്കുറിച്ച് പരിശോധിക്കുന്നതിനോ അല്ലാതെ" എന്ന് ചേർക്കുക.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1087. ഖണ്ഡം 37(7)-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ, സ്ഥാപനം നൽകുന്ന സേവനങ്ങളെക്കുറിച്ച് 36-ാം വകുപ്പു പ്രകാരം പരാതി ലഭിക്കുന്നപക്ഷം അതേക്കുറിച്ച് അന്വേഷിക്കാൻ വേണ്ട പരിശോധനയ്ക്ക് ഈ കാലനിബന്ധന ബാധകമായിരിക്കുന്നതല്ല"

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിലിന്റെ 1060-ാം നമ്പർ ഭേദഗതി 1061-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 1061, ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1065, ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1068 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1057-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 1061-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1065-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 1068-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 1058-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1059, 1062, 1064, 1085 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 1063-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1067, 1069, 1077, 1082 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1070-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1071, 1072, 1075, 1080 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 1073-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 1074-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 1076-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1081-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 1083-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 1084-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 1087-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**മുപ്പത്തിയെട്ടാം വകുപ്പ്**

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1088. ഖണ്ഡം 38-ൽ "ആരെങ്കിലും" എന്ന വാക്കിന് പകരം "ഏതെങ്കിലും വ്യക്തി" എന്ന വാക്കുകൾ ചേർക്കുക.

1091. ഖണ്ഡം 38-ൽ "പ്രവേശിക്കാവുന്നതും" എന്ന വാക്കിന് പകരം "പ്രവേശിച്ച്" എന്ന വാക്ക് ചേർക്കുക.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1089. ഖണ്ഡം 38-ൽ "കാരണമുണ്ടെങ്കിൽ" എന്ന വാക്കിന് പകരം "കാരണമോ അത്തരത്തിലുള്ള ഏതെങ്കിലും പരാതിയോ ഉണ്ടെങ്കിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1090. ഖണ്ഡം 38-ൽ "ന്യായമായ ഏത് സമയത്തും" എന്നത് "രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ ഉള്ള സമയത്തും" എന്നാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1092. ഖണ്ഡം 38-ൽ "അവകാശമുണ്ടായിരിക്കുന്നതുമാണ്" എന്നതിനു ശേഷം "ഇപ്രകാരമുള്ള പരിശോധനകൾക്ക് ഏതെങ്കിലും അധികാര സ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥരുടെയോ സഹായം ആവശ്യമുണ്ടെങ്കിൽ കൗൺസിലിനോ അതോറിറ്റിക്കോ അ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ തേടാവുന്നതുമാണ്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1094. ഖണ്ഡം 38 താഴെപ്പറയും പ്രകാരം മാറ്റുക.

"38. രജിസ്ട്രേഷനില്ലാതെ ഒരു ക്ലിനിക്കൽ സ്ഥാപനം സംസ്ഥാനത്ത് എവിടെയെങ്കിലും ആരെങ്കിലും നടത്തി വരുന്നതായി സംശയിക്കുന്നതിനുള്ള എന്തെങ്കിലും കാരണമുണ്ടെങ്കിൽ, കൗൺസിലിനോ അതോറിറ്റിക്കോ അത് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ന്യായമായ ഏത് സമയത്തും അവിടെ പ്രവേശിക്കാവുന്നതും പരിശോധന നടത്താവുന്നതും, പരിശോധനയ്ക്കോ അന്വേഷണത്തിനോ ആവശ്യമായ ന്യായമായ സൗകര്യങ്ങൾ പ്രസ്തുത ക്ലിനിക്കൽ സ്ഥാപനം നൽകേണ്ടതും അവിടെ പ്രതിനിധാനം ചെയ്യപ്പെടുന്നതിന് അതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1088, 1091 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ച 1089-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 1090-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1092-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1094-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**മുപ്പത്തിയൊൻപതാം വകുപ്പ്**

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1095. ഖണ്ഡം 39 (1)-ൽ "ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്നഒരു സ്ഥലത്ത്" എന്നതിന് പകരം "ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന പ്രധാന അന്വേഷണ കൗണ്ടറിന് സമീപം ഫ്രെയിം ചെയ്തോ ലാമിനേറ്റ് ചെയ്തോ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1096. ഖണ്ഡം 39 (2)-ൽ "തരത്തിലുള്ള" എന്നതിന് ശേഷം "സേവനങ്ങളെ സംബന്ധിച്ചും" എന്ന് ചേർക്കുക.

1102. ഖണ്ഡം 39 (4)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(5) യാതൊരു ക്ലിനിക്കൽ സ്ഥാപനവും അവിടെ നൽകിവരുന്ന സേവനങ്ങളെ സംബന്ധിച്ച് വ്യാജമായതോ തെറ്റായതോ ആയ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ട് ഒരു പരസ്യവും ചെയ്യുവാനോ രോഗികളെ സമീപിക്കുവാനോ പാടുള്ളതല്ല."

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1098. ഖണ്ഡം 39 (3)-ൽ "നടപടിക്രമങ്ങൾക്കായുള്ള" എന്നതിന് പകരം "സേവനങ്ങൾക്കായുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1099. ഖണ്ഡം 39 (3)-ൽ "പാക്കേജ്" എന്നതിന് ശേഷം "നിരക്ക്" എന്ന് ചേർക്കുക.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1100. ഖണ്ഡം 39 (3) താഴെപ്പറയും പ്രകാരം മാറ്റുക:

" സംസ്ഥാനത്തെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും കിടത്തി ചികിത്സയ്ക്ക് ബാധകമായ ഒരു ദിവസത്തെ ചാർജ്ജുകൾ- നഴ്സിംഗ് ചാർജ്, ഹോസ്പിറ്റൽ ചാർജ്, മറ്റ് ചാർജ്ജുകൾ എന്നിവ കൃത്യമായി രോഗികളുടെ അറിവിലേക്കായി പ്രദർശിപ്പിക്കുക."

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1101. ഖണ്ഡം 39 (4)-ൽ "ഈടാക്കാൻ" എന്നതിന് പകരം "ഈടാക്കുവാൻ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1103. ഖണ്ഡം 39 (5) ആയി താഴെപ്പറയുന്നത് ചേർക്കുക:

"(5) ഓരോ ക്ലിനിക്കൽ സ്ഥാപനവും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പ്രഖ്യാപിച്ചിട്ടുള്ള ഇളവുകൾ സംബന്ധിച്ച വിവരങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 1095-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1096, 1102 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1098-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 1099-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മുഹമ്മദ് മുഹസിൻ പി. അവതരിപ്പിച്ച 1100-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1101-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1103-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പതാം വകുപ്പ്

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1104. ഖണ്ഡം (40)-ൽ "മെഡിക്കൽ രേഖകൾ തത്സമയം പ്രാബല്യത്തിലുള്ള നിയമങ്ങൾക്ക് വിധേയമായി സൂക്ഷിച്ച് പോരേണ്ടതും" എന്നതിന് ശേഷം "രോഗികൾക്ക് പ്രാപ്യമാകുന്ന വിധത്തിൽ അത് ഓൺലൈനിൽ ലഭ്യമാക്കേണ്ടതുമാണ്" എന്നത് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1105. ഖണ്ഡം(40)-ൽ 'ബന്ധുക്കൾക്കോ' എന്ന വാക്കിന് ശേഷം "ആവശ്യാനുസരണം " എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1107. ഖണ്ഡം(40)-ൽ 'ബന്ധുക്കൾക്കോ' എന്നതിന് ശേഷം "അതോറിറ്റിക്കോ കൗൺസിലിനോ " എന്ന് ചേർക്കുക

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1108. ഖണ്ഡം(40)-ൽ" ' ബന്ധുക്കൾക്കോ'" എന്ന വാക്കിനുശേഷം " സൗജന്യമായി " എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 1108-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ അംഗീകരിക്കുന്നു.

ബില്ലിലെ പുനരക്കം ചെയ്ത 40-ാം ഖണ്ഡത്തിൽ താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

"40. മെഡിക്കൽ രേഖകൾ സൂക്ഷിച്ചുപോരൽ - ഓരോ ക്ലിനിക്കൽ സ്ഥാപനവും രോഗികളുടെ രോഗനിർണ്ണയം, പരിശോധനാ ഫലം, നൽകിയ ചികിത്സ, വിടുതൽ സമയത്തുള്ള സ്ഥിതി, രോഗികൾക്ക് നൽകിയ ഉപദേശം എന്നിവ സംബന്ധിച്ചുള്ള മെഡിക്കൽ രേഖകൾ തൽസമയം പ്രാബല്യത്തിലുള്ള

നിയമങ്ങൾക്ക് വിധേയമായി സൂക്ഷിച്ചുപോരേണ്ടതും "അവയുടെ പകർപ്പുകൾ രോഗികൾക്കോ അവരുടെ ബന്ധുക്കൾക്കോ സൗജന്യമായി ലഭ്യമാക്കേണ്ടതുമാണ് " എന്നതിനുപകരം "അവയുടെ ഒരു പകർപ്പ് രോഗിക്കോ അവരുടെ ബന്ധുക്കൾക്കോ സൗജന്യമായി ലഭ്യമാക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 1108-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ സഭ അംഗീകരിച്ചു.

ശ്രീ. മുഹമ്മദ് മുഹസിൻ. പി. അവതരിപ്പിച്ച 1104-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1105-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപത്തിയൊന്നാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1111. ഖണ്ഡം 41 (2)-ൽ "പേരുകൾ " എന്ന വാക്കിന് ശേഷം "അതത് തീയതികളിൽ തന്നെ" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1112. ഖണ്ഡം 41 (2)-ൽ "പേരുകൾ " എന്നതിന് ശേഷം " പത്ര മാധ്യമങ്ങൾ വഴിയും" എന്ന് ചേർക്കുക.

1113. ഖണ്ഡം 41 (2)-ൽ " വെബ്സൈറ്റിൽ " എന്നതിന് പകരം വെബ്സൈറ്റ് വഴിയും" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1114. ഖണ്ഡം 41 (2)-ൽ " പ്രസിദ്ധീകരിക്കുവാൻ" എന്നതിന് പകരം "പ്രസിദ്ധികരിക്കുവാനും നാളതുവരെയുള്ളതാക്കുവാനും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1112, 1113 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാൽപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

നാൽപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാല്പത്തിരണ്ടാം വകുപ്പ്

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1115. ഖണ്ഡം 42(1)-ൽ "അതോറിറ്റിയോ കൗൺസിലോ" എന്നത് "അതോറിറ്റിയോ, കൗൺസിലോ, അപ്പലേറ്റ് അതോറിറ്റിയോ" എന്ന ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1116. ഖണ്ഡം 42(2)-ൽ "അതോറിറ്റിയ്ക്കോ കൗൺസിലിനോ" എന്നതിന് ശേഷം "അപ്പലേറ്റ് അതോറിറ്റിയ്ക്കോ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1117. ഖണ്ഡം 42(2)-ൽ "കൗൺസിലിനോ" എന്ന വാക്കിനുശേഷം "അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 1115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 1116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാൽപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

നാൽപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പത്തിമൂന്നാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1118. ഖണ്ഡം 43-ലെ "ആക്റ്റിൻ" എന്ന വാക്കിന് പകരം "നിയമത്തിന്റെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1119. ഖണ്ഡം 43-ലെ "ആക്റ്റിൻ കീഴിൽ" എന്നീ വാക്കുകൾക്ക് ശേഷം "ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1120. ഖണ്ഡം 43-ൽ "ഭൂമിയിന്മേലുള്ള നികുതി കുടിശ്ശിക എന്നപോലെ ഈടാക്കേണ്ടതാണ്" എന്നതിനു പകരം "ഭൂമിയിന്മേലുള്ള കുടിശ്ശികയായി കണക്കാക്കേണ്ടതും മറ്റേതെങ്കിലും മാർഗ്ഗത്തിലുള്ള വസൂലാക്കലിന് ഭംഗം വരാതെ കാലാകാലങ്ങളിൽ നിലവിലിരിക്കുന്ന നികുതി കുടിശ്ശിക വസൂലാക്കൽ ആക്റ്റിൻ കീഴിൽ ഈടാക്കേണ്ടതുമാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 1120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാൽപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

നാൽപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പത്തിനാലാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1121. ഖണ്ഡം 44 -ലെ "ആക്റ്റിലെ" എന്ന വാക്കിന് പകരം "നിയമത്തിലെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1122. ഖണ്ഡം 44 -ൽ "ആവശ്യപ്പെടുന്നതിനും" എന്ന വാക്കിനുശേഷം "ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തുന്നതിനും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാൽപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

നാൽപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പത്തിയഞ്ചാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1123. ഖണ്ഡം 45-ൽ "ശിക്ഷാനിയമ സംഹിതയുടെ" എന്ന വാക്കുകൾക്കു പകരം "ശിക്ഷാനിയമത്തിലെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാൽപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

നാൽപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**നാൽപ്പത്തിയാറാം വകുപ്പ്**

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1124. ഖണ്ഡം 46-ൽ " അതോറിറ്റിയോ കൗൺസിലോ" എന്നതിന് ശേഷം "അപ്പലേറ്റ് അതോറിറ്റി" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1125. ഖണ്ഡം 46-ൽ " അതിൻ കീഴിലോ" എന്നതിന് പകരം "അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾ പ്രകാരമോ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 1124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാൽപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

നാൽപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പത്തിയേഴാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1126. ഖണ്ഡം 47(1)-ൽ "രോഗിയുടെ" എന്നതിന് മുൻപായി "ഏതെങ്കിലും അത്യാഹിതത്തിൽപ്പെട്ട" എന്ന് ചേർക്കുക.

1128. ഖണ്ഡം 47(2)-നു ശേഷം താഴെപ്പറയുന്നത് ചേർക്കുക:

"(3) ഏതെങ്കിലും അത്യാഹിതത്തിൽപ്പെട്ട രോഗിയുടെ ജീവൻ രക്ഷിക്കുന്നതിനോ മറ്റേതെങ്കിലും ആശുപത്രികളിൽ രോഗിയെ സുരക്ഷിതമായി എത്തിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിരുന്നിട്ടും ഇപ്രകാരമുള്ള സേവനങ്ങൾ പ്രദാനം ചെയ്യാത്ത ക്ലിനിക്കൽ സ്ഥാപനങ്ങളുടെ മേൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടികൾ അതോറിറ്റിക്കും കൗൺസിലിനും സ്വീകരിക്കാവുന്നതാണ് ".

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1127. ഖണ്ഡം 47(1)-ൽ "രക്ഷിക്കുന്നതിനും" എന്നതിന് ശേഷം "കൂടുതൽ ചികിത്സ ലഭ്യമാക്കുന്നതിന് " എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1126, 1128 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാൽപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

നാൽപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പത്തിയെട്ടാം വകുപ്പ്

ശ്രീ. എം. സ്വരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1132. ഖണ്ഡം 48(2)-ൽ "പുതിയ നാമനിർദ്ദേശം വഴി ചെയർപേഴ്സൺ" എന്നതിനു പകരം "സർക്കാർ പുതിയ നാമനിർദ്ദേശം വഴി" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1133. ഖണ്ഡം 48(2)-ലെ "കാലയളവിലേക്ക് " എന്നതിന് പകരം "കാലയളവ് പൂർത്തിയാകും വരെ " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1134. ഖണ്ഡം 48(3)-ൽ "ഏതൊരംഗത്തിനും" എന്നതിനു പകരം "ഏതൊരു അനൗദ്യോഗിക അംഗത്തിനും " എന്ന് ചേർക്കുക.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1135. ഖണ്ഡം 48(3)-ന്റെ അവസാനം താഴെപ്പറയുന്നത് ചേർക്കുക.

"കൗൺസിലിന്റെയോ അതോറിറ്റിയുടെയോ ചെയർപേഴ്സന്റെ കാര്യത്തിൽ രാജിക്കത്ത് നൽകേണ്ടത് സർക്കാരിന് ആയിരിക്കേണ്ടതാണ്".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 1132-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1133-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 1135-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാൽപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

നാൽപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പത്തിയൊൻപതാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1136. ഖണ്ഡം 49-ൽ " (1)" എന്നത് നീക്കം ചെയ്യുക.

1141. ഖണ്ഡം 49 (1) (ഇ)ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(എഫ്) ഏതെങ്കിലും ഒരു ക്ലിനിക്കൽ സ്ഥാപനത്തിന്റെയോ അതുമായി ബന്ധപ്പെട്ട കമ്പനിയുടെയോ നടത്തിപ്പുകാരനോ ഉടമസ്ഥനോ ആണെങ്കിലോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നുവെങ്കിലോ;" .

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1138. ഖണ്ഡം 49 (1)-ൽ 'അയാൾ' എന്നതിന് പകരം 'അദ്ദേഹം' എന്ന് ചേർക്കുക.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1140. ഖണ്ഡം 49 (1)(ഡി)-ൽ "സേവനത്തിൽ നിന്നും" എന്ന വാക്കുകൾക്കു ശേഷം "അഴിമതിക്കുറ്റത്തിനോ സദാചാരദൂഷ്യത്തിനോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1142. ഖണ്ഡം 49 (1) (ഇ)-ക്ക് ശേഷം (എഫ്) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(എഫ്) സ്വജനപക്ഷപാതമോ, അഴിമതിയോ നടത്തി എന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം"

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1143. ഖണ്ഡം 49-ന് ശേഷം താഴെപ്പറയുന്ന പ്രകാരം ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

" 50.അംഗത്വത്തിൽ നിന്നും നീക്കം ചെയ്യൽ. -(i) കൗൺസിലിന്റെയോ അതോറിറ്റിയുടെയോ അംഗമായിരിക്കുന്ന വകുപ്പ് 3-ൽ എച്ച്, ഐ, ജെ എന്നീ ഉപവകുപ്പുകൾ പ്രകാരം (ജെ.(ii), (iii) എന്നിവ ഒഴികെ) നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാളെ അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്ത കൗൺസിൽ/സംഘടന/ അസോസിയേഷൻ എന്നിവയിൽ അംഗം അല്ലാതാവുകയോ, അവരുടെ അംഗത്വം റദ്ദ് ചെയ്യണമെന്ന് പ്രസ്തുത കൗൺസിൽ/സംഘടന/അസോസിയേഷൻ രേഖാമൂലം ആവശ്യപ്പെടുകയോ ചെയ്താൽ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്"

(2) കൗൺസിലിന്റെയോ, അതോറിറ്റിയുടെയോ അംഗമായിരിക്കുന്ന വകുപ്പ് 3-ൽ ജെ (ii), (iii) ഉപവകുപ്പുകൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗത്തെ, പ്രസ്തുത നാമനിർദ്ദേശം റദ്ദുചെയ്യുവാൻ സർക്കാർ രേഖാമൂലം ആവശ്യപ്പെടുന്നതായാൽ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്."

കമ്മിറ്റിയിലേയ്ക്ക് ഓരോ സംഘടനയുടെ പ്രതിനിധിയെയാണ് നോമിനേറ്റ് ചെയ്യുന്നത്. ആ സംഘടന അദ്ദേഹത്തെ ഒഴിവാക്കുകയാണെങ്കിൽ പ്രതിനിധ്യം സംഘടനയുടെ ആവശ്യപ്രകാരം ഒഴിവാക്കുന്ന തരത്തിൽ മാറ്റം വരുത്തണം. അതിനുവേണ്ടിയാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീറിന്റെ 1137-ാം നമ്പർ ഭേദഗതി 1136-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1136, 1141 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1138-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 1140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 1142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 1143-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാൽപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

നാൽപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അൻപതാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1144. ഖണ്ഡം 50(1)-ൽ

(i) "കൗൺസിൽ" എന്ന വാക്കിനു പകരം "കൗൺസിലിന്റെ സെക്രട്ടറി" എന്നീ വാക്കുകൾ ചേർക്കുക.

(ii) താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ഉൾപ്പെടുത്തുക

"എന്നാൽ, ഇപ്രകാരമുള്ള വാർഷിക റിപ്പോർട്ട് യഥാസമയം സമർപ്പിക്കാത്ത സംഗതിയിൽ സർക്കാരിന് സെക്രട്ടറിയുടെ മേൽ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്."

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1145. ഖണ്ഡം 50(2)-ൽ "കഴിയുന്നത്ര വേഗം" എന്നതിനു പകരം "അടുത്ത സമ്മേളനത്തിലോ തൊട്ടടുത്ത് വരുന്ന സമ്മേളനത്തിലോ" എന്ന് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1146. ഖണ്ഡം 50(2)-ൽ "കഴിയുന്നത്ര വേഗം" എന്ന വാക്കുകൾക്ക് പകരം "പരമാവധി ആറു മാസത്തിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കുക.

സമയ ക്ലിപ്തതയില്ലാത്തതിനാൽ "കഴിയുന്നത്ര വേഗം" എന്നു പറയുന്നതിനേക്കാൾ "പരമാവധി ആറു മാസത്തിനുള്ളിൽ" എന്നാക്കുന്നതാണ് നല്ലത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1145-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 1146-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

അൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

അൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അൻപത്തിയൊന്നാം വകുപ്പ്**

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1147. ഖണ്ഡം 51 (1)-ൽ "ഈആക്റ്റിലെ" എന്നതിന് പകരം "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

1154. ഖണ്ഡം 51 (2)-ൽ "കഴിയുന്നത്ര വേഗം" എന്ന വാക്കുകൾക്കു പകരം "തൊട്ടടുത്ത" എന്നു ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1148. ഖണ്ഡം 51 (1)-ൽ "ഉണ്ടാകുന്ന പക്ഷം" എന്നതിന് ശേഷം "അല്ലെങ്കിൽ ഉണ്ടാകാൻ ഇടയുണ്ടെന്ന് ബോധ്യമാകുന്ന പക്ഷം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1149. ഖണ്ഡം 51 (1)-ൽ "അത് കരുതുന്നതും" എന്നതിന് പകരം "കരുതുന്നതും" എന്ന് ചേർക്കുക.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1150. ഖണ്ഡം 51 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പ്രാബല്യത്തിൽ വന്ന്"' എന്നതിനു ശേഷം "പ്രാബല്യത്തിൽ വന്ന തീയതിക്ക് ശേഷം" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1151. ഖണ്ഡം 51 (2)-ൽ "ഈ വകുപ്പ്" എന്നതിന് പകരം "(1)-ാം ഉപവകുപ്പ്" എന്ന് ചേർക്കുക.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1152. ഖണ്ഡം 51 (2)-ൽ "ശേഷം, കഴിയുന്നത്ര വേഗം" എന്നതിന് പകരം "ശേഷം ചേരുന്ന നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1153. ഖണ്ഡം 51 (2)-ൽ "കഴിയുന്നത്ര വേഗം" എന്നതിനു പകരം "തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 1147, 1154 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 1150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 1151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 1152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1153-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

അൻപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

അൻപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അൻപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അൻപത്തിരണ്ടാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

1155. ഖണ്ഡം 52(2)-ന്റെ (വൈ) ഇനത്തിൽ "27-ാം വകുപ്പ് (5)-ാം ഉപവകുപ്പും 28-ാം വകുപ്പ് (8)-ാം ഉപവകുപ്പും 34-ാം വകുപ്പ് (2)-ാം ഉപവകുപ്പും പ്രകാരം" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും അക്കങ്ങൾക്കും പകരം "34-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം" എന്നീ വാക്കുകളും ചിഹ്നങ്ങളും അക്കങ്ങളും ചേർക്കുക.

ഖണ്ഡം 52(2)-ൽ (ഡി)-ൽ 6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന "സബ് കമ്മിറ്റികളുടെ കാലാവധി" എന്നതിനുപകരം "ഉപസമിതികളുടെ കാലാവധി" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 52(2)-ൽ (ഇസഡ് എ) 33-ാം വകുപ്പ് പ്രകാരം കൗൺസിലിലെയും അതോറിറ്റിയിലെയും അംഗങ്ങൾക്കും അനൗദ്യോഗിക അംഗങ്ങൾക്കും പരാതി പരിഹാര കമ്മിറ്റിയിലെ അംഗങ്ങൾക്കും അസ്സസ്സർമാർക്കും "സബ് കമ്മിറ്റി" യിലെ അംഗങ്ങൾക്കും എന്നതിനുപകരം " ഉപസമിതി" യിലെ അംഗങ്ങൾക്കും എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1156. ഖണ്ഡം 52(1)-ൽ "വിജ്ഞാപനം" എന്നതിന് പകരം "ഗസറ്റ് വിജ്ഞാപനം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1157. ഖണ്ഡം 52(2)(എ)-ൽ "രോഗനിർണ്ണയത്തിന്റെ" എന്ന വാക്കിനു പകരം "രോഗങ്ങളുടെ നിർണ്ണയത്തിന്റെയും മറ്റ് പരിചരണങ്ങളുടെയും" എന്ന വാക്കുകൾ ചേർക്കുക.

1159. ഖണ്ഡം 52(2)(ഡി)-ൽ "കാലാവധി" എന്ന വാക്കിനു പകരം "നിയമനരീതിയും കാലാവധിയും" എന്ന് ചേർക്കുക.

1160. ഖണ്ഡം 52 (2) (ജി)-യിൽ "സ്റ്റേറ്റ്" എന്ന വാക്കിന് പകരം സംസ്ഥാനം" എന്ന വാക്ക് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1158. ഖണ്ഡം 52(2)(ബി)-ൽ "അസ്സസ്സർമാരുടെ" എന്നതിനു ശേഷം "യോഗ്യതാ നിർണ്ണയം," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

1165. ഖണ്ഡം 52 (3)-ൽ "കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ" എന്നതിന് പകരം "അടുത്ത സമ്മേളനത്തിലോ തൊട്ടടുത്തു വരുന്ന സമ്മേളനത്തിലോ നിയമ" എന്ന് ചേർക്കുക.

ശ്രീ. പി. ഉണ്ണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1161. ഖണ്ഡം 52 (2) (എൻ)-നു ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക.

"(ഒ).(3)-ാം ഉപ വകുപ്പു പ്രകാരമുള്ള താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫാറവും".

1163. ഖണ്ഡം 52 (2) (വി)-ൽ "കൈപ്പറ്റ് രസീതിന്റെ മാതൃക" എന്നതിന് പകരം "കൈപ്പറ്റ് രസീതിന്റെ ഫാറം" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1162. ഖണ്ഡം 52 (2) (ആർ)-ൽ "പൊതു ജനങ്ങൾക്ക് ലഭ്യമാക്കേണ്ട"എന്നതിനു പകരം "പ്രസിദ്ധീകരിക്കേണ്ട" എന്ന് ചേർക്കുക.

ശ്രീ. ബി. സത്യൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1164. ഖണ്ഡം 52 (2) (വൈ)-ൽ "27-ാം വകുപ്പ് (5)-ാം ഉപവകുപ്പ്" എന്നതിന് പകരം "27-ാം വകുപ്പ് (6)-ാം ഉപവകുപ്പ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1155-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 1156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1157, 1159, 1160 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 1158, 1165 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉണ്ണി അവതരിപ്പിച്ച 1161, 1163 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1162-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 1164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അൻപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള അൻപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അൻപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഒന്നാം വകുപ്പും പീഠികയും പേരും**

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

134. പീഠികയിൽ "അറുപത്തിയെട്ടാം" എന്ന വാക്കിനു പകരം "അറുപത്തിയൊൻപതാം" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

135. പീഠികയിലെ "പൊതുജനാരോഗ്യം" എന്ന വാക്കുകൾക്ക് ശേഷം "സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും" എന്നീ വാക്കുകൾ ചേർക്കുകയും "മെച്ചപ്പെടുത്തുന്നതിനായി" എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

150. പീഠികയിൽ "ലക്ഷ്യത്തോടുകൂടി" എന്ന വാക്കിന് പകരം "ലക്ഷ്യപ്രാപ്തിക്കായി"എന്ന വാക്ക് ചേർക്കുക.

154. പീഠികയിലെ "വ്യവസ്ഥചെയ്യുന്നത്" എന്ന വാക്കിന് പകരം "വ്യവസ്ഥ ചെയ്യുന്നത്"എന്നീ വാക്കുകൾ ചേർക്കുക.

165. പീഠികയിലെ രണ്ടാം ഖണ്ഡികയിൽ “ ഇനി പറയും" എന്ന വാക്കുകൾക്ക് പകരം "താഴെപ്പറയും" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

138. പീഠികയിലെ "മെച്ചപ്പെടുത്തുന്നതിനായി" എന്ന വാക്കിന് ശേഷം "അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിൽ സേവനങ്ങൾ പ്രദാനം ചെയ്യുന്ന" എന്ന് ചേർക്കുക.

181. ഖണ്ഡം 1 (2)- ലെ "സമ്പ്രദായങ്ങൾക്കുവേണ്ടി" എന്ന വാക്കിന് പകരം "സമ്പ്രദായങ്ങളിൽ സേവനങ്ങൾ പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങൾക്കുവേണ്ടി" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

139. പീഠികയിൽ "മെച്ചപ്പെടുത്തുന്നതിനായി" എന്ന വാക്കിന് ശേഷം "സംസ്ഥാനത്തെ/കേരളത്തിലെ" എന്ന് ചേർക്കുക.

151. പീഠികയിലെ "ലക്ഷ്യത്തോടുകൂടി" എന്ന വാക്കിന് പകരം "ഉദ്ദേശത്തോടെ"എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

140. പീഠികയിൽ "ക്ലിനിക്കൽ" എന്നതിന് മുൻപ് "സംസ്ഥാനത്തെ" എന്ന വാക്ക് ചേർക്കുക.

169. ഖണ്ഡം 1 (1)- ൽ "കേരള" എന്ന വാക്കിന് ശേഷം " സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

192. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഇത് ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്".

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

142. പീഠികയിൽ "നൽകാവുന്ന" എന്നതിനു പകരം "ലഭ്യമാക്കുന്ന" എന്ന് ചേർക്കുക.

148. പീഠികയിൽ "നിലവാരം" എന്ന വാക്കിനു മുൻപായി "അടിസ്ഥാന" എന്ന വാക്ക് ചേർക്കുക.

187. ഖണ്ഡം 1(2) ചുവടെ ചേർക്കും പ്രകാരം മാറ്റുക.

"(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്."

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

143. പീഠികയിൽ "നൽകാവുന്ന" എന്ന വാക്കിനു പകരം "നൽകേണ്ട" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

145. പീഠികയിലെ "സൗകര്യങ്ങളുടെയും സേവനങ്ങളുടെയും" എന്നീ വാക്കുകൾക്ക് പകരം "സേവനങ്ങളുടെ" എന്ന വാക്ക് ചേർക്കുക.

170. ഖണ്ഡം1 (1)-ൽ "ക്ലിനിക്കൽ" എന്ന വാക്കിന് പകരം

"ചികിൽസാ/പരിശോധനാ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

185. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്".

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. പീഠികയിൽ "നിലവാരം നിർണ്ണയിക്കുകയെന്ന ലക്ഷ്യത്തോടുകൂടി" എന്നതിനു പകരം "നിലവാരം നിർണ്ണയിക്കുന്നതിനു വേണ്ടി" എന്ന് ചേർക്കുക.

175. ഖണ്ഡം 1(1)-ന് ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുക.

"(2) ഇതിനു കേരള സംസ്ഥാനത്ത് ഒട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ് ".

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

156. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിന് പകരം "യുക്തമായിരിക്കുമെന്ന്"എന്ന വാക്ക് ചേർക്കുക.

173. ഖണ്ഡം 1 (1) താഴെ പറയും പ്രകാരം മാറ്റുക

"(1) ഈ നിയമത്തിന് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) നിയമം എന്ന പേര് പറയാം"

180. ഖണ്ഡം 1 (2)- ലെ "അംഗീകൃത" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

167. പീഠിക താഴെ പറയും പ്രകാരം മാറ്റുക

" പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ഈ ആക്ട് പ്രകാരം ലൈസൻസ് നൽകിയിട്ടുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകാവുന്ന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും അടിസ്ഥാന നിലവാരം നിർണ്ണയിക്കുകയും സുതാര്യത ഉറപ്പുവരുത്തുവാനും ഉള്ള ലക്ഷ്യത്തോടുകൂടി അവയുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;"

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

172. ഖണ്ഡം 1 (1)- ൽ "കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട്" എന്നത് "കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷൻ നിയന്ത്രണവും സുതാര്യതയും) ആക്ട് " എന്ന് മാറ്റുക.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

178. ഖണ്ഡം 1 (2)-ൽ "സർക്കാർ" എന്ന വാക്കിന് മുമ്പ് "സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

179. ഖണ്ഡം 1 (2)- ലെ 'അങ്ങനെയുള്ള' എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

183. ഖണ്ഡം 1 (2) "ഇത് സർക്കാർ വിജ്ഞാപനം വഴി ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്" എന്ന് മാറ്റുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്".

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

193. ഖണ്ഡം 1(2)-നു ശേഷം 1(3) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(3) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്".

മി. സ്പീക്കർ: 168-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ല. മറ്റ് ഭേദഗതികൾ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. ശ്രീ. ഹൈബി ഈഡന്റെ 146-ാം നമ്പർ ഭേദഗതി ശ്രീ. ഷാഫി പറമ്പിലിന്റെ 147-ാം നമ്പർ ഭേദഗതി എന്നിവ 148-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. വി. ഡി. സതീശന്റെ 158-ാം നമ്പർ ഭേദഗതി, ശ്രീ. കെ. എസ്. ശബരീനാഥന്റെ 159-ാം നമ്പർ ഭേദഗതി, ശ്രീ. വി. പി. സജീന്ദ്രന്റെ 160-ാം നമ്പർ ഭേദഗതി, ശ്രീ. എ. കെ. ശശീന്ദ്രന്റെ 161-ാം നമ്പർ ഭേദഗതി, ശ്രീ. സണ്ണി ജോസഫിന്റെ 162-ാം നമ്പർ ഭേദഗതി, ശ്രീ. കെ. സി. ജോസഫിന്റെ 163-ാം നമ്പർ ഭേദഗതി എന്നിവ 134-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. എൻ. ഷംസുദ്ദീന്റെ 164-ാം നമ്പർ ഭേദഗതി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 166-ാം നമ്പർ ഭേദഗതി എന്നിവ 165-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. അടൂർ പ്രകാശിന്റെ 174-ാം നമ്പർ ഭേദഗതി, ശ്രീ. എം. വിൻസെന്റിന്റെ 176-ാം നമ്പർ ഭേദഗതി എന്നിവ 175-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ 184-ാം നമ്പർ ഭേദഗതി 183-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. അനിൽ അക്കരെയുടെ 188-ാം നമ്പർ ഭേദഗതി, ശ്രീ. വി. ടി. ബൽറാമിന്റെ 189-ാം നമ്പർ ഭേദഗതി എന്നിവ 187-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. എ. കെ. ശശീന്ദ്രന്റെ 177-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

177. ഖണ്ഡം 1 (2)-ൽ "ഗസറ്റ്" എന്ന വാക്ക് ഒഴിവാക്കുക.

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 134, 177 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 135, 150, 154, 165 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ 138-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി):

അനുകൂലിക്കുന്നവർ:

1. ശ്രീ. പാറക്കൽ അബ്ദുല്ല
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. അൻവർ സാദത്ത്
8. ശ്രീ. വി. ടി. ബൽറാം
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. കെ. എൻ. എ. ഖാദർ
13. ശ്രീ. കെ. മുരളീധരൻ

14. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
15. ശ്രീ. രമേശ് ചെന്നിത്തല
16. ശ്രീ. റോജി എം. ജോൺ
17. ശ്രീ. കെ. എസ്. ശബരീനാഥൻ
18. ശ്രീ. വി. പി. സജീന്ദ്രൻ
19. ശ്രീ. എൻ. ഷംസുദ്ദീൻ
20. ശ്രീ. വി. എസ്. ശിവകുമാർ
21. ശ്രീ. സണ്ണി ജോസഫ്
22. ശ്രീ. പി. ടി. തോമസ്
23. ശ്രീ. എം. ഉമ്മർ
24. ശ്രീ. എം. വിൻസെന്റ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. എ. എം. ആരിഫ്
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീമതി ഗീതാ ഗോപി

13. ശ്രീ. ജോർജ് എം. തോമസ്
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ശ്രീ. വി. ജോയി
22. ശ്രീ. ഒ. ആർ. കേളു
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കെ. കുഞ്ഞിരാമൻ
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. കെ. ജെ. മാക്സി
28. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
29. ശ്രീ. എ. സി. മൊയ്തീൻ
30. ശ്രീ. മുഹമ്മദ് മുഹസിൻ പി
31. ശ്രീ. ഡി. കെ. മുരളി
32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. സി. കെ. നാണു
34. ശ്രീ. എം. നൗഷാദ്
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ്കുമാർ

37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ ഹരി
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എം. രാജഗോപാലൻ
42. ശ്രീ. കെ. രാജൻ
43. ശ്രീ. എസ്. രാജേന്ദ്രൻ
44. ശ്രീ. ആർ. രാജേഷ്
45. ശ്രീ. റ്റി. വി. രാജേഷ്
46. ശ്രീ. ആർ. രാമചന്ദ്രൻ
47. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
48. പ്രൊഫ. സി. രവീന്ദ്രനാഥ്
49. ശ്രീ. എസ്. ശർമ്മ
50. ശ്രീ. കാരാട്ട് റസാഖ്
51. ശ്രീ. സി. കെ. ശശീന്ദ്രൻ
52. ശ്രീ. പി. കെ. ശശി
53. ശ്രീ. വി. ശശി
54. ശ്രീ. ബി. സത്യൻ
55. ശ്രീ. എ. എൻ. ഷംസീർ
56. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
57. ശ്രീ. ജി. സുധാകരൻ
58. ശ്രീ. വി. എസ്. സുനിൽ കുമാർ
59. ശ്രീ. വി. ആർ. സുനിൽ കുമാർ
60. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

61. ശ്രീ. കെ. സുരേഷ് കുറുപ്പ്

62. ശ്രീ. എം. സ്വരാജ്

63. ശ്രീ. പി. തിലോത്തമൻ

64. ശ്രീ. പി. ഉണ്ണി

65. ശ്രീമതി വീണാ ജോർജ്ജ്

66. ശ്രീ. ഇ. കെ. വിജയൻ

67. ശ്രീ. പിണറായി വിജയൻ

68. ശ്രീ. എൻ. വിജയൻ പിള്ള

അനുകൂലിക്കുന്നവർ - 24

പ്രതികൂലിക്കുന്നവർ - 68

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി 24-നെതിരെ 68 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 139, 151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 140, 169, 192 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 142, 148, 187 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 145, 170, 185 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 149, 175 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 156, 173, 180 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റോജി. എം. ജോൺ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...............

പ്രതികൂലിക്കുന്നവർ ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേന്ദ്ര സർക്കാരിന്റെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് രജിസ്ട്രേഷൻ ആക്ടിന്റെ ചുവടുപിടിച്ചുകൊണ്ടുള്ള നിയമനിർമ്മാണമാണിത്. ഈ ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ എല്ലാവരും സ്വാഗതം ചെയ്യുന്നു. മെഡിക്കൽ രംഗത്ത് നിയന്ത്രണമേർപ്പെടുത്തുന്ന ഈ ബിൽ നടപ്പാക്കുമ്പോൾ സാധാരണക്കാരും പാവപ്പെട്ടവരുമായ രോഗികൾക്ക് അധിക ബാധ്യത വരാതെ നോക്കേണ്ട ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്. കേരള മോഡൽ എന്ന് നമ്മൾ പ്രകീർത്തിച്ചത് ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും നാം കൈവരിച്ച നേട്ടങ്ങളാണ്. ഈ നിലയിൽ ഗ്രാമീണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ചെറുകിട ആശുപത്രികൾ വഹിച്ചിട്ടുള്ള പങ്ക് ഒരിക്കലും വിസ്മരിക്കാൻ സാധ്യമല്ല. വൻകിട ആശുപത്രികളേക്കാൾ ചെറുകിട ആശുപത്രികൾ കേരളത്തിലെ പാവപ്പെട്ട, സാധാരണക്കാരായ ജനങ്ങളുടെ ആരോഗ്യം നിലനിർത്താനും അവർക്ക് ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിലും വിജയകരമായി മുന്നോട്ടുപോയിട്ടുണ്ട് എന്നുള്ളത് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി അത്തരം ആശുപത്രികൾക്ക് പരിക്കേൽക്കാതെ നോക്കേണ്ടതും ആവശ്യമായ കാര്യമാണ്. സംസ്ഥാനത്തെ ആശുപത്രികളുടെയും പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും നിലവാരം ഇനിയും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ സർക്കാരിന് ഇക്കാര്യത്തിൽ എത്രമാത്രം ഫലപ്രദമായി ഇടപെടാൻ സാധിക്കുമെന്നുള്ളത് സംശയകരമായ കാര്യമാണ്. വ്യാജ ആശുപത്രികളുടെ പ്രവർത്തനം തടയുന്നതിന് രജിസ്ട്രേഷൻ നടപടികൾ സഹായകമാകും. അതാണ് ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഏകജാലക സംവിധാനമായിരുന്നു നടപ്പാക്കേണ്ടിയിരുന്നത് എന്നൊരു അഭിപ്രായംകൂടിയുണ്ട്. രജിസ്ട്രേഷൻ ഫീസ്, വീഴ്ചകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള പിഴ, ശിക്ഷ തുക എന്നിവ നീതിയുക്തമാകേണ്ടതാണ്. ഹോസ്പിറ്റലുകളുടെ പ്രവർത്തനം പൊതുജനങ്ങൾക്ക് കൂടുതൽ ഗുണകരമായി മാറുന്നതിനാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. കേന്ദ്ര നിയമവുമായി ബന്ധപ്പെട്ട ഒരു നിയമമായതുകൊണ്ടുതന്നെ ഈ ബിൽ നമുക്ക് അനിവാര്യമാണ്. ഈ ബില്ലിലെ ചില നിർദ്ദേശങ്ങൾ സാധാരണക്കാരന് രോഗ നിർണ്ണയത്തിനുള്ള സൗകര്യമൊരുക്കുന്ന കാര്യത്തിൽ ദുഷ്കരവും അപ്രാപ്യവും ചെലവേറിയതുമാകുമെന്നുള്ള ഒരു ആശങ്ക പല

കോണുകളിൽനിന്നും പ്രകടിപ്പിച്ചിട്ടുണ്ട്. അത്തരം ആശങ്കകൾ അസ്ഥാനത്താണെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വംകൂടി നമ്മൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. നമ്മുടെ മെഡിക്കൽ വിദ്യാഭ്യാസ രംഗം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം 2017-ൽ കേന്ദ്ര ഗവൺമെന്റ് പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്ന മെഡിക്കൽ കമ്മീഷൻ ബില്ലാണ്. ആരോഗ്യരംഗം സുതാര്യമാക്കാനും മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ അഴിമതി ഒഴിവാക്കാനും കൊണ്ടുവന്നിട്ടുള്ള പ്രസ്തുത ബില്ലിൽ അപകടകരമായ നിരവധി വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബ്രിഡ്ജ് കോഴ്സ് - ആയുഷ് ഡോക്ടർമാർക്ക് അലോപ്പതി ചികിത്സ നടത്തുന്നതിനുള്ള അനുവാദം നൽകാനുള്ള തീരുമാനം നടപ്പാക്കാൻ പോകുകയാണ്. ഈ നിയമം നിലവിൽ വരുന്നതോടുകൂടി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലും ഭേദഗതികൾ വേണ്ടിവരുമെന്നത് സ്വാഭാവികമാണ്. തീർച്ചയായും കാലാനുസൃതമായ മാറ്റം ഇതോടുകൂടി സംഭവിക്കുകയാണ്. ഈ നിയമം പാസ്സാകുന്നതോടുകൂടി കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സുതാര്യതയും മെച്ചപ്പെട്ട സംവിധാനവും നിലവിൽവരുമെന്ന് നമുക്ക് പ്രത്യാശിക്കാം. സ്വാഭാവികമായും ഈ മാറ്റങ്ങൾ വേണ്ടിവരുമെങ്കിൽ അത് പിന്നീട് ആലോചിക്കാൻ കഴിയുന്ന കാര്യമാണ്. ആദ്യത്തെ നടപടിയെന്ന നിലയിൽ ഈ ബിൽ പാസ്സാകുന്നതോടുകൂടി കുറേ അച്ചടക്കവും ക്രമീകരണവും ആരോഗ്യരംഗത്ത് വരുമെന്നുള്ളത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പൊതുവേ സ്വാഗതം ചെയ്ത ഒരു ബില്ലാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രതിപക്ഷത്തുനിന്നുള്ള ചെറിയ ഭേദഗതികൾ പോലും സ്വീകരിച്ചില്ല എന്നൊരു വിഷമമുണ്ട്. മാത്രമല്ല, ഈ ബില്ലിൽ എക്സിക്യൂട്ടീവിന് കൂടുതൽ അധികാരം നൽകുന്നുണ്ട്. അക്കാര്യം ശ്രദ്ധിച്ചാൽ നല്ലതാണ്. പൊതുവെ സ്വീകാര്യമായ ബില്ലാണ്. നമ്മുടെ ആരോഗ്യ രംഗത്ത് പുതിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. പക്ഷെ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി ഈ നിയമം കൈകാര്യം ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> ഇത്രയും ഭേദഗതികൾ വരാനുള്ള കാരണം ഇംഗ്ലീഷിൽനിന്ന് ഈ ബിൽ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾകൊണ്ടാണ്. സെക്രട്ടേറിയറ്റും ഡിപ്പാർട്ടുമെന്റുകളും ഇക്കാര്യം ശ്രദ്ധിക്കണം. ഇംഗ്ലീഷിൽ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്ന ബില്ലിൽ ഒരു പ്രശ്നവുമില്ല. മലയാളീകരിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളാണ് ഭേദഗതികൾ ഇത്രയും വരാനുള്ള കാരണം. സെക്രട്ടേറിയറ്റിനോട് ഇക്കാര്യം ശ്രദ്ധിക്കണമെന്ന് പ്രത്യേകം പറയേണ്ടതാണ്.

<u>മി. സ്പീക്കർ</u>: അത് ശ്രദ്ധിക്കാം. പക്ഷെ നമ്മുടെ ഭാഷയിൽ ചില പരിമിതികളുണ്ടാകും. 'switch' എന്നതിന്റെ മലയാളം 'വൈദ്യുതി ഗമനാഗമന നിയന്ത്രണ യന്ത്രം' എന്നാണ്. അങ്ങനെയുള്ള ചില പ്രശ്നങ്ങളുണ്ട്. ഏതായാലും കേരളത്തിലെ ആതുര ശുശ്രൂഷാ രംഗത്ത് വളരെ ശ്രദ്ധേയമായ കാൽവയ്പാണ് ഈ നിയമം നിർമ്മിക്കുന്നതുവഴി ഈ സഭ നിർവ്വഹിച്ചിരിക്കുന്നത്. 52 വകുപ്പുകളിലായി മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി ഉൾപ്പടെ 1120-ഓളം ഭേദഗതികൾ സമയബന്ധിതമായി നമുക്ക് തീർപ്പാക്കാൻ സാധിച്ചിരിക്കുന്നു. അതിന് സഹകരിച്ച എല്ലാ സഭാംഗങ്ങളെയും ചെയർ അഭിനന്ദിക്കുകയാണ്. വളരെ സൂക്ഷ്മതയോടുകൂടി ഓരോ വകുപ്പിലും ഭേദഗതികൾ തയ്യാറാക്കി ഇവിടെ അവതരിപ്പിക്കാൻ ശ്രമിച്ച അംഗങ്ങൾക്ക് പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ............. .......

പ്രമേയം ഐകകണ്ഠ്യേന സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഫെബ്രുവരി മാസം 2-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.40-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.